# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരെയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.


വാല്യം 1

**പാറശ്ശാല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

വാല്യം 2

**പെരുങ്കടവിള ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

വാല്യം 3

**അതിയന്നൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

വാല്യം 4

**നേമം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ

വാല്യം 5

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

വാല്യം 6

**കഴക്കൂട്ടം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

വാല്യം 7

**വെള്ളനാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

വാല്യം 8

**നെടുമങ്ങാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്

വാല്യം 9

**വാമനപുരം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

വാല്യം 10

**കിളിമാനൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

വാല്യം 11

**ചിറയിൻകീഴ് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

വാല്യം 12

**വർക്കല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ

4

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

5

വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

6

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപ്പാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

7

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

. വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

വാല്യം 85

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

വാല്യം 86

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

വാല്യം 87

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

വാല്യം 88

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

വാല്യം 89

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

വാല്യം 90

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കുർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

വാല്യം 91

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

വാല്യം 92

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

വാല്യം 93

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

വാല്യം 94

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

വാല്യം 95

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

വാല്യം 96

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

വാല്യം 97

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

വാല്യം 98

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

വാല്യം 99

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

## വാല്യം 100

### ഒറ്റപ്പാലം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

## വാല്യം 101

### ശ്രീകൃഷ്ണപുരം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

## വാല്യം 102

### മണ്ണാർക്കാട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

## വാല്യം 103

### അട്ടപ്പാടി ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

## വാല്യം 104

### പാലക്കാട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

## വാല്യം 105

### കുഴൽമന്ദം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

## വാല്യം 106

### ചിറ്റൂർ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

## വാല്യം 107

### കൊല്ലങ്കോട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

## വാല്യം 108

### നെന്മാറ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

## വാല്യം 109

### ആലത്തൂർ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

## വാല്യം 110

### മലമ്പുഴ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

## വാല്യം 111

### നിലമ്പൂർ ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

## വാല്യം 112

### കൊണ്ടോട്ടി ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

## വാല്യം 113

### വണ്ടൂർ ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവനൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങ ാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

13

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

| വാല്യം 153 |
|---|

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

| വാല്യം 154 |
|---|

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

| വാല്യം 155 |
|---|

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

| വാല്യം 156 |
|---|

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

| വാല്യം 157 |
|---|

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

| വാല്യം 158 |
|---|

## ഇടുക്കി ജില്ല

1. തൊടുപുഴ

| വാല്യം 159 |
|---|

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

| വാല്യം 160 |
|---|

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

| വാല്യം 161 |
|---|

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

| വാല്യം 162 |
|---|

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

| വാല്യം 163 |
|---|

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

| വാല്യം 164 |
|---|

## വയനാട് ജില്ല

1. കൽപ്പറ്റ

| വാല്യം 165 |
|---|

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

| വാല്യം 166 |
|---|

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

കോട്ടക്കൽ ഗ്രാമ പഞ്ചായത്ത്


# സമഗ്ര വികസനരേഖ





അധികാരം ജനങ്ങളിലേക്ക്






## എഡിറ്റോറിയൽ ബോർഡ്


- ചെരട ഫാത്തിമ (ചെയർപേഴ്സൺ)
- പാറൊളി മൂസ്സക്കുട്ടി ഹാജി
- പി. അബു മാസ്റ്റർ
- കെ.എം. റഷീദ്
- കെ. പത്മനാഭൻ
- സി. ഹരിദാസൻ
- സന്തോഷ് വള്ളിക്കാട്
- ഇബ്രാഹിം കോട്ടക്കൽ



മുഖചിത്രവും ലേ ഔട്ടും

- പത്മകുമാർ. പി.

ഡി.ടി.പി.

- ഗാലക്സി കംപ്യൂട്ടേഴ്സ്,
  കോഴിക്കോട്

പ്രിന്റിംങ്

**റീജണൽ - കോട്ടക്കൽ**

## കോട്ടക്കൽ പഞ്ചായത്ത്

ഭരണ സമിതി



■ സി. ഫാത്തിമ (പ്രസിഡന്റ്)



■ പാറോളി മൂസ്സക്കുട്ടി ഹാജി (വൈ: പ്രസിഡന്റ്)



■ ഡോ. വി.പി. കുമാരൻ (ചെയർമാൻ, സ്റ്റാന്റിംങ് കമ്മറ്റി)

■ ഇല്ലിക്കോട്ടിൽ കുഞ്ഞലവിഹാജി (മെമ്പർ)

■ ബുഷ്റ ഷബീർ

■ കെ. പത്മജ

■ ചെമ്മുക്കൻ കുഞ്ഞാപ്പു ഹാജി

■ ചെമ്മുക്കൻ മുഹമ്മദ് ഹാജി എന്ന കുഞ്ഞാവ

■ യു. മരക്കാർ ഹാജി

■ ടി. നളിനി

■ നല്ലാട്ട് രാമൻ മാസ്റ്റർ

■ ടി.പി. സൈതലവി

■ എം. സുലൈഖ

19


1. ആമുഖം ...............................................................

2. പഞ്ചായത്ത്: പൊതുവിവരണം ...............................

3. സാമൂഹിക - സാംസ്കാരിക ചരിത്രം ..............

4. കൃഷിയും ജലസേചനവും ...................................

5. മൃഗസംരക്ഷണം, ക്ഷീരവികസനം ......................

6. വ്യവസായം ..............................................................

7. വിദ്യാഭ്യാസം ..............................................................

8. കുടിവെള്ളവും പൊതുജന ആരോഗ്യവും ........

9. ഗതാഗതം, ഊർജ്ജം, മാർക്കറ്റ് ............................

10. പാർപ്പിടവും സാമൂഹികക്ഷേമവും ....................

11. സംസ്കാരം ..............................................................

12. വനിത ..............................................................

13. സഹകരണം ..............................................................

14. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം ........................

15. വിഭവസമാഹരണം ................................................

16. ഉപസംഹാരം ......................................................

# 1

# ആമുഖം

9-ാം പഞ്ചവത്സര പദ്ധതി ജനകീയപദ്ധതിയായി കേരളസർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. അധികാരത്തോടൊപ്പം സമ്പത്തും (40% പദ്ധതി വിഹിതം) പഞ്ചായത്തുകൾക്ക് നല്കുന്നതിനാൽ ജന താല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്ന സ്ഥിതവിശേഷം വളർന്നു കൊണ്ടിരിക്കുന്നു. പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം കേരളസർക്കാറിന്റെ 60%ൽ പെട്ട ചില സ്ക്കീമുകൾ, കേന്ദ്ര സർക്കാർ ഫണ്ട്, ബാഹ്യവികസന ഏജൻസികൾ, സന്നദ്ധസംഘടനകളിൽനിന്ന് ലഭിക്കുന്ന വികസന ഫണ്ട്, നികുതി വരുമാനം, ജനകീയ സംഭാവനകൾ (പണം, വിഭവങ്ങൾ, മനുഷ്യാദ്ധ്വാനം) തുടങ്ങിയ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകൾ പലതാണ്.

ഗ്രാമ പഞ്ചായത്തുകൾ ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ ഈ നവ ആസൂത്രണ പ്രക്രിയയ്ക്ക് കഴിയും. ബഹുജനപങ്കാളിത്തം ഫലപ്രദമാകുമ്പോൾ സ്വാഭാവികമായും നിലവിലുള്ള സ്ക്കീമുകളുടെയും ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടെയും നടത്തിപ്പ് കാര്യക്ഷമവും , ശീഘ്രവും തൃപ്തികരവുമായി നിർവ്വഹിക്കാൻ കഴിയുമെന്ന് മാത്രമല്ല. അഴിമതി പൂർണ്ണമായി ഉന്മൂലനം ചെയ്യാനും കഴിയും.

കോട്ടക്കൽ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനം ആരംഭിച്ചത് 96 സപ്തംബർ 5നാണ്. തുടർന്ന സപ്തംബർ 14,15,16 തിയ്യതികളിൽ ജി.എം.യു.പി സ്ക്കൂളിൽ വെച്ച് ഡി.ആർ.പി. ക്യാമ്പ് നടന്നതോടെ പഞ്ചായത്തിലെ ആസൂത്രണ പ്രവർത്തനത്തിന് തുടക്കം കുറിച്ചു. എൽ.ആർ.പി ക്യമ്പ് നടന്നതിനു ശേഷം ദ്വിതീയവിവരശേഖരണവും തുടർന്ന് പഠന പര്യടനവും, കാരണവന്മാരിൽനിന്ന് ലഭിച്ച നാട്ടറിവും, സമാഹരിച്ചു രൂപപ്പെടുത്തിയ വികസന രേഖ ചരിത്രയാഥാർത്ഥ്യമാക്കാനുള്ള മഹാ യജ്ഞത്തിൽ നമുക്കും പങ്കുചേരാം.

21

# 2

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കോട്ടക്കൽ ഗ്രാമപഞ്ചായത്ത് |
| ഗ്രേഡ് | : | സ്പെഷൽ ഗ്രേഡ് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | കോട്ടക്കൽ |
| താലൂക്ക് | : | തിരൂർ |
| അസംബ്ലി മണ്ഡലം | : | മലപ്പുറം |
| വിസ്തീർണ്ണം | : | 20.45 ച.കി.മി. |
| അതിരുകൾ | : | വടക്ക് - ഒതുക്കുങ്ങൽ, പറപ്പൂർ പഞ്ചായത്തുകൾ |
| | : | കിഴക്ക് - പൊന്മള പഞ്ചായത്ത് |
| | : | തെക്ക് - മാറാക്കര പഞ്ചായത്ത് |
| | : | പടിഞ്ഞാറ് - N.H. ഉം എടരിക്കോട് പഞ്ചായത്തും |
| ജനസംഖ്യ | : | 34359 |
| പുരുഷൻ | : | 17152 |
| സ്ത്രീകൾ | : | 17207 |
| ജനസാന്ദ്രത | : | 1680 ച. |
| അക്ഷരാഭ്യാസമുള്ളവർ | : | 92% |
| വാർഡുകൾ | : | 13 |
| പ്രസിഡണ്ടിന്റെ പേര് | : | സി. ഫാത്തിമ |
| വൈ. പ്രസിഡണ്ടിന്റെ പേര് | : | പാറോളി മൂസ്സക്കുട്ടി ഹാജി |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | : | ഡോ. വി.പി. കുമാരൻ |

# 3

# സാമൂഹിക സാസ്കാരിക ചരിത്രം

**കോട്ടക്കൽ**

ജില്ലാ ആസ്ഥാനമായ മലപ്പുറത്തുനിന്നു അല്പം പടിഞ്ഞാറോട്ടുമാറി സ്ഥിതിചെയ്യുന്ന കോട്ടക്കൽ എന്ന ഏറനാടൻ ഗ്രാമം. സിരകളിൽ പട്ടണത്തിന്റെ പ്രൗഢി നുഴഞ്ഞുകയറുമ്പോഴും ശാലീനത കൈവെടിയാതെ ഗതകാല സൗഭാഗ്യത്തിന്റെ ഓർമ്മകളും ഗ്രാമീണ സൗന്ദര്യത്തിന്റെ നഷ്ടസ്മൃതികളുമായി നിലകൊള്ളുകയാണ് കോട്ടക്കൽ. ചരിത്രമുറങ്ങുന്ന ഈ ഗ്രാമത്തിന്റെ വഴികളിലൂടെ ഒന്നു സഞ്ചരിച്ചു നോക്കൂ. ഇവിടത്തെ ഇടനാഴികകളിൽ നൂറ്റാണ്ടുകളുടെ കേരള ചരിത്രത്തിന്റ കാലൊച്ച കേൾക്കാം.

ശ്വേത ദുർഗ്ഗം എന്നു സംസ്തൃതത്തിലും വെൺകളിക്കോട്ട എന്നും വെങ്കിട്ടക്കോട്ട എന്നും മലയാളത്തിലും അറിയപ്പെട്ടിരുന്ന കോട്ടക്കൽ ക്രിസ്തുവർഷം 18-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം വരെ വള്ളവനാട് രാജാവിന്റെ ഒരു ചെറിയ പട്ടാളത്താവളമായിരുന്നു. വള്ളുവക്കോനാതിരിയുടെ സേനാനിയും മന്ത്രപ്രമുഖമുനായിരുന്ന കരുവായൂർ മൂസ്സതായിരുന്നു ഇവിടെ താമസിച്ചിരുന്നത്. അദ്ദേഹം പണികഴിപ്പിച്ച കോട്ടയും കൊത്തളങ്ങളും കിടങ്ങുകളുമായിരിക്കാം ആ ഗ്രാമത്തിന് കോട്ടക്കൽ എന്ന പേരു സമ്മാനിച്ചത്. കോട്ടക്കു ചുറ്റുമുള്ള പ്രദേശങ്ങൾ ചങ്കുവെട്ടിക്കാട്, ഇയ്യക്കാട് എന്ന പേരിൽ അറിയപ്പെട്ടു. കരുവായൂർ മൂസ്സത് സ്വന്തം യജമാനനുവേണ്ടി സാമുതിരുയുടെ മന്ത്രമാരിൽ ഒരാളായിരുന്ന തിനയഞ്ചേരി ഇളയതിനെ ഗൂഢമായി വധിച്ചു. കോഴിക്കോടു സാമൂതിരിയുടെ അനന്തിരവനായ മൂന്നാർപ്പാടു തമ്പുരാൻ (III Raja of Calicut) കരുവായൂർ മൂസ്സതിനെ ഒരു ഏറ്റുമുട്ടലിൽ വധിക്കുകയും കോട്ടയുടെ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്തു. ഈ തമ്പുരാന്റെ പിൻമുറക്കാരാണ് കോട്ടയ്ക്കലിൽ പിന്നീട് താമസിച്ചു പോന്നത്. മലബാറിലെ ഏതൊരു ഗ്രാമത്തേയുംപോലെ ടിപ്പുവിന്റെ ആക്രമണം കോട്ടയ്ക്കലിന്റെ ചരിത്രഗതിയിൽ മാറ്റം വരുത്തി. അത്ഭുതമെന്നു പറയട്ടെ സാംസ്ക്കാരിക രംഗത്താണ് ഈ മാറ്റം പ്രതിഫലിച്ചത്. മൈസൂർ ആക്രമണം ഭയന്ന് തിരുവിതാംകൂറിൽ അഭയംതേടിയ സാമൂതിരിയുടെ ഒരു താവഴി 1792ൽ ടിപ്പുവിന്റെ മരണശേഷം താമസമാക്കിയത് കോട്ടയ്ക്കലിലായിരുന്നു. അവരിൽ ഏറ്റവും പ്രശസ്തനായ നാമം മനോരമത്തമ്പുരാട്ടിയുടേതായിരുന്നു. വിദുഷിയായ അവർക്ക് തിരു-കൊച്ചി ബന്ധംകൊണ്ട് ഒരു അഖില കേരള സാസ്ക്കാരികധാരയെ പ്രതിനിധീകരിക്കാൻ കഴിഞ്ഞു.

ലോകത്തെവിടെ നോക്കിയാലും ഫ്യൂഡൽ കാലഘട്ടം പ്രസവിച്ച നവോത്ഥാന സങ്കല്പനങ്ങളാണ്. പിന്നീട് പുരോഗമന ശക്തികളുടെ ആരൂഢമായമാറുന്നത് എന്നു കാണാം. ആ രീതിയിലുള്ള ഒരു നവോത്ഥാന പ്രക്രിയ വൈകിയതായിരിക്കാം കോട്ടക്കലിന്റെ രാഷ്ട്രീയമായ 'സൗമ്യത' യ്ക്കുള്ള ഒരു കാരണം. ബ്രിട്ടീഷ് അധിനിവേശത്തിന്റെ വെല്ലുവിളികളെ സാംസ്ക്കാരികമായി നേരിട്ടുകൊണ്ടാണ് കോട്ടയ്ക്കൽ ഇതിനു പ്രയശ്ചിത്തം ചെയ്യുന്നത്. പതിനഞ്ചാം നൂറ്റാണ്ടിനുശേഷമുണ്ടായ ഭക്തി പ്രസ്ഥാനത്തിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് മഹാഭാരതം തർജ്ജമചെയ്ത കുഞ്ഞിക്കുട്ടൻ തമ്പുരാനിൽനിന്നായിരിക്കാം ആ ചെറുത്തു നിൽപ് തുടങ്ങുന്നത്. പ്രാദേശിക ഭാഷയുടെ തനിമ വെളിവാക്കുന്ന ആ പ്രവർത്തനത്തിനു ശേഷം നാട്ടറിവിന്റെ സാദ്ധ്യതയെ ഉൾക്കൊണ്ടുകൊണ്ട് മഹാനായ പി.എസ്. വാര്യർ ആ ചെറുത്തു നിൽപ് മുന്നോട്ട് കൊണ്ടുപോകുന്നു. കൊളോണിയൽ കാലഘട്ടത്തിലെ കേരളത്തിന്റെ സാസ്ക്കാരികമായ ഉയിർത്തെഴുന്നേൽപ്പുമായി അദ്ദേഹത്തിന്റെ ഉദ്യമങ്ങൾക്ക് ഏറ്റവും അടുത്ത ബന്ധമുണ്ടായിരുന്നു. നാട്ടു ചികിത്സാ സമ്പ്രദായത്തിന് അദ്ദേഹം പുതിയ രൂപവും ഭാവവും നൽകി. ചികിത്സകർക്കു ശിക്ഷണവും പരിശീലനവും നൽകുകയെന്ന ആശയത്തോടെ 1917ൽ കോഴിക്കോട് ഒരു വൈദ്യപാഠശാല സ്ഥാപിക്കുകയും പിന്നീട് അതു കോട്ടക്കലിലേയ്ക്കു മാറ്റുകയും ചെയ്തു. കോട്ടയ്ക്കലെ ഈ പ്രസ്ഥാനത്തിനു ചുറ്റുമായി ധൈഷണികവും സാംസ്ക്കാരികവുമായ മറ്റനവധി പ്രവർത്തനങ്ങളും രൂപം കൊണ്ടിരുന്നു. കവികുല ഗുരു പി.വി. കൃഷ്ണവാരിയരുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന കവനകൗമുദി, പരമശിവവിലാസം നാടകകമ്പനി, ധന്വന്തരി മാസിക, കഥകളിസംഘം, എന്നിവ അവയിൽ ചിലതു മാത്രമാണ്. കേരളത്തിന്റെ ഐക്യത്തെക്കുറിച്ചുള്ള സൂചനകൾ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കൃതികളിൽ കാണുന്നുണ്ടെങ്കിലും പി.എസ്. വാരിയർ 1902ൽ രൂപം നൽകിയ ആര്യവൈദ്യ സമാജം എന്ന സംഘടനയിലൂടെയാണ് ഐക്യകേരള സങ്കൽപം ഏറ്റവും

സ്പഷ്ടമായി പ്രത്യക്ഷീഭവിക്കുന്നത്. തിരുവിതാംകൂർ കൊച്ചി, മലബാർ എന്നീ മൂന്നു രാഷ്ട്രീയ മേഖലകളേയും ഉൾക്കൊള്ളുന്നതായിരുന്നു സമാജത്തിന്റെ ഘടനയും പ്രവർത്തനവും. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദ്യ സമ്മേളനം വിളിച്ചുചേർക്കുന്നത് 1920 ലാണ് എന്നോർക്കുമ്പോഴാണ് ഈ സംഭവത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നമുക്കു ബോധ്യം വരിക.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇന്ത്യൻ ഗ്രാമങ്ങൾ മുഴുവൻ പെട്ടെന്നുള്ള കർഷക മുന്നേറ്റങ്ങൾക്കു വേദിയായി. എന്നാൽ ഇത്തരത്തിലുള്ള മിന്നൽ സമരങ്ങൾ കോട്ടയ്ക്കലിൽ തിരിക്കാനുള്ള ഒരു കാരണം കോട്ടയ്ക്കലിലെ ഭൂവുടമകളായിരുന്ന കിഴക്കേ കോവിലകത്തിന്റെ താരതമ്യേന ശാന്തമായ പെരുമാറ്റമായിരുന്നു. പാട്ടത്തിന്റെ കാര്യത്തിൽ കണിശത പുലർത്തിയിരുന്നുവെങ്കിലും അവർ ജനങ്ങളെ മർദ്ദിക്കുന്ന നിലയിലേക്ക് ഉയരുകയോ താഴുകയോ ചെയ്തിരുന്നില്ല. മലബാറിൽ സാധാരണയായി കാണാറുള്ള ഹിന്ദു ജന്മി, മുസ്ലീം കുടിയാൻ അവസ്ഥ തന്നെയായിരുന്നു കോട്ടയ്ക്കലും. സാധാരണയായി ഇത്തരമൊരു ബന്ധം പെട്ടെന്നുള്ള അസ്വാസരസ്യങ്ങളിലേയ്ക്കും പൊട്ടിത്തെറികളിലേയ്ക്കും നയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിപരീതമായി നൂറ്റാണ്ടുകളായി തുടർന്നു വന്ന മതസൗഹാർദ്ദത്തിന്റെ ചരിത്രമാണ് കോട്ടയ്ക്കലിനു പറയുവാനുള്ളത്. 1921 ലെ സംഭവവികാസങ്ങൾ പ്രത്യേകം പരിഗണനയർഹിക്കുന്നു. പ്രസ്തുത കർഷക കലാപം പലെടത്തും ലക്ഷ്യങ്ങളിൽ നിന്നകന്ന് സാമുദായിക പ്രശ്നമായി വഴുതിമാറിയിട്ടും ഈ ചെറിയ ഗ്രാമത്തിന്റെ സമാധാനത്തെ അതു സാരമായി ബാധിച്ചില്ല. പി.എസ്. വാരിയരുടെ ഇടപെടലും കോവിലകത്തിന്റെ സൗമ്യതയും പ്രശ്നത്തെ രൂക്ഷമാകാതെ സഹായിച്ചു. കിഴക്കേ കോവിലകത്തിനും ആര്യവൈദ്യശാലയ്ക്കും കാവൽനിന്നത് മുസ്ലീങ്ങളായിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

1921 ലെ കർകകലാപത്തെത്തുടർന്ന് പാസ്സാക്കിയ മാപ്പിള ഔട്ടറേജിയസ് ആക്ട് പൊതുവെ മലബാറിലെ രാഷ്ട്രീയ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിച്ചു. പക്ഷെ കോട്ടക്കലിനെ അതു ബാധിച്ചില്ലെന്നു മാത്രമല്ല ഇവിടത്തെ സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ ഫലമായി രാഷ്ട്രീയോന്മുഖത കൂടി വരികയാണ് ചെയ്തത്. ഈ കാലഘട്ടത്തിൽ ഈ നാട്ടിലെ രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തത് ആയുർവേദ കോളേജിലെ വിദ്യാർത്ഥികളായിരുന്നു. 1931 ൽ അവർ സ്വാതന്ത്ര്യ ദിനം കൊണ്ടാടാൻ നടത്തിയ ശ്രമം കോൺഗ്രസ്സിലെ യുവനേതൃത്വത്തോടുള്ള ഒരു ഐക്യദാർഢ്യ പ്രഖ്യാപനമായിരുന്നു. അപ്പോഴേയ്ക്കും സാമൂഹ്യ നീതിയുടേയും സമത്വത്തിന്റേയും പാഠങ്ങൾ നമ്മുടെ ചിന്തകളിലേയ്ക്കും കടന്നു വന്നു. ഇതിന്റെ ഫലമായിരുന്നു 1936 ൽ രൂപം കൊണ്ട 'നവജീവൻ യുവജനസംഘം'. പി.വി. കൃഷ്ണവാരിയർ, പി. ശങ്കരവാരിയർ, പൂളിക്കൽ സൂപ്പിക്കുട്ടിക്കാക്ക C.R. വാര്യർ തുടങ്ങിയവരായിരുന്നു ഇതിന്റെ നേതാക്കൾ. ഈ സംഘടനയുടെ പ്രധാന ലക്ഷ്യങ്ങൾ അയിത്തോച്ചാടനവും അനാചാരങ്ങൾക്കെതിരെയുള്ള ബോധവൽക്കരണവുമായിരുന്നു. കോട്ടയ്ക്കലിന്റെ രാഷ്ട്രീയ പ്രവർത്തനങ്ങൾ ധൈഷണിക വ്യായാമങ്ങളിൽ നിന്നും പ്രായോഗികതയുടെ പുതിയ ഹരിത വികസനങ്ങളിലേക്ക ഇറങ്ങി വന്നതിന്റെ സൂചനയായിരുന്നു ഇത്. രാമനാട്ടുകരയിൽനിന്നു വന്ന പി.എം. കൃഷ്ണമേനോന്റെയും കെ.സി.കെ. രാജയുടെയും രാഷ്ട്രീയ പ്രവർത്തനവും ഇതിന്നു ആക്കം കൂട്ടി. 1939 പറപ്പൂർ കേരള സംസ്ഥാന കോൺഗ്രസ്സ് സമ്മേളനത്തിന്റെ വേദിയായതോടെ കോട്ടയ്ക്കൽ ദേശീയ ശ്രദ്ധ പതിയുന്ന നാടായി മാറി. ഈ സമ്മേളനത്തിലാണ് 'ഐക്യത്തിന്റെ ശത്രു, സമരത്തിന്റെ ശത്രു' എന്ന പ്രമേയം അംഗീകരിച്ചത്. കോട്ടയ്ക്കലെ മുസ്ലീം സമൂഹം മുഴുവൻ അന്ന് കോൺഗ്രസ്സിന്റെ നയപരിപാടികൾ അംഗീകരിച്ചു. ഈ സമ്മേളനത്തോടെ കർഷകർ ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിക്കുവാൻ തുടങ്ങി. കർഷക പ്രസ്ഥാനങ്ങൾ കോട്ടയ്ക്കലിൽ ഉദയം ചെയ്തു. അമരിയിൽ കുഞ്ഞിക്കോമു തുടങ്ങിയവരായിരുന്നു ഇതിന്റെ നേതൃസ്ഥാനത്ത്. മണ്ണഴി, ചേങ്ങോട്ടൂർ, കുറ്റിപ്പുറം ഭാഗങ്ങളിൽ കർഷകസംഘങ്ങൾ രൂപം കൊള്ളുകയും കാർഷിക കടങ്ങൾക്കെതിരെ സമരം ചെയ്യുകയും ചെയ്തു.

ജനങ്ങളുടെ സംഘശക്തിയാണ് ചരിത്രത്തിന്റെ ഏടുകളെ ചൂടുള്ളതാക്കുന്നതെങ്കിൽ നമ്മളും അക്കാര്യത്തിൽ ഒട്ടും പിന്നിലല്ല. 1943 ലെ കോളറ നിവാരണ പ്രവർത്തനങ്ങൾ നമുക്കു കൈമാറുന്നത് മതമൈത്രിയുടെ ഇതിഹാസമാണ്. കോളറയിൽ അനാഥരായ കുട്ടികളെ സഹായിക്കാൻ സേർവന്റ്സ് ഓഫ് ഇന്ത്യാ സൊസൈറ്റിയുമായി ബന്ധപ്പെട്ട് ഒരു റിലീഫ് കമ്മിറ്റിയും ഓർഫനേജും കോട്ടക്കലിൽ ഉണ്ടായി. രണ്ടാംലോകമഹായുദ്ധത്തിന്റെയും ക്ഷാമത്തിന്റെയു കെടുതികളിൽ വലയുമ്പോഴായിരുന്നു അസാധ്യമെന്ന ഇന്നു തോന്നാവുന്ന ഈ മഹൽക്കാര്യം ഐക്യത്തിന്റെ ശക്തികൊണ്ട് നാം സാധിച്ചത്. 1944ൽ ധാന്യക്ഷാമത്തെ നേരിടാൻ പി.കെ. വാരിയരുടെ അദ്ധ്യക്ഷതയിൽ ഒരു സഹകരണ സ്റ്റോർ സ്ഥാപിച്ചതും ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കാൻ.

മനോരമത്തമ്പുരാട്ടിയുടെ നാട്ടിൽ സ്ത്രീകളുടെ പുരോഗമന പ്രവർത്തനവും കുറവായിരുന്നില്ല. കോവിലകത്തുനിന്ന് 'അമൃതഭാഷിണി, ബാലചന്ദ്രിക' എന്നീ പേരുകളിൽ പിരോഗമന പ്രസിദ്ധീകരണങ്ങൾ ഉണ്ടാ

യിരുന്നു. സ്വാതന്ത്ര്യത്തെക്കുറിച്ചും സോഷ്യലിസത്തെക്കുറിച്ചും ഈ പ്രസിദ്ധീകരണങ്ങളിൽ ചർച്ചചെയ്തിരുന്നു. വള്ളിക്കാട് കമലാക്ഷി, കുഞ്ഞനുജത്തിതമ്പുരാട്ടി, മാധവിക്കുട്ടി വാരസ്യാർ, വി.പി. കല്യാണി തുടങ്ങിയവർ ആദ്യകാല മഹിളാപ്രസ്ഥാനത്തിനു തുടക്കം കുറിച്ചു.

മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കാലത്ത് ഓടയപുറത്ത് ചേക്കുട്ടിയുടെ ശ്രമഫലമായി കോമളപാഠാവലിയെന്ന പാഠപുസ്തകം കുണ്ടുബസ്സാറിലുണ്ടായിരുന്ന കോമളപ്രസ്സിൽ നിന്നാണ് പ്രസിദ്ധീകരിച്ചിരുന്നത്. കോട്ടക്കലിന്റെ സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ രംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച ചില പ്രമുഖരായിരുന്നു മംഗലാപുരത്തിന്നടുത്ത് ബട്ക്കൽ സ്വദേശികളായിരുന്ന സാദാ മുഹമ്മദ് സുക്രി സാഹിബ്, എസ്. മുഹമ്മദ് ബാദുഷാ സാഹിബ് എന്നിവർ.

മാപ്പിള കുടായാന്മാരുടെ കൂട്ടായ്മ സൃഷ്ടിക്കാനും സാംസ്കാരിക വളർച്ചക്ക് ആക്കംകൂട്ടാനും ഇവരുടെ പ്രവർത്തനം ഏറെ സഹായിച്ചിട്ടുണ്ട്. കൂടാതെ സയ്യിദ് വി.ടി. അബ്ദുള്ളക്കോയ തങ്ങൾ, മേലേതിൽ മുഹമ്മദ് സാഹിബ് എന്നിവരുടെ പ്രവർത്തനങ്ങളും പ്രസ്തുത പ്രവർത്തനങ്ങൾക്ക പ്രചോദനം നല്കി.

കേരളത്തിലെ ഏറ്റവും പഴക്കമുള്ള പഞ്ചായത്തുകളിൽ ഒന്നാണ് കോട്ടയ്ക്കൽ. കേരളത്തിലും ഇന്ത്യയിലും പ്രശസ്തരായ പല വ്യക്തികളും ഈ പഞ്ചായത്തിൽ ജനിച്ചു വളർന്നിട്ടുണ്ട്. നയതന്ത്രജ്ഞന്മാരായിരുന്ന ശ്രീ. എം.കെ. വെള്ളോടി, എം.എ. വെള്ളോടി, കേലു ഏറാടി, കെ.സി.യു. രാജ, വിദ്യാഭ്യാസ വിചക്ഷണനായിരുന്ന കേരള വൈസ് ചാൻസലർ കെ.സി.കെ.ഇ. രാജ, രാഷ്ട്രീയരംഗത്തു പ്രശസ്തനായ ജ.യു.എ. ബീരാൻ, വൈദ്യവിചക്ഷനായ പി.കെ. വാരിയർ, രാജ്യസഭാഗമായ അബ്ദുസമദ് സമദാനി തുടങ്ങിയവരെല്ലാം കോട്ടയ്ക്കലിന്റെ പ്രശസ്തി വർദ്ധിപ്പിച്ചവരാണ്. കോട്ടയ്ക്കൽ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡന്റ് അപ്പു വാരിയർ എന്ന പേരിൽ പ്രശസ്തനായ പി.എസ്. വാരിയരായിരുന്നു. ആദ്യ പഞ്ചായത്ത് നിലവിൽ വന്നത് 1953ൽ ആണ്. നാമനിർദ്ദേശമായിരുന്നു തെരഞ്ഞെടുപ്പിന്റെ രീതി. പിന്നീട് പി. ശങ്കര വാരിയർ പ്രസിണ്ടായി. 1963 മുതൽ വളരെക്കാലം പഞ്ചായത്തിന്റെ ആധിപത്യം വഹിച്ചത് യു.എ. ബീരാൻ സാഹിബാണ്. പിന്നീട് ജ. ചെമ്മുക്കൻ മുഹമ്മദ് കുട്ടി എന്ന കുഞ്ഞാവയും കുറച്ചുകാലം പ്രസിഡണ്ട് പദം വഹിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യത്തിനു ശേഷം ഒരു താരതമ്യത്തിനും അനുവദിക്കാതെ രൂപത്തിലും ഭാവത്തിലും കോട്ടയ്ക്കൽ മാറുകയാണ്. പഴമയുടെ തേരൊലികൾ നാം മറക്കുന്നു. പുതുമയെപുണർന്നുകൊണ്ട് പാരമ്പര്യത്തെ സ്നേഹിക്കുന്ന ഒരു മനോഭാവം നാം വളർത്തിയെടുത്തിരിക്കുന്നു. ഉപഭോഗസംസ്ക്കാരവും സമാന്തര സമ്പദ് വ്യവസ്ഥയും പാരസ്ഥിതിക പ്രശ്നങ്ങളും ശൂന്യമായിക്കൊണ്ടിരിക്കുന്ന സാംസ്ക്കാരിക രംഗവും ഇന്ന് നമ്മുടെ നാടിന് ഭീഷണിയാണ്. ഒന്നും ക്രിയാത്മകമായി ചെയ്യാതെ 'വിക്ടോറിയൻ ജളത്വം' മനസ്സിലണിഞ്ഞു കോട്ടയ്ക്കൽ മയങ്ങുകയാണ്.

❖

# 4

# കൃഷിയും ജലസേചനവും

തീർത്തും ഗ്രാമീണമായ കാർഷിക വ്യവസ്ഥ നിലനിന്നിരുന്ന ഒരു ഗ്രാമമാണ് കോട്ടയ്ക്കൽ. മലപ്പുറം ജില്ലയിലെ പൊതു ഭൂപ്രകൃതിയായ കുന്ന്–ചെരുവ്-വയൽ എന്ന രീതിയിൽ ഭൂപ്രദേശം നിലനിൽക്കുന്നു. കോട്ടപ്പറമ്പ് കുന്ന്, വലിയപറമ്പ് കുന്ന്, മയിലാടികുന്ന്, തോക്കാംപാറ എന്നിവയാൽ ചുറ്റപ്പെട്ട ഒരു ഭൂപ്രദേശമാണ് ഈ പഞ്ചായത്ത്. തെങ്ങ്, നെല്ല്, കവുങ്ങ്, വെറ്റില, കുരുമുളക് എന്നിവയാണ് പ്രധാന വിളകൾ. ഇതിനു പുറമെ പറമ്പികളിൽ മോടൻ, ഔഷധച്ചെടികൾ, കിഴങ്ങുവർഗങ്ങൾ, എള്ള്, മുതിര, ഉഴുന്ന്, എന്നിവയും കൃഷിചെയ്തുവരുന്നു.

പഴയകാലത്ത് ഭൂമിയുടെ ജന്മാവകാശം കിഴക്കേ കോവിലകം, സാമൂതിരി കോവിലകം, ആഴ്വാഞ്ചേരി മന എന്നീ ജന്മി കുടുംബങ്ങൾക്കായിരുന്നു. ഭൂ പരിഷ്ക്കരണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഏതാണ്ട് 90% ഭൂമിയുടെ ജന്മാവകാശവും ജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. ഭൂരിഭാഗം ഭൂ ഉടമസ്ഥരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ഇത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 1

| ക്രമ നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഒരു ഹെക്ടറിനു താഴെ | 2,943 |
| 2 | ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ | 100 |
| 3 | രണ്ട് ഹെക്റിനു മുകളിൽ | 35 |

അവലംബം: കൃഷിഭവൻ രേഖ

മുൻകാലങ്ങളിൽ ശ്രദ്ധയോടും പരിചരണത്തോടും നെൽകൃഷിചെയ്തിരുന്നു. മഴയെ ആശ്രയിച്ചായിരുന്നു കൃഷിനടത്തിയിരുന്നത്. പ്രാദേശികമായി വിഭവങ്ങൾ സമാഹരിച്ച് നാട്ടറിവ് ഉപയോഗപ്പെടുത്തി തോടുകൾക്ക് ചിറ കെട്ടി ജലം സംരക്ഷിച്ച് കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു.

ആകെ ഭൂമിയുടെ 20 ശതമാനം നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. ഒട്ടേറെ സവിശേഷതകൾ ഉണ്ടായിരുന്ന നാടൻ നെൽവിത്തിനങ്ങളാണ് പ്രചരിച്ചിരുന്നത്. ആര്യൻ, തവളക്കണ്ണൻ, തെക്കൻ ചീര, ചിറ്റേനി, ഇരിയക്കാരി, വെള്ളരി, തൊണ്ണൂറാൻ എന്നിവയാണ് കൃഷിചെയ്തിരുന്ന നെൽവിത്തിനങ്ങൾ. പിന്നീട്, കാർഷികരംഗത്തെ നവീകരണ പ്രക്രിയയുടെ ഫലമായി ജ്യോതി, ചുവന്ന ത്രിവേണി, നിയോൺ, ഐ ആർ-8 റോക്കറ്റ് എന്നീ അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ പ്രചരിക്കപ്പെട്ടു. ഇതേ കാലഘട്ടത്തിലാണ് രാസവളങ്ങളും കീടനാശിനികളും വ്യാപകമായി പ്രയോഗത്തിൽ വന്നത്.

പാടങ്ങളിൽ മുണ്ടകൻ വിളയ്ക്ക് ശേഷം പയർ, എള്ള് എന്നിവയും വേനൽക്കാല പച്ചക്കറികൃഷിയും ഉണ്ടായിരുന്നു. ഗ്രാമീണ ചിറകൾക്കു പുറമെ വയലുകളിലെ കിണറുകളും ജലസേചനത്തിനായി ഉപയോഗപ്പെടുത്തിയിരുന്നു. പറമ്പുകളിൽ ഇടവിളയായി ചേമ്പ്, പയർ, ഉഴുന്ന്, മുതിര, രാഗി, ചാമ എന്നിവയും കൃഷിചെയ്തിരുന്നു. കീടങ്ങളെ നശിപ്പിക്കുന്നതിന് മുറംവീശൽ, ചൂടിവലിക്കൽ, തുണി വലവീശൽ, മുള്ള് വലിക്കൽ എന്നീ നാടൻ രീതികളാണ് പ്രയോഗത്തിൽ ഉണ്ടായിരുന്നത്.

അന്ന് നിലനിന്നിരുന്നത് 'വെറും പാട്ട' വ്യവസ്ഥയായിരുന്നു. ആയതിനാൽ നെല്ലും അതുപോലെയുള്ള ഹ്രസ്വകാല വിളകളും കൃഷിചെയ്യാനുള്ള അവകാശമേ കൃഷിക്കാർക്ക് ഉണ്ടായിരുന്നുള്ളൂ. ഭൂപരിഷ്കരണമൂലം ഉണ്ടായ ഉടമസ്ഥാവകാശത്തിന് ശേഷം മാത്രമാണ് ദീർഘകാല വിളകൾ കൃഷി ചെയ്യാനുള്ള അവകാശം കൃഷിക്കാർക്ക് കൈവന്നത്. വീട്ടുപറമ്പിലെ വൈക്കോൽ കുണ്ടയുടെ ഉയരവും തൊഴുത്തിലെ കന്നുകാലികളുടെ എണ്ണവും സമൂഹത്തിലെ മാന്യതകളുടെ ചിഹ്നങ്ങളായിരുന്നു. കൂട്ടുകുടുംബവ്യവസ്ഥയിൽനിന്ന് ഏകഘടക കുടുംബങ്ങളായി മാറിയപ്പോൾ ഭൂസ്വത്ത് വൻതോതിൽ വിഭജിക്കപ്പെട്ടു. ഈ അവസരത്തിൽ ആണ് ആദ്യമായി പാടങ്ങൾ നികത്തപ്പെടുന്ന പ്രക്രിയ ആരംഭിക്കുന്നത്. ധാരാളം വയലുകൾ നികത്തി തെങ്ങ്, കവുങ്ങ് എന്നിവ കൃഷിചെയ്യാൻ തുടങ്ങി. പാടങ്ങൾക്ക് കുറുകെ റോഡുകൾ വന്നത് താമസസ്ഥലത്തിന് ആകർഷണീയത വർദ്ധിപ്പിക്കുന്ന ഘടകമായി. ഇതുമൂലവും ഗൾഫ് പണത്തിന്റെ സ്വാധീന മൂലവും വൻതോതിൽ നെൽവയലുകൾ പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി

തൂർക്കാനിടയായി.

നെൽകൃഷി ലാഭകരമല്ലാതായി മാറിയതും കർഷകത്തൊഴിലാളി കുടുംബങ്ങളിലെ രണ്ടാം തലമുറ മററ് മേഖലകളിൽ തൊഴിലന്വഷിക്കുവാൻ ഇടയായതും നെൽകൃഷിയുടെ നാശത്തിന് ഇടയാക്കി. ഇത്, താരതമ്യേനെ കുറഞ്ഞ പരിചരണം ആവശ്യമായ തെങ്ങ്, കവുങ്ങ് എന്നിവയിലേക്ക് ഉണ്ടായ വിളമാററത്തിന് കാരണമായി. നെൽകൃഷിക്ക് സംഭവിച്ച തളർച്ചയുടെ അനുരണനങ്ങൾ ഇതര കാർഷികമേഖലകളിലും പ്രതിഫലിച്ചു. പശു, കാള എന്നീ മൃഗസമ്പത്ത് ക്രമേണ ശോഷിച്ചു. ഉയർന്ന കുടുംബങ്ങളിൽ നിന്ന് കാലിവളർത്തൽ താഴെ തലങ്ങളിലേക്ക് മാറി. നാടിന്റെ ആവേശം മാനം മുട്ടിച്ച കുററൂർ പോലെയുള്ള പ്രദേശങ്ങളിലെ കാളപൂട്ട് മൽസരങ്ങൾ സാവധാനത്തിൽ ഇല്ലാതായി.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്ത്രീർണ്ണം 2,045 ഹെക്ടർ ആണ്. ഇത് വയലുകൾ, പുരയിടം, പുറമ്പോക്ക്, കൃഷിയോഗ്യമായ തരിശ്, കൃഷിയോഗ്യമല്ലാത്ത തരിശ് എന്നിങ്ങനെയായി കാണപ്പെടുന്നു. വിശദവിവരങ്ങൾ താഴെ പട്ടികയായി ചേർക്കുന്നു.

പട്ടിക 2

| നമ്പർ | ഇനം | വിസ്ത്രീർണ്ണം (ഹെക്ടർ) |
|---|---|---|
| 1. | നിലം | 185 |
| 2. | പുരയിടം | 1,555 |
| 3. | പുറമ്പോക്ക് | 170 |
| 4. | കൃഷിയോഗ്യമായ തരിശ് | 80 |
| 5. | കൃഷിയോഗ്യമല്ലാത്ത തരിശ് | 55 |
| ആകെ | | 2,045 |

അവലംബം-കൃഷിഭവൻ രേഖ

## നെൽകൃഷി

ആകെ വിസ്ത്രീർണ്ണത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും തെങ്ങ്, കവുങ്ങ് എന്നിവയാണ് കൃഷി ചെയ്തു വരുന്നത്. താഴ്ന്ന പ്രദേശങ്ങളിലെ വയലുകളിൽ പരമ്പരാഗത രീതിയിൽ നെൽ കൃഷിയുമാണ് ചെയ്യുന്നത്. ഇതിനു പുറമെ കശുമാവ്, വാഴ, വെറ്റില, ഔഷധസസ്യങ്ങൾ എന്നിവയും കൃഷിചെയ്യുന്നുണ്ട്. നെല്ലിന്റെ ഉൽപാദനക്ഷമത ഒരു ഹെക്ടറിന് 2,500 കി.ഗ്രാമാണ്. കൃഷിയുടെ ആധുനികവൽകരണത്തിന്റെ ഭാഗമായ സങ്കരയിനം നെൽവിത്തിനങ്ങൾ ആദ്യം പ്രിയങ്കരമായിരുന്നു. എങ്കിലും, ഇപ്പോൾ നാടൻ നെൽവിത്തിലേക്കുള്ള തിരിച്ച്പോക്കിന്റെ പ്രവണതയാണ് കാണുന്നത്. കാർഷികമേഖലയിലെ വിള വിസ്ത്രീർണത്തിന്റെ വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 3

| നമ്പർ | വിള | വിസ്ത്രീർണ്ണം (ഹെക്ടർ) |
|---|---|---|
| 1. | നെല്ല് (ഒന്നാം വിള) | 154 |
| 2. | നെല്ല് (രണ്ടാം വിള) | 162 |
| 3. | നെല്ല് (മൂന്നാം വിള) | 05 |

അവലംബം-കൃഷിഭവൻ രേഖ.

ജലസേചനത്തിന്റെ അപര്യാപ്തത, കാലവർഷത്തിന്റെ അനിശ്ചിതത്വം എന്നിവമൂലം ഒന്നാം വിളയ്ക്ക് മൂപ്പുകുറഞ്ഞ സങ്കരയിനം നെൽവിത്തുകളും രണ്ടാം വിളയ്ക്ക് നാടൻ വിത്തുകളും ഉപയോഗിച്ചു വരുന്നു. നെൽകൃഷിക്കുശേഷം പാടങ്ങളിൽ ചെയ്തിരുന്ന പയർകൃഷിയും പച്ചക്കറികൃഷിയും ഗണ്യമായ രീതിയിൽ കുറഞ്ഞിട്ടുണ്ട്. പഴയകാലത്ത് വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നിങ്ങനെ മൂന്ന് പൂവൽ കൃഷിചെയ്തിരുന്നു. പുഞ്ചകൃഷിക്ക് ഏത്തം ഉപയോഗിച്ച് വെള്ളം തേവുന്ന രീതിയാണ് ഉണ്ടായിരുന്നത്. ഇതിനായി പാടങ്ങളിൽ വ്യാപകമായി പുഞ്ചക്കുഴികൾ ഉണ്ടായിരുന്നു. മൂന്ന്പൂവൽ കൃഷിയിൽ നിന്ന് ഒരു പൂവൽ കൃഷിയിലേക്കും ചിലയിടങ്ങളിൽ രണ്ട് പൂവൽ കൃഷിയിലേക്കും മാറി. നടീൽ, ഞാറുപറിക്കൽ, കൊയ്ത്ത് തുടങ്ങിയ കൃഷിപ്പണിക്ക് തൊഴിലാളികളുടെ ലഭ്യതക്കുറവ് പ്രധാനപ്രശ്നമാണ്. പ്രത്യേകിച്ചും സ്ത്രീ തൊഴിലാളികളുടെ എണ്ണത്തിൽ സംഭവിച്ചകുറവ് കൃഷിയുടെ തളർച്ചയ്ക്ക് കാരണമായി.

## കവുങ്ങ്

തെങ്ങുകൃഷിക്കഴിഞ്ഞാൽ കൂടുതൽ വരുമാനം ലഭിക്കുന്നത് കവുങ്ങിൽ നിന്നാണ്. ഒരു കാലത്ത് 'കോട്ടയ്ക്കൽ അടയ്ക്ക' സമീപ പ്രദേശങ്ങളിൽ പ്രസിദ്ധമായിരുന്നു. നാടൻ ജനുസ്സിൽപെട്ട ഇനമാണ് വ്യാപകമായി കൃഷിചെയ്യുന്നത്. അപൂർവ്വം തോട്ടങ്ങളിൽ മംഗള, കാസർഗോഡ് ഇനം എന്നിവയും കൃഷിചെയ്യുന്നുണ്ട. ഒരു കവുങ്ങിൽ നിന്ന് ശരാശരി 250-300 അടയ്ക്ക ലഭിക്കുന്നു. കവുങ്ങുകൃഷി ശാസ്ത്രീയമായിട്ടല്ല ചെയ്യുന്നത്. തോട്ടങ്ങളിൽ അനുബന്ധകൃഷിയായി വെറ്റില, വാഴ, കുരുമുളക് എന്നിവയും കൃഷി ചെയ്തുവരുന്നു. മഹാളി, പഴുക്കല്ലരിക്കോട്, മഞ്ഞളിപ്പ് എന്നീ രോഗങ്ങൾ കവുങ്ങുനേയും അടയ്ക്കയേയും സാരമായി ബാധിക്കുന്നുണ്ട. ഇവ തടയുന്നടിനുള്ള പ്രതിവിധികൾ വേണ്ടത്ര പ്രചാരത്തിലില്ല.

## വെറ്റില

വെറ്റില രണ്ട് രീതിയിൽ കൃഷിചെയ്യുന്നു .കൂട്ട ക്കൊടിയായും കവുങ്ങിൽ പടർത്തിയും .വില്ലൂർ,കുറ്റി പ്പുറം, കാവതികളം, ഇന്ത്യനൂർ, പുലിക്കോട്, ചങ്കു വെട്ടികുണ്ട് എന്നിവിടങ്ങളിലാണ് പ്രാധാനമായും വെറ്റിലകൃഷിയുള്ളത് .ഉത്തരേന്ത്യയും മറ്റു രാജ്യങ്ങ ളുമാണ് പ്രധാന വിപണികൾ. വെറ്റില കൃഷിയെ വള്ളിചീയൽ ,ഇലപ്പുള്ളി രോഗം എന്നിവ ബാധിച്ചു കാണുന്നു .കാര്യമായ പ്രതിവിധികൾ പ്രയോജനപ്പെ ടുന്നില്ല.

## തെങ്ങ് കൃഷി

ഏറ്റവും കൂടുതൽ പ്രദേശത്ത് തെങ്ങ് കൃഷിചെ യ്യുന്നു .പ്രധാന വരുമാന മാർഗവും ഇതാണ് .നാടൻ ഇനങ്ങളോടാണ് കർഷകർ ആഭിമുഖ്യം പുലർത്തു ന്നത് .എങ്കിലും കുറേശെ സങ്കരയിനങ്ങളും കൃഷിചെ യ്യുന്നുണ്ട്. പഞ്ചായത്തിലെ തെങ്ങിന്റെ ശരാശരി ഉൽപാദനം പ്രതിവർഷം 40-50 ആണ് . (സംസ്ഥാന ശരാശരി 38). തെങ്ങു കൃഷി ശാസ്ത്രീയമല്ല .വൃക്ഷ ങ്ങൾ തമ്മിലുള്ള അകലകുറവും അശാസ്ത്രീയമായ വളപ്രയോഗവും ഉൽപാദനത്തെ പ്രതികൂലമായി ബാധിക്കുന്നു .ഒരു ഏക്കറിൻ ശരാശരി 100 തെങ്ങു കൾ നടുന്നതായി കണക്കാക്കുന്നു . ഇത് അശാസ്ത്രീ യമാണ്. നനക്കാനുള്ള സൗകര്യകുറവും വെള്ള ത്തിന്റെ ലഭ്യതകുറവും തെങ്ങിന്റെ വളർച്ചയേയും ഉൽപ്പാദനത്തെയും കുറയ്ക്കുന്ന ഘടകങ്ങളാണ് .

## മറ്റുവിളകൾ

ഇതിനു പുറമെ മറ്റുവിളകളും പറമ്പു കൃഷി യായി ചെയ്തുവരുന്നുണ്ട് .അവയിൽ പ്രധാനപ്പെട്ട താണ് കശുമാവ് .പഞ്ചായത്തിലെ ഉയർന്ന പ്രദേശ ങ്ങളിലാണ് ഈ കൃഷിയുള്ളത് .വളരെ ചെലവു കുറ ഞ്ഞതും വളരെ സാധ്യതകൾ ഉള്ളതുമായ കൃഷി യാണ് ഇത് .വിദേശത്തേക്ക് കയറ്റുമതി ചെയ്ത് ഏറെ ലാഭം ഉണ്ടാക്കുന്ന കൃഷിയാണെങ്കിലും കൃഷിക്കാർക്ക് എപ്പോഴും വേണ്ടത്ര വില ലഭിക്കാറില്ല.

മരച്ചീനി,റാഗി,വാഴ,എള്ള് ,കുരുമുളക് ,ഇഞ്ചി, മഞ്ഞൾ, ചേമ്പ്, ചേന, പച്ചക്കറികൾ എന്നിവയും കൃഷിചെയ്യുന്നു .ഉപഭോഗ സംസ്കാരത്തിന്റെ ഭാഗ മായി വളർന്നു വരുന്ന ശീലങ്ങൾ മൂലം ഈ കൃഷിക ളോട് ഒക്കെ ആഭിമുഖ്യം കുറയുകയാണ്. വിവിധ കൃഷികളുടെ വിളവിസ്തീർണം പട്ടികയായി ചുവടെ ചേർക്കുന്നു.

പട്ടിക 4

| നമ്പർ | വിള | വിസ്തീർണം (ഹെക്ടറിൽ) |
|---|---|---|
| 1. | തെങ്ങ് | 625 |
| 2. | കവുങ്ങ് | 385 |
| 3. | കശുമാവ് | 67 |
| 4. | വാഴ | 55 |
| 5. | പയർ | 45 |
| 6. | വെറ്റില | 29 |
| 7. | എള്ള് | 20 |
| 8. | ഔഷധ സസ്യങ്ങൾ | 20 |
| 9. | പച്ചക്കറികൾ | 15 |
| 10. | കുരുമുളക് | 13 |
| 11. | മരച്ചീനി | 12 |

അവലംബം-കൃഷിഭവൻ രേഖ

## വളം

ആദ്യകാലത്ത് പച്ചിലവളം,കാലിവളം,ചാരം എന്നീ ജൈവവളങ്ങൾ മാത്രമാണ് ഉപയോഗിച്ചിരുന്നത്. ജപ്പാൻ മാതൃകയിലുള്ള നെൽകൃഷി പ്രചാരത്തിൽ വരികയും അത്യുല്പാദന ശേഷിയുള്ള വിത്തിന ങ്ങൾ വരികയും ചെയ്തതോടെ രാസവളങ്ങൾ പ്രയോഗത്തിൽ വന്നു. പറമ്പുകളുടെ വിസ്തൃതി കുറയുകയും മരങ്ങളുടെ എണ്ണം ശോഷിക്കുകയും ചെയ്തതോടെ പച്ചില വളത്തിന് കടുത്ത ക്ഷാമ മായി. ഇപ്പോൾ ജൈവവളങ്ങളിൽ ഭൂരിഭാഗവും ലോറികളിൽ എത്തുന്ന പച്ചിലവളം തമിഴ് നാടിൽനിന്ന് വരുന്ന കാലിവളം,കോഴിവളം,ചാരം എന്നിവയുമാണ്. ഇതുകൂടാതെ എല്ലിൻ പൊടി, വേപ്പിൻ പിണ്ണാക്ക് ,കടലപ്പിണ്ണാക്ക് എന്നിവയും ഉപ യോഗിച്ചു വരുന്നു. ജൈവവളങ്ങളുടെ ലഭ്യതകു റവും കൃഷിയിടങ്ങളിൽ എത്തിക്കുന്നതിന്റെ പ്രയാ സവും പരിഗണിച്ച് രാസവളങ്ങളും കൂടുതൽ ഉപ യോഗിക്കുന്നു .രാസവള പ്രയോഗം ശാസ്ത്രീയമായ രീതിയിലല്ല ചെയ്യുന്നത്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ,കാർഷിക വിദഗ്ധന്റെ ഉപദേശ പ്രകാരം വളപ്രയോഗം നടത്തുന്ന ശീലം ഇല്ലെന്നു തന്നെ പറയാം. കൂടാതെ, രാസവളത്തിന്റെ വില യിൽ ഉണ്ടായ വർധനവ് ആശങ്കാജനകമാണ് .പഞ്ചാ യത്തിൽ സ്വകാര്യ മേഖലയിൽ രണ്ട് രാസവള വിൽപ്പന ശാലകൾ ഉണ്ട് .ഫാക്റ്റം ഫോസ് ,യൂറിയ, പൊട്ടാഷ് എന്നിവയാണ് കൂടുതൽ ഉപയോഗിക്കന്ന

രാസവളങ്ങൾ .കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ രാസ വളത്തിന്റെ വിൽപ്പനയുടെ വിവരം പട്ടികയായി താഴെ ചേർക്കുന്നു .

| പട്ടിക 5 | |
|---|---|
| രാസവളം -വിൽപ്പന | |
| വർഷം | രാസവളം വിൽപ്പന (കി.ഗ്രാം) |
| 1993-94 | 2,90,000 |
| 1994-95 | 3,10,000 |
| 1995-96 | 3,25,000 |

അവലംബം-കൃഷിഭവൻ രേഖ

### കീടനാശിനികൾ

വെളുത്തുള്ളി ,ചീനമുളക് ,മുളിയിലക്കുരു ,കൂവ ക്കിഴങ്ങ് , ആര്യവേപ്പില എന്നിവ ഇടിച്ചു പിഴിഞ്ഞ് നീരെടുത്ത് കീടനാശിനികളായി ഉപയോഗിക്കുന്ന രീതിയാണ് പണ്ട് ഉണ്ടായിരുന്നത് .പുതിയ കൃഷിരീതികൾ പ്രയോഗത്തിൽ വന്നപ്പോൾ പുതിയ കീടനാശിനികളും രംഗത്തെത്തി .ശാസ്ത്രീയമായ രീതിയിലല്ല കീടനാശിനികൾ പ്രയോഗിക്കുന്നത് .കൃഷി വിദഗ്ധരുടെ ഉപദേശം തേടുന്ന രീതി വളരെ കുറവാണ് . പലപ്പോഴും കീടനാശിനി വിൽപ്പനശാലകളിലെ ജോലിക്കാരുടെ ഉപദേശപ്രകാരമാണ് ഇവ ഉപയോഗിക്കുന്നത് .മാരകവിഷമുള്ള കീടനാശിനികൾ കൈകാര്യം ചെയ്യുമ്പോൾ അനുവർത്തിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് കർഷകത്തൊഴിലാളികൾ അജ്ഞരാണ് . ഇത് ഗുരുതരമായ ആരോഗ്യപ്രശ്നമാണ് .1993-94 മുതൽ 1995-96 വർഷങ്ങളിലെ പഞ്ചായത്തിലെ കീടനാശിനി വിൽപ്പനയുടെ കണക്ക് ചുവടെ ചേർക്കുന്നു .

| പട്ടിക 6 | | |
|---|---|---|
| കീടനാശിനികൾ | | |
| വർഷം | കീടനാശിനി | |
| | ദ്രവം | ഖരം |
| 1993-94 | 60ലി . | 380 കി ഗ്രാം |
| 1994-95 | 72ലി . | 420 കി ഗ്രാം |
| 1995-96 | 83ലി . | 540 കി ഗ്രാം . |

അവലംബം-കൃഷിഭവൻ രേഖ

### ജലസേചനം

പ്രധാനമായുംമഴയെ ആശ്രയിച്ച് കൃഷിയാണ് നിലവിലുള്ളത് .വർഷത്തിൽ രണ്ട് പ്രാവശ്യം മഴ ലഭിക്കുന്നു .ജൂൺ-ആഗസ്റ്റ് മാസങ്ങളിലെ കാലവർഷവും (തെക്കു പടിഞ്ഞാറ് മൺസൂൺ) ഒക്ടോബർ-നവംബർ മാസങ്ങളിലെ തുലാവർഷവും (വടക്ക്-കിഴക്ക് മൺസൂർ)പെയ്യുന്ന മഴയുടെ ഭൂരിഭാഗവും കാലവർഷത്തിലാണ് .തുലാവർഷം താരതമ്യേനെ ദുർബലമാണ് . പ്രതിവർഷം ശരാശരി 280-300 സെ മി . മഴ പെയ്യുന്നുണ്ട് .ഇതിൽ അധികഭാഗവും കുത്തിയൊഴുകി തോടുകളിൽ എത്തുകയാണ് .

#### അവലംബം

മഴക്കാലത്ത് പെയ്തിറങ്ങുന്ന വെള്ളം ചിറകൾ കെട്ടി സംരക്ഷിച്ച് കൃഷിക്ക് ഉപയോഗിക്കുന്ന രീതിയായിരുന്നു നിലനിന്നിരുന്നത് .തെങ്ങ് ,കവുങ്ങ് ,പനമ്പാത്തി , വാഴപ്പോള എന്നിങ്ങനെ പ്രാദേശികമായി കിട്ടുന്ന വസ്തുക്കൾ ഉപയോഗപ്പെടുത്തിയായിരുന്നു ചിറ താങ്ങിയിരുന്നത് .

### തോടുകൾ

പഞ്ചായത്തിൽ പ്രധാനമായും രണ്ട് വലിയ തോടുകളാണ് ഉള്ളത് .അവ

എ) മാറാക്കര പഞ്ചായത്തിൽ നിന്ന് പുറപ്പെട്ട് കുറ്റിപ്പുറം വഴി പുത്തൂരിൽ എത്തുന്ന തോട് (പടിഞ്ഞാറെതോട്)

ബി) ചൃനൂരിൽ നിന്ന് പുറപ്പെട്ട് ഇന്ത്യനൂർ - വില്ലൂർ-കാവതികുളം വഴി പുത്തൂരിൽ എത്തുന്ന തോട് (കിഴക്കേതോട്)

ഇതിനുപുറമെ നിരവധി കൈത്തോടുകളും ഒഴുകുന്നുണ്ട് .

തോടുകൾ ഗുരുതരമായ ഭീഷണികൾ നേരിടുന്നുണ്ട് .മരങ്ങളുടെ നാശം നിമിത്തം കുത്തിയൊഴുകി ചരൽ വന്നു നിറയുന്നതും പുല്ലുമൂടി ഇരുവശവും നികന്നു വരുന്നതും പ്രധാനപ്രശ്നങ്ങളാണ് . ഇതു കാരണം തോടുകളുടെ ആഴം കുറയുകയും ജലസംഭരണ ശേഷിയിൽ ഇടിവ് സംഭവിക്കുകയും ചെയ്യുന്നു . മാത്രമല്ല , കനത്ത മഴ പെയ്യുന്ന ഏതാനും ദിവസങ്ങൾ ഒഴികെ മധ്യത്തിലൂടെ വെള്ളം ഒഴുകിപോകുന്ന ചെറിയ ചാലായി തോടുകൾ മാറുന്നുണ്ട .തോട് വരമ്പുകൾ റിപ്പയർ ചെയ്യാത്തതും പ്രശ്നമാണ് .ഇതുകാരണം നെൽകൃഷിക്ക് ഭീഷണിയുണ്ട .

### കുളങ്ങൾ

ജലസേചനത്തിനായി ഉപയോഗിക്കുന്ന 85 കുളങ്ങൾ പഞ്ചായത്തിൽ ഉണ്ട് .ഇവയിൽ ഏതാണ്ട് എല്ലാം തന്നെ സ്വകാര്യ ഉടമകളുടേതാകുന്നു .കവുങ്ങ് ,വാഴ , വെറ്റില എന്നീ പറമ്പുകൃഷിക്ക് ജലസേചനത്തിന് ഇവയിലെ വെള്ളം ഉപകരിക്കുന്നു . ഭൂരിഭാഗം കുളങ്ങളും ഇപ്പോൾ ഉപയോഗശൂന്യമാണ് .വശങ്ങളിലെ മണ്ണ് ഇടിഞ്ഞുവീണ് കുളങ്ങൾ നികന്നുവരുന്ന പ്രവണത വ്യാപകമാണ് .

## കുഴൽകിണറുകൾ

പഞ്ചായത്തിൽ ഒട്ടാകെ 65 കിണറുകൾ ഉണ്ട് . പ്രധാനമായും കുടിവെള്ളത്തിന്റെ ആവശ്യമാണ് നിർവ്വഹിക്കപ്പെടുന്നത് .ഏതാനും സ്വകാര്യ വ്യക്തികൾ ജലസേചനത്തിനായി കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട് . മുഖ്യമായും ചെരിഞ്ഞ ഭൂപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന പഞ്ചായത്തിൽ വിവേചന രഹിതമായ കുഴൽകിണറുകൾ കുഴിക്കുന്നത് ഭൂഗർഭജലത്തിന്റെ വിതാനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ് .

### വി സി ബി . (Vented Cross Bar)

കോട്ടയ്ക്കൽ പഞ്ചായത്തിൽ 10 വി സി ബി . കളുണ്ട് .ക്രോസ് ബാറുകൾ നിർമ്മിച്ച് ചീർപ്പ് സ്ഥാപിച്ച് വെള്ളം കെട്ടിനിർത്തി ജലസേചനത്തിന് ഉപയുക്തമാക്കുന്നതിനാണ് ഇവലക്ഷ്യമിട്ടിരുന്നത് .ഏതാണ്ട് എല്ലാ വി സി ബി കളും നാശോന്മുഖമാണ് .കലായിപടിക്കൽ ചിറ ,കുറ്റിപ്പുറം ചിറ ,എരഞ്ഞിചിറ ,പണിക്കർ പടിചിറ ,കണ്ണാട്ടിച്ചിറ എന്നിവ മാത്രമേ കൃഷിക്ക് ഉപകരിക്കുന്നുള്ളൂ .ബാക്കിയുള്ളവയുടെ ചീർപ്പുകൾ നശിക്കുകയും പാർശ്വഭിത്തികൾ ഇളകിപ്പോവുകയും ചെയ്തിട്ടുണ്ട് .ഇവയിൽ പലതിന്റെയും കോൺക്രീറ്റ് കാലുകൾ ഉപയോഗിച്ച് താൽക്കാലികമായി ചിറകൾ ഉണ്ടാക്കുകയാണ് ഇപ്പോൾ ചെയ്യുന്നത് . ഇതിൽ ചോർച്ച വരാതെ വെള്ളം സംരക്ഷിക്കുക ദുഷ്കരമാണ് .ഓരോ വർഷവും വലിയ തുക ആവർത്തന ചെലവ് വരുന്നതും പ്രശ്നമാണ് .പഞ്ചായത്തിൽ നിലവിലുള്ള വി സി ബി യുടെ പട്ടിക ചുവടെ കാണുക .

പട്ടിക 8

വി സി ബിയുടെ പട്ടിക

| നമ്പർ പേര് | പൂർത്തിയായ വർഷം | നിർമ്മാണ ചെലവ് (ലക്ഷംരൂപയിൽ) | ആയക്കെട്ട് വിസ്തീർണം (ഹെക്ടർ) |
|---|---|---|---|
| 1 പരുന്നാട്ട് ചിറ | 57 | (ശ്രമദാനം) | |
| 2. കുറ്റിപ്പുറംചിറ | 12/62 | 0.21 | 57.23 |
| 3. പരുത്തിചിറ | 7/65 0 | 0.16 | 23.40 |
| 4. പാറപ്പുറത്ത്ചിറ | 7/65 | 0.14 | 18.23 |
| 5. മതിലകംപടിചിറ | 7/65 | 0.06 | 20.98 |
| 6. എരഞ്ഞിചിറ | 2/67 | 0.12 | 17.01 |
| 7. പണിക്കർപടിചിറ | 19/7 0 | 0.17 | 12.92 |
| 8. പിലാക്കൽചിറ | 1971 | 0.11 | 10.23 |
| 9. കുറ്റിപ്പുളിചിറ | 1973 | - | 8.03 |
| 10.കണ്ണാട്ടി ചിറ | 1976 | 0.09 | 11.66 |
| 11.കല്ലായിപ്പടിചിറ | 4/93 | 3.65 | 28.33 |

അവലംബം : മൈനർ ഇറിഗേഷൻ വകുപ്പ് രേഖ

ഇതിനു പുറമെ 2 പുതിയ വി സി ബി കൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭനടപടികൾ പൂർത്തിയായിട്ടുണ്ട് .അവ

എ .കുണ്ടതോട് ചിറ (കുറ്റിപ്പുറം ഭാഗത്തേക്ക്)

ബി . എരഞ്ഞിയിൽ ചിറ (പണിക്കർക്കുണ്ട് ഭാഗത്ത്)

കൂടാതെ 3 ക്രോസ്ബാറുകളും കർഷകർ സമയാസമയങ്ങളിൽ ഉണ്ടാക്കുന്ന മുട്ടുചിറ , മൺചിറ , ചണ്ടിച്ചിറ എന്നിവയും ജലസേചനത്തിനായി ഉപയോഗിക്കുന്നു .

### മണ്ണ് സംരക്ഷണം / ജലസംരക്ഷണം :-

മുൻകാലങ്ങളിൽ വരമ്പുകൾ ഇട്ട് പാടങ്ങളിലെയും പറമ്പുകളിലെയും മണ്ണും ജലവും സംരക്ഷിക്കുന്ന രീതിയാണ് ഉണ്ടായിരുന്നത് .കൂടാതെ മഴക്കാലത്തിന് തൊട്ടുപിറകെ പറമ്പുകൾ പൂട്ടിയും കിളച്ചും മണ്ണ്/ജല സംരക്ഷണം നടത്തിയിരുന്നു .കൃഷിയാവശ്യത്തിനുവേണ്ടി നിർമ്മിച്ച

ചിറകൾ കൊയ്ത്തു കഴിഞ്ഞ ശേഷം നിലനിർത്തിയിരുന്നു .തന്മൂലം മണ്ണിന്റെ ജലസംഭരണശേഷി വർദ്ധിക്കുകയും ചുറ്റുമുള്ള കിണറുകളിലെ ജലനിരപ്പ് താഴാതെ നിലനിർത്തുകയും ചെയ്തിരുന്നു . പൊതുവെ കൃഷിയോട് ഉളവായ വിമുഖത കാരണം ഇത്തരം പ്രവർത്തനങ്ങൾ ഇപ്പോൾ ഇല്ലതായിട്ടുണ്ട് .

### കാർഷികോപകരണങ്ങൾ

കരി ,നുകം ,ഊർച്ചമരം ,കൈക്കോട്ട് ,പിക്കാസ് , അരിവാക്കത്തി എന്നിവയാണ് നാട്ടിൽ പ്രചാരമുണ്ടായിരുന്ന പരമ്പരാഗത കാർഷിക ഉപകരണങ്ങൾ . കാർഷിക രംഗത്തെ നവീകരണപ്രക്രിയ മൂലം ആദ്യം ട്രില്ലർ , എന്നിവയും തുടർന്ന് ട്രാക്റ്ററും ഉപയോഗത്തിൽ വന്നു . ഇപ്പാൾ ,ട്രാക്റ്റർ ഇറക്കുവാൻ സാധിക്കുന്ന നെൽ വയലുകൾ അവ ഉപയോഗിച്ചും അല്ലാത്തവ കന്നുകാലികളെ ഉപയോഗിച്ചുമാണ് ഊഴുന്നത് . വർദ്ധിച്ചുവരുന്ന കൃഷിച്ചെലവ് ഒരു പരിധി വരെ നിയന്ത്രിക്കുവാൻ യന്ത്രവൽക്കരണം സഹായിച്ചിട്ടുണ്ട് .ഇത് കൃഷി രീതിയിൽ വമ്പിച്ച മാറ്റങ്ങൾ ഉളവാക്കിയെങ്കിലും പാരമ്പര്യമായി സിദ്ധിച്ച നാട്ടറിവുകൾ ഉപയോഗപ്പെടുത്താനുള്ള അവസരങ്ങൾ ഇല്ലാതാക്കി .കൂടാതെ കൃഷിയോട് ഉണ്ടായിരുന്ന വൈകാരിക ഭാവം നഷ്ടപ്പെടുകയും ചെയ്തു .ഇത്തരം കാരണങ്ങൾകൊണ്ട് ,ശാസ്ത്രസാങ്കേതിക രംഗത്തെ ഗുണഫലങ്ങൾ കാർഷിക രംഗത്ത് വമ്പിച്ച ഉൽപ്പാദന വളർച്ച ഉണ്ടാക്കേണ്ടതാണെങ്കിലും ഉദ്ദേശിച്ച അളവിൽ കൈവരിക്കുവാൻ സാധിച്ചിട്ടില്ല .പഞ്ചായത്തിൽ

കൃഷിഭവൻ മുഖേന വിതരണം ചെയ്ത കാർഷിക ഉപകരണങ്ങളുടെ വിവരം പട്ടികയായി ചുവടെ ചേർക്കുന്നു.

പട്ടിക 9

**കാർഷിക ഉപകരണങ്ങൾ**

| നമ്പർ | ഇനം | വിതരണം ചെയ്ത എണ്ണം |
|---|---|---|
| 1. | ട്രാക്റ്റർ | 3 |
| 2. | ട്രില്ലർ | 1 |
| 3. | നാടൻ കലപ്പ | 526 |
| 4. | റോക്ക് സ്പ്രെയർ | 19 |
| 5. | നാപ് സ്റ്റാക്ക് സ്പ്രെയർ | 125 |
| 6. | മെതിയെന്ത്രം | 3 |
| 7. | തെങ്ങ് കയറ്റ യന്ത്രം | 3 |
| 8. | പമ്പ് സെറ്റ് | 326 |

അവലംബം: കൃഷിഭവൻ രേഖ.

### കർഷകത്തൊഴിലാളികൾ

ഭൂരിഭാഗവും കർഷകത്തൊഴിലാളികുടുംബങ്ങളായിരുന്നു മുൻപ് ഉണ്ടായിരുന്നത്. ആ സ്ഥിതിയിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. സമൂഹത്തിന് കൃഷിയോടുണ്ടായിട്ടുള്ള താൽപര്യ രാഹിത്യവും ഇതര മേഖലകളിൽ കൂടുതൽ ആകർഷകമായതും തൊഴിലാളികളുടെ ഒഴിച്ചുപോക്കിന് കാരണമായിട്ടുണ്ട്. കെട്ടിടനിർമ്മാണ മേഖലയിലേക്കാണ് കർഷകത്തൊഴിലാളികളിൽ നല്ലൊരു പങ്കും എത്തിച്ചേർന്നത്. മറ്റ് പ്രദേശങ്ങളിൽനിന്നും അയൽസംസ്ഥാനത്തുനിന്നും എത്തിച്ചേരുന്ന തൊഴിലാളികളാണ് പ്രധാനമായും കാർഷികരംഗത്തെ പ്രവൃത്തികൾ ഇന്ന് ചെയ്തുവരുന്നത്. വെറ്റിലക്കൊടി ഇറക്കൽ, കന്നുപൂട്ട്, ഊർച്ച, ഞാറുപറി, ഞാറുനടീൽ, തെങ്ങുകയറ്റം, കവുങ്ങ് കയറ്റം, എന്നീ വൈദഗ്ദ്ധ്യമുള്ള തൊഴിലുകൾ ചെയ്യുന്നവരുടെ എണ്ണം വിരളമാവുകയാണ്. പാരമ്പര്യമായ അറിവുകൾ ആർജിച്ച കർഷകരുടെ എണ്ണവും കുറഞ്ഞുവരികയാണ്.

പഞ്ചായത്തിൽ 1,586 കർഷകത്തൊഴിലാളികൾ ഉണ്ട് (സ്ത്രീ–112 ; പു– 1,474). പുരുഷന് 100 രൂപയും സ്ത്രീക്ക് 70 രൂപയുമാണ് കൂലിനിരക്ക്. കൂലിക്ക് ഏകീകൃത സ്വഭാവമില്ല.

### പാടശേഖര സമിതികൾ

### കേരസംരക്ഷണ സമിതികൾ :-

പഞ്ചായത്തിൽ നാല് പാടശേഖര സമിതികളും ഒരു കേരസംരക്ഷണ സമിതിയുമുണ്ട്. ഇന്ത്യനൂർ, വില്ലൂർ, കാവതികളം, കുറ്റിപ്പുറം എന്നീ പാടശേഖര സമിതികളും കുറ്റിപ്പുറം കേരസംരക്ഷണ സമിതിയും. കൃഷിയെ പ്രോത്സാഹിപ്പിക്കുവാനും കർഷകരെ കൃഷിഭവനുമായി ബന്ധപ്പെടുത്തുവാനുംകാർഷികമേഖലയിലെ പുത്തൻ പ്രവണതകൾ കർഷകരിലേക്ക് എത്തിക്കുന്നതിനും കൂട്ടായ്മയിലൂടെ ഉൽപ്പാദനം വർധിപ്പിക്കുന്നതും ലക്ഷ്യമിടുന്നതാണ് ഈ സമിതികൾ. എന്നാൽ, ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല. യഥാർത്ഥ താൽപര്യമുള്ള കൃഷിക്കാരെ കണ്ടെത്തി പാടശേഖരസമിതികളും കേരസംരക്ഷണ സമിതികളും പുനഃസംഘടിപ്പിക്കേണ്ടതാണ്.

### കാർഷികവായ്പ :-

കാർഷിക വായ്പകൾ നൽകുന്ന അഞ്ച് ബാങ്കുകൾ ഉണ്ട്. ഇവയിൽ ഒരെണ്ണം സഹകരണമേഖലയിലും മറ്റുള്ളവ പൊതുമേഖലാ ബാങ്കുകളും കമേഴ്സ്യൽ ബാങ്കുകളുമാണ്. കഴിഞ്ഞ 5 വർഷത്തെ കാർഷികവായ്പാവിതരണം സംബന്ധിച്ച വിവരങ്ങൾ പട്ടികയിൽ കാണുക.

അവലംബം :വിവിധ ബാങ്കുകളിൽനിന്ന് ശേഖരിച്ചത്.

എങ്കിലും ബാങ്കുകൾ കാർഷികമേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നല്കേണ്ടതാണ്.

### കൃഷിഭവൻ

കാർഷിക മേഖലയുടെ വളർച്ചയ്ക്ക് നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയേണ്ട സ്ഥാപനമാണ് കൃഷിഭവൻ. കൃഷിയിലെ പുത്തൻ രീതികൾ പരിചയപ്പെടുത്തുന്നതിനും കൃഷിക്കാർക്ക് ആവശ്യമായ സമയങ്ങളിൽ നിർദ്ദേശങ്ങൾ നൽകുന്നതിനും ഇവ വിഭാവനം ചെയ്യുന്നു. പഞ്ചായത്തിലെ കൃഷിഭവൻ പ്രവർത്തനം ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ഉതകുന്നില്ല എന്ന വിമർശനം വ്യാപകമായി ഉണ്ട്. കർഷകർക്ക് പ്രശ്നങ്ങൾ പോയി പറയാനുള്ള കേന്ദ്രം എന്ന അവസ്ഥയിലാണ് കൃഷിഭവന്റെ ഇപ്പോഴത്തെ പ്രവർത്തന ശൈലി. ഇത് മാറ്റിയെടുക്കേണ്ടാണ്.

### കാർഷിക മേഖലയിലെ പ്രശ്നങ്ങൾ :-

ഗ്രാമസഭകളിലെ ചർച്ചകളിൽ നിരവധി കാർഷിക പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇതു കൂടാതെ, പഞ്ചായത്തിലെ കർഷകർ, കാരണവന്മാർ എന്നിവരുമായി നടത്തിയ ചർച്ചകൾ, പഠനപര്യടനം എന്നിവയും നടന്നു. ഇവയുടെ അടിസ്ഥാനത്തിൽ കാർഷി

പട്ടിക 10
കാർഷിക വായ്പയുടെ വിതരണം

| നമ്പർ ബാങ്ക് | 1991 -92 | 1992 -93 | 1993 -94 | 1994 -95 | 1995 -96 |
|---|---|---|---|---|---|
| 1)സർവ്വീസ് സഹകരണ ബാങ്ക്, കോട്ടയ്ക്കൽ | — | 1,93,00 | 1,53,000 | -- | |
| 2)കാനറാബാങ്ക് | 40,00,000 | 42,00,000 | 50,00,000 | 53,00,000 | 70,00,000 |
| 3)സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ. | — | — | — | — | — |
| 4) നെടുങ്ങാടി ബാങ്ക് | 1,33,687 | 40,500 | 62,964 | 30,582 | 61,040 |
| 5) വിജയാബാങ്ക് | 1,72,000 | 1,47,000 | 83,000 | 5,65,000 | 15,87,000 |

കമേഖലയിലെ പ്രശ്നങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം .

1) പഞ്ചായത്തിൽ ലഭ്യമായ മുഴുവൻ വിഭവങ്ങളെ –മണ്ണ്, വെള്ളം, സസ്യം, മൃഗം ഇ. ക്കുറിച്ച് കൃത്യമായ ധാരണ ഇപ്പോഴില്ല .വികസന പ്രവർത്തനം ശാസ്ത്രീയമാവണമെങ്കിൽ വിഭവങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാകേണ്ടതാണ് .

2) കാർഷികമേഖലയുടെ വികസനത്തിന് ജലസേചനം അനിവാര്യമാണ് .ആവശ്യമായ സമയത്ത്, ആവശ്യമായ അളവിൽ വെള്ളം ലഭിക്കുന്നതാണ് ജലസേചനം .ജലദൗർലഭ്യം നിലനില്ക്കുന്നു .ഇത് പരിഹരിക്കുന്നതിനായി നിർമ്മിച്ച വി.സി.ബി. കളുടെ ഇന്നത്തെ നില തൃപ്തികരമല്ല .ബണ്ടുകൾ പൊട്ടുന്നത്, തോട് ആഴം കുറയുന്നത്, ചീർപ്പുകൾ നശിച്ചുപോയത് എന്നീ പ്രശ്നങ്ങൾ ഉണ്ട് .വരമ്പുകൾ വേണ്ട രീതിയിൽ സംരക്ഷിക്കപ്പെടുന്നുമില്ല .

3) ജലവിഭവം ഭാവനാപൂർണ്ണമായി ഉപയോഗിക്കാൻ കഴിയുന്നില്ല .കുളങ്ങൾ മണ്ണ് വീണ് നികന്നുവരുന്നു .നാണ്യവിളകൾ കൃഷിചെയ്യുന്നതിന് കുളങ്ങൾ നികത്തുന്ന പ്രവണതയുണ്ട് .ഇവയെല്ലാം കാരണം ജലദൗർലഭ്യം വർധിക്കുന്നു .

4) പഞ്ചായത്തിന്റെ ഭൂവിസ്തീർണ്ണത്തിന്റെ 9.05% പ്രദേശത്ത് മാത്രമാണ് നെൽകൃഷി ചെയ്യുന്നത് .ഇത്, നമ്മുടെ ഉപയോഗത്തിന് തീർത്തും അപര്യാപ്തമാണ് .ആയതിനാൽ നിലവിലുള്ള നെൽപാടങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെടേണ്ടതാണ് . വിവേചനരഹിതമായ പാടം നികത്തൽ ജലനിർഗമനത്തേയും ജലസ്രോതസ്സുകളെയും പ്രതികൂലമായി ബാധിക്കുന്നു .

5) കൃഷിപ്പണി ഒരു പ്രത്യേക സമയത്ത്, പ്രത്യേക സമയപരിധിയിൽ ചെയ്തുതീർക്കേണ്ട പ്രവൃത്തിയാണ് . ആവശ്യത്തിന് കർഷകത്തൊഴിലാളികളെ പണിക്ക് കിട്ടാത്ത അവസ്ഥയുണ്ട് .വൈദഗ്ധ്യം ആവശ്യമായ തൊഴിലുകൾ ചെയ്യാൻ അറിയുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു .

6) ഭൂരിഭാഗം പ്രദേശത്തും നെൽപാടത്തേക്ക് ട്രാക്ടർ എത്താൻ കഴിയാത്ത സ്ഥിതിയാണ് ഉള്ളത് . അവ –ഉയർന്ന റോഡിൽനിന്ന് പാടത്തേക്ക് ട്രാക്ടർ ഇറങ്ങാൻ കഴിയാത്ത സ്ഥിതിയും ;ഇടവഴികൾ കടന്ന് പാടത്തേക്ക് ട്രാക്ടർ എത്താൻ കഴിയാത്ത സ്ഥിതിയും .ഈ അസൗകര്യങ്ങൾ മൂലം പാടത്തേക്ക് പച്ചിലവളം, കാലിവളം, രാസവളം എന്നിവ എത്തിക്കുവാൻ പ്രയാസമനുഭവപ്പെടുന്നു . മാത്രവുമല്ല, കൊയ്ത കറ്റകൾ പാടത്തുനിന്ന് കൊണ്ടുവരുന്നതിനും പ്രയാസം അനുഭവപ്പെടുന്നു .

7) പഞ്ചായത്തിൽ ആവശ്യമായ ട്രാക്ടർ ഇല്ലാത്ത പ്രശ്നമുണ്ട് .മറ്റ് ഉപകരണങ്ങളുടെയും എണ്ണക്കുറവുണ്ട് .

8) ഉൽപ്പന്നങ്ങളുടെ വിലക്കുറവും വർധിച്ചുവരുന്ന കൃഷിച്ചെലവും തമ്മിലുള്ള അന്തരം കൃഷിയെ അനാകർഷകമാക്കുന്നു .

9) കാർഷിക ഉപകരണങ്ങളുടേയും വളം, കീടനാശിനി എന്നിവയുടെയും വിലക്കൂടുതൽ പ്രയാസങ്ങൾ ഉണ്ടാക്കുന്നു .വിത്തുകളും തൈകളും വേണ്ട സമയത്ത് കിട്ടാത്തത്, ഫലത്തിൽ അവ ഉപയോഗശൂന്യമാകുന്നതിന് തുല്യമാണ് .

10) മാരകമായ വിഷവീര്യമുള്ള കീടനാശിനികൾ വിവേചനരഹിതമായി ഉപയോഗിക്കപ്പെടുന്നു .

11) ജൈവവളങ്ങളുടെ കുറവ്, രാസവളങ്ങളുടെ ഉപയോഗത്തെ ത്വരിതപ്പെടുത്തി .ഇതു മൂലം മണ്ണിന്റെ സ്വാഭാവിക ഗുണമേൻമ നശിപ്പിക്കപ്പെടുന്നു .

12) വിളകളെ പലതരത്തിലുള്ള രോഗങ്ങൾ ആക്രമിക്കുന്നു . മുഞ്ഞ, ചാഴി, ചെന്നീരൊലിപ്പ്, മഹാളി, തുടങ്ങിയ വിവിധതരം രോഗങ്ങൾ വിവിധ കൃഷികളെ ബാധിക്കുന്നു .ഇവയെ ഫലപ്രദമായി തടയുവാൻ കഴിയുന്നില്ല .

13) ഉൽപ്പാദിപ്പിക്കുന്ന വിഭവങ്ങൾക്ക് മാർക്കറ്റിങ്ങ് സൗകര്യം തീർത്തും അപര്യാപ്തമാണ് .ഇടനിലക്കാരുടെ സാന്നിധ്യം മൂലം മാന്യമായ വിലലഭിക്കുന്നില്ല .

14) ശാസ്ത്രീയമായ മണ്ണ് പരിശോധന നടക്കായ്ക, മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളം ചേർക്കായ്ക, കാർഷിക വിദഗ്ദന്റെ അഭിപ്രായം ആരാഞ്ഞ് കീടനാശിനി ഉപയോഗിക്കായ്ക എന്നിവ പ്രശ്നങ്ങളാണ് .

15) പച്ചക്കറിയുടെ കാര്യത്തിൽ നാം പൂർണ്ണമായും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നു .ഇത്, വലിയ സാമ്പത്തികച്ചെലവ് വരുത്തുന്നതിനുപുറമെ, അമിതമായ കീടനാശിനി പ്രയോഗത്തിന് വിധേയമായ പച്ചക്കറികൾ ഉപയോഗിക്കുന്ന സ്ഥിതിയിലേക്കും നയിക്കുന്നു .

16) കാർഷിക രംഗത്തെ പ്രവർത്തനങ്ങൾക്ക് സഹായകമാവുന്ന രീതിയിൽ കാർഷികവായ്പ കിട്ടുന്നില്ല .ജനുവരി-ഫെബ്രുവരി മാസങ്ങളിൽ അപേക്ഷ സ്വരൂപിച്ച് ക്രെഡിറ്റ് ലിമിറ്റ് തയ്യാറാക്കി ജില്ലാ ബാങ്കിന്റെ അനുമതിക്ക് അയച്ചുകൊടുത്ത് സീസണിൽ വായ്പ നൽകുന്ന രീതിയാണ് നിലവിലുള്ളത് . ഏറെ സങ്കീർണ്ണമാണ് ഇത് .അതുകാരണം വായ്പവാങ്ങുവാൻ കൃഷിക്കാർ വിമുഖരാണ് .

17) കാർഷികമേഖലയിലെ നവീകരണത്തിന്റെ

കേന്ദ്രബിന്ദുവായി കൃഷിഭവൻ മാറുന്നില്ല.ഫീൽഡ് പ്രവർത്തനം സജീവമാകുന്നില്ല.ആവശ്യമായ സമയത്ത് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും കിട്ടുന്നില്ല.

**കാർഷികമേഖലയിലെ വികസനസാധ്യതകൾ**

**1) വിഭവപഠനം**

പഞ്ചായത്തിൽ ലഭ്യമായ മുഴുവൻ വിഭവങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ആയത് പഞ്ചായത്ത് മാപ്പിൽ രേഖപ്പെടുത്താം.ഇത് വിഭവഭൂപടം.എത്രമണ്ണ്,എത്ര വെള്ളം, എത്ര സസ്യങ്ങൾ എത്ര നെൽപ്പാടങ്ങൾ ഇവയൊക്കെ സംബന്ധിച്ച വിവരങ്ങളാണ് ഭൂപടത്തിൽ രേഖപ്പെടുത്തേണ്ടത്.സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (CESS) എന്ന സർക്കാർ സ്ഥാപനം ഇതിനു വേണ്ട സാങ്കേതിക സഹായം ചെയ്തുതരും.ഈ പ്രവർത്തനം നടത്തുന്നത് വളന്റിയർ മാപ്പിങ്ങ് രീതിയിൽ വേണം. (സുമാർ 1997 ഏപ്രിൽ/മെയ് മാസങ്ങളിൽ ഈ പ്രവർത്തനം നടത്താവുന്നതാണ്).

ഇതിന്റെ ഭാഗമായിത്തന്നെ പഞ്ചായത്തിന്റെ സോഷ്യോ-ഇക്കണോമിക്ക് സർവ്വേയും നടത്താം. ഓരോ വീട്ടിലും എത്ര അംഗങ്ങൾ, അവരുടെ തൊഴിൽ,വിദ്യാഭ്യാസ യോഗ്യത,കിണർ കക്കൂസ്, എന്നിവ സംബന്ധിച്ച വസ്തുനിഷ്ഠമായ വിവരം ഇതുവഴി നേടാം.

സമ്പൂർണ്ണ വിഭവഭൂപടം നിർമ്മിക്കുന്നതിന് CESSന്റെ സഹായം പഞ്ചായത്ത് ഭരണസമിതി 12.8.96ലെ 289/96 നമ്പർ തീരുമാനപ്രകാരം നേടിയിട്ടുണ്ട്.

**2) പഞ്ചായത്ത് നീരൊഴുക്ക് പഠനം:-**

ഓരോ പ്ലോട്ടിലും പെയ്യുന്ന മഴ അത് ഒഴുകി ചാലായി എത്തിച്ചേരുന്ന തോട്,തോടിന്റെ ജലസംഭരണ ശേഷി മുതലായ കാര്യങ്ങൾ വസ്തുകളുടെ പിൻബലത്തോടെ പഠിക്കണം.ഇങ്ങനെ പഠിച്ച കാര്യങ്ങൾ ഭൂപടത്തിൽ രേഖപ്പെടുത്തണം (1997 ജൂലൈയിൽ നീരൊഴുക്ക് ഭൂപടം നിർമ്മിക്കാം)

**3) ജലസേചനം**

മുഴുവൻ V.C.B. കളും പരിശോധിച്ച് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തണം. ഫില്ലറുകൾ, പാർശ്വഭിത്തികൾ എന്നിവ ഉപയോഗയോഗ്യമാക്കണം. ചീർപ്പുകൾ ഇല്ലാത്തവയ്ക്ക് അവ ഉണ്ടാക്കണം. V.C.Bകളുടെയും ചീർപ്പുകളുടേയും സംരക്ഷണം അതത് പാടശേഖരസമിതികളുടെ ഉത്തരവാദിത്വമാക്കണം.

4) കിഴക്കേതോട്, പടിഞ്ഞാറേ തോട് എന്നിവയിൽ അടിഞ്ഞുകൂടിയ മണ്ണുമാറ്റി ആഴം കൂട്ടണം. പുല്ല് മൂടിയത് വെട്ടിമാറ്റി തോടിന്റെ സ്വാഭാവികമായ വീതിയും ആഴവും ഉറപ്പാക്കാം. പഞ്ചായത്തിന്റെ നേതൃത്വത്തിൽ മനുഷ്യാധ്വാനം സമാഹരിച്ചുകൊണ്ട് ഇത് നടപ്പാക്കാവുന്നതാണ്.യുവജനങ്ങൾ,രാഷ്ട്രീയപാർട്ടികൾ,കലാസമിതികൾ എന്നിവയെ സംഘടിപ്പിച്ചുകൊണ്ട് ഇതൊരു ജനകീയ ഉത്സവമാക്കിമാറ്റാം. (ഈ പ്രവർത്തനം 1997 മെയ് മാസത്തിലാകാം)

5)തോടുകളിൽ ഡിസംബർമാസത്തിൽ ഗ്രാമീണ ചെക്ക് ഡാമുകൾ പണിയാം.വെട്ടുകല്ല്,ചെങ്കൽ ക്വാറിയിലെ പൊട്ടുകല്ല് എന്നിവ സമാഹരിച്ചുകൊണ്ട് ഈ ഡാമുകൾ തീർത്താൽ വേനൽകാല വരൾച്ചയുടെ തീവ്രത കുറയ്ക്കാം. അതുവഴി മണ്ണിന്റെ ജലസംഭരണശേഷിയും വർദ്ധിപ്പിക്കാം.

6)പഞ്ചായത്തിൽ നികന്നു വരുന്ന മുഴുവൻ കുളങ്ങളും കണ്ടുപിടിച്ച് ലിസ്റ്റാക്കണം.അവ മണ്ണെടുത്ത് അരികു കെട്ടിയുറപ്പിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്താം. (അവിട്ടത്രക്കുളം,കോവിലകത്തിന് സമീപമുള്ള പഴയകുളം, പാലത്രക്കുളം പൂക്കുളം, അയ്യൻകോൽക്കുളം,ഇരട്ടക്കുളം,Etc.ഇങ്ങനെ നന്നാക്കിയെടുക്കാവുന്നതിൽ ചിലതാണ്.)

7)നാളികേരത്തിന്റെ ഉൽപാദനം ഇന്നത്തേതിന്റെ ഇരട്ടിയാക്കണം. അതിനായി തെങ്ങുകൃഷിക്ക് ശാസ്ത്രീയമായ പരിചരണവും നനയും നടത്തണം. മൂന്നോ നാലോ വീട്ടുകാർ ചേർന്ന് കിണർകുഴിച്ച് പമ്പുവെച്ച് ജലസേചനം നടത്തുന്ന രീതി പരീക്ഷിക്കാവുന്നതാണ്.ഡ്രിപ്പ് ഇറിഗേഷൻ,സ്പ്രിംഗിൾ ഇറിഗേഷൻ എന്നിവയുടെ സാധ്യത ഉപയോഗപ്പെടുത്താൻ കഴിയണം.

8)പാടങ്ങളിൽ വൈദ്യുതി എത്തുന്നതിന് സമയബന്ധിതമായ പദ്ധതികൾ ആവിഷ്കരിക്കണം.അതുവഴിമോട്ടോർ സ്ഥാപിച്ച് വെള്ളം പമ്പുചെയ്യാൻ കഴിയും. വൈദ്യുതി എത്താൻ കാലതാമസം വരുന്ന ഇടവേളഘട്ടത്തിൽ മണ്ണെണ്ണ ലഭിക്കുന്നതിനും, ഇപ്പോൾ കിട്ടുന്ന മണ്ണെണ്ണയുടെ അളവ് കൂട്ടുന്നതിനും നടപടികൾ സ്വീകരിക്കണം.

9) മുഴുവൻ പാടശേഖരങ്ങളിലും ട്രാക്ടർ എത്താൻ കഴിയണം.ഇപ്പോൾ റോഡ് സൗകര്യമുള്ളയിടങ്ങളിൽ സ്ലോപ്പ് കെട്ടിയും ഇല്ലാത്തിടങ്ങളിൽ റോഡ് സൗകര്യം ഏർപ്പെടുത്താനും കഴിയണം. തലച്ചുമടായി പച്ചില വളം,രാസവളം,ജൈവവളം എന്നിവ പാടത്തേക്കും കൊയ്തകറ്റകൾ പാടത്ത് നിന്ന് തിരിച്ചും കൊണ്ടും വരുന്നത് വിഷമമാണ്.ഇത്തരം ക്ലേശങ്ങൾ കൃഷി ഒരു ഭാരമാക്കി മാറ്റുന്നുണ്ട്.

**10) ഔഷധ സസ്യക്കൃഷി**

വിപുലമായ ഡിമാൻഡും മാർക്കറ്റിങ്ങ് സൗകര്യ

വുമുള്ള മേഖലയാണ് ഇത് .കോട്ടയ്ക്കൽ ആര്യവൈദ്യശാലയുമായി ബന്ധപ്പെട്ട് കോൺട്രാക്ട് ഫാമിങ്ങ് നടത്താവുന്നതാണ് .കൊടുവേലി ,അടപതിയൻ ,ആടലോടകം തുടങ്ങി ഇനങ്ങൾ കൃഷി ചെയ്യാം .തെങ്ങിന് ഇടവിളയായി ഔഷധസസ്യങ്ങൾ കൃഷിചെയ്യുന്നതിന് വിപുലമായ സാധ്യതകളുണ്ട് .ഇത് ഉപയോഗപ്പെടുത്തണം .

11) സമഗ്രപച്ചക്കറി കൃഷി

ഇന്ന് നാം ഉപയോഗിക്കുന്ന പച്ചക്കറികളിൽ തക്കാളി ,കാബേജ് കാരറ്റ് എന്നിവയൊഴിച്ച് ഏതാണ്ട് മറ്റെല്ലാം തന്നെ നമുക്ക് കൃഷിചെയ്യാവുന്നതാണ് . അടുത്ത വർഷം വിഷുക്കാലമാകുമ്പോൾ (1997 ഏപ്രിൽ) നമുക്കാവശ്യമായ് പച്ചക്കറിയുടെ 50% ഉല്പാദിപ്പിക്കാൻ കഴിയണം .വരുന്ന രണ്ടു വർഷത്തിനകം പച്ചക്കറിയുടെ കാര്യത്തിൽ പൂർണ്ണസ്വയം പര്യാപ്തത നേടിയെടുക്കണം .അതിനു വേണ്ടി ചിട്ടയായ പ്രവർത്തണം സംഘടിപ്പിക്കണം . പഞ്ചായത്തും കൃഷിഭവനും സംയുക്തമായി പരിപാടിക്ക് നേതൃത്വം നൽകും .ജനപ്രതിനിധികൾ ,വനിതകൾ ,കുട്ടികൾ , ബഹുജനങ്ങൾ തുടങ്ങിയ മുഴുവൻ പേരെയും ഇതുമായി ബന്ധിപ്പിച്ച് സമയബന്ധിതമായി കാര്യങ്ങൾ നീക്കിയാൽ വിജയം ഉറപ്പാണ് .

മകരക്കൊയ്ത്തു കഴിഞ്ഞാൽ ഗ്രൂപ്പ് ഫാമിങ്ങ് രീതിയിൽ നെൽപ്പാടങ്ങളിൽ പച്ചക്കറിക്കൃഷി ചെയ്യാം . 'ഓണത്തിന് വീട്ടുവളപ്പിൽ ഒരു കുല' എന്ന ലക്ഷ്യത്തോടെ നേന്ത്രവാഴക്കൃഷി ചെയ്യാൻ സാധിക്കുന്നതാണ് .

12)പറമ്പുകളിൽ മോടൻ ,എള്ള് ,ഉഴുന്ന് എന്നിവ കൃഷിചെയ്യുന്ന സംസ്കാരം വീണ്ടെടുക്കണം .ഇതിനായി വ്യാപകമായ പ്രചാരണം നടത്തി ആവശ്യബോധം ഉണ്ടാക്കണം .

13) മണ്ണ് പരിശോധന

വരുന്ന രണ്ട് വർഷത്തിനകം മുഴുവൻ പ്ലോട്ടുകളിലിലെയും മണ്ണ് പരിശോധന നടത്തണം .സാമ്പിൾ എടുക്കുന്ന രീതി ,മണ്ണ് പരിശോധനയുടെ പ്രാധാന്യം എന്നിവ കർഷകരം പഠിപ്പിക്കണം .പരിശോധനയ്ക്കു ശേഷം വിവരങ്ങൾ രേഖപ്പെടുത്തിയ കാർഡ് നൽകണം

14) **വളം**

ജൈവവളക്ഷാമം പരിഹരിക്കുവാൻ പാടങ്ങളിലും പറമ്പുകളിലും ഡെയിഞ്ച കൃഷിചെയ്യാം .ശീമക്കൊന്ന പോലെയുള്ള സസ്യങ്ങൾ വ്യാപകമായി പ്രചരിപ്പിക്കണം . പഞ്ചായത്തിലെ ജൈവമാലിന്യം ശേഖരിച്ച് കമ്പോസ്റ്റ് ആക്കി മാറ്റാവുന്നതാണ് .ഇതു വഴി നാം നേരിടുന്ന ഗുരുതരമായ മാലിന്യപ്രശ്നവും പരിഹരിക്കാം . മുഴുവൻ വീടുകളിലും കമ്പോസ്റ്റ് ഉണ്ടാക്കാം .മണ്ണിര കമ്പോസ്റ്റ് നിർമ്മാണവും കർഷകർക്ക് പരിചയപ്പെടുത്തണം .തുടർന്ന് ഇത് വ്യാപകമാക്കാവുന്നതാണ് .

15) കുരുമുളക് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള സാധ്യതകളുണ്ട് .കവുങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി കുരുമുളക് കൃഷിചെയ്യാം .തെങ്ങിൽ കുരുമുളക് പടർത്തുന്ന രീതി നടപ്പിലാക്കണം

16) **നഴ്സറി**

തെങ്ങ് ,കവുങ്ങ് ,കശുമാവ് ,കുരുമുളക് തുടങ്ങിയവയുടെ തൈകൾ ഉൽപാദിപ്പിക്കുന്ന നഴ്സറികൾ സ്ഥാപിക്കാൻ സാധ്യതയുണ്ട് . ഇതിനു പുറമെ മറ്റു സസ്യങ്ങളും ആവാം .നെൽവിത്ത് ,പച്ചക്കറി വിത്തുകൾ എന്നിവയൊക്കെ ഇങ്ങനെ ഉണ്ടാക്കിയെടുക്കാം . നിലവിലുള്ള കർഷകസമിതികളെ ഈ പ്രവർത്തനവുമായി ബന്ധിപ്പിക്കാൻ കഴിയണം .

17) **ജൈവ വൈവിധ്യം**

സമ്പന്നമായ ജൈവ വൈവിധ്യത്തിന് ഉടമകളാണ് നാം .പല തരം മാവുകൾ ,പലതരം വാഴകൾ എന്നിവയെല്ലാം നമുക്കുണ്ട് . ഇവയെ സംരക്ഷിക്കുകയും വംശവർദ്ധനവിന് കളമൊരുക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ് .

18) **ഗ്രൂപ്പ് ഫാമിങ്ങ്**

ഒന്നിച്ച് നിലമൊരുക്കൽ , ഒരേ മൂപ്പുള്ള വിത്തുകൾ നടൽ, ഒരേ സമയം കീടനാശിനിപ്രയോഗം എന്നിവ നടത്താൻ കഴിയണം .വളങ്ങൾ പാടങ്ങളിലെത്തിക്കുന്നതിനും കറ്റകൾ വീടുകളിൽ എത്തിക്കുന്നതിനുമുള്ള ചെലവ് ചുരുക്കാൻ ഈ കൂട്ടായ്മ വഴി കഴിയും .കൃഷിച്ചെലവ് കുറയുന്നതോടൊപ്പം തന്നെ ഉൽപാദനവർദ്ധനവും നേടാം .ഈ സാധ്യത പ്രയോജനപ്പെടുത്താം .

19) **മാർക്കറ്റിംഗ്**

കൊപ്ര ,അടയ്ക്ക ,കുരുമുളക് ,ഇഞ്ചി തുടങ്ങിയ കാർഷികോൽപ്പന്നങ്ങൾക്ക് പഞ്ചായത്തടിസ്ഥാനത്തിൽ വിപണനകേന്ദ്രങ്ങളുണ്ടാവണം .ഇടത്തട്ടുകാരുടെ ഇടപെടൽ ഒഴിവാക്കി ഉൽപാദനത്തിന്റെ ഗുണഫലം കർഷകന് ലഭിക്കാനുള്ള അവസരമുണ്ടാക്കണം .

20) **ഇൻഷുറൻസ്**

കൃഷിയെ സംരക്ഷിക്കുന്നതിന് പ്രധാന വിളകൾക്ക് ഇൻഷുറൻസ് നടപ്പാക്കാണം .ഇത് ഒരു ഗ്രൂപ്പ് പദ്ധതിയാക്കി മാറ്റാവുന്നതാണ് .

21) **കാർഷികോപകരണങ്ങൾ**

33

### 21) കാർഷികോപകരണങ്ങൾ

ആവശ്യമായ കാർഷിക ഉപകരണങ്ങൾ പഞ്ചായത്തിൽ തന്നെ ലഭ്യമാകണം .പൊതുഉപയോഗത്തിന് ട്രാക്ടർ ,ട്രില്ലർ ,സ്പ്രേയർ ,എന്നിവ വാങ്ങി ഉപയോഗിക്കുകയും സംരക്ഷിക്കുകയും വേണം . ഇത് ഒരു ജനകീയപ്രവർത്തനമാക്കി മാറ്റാവുന്നതാണ് . ഇതിനായി കർഷകരുടെ ഒരു സൊസൈറ്റി രൂപീകരിക്കാം . പാടശേഖരസമിതികൾ ,കേരസംരക്ഷണസമിതികൾ എന്നിവയിലെ അംഗങ്ങളെ സൊസൈറ്റിയിലുൾപ്പെടുത്തണം .

### 22) രോഗപ്രതിരോധം

രോഗങ്ങളെക്കുറിച്ചും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ചും ആഴത്തിലുള്ള ബോധവൽക്കരണം നടത്താൻ കഴിയണം .കീടനാശിനി ഉപയോഗത്തെക്കുറിച്ചും സ്വീകരിക്കേണ്ട മുൻകരുതലുളെക്കുറിച്ചും കർഷകരെയും കർഷകത്തൊഴിലാളികളെയും പഠിപ്പിക്കാൻ സാധിക്കണം .കൃഷിഭവൻ ,പാടശേഖരസമിതികൾ ,കേരസംരക്ഷണ സമിതികൾ എന്നിവയുടെ കൂട്ടായ പ്രവർത്തനശൈലി രൂപപ്പെടുത്തണം .

### 23) ജൈവ കീടനാശിനികൾ

പ്രതിരോധത്തിനും ചികിത്സക്കുമായി ജൈവകീടനാശിനി ഉപയോഗം വൻതോതിൽ പ്രചരിപ്പിക്കണം . പുകയില കഷായം ,വേപ്പെണ്ണ ,വെളുത്തുള്ളി ,പച്ചമുളക് മിശ്രിതം എന്നിവയുടെയും മറ്റ് ജൈവകീടനാശിനികളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കണം . അനുഭവസമ്പന്നരായ കാർഷിക കാരണവൻമാരിൽ നിന്ന് ഇത്തരത്തിലുള്ള നാട്ടറിവുകൾ ശേഖരിച്ച് പുതിയ കർഷക തലമുറയ്ക്ക് കൈമാറാം .പച്ചക്കറി കൃഷിക്ക് ജൈവകീടനാശിനികൾ മാത്രമേ ഉപയോഗിക്കൂ എന്ന അവസ്ഥ കൈവരിക്കാൻ കഴിയണം .

### 24) ബാങ്ക് വായ്പകൾ

ബാങ്ക് വായ്പകൾ വാങ്ങുന്നതിലെ സങ്കീർണകൾ ഒഴിവാക്കാൻ കഴിയണം . പലപ്രാവശ്യം ഈയാവശ്യത്തിന് പോയി മടങ്ങി വീണ്ടും പോകുന്ന അവസ്ഥ കർഷകകർക്ക് മനംമടുപ്പ് ഉണ്ടാക്കും . 'അഹമ്മദ് നഗർ' പരിഷ്കാരം പോലുള്ള 'സിംഗിൾ വിൻഡോ സിസ്റ്റം' ഈ രംഗത്ത് നടപ്പാക്കാൻ കൂട്ടായ് യത്നം വേണം

### 25) മനോഭാവം

കൃഷി ആകർഷകമായ തൊഴിൽ ആയി മാറുകയും കൃഷിക്കാരൻ ആദരണീയനാവുകയും ചെയ്യുന്ന സ്ഥിതിവിശേഷം വളർത്തിയെടുക്കണം .പഞ്ചായത്തുതലത്തിൽ നല്ല കൃഷിക്കാരെ ആദരിക്കുന്ന സംസ്കാരം വളർത്തണം .ചെയ്യുന്ന പ്രവൃത്തിയുടെ മഹിമ തിരച്ചറിയാൻ കൃഷിക്കാരനെ സജ്ജനാക്കണം . അതു വഴി ഉണ്ടാക്കുന്ന ആത്മവിശ്വാസവും ആഹ്ളാദവും അതിരറ്റതായിരുക്കും .

കോട്ടയ്ക്കൽ പഞ്ചായത്തിന്റെ കാർഷിക പുരോഗതി ലക്ഷ്യം വെച്ചുകൊണ്ടുള്ള ഏതാനും വികസന നിർദ്ദേശങ്ങളാണ് മുകളിൽ പറഞ്ഞിട്ടുള്ളത് .ഇവയും , വികസന സെമിനാറിൽ ഉയർന്നു വരുന്ന മറ്റ് നിർദ്ദേശങ്ങളും മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കുമ്പോൾ നമ്മുടെ കാർഷിക മേഖലയിലും അതു വഴി മറ്റെല്ലാ മേഖലകളിലും പുതിയൊരു ചൈതന്യവും നവോൻമേഷവും വളർത്തിയെടുക്കാൻ കഴിയും .

# 5

# മൃഗസംരക്ഷണവും ക്ഷീര വികസനവും

## ആമുഖം :

കേരളത്തിൽ മൃഗസംരക്ഷണവകുപ്പും ,ക്ഷീര വികസനത്തിന് ക്ഷീരവികസനവകുപ്പും K.L.D.M.M ബോർഡും K.C.M.M.Fഉം കേരള കോഴി വികസന കോർപ്പറേഷനും മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ പ്രവർത്തിക്കുന്ന എങ്കിലും ഇവയുടെ ഏകീകരിച്ചുള്ള പ്രവർത്തനം പഞ്ചായത്തിൽ ലഭ്യമല്ല .

പശു ,എരുമ ,ആട് എന്നിവയാണ് ഈ പഞ്ചാ യത്തിലെ വളർത്തു മൃഗങ്ങൾ ഏകദേശം 85 ഓളം പശുക്കളുള്ള ഒരു ഡയറി കോട്ടക്കൽ ആര്യ വൈദ്യശാലയോട് ചേർന്ന് നടത്തുന്നു .

പശുക്കളുടേയും ,എരുമകളുടേയും എണ്ണ ത്തേക്കാൾ കൂടുതലാണ് ആടുകളുടെ എണ്ണം ഇതിൽനിന്നുതന്നെ "സാധാരണക്കാരന്റെ പശു " എന്നറിയപ്പെടുന്ന ആട് ഈ പഞ്ചായത്തിൽ ഒരു പ്രധാന വളർത്തുമൃഗമാണെന്ന് വ്യക്തമാണല്ലോ .

കേരളത്തിന്റെ തനതു പശുവർഗ്ഗമായ "വെച്ചൂർ"പശുപോലെ കേരളത്തിന്റേ മാത്രമായ "മലബാറി"ആടുകളേയും (താടിക്കും ,കഴുത്തിനും ഇടക്ക് 2 ചെറിയ വളർച്ച ഉള്ളവ) "കാച്ചി"അഥവാ വടകര ആടുകളേയും ആണ് ഇവിടെ അധികവും വളർത്തുന്നത് .

പഞ്ചായത്തിലെ 10 വീടുകളിൽ 1 വീട്ടിലെ ങ്കിലും "ലൌബേർഡ്"സോ ,"പ്രാവോ "വളർത്തു ന്നുണ്ട് .

**വളർത്തുമൃഗങ്ങളും ,പക്ഷികളും**

| മൃഗങ്ങളുടെ ഇനം | 1995-96 |
|---|---|
| പശു | 2109 |
| പശുക്കിടാവ് | 324 |
| എരുമ | 106 |

മുൻപ് പഞ്ചായത്തിൽ ഒരു ക്ഷീരസഹകരണ സംഘം ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ ഇത് പ്രവർത്തിക്കുന്നില്ല .കോട്ടക്കൽ ആര്യവൈദ്യശാ ലക്ക് ആവശ്യമായ പാൽ സമീപത്തുള്ള ഡയറി യിൽനിന്നും മിൽമയുടെ നിലമ്പൂർ ,കോഴിക്കോട് ഡയറികളിൽനിന്നും കൊണ്ടുവരികയാണ് .ഇതിനു പുറമെ ആര്യവൈദ്യശാലക്ക് ഒരു സംഭരണകേ ന്ദ്രവും ഉണ്ട് .

മുൻകാലങ്ങളിൽ ആര്യവൈദ്യശാലയിൽകൊ ണ്ടുവന്നുകറക്കുമായിരുന്നു .ആട്ടിൻ പാലിന് വില കുറവായതിനാലും പാൽകുടിച്ചുവളരുന്നകിടാവിന് കൂടുതൽ വളർച്ച ഉണ്ടാകുന്നതിനാലും ഇറച്ചിക്ക് കൂടുതൽ വിലകിട്ടുന്നതിനാലും ഇപ്പോൾ ആടിനെ കൊണ്ടുവന്നു കറക്കാറില്ല .പശുക്കളെമാത്രമെകൊ ണ്ടുവന്നുകറക്കാറിള്ളൂ .

**മൃഗാശുപത്രികളുടെ പ്രവർത്തനം**

പഞ്ചായത്തിൽ ആകെയുള്ള ഒരു മൃഗാസ്പ ത്രിയുടെ സേവനം പറപ്പൂർ ,ഒതുക്കുങ്ങൽ ,മാറാ ക്കര ,അതവനാട് ,പൊന്മുണ്ടം എന്നീ പഞ്ചായത്തു കൾക്കുകൂടി ഉപയോഗപ്പെടുത്തുന്നതുകൊണ്ട് ഈ പഞ്ചായത്തിലെ മൃഗങ്ങൾക്ക് ചികിത്സ ലഭിക്കുന്ന തിനും കൃത്രിമ ബീജദാനം നടത്തിപ്പിക്കുന്നതിനും വളരെയധികം ക്ഷമയോടെ കാത്തുനില്ക്കേണ്ടിവ രുന്നു .

ഇങ്ങിനെ സമയം തെറ്റുന്നതിനാൽ പശുവിന് ചിന പിടിക്കുന്നതിനു പോലും വിഷമം നേരിടുന്ന ഒരു സ്ഥിതി വിശേഷമാണ് നിലവിലുള്ളത് .പ്രത്യേ കിച്ചും പഞ്ചായത്തിന്റെ ഒരു മൂലയിലായി മൃഗാശു പത്രി പ്രവർത്തിക്കുന്നതുകൊണ്ട് ഇന്ത്യനൂർ , കുറ്റിപ്പുറം എന്നീഭാഗങ്ങളിലുള്ളവർക്ക് ഏകദേശം -5-8KM ദൂരം സഞ്ചരിച്ചുവേണം മൃഗാശുപത്രിയി ലെത്താൻ .അതുകൊണ്ട് ഇന്ത്യനൂർ ,ആമപ്പാറ എന്നിവടങ്ങളിൽ ഓരോ ഊർജ്ജിത കന്നുകാലിവി കസന ഉപകേന്ദ്രം ആരംഭിക്കുകയും ഇപ്പോഴുള്ള മൃഗാശുപത്രയെ "വെറ്ററിനറി പോളി ക്ലിനിക്കായി" ഉയർത്തുകയും വേണം .

കോഴികൾക്ക് കോഴിവസന്തവരാതിരിക്കാനുള്ള കുത്തിവെയ്പ് എല്ലാ വെള്ളിയാഴ്ചകളിലും ചെയ്തു കൊടുക്കുന്നുണ്ടെങ്കിൽ പോലും ചുണ്ണാ മ്പുകളറിൽ പോകുന്ന വയറിളക്കം ,കോഴിക്ക് തൊണ്ട കുറുകൽ കോഴിക്കൂരുപ്പ എന്നീ അസുഖ ങ്ങളാൽ വളരെയധികം ഉല്പാദനനഷ്ടവും മൂലധ നനഷ്ടവും ഉണ്ടാകുന്നു .

ഇപ്പോൾ ഈ പഞ്ചായത്തിൽ സ്ഥിരം പ്രവർത്തിച്ചുവരുന്ന 3 ബ്രോയ്ലർ ഫാമുകളും ,

സീസണിൽ പ്രവർത്തിക്കുന്ന 4 ഫാമുകളും ഉണ്ട്.

സ്ഥിരം പ്രവർത്തിക്കുന്നവ –പുത്തൂർ, പറമ്പിലങ്ങാടി, പാണ്ടമംഗലം, സീസണിൽ പ്രവർത്തിക്കുന്നവ –ആമപ്പാറ, സ്വാഗതമാട്, പറമ്പിലങ്ങാടി.

ഒരു ദിവസം കോട്ടക്കൽ മാർക്കറ്റിൽ ഏകദേശം 200 കിലോ കോഴി ഇറച്ചി ചിലവാകുന്നു. എന്നാൽ ഈ ഫാമുകൾ എല്ലാം കൂടി പ്രവർത്തിച്ചാലും ഇത്രയും ഇറിച്ചികൊടുക്കാൻ കഴിയില്ല.

ഇപ്പോൾ മൃഗാശുപത്രിയിൽ നിന്നും വിതരണം ചെയ്യുന്ന മുട്ടക്കോഴികളെ കൂടാതെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന ഒരു ദിവസം മുതൽ 1 1/2മാസംവരെ പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെയും മാർക്കറ്റിലും, വീടുകളിലുമായി വിറ്റഴിക്കപ്പെടുന്നുണ്ട്. ഇവയ്ക്ക് 2 രൂപ മുതൽ 35 രൂപവരെ.

"സഹകരണ കോഴിയുല്പാദന വിപണന സൊസൈറ്റി" ആരംഭിക്കുന്നതുവഴി ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാം.

മൃഗാശുപത്രിയിൽ അത്യാവശ്യമരുന്നുകൾ എല്ലാംതന്നെ ഉണ്ടാക്കുന്ന ഒരവസ്ഥ ഉണ്ടാക്കണം.

"കോട്ടക്കൽ മൊബൈൽ ഫാം" എയിഡ് യൂണിറ്റിന് ഒരു ടെമ്പൊവാൻ വെറ്റിനറി ആംബുലൻസ് ആയി ജില്ലാ പഞ്ചായത്ത് കൊടുക്കണം.

കാലിത്തീറ്റയുടെയും, കോഴിത്തീറ്റയുടെയും വിലപിടിച്ചുനിർത്താൻ അവ ഉല്പാദിപ്പിക്കാൻ തയ്യാറാകുന്നവർക്ക് ആവശ്യമായ സാമ്പത്തിക സഹായ ചെയ്തുകൊടുക്കണം.

കശാപ്പിനായി മറ്റു സ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന മൃഗങ്ങളെ കശാപ്പിനുമുമ്പും, ശേഷവും പരിശോധിക്കാൻ സംവിധാനംവേണം. ഇതിനായി സുസജ്ജമായ ഒരു അറവുശാല തുടങ്ങണം.

കശാപ്പിനായി മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കാതെ മൂരിക്കുട്ടികളേയും കൊറ്റനാടുകളേയും ഇവിടെത്തന്നെ വളർത്തിയെടുക്കാൻ തീറ്റക്കും മരുന്നിനും സബ്സിഡി വേണം. ഇതും സൊസൈറ്റി വഴി നടപ്പാക്കാം.

**ഈ മേഖലയിലെ പ്രശ്നങ്ങൾ**

1. മറ്റു സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന കോഴികളും, കാലികളും അസുഖം പകർത്തുന്നു.

2. ഇറച്ചിക്കോഴി വളർത്തൽ ആദായകരമാകുന്നില്ല. കാരണം കോഴിത്തീറ്റക്ക് വിലകൂടുതലാണ്.

3. അത്യുല്പാദനശേഷിയുള്ള മുട്ടക്കോഴികളുടെ ലഭ്യതകുറവാണ്.

4. മൃഗാശുപത്രിയിൽ അത്യാവശ്യമരുന്നുകൾ ഇല്ല. വെറ്റിനറി സർജന്റെ സേവനം കൂടുതൽ ഫലപ്രദമായ രീതിയിൽ ലഭ്യമാകുന്നില്ല.

5. കോട്ടക്കലിൽ മൊബൈൽ ഫാംഎയ്ഡ് യൂനിറ്റിന്റെ സേവനം ലഭ്യമല്ല. കാരണം വാഹനമില്ല.

6. മൃഗാശുപത്രിയിലെ സ്റ്റാഫ് ഭവനസന്ദർശനം നടത്തുകയോ, ഗ്രൂപ്പുചർച്ചകളിൽ പങ്കെടുക്കുകയോ ചെയ്യുന്നില്ല.

7. കശാപ്പിന് മുമ്പും ശേഷവും മൃഗങ്ങളെ പരിശോധിക്കണം.

8. ഗുണമേന്മയുള്ള മരുന്നുകൾ ഇവിടെ ലഭ്യമല്ല.

9. പശുവളർത്തൽക്കാരുടെ സ്ഥിതിവിവരണ കണക്കുകൾ ലഭ്യമല്ലാത്തതുകൊണ്ട് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിയുന്നില്ല.

10. ആടുകൾക്ക് വംശോദ്ധാരണം നടത്താൻ കോട്ടക്കൽ പഞ്ചായത്തിൽ സൗകര്യമില്ല.

11. പാൽശേഖരണം, വിപണനം, സംസ്ക്കരണം, കോഴിമുട്ട ശേഖരങ്ങൾ വിപണനം, കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത, തീറ്റയുടെ ലഭ്യത വിപണന സാദ്ധ്യതക്കുറവ്, കാലിത്തീറ്റ, തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്, കോഴിവളം, കാലിവളം എന്നിവയുടെ ലഭ്യതക്കുറവ്, വിപണനസാദ്ധ്യതക്കുറവ് എന്നീ പ്രശ്നങ്ങളും ഉണ്ട്.

12. കന്നുകാലികുട്ടികൾക്കുള്ള തീറ്റക്ക് വില കൂടുതലാണ്.

13. തൊഴുത്തുനിർമ്മാണം, മാതൃകാഡയറി, വളർത്തുമൃഗങ്ങളെവാങ്ങൽ എന്നീ കാര്യങ്ങൾക്കും കോഴിവളർത്തലിനും സാമ്പത്തികസഹായം വളരെ പരിമിതമാണ്.

14. ഏകീകൃത കോഴിവളർത്തൽ സമ്പ്രദായത്തിന് സഹായം ലഭ്യമല്ല.

15. പേവിഷബാധനിർമ്മാജ്ജനം ഊർജ്ജിതമാക്കണം.

16. കന്നുകാലിവളർത്തലുകാർക്ക് നേതൃത്വം നൽകുന്നതിനും, ക്ഷീരവികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ക്ഷീരസഹകരണസംഘങ്ങൾ ഇല്ല.

**പ്രതിവിധികൾ -പരിഹാരസാദ്ധ്യതകൾ**

1. കോഴികളേയും ,കാലികളേയും ഇവിടെ ത്തന്നെ ഉണ്ടാക്കുവാൻ വേണ്ട അടിസ്ഥാന സൌക ര്യങ്ങൾ ചെയ്തുകൊടുക്കുക .

2. കോഴിത്തീറ്റ ഉണ്ടാക്കാൻ തയ്യാറുള്ളവരെ സാമ്പത്തികമായ സഹായമോ ,ജാമ്യമോ കൊടു ക്കണം .

3. മൃഗാശുപത്രിയിൽ മുൻകൂറായി ബുക്ക് ചെയ്ത് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യണം .

4. ഉപകേന്ദ്രവും ,ഇപ്പോഴത്തെ മൃഗാശുപത്രി vpcയും ആക്കിയാൽ ഈ പ്രശ്നത്തിന് പരിഹാര മാക്കും .

5. ജില്ലാപഞ്ചായത്ത് കോട്ടക്കൽ മൊബൈൽ ഫാം എയ്ഡ് യൂനിറ്റിന് ഒരു ടെമ്പൊവാൻ അഥവാ വെറ്റിനറി ആംബുലൻസ് ലഭ്യമാക്കണം .

6. ഭവന സന്ദർശനം നടത്തുന്നതിനും ,ഗ്രൂപ്പു ചർച്ചകൾ നടത്തുന്നതിനും പശുവിനെ ചെനക്കു ത്തിവെക്കുന്ന ആൾ തന്നെ പോകുകയും ആ സമ യങ്ങളിൽ മറ്റു പശുക്കളുടെ ചെന പരിശോധിക്കു കയും ഉച്ചക്കുശേഷം ഗ്രൂപ്പ് ചർച്ചകൾക്കും ,പഞ്ചാ യത്തിന്റെ സർവ്വതോന്മുഖമായ എല്ലാ പ്രവർത്തന ങ്ങൾക്കും നേതൃത്വം കൊടുക്കുകയും വേണം .

7. സുസജ്ജമായ അറവുശാല ഉണ്ടാക്കണം . അറവു മൃഗങ്ങളെ പരിശോധിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ സേവനം ലഭ്യമാക്കണം .

8. സഹകരണാടിസ്ഥാനത്തിൽ ഒരു മെഡി ക്കൽ സ്റ്റോർ ആരംഭിക്കുക .

9. പശുവളർത്തുകാർ പഞ്ചായത്തിൽ പേർ റജിസ്റ്റർ ചെയ്യുകയും അവർക്ക് ഓരോ "cow card" കൊടുക്കുകയും ചെയ്താൽ അവർ അംഗങ്ങളാ യുള്ള സൊസൈറ്റി വഴി ആനുകൂല്യങ്ങൾ ലഭ്യമാ ക്കുകയും ചെയ്യാം .

10. കൃത്രിമ ബീജദാനം ആടുകൾക്കും നട ത്തുവാൻ സൗകര്യം ഏർപ്പെടുത്തുവാൻ ശ്രമി ക്കണം .vsന്റെ സർട്ടിഫിക്കറ്റോടുകൂടി ഓരോ വാർഡിലും 2 കൊറ്റനാടുകളെ വളർത്താൻ സൗക ര്യമുണ്ടാക്കുക .

11. ഇവക്കെല്ലാം പരിഹാരം ഒരു കാർഷികോ ല്പാദന ,വിപണന ,സഹകരണ സംഘം രൂപ വൽക്കരിക്കുക എന്നുള്ളതാണ് .

12. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധത് മേൽ പ്രസ്താവിച്ച സൊസൈറ്റിവഴി നടപ്പാക്കണം .

കാലിത്തീറ്റപ്പുല്ല് സുലഭമാക്കുന്നതിനായി തീറ്റ പ്പുൽ കൃഷിക്കും പ്രോത്സാഹനം നൽകുന്ന പദ്ധതി കൾ ആവിഷ്കരിച്ച് പശുവളർത്തുന്നവർക്ക് പുല്ല് ലഭ്യമാക്കുക .

മൂരിക്കുട്ടിക്ക് വിരയിളക്കാൻ മരുന്നും ,തീറ്റക്ക് സബ്സിഡിയും നൽകാം .ഇതുവഴി "വീൽ ബീഫ് സ്റ്റിൽ അഥവാ ഇറച്ചികന്നുകുട്ടികളെ ഉണ്ടാക്കാം".

13 )ദേശസാൽകൃത ബാങ്കുകളും സഹകരണ ബാങ്കുകളും കാർഷികോല്പാദന വിപണന സഹക രണസംഘവും ചേർന്ന് സാമ്പത്തികസഹായ ലഭ്യ മാക്കണം .

തൊഴുത്തുനിർമ്മാണം ,മിനി ഡയറി എന്നി വക്ക് സാമ്പത്തികസഹായം കൂടുതൽ പേർക്ക് നൽകുന്നതിന് നടപടി എടുക്കാവുന്നതാണ് .

14. കേരള സംസ്ഥാന കോഴി വികസന കോർപ്പറേഷൻ കോഴിക്കുന്നുങ്ങൾ ,കോഴിത്തീറ്റ , മരുന്നുകൾ ,പ്രതിരോധക്കുത്തിവയ്പുകൾ എന്നിവ വിതരണം ചെയ്യുകയും പൂർണ്ണവളർച്ചയെത്തിയ ഇറച്ചിക്കോഴികളെയും മുട്ടയും അവർതന്നെ തിരി കെവാരി അവരുടെ തന്നെ ചെറുകിട ഇറച്ചിവി ല്പന കേന്ദ്രങ്ങൾ വഴി വില്ക്കാനും തയ്യാറാകണം .

15. പഞ്ചായത്തിൽ വളർത്തുന്ന എല്ലാ നായ കൾക്കും 1997 Oct. 2ാം തിയ്യതിക്കകം പ്രതിരോധ കുത്തിവെപ്പുചെയ്തിരിക്കണം .കൂട്ടത്തിൽ നായ്ക്കളെ വളർത്താനുള്ള ലൈസൻസും എടു ക്കണം .അലഞ്ഞുനടക്കുന്ന നായ്ക്കളെ നസുപ്പി ക്കുകയും വേണം .

16. പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലായി 4 ക്ഷീരസഹകരണ സംഘങ്ങൾ റജിസ്റ്റർ ചെയ്യുന്ന തിന് നടപടി എടുക്കാവുന്നതാണ് .ഇന്ത്യനൂർ ,കുറ്റി പ്പുറം (ആമപ്പാറ) സൂപ്പിബസാർ ,കോട്ടൂർ എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് നന്നായിരിക്കും .

**മത്സ്യവികസനം :**

ശുദ്ധജലമത്സ്യകൃഷിക്ക് ഇവിടെ സാദ്ധ്യതക ളുണ്ട് പഞ്ചായത്തിൽ ധാരാളം വീടുകളിൽ കുളങ്ങ ളുള്ളതിനാൽ മത്സ്യങ്ങളെ വളർത്താൻ വളരെ യേറെ സാദ്ധ്യതയുണ്ട് .

കോട്ടക്കൽ പഞ്ചായത്തിൽ പച്ചമീൻ സ്റ്റാളു കൾ 28 എണ്ണവും ഉണക്കമത്സ്യകച്ചവടം 3 സ്റ്റാളു കളും ഉണ്ട് .

❖

39

# 6
# വ്യവസായം

മലപ്പുറം ജില്ലയുടെ വ്യാവസായിക ഭൂപടത്തിൽ പ്രഥമ സ്ഥാനമാണ് ഈ ഗ്രാമപഞ്ചായത്തിനുള്ളത്. 1902 ൽ വൈദ്യരത്നം പി എസ് .വാരിയർ സ്ഥാപിച്ച ആര്യവൈദ്യ ശാലയും ചികിത്സാലയവും ഇന്ന് ലോകപ്രശസ്തയാർജി ച്ചുകഴിഞ്ഞ സ്ഥാപനമാണ് .ഇന്ത്യക്കകത്തും പുറത്തുമുള്ള നിരവധിപേർ ചികിത്സക്കെത്തുന്ന ഈ സ്ഥാപനത്തിന്റെ വളർച്ച കോട്ടക്കലിന്റെ പുരോഗതിയിൽ ഗണ്യമായ പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നു .

കോട്ടക്കൽ പഞ്ചായത്തിൽ പൊതുമേഖലയിൽ വൻകിട വ്യവസായങ്ങൾ ഇല്ല .കോട്ടക്കൽ ആര്യ വൈദ്യ ശാലമാത്രമാണ് ആധുനിക വ്യവസായത്തിൽ എണ്ണപ്പെടാവുന്ന വൻകിട വ്യവസായം . എങ്കിലും ചെറുകിട വ്യവസായ യൂണിറ്റുകൾ സ്വകാര്യമേഖലയിൽ ഉണ്ട് .

## പരമ്പരാഗത വ്യവസായങ്ങൾ

അടക്കാ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതാനും സ്ഥാപനങ്ങൾ പഞ്ചായത്തിൽ കാണപ്പെടുന്നു .വളരെയധികം സ്ത്രീകൾക്ക് തൊഴിൽ നൽകുന്ന ഈ മേഖലയിൽ പാകപ്പെടുത്തി എടുക്കുന്ന അടയ്ക്ക ഉത്തരേന്ത്യൻ വിപണിയിലാണ് വിറ്റഴിക്കുന്നത് .

1993 മുതൽ വരെയുള്ള കണക്കുകളിൽനിന്നു പഞ്ചായത്തിൽ കാർഷികോത്പന്നങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങളാണ് ഏറ്റവും കൂടുതൽ കാണപ്പെടുന്നത്. എന്നാൽ അതിന് ശേഷമുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് ക്രമാതീതമായ വർദ്ധനവ് ഈ രംഗത്ത് ഇല്ല എന്നുള്ളതാണ് .(പട്ടിക നോക്കുക)

തെങ്ങ് കൃഷിയും നാളികേരം ഉപയോഗിച്ചുള്ള ഉൽപന്നങ്ങളും കൂടുതലായി കാണപ്പെടുന്നു .വെളിച്ചെണ്ണ ഉൽപാദനവും ഓയിൽ മില്ലുകളുമാണ് ഏറ്റവും കൂടുതൽ കാണപ്പെടുന്ന കാർഷികോൽപന്ന മേഖല .

ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന പഞ്ചായത്തിന്റെ വ്യാവസായിക-വ്യാപാര മേഖല വ്യാവസായി യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ കാരണമായി .എൻജിനീയറിംഗ് രംഗത്തും അനുബന്ധം മേഖലയിലുള്ള സർവ്വീസ് യൂണിറ്റുകളും പഞ്ചായത്തിലെ ഒന്നാം വാർഡിൽ കേന്ദ്രീകരിച്ചിരിക്കുന്നു . ഇതിന് പ്രധാന കാരണം 'പശ്ചാത്ത സൗകര്യം' ഇവിടെ ഉണ്ട് എന്നുള്ളതാണ് . ഇത് പഞ്ചായത്തിനകത്തും പുറത്തുമുള്ള സാങ്കേതിക വിദ്യാഭ്യാസമുള്ള യുവാക്കൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നു .

മറ്റൊരുപ്രധാന തൊഴിൽ മേഖലയായും വ്യവസായ മേഖലയായും എണ്ണപ്പെടൻ കഴിയുന്നത് തടിയും തടി ഉപയോഗിച്ചുള്ള ഫർണ്ണീച്ചർ നിർമ്മാണവുമാണ് .തടി പുറത്ത് നിന്ന് കൊണ്ടുവന്നാണ് ഫർണ്ണീച്ചർ ഉണ്ടാക്കുന്നതെങ്കിലും. അടുത്തകാലത്തായി ഫർണ്ണീച്ചർ നിർമാണത്തിലും വിപണനത്തിലും കോട്ടക്കലിന് പ്രശസ്തി കിട്ടാൻ സാധിച്ചു .

ഈ മേഖലയിലൂടെ തൊഴിലവസരങ്ങളും സാങ്കേതിക വിദ്യയും പഞ്ചായത്തിൽ വർദ്ധനവുണ്ടാക്കാൻ സഹായിച്ചു . പഞ്ചായത്തിൽ ഉണ്ടാക്കുന്ന ഫർണ്ണീച്ചറുകൾ മറ്റു രാജ്യങ്ങളിലേക്ക് പോലും കയറ്റുമതി ചെയ്യപ്പെടുന്നു .

ഭക്ഷ്യ സംസ്കരണവുമായി ബന്ധപ്പെട്ട ധാരാളം മില്ലുകൾ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു .ഇവ പ്രധാനമായും ധാന്യങ്ങൾ പൊടിച്ചുകൊടുക്കൽ ,അവ വാണിജ്യാടിസ്ഥാനത്തിൽ വിപണനം നടത്തൽ ,കറി പൗഡർ നിർമ്മാണം , അച്ചാർ നിർമ്മാണം ,മധുരപലഹാര നിർമ്മാണം തുടങ്ങിയവയാണ് .കുടിൽ വ്യവസായത്തിൽ ഉൾപ്പെടുത്താൻ സാധിക്കുന്ന പപ്പട നിർമ്മാണം രണ്ടാം വാർഡിലും ആറാം വാർഡിലും മൂന്നാം വാർഡിലും 13-ാം വാർഡിലും പ്രവർത്തിക്കുന്നു . ധാന്യവുമായി ബന്ധപ്പെട്ട ഇത്തരം വ്യവസായങ്ങൾക്ക് വേണ്ടത്ര മുതൽ മുടക്കോ, പ്രവർത്തന ഘട്ടങ്ങളോ ഇല്ലാത്തതിനാൽ ഈ മേഖലയിലേക്ക് കുടുംബങ്ങൾ ആകൃഷ്ടരാവുന്നു .

ശാസ്ത്രീയ രീതിയിലുള്ള കോഴി വളർത്തൽ സ്ത്രീകൾക്ക് പ്രത്യേകിച്ച് വീട്ടമ്മമാർക്ക് ചുരുങ്ങിയ മുതൽ മുടക്കിൽ നടത്താവുന്ന വ്യവസായ യൂണിറ്റാണ് .എന്നാൽ ഇത്തരം യൂണിറ്റുകൾ പഞ്ചായത്തിൽ ഇല്ലെങ്കിലും മിക്കവാറും എല്ലാ വീടുകളിലും കോഴി വളർത്തൽ നടക്കുന്നു .

പേപ്പർ ഉപയോഗിച്ചുള്ള പേപ്പർ കോൺസ് പ്രസുകൾ എന്നിവ പഞ്ചായത്തിൽ കാണപ്പെടുന്നു .ഇവ ഒന്ന് ,രണ്ട് , ആറ് എന്നീ വാർഡുകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു .മൂന്നാം വാർഡിൽ പേപ്പർ കോൺസ് നിർമ്മാണം നടക്കുന്നുണ്ട് .

എൻജിനീയറിംഗ് വ്യവസായവുമായി ബന്ധപ്പെട്ട അനുബന്ധ മേഖലകളാണ് ടയർ റിട്രേഡിംഗ് ,അപ്ഹോളിസ്റ്ററി വർക്സ് ,റിപ്പേറിംഗ് സെന്ററുകൾ എന്നിവ .ഇവ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു .ഇതിനു പുറമെ ഒന്നാം വാർഡിൽ ഓട്ടോം മൊബൈൽ സ്ഥാപനങ്ങളും ഓട്ടോ പാർട്സ് വ്യാപാരവും വളരെയധികം വർദ്ധിച്ചുവരുന്നു .

റെഡിമെയ്ഡ് വ്സ്ത്ര നിർമ്മാണം ഇതിന് പ്രധാനമായും മാക്സി യൂണിറ്റുകൾ സൂപ്പി ബസാറിലും ഇന്ത്യനൂർ

കോട്ടപ്പടി തുടങ്ങിയ ഭാഗങ്ങളിലും നടന്നുവരുന്നു.

രാസവസ്തുക്കൾ ഉപയോഗിച്ചുള്ള വ്യവസായ യൂണിറ്റുകൽ, നാഷണൽ കെമിക്കൽസ്, നീലഗിരി സോപ്പ്, പെയിന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട ആറാം വാർഡിലെ മലബാർ കെമിക്കൽസ് എന്നീ സ്ഥാപനങ്ങൾ ചെറിയ തോതിലെങ്കിലും പ്രവർത്തനം നടത്തുന്ന വ്യവസായ യൂണിറ്റുകളാണ്.

അലുമിനിയ പാത്ര നിർമാണം ഒന്നാം വാർഡിൽ നടന്നുവരുന്നു.

സോഡാ വാട്ടർ, ഐസ് നിർമ്മാണം, സേമിയ തുടങ്ങിയ ഭക്ഷ്യയോഗ്യമായ പദാർത്ഥങ്ങൾ ചുരുങ്ങിയ തോതിലെങ്കിലും ഉൽപാദനവും വിപണനവും നടക്കുന്നു.

ഫർണ്ണീച്ചർ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ഈർച്ച മില്ലുകൾ, സ്റ്റീൽ ഫർണ്ണീച്ചറുകൾ എന്നിവ ഒന്ന്, ഏഴ്, പത്ത് വാർഡുകളിൽ സ്ഥിതി ചെയ്യുന്നു.

പരമ്പരാഗത കുടിൽ വ്യവസായത്തിൽപ്പെട്ടതാണ് ചെരിപ്പ് നിർമ്മാണം. കൊല്ലപ്പണി, (വീട്ടായുധങ്ങൾ), ബീഡി നിർമ്മാണം. ഇത്തരം വ്യവസായങ്ങൾ പഞ്ചായത്തിൽ നടന്നുവരുന്നു.

പഞ്ചായത്തിലെ ഒന്ന്, ആറ്, വാർഡുകളിൽ കിടക്ക നിർമ്മിച്ച് വിപണനം നടത്തുന്നു.

31-3-1992 വരെ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ

| ക്രമനമ്പർ | നിലവിലുള്ള സ്ഥാപനങ്ങൾ | എണ്ണം |
|---|---|---|
| 1 | കാർഷിക മേഖല | 10 |
| 2 | എൻഞ്ചിനീയറിംഗ് | 9 |
| 3 | തടി അടിസ്ഥാനത്തിൽ | 7 |
| 4 | പേപ്പർ | 7 |
| 5 | ഭക്ഷ്യോൽപന്നങ്ങൾ | 5 |
| 6 | വസ്ത്ര നിർമ്മാണം | 3 |
| 7 | ഇലക്ട്രികൽസ് | 3 |
| 8 | ടയർ റിട്രേഡിംഗ് | 4 |
| 9 | റബ്ബർ , | 3 |
| 10 | കെമിക്കൽസ് | 3 |
| 11 | പ്ലാസ്റ്റിക് | 2 |
| 12 | മറ്റുള്ളവ | 12 |

ആകെ 68

നിലവിലുള്ള സ്ഥാപനങ്ങളും അതിനെ തൊഴിലാളികളുടെ എണ്ണവും :-

| ക്രമ നമ്പർ | നിലവിലുള്ള സ്ഥാപനങ്ങളുടെ ഇനങ്ങൾ | തൊഴിലാളികളുടെ എണ്ണം | | | ആകെ |
|---|---|---|---|---|---|
| | | എണ്ണം | പുരു. | സ്ത്രീ | |
| 1 | കാർഷിക മേഖല | 13 | 22 | 30 | 52 |
| 2 | എൻഞ്ചിനിയറിംഗ് | 33 | 104 | - | 104 |
| 3 | തടി (ഫർണ്ണീച്ചർ) | 20 | 117 | - | 117 |
| 4 | പേപ്പർ | 6 | 10 | 13 | 23 |
| 5 | ഭക്ഷ്യോൽപന്നങ്ങൾ | 7 | 10 | 14 | 24 |
| 6 | വസ്ത്ര നിർമാണം | 4 | 4 | 13 | 17 |
| 7 | ഇലക്ട്രോണിക് | 3 | 9 | - | 9 |
| 8 | ടയർ റിട്രേഡിംഗ് | 4 | 8 | - | 8 |
| 9 | റബ്ബർ | 3 | 4 | 8 | 12 |
| 10 | കെമിക്കൽസ് | 3 | 7 | - | 7 |
| 11 | പ്ലാസ്റ്റിക് | 3 | 6 | 4 | 10 |
| 12 | മറ്റുള്ളവ | 18 | 25 | 46 | 71 |
| 13 | കോട്ടക്കൽ ആര്യവൈദ്യശാല | 1 | 1450 | 250 | 1700 |
| 14 | ആയുർവേദ സ്ഥാപനങ്ങൾ | 1 | 5 | 3 | 8 |
| | ആകെ | 120 | 1781 | 381 | 2162 |

**പരമ്പരാഗത കുടിൽ വ്യവസായങ്ങൾ :-**

| ക്രമ നമ്പർ | ഇനം | തൊഴിലാളികൾ | | | |
|---|---|---|---|---|---|
| | | എണ്ണം | പു | സ്ത്രീ | ആകെ |
| 1 | പപ്പട നിർമ്മാണം | 7 | 7 | 18 | 25 |
| 2 | ചെരിപ്പ് നിർമ്മാണം | 3 | 3 | - | 3 |
| 3 | കൊല്ലപ്പണി | 4 | 6 | - | 6 |

4 ആഭരണ നിർമ്മാണ രംഗത്ത് ഒട്ടേറെ പേർ പ്രവർത്തിക്കുന്നു.

| ക്രമ നമ്പർ | ഇനം | കുലി നിരക്ക് പുരു. | കുലി നിരക്ക് സ്ത്രീ |
|---|---|---|---|
| 1 | കാർഷികമേഖല നാളികേരം, അടക്ക | 65 | 38 |
| 2 | എൻജിനിയറിംഗ് | 100 | - |
| 3 | തടി | 125 | - |

| | | | |
|---|---|---|---|
| 4 | പേപ്പർ (പ്രസ്സ് കോൺസ്) | 50 | 32 |
| 5 | ഭക്ഷ്യോൽപന്നങ്ങൾ | 50 | 45 |
| 6 | വസ്ത്ര നിർമ്മാണം | 50 | 50 |
| 7 | ഇലക്ട്രിക്കൽസ് | 65 | – |
| 8 | ടയർ റിട്രേഡിംഗ് | 80 | – |
| 9 | കെമിക്കൽസ് | 75 | 50 |
| 10 | പ്ലാസ്റ്റിക് | 70 | 55 |
| 11 | മറ്റുള്ളവ | 80 | 60 |

**മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റ്**

1975ൽ ചെറികിട വ്യവസായങ്ങളുടെ ആസൂത്രമായ വികസനത്തിന് വേണ്ടി ഒരു പ്രത്യേക കമ്മീഷണറേറ്റ് സംസ്ഥാനത്ത് രൂപീകരിക്കുകയുണ്ടായി .ഓരോ പഞ്ചായത്തിനും ഒരു മിനി വ്യവസായ എസ്റ്റേറ്റ് വീതം സ്ഥാപിക്കുകയായിരുന്നു പരിപാടി. ഇതിൽ വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ കോട്ടയ്ക്കൽ ഒന്നാം വാർഡിൽ ഒരു മിനി വ്യവസായ എസ്റ്റിമേറ്റ് സ്ഥാപിച്ചു .ഇതിൽ ഇന്ന് അലുമിനിയ പാത്ര നിർമ്മാണം ,എൻജിനിയറിംഗ്, ഓയിൽമിൽ എന്നിവ പ്രവർത്തനം നടത്തി വരുന്നു .

**വനിതാ വ്യവസായങ്ങൾ**

വിദ്യാഭ്യാസ രംഗത്തും ഔദ്യോഗിക രംഗത്തും മറ്റു സാങ്കേതിക സാമൂഹ്യ രംഗത്തു പഞ്ചായത്തിലെ വനിതകൾ ഇന്ന് അവഗണിക്കാനാവാത്ത ഒരു ശക്തിയായി മാറിയിട്ടുണ്ട് .എന്നാൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള വ്യവാസയ വൽക്കരണം പ്രവർത്തനത്തിൽ സ്ത്രീകൾ ഇന്നും വളരെ പിന്നിലാണ് .

വസ്ത്രനിർമ്മാണം ,പപ്പട നിർമ്മാണം ,ആര്യവൈദ്യശാലയിലെയും അനുബന്ധ മേഖലയിലും തൊഴിലുകൾ , അടയ്ക്ക പൊളിച്ചെടുക്കുന്ന പ്രവൃത്തി , അച്ചാർ നിർമ്മാണം ധാന്യങ്ങൾ പൊടിച്ച് വിപണനം നടത്താൻ തുടങ്ങിയ തൊഴിലുകളിൽ പഞ്ചായത്തിലെ വനിതകൾ ഏർപ്പെട്ടിരിക്കുന്നു .

***പ്രശ്നങ്ങൾ***

1. വ്യവസായം തുടങ്ങുന്നതിന് തയ്യാറുള്ള സംരംഭകർ ഉണ്ടെങ്കിലും അവർക്കാവശ്യമായ സാമ്പത്തകവും സാങ്കേതികവുമായ സഹായം ലഭിക്കുന്നതിനുള്ള വിഷമതകൾ വ്യവസായം തുടങ്ങുന്നതിനാവശ്യമായ സ്ഥലസൗകര്യം മറ്റു പാശ്ചാത്തല സൗകര്യങ്ങളുള്ള പ്രദേശത്ത് കിട്ടാത്തത് .

വൈദ്യുതി ആവശ്യാനുസരണം യഥാസമയം കിട്ടാത്തത് പല വ്യവസായസ്ഥാപനങ്ങളും തുടങ്ങുന്നതിന് തടസ്സമാവുന്നു . ഇതുമൂലം നിലവിലുള്ള സ്ഥാപനങ്ങൾ പ്രവർത്തനരഹിതമാവാകയോ തൊഴിലാളികളുടെ സമയം നഷ്ടമാവുകയോ ചെയ്യുന്നു .

കാർഷികോൽപന്നങ്ങളായ നാളികേരം അടയ്ക്ക, കശുവണ്ടി എന്നിവ വ്യവസായികമായി ചൂഷണം ചെയ്യാത്തതും ഇത്തരം ഉൽപന്നങ്ങളുടെ വിലയിടിവും കാർഷിക ഉൽപന്നങ്ങൾ ശേഖരിക്കുന്നതിനൊ സംസ്കരിക്കുന്നതിനോ തടസ്സമായി വരുന്നു .

ഫർണ്ണിച്ചർ വ്യവസായം ,രാസവസ്തുക്കൾ ഉപയോഗിക്കുന്ന ചെറകിട വ്യവസായാങ്ങൾ , ആര്യവൈദ്യശാല തുടങ്ങിയ സ്ഥാപനങ്ങൾ അസംസ്കൃത വസ്തുക്കൾക്ക് പുറമെ നിന്നുള്ള വിതരണത്തെ ആശ്രയിക്കുന്നു .ഇക്കാരണത്താൽ യാത്രച്ചെലവും മറ്റും അധികമാവുക വഴി വ്യവസായം കൂടുതൽ ചെലവ് കൂട്ടുന്നതാക്കി മാറ്റുന്നു .

മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഉയർന്ന കൂലി നിരക്ക് പഞ്ചായത്തിൽ അനുഭവപ്പെടുന്നുണ്ട് . മറ്റു പ്രേദശത്തെ ജനങ്ങൾക്ക് തൊഴിൽ നൽകാൻ വ്യവസായിക നിർബന്ധിതരാവുകയും അതൊടൊപ്പം പഞ്ചായത്തിലെ ജനങ്ങൾക്ക് തൊഴിലില്ലായ്മ അനുഭവപ്പെടാൻ കാരണമാവുകയും ചെയ്യുന്നു .കുറഞ്ഞ ഉത്പാദനക്ഷമത വ്യവസായങ്ങൾക്ക് ഏറെ വിഷമമുളവാക്കുന്ന ഒന്നാണ് .

ഉയർന്ന സാങ്കേതിക വിദ്യയുടെ അഭാവം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഇവ സംരംഭകരം നിരുത്സാഹപ്പെടുത്തുന്നു .

അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം വില വർദ്ധനവ് , കുറഞ്ഞ മൂലധന നിക്ഷേപം വഴി കൂടുതലാവുന്ന ചിലവുകൾ ,കുറഞ്ഞ അസംസ്കൃത വസ്തുക്കളുടെ സംഭരണം തുടങ്ങിയ പ്രശ്നങ്ങൾ വ്യവസായം തുടങ്ങുന്നത് സങ്കീർണ്ണമാകുന്നു .

മറ്റൊരു പ്രധാന പ്രശ്നം വിപണനമാണ് . വൻകിട കമ്പനികളുടെ മാത്സര്യം ചെറുകിട സ്ഥാപനങ്ങൾക്ക് ഭീഷണിയാവുന്നു . ഇവ പലപ്പോഴും പഞ്ചായത്തിനകത്തുള്ള ചെറുകിട സ്ഥാപനങ്ങൾ അടച്ചിടാൻ കാരണാമാവാറുണ്ട് .

വിദേശത്ത് ജോലി ചെയ്യുന്ന ആയിരക്കണക്കിനാളുകൾ പഞ്ചായത്തിലുണ്ടെങ്കിലും അവരുടെ സമ്പാദ്യം പൂർണ്ണമായും വ്യാവസായിക ഉത്പാദന മേഖലയിൽ വിനിയോഗിക്കാൻ സാധിച്ചില്ല .

ഈ അടുത്ത കാലത്തുണ്ടായ ഗൾഫിൽ നിന്നുള്ള തിരിച്ചുവരവ് തൊഴിലില്ലായ്മ രൂക്ഷമാക്കുകയും വസ്ത്ര ഇടപാടുകൾ ,കെട്ടിടനിർമ്മാണം സ്വർണ്ണവ്യാപാരം എന്നീ മേഖലകളിൽ മരവിപ്പിന്റെ ലക്ഷണങ്ങൾ പ്രകടമാക്കുകയും ചെയ്തു .

ഭൂമി വില വൻതോതിൽ കുറയുവാനും വിദേശനാണ്യ നിക്ഷേപ അക്കൗണ്ടുകളിൽ നിന്ന് പണം പിൻവലിക്കൽ വർദ്ധിപ്പിക്കാനും ഗൾഫിൽ നിന്നുള്ള തിരിച്ചുവരവ് കാരണ

ാക്കി. ബാങ്കുകളിലും മറ്റു പണമിടപാടു സ്ഥാപനങ്ങ
ലും സ്വർണ്ണ പണയത്തിൽ പ്രിയമേറിയിട്ടുണ്ട്.

വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള നൂലാമാലകൾ
ംരംഭകർക്ക് വളരെയധികം വിഷമതകൾ അനുഭവിക്കാൻ
ടയാക്കുന്നു.

സഹകരണാടിസ്ഥാനത്തിൽ വ്യവസായങ്ങൾ ഇല്ലാ
തത് വ്യവസായവൽക്കരണത്തിന് തടസ്സമാകുന്നു. സഹ
രണ സ്ഥാപനങ്ങൾ വഴി വ്യവസായങ്ങൾ ആരംഭിച്ചാൽ
ലധന ശേഖരണം നടത്തി വിപുലമായ രീതിയിൽ സംര
ങ്ങൾ നടത്താൻ സാധിക്കും.

മാറിവരുന്ന ജീവിത രീതിയും ഉപഭോഗ സംസ്കാ
വും ആഡംഭരവസ്തുക്കൾ വാങ്ങിക്കൂട്ടുന്നതിലേക്ക് ജന
ങ്ങളെ ആകർഷിക്കുകയും ഇതു കാരണം ജനങ്ങളുടെ
ാമ്പത്തിക അസന്തുലിതാവസ്ഥ സൃഷ്ടിക്കുകയും
ചയ്യുന്നു.

*വ്യവസായ മലിനീകരണ പ്രശ്നങ്ങൾ*

വ്യവസായ വൽക്കരണം വർപ്പിക്കുമ്പോൾ അതിന്റെ
ിച്ചുകൂടാൻ വയ്യാത്ത ദൂഷ്യങ്ങളാണ് മലിനീകരണം.

വ്യവസായികമായി താരതമ്യേന പിന്നിൽ നില്ക്കുന്ന
ഞ്ചായത്തിൽ വ്യവസായ മലിനീകരണം അത്ര ഭീകര
പം കൈകൊണ്ടു എന്നു പറയാൻ വയ്യ. എങ്കിലും ജനജീ
തം ദുസ്സഹമാക്കുന്ന മലിനീകരണ പ്രശ്നങ്ങൾ പഞ്ചായ
തിൽഅനുഭവപ്പെടുന്നു. ആര്യവൈദ്യശാലയിൽനിന്നുള്ള
ലമലിനീകരമം പുത്തൂർ നിവാസികൾക്ക് വളരെയധികം
ശ്നങ്ങൾ സൃഷ്ടിക്കുന്നതാണ്.

**ജലമലനീകരണം**
**വായു മലിനീകരണം**
**ശബ്ദമലിനീകരണം**

വ്യാപാര സ്ഥാപനങ്ങളിലെ അവശിഷ്ടങ്ങൾ സംസ്ക
ക്കാത്തത് കാരണം പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും
ലിനീകരണ പ്രശ്നങ്ങൾ നിലനിൽക്കുന്നു. ഇവ പ്രധാന
യും ഭക്ഷണ ശാലകളിൽനിന്നും മാർക്കറ്റിൽനിന്നുമുള്ള
യാണ്.

*സാധ്യതകൾ*

വ്യവസായ വൽക്കരണം ത്വരിതപ്പെടുത്താൻ സഹാ
ക്കുന്ന പല അനുകൂല സാഹചര്യങ്ങളും പഞ്ചായത്തി
ുണ്ട്.

ഏറ്റവും ഉയർന്ന സാക്ഷരതാ ശതമാനം, ബുദ്ധിശ
തുയും കാര്യക്ഷമതയുമുള്ള തൊഴിലാളികൾ, നാളികേരം,
ടക്ക, വെറ്റില തുടങ്ങിയ കാർഷികേൽപന്നങ്ങളുടെ
ൃത, ബാങ്കിംഗ് സംവിധാനത്തിലുള്ള വ്യാപകമായ
ളർച്ച, നല്ല സാധ്യതകളുള്ള വിപണി എന്നിവ പഞ്ചായ
തിൽ കൂടുതൽ വ്യവസായങ്ങൾ സ്ഥാപിക്കാൻ സഹായ
രമായ ഘടകങ്ങളാണ്.

നാളികേരത്തെ ആശ്രയിച്ചുള്ള ഒരു പ്രധാന വ്യവസാ
യമാണ് ചകിരി ഉപയോഗിച്ചുള്ള വിവിധ ഉത്പനങ്ങൾ.
തേങ്ങാ വെള്ളം സംസ്കരിച്ച് കുപ്പിയിലാക്കി പാനീയമായി
വിതരണം ചെയ്യാവുന്നതാണ്.

ചിരട്ട ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മി
ക്കുക, തേങ്ങ ബിസ്കറ്റും ക്രീമും ഉണ്ടാക്കാൻ ഉപയോഗി
ക്കുക, ചകിരിച്ചോറ് ഉപയോഗിച്ച് ഹാർഡ്ബോർഡും മറ്റും
നിർമ്മിക്കുക.

അടക്ക സംസ്കരിക്കുന്ന വ്യവാസയവും അടക്ക അസം
സ്കൃത വസ്തുവായി വിവിധ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന
വ്യവായവും വഴി ധാരാളം സ്ത്രീകൾക്ക് ജോലി സാധ്യത
വർദ്ധിപ്പിക്കുന്നു.

റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം പഞ്ചായത്തിൽ
വളരെയധിക ഗ്രാമീണർ ആവശ്യപ്പെട്ട വ്യവസായമാണ്.
ഇത് സ്ത്രീകൾക്ക് ജോലി സാധ്യത വർദ്ധിപ്പിക്കുകയും
വസ്ത്ര വിപണനത്തിൽ വളരെയധികം പ്രശസ്തി കിട്ടിയ
കോട്ടക്കലിൽ വിപണനം നടത്താൻ സാധിക്കുന്നതുമായ
വ്യവസായമാണ്.

സഹകരണാടിസ്ഥാനത്തിൽ നോട്ടുബുക്ക് നിർമ്മാണം
സാധ്യത വർദ്ധിപ്പിക്കുന്നു. ഭക്ഷ്യോല്പനങ്ങളുടെ ധാന്യ
ങ്ങൾ പൊടിച്ച് വിപണനം നടത്തൽ, അച്ചാർ നിർമ്മാണം,
പപ്പട നിർമ്മാണം, മാംസ സംസ്കരണം, ജാം പഴ സംസ്ക
രമം എന്നിവ തുടങ്ങുന്നതിന് പഞ്ചായത്തിന്റെ മിക്കവാറും
വാർഡുകളിൽ നിന്നു ആവശ്യങ്ങൾ ഉന്നിയിച്ചിട്ടുണ്ട്.

ഫർണ്ണീച്ചറുകളുടെ നാട് എന്ന് വിശേഷിപ്പിക്കുന്ന
കോട്ടക്കൽ പഞ്ചായത്തിൽ സ്റ്റീൽ ഫർണ്ണീച്ചറുകൾ നിർമ്മാ
ണവും വിപണനവും നടത്താൻ സാധിക്കും.

ഇലക്ട്രോണിക് ഉപകരണങ്ങളായ ഇല്ക്ട്രിക്,
ചോക്ക്, എമർജൻസി ലൈറ്റകൾ, സ്റ്റെപ്പ് അപ്പ് തുടങ്ങിയ
ഉപകരണങ്ങൾ നിർമ്മിച്ചു വിപണനം നടത്തിയാൽ ഇത്
പഞ്ചായത്തിലെ സാങ്കേതിക വിദ്യാഭ്യാസമുള്ളവർക്ക് സ്വയം
തൊഴിൽ യൂണിറ്റായി തുടങ്ങാൻ സാധിക്കു,

പ്രാദേശികമായ ആവശ്യങ്ങൾക്ക് പോലും പാക്കിംങ്
കേസുകൾക്ക് വേണ്ടി മറ്റു സ്ഥാപനങ്ങളെ ആശ്രിയിക്കുന്ന
നമ്മുടെ പഞ്ചായത്തിൽ പേപ്പർ ഉപയോഗിച്ചുള്ള പാക്കിംഗ്
ഗുഡ്സ് നിർമ്മിക്കാൻ സാധിക്കും.

കോട്ടയ്ക്കൽ ആര്യവൈദ്യശാലയുമായി അനുബന്ധി
ച്ചുള്ള ചെറുകിട യൂണിറ്റുകളായി ധാരാളം ചെറുകിട വ്യവ
സായങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കാൻ സാധിക്കും.

മാംസ സംസ്കരണ മേഖലയിലെ ഉപോൽപന്നങ്ങ
ളായ ചോര, തോൽ, എല്ല്, കുടൽ, കോഴിതൂവൽ എന്നിവ
ജൈവവളമാക്കുന്നിതിനും കോഴി തൂവൽകൊണ്ട് മെത്ത
മായ ഫെതർമീലൊ ഉണ്ടാക്കുന്നതിനും എല്ല് പൊട്ടിച്ച്
മജ്ജു ഉരുക്കി നെയ്യാക്കി വിൽക്കുന്നതിനും എല്ല് പുഴുങ്ങി
പൊടിച്ച് എല്ല് പൊടിയാക്കി നിർമ്മിക്കുന്നതിനും സാധ്യത

യുണ്ട് .അറവുശാലയിൽ നിന്നുള്ള ചാണകം കൊണ്ട് ബയോ ഗ്യാസ് പ്ലാന്റ് ഉണ്ടാക്കി അതുകൊണ്ട് കുറച്ച് തെരുവ് വിള ക്കെങ്കിലും കത്തിക്കാം. ഇവ ചുരുങ്ങിയ ചെലവിൽ നട ത്താൻ സാധിക്കുന്നവയാണ് .

സഹകരണാടിസ്ഥാനത്തിൽ കോഴി, വളർത്തലും ക്ഷീരോല്പാദനവും നടത്താൻ സാധിക്കും .

വാർത്താവിനിമയത്തിന്റേയും ഗതാഗതത്തിന്റെയും രംഗത്തുള്ള മുന്നേറ്റം വ്യവസായവൽക്കരണത്തിന് വളരെ യധികം അനുകൂലമാണ് .

ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന തര ത്തിൽ ജൈവ വസ്തുക്കളിൽനിന്നുള്ള വാതകം ഊർജ്ജോൽപാദനത്തിന് ഉപയോഗിക്കാവുന്നതാണ് .

പഞ്ചായത്തിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതോ ടൊപ്പം അവ ഉപയോഗിച്ച് ഊർജ്ജവും ജൈവ വളവും നിർമ്മിക്കാവുന്നതാണ് .

എസ്.സി.പി. (Special component plan) അനുസ രിച്ച് കോട്ടക്കൽ പഞ്ചായത്തിലെ 50 യുവതി യുവക്കൾക്ക് ബുക്ക്ബൈന്റിംഗ് പരിശീലനം നൽകി ഇവർക്ക് സ്വയം തൊഴിൽ യൂണിറ്റ് നടത്താൻ വേണ്ട സാമ്പത്തിക സഹായം നല്കുക .

ഗൾഫ്നാടുകളിൽനിന്ന് തൊഴിൽ രഹിതരായി എത്തു ന്നവരെ പുവരധിവസിപ്പിക്കുന്ന കാര്യം വളരെ ഗൗരവ മായി എടുക്കേണ്ട ഒന്നാണ് .

ചുരുങ്ങിയ ചിലവിൽ സ്ഥാപിക്കാൻ സാധിക്കുന്ന വ്യവസാ യങ്ങൾ .

***1 ഫർണിച്ചർ***

മരം ഫർണിച്ചർ

സ്റ്റീൽ ,,

***2 ഭക്ഷ്യ വിഭവങ്ങൾ***

അരിപൊടി നിർമ്മാണം

അച്ചാർ ,,

മസാല ,,

***3 അലക്ക് സോപ്പ്***

അലക്ക് പൗഡർ

***4 എൻജിനിയറിംഗ്***

സർവ്വീസ് സെന്റർ

അപ്ഹോളസ്റ്ററി വർക്സ്

***5 നാളികേര സംസ്കരണം***

***6 അടക്ക സംസ്കരണം***

***7 ഇലക്ട്രിക്കൽസ്***

***8 എൻജിനിയറിംഗ് വർക്ക്ഷോപ്പ്***

***9 ഇല്ക്ട്രോണിക് ചോക്ക്***

***10 സ്റ്റെപ്പ് അപ്പ്***

***11 എമർജൻസി ലൈറ്റുകൾ***

***12 നോട്ടബുക്ക് നിർമ്മാണം***

***13 പാക്കിംഗ് മെറ്റിരിയൽസ്***

(പേപ്പർ ഉപയോഗിച്ചുള്ള)

ഏതൊരു സമൂഹത്തിന്റേയും സാമ്പത്തിക പുരോ തിയുടെ അടിസ്ഥാന ഘടകം വ്യവസായവൽക്കരണമാ വ്യവസായ വൽക്കരണത്തിന്റെ കാര്യത്തിൽ മറ്റു പഞ്ചാ ത്തുകളെ താരതമ്യപ്പെടുത്തുമ്പോൾ പിന്നോക്കമല്ല എ പറയാൻ വയ്യ .എങ്കിലും വളരെയധികം വ്യവസായ പു ഗത് കൈവരിച്ചുകൊണ്ടിരിക്കുന്ന പ്രദേശത്തിൽ ഒന്നാ കോട്ടക്കൽ പഞ്ചായത്തിനേയും പരിഗണിക്കാൻ സാധിക്ക

സങ്കുചിത രാഷ്ട്രീയ താൽപര്യങ്ങൾ മാറ്റിവച്ചുകൊ ആസൂത്രണ വികസനത്തിന്റെ പാതയിലേക്ക് ഈ പഞ്ചാ ത്തിനെ പടിപടിയായി ഉയർത്തികൊണ്ടു വരുന്ന പ്രവർത്ത ത്തിൽ പഞ്ചായത്ത് വിജയകരമായി പ്രവർത്തിച്ചുവരുന്ന

# 7

# വിദ്യാഭ്യാസം

മലപ്പുറത്തിന്റെ സാംസ്കാരിക ഹൃദയമായ കോട്ടയ്ക്കലിന് നൂറ്റാണ്ടുകളുടെ വിദ്യാഭ്യാസ ചരിത്രമുണ്ട്. പിന്നോക്കജില്ലയായി മലപ്പുറത്ത് സാക്ഷരതയിലും വിദ്യാസമ്പന്നതയിലും ഏറ്റവും ഉയർന്നു നിൽക്കുന്ന പഞ്ചായത്തുകളൊന്നാണ് കോട്ടയ്ക്കൽ. 1920കൾ മുതൽ തന്നെ ഹൈസ്കൂൾ വരെയുള്ള വിദ്യാഭ്യാസം ഇവിടെ പ്രാപ്യമായിരുന്നതായി ചരിത്രരേഖകൾ കാണിക്കുന്നു. ഇന്ന് നിലവിലുള്ള വിദ്യാലയങ്ങളിൽ ഒരു ഹൈസ്കൂളും രണ്ട് യു.പി. സ്കൂളുമുൾപ്പെടെ 75% വിദ്യാലയങ്ങളും സ്വാതന്ത്രലബ്ധിക്കു മുമ്പുള്ളവയാണെന്ന്ത് വിദ്യാഭ്യാസകാര്യത്തിൽ നമ്മുടെ പൂർവ്വികരുടെ ശ്രദ്ധ ഉണ്ടായിരുന്നുവെന്ന് കാണിക്കുന്നു.

ചാലിയത്തെരുവിൽ സാമൂതിരിയുടെ പട്ടാളക്കാർക്കായി നടത്തിയിരുന്ന കളരി പരിശീലന കേന്ദ്രത്തോടനുബന്ധിച്ചാണ് ആദ്യത്തെ സ്കൂൾ സ്ഥാപിതമായത്. 'കളരി സ്കൂൾ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ സ്കൂളിന്റെ സ്ഥാപകൻ തലച്ചൽ രാമൻ നായരായിരുന്നു. ഇത് 1989-ൽ നായാടിപ്പാറയിലേക്ക് മാറ്റി സ്ഥാപിക്കുകയും 1919-ൽ അന്നത്തെ താലൂക്ക് ബോർഡിന്റെ പ്രസിഡന്റായിരുന്ന കുഞ്ഞിമോയിൻ ഹാജിയുടെയും മറ്റും ശ്രമത്താൽ ഇത് യു.പി. സ്കൂളായി ഉയർത്തുകയും ചെയ്തു. 1914ൽ പെൺകുട്ടികൾക്കുമാത്രമായി തുടങ്ങിയ സ്കൂളാണ് ഇന്നത്തെ ജി.എൽ.പി. സ്കൂൾ. ഇതിനുമുമ്പുതന്നെ കോവിലകത്തെ കുട്ടികൾക്കു പഠിക്കാനായി കെ.പി. സ്കൂൾ സ്ഥാപിതമായിരുന്നു. ഇന്ന് ഇത് നിലവില്ല.

1920ൽ കോട്ടയ്ക്കൽ കോവിലകത്തെ ശ്രീ. മാനവേദൻ രാജ രാജാസ് ഹൈസ്കൂൾ സ്ഥാപിച്ചു. എം.കെ. വെള്ളോടി, എം.എ വെള്ളോടി, പ്രൊഫ. സി.കെ. മൂസത്, ഒ.വി. വിജയൻ, കെ.വി. രാമകൃഷ്ണൻ തുടങ്ങി പ്രമുഖരായ പലരും ഇവിടെ വിദ്യാഭ്യാസം നേടിയവരാണ് 1978ൽ ഇത് സർക്കാർ വിദ്യാലയമായി മാറി.

1921ലെ മലബാർ സമരത്തിനുശേഷം കോട്ടയ്ക്കലിന്റെ മിക്കഭാഗങ്ങളിലും മുസ്ലീം സ്കൂളുകൾ പ്രവർത്തനമാരംഭിച്ചു. ആദ്യകാലത്ത് ഓത്തുപള്ളിയും സ്കൂളും ഒന്നിച്ചായിരുന്നു പ്രവർത്തിച്ചിരുന്നത്. എ.എം.എൽ.പി. സ്കൂൾ കുറ്റിപ്പുറം (1909), എ. എം. എൽ. പി. സ്കൂൾ വില്ലൂർ (1923), എ. എൽ. പി. സ്കൂൾ കുറ്റിപ്പുറം (1926) എ. എം. എൽ. പി. സ്കൂൾ കുറ്റപ്പുറം നോർത്ത് ( 1928) എ. എൽ. പി. സ്കൂൾ കാവതിക്കുളം (1929), എ. എം. എൽ. പി. സ്കൂൾ പുലിക്കോട് (1930), എ. എം. എൽ. പി. സ്കൂൾ പണിക്കർ കുണ്ട് (1936), എ. എം. എൽ. പി. സ്കൂൾ, കോട്ടൂർ (1941) എന്നിവയാണ് പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള വിദ്യാലയങ്ങൾ

അന്നത്തെ കാലത്തെ പ്രമുഖരായ വിദ്യാഭ്യാസ പ്രവർത്തകർ സ്ത്രീ വിദ്യാഭ്യസത്തിന് പ്രാമുഖ്യം നൽകിയിരുന്നു സർവ്വശ്രീ. പക്ഷിരാജയ്യർ, നീലകണ്ഠൻ നമ്പീശൻ മാസ്റ്റർ, രാമയ്യൻ മാസ്റ്റർ, സി.കെ. നായർ മാസ്റ്റർ, തുടങ്ങിയവർ ഇവരിൽ ചിലരാണ്.

സ്വാതന്ത്ര്യാന്തരം പഞ്ചായത്തിൽ ഒരു യു.പി. സ്കൂളും മൂന്ന് എൽ. പി. സ്കൂളും സ്ഥാപിതമായി. ഇപ്പോൾ ആകെ 17 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഒന്ന് ഹൈസ്കൂളും (സ്റ്റാൻഡേർഡ് V മുതൽ X വരെ) മൂന്നെണ്ണം യു.പി സ്കൂളും (രണ്ടെണ്ണത്തിൽ സ്റ്റാൻഡേർഡ് I മുതൽ VII വരെ) ബാക്കി എൽ. പി. സ്കൂളുകളുമാണ്. ഇതിൽ കുറ്റിപ്പുറം എ. എൽ. പി. സ്കൂളിൽ I മുതൽ V വരെ ക്ലാസുകളുണ്ട്. ഇതിനുപുറമേ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെ പഠിപ്പിക്കുന്ന ഒരു സ്കൂൾ 'ശേഷി' എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ സൂപ്പിബസാറിൽ ആരംഭിച്ചിട്ടുണ്ട്.

ഇവയ്ക്കു പുറമെ 1 മുതൽ 10 വരെ ക്ലാസുകളുള്ള അംഗീകൃത അൺ എയ്ഡഡ് ഇംഗ്ലീഷ്മീഡിയം സ്കൂളും ഇസ്ലാം മതപഠനത്തിന് കൂടി പ്രാധാന്യം നൽകുന്ന എട്ടുമുതൽ പത്തുവരെ ക്ലാസുകളുള്ള അംഗീകാരമില്ലത്ത അൺഎയിഡഡ് സ്കൂളും മൂന്നാം തരം വരെ എത്തിനിൽക്കുന്ന അംഗീകാരമില്ലാത്ത മറ്റൊരു അൺ എയ്ഡഡ് ഇംഗ്ലീഷ്മീഡിയം സ്കൂളും പ്രവർത്തിക്കുന്നുണ്ട്. ഇവിടെയെല്ലാം കൂടി 681 കുട്ടികൾ പഠിക്കുന്നുണ്ട്.

പട്ടിക 1 - വിദ്യാർത്ഥികൾ, അധ്യാപകർ

| നമ്പർ | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരു: | സ്ത്രീ | ആകെ |
| 1. | MKHMAMLPS മരവട്ടം | എയിഡഡ് | 155 | 129 | 284 | 3 | 7 | 10 |
| 2. | AMLPS പണിക്കർ കുണ്ട് | " | 55 | 57 | 112 | 4 | 1 | 5 |
| 3. | AMLPS കുറ്റിപ്പുറം നോർത്ത് | " | 73 | 48 | 121 | 2 | 3 | 5 |
| 4. | ALPS കാവതിക്കുളം | " | 99 | 86 | 185 | 3 | 2 | 5 |
| 5. | AMLPS കുറ്റിപ്പുറം | " | 101 | 78 | 179 | 2 | 5 | 7 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | GLPS കോട്ടക്കൽ | ഗവ: | 91 | 80 | 171 | 4 | 2 | 6 |
| 7 | PMSAPTMLPS ചങ്കുവെട്ടി | എയിഡഡ് | 241 | 212 | 453 | 5 | 9 | 14 |
| 8 | ALPS തോക്കാം പാറ | " | 229 | 251 | 480 | 5 | 9 | 14 |
| 9 | AMLPS പുലിക്കോട് സൗത്ത് | " | 66 | 55 | 121 | 3 | 2 | 5 |
| 10 | AMLPS കോട്ടൂർ | " | 142 | 141 | 283 | 6 | 4 | 10 |
| 11 | AMLPS വില്ലൂർ | " | 105 | 95 | 200 | 3 | 4 | 7 |
| 12 | AMLPS ഇന്ത്യനൂർ | " | 165 | .145 | 310 | 4 | 6 | 10 |
| 13 | ALPS കുറ്റിപ്പുറം | " | 175 | 176 | 351 | 5 | 6 | 11 |
| 14 | GMUPS കോട്ടക്കൽ | ഗവ: | 330 | 291 | 621 | 15 | 6 | 11 |
| 15 | GUMPS കോട്ടക്കൽ | " | 573 | 598 | 1171 | 11 | 22 | 33 |
| 16 | AKMUPS കോട്ടൂർ | എയിഡഡ് | 246 | 264 | 510 | 8 | 10 | 18 |
| 17 | GRHS കോട്ടക്കൽ | ഗവ: | 1113 | 996 | 2109 | 33 | - 41 | |

### പട്ടിക II

### അൺഎയ്ഡഡ് സ്കൂളുകളുടെ എണ്ണം

ക്രമനമ്പർ

| സ്ഥാപനത്തിന്റെ പേര് | അംഗീകാരം ഉണ്ട് / ഇല്ല | കുട്ടികളുടെ എണ്ണം. | | | അധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. എൻ. എസ്. എസ്. ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ | ഉണ്ട് | 194 | 151 | 345 | 1 | 16 | 17 |
| 2. അൽ ഇഹ്സാൻ അറബിക് കോളേജ | ഇല്ല | 133 | 112 | 245 | 16 | 3 | 19 |
| 3. സെന്റ് തെരേസാസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | ഇല്ല | | 65 | 26 | 91 | 10 | 10 |

ആകെയുള്ള വിദ്യാലയങ്ങളിൽ ഹൈസ്കൂൾ ഉൾപ്പെടെ നാലെണ്ണം മാത്രമാണ് സർക്കാർ മേഖലയിലുള്ളത്. എന്നിരുന്നാലും ആകെയുള്ള കുട്ടികളിലും അധ്യാപകരിലും ഭൂരിപക്ഷവും ഈ വിദ്യാലയങ്ങളിലാണ് എന്നത് ശ്രദ്ധേയമാണ്.

### പട്ടിക III

സർക്കാർ സ്കൂളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ | സർക്കാർ സ്കൂളിലെ അധ്യാപകർ | ശതമാനം | ആകെ | സർക്കാർ സ്കൂളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 262 | 141 | 53.82 | 7723 | 4136 | 53.55 |

പഞ്ചായത്തിലെ എല്ലാ എൽ. പി. സ്കൂളിലും കൂടി 3824 കുട്ടികൾ പഠനം നടത്തുന്നുവെങ്കിലും ഹൈസ്കൂളിലെത്താവുന്നത് 1434 പേർമാത്രമാണ് (37.5%) ഇതിനു കാരണം കൊഴിഞ്ഞു പോക്കാണ് എന്ന് വിലയിരുത്താൻ കഴിയില്ല. മറ്റു പഞ്ചായത്തുകളിലെ ഹൈസ്കൂളുകളിലാണ് ഇവർ പഠിക്കുന്നത്. ഇങ്ങനെ പോകുന്നവരിൽ പലർക്കും പ്രവേശന പരീക്ഷയെ നേരിടേണ്ടി വരുന്നു. ഇതിന് കഴിയാത്തവരുടെ അഭയകേന്ദ്രമായി നമ്മുടെ ഹൈസ്കൂൾ മാറുന്നത് പിന്നോക്കാവസ്ഥക്ക് ഒരു കാരണമാണ്.

നല്ലൊരു ശതമാനം കുട്ടികൾ പുറത്തുപോയിട്ടും ഹൈസ്കൂളിൽ വേണ്ടത്ര പഠന സൗകര്യമില്ലാത്തതു കാരണം ഷിഫ്റ്റ് സമ്പ്രദായത്തിലാണ് പ്രവർത്തിക്കുന്നത്. പഠന നിലവാരം താഴുന്നതിന് കാരണമാകുന്നു. ഹൈസ്കൂളിലെ വിജയ ശതമാനം ക്രമാനുഗതമായി ഉയരുന്നെങ്കിലും വളരെ താഴ്ന്നതാണ്. 9-ാം പദ്ധതി അവസാനിക്കുമ്പോഴെക്കും ഇത് 60% എങ്കിലുമാക്കി ഉയർത്താനുള്ള നിർദ്ദേശങ്ങൾ ഉയർന്നു വരണം. പഞ്ചായത്തിലെ അൺ എയ്ഡഡ് സ്കൂളുകളുടെ വിജയശതമാനം ഉയർന്നതാണെങ്കിലും അവിടെ പരീക്ഷ എഴുതന്നവരുടെ എണ്ണം വളരെ കുറവാണ്. മാത്രമല്ല, ഉയർന്ന ഫീസ് ഈടാക്കുന്ന ഈ സ്ഥാപനങ്ങളെ സാധാരണക്കാരന് ആശ്രയിക്കാനും കഴിയില്ല. അതിനാൽ ഷിഫ്റ്റ് സമ്പ്രദായം മാറ്റുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും വേണ്ട സത്വരനടപടികൾ കൈകൊള്ളേണ്ടതുണ്ട്.

കഴിഞ്ഞ അധ്യയന വർഷം ഹൈസ്കൂളിൽ നിന്ന് 41 കുട്ടികൾ പഠനം നിർത്തിയതായി കാണുന്നു. ഇത് ഗൗരവത്തോടെ കാണേണ്ടതുണ്ട്.

കോളേജ് വിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്തതിനാൽ പഞ്ചായത്തിലെ കുട്ടി മലപ്പുറം ഗവ: കോളേജ് തിരൂരങ്ങാടി പി.എസ്.എം.ഒ കോളജ് എന്നിവയാണ് പ്രാധാനമായും ആശ്രയിക്കുന്നത്. ബാക്കിയുള്ളവർ

### പട്ടിക IV പഞ്ചായത്തിലെ കുട്ടികളുടെ എണ്ണം

| | എൽപി | | | യുപി | | | ഹൈസ്കൂൾ | | |
|---|---|---|---|---|---|---|---|---|---|
| ആകെ കുട്ടികൾ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 7723 | 1959 | 1865 | 3824 | 1254 | 1211 | 2465 | 742 | 692 | 1434 |

### പട്ടിക V വിജയശതമാനം

| വർഷം------------> | 1992 മാർച്ച് | | 1993 മാർച്ച് | | 1994 മാർച്ച് | | 1995 മാർച്ച് | | 1995 മാർച്ച് | |
|---|---|---|---|---|---|---|---|---|---|---|
| സ്കൂളിന്റെ പേര് | പരീക്ഷ എഴുതിയവർ | വിജയ ശതമാനം | പരീക്ഷ എഴുതിയവർ | വിജയ ശതമാനം | പരീക്ഷ എഴുതിയവർ | വിജയ ശതമാനം | പരീക്ഷ എഴുതിയവർ | വിജയ ശതമാനം | പരീക്ഷ എഴുതിയവർ | വിജയ ശതമാനം |
| ഗവ: രാജാസ് ഹൈസ്കൂൾ | 360 | 19 | 386 | 23 | 357 | 16.5 | 380 | 20 | 368 | 21 |
| N.N.S. കരയോഗം ഹൈസ്കൂൾ | 15 | 100 | 17 | 100 | 23 | 100 | 15 | 100 | 21 | 100 |
| അൽ-ഇസാഹാൻ അറബിക് കോളേജ് | – | – | 24 | 87.5 | 16 | 100 | 24 | 100 | 23 | 91 |

### പട്ടിക VI പഠനം നിർത്തിയവർ

| | പട്ടിക ജാതി | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|
| വിഭാഗം | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| L.P | 0 | 2 | 2 | 13 | 11 | 24 |
| U.P | - | - | - | 16 | 14 | 30 |
| H.S | 1 | 0 | 1 | 21 | 19 | 40 |
| ആകെ | 1 | 2 | 3 | 50 | 44 | 94 |

കോട്ടയ്ക്കൽ നടത്തുന്ന രണ്ട് പാരലൽ കോളേജുകളെ ആശ്രിയിക്കുന്നു. അറുനൂറിൽരാംപരം കുട്ടികൾ ഈ സ്ഥാപനങ്ങളിൽ പഠിക്കുന്നു എന്നറിയുമ്പോൾ പഞ്ചായത്തിൽ ഒരു കോളേജിന്റെ ആവശ്യകത വെളിവാകുന്നു. ഇത് സമീപസ്ഥല പഞ്ചായത്തുകളിലെ കുട്ടികൾക്കും വളരെ ഗുണപ്രദമാകും.

അഞ്ചു ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളിലായി നൂറോളം പേർ പരിശീലനം നേടുന്നു. കോട്ടയ്ക്കൽ ഗവ: വനിതാ പോളി ടെക്നിക് ഉൾപ്പെടെ പഞ്ചായത്തിൽ നാല് കമ്പ്യൂട്ടർ പരിശീലന കേന്ദ്രങ്ങൾ ഉണ്ട്. മൂന്നെണ്ണം സ്വകാര്യസ്ഥാപനങ്ങളാണ്. ഇവയിലെല്ലാം കൂടി 225 പേർ പരിശീലനം നേടുന്നു. ഇതിൽ 92 പേർ വനിതകളാണ്.

### പട്ടിക VIII

സ്വകാര്യ കമ്പ്യൂട്ടർ പഠന കേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനം | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 1. | ദീപ്തി കമ്പ്യൂട്ടർ സെന്റർ | 43 | 1 | 44 |
| 2. | I C T | 60 | 5 | 65 |
| 3. | വിൻസോഫ്റ്റ് | 30 | 10 | 40 |
| | ആകെ | 133 | 16 | 149 |

കേരളത്തിൽ അറിയപ്പെടുന്ന രണ്ട് പ്രൊഫഷണൽ സ്ഥാപനങ്ങൾ ഇവിടെയുണ്ട്. എന്നാൽ പഞ്ചായത്തുകാരായ പഠിതാക്കൾ വിരലെണ്ണാവുന്നവർമാത്രമാണ്. 1917ൽ സ്ഥാപിതമായ VPSV ആയുർവേദ കോളേജും 1993ൽ സ്ഥാപിതമായ കോട്ടയ്ക്കൽ ഗവ:വനിതാ പോളിടെക്നിക്കുമാണ് അവ. രണ്ടിനും അതിന്റേതായ പ്രശ്നങ്ങളുണ്ട്. ആയുർവേദ

കോളേജും ജില്ലാ ആയുർവേദ ആശുപത്രിയും ഒരേ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഏറെ സൗകര്യങ്ങളോടെ കോളേജ് ആശുപത്രിക്കുവേണ്ടി പണികഴിപ്പിച്ച കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെടാതെ നോക്കുകുത്തിയാകുന്നു.

ഫണ്ടുണ്ടായിട്ടുപോലം സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കാൻ കഴിയാത്തതിനാൽ പുത്തൂർ ഗവ: എൽ. പി. സ്കൂളിന്റെ കെട്ടിടത്തിലാണ് വനിതാ പോളിടെക്നിക് പ്രവർത്തിക്കുന്നത്. ഇക്കാരണത്താൽ 1996-97ലെ ഒന്നാം വർഷ പ്രവേശനം പോലും ഇവിടെ നടന്നില്ല. ഇത് പോളിടെക്നിക്കിന്റെ നിലനിൽപ്പിനെപ്പോലും ദോഷകരമായി ബാധിച്ചേക്കാം.

പട്ടിക IX

പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| സ്ഥാപനം | കോഴ്സ് | പു | സ്ത്രീ | ആകെ |
|---|---|---|---|---|
| VPSV ആയുർവേദ കോളെജ | BAMS | 60 | 68 | 128 |
| ഗവ: വനിതാ പോളിടെക്നിക് | ഇല്ക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ | | 82 | 82 |
| | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ & ബിസിനസ് മാനേജ്മെന്റ് | | 76 | 76 |
| ആകെ | | | | 286 |

ഇവകൂടാതെ ഇലക്ട്രോണിക്സിൽ പരിശീലനം നൽകുന്ന ഒരു സ്ഥാപനവും പഞ്ചായത്തിലുണ്ട്. 115 പേർ ഇവിടെ പരിശീലനം തേടുന്നുണ്ട്.

പട്ടിക X

സ്കൂൾ ഓഫ് ഇലക്ട്രോണികസ്

| | കുട്ടികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|
| കോഴ്സുകൾ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| റേഡിയോ & ടെലിവിഷൻ ടി. വി. മെക്കാനിക്ക് (കെ. ജി. സി. ഇ) | 50 | | 50 | | | |
| റേഡിയോ & ടി. വി. മെക്കാനിക്ക് | 50 | | 50 | 1 | 5 | 6 |
| റെഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് | 15 | | 15 | | | |
| ആകെ | 115 | | 115 | 1 | 5 | 6 |

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 28 അംഗൻവാടികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. മൂന്ന് വയസ്സിനും 5 വയസ്സിനും ഇടയിലുള്ള ഭൂരിപക്ഷം കുട്ടികളും ഇവിടെ പോകുന്നു. എന്നാൽ ഇവിടെങ്ങളിലെ സൗകര്യം തികച്ചും അപര്യാപ്തമാണ്. ഇവയിൽ ഭൂരിഭാഗവും വാടകഷെഡുകളിലാണ് പ്രവർത്തിക്കുന്നത്.

പ്രൈമറി വിദ്യാഭ്യാസത്തിന് കുട്ടികളെ സജ്ജരാക്കാൻ സാധിക്കും വിധം അംഗൻ വാടികളുടെ പ്രവർത്തനത്തെ സജ്ജമാക്കാൻ സാധിക്കണം. പ്രീപ്രൈമറി വിദ്യാഭ്യസത്തിനുള്ള മൂന്ന് സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. ഇവയിൽ രണ്ടെണ്ണം ഇംഗ്ലീഷ് മീഡിയമാണ്. 173 കുട്ടികളുടെ രക്ഷിതാക്കൾ ഇവിടേക്ക് ആകർഷിക്കപ്പെട്ടിരിക്കുന്നു.

പ്രീപ്രൈമറി വിദ്യാഭ്യാസം മാതൃകാപരമാക്കുന്നതിന് ഒരു പരീക്ഷണമെന്ന നിലയിലാണ് ശിശുവിഹാകകേന്ദ്രം ആരംഭിച്ചത്. ഇപ്പോൾ 35 കുട്ടികൾ ഇവിടെ പഠിക്കുന്നു. ഭൗതിക സാഹചര്യത്തിന്റെ അപര്യാപ്തത ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് തടസ്സമാകുന്നു.

വിദ്യാർത്ഥകളുടെ പഠനത്തിന് അത്യാന്താപേക്ഷിതമായ രണ്ടു കാര്യങ്ങളാണ് മെച്ചപ്പെട്ട ഭൗതിക സാഹചര്യവും അക്കാദമിക് സൗകര്യങ്ങളും. എൽ. പി. സ്കൂളുകളിൽ 80% പ്രീ. കെ. ഇ. ആർ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഫർണീച്ചർ, മൂത്രപ്പുര കക്കൂസ് എന്നിവയുടെ അപര്യാപ്തത അടിയന്തിരമായ പരിഹരിക്കേണ്ടതുണ്ട്. ശരാശരി 322 കുട്ടികൾക്ക് ഒരു മൂത്രപ്പുരയും 702 പേർക്ക് ഒരു കക്കൂസുമാണുള്ളത്.

"ഒരേ മനസ്സും ലക്ഷ്യവുമായ് നാം
ഒന്നായ് നീങ്ങീടേണം
നമ്മുടെ നാടിന്
വഴി നാം തേടേണം
നന്മകൾ വിളയും നല്ലൊരു നാട്
നമ്മൾ തേടണം
ഞാനും നീയും തന്നാൽ കഴിവതു
നാടിനു നൽകേണം

## പട്ടിക XI

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട് / ഇല്ല | കിണർ / പൈപ്പ് | നിലവിലുള്ള ഹർണ്ണിച്ചറുകൾ പര്യാപ്തം / അല്ല | വൈദ്യുതി | ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഹർണ്ണീച്ചർ വേണം / വേണ്ട |
|---|---|---|---|---|---|---|---|---|---|---|---|---|---|
| M.K.H.M.A.M.L.P.S മരവട്ടം | 8 | 6 | 2 | 1 | ഉണ്ട് | കിണർ | ഇല്ല | അല്ല | 25 | 5 | 2 | 10 | വേണം |
| A.M.L.P.S. പണിക്കർ കുണ്ട് | 4 | 5 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | അല്ല | - | 12 | - | - | - |
| A.M.L.P.S. കുറ്റിപ്പുറം നോർത്ത് | 4 | - | - | - | ഇല്ല | ഇല്ല | ഇല്ല | അല്ല | - | 6 | 2 | 2 | വേണ്ട |
| A.L.P.S കാവതിക്കുളം | 4 | 1 | 1 | - | ഇല്ല | കിണർ | ഇല്ല | അല്ല | 10 | 10 | 3 | 3 | വേണം |
| A.M.L.P.S കുറ്റിപ്പുറം | 6 | 10 | 2 | - | ഉണ്ട് | - | ഇല്ല | ആണ് | - | - | - | - | - |
| G.L.P.S. കോട്ടയ്ക്കൽ | 5 | 12 | 2 | 1 | ഇല്ല | പൈപ്പ് | ഉണ്ട് | അല്ല | - | - | 1 | 3 | - |
| P.M.S.A.P.T.M.L.P.S ചങ്കുവെട്ടി | 12 | 10 | 2 | 1 | ഉണ്ട് | കി/പ | ഉണ്ട് | അല്ല | 35 | 25 | 15 | 15 | വേണം |
| A.L.P.S തോക്കാംപാറ | 12 | 5 | 1 | 1 | ഉണ്ട് | കിണർ | ഇല്ല | അല്ല | 100 | 40 | 4 | 12 | വേണം |
| A.M.L.P.S പുലിക്കോട് | 4 | 4 | 1 | 1 | ഇല്ല | - | ഇല്ല | അല്ല | 30 | 30 | 5 | 5 | വേണം |
| A.M.L.P.S കോട്ടൂർ | 8 | 4 | 1 | - | ഉണ്ട് | കിണർ | ഇല്ല | അല്ല | 36 | 30 | 6 | 5 | വേണം |
| A.M.L.P.S വില്ലൂർ | 7 | 1 | 1 | - | ഉണ്ട് | കിണർ | ഇല്ല | അല്ല | 30 | 30 | 2 | 2 | വേണം |
| A.M.L.P.S ഇന്ത്യനൂർ | 8 | 8 | 2 | 1 | ഉണ്ട് | പൈപ്പ് | ഇല്ല | അല്ല | 53 | 8 | 2 | 6 | വേണ്ട |
| A.L.P.S കുറ്റിപ്പുറം | 10 | 4 | 1 | - | ഇല്ല | - | ഇല്ല | അല്ല | 8 | 20 | 4 | 4 | വേണം |
| G. M. U. P. S കോട്ടയ്ക്കൽ | 17 | 10 | 1 | 1 | ഉണ്ട് | കി/പ | ഉണ്ട് | അല്ല | 50 | 50 | 20 | 20 | വേണം |
| G.U.P.S കോട്ടയ്ക്കൽ | 26 | 15 | 2 | 2 | ഉണ്ട് | കി/പ | ഉണ്ട് | അല്ല | 80 | 20 | 2 | 5 | വേണം |
| A.K.M.U.P.S കോട്ടൂർ | 12 | 20 | 2 | - | ഉണ്ട് | കിണർ | ഇല്ല | ആണ് | - | - | - | - | വേണം |
| *G.R.H.S. കോട്ടയ്ക്കൽ | 50 | 3 | 1 | 2 | ഉണ്ട് | കി/പ | ഇല്ല | അല്ല | 250 | 250 | 30 | 30 | വേണം |

(അവലംബം/സെൻററി ഡാറ്റ)

* ഷിഫ്റ്റ് സമ്പ്രദായം മാറിയാൽ

പഞ്ചായത്തിലെ എല്ലാ പ്രൈമറി വിദ്യാലയങ്ങൾക്കും ബ്ലാക്ബോർഡ് ഓപ്പറേഷൻ പദ്ധതി അനുസരിച്ചുള്ള സയൻസ്, മാത്തമറ്റിക്സ് കിറ്റുകൾ ലഭിച്ചിട്ടുണ്ട്. ഭൂരിഭാഗം സ്കൂളുകളിലും നാമമാത്രമായെങ്കിലും ലൈബ്രറികളും ഉണ്ട് ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാണോ എന്ന എന്ന് പരിശോധിക്കേണ്ടതുണ്ട്. ജില്ലാ പ്രൈമറി വിദ്യാഭ്യാസ പദ്ധതിയനുസിരച്ച് എൽ. പി. സ്കൂളുകൾക്ക് പഠനോപകരണങ്ങൾ നിർമ്മിക്കാൻ സഹായംലഭിച്ചു വരുന്നുണ്ട്. ഇവ ക്ലാസ് മുറിയിൽ ഉപയോഗിക്കുന്നെണ്ടെന്ന് ഉറപ്പുവരുത്തണം. ദൃശ്യശ്രാവ്യോപകരണങ്ങളും മറ്റുപഠനോപകരണങ്ങളും വിദ്യാലയങ്ങൾക്ക് ആവശ്യത്തിന് ലഭ്യമാക്കേണ്ടതുണ്ട്. പി. ടി. എ.ക്ക് ഇക്കാര്യങ്ങളിൽ നിർണ്ണായക പങ്ക് വഹിക്കാൻ കഴിയും.

"ഓരോരുത്തരും അവരവരുടെ നെറ്റി വിയർക്കെ പണിയെടുത്തു ജീവിച്ചെങ്കിൽ ഭൂമി സ്വർഗ്ഗമായി മാറുമായിരുന്നു"

\- ഗാന്ധിജി

## പട്ടിക XII

| സ്കൂളിന്റെ പേര് | ലൈബ്രറി | ലബോറട്ടറി | ശാസ്ത്ര പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കോർഡർ | ടി. വി. | വി. സി. ആർ | സിനിമാ പ്രൊജക്റ്റർ | സ്ലൈഡ് പ്രൊജക്റ്റർ | കമ്പ്യൂട്ടർ | ബ്ലാക്ക് ബോർഡ് ആവശ്യത്തിന് | പി.ടി.എ. | മാതൃസമിതി | ക്ലാസ് പി. ടി. എ. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| M.K.H.M.A.M.L.P.S മരവട്ടം | + | + | + | x | x | x | x | x | x | x | x | + | + | x |
| A.M.L.P.S. പണിക്കർ കുണ്ട് | + | x | + | + | + | x | x | x | x | x | + | + | + | x |
| A.M.L.P.S. കുറ്റിപ്പുറം നോർത്ത് | x | + | x | x | x | x | x | x | x | x | + | + | + | x |
| A.L.P.S കാവതിക്കുളം | x | x | x | + | + | x | x | x | x | x | x | + | + | x |
| A.M.L.P.S കുറ്റിപ്പുറം | + | + | + | + | + | x | x | x | x | x | x | + | + | x |
| G.L.P.S. കോട്ടയ്ക്കൽ | + | + | + | + | + | x | x | x | x | x | + | + | + | x |
| P.M.S.A.P.T.M.L.P.S ചങ്കുവെട്ടി | + | + | x | + | + | x | x | x | x | x | + | + | + | x |
| A.L.P.S തോക്കാംപാറ | + | + | x | + | + | x | x | x | x | x | + | + | + | x |
| A.M.L.P.S പുലിക്കോട് | + | + | x | x | x | x | x | x | x | x | + | + | + | x |
| A.M.L.P.S കോട്ടൂർ | + | x | + | x | x | x | x | x | x | x | x | + | + | x |
| A.M.L.P.S വില്ലൂർ | + | x | + | x | x | x | x | x | x | x | x | + | + | x |
| A.M.L.P.S ഇന്ത്യനൂർ | x | x | + | + | + | x | x | x | x | x | + | + | + | x |
| A.L.P.S കുറ്റിപ്പുറം | x | x | + | + | + | x | x | x | x | x | x | + | + | x |
| G. M. U. P. S കോട്ടയ്ക്കൽ | + | + | x | x | + | x | x | x | + | x | + | + | + | x |
| G.U.P.S കോട്ടയ്ക്കൽ | + | + | x | x | + | x | x | x | + | x | + | + | + | x |
| A.K.M.U.P.S കോട്ടൂർ | + | + | x | x | + | x | x | x | x | x | + | + | + | x |
| *G.R.H.S. കോട്ടയ്ക്കൽ | + | + | x | + | + | + | x | + | + | x | + | + | + | x |

[അവലംബം സെക്കന്ററി ഡേറ്റ]

(+ ഉണ്ട്)

(X ഇല്ല)

പഞ്ചായത്തിലെ ഭൂരിപക്ഷം വിദ്യാർത്ഥികളും മുസ്ലീം വിഭാഗത്തിൽപെടുന്നവരാണ്. ഇവർ സ്കൂൾ പഠനത്തോടൊപ്പം മതപഠനവും നടത്തുന്നു. പഞ്ചായത്തിലെ 21 മദ്രസ്സകളിൽ ചിലതിൽ രണ്ടു നേരവും ക്ലാസ് നടക്കുന്നുണ്ട്. ഇത് ഇവരുടെ പൊതുവിദ്യാഭ്യാസ നിലവാരത്തെ ബാധിക്കുന്നുണ്ടോ എന്ന പരിശോധിക്കണം.

പട്ടിക ജാതിയിൽപ്പെടുന്ന ഭൂരിപക്ഷം കുട്ടികൾക്കും വിദ്യാഭ്യാസം ലഭിക്കുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. പഞ്ചായത്തിലെ ജനസംഖ്യയുടെ 2.84% ഈ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ശതമാനം 3.04ആണ്.

സാർവ്വത്രിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കോട്ടയ്ക്കൽ പണ്ടു തന്നെ ഖ്യാതി നേടിയിട്ടുണ്ട്. എന്നാൽ എണ്ണത്തിലുള്ള മികവ് ഗുണപരമായ തല

| എൽപി. | | | യു.പി. | | | ഹൈസ്കൂൾ | | |
|---|---|---|---|---|---|---|---|---|
| ആകെ | പട്ടികജാതി | ശതമാനം | ആകെ | പട്ടികജാതി | ശതമാനം | ആകെ | പട്ടികജാതി | ശതമാനം |
| 3824 | 93 | 2.43 | 2465 | 81 | 3.29 | 1434 | 61 | 4.25 |
| | | | | | | | ആകെ | 3.04 |

ത്തിൽ ഏറെ ദൃശ്യമല്ല. പരീക്ഷ എന്ന വില്ലനെ മെരുക്കാനുള്ള പ്രവർത്തനത്തിലാണ് ക്ലാസ്റൂമിൽ മുൻഗണന. ഇതു പലപ്പോഴും സാമൂഹ്യ സമ്മർദ്ദത്തിന്റെ ഭാഗവുമാണ്. വിജ്ഞാനശകലങ്ങൾ യാന്ത്രികമായി ഓർക്കാനും മാർച്ചു മാസത്തിൽ അവ ഉത്തരക്കടലാസിൽ പകർത്തിവെയ്ക്കാനുമുള്ള പാടവമാണ് വിദ്യാഭ്യാസം എന്ന നില വന്നു. നഗരത്തിലെ വിദ്യാലയങ്ങളോടും ആംഗലേയ മാധ്യമങ്ങളോടും ഒരു വിഭാഗം രക്ഷിതാക്കൾക്ക് ഭ്രമം വർദ്ധിച്ചു വരുന്നു.

സർക്കാർ വിദ്യാലയങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ കഴിയില്ലെന്ന ധാരണ പ്രചരിപ്പിക്കപ്പെട്ടു. റവന്യൂ വരുമാനത്തിന്റെ വലിയ ശതമാനം ചെലവാക്കുന്നത് വിദ്യാഭ്യാസത്തിനാണെന്നും അതിൽ കുറവുവരുത്താതെ വികസനപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനാകില്ലെന്നുമുള്ള വാദവും ശക്തിപ്പെട്ടു. നിലവിലുള്ള സാഹചര്യങ്ങളും സൗകര്യങ്ങളും ഫലപ്രദമായി ഉപയോഗിച്ച് പ്രായോഗിക ബദലുകൾ കണ്ടെത്തി കാര്യക്ഷമമായി നടപ്പിലാക്കി, അപചയം ഒഴിവാക്കി ആർജ്ജവവും ആത്മവിശ്വാസവുമുള്ള ഒരു സമൂഹ സൃഷ്ടിക്കായി വിദ്യാഭ്യാസത്തെ ഉപയോഗിക്കാൻ കഴിയണം.

പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തി വരുന്ന കുട്ടികളിൽ ഒരു വിഭാഗം നിരക്ഷരരാണെന്നത് ഗൗരവപൂർവ്വം കാണേണ്ടതാണ്. ഇത് ഒഴിവാക്കാൻ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടതുണ്ട്. വരുന്ന അഞ്ചു വർഷത്തിനുള്ളിൽ പഞ്ചായത്തിലെ സ്കൂളുകളിൽ നിരക്ഷരത ഇല്ലാതാക്കാൻ സമഗ്ര പദ്ധതി ആവിഷ്കരിക്കണം.

**നിർദ്ദേശങ്ങൾ**

**പ്രീ പ്രൈമറി**

നിലവിലുള്ള അംഗൻവാടികൾക്ക് പ്രീ പ്രൈമറി വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ധർമ്മം കൂടി നിർവഹിക്കാൻ കഴിയത്തക്കവിധത്തിൽ പുനഃക്രമീകരിക്കുക.

കെട്ടിടങ്ങൾ, ഫർണീച്ചർ, കളിക്കോപ്പുകൾ, എന്നിവ നൽകി ഇവയെ ആകർഷകമാക്കുക.

മാസത്തിലൊരിക്കലെങ്കിലും ആരോഗ്യ പരിശോധന നടത്തുക

**ഭൗതിക സാഹചര്യങ്ങൾ**

സ്കൂളുകളിൽ വായുവും വെളിച്ചവും നന്നായി ലഭിക്കുന്ന വേർതിരിച്ച ക്ലാസ്മുറികൾ ലഭ്യമാക്കാൻ പദ്ധതി ആവിഷ്കരിക്കുക.

പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന തരത്തിൽ മൂത്രപ്പുരകളടെയും കക്കൂസുകളുടേയും എണ്ണം വർദ്ധിപ്പിക്കുക.

സ്കൂളുകൾക്ക് ചുറ്റുമതിൽ നിർമ്മിക്കുക.

ആവശ്യത്തിന് ഫർണിച്ചറുകൾ ലഭ്യമാക്കുക

വർഷാരംഭത്തിൽ തന്നെ അധ്യാപകരെ നിയമിക്കുന്നതിനുവേണ്ട നടപടികൾ നേരത്തെ പൂർത്തിയാക്കുക

സ്കൂൾ തുറക്കുമ്പോൾ തന്നെ പാഠപുസ്തകങ്ങൾ കുട്ടികൾക്ക് ലഭ്യമാകാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

രാജാസ് ഹൈസ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുക. യു.പി.യെ ഒരു പ്രത്യേക ബ്ലോക്കായി മാറ്റുക.

സ്കൂളുകളിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഒരു ജനകീയ പദ്ധതി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആവിഷ്കരിക്കുക

ഇതോടനുബന്ധിച്ച് സ്കൂളുകളിൽ വാർഡ്മെമ്പർ ചെയർമാനായി സ്കൂൾ വിദ്യാഭ്യാസ സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

ലൈബ്രറികളുടേയും ലബോറട്ടറികളുടേയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

പഞ്ചായത്ത് തലത്തിൽ അധ്യാപകർക്ക പുനഃപരിശീലനം നൽകുക.

സ്കൂൾ സാഹിത്യ സമാജങ്ങളും സയൻസ്ക്ലബ്ബുകളും സജീവമാക്കുക ഇവയുടെ നേതൃത്വത്തിൽ പഞ്ചായത്ത് തലത്തിൽ വിവിധ മത്സരങ്ങൾ നടത്തുക.

പരീക്ഷകൾ എം.എൽ.എൽ. മാതൃകയിൽ പുനഃരാവിഷ്കരിക്കുക. ചോദ്യപേപ്പർ പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കുക.

**പാഠാനുബന്ധ പ്രവർത്തനങ്ങൾ**

സ്കൂൾ സാഹിത്യ സമാജങ്ങൾ ആഴ്ചയിൽ ഒരിക്കൽ നിർബന്ധിതമായി നടത്തുക

പ്രധാനപ്പെട്ട ദിനങ്ങൾ സ്കൂൾ തലത്തിൽ ആചരിക്കുക

ആകർഷമായ രീതിയിൽ ആഴ്ചയിൽ രണ്ടുദിവസം സ്കൂൾ അസംബ്ലി ചേരുക

സ്കൂളുകളിൽ സ്കൗട്ട് യൂണിറ്റ് ആരംഭിക്കുക

സ്കൂൾ വാർഷികങ്ങൾ സമുചിതമായി ആഘോഷിക്കുക.

**ആരോഗ്യപരം**

ഇന്ന് സ്കൂളുകളിൽ പഠിക്കുന്ന നല്ലൊരു ശതമാനം കുട്ടികൾക്കും പോഷണക്കുറവ് അനുഭവപ്പെ

ടുന്നു. അനീമിയ രോഗം പലകുട്ടികൾക്കും ഉള്ളതായി സമഗ്ര പ്രൈമറി ആരോഗ്യ പരിശോധന തുടർന്നുള്ള റിപ്പോർട്ടുകളിൽ കാണുന്നു. ഇത് പരിഹരിക്കാൻ എല്ലാ വിദ്യാലയങ്ങളിലും ഉച്ചക്കഞ്ഞി വിതരണം നിർബ ന്ധമായും നടപ്പിലാക്കണം. ആഴ്ചയിൽ മൂന്ന് ദിവസ മെങ്കിലും പാലും മുട്ടയും നൽകുവാനുള്ള സംവി ധാനം ഉണ്ടാകണം.

വർഷാരംഭത്തിൽ മുഴുവൻ കുട്ടികളെയും ആരോഗ്യ പരിശോധനയ്ക്ക് വിധേയരാക്കണം.

അധ്യാപകർക്ക് പഞ്ചായത്ത തലത്തിൽ ആരോ ഗ്യബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

**മറ്റുകാര്യങ്ങൾ**

പഞ്ചായത്ത് തലത്തിൽ ഒരു വിദ്യാഭ്യാസ മോണി റ്ററിംഗ് സെൽ രൂപീകരിക്കുക.

പി.ടി.എ, എം.പി.ടി.എ എന്നിവയോടൊപ്പം ക്ലാസ് പി.ടി.എ.യും ഫലപ്രദമായി നടപ്പിലാക്കുക

[പഞ്ചാത്ത് തലത്തിൽ ഒരു സ്കൂളിലും ക്ലാസ് പി.ടി.എ. പ്രവർത്തിക്കുന്നില്ല.]

പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണ ങ്ങളും യൂനിഫോമും നൽകുക.

കായികാധ്യാപകൻ ഇല്ലാത്ത സ്കുളുകളിലെ അധ്യാപകരെ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ കായിക പരിശീലനം സംഘടിപ്പിക്കുക.

ഓരോ സ്കൂളിലേയും മികച്ച വിദ്യാർത്ഥികൾക്ക് പഞ്ചായത്തിന്റെ വക പ്രോത്സാഹന സമ്മാനം നൽകുക.

പഞ്ചായത്തിൽ നൂറിലധികം വികലാംഗരുണ്ട്. ഇതിൽ വലിയൊരു ശതമാനം 15 വയസ്സിൽ താഴെയു ളളവരാണ്. ഇവർക്ക് പ്രത്യേക പരിഗണനയും പരി ശീലനവും നൽകുക എന്നത് സാമൂഹ്യബാധ്യത യാണ്. അതുകൊണ്ട് പഞ്ചായത്തിൽ ഒരു വികലാംഗ വിദ്യാലയം ആരംഭിക്കുക

ഗവ: രാജാസ് ഹൈസ്കൂളിൽ ലഭ്യമായ വിശാല മായ സ്ഥല സൗകര്യം ഉപയോഗപ്പെടുത്തി പ്രയോജ നകരമായ ഒരു സ്റ്റേഡിയം കോംപ്ലക് നിർമ്മിക്കക.

പുഴിക്കുന്നിലും വലിയ പറമ്പിലും ഓരോ എൽ.പി സ്കൂൾ സ്ഥാപിക്കണം.

കോട്ടൂർ ഇന്ത്യനൂർ ഭാഗത്ത് ഒരു പുതിയ ഹൈസ്കൂൾ അനുവദിക്കുക.

**ഉന്നത വിദ്യാഭ്യാസം**

ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളെന്നു പറയാൻ പഞ്ചായത്തിൽ ഒരു ആയുർവേദകോളേജും വനിതാ പോളിടെക്നിക്കുമാണുള്ളത്. ഇവിടുത്തെ പ്രവേശനം സംസ്ഥാന അടിസ്ഥാനത്തിലാണ്.

പഞ്ചായത്തിലെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം ലഭിക്കുന്നതിനായി രാജാസ് ഹൈസ്കൂളിൽ പ്ലസ്ടു കോഴ്സും, കോട്ടയ്ക്കലിൽ ഒരു കോളെജും ആരംഭി ക്കണം.

വനിതാ പോളിടെക്നിക്കിന്റെ ശോച്യാവസ്ഥ പരി ഹരിക്കാൻ നടപടി സ്വീകരിക്കണം. അവിടെ നിലവി ലുള്ള 'കമ്മ്യൂണിറ്റി പോളിടെക്നിക്' പദ്ധതിയനുസ രിച്ച് സൗജന്യമായി തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്താനുള്ള സൗകര്യങ്ങളുണ്ട്. ഈ പദ്ധതിയനുസ രിച്ച്

കമ്പ്യൂട്ടറിംഗ് ആപ്ലിക്കേഷൻ

ടെയിലറിംഗ്


വയറിംഗ്

പ്ലംബിങ്ങ്

ഫുഡ്പ്രോസസിംഗ്

കെയ്നിംഗ്

തുടങ്ങിയ കോഴ്സുകൾ ഫലപ്രദമായ ഉപയോ ഗിക്കാൻ കഴിയണം.



# 8

# കുടിവെള്ളവും പൊതുജന ആരോഗ്യവും

ലോകാരോഗ്യസംഘടനയുടെ നിർവ്വചനം അനുസരിച്ച് ആരോഗ്യമെന്നത് ശാരീരികവും, മാനസികവും സാമൂഹ്യവുമായ സുസ്ഥിതി മാത്രമല്ല മറിച്ച് രോഗമോ അംഗവൈകല്യമോ ഇല്ലാത്ത ഒരു അവസ്ഥകൂടിയാണ്. ഈ ലക്ഷ്യം കൈവരിക്കാൻ മനുഷ്യന് അത്യന്താപേക്ഷിതമായ ശുദ്ധവായു, ശുദ്ധജലം, പരിസര ശുചിത്വം എന്നിവ കൂടിയെ തീരു.

കുടിവെള്ളത്തിനായി പഞ്ചായത്തിൽ 80% ജനങ്ങളും കിണറുകളെയാണ് ആശ്രിയിക്കുന്നത്. പഞ്ചായത്തിൽ ആകെയുള്ള 4717 –വീടുകളിൽ 4040 കിണറുകൾ മാത്രമേയുള്ളൂ. ഉള്ള കിണറുകളിൽ തന്നെ 528 കിണറുകളിൽ വെള്ളമില്ലാത്തവയുമാണ്. കേരള വാട്ടർ അതോറിറ്റിയുടെ (KWA) 14.65 കിലോമീറ്റർ പൈപ്പ്ലൈൻ മുഖേന 72 പൊതുടാപ്പുകളും 25 കുഴൽ കിണറുകളും പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

പൊതുകിണറുകൾ – വെള്ളമുള്ളത് – 28

'' വെള്ളമില്ലാത്തത് 8

സ്വകാര്യ കിണറുകൾ – വെള്ളമുള്ളത് – 3484

'' വെള്ളമില്ലാത്തത് – 520

കുഴൽ കിണറുകൾ – 25

മൊത്തം കിണറുകൾ – 4040

KWA പദ്ധതികൾ

മൊത്തം ടാപ്പുകൾ – 72

കുഴൽ കിണറുകൾ – 9

1995–96ൽ 345 ജല ജന്യരോഗങ്ങൾ പഞ്ചായത്തിൽ ഉള്ളതായി റിപ്പോർട്ടുലഭിച്ചിട്ടുണ്ട്. (PHC സ്ഥിതി വിവരക്കണക്ക്)

കുടിവെള്ളം ശേഖരിക്കുന്നതിനായി 3 കിലോമീറ്റർ മുതൽ 5 കിലോമീറ്റർ വരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നു. വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നതായ പ്രശ്നപരിഹാരങ്ങളും പഞ്ചായത്തു തലത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നതും ചർച്ചകളിൽ രൂപപ്പെട്ടുവന്നിട്ടുള്ളതുമായ നിർദ്ദേശങ്ങൾ സൂക്ഷ്മ വിശകലനത്തിനായി ഇതിൽ ചേർത്തിരിക്കുന്നു.

**കുടിവെള്ള പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും**

**വാർഡും പ്രശ്നമേഖലകളും**

1. കൊഴയൂർ പ്രദേശം, ചങ്കുവെട്ടി പെട്രോൾപമ്പ് പരിസരം നെല്ലിക്ക പറമ്പ്, പറപ്പൂർ റോഡു കുറ്റിനാടോടി പരിസരം ആട്ടേരിയുടെ പരിസരം.

2. യാഹുറോഡ്, കൈപള്ളികുണ്ട്, ചൈതന്യ കോളനി താഴ്ഭാഗം, I.P.P സബ്സെന്റർ പരിസരം, ആര്യവൈദ്യശാല ധർമ്മാശുപത്രി പടിഞ്ഞാറു ഭാഗം

3. രാമകൃഷ്ണ ഹോട്ടൽ പരിസരം, പള്ളി ക്വാർട്ടേഴ്സ് പരിസരം, കാലക്കൽ ഇടവഴിക്ക് സമീപം, ഊട്ടി റോഡ് പരിസരം

4. വാർഡിൽ കുറേഭാഗങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

5. തെക്കെതല, മഠത്തിൽ കോളനി ആറൻമട, ആലിൻ ചുവട്, എരട്ടാക്കൽ, ആലിക്കൽ പ്രദേശങ്ങൾ

6. പാറമ്മൽ ഹരിജൻ കോളനി

7. കോട്ടപറമ്പ് പ്രദേശം

8. വാർഡിലെ കുറെ ഭാഗങ്ങൾ

9. എലംമ്പുളാശ്ശേരികുളമ്പ്, കോട്ടപറമ്പ് ചെരിവ്, പാച്ചേരി ഹരിജൻ കോളനി. കാവനട്ടു പറമ്പ് പ്രദേശം, മുതുകത്തിൻ മുകൾ പ്രദേശം

10. ഹരിജൻ കോളനി, ചെമ്മുക്ക് റോഡ്, ഉണ്ണ്യാൽ റോഡ്, പത്തായകല്ല് റോഡ്, ആശുപത്രി പടി, പണിക്കർ കുണ്ട് പരിസരങ്ങൾ

11. മുളിയൻകോട്ട, കൂരിയാട്, കല്ലുപറമ്പ് പ്രദേശം, ഈസ്റ്റ് വില്ലൂരിലെ കളക്കാട്, പാപ്പായി പ്രദേശങ്ങൾ

12. വാർഡിലെ കുറെ ഭാഗങ്ങൾ

13. പള്ളിപറമ്പ്, കുറുക്കൻ കുണ്ട് കോഴിമാറം, ഇന്ത്യനൂർ A.M.L.S. പ്രദേശങ്ങൾ

**വാർഡുകളും, പരിഹാര മാർഗ്ഗങ്ങളും**

1. കുഴൽ കിണർ സ്ഥാപിക്കുകയും പ്രവർത്തന രഹിതമായ കുഴൽ കിണർ നന്നാക്കുകയും ചെയ്യുക.

2. വെങ്കിട്ട ശുദ്ധജല പദ്ധതി, പൂർത്തീകരിക്കുകയും പ്രായോഗികമായി വാർഡിൽ ഉയരമുള്ള സ്ഥലത്ത് ടാങ്ക് കെട്ടി ജല വിതരണം ചെയ്യുക.

3. വെങ്കിട്ട സുദ്ധജല പദ്ധതിപൂർത്തീകരിക്കുകയും ഗവ: രാജാസ് ഹൈസ്കൂൾ ഗ്രൗണ്ടിൽ ഒരു ഭാഗത്ത് പൊതുകുളം സ്ഥാപിച്ച് ടാങ്കുകെട്ടി ജലവിതരണം നടത്തുക.

4. കുഴൽ കിണർ സ്ഥാപിക്കുകയും നിലവിലുള്ള പൈപ്പ്ലൈനിൽ നിന്ന് വീട്ടിലേക്ക് കണക്ഷൻ നല്കുകയും ചെയ്യുക. 10 വീടുകൾക്ക ഒരു വാട്ടർ ടാപ്പ് അനുവദിക്കുക.

5. ചെനക്കൽ ഉയർന്ന സ്ഥലത്ത് ടാങ്ക് കെട്ടി പൈപ്പ് ലൈൻ വഴി ശുദ്ധജലം എത്തിക്കുക. മുളിയൻ കുന്ന് പദ്ധതി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നതിന് ആലിക്കൽ ഒരു കുഴൽ കിണർ കുഴിക്കുകയും ചെയ്യണം.

6. പൈപ്പ് ലൈൻ നീട്ടുക, നിലവിലുള്ള പ്രവർത്തനയോഗ്യമല്ലാത്ത k.W.A വാട്ടർ ടാപ്പുകൾ നന്നാക്കുക.

7. വെങ്കിട്ട പദ്ധതി ആരംഭിക്കുകയും കോട്ടപറമ്പിനടുത്ത് ചോലയിൽ നിന്ന് വെള്ളം ശേഖരിച്ച് ഉയർന്ന സ്ഥലത്ത് ടാങ്ക് കെട്ടി വിതരണം ചെയ്യുക. ചീനം പുത്തൂർ കിണർ കുഴിച്ച് വെള്ളം ശേഖരിച്ച് മലയൻ കുന്നിൽ ടാങ്ക് കെട്ടി ശുദ്ധജലം എത്തിക്കുക.

8. കുഴൽ കിണർ കുഴിക്കുകയും നിലവിലുള്ള കുഴൽ കിണർ നന്നാക്കുകയും ചെയ്യുക.

9. കുറ്റിപ്പുറം തോട്ടിൽ കുഴൽ കിണർ കുഴിച്ച് കോട്ടപറമ്പിനു മുകളിൽ ടാങ്ക് കെട്ടി ശുദ്ധജലം എത്തിക്കുക. കൊടേക്കാട് പറമ്പിൽ കുഴൽ കിണർ കുഴിക്കുക.

10. കോട്ടൂർ ചെമ്മുക്കിൽ കടുങ്ങാട്ട് കുളത്തിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ചെമ്മുക്ക് ഹരിജൻ കോളനി പ്രദേശത്ത് ടാങ്ക് കെട്ടി വിതരണം ചെയ്യുക.

11. കുഴൽ കിണർ നിർമ്മിക്കുകയും നിലവിലുള്ള സൗകര്യം വികസിപ്പിച്ച് പൈപ്പ് ലൈൻ കൂടുതൽ സ്ഥലത്തേക്ക് നീട്ടുക.

12. വലിയപറമ്പ് , ഉതരാണി, മുണ്ടിയൻതറ, വട്ടപ്പാറ എന്നീ ഭാഗങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കുക, ധാരാളം വെള്ളമുള്ള ഉതരാണിയിൽ ചോലയിൽ കൻമതിൽ കെട്ടി വെള്ളം ശേഖരിച്ച് വിതരണം ചെയ്യുക.

13. കുഴൽ കിണർ കുഴിച്ച് മുളിയൻ കോട്ടകുന്നിൽ ടാങ്ക് കെട്ടി ശുദ്ധജല വിതരണം ചെയ്യുക. ആലിൻകുണ്ട് ഇന്ത്യനൂർ അങ്ങാടി തെങ്ങിൻ വളപ്പ് എന്നിവടങ്ങളിൽ കുഴൽകിണറുകൾ കുഴിക്കുക.

**കുടിവെള്ളക്ഷാമത്തിനുള്ള പരിഹാരങ്ങൾ**

1. കൂടുതൽ കുഴൽകിണറുകൾ സ്ഥാപിക്കുകയും നിലവിലുള്ള ഉപയോഗ്യമാക്കുകയും ചെയ്യുക.

2. വീടുകളിലേക്ക് പൈപ്പ് ലൈൻ കണക്ഷനുകൾ നല്കാൻ വേണ്ട് സാഹചര്യം ഉണ്ടാക്കുക.

3. ശുദ്ധജലക്ഷാമം നേരിടുന്ന പട്ടികയിൽ കാണിച്ച പ്രദേശങ്ങളിൽ കുഴൽ കിണർ കുഴിച്ച് ഉയർന്ന സ്ഥലത്ത് ടാങ്കെട്ടി ശുദ്ധജല വിതരണം നടത്തുക.

**ചെറുകിട ശുദ്ധ ജല പദ്ധതികൾ**

പഞ്ചായത്തിന്റെ പരിഗണനയിലിരിക്കുന്ന മിനി വാട്ടർ സപ്ലൈ സ്കീം ആരംഭിക്കാൻ വേണ്ട പ്രാരംഭ നടപടികൾ എന്ന നിലക്ക് സർവ്വെ നടത്തുവാനും വിദഗ്ദ ഉപദേശങ്ങൾക്കുമായി കോഴിക്കോട് C W R D M എന്ന സ്ഥാപനത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും എത്രയും പെട്ടെന്ന് പ്രസ്തുത പദ്ധതി ആരംഭിക്കേണ്ടതാണ്.

**പഞ്ചായത്തുതല പദ്ധതി**

പരിഗണനയിലിരിക്കുന്ന വെങ്കിട്ട ശുദ്ധജല പദ്ധതി ആരംഭിക്കുണമെന്ന് ഭൂരിഭാഗം ഗ്രാമസഭകളിൽനിന്നും വന്നിട്ടുള്ള ഒരു നിർദ്ദേശമാണ്.

പഞ്ചായത്തിലെ ആരോഗ്യവകുപ്പ് സ്ഥാപനങ്ങളിൽനിന്ന് ലഭിച്ച കണക്കു പ്രകാരം 95-96 കാലത്ത് കാണപ്പെട്ട 345 ജലജന്യ രോഗങ്ങൾ ഒരു പരിധി വരെ നിയന്ത്രിക്കുവാൻ പ്രസ്തുത ശുദ്ധജല പദ്ധതികൾ പ്രാവർത്തികമാക്കിയാൽ പരിഹരിക്കാവുന്നതാണ്.

**പ്രാവർത്തികമാക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ**

1. ഉയർന്ന സ്ഥലങ്ങൾ നീർകുഴികൾ കുഴിച്ചും വരമ്പുകൾ ഇട്ടും മഴവെള്ള സംഭരണം വർദ്ധിപ്പിക്കുക.

2. ഇതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കുക.

3. ശുദ്ധജല കിണറുകൾ പെട്ടെന്ന് വറ്റിപോകാതിരിക്കാൻ വർഷ കാലങ്ങളിൽ മഴവെള്ളം കുത്തി ഒലിച്ച് പോകാതെ കണ്ടങ്ങൾക്ക് വരമ്പ് കെട്ടുകയും ഒഴിഞ്ഞ കുഴികളും പൊട്ടകിണറുകളും ഉപയോഗപ്പെടുത്തുക.

4. പാടത്ത് കൊയ്ത്ത് കഴിയുന്നതോടുകൂടി ചിറകൾ വിട്ടയക്കുന്നത് കൊണ്ട് കിണറുകളിൽ വെള്ളം വറ്റിപോകുന്നു അതിനാൽ ചിറകൾ കുറെകാലം കൂടി വിട്ടയക്കാതിരുന്നാൽ ശുദ്ധജലം കുറച്ച് കാലത്തേക്കുകൂടി സംരക്ഷിച്ചു നിർത്താൻ കഴിയും.

5. K. W. A.യുടെ പദ്ധതികൾ സാധാരണ ജനങ്ങളിലേക്ക് എത്തിച്ചുകൊടുക്കുവാൻ വേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

# ആരോഗ്യം

1902-ൽ വൈദ്യരത്നം P.S. വാര്യരുടെ നേതൃത്വത്തിൽ ആരഭിച്ച കോട്ടക്കൽ ആര്യവൈദ്യശാലയായിരുന്നു പഞ്ചായത്തിലെ ആദ്യത്തെ ആരോഗ്യ സ്ഥാപനം. ആധുനിക ചികിൽസാ സമ്പ്രദായങ്ങളൊന്നും അന്ന് പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. 1974-ൽ ആണ് കോട്ടക്കൽ പഞ്ചായത്തിൽ ആദ്യത്തെ പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിതമായത്. ഇന്നത്തെ ബസ് സ്റ്റാന്റിലെ കോംപ്ലക്സ് ബിൽഡിംങ്ങിലെ ആദ്യത്തെ മുറിയിലായിരുന്നു പ്രസ്തുത G.R.D (ഗവൺമെന്റ് റൂറൽ ഡിസ്പെൻസറി) എന്ന പേരിൽ പ്രവർത്തിച്ചിരുന്നത്. ഡോക്ടർ T.A. റഹീം M.B.B.S. ആയിരുന്നു അന്നത്തെ ആദ്യത്തെ മെഡിക്കൽ ഓഫീസർ. സ്വകാര്യ മേഖലയിൽ ഡോക്ടർ T.M. മേനോൻ L.M.P, Dr. രാഘവ വാര്യർ L.M.P. Dr. രാമൻ കുട്ടി വാര്യർ L.M.P. എന്നിവരായിരുന്നു ആദ്യകാലത്തെ ഡോക്ടർമാർ.

ആധുനിക ചികിൽസാരംഗത്ത് ഒരു പ്രൈമറി ഹെൽത്ത് സെന്ററും 6 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ആയുർവേദ രംഗത്ത് സർക്കാർ ഉടമയിൽ ഗവമൺമെന്റ് ആയുർവ്വേദ മെന്റൽ ഹോസ്പിറ്റൽ, ഗവൺമെന്റ് ആയുർവ്വേദ ഡിസ്പൻസറി കോട്ടൂർ എന്നീ രണ്ടു സ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നു.

ഹോമിയോ ചികിൽസാ രംഗത്ത് സർക്കാർ മേഖലയിൽ ഈ പഞ്ചായത്തിൽ ഒരൊറ്റ സ്ഥാപനം പോലും ഇല്ല. ആധുനിക ചികിൽസാ രംഗത്ത് സ്വകാര്യമേഖലയിൽ 4 ആശുപത്രികളും (കോട്ടക്കൽ നെഴ്സിംങ്ങ് ഹോം, പ്രശാന്തി ഹോസ്പിറ്റൽ, അഷറഫ് ഹോസ്പിറ്റൽ, ആര്യവൈദ്യശാല ചാരറ്റിബിൾ ഹോസ്പിറ്റൽ). ആയുർവേദ രംഗത്ത് സ്വകാര്യ മേഖലയിൽ ആര്യവൈദ്യശാല നെഴ്സിംഗ് ഹോം, ആര്യവൈദ്യ ശാല ചാരിറ്റബിൾ ഹോസ്പിറ്റൽ, V.P.S.P. ആയുർവ്വേദ കോളേജ് എന്നീ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നു.

ആധുനിക ചികിൽസാ രംഗത്ത് സ്വകാര്യ മേഖലയിൽ പഞ്ചായത്തിൽ ആദ്യമായി ആരംഭിച്ച സ്ഥാപനം കോട്ടക്കൽ നെഴ്സിംങ്ങ് ഹോം ആയിരുന്നു.

ഇത്രയേറെ സ്ഥാപനങ്ങൾ പൊതുജനാരോഗ്യ രംഗത്ത് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആരോഗ്യ സ്ഥിതിയിൽ ഗുണപരമായ മേൻമ വർദ്ധിച്ചു കാണുന്നില്ല എന്നാണ് സ്ഥിതി വിവര കണക്കുകളിൽ നിന്ന് മനസ്സിലാക്കുന്നത്. 1995-96 വർഷത്തിൽ 345 ജലജന്യരോഗങ്ങളും 1517 വായുജന്യ രോഗങ്ങളും 120 പ്രാണിജന്യ രോഗങ്ങളും റിപ്പോർട്ടു ചെയ്യപ്പെട്ടു. 1204 ത്വക്ക് രോഗം ബാധിച്ചവരും, 24 പേർ കുഷ്ഠ രോഗം ബാധിച്ച് ചികിൽസയിൽ കഴിയുന്നവരും ഉണ്ട്. 1995-ൽ പഞ്ചായത്തിൽ 2056 ജനനവും 203 മരണവും 13 ചാ-പിള്ള ജനനവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ രോഗികളുടെ കണക്കുകൾ അനുസരിച്ച് ആധുനിക ചികിൽസാരംഗത്ത് 95-96 വർഷത്തിൽ ചികിൽസ തേടിയെത്തിയത് 37266 പേരാണ്. (P.H.സ്ഥിതി വിവരകണക്കുകൾ).

### സ്വകാര്യമേഖല

| | |
|---|---|
| 1. പ്രശാന്തി ഹോസ്പിറ്റൽ | 10260 |
| 2. അഷറഫ് ഹോസ്പിറ്റൽ | 540 |
| 3. ആര്യവൈദ്യശാല ചാരിറ്റബിൾ ഹോസ്പിറ്റൽ (Modern Mediem) വിഭാഗം | 130104 |
| 4. കോട്ടയ്ക്കൽ നേഴ്സിങ്ങ് ഹോം | 10911 |
| സ്വകാര്യമേഖലയിൽ ആകെ | 15, 1815 |

രണ്ടുമേഖലകളിലും കൂടി 1,89,081, രോഗികൾ 95-96 വർഷങ്ങളിൽ ചികിൽസക്ക് വിധേയമാകുന്നു.

ഇത്രയൊക്കെയായിട്ടും പഞ്ചായത്തിൽ ഗവൺമെന്റു തലത്തിൽ കിടത്തി ചികിൽസിക്കാനുള്ള ആശുപത്രികളില്ല. വിദഗ്ദ ചികിൽസക്കായി 16 കിലോ മീറ്ററോളം വരുന്ന മലപ്പുറമോ, തിരൂരോ, അതല്ലാത്ത പക്ഷം 24 കിലോ മീറ്റർ ദൂരെയുള്ള മഞ്ചേരി ജില്ലാ ആശുപത്രിയിലോ ആശ്രയിക്കേണ്ടി വരുന്നു. സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കി ആരോഗ്യ പൂർണ്ണമായ ഒരു മാതൃകാ പഞ്ചായത്ത് ആക്കുക എന്നതാണ് ലക്ഷ്യം.

### സ്ഥാപനങ്ങളും സേവനങ്ങളും

കോട്ടക്കൽ പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ പൊതു സ്ഥാപനങ്ങൾ ഇവയാണ്.

| | | |
|---|---|---|
| പ്രാഥമിക ആരോഗ്യകേന്ദ്രം | - | 1 |
| കുടുംബക്ഷേമ ഉപകേന്ദ്രം | - | 2 |
| I.P.P. ഉപകേന്ദ്രങ്ങൾ | - | 4 |
| ആയുർവ്വേദ ഹോസ്പിറ്റൽ | - | 2 |

ഇവയിലെല്ലാം കൂടി 61 ജീവനക്കാരാണുള്ളത്

### പട്ടിക ആരോഗ്യം-1

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | പൈമറി ഹെൽത്ത് സെന്റർ | 6 | 13 |
| 2. | സബ്സെന്റർ ചങ്കുവെട്ടി I.P.P | 2 | 1 |

| | | | |
|---|---|---|---|
| 3. | I.P.P സബ്സെന്റർ ആലിക്കൽ | 5 | 1 |
| 4. | I.P.P സബ്സെന്റർ കാവതികളം | 7 | 1 |
| 5. | കുടുംബക്ഷേമ ഉപകേന്ദ്രം നായാടിപ്പാറ | 8 | 1 |
| 6. | I.P.P സബ് സെന്റർ പാപ്പായി | 11 | 1 |
| 7: | കുടുംബ ക്ഷേമ ഉപകേന്ദ്ര ഇന്ത്യനൂർ | 13 | 1 |

കോട്ടക്കൽ പഞ്ചായത്തിലെ ആദ്യത്തെ I.P.P സബ്സെന്റർ പാപ്പായി (വാർഡ്11ൽ) മുല്ലപ്പള്ളി അബ്ദുള്ള ഹാജി സൗജന്യമായി നല്കിയ അഞ്ച് സെന്റ് ഭൂമിയിലാണ് ആരംഭിച്ചത്. പഞ്ചായത്തിലെ രണ്ടാമത്തെ സബ്സെന്റർ കുറ്റിപ്പുറം ആലിക്കലിൽ ജനകീയ പങ്കാളിത്തത്തോടെ നടത്തിയ സൗജന്യ വൈദ്യ പരിശോധന ക്യാമ്പിനോട് അനുബന്ധിച്ച് രൂപീകൃതമായ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സ്ഥാപിതമായത്. ആരോഗ്യ രംഗത്ത് ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് വളരെ പ്രാധാന്യം ഉണ്ട്. ആരോഗ്യ പ്രവർത്തകർ ഫീൽഡ് പ്രവർത്തന രംഗത്ത് ഊർജ്ജിതമായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ 5000 ജനസംഖ്യക്ക് ഒരു ആരോഗ്യ പ്രവർത്തകൻ എന്ന ലക്ഷ്യം സാക്ഷാൽകരിക്കാൻ വേണ്ടത്ര പാരാമെഡിക്കൽ ജീവനക്കാർ കുറവായതിനാലും ഈ പ്രവർത്തനത്തെ ബാധിക്കുന്നു. നിലവിലുള്ള ഡോക്ടർമാരുടെ എണ്ണത്തിനനുസൃതമായി പാരാമെഡിക്കൽ ജീവനക്കാരെ ഇന്ന് ലഭ്യമല്ല. ഡോക്ടർമാരുടെ കഴിവ് പൂർണ്ണമായി വിനിയോഗിക്കുന്നതിൽ ഇത് തടസ്സമാകുന്നു. അതിനാൽ പാരാ മെഡിക്കൽ കോഴ്സുകൾക്കുള്ള ഒരു സ്ഥാപനം പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.

പഞ്ചായത്തിൽ കിടത്തി ചികിൽസിക്കാൻ സൗകര്യമുള്ള 50 കിടക്കകളുള്ള ഒരു ആശുപത്രിയായി നിലവിലുള്ള പ്രൈമറി ഹെൽത്ത് സെന്ററിനെ ഉയർത്തുകയും അതിനോടനുബന്ധിച്ച് ഓപ്പറേഷൻ തീയേറ്ററുകളും സ്റ്റാഫ് കോട്ടേഴ്സും നിർമ്മിക്കണമെന്നും ഗ്രാമസഭയിൽ നിന്ന് വന്ന നിർദ്ദേശങ്ങളിൽ പെട്ടവയാണ്.

കോട്ടർ ഗവ: ആയുർവ്വേദ ആശുപത്രി 50 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തേണ്ടതാണ്.

**കക്കൂസ്**

പൊതുജനാരോഗ്യ രംഗത്ത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ് പരിസര ശുചിത്വം. ഇവ ഫലപ്രദമാക്കുവാൻ സാനിറ്ററി കക്കൂസ് ഒരു അവശ്യഘടകമാണ്. പഞ്ചായത്തിൽ ആകെയുള്ള 4717 വീടുകളിൽ 1103 വീടുകളിൽ കക്കൂസില്ല (23%) ഇതിനാൽ വിരശല്യം, വയറിളക്കരോഗങ്ങൾ എന്നിവ കണ്ടിവരുന്നു. 1995-96 വർഷത്തെ കണക്ക് പ്രകാരം പഞ്ചായത്തിൽ 345 പേർക്ക് ജലജന്യ രോഗങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. (അടിസ്ഥാനം ആരോഗ്യ സ്ഥാപന സർവ്വെ). ഗ്രാമ സഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും താഴെകാണുംവിധം സംഗ്രഹിക്കാം.

***തടസ്സകാരണങ്ങളും പരിഹാരങ്ങളും***

1. സാമ്പത്തിക പരാധീനത

1. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, യൂണിസെഫ് തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്.

2. ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തിനാൽ

2. ആരോഗ്യ ബോധവൽക്കരണം വിപുലമാക്കുക. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെ ബന്ധപ്പെടുത്തി അയൽ കൂട്ടങ്ങളിൽ ചർച്ചാ ക്ലാസുകൾ, ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രദർശനങ്ങൾ, സ്ലയ്ഡ്, വീഡിയോ.

3. കോട്ടക്കൽ ടൗണിൽ പൊതു കക്കൂസും മൂത്രപ്പുരകളും സ്ഥാപിക്കണമെന്നും.

3.കക്കൂസില്ലാത്ത 1103 വീടുകൾക്ക് കക്കൂസ് നിർമ്മിക്കാൻ വേണ്ട നടപടികൾ സാമൂഹ്യ സന്നദ്ധ സംഘടനകളുടെ വിഭവ സമാഹരണത്തോടെ നടപ്പാക്കുവാൻ ശ്രമിക്കേണ്ടതാണ്. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായകളെ നശിപ്പിച്ച് പേപ്പട്ടി വിഷബാധയിൽ നിന്ന് കോട്ടക്കൽ പഞ്ചായത്തനെ മോചിപ്പിക്കാൻ ഓപ്പറേഷൻ സീറോ റാബീസ് പദ്ധതി ആരംഭിക്കേണ്ടതാണ്. മാരകമായ മലമ്പനി, മന്ത് എന്നീ രോഗങ്ങൾ തടയുവാൻ കൊതുകുകളെ നശിപ്പിക്കാൻ കൊതുക് നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.

**പരിസര ശുചിത്വം**

പഞ്ചായത്തിലെ മിക്ക ഭാഗങ്ങളിലും ശുചീകരണത്തിന്റെ അഭാവത്തെ കുറിച്ചുള്ള പരാതികൾ ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ നഗരവൽക്കരണ പ്രവണതയും, ജനസംഖ്യാവർദ്ധനവുമൂലം പ്രശ്നം കൂടുതൽ രൂക്ഷമാവാനുള്ള സാദ്ധ്യതയുണ്ട്. പൊതുവായി ശുചീകരണ പ്രവർത്തനത്തിന് പഞ്ചായത്തിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുകയും കോട്ടക്കൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കി വരുന്ന "ക്ലീൻ കോട്ടക്കൽ" എന്ന പദ്ധതി ഊർജ്ജിതമാക്കുകയും വേണം. ഗ്രാമസഭകളിൽ ഈ വിഷയത്തിന് ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരങ്ങളും താഴെ പറയും പ്രകാരം ക്രമപ്പെത്താവുന്ന

താണ്.

ഒന്നാം വാർഡിൽ– മാർക്കറ്റിലും പരിസര പ്രദേശങ്ങളിലും മൽസ്യം, മാംസം തുടങ്ങിയവയുടെ അവശിഷ്ടങ്ങൾ നിക്ഷേപിക്കുക വഴി പരിസര മലിനീകരണം ഉണ്ടാവുന്നു. ആട്ടീരി റോഡ് ബേക്കറി സ്ഥിതി ചെയ്യുന്ന സ്ഥലത്തുള്ള കിണറുകളിലെ വെള്ളം മലിനമായി കണ്ടുവരുന്നു. കൊഴയൂർ ഭാഗത്ത് കോഴിയുടെ അവശിഷ്ടങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കപ്പെടാത്തതിനാൽ പരിസര മലിനീകരണം ഉണ്ടാവുന്നു.

രണ്ടാം വാർഡിൽ– ചങ്കുവെട്ടി ഐ.പി.പി. കുടുംബക്ഷേമ കേന്ദ്രത്തിനടുത്തുള്ള എല്ലിൻ കുഴിയിൽ നിന്ന് വമിക്കുന്ന ദുർഗന്ധം പരിസരമലിനീകരണം ഉണ്ടാക്കുന്നതിനാൽ പ്രസ്തുത സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന സ്റ്റാഫിനും, ചികിൽസ തേടി എത്തുന്ന അമ്മമാർക്കും കുഞ്ഞുങ്ങൾക്കും വലിയ വിഷമങ്ങൾ ഉണ്ടാക്കുന്നു.

വാർഡ് മൂന്നിൽ– രാജാസ് ഹൈസ്കൂൾ മുതൽ കാക്കാതോട് വരേയും നായാടിപ്പാറ മുതൽ കാക്കാതോട് വരെയും റോഡിന്റെ ഇരുവശത്തും അഴുക്കുചാൽ നിർമ്മിക്കുക. ആര്യവൈദ്യശാലയിൽ നിന്നും വരുന്ന മലിന ജലം കെട്ടി നിൽക്കുന്നതും തടയാൻ നടപടി സ്വീകരിക്കുക.

വാർഡ് നാലിൽ – പുലിക്കോട് താഴെപ്പള്ളി പിരസരത്തുള്ള കശാപ്പുശാലയിൽ നിന്നുള്ള മാലിന്യങ്ങൾ കാരണം രൂക്ഷമായ ദുർഗന്ധം അനുഭവപ്പെടുന്നു.

വാർഡ് ആറ്-ൽ പാറമ്മൽ പരിസരത്ത് സ്ഥിതി ചെയ്യുന്ന കശാപ്പു ശാലയിൽ നിന്ന് വമിക്കുന്ന ദുർഗന്ധം വായു മലിനീകരണം സൃഷ്ടിക്കുന്നു. പഴയ ഇരുമ്പ്, തകരം, കുപ്പികൾ തുടങ്ങിയവ ശേഖരിക്കുന്ന കടകളിൽ നിന്ന് തുരുമ്പ് പിടിച്ച തകരം, കുപ്പിചില്ലുകൾ എന്നിവ അലക്ഷ്യമായി റോഡരികിൽ നിക്ഷേപിക്കുന്ന കാരണം നടന്നു പോകുന്നവരുടെ കാലിൽ തുളച്ചു കയറി മാരകമായ ടെറ്റനസ് രോഗം ഉണ്ടാവാൻ ഇടയാവുന്നു.

വാർഡ് ഏഴിൽ– കോട്ടപ്പറമ്പിൽ നിന്നും ഒഴുകി വരുന്ന മഴവെള്ളം റോഡിൽ കൂടി ഒഴുകി പോകുന്നത് തടയാൻ അഴുക്കുചാലുകൾ നിർമ്മിക്കണം.

വാർഡ് എട്ടിൽ– പൂഴിത്തറ റോഡിലൂടെ മലിന ജലം ഒഴുകുന്നതു കാരണം കൊതുക് പെരുകുന്നതിനും, കിണറുകളിലെ ജലം മലിനമാകുന്നതിനും കാരണമാകുന്നു.

വാർഡ് പന്ത്രണ്ടിൽ– വലിയപറമ്പ് പ്രദേശത്തെ ചപ്പ് ചവറുകൾ കൊണ്ട്വന്ന് നിക്ഷേപിക്കുന്നത് ശാസ്ത്രീയമായി സംസ്കരിക്കേണ്ടതാണ്.

പഞ്ചായത്തിൽ 32 ഹോട്ടലുകളും, 18 ശീതള പാനീയ ശാലകളും പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ഥാപനങ്ങളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വിൽപന ആരോഗ്യ നിയമ നിയന്ത്രണങ്ങൾക്ക് വിധേയമാക്കേണ്ടതാണ്.

ഇവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഹെൽത്ത കാർഡ് സമ്പ്രദായം നടപ്പിലാക്കുന്നതിനും അങ്ങാടികൾ ശുചിയാക്കുന്നതിനും കച്ചവടക്കാരെ ബോധവൽക്കരിക്കുകയും, ആയവ പാലിക്കാത്തവരിൽ നിന്ന് പിഴ ഈടാക്കാനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

മാസത്തിൽ ഒരു തവണയെങ്കിലും ജനപ്രധിനിധികളും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥന്മാരും സാമൂഹ്യ പ്രവർത്തകരും ഉൾകൊള്ളുന്ന ഹെൽത്ത് മോണിറ്ററിംങ് ടീം ഹോട്ടലുകളും ശീതളപാനീയശാലകളും മറ്റുഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങളും പിരശോധിക്കുകയും D and O trade പരിധിയിൽ വരുന്ന കച്ചവടസ്ഥാപനങ്ങൾ യഥാസമയങ്ങളിൽ പരിശോധിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.

ആധുനിക രീതിയിൽ കോട്ടക്കൽ ഒരറുവ ശാല നിർമ്മിച്ച് അനധികൃതമായ കശാപ്പുകൾ നിർത്തലാക്കുകയും, ആരോഗ്യമുള്ള മൃഗത്തെ മാത്രമേ കശാപ്പു ചെയ്യൂ എന്നുറപ്പു വരുത്താൻ വേണ്ട സംവിധാനം ഉണ്ടാവണം.

പഞ്ചായത്തിൽ മാലിന്യങ്ങൾ ശാസ്ത്രീയമായി രീതിയിൽ സംസ്കരിച്ച് കമ്പോസ്റ്റ് വളമായി രൂപപ്പെടുത്തിയാൽ മലിനീകരണം തടയുന്നതോടപ്പം പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യാം.

ഭൂമിശാസ്ത്രപരമായി കോട്ടക്കൽ പട്ടണം Drainage സംവിധാനത്തിന് അനുയോജ്യമായി ഉയർന്ന സ്ഥലത്തു നിന്ന് താഴ്ന്ന സ്ഥല്ത്തേക്കാണ് സ്ഥിതി ചെയ്യുന്നത്. മഴപെയ്തുണ്ടാവുന്ന ജലം റോഡിലൂടെ ഒഴുകിപോകാതെ മേലെ അങ്ങാടിയിൽനിന്ന് പുത്തൂർ ഭാഗം വരെയും കോട്ടക്കൽ ജംഗഷിൻ നിന്ന് കാക്കാത്തോട് വരെയും ആഴത്തിലും വീതിയിലും സമഗ്രമായ ഒരഴുക്കുചാൽ പദ്ധതി നടപ്പിൽ വരുത്തുകയും മലിന ജലം ട്രീറ്റ് ചെയ്ത് അനുയോജ്യമായ സ്ഥലത്തേക്ക് തിരിച്ചു വിടേണ്ടതാണ്. വർഷക്കലത്തും വരൾച്ചകാലത്തും പകർച്ചവ്യാധികൾ പടർന്നു പിടിക്കുക സാധാരണമാണ്. ഇതുനെതിരെ കിണറുകളിൽ Chlorination നടത്തുക, ഈച്ച, കൊതുക് എന്നിവയെ നശിപ്പിക്കുക, ആരോഗ്യശീലങ്ങളെ സംബന്ധിച്ച് പൊതുജന ബോധവത്കരണ ക്യാമ്പുകൾ നട

ത്തുക, അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പുചവറുകളും കമ്പോസ്റ്റാക്കി മാറ്റി അടുക്കളതോട്ടത്തിൽ വളമായി ഉപയോഗിക്കുക, വീടിനടുത്ത് മലിനജലം കെട്ടിനിൽക്കുന്നത് തടയുക, കൂത്താടികളുള്ള സ്ഥലങ്ങളിൽ മണ്ണെണ്ണ ഒഴിച്ച് അവയെ നശിപ്പിക്കുക, വീടുകളിൽ DDT തളിച്ച് കൊതുക് നശീകരണം ഫലപ്രദമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ വിജയപ്രദമാക്കുവാൻ ജനപ്രധിനിധികളും സന്നദ്ധസംഘടനാപ്രവർത്തകർ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ അടങ്ങുന്ന ഹെൽത്ത് വളണ്ടിയർ സ്ക്വാഡ് രൂപീകരിക്കുകയും വാർഡുകൾതോറും പ്രസ്തുത ടീം സന്ദർശിച്ച് ആരോഗ്യ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്.

ചീഞ്ഞ മത്സ്യ മാംസങ്ങളും വിൽപ്പന തടയുവാൻ ആരോഗ്യ പ്രവർത്തകർ ഉൾക്കൊള്ളുന്ന മോണിറ്ററിംങ് ടീം മിന്നൽ പരിശോധനകൾ നടത്തുകയും വേണ്ട നിയമ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ**

1. യോഗകേന്ദ്രം:- പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശീലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന ഒരു യോഗ പരിശീലന കേന്ദ്രം പഞ്ചായത്തിന്റെ കീഴിൽ സ്ഥാപിച്ച്, ശരിയായ പരിശീലനം നൽകുക വഴി ജനതയുടെ കായികവും മാനസികവുമായ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്താൻ സാധ്യമാവും.

**പൊതുശ്മശാനം:-**

കോട്ടക്കൽ ആധുനിക രീതിയിൽ കൈപ്പള്ളിക്കുണ്ട് തെക്ക് ഭാഗത്ത് പാടത്തോടു ചേർന്ന് ഒരു പൊതുശ്മശാനം നിർമ്മിക്കണംമെന്ന് രണ്ടാം വാർഡ് ഗ്രാമസഭയുടെ പ്രധാന ആവശ്യങ്ങളിൽ ഒന്നാണ്.

**വയോജന ആരോഗ്യ കേന്ദ്രം:-**

സമൂഹത്തിലെ മുഖ്യ ആശ്രിത വിഭാഗമായ വൃദ്ധജനങ്ങഴൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു വയോജന ആരോഗ്യ കേന്ദ്രം സ്ഥാപിക്കേണ്ടതാണ്. പ്രായമായവരുടെ മാനസികവും ശാരീരകവുമായ പ്രശ്നങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യാൻ പരിശീലനം നേടിയവരെ നിയമിച്ച് അവരുടെ ആരോഗ്യപരവും മാനസികവുമായ ഉയർച്ചക്കാവശ്യമായ പദ്ധതികൾ രൂപം നൽകേണ്ടതാണ്.

അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഭിക്ഷക്കാരായും തൊഴിൽ തേടിയും എത്തിയിട്ടുള്ള മാരകമായ പകർച്ച വ്യാധികൾക്ക് അടിമപ്പെട്ട് പ്രത്യേകിച്ച് കുഷ്ഠ രോഗികൾ പൊതുസ്ഥലങ്ങളിലും പുറംപോക്കുകളിലും മലമൂത്ര വിസർജ്ജനം ചെയ്യുന്നതുമൂലം വികസനത്തിലേക്ക് പ്രയാണം ചെയ്യുന്ന കോട്ടക്കൽ പഞ്ചായത്തിൽ പ്രത്യേകിച്ചും പട്ടണപ്രദേശത്ത് ഇതൊരു ഭീഷണിയായി നിലനിൽക്കുന്നു. ഇതിനൊരു പരിഹാരമെന്നോണം ഇത്തരക്കാരെ പുനരധിവസിച്ച് രോഗികളായവർക്കാവശ്യമായ ചികിൽസാ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. അതോടൊപ്പം കോട്ടക്കൽ പട്ടണം ഒരു യാചക നിരോധിത മേഖലയായി പ്രഖ്യാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**പഞ്ചായത്തിലെ ആരോഗ്യ രംഗവും വാർഡ് തിരിച്ച് സ്ഥിതിവിശേഷവും**

വാർഡ് സ്ഥാപനങ്ങൾ കാണപ്പെടുന്ന പ്രധാന പ്രധാന രോഗങ്ങൾ പ്രവർത്തനകുറിച്ചുള്ള വിലയിരുത്തൽ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ

പൊതുസ്ഥാപനങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾ

1 ആരോഗ്യ സ്ഥാപനങ്ങൾ ഒന്നുമില്ല. അലോപതി ആശുപത്രി-2 ആയുർവ്വേദ കോളേജ്-1 വയറിളക്കം, പനി ഒരു കുടുംബ ക്ഷേമ കേന്ദ്രം ഇല്ല ഒരു കുടുംബ ക്ഷേമ കേന്ദ്രവും, ആവശ്യമായ മരുന്നുകൾ ലഭ്യമാക്കണം.

11 I.P.P. sub center-1 ആയുർവ്വേദ ചാരിററബിൾ ആശുപത്രി-1, ഹോമിയോ ക്ലിനിക്ക്-1 വയറിളക്കം, പനി, ചപ്പട്ട sub-center നടുത്ത് എല്ലിൻ കുഴി നീക്കം ചെയ്യുകയോ ശാസ്ത്രീയമായി സംസ്കരിക്കുകയോ വേണം സബ് സെന്ററിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കണം

111 ഗവൺമെന്റ് ആയുർവേദ മെന്റൽ ഹോസ്പിറ്റൽ-1 ആയുർവേദ നേഴ്സിംങ് ഹോം -1 ഗവൺമെന്റ് മെന്റൽ ആശുപത്രിക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കണം ശോച്യാവ്യവസ്ഥ പരിഹരിക്കണം. മരുന്നുകൾ ലഭ്യമാക്കണം

1V ആരോഗ്യസ്ഥാപനങ്ങൾ ഒന്നുമില്ല. ആരോഗ്യ സ്ഥാപനങ്ങൾ ഒന്നുമില്ല - - ഒരു കുടുംബക്ഷേമ കേന്ദ്രം ആവശ്യമാണ്.

V I.P.P. sub center-1 ആരോഗ്യസ്ഥാപനങ്ങൾ ഒന്നുമില്ല - സബ്സെന്റർ ആശുപത്രിയായി ഉയർത്തുക. ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക.

V1 പ്രൈമറി ഹെൽത്ത് സെന്റർ-1 അലോപതി ആശുപത്രി-1, ഹോമിയോ ക്ലിനിക്ക്-1 കണ്ണ് രോഗങ്ങൾ, പനി സ്ഥലസൗകര്യമില്ല. 50 ബെഡ്ഡുള്ള ആശുപത്രിയായി ഉയർത്തണം, സ്റ്റാഫുകളുടെ എണ്ണം വർദ്ധിപ്പിക്കണം.

V11 I.P.P സബ്സെന്റർ-1 ആരോഗ്യ സ്ഥാപനങ്ങൾ ഒന്നുമില്ല - ബോധവൽക്കരണ ക്യാമ്പുകൾ

രോഗ പ്രതിരോധ ക്യാമ്പുകൾ നടക്കേണ്ടതാണ്. ആവശ്യമായ മരുന്നുകൾ ലഭ്യമാക്കണം.

V111 സബ്സെന്റർ 1 ആരോഗ്യ സ്ഥാപനങ്ങൾ ഒന്നുമില്ല - സബ്ബ് സെന്ററിൽ കിണർ ഇല്ല ആവശ്യമായ മരുന്നുകൾ ലഭ്യമാക്കണം .


1X ആരോഗ്യ സ്ഥാപനങ്ങൾ ഒന്നുമില്ല - - ഒരു സബ്സെന്റർ ആവശ്യമാണ്.

X ആയുർവേദ ഗവൺമെന്റ് ഹോസ്പിറ്റൽ-1 ആരോഗ്യ സ്ഥാപനങ്ങൾ ഒന്നുമില്ല. - ആവശ്യമായ കിടക്കകൾ ഇല്ല. 50 ബെഡ്ഡുള്ള ആശുപത്രിയായി ഉയർത്തുകയും, ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുകയും വേണം.

X1I.P.P. സബ്സെന്റർ 1 ആരോഗ്യസ്ഥാപനങ്ങൾ ഒന്നുമില്ല - ബോധവൽക്കരണക്യാമ്പുകൾ ആവശ്യമാണ്. ആവശ്യമായ മരുന്നുകൾ ഏർപ്പെടുത്തണം. .

X11 ആരോഗ്യ സ്ഥാപനങ്ങൾ ഒന്നുമില്ല - - ഒരു സബ്സെന്റർ ആവശ്യമാണ്.

X111 സബ്സെന്റർ-1 ആരോഗ്യ സ്ഥാപനങ്ങൾ ഒന്നുമില്ല - ബോധവൽകരണ ക്യാമ്പും രോഗ പ്രതിരോധ പ്രവർത്തനവും ഊർജ്ജിതപ്പെടുത്തണം കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ തീർക്കുകയും മരുന്നുകൾ എത്തിക്കുകയും വേണം.



# 9

## ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ ഗതാഗത സൗകര്യമുള്ള പഞ്ചായത്തുകളിൽ ഒന്നാണ് കോട്ടക്കൽ ഗ്രാമപഞ്ചായത്ത് .ഗ്രാമ സഭകളിൽ നടന്ന ചർച്ചകളിൽ പ്രധാനമായും ഉയർന്നുവന്നിട്ടുള്ളത് ഗതാഗത പ്രശ്നങ്ങൾ തന്നെയാണ് .ഇതുകൊണ്ട് തന്നെ ഗതാഗത പ്രശ്നങ്ങൾ ജനങ്ങളുമായി അഭേദ്യമായ ബന്ധം പുലർത്തുന്നുണ്ടെന്ന് നമുക്കു മനസ്സിലാക്കാം .

കോട്ടക്കൽ പഞ്ചായത്തിൽ 123.401 കി മി .ദൂരത്തിലുള്ള റോഡ് സൗകര്യമുണ്ട് .അതിൽ ടാർചെയ്ത പഞ്ചായത്ത് വക റോഡുകൾ 42.044 കി മീറ്ററും P.W.D റോഡ് 8 കി മീറ്ററും നാഷണൽ ഹൈവേ 4 കിമീറ്ററും ആണ് . ബാക്കിയുള്ള 69 .357 കി മീറ്റർ റോഡ് ടാർചെയ്ത് ഗതാഗത യോഗ്യമാക്കുവാനുള്ളതാണ് .

പഞ്ചായത്തിൽ വിശാലമായ ഒരു ബസ്സ്റ്റാൻഡും ഒരു ടാക്സി സ്റ്റാൻഡും ഉണ്ട് . വിശാലമായ ബസ്സ്റ്റാൻഡാണെങ്കിലും യാത്രക്കാർക്ക് മഴയും വെയിലും കൊള്ളാതെ സൗകര്യപ്രദമായി ബസ്സിൽ കയറുന്നതിനോ ഇറങ്ങുന്നതിനോ സാധ്യമല്ലാത്ത അവസ്ഥയാണ് നിലവിലുള്ളത് . സൗകര്യപ്രദമായ ബസ്ഷെൽട്ടറുകളുടെ അഭാവമാണ് ഇതിനു കാരണം . ബസ്സുകൾക്ക് പുറമെ പറപൂർ, പുത്തനത്താണ്, ചെമ്മാട് ,ഇന്ത്യനൂർ ,കോട്ടൂർ ,വിലയ്യൂർ എന്നീ സ്ഥലങ്ങളിലേക്ക് ജീപ്പുകളും ട്രക്കറുകളും സർവ്വീസ് നടത്തുന്നുണ്ട് .

പഞ്ചായത്തിലെ നിലവിലുള്ള റോഡുകളുടെ പേര് ദൂരം ഉടമസ്ഥാവകാശം എന്നിവ താഴെ ചേർക്കുന്നു .

S.No. നിലവിലുള്ള ടാറിട്ട റോഡുകൾ ഉടമസ്ഥത ദൂരം കി മീ.

1 കോവിലകം റോഡ് പഞ്ചായത്ത് 800 മീ

2 യാഹു റോഡ് 900 മീ

3 കോവിലകം -പാലച്ചുറ റോഡ് 435 മീ

4 .കാവതികളം കോട്ടൂർ ,ഇന്ത്യനൂർ റോഡ് 1900 മീ

5 പരവക്കൽ ബാപ്പു ഹാജി റോഡ് 370 മീ

6 കാവതികളം മാറാക്കര റോഡ് 3110 മീ

7. മാന വേദരർ രാജാ റോഡ് 2080 മീ

8 ഇന്ത്യനൂർ -ചൂന്തൂർ റോഡ് 0.375 മീ

9. വൈദ്യരത്നം റോഡ് 2325 മീ

10. ചങ്കുവെട്ടി മിനി ഇൻഡസ്ട്രിയൽ റോഡ് 1000 മീ

11. ആലിക്കൽ വൈദ്യരത്നം റോഡ് 1075 മീ

12. മേലേതിൽ മുഹമ്മദ് സാഹിബ് റോഡ് 427 മീ

13. വില്ലൂർ കൂരിയാട് റോഡ് 970 മീ

14. സ്വാഗതമാട് -വൈദ്യരത്നം റോഡ് 635 മീ

15. കൊഴൂർ റോഡ് 655 മീ

16. ചെനക്കൽ കരുവൻപടി മദ്രസ്സ റോഡ് –950 മീ

17 .ചങ്കുവെട്ടിക്കുളം മസ്ജിദ് മിനി ഇൻഡസ്ട്രിയൽ റോഡ് – 134 മീ

18. പാണ്ഡമംഗലം ആലിക്കൽ റോഡ് 1555 മീ

19. പാണ്ടമങ്കലം ടംബിൾ റോഡ് 823 മീ

20. വയനാട് റോഡ് 1276 മീ

21. നെല്ലിക്കാപറമ്പ് റോഡ് 1144 മീ

22. പറമ്പിലങ്ങാടി മാനവേദൻരാജാ റോഡ് (NH17) 490 മീ

23. പെരുമ്പള്ളിമൊയ്തീൻ കുട്ടിസാഹിബ് സ്മാരക റോഡ് 374 മീ

24. ചെറുക്കൻ മൊയ്തു ഹാജി റോഡ് 987 മീ

25. കോട്ടൂർ പണിക്കർകുണ്ട് റോഡ് 1047 മീ

26. കൈപ്പള്ളിക്കുണ്ട് റോഡ് 549 മീ

27. താഴെചന്തപ്പടി താരാതിയേറ്റർ റോഡ് 393 മീ

28. ബസ്സ്റ്റാൻഡ് ബൈപാസ്റോഡ് 200 മീ

29. പാലത്തറതോക്കാ പാറ റോഡ് 800 മീ

30. അബ്ദുൽഹമീദ് മൗലവി റോഡ് 928 മീ

31. ആലുക്കൽ മാറാക്കര റോഡ് 805 മീ

32. ഇന്ത്യനൂർ - ചൂനൂർ കല്ലുപാലം റോഡ് 1450 മീ

33. കോട്ടൂർ പത്തായക്കല്ല് റോഡ് 3500 മീ

34. പുലിക്കോട് മസ്ജിദ് റോഡ് 600 മീ

35. ഇന്ത്യനൂർ -മരവട്ടം 600 മീ

36. വലിയപറമ്പ് വട്ടപ്പാറ റോഡ് 1700 മീ

37. കുറുപ്പിൻപടിപാപ്പായി റോഡ് 1000 മീ

38 .കൂരിയാട് -കല്ലുപറമ്പ് മാണിയേങ്ങൽ ചോല

റോഡ് 250 മീറ്റർ

39.കോട്ടക്കൽ ഇന്ത്യനൂർ -ചാപ്പനങ്ങാടി റോഡ് P.W.D 8000 മീ

40. കോട്ടക്കൽ -പറപ്പൂർ റോഡ് P.W.D 900 മീ

41. തിരൂർ -മലപ്പുറം റോഡ് P.W.D 2000 മീ

42. മുംബൈ-കന്യാകുമാരി റോഡ് (N.H) 4000 മീ

പഞ്ചായത്തിലെ മിക്ക റോഡുകളും സാമാന്യം ഭേദപ്പെട്ടതാണെങ്കിലും ചില റോഡുകളുടെ അവസ്ഥ ശോചനീയമാണ് .അറ്റകുറ്റപണികൾ യഥാസമയം നടക്കാത്തതും വർഷകാലങ്ങളിൽ ഓവുചാലിലും കലുങ്കുകളിലും വെള്ളം കെട്ടി നിൽക്കുന്നതുമാണ് ഈ ശോചനീയാവസ്ഥക്കു കാരണം

റോഡു നിർമ്മാണം :-

പഞ്ചായത്തിലെ ഗതാഗത സൗകര്യം മെച്ചപ്പെട്ടതാണെങ്കിലും ഇനിയും കൂടുതൽ റോഡ് നിർമ്മിക്കുന്നതിനും നിലവിലുള്ള റോഡുകൾ ടാറിടുന്നതിനും വീതികുറഞ്ഞറോഡുകൾ വികസിപ്പിക്കുന്നതിനും മിക്കവാറും എല്ലാ ഗ്രാമസഭായോഗങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട് .

ഗ്രാമ സഭകളിൽനിന്നും ടാറിംഗിനു നിർദ്ദേശിച്ച ഏതാനും റോഡുകളുടെ പട്ടികയാണ് താഴെചേർത്തിട്ടുള്ളത്

ക്രമനമ്പർ ഗ്രാമസഭകളിൽ നിന്നും പുരോഗമന പ്രവൃത്തി നിർദ്ദേശിച്ച ഏതാനും റോഡുകൾ

1. ചെങ്കുവെട്ടി എൽ പി സ്ക്കൂൾ റോഡ്

2. നാഷണൽ ഹൈവേയിൽ പൊട്ടിപ്പാറ റോഡ്

3. പരപ്പൻ റോഡ്

4.കൈപ്പള്ളിക്കുണ്ടിൽ അവശേഷിക്കുന്ന ടാറിംഗ് പ്രവർത്തി

5. പള്ളിപറമ്പിൽ റോഡ്മുതൽ യാഹു റോഡ് വരെയുള്ള ഭാഗം

6. ഔഷധി റോഡ്

7. B H റോഡിൽനിന്നും പോലീസ്റ്റേഷനു പിന്നിലെ റോഡ്

8. മുണ്ടിയൻ തറ കാലറിക്കൽ റോഡ്

9. ആംപാറ ആലിക്കൽ റോഡ്

10. കരിമ്പനക്കൽ മുളിയൻകുന്ന് റോഡ്

11. കുറ്റിപ്പുറം വടക്കെതല റോഡ്

12. ആലിൻചുവട് ചിനക്കൽ റോഡ് വീതികൂട്ടുക

13.കരുവൻപടി ചിനക്കൽ റോഡ് കയറ്റം കുറച്ച് ടാർചെയ്യുക

14. പാലപ്പുറ കിഴക്കേതല റോഡ്

15.നായാടിപാറ നന്തയിൽ കുളമ്പ ശ്മാന റോഡ്

16. ആമപ്പാറ കോട്ടൂർ റോഡ്

17. കുറ്റിപ്പുറം കോട്ടൂർ ചുള്ളിക്കാട് റോഡ്

18. ചെമ്മുക്ക് റോഡ്

19. പാപ്പായി കല്ലുമട റോഡ്

20. വില്ലൂരിൽ നിന്നും മുള്ളൻ മടലക്ഷംവീട് കോളനിറോഡ്

21. വില്ലൂരിൽ നിന്നും മാണിയേങ്ങൽ ചോല റോഡ് (രണ്ടാം ഘട്ടം)

22. മുണ്ടിയൻ തറപാപ്പായി റോഡ്

23. വലിയപറമ്പ് കല്ലട റോഡ്

24. ഉദിരാണി മുണ്ടിയൻ തറ റോഡ്

25. വട്ടപ്പാറ മുണ്ടിയൻ തറ റോഡ്

26. ഇന്ത്യനൂർ -മരവട്ടം റോഡ് (രണ്ടാം ഘട്ടം)

പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്ന റോഡുകളുടെയും ASനും TSനും അപേക്ഷിച്ച റോഡുകളുടെയും ടെണ്ടർ വിളിച്ച റോഡുകളുടെയും സ്ഥിതി വിവരകണക്കുകൾ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല .

ഗ്രാമ സഭകളിൽനിന്നും പുതുതായി ഉണ്ടാക്കാൻ നിർദ്ദേശിച്ച ഏകദേശം റോഡുകളുടെ സ്ഥിതിവിവര കണക്കുകളാണ് താഴെ പട്ടികയിൽ ചേർത്തിട്ടുള്ളത് .

SNo.ഗ്രാമസഭകളിൽനിന്നും നിർദ്ദേശിച്ച പുതിയ റോഡുകൾ

1. കൃസ്ത്യൻ പള്ളിയുടെ അരികിലൂടെയുള്ള ഇടവഴി

2. ചങ്കുവെട്ടി എൽ പി സ്ക്കൂൾ റോഡ് മിനിറോഡുമായി ബന്ധിപ്പിക്കുക

3. കോട്ടക്കൽ വുഡ് കോംപ്ലക്സിനു അരികിലൂടെയുള്ള റോഡ് കൊഴൂർ റോഡുമായി ബന്ധിപ്പിക്കുക .

4. സൂപ്പി ബസാർ ചുണ്ട മദ്രസ്സയുടെ അരികിലൂടെയുള്ള ഇടവഴി റോഡാക്കുക .

5. ചുണ്ടപാടത്തെ നടുവരമ്പ് റോഡാക്കി സൂപ്പി ബസാറുമായി ബന്ധിപ്പിക്കുക .

6. കൈപ്പള്ളിക്കുണ്ട് റോഡ് സംഗീത് റോഡ് യാഹു റോഡ് എന്നിവകളുമായി ബന്ധിപ്പിക്കുക .

7. തോക്കാം പാറ റോഡ് കൈപ്പള്ളിക്കുണ്ടുമായി ബന്ധിപ്പിക്കുക .

8.ചങ്കുവെട്ടി പള്ളിപ്പറമ്പ് റോഡ് തോക്കാം പാറ റോഡുമായി യോജിപ്പിക്കുക .

9. വയനാട് റോഡിൽ നിന്നും ആറുംകാട് വഴി മാനവേദൻരാജാ റോഡുമായി യോജിപ്പിക്കുക .

10 യാഹുറോഡിൽ പാലത്തിനു സൈയിഡിലൂടെയുള്ള തോട് വരമ്പ് റോഡാക്കി ഔഷധിറോഡുമായി ബന്ധിപ്പിക്കുക .

11. സംഗീത് റോഡ് മാനവേദൻ രാജാ റോഡുമായി യോജിപ്പിക്കുക.

12. മുണ്ടിയൻ തറ റോഡ് യാഹു റോഡുമായി ബന്ധിപ്പിക്കുക.

13. മെന്റൽ ആശുപത്രീ ഊട്ടിറോഡുമായി ബന്ധിപ്പിക്കുന്ന ഇടവഴി റോഡാക്കുക.

14. പെരുന്തടത്തിൽ ഇടവഴി റോഡാക്കുക

15. ചോലക്കാട് ആലിൻചുവട് ഇടവഴി റോഡാക്കുക

16. മുണ്ടാനത്ത് ഇടവഴി റോഡാക്കുക

17. ആറൻ മാട ഇടവഴി റോഡാക്കുക

18. കോട്ടക്കൽ GMUP സ്ക്കൂൾ സൈയിഡിലൂടെയുള്ള ഇടവഴി റോഡാക്കി കൈപ്പള്ളിക്കുണ്ട് റോഡുമായി യോജിപ്പിക്കുക.

19. കോവിലകം റോഡിൽനിന്നും ഒറിജിനൽ പ്രസ്സിന്റെ സൈയിഡിലൂടെ പാലപ്പുറയിലേക്കുള്ള ഇടവഴി റോഡാക്കുക.

20. മേലേതിൽ മുഹമ്മദ് സാഹിബ്ബ് റോഡിൽനിന്നും പഞ്ചായത്ത് പൊതു കിണർ സൈഡിലൂടെയുള്ള ഇടവഴി റോഡാക്കി ആട്ടീരി റോഡുമായി യോജിപ്പിക്കുക.

21. BH റോഡിൽ നിന്നും കൈപ്പള്ളിക്കുണ്ട് റോഡ് വരെയുള്ള പഞ്ചിളി ഇടവഴി റോഡാക്കുക.

22. BH റോഡിൽനിന്നുള്ള കിഴക്കേതലവൻ ഇടവഴി റോഡാക്കി കൈപ്പള്ളിക്കുണ്ടു റോഡുമായി യോജിപ്പിക്കുക.

23. ലീനാറോഡിൽനിന്നും തുടങ്ങുന്ന മുസ്ലീയാരകം ഇടവഴി റോഡാക്കി പാലപ്പുറ റോഡുമായി യോജിപ്പിക്കുക.

24. മേലേതിൽ റോഡിൽനിന്നും തുടങ്ങുന്ന വട്ടോളി ഇടവഴി റോഡാക്കുക.

25. കാവതികളം അത്താണിക്കൽ വയലിലൂടെ പുത്തൂർപാലത്തിലേക്ക് റോഡ് നിർമ്മിക്കുക.

26. ഇയ്യക്കാട് ഇടവഴി റോഡാക്കുക

27. കല്ലട ഇടവഴി റോഡാക്കി വില്ലൂരുമായി യോജിപ്പിക്കുക.

28. ആമപ്പാറ ആലുക്കൽ റോഡ് നിർമ്മിക്കുക.

29. കോട്ടൂർ നാലു സെന്റു കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.

30. കുണ്ടൻ മാൽ റോഡ് കാടാമ്പുഴറോഡുമായി യോജിപ്പിക്കുക.

31. പണിക്കർ കുണ്ടിനെയും വില്ലൂരിനെയും യോജിപ്പിച്ച് റോഡ് നിർമ്മിക്കുക.

32 അൽ ഇഹ്സാൻ പള്ളിയുടെ സൈയിഡിലൂടെയുള്ള ഇടവഴി റോഡാക്കുക.

33 ഹസ്സൻപടി കല്ലറമ്പ് റോഡുമായി യോജിപ്പിക്കുക.

34. മുളിയൻ കോട്ട പത്തായക്കല്ല് റോഡ് നിർമ്മിക്കുക.

35. വെടിയുണ്ട റോഡും പാപ്പായി റോഡും യോജിപ്പിക്കുക.

36. മുളിയൻ കോട്ടയിൽനിന്ന് വെളിയം കുന്നുമുക്കാട് ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക.

37. ഞാറ്റുവെട്ടിയിൽനിന്ന് മുളിയൻ കോട്ടയിലേക്ക് റോഡ് നിർമ്മിക്കുക.

38. കടവണ്ടി ഇടവഴി റോഡാക്കുക.

39. ഉദരാണി നരിമട ഇടവഴി റോഡാക്കുക.

40. കോഴിക്കൽ കുറവൻ തോട് ഇടവഴി റോഡാക്കുക.

41 വട്ടപ്പാറയിൽനിന്നും പണിക്കർകുണ്ടിലേക്ക് റോഡ് നിർമ്മിക്കുക.

42. കുറുക്കൻ കുണ്ട് റോഡ് പത്തായക്കല്ലുമായി യോജിപ്പിക്കുക.

43. പള്ളിപ്പറമ്പ് ആലിൻ കുണ്ട് റോഡ് മാറാക്കര റോഡുമായി യോജിപ്പിക്കുക.

44. കുറുക്കൻകല്ല് റോഡ് ചാത്തൻ കല്ല് റോഡുമായി യോജിപ്പിക്കുക.

45. അമ്പലംവഴി തുറക്കൽവരെ റോഡ് നിർമ്മിക്കുക.

46. അല്ലിങ്ങൽ ഇടവഴി റോഡാക്കുക.

47. കാക്കാതോടുവരമ്പ് പറശ്ശാലവരമ്പു റോഡാക്കുക.

48. മണ്ണാർ ഇടവഴി വീതികൂട്ടി റോഡാക്കുക.

ടാർചെയ്ത റോഡുകളുടെ പ്രശ്നങ്ങളും ഗതാഗതകുരുക്കുകളും

നിലവിലുള്ള റോഡുകളുടെ ഗുണനിലവാരം ഇല്ലായ്മ. മികച്ച യാത്രാസൗകര്യത്തിന് അനുയോജ്യമായ വിധം റോഡുകൾമെച്ചപ്പെടുത്തുക. റോഡിന്റെ വീതിക്കുറവ്, വളവുകൾ, പാർശ്വങ്ങളിലെ നടപ്പാത ഇല്ലായ്മ എന്നിവ പരിഹരിക്കപ്പെടേണ്ടതുണ്ട്.

ബസ്സ്, ജീപ്പ്, ഓട്ടോറിക്ഷ, ലോറി മുതലായവയുടെ ബാഹുല്യം കാരണം ടൗണിൽ ഗതാഗതകുരുക്കുകൾ നിത്യസംഭവമാണ്. സദാതിരക്കേറിയ പറപ്പൂർ റോഡ് ജംഗഷനിലെ ഗതാഗതക്കുരുക്ക് പലപ്പോഴും അപടകങ്ങൾ ക്ഷണിച്ചു വരുത്തുന്നു. റോഡിന്റെ ഇരു ഓരങ്ങളിലും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനാൽ ഇടക്കിടെ ഗതാഗത തടസ്സങ്ങൾ നിത്യസംഭവമാണ്. കോട്ടക്കൽ ബസ്സ്റ്റാന്റ് വഴി പോകേണ്ട ദീർഘദൂരബസ്സുകൾ ഗതാഗതക്കുരുക്ക് കാരണമാണ് സ്റ്റാന്റിൽ പ്രവേശിക്കാതെ പോകുന്നത്.

## പരിഹാര നിർദ്ദേശങ്ങൾ

വളാഞ്ചേരി കുറ്റിപ്പുറം ഭാഗങ്ങളിൽനിന്നും മലപ്പുറം മഞ്ചേരി ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ

ടൗണിലെ ഗതാഗതക്കുരുക്കിനു പ്രധാനകാരണമാകുന്നു .പഞ്ചായത്തിന്റെ തെക്കെ അറ്റമായ ചെനക്കലിൽ നിന്നും ആമപ്പാറ ,കാവതികളം ,പാലപ്പുറ വഴി വയലിലൂടെ പുത്തൂർ പാലം അപ്രോച്ച് റോഡിലേക്ക് സന്ധിക്കുന്ന വിധത്തിൽ ഒരു ബൈപാസ്റോഡ് നിർമ്മിക്കാവുന്നതാണ് .പഞ്ചായത്തിന്റെ പടിഞ്ഞാറെ അറ്റമായ കോട്ടക്കൽ ആയുർവേദകോളേജ് ഭാഗത്തു നിന്നു തുടങ്ങി കൊഴൂർ ചുണ്ട സൂപ്പി ബസാർ പാറയിൽ സ്ട്രീറ്റ് വഴി പുത്തൂർപാലം അപ്രോച്ച് റോഡിലേക്ക് യോജിപ്പിക്കുന്ന വിധത്തിലും ഒരു ബൈപാസ് റോഡ് നിർമ്മിക്കാവുന്നതാണ് .ഈ രണ്ട് ബൈപ്പാസ്സുകളും യാഥാർത്ഥ്യമാകുകയാണെങ്കിൽ ടൗണിലെ ഗതാഗതക്കുരുക്കിനു ഒരു പരിധിവരെ പരിഹാരമാകും .

മലപ്പുറം തിരൂർ റോഡിൽ ചങ്കുവെട്ടി ജംഗ്ഷൻ, ആര്യവൈദ്യശാല ധർമ്മാശുപത്രിക്കു മുൻവശം ,സബ് റജിസ്ട്രാഫീസിനു മുൻവശം തുടങ്ങിയ സ്ഥലങ്ങളിൽ വെയ്റ്റിംഗ് ഷെഡ് നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണ് . സെൻട്രൽ ബസാർ ജംഗഷനിൽ ഇപ്പോൾ ബസ്സുകൾ നിർത്തി ആളെ കയറ്റുന്നതും ഇറക്കുന്നതും മൂലം ഉണ്ടാകുന്ന അപകടങ്ങൾ മേൽ സൂചിപ്പിച്ച വെയ്റ്റിംഗ് ഷെഡുകൾ നിർമ്മിക്കുകയാണെങ്കിൽ ഒഴിവാക്കാൻ കഴിയും .

ഓട്ടോറിക്ഷകൾ ട്രാഫിക്ക് സംവിധാനത്തിനു തടസ്സം :

ടൗണിലെ ഗതാഗതക്കുരുക്കിനു ഒരു പ്രധാന കാരണം ഓട്ടോറിക്ഷകളുടെ അശാസ്ത്രീയമായ പാർക്കിംങ്ങും ആണ് .പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലേക്കും ഗതാഗത സൗകര്യം ലഭ്യമാണെങ്കിലും ട്രിപ് വിളിച്ചാൽ പോകാൻ ഓട്ടോറിക്ഷ ഡ്രൈവർമാർ തയ്യാറാകുന്നില്ല എന്ന് ജനങ്ങൾക്ക് പരക്കെ പരാതിയുണ്ട് .

പഞ്ചായത്തിനകത്തെ ജീപ്പുകളുടെയും ട്രക്കറുകളുടെയും പാരലൽ സർവ്വീസുകൾ ജനങ്ങൾക്ക് ഗുണകരമാണെന്നാണ് പൊതുജനാഭിപ്രായം .

ഓട്ടോറിക്ഷകളും മറ്റുവാഹനങ്ങളും ദിനം പ്രതി പെരുകുന്നുണ്ടെങ്കിലും നിലവിലുള്ള റോഡുകൾ വികസിക്കുന്നില്ലല്ലോ?. ഈ പഞ്ചായത്തിലെ പ്രായപൂർത്തിയായ പുരുഷൻമാരുടെയും സ്ത്രീകളുടെയും കണക്ക് എടുത്ത് പരിശോധിച്ചാൽ പതിനൊന്ന് പേർക്ക് ഒരു ഓട്ടോ റിക്ഷ എന്ന തോതിലും മൊത്തം വാഹനങ്ങളുടെ കണക്കു പരിശോധിച്ചാൽ 7 പേർക്ക് ഒന്ന് എന്ന തോതിലും വാഹനങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട് .

ഒരു നിയന്ത്രണവുമില്ലാതെ ഓട്ടോറിക്ഷകൾക്ക് പെർമിറ്റ് അനുവദിക്കുക വഴി ടൗണിലെ ട്രാഫിക്ക് സംവിധാനം ആകെ താറുമാറായിരിക്കുകയാണ് . പുതിയ പെർമ്മിറ്റുകൾ കർശനമായും നിന്ത്രിക്കപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ് .

ഓട്ടോ റിക്ഷക്കാരും യാത്രക്കാരും തമ്മിലുള്ള വാടക തർക്കം ഒഴിവാക്കുന്നതിന്ന് റിക്ഷകളിൽ മീറ്റർ ഘടിപ്പിക്കുന്നത് ഇതിന് ഒരു പരിധിവരെ പരിഹാരമാകും .6 മാസത്തിൽ ഒരിക്കലെങ്കിലും ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തേണ്ടതാണ് .പഞ്ചായത്തിലെ തൊഴിലില്ലായ്മ പരിഹാരമായി ഒരു ഓട്ടോറിക്ഷാ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ് .

## കോട്ടക്കൽ ടൗൺ ഇംപ്രൂവ്മെന്റ് സ്കീം .

ചങ്കുവെട്ടി നാഷണൽ ഹൈവെ മുതൽ പറപ്പൂർ റോഡ് ജംഗഷൻ വരെ 4 ട്രാക് റോഡുകളും ഫുട്പാത്തും, പറപ്പൂർ റോഡ് ജംഗഷൻ മുതൽ പുത്തൂർ തോടു വരെ രണ്ടു ഭാഗവും ഡ്രൈനേജും ഉൾക്കൊള്ളുന്ന കോട്ടക്കൽ ടൗണിന്റെ മുഖച്ഛായ തന്നെ മാറ്റാൻ ഉതകുന്ന ബൃഹത്തായ ഒരു പദ്ധതിയാണ് . കോട്ടക്കൽ ടൗൺ ഇംപ്രൂവ്മെന്റ സ്കീം . കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ,അരക്കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിച്ചതാണ് . ഈ പദ്ധതി എത്രയും വേഗം നടപ്പാക്കേണ്ടത് അത്യന്ത്യാപേക്ഷിതമാണ് . ഇതോടൊപ്പം തന്നെ ബസ്റ്റാന്റിന്റെ വടക്ക് ഭാഗത്ത് നിന്ന് പറപ്പൂർ റോഡിനെയും ആക്ട്രീരി റോഡിനേയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു ബൈപാസ് റോഡ് പഞ്ചായത്ത് ടെണ്ടർ ചെയ്തുകഴിഞ്ഞിട്ടിണ്ട് .

പാലങ്ങൾ -കൾവർടുകൾ 1988 മുതൽ 1996 വരെ

പഞ്ചായത്തിലെ നിലവിലുള്ള പാലങ്ങളുടെയും കൾവർട്ടറുകളുടെയും റജിസ്റ്റർ അശാസ്ത്രീയവും കാര്യക്ഷമമായി സൂക്ഷിക്കാത്തതിനാലും 1953 ൽ പഞ്ചായത്ത് നിലവിൽവന്ന ശേഷം 1988 വരെയുള്ള കാലയളവിലെ പാലങ്ങളുടെയും കൾവർട്ടറുകളുടെയും കൃത്യമായ സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ലാത്തതിനാലും 1988 മുതൽ 1996 വരെയുള്ള പാലങ്ങളുടെയും കൾവർട്ടറുകലുടെയും കണക്കുകൾ മാത്രമാണ് താഴെ പട്ടികയിൽ ചേർത്തിട്ടുള്ളത് .

S.No. 1988 മുതൽ 1996 വരെയുള്ള പാലങ്ങൾ -കൾവർട്ടുകൾ

1. പള്ളിത്തോട് ബ്രിഡ്ജ്

2. കല്ലടതോടിനു പാലം

3. പാടത്തും പീടിക ഭാഗത്ത് കാക്കാതോടിനു പാലം

4. പെരുലിച്ചിറ ഭാഗത്ത് തോട്ടിൽ ക്രോസ്‌വേയും നടപ്പാലവും

5. കോട്ടൂർ അയ്യപ്പൻകാവിനു അടുത്ത് നടപ്പാലം

6. കാക്കാതോട്ടിൽ കോൺക്രീറ്റ് നടപ്പാലം

7. മുച്ചിതോട് റോഡിന്റെ അറ്റത്ത് കൾവർട്ട്

8. കല്ലടതോട്ടിനു കോൺക്രീറ്റ് നടപ്പാലം

9. പാലയിൽ തോട്ടിന് കോൺക്രീറ്റ് നടപ്പാലം

10. കൂരിയാട് തോടിനു പാലം

11. പാപ്പായി വലിയ ഇടവഴിറോഡിൽ കൾവർട്ട്

12. പുളിയാക്കാം പള്ളിയാലിൽ നടപ്പാലം

13. നല്ലളം പള്ളിയാലിൽ കോൺക്രീറ്റ്

14. ചോലക്കപറമ്പ് ഇടവഴിയിൽ കോൺക്രീറ്റ് നടപ്പാലം

15. കൂരിയാട് തോടിനു മീതെ നടപ്പാലം

16. കരുവാൻപാടി മാറാക്കര റോഡിൽ കൾവർട്ട്

17. പുലിക്കോട് മസ്ജിദ് ഫൂട്ട്പാത്ത് തോട്ടിൽ നടപ്പാലം

18. പ്രാഞ്ഞിപാലം എന്ന സ്ഥലത്ത് കൾവർട്ട്

19. കൈപ്പള്ളിക്കുണ്ടിൽ കൾവർട്ട്

20. പാപ്പായി വില്ലൂരിൽ കൾവർട്ട്

21 തോക്കാപാറ പാലത്തറ റോഡിൽ കൾവർട്ട്

22. ആരെകാൽ പള്ളിപ്പടി റോഡിൽ ഓവുപാലം

23. പാലപ്പുറ കൾവർട്ട്

24 ഇന്ത്യനൂർ തച്ചളം പള്ളിയാലി ഇടവഴിതോട് ബ്രിഡ്ജ്

25. പാപ്പായിചോലക്കുടുമ്പിൽ ബ്രിഡ്ജ്

26. കൂരിയാട് –തോടിന് ബ്രിഡ്ജ്

27. കാവതികളം മാറാക്കര റോഡിൽ കൾവർട്ട്

28. N.H പുലിക്കോട് റോഡിൽ കൾവർട്ട്

29. അപേങ്ങാട്ട് കുളമ്പ് നടപ്പാലം

30. അമ്പലപ്പടിയിൽ നടപ്പാലം.

## ഊർജ്ജം

ചരിത്ര പ്രസിദ്ധമായ കോട്ടക്കലിലേക്ക് 1959 ഏപ്രിൽ മാസത്തിലാണ് പുരോഗതിയിലേക്കുള്ള ആദ്യ കാൽവെപ്പായി വൈദ്യുതി എത്തിനോക്കിയത്. അന്ന് കേവലം 20ൽ താഴെ കണക്ഷനുകളും പോലീസ് സ്റ്റേഷനു സമീപം (പഞ്ചായത്ത് ഓഫീസിനു മുന്നിൽ) സ്ഥാപിച്ചിട്ടുള്ള ഒരു 100 KVA ട്രാൻസ്ഫോർമറും മാത്രമെ ഉണ്ടായിരുന്നുള്ളു. ബോർഡിന്റെ ഒരു ലൈൻമാൻ മാത്രമാണ് പിന്നെയും കുറെ വർഷത്തേക്ക് കോട്ടക്കലുണ്ടായിരുന്നത്. ഇന്ന് കോട്ടക്കൽ പഞ്ചായത്ത് പരിധിക്കുള്ളിൽ 24 ട്രാൻസ്ഫോമറുകളും 6375 ഉപഭോക്താക്കളും 747 സ്ട്രീറ്റ് ലൈറ്റുകളും നിലവിലുണ്ട്.

1970 വരെ കോഴിക്കോട്ടുനിന്നുമാണ് ഇവിടെ വൈദ്യുതി എത്തിയിരുന്നത്. പിന്നീട് അത് മലപ്പുറം സബ് സ്റ്റേഷനിൽനിന്നും 1931 ൽ അത് എടരിക്കോട് സബ്സ്റ്റേഷനിൽനിന്നുമായി മാറി.

ഒരു ലൈൻമാൻ മാത്രമായി തുടങ്ങിയതാണ് കോട്ടക്കൽ പഞ്ചായത്തിലെ വൈദ്യുതി ഓഫീസ് 1968 ൽ. സബ് എഞ്ചിനീയർ ഓഫീസായും 1979 ൽ അസി. എഞ്ചിനിയറുടെ ഓഫീസായും മാറി. 1984 മുതൽ ഇത് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസായി പ്രവർത്തിച്ചു വരുന്നു. പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി വിതരണം നടത്തുന്ന ട്രാൻസ്ഫോമറുകൾ ശേഷി, ഉപഭോക്താക്കൾ സ്ട്രീറ്റ് ലൈറ്റ് എന്നിവകളുടെ എണ്ണം നിലവിലുള്ള ലൈനുകളുടെ എണ്ണം തുടങ്ങിയവ താഴെ ചേർക്കുന്നു.

ട്രാൻസ്ഫോമറുകൾ

| ക്രമനമ്പർ | ശേഷി KVA | പേര് |
|---|---|---|
| 1. | 250 | മിനി |
| 2. | 250 | പറപ്പൂർ റോഡ് |
| 3. | 100 | സൂപ്പി ബസാർ |
| 4. | 100 | സൂപ്പി ബസാർ മദ്രസ്സ |
| 5. | 100 | മലബാർ വുഡ് |
| 6. | 160 | യാഹു റോഡ് |
| 7. | 250 | പോലീസ് സ്റ്റേഷൻ |
| 8. | 250 | പാലപ്പുറ |
| 9. | 100 | റെസ്റ്റ് ഹൗസ് |
| 10. | 250 | ആർ എച്ച് എസ് I |
| 11. | 160 | -ടി -II |
| 12. | 250 | കോട്ടപ്പടി |
| 13. | 100 | പാണ്ടമംഗലം |
| 14. | 160 | വില്ലൂർ I |
| 15. | 160 | -ടി -II |
| 16. | 160 | ഇന്ത്യനൂർ |
| 17. | 160 | കാവതികളം |
| 18. | 160 | പൂഴിക്കുന്ന് |
| 19. | 100 | സ്വാഗതമാട് I |
| 20. | 100 | -ടി-II |
| 21. | 160 | കുറ്റിപ്പുറം |
| 22. | 160 | കോട്ടൂർ |
| 23. | 100 | പൂഴിത്തറ |
| 24. | 250 | ലീനാതിയേറ്റർ റോഡ് |

ഉപഭോക്താക്കൾ

| ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | ഗാർഹികം | 4860 |
| 2 | വ്യാപാരം | 1010 |
| 3 | വ്യവസായികം | 130 |
| 4 | കാർഷികം | 375 |
| | ആകെ | 6375 |

സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പ്രതിമാസം അടക്കുന്നതുക

12,347 രൂപ

| ക്രമനമ്പർ | ഇനം | നീളം കി.മി. |
|---|---|---|
| 1. | 11 കെ.വി. | 20 |
| 2. | ത്രീമെയ്ൻ സ്ട്രീറ്റ് മെയ്നോടുകൂടി 18 | |
| 3. | ത്രീഫെയ്സ് സ്ട്രീറ് | 198 |
| | മെയ്ൻ ഇല്ലാതെ 180 | |
| 4. | സിംഗിൾ ഫെയ്സ് സ്ട്രീറ്റ് | |
| | മെയ്നോടു കൂടി 10 | |
| 5. | സ്ട്രീറ്റ് മെയിൻ | 176 |
| | ഇല്ലാതെ 166 | |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ ഉപഭോക്താക്കളുടെയും പ്രധാന പ്രശ്നം വോൾട്ടേജ് കുറവാണ്.

2. ഒ.വൈ.സി. സ്കീം പ്രകാരം പണം അടച്ചാലം കണക്ഷൻ ലഭിക്കാൻ ദീർഘനാളത്തെ കാത്തിരിപ്പു വേണം.

3. സ്ട്രീറ്റ് ലൈറ്റുകൾ 50% പ്രവർത്തനക്ഷമമല്ല.

4. സമയാസമയങ്ങളിൽ മീറ്റർ റീഡിംഗ് എടുക്കാത്തത് കാരണം ഉപഭോക്താക്കൾ ഭാരിച്ച തുകകൾ അടയ്ക്കാൻ നിർബ്ബന്ധിതരാകുന്നു.

5. ഓരോ വിഭാഗത്തിലുംപെട്ട ഉപഭോക്താക്കളുടെ പണം സ്വീകരിക്കുന്നത് വ്യത്യസ്ത തിയ്യതി കളിലായതിനാൽ പണം അടയ്ക്കുന്ന കാര്യത്തിൽ ഉപഭോക്താവിനു സമയ-ധന നഷ്ടങ്ങൾ സംഭവിക്കുന്നു.

6. വൈദ്യുതി തകരാറുകൾ സംഭവിച്ചാൽ ഉടനെ തന്നെ അവതീർക്കുന്നതിനുള്ള സംവിധാനം വേണം.
7. കോട്ടക്കൽ ടൗൺ പരിസരത്ത് വൈകുന്നേരങ്ങളിൽ ട്രാൻസ്ഫോർമറുകളുടെ ഫ്യൂസുകൾ ഓവർ ലോഡുകാരണം കത്തിപോകുന്നുണ്ട്. ഇത് ടൗണിലുള്ള ഉപഭോക്താക്കൾക്ക് ഒരു തലവേദനയായി മാറിയിരിക്കുകയാണ്.

### ഗ്രാമസഭകളിൽനിന്നും പുതുതായി സ്ഥാപിക്കാൻ നിർദ്ദേശിച്ച ട്രാൻസ് ഫോർമറുകൾ.

| | | |
|---|---|---|
| 1 | കൊഴൂർ | 100 KW |
| 2 | നെല്ലിക്കാപറമ്പ് | 100 " |
| 3 | ചങ്കുവെട്ടിക്കുളം | 250 " |
| 4 | പെരുമ്പള്ളി മൊയ്തീൻകുട്ടി സാഹിബ് റോഡ് | 250 " |
| 5 | ചങ്കുവെട്ടി വയനാട് റോഡ് | 100 " |
| 6 | ആര്യവൈദ്യശാല ധർമ്മാശുപത്രിക്ക് സമീപം | 250 " |
| 7. | പാലത്തറ | 100 " |
| 8. | പുലിക്കോട് | 100 " |
| 9. | കരുമാൻ പടി, കുറ്റിപ്പുറം | 100 " |
| 10. | കാവതികളം സെന്റർ | 100 " |
| 11. | ചീനം പുത്തൂർ | 100 " |
| 12. | പാപ്പായി | 100 " |
| 13. | ഈസ്റ്റ് വില്ലൂർ | 100 " |
| 14. | വലിയപറമ്പ് ലക്ഷം വീട് | 100 " |
| 15. | കൂരിയാട് | 100 " |
| 16. | കല്ലറമ്പ് | 100 " |
| 17. | മുണ്ടിയന്തറ | 100 " |
| 18. | പണിക്കർ കുണ്ട് | 100 " |
| 19. | ഹരിജൻ കോളനി. കോട്ടൂർ | 100 " |
| 20. | കല്ലടക്കൽ വില്ലൂർ | 100 " |
| 21. | പള്ളിപറമ്പ് ഇന്ത്യനൂർ | 100 " |
| 22. | മുക്കാട്ടുകുളം | 100 " |

## പരിഹാരങ്ങൾ

1 എടരിക്കോട് സബ്സ്റ്റേഷനിൽ പണിതുടങ്ങി വെച്ച ജനറേറ്ററിന്റെ പണിയുദ്ധകാലടിസ്ഥാനത്തിൽ പൂർത്തിയാക്കുക. ഇപ്പോൾ നിലവിലുള്ള 66 KVA എടരിക്കോട് സബ്ബ് സ്റ്റേഷൻ 110 KVAയായി ഉയർത്തുക.

2 O.Y.C സ്കീം പ്രകാരം പണം അടച്ചാൽ ഫ്രീകണകഷനുകൾ ചുരുങ്ങിയത് 10 ദിവസം കൊണ്ടും കാലുള്ളവ ഒരു മാസം കൊണ്ടും ലഭിക്കാൻ ആവശ്യമായ സാധനസാമഗ്രികൾ ഇലക്ട്രിക്സിറ്റി ഓഫീസിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക.

3. എല്ലാ സ്ട്രീറ്റ് ലൈറ്റുകളും കത്തിക്കാനാവശ്യമായ സാധനസാമഗ്രികൾ ലഭ്യമാക്കുകയും ആവശ്യത്തിനു വേണ്ട ജീവനക്കാരെ നിയമിക്കുകയും ചെയ്യുക.

4. 6 മാസത്തിലൊരിക്കൽ എല്ലാവരുടേയും മീറ്റർ റീഡിംഗ് എടുക്കാൻ ആവശ്യമായ ജീവനക്കാരെ നിയമിക്കുക.

5. എല്ലാ വിഭാഗത്തിൽപെട്ട ഉപഭോക്താക്കളുടെയും പണം എല്ലാദിവസങ്ങളിലും സ്വീകരിക്കാൻ പറ്റുന്ന വിധത്തിൽ സംവിധാനം എർപ്പെടുത്തുകയും ആയതിനു ചുരുങ്ങിയ കമ്മീഷൻ വ്യവസ്ഥയിൽ പഞ്ചായത്തിനകത്തെ സഹകരണബാങ്കുകളെ ഏൽപ്പിക്കുകയും ചെയ്യാവുന്നതാണ്.

6 ആവശ്യത്തിനു വേണ്ടത്ര ജീവനക്കാരെ നിയമിക്കുകയും ഉപഭോക്താക്കളുടെ പരാതികൾ ആത്മാർത്ഥമായി പരിഹരിക്കുന്നതിനു വേണ്ട പരിശീലനം കൊടുക്കുകയും വേണം

7. കോട്ടക്കൽ ടൗണിലേക്ക് പാസ്സായികിടക്കുന്ന ട്രാൻസ്ഫോർമറുകൾ ഉടനടി സ്ഥാപിക്കുക.

### വോൾട്ടേജ് പ്രശ്നങ്ങൾ

പഞ്ചായത്തിൽമൊത്തം 26 ട്രാൻസ്ഫോർമറുകൾ ഉണ്ടെങ്കിലും ആവശ്യത്തിനു വോൾട്ടേജുള്ള ഒരു പ്രദേശവും ഈ പഞ്ചായത്തിലില്ല. വൈകുന്നരം 6 മണികഴിഞ്ഞാൽ വീടുകളിലെ ബൾബുകൾക്കും തെരുവ് വിളക്കുകൾക്കും മിന്നാമിനുങ്ങിന്റെ പ്രകാശമാണ് ഉണ്ടാവുക. പകൽ സമയങ്ങളിൽപോലും കുടിവെള്ളത്തിനു മോട്ടോർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത ഒട്ടേറെ പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. 50% ത്തോളം വീടുകളിൽ സ്റ്റപ്പ്പിന്റെ സഹായത്തോടുകൂടിയാണ് കുട്ടികളുടെ പഠനം നടന്നു പോരുന്നത്. സ്റ്റപ്പ്പിന്റെ പ്രവർത്തനം മൂലം സ്റ്റപ്പ്പില്ലാത്ത വീടുകളിൽ ഉള്ള വോൾട്ടേജുകൂടിയില്ലാതാകുന്നു എന്നത് മറ്റൊരുകാര്യം.

### പരിഹാര നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി ഇരട്ടിയായി വർദ്ധിപ്പിക്കുകയും പുതുതായി 25 ട്രാൻസ്ഫോർമറുകൾ കൂടി സ്ഥാപിക്കുകയും വേണം. ഈ പഞ്ചായത്തിലേക്ക് വൈദ്യുതി വിതരണം നടത്തുന്ന എടരിക്കോടു 66 KVA സബ്ബ് സ്റ്റേഷന്റെ കപ്പാസിറ്റി 110 KVA ആയി ഉയർത്തുകയും പണിനടന്നുകൊണ്ടിരിക്കുന്ന എടരിക്കോടു സബ്ബ് സ്റ്റേഷനിലെ ഡീസൽ ജനറേറ്ററിന്റെ പണി യുദ്ധകാലടിസ്ഥാനത്തിൽ പൂർത്തിയാക്കുകയും ചെയ്താൽ പഞ്ചായത്തിനകത്തെ വോൾട്ടേജ് കുറവ് പ്രശ്നത്തിന് ഏറെക്കുറെ പരിഹാരമാകും.

#### കണക്ഷനുകൾ

പഞ്ചായത്തിന്റെ എല്ലാ മേഖലകളിലൂടെയും വൈദ്യുതി ലൈനുകൾ കടന്നുപോയിട്ടുണ്ടെങ്കിലും നൂറുകണക്കിനാളുകൾ ഇന്നു കണക്ഷനുവേണ്ടി പണം അടച്ചു കാത്തിരിക്കുകയാണ്. അപേക്ഷിച്ചു 3 വർഷം കഴിഞ്ഞിട്ടും കണക്ഷൻ ലഭിക്കാത്ത ഒട്ടേറെ കേസ്സുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. O.Y.C അടയ്ക്കാൻ കഴിയാത്ത സാധാരണക്കാരായ ജനങ്ങളാണ് ഇതിൽ ഏറെയും കഷ്ടപ്പെടുന്നത്. ഓഫീസിൽ ചെന്ന് അന്വേഷിച്ചാൽ പോസ്റ്റില്ല –കമ്പിയില്ല എന്ന സ്ഥിരം പല്ലവികേട്ടു മടങ്ങിപോരുകയാണു പതിവ്.

#### തെരുവ് വിളക്കുകൾ –ത്രീഫെയ്സുകൾ

വോൾട്ടേജ് പ്രശ്നത്തെപോലെ തന്നെ എല്ലാ ഗ്രാമസഭായോഗങ്ങളിൽ നിന്നും ഉയർന്നുവന്ന ഒന്നാണ് തെരുവിളക്കുകളുടെ പ്രശ്നങ്ങൾ, എണ്ണൂറോളം തെരുവ് വിളക്കുകൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും പകുതിപോലും കത്തുന്നില്ലെന്നതാണ് വസ്തുത. ഫ്യൂസായ ബൾബുകൾ മാറ്റിയിടുന്നതിനും കത്താത്ത സോഡിയം വേപ്പറുകളും, ട്യൂബ് ലൈറ്റുകളും, കത്തുക്കുന്നതിനും ഇവിടെ സംവിധാനം ഇല്ല. ആവശ്യത്തിനു ജീവനക്കാരില്ലാത്തതാണ് ഇതിനു കാരണമെന്നാണ് ഇലക്ട്രിക്സിറ്റി അധികൃതരുടെ മറുപടി. എന്നാൽ തെരുവ് വിളക്കുകൾക്ക് മാത്രം കരണ്ടു ചാർജ്ജായി പഞ്ചായത്ത് 150,000 (ഒരു ലക്ഷത്തി അറുപതിനായിരത്തോളം ഉറുപ്പിക) ബോഡിലേക്ക് അടയ്ക്കുന്നുണ്ടെന്ന് പഞ്ചായത്തിൽനിന്നും അറിയാൻ കഴിഞ്ഞത്. പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും ഭൂരിഭാഗവും സിംഗിൾഫെയ്സ് ലൈനുകളാണ് ഉള്ളത്. അത് ത്രീഫെയ്സ് ലൈനുകളാക്കണമെന്ന ആവശ്യവും ഗ്രാമസഭായോഗങ്ങളിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്.

### അഴിമതിയും സ്വജനപക്ഷപാതവും

അഴിമതിയും സ്വജനപക്ഷപാതവും കൊടികുത്തി വാഴുന്ന സർക്കാർ ഓഫീസാണ് കെ എസ് ഇ ബി. ഒരു കാര്യവും നടക്കില്ല എന്ന സ്ഥിതിയാണ് ഇവിടെയുള്ളത്. പഞ്ചായത്തിലെ ഏതൊരു കുടുംബവും ഒരു നിലക്കല്ലെങ്കിൽ മറ്റൊരു നിലക്ക് ഈ ഓഫീസുമായി ബന്ധപ്പെടാൻ നിർബ്ബന്ധിതരാണ്. ഒരു വീടുകണക്ഷൻ ലഭിക്കണമെങ്കിൽ ഓഫീസിലെ പ്യൂൺ മുതൽ മേലു ഉദ്യോഗസ്ഥനെ വരെ ചെന്നു കണ്ടു തൃപ്തിപ്പെടുത്തണം എന്നതാണ് സ്ഥിതി. പവർകണക്ഷണങ്കിൽ പറയുകയും വേണ്ട. ട്രാൻസ്ഫോർമർ കത്തിയാലും മീറ്റർകത്തിയാലും ചിലവ് ഉപഭോക്താക്കളുടെ ചിലവിൽതന്നെ വേണം. ജനപ്രധിനിധികൾ ബഹുജനപങ്കാളിത്തത്തോടുകൂടി ശക്തിയായി ഇതിന്നെതിരെ പ്രതികരിച്ചാൽ മാത്രമെ ഇത്തരം അഴിമതികളെ നിർമ്മാജ്ജനം ചെയ്യാൻ കഴിയുകയുള്ളൂ.

### മാർക്കറ്റ്

മലബാറിലെ പുരാതനവും പ്രശസ്തിയാർജ്ജിതുമായ ഒരു ചന്തയാണ് "കോട്ടക്കൽ ആഴ്ച ചന്ത" 1859 മുതൽ 1878 വരെ കിഴക്കേ കോവിലകം കാരണവരായിരുന്ന ഏറാൾ പ്പാട് തമ്പുരാൻ കോട്ടക്കൽ അങ്ങാടിയിലെ കച്ചവടം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി 1860 ൽ പ്രസിദ്ധമായ കോട്ടക്കൽ ചന്ത സ്ഥാപിച്ചു. അതോടെ ചന്ത പരിസരമായ അങ്ങാടിയിൽ പരപ്പനങ്ങാടിയിൽനിന്നും മുസ്ലിം സമുദായത്തിൽപെട്ട ചില കുടുംബങ്ങളെകൊണ്ടുവന്നു. അങ്ങാടി ഭാഗത്ത് അദ്ദേഹം അവർക്ക് വീടുവെക്കുവാനും കച്ചവടം നടത്തുവാനും സ്ഥലം നൽകി. അതോടെയാണ് കോട്ടക്കൽ ഒരു വ്യാപാരകേന്ദ്രമായി മാറിയത്.

1973ൽ ഗവഃസഹായത്തോടെ കോവിലകം വക ചന്ത പഞ്ചായത്ത് അക്വയർ ചെയ്തു. പുരാതന കാലം മുതൽക്ക് മലബാറിലെ പ്രസിദ്ധിയാർജ്ജിച്ച കാലിച്ചന്തകളാണ് കോട്ടക്കൽ വാണിയം കുളം ചന്തകൾ. ഒരു കാലത്ത് കേരളത്തിനകത്തേക്കും പുറത്തേക്കും വെറ്റില കയറ്റുമതി ചെയ്തിരുന്നത് കോട്ടക്കൽ ചന്തയിൽ നിന്നായിരുന്നു. മലചരക്ക് വ്യാപാര രംഗത്തും കോട്ടക്കൽ ചന്ത പ്രസിദ്ധമാണ്. അയൽ പ്രദേശങ്ങളിലുള്ള കർഷകർക്ക് അവരുടെ കാർഷിക ഉൽപ്പന്നങ്ങളും മറ്റും വിപണനം ചെയ്യുന്നതിനുള്ള പ്രധാന കേന്ദ്രമായിരുന്നു പുരാതനമായ കോട്ടക്കൽ ചന്ത.

കോട്ടക്കൽ പട്ടണത്തിനെ അഭിവൃദ്ധിയിലേക്ക് ഉയർത്തിയതിനു പിന്നിൽ കോട്ടക്കൽ ആഴ്ച ചന്തയുടെ പങ്ക് നിർണ്ണായകമാണ്.

ചന്ത ദിവസമായ ശനിയാഴ്ച കോട്ടക്കൽ നിവാസികൾക്ക് എന്നും ഒരു ഉൽസവം തന്നെയാണ്. മൽസ്യ വ്യാപാര രംഗത്ത് ജില്ലയിൽ ഏറ്റവും കൂടുതൽ മൊത്ത

വ്യാപാരം നടക്കുന്ന പ്രധാന കേന്ദ്രങ്ങളിൽ ഒന്നാണ് കോട്ടക്കൽ മാർക്കറ്റ്. മൽസ്യ വ്യാപാരം പോലെ തന്നെ മാംസ വ്യാപര രംഗത്തും കോട്ടക്കൽ ഏറെ മുന്നിലാണ് .തുകൽ മൊത്ത വ്യാപാരരംഗത്തും കോട്ടക്കൽ മാർക്കറ്റ് പ്രസിദ്ധമാണ് .

## മാർക്കറ്റും പരിസര മലിനീകരണവും

ആഴ്ച ച്ചന്തയുടെയും നിത്യച്ചന്തയുടെയും ഗുണം വ്യാപാരികൾക്കും നാട്ടുകാർക്കും ഉണ്ടെങ്കിലും മാർക്കറ്റിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് പറയാതിരിക്കാൻ നിർവ്വാഹമില്ല. ആധുനിക സംവിധാനങ്ങൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ മാർക്കറ്റിലെ മൽസ്യം, മാംസം, തുകൽ, എല്ല് എന്നീ വ്യാപാരങ്ങൾ സമീപ വാസികൾക്ക് വളരെയധികം ശല്യമായി മാറിയിരിക്കുന്നു. ഇതിൽനിന്നും ഉണ്ടാകുന്ന അസഹ്യമായ ദുർഗന്ധം നാട്ടുകാരുടെ ശക്തമായ പ്രതിഷേധത്തിന് ഇടയാകാറുണ്ട് .

## ശുചീകരണത്തിനുള്ള നിർദ്ദേശങ്ങൾ

മാർക്കറ്റിനകത്തെ മലിനീകരണ ശല്യം ഒഴിവാക്കുന്നതിന് ആധുനിക രീതിയിലുള്ള അറവുശാലയും അവശിഷ്ടങ്ങൾ സംസ്കരിക്കുന്ന യൂണിറ്റും ബയോ ഗ്യാസ് പ്ലാൻറും സ്ഥാപിച്ച് മാർക്കറ്റിനകത്തെ മലിനീകരണ ശല്യം ഏറെക്കുറെ പരിഹരിക്കാവുന്നതാണ് .

B എല്ല്, തുകൽ, മൽസ്യമൊത്ത വ്യാപാരം എന്നിവ നിലവിലുള്ള മാർക്കറ്റിൽനിന്നും ജനവാസം കുറഞ്ഞ പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് മാറ്റുകയാണെങ്കിലും മലിനീകരണ പ്രശ്നത്തിന് പരിഹാരമാകും.

ആധുനിക വൽകരണം

ഏക്ര കണക്കിനു വരുന്ന മാർക്കറ്റിനകത്ത് അങ്ങിങ്ങായി ചിതറിക്കിടക്കുന്ന കെട്ടിടങ്ങൾ പൂർണ്ണമായും പൊളിച്ചുമാറ്റിചുറ്റു ഭാഗവും ആഴ്ച ചന്തക്കും നിത്യ ചന്തക്കും ഉപകാര പ്രദമാകുന്ന വിധത്തിൽ ആധുനിക രീതിയിലുള്ള സ്റ്റാളുകൾ നിർമ്മിച്ചാൽ മാർക്കറ്റിനകത്തെ കച്ചവടക്കാരുടെ ഇന്നത്തെ പ്രശ്നങ്ങൾ ഏറെ പരിഹാരമാകുകയും അതു വഴി കൂടുതൽ വ്യാപാരികൾക്ക് മാർക്കറ്റിനകത്ത് കച്ചവടം ചെയ്യുവാനുള്ള അവസാരം ലഭിക്കുകയും ചെയ്യും.

# 10

# പാർപ്പിടം

ഭക്ഷണം, വസ്ത്രം തുടങ്ങിയ പ്രഥമികാവശ്യങ്ങൾ കഴിഞ്ഞാൽ മനുഷ്യനെ സംബന്ധിച്ചടത്തോളം ഏറെ ആവശ്യമുള്ള ഒന്നാണ് പാർപ്പിടം. കോട്ടക്കൽ പഞ്ചായത്തിൽ 5130 കുടുംബങ്ങൾ വസിക്കുന്നു. എങ്കിലും ഇതിൽ അഞ്ഞൂറോളം വീടുകൾ ആവശ്യമായ അറ്റകുറ്റ പണികൾ നടത്താതിരിക്കുന്നതിനാൽ ഉപയോഗശൂന്യമായിരിക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 677 വീടുകൾക്ക് ശുദ്ധജനം ലഭ്യമാക്കുന്നതിനാവശ്യമായ കിണറുകളൊ മറ്റ സംവിധാനങ്ങളൊ ഇല്ല. 155 കുടുംബങ്ങൾ പട്ടികജാതിയിൽപ്പെട്ടവരുടേതാണ്.

പഞ്ചായത്തിന്റെ വരുമാനത്തിന്റെ ഗണ്യഭാഗവും വിദേശത്തു ജോലിചെയ്യുവന്നവരുടെ വരുമാനമാണ്. പ്രസ്തുത വരുമാനത്തിന്റെ സിംഹഭാഗവും ചിലവഴിക്കപ്പെടുന്നത് നിർമ്മാണ പ്രവർത്തനങ്ങൾക്കു തന്നെയാണ്. മാത്രവുമല്ല ഇവിടെ നിർമ്മിക്കുന്ന വീടുകൾ പരിസ്ഥിതക്കനുസരിച്ചോ പ്രാദേശിക വിഭവങ്ങളുടെ ലഭ്യതക്കനുസരിച്ചോ അല്ല എന്നത് ഏറെ ചിന്തനീയമാണ്.

പഞ്ചായത്തിൽ ഈ അടുത്ത കാലത്തായി നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ കളക്കുകളെടുത്തു നോക്കുമ്പോൾ കോൺക്രീറ്റു സൗധങ്ങളോടുള്ള ഭ്രമം കൂടിക്കൂടി വരുന്നതായാണ് കാണുന്നത്. പ്രസ്തുത പ്രവണത സാമ്പത്തികമായി പുരോഗതി പ്രാപിച്ച പ്രദേശങ്ങളിലും അത്തരം കുടുംബങ്ങളിലും ഒതുങ്ങിനിൽക്കുന്നുവങ്കിൽ ഇടത്തരം കുടുംബങ്ങളിലും നിർദ്ധന കുടുംബങ്ങളിലും ഒരു നല്ല വീട് എന്നത് സ്വപ്നം മാത്രമായി അവശേഷിച്ചിരിക്കുകയാണ്. ഇത്തരം നിർദ്ധന കുടുംബങ്ങൾ ഭവന നിർമ്മാണത്തിനായി പ്രാദേശിക വിഭവങ്ങൾ തന്നെയാണ് ഉപയോഗിച്ചുവരുന്നത്.

ഈ അടുത്ത കാലത്തായി പഞ്ചായത്തിൽ നിർമ്മിച്ച് കോൺക്രീറ്റു വീടുകൾ മിക്കവാറും വളരെ ആർഭാടമായ രൂപത്തിലാണ് നിർമ്മിച്ചിരിക്കുന്നത്. ആർഭാടത്തിനായി ഉപയോഗിക്കുന്ന നിർമ്മാണ വസ്തുക്കൾ വളരെ വിലകൂടിയവയാണ്. ഇത്തരം വീടുകളുടെ നിലം സിമിന്റു കാവി ഉപയോഗിച്ച് പണിതിട്ടുള്ളത് വളരെ കുറച്ചുമാത്രമാണ്. മിക്ക വീടുകളുടെയും നിലം മൊസക്ക്, കടപ്പ, മാർബ്ൾ തുടങ്ങിയവ കൊണ്ടാണ് പണിതിട്ടുള്ളത്. പട്ടണ പ്രദേശങ്ങളിലും പാതവക്കുകളിലുമാണ് ആർഭാട രീതിയിലുള്ള വീടുകൾ മിക്കതും പണിതിട്ടുള്ളത്. ഗ്രാമപ്രദേശങ്ങളിൽ കാണുന്ന ഉദ്വോഗജനകമായ കാര്യം കൃഷിസ്ഥലങ്ങൾ നിരത്തി വീടുകൾ പണിയുന്നതാണ്.

അടുത്ത ഏതാനും വർഷങ്ങളിലായി പഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു.

| 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 9242 | 9358 | 9961 | 10401 | 10730 |

കഴിഞ്ഞ ഒന്നുരണ്ടു വർഷങ്ങളായി കെട്ടിട നിർമ്മാണ രംഗത്ത് കോൺക്രീറ്റിനോടുള്ള താൽപര്യം വർദ്ധിച്ചുവരുന്നു എന്നത് താഴെ ചേർത്ത പട്ടികയിൽനിന്നും മനസിലാക്കാം.

199596 കാലഘട്ടത്തിലെ പുതിയ വീടുകളുടെ കണക്ക്
(വാർഡ് തിരിച്ച്)

| വാർഡ് | ടെറസ് | ഓട് | ഓല | മറ്റുള്ളവ | ആകെ വീടുകൾ |
|---|---|---|---|---|---|
| 1 | 130 | 3 | 1 | 1 | 136 |
| 2 | 75 | 11 | 1 | 4 | 91 |
| 3 | 108 | 4 | 1 | - | 113 |
| 4 | 58 | 15 | 3 | - | 76 |
| 5 | 52 | 3 | 1 | - | 56 |
| 6 | 26 | 14 | 3 | - | 43 |
| 7 | 32 | 2 | - | 2 | 36 |
| 8 | 13 | 9 | 2 | - | 24 |
| 9 | 20 | 10 | 3 | 1 | 34 |
| 10 | 42 | 12 | 3 | - | 57 |
| 11 | 22 | 9 | 4 | - | 35 |

കോട്ടക്കൽ പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റി നിലവിലില്ല. പണിക്കർ കുണ്ട്, ഇന്ത്യനൂരിലെ കാരാപറമ്പ് എന്നീ രണ്ടു പ്രദേശങ്ങളിലായി രണ്ടു ഹരിജൻ കോളനികൾ നിലവിലുണ്ട്. കൂടാതെ വലിയപറമ്പ്, പാലത്തറ എന്നിവടങ്ങിളിൽ രണ്ടു ലക്ഷംവീട് കോളനികളുമുണ്ട്. വില്ലൂർ കല്ലറമ്പ്, കോട്ടൂർചെമ്മുക്ക് എന്നീ രണ്ടു പ്രദേശങ്ങളിൽ ഭൂരഹിത കർഷകതൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി പ്രത്യേകം ഹൗസിംഗ് കോളനികളുണ്ട്. ഈ രണ്ടു കോളനികളിലുമായി 90 കുടുംബങ്ങൾക്ക് വീട് വെക്കുന്നതിനായി സൗകര്യമുണ്ട്.

മുകളിൽ സൂചിപ്പിച്ച കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ വളരെ പരിമിതമാണ്. ഇതിലെ പാർപ്പിടങ്ങൾ പലതും യഥാസമയം അറ്റകുറ്റ പണികൾ നടത്താത് കാരണം ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുകയാണ്. മിക്ക കോളനികളിലെയും കക്കൂസികൾക്കും സ്ലാബില്ല എന്നത് അസൗകര്യം സൃഷ്ടിക്കുന്നു. വലിയപറമ്പ് കോളനിയിലെ ഒരു പ്രധാന പ്രശ്നം അതിരുകൾ തിരിച്ചു നല്കിയിട്ടില്ല എന്നതാണ്. കൂടാതെ കോളനികളിൽ പലതിലും വൈദ്യുതിയോ മറ്റ് സൗകര്യമോ ഇല്ല എന്നത് കോളനി നിവാസികളെ ഏറെ അലട്ടുന്ന പ്രശ്നമാണ്. മാത്രവുമല്ല കോളനികളുടെ അറ്റകുറ്റ പ്രവൃത്തികൾക്കാവശ്യമായ ധനസഹായം അടിയന്തിരമായി അനുവദിക്കേണ്ടിരിക്കുന്നു.

ഈ പഞ്ചായത്തിലെ അവിദഗ്ദ്ധ തൊഴിലാളികൾ ഭൂരിഭാഗവും തമിഴ്നാടുപോലെയുള്ള ഇതര സംസ്ഥാനങ്ങളിൽ നിന്നും മലപ്പുറം ജില്ലക്കു പുറത്തു നിന്നുമുള്ളവരാണ്. ഇക്കൂട്ടരിൽ കുടിൽ കെട്ടി താമസിക്കുന്നവർ കുറവാണെങ്കിലും കൂടുതൽ പേരും ആശ്രയിക്കുന്നത് കടത്തിണ്ണകളെയും മറ്റുമാണ്. കൂടാതെ ക്വാർട്ടേഴ്സുകളും ലോഡ്ജുകളും മറ്റും ഇവർ ഉപയോഗപ്പെടുത്തുന്നുമുണ്ട്. ഇവിടങ്ങളിൽ ചെറിയ സംഘങ്ങളായാണിവർ താമസിക്കുന്നത്.

കോട്ടക്കൽ പഞ്ചായത്തിൽ പാർപ്പിടനിർമ്മാണത്തിന് ധനസഹായത്തിന്നായി ആശ്രിയിക്കുന്നത് ജില്ലാ സഹകരണ ബേങ്കിനെയും അതിന്റെ കോട്ടയ്ക്കൽ ശാഖയെയുമാണ്. എന്നാൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനായി വളരെയധികം ബുദ്ധമുട്ടേണ്ടിയിരിക്കുന്നു. പലിശ, ജാമ്യം തുടങ്ങിയ പ്രശ്നങ്ങളും വായ്പ ലഭിക്കുന്നതിനായി രേഖകൾ ഹാജരാക്കേണ്ടതിന്റെ സാങ്കേതികത്വവും ഗുണഭോക്താക്കളെ അലട്ടുന്ന പ്രശ്നങ്ങളാണ്.

സർക്കാരിൽനിന്നും ഭവനനിർമ്മാമത്തിനായി ദുർബല വിഭാഗങ്ങൾക്ക് നല്കുന്ന ധനസഹായം വളരെ പരിമിതമാണ്. ഗവൺമെന്റ് നൽകുന്ന സാംഖ്യ തുച്ഛമായതുകൊണ്ടും ഭവനനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം കാരണവും വീട് നിർമ്മിക്കുക എന്നത് പ്രയാസകരം തന്നെയാണ്.

വിവധ പദ്ധതികളിലായി കോട്ടയ്ക്കൽ പഞ്ചായത്തിൽനിർമ്മിച്ച വീടുകളുടെ പട്ടിക താഴെ ചേർക്കുന്നു.

~~ഭവന ലഭ്യതാ പട്ടിക (കോട്ടയ്ക്കൽ പഞ്ചായത്ത്.~~

| വർഷം | 1989-90 | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|---|
| I.A.Y | 1 | 1 | - | - | - | - | 1 1 |
| M.W.S | - | 3 | 1 | - | - | 1 | - |
| J.R.Y | - | - | 1 | - | 2 | 1 | - |

കൂടാതെ ജെ.ആർ.വൈ സ്കീമിൽ പഞ്ചായത്തു മുഖേന 1989-90 കാലയളവുമുതൽ 35 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 24 വീടുകൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. എങ്കിലും ബാക്കി വീടുകളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ പുരകെട്ടിമേയുന്നതിന്ന് വർഷാവർഷം ധനസഹായം അനുവദിക്കുന്നുണ്ട്.

കോട്ടയ്ക്കൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ആയിരത്തോളം കുടുംബങ്ങൾക്ക് വീട് ആവശ്യമായി വന്നിരിക്കുകയാണ്. ഇതിൽ സർവെ റിപ്പോർട്ടനുസരിച്ച് 586 കുടുംബങ്ങൾക്ക് വീടുവെക്കുന്നതിന് സാമ്പത്തിക പ്രശ്നം അനുഭവിക്കുന്നവരാണ്. ഇതിൽതന്നെ ഭൂരിഭാഗം പേർക്കും വിടുവെക്കുന്നതിന് ഭൂമിതന്നെ ഇല്ലാത്തവരോ അല്ലെങ്കിൽ വിടു വെക്കുന്നതിനായി ഭൂമി വിലക്കുവാങ്ങാൻ സാധിക്കാത്തവരോ ആണ്. വീടുകൾ ആവശ്യമായവരുടെ കണക്ക് വാർഡ് തലത്തിൽ വേർതിരിച്ച് താഴെ പട്ടികയായി കൊടുത്തിരിക്കുന്നു.

| വാർഡ് | വീടുകൾ ആവശ്യമായവർ | വിവിധ പദ്ധതികളിൽ അനുവദിച്ച വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകൾ |
|---|---|---|---|
| 1 | 47 | 1 | 46 |
| 2 | 39 | | 39 |
| 3 | 36 | 1 | 35 |
| 4 | 37 | 2 | 35 |
| 5 | 74 | 1 | 73 |
| 6 | 37 | | 37 |
| 7 | 33 | | 33 |
| 8 | 17 | | 17 |
| 9 | 91 | 4 | 87 |
| 10 | 76 | 7 | 69 |
| 11 | 99 | 3 | 96 |

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വർദ്ധിച്ച വിലക്കയറ്റം പഞ്ചായത്തിലെ സാധാരണക്കാരെ ബുദ്ധമുട്ടിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ഉദാഹരണമായി സിമിന്റിന്റെ വില നോക്കിയാൽ 1980 ൽ 100 രൂപയായിരുന്നത് ഇപ്പോൾ 185 രൂപയായി വർദ്ധിച്ചിരിക്കുന്നു. കല്ലിന്റെയും മരത്തിന്റെയും കമ്പിയുടെയുമൊക്കെ കണക്കുകളും തഥൈവ.

ജനങ്ങൾ ഓട്, മരം തുടങ്ങിയവ കൊണ്ട് വീട് വെക്കാതിരിക്കാൻ കാരണം ഇത്തരം വസ്തുക്കളുടെ അമിതമായി വില വർദ്ധനയും മേൻമയുള്ള ഉൽപന്നങ്ങളുടെ അപര്യാപ്തതയും ആണ്. ഇതുകൊണ്ട് തന്നെ കോൺക്രീറ്റു വീടുകളോട് ജനങ്ങൾക്ക് താൽപര്യം കൂടിവരുന്നു.

പാർപ്പിട നിർമ്മാണ രംഗത്ത് അനാവശ്യമായി പണം ചിലവഴിക്കുക എന്ന പ്രവണത കൂടുതലാണ്. അലങ്കാരത്തിന്നായും മറ്റു രൂപത്തിൽ മോടി പിടിപിപ്പിക്കുന്നതിനുമായി പല വസ്തുക്കളും അനാവശ്യമായ ഉപയോഗക്കുന്നു. ചിലവു കുറഞ്ഞ കെട്ടിട നിർമ്മാണം എന്ന സാരംഭത്തോട് പൊതുവേ വിരക്തിയാണ്. ഇത്തരം വീടുകൾക്ക് ബലം

കുറവാണെന്ന പ്രചാരണം വ്യാപകമാണ്. ഈ ചിന്താഗതി ദുരീകരിക്കുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു.

കെട്ടിട നിർമ്മാണ സാമഗ്രകിളിൽ പഞ്ചായത്തിൽ ലഭ്യമാകുന്ന ഏക വസ്തു ചെങ്കല്ലു മാത്രമാണ്. മറ്റ് എല്ലാ സാമഗ്രികളും പഞ്ചായത്തിനു പുറത്തുനിന്നു തന്നെ ശേഖരിക്കേണ്ടിയിരിക്കുന്നു. ചെലവു കുറഞ്ഞ കെട്ടിടനിർമാണ സാമഗ്രകളൊന്നും തന്നെ ഉൽപാദിപ്പിക്കാനുള്ള സംവിധാനങ്ങളൊന്നും പഞ്ചായത്തിലില്ല. ചില സ്ഥലങ്ങളിൽ സിമിന്റു കല്ലുകൾ (ഹോളോ ബ്രിക്സ്) ഉണ്ടാക്കിയിരുന്നെങ്കിലും ഇപ്പോൾ അവ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇതുപോലുള്ള ഏതെങ്കിലും ഒരുകേന്ദ്രം പഞ്ചായത്തിൽ തുടങ്ങുന്നപക്ഷം ഭവനനിർമ്മാണത്തിൽ കുറെയൊക്കെ പുരോഗതി പ്രാപിക്കാൻ സാധിക്കും. മതിലുകൾക്ക് പകരം ജൈവ വേലി പുരയിടങ്ങളിൽ തീരെയില്ല എന്നു തന്നെ പറയാം. കൃഷി സ്ഥലങ്ങളിൽ ജൈവവേലികൾ ഇപ്പോഴും കാണാം. കൂടാതെ മുറ്റവും വീടിന്റെ ചുറ്റുഭാഗവുമൊക്കെ പലരും കോൺക്രീറ്റു ചെയ്യുന്നതുമൂലം മഴവെള്ളം ഒലിച്ചു പോകുന്നുത് പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നു.

1984–85 കാലങ്ങളിൽ അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലിനിരക്ക 25 മുതൽ 40 രൂപവരയെയാരുന്നു. അത് പോലെ വിദഗദ്ധ തൊഴിലാളിക്ക് 45 മുതൽ 60 രൂപവരെയായിരുന്നത് 1992–93 വർഷങ്ങളിൽ യഥാക്രമം 70–80 രൂപയും 80–90 രൂപയും ആയി വർദ്ധിച്ചു. എന്നാൽ ഇന്ന് വിദഗ്ദ്ധ തൊഴിലാളിക്ക് 100 രൂപ മുതൽ 140 രൂപ വരെയും അവിദഗ്ദ്ധ തൊഴിലാളിക്ക് 90 മുതൽ 110 രൂപവരെയും ആണ് കൂലിനിരക്ക്. സ്ത്രീ തൊഴിലാളിക്ക് ഇതിലും കൂലി കുറവാണുതാനും. ഈ പഞ്ചായത്തിലെ ഭൂരിഭാഗം തൊഴിലാളികളും പുരുഷൻമാരാണ്. അവിദഗ്ദ്ധ തൊഴിലാളികൾ ഭൂരുഭാഗവും ഏറെക്കുറെ വിദഗ്ദ്ധ തൊഴിലാളികളും സംസ്ഥാനത്തിന്റെ പുറുന്നുനിന്നുള്ളവരുമാണ്.

തൊഴിലാളികളുടെ വൈദഗ്ദ്ധ്യം തൃപ്തികരമെന്ന് പറഞ്ഞുകൂടാ. വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ഈ പ്രദേശത്ത് നടക്കുന്ന ഭൂരിഭാഗം പ്രവർത്തനങ്ങൾ നടക്കുന്നതും കോൺട്രാക്ട് സമ്പ്രദായത്തിലാണ്. ഇതുമൂലം ഉപഭോക്താവിന് കുറെയൊക്കെ നഷ്ടം സംഭവിക്കുന്നു. കൂടാതെ വിദേശത്ത് ജോലി ചെയ്യുന്നവർ കൂടുതലും ആശ്രയിക്കുന്നതും ഈ സമ്പ്രദായത്തെയാണ്. ഇതുമൂലം കാര്യക്ഷമമായ മേൽനോട്ടം നടത്താൻ സാധിക്കാതെ വരുന്നു.

പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഹിരിക്കാവുന്നതാണ്.

1. സർക്കാർ ലഭ്യമാക്കുന്ന വായ്പകൾ കൈപറ്റുന്നതിൽ ധാരാളം സാങ്കേതിക പ്രശ്നങ്ങൾ നില്ക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

2 സർക്കാർ നൽകുന്ന ധനസഹായം കൊണ്ടുമാത്രം ഒരാൾക്ക് ഒരിക്കലും വീട് നിർമ്മിക്കാൻ സാധിക്കുകയില്ല. ഇതിനാൽ സന്നദ്ധ പ്രവർത്തനത്തിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

3 ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണമെന്ന ആശയം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ഇവ്വിഷയകരമായി ജനങ്ങൾക്കുള്ള തെറ്റിദ്ധാരണ മാറ്റാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുക.

4. സർക്കാർ വിതരണം ചെയ്യുന്ന ഭവനനിർമ്മാണ വായ്പകളുടെ തുക ഗണ്യമായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

5 പഞ്ചായത്തിലെ വിദഗ്ദ്ധഅവിദഗ്ദ്ധ തൊഴിലാളികളുടെ കൂലി നിരക്ക് ഏകീകരിക്കുക.

6. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക

7. ഭൂരഹിതർക്കു വീടുകൾ നിർമ്മിക്കുവാൻ പുറമ്പോക്കുകളും മറ്റും ഉപയോഗപ്പെടുത്തുക.

8. പഞ്ചായത്തിലെ കോളനികളിൽ പ്രാഥമിക സൗകര്യം ഏർപ്പെടുത്തുകയും ഇത്തരം സ്ഥലങ്ങൾ ചെറിയ പ്ലോട്ടുകളാക്കി തിരിച്ച് കെട്ടിടങ്ങൾ നിർമ്മിച്ചു നൽകുകയും ചെയ്യുക.

9. വീടുകൾ നിർമ്മിക്കുമ്പോൾ ദുർവ്യയമില്ലാതെയും കാലാവസ്ഥക്കും പരിസ്ഥിക്കുമനുസരിച്ച് നിർമ്മിക്കേണ്ടതിനക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള വിദഗ്ദ്ധരുടെ അഭാവം പരിഹരിക്കുകയും ചെയ്യുക.

10. വൻതുകകൾ ചിലവഴിച്ച് മതിലുകൾ നിർമ്മിക്കുന്നതിന് പകരം ജൈവ വേലികൾ പ്രചരിപ്പിക്കുന്നതിന് സംവിധാനമേർപ്പെടുത്തുക.

11. നിർമ്മാണ ചിലവ് കൂടുന്നതിന് കർശനമായ പരിധികളേർപ്പെടുത്തുക.

12. കെട്ടിട നിർമ്മാണ സാമഗ്രികൾ സർക്കാർ ഏജൻസി മുഖേനെ വിതരണം ചെയ്യാനുള്ള സംവിധനമേർപ്പെടുത്തുക.

13. പഞ്ചായത്തിലെ അറ്റകുറ്റ പണികൾ നടത്താത്ത വീടുകൾ(കോളനികളിലെ) അറ്റകുറ്റ പണികൾ നടത്താനുള്ള സംവിധാനമേർപ്പെടുത്തുക.

14. വൈദ്യുതീകരിക്കാത്ത ദുർബലരുടെ വീടുകൾ വൈദ്യിതീകരിക്കാനുള്ള സംവിധാനം ചെയ്യേണ്ടതാണ്.

15. 'നിർമ്മിതി'യുടെ കീഴിൽ വീടുകൾ നിർമ്മിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

○

| | | | | | |
|---|---|---|---|---|---|
| 7 | 54 | – | 12 | – | 54 |
| 8 | 87 | 8 | 22 | 3 | 87 |
| 9 | 178 | 30 | 44 | 10 | 178 |
| 10 | 258 | 10 | 25 | 5 | 258 |
| 11 | 266 | 21 | 20 | 8 | 266 |

# 10

# സാമൂഹ്യക്ഷേമം

കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ആകെ 5130 കുടുംബങ്ങളിൽ ഐ ആർ ഡി പി . സർവെ അനുസരിച്ച് 1644 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് സ്ഥിതി ചെയ്യുന്നത് . എന്നാൽ നാളിതുവരെയുള്ള 222 കുടുംബങ്ങൾക്കെ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളൂ . 89 പട്ടിക ജാതി കുടുംബങ്ങളാണ് പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെ സ്ഥിതിചെയ്യുന്നത് . എന്നാൽ ഇതിൽ 42 കുടുംബങ്ങൾക്കാണ് ധനസഹായം ലഭിച്ചിട്ടുള്ളത് . ഇത്തരം ദരിദ്ര കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി വളരെ മോശമാണ് . ഇക്കൂട്ടരുടെ ഉന്നമനത്തിനായുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയാണ് പഞ്ചായത്തിൽ പൊതുവെ നടപ്പിൽ വന്നിട്ടുള്ളത് .

പഞ്ചായത്തിലെ സംഘടിത -അസംഘടിത മേഖലകളിലെ തൊഴിലാളികൾക്കായുള്ള ഈ പ്രവർത്തനം നാമമാത്രമായെ നടക്കുന്നുള്ളൂ . കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയും കർഷകതൊഴിലാളി ക്ഷേമനിധിയും ചുമട്ടുതൊഴിലാളി ക്ഷേമനിധിയുമാണ് ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന ക്ഷേമനിധികൾ .

മുകളിൽ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ പദ്ധതിക്കാലത്ത് 1644 കുടുംബങ്ങളിൽ 222 കുടുംബങ്ങൾക്കാണ് ആനുകൂല്യം കിട്ടിയത് .

ഐ ആർ ഡി പി . സർവെ പ്രകാരം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം താഴെ ചേർക്കുന്നു .

ഐ ആർ ഡി . സർവെ പ്രകാരം ദരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം (പഴയ വാർഡുകളുടെ അടിസ്ഥാനത്തിൽ)

| വാർഡ് നമ്പ്ര് | സർവെപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC-ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവരുടെ ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | 141 | 3 | 26 | 3 | 141 |
| 2 | 116 | 4 | 12 | 3 | 116 |
| 3 | 68 | 3 | 12 | 3 | 68 |
| 4 | 219 | 5 | 22 | 2 | 219 |
| 5 | 59 | – | 10 | 3 | 59 |
| 6 | 198 | 5 | 17 | 2 | 198 |

### ട്രൈസം

പഞ്ചായത്തിൽ ട്രൈസം പദ്ധതിയനുസരിച്ച് 25 പേർക്ക് പരിശീലനം നല്കിക്കഴിഞ്ഞു . ഇതിൽ 8 പേർ മാത്രമേ സ്വയം തൊഴിൽ കണ്ടെത്തിയവരായുള്ളൂ . ബാക്കിയുള്ള 17 പേരും ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു . കാരണം പരിശീലനം ലഭിച്ചവർക്ക് യോഗ്യത അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ല . ട്രൈസം പരിശീലനം നേടിയവരുടെ വിവരം താഴെ ചേർത്തിരിക്കുന്നു .

**ട്രൈസം-പരിശീലനം നേടിയവരുടെ വിവരം**

| വാർഡ് നമ്പ്ര | പരിശീലനം-വിഷയത്തിന്റെ പേര് | പരിശീനലനെ ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ |
|---|---|---|---|---|
| 1 | ടൈലറിംഗ് | 4 | 2 | 2 |
| 2 | ടി വി . മെക്കാനിസം | 3 | 1 | 2 |
| 3 | പ്രിന്റിഗ് | – | – | – |
| 4 | കംപോസിങ്ങ് | 2 | 1 | 1 |
| 5 | ഇലക്ട്രിക്കൽവർക്ക് | 2 | – | 2 |
| 6 | | 5 | 1 | 4 |
| 7 | | – | – | – |
| 8 | | 4 | 2 | 2 |
| 9 | | 2 | – | 2 |
| 10 | | 1 | – | 1 |
| 11 | | 2 | 1 | 1 |

കൂടുതൽ പേർക്ക് ട്രൈസം പരിശീലനം നല്കാൻ സാധിച്ചില്ല . മാത്രമല്ല ഇവർക്ക് ലഭിക്കുന്ന സ്റ്റൈപന്റ് വളരെ തുച്ഛമാണുതാനും .

### ഡി ബ്ള്യൂ സി ആർ എ .

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായുള്ള ഡി ബ്ള്യൂ സി ആർ എയുടെ കീഴിൽ ഒമ്പതാം വാർഡിൽ കൊപ്ര സംഭരണവും , ആയുർവേദ ഔഷധ കൃഷിയും സജീവമായി നടന്നുവരുന്നുണ്ട് . കൂടാതെ 10-ാം വാർഡിൽ ആടുവളർത്തൽ നടന്നുവരുന്നു . ഒന്നും നാലും വാർഡുകളിൽ യഥാക്രമം ആടുവളർത്തൽ , പശുവളർത്തൽ എന്നിവയുണ്ട് . 8-ാം വാർഡിൽ പ്ലാസ്റ്റിക് ടോയ്സ് നിർമ്മാണം ആരംഭിച്ചിട്ടില്ല .

ഡി ബ്ള്യൂ സി ആർ എ . പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം .

വാർഡ് തൊഴിൽ സംരഭത്തിന്റെ ഇനം ആരംഭിച്ച വർഷം പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം പ്രവർത്തനക്ഷമത

സംബന്ധിച്ച കുറിപ്പ്

1 ആട് വളർത്തൽ 1995-96 8 Satisfactory

4 പശുവളർത്തൽ 1994-95 10 „

8 പ്ലാസ്റ്റിക് ടോയ്സ് നിർമ്മാണം 1990 19 പ്രവർത്തനം തുടങ്ങിയിട്ടില്ല.

9 (a)കൊപ്ര നിർമ്മാണം 1991-92 16 പ്രവർത്തിക്കുന്നു

(b) ആയുർവേദ മരുന്ന കൃഷി 1995-96 7 „

10 അട് വളർത്തൽ 1992-93 10 „

പഞ്ചായത്തിലെ ഡി ബ്ല്യു സി ആർ എ.യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമായ നടത്തുന്നതിനായി ഉപദേശ നിർദ്ദേശങ്ങൾ നൽകാൻ ആവശ്യമായ സംവിധാനം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുന്ന പക്ഷം ഈ പദ്ധതിയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തുവാൻ സാധിക്കും. കൂടാതെ ഇവിടെ നിന്നുമുൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിറ്റിഴിക്കാനുള്ള വിപണി കണ്ടെത്തുകയും ഈ സംരംഭം മറ്റു വാർഡുകളിൽ കൂടി ആരംഭിക്കുകയും ചെയ്യുന്ന പക്ഷം സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും. ഇന്നേവരെ ആരംഭിച്ച യൂണിറ്റുകളിൽ ആകെ എഴുപത് പേർ മാത്രമേ ഉൾപ്പെട്ടിട്ടുള്ളു. ഇത് കൂടാതെ കൂടുതൽ പേരെ ഭാഗഭാക്കാക്കുന്ന പക്ഷം പഞ്ചായത്തിലെ സ്ത്രീകളുടെ നിലവാരമുയർത്തുന്നതിന് ഇത് ഏറ്റവും സഹായകരമാകുന്നതാണ്.

## ടൂൾ കിറ്റ്

ഗ്രാമീണ കൈതൊഴിൽകാർക്ക് ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ നൽകുന്നതാണല്ലോ ടൂൾകിറ്റ്. രണ്ട് വി ഇ ഒ സർക്കിളുകളിലായി 15 പേർക്ക് വിതരണം ചെയ്തു. 89 പേർ സഹായത്തിനർഹരായവരുണ്ട് എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു. അർഹരായവർക്ക് തന്നെ ഇവ ലഭിച്ചിട്ടില്ല. കാര്യക്ഷമമായ വിതരണം ഈ മേഖലയിൽ അത്യാവശ്യമാണ്. ഉപകരണങ്ങളുടെ അലഭ്യത പരിഹരിക്കപ്പെടേണ്ടതുണ്ട്. ഇതിന്റെ വിവരം താഴെ ചേർക്കുന്നു.

ഗ്രാമീണ കൈതൊഴിൽകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി R A P

| വാർഡ് | I.R.D.P. സർവേ പ്രകാരം ഗ്രാമീണ കൈതൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം |
|---|---|---|---|
| 1 | 10 | - | - |
| 2 | 25 | - | - |
| 3 | 15 | 4 | 6 |
| 4 | 35 | 2 | 26 |
| 5 | 9 | - | 8 |
| 6 | 2 | 4 | 1 |
| 7 | 8 | - | 20 |
| 8 | 10 | 3 | 6 |

| | | | |
|---|---|---|---|
| 9 | 15 | 4 | 5 |
| 10 | 13 | 1 | 10 |
| 11 | - | - | 8 |

## സി ആർ എസ് പി .കക്കൂസ്

ഇനി പ്രതിപാദിക്കാനുള്ളത് കോട്ടയ്ക്കൽ പഞ്ചായത്തിൽ അനുവദിച്ച സി ആർ എസ് പി .കക്കൂസുകളെകുറിച്ചാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കാൻ നൽകുന്ന ധനസഹായമാണല്ലോ ഇത്. സാനിറ്ററി കക്കൂസില്ലാത്ത വീടുകളുടെ എണ്ണം ഐ ആർ ഡി പി .സർവെ പ്രകാരം ലഭിച്ചിട്ടില്ലെങ്കിലും 747 കുടുംബങ്ങൾക്ക് കക്കൂസില്ലെന്ന് സി ആർ എസ് പി .സർവെ പ്രകാരം ലഭിക്കുന്നു. എന്നാൽ വിവിധ പദ്ധതികളിലായി 24 കക്കൂസേ അനുവദിച്ചതായി കാണുന്നുള്ളൂ. ഇതിന്റെ പ്രയോജനം കൂടുതൽ ആളുകൾക്ക് ലഭിക്കേണ്ട അവസ്ഥ സംജാതമാകേണ്ടിയിരിക്കുന്നു.

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് | വിവധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം | (1992 ന് ശേഷം) പൂർത്തീകരിച്ചവയുടെ എണ്ണം |
|---|---|---|
| 1 | 1 | 1 |
| 2 | 5 | 5 |
| 3 | 1 | 1 |
| 4 | 7 | 6 |
| 5 | 1 | 1 |
| 6 | - | - |
| 7 | 1 | 1 |
| 8 | 2 | 2 |
| 9 | 3 | 3 |
| 10 | 1 | - |
| 11 | 2 | 2 |

## ഭവന നിർമ്മാണം

പഞ്ചായത്തിലെ നിർദ്ദനരായ ഓലപ്പുരക്കാർക്ക് പുര കെട്ടി മേയുന്നതിന് വർഷം തോറും ധനസഹായം നൽകി വരുന്നുണ്ട്. 1988-94 കാലയളവിൽ ജെ ആർ വൈ. സ്കീമിൽ ഹരിജനങ്ങൾക്ക് 23 വീടുകളും 3 കക്കൂസുകളും നിർമ്മിച്ചു നൽകിയിട്ടുണ്ട്. വലിയ പറമ്പ് ലക്ഷം വീട് കോളനികളിൽ 29 കക്കൂസുകൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. പഞ്ചായത്തിൽ 1992 ന് ശേഷം വിവിധ പദ്ധതികളിലായി 19 വീടുകളാണ് അനുവദിച്ചത്. ഇതിൽ 7 വിടുകളാണ് പൂർത്തീകരിച്ചത്. 12 വീടുകൾ ഇനുയും പൂർത്തീകരിക്കാനുണ്ട്. കൂടാതെ സി ബി എൻ പി .മുഖേനെ 18 കക്കൂസു

കൽക്ക് തുക വിതരണം ചെയ്തിട്ടുണ്ട്.

| വാർഡ് | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കുവാനുള്ള വീടുകൾ |
|---|---|---|---|
| 1 | 1 | - | - |
| 2 | - | - | - |
| 3 | 1 | - | 1 |
| 4 | 2 | 2 | 1 |
| 5 | 1 | - | - |
| 6 | - | - | - |
| 7 | - | - | - |
| 8 | - | - | - |
| 9 | 4 | 1 | 3 |
| 10 | 7 | 2 | 5 |
| 11 | 3 | 1 | 2 |

### പെൻഷൻ

അർഹരായ പലർക്കും പെൻഷൻ ലഭിക്കുന്നില്ലെന്ന പരാതി ക്ഷേമപദ്ധതികളെ സംബന്ധിച്ചിടത്തോളം എപ്പോഴും ഉയർന്നുവരാറുള്ള ഒന്നാണ്. നമ്മുടെ പഞ്ചായത്തിലെ ഗുണഭോക്താക്കളിൽ അർഹരായ പലർക്കും ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു. മറ്റൊരു പ്രശ്നം ഇവ കിട്ടിക്കൊണ്ടിയിരിക്കുന്നതു തന്നെ കൃത്യമായി ലഭിക്കുന്നില്ല എന്നതാണ്. പൊതുവേ ഗ്രാമസഭകളിൽനിന്നുള്ള പരാതിയാണിത്.

വില്ലേജ് ഓഫീസ് മുഖേനെ ലഭിക്കുന്ന വിധവാ പെൻഷൻ, വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിന് നൽകുന്ന സഹായം, കർഷക പെൻഷൻ വികലാംഗ പെൻഷൻ തുടങ്ങിവയുടെ കണക്കുകൾ ചേർക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇത്തരം ക്ഷേമപദ്ധതികളുടെ തുക മെച്ചപ്പെടുത്തണമെന്ന അഭിപ്രായം ഗ്രാമസഭകളിൽ ഉയർന്നുവന്നതാണ്.

ഇത്തരം പെൻഷനുകളിലും ധാരാളം സാങ്കേതിക പ്രശ്നങ്ങളുണ്ട്. വിധവാ പെൻഷൻ നൽകുമ്പോൾ വരുമാനം ശ്രദ്ധിക്കാറില്ല. അതു പോലെ വികലാംഗ പെൻഷൻ പലർക്കും ലഭിക്കാത്തതിന്റെ പ്രധാന കാരണം വികലാംഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിലുള്ള സാങ്കേതിക പ്രശ്നമാണ്.

പഞ്ചായത്ത് മുഖേനെ വിതരണം ചെയ്യപ്പെടുന്ന വാർദ്ധക്യ കാല പെൻഷന് 49 പേർക്ക് ലഭിക്കുന്നു. 10 അപേക്ഷകളിൻമേൽ തീരുമാനമെടുക്കാൻ ഇനിയും ബാക്കിയുണ്ട്. മെറ്റേണിറ്റി ഫാമിലി ബെനിഫിറ്റ് സ്കീമുകൾക്ക് അപേക്ഷിക്കുകയും അനുമതിക്കായി അയച്ചിട്ടുമുണ്ട്. പ്രസ്തുത വിവരങ്ങൾ ഒരു പട്ടികയായി ചേർക്കുന്നു.

| ക്രമനമ്പർ | സഹായത്തിന്റെ ഇനം | ലഭിക്കുന്നവരുടെ എണ്ണം |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 49 |
| 2 | വികലാംഗ പെൻഷൻ | 30 |
| 3 | വിധവാ പെൻഷൻ | 66 |

### ക്ഷേമപദ്ധതികൾ

തൊഴിലാളികൾക്കായി വിവിധ ക്ഷേമപദ്ധതികൾ നിലവിലുണ്ടെങ്കിലും കർഷകത്തൊഴിലാളി നിർമ്മാണ തൊഴിലാളി-ചുമട്ടുതൊഴിലാളി ക്ഷേമനിധികളാണ് പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്നവ. ധാരാളം കൈതൊഴിലാളി-വിദഗ്ദ്ധ തൊഴിലാളികളും ആഭരണ തൊഴിലാളികളും മറ്റും പഞ്ചായത്തിലുണ്ടെങ്കിലും ഈ മേഖലകളിലൊന്നും കാര്യമായ പുരോഗതി പ്രാപിച്ചിട്ടില്ല. പൊതുവേ ഇത്തരം ക്ഷേമനിധികളെ പറ്റി തൊഴിലാളികൾ അജ്ഞരാണ്. ഈ പ്രവണത മാറ്റിയെടുക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പ് വഴി വിതരണം ചെയ്യുന്ന മറ്റ് സ്കീമുകളൊന്നും പഞ്ചായത്തിൽ നിലവിലില്ല. കോട്ടക്കൽ പ്രദേശത്ത് ജനകീയടിസ്ഥാനത്തിൽ മന്ദബുദ്ധികളായ കുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന 'ശേഷി'യുടെ പ്രവർത്തനം പഞ്ചായത്ത് കേന്ദ്രമാക്കി നടത്താനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

### അംഗൻവാടികൾ

ഈ പഞ്ചായത്തിൽ 35 അംഗൻവാടികൾ അനുവദിച്ചിട്ടുണ്ടെങ്കിലും 28 അംഗൻവാടികളെ പ്രവർത്തിക്കുന്നുള്ളൂ. കൂടാതെ രണ്ട് ക്രഷുകളും പ്രവർത്തിച്ചുവരുന്നുണ്ട്. അംഗൻവാടികളിൽ വളരെ ചുരുക്കം എണ്ണത്തിന് സ്ഥലം അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും കെട്ടിടങ്ങളുടെ കാര്യം പരിതാപകരമാണ്. അംഗൻവാടി എല്ലാ വാർഡിലും നിലവിലുണ്ട്. പൊതുവേയുള്ള പ്രശ്നം അംഗൻവാടികളിലെ സൗകര്യക്കുറവാണ്. ആവശ്യമായ ഉപകരണങ്ങളോ കളിപ്പാട്ടങ്ങളോ ഒരു അംഗൻവാടിയിലുമില്ല. പരിമിതമായ ശമ്പളത്തിനാണ് ഹെൽപറും ജോലി ചെയ്യുന്നത്. നിലവിലുള്ള കെട്ടിടങ്ങളുടെ സ്ഥിതി ശോചനീയമാണ്. 23 അംഗൻവാടികൾക്കും കെട്ടിടം ആവശ്യമാണ്.

ഇടത്തരം കുടുംബങ്ങളിലെയും ദരിദ്രകുടുംബങ്ങളിലെയും കുട്ടികളാണ് അംഗൻവാടികളിൽ വന്നുകൊണ്ടിരിക്കുന്നത്. ഉയർന്ന സാമ്പത്തിക നിലയിലുള്ളവർ നഴ്സറി സ്കൂളുകൾ പോലുള്ള സംവിധാനങ്ങളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിനു കീഴിൽ സ്കൂളിനോടനുബന്ധിച്ചു പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിക്കുന്നത് നന്നായിരിക്കും. കളിപ്പാട്ടങ്ങളും മറ്റും ഡി ഡബ്ല്യൂ സി ആർ എ. യൂണിറ്റുകളിൽ ഉൽപാദിപ്പിച്ച് വിതരണം ചെയ്താൽ ഈ പ്രശ്നം പരിഹൃതമാകും. ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന പ്രശ്നങ്ങളിൽ വാർഡ് 6ലെ കൈപ്പള്ളികുണ്ട്, വാർഡ് 4ലെ മുള്ളൻമട, വാർഡ് 8 വാർഡ് 11 ലെ ഈസ്റ്റ് വില്ലൂർ, കൂരിയാട് 13 ലെ ഇന്ത്യന്നൂർ മേലെതലഎന്നിവിടങ്ങളിൽ പുതുതായി അംഗൻവാടികൾ ആരംഭിക്കേണ്ടതുണ്ട്.

### മഹിളാ സമാജങ്ങൾ

കോട്ടയ്ക്കൽ പഞ്ചായത്തിൽ 4 മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നായാടിപ്പാറ, മഹിളാ സമാജം,

അമ്പിളി മഹിളാസമാജം ചങ്കുവെട്ടി ,കാവതികളം മഹിളാ സമാജങ്ങൾ എന്നിവയാണ് പഞ്ചായത്തിലെ മഹിളാ സമാജങ്ങൾ .

## പൊതുവിതരണം

പഞ്ചായത്തിലാകെ 11 റേഷൻ ഷാപ്പുകൾ ആണുള്ളത് .ഇതിൽ 9 റേഷൻ ഷാപ്പുകളും കോട്ടക്കൽ സർവീസ് സഹകരണ ബാങ്കിന് കീഴിലാണ് .രണ്ടു ഷോപ്പുകളെ സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ളു . പഞ്ചായത്തിൽ മൊത്തം 5157 റേഷൻ കാർഡുകളാണുള്ളത് .

പൊതുവിതരണ രംഗത്ത് ഒരു മാവേലി സ്റ്റോർ മാത്രമാണ് ഉള്ളത് .ഇത് 6-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു .സഹകരണാടിസ്ഥാനത്തിൽ ഒരു മാവേലി സ്റ്റോർ മുമ്പ് കോട്ടൂരിലുണ്ടായിരുന്നെങ്കിലും പിന്നീടത് നിലക്കുകയാണുണ്ടായത് .

പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ റേഷൻ ഷോപ്പിന്റെ അഭാവം ശ്രദ്ധിക്കപ്പെടുന്നു . വില്ലൂർ വട്ടപ്പാറയിൽ ഒരു റേഷൻ ഷാപ്പ് അനുവദിക്കണമെന്ന ആവശ്യം ഗ്രാമസഭയിൽ നിന്നുയർന്നുവന്നിരുന്നു .

ഒരു പുതിയ മാമേലി സ്റ്റോർ കൂടി അനുവദിക്കുന്നത് ഏറെ പ്രയോജനകരമായിരിക്കും .കൂടാതെ റേഷൻ കാർഡുകളിലെ അപാകതകൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ പഞ്ചായത്ത് തലത്തിൽ നടത്തേണ്ടിയിരിക്കുന്നു .റേഷൻ കാർഡ് സംബന്ധിച്ച് ഒരു ക്യാമ്പ് വില്ലൂരിൽ മുമ്പ് നടന്നിരുന്നു . ഇത്തരം ക്യാമ്പുകൾ പഞ്ചായത്തിൽ ഇടക്കിടെ നടത്തുന്ന പക്ഷം ജനങ്ങളുടെ റേഷൻ കാർഡ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ് .

1 23 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സാമ്പത്തിക സഹായം അനുവദിക്കുക .

2 .അംഗൻവാടികൾക്കാവശ്യമായ ഉപകരണങ്ങളും കളിക്കോപ്പുകൾ വാങ്ങുന്നതിനും സാമ്പത്തിക സഹായം ആവശ്യമാണ് .

3 വികാലാംഗർക്കാവശ്യമായ ഉപകരണങ്ങൾ അനുവദിക്കുക .

4 സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ പദ്ധതികളാവിഷ്കരിക്കുക

5 ജനസംഖ്യാനുപാതികമായി പുതിയ അംഗൻവാടികൾ ആരംഭിക്കുക .

6 പഞ്ചായത്തിൽ പുതുതായി 10 D W C R A യൂണിറ്റുകൾ ആരംഭിക്കേണ്ടതുണ്ട് .

7. ഐ ആർ ഡി പി .ലിസ്റ്റിൽ അർഹരായവർ മാത്രം ഉൾപ്പെടുന്നതിനും അർഹരായവർക്ക് ആനുകൂല്യം ലഭിക്കുന്നതിനെകുറിച്ചന്വേഷിക്കുന്നതിനും വാർഡ് തലത്തിൽ ജനകീയ സമിതികൽക്ക് രൂപം നൽകുക .

8 ക്ഷേമ പദ്ധതികളെക്കുറിച്ചും മറ്റും വിവരണങ്ങൾ ഗുണഭോക്താക്കൾക്ക് അറിയുന്നതിനും പഞ്ചായത്ത് തലത്തിൽ പ്രത്യേക സംവിധാനമേർപ്പടുത്തുക .

9 .അംഗൻവാടിയോടനുബന്ധിച്ച് മഹിളാ സമാജങ്ങൾ മുഖാന്തിരം ചെറുകിട വ്യവസായം ആരംഭിക്കേണ്ടതുണ്ട് .

10 .ട്രൈസം പരിശീലന പദ്ധതിയിൽ കൂടുതൽ പേർക്ക് പരിശീലനം നൽകുകയും പരിശീലനം സിദ്ധിച്ചവർക്ക് തൊഴിലിലേർപ്പെടാനുള്ള സംവിധാനമുണ്ടാക്കുക .ഡ്രൈവിംഗ് പരിശീലനം കൂടെ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ് .

11 പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതിയുടെ പ്രവർത്തനം ഊർജിതമാക്കേണ്ടതുണ്ട് .

12 അംഗൻവാടികൾ മുഖേന പോഷകാഹാര രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമായി നടത്തുക .

# 11

# സംസ്കാരം

ആയുർവേദത്തിന് ലോകപ്രശസ്തിയാർജ്ജിച്ച കോട്ടക്കൽ, പ്രശസ്തമായ സാംസ്കാരിക പാരമ്പര്യവുമുള്ള നാടാണ്. അറിയപ്പെടുന്ന കഥകളി കലാകാരൻമാർ, മാപ്പിളപ്പാട്ട് രചയിതാക്കൾ, സാഹിത്യകാരൻമാർ, മറ്റു കാലാകാരൻമാർ തുടങ്ങിയവരെക്കൊണ്ട് സമ്പുഷ്ടമാണ്.

1894ൽ മഹാകവി കുഞ്ഞുക്കുട്ടൻ തമ്പുരാൻ കിഴക്കേകോവിലകത്ത് നിന്ന് തമ്പാട്ടി തമ്പുരാട്ടിയെ വേളി കഴിച്ചതോടെ കോട്ടക്കൽ സാഹിത്യപരമായി വളരാൻ തുടങ്ങി. മഹാഭാരതം പരിഭാഷപ്പെടുത്തിയത് ഇവിടെ വെച്ചായിരുന്നു. 1907ൽ കവികുലഗുരു പി.വി. കൃഷ്ണവാരിയർ, കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ പ്രോത്സാഹനത്തോടെ ഇവിടെ നിന്ന് 'കവനകൗമുദി' പ്രസിദ്ധം ചെയ്യാൻ തുടങ്ങിയതോടെ കോട്ടക്കൽ കുടുതൽ പ്രശസ്തമായി.

1913കാലത്ത് പി. എസ്. വാരിയർ നടത്തിയിരുന്ന പരമശിവവിലാസം (പി. എസ്. വി) നാടകക്കമ്പനിക്ക് അവതരിപ്പിക്കാൻ അദ്ദേഹം തന്നെ എഴുതിയ 'സംഗീതശാകുന്തളത്തിന് അവതാരിക എഴുതിയത് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയാണ്. ഈ നാടകക്കമ്പനിയാണ് പിന്നീട് പി. എസ്. വി നാട്യസംഘമായത്.

സാംസ്കാരിക പ്രവർത്തനങ്ങളിൽ കോട്ടക്കൽ ആര്യവൈദ്യശാല പ്രശംസനീയമായ പ്രോത്സാഹനങ്ങൾ നൽകിവരുന്നു. ആര്യവൈദ്യശാലയുടെ പ്രസിദ്ധീകരണവിഭാഗം ആയുർവേദഗ്രന്ഥങ്ങളും ആട്ടക്കഥകളും മറ്റും പുറത്തിറക്കുന്നുണ്ട്. ആര്യവൈദ്യശാലയുടെ വിഭാഗമായി തന്നെയാണ് പി.എസ്.വി നാട്യസംഘം പ്രവർത്തിച്ചു വരുന്നത്. ഭാരതത്തിന്റെ വിവിധഭാഗങ്ങളിലും വിദേശരാജ്യങ്ങളിൽ പോലും കഥകളി അവതരിപ്പിക്കുന്നു. കഥകളിയുടെ വിവിധ വശങ്ങൾ ഇവിടെ പഠിപ്പിക്കുന്നു.

1928ൽ സമസ്തകേരളസാഹിത്യപരിഷത്ത് സമ്മേളനം ഇവിടെ വെച്ചാണ് നടന്നത്.

കോട്ടക്കൽ ആര്യവൈദ്യശാല വക വിശ്വംഭര ക്ഷേത്രത്തിൽ മാർച്ച്- ഏപ്രിൽ മാസങ്ങളിലായി നടക്കുന്ന പൂരം കേളികേട്ടതാണ്. ലോകപ്രശസ്തരായ സംഗീതജ്ഞരും. നർത്തകരും മറ്റു കാലാകാരൻമാരും പൂരത്തോടനുബന്ധിച്ചുള്ള വിവിധ പരിപാടികളിൽ പങ്കെടുക്കുന്നു. പാണ്ടമംഗലം ക്ഷേത്രഉത്സവവും, കോവിലകം വേട്ടക്കൊരുമകൻ ക്ഷേത്രത്തിലെ പാട്ട്, ഇത് കൂടാതെ മറ്റ് മത ഉത്സവങ്ങളും സൗഹാർദ്ധപൂർവ്വം നടക്കാറുണ്ട്.

പുരാതനമായ ഒരു മുസ്ലീം പള്ളിയാണ് പാലപ്പള്ളി, 800ൽപരം വർഷത്തെ പഴക്കമുണ്ട്. ഈ പള്ളിയിലേക്ക് കോട്ടക്കൽ കിഴക്കേ കോവിലകം വക സ്ഥലം നൽകിയതും വൈദ്യരത്നം പി. എസ്. വാരിയർ, പള്ളിയിൽ 'ഖുതുബ' നിർവ്വഹിക്കാനുള്ള മിംബർ നൽകിയതും മതസൗഹാർദ്ദത്തിന്റെ എടുത്തുപറയത്തക്ക ഉദാഹരണങ്ങളാണ് കോട്ടക്കൽ ഒരു ക്രിസ്ത്യൻപള്ളിയും പ്രവർത്തിക്കുന്നു. കേരളത്തിലെ പ്രശസ്തമായ ഒരു ഗണപതി ക്ഷേത്രമാണ് ഇന്ത്യനൂർ മഹാഗണപതി ക്ഷേത്രം.

കോട്ടക്കൽ പഞ്ചായത്തിൽ ഭൂരിഭാഗം മുസ്ലീംകളും പിന്നെ ഹിന്ദുക്കളും ആണ്. ക്രിസ്തു മതത്തിൽ പെട്ടവരും ഉണ്ട്. എല്ലാ പ്രമുഖ രാഷ്ട്രീയ പാർട്ടികളും അവയുടെ യുവജനസംഘടനകളും നിലവിലുണ്ട്. എന്നാൽ മതപരമോ രാഷ്ട്രീയമോ ആയ സംഘട്ടനങ്ങളിൽ നിന്ന് കോട്ടക്കൽ മോചിതമാണ്.

ഒരു പഞ്ചായത്തിന്റെ സാംസ്കാരിക പുരോഗതിയിൽ മുന്നിട്ടു നിൽക്കുന്നത് അവിടത്തെ ഗ്രന്ഥശാലകളും വായനശാലകളും തന്നെയാണ്. കോട്ടക്കൽ ഈ കാര്യത്തിൽ മറ്റു പല സ്ഥലങ്ങളേക്കാളും ഏറെ പിന്നിലാണ്.

കോട്ടക്കൽ കോവിലകത്ത് ഒരു വായനശാല ഉണ്ടായിരുന്നു. സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി അമൃതഭാഷിണി, ബാലചന്ദ്രിക തുടങ്ങിയ കയ്യെഴുത്തുമാസികകൾ അവിടെ നിന്ന് ഇറങ്ങിയിരുന്നുവത്രെ!

ആര്യവൈദ്യശാലയുടെ നേതൃത്വത്തിൽ സഹൃദയസദനം എന്ന പേരിൽ ഒരു ലൈബ്രറി പ്രവർത്തിച്ചിരുന്നു. ഇപ്പോൾ അത് ആര്യവൈദ്യശാലാ നഴ്സിംഗ് ഹോമിൽ പ്രവർത്തിച്ചു വരുന്നു.

ടൗണിൽ പ്രവർത്തിക്കുന്ന കോട്ടക്കൽ ഇസ്ലാമിക് ലൈബ്രറി 15 വർഷത്തോളമായി നല്ല നിലയിൽ നടക്കുന്നു.

കോട്ടക്കലെ ആദ്യത്തെ പൊതു വായനശാല കോട്ടക്കൽ ലൈബ്രറി & റീഡിംഗ്റൂം ആയിരുന്നു. കേരള ഗ്രന്ഥശാലാസംഘത്തിൽ രജിസ്റ്റർചെയ്തതായിരുന്നു. എന്നാൽ പലകാരണങ്ങളാലും ഇത് പ്രവർത്തനക്ഷമമല്ലാതാവുകയും, കോട്ടൂരിലേക്ക് സ്ഥലം മാറ്റി

സ്ഥാപിക്കുകയും ചെയ്തിട്ടും നിലനിൽക്കുകയുണ്ടായില്ല

1988 നവംബർ 1ന് സ്ഥാപിച്ച കോട്ടക്കൽ പഞ്ചായത്ത് പബ്ളിക് ഗ്രന്ഥശാല-വായനശാലയാണ്, ഇന്ന് കോട്ടക്കലെ പ്രവർത്തനക്ഷമമായ ഏകഗ്രന്ഥശാല, കേരള ഗവ:ന്റെ പതിനൊന്നിന പരിപാടിപ്രകാരം ആരംഭിച്ചതാണെങ്കിലും മറ്റ് പഞ്ചായത്ത് സാംസ്കാരിക നിലയങ്ങളെപ്പോലെയല്ല, ഈ ഗ്രന്ഥശാല പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ പഴയ കമ്മ്യൂണിറ്റി ഹാളിൽ പ്രവർത്തിക്കുന്ന ലൈബ്രറിക്ക് ആധുനിക രീതിയിലുള്ള കെട്ടിടവും ഫർണിച്ചറുകളും ലഭ്യമാക്കേണ്ടതുണ്ട്. കോട്ടക്കൽ ടൗണിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സാംസ്കാരിക കേന്ദ്രത്തിൽ തന്നെയായിരിക്കണം പഞ്ചായത്ത് ഗ്രന്ഥശാല പ്രവർത്തിക്കേണ്ടത്. 1050ഓളം പേർ മെമ്പർമാരായി ചേർന്നിട്ടുണ്ടെങ്കിലും പുസ്തകങ്ങൾ വീട്ടിൽ കൊണ്ടുപോയി വായിക്കുന്നതിനായി മെബർഷിപ്പ് നിലനിർത്തുന്നവർ 420ഓളമേയുള്ളു. സ്ത്രീകൾ കൂടുതൽ ഗ്രന്ഥശാലയുമായി ബന്ധപ്പെടുന്നതിന് വേണ്ട നടപടികൾ ആവിഷ്കരിക്കണം. 6598 പുസ്തകങ്ങളാണ് നിലവിള്ളത്. നിലവിലുള്ള റഫറൻസ് പുസ്തകങ്ങൾ ഉൾപ്പെടുത്തി 'ഇൻഫർമേഷൻ സെന്റർ' സ്ഥാപിക്കുകയും കൂടുതൽ റഫറൻസ് പുസ്തകങ്ങൾ വാങ്ങുകയും ചെയ്യേണ്ടിയിരിക്കുന്നു. വർഷം തോറും പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിന് നടപടി വേണം. 5 മലയാളം പത്രങ്ങളും 2 ഇംഗ്ലീഷ് പത്രങ്ങളും 13 ആനുകാലിക പ്രസിദ്ധീകരണങ്ങളും ആണ് നിലവിൽ വായനശാലയിൽ ഉള്ളത്. കൂടുതൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കണം. കേരള ഗവ: ഗസറ്റ് വരുന്നുണ്ട്. എംപ്ലോയ്മെന്റ് ന്യൂസ്, തുടങ്ങിയ, തൊഴിൽ വിജ്ഞാപനങ്ങൾ വരുന്ന പ്രസിദ്ധീകരണങ്ങളും സ്പോർട്സ്, കല തുടങ്ങിയവയുമായി ബന്ധപ്പെട്ട മാസികകളും ആവശ്യമാണ്. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ (കേരള ഗ്രന്ഥശാലാ സംഘം) പഞ്ചായത്ത് ഗ്രന്ഥശാലക്ക് ഇന്നു വരെ അഫിലിയേഷൻ ലഭിച്ചിട്ടില്ല. വർഷം തോറും ഗ്രാന്റ് ലഭിക്കാൻ ഇത് ആവശ്യമാണ്. 2 പ്രാവശ്യം അപേക്ഷിച്ചിരുന്നുവെങ്കിലും ഗ്രന്ഥശാല രജിസ്റ്റർ ചെയ്തു കിട്ടുകയുണ്ടായിട്ടില്ല. സൂപ്പി ബസാറിൽ പ്രവർത്തിച്ചിരുന്ന പ്രതിഭാ ലൈബ്രറിയുടെ പുസ്തകങ്ങൾ പഞ്ചായത്ത് ലൈബ്രറിക്ക് ലഭിക്കുകയുണ്ടായി. 1988മുതൽ ഗ്രന്ഥശാലയോടനുബന്ധിച്ച് ഉണ്ടായിരുന്ന ടെലിവിഷൻ സെറ്റ് ഇപ്പോൾ ഇല്ല. ലൈബ്രറിയോടനുബന്ധിച്ചുള്ള മിനിപാർക്ക് കൂടുതൽ സൗകര്യപ്രദമാക്കി വികസിപ്പിക്കുകയും ടെലിവിഷൻ സ്ഥാപിക്കുകയും വേണം.

പഴയ മലബാറിൽ ഉണ്ടായിരുന്ന ലോക്കൽ ലൈബ്രറി അതോറിറ്റി നിയമത്തിന്റെ ഭാഗമായി കോഴിക്കോട് എൽ. എൽ. എ.യുടെ കോട്ടക്കൽ ബ്രാഞ്ച് ലൈബ്രറി വർഷങ്ങൾക്കു മുമ്പുതന്നെ പ്രവർത്തിച്ചു വന്നിരുന്നു. പുതിയ പുസ്തകങ്ങൾ വാങ്ങുകയുണ്ടായിട്ടില്ല. വരിസംഖ്യ കൃത്യമായി നൽകാത്തതിനാൽ പത്രങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും വരുന്നത് കുറഞ്ഞുവരുന്നു. കുറെ മെംബർമാരും നിരവധി പുസ്തകങ്ങളും ഇവിടെയുണ്ട്.

പത്രങ്ങളും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉണ്ട്. പലപ്പോഴായി ലൈബ്രേറിയൻ ഇല്ലാതെ വന്നതിനാൽ എൽ. എൽ. എ. ലൈബ്രറിയുടെ പ്രവർത്തനം തടസ്സപ്പെടുകയുണ്ടായിട്ടുണ്ട്. വാടക കുടിശ്ശിക വാടക വർദ്ധന പ്രശ്നങ്ങളിൽ കെട്ടിടമൊഴിപ്പിക്കൽ ഭീഷണിയിലാണ്. ഇക്കാരണങ്ങളാൽ ഈ ലൈബ്രറി പഞ്ചായത്ത് ഗ്രന്ഥശാലയിൽ ലയിപ്പിക്കുന്നതിന് വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്ത് കമ്മിറ്റി എൽ.എൽ.എ യോട് ആവശ്യപ്പെടുകയുണ്ടായി. പുതിയ ലൈബ്രറി കൗൺസിൽ നിയമ പ്രകാരം ഇത് സാധ്യമാക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ കെട്ടിടനികുതിയോടുകൂടി ജനങ്ങളിൽ നിന്ന് ഈടാക്കുന്ന 5% ലൈബ്രറി സെസ്സ് ജനങ്ങൾക്ക് ഉപകാര പ്രദമായി തന്നെ ലഭിക്കുന്നതിന് ഈ ലയനം ആവശ്യമാണ്.

കോട്ടക്കൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ, യുറീക്ക വായനശാല കോട്ടപ്പടി, വില്ലൂർ യംഗ്മെൻസ് കൾച്ചറൽ അസോസിയേഷൻ ലൈബ്രറി, അല്ലാമാ ഇക്ബാൽ ലൈബ്രറി & റീഡിംഗ് റൂം ഇന്ത്യന്നൂർ, അൽ അസ്ഹർ യൂത്ത് സെന്റർ & റീഡിംഗ് റൂം, സൂപ്പിബസാർ എന്നീ വായനശാലകൾ പ്രവർത്തിക്കുന്നു.

**'ഗ്രാമസഭ'യിൽ നിന്നുയർന്ന മറ്റു നിർദ്ദേശങ്ങൾ**

ഇന്ത്യനൂർ ഭാഗത്ത് പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംസ്കാരികനിലയം സ്ഥാപിച്ച് ഒരു ഗ്രന്ഥശാല പ്രവർത്തനം തുടങ്ങണം. ആ ഭാഗങ്ങളിലെ ജനങ്ങൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് പഞ്ചായത്ത് ഗ്രന്ഥശാലയിലെത്താൻ അസൗകര്യങ്ങൾ ഉള്ളതിനാൽ, ഇതിവിടെ സ്ഥാപിക്കുകയാണെങ്കിൽ അതിനുള്ള സ്ഥലം നാട്ടുകാർ ലഭ്യമാക്കിതരുമെന്നാണ് അറിയുന്നത്.

സ്കൂളുകളിലെ ലൈബ്രറികളുടെ പ്രവർത്തനം പഞ്ചായത്ത് ലൈബ്രറിയുമായി ബന്ധപ്പെടുത്തുകയും സ്കൂളുകളിൽ ഹൈസ്കൂളുകളിലെങ്കിലും പാർട്ടൈം ലൈബ്രേറിയനെ നിയമിക്കുകയും വേണം.

കോട്ടക്കൽപഞ്ചായത്തിൽ നിരവധി കലാകായിക സംസ്കാരിക സംഘടനകൾ ഉണ്ടായിരുന്നെങ്കിലും പലതും പ്രവർത്തനക്ഷമമല്ലാതായിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ളതിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്. സ്വതന്ത്ര കലാ വേദി കോട്ടക്കൽ, കോട്ടക്കൽ സ്പോർട്സ് അസോസിയേഷൻ, ബ്രദേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ്, യംഗ് മെൻസ് കൾച്ചറൽ

അസോസിയേഷൻ വില്ലൂർ, സൂപ്പർയംഗ് വില്ലൂർ, യുവ ശക്തി ആർട്സ് & സ്പോർട്സ് ക്ലബ്, ആലിൻ ചുവട്, കുറ്റിപ്പുറം, യുവജനകലാവേദി, വില്ലൂർ, സപര്യ ആർട്സ് & സ്പോർട്സ് ക്ലബ്, തോക്കാംപാറ, ഭാരത് ആർട്സ് & സ്പോർട്സ് ക്ലബ്, കോട്ടപ്പടി, അൽ-അസ്ഹർ യൂത്ത് സെന്റർ, സൂപ്പിബസാർ, അല്ലാമാ ഇക്ബാൽ ലൈബ്രറി & റീഡിംഗ് റൂം, ഇന്ത്യനൂർ യൂറീക്ക വായനശാല, കോട്ടക്കൽ. പ്രതിഭ ആർട്സ് ക്ലബ് ആമപ്പാറ, കുറ്റിപ്പുറം. സി.എച്ച്. കൾച്ചറൽ സെന്റർ കോട്ടക്കൽ, ലുക്മാനിയ ആർട്സ് സ്പോർട്സ് ക്ലബ് ചങ്കുവെട്ടി.

ഇവയിൽ ചില സംഘടനകൾക്ക് പഞ്ചായത്തിൽ നിന്ന് ധനസഹായം നൽകുന്നുണ്ട്.

കായിക രംഗത്തെ കുറിച്ച് പറയുമ്പോൾ കോട്ടക്കലിൽ ഒരു സ്റ്റേഡിയത്തിന്റെ അഭാവം എടുത്തു പറയാവുന്നതാണ്. കോട്ടക്കൽ രാജാസ് ഹൈസ്കൂൾ മൈതാനമാണ് ഏക ആശ്രയം. അതുതന്നെ വർഷകാലത്ത് വെള്ളം കെട്ടിനിൽക്കുന്നതിനാൽ കളികൾക്ക് സാധ്യമല്ല. ഇതിനു പരിഹാരമായി ഒന്നാം വാർഡിലെ ചുണ്ടപ്പാടത്ത് സ്ഥലമെടുക്കുന്നതിനായി പഞ്ചായത്ത് മുൻപു തുടങ്ങിയ പ്രവർത്തനം തുടരുകയോ അല്ലെങ്കിൽ മറ്റുസ്ഥലം കണ്ടെത്തുകയോ ചെയ്യേണ്ടിയിരിക്കുന്നു. വില്ലൂരിൽ ഒരു മിനി സ്റ്റേഡിയം കൂടി പണിയാൻ പുറം പോക്ക് ഭൂമിയുള്ളതായി ഗ്രാമസഭയിൽ നിന്ന് അറിഞ്ഞിട്ടുണ്ട്.

**പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും**

ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നതും മറ്റുമായ സംസ്കാരിക കായിരംഗത്തെ പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. മൂന്ന്, നാല്, അഞ്ച്, ഏഴ്, എട്ട്, ഒൻപത്, പതിനൊന്ന്, പതിമൂന്ന് എന്നീ വാർഡുകളിൽ വായനശാലകൾ തുടങ്ങാൻ ആവശ്യമുയർന്നിട്ടുണ്ട്. സർവെ നടത്തി ആവശ്യമെങ്കിൽ സ്ഥാപിക്കേണ്ടതാണ്.

2. തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങളും ജനവിദ്യകേന്ദ്രങ്ങളും കൂടുതൽ പ്രവർത്തനക്ഷമമാക്കണം.

3. പഞ്ചായത്തിൽനിന്ന്, സാംസ്കാരിക സംഘടനകൾ നടത്തുന്ന വായനശാലകൾക്ക് പത്രങ്ങൾ തുടങ്ങിയവ വരുത്തുന്നതിനു ധന സഹായം നൽകുക.

4. ഓണാഘോഷം, കേരളോൽസവം എന്നിവ നാടൻ കലകളും കായിക മൽസരങ്ങളും ഉൾപ്പെടുത്തി കൂടുതൽ ജനകീയ വൽക്കരിക്കുക.

5. പ്രശസ്ത മാപ്പിളപ്പാട്ട് രചയിതാവും ഗായകനുമായ കടായിക്കൽ കോയക്കുട്ടി എന്നയാളുടെ കൃതികൾ ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കാൻ ധനസഹായം നൽകുകയും അദ്ദേഹത്തെ മാപ്പിളപ്പാട്ടിന് പരിശീലകനാക്കുകയും ചെയ്യുക.

6. കാളപൂട്ട്, നാടൻ കലകൾ എന്നീ ഗ്രാമ തനിമ ഉയർത്തുന്ന കലാകായിക പരിപാടികൾക്ക് പ്രോൽസാഹനം നല്കുക.

7. മദ്യം, മയക്കുമരുന്ന് തുടങ്ങിയവമൂലം സാംസ്ക്കാരിക വിരുദ്ധ പ്രവർത്തനങ്ങളും കുടുംബ കലഹങ്ങളും കൂടുന്നതിനാൽ ഇവ പൂർണ്ണമായി നിരോധിക്കണം. സിനിമാശാലകൾ, ലൈബ്രറികൾ, മതസംഘടനകൾ തുടങ്ങിയവയുടെ സഹായത്തോടെ ഇതിനായി ബോധവത്കരണം നടത്തണം.

8. സാമൂഹ്യവിരുദ്ധരെ പിടികൂടാൻ രാത്രി കാലങ്ങളിൽ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തണം.

9. ഒന്ന്, ആറ്, പത്ത്, പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് വാർഡുകളിൽ ടി.വി.സെറ്റ് സ്ഥാപിക്കുവാൻ ആവശ്യമുയർന്നിട്ടുണ്ട്. സർവെ നടത്തി ആവശ്യമെങ്കിൽ അനുവദിക്കണം.

10. ആർട്സ്, സ്പോർട്സ് ക്ലബുകളുടെ പ്രവർത്തനങ്ങൾക്ക് ധനസഹായം നല്കണം.

11. സാംസ്കാരിക - കായിക സംഘടനകൾക്ക് പഞ്ചായത്തിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തുകയും മനുഷ്യ വിഭവ സമാഹരണ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുകയും വേണം.

12. മഹിളാ സമാജങ്ങൾ, അംഗനവാടികൾ, സി. ബി. എൻ. പി. പ്രവർത്തകർ എന്നിവർ മുഖേന സ്ത്രീകൾക്ക് മാത്രമായി സാംസ്കാരിക കായികമേളകൾ സംഘടിപ്പിക്കുക.

13. ഗ്രാമീണ സ്ത്രീകൾക്കായി 'സഞ്ചരിക്കുന്ന ഗ്രന്ഥാലയം' എന്ന പദ്ധതി നടപ്പിലാക്കണം.

14. കല്ല്യാണ മണ്ഡപം, കലാ സാംസ്കാരിക പരിപാടികൾ നടത്തുന്നതിന് വിപുലമായ രീതിയിൽ പുനസംവിധാനം ചെയ്യണം.

15. ദരിദ്ര വിദ്യാർത്ഥികളുടെ കലാ-സാഹിത്യാഭിരുചി പ്രോൽസാഹിപ്പിക്കുന്നതിന് നടപടി വേണം.

16. പ്രഗൽഭരെ പങ്കെടുപ്പിച്ച് കായിക താരങ്ങൾക്കായി കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കണം.

17. കോട്ടക്കൽ ഒരു ജിംനേഷ്യം തുടങ്ങണം.

18. പഞ്ചായത്ത് മിനിപാർക്ക് ആധുനിക രീതിയിൽ പുനസംവിധാനം ചെയ്യണം.

19. സ്റ്റേഡിയങ്ങളോട് അനുബന്ധിച്ച് ഓപ്പൺ എയർ തിയേറ്റർ സ്ഥാപിക്കുന്നത് സൗകര്യമാണ്.

20. ലാഭകൊതിയന്മാർ കീശവീർപ്പിക്കാൻ പടച്ചുവിടുന്ന, ധാർമിക സാംസ്കാരികച്യുതിയിലേക്ക് തള്ളിവിടാൻ മാത്രമുതകുന്ന, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ വഴിതെറ്റിയുള്ള പോക്കിന് ദിശാബോധം നല്കാൻ

ബോധവത്കരണം വഴിയും ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുക വഴിയും പൊതുജനപങ്കാളിത്തത്തോടെ നടപടികൾ വേണം.

21. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് ടൗണിൽ അശ്ലീല പോസ്റ്ററുകൾ ഒട്ടിക്കുന്നതും, അശ്ലീല പുസ്തക വില്പനയും നമ്മുടെ സാംസ്കാരിക പൈതൃകത്തിന് ഭീഷണിയാണ്. ഇത് കർശനമായി നിരോധിക്കാൻ നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു.

22. ഉന്നതസാംസ്കാരിക മൂല്യമുള്ള വാർത്താചിത്രങ്ങളും ഉത്തമ ചലചിത്രങ്ങളും സാംസ്കാരിക സംഘടനകളുടെ സഹകരണത്തോടെ വിദ്യാലയങ്ങളിലും മറ്റു കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കാനുള്ള സൗകര്യം ഏർപ്പെടുത്തണം.

23. നവസാക്ഷരരായ 12 പേർ കേരള വിദ്യാഭ്യാസ വകുപ്പും സാക്ഷരതാ സമിതിയും ചേർന്ന് നടത്തിയ കണ്ടൻസ്ഡ് എജുക്കേഷൻ സ്കീം (എൽ.പി.പരീക്ഷ) പരീക്ഷ പാസ്സായിട്ടുണ്ട്. ഇവർക്ക് തുടർന്നും പഠിക്കാനുള്ള അവസരം ഉണ്ടാക്കികൊടുക്കണം.



# 12

# വനിത

നമ്മുടെ വികസനപ്രക്യയയിലെ പ്രധാന പ്രശ്ന ങ്ങളിൽ ഒന്നാണ് സ്ത്രീകളുടെ പങ്കാളിത്തക്കുറവ്. ഇവരുടെ പങ്കാളിത്തവും ഉന്നമനവും സമൂഹത്തിന് അനിവാര്യമായ ഒന്നാണ്.

കേരളത്തിലെ പൊതുസ്ഥിതി പോലെത്തന്നെ യാണ് കോട്ടക്കൽ പഞ്ചായത്തിലെ സ്ത്രീകളുടെ സ്ഥിതിയും സ്ത്രീകളുടെ അംഗസംഖ്യ പുരുഷൻമാ രേക്കാൾ ഉയർന്നു നിൽക്കുന്നു. 1991ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിൽ 17,534 സ്ത്രീക ളുണ്ട്. ഇത് പുരുഷൻമാരുടെ അംഗസംഖ്യയെക്കാൾ 1,159 എണ്ണം കൂടുതലാണ്. പട്ടികജാതിയിൽ പെട്ട 481 സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്ത്രീകൾ പുരു ഷൻമാർക്കൊപ്പം നിൽക്കുന്നതായാണ് സെൻസസ് കണക്കുകൾ വ്യക്തമാക്കുന്നത്. ഉന്നത വിദ്യാഭ്യാസ ത്തിന്റെ കാര്യത്തിൽ പോലും ഇതു തന്നെ തുടരുന്ന തായാണ് കാണാൻ കഴിയുന്നത്. 1990ൽ നടന്ന സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൽ നമ്മുടെ പഞ്ചാ യത്തിലെ സ്ത്രീകൾ മാതൃകാപരമായ പങ്കു വഹിച്ചു. തുടർന്ന് നടന്ന രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനത്തിലൂടെയും തുടർ വിദ്യാഭ്യാസ പ്രവർത്തനത്തിലൂടെയും നിരക്ഷരരായ ധാരാളം സ്ത്രീകളെ സാക്ഷരരാക്കുവാനും നമുക്ക് സാധിച്ചു.

അനാരോഗ്യത്തിന്റെ ബുദ്ധിമുട്ടുകൾ അനുഭവി ക്കുന്നവരിൽ ഏറിയ പേരും സ്ത്രീകളാണെന്നത് PHCയിലെ OP രജിസ്റ്റർ പരിശോധിച്ചാൽ വ്യക്ത മാകും. പലരോഗങ്ങളും ശരിയായ അറിവില്ലാത്തതി നാൽ ചെറിയ രോഗങ്ങൾ പോലും പലപ്പോഴും മാര കമായി ഭവിക്കാറാണ് പതിവ്. ശാസ്ത്രീയജ്ഞാന ത്തിന്റെ കുറവും. വിദഗ്ദോപദേശത്തിന്റെ അഭാവവു മാണ് ഇതിനുകാരണം. നമ്മുടെ PHC യുടെ പ്രവർത്തനം സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്നുണ്ടോ എന്ന കാര്യം പരിശോ ധനയ്ക്കു വിധേയമാക്കേണ്ടതാകുന്നു.

അധ്യാപനരംഗത്തൊഴികെയുള്ള തൊഴിൽമേ ഖലയിലാകെ പുരുഷൻമാരേക്കാൾ വളരെ പിറകി ലാണ് സ്ത്രീകൾ. സ്ത്രീകളുടെ ആത്മവിശ്വാസക്കു റവു മൂലം, പരമ്പരാഗതമായ തൊഴിൽ മേഖല യിൽനിന്നും വ്യത്യസ്ഥമായി പുതിയ രംഗങ്ങളിലേക്ക് ചുവടുവെയ്ക്കാൻ സാധിക്കുന്നില്ല. നമ്മുടെ പഞ്ചായ ത്തിലെ ഒരു വലിയ വ്യവസായസ്ഥാപനമായ ആര്യ വൈദ്യശാലയിൽ പോലും സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. 1500-ഓളം ജീവക്കാരിൽ 200 ൽ താഴെ മാത്രം സ്ത്രീ ജീവനക്കാരാണ് ഇവിടെയുള്ളത്.

മറ്റു മേഖലകളിലെല്ലാം തന്നെ സ്ത്രീ തൊഴിലാ ളികൾ കുറഞ്ഞു വരുന്നതായി താഴെ കാണിക്കുന്ന പട്ടിക വ്യക്തമാക്കുന്നു.

| തൊഴിൽമേഖല | പുരുഷൻ മാരുടെ എണ്ണം | സ്ത്രീ കളുടെ എണ്ണം |
|---|---|---|
| കർഷകർ | 743 | 26 |
| കർഷകത്തൊഴിലാളി | 1474 | 112 |
| മൃഗസംരക്ഷണം | 105 | 9 |
| ക്വാറി തൊഴിലാളികൾ | 62 | 2 |
| കുടിൽ വ്യവസായം | 53 | 12 |
| മറ്റ് വ്യവസായം | 999 | 61 |
| കെട്ടിട നിർമ്മാണം | 282 | 3 |
| വ്യാപാരം | 829 | 36 |
| ഗതാഗതം, വാർത്താവിനിമയം | 494 | 6 |
| മറ്റുള്ളവർ | 891 | 356 |

മുകളിൽ കാണിച്ച പട്ടിക പ്രകാരം തൊഴിൽ മേഖലയിൽ സ്ത്രീകൾ വലിയ അവഗണന നേരിടു ന്നുണ്ട്. വ്യക്തമാകുന്നത് സ്ത്രീകൾ തൊഴിൽ രംഗത്ത് പ്രത്യക്ഷപ്പെടാതിരിക്കാൻ പ്രധാന കാരണം കൂലിനി രക്കിലുള്ള വിവേചനമാണ്.

| തൊഴിൽമേഖല | പുരുഷന ലഭിക്കുന്ന കൂലി | സ്ത്രീക്ക് ലഭിക്കുന്ന കൂലി |
|---|---|---|
| കർഷികത്തൊഴിലാളി | 100 | 70 |
| നിർമ്മാണത്തൊഴിലാളി | 100-125 | 80-90 |

തൊഴിലില്ലായ്മ നമ്മുടെ പഞ്ചായത്തിൽ കൂടു തൽ ബാധിച്ചിരിക്കുന്നത് സ്ത്രീകളെയാണ്. 16807 തൊഴിലില്ലാത്ത വനിതകൾ നമ്മുടെ പഞ്ചായത്തി

ലുണ്ട്. തൊഴിലില്ലാത്ത പുരുഷൻമാരേക്കാൾ 6693 എണ്ണം കൂടുതലാണ് ഇത്.

കാർഷിക രംഗത്തും സ്ത്രീകളുടെ പങ്കാളിത്തക്കുറവ് നമുക്ക് കാണാം. കൃഷി ഒരു ഉപജീവനമാർഗ്ഗമായി സ്ത്രീകൾ പരികഗണിക്കുന്നില്ല. കന്നുകാലി സംരക്ഷണവും, ക്ഷീരവ്യവസായവും സ്ത്രീകൾക്ക് ഫലപ്രദമായി പങ്കെടുക്കാവുന്ന മേഖലയാണെങ്കിലും സ്ത്രീ പങ്കാളിത്തം നന്നേ കുറവാണ്.

വനിതകളുടെ നേതൃത്വത്തിലുള്ള സഹകരണ സംഘങ്ങളോ, വനിതാവ്യവസായ യൂണിറ്റുകളോ പഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല. 4 ക്ഷീരോൽപന്ന നിർമ്മാണ വിപണന യൂണിറ്റുകൾക്ക് അനുമതിയായിട്ടുണ്ടങ്കിലും പ്രവർത്തുനം ആരംഭിച്ചിട്ടില്ല. നായാടിപ്പാറയിൽ ഒരു വനിത പൊടിമില്ല് തുടങ്ങിയിട്ടുണ്ട്. കൂടുതൽ വിപണനസാധ്യതയുള്ള മേഖലകളിൽ സ്ത്രീകളുടെ കർമ്മശേഷി നമ്മൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

ദാരിദ്ര്യമനുഭവിക്കുന്ന വനിതകളുടെ ഉന്നമനത്തെ ലക്ഷ്യമാക്കി ജില്ലയിൽ പ്രവർത്തിച്ചു വരുന്ന സി.ബി.എൻ.പി. (C.B.N.P & P.A.P) പദ്ധതിയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ സർവ്വേ നടത്തി 4633 കുടുംബങ്ങളിൽ നിന്ന് 1055 കഷ്ടതയനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തി, വനിതകളുടെ നേതൃത്വത്തിൽ 39 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. വാർഡടിസ്ഥാനത്തിൽ 6 ഏരിയാ ഡവലപ്മെന്റ് സൊസൈറ്റികളും, പഞ്ചായത്തടിസ്ഥാനത്തിൽ കമ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റിയും പ്രവർത്തിച്ചുവരുന്നു.

ഇവരുടെ സ്വയം സമ്പാദ്യമായ തൃഫ്റ്റ് സൊസൈറ്റി മുഖേന 1,41,543 രൂപ കോട്ടക്കൽ സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപമായുണ്ട്. അംഗങ്ങൾക്ക് 1,18,640 രൂപ സ്വയം തൊഴിൽ വായ്പയായും, 24,500രൂ. സർക്കാർ പലിശരഹിതവായ്പയായി കക്കൂസ് നിർമ്മിക്കാനും, കോഴി വളർത്താനും നൽകുകയുണ്ടായി. പ്രസ്തുക പദ്ധതിയിൽപെട്ടവരുടെ പ്രധാന ആവശ്യങ്ങളിൽ ഒന്നു കക്കൂസിന്റെ അപര്യാപ്തതയാണ്. 747 കുടുംബങ്ങൾക്ക് കക്കൂസില്ല. ഇതിന് ഒരു പരിഹാരം കാണേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ 28 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. 39 അംഗൻവാടികൾ പ്രവർത്തിക്കേണ്ട നമ്മുടെ പഞ്ചായത്തിൽ, ആരംഭിച്ച അംഗൻവാടികൾ തന്നെ പല പ്രയാസങ്ങൾ നേരിടുകയാണ്. പഞ്ചായത്തിലെ മഹിളാ സമാജകങ്ങളുടെ പ്രവർത്തനവും തൃപ്തകരമല്ല. പൊതുരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തക്കുറവ് ഇന്നും തുടരുകയാണ്. എന്നാൽ ഈയിടെ നടന്ന വിശേഷാൽ ഗ്രാമസഭകളിലെ സ്ത്രീപങ്കാളിത്തം വളരെ ഉയർന്നതാണ്.

സ്ഥിരമായി 3 അംഗൻവാടികൾക്കാണ് സ്വന്തം കെട്ടിടം ഉള്ളത്. സ്ത്രീപീഢനങ്ങൾ നമ്മുടെ പഞ്ചായത്തിൽ നടന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിട്ടില്ല. എങ്കിലും സ്ത്രീധനം, മദ്യപാനം, മുതലായവയുടെ ദൂഷ്യവശങ്ങൾ അനുഭവിക്കുന്നവരുണ്ട്. മാധ്യമങ്ങളിലും, സിനിമാ പോസ്റ്ററുകളിലും മറ്റും സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്നത് തടയാൻ നടപടി വേണം.

### വനിതാമേഖല നേരിടുന്ന പ്രശ്നങ്ങൾ

1. വിദ്യാലയത്തിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം താരതമ്യേനകുറവാണ്.
2. തൊഴിലധിഷ്ഠിത വിദ്യാഭ്യാസരംഗത്ത് വനിതകൾ കുറവാണ്.
3. വനിതാ കോളേജ് നിലവിലില്ല.
4. PHCയിൽ സത്രീ രോഗവിദഗ്ധന്റെ സേവനം ലഭ്യമാകുന്നില്ല.
5. ആരോഗ്യബോധവൽക്കരണ ക്ലാസുകൾ നടക്കുന്നില്ല.
6. പൊതുരംഗങ്ങളിൽ സ്ത്രീകൾ സജീവമായി രംഗത്തുവരുന്നില്ല.
7. അംഗനവാടികളുടെ സ്ഥിതി പരിതാപകരമാണ്.
8. മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.
9. കുടിവെള്ളക്ഷാമം മൂലം കൂടുതൽ കഷ്ടതയനുഭവിക്കേണ്ടി വരുന്നത് സ്ത്രീകളാണ്.
10. അകാരണമായ വിവാഹമോചനം
11. ക്രെഷിന്റെ അഭാവം, സത്രീകളെ തൊഴിലിന് പോകുന്നതിൽ നിന്നും വിലക്കുന്നു.
12. പച്ചക്കറി കൃഷി, ഔഷധസസ്യകൃഷി, ഉദ്യാന കൃഷി എന്നീ രംഗങ്ങളിൽ സ്ത്രീ പങ്കാളിത്തം നിലവിലില്ല.
13. കന്നുകാലി ക്ഷീരവികസന രംഗത്തും സ്ത്രീ പങ്കാളിത്തം കുറവാണ്.
14. തൊഴിൽ മേഖലയിൽ അധ്യാപനരംഗത്തൊഴികെ സ്ത്രീകൾ അവഗണന നേരിടുന്നു.
15. വനിതാ സഹകരണസംഘങ്ങൾ നിലവിലില്ല.
16. വനിതാ വ്യവസായ യൂണിറ്റുകൾ നിലവിലില്ല.

സ്ത്രീകൾക്ക് ഇടയിലെ പ്രശ്നപരിഹാരങ്ങൾക്ക് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. സ്കൂളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാനാവശ്യമായ സഹായം

ചെയ്യുക.

2. PHCയിൽ സ്ത്രീ രോഗ വിദഗ്ധന്റെ സേവനം ലഭ്യമാക്കുക

3. മഹിളാ സമാജങ്ങൾ പുനഃസംഘടിപ്പിക്കുക.

4. അകാരണമായ വിവാഹമോചനം നിരത്സാഹപ്പെടുത്തുക.

5. പച്ചക്കറി കൃഷി, ഔഷധ സസ്യക്കൃഷി, ഉദ്യാനക്കൃഷി എന്നിവയിൽ സ്ത്രീകൾക്ക് ശാസ്ത്രീയ പരിജ്ഞാനം നൽകുക. കൃഷിക്കാവശ്യമായ വിത്ത്, വളങ്ങൾ എന്നിവ വീട്ടമ്മമാർക്ക് സൗജന്യമായി നൽകുക.

6. വിഭവ-വിപണന സാധ്യതകൾ കണക്കിലെടുത്ത് സഹകരണാടിസ്ഥാനത്തിൽ വനിതാ വ്യവസായ യൂണിറ്റുകൾ തുടങ്ങുകയും, അവയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

7. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ കിട്ടുന്നതിലുള്ള കാലതാമസം ഒഴിവാക്കുക.

8. കോട്ടക്കലിൽ ഒരു വനിതാ കോളേജ് ആരംഭിക്കുക.

9. ഒരു ക്രഷ് സ്ഥാപിക്കുക.

❖



# 13

# സഹകരണം

ഋണ ബാധ്യതയിൽ നിന്നും ഇന്ത്യൻ കർഷക സമൂഹത്തെ രക്ഷിക്കുന്നതിനായി 1904 -ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്.

കോട്ടക്കൽ പഞ്ചായത്തിൽ 1914-ൽ കെ.സി. മാനവിക്രമൻ രാജാ എന്നിവരുടെ നേതൃത്വത്തിൽ 15 അംഗങ്ങൾ കൂടി രൂപീകൃതമായ കോട്ടക്കൽ ഐക്യനാണയ സംഘം ആണ് ഈ പ്രദേശത്ത് സഹകരണത്തിന് തുടക്കം കുറിച്ചത്. മാനവിക്രമൻ എന്ന കുട്ടിയേട്ടൻ തമ്പുരാൻ ആണ് പ്രഥമ പ്രസിഡന്റ്. 1937-ൽ പ്രസ്തുത സംഘം അർബ്ബൻ സഹകരണ ബേങ്കായി രൂപാന്തരപ്പെടുത്തുകയും 1966 മുതൽ ബേങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരികയും ചെയ്തു. 1968-ൽ കോട്ടക്കൽ സർവ്വീസ് സഹകരണ സൊസൈറ്റി രൂപീകരിക്കുകയും പിന്നീട് സർവ്വീസ് സഹകരണ ബേങ്കായി രൂപാന്തരപ്പെടുത്തുകയും ചെയ്തു. യു എ. ബീരാൻ സാഹിബായിരുന്നു പ്രഥമ പ്രസിഡന്റ്.

കെ.സി. മാനവിക്രമൻ രാജാ, കെ.സി. തിരുവീരരായൻ രാജ. മാനവിക്രമൻ രാജ, പാറപ്പുറത്ത് രാമുണ്ണി നായർ, അമരിയിൽ കുഞ്ഞിക്കോമു, യു എ. ബീരാൻ സാഹിബ്, പെരുമ്പള്ളി മുഹമ്മദ് ഹാജി, ചെമ്മുക്കൻ മുഹമ്മദ് കുട്ടി, കെ പി. അച്യുതൻ നായർ തുടങ്ങിയവർ കോട്ടക്കൽ പഞ്ചായത്തിലെ ആദ്യകാല സഹകാരികളാകുന്നു.

വിവിധ മേഖലകളിലായി 10 സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ച പ്രവർത്തനം ആരംഭിച്ചിരുന്നു. കോട്ടക്കിലിലുണ്ടായിരുന്ന ക്ഷീര സഹകരണ സംഘം, ലതർവർക്കേഴ്സ് സഹകരണ സംഘം, പെപ്പിയർ ഹാന്റീക്രാഫ്റ്റ് സഹകരണ സംഘം എന്നിവയുടെ പ്രവർത്തനം സമാപ്തീകരിക്കുകയുണ്ടായി. രാജാസ് സ്കൂൾ സഹകരണ സ്റ്റോർ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കോട്ടക്കൽ സഹകരണ ബേങ്ക്, ആര്യവൈദ്യ ശാലാ എംപ്ലോയീസ് ക്രെഡിറ്റ് സൊസൈറ്റി, ജി യു പി സ്ക്കൂൾ സ്റ്റുഡൻസ് സഹകരണ സ്റ്റോർ, ജി എം യു പി സ്ക്കൂൾ സ്റ്റുഡൻസ് സഹകരണ സ്റ്റോർ, എ കെ എം യു പി സ്ക്കൂൾ സഹകരണ സ്റ്റോർ എന്നിവ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. മലപ്പുറം ജില്ലാ സഹകരണ ബേങ്കിന്റെ ഒരു ബ്രാഞ്ചും ഇവിടെ പ്രവർത്തിക്കുന്നു.

### സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷിക മേഖലയിൽ കോട്ടക്കൽ സർവ്വീസ് സഹകരണ ബേങ്ക് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. കാർഷികേതര മേഖലയിൽ കോട്ടക്കൽ സഹകരണ അർബ്ബൻ ബേങ്കും വളരെ നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നു. കൺസ്യൂമർ രംഗത്ത് കോട്ടക്കൽ സർവ്വീസ് സഹകരണ ബേങ്കിന്റെ കൺസ്യൂമർ സ്റ്റോറും, മലപ്പുറം ഹോൾസെയിൽ കൺസ്യൂമർ സഹകരണ സ്റ്റോറിന്റെ ബ്രാഞ്ചും പ്രവർത്തിച്ചിരുന്നത് ഇപ്പോൾ പ്രവർത്തനം നിലച്ചു പോയതാണ്. ആര്യവൈദ്യ ശാലാ ജീവനക്കാരെ മാത്രം ഉദ്ദേശിച്ചു തുടങ്ങിയ കൺസ്യൂമർ സ്റ്റോർ ഇപ്പോൾ പൊതു ജനങ്ങൾ കൂടി ഉപകരിക്കുമാറ് കൺസ്യൂമർ രംഗത്ത് നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. സ്ക്കൂൾ സഹകരണ സംഘങ്ങൾ മൂന്നെണ്ണം പഞ്ചായത്തിന്റെ പരിധിയിൽ പുസ്തക വിതരണം മാത്രം നടത്തിവരുന്നു.

### കാർഷിക മേഖല

#### ഹ്രസ്വകാല വായ്പ

ഏകദേശം നാലായിരത്തോളം കർഷക കുടുംബങ്ങളുള്ള കോട്ടക്കൽ പഞ്ചായത്തിലെ കാർഷിക വായ്പക്കുള്ള ആശാകേന്ദ്രം കോട്ടക്കൽ സർവ്വീസ് സഹകരണ ബേങ്ക് മാത്രമാണ്. ഇതിന് പുറമെ ദേസാൽകൃത ബേങ്കുകളും, മറ്റു വാണിജ്യ ബേങ്കുകളും അവരുടെ ഭാഗധേയം ഈ രംഗത്ത് നിർബന്ധാസ്ഥയിൽ നിർവ്വഹിക്കുന്നുണ്ട്.

#### കോട്ടക്കൽ സർവ്വീസ് സഹകരണ ബേങ്ക്

4800-ഓളം അംഗങ്ങളുള്ള ഈ ബേങ്കിൽ 2000-ത്തോളം അംഗങ്ങളാണ് കർഷക കുടുംബങ്ങളിൽ നിന്നുള്ളത്. 1968-ൽ പ്രവർത്തനമാരംഭിച്ച ഈ ബേങ്കിൽ ഇടക്കാലത്ത് ഉണ്ടായ ചില സാമ്പത്തിക അപാകതകൾ ബേങ്കിന്റെ പ്രവർത്തനത്തിൽ നേരിയ തോതിൽ മന്ദിഭവം നേരിട്ടെങ്കിലും 1989-90 വർഷം മുതൽ ബേങ്ക് സാമ്പത്തിക പുരോഗതി കൈവരിച്ച് പൂർവ്വോപരി ശക്തിപ്പെട്ട് ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു. കാർഷിക വായ്പക്കുള്ള അപേക്ഷ വർഷം തോറും കുറഞ്ഞുവരുന്ന പ്രവണതയാണ് കണ്ടുവരു

ന്നത്.1993-94 വർഷത്തിന് ശേഷം കാർഷിക വായ്പ തീരെ വിതരണം ചെയ്തിട്ടില്ല.കാർഷിക വായ്പക്ക് താൽപര്യമില്ലാത്ത അവസ്ഥയിൽ കാർഷികേതര ഹൃസ്വകാല വായ്പ ആവശ്യം നിറവേറ്റുന്ന കാര്യത്തിൽ ബേങ്ക് മുന്നേറിക്കൊണ്ടിരിക്കുന്നു.ഉപഭോഗ ആവശ്യങ്ങൾക്കും മറ്റുമാണ് ഈ വായ്പ നൽകി വരുന്നത്.കാർഷിക അനുബന്ധവായ്പ എന്ന നിലക്ക് തെങ്ങു കൃഷി വികസനത്തിന് പമ്പ് സെറ്റ് വാങ്ങുന്നതിനും കിണർകുഴിക്കുന്നതിനും മദ്ധ്യാകല വായ്പ നൽകി വരുന്നു.ദാരിദ്ര്യരേഖക്ക് താഴെ നിൽക്കുന്ന ജനങ്ങളുടെ സാമ്പത്തികോന്നമനത്തിനുള്ള പദ്ധതിയായ IRDP വായ്പയും നൽകിവരുന്നു.എല്ലാവിധ ബാങ്കിംഗ് ഇടപാടുകൾക്കും പുറമെ റേഷൻ മൊത്ത വ്യാപാരവും ചില്ലറ വ്യാപാരവും കോട്ടക്കൽ പഞ്ചായത്തിലെ 10 റേഷൻ ഷാപ്പുകളിലൂടെയും അയൽ പഞ്ചായത്തായ പൊന്മളയിലെ 2 റേഷൻ ഷാപ്പുകളിലൂടെയും നൽകിവരുന്നു.കൊപ്ര സംഭരണം ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ നടത്തുന്നില്ല.ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് കശുവണ്ടി സംഭരണവും ഉത്സവ കാലങ്ങളിൽ സ്വാഭാവികമായും വരാറുള്ള വില വർദ്ധനവ് ഒരളവോളം തടയുന്നതിന് സ്റ്റുഡന്റ്സ് മാർക്കറ്റും ഓണം മാർക്കറ്റും നടത്താറുണ്ട്.

**b) ദീർഘകാല കാർഷിക വായ്പ**

ഏറനാട് താലൂക്ക് പ്രവർത്തന പരിധിയായിട്ടുള്ള ഏറനാട് താലൂക്ക് കാർഷിക ഗ്രാമ വികസന ബേങ്കാണ് കർഷകർക്കാവശ്യമായ ദീർഘകാല കാർഷിക വായ്പകൾ നൽകിവരുന്നത്.കാർഷിക മേഖലക്കാവശ്യമായ വേണ്ടത്ര ഫണ്ട് ഈ സ്ഥാപനത്തിൽ ലഭ്യമാണെങ്കിലും വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടും ഇത്തരം സേവനം ലഭ്യമാവുന്ന സ്ഥാപനത്തെക്കുറിച്ചുള്ള അജ്ഞതയും ഇത് വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ കർഷകർക്ക് സാധിച്ചിട്ടില്ല.ഇപ്പോൾ താലൂക്ക് പുനഃസംഘടനയിൽ കോട്ടക്കൽ പഞ്ചായത്ത് പ്രദേശം തിരൂർ താലൂക്കിന്റെ പരിധിയിൽ പെടുന്നതിനാൽ ദീർഘകാല കാർഷിക വായ്പ ലഭ്യമാവുന്നതിന് സമീപ ഭാവിയിൽ തിരൂർ താലൂക്ക് കാർഷിക ഗ്രാമ വികസന ബേങ്കിനെ ആശ്രയിക്കേണ്ടതായി വരും.

കാർഷികേതര വായ്പാ മേഖല :

കോട്ടക്കൽ സഹകരണ അർബ്ബൻ ബാങ്ക് :

1914-ൽ ഐക്യനാണയ സംഘമായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം 1937-മുതൽ അർബ്ബൻ ബേങ്കായി പുനർ നാമകരണം ചെയ്ത് വായ്പാവിതരണ രംഗത്തും വായ്പേതരരംഗത്തും - റേഷൻ മൊത്ത ചില്ലറ വ്യാപാരങ്ങൾ നടത്തിവരുന്നു. 1966-ൽ ബാങ്കിംഗ് റഗുലേഷൻ ആക്ട് നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ റേഷൻ വ്യാപാരം ഒഴിവാക്കുകയും ചെയ്തു. 1957-ൽ ഉണ്ടായ സാമ്പത്തിക തിരിമറി കാരണം ബേങ്കിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുകയുണ്ടായി.അതിന് ശേഷം ബേങ്ക് ക്രമാനുഗതമായി പ്രവർത്തന ക്ഷമത കൈവരിച്ച് കോട്ടക്കൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ ബേങ്ക് ഇന്ന് പ്രവർത്തന മേഖലയായ കോട്ടക്കൽ, പറപ്പൂർ, മാറാക്കര, ഒതുക്കുങ്ങൽ, തെന്നല, എടരിക്കോട്, കൽപകഞ്ചേരി, പൊന്മള, കോഡൂർ, കുറുവ, ആതവനാട്, തിരുരങ്ങാടി, വേങ്ങര, പൊന്മുണ്ടം, വളാഞ്ചേരി എന്നീ പഞ്ചായത്തുകളിലെ ജനങ്ങളുടെ കാർഷികേതര ഹ്രസ്വകാല, മദ്ധ്യകാല വായ്പാവശ്യങ്ങൾ നിറവേറ്റുന്നതിൽ 6 ബ്രാഞ്ചുകൾ മുഖേന പ്രവർത്തിച്ചുവരുന്നു.കച്ചവടക്കാർക്ക് ആവശ്യമായ കാഷ് ക്രഡിറ്റ്, ഓവർ ഡ്രാഫ്റ്റ് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും മറ്റുമുള്ള വായ്പകളും നൽകുന്നു.ബേങ്ക് ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

**കൺസ്യൂമർ മേഖല :**

കോട്ടക്കൽ ആര്യവൈദ്യശാല എംപ്ലോയീസ് സഹകരണ സംഘം :

കോട്ടക്കൽ ആര്യവൈദ്യശാല ജീവനക്കാർക്ക് ന്യായവിലക്ക് ഉപഭോക്തൃ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി 1965-ൽ പ്രവർത്തനമാരംഭിച്ചു. ആര്യവൈദ്യശാലാ ജീവനക്കാർക്ക് വേണ്ടി മാത്രം രൂപീകരിച്ച് കൺസ്യൂമർ രംഗത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനം പൊതുജനങ്ങൾക്ക് വേണ്ടത്ര സേവനം ലഭിക്കുന്നില്ല.മൊത്തം 1082 ജീവനക്കാരാണ് അംഗങ്ങളായിട്ടുള്ളത്.

ഉപഭോക്തൃ സാധനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാവുന്നതിന് ഇപ്പോൾ കോട്ടക്കലിൽ കേരളാ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന ഒരു മാവേലി സ്റ്റോർ മാത്രമാണുള്ളത്.

**പാർപ്പിട പ്രശ്നം**

പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ ധനസഹായം ലഭ്യമാവുന്നതിന് ഏറെ പ്രയാസം അനുഭവപ്പെടുന്നു.ദുർബല വിഭാഗങ്ങൾക്ക് കോട്ടക്കൽ സർവ്വീസ് സഹകരണ ബേങ്ക് കൊടുത്ത ഏതാനും വായ്പകളും മലപ്പുറം ജില്ലാ സഹകരണ ബേങ്കിന്റെ കോട്ടക്കൽ ശഖ വഴികൊടുത്ത ഏതാനും വായ്പകളും മറ്റുവിവിധ സാമ്പത്തിക ഏജൻസികൾ മുഖേനയുള്ള വായ്പകളും ആണ് ലഭ്യമായിട്ടുള്ളത്, ഫണ്ടുകളുടെ അപര്യാപ്തി മൂലം

സഹകരണ മേഖലക്ക് ഈ രംഗത്ത് ആവശ്യത്തിനു തകത്തക്ക രീതിയിലുള്ള വായ്പകൾ ലഭ്യമാക്കാൻ സാധിക്കുന്നില്ല.

**വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ :**

### കാർഷിക മേഖല :

1. കോട്ടക്കൽ സർവ്വീസ് സഹകരണ ബേങ്ക 1989–90 മുതൽ ലാഭത്തിൽ പ്രവർത്തിച്ചു വരുന്നുവെങ്കിലും 1988–89 വർഷത്തിനുമുമ്പ് നടന്ന ചില സാമ്പത്തിക അപാകതകൾ സംബന്ധിച്ച കേസ് വർഷങ്ങളായി തീർപ്പ് കൽപ്പിക്കാതെ കോടതിയിൽ കിടക്കുന്നു. ഇത് തീർപ്പ് കൽപിച്ചാലേ ബന്ധപ്പെട്ട വകയിൽ ബേങ്കിന് കിട്ടാനുള്ള കുടിശ്ശികകൽ ഈടാക്കാൻ സാധിക്കുകയുള്ളു. മുൻവർഷത്തെ നഷ്ടത്തിന് തുല്യമായ ഗവൺമെന്റ് ഓഹരി മൂലധനത്തിനുള്ള അപേക്ഷ സമർപിച്ചത് ലഭ്യമാവുന്ന മുറക്ക് ബേങ്കിന്റെ പ്രവർത്തനം ഒന്ന് കൂടി മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്.

2. കുടിശ്ശിക വസൂലാക്കുന്നതിന് ഭരണസമിതി അടിയന്തിര നടപടി കൈക്കൊള്ളുക.

3. എല്ലാ കർഷകരെയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

4. വിദേശത്ത് നിന്നുള്ള ധാരാളം പണം ഈ പ്രദേശത്ത് വന്നുപോയെങ്കിലും ഈ സ്ഥാപനത്തിന് അത് തക്ക സമയത്ത് ഉണർന്ന് പ്രവർത്തിച്ച് പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല. ഇതിന് തദ്ദേശീയരുടെ മുഴുവൻ പങ്കാളിത്തം ഉൾപ്പെടുത്തി പ്രത്യേക നിക്ഷേപ സമാഹരണം നടത്തിയാൽ ഈ ഫണ്ട് കോട്ടക്കൽ നിവാസികൾക്ക് തന്നെ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഈ പോരായ്മ നില നിൽക്കുന്നതിനാലാണ് മറ്റു ദേശസാൽകൃത വാണിജ്യ ബേങ്കുകളുടെ ബ്രാഞ്ചുകൾ ഇവിടെ എണ്ണത്തിൽ വർദ്ധിച്ചത്.

5. സഹകരണ ബേങ്കുകൾ കർഷകരെ സംബന്ധിച്ച പൂർവിവരങ്ങളോടു കൂടിയ ലാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് ഓരോ വർഷത്തിലേക്കും ആവശ്യമായ വായ്പതുക തിട്ടപ്പെടുത്തുകയും ചെയ്യുക.

6. ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിന് മുമ്പ് തന്നെ പാസാക്കി കർഷകന് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

7. കാർഷിക ആവശ്യത്തിനായി നബാർഡിൽ നിന്നും "കൺസഷണൽ ഫിനാൻസ്" കൃത്യമായി അനുവദിച്ചു കിട്ടുന്നതിന് നടപടി എടുക്കുക.

8. സർക്കാരിൽനിന്നും അനുവദിച്ചു കിട്ടുന്ന പ്രൊസക്ഷൻ കോസ്റ്റ് താമസംവിനാ വായ്പക്കാർക്ക് ലഭ്യമാവുന്നതിന് സർക്കാർ തലത്തിലും ബേങ്ക് തലത്തിലും നടപടികൾ ചെയ്യേണ്ടതാണ്.

9. ഇപ്പോൾ നൽകിവരുന്ന വായ്പാ പരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തേണ്ടതാണ്.

10. വളവും കാർഷികോപകരണങ്ങളും വിതരണം ചെയ്യുവാനും കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുവാനും ബേങ്കുകളിൽ സംവിധാനം ഉണ്ടാകണം.

11. കോട്ടക്കൽ സർവ്വീസ് സഹകരണ ബേങ്കിന്റെ ഒരു ബ്രാഞ്ച് പഞ്ചായത്തിലെ കാർഷിക മേഖലയായ ഇന്ത്യനൂരിൽ തുറക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

12. കോട്ടക്കൽ സർവ്വീസ് സഹകരണ ബേങ്കിനെ ഒരു ഫാർമേഴ്സ് സർവ്വീസ് സഹകരണ ബേങ്കായി രൂപാന്തരപ്പെടുത്തിയാൽ കർഷകർക്കാവശ്യമായ കാർഷിക വായ്പ, വിത്ത്, വളം, കീടനാശിനി, കാർഷിക യന്ത്രോപകരണങ്ങൾ എന്നിവ വിതരണം ചെയ്യാനും കൃഷിക്കാരുടെ ഉൽപന്നങ്ങൾ വാങ്ങി വിതരണം ചെയ്യാനും, 'കീലോൺ' സമ്പ്രദായം, ക്രഡിറ്റ് കാർഡ് സിസ്റ്റം എന്നിവ നടപ്പിലാക്കാനും, ഒരു കൃഷി ഓഫീസറുടെയും ടെക്നിക്കൽ അസിസ്റ്റന്റിന്റെയും ലൈസൻ ആഫീസറുടെയും സേവനം ലഭ്യമാക്കുന്നതിനും, ഉപഭോക്തൃ സാധനങ്ങൾ ന്യായവിലക്ക് വിൽപന നടത്താനും സാധിക്കുന്നതാണ്.

13. ദീർഘകാല വായ്പ നൽകിവരുന്ന കാർഷിക ഗ്രാമ വികസന ബേങ്കിന്റെയും ഭവന നിർമ്മാണ വായ്പ ലഭ്യമാവുന്ന ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെയുയും വായ്പാ സംവിധാനം ലഘൂകരിക്കുകയും ഇവയെ കുറിച്ച് പൊതുജനങ്ങൾക്ക് അറിവ് ലഭിക്കുന്നതിന് വായ്പാ മേളകൾ നടത്തുകയും ചെയ്യേണ്ടതാണ്.

### കാർഷികേതര മേഖല :

കാർഷികേതര മേഖലയിൽ കോട്ടക്കലിൽ വായ്പ നൽകിവരുന്ന സ്ഥാപനമാണ് കോട്ടക്കൽ സഹകരണ അർബ്ബൻ ബേങ്ക്. 1937 –ല് പ്രവർത്തനമാരംഭിച്ച ഈ ബേങ്ക് കോട്ടക്കലും പരിസരപ്രദേശങ്ങളിലുള്ള 15 പഞ്ചായത്തുകളും ഉൾക്കൊള്ളുന്നതാണ് പ്രവർത്തനമേഖല.

കച്ചവടക്കാർക്കാവശ്യമായ കാഷ് ക്രഡിറ്റ്, ഓവർ ഡ്രാഫ്റ്റ്, വ്യാവസായിക വായ്പ, ഉദ്യോഗസ്ഥന്മാർക്കുള്ള വായ്പ, ഉപഭോക്തൃ സാധനങ്ങൾ വാങ്ങുന്നതിനുള്ള വായ്പ, വിസാ ലോൺ, വെഹിക്കിൾ ലോൺ മുതലായ വായ്പകൾ നൽകിവരുന്നുണ്ട്.

ഇപ്പോൾ 6ബ്രാഞ്ചുകളാണ് ബാങ്കിനുള്ളത്. 6ബ്രാഞ്ചുകൾകൂടി അടുത്ത് തന്നെ തുറന്ന് പ്രവർത്തനമാരംഭിക്കുന്നതാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ ഗ്രേഡ് അർബ്ബൻ ബേങ്കാണ്. വർദ്ധിച്ചുവരുന്ന ജനങ്ങളുടെ വായ്പാവശ്യം നിറവേറ്റുന്നതിന് കൂടുതൽ വിഭവ സമാഹരണം നടത്തേണ്ടിയിരിക്കുന്നു. വായ്പ തിരിച്ചടവിൽ അംഗങ്ങൾ പരമാവധി ബേങ്കുമായി സഹകരിക്കുകയും ഇതുവഴി കൂടുതൽ വായ്പകൾ അനുവദിക്കാൻ സാധിക്കുന്നതുമാണ്.

ക്ഷീരമേഖല :

പഞ്ചായത്തിൽ ഇപ്പോൾ ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. 5600-ൽ പരം കുടുംബങ്ങൾ ഉള്ള ഈ പഞ്ചായത്തിൽ പാലുൽപന്നങ്ങൾക്കും പ്രധാനമായും ആശ്രയിക്കുന്നത് 'മിൽമ' ഏജൻസികളെയാണ്. സ്വന്തം ആവശ്യത്തിന് പാലുൽപാദിപ്പിക്കുന്നത് ജനസംഖ്യയുടെ 10 ശതമാനത്തിൽ താഴെയാണ്. പാൽ പ്രധാന വ്യവസായ ഘടകമായി ആവശ്യമുള്ള കോട്ടക്കൽ ആര്യവൈദ്യശാലക്ക് വേണ്ടുന്ന പാൽ ഒരു വലിയ അളവോളം ലഭ്യമാവുന്നത് അയൽ സംസ്ഥാനത്തിൽ നിന്നാണ്. ഇത് പഞ്ചായത്തിലെ രണ്ടോ മൂന്നോ വാർഡുകൾ ഉൾക്കൊള്ളുന്ന ക്ഷീരോൽപാദന സഹകരണ സംഘങ്ങൾ രൂപീകരിച്ച് മെമ്പർമാർക്ക് നല്ലയിനം പശുക്കളെ വിതരണം ചെയ്ത് പാലുൽപാദനം വർദ്ധിപ്പിക്കുന്നതാകയാൽ പരിഹരിക്കാവുന്നതാണ്. ഇതുമൂലം തൊഴിൽ അവസരങ്ങളും സാമ്പത്തിക പുരോഗതിയും കൈവരിക്കാവുന്നതാണ്.

മറ്റു നിർദ്ദേശങ്ങൾ

1. അംഗങ്ങൾ സഹകരണാടിസ്ഥാനത്തിൽ പശുവളർത്തൽ തുടങ്ങുമ്പോൾ കന്നുകളുടെ ആരോഗ്യസംരക്ഷണത്തിനും മറ്റും മൃഗ സംരക്ഷണ ഉദ്യോഗസ്ഥന്മാരുടെ സേവനം തക്ക സമയത്ത് ലഭ്യമാക്കേണ്ടതാണ്.

2. പഞ്ചായത്തിലെ ഉപഭോഗം കഴിച്ച് ബാക്കി പാൽ സംഭരിച്ച് കേടുകൂടാതെ സൂക്ഷിക്കുവാനും, സംസ്കരിക്കുവാനും വേണ്ട സൗകര്യം ഒരു സംഘത്തിലെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.

3. കാലിത്തീറ്റ വിതരണത്തിന് സംവിധാനം ഉണ്ടാക്കണം.

4. നല്ലയിനം കറവുമാടകളെ അംഗങ്ങൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

കൺസ്യൂമർ മേഖല

a) കോട്ടക്കലിൽ ഉപഭോക്തൃ സാധനങ്ങൾ വിതരണം ചെയ്തു വന്നിരുന്ന മലപ്പുറം മൊത്ത വ്യാപാര സഹകരണ സംഘം വക ചില്ലറ വിൽപന ശാലയും കോട്ടക്കൽ സർവ്വീസ് സഹകരണ ബേങ്കിന്റെ കൺസ്യൂമർ സ്റ്റോറും, സഹകരണ മാവേലി സ്റ്റോറും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ആ രംഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്നത് ചെറിയ തോതിൽ ആര്യവൈദ്യശാലാ എംപ്ലോയീസ് സഹകരണ സ്റ്റോറും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോറും മാത്രമാണുള്ളത്.

നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചു നിർത്തുന്നതിന് ഒരു കൺസ്യൂമർ സ്റ്റോർ രൂപീകരിക്കേണ്ടതാണ്.

മാർക്കറ്റിലുണ്ടാകുന്ന വിലവ്യത്യാസത്തിനനുസരിച്ച് കൺസ്യൂമർ സ്റ്റോറിലുള്ള സാധനങ്ങൾക്ക് വിൽപ്പന വില നിശ്ചയിക്കാൻ സാധിക്കാത്തതും, രാഷ്ട്രീയ അധിപ്രസരവും ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും, എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിലുള്ള വർദ്ധനവും ആണ് പ്രധാനമായും സംഘങ്ങളുടെ നഷ്ടത്തിനും തന്മൂലം നിർത്തൽ ചെയ്യുന്നതിനും കാരണമാവുന്നത്.

**നിർദ്ദേശങ്ങൾ :**

1. മാവേലി സ്റ്റോറുകൾക്ക് സർക്കാർ സബ്സിഡി നൽകി നഷ്ടം നികത്തുന്നതുപോലെ സഹകരണ കൺസ്യൂമർ സ്റ്റോറുകൾക്കും വില വ്യത്യാസം ഉണ്ടാകുന്നത് മൂലം സംഭവിക്കുന്ന നഷ്ടത്തിന് തുല്യമായ തുക സബ്സിഡി അനുവദിക്കേണ്ടതാണ്.

2. പഞ്ചായത്തിന് മൊത്തമായി വിവിധ കൺസ്യൂമർ സഹകരണ സ്റ്റോറുകളിലേക്ക് ആവശ്യമുള്ള സാധനങ്ങൾക്ക് ആവശ്യാനുസൃതമായി ഉൽപാദന കേന്ദ്രങ്ങളിൽ നിന്ന് സാധനങ്ങൾ മൊത്തമായി വാങ്ങിക്കുന്നതിന് വിദഗ്ധരടങ്ങിയ പർച്ചേസ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

b) പ്രവർത്തന രഹിതമായ ഒരു സ്ക്കൂൾ സ്റ്റുഡൻർസ് സ്റ്റോറടക്കം 4 സ്ക്കൂൾ സഹകരണ സ്റ്റോറുകളാണ് പഞ്ചായത്തിലുള്ളത്. ഇവ ഇപ്പോൾ പാഠപുസ്തകങ്ങൾ മാത്രമെ വിതരണം ചെയ്യുന്നുള്ളൂ. വിദ്യാർത്ഥികൾക്കാവശ്യമായ നോട്ടുബുക്ക്, യൂണിഫോറം, സ്റ്റേഷനറി, കോസ്മെറ്റിക് സാധനങ്ങൾ എന്നിവയും വിതരണം ചെയ്യണം. പഠനത്തോടൊപ്പം തൊഴിൽ പരിചയവും നേടുക എന്ന ലക്ഷ്യത്തോടുകൂടി ഈ സ്റ്റോറുകൾ ഏകോപിപ്പിച്ച് നോട്ടുബുക്ക് നിർമ്മാണം തുടങ്ങിയാൽ വിദ്യാർത്ഥികൾക്കാവശ്യമായ നോട്ടുബുക്ക് കുറഞ്ഞവിലക്ക് ലഭ്യമാവുന്നതോടൊപ്പം വിദ്യാർത്ഥികൾക്ക് തുഛ വരുമാനവും ലഭ്യമാക്കാവുന്നതാണ്.

മുഴുവൻ വിദ്യാർത്ഥികളെയും അധ്യാപകരെയും അംഗങ്ങളാക്കിക്കൊണ്ടും സ്ക്കൂൾ സ്റ്റോറുകളുടെ

പ്രവർത്തനം മെച്ചപ്പെടുത്തുമ്പോൾ കൂടുതൽ പ്രവർത്തന ഭാരം വരുന്നവർക്ക് മതിയായ അലവൻസും നൽകേണ്ടതും പർച്ചേസ് കമ്മിറ്റിയിൽ ഈ സംഘങ്ങളിൽ നിന്നുള്ള പ്രതിനിധികളെയും ഉൾപ്പെടുത്തേണ്ടതാണ്.

**ഹരിജൻ സഹകരണ സംഘം :**

പഞ്ചായത്ത് അടിസ്ഥാനമാക്കി പട്ടികജാതിക്കാരുടെ ക്ഷേമത്തിനും തൊഴിൽ നൽകുന്നതിനും വേണ്ടി ഒരു പട്ടികജാതി സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

**ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം :**

അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് ഒരു ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കേണ്ടതാണ്. പഞ്ചായത്ത് നേരിട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്താവുന്നതുമാണ്.

**കോഴിവളർത്തൽ സഹകരണസംഘം :**

ഇറച്ചിക്കോഴി, കോഴിമുട്ട എന്നിവയുടെ ഉപഭോഗം വഴി നമ്മുടെ വരുമാനത്തിന്റെ വലിയൊരു ഭാഗം അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നുണ്ട്. ഒരു കോഴിവളർത്തൽ സഹകരണ സംഘം പഞ്ചായത്ത് തലത്തിൽ രീപൂകരിച്ച് കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതും ഈ സംഘം മുഖേന പഞ്ചായത്തിലെ വീടുകളിൽ ചെറിയ ചെറിയ യൂണിറ്റുകളായി കോഴിവളർത്തുകയും അതിനാവശ്യമായ സാമ്പത്തിക സഹായവും മൃഗസംരക്ഷണ ഉദ്യോഗസ്ഥന്മാരുടെ സേവനം ലഭ്യമാക്കുകയും വേണം. ഇതുവഴി പ്രദേശിക ഉപഭോഗത്തിനുള്ള ഇറച്ചി, മുട്ട എന്നിവ ലഭ്യമാവുകയും തൊഴിൽ രഹിതരായ അനേകം യുവതീ യുവാക്കൾക്ക് തൊഴിൽ ലഭിക്കുകയും ചെയ്യുന്നു.

**വിദ്യാഭ്യാസ സഹകരണ സംഘം**

ഉന്നത വിദ്യാഭ്യാസ രംഗത്ത് കോട്ടക്കൽ വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ്. കോട്ടക്കൽ, പറപ്പൂർ, ഒതുക്കുങ്ങൽ, എടരിക്കോട്, മാറാക്കര മുതലായ സ്ഥലങ്ങളിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് പുറത്തിറങ്ങുന്ന വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ കോട്ടക്കലിൽ നിന്നും 15- 30 കിലോമീറ്റർ അകലത്തിലുള്ള തിരീരങ്ങാടി, വളാഞ്ചേരി, മലപ്പുറം, മഞ്ചേരി തുടങ്ങിയ പ്രദേശങ്ങളിലുള്ള കോളേജുകളിലാണ് ഉപരിപഠനത്തിന് ആശ്രയിക്കുന്നത്. കോട്ടക്കലിൽ സമാന്തര കോളേജ് വിദ്യാഭ്യാസ സ്ഥാപനങ്ങളായി 1000- ത്തോളം കുട്ടികൾ പഠിക്കുന്നതുമായ 2 പാരലൽ കോളേജുകളാണുള്ളത്. ഈ പ്രദേശങ്ങളിലുള്ള വിദ്യാർത്ഥി-വിദ്യാർത്ഥിനകൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ ഒരു സഹകരണ വിദ്യാഭ്യാസ സംഘം രൂപീകരിക്കേണ്ടതാണ്. ഇതുമൂലം 25-ഓളം തൊഴിൽ രഹിതരായ അഭ്യസ്ത വിദ്യർക്ക് തൊഴില് ലഭ്യമാവുകയും സ്വകാര്യ പാരലൽ കോളേജുകാരുടെ വിദ്യാഭ്യാസ ചൂഷണത്തിൽ നിന്ന് വിദ്യാർത്ഥികൾക്ക് മോചനം ലഭിക്കുന്നതുമാണ്.

**സഹകരണ ആശുപത്രി**

കോട്ടക്കലിൽ ആയുർവേദ കോളേജ് ആശുപത്രി, ആര്യവൈദ്യശാലാ വക ധർമ്മാശുപത്രി, ഗവൺമെന്റ് ആയുർവേദ മാനസിക രോഗ ചികത്സാ ആശുപത്രി, കോട്ടക്കൽ കോട്ടൂരിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി എന്നിവ ആയുർവ്വേദ ചികിത്സാ രംഗത്തും, ആധുനിക ചികിത്സാരംഗത്ത് ഗവൺമെന്റ് പ്രൈമറി ഹെൽത്ത് സെന്ററും 3 സ്വകാര്യ നഴ്സിംഗ് ഹോമുകളുമാണുള്ളത്. ഇത് വളരെ അപര്യാപ്തമാണ്. മേജർ ഓപറേഷൻ നടത്താനുള്ള സൗകര്യമോ, ആധുനിക ചികിത്സോപകരണങ്ങളുടെ ഉപയോഗം ലഭ്യമാവുന്നതിനുള്ള സംവിധാനമോ ഒന്നും തന്നെ കോട്ടക്കലിൽ ഇല്ല. പെരിന്തൽമണ്ണ കോഴിക്കോട് മുതലായ സ്ഥലങ്ങളിലുള്ള സ്വകാര്യ ആശുപത്രികളെയാണ് പ്രധാനമായും ഇവിടത്തുകാർ ആശ്രയിക്കുന്നത്. ഇത്തരം സ്വകാര്യ ആശുപത്രകൾ രോഗികളെ ചൂഷണം ചെയ്യുകയാണ് എന്ന് പറയുന്നതിൽ അതിശയോക്തിയില്ല.

സഹകരണ മേഖലയിൽ കോട്ടക്കൽ ആസ്ഥാനമായി ഒരു ആശുപത്രി സ്ഥാപിക്കുന്നതായാൽ സ്വകാര്യമേഖലയുടെ ചൂഷണത്തിൽ നിന്നും ജനങ്ങൾക്ക് മോചനം കിട്ടുന്നതാണ്. പ്രത്യക്ഷമായി 25-ഓളം പേർക്ക് ഈ സ്ഥാപനത്തിൽ തൊഴിൽ സാധ്യത ലഭ്യമാവുന്നതാണ്.

**സഹകരണ പ്രിന്റിംഗ് പ്രസ്സ് :-**

അച്ചടി ജോലി നിർവ്വഹിക്കുന്നതിനായി 7-ഓളം പ്രസ്സുകൾ സ്വകാര്യമേഖലയിൽ കാര്യമായ സാങ്കേതിക വൈദഗ്ദ്യമില്ലാത്ത രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സാമാന്യം ഭേദപ്പെട്ട ഒരു വാണിജ്യ കേന്ദ്രമായ കോട്ടക്കലിൽ വാണിജ്യ സ്ഥാപനങ്ങളുടേയും മറ്റു സ്വകാര്യ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും അച്ചടി ജോലികൾ മെച്ചപ്പെട്ട രീതിയിൽ നിർവ്വഹിച്ചു കിട്ടുന്നതിന് മറ്റു സ്ഥലങ്ങളെത്തന്നെയാണ് ആശ്രയിക്കുന്നത്.

ഈരംഗത്തുള്ള ചൂഷണം ഒരളവോളം പരിഹരിക്കുന്നതിനും ഏതാനും തൊഴിൽ രഹിതർക്ക് തൊഴിൽ

സാധ്യത ലഭ്യമാക്കുന്നതിനും ഒരു സഹകരണ പ്രിന്റിംഗ് പ്രസ്സ് തുടങ്ങേണ്ടതാണ്. പ്രത്യക്ഷമായി 15-ഓളം പേർക്കും പരോക്ഷമായി 5 പേർക്കും തൊഴിൽ ലഭിക്കുന്നതാണ്.

**മോട്ടോർ വെഹിക്കിൾ സഹകരണസംഘം :**

പഞ്ചായത്തിൽ ജനസംഖ്യയുടെ 10 ശതമാനത്തോളം പേർ വിവിധ വാഹനങ്ങളുമായി ബന്ധപ്പെട്ടാണ് ജീവിതമാർഗ്ഗം കണ്ടെത്തുന്നത്. സ്വന്തമായി വാഹനമുള്ളവർ 2 ശതമാനത്തോളം വരില്ല. ബാക്കിയുള്ളവർ സ്വകാര്യ ഉടമകളുടെ വാഹനങ്ങളിലാണ് ജോലിചെയ്യുന്നത്. പ്രധാന വ്യവസായ സ്ഥാപനമായ ആര്യവൈദ്യശാലയിലേക്ക് വന്നുപോകുന്ന വിദേശികളടക്കമുള്ള രോഗികളും മറ്റുള്ളവരും ജില്ലയിലെ പ്രമുഖ വാണിജ്യ പട്ടണമെന്ന് നിലക്ക് മറ്റുഭാഗങ്ങളിലേക്ക് പോകുന്നതിനും ടാക്സി, ടൂറിസ്റ്റ്, ടാക്സി എന്നിവ ഉപയോഗിച്ചു വരുന്നു. ഡ്രൈവിംഗ് ലൈസൻസുള്ള തൊഴിൽ രഹിതരെ സംഘടിപ്പിച്ച് ഒരു മോട്ടോർ വെഹിക്കിൾ സഹകരണ സംഘം സ്ഥിക്കേണ്ടതാണ്. സ്വന്തം വാഹനം വാങ്ങിക്കാൻ സാഹചര്യമില്ലാത്തവർക്ക് ഇത്തരം സഹകരണ സംഘങ്ങൾ വഴി വഹനം സ്വന്തമാക്കാവുന്നതും പ്രത്യക്ഷമായി 100- ഓളം പേർക്ക് തൊഴിൽ ലഭ്യമാവുന്നതുമാണ്.

**ചെത്തുതൊഴിലാളി സഹകരണ സംഘം :**

ചെത്തു തൊഴിൽ ഉപജീവന മാർഗ്ഗമായി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 50-ഓളം കുടുംബങ്ങളുണ്ട്. സമ്പൂർണ്ണ-മദ്യനിരോധനം നടപ്പാക്കുമ്പോൾ പട്ടിണിയിലാകുന്ന ഇവരെ സംഘടിപ്പിച്ച് ചെത്തിയെടുക്കുന്ന കള്ള് സംഭരിച്ച് ശർക്കരയും, ശീതള പാനീയവുമാക്കി വിപണനം നടത്തുന്നതാകയാൽ കുടുംബത്തിന് സ്ഥിരം തൊഴിലും വരുമാനവും ലഭിക്കുന്നതാണ്. ഇവർക്ക് വേണ്ടി ചെത്തു തൊഴിലാളി സഹകരണ സംഘം രൂപീകരിക്കുന്നതാകയാൽ 50 പേർക്ക് പ്രത്യക്ഷമായും 100-ഓളം പേർക്ക് പരോക്ഷമായും ജോലി ലഭിക്കുന്നതുമാണ്.

**പുഷ്പ ഔഷധ കൃഷി സഹകരണസംഘം :**

തൊഴിൽരഹിതരായ വനിതകളെ ഉദ്ദേശിച്ച്, കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം എന്നീ കൃഷിയും നാമാവശേഷമായിക്കൊണ്ടിരിക്കുന്ന സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. പുഷ്പങ്ങൾ ആഭ്യന്തരാവശ്യം കഴിച്ചുള്ളവ കയറ്റുമതി ചെയ്യുകയാണെങ്കിൽ ധാരാളം വിദേശ നാണ്യവും സമ്പാദിക്കാവുന്നതാണ്. ഔഷധ ചെടികൾ സ്ഥലത്തെ ആയുർവ്വേദ മരുന്ന് നിർമ്മാണമായ ആര്യവൈദ്യശാല പോലുള്ള സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്. ഇതുവഴി നേരിട്ട് 50-ഓളം പേർക്കും പരോക്ഷമായി 1000-ഓളം പേർക്കും തൊഴിൽ സാധ്യത ലഭ്യമാക്കാവുന്നതാണ്. ഇതിനുള്ള വിദഗ്ധോപദേശം ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

**തൊഴിൽ സാധ്യതകൾ**

രണ്ട് സഹകരണ ബേങ്കുകളിലായി മുപ്പതോളം പുതിയ തസ്തികകൾ അടുത്ത അഞ്ച് വർഷത്തിനകം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കൺസ്യൂമർ വിഭാഗത്തിൽ അഞ്ച് പേർക്കെങ്കിലും ജോലി ലഭിക്കും. സർവ്വീസ് സഹകരണ ബേങ്ക് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബേങ്കായി രൂപാന്തരപ്പെടുത്തിയാൽ പത്ത് പേർക്ക് പുതുതായി തൊഴിൽ സാധ്യത ഉണ്ടാകുന്നതാണ്.

ക്ഷീരവ്യവസായ സഹകരണസംഘം രൂപീകരിക്കുക വഴി 16 പേർക്ക് പ്രത്യക്ഷമായും 25-ഓളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നതാണ്. കൂടുതൽ കറവുമാടുകളെ സംഘം വഴി വിതരണം ചെയ്ത് സംഘത്തിന്റെയും അതിലുപരി അംഗങ്ങളുടെയും വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാവുന്നതുമാണ്. പട്ടികജാതി സഹകരണ സംഘവും, ലേബർ കോൺട്രാക്ട് സഹകരണ സംഘവും രൂപീകരിക്കുകയാണെങ്കിൽ ഏറ്റവും ചുരുങ്ങിയത് 100-ഓളം പേർക്ക് ജോലി നൽകാൻ സാധിക്കുന്നതാണ്. കോഴി വളർത്തൽ യൂണിറ്റുകൾ രൂപീകരിക്കുന്നതുമൂലം പ്രത്യക്ഷമായി അഞ്ച് പേർക്കും 250-ഓളം ആളുകൾക്ക് പരോക്ഷമായും ജോലി ലഭിക്കും. വിദ്യാഭ്യാസ സൊസൈറ്റി രൂപീകരിക്കുന്നതുമൂലം 25-ഓളം പേർക്ക് ജോലി ലഭിക്കുന്നു. സഹകരണ ആശുപത്രി രൂപീകരിക്കുക വഴി 25-ഓളം പേർക്ക് പ്രത്യക്ഷമായി ജോലി ലഭിക്കുന്നു. സഹകരണ പ്രിന്റിംഗ് പ്രസ്സ് ആരംഭിക്കുകയാണെങ്കിൽ പ്രത്യക്ഷമായി 15 പേർക്കും പരോക്ഷമായി 5 പേർക്കും തൊഴിൽ ലഭിക്കുന്നു. മോട്ടോർ വെഹിക്കിൾ സഹകരണ സംഘം രൂപീകരിക്കുന്നതുമൂലം 100-ഓളം പേർക്ക് തൊഴിൽ ലഭ്യമാവുന്നതാണ്. ചെത്തു തൊഴിലാളി സഹകരണ സംഘം രൂപീകരിക്കുക മൂലം 50 പേർക്ക് നേരിട്ടും 100 ഓളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നു. പുഷ്പ ഔഷധ സഹകരണ സംഘം രൂപീകരിക്കുന്നതുമൂലം നേരിട്ട് 50 പേർക്കും 1000-ഓളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാവുന്നു.

പഞ്ചായത്തിലെ സഹകരണ രംഗത്തിന്റെ പൊതുവായ വളർച്ചക്കായി സഹകാരികളെ ഉൾപ്പെടുത്തി "സഹകരണ സെൽ" രൂപീകരിക്കാവുന്നതാണ്. സംഘങ്ങൾക്കാവശ്യമായ വിദഗ്ദോപദേശങ്ങളും ഈ സെൽ മുഖേന നൽകാവുന്നതും സംഘങ്ങളുടെ പ്രവർത്തനത്തെ അവലോകനം ചെയ്യാവുന്നതുമാണ്.

87

ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി കോട്ടക്കൽ പഞ്ചായത്തിലെ 13 ഗ്രാമസഭകൾ ചർച്ച ചെയ്ത് സമർപ്പിച്ച ഗ്രാമസഭാ റിപ്പോർട്ട് കോർഗ്രൂപ്പ് സ്ഥലത്തെ സഹകാരികളുമായി ചർച്ചചെയ്ത് ക്രോഡീകരിച്ച നിർദ്ദേശങ്ങളോടെ തയ്യാറാക്കിയിട്ടുള്ളതാണ്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുകവഴി കോട്ടക്കൽ പഞ്ചായത്തിലെ കാർഷിക രംഗത്തും തൊഴിൽ രംഗത്തും സമൂലമായ മാറ്റം വരുത്താൻ സാധിക്കുന്നതും സാമ്പത്തിക മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന് ഈ പഞ്ചായത്തിനെ സജ്ജമാക്കാൻ കഴിയുന്നതുമാണ്.

❖

# 14

# പട്ടികജാതിക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 4 ശത മാനത്തോളമാണ് പട്ടികജാതിയിൽ പെട്ടവർ ഉള്ളത്. പട്ടിക വർഗ്ഗം നമ്മുടെ പഞ്ചായത്തിൽ ഇല്ല. പഞ്ചായ ത്തിലെ പട്ടികജാതിക്കാർ 155 കുടുംബങ്ങളിലായി താമസിക്കുന്നു. ഇതിൽ രണ്ട് അംഗീകൃത കോളനിക ളിലായി 24 കുടുംബങ്ങളും ബാക്കി വരുന്ന 131 കുടും ബങ്ങൾ മറ്റു വിഭാഗങ്ങളുമായി ഇടകലർന്നാണ് താമ സിക്കുന്നത്. 10–ാം വാർഡിലുള്ള കാരപറമ്പ്, ചക്കാല ക്കൽ എന്നിവയാണ് അംഗീകാരം കിട്ടിയ കോളനി കൾ. അടിയന്തിരമായി അംഗീകാരം നേടിയെടുക്കേണ്ട കോളനികൾ ഒന്ന് കോട്ടൂർ പച്ചേരി കോളനി, (വാർഡ് 9) 2. 2–ാം വാർഡിൽ ചങ്കുവെട്ടിയിൽ 18 കുടുംബങ്ങ ളിലായി താമസിക്കുന്നവരെ കിഴക്കുഭാഗം കോളനി യെന്നും പടിഞ്ഞാറുഭാഗം കോളനി എന്നും രണ്ടാക്കി തിരിക്കാവുന്നതാണ്. 3. 10– ാം വാർഡിൽ മുതുവ ത്തിനു മുകളിൽ നാലു സെന്റ് കോളനി എന്നിവ യാണ്.

കോളനിയാക്കാൻ ചുരുങ്ങിയത് 10 വീടുകൾ എങ്കിലും വേണമെന്ന നിലവിലുള്ള വ്യവസ്ഥ ആവ ശ്യമായ ഭേദഗതി വരുത്തിയാൽ മാത്രമേ ഈ വിഭാഗ ങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ കഴിയുകയുള്ളു.

## വിദ്യാഭ്യാസം

വിദ്യാഭ്യാസ–സാമൂഹ്യ മേഖലകളിൽ കുറെ യൊക്കെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെ ങ്കിലും സാമ്പത്തിക രംഗത്ത് ആവശ്യമായ പുരോ ഗതി ഉണ്ടാക്കാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. ഈ വിഭാഗത്തിന്റെ പുരോഗതിക്കുവേണ്ടി ഗവൺമെന്റ് പല പദ്ധതികളും നടപ്പാക്കിയിട്ടുണ്ടെങ്കിലും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ നിബന്ധ നകൾകൊണ്ടും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തന ത്തിന്റെ ഫലമായി ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കൊഴി ഞ്ഞുപോക്ക് ധാരാളമായി തുടർന്നുകൊണ്ടിരിക്കുക യാണ്. കൊഴിഞ്ഞുപോക്കിൽ കൂടുതലും പെൺകുട്ടി കൾ ആണ്. ഇതിന് പല കാരണങ്ങൾ ഉണ്ട്. രക്ഷിതാ ക്കൾ ജോലിക്കുപോകുന്ന അവസരങ്ങളിൽ വീട്ടിലുള്ള ചെറിയ കുട്ടികളെ സംരക്ഷിക്കേണ്ട ബാദ്ധ്യത പല പ്പോഴും മുതിർന്ന കുട്ടികളിൽ ആയിരിക്കും. പഠനം നിർത്താൻ നിർബന്ധിതരാകുന്നത് ഇത്തരം കാരണ ങ്ങൾകൊണ്ടാണ്. ഓരോ വാർഡികളിലും ഒന്നോ രണ്ടോ ശിശുവിഹാരകേന്ദ്രങ്ങളും, അംഗനവാടികളും പ്രവർത്തിക്കുന്നത് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാ രമായിരിക്കും. ഇതോടൊപ്പംതന്നെ രക്ഷിതാക്കൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തിയാൽ മാത്രമേ ഇതിന്റെ പ്രയോജനം ലഭിക്കുകയുള്ളു. സാക്ഷ രതാപ്രവർത്തിനത്തിന്റെ ഫലമായി ഒട്ടുമിക്കവർക്കും എഴുത്തും, വായനയും അറിയാമെങ്കിലും ഈ വിഭാ ഗത്തിൽ SSLC വരെ പഠിച്ചിട്ടുള്ളവർ 139 പേരും SSLCയ്ക്കു മുകളിൽ ഉള്ളവർ 19 പേരും ആണ്. ഇവരെ സമൂഹത്തിലെ മറ്റു വിഭാഗങ്ങൾക്കൊപ്പം ഉയർത്തി ക്കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികളും ക്രമീ കരണങ്ങളും ഉണ്ടാക്കേണ്ടുതുണ്ട്.

## പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധി വരെ സർക്കാർ ഏജൻസികൾ നടപ്പാക്കി വരുന്ന പദ്ധതികൾ സഹായ കമായിട്ടുണ്ട്. അപൂർവ്വം വീടുകളിൽ ഇപ്പോഴും രണ്ടും മൂന്നും കുടുംബങ്ങൾ താമസിച്ചു വരുന്നുണ്ട്. ഇവരെ യെല്ലാം പുനരധിവസിപ്പിക്കേണ്ടതുണ്ട്. ഇന്നുള്ള വീടു കളിൽ തന്നെ ആവശ്യമായ കക്കൂസുകളോ, കുടി വെള്ള പ്രശ്നമോ, വൈദ്യുതീരകരണമോ നടന്നി ട്ടില്ല. സർക്കാർ വീടുവെക്കുന്നതിനു നൽകുന്ന സഹായം അപര്യാപ്തമായതിനാൽ പല വീടുകളും പണി പൂർത്തിയാക്കാൻ കഴിയാത്ത സ്ഥിതിയാണ്. ഇത് കാലോചിതമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. കിട്ടി യേടത്തോളം കണക്കുകൾ പ്രകാരം പഞ്ചായത്ത് ഇനി 65 കക്കൂസുകളും 59 കിണറുകളും 68 വീടുകളിൽ വെളിച്ചവും എത്തിക്കേണ്ടതുണ്ട്.

നാഷണൽ ഹൈവേയിൽ പാലത്തറയിൽ ഗവൺമെന്റ് പുറമ്പോക്കു സ്ഥലം മുൻപ് വിതരണം ചെയ്തിരുന്നെങ്കിലും ആരും ഏറ്റെടുക്കുകയോ, പട്ടയം കൊടുക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത സ്ഥലം നിലവിൽ വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വീതിച്ചു കൊടുത്ത് വീടുകൾ വെക്കുന്നതിന് ധനസ ഹായം നൽകി ഒരു കോളനിക്കുവേണ്ട എല്ലാവിധ സൗകര്യങ്ങളും ഏർപ്പെടുത്താൻ കഴിയും.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷികമേഖലയിൽ തൊഴിലെടുത്ത് ഉപജീവനം

കഴിച്ചുവരുന്നവർ ആണ്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിനുവേണ്ടി മറ്റു മേഖലകളിലേക്ക് പോകാൻ നിർബന്ധിതരാവുകയും ചെയ്തു. ഇതിൽ ബഹുഭൂരിപക്ഷവും നിർമ്മാണരംഗത്താണ് എത്തിച്ചേർന്നിട്ടുള്ളത്. ഈ രംഗത്ത് തൃപ്തികരമായ കൂലി ലഭിക്കുന്നതുകൊണ്ട് പുതിയ തലമുറ പൂർണ്ണമായും കാർഷികമേഖലയിൽനിന്നും മാറികഴിഞ്ഞു. സ്ത്രീകൾ മാത്രം ചെയ്തിരുന്ന നടീൽ തുടങ്ങിയ പ്രവർത്തികൾക്ക് തൊഴിലാളികളെ കിട്ടാൻതന്നെ വളരെ വിഷമമാണ്..

തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യ ഉൽപാദനവർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇനി ഇപ്പോൾ നിലവിലുള്ള കോളനികളും കോളനിയാക്കാൻ സാധ്യതയുള്ളതുമായ കുടുംബങ്ങളിലെ ചില പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടാം.

**കാരപറമ്പ് കോളനി:-**

ഈ കോളനിയിൽ എത്തിപ്പെടുകയെന്നത് വളരെ ദുഷ്ക്കരമാണ്. പഞ്ചായത്തിലെ പട്ടികജാതി സംവരണ വാർഡായ 10-ാം വാർഡിലാണ് ഈ കോളനി. യാത്രാസൗകര്യം തീരെ ഇല്ല. കോട്ടക്കൽ-ഇന്ത്യനൂർ റോഡിൽ നിന്നും സുമാർ 200 മീറ്റർ വിട്ടുകിടക്കുന്ന ഈ കോളനിയിലേക്ക് വീതി കുറഞ്ഞ ഒരു റോഡുണ്ടെങ്കിലും നടന്നുപോകാൻ പോലും പ്രയാസമുള്ളതാണ്. പ്രസ്തുത വഴി വീതി കൂട്ടി ഗതാഗതയോഗ്യമാക്കി തീർക്കേണ്ടതാണ്. കോളനിയിലെ 13 വീട്ടുകാർക്കും കുടിവെള്ളത്തിന് ഒരു പൊതു കിണർ മാത്രമേയുള്ളൂ. ഈ പ്രദേശത്ത് വെള്ളക്ഷാമം കൂടുതലാണ്. ഇപ്പോൾ നിലവിലുള്ള കിണർ വേനലിന്റെ അവസാനത്തിൽ വറ്റിപോകുന്ന സ്ഥിതിയാണ്. ഈ പ്രശ്ന പരിഹാരത്തിന് അടിയന്തിരപ്രാധാന്യമുണ്ട്. ഒരു ടെലിവിഷൻ സെറ്റ് സ്ഥാപിച്ച് കോളനി നിവാസികളെ ബോധവൽക്കരണം നടത്തി പൊതു ധാരയിലേക്ക് കൊണ്ടുവരാവുന്നതാണ്. കോട്ടൂരിലുള്ള ആയുർവ്വേദ ഡിസ്പൻസറി ഹോസ്പിറ്റലാക്കി ഉയർത്തിയാൽ ഈ പ്രദേശത്തുള്ള മറ്റു വിഭാഗങ്ങൾക്കൊപ്പം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കോളനിനിവാസികൾക്കും ഉപകാരപ്രദമാകും. കുറഞ്ഞ സെന്റ് സ്ഥലത്ത് വീടുവെച്ചു താമസിക്കുന്നതുകൊണ്ട് ശവസംസ്ക്കാരം നടത്തുവാൻ സൗകര്യമില്ല. അതുകൊണ്ട് ഇതിന് തൊട്ടടുത്തുള്ള ചാക്കാലക്കൽ കോളനിക്കും കാരപറമ്പ് കോളനിക്കും മദ്ധ്യത്തിലായി ഒരു ശ്മശാനം നിർമ്മിച്ചു കൊടുത്താൽ രണ്ട് കോളനികളിലേയും ഈ പ്രശ്നത്തിന് പരിഹാരമായി. ഓരോ സോഡിയം വേപ്പർ ലാംമ്പും കോളനികളിൽ സ്ഥാപിക്കുന്നത് നന്നായിരിക്കും.

**ചക്കാലക്കൽ കോളനി:-**

10-ാം വാർഡിൽ തന്നെയുള്ള ഈ കോളനിയിൽ 13 വീടുകളാണ് ഉള്ളത്. കുടിവെള്ളത്തിന് വളരെ പ്രയാസമുള്ള സ്ഥലമാണ്. ഒരു പൊതു കിണർ കുഴിച്ച് പ്രശനം പരിഹരിക്കുകയോ തൊട്ടടുത്ത കാരപറമ്പ് കോളനികൂടി ഉൾപ്പെടുത്തി ഒരു വാട്ടർ സ്ക്കീം നടപ്പിലാക്കുകയോ ചെയ്യണം. ഉയർന്ന പ്രദേശത്തുള്ള യു.പി. സ്ക്കൂൾ പരിസരത്ത് ഒരു ടാങ്ക് കെട്ടി വെള്ളം ധാരാളം കിട്ടുന്ന ഭാഗത്ത് കുഴൽക്കിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്ത് ടാപ്പ് കണക്ഷൻ കൊടുത്താൽ രണ്ടു കോളനികളിലെയും കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്. വീടുകൾ റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ ധനസഹായം ഗ്രാമപഞ്ചായത്തിൽനിന്നും നൽകേണ്ടതാണ്. പട്ടികയും കഴുക്കോലും ദ്രവിച്ച് ഏതു സമയത്തു അപകടം സംഭവിക്കാവുന്ന തരത്തിൽ ഒരു വീട് കോളനിയിൽ ഉണ്ട്. ബോധവൽക്കരണം നടത്തുന്നതിന് ഇവിടേയും ''ടെലിവിഷൻ സെറ്റ്'' സ്ഥാപിക്കേണ്ടതാണ്. സോഡിയം വേപ്പർ ലാംമ്പ് സ്ഥാപിക്കാം. കോളനിയുടെ ഓരത്തിലൂടെ പോകുന്ന ഇടവഴി വീതികൂട്ട U.P. സ്ക്കൂൾ റോഡുമായി ബന്ധിപ്പിക്കാവുന്നതാണ്. ഈ റോഡിന്റെ പ്ലാൻ മുൻപ് തുടങ്ങി വെച്ചിരുന്നു. കോളനിക്ക് ചുറ്റുമതിൽ കെട്ടുന്നതും ആവശ്യമാണ്.

**പച്ചേരി കോളനി:-**

ഈ കോളനി അംഗീകാരം ലഭിക്കാത്തതാണ്. 9-ാം വാർഡിലാണ് ഇത്. ഇവിടേയും കോളനിക്ക് ആവശ്യമായ സൗകര്യങ്ങൾ ഒന്നുംതന്നെ എത്തിയിട്ടില്ല. കുടിവെള്ളക്ഷാമം ഇവിടേയും രൂക്ഷമാണ്. കറന്റ് കോളനിയിൽ എത്തിയിട്ടില്ല. കോളനിയിലേക്ക് ഒരു റോഡുണ്ടെങ്കിലും ഇത് ഗതാഗതയോഗ്യമല്ല. ഇത് ട്ടാർ ചെയ്ത് ശരിപ്പെടുത്തണം. മറ്റുകോളനികളേപ്പോലെ സോഡിയം വേപ്പർ ലാംമ്പും, ടെലിവിഷൻ സെറ്റും സ്ഥാപിക്കണം.

**4 സെന്റു കോളനി:-**

കോട്ടൂർ ചെമ്മുക്ക് മുതിവത്തിനുമുകളിൽ 10-ാം വാർഡിലാണ് ഇത്. 50 വീടുകൾക്കുള്ള സ്ഥലം ഇവിടെ വീതിച്ചുകൊടുത്തിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതിൽ നല്ലൊരു ശതമാനം പട്ടികജാതിയിൽ പെട്ടതാണ്. വീടുകയറ്റാൻ സാമ്പത്തികമായി കഴിവില്ലാത്തവർക്ക് വീടുവെക്കുന്നതിന് സഹായം നൽകേണ്ടതാണ്. ഈ വിഭാഗത്തിൽപെട്ട 3 കുടുംബങ്ങൾ മാത്രമേ ഇവിടെ താമസമാക്കിയിട്ടുള്ളൂ. കുടിവെള്ളത്തിനും വൈദ്യുതിക്കും ഇവിടെ പരിഹാരം കാണേണ്ടതുണ്ട്.

ഇവിടെ ആർക്കും ഭൂമിയിലുള്ള അവകാശം തെളിയിക്കുന്നതിന് പട്ടയം കിട്ടിയിട്ടില്ല. ഇത് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ കോളനിയിലേക്ക് കോട്ടൂർ മുണ്ടിയൻ തറയിൽനിന്നും റോഡു നിർമ്മിക്കേണ്ടതാണ്.

**ചങ്കുവെട്ടി കോളനി:-**

ഇത് 2-ാം വാർഡിലാണ്. അംഗീകൃതകോളനിയല്ല. ഇതിനെ പടിഞ്ഞാറെഭാഗവും കിഴക്കേഭാഗവും ആയി വേർതിരിച്ച് 2 കോളനി ആക്കി മാറ്റാവുന്നതാണ്. ഇവിടെ കൂടുതലും വൈദ്യുതീകരിക്കാത്ത വീടുകളാണ്. ശ്മശാനം ഉണ്ട്. ഒന്നു രണ്ടു പൊതുകിണർ കൂടി കുഴിച്ചാൽ ഇവിടത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. റോഡ്സൗകര്യവും ഉണ്ടാക്കേണ്ടതാണ്. ടെലിവിഷൻ സെറ്റ്, ചുറ്റുമതിൽ എന്നിവയും ആവശ്യമാണ്.

**പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധപതിയേണ്ട പൊതുവായ ചില നിർദ്ദേശങ്ങൾ ചുവടെചേർക്കുന്നു.**

1. ക്ഷേമപദ്ധതികളെകുറിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്.

2. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗത്തിന് വായ്പ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയൂ.

3. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

4. കോളനികളിലെ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണസംഘങ്ങൾ സ്ഥാപിക്കുകയും ചെയ്ത് ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുക.

5. വീടുനിർമ്മാണത്തിന് ധനസഹായം നൽകുന്നത് കാലോചിതമായി വർദ്ധപ്പിക്കുക.

6. വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റി പണികൾക്കും സഹായം നൽകുക.

7. കോളനികളിലെ പുരയിടത്തിലെ മണ്ണൊലിപ്പു തടയുന്നതിന് ആവശ്യമായ നടപടികൾക്ക് രൂപം നൽകുക.

8. കുടുംബ ബാദ്ധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടിവരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്താൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കുക.

9. വിദ്യാഭ്യാസരംഗത്തെ കൊഴിഞ്ഞുപോക്ക് കുറക്കാൻ പഞ്ചായത്ത് തലത്തിൽ ബോർഡിംഗ് സ്ക്കൂൾ സ്ഥാപിക്കുക.

10. സമഗ്ര ബോധവൽക്കരണത്തിന്റെ ഭാഗമായി കോളനികളിൽ ടി.വി. സെറ്റുകൾ സ്ഥാപിക്കുക.

11. വിഗലാംഗരായ കുട്ടികൾ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി അവരുടെ സംരക്ഷണത്തിന് ആവശ്യമായ സഹായങ്ങൾ പഞ്ചായത്തിൽനിന്നും നൽകുക.

**ഗ്രാമസഭകളിൽനിന്നും വന്ന അഭിപ്രായങ്ങൾ താഴെകൊടുക്കുന്നു.**

1. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കോഴി. ആട്. പശു, എരുമ എന്നിവ പഞ്ചായത്തിൽനിന്നും വിതരണം ചെയ്യുക.

2. കാരപറമ്പ്, ചക്കാലക്കൽ, പച്ചേരിക്കോളനി, ചങ്കുവെട്ടി കോളനി എന്നിവയിൽ ബോധവൽക്കരണ സഹായത്തിന് ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുക.

3. കോളനികൾക്ക് ചുറ്റുമതിൽ കെട്ടുക.

4. കാരപറമ്പ്, പച്ചേരികോളനി എന്നിവിടേക്ക് ഉള്ള റോഡുകൾ ട്ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

5. എല്ലാ കോളനികളിലും സോഡിയം വേപ്പർ ലാംമ്പ് സ്ഥാപിക്കുക

6. കാരപറമ്പിൽ ഇപ്പോൾ ഉള്ള കിണറിനുപുറമേ കുഴൽ കിണർ കുഴിക്കുക.

7. കാരപറമ്പിനും, ചക്കാലക്കലിനും മദ്ധ്യത്തിൽ ഒരു ശ്മശാനത്തിന് സ്ഥലം വാങ്ങി ചുറ്റുമതിൽ കെട്ടി കോളനികൾക്ക് വിട്ടുകൊടുക്കുക.

8. ചക്കാലക്കൽ, പച്ചേരിക്കോളനി, 4 സെന്റ് കോളനി എന്നിവയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഒരു ഓപ്പൺവെൽ കുഴിക്കുകയോ, കുഴൽക്കിണർ സ്ഥാപിക്കുകയോ ചെയ്യുക.

9. സ്വന്തമായി വീടില്ലാത്തവർക്ക് വീടുവെക്കുന്നതിനാവശ്യമായ സഹായം ചെയ്യുക.

10. കക്കൂസില്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിച്ചു കൊടുക്കുക.

11. വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് ആവശ്യമായ സഹായം ചെയ്യുക.

12. കാരപറമ്പ്, ചക്കാലക്കൽ കോളനികൾക്ക് സംയുക്തമായി നടപ്പാക്കാൻ പറ്റാവുന്ന ''വാട്ടർ സ്ക്കീം'' നടപ്പാക്കി കുടിവെള്ളക്ഷാമം പരിഹരിക്കുക.

13. ചക്കാലക്കൽ കോളനിയിലൂടെ കോട്ടൂർ യു.പി.സ്ക്കൂളിലേക്ക് പുതിയ റോഡ് വെട്ടുക.

14. കോളനികൾ വൈദ്യുതീകരിക്കുക.

15. 4 സെന്റ് കോളനിയിൽ (മുതിവത്തിനു മുകളിൽ)

വൈദ്യുതിലൈൻ എത്തിക്കുക.

16. കോട്ടൂർ മുണ്ടിയൻതറയിൽനിന്നും 4 സെന്റ് കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.

17. 4 സെന്റ് കോളനി കേന്ദ്രമാക്കി ഒരു L.P. സ്കൂൾ സ്ഥാപിക്കുക.

18. എല്ലാ കോളനികളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കുക.

19. ചങ്കുവെട്ടി കോളനി രണ്ടുകോളനികളാക്കി അംഗീകാരം നൽകുക.

20. ഇവിടേക്ക് റോഡ് സൗകര്യം ഏർപ്പെടുത്തുക.

21. ചങ്കുവെട്ടികോളനിയിൽ 2 പൊതുകിണർകൂടി കുഴിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക.

22. പട്ടിക ജാതിവികസന വകുപ്പു മുഖേന നടപ്പാക്കി വരുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ ഭവന പദ്ധതി പഞ്ചായത്തിൽ നടപ്പാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബാംഗങ്ങളെ സഹായിക്കുക.



## വിദ്യാഭ്യാസരംഗം.

| S.S.L.C. വരെ പഠിച്ചവർ | S.S.L.C. ക്കു മീതെ | L.P. വിഭാഗത്തിൽ പഠിക്കുന്നവർ | U.P. വിഭാഗത്തിൽ പഠിക്കുന്നവർ | ഹൈസ്കൂൾ ക്ലാസ്സിൽ പഠിക്കുന്നവർ |
|---|---|---|---|---|
| 139 | 19 | 93 | 81 61 | |

## വാർഡുകളിലെ കക്കൂസ്, കുടിവെള്ളം, വൈദ്യുതി, ജനസംഖ്യ (SC)

<table>
<tr><th>വാർഡ് നമ്പർ</th><th>വീടുകളുടെ എണ്ണം</th><th>ആകെ ആളുകൾ</th><th>പുരുഷന്മാർ</th><th>സ്ത്രീകൾ</th><th>കുട്ടികൾ</th><th>കക്കൂസ് വേണ്ടവർ</th><th>കിണർ വേണ്ടവർ</th><th>വൈദ്യുതി വേണ്ടവർ</th></tr>
<tr><td>1</td><td>3</td><td>28</td><td>13</td><td>8</td><td>7</td><td>1</td><td>-</td><td>-</td></tr>
<tr><td>2</td><td>19</td><td>109</td><td>35</td><td>37</td><td>37</td><td>9</td><td>10</td><td>13</td></tr>
<tr><td>3</td><td>23</td><td>137</td><td>46</td><td>50</td><td>41</td><td>5</td><td>10</td><td>4</td></tr>
<tr><td>4</td><td>6</td><td>37</td><td>14</td><td>15</td><td>8</td><td>1</td><td>2</td><td>1</td></tr>
<tr><td>5</td><td>7</td><td>53</td><td>21</td><td>16</td><td>16</td><td>-</td><td>-</td><td>-</td></tr>
<tr><td>6</td><td>16</td><td>112</td><td>45</td><td>35</td><td>32</td><td>8</td><td>8</td><td>7</td></tr>
<tr><td>7</td><td>9</td><td>50</td><td>15</td><td>20</td><td>15</td><td>6</td><td>3</td><td>5</td></tr>
<tr><td>8</td><td>8</td><td>58</td><td>22</td><td>21</td><td>15</td><td>4</td><td>3</td><td>3</td></tr>
<tr><td>9</td><td>14</td><td>116</td><td>42</td><td>42</td><td>32</td><td rowspan="2">18</td><td rowspan="2">4</td><td rowspan="2">17</td></tr>
<tr><td>10</td><td>24</td><td>237</td><td>75</td><td>93</td><td>69</td></tr>
<tr><td>11</td><td>10</td><td>50</td><td>17</td><td>15</td><td>18</td><td>7</td><td>9</td><td>8</td></tr>
<tr><td>12</td><td>7</td><td>32</td><td>10</td><td>8</td><td>14</td><td>4</td><td>1</td><td>3</td></tr>
<tr><td>13</td><td>9</td><td>68</td><td>33</td><td>19</td><td>16</td><td>2</td><td>9</td><td>5</td></tr>
<tr><td></td><td>155</td><td>1087</td><td>388</td><td>379</td><td>320</td><td>65</td><td>59</td><td>66</td></tr>
</table>

# 15

# വിഭവ സമാഹരണം

വികസന രംഗത്തെ ഏറ്റവും വലിയ വിഭവം മനുഷ്യ പ്രയത്നമാണ്. ഇത് സന്നദ്ധ പ്രവർത്തനത്തിലൂടെ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമങ്ങൾ ആവിഷ്ക്കരിക്കേണ്ടതാണ്. നമ്മുടെ ഗ്രാമസഭകൾ വിഭവ സമാഹരണം ചർച്ച ചെയ്തിരുന്നുവെങ്കിലും പുതിയ സാധ്യതകളൊന്നും എടുത്ത് കാണിക്കുകയുണ്ടായില്ല. നമ്മുടെ പ്രദേശത്ത് ബഹുജനസംഘടനകൾക്ക് യാതൊരു പഞ്ഞവുമില്ല. ഈ സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഓരോ വികസന സമിതികൾ വാർഡുതലത്തിൽ രൂപപ്പെടുത്തിയാൽ മത്സരബുദ്ധിയോടുകൂടി സേവനരംഗത്തേക്ക് കൊണ്ടുവരുവാനും അത് വഴി ജനപങ്കാളിത്തം ഉറപ്പാക്കാനും സാധിക്കുന്നതാണ്. ജാതി, മത, കക്ഷി ബന്ധങ്ങൾക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിന് തന്റെ കൂടി പങ്കാളിത്തം ഉറപ്പാക്കുക എന്നത് ഒരു മഹത്തായ ആശയമാണ്.

ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്നവർ ധാരാളം ഉണ്ടെങ്കിലും പ്രത്യുൽപാദനപരമായ രംഗങ്ങളിൽ മുതൽമുടക്കുന്നവർ വിരളമാണ്. പട്ടണത്തൽ കുറെയൊക്കെ കെട്ടിടങ്ങൾ ഉയർന്നുവന്നിട്ടുണ്ടെങ്കിലും വ്യവസായരംഗത്തേക്ക് കടന്നുവരാൻ ഇവർ അറച്ചു നിൽക്കുകയാണ്. ഗൾഫ് തൊഴിലാളികളിൽ അധികംപേർക്കും പെൺമക്കളുടെ വിവാഹം, ഒരു വീട് എന്നതിലപ്പുറം ചിന്തിക്കാൻ കഴിയാത്ത ഒരവസ്ഥയാണുള്ളത്.

നമ്മുടെ പഞ്ചായത്തിൽ നാല് സഹകരണ ബാങ്കുകൾ, മൂന്ന് ദേശസാൽകൃതബാങ്കുകൾ, ഒരു സ്വകാര്യ ബാങ്ക് എന്നിവയുണ്ട്. കൂടാതെ ചിട്ടിക്കമ്പനിയും സ്വകാര്യ ഫൈനാൻസ് സ്ഥാപനങ്ങളുമുണ്ട്. സാധാരണക്കാർ വിവിധ ലോണുകൾ എളുപ്പത്തിൽ ലഭിക്കുവാൻ കോട്ടക്കൽ സർവ്വീസ് സഹകരണ ബാങ്കിനെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തുകൾക്ക് വായ്പ എടുക്കുവാനുള്ള വ്യവസ്ഥ പഞ്ചായത്ത് രാജ് ആക്ടിലുണ്ട്. പഞ്ചായത്ത് ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പദ്ധതികൾക്ക് ബാങ്ക് വായ്പ കൊടുക്കുവാൻ ബാങ്കുകളെ ബാധ്യസ്ഥരാക്കുന്ന ഒരു നിയമം ഈ രംഗത്ത് ഉണ്ടാവേണ്ടിയിരിക്കുന്നു.

സാമ്പത്തിക വർഷം അവസാനിക്കാറാകുമ്പോഴാണ് പലപ്പോഴും സർക്കാർ ഗ്രാന്റ് ലഭിക്കുന്നത്. ശേഷം ആക്ഷൻ പ്ലാൻ അംഗീകരിച്ചു പ്രവർത്തി പഥത്തിൽ കൊണ്ടുവരാൻ സാധിക്കാതെ ഫണ്ട് ലാപ്സാകാൻ കാരണമായിത്തീരാറുണ്ട്. വർഷാരംഭത്തിൽതന്നെ സർക്കാർ ഗ്രാന്റ് അനുവദിച്ചാൽ ബജറ്റ് ധനാഭ്യർത്ഥനകളിൽ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ സാധിക്കും. വസ്തു കൈമാറ്റ നികുതി, വാഹനനികുതി എന്നിവ പഞ്ചായത്തിൽ നേരിട്ടു ശേഖരിക്കുവാനുള്ള ഒരു സംവിധാനം ഉണ്ടായാൽ ഈ ഗ്രാന്റ് ലഭിക്കുന്നതിലുള്ള കാല താമസം ഒഴിവാക്കാവുന്നതാണ്.

പൊതുജനങ്ങളിൽ നിന്ന് നേരിട്ട് പിരിക്കുന്ന തൊഴിൽനികുതി, കെട്ടിട നികുതി എന്നിവ 100% പിരിഞ്ഞുകിട്ടുന്നുണ്ട്. പുതിയ നികുതികൾ ചുമത്തി വിഭവസമാഹരണം വർദ്ധിപ്പിക്കുന്നതിനു പകരം ഉള്ളവ കാര്യക്ഷമമായി പിരിക്കുകതന്നെയാണ് ഉത്തമം.

കെട്ടിടനികുതി ചുമത്തൽ തൊഴിൽ നികുതി എന്നിവ കണക്കാക്കുന്ന മാനദണ്ഡം നികുതി ചുമത്തുമ്പോൾ കക്ഷികളെ ബോധ്യപ്പെടുത്താവുന്നതാണ്.

മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് നമുക്ക് കൂടുതൽ സ്ഥാവര സ്വത്തുകളുണ്ട്.

**പ്രധാന സ്ഥാവര വസ്തുക്കൾ**

| സ്ഥലങ്ങൾ | വിസ്തീർണ്ണം (ഏക്കർ) |
|---|---|
| ബസ്സ് സ്റ്റാന്റ്, മാർക്കറ്റ് | 4.25 |
| ശിശുവിഹാർ | 0.30 |
| കല്യാണ മണ്ഡപം | 0.31 |
| വായനശാല | 0.25 |
| പഞ്ചായത്ത് ഓഫീസ് | 0.19 |
| അറവുശാല | 0.68 |
| ഡമ്പിംഗ് യാർഡ് | 0.12 |
| വിശ്രമമന്ദിരം | 0.40 |

വിശ്രമമന്ദിരത്തിനു വേണ്ടിയുള്ള ചെനക്കലുള്ള സ്ഥലം നേഷണൽ ഹൈവേയുടെ ഓരത്തായതിനാൽ മോട്ടലുകൾ നിർമ്മിച്ച് വാടകക്കു നൽകുക വഴി വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും. ബസ്സ് സ്റ്റാന്റിലും മാർക്കറ്റിലും കൂടുതൽ സ്റ്റാളുകൾക്കുള്ള സാധ്യതയും ആരായുന്നത് നന്നായിരിക്കും. ശിശുവിഹാറിനു വേണ്ടി

യുള്ള സ്ഥലത്ത് ഫ്ളാറ്റുകളോ ക്വോർട്ടേഴ്സുകളോ നിർമ്മിച്ചും വരുമാനം കൂട്ടുവാൻ സാധിക്കും.

നിർമ്മാണം പൂർത്തീയായി വരുന്ന പുതിയ ഷോപ്പിംഗ് കോംപ്ലക്സിൽ താഴെ 16ഉം മുകളിൽ 15ഉം റൂമുകളുണ്ടാവും. ഇത് വഴി നമ്മുടെ വരുമാനത്തിൽ വർദ്ധനവ് വരുന്നതാണ്.

പുരാതനമായിത്തന്നെ കോട്ടയ്ക്കൽ ആഴ്ച ചന്തയും കന്നുകാലി ചന്തയും പ്രസിദ്ധമാണ്. ഇത് ഒരു നല്ല വരുമാനമാർഗ്ഗവുമാണ്. മൊത്തവരുമാനത്തിന്റെ ശരാശരി 5.2% വരും ഇത്. ഷോപ്പിംഗ് കോംപ്ലക്സ് 4.31%, ബസ്സ് സ്റ്റാന്റ് 2.49%, കെട്ടിടനികുതി 11.27% തൊഴിൽ നികുതി 9.89%വിനോദ നികുതി 21.23% ഇവ മൊത്ത വരുമാനത്തിന്റെ 50% വുമാണ്.

ഗ്രാമസഭകളിൽ നിന്ന് ഒട്ടനവധി റോഡുകൾ ടാർചെയ്യുവാനും പുതിയറോഡുകൾക്കും നിർദ്ദേശങ്ങളുണ്ട്. ചിലവുകൾ പരിശോധിക്കുമ്പോൾ മൊത്തം ചിലവിന്റെ 51% ഉം മരാമത്ത് പ്രവർത്തനങ്ങൾക്കായി ചിലവായത് കാണാം. ചില വർഷങ്ങളിൽ 64% വരെയാണ്. നല്ല റോഡുകൾ ഉണ്ടാകുന്നത് പ്രദേശത്തിന്റെ നാനാമുഖമായ വികസനത്തിനും ജീവിത സൗകര്യത്തിനും ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഉപകരിക്കും. എങ്കിലും ഈ പണം പ്രത്യുൽപാദനപരമല്ലാത്തതിനാലും വർഷം തോറും റിപ്പയർ ആവശ്യമായിവരുന്നതിനാലും പഞ്ചായത്തിന് ഒരു ബാദ്ധ്യതയായി മാറുന്നു. ഇതുപോലെ വർഷംതോറും തെരുവു വിളക്കുകൾക്കായി ശരാശരി 9.2% സംഖ്യ ചിലവഴിക്കുന്നുണ്ട്. എങ്കിലും തെരവുവിളക്കുകൾ കത്താത്ത

**വരവിനങ്ങൾ**

| | വർഷം | | | | |
|---|---|---|---|---|---|
| ഇനം | 91–92 | 92–93 | 93–94 | 94–95 | 95–96 |
| ചന്ത | 2,21100 | 240600 | 1,85000 | 2,78000 | 3,45500 |
| ഷോപ്പിംഗ് കോംപ്ലക്സ് | 1,87224 | 184627 | 21,9935 | 263850 | 197525 |
| ബസ്സ് സ്റ്റാന്റ് | 11,2700 | 100000 | 95900 | 1,62000 | 138350 |
| കെട്ടിടനികുതി | 409606 | 129319 | 825450 | 594013 | 789209 |
| തൊഴിൽ നികുതി | 10,456 | 374340 | 639732 | 639155 | 455190 |
| വിനോദ നികുതി | 911623 | 989895 | 1148172 | 1148662 | 7993799 |
| പ്രദർശന നികുതി | 6786 | 6439 | 11637 | 13502 | 13568 |
| വസ്തു കൈമാറ്റ നികുതി | 149676 | 264837 | 318582 | 231095 | 66406 |
| ഡെപ്പോസിറ്റ് | 410328 | 392930 | 280615 | 1163805 | 2635805 |
| സർക്കാർ ഗ്രാന്റ് | 300828 | 276857 | 419825 | 310158 | 951458 |
| പരസ്യനികുതി | 91 | 155 | 5645 | 25868 | 16696 |
| മറ്റുവരവുകൾ | 902135 | 1310821 | 361494 | 157269 | 146098 |
| ആകെ | 3922553 | 4270820 | 4521987 | 4987369 | 6749604 |

പരാതി ബാക്കിയായിത്തന്നെ നിൽക്കുന്നു. കഴിഞ്ഞ വർഷം തെരുവു വിളക്കുക്കൾക്കായി മൊത്തം ചിലവിന്റെ 27% ചിലവായിട്ടുണ്ട. ഭരണപരമായ ചിലവുകൾ ശരാശരി 18% വരും. ഇതു വളരെ കൂടുതലാണ്. ജലം, ഓടകൾ പൊതുജനാരോഗ്യം എന്നിവയ്ക്കായി കഴിഞ്ഞ അഞ്ചു വർഷത്തെ കണക്കു പ്രകാരം ശരാശരി ചിലവ് 6.72%മാണ്.

**സാധ്യതകൾ:–**

1. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നും ധാരാളം ആളുകൾ കോട്ടയ്ക്കൽ സന്ദർശിക്കുന്നുണ്ട്. അതിനാൽ കോട്ടയ്ക്കൽ ടൂറിസം വികസനത്തിന് വളരെയേറെ സാധ്യതയുള്ള പ്രദേശമാണ്.

2. ഒരു റോഡ്റോളർ പഞ്ചായത്തിനുവേണ്ടി വാങ്ങിയാൽ വാടകയിനത്തിൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

3. സേവന നികുതി ഈടാക്കാവുന്നതാണ്.

4. ആർഡിബി തുടങ്ങിയ സ്ഥാപലങ്ങളുടെ ധന

# ചിലവുകൾ



## വർഷം

| ഇനം | 91–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|
| ഭരണം | 1493890 | 804364 | 675858 | 769852 | 778843 |
| മരാമത്ത് | 1428108 | 2371288 | 2536045 | 2691341 | 4785743 |
| വിദ്യാഭ്യാസം | 58140 | 44075 | 84029 | 46343 | 76683 |
| ജലം. ഓടകൾ, പൊതുജനാരോഗ്യം | 615661 | 294059 | 277685 | 105222 | 418624 |
| തെരുവു വിളക്കുകൾ | 386628 | 149670 | 144521 | 285070 | 170760 |
| മറ്റു ചിലവുകൾ<br>ഇൻകം ടാക്സ്, വെൽഫേർ ഫണ്ട്, പർച്ചെസ് ടാക്സ്. സെയിൽസ് ടാക്സ്, ഫ്ളാഗ് ഡേ ഫണ്ട്, ഫോൺ, നിക്ഷേപം പോസ്റ്റേജ്, പ്രിന്റിംഗ്, സ്റ്റേഷനറി, ജീപ്പ്, ട്രക്ക്, ഡീസൽ, ഡ്രൈവർ, ശംമ്പളം മുതലായവ | 445473 | 648741 | 386224 | 1047974 | 1370092 |
| ആകെ | 4427900 | 4312197 | 4074542 | 4945802 | 7600715 |

സഹായത്തോടെ കൂടുതൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ആരംഭിച്ചാൽ ഇതിന്റെ വാടക കൊണ്ടുതന്നെ തിരിച്ചടവും സാധ്യമാകുന്നതാണ്.

5. വയലുകൾ നികത്തി കെട്ടിടങ്ങളോ മറ്റോ ഉണ്ടാക്കുന്നത് നിരുത്സാഹപ്പെടുത്തുവാനും പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗവുമായി ലാന്റ് കൺവേർഷൻ സെസ്സ് ചുമത്താവുന്നതാണ്.

❖



# 16

# ഉപസംഹാരം

നാടിന്റെ വികസന പ്രക്രിയയിലെ ഒരു നാഴിക ക്കല്ലാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം. ബൗധി കവിജ്ഞാനവും നാട്ടറിവും സമഞ്ജസമായി സമ്മേ ളിക്കുന്ന ഈ നൂതന സംരഭം നമ്മുടെ ഗ്രാമത്തിന്റെ മുഖച്ഛായതന്നെ മാറ്റുമെന്ന കാര്യത്തിൽ സംശയമില്ല. ലോകമെമ്പാടും ആവേശപൂർവ്വം ഉറ്റുനോക്കിയ സമ്പൂർണ്ണസാക്ഷരതാ പ്രസ്ഥാനത്തിന്റെ തുടർച്ചയും വളർച്ചയുമാണ് ഈ മഹാസംരംഭം. പദ്ധതിയുടെ ആസൂത്രണ പ്രവർത്തനത്തിൽ ജനതയെ വിപുല മായി പങ്കെടുപ്പിച്ച മറ്റൊരു ലോകമാതൃകയാണിത്.

ബ്രിട്ടീഷുകാർ ഉപേക്ഷിച്ചുപോയ കേന്ദ്രീകൃത മായ അധികാരവ്യവസ്ഥയെ സ്വാതന്ത്ര്യാനന്തര ഭാര തത്തിൽ ആദ്യമായിട്ടാണ് ജനങ്ങളിലേക്ക് എത്തിക്കു ന്നത്.

നമ്മുടെ ഗ്രാമപഞ്ചായത്തും അധികാരം ജനങ്ങ ളിലേക്ക് എത്തിക്കുവാനുള്ള മഹായത്നത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. പദ്ധതിയുടെ വിജയത്തിന് അടിസ്ഥാനം ജനങ്ങളുടെ കൂട്ടായ്മയാണ്. എല്ലാ സങ്കു ചിത ചിന്തകൾക്കും അതീതരായി ഈ ഗ്രാമത്തിലെ മുഴുവൻ നിവാസികളും ഈ മഹായജ്ഞത്തിൽ പങ്കാ ളികളാവണമെന്ന് അഭ്യർത്ഥിക്കുന്നു.

മാറ്റുന്ന ലോകത്തിൽ, പുതിയൊരു നൂറ്റാണ്ടി ലേക്ക് കാലെടുത്തുവെയ്ക്കുന്ന ഈ വേളയിൽ നമ്മുടെ മുൻഗാമികൾ സ്വപ്നം കണ്ട ചൈതന്യവ ത്തായ ഒരു ഭാരതത്തെ സൃഷ്ടിക്കുന്ന പ്രവർത്തന ത്തിൽ നമുക്ക് അണിചേരാം.

സി. ഫാത്തിമ,

കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്.

**വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്.**

**ചരിത്രം,**

1. പി.മൂസ്സക്കുട്ടി ഹാജി (വൈ. പ്രസിഡന്റ്)
2. പത്മനാഭൻ.കെ (കൺവീനർ)
3. എ ടി.കുഞ്ഞിമുഹമ്മദ്
4. വട്ടത്തൊടി മുഹമ്മദ്
5. കാരപ്പുറത്ത് രാമദാസ്
6. ഇബ്രാഹിം കോട്ടക്കൽ
7. കെ പി.മൊയ്തീൻ.

**കൃഷി,ജലസേചനം**

1. ഹരിദാസൻ.സി (കൺവീനർ)
2. ചെമ്മുക്കൻ കുഞ്ഞാവ
3. കാലൊടി അഹമ്മദ് കുട്ടി എന്ന ബാവ
4. ആറ്റുപുറത്ത് വാസുദേവൻ
5. ചാലിൽ ദാമോദരൻ
6. കുട്ടി ബാലൻ
7. പി.ദാമോദരൻ
8. ഇന്ത്യന്നൂർ ഹംസ

**മൃഗസംരക്ഷണം,ക്ഷീരവികസനം**

1. സുരേഷ് (കൺവീനർ)
2. നളിനി ടി
3. Dr. കുര്യാക്കോസ്,വെറ്റിനറി സർജൻ
4. കുനിക്കകത്ത് ഇബ്രാഹിം മുഹമ്മദ്കുട്ടി
5. പ്രബാകരൻ
6. സുരേഷ് ബി

**വിദ്യാഭ്യാസം**

1. പുഷ്പരാജൻ (കൺവീനർ)
2. രാമൻ മാസ്ററർ
3. ശ്രീദേവി ടീച്ചർ
4. ഗംഗാധരൻ ഇ
5. കുഞ്ഞാമുട്ടി മാസ്ററർ
6. ബാബു മാസ്ററർ
7. അലവിക്കുട്ടി മൗലവി
8. കെ എ. ജലീൽ
9. തുളസീധരൻ കെ ജി
10. കബീർ തയ്യിൽ

**ആരോഗ്യം,കുടിവെള്ളം,പരിസരശുചിത്വം,മലിനീകരണം**

1. ടി വി സുലൈഖ ബീവി (കൺവീനർ)
2. ഇല്ലിക്കോട്ടിൽ കുഞ്ഞലവി ഹാജി
3. ഗോപാല കൃഷ്ണൻ HI
4. കോരുണ്ണി
5. Dr. ജയദേവൻ
6. വിജയ മോഹനൻ
7. ഉണ്ണിക്കൃഷ്ണ പിള്ള
8. പ്രവീൺ.

**വ്യവസായം**

1. ഇ കെ. മരക്കാർ (കൺവീനർ)
2. യു മരക്കാർ ഹാജി
3. ഉണ്ണി
4. എം കെ.ഹരിദാസ്
5. പി നാസർ
6. ശഹിദ് വടക്കേതിൽ

**ഗതാഗതം,ഊർജ്ജം**

1. പി.ഉസ്മാൻ കുട്ടി (കൺവീനർ)
2. ചെമ്മുക്കൻ കുഞ്ഞാപ്പു ഹാജി
3. അച്ചുതൻകുട്ടി മേനോൻ

4 രാമകൃഷ്ണൻ

5 പി.അബ്ദുൽ ഗഫൂർ മാസ്ററർ

6 N അറമുഖൻ

7 ചെരട ഹുസൈൻ

**ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം.**

1. CA ഹമീദ് (കൺവീനർ)

2 കെ.പത്മജ

3 മാത്യു

4 ഹരികൃഷ്ണൻ

5 പോക്കാട് സീനത്ത്

6 കെ.അബ്ദു

7 പട്ടയിൽ കാർത്ത്യായനി

8 E ജയകൃഷ്ണൻ

**സംസ്കാരം**

1 കെ.അബ്ദുൽ ഖാദർ (കൺവീനർ)

2 M സുലൈഖ

3 സന്തോഷ് വള്ളിക്കാട്

4 കോട്ടക്കൽ മുരളി

5 P സുലൈമാൻ

6 അരവിന്താക്ഷൻ

**വനിതാക്ഷേമം**

1 T തങ്കം ദാസ് (കൺവീനർ)

2 T.V. മുംതാസ്

3 PK ആബിദ

4 രമേശൻ

5 സുരേഷ്

6 പത്മിനി വി മേനോൻ

7 സുരേഷ് പാണ്ഢമംഗലം

**സഹകരണം**

1 എ.മുഹമ്മദ് കുഞ്ഞി (കൺവീനർ)

2 T.P. സൈതലവി

3 K ഇബ്രാഹിം കുട്ടി

4 പുഷ്പവല്ലി

5 വാസുദേവൻ മൂസ്സത്

6 ബേബിലത.

**പട്ടികജാതി, പട്ടികവർഗ്ഗം**

1 Dr: V.P കുമാരൻ (കൺവീനർ)

2 ഉഷ

3 പി പി.വാസു

4 രാമകൃഷ്ണൻ

5 T മോഹൻദാസ്

6 കെ.അബ്ദുൽ ഖാദർ

**വിഭവസമാഹരണം**

1 പി അബു മാസ്ററർ

2 ചെരട ഫാത്തിമ്മ

3. T മുഹമ്മദ് JS


4 കെ വി.റസാഖ്

5 നഫീസ കൊളക്കാടൻ.

98

# കോട്ടക്കൽ ഗ്രാമ പഞ്ചായത്ത്

## വികസന സെമിനാർ



മലപ്പുറം ജില്ല

ഒമ്പതാംപദ്ധതി
ജനകീയപദ്ധതി



100

## ആനക്കയം ഗ്രാമ പഞ്ചായത്ത്

# വികസന സെമിനാർ

26-11-96 ചൊവ്വ

## ജനകീയാസൂത്രണം


# കരട് വികസന രേഖ

101


# ആനക്കയം ഗ്രാമ പഞ്ചായത്ത്

## ജനകീയാസൂത്രണം

## കരട് സമഗ്ര വികസന രേഖ



# ആനക്കയം പഞ്ചായത്ത്



103

# ആനക്കയം ഗ്രാമ പഞ്ചായത്ത്

## ഭരണ സമിതി



കെ.എം. അബ്ദുറഹിമാൻ മാസ്റ്റർ
(പ്രസിഡണ്ട്)




കെ.വി. എം. ഖാലിദ്
(വൈസ് പ്രസിഡണ്ട്)



എ.പി. ഉമ്മർ
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)

| | |
|---|---|
| പി.വി. അലീമ | (മെമ്പർ) |
| കെ. നാടി | " |
| എം.കെ. ആയിഷ | " |
| സി.കെ. ഹസ്സൻ | " |
| ഐ.കെ. ആയിഷ | " |
| കെ.വി. ഫാത്തിമസ്സുഹറ | " |
| കലകപ്പാറ മുഹമ്മദ് | " |
| എം. പി. അബ്ദുൽ അസീസ് | " |
| മറിയകുട്ടി ടോമി | " |
| പാലപ്ര മുഹമ്മദ് | " |

104



കെ.വി. ചേക്കുട്ടി ഹാജി
(മുൻ പ്രസിഡന്റ് 1964 -79)



എം.പി. ഹസ്സൻ
മുൻ പ്രസിഡന്റ് 1979 - 94)



സി.കെ. ഹസ്സൻ
(മുൻ പ്രസിഡന്റ് 1988 -93)

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

1. ആമുഖം
2. പഞ്ചായത്ത് പൊതു വിവരണം
3. സാമൂഹിക സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം
5. സാമൂഹിക സാമ്പത്തിക മേഖലകൾ
    1. കൃഷിയും ജലസേചനവും
    2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
    3. വ്യവസായം
    4. വിദ്യാഭ്യാസം
    5. കുടിവെള്ളവും പൊതുജനാരോഗ്യവും
    6. ഗതാഗതം, ഊർജ്ജം
    7. പാർപ്പിടവും, സാമൂഹ്യക്ഷേമവും
    8. സംസ്ക്കാരം
    9. വനിത
    10. സഹകരണം
    11. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
    12. വിഭവസമാഹരണം
    13. ടൂറിസം
6. ഉപസംഹാരം

106

# ആനക്കയം ഗ്രാമ പഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

**എഡിററർ**

**കെ. ടി. മുഹമ്മദ് മാസ്ററർ** (D R P കൺവീനർ)

**എഡിറേറാറിയൽ സ്ററാഫ്**

| | |
|---|---|
| കെ. എം. അബ്ദുറഹിമാൻ മാസ്റ്റർ | (പ്രസിഡൻറ്) |
| സി. കെ. ഹസ്സൻ | (മെമ്പർ & D R P) |
| പാലപ്ര മുഹമ്മദ് മാസ്റ്റർ | (മെമ്പർ & D R P) |
| കെ. ഉണ്ണീൻ | (D R P) |
| എ. പി. ഉമർ | (സ്റ്റാൻരിംഗ്കമ്മററിചെയർമാൻ & D R P) |
| കലകപ്പാറ മുഹമ്മദ് | (മെമ്പർ & D R P) |
| കെ. എം. എ. ലത്തീഫ് | (D R P) |
| കെ വി. എം ഖാലീദ് | (വൈസ്പ്രസിഡണ്ട് & D R P) |
| എം. പി. അബ്ദുറം അസീസ് | (മെമ്പർ) |
| സി. എം. ഇഫ്തികാർ മാസ്ററർ | (D R P) |
| കെ അബ്ദുസ്സലാംമാസ്ററർ | (D R P) |
| ജോസഫ് സെബാസ്ററ്യൻ | (പഞ്ചായത്ത്സെക്രട്ടറി) |
| കെ. കെ. ഹരിദാസൻ | (പഞ്ചായത്ത് U D C) |

# ആനക്കയം ഗ്രാമപഞ്ചായത്ത് വികസന രേഖ

## 1 ആമുഖം

ആയിരക്കണക്കായ സ്വാതന്ത്ര്യസമര പോരാളികളുടെ ത്യാഗപൂർണ്ണമായ പരിശ്രമത്തിൻെറ ഫലമായി സ്വാതന്ത്ര്യം ലഭിച്ച് അമ്പതോളം വർഷങ്ങളായെങ്കിലും ജനകീയ ജനാധിപത്യം അർത്ഥപൂർണ്ണമായിട്ടുണ്ടോ എന്നകാര്യം സംശയാസ്പദമല്ലെ?

എട്ടുപഞ്ചവത്സരപദ്ധതികൾ നടപ്പിലായെങ്കിലും അതെല്ലാം കേന്ദ്രീകൃത സംവിധാനമായിരുന്നു. ജനപങ്കാളിത്തവും ജനാഭിലാഷവും അതിൽ വേണ്ടത്ര പ്രതിഫലിച്ചിരുന്നില്ല. ഈ ന്യൂനത പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് 73, 74 ഭരണഘടന ഭേദഗതിയുടെ വെളിച്ചത്തിൽ കേരള സർക്കാർ രൂപം നൽകിയിട്ടുള്ളത്.

ആസൂത്രണത്തിലും വികസന പ്രവർത്തനങ്ങളിലും തുല്യപങ്കാളിത്തവും ജാതിമതവർഗ്ഗചിന്തകൾക്കതീതമായ സമീപനവും ഇതു ലക്ഷ്യം വെക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ഒമ്പതാംപദ്ധതി ജനകീയ പദ്ധതി എന്ന മുദ്രാവാക്യത്തിൻെറ പ്രസക്തി. അധികാരത്തോടൊപ്പം സമ്പത്തും അത് പഞ്ചായത്തുകൾക്ക് വിഭാവനം ചെയ്യുന്നു. (പദ്ധതി വിഹിതത്തിൻെറ 35-40 ശതമാനം) ഇതിനു പുറമെ 60 ശതമാനത്തിൽപ്പെട്ട ചില സ്കീമുകൾ, കേന്ദ്രസർക്കാർ വിഹിതം, ബഹുജനങ്ങിൽനിന്നും സന്നദ്ധ സംഘടനകളിൽനിന്നും ലഭിക്കുന്ന സംഭാവനകൾ (പണം, വിഭവങ്ങൾ, ശ്രമദാനം) നികുതി വരുമാനം തുടങ്ങിയവ വികസന പ്രവർത്തനങ്ങൾക്കു സഹായകരങ്ങളാണ്. കേരള സർക്കാരും ഗ്രാമപഞ്ചായത്തുകളും ഇന്നഭിമുഖികരിക്കുന്ന സാമ്പത്തിക ക്ലേശങ്ങൾക്കു പരിഹാരം കാണാൻ ഈ സംവിധാനം പ്രയോജനപ്പെടും. ജനപങ്കാളിത്തം സാധ്യമാകുമ്പോൾ നിലവിലുള്ള സ്കീമുകളുടെയും ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടേയും നിർവ്വഹണം കൂടുതൽ കാര്യക്ഷമവും ശീഘ്രവും സുതാര്യവുമായി നിർവ്വഹിക്കാൻ കഴിയും. അഴിമതി ഒരളവോളം ദൂരീകരിക്കാനും സാധിക്കുന്നതാണ്.

ആനക്കയ ഗ്രാമപഞ്ചായത്തിൽ ജനകീയ ആസൂത്രണപരിപാടികൾ ആരംഭിച്ചത് ചിങ്ങം ഒന്ന് (1996 ആഗസ്റ്റ് 17നാണ്) അന്ന് പഞ്ചായത്ത് ഓഫീസിൽ വെച്ച് കൃഷിവകുപ്പിൻെറ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട കർഷക ദിനാഘോഷ പരിപാടികളോടൊപ്പം ജനകീയാസൂത്രണത്തിൻെറ ഔപചാരികമായ ഉദ്ഘാടനവും പഞ്ചായത്ത് പ്രസിഡൻറ് നടത്തുകയുണ്ടായി. തുടർന്നങ്ങോട്ട് പരിശീലനങ്ങളുടെയും ക്ലാസ്സുകളുടെയും ശില്പശാലകളുടെയും സ്പെഷൽ ഗ്രാമസഭകളുടെയും ഒരു പരമ്പര തന്നെ അനുക്രമമായി നടത്തപ്പെടുകയുണ്ടായി. രോഗ സംക്രമണത്തിനെതിരായി പൊതുജനങ്ങളെ ബോധവൽക്കരിക്കാനായി ആരോഗ്യ വകുപ്പിൻെറ സഹകരണത്തോടെ ക്ലാസ്സുകളും, പൊതുസ്ഥലങ്ങളും, അങ്ങാടികളും വൃത്തിയായി സൂക്ഷിക്കേണ്ടതിനു സഹകരണം തേടിക്കൊണ്ട് കച്ചവടക്കാരുടെ യോഗങ്ങളും, വിദ്യാഭ്യാസത്തിൻെറ നിലവാരത്തകർച്ചക്കു പരിഹാരം കാണാനായി ക്ലസ്റ്റർ, വിഇസി, പഞ്ചായത്തു തലത്തിൽ യോഗങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. ഇവയെല്ലാം വളരെയധികം ഫലം ചെയ്തു വരുന്നുണ്ട് എന്നത് സന്തോഷകരമാണ്.

സാമൂഹ്യ വനവൽക്കരണത്തിൻെറ ഭാഗമായി മലപ്പുറം ബ്ലോക്കിൻെറ സഹകരണത്തോടെ ആയിരം വിവിധ ഇനം ഫലവൃക്ഷത്തൈകളും, കൃഷിവകുപ്പിൻെറ സഹകരണത്തോടെ 859 തെങ്ങിൻതൈകൾ, 800 കശുമാവിൻ തൈകൾ, 3000 കുരുമുളക് തൈകൾ, 250 കവുങ്ങുംതൈകൾ, 1045 മററുഫലവൃക്ഷ തൈകൾ, എന്നിവയും കൃഷിക്കാർക്കു വിതരണം ചെയ്യപ്പെടുകയുണ്ടായി. യഥാസമയം ഇത്തരം നടീൽ

108



വസ്തുക്കരം ലഭിച്ചില്ലെങ്കിലും മുൻവർഷങ്ങളെ അപേക്ഷിച്ച ഈ വർഷം തൈകരം മുൻകൂട്ടി ലഭിക്കുകയു ണ്ടായി എന്നത് നല്ല കാര്യം തന്നെ.

ഓണം കായികമേള വളരെ ഭംഗിയായി നടത്തിയതും. ബ്ലോക്കുലവലിൽ ഈ പഞ്ചായത്തിനുനല്ല പ്രകടനം കാഴ്ച വെക്കാൻ കഴിഞ്ഞതും അഭിമാനകരമാണ്. പതിമൂന്നു വാർഡുകളിലും വികസന സമിതികരം രൂപീകരിച്ചിട്ടുണ്ടെങ്കിലും അവസ്സു ശരിയായ വിധത്തിൽ പ്രവൃത്തിക്കാൻ ഇതെവരെ അവ സരം ലഭിച്ചിരുന്നില്ല. നവംബർ 1 ന്റെ പുനരർപ്പണദിനത്തോടുകൂടി അവയെല്ലാം വളരെ സജീവ മാക്കുകയും, വാശിയോടു കൂടി നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിരിക്കയാണ്.

ഈ ആനുകൂല സാഹചര്യം അടിത്തറയാക്കികൊണ്ട് നാനാതുറകളിലുള്ള പുരോഗതി ലക്ഷ്യമാ ക്കി നമുക്ക ഈ സമഗ്രവികസനരേഖ ഒരു ചാരിത്ര്യയാഥാർത്ഥ്യമാക്കാനുള്ള യജ്ഞത്തിൽ പങ്കാളികളാകാം.

★

109

# ആനക്കയം ഗ്രാമപഞ്ചായത്ത് സമഗ്രവികസന രേഖ

## 2 പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | — | ആനക്കയം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | — | ആനക്കയം, പന്തല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് | — | മലപ്പുറം |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | — | ആനക്കയം, പന്തല്ലൂർ |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | — | കോട്ടക്കൽ |
| ജില്ലാ പഞ്ചായത്ത് | — | മലപ്പുറം |
| അസംബ്ലി മണ്ഡലം | — | മലപ്പുറം |
| പാർലിമെന്റ് മണ്ഡലം | — | മഞ്ചേരി |
| താലൂക്ക് | — | ഏറനാട് |

**വിസ്തീർണ്ണം** — 45.23 sq km

അതിരുകൾ:—

| | | |
|---|---|---|
| വടക്ക് | — | മഞ്ചേരി മുനിസിപ്പാലിററി, പാണ്ടിക്കാട് പഞ്ചായത്ത്. |
| കിഴക്ക് | — | കീഴാററൂർ പഞ്ചായത്ത്, മങ്കട പഞ്ചായത്ത് |
| തെക്ക് | — | മങ്കട, കൂട്ടിലങ്ങാടി പഞ്ചായത്തുകൾ മലപ്പുറം മുൻസിപ്പാലിററി |
| പടിഞ്ഞാറ് | — | മലപ്പുറം മുൻസിപ്പാലിററി, പൂക്കോട്ടൂർ പഞ്ചായത്ത്, മഞ്ചേരി മുൻ സിപ്പാലിററി |

**ജനസംഖ്യ** — 41.014

| | | |
|---|---|---|
| പുരുഷൻ | — | 20.799 |
| സ്ത്രീ | — | 20, 215 |
| ജനസാന്ദ്രത | — | 911 |
| പട്ടികജാതി ജനസംഖ്യ | — | 2321 |
| പട്ടികവർഗ്ഗം | — | Nil |
| ഒരു വയസ്സിനു താഴെ | — | 1117 |
| 1 — 2 വരെ | — | 863 |
| 2 — 3 വരെ | — | 884 |
| 3 — 5 വരെ | — | 2340 |
| അക്ഷരാഭ്യാസമുള്ളവർ | — | 38495 (93.86%) |
| വാർദ്ധകൾ | — | 13 |

110



# പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികൾ.

പാർലിമെൻററ് അംഗം — ജ. ഇ. അഹമ്മദ്സാഹിബ്

അസംബ്ലിഅംഗം — ജ. ഡോ എം. കെ മുനീർ

ജില്ലാ പഞ്ചായത്ത് അംഗം — ജ. പി. ഉബൈദുല്ല

ബ്ലോക്ക പഞ്ചായത്ത് അംഗങ്ങ‌ാം — 1 കെ. എം. അബൂസലാംഹാജി

2 ശ്രീമതി ത്രേസ്യാമ്മചാക്കോ

## നിലവിലുള്ള ഭരണസമിതി

പ്രസിഡൻറ് — ശ്രീ കെ. എം. അബ്ദുറഹിമാൻമാസ്റ്റർ

വൈസ്പ്രസിഡൻറ് — ശ്രീ. കെ. വി. എം. ഖാലിദ്

സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ — ശ്രീ. എ. പി. ഉമ്മർ

## അംഗങ്ങൾ

വാർഡ് I ശ്രീമതി പി വി അലീമ

II ശ്രീ കെ നാടി

III ശ്രീമതി എം. കെ. ആയിഷ

IV ശ്രീ സി കെ ഹസ്സൻ

VII ശ്രീമതി ഐ. കെ. ആയിഷ

IX ശ്രീമതി കെ. വി. ഫാത്തിമസുഹറ

X ശ്രീ കലകപ്പാറ മുഹമ്മദ്

XI ശ്രീ എം. പി. അബ്ദുറഅസീസ്

XII ശ്രീമതി മറിയക്കുട്ടി ടോമി

XIII ശ്രീ പാലപ്ര മുഹമ്മദ്മാസ്ററർ

ഇതിൽ സി. കെ. ഹസ്സൻ ഇരുമ്പുഴി സർവ്വീസ്ബാങ്ക് പ്രസിഡൻറും, പാലപ്ര മുഹമ്മദ്മാസ്ററർ പന്തലൂർ സർവ്വീസ് ബാങ്ക് പ്രസിഡൻറും കലകപ്പാറ മുഹമ്മദ് പന്തലൂർ ക്ഷീരവികസന സമിതി പ്രസിഡൻറുമാണ്.

# 3 സാമൂഹിക സാംസ്കാരിക ചരിത്രം

ആനമുങ്ങിയാൽ പോലും ആഴം കാണാനാവാത്ത കയങ്ങളിൽ നിന്നാണ് ആനക്കയമെന്ന പേര് ഈ പഞ്ചായത്തിന് ലഭിച്ചതെന്നാണ് അനുമാനം.

ടിപ്പുസുൽത്താൻെറ പടയോട്ടക്കാലത്ത് നിർമ്മിച്ച റോഡുകളും പറെറ നശിച്ചുപോയ പാലങ്ങളുടെ അവശിഷ്ടങ്ങളും ഇപ്പോഴുമിവിടെ മൂകസാക്ഷികളായി നിലകൊള്ളുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും നാടുവാഴി പ്രഭുക്കൾക്കും ഭൂജന്മികൾക്കും എതിരായുള്ള 1921ലെ മലബാർ കലാപത്തിൻെറ പ്രധാന കേന്ദ്രമായിരുന്നു ഈ പ്രദേശം അന്നത്തെ പോലീസ് ഇൻസ്പെക്ടറായിരുന്ന ഖാൻ ബഹദൂർ കെ. വി. ചേക്കുട്ടിയെ സമരസേനാനികൾ വെടിവെച്ച്കൊന്ന് തല കുന്തത്തിൽ നാട്ടി പ്രദർശിപ്പിച്ചിരുന്നു. ഇദ്ദേഹത്തിൻെറ സ്മരണക്കായി ബ്രിട്ടീഷ്സർക്കാർ നിർമ്മിച്ച പുള്ളിയിലങ്ങാടിയിലെ പൊതുകിണർ ഇന്നും നിലനിൽക്കുന്നു. ഖാൻ സാഹിബ് കെ. വി. ചേക്കുട്ടി അധികാരിയും, അദ്ദേഹത്തിൻെറ മകൻ റിട്ട: D S P ആയിരുന്ന കെ. വി. മുഹമ്മത് സാഹിബ്, സുപ്രസിദ്ധപണ്ഡിതൻ കെ. ടി. ഇബ്രാഹിം മുസലിയാർ കിടങ്ങയം എന്നിവർ ഈ പഞ്ചായത്തുകാരായിരുന്നു.

പ്രസിദ്ധ മതപണ്ഡിതനും ഫാറൂഖ് കോളേജിൻെറ സ്ഥാപകനുമായിരുന്ന മർഹൂം അബുസബാഹ് അഹമ്മദ് മൗലി ആദ്യകാലത്ത് ആനക്കയത്താണ് താമസിച്ചിരുന്നത്. ഒരു ഉന്നത കലാലയം സ്ഥാപിക്കുക എന്ന അദ്ദേഹത്തിൻെറ മഹനീയ ലക്ഷ്യംനേടാൻ അന്ന് ഇവിടെ വേണ്ടത്ര സൗകര്യം ലഭിക്കായ്കയാൽ അദ്ദേഹം തൻെറ പ്രവർത്തനമണ്ഡലം മഞ്ചേരിയിലേക്കും, അവിടെനിന്നും ഫറോക്കിലേ മാററുകയാണ് ഉണ്ടായത്.

കേരള ഭൂപരിഷ്കരണ നിയമം ബഹുഭൂരിപക്ഷം വരുന്ന കർഷക കുടിയാന്മാരെ ഭൂഉടമകളാക്കി മാററി. അതു ധാരാളം പേർക്കു നഷ്ടം വരുത്തിയെങ്കിലും വലിയൊരു സാമൂഹ്യ മാററത്തിനു കളമൊരുക്കി.

സ്വാതന്ത്ര്യസമര സേനാനികളുടെ ഒളിത്താവളമായിരുന്ന പന്തലൂർമല ഈ പ്രദേശത്തു ഒളിവിൽ പോയ പോരാളികളെ പിടികൂടാൻ കഴിയാതിരുന്ന ബ്രിട്ടീഷ് പട്ടാളം പൂക്കോട്ടൂർ യുദ്ധത്തിനു ശേഷം പഞ്ചായത്തിൻെറ പടിഞ്ഞാറെ അററത്തുള്ള ആര്യാപറമ്പിൽ കുതിരവണ്ടിയിൽ പീരങ്കിഘടിപ്പിച്ച് പന്തലൂർ മലയിലേക്കു വെടിവെച്ചതായി പറയപ്പെടുന്നു. അക്കാലത്ത് മലയാള മനോരമ പത്രത്തിൻെറ സ്ഥാപകനായിരുന്ന മാമ്മൻമാപ്പിള പന്തലൂർ വനപ്രദേശത്ത് ഒളിച്ചു താമസിക്കുകയും അതിനുശേഷം ആ മലപ്രദേശം പാട്ടത്തിനു എടുക്കുകയും ചെയ്തു എന്ന് പറയപ്പെടുന്നു. അന്ന് ഈ ഭാഗം കോഴിക്കോട് സാമൂതിരി രാജാവിൻെറ അധീനത്തിലായിരുന്നു. ഇന്ന് പഞ്ചായത്തിലെ ഏററവും വലിയ പ്ലാൻേറഷനായ ബാലനൂർ തയ്യിൽ പ്ലാൻേറഷൻ. ആയി മാറിയ മനോരമ പ്ലാൻേറഷൻ ഇതോടൊപ്പം ഇവിടെ തെക്കൻ കേരളത്തിലെ കുടിയേററക്കാർ വന്നു തുടങ്ങുകയും, കാർഷിക രംഗത്തും എസ്റ്റേററരംഗത്തും വിപ്ലവകരമായ മാററങ്ങൾ ഉണ്ടാകുകയും ചെയ്തു.

പഴയ മലബാർ ജില്ലാബോർഡിൻെറ കീഴിലായിരുന്ന ആനക്കയത്ത് ആദ്യപഞ്ചായത്ത്ബോർഡ് നിലവിൽ വന്നത് 1962ൽ ആണ് അന്ന് സ്പെഷൽ ഓഫീസറുടെ ഭരണമായിരുന്നു. 20_12_1963 ലാണ് പുതിയ തെരഞ്ഞെടുത്ത ബോർഡ് നിലവിൽ വന്നത് അന്നത്തെ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. കെ. വി. എം. ചേക്കുട്ടിഹാജിയും, വൈസ്പ്രസിഡൻറ് പുഴക്കൽ മുഹമ്മദുകുട്ടിയും ആയിരുന്നു. ഈ ബോർഡിൻെറ അവസാനക്കാലത്ത് ശ്രീ. സി. എം. ഹസ്സൻകുട്ടി (ചേപ്പൂർ) വൈസ്പ്രസിഡൻറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട് താഴെ പറയുന്നവരായിരുന്നു മെമ്പർമാർ.

**മെമ്പർമാർ**

| | | |
|---|---|---|
| 1 | എ. പി മോയിൻഹാജി | ഇരുമ്പുഴി |
| 2 | ടി. ഇ. അലവി | പെരുമ്പലം |
| 3 | സി. മുഹമ്മദ് എന്ന കഞ്ഞാൻഹാജി | പന്തലൂർ |
| 4 | കെ. ടി കഞ്ഞാപ്പുഹാജി | പാപ്പിനിപ്പാറ |
| 5 | സി. എം. ഹസ്സൻകുട്ടി | ചേപ്പൂർ |
| 6 | കെ. നാടികുട്ടി | പാപ്പിനിപ്പാറ |
| 7 | ശ്രീമതി മാധവിഅമ്മ | (നോമിനേററഡ്മെമ്പർ) |

1963 മുതൽ 1979 വരെ ഈ പഞ്ചായത്ത് ബോർഡ് നിലവിലിരുന്നു 1954ലെ മലബാർ ജില്ലാ ബോർഡിലെ മെമ്പറായിരുന്ന എ പി. മോയിൻസാഹിബ് ഈ പഞ്ചായത്തിലെ ഭരണസമിതിയിലെ മെമ്പറായിരുന്നു. ഏറനാട്ട താലൂക്കിലെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ പ്രധാന പ്രവർത്തകനായിരുന്നു അദ്ദേഹം. ഈ പഞ്ചായത്തിലെ പ്രധാന വിദ്യാലയമായ ഇരുമ്പുഴി G M U P സ്കൂൾ സ്ഥാപിച്ചത് അദ്ദേഹം ജില്ലാബോർഡ് അംഗമായിരുന്ന കാലത്തായിരുന്നു. അദ്ദേഹം മഞ്ചേരി P C C പ്രസിഡൻറായും ഇരുമ്പുഴി സർവ്വീസ് സഹകരണബാങ്ക് പ്രസിഡൻറായും മരണം വരെ തുടർന്നുപോന്നു.

1979 മുതൽ എം. പി. ഹസ്സൻ (മുടിക്കോട്) പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെടുകയും സി. കെ. മമ്മദ് (ഇരുമ്പുഴി) വൈസ്പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

**അന്നത്തെ മെമ്പർമാർ**

| | | |
|---|---|---|
| 1 | ടി. എം. അലവികഞ്ഞാൻഹാജി | പാപ്പിനിപ്പാറ |
| 2 | സി. കെ. മുഹമ്മദ് | ഇരുമ്പുഴി |
| 3 | സി. കെ. അസൈനാർ | പാണായി |
| 4 | എം. മോയ്യഹാജി | പെരിമ്പലം |
| 5 | കെ. എം. ഖദീജ | ആനക്കയം |
| 6 | സി. നീലകണ്ഠൻ | പന്തലൂർ |
| 7 | ടി. സൈതാലി മൗലവി | പന്തലൂർ |
| 8 | ഒ. പി. മുഹമ്മദ് | കിടങ്ങയം |

**1988–1995 ഭരണസമിതി അംഗങ്ങൾ**

| | | | |
|---|---|---|---|
| 1 | സി. കെ. ഹസ്സൻ | (പ്രസിഡണ്ട്) | |
| 2 | പാലപ്ര മുഹമ്മദ്മാസ്ററർ | (വൈസ്പ്രസിഡണ്ട്) | |
| 3 | കെ. സി. നാടിക്കുട്ടി | (മെമ്പർ) | പാപ്പിനിപ്പാറ |
| 4 | കെ. മോഹൻദാസ് | ,, | വടക്കുമുറി |
| 5 | കെ. കെ. കുഞ്ഞാലിഹാജി | ,, | ഇരുമ്പുഴി |
| 6 | കെ. പി. അബ്ദുറഅസീസ് | ,, | പാണായി |
| 7 | എം. മോയ്യഹാജി | ,, | പെരിമ്പലം |
| 8 | കെ. അബ്ദുറഹിമാൻ | ,, | ചിറെത്തുപാറ |
| 9 | ശ്രീമതി മേരി ഗീവർഗീസ് | ,, | പന്തലൂർ |

10 ഒ. സൈനുദ്ദീൻ ,, കിഴക്കുംപാമ്പ്

11 കെ. വി. നഷീദാബാനു ,, ആനക്കയം

1992–95 കാലഘട്ടത്തിൽ എം. മോയുഹാജി പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.

ഇപ്പോഠ നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി 1995 ഒക്ടോബർ 2നു് അധികാരമേററു. ഇതിൽ നാലാംവാർഡുമെമ്പറായ ശ്രീ. സി. കെ. ഹസ്സൻ മുൻപഞ്ചായത്ത് പ്രസിഡൻറും, 13–ാം വാർഡുമെമ്പറായ ശ്രീ. പാലപ്ര മുഹമ്മദുമാസ്ററർ മുൻ വൈ. പ്രസിഡൻറും ആയിരുന്നു. 13ൽ 8 U D F അംഗങ്ങളും 5 L D F അംഗങ്ങളുമാണെങ്കിലും രാഷ്ട്രീയഭിന്നത കൂടാതെ എല്ലാവരും പഞ്ചായത്തിൻെറ പുരോഗതിക്കായി ഒററക്കെട്ടായി പ്രവൃത്തിച്ചു വരുന്നു.

ഇപ്പോഴത്തെ പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലം ആദ്യകാല പ്രസിഡൻറ് കെ. വി. എം. ചേക്കുട്ടിഹാജിയുടെ പിതാവ് സംഭാവന നൽകിയതും 1974 ഓഫീസ് പ്രവർത്തനം ആരംഭിച്ചതുമാണ്. അതുവരെ ആനക്കയം ജംഗ്ഷനിൽ വാടകക്കെട്ടിലാണ് ഓഫീസ് പ്രവൃത്തിച്ചിരുന്നത്. പൊതുശ്മശാനം, പൊതുകളിസ്ഥലം, പൊതുഅറവുശാല, കോൺഫറൻസ്ഹാഠ എന്നിവ ഇല്ലാത്തത് പഞ്ചായത്തിൻെറ ഒരു ന്യൂനത തന്നെയാണ് ഇവ സ്ഥാപിക്കാൻ പഞ്ചായത്ത് ശക്തമായ നീക്കം നടത്തി വരുന്നു.

അതുപോലെ പഞ്ചായത്തിൻെറ എല്ലാഭാഗത്തും ശുദ്ധജലം, കറൻറ് എന്നിവ ലഭ്യമായിട്ടില്ല. ആനക്കയം കടലുണ്ടി പുഴയിൽ നിന്നും പമ്പുചെയ്യുന്ന ജലത്തിൽ ഭൂരിഭാഗവും മഞ്ചേരി മുൻസിപ്പാലിററിയാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിലെ ശുദ്ധജല ക്ഷാമം പരിഹരിക്കപ്പെടണമെങ്കിൽ ആനക്കയം അർബ്ബൻ വാട്ടർസപ്ലൈസ്കീമും, പന്തലൂർററൽ വാട്ടർ സപ്ലൈസ്കീമും നടപ്പിലാക്കണം. ആയതു ഉടനെ നടപ്പിലാകുമെന്നു പ്രതീക്ഷയിലാണ് പഞ്ചായത്ത് നിവാസികഠ.

വൈദ്യുതിയും തെരുവു വിളക്കുകളും എല്ലാ വാർഡുകളിലും എന്നാണ് എത്തുക എന്ന കാര്യം പറയാൻതന്നെ വയ്യാത്ത അവസ്ഥയാണ്.

**സന്നദ്ധ പ്രവർത്തന മേഖല**

ഈ പഞ്ചായത്തിൽകൂടി കടന്നുപോകുന്ന മഞ്ചേരി–മലപ്പുറം റോഡും, ആനക്കയം–ഒറവമ്പ്രം റോഡും ആനക്കയംപെരിന്തൽമണ്ണ റോഡും മാത്രമായിരുന്നു ജനങ്ങളുടെ യാത്രാസൗകര്യത്തിനുള്ള ഏക ആശ്രയം. എന്നാൽ സേവന സന്നദ്ധരായ ജനങ്ങഠ സംഘടിച്ച് വിവിധ വാർഡുകളിൽ റോഡുകഠ നിർമ്മിക്കാൻ മുന്നിട്ടിറങ്ങുകയും ഒന്നിലധികം റോഡുകഠ ഓരോ വാർഡിലും നിർമ്മിക്കുകയും ചെയ്തു

1996 നവംബർ 1ൻെറ പുനരർപ്പണ ദിനത്തിൽ തുടങ്ങിവെച്ച ഈ ഗ്രാമപഞ്ചായത്തിലെ മിക്ക വാർഡുകളിലും വികസന പ്രവർത്തനങ്ങളിലായി നൂറുക്കണക്കിനാളുകളുടെ മനുഷ്യധ്വാനം സംഭാവനയായി ലഭിച്ചുകൊണ്ടിരിക്കുന്നു. ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഒരു പ്രധാന നേട്ടമാണ് ഇത്.

**വായനശാല**

ഗ്രന്ഥശാലയുടെ അംഗീകാരമുള്ള പെരിമ്പലം പൊതുജന വായനശാല, പാപ്പിനിപ്പാറ ഗ്രാമസംഘം വായനശാല & ഗ്രന്ഥാലയം, പന്തല്ലൂർ പൊതുജന വായനശാല എന്നിവയും അംഗീകാരമില്ലാത്ത ചെറുപുഷ്പ യുവപ്രതിഭ ലൈബ്രറി & റീഡിംഗ്റൂം നെമ്മിനി എന്നിവയുമാണ് പഞ്ചായത്തിലെ പ്രധാന വായനശാലകഠ. കൂടാതെ വിവിധ മതസംഘടനകളും, സ്ഥാപനങ്ങളും നടത്തുന്ന ധാരാളം വായനശാലകളും ഉണ്ട്.

114



### വിദ്യാഭ്യാസം

1921ലെ മലബാർ കലാപത്തിനു ശേഷമാണ് പഞ്ചായത്തിൽ പ്രധാനമായും ഔപചാരിക വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്താൻ തുടങ്ങിയത്. അതുവരെയുള്ള വിദ്യാഭ്യാസം ഓത്തുപള്ളികളിൽ ഒതുങ്ങിക്കഴിഞ്ഞുകൂടുകയായിരുന്നു.

പഞ്ചായത്തിൽ ഇപ്പോൾ 16 എൽ. പി. സ്കൂളുകളും, 5 എൽ. പി. യു. പി. സ്കൂളുകളും, രണ്ട് ഹൈസ്കൂളുകളുമാണ് നിലവിൽ ഉള്ളത്. ഈ വിദ്യാലയങ്ങളിലെല്ലാംകൂടി 8206 കുട്ടികൾ പഠനം നടത്തുന്നു. വിദ്യാഭ്യാസ നിലവാരം പൊതുവെ തൃപ്തികരമല്ല. ഭൗതിക സൗകര്യങ്ങളുടെ അഭാവം, രക്ഷിതാക്കളുടെ ബോധക്കുറവ്, ശുദ്ധജലം, വൈദ്യുതി എന്നിവയുടെ ദൗർലഭ്യം എന്നിവ അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും വിഷമം സൃഷ്ടിക്കുകയും പഠന നിലവാരം മോശമാവാൻ കാരണമാവുകയും ചെയ്യുന്നു. യു. പി. സ്കൂളുകളിൽ ഒന്ന് പഞ്ചായത്ത് നേരിട്ടുനടത്തുന്ന പന്തല്ലൂർ പഞ്ചായത്ത് എ. യു. പി. സ്കൂളാണ്. ഹൈസ്കൂളുകളിൽ ഒന്ന് പഞ്ചായത്തിന്റെ കിഴക്കു ഭാഗമായ പന്തല്ലൂരിലും, രണ്ടാമത്തേത് പടിഞ്ഞാറുഭാഗമായ ഇരുമ്പുഴിയിലുമാണ് സ്ഥിതിചെയ്യുന്നത് ഇവ രണ്ടും C. H. മുഹമ്മത് കോയാസാഹിബ് വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലത്താണ് അനുവദിച്ചത്.

★

## ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

# 4 ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

**a ഭൂപ്രകൃതി:-**

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ നാലു വിഭാഗങ്ങളായി തിരിക്കാം.

1 ഉയർന്ന സമതലം
2 ചെരിഞ്ഞ പ്രദേശം
3 സമതലം
4 പുഴയോര പ്രദേശം

പശ്ചിമഘട്ടത്തിന്റെ ഭാഗമായ കാളികാവ്, കരുവാരക്കുണ്ട് എന്നിവിടങ്ങളിൽ നിന്ന് ഉത്ഭവിച്ച് കിഴക്ക പടിഞ്ഞാറ് ഒഴുകുന്ന കടലുണ്ടിപ്പുഴ പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി ഒഴുകി അറബിക്കടലിൽ കടലുണ്ടിയിൽ ചേരുന്നു.

മലപ്പുറം ജില്ലയിലെ ഏററവും ഉയരം കൂടിയ മലകളിൽ ഒന്നായ പന്തലൂർമല ഈ പഞ്ചായത്തിന്റെ കിഴക്ക ഭാഗത്ത് സ്ഥിതിചെയ്യുന്നു. കൂടാതെ കുറുക്കക്കുന്ന്, കോട്ടമല, ഈർപ്പനച്ചി, ആര്യാപറമ്പ്, മുണ്ടിക്കുളംകുന്ന്, വട്ടമ്മൽകുന്ന്, കുറവത്തലമല, കമ്മിക്കാട്, നമ്പൂതിരിക്കാട്, എണങ്ങാംപറമ്പ് നിരപ്പറമ്പ്, ആയിരംകുന്ന്, തൂവക്കുന്ന്, വയപ്പാറമല എന്നിവയാണ് പ്രധാന കുന്നുകൾ.

**b ജനപ്രകൃതി**

ആനക്കയം പഞ്ചായത്തിലെ ഇപ്പോഴത്തെ ജനസംഖ്യ 41, 014 ആണ്. 20799 പുരുഷന്മാരും, 20,215 സ്ത്രീകളുമാണ്. ജനസാന്ദ്രത 911ഉം, പട്ടികജാതി ജനസംഖ്യ 2321ഉം ആകുന്നു.

വിദ്യാഭ്യാസ രംഗത്ത് താരതമ്യേന പിന്നോക്കമാണ് ഈ പഞ്ചായത്ത്. വിദ്യാലയങ്ങളിൽ പോകുന്ന കുട്ടികളുടെ എണ്ണം കൂടി വരുന്നുണ്ടെങ്കിലും പഠന നിലവാരം കുറവാണ്. ചരിത്രപരവും സാമൂഹ്യവുമായ കാരണങ്ങളാണ് ഇതിനു നിദാനം.

അടുത്ത കാലത്തു കണ്ടുവരുന്ന ഒരു പ്രവണത കാർഷികരംഗത്തു നിന്നും കെട്ടിട നിർമ്മാണത്തേക്കും മററുമുള്ള തൊഴിലാളികളുടെ പിൻമാററമാണ് ചെറുപ്പക്കാരുടെ ഇടയിൽ ഗൾഫ് പ്രവണതയും വർദ്ധിച്ചുവരുന്നു. ഇതിന്റെ ഫലമായി കെട്ടിട നിർമ്മാണ രംഗത്ത് വലിയ മാററങ്ങൾ ഉണ്ടായിട്ടുണ്ട് എങ്കിലും അവരുടെ വരുമാനം ഉൽപാദന രംഗത്തേക്ക് തിരിച്ചു വിടുന്നില്ല എന്നത് ഒരു പോരായ്മ തന്നെയാണ്.

**c ജലപ്രകൃതി:-**

മഴയെ ആശ്രയിച്ചു മാത്രമാണ് ഇവിടത്തെ കൃഷി നടത്തപ്പെടുന്നത്. ഭൂരിഭാഗവും കുടിവെള്ളത്തിനു കിണറുകളെയാണ് ആശ്രയിക്കുന്നത്. മഴ കുറഞ്ഞകാലങ്ങളിൽ കൃഷിക്ക ഉണക്കം ബാധിക്കുന്നു എന്നുമാത്രമല്ല, ഉയർന്ന പ്രദേശങ്ങളിലെ കിണറുകൾ വററുകയും കുടിവെള്ളക്ഷാമം നേരിടുകയും ചെയ്യുന്നു. അടുത്തകാലത്തായി ചില കുഴൽ കിണറുകൾ സ്ഥാപിച്ചുവെങ്കിലും അവ വേണ്ടത്ര വിജയപ്രദമല്ല എന്നാണ് അനുഭവം. പഞ്ചായത്തിൽകൂടെ ഒഴുകുന്ന കടലുണ്ടിപ്പുഴ പോലും വേനലിൽ വററി വരളുന്നു. പുഴയിൽ ഇടക്കിടെ തടയണ നിർമ്മിക്കലാണ് ഇതിനു പരിഹാരം.

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5.(l) കൃഷിയും ജലസേചനവും

ആനക്കയം ഒരു പ്രധാന കാർഷിക ഗ്രാമമാണ്. തെക്കുകിഴക്കുഭാഗം മലപ്പുറം ജില്ലയിലെ ഏററവും ഉയരംകൂടിയ പ്രദേശങ്ങളിൽ ഒന്നായ പന്തല്ലൂർ മലയും പടിഞ്ഞാറുഭാഗം ഉയർന്ന്കിടക്കുന്ന ആര്യാപറമ്പും മധ്യത്തിൽ കൂടെ ഒഴുകുന്ന കടലുണ്ടിപുഴയും അതിൻെറ തീരപ്രദേശങ്ങളുമാണ്.

മുഖ്യകൃഷി തെങ്ങ്, നെല്ല്, റബർ, കമുങ്ങ് എന്നിവയാണ്. ഇടവിളകളായി വെററില, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറി, വാഴ, കുരുമുളക് എന്നിവ കൃഷിചെയ്യുന്നു. കുന്നിൻപ്രദേശങ്ങളിലും മററും കശുവണ്ടിയും കൃഷിചെയ്തുവരുന്നു. കൃഷിയും അതുമായി ബന്ധപ്പെട്ട പ്രവൃത്തികളുമായിരുന്നു മുൻകാല പ്രധാന ജീവിതമാർഗങ്ങൾ.

ഈ പഞ്ചായത്തിലെ ഭൂവിസ്തൃതി 2453 ഹെക്ടറാണ്. $\frac{2}{3}$ ഭാഗം സ്ഥലത്ത് വ്യവസ്ഥാപിതമായ രീതിയിൽ കൃഷിനടത്തുന്നുണ്ട്. $\frac{1}{3}$ ഭാഗംസ്ഥലത്ത് കാര്യമായ ഒരു കൃഷികളുമില്ല. മുൻകാലങ്ങളിൽ മുഖ്യകൃഷി നെല്ലായിരുന്നു. പാടങ്ങൾ മുഴുവനായി കൃഷി ഇറക്കിയിരുന്നു. കൂടാതെ പറമ്പിലും മോടൻ കൃഷി നടത്തിയിരുന്നു. ഈ കൃഷികളെല്ലാം കാലവർഷത്തെമാത്രം ആശ്രയിച്ചാണ് നടത്തിയിരുന്നത്. തോടുകളിൽ ചിറകെട്ടിയും, കയററുകട്ട ഉപയോഗിച്ചുമാണ് ജലസേചനം നടത്തിയിരുന്നത്. ആര്യൻ പൊന്നാര്യൻ, തവളക്കണ്ണൻ, എണ്ണപ്പട്ട, അരുവാക്കാരി, കുമ്പോളൻ, ചീര, നഗര, തെക്കൻചീര, കരിപ്പാലി എന്നിവയായിരുന്നു മുമ്പത്തെ നെൽവിത്തുകൾ. ഇടക്കാലത്ത് കുട്ടമുണ്ടകൻ കൃഷി വ്യാപകമായി ഐ. ആർ. എട്ട്. മസൂരി, ഒ. ടി വി, ജയ, എച്ച് 4 എന്നീ വിത്തുകളും പ്രചാരത്തിൽ വന്നു. നിലവിൽ ജ്യോതി, റോക്കററ്, പൊന്നി, ഐശ്വര്യ എന്നീ നെൽവിത്തുകളാണ് പ്രചാരത്തിൽ.

മുൻകാലങ്ങളിൽ പച്ചിലവളം, കാലിവളം, ചാരം എന്നിവയാണ് പ്രധാനമായും ഉപയോഗിച്ചിരുന്നത്. ഇന്ന് കോഴിവളം, രാസവളം എന്നിവ പ്രധാനമായും, കാലിവളം, പച്ചിലവളം എന്നിവയും ഉപയോഗിക്കുന്നു. ജലസേചനത്തിനു ഇന്ന് പ്രധാനമായും V C Bയും പമ്പുസെററുകളും വ്യാപകമായി ഉപയോഗിക്കുന്നുണ്ടെങ്കിലും ആവശ്യത്തിനു തികയുന്നില്ല. വൈദ്യുതി കമ്മി ഒരു വലിയ പ്രശ്നമാണ്. ചാമ, രാഗി, മുതിര, എള്ള്. പയർ, തുവര എന്നീ ഇടവിളകളുടെയും കൃഷി നേരത്തെ വ്യാപകമായിരുന്നു. ഇന്നു ഇവ തീരെ അപൂർവ്വമാണ്.

കിഴങ്ങവർഗ്ഗങ്ങളായ കപ്പ, മധുരക്കിഴങ്ങ് എന്നിവ വ്യാപകമായിത്തന്നെ കൃഷിചെയ്തിരുന്നുവെങ്കിലും ഇന്നു അവയും ചുരുങ്ങി ചുരുങ്ങി വരികയാണ്.

കീടങ്ങളെ നശിപ്പിക്കാൻ നേരത്തെ ചാഴിവല, മുറം പുഴക്കോരി എന്നീ ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു. ചിലർ ആയതിന് മന്ത്രവാദങ്ങളും നടത്തിയിരുന്നു. ഇന്ന് ആധുനികരീതിയിലുള്ള കീടനാശിനികളും കുമിൾനാശിനികളും ആണ് ഉപയോഗിച്ചുവരുന്നത്. ഉപയോഗക്രമത്തിൽ പല പാകപ്പിഴവുകളും സംഭവിക്കുന്നതിനാൽ ബോധവൽക്കരണം ഏററവും ആവശ്യമാണ്.

നെൽകൃഷി ലാഭകരമല്ല എന്ന കാരണത്തിൽ വെള്ളം സുലഭമായികിട്ടുന്ന പാടങ്ങൾപോലും തരിശിടുന്ന പ്രവണത വ്യാപകമാണ്. ഒരു പൂനിലങ്ങൾ പലതും തോട്ടങ്ങൾ ആയി മാറുകയാണ്. പാടങ്ങൾ നികത്തി കെട്ടിടങ്ങൾ പണിയുന്ന പ്രവണതയും കണ്ടുവരുന്നു. ഇതിനു കാരണം യാത്രാസൗകര്യം തന്നെയാണ്.

തോട്ടവിളകളോട് നേരത്തെ താൽപര്യം കുറവായിരുന്നു. ജന്മി–കുടിയാൻ വ്യവസ്ഥിതി നിലനിന്നിരുന്നതിനാൽ കുടിയാന്മാരായ കർഷകർക്ക് തോട്ടവിളകൾ ഇറക്കാൻ കഴിഞ്ഞിരുന്നില്ല. കാരണം കുടിയാന് ഭൂമിയിൽ കൈവശാവകാശം ഇല്ലായിരുന്നു.

ഭൂപരിഷ്കരണനിയമം നിലവിൽ വന്നതോടെ കുടിയാന്മാർ പലരും ഭൂഉടമകളായിമാറി. ഹ്രസ്വകാല വിളകളുടെ സ്ഥാനത്ത് ദീർഘകാലവിളകൾ രൂപപ്പെട്ടു. 1970നു ശേഷം ഗൾഫ്‌രാജ്യങ്ങളിൽ തൊഴിൽസാധ്യത കൂടിയതോടെ പലരും കൃഷിയും കൃഷിപ്പണിയും ഉപേക്ഷിച്ച് മററു തൊഴിൽമേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങി. നേരത്തെ ഇവിടെനിന്നും തൊഴിൽതേടി ജനങ്ങൾ തെക്കൻതിരുവിതാംകൂർ, വയനാട്, കർണ്ണാടക, മഹാരാഷ്ട്ര, തമിഴ്നാട് എന്നിവിടങ്ങളിൽ പോയിരുന്നു. ഇന്ന് തെക്കൻതിരുവിതാംകൂർ, പാലക്കാട് തമിഴ്നാട് എന്നീ മേഖലകളിലെ ആളുകളാണ് ഇവിടെ പ്രധാനമായും തൊഴിലെടുക്കുന്നത്. കോൺട്രാക്ററർമാർക്കു കീഴിൽ പണി എടുക്കുന്നവർ അധികവും പുറത്തുനിന്നുള്ളവരാണ്.

പഞ്ചായത്തിലെ ഭൂമിയുടെ വിവരം താഴെ കാണിച്ച പ്രകാരമാണ്:

| | | | |
|---|---|---|---|
| നിലം | — | 1061 . 405 | ഹെക്ടർ |
| പുരയിടം | — | 9430 . 930 | ,, |
| പുറമ്പോക്ക് | — | 661 . 660 | ,, |

പച്ചക്കറിയിൽ ഇവിടെ സ്വയം പര്യാപ്തമായിരുന്നു. ഇന്ന് തമിഴ്നാട് പച്ചക്കറിയാണ് മുഖ്യ ആശ്രയം.

കമുങ്ങ് കൃഷി പുഴയോരങ്ങളിൽ വ്യാപകവും ലാഭകരവും ആണെങ്കിലും ഇന്ന് ചില പ്രത്യേക രോഗങ്ങൾ കമുങ്ങ് കൃഷിക്ക് ഭീഷണിയാണ്.

കൂലി കൂടുതലായതിനാൽ കൃഷിപ്പണിക്ക് മനുഷ്യശേഷി ഉപയോഗിക്കുന്നത് ഇപ്പോൾ നഷ്ടമാണ്. അതിനാൽ യന്ത്രവൽക്കരണമാണ് ലാഭകരം പക്ഷെ ചെറുകിട ഭൂഉടമകൾ ആയതിനാലും പാടയോര റോഡുകൾ മിക്കവാറും സ്ഥലങ്ങളിൽ ഇല്ലാത്തതിനാലും കൂട്ടായ്മയുടെ അഭാവത്താലും ഇതു പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. (ഉദാ:– വടക്കുംമുറി, പടിഞ്ഞാററുമുറി, പന്തലൂർ)

കൃഷിയുമായി ബന്ധപ്പെട്ട തോടുകൾ, കുളങ്ങൾ, എന്നിവ സംരക്ഷിക്കാത്തതിനാൽ സൈഡ് പൊട്ടി കൃഷി നശിക്കാൻ കാരണമാകുന്നു. തോടുകളിലും പുഴയിലും തടയണകൾ ഇല്ലാത്തതിനാൽ ജലനിരപ്പ്താണ് വരൾച്ചക്കു കാരണമാകുന്നു.

**മണ്ണ്**

നദീതീരങ്ങളിലും പാടശേഖരങ്ങളിലും മലമ്പ്രദേശങ്ങളിലും വളക്കൂറുള്ള മണ്ണുണ്ടെങ്കിലും 4ൽ 3 ഭാഗം വരുന്ന ചെരിഞ്ഞ പ്രദേശങ്ങളിൽ വളക്കൂറുള്ള മണ്ണ് കുറവാണ്, പലസ്ഥലങ്ങളിലും ചെങ്കല്ലും കരിമ്പാറയും ധാരാളമായി കാണുന്നു.

**വളം**

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല രാസവളം ഉപയോഗിക്കുന്നത് ആയതിനാൽ പാഴ്ചെലവുകൾ വരുന്നു. സഹകരണബേങ്കുകൾ നടത്തുന്ന മൂന്നു രാസവള ഡിപ്പോകളാണ് ഇപ്പോൾ പഞ്ചായത്തിലുള്ളത്. വളരെയധികം കർഷകർ അയൽപ്രദേശത്തെ പട്ടണങ്ങളിൽ നിന്ന് രാസവളം കൊണ്ടുവരുന്നുണ്ട്.

118



ജൈവവളമായി അധികം ഉപയോഗിക്കുന്ന കോഴിവളം, കാലിവളം, ചാരം എന്നിവ തമിഴ് നാട്ടിൽ നിന്നാണ് കൊണ്ടുവരുന്നത്. പച്ചിലവളം പ്രദേശികമായിതന്നെ ലഭിക്കുന്നു.

| | 93 — 94 | 94 — 95 | 95 — 96 |
|---|---|---|---|
| സഹകരണം | 94859 Kg. | 81332 Kg. | 78045 Kg. |
| സ്വകാര്യസ്ഥാപനം | ഇല്ല | ഇല്ല | ഇല്ല |

മേൽപറഞ്ഞ വിധത്തിലാണ് രാസവളത്തിന്റെ ഉപയോഗക്രമം. രാസവളത്തിന്റെ ഉപയോഗം കുറഞ്ഞു വരുന്നു എന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

**കീടനാശിനി**

നെല്ല്, പച്ചക്കറി, വാഴ എന്നിവക്കു കീടനാശിനികളും റബർ, കമുങ്ങ്, കുരുമുളക്, തെങ്ങ് എന്നിവക്കു കുമിൾനാശിനികളും ഉപയോഗിക്കുന്നു. ബോധവൽക്കരണത്തിന്റെ കുറവ് ഈ രംഗത്ത് പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നു.

**കാർഷികോപകരണങ്ങൾ**

ഉഴവുകാളകളെ ഉപയോഗിച്ചാണ് നേരത്തെ വയൽ ഉഴുതിരുന്നത്. കാളകളെ പോററുന്നതിനുള്ള ചെലവും അസൗകര്യവും കൂടിയതോടെ ഇന്ന് ട്രാക്ടർ, ടില്ലർ എന്നിവയുടെ ഉപയോഗം വ്യാപിച്ചു വരുന്നു. പഞ്ചായത്തിൽ ഇത്തരം യന്ത്രങ്ങൾ ആവശ്യത്തിനു ഇല്ലാത്തതിനാൽ സമീപസ്ഥലങ്ങളിൽ നിന്നും ഇവ കൊണ്ടുവന്നാണ് കർഷകർ ആവശ്യം നിറവേററുന്നത്.

**പാടശേഖരസമിതി**

നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് അടുത്തകാലത്തായി പാടശേഖരസമിതികൾ നിലവിൽ വന്നിട്ടുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നേ ഉള്ളു.

**കുളങ്ങൾ:-**

പഞ്ചായത്തിൽ മൊത്തം 44 കുളങ്ങൾ ഉണ്ട്. അധികവും കൃഷിക്കും കുളിക്കാനും ഉപയോഗിക്കുന്നുണ്ട്. അപൂർവ്വം കുളങ്ങൾ കുടിവെള്ളത്തിനും ഉപയോഗിക്കുന്നുണ്ട്.

**കിണർ:-**

കൃഷി ആവശ്യാർത്ഥം ധാരാളം കിണറുകൾ ഉപയോഗിച്ചുവരുന്നു. അധികവും സ്വകാര്യവ്യക്തികളുടേതാണ്. പൊതു കിണറുകൾ കുടിവെള്ളത്തിനുവേണ്ടിമാത്രമാണ് ഉപയോഗിച്ചു വരുന്നത്. അപൂർവ്വം ചില കുഴൽ കിണറുകൾ ഉണ്ടെങ്കിലും കൃഷിക്കു ഉപയോഗിക്കുന്നില്ല.

**തോടുകൾ:-**

പഞ്ചായത്തിൽ നിരവധി തോടുകളുണ്ട്. ഇവയിലെ വെള്ളം ചിറകെട്ടി തടഞ്ഞു നിർത്തിയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. കടലുണ്ടി പുഴയിലെ വെള്ളം പമ്പ് ചെയ്ത് തോട്ടങ്ങൾ നനയ്ക്കാൻ ഉപയോഗിക്കുന്നു. വൈദ്യുതിയുടെ ദൗർലഭ്യം വലിയ തടസ്സമാണ്.

## പഞ്ചായത്തിലെ ജലസേചന സംവിധാനങ്ങൾ

| | | |
|---|---|---|
| പൊതു ജലസേചന കിണർ | — | 35 |
| VCB | — | 11 |
| കുഴൽ കിണർ | — | 18 |
| കുളം | — | 44 |
| അയക്കെട്ട് | — | 219 ഹെക്ടർ |

**പ്രധാന തോടുകൾ:-**

| | | |
|---|---|---|
| 1 | പുന്നാംതോട് | — $1\frac{1}{2}$km |
| 2 | ഓളിക്കൽതോട് | — $1\frac{1}{2}$km |
| 3 | കാക്രത്തോട് | — 4km |
| 4 | പന്തലൂർതോട് | — 1km |
| 5 | ഇരുമ്പുഴീകണ്ടിൽതോട് | — $\frac{1}{2}$km |
| 6 | വാക്കമൂളിതോട് | — 1km |
| 7 | ചാലപ്പുറം തോട് | — $\frac{3}{4}$km |
| 8 | എടക്കണ്ടം തോട് | — $\frac{1}{2}$km |
| 9 | ഒസ്സാൻ തോട് | — $\frac{3}{4}$km |
| 10 | ചക്കിങ്ങൽപടിതോട് | — $\frac{1}{2}$km |
| 1 | പനങ്കരതോട് | — $\frac{1}{4}$km |
| 12 | പുത്തൻതോട്-വടക്കുംമുറി | — $\frac{1}{4}$km |
| 13 | അവുത്തിതോട് | — $\frac{1}{4}$km |
| 14 | കണ്ടിൽതോട് | — $2\frac{1}{2}$km |
| 15 | പാണായിതോട് | — $1\frac{1}{2}$km |
| 16 | കണ്ടൻതോട് | — $2\frac{1}{2}$km |
| 17 | പുളിയിലങ്ങാടിതോട് | — $\frac{1}{2}$km |
| 18 | പാമ്പോട്ടുചോലതോട് | — $\frac{1}{2}$km |

ഇവയാണ് പ്രധാന തോടുകൾ

**കടലുണ്ടിപുഴ:-**

കരുവാരക്കുണ്ടിൽ നിന്നും ഉത്ഭവിച്ച് കിഴക്കപടിഞ്ഞാറായി ഒഴുകുന്ന കടലുണ്ടിപുഴ കടലുണ്ടിയിൽ കടലിൽ ചേരുന്നു. 13 കി മീ ആണ് ഇതിന്റെ നീളം ധാരാളം ശുദ്ധജലം ലഭിക്കുന്ന ഈ പുഴ മലിനീകരണത്തിൽനിന്നും ഏറെക്കുറെ മുക്തമാണ്. ഇതിലെ ജലം അല്പംമാത്രമെ കൃഷിക്ക ഉപയുക്തമാകുന്നുള്ളൂ മഞ്ചേരി മുൻസിപ്പാലിററിയിലേക്ക് ശുദ്ധജലവിതരണത്തിനു ഈ പുഴയിലെ ജലം പമ്പു ചെയ്യുന്നു. ധാരാളം മണൽ ഈ നദിയിൽനിന്നും വാരിയെടുക്കുന്നു. ഇതു മൂലം കുറെ പേർക്ക് ജോലിയും ലഭിക്കുന്നുണ്ട്.

ഈ പുഴയിൽ ഇടക്കിടെ തടയണകൾ നിർമ്മിച്ചാൽ വെള്ളം തടഞ്ഞുനിർത്താനും ജലക്ഷാമവും വരാംച്ചയും ഒരു പരിധിവരെ കുറക്കാനും കഴിയുന്നതാണ്. സർക്കാറിന്റെ ശ്രദ്ധ ഈ വിഷയത്തിൽ അടിയന്തിരമായി പതിയേണ്ടതാണ്.

പുഴയുടെ പാർശ്വഭാഗങ്ങൾ മഴക്കാലത്ത് ഇടിഞ്ഞു പോകുന്നത് മണ്ണൊലിപ്പിനും ധനനഷ്ടത്തിനും കാരണമാകുന്നു. അത്തരം സ്ഥലങ്ങൾ കണ്ടെത്തി കരിങ്കൽ കെട്ടുകൾ പണിയേണ്ടതാണ്. പുഴയോരങ്ങളിൽ കണ്ടൽ ചെടികളും വച്ചുപിടിപ്പിക്കുന്ന പദ്ധതികളും നടപ്പിലാക്കാവുന്നതാണ്.

**നിർദ്ദേശങ്ങൾ:-**

1 തോടുകൾക്ക ആവശ്യമായ സ്ഥലങ്ങളിൽ VCB കളും ചെക്ഡാമുകളും നിർമ്മിച്ച് കൃഷിക്ക ഉപയുക്തമാക്കുക.
2 തോടുകളുടെയും പുഴയുടെയും കരകൾ ഇടിച്ചിൽ തടയാൻ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുക.
3 കടലുണ്ടി പുഴയിൽ തടയണകൾ നിർമ്മിക്കുക.
4 പ്രധാന കൃഷിയായ തെങ്ങുകൃഷിക്ക പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുക. ഇവ യഥാസമയം ലഭ്യമാക്കുക.
5 കേരോൽപന്നങ്ങൾക്ക മതിയായ വില ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
6 കാർഷിക ഉപകരണങ്ങളും വളവും കുറഞ്ഞ നിരക്കിൽ കർഷകർക്ക ലഭ്യമാക്കുക.
7 റബർ കൃഷിക്കുനൽകുന്ന ആനുകൂല്യങ്ങൾ തെങ്ങ്, കമുങ്ങ്, കശുമാവ് കൃഷിക്കാർക്കും നൽകുക.
8 ആവശ്യമായ സ്ഥലങ്ങളിൽ ലിഫ്ററ് ഇറിഗേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
8 കൃഷിക്കാർക്ക വൈദ്യുതി ലഭിക്കാൻ ഇന്നുള്ള പ്രയാസങ്ങൾ ഒഴിവാക്കുക.
10 വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
11 നല്ലയിനം നടിൽവസ്തുക്കൾ യഥാസമയം കർഷകർക്ക നൽകുക.
12 കൃഷിഭവൻ മുഖേന നൽകുന്ന സഹായങ്ങൾ യഥാസമയം ലഭ്യമാക്കുക.
13 വിളകൾക്ക ന്യായമായ വില ലഭ്യമാക്കാൻ പഞ്ചായത്തുതലത്തിൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക.
14 കർഷകർക്കിടയിൽ കൂട്ടായ്മ ഉണ്ടാക്കാൻ ആവശ്യമായ ബോധവൽകരണം നടത്തുക.
15 ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കാൻ കൃഷിക്കാർക്ക ബോധവൽക്കരണവും പ്രോൽസാഹനവും നൽകുക
16 കാർഷിക ഉൽപന്നങ്ങൾ സംസ്കരിക്കാൻ പഞ്ചായത്ത് തലത്തിൽതന്നെ സംവിധാനങ്ങൾ കണ്ടെത്തുക.
17 വെള്ളം സുലഭമായ കുളങ്ങളും ചോലകളും നന്നാക്കി കൃഷിക്ക് ഉപയോഗിക്കുക.
18 കൃഷിനാശം സംഭവിക്കുന്നവർക്ക യഥാസമയം നഷ്ടപരിഹാരം നൽകുക.
19 മണ്ണിടിച്ചിൽ തടയാൻ തോടുകൾക്കും പുഴകൾക്കും സംരക്ഷണഭിത്തികൾ കെട്ടുക.
20 കൃഷിക്കായി കുളം, കിണർ, പമ്പുസെററ് എന്നിവ സ്ഥാപിക്കുന്നതിന് കൂടുതൽപേർക്ക് സഹായം നൽകുക.
21 തരിശുഭൂമികൾ കൃഷി ചെയ്യുന്നതിന് കൂടുതൽപേർക്ക് സഹായം നൽകുക.
22 നെൽകൃഷിക്ക് സബ്സീഡി വർദ്ധിപ്പിക്കുക.
23 കൃഷിഭവൻ ഒരു ഉപഘടകം പന്തലൂരിൽ സ്ഥാപിക്കുക.

★

# 5.(2) മൃഗസംരക്ഷണവും മത്സ്യബന്ധനവും

**a മൃഗസംരക്ഷണം**

ഈ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശു, ആട്, എരുമ എന്നിവയാണ്. സങ്കര യിനത്തിൽപ്പെട്ട പന്നി, മുയൽ എന്നിവയും ചുരുക്കമായി വളർത്തിവരുന്നു. പക്ഷികളിൽ ഏററവും പ്രധാനം കോഴിയാണ്. അതു തന്നെ വൻതോതിലുള്ള ഫാമുകൾ അല്ല. ചുരുക്കം ചില ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങളുണ്ട്. മുട്ടക്കോഴികളെ പഴയ രീതികളിൽ വീടുകളിൽ വളർത്തിവരുന്നു. അല്പം ചില വീടുകളിൽ ഒന്നും, രണ്ടും താറാവുകളേയും വളർത്തുന്നു

കന്നുകാലികളിൽ ഏറിയ പങ്കും സങ്കര ഇനങ്ങളാണ്. നാടൻ ഇനങ്ങളെ പോററുന്നത് ഒട്ടും ആദായകരവും പ്രായോഗികവും അല്ല. അതിനാൽ ഹോംസ്റ്റയിൻ, ജഴ്സി, സ്വിസ് ബ്രൗൺ തുടങ്ങിയ വയുടെ ബീജസങ്കലനം നടത്തി വർഗ്ഗോദ്ധാരണം നടത്തുന്നു.

പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ കണക്ക് ഇപ്രകാരമാണ്.

| | | |
|---|---|---|
| പശുക്കൾ | — | 1720 |
| എരുമകൾ | — | 328 |
| കാളകൾ | — | 159 |
| ആടുകൾ | — | 3364 |

70 ശതമാനം വീടുകളിലും നാടൻ കോഴികളെ ചുരുങ്ങിയ രീതിയിൽ വളർത്തുന്നു. ഇവ അടുക്ക ളയും പരിസരത്തേയും ആശ്രയിച്ച് വളരുന്നു.

**കാലിരോഗങ്ങൾ**

കാലികൾക്ക പിടിപെടുന്ന ഒരു പ്രധാന രോഗമാണ് 'അകിടുവീക്കം.' തക്കസമയത്ത് രോഗ നിർണ്ണയം നടത്തി ചികിത്സിക്കാത്തതുമൂലം കനത്ത നഷ്ടം സംഭവിക്കാറുണ്ട്. മററൊരു പ്രധാന രോഗ മാണ് കുളമ്പ് രോഗ . ഈ രോഗം പെട്ടെന്ന് പടന്ന് പിടിച്ച് കാലികളുടെ പാൽ ഉല്പാദനം കുറക്കുന്നു. ഇവക്ക പ്രതിരോധ കുത്തിവെയ്പ് ലഭ്യമാണ്. കൂടാതെ പലതരം സാംക്രമിക രോഗങ്ങളും കന്നു കാലികളെ പിടികൂടാറുണ്ട് അവക്കെല്ലാം പ്രതിരോധ കുത്തിവെയ്പുകൾ ഉണ്ടെങ്കിലും കർഷകരിൽ പലരും ഇവയെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരല്ല. കോഴിവസന്തയാണ് മററൊരു പ്രധാനരോഗം. ഇതു പെട്ടെന്ന് പകരുന്ന ഒരു വ്യാധിയായതിനാൽ കോഴികൾ കൂട്ടത്തോടെ ചത്തൊടുങ്ങാൻ കാരണ മാകുന്നു. ഇതിനു പ്രതിരോധകുത്തിവെയ്പാണ് പരിഹാരം. ഇതിനുള്ള സൗജന്യ കുത്തിവെയ്പ് എല്ലാ മൃഗാസ്പത്രികളിലും ലഭ്യമാണെങ്കിലും ജനങ്ങൾ വേണ്ടത്ര ബോധവാന്മാരായിട്ടില്ല. അതിനാൽ കൂടുതൽ ബോധവൽകരണം ആവശ്യമാണ്.

ഈ പഞ്ചായത്തിലെ ഏക മൃഗാസ്പത്രി പന്തലൂർ വില്ലേജിലെ കടമ്പോടിലാണ്. ഇതിൻെറ പ്രയോജനം ആനക്കയം വില്ലേജിലേക്ക് ഉപയോഗപ്പെടുന്നില്ല. ഇതു മൂലം ഈ ഭാഗത്തുള്ളവർക്ക പ്രയാ സങ്ങൾ നേരിടുന്നു. അതിനാൽ ആനക്കയം വില്ലേജിൽ ഇരുമ്പുഴി, ആനക്കയം, എന്നിവിടങ്ങളിൽ ഓരോ മൃഗാസ്പത്രികളൊ, അല്ലെങ്കിൽ കന്നുകാലി വികസന ഉപകേന്ദ്രങ്ങളൊ തുറന്നു പ്രവർത്തനം

ആരംഭിക്കേണ്ടതാണ്. എന്നാൽ മാത്രമെ മൃഗസംരക്ഷണ വകുപ്പുകൊണ്ട് സർക്കാർ ഉദ്ദേശിക്കുന്ന നേട്ടം കർഷകരിൽ എത്തിചേരുകയുള്ളൂ.

പാലുൽപാദകരുടെ ഒരു സഹകരണസംഘം പന്തലൂർ കേന്ദ്രമായി പ്രവൃത്തിക്കുന്ന 'പന്തലൂർ ക്ഷീരോല്പാദക സഹകരണ സംഘം' എന്ന പേരിൽ 198? ൽ പ്രവർത്തനം ആരംഭിച്ചു. ഇതു ജില്ലയിൽ നന്നായി പ്രവൃത്തിക്കുന്ന സംഘങ്ങളിൽ ഒന്നാണ്. ഉൽപാദകനു ഗുണമേന്മയുടെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട വില കൃത്യസമയങ്ങളിൽ ലഭിക്കമ്പോരം, ഉപഭോക്താവിന് ശുദ്ധിയും കൃത്രിമരഹിതവുമായ പാൽ നിശ്ചിത വിലക്കു ലഭിക്കുന്നു. ഉല്പാദകനു ആവശ്യമായ കാലിത്തീററ കുറഞ്ഞ നിരക്കിൽ സംഘം വിതരണം ചെയ്യുന്നു. കൂടാതെ അത്യാവശ്യ ഘട്ടങ്ങളിൽ ഉല്പാദകന് കറവമാടുകളെ വാങ്ങിക്കാൻ സംഘം ലോണും നൽകുന്നുണ്ട്. സംഘത്തിന്റെ പാൽ മഞ്ചേരി, പാണ്ടിക്കാട് എന്നീ പട്ടണങ്ങളിലാണ് പ്രധാനമായും വിററഴിക്കുന്നത് ഇപ്പോൾ സംഘത്തിലെ അംഗങ്ങളുടെ ദിനംപ്രതി പാലുൽപാദനം 180 ലിററാണ്. നെൽകൃഷി മററു നാണ്യ വിളകൾക്കു വഴിമാറിക്കൊടുത്തതിനാൽ കാലിത്തീററക്കാവശ്യമായ വൈക്കോൽ ലഭ്യമാകാത്തതും കർഷകരെ വിഷമിപ്പിക്കുന്നു.

കാലിത്തീററകളിൽ മായത്തിനു പുറമെ, വിലകൂടുതലും തീററ പുൽ ലഭ്യമല്ലാത്ത അവസ്ഥയും, മേച്ചിൽസ്ഥലങ്ങളുടെ അപര്യാപ്തതയും, ചികിത്സാചെലവുകൾ, ചികിത്സാ കേന്ദ്രങ്ങളുടെ കുറവ്, ഉരുക്കളുടെ ക്രമാതീതമായി വില, ലോൺലഭിക്കാനുള്ള പ്രയാസങ്ങൾ, പാലിന്റെ വിപണി എന്നിവയെല്ലാം പാലുൽപാദനത്തിന്റെ മുരടിപ്പിനു കാരണമാകുന്നു.

ഇറച്ചികോഴികളെ വളർത്തുന്ന ചില യൂണിററുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടെങ്കിലും അവയൊന്നും വേണ്ടത്ര ലാഭകരമായി നടത്താൻ കഴിയുന്നില്ല. കോഴിക്കുഞ്ഞുങ്ങളുടെ വർദ്ധിച്ച വില, വർദ്ധിച്ച തീററച്ചെലവ് എന്നിവ ഈ രംഗത്തേക്കു കൂടുതൽ ആളുകളെ ആകർഷിക്കുന്നില്ല. വിപണനം ഇപ്പോൾ ഒരു പ്രശ്നമല്ല. അന്യസ്ഥലങ്ങളിൽ നിന്നും ധാരാളം ഇറച്ചികോഴികൾ ഇവിടേക്കു ഇറക്കുമതി ചെയ്യപ്പെടുന്നു.

**പ്രധാന പ്രശ്നങ്ങൾ:-**

1 മൃഗസംരക്ഷണ കേന്ദ്രങ്ങളുടെ അപര്യാപ്തത
2 കാലികളുടെയും തീററികളുടെയും വിലവർദ്ധന
3 മിൽക്കു സൊസൈററികളുടെ അപര്യാപ്തത
4 തീററപുൽ, മേച്ചിൽ സ്ഥലങ്ങളുടെ കുറവ്
5 പേ വിഷബാധ
6 കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീററ, മരുന്നുകൾ എന്നിവയുടെ വില വർദ്ധന
7 ചികിത്സയുടെയും ബീജസങ്കലനത്തിന്റെയും അപര്യാപ്തത
8 പ്രതിരോധ ചികിത്സയെക്കുറിച്ചുള്ള അജ്ഞത

**സാധ്യതകൾ:-**

1 ആവശ്യമായത്ര മൃഗാസ്പത്രികളൊ, ഉപകേന്ദ്രങ്ങളൊ സ്ഥാപിക്കുക.
2 ഓരോ പഞ്ചായത്തിലും ഓരോ കാലിത്തീററ ഫാക്ടറി സ്ഥാപിക്കുക.
3 കാലിത്തീററയുടെ വില കുറക്കാൻ സർക്കാർ തലത്തിൽ സംവിധാനം കാണുക.
4 കൂടുതൽ ക്ഷീരോൽപാദക സംഘങ്ങൾ സ്ഥാപിക്കുക.
5 തീററപുൽകൃഷി വർദ്ധിപ്പിക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക

6 പേവിഷബാധക്കെ എതിരായ കുത്തിവെയ്പ്പ് എല്ലാ വളർത്തുമൃഗങ്ങൾക്കും നടത്തുക.
7 സർക്കാർതലത്തിൽ ഹാച്ചറികൾ (വിരിയിൽകേന്ദ്രം) ഓരോ പഞ്ചായത്തിലും തുടങ്ങുക.
8 [illegible]വാർഡിലും തെരഞ്ഞെടുക്കപ്പെട്ട രണ്ടോ മൂന്നോ സ്ത്രീകൾക്ക് കോഴിവസന്തക്കെതിരായ കുത്തിവെപ്പ് പരിശീലനം നൽകുക.
9 പഞ്ചായത്തിൽ ഒരു ആധുനിക അറവുശാലയും അവിടെ ഒരു വെററിനറി സർജനേയും നിയമിക്കുക.

**മത്സ്യമേഖല**

ഈ പഞ്ചായത്തിൽ മത്സ്യബന്ധനവും മത്സ്യകൃഷിയും വലിയതോതിൽ ഇല്ലെന്നുപറയാം. കുറഞ്ഞ തോതിലെങ്കിലും മത്സ്യബന്ധനം നടക്കുന്നത് കടലുണ്ടി പുഴയിൽനിന്നാണ്. ഇത് വേനൽക്കാലത്ത് പറെറവററി വരളുന്നതിനാൽ മത്സ്യസമ്പത്ത് വളരെ കുറഞ്ഞുവരുന്നു. വററാത്ത വലിയ കുളങ്ങൾ പഞ്ചായത്തിൽ തുലോം കുറവാണ്. ഉള്ളവതന്നെ സ്വകാര്യമേഖലയിലുമാണ്. അതിനാൽതന്നെ മത്സ്യകൃഷി പ്രോത്സാഹിക്കപ്പെടുന്നില്ല. കടലുണ്ടി പുഴയിൽ തടയണകൾ നിർമ്മിക്കപ്പെടുകയാണെങ്കിൽ അതു മത്സ്യം വളർത്തലിന് ഉപയോഗപ്പെടുത്താവുന്നതാണ്. നഞ്ചുകലക്കൽ, തോട്ടപൊട്ടിക്കൽ എന്നിവ കർശനമായി നിയന്ത്രിക്കേണ്ടതുണ്ട്.

# ആനക്കയം ഗ്രാമപഞ്ചായത്ത് കടര് സമഗ്ര വികസന രേഖ

## 5 (3) വ്യവസായം

വ്യവസായമേഖലയിൽ ആനക്കയം പഞ്ചായത്ത് ഏററവും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ്. പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, ബീഡിതിരപ്പ് എന്നീ വ്യവസായങ്ങൾ ഈ പഞ്ചായത്തിൽ തീരെ ഇല്ല. ജനങ്ങൾ പാരമ്പര്യമായി കൃഷിക്കാരോ, കർഷകതൊഴിലാളികളോ ആയാണ് ജീവിക്കുന്നത്. ഈ പശ്ചാത്തലത്തിൽ വ്യവസായ സംസ്കാരമോ, വ്യവസായ താൽപര്യമോ അറിവോ പൊതുവെ കുറവാണ്.

എന്നാൽ കാർഷികരംഗത്തുനിന്നും വ്യവസായരംഗത്തേക്ക് പ്രവേശിക്കാനുള്ള ഒരു പ്രവണത അടുത്ത കാലത്തായി കണ്ടുവരുന്നു. എളിയ തുടക്കമെന്ന നിലയിൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായിപലവിധ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ സ്വകാര്യമേഖലയിൽ ഉയർന്നു വന്നിട്ടുണ്ട്. അവയുടെപട്ടിക താഴെ കൊടുക്കുന്നു.

| ക്രമനമ്പ്ര് | യൂനിററിന്റെപേരു് | എണ്ണം |
|---|---|---|
| 1 | സ്മാരംക്രഷർയൂനിററുകരം | 4 |
| 2 | യന്ത്രവൽകൃതചെങ്കൽവെട്ടുക്വാറികരം | 5 |
| 3 | റോളർഫ്ളോർ മില്ലുകരം | 1 |
| 4 | ഇർച്ചമില്ലുകരം | 4 |
| 5 | റൈസ്, ഫ്ളോർ & ഓയിൽമില്ലുകരം | 19 |
| 6 | വേലിക്കമ്പിനിർമ്മാണം | 1 |
| 7 | ഹോളോബ്രിക്സ് (കോൺക്രീററ്) | 1 |
| 8 | ടെഡ്ഡ് റബർയൂനിററ് | 1 |
| 9 | അവിൽമിൽ | 1 |
| 10 | ഐസ്ക്രീം യൂനിററ് | 1 |
| 11 | ഫർണീച്ചർഷെഡ്ഡുകരം (മരപ്പണിയൂണിററുകരം) | 18 |
| 12 | പ്രിൻറിംഗ്പ്രസ്സ് | 1 |

മേൽപറഞ്ഞവയിലെല്ലാം കൂടി 220 പേർ ജോലിചെയ്യുന്നു. അതിൽ 30 സ്ത്രീതൊഴിലാളികളാണ്.

സ്ത്രീ തൊഴിലാളികളുടെ നേതൃത്വത്തിൽ രണ്ടു വ്യവസായ യൂണിററുകരം സ്ഥാപിച്ചിരുന്നുവെങ്കിലും ഇപ്പോരം അവ പ്രവർത്തനരഹിതമാണ്. പൊതുമേഖലയിലൊ സ്വകാര്യമേഖലയിലൊ ഉള്ള വൻകിട വ്യവസായ സ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിൽ ഇല്ല. മൺപാത്രനിർമ്മാണവും, മുള (ഈററ) ഉപയോഗിച്ചുള്ള കൊട്ടനിർമ്മാണവും മാത്രമാണ് പരമ്പരാഗത കുടിൽവ്യവസായങ്ങളായിട്ടുള്ളത്. മൺപാത്രനിർമ്മാണത്തിൽ പത്തു കുടുംബങ്ങളും കൊട്ടനിർമ്മാണത്തിൽ 15 കുടുംബങ്ങളും ഏർപ്പെട്ടിരിക്കുന്നു. മൺപാത്രങ്ങളുടെ ആവശ്യക്കുറവും വിലക്കുറവും കളിമണ്ണിന്റെ ദൗർലഭ്യതയും മൂലം ഈ വ്യവസായം തകർച്ചയെ നേരിടുന്നു. മുളയുടെ ദൗർലഭ്യതയും വിലക്കൂടുതലും കുട്ടനെയ്ത്തുകാരെ ദുരിതത്തിലാഴ്ത്തുന്നു.

### പ്രശ്നങ്ങൾ

വ്യവസായം തുടങ്ങുന്നതിനാവശ്യമായ വൈദ്യുതി, ഗതാഗതം എന്നീ അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്തിൽ വേണ്ടത്ര വികസിച്ചിട്ടില്ല. യോജിച്ച സ്ഥലങ്ങൾ ധാരാളം ലഭ്യമാണ്. ധാരാളം തൊഴിലാളികളും, ഗൾഫുബന്ധംമൂലം സാമ്പത്തികഭദ്രത നേടിയ ധാരാളം യുവാക്കളും ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും വ്യവസായ രംഗത്തേക്ക് അവർ ആകർഷിക്കപ്പെടുന്നില്ല. സാങ്കേതിക പരിജ്ഞാനക്കുറവ്, തൊഴിൽപ്രശ്നം ഉണ്ടാകുമെന്നുള്ള ഭയം, ഉൽപന്നങ്ങൾ വിററഴിക്കുന്നതിലുള്ള ആശങ്ക എന്നിവ വ്യവസായങ്ങൾ തുടങ്ങുന്നതിന് തടസ്സമാകുന്നു. ഈ പഞ്ചായത്തിലെ കാർഷികോൽപന്നങ്ങളായ നാളികേരം, റബർ മുതലായവ വന്നിട്ടില്ല. മൊത്തത്തിൽ വ്യവസായികബോധം തന്നെ പഞ്ചായത്തിൽ ഇല്ല. അതുമാററി എടുക്കേണ്ടതുണ്ട്.

### സാധ്യതകൾ

അഭ്യസ്ഥവിദ്യരടക്കം ധാരാളം തൊഴിലാളികൾ പഞ്ചായത്തിൽ ലഭ്യമാണ്. പ്രേരണയും പരിശീലനവും നൽകിയാൽ വ്യവസായം തുടങ്ങാൻ താൽപര്യമുള്ളവരുമുണ്ട്. ധാരാളം പാറ ലഭിക്കാനുള്ള സാധ്യതയും പഞ്ചായത്തിൽ ഉണ്ട്.

### പഞ്ചായത്തിൽ തുടങ്ങാൻ സാധ്യതയുള്ള വ്യവസായ യൂണിററുകൾ

1 കോഴിവളർത്തൽ.
2 ഫർണിച്ചർ നിർമ്മാണം (മരം, സ്റ്റീൽ)
3 ഓയിൽ മിൽ.
4 സിമൻറുകൊണ്ടുള്ള ഗൃഹനിർമ്മാണ വസ്തുക്കൾ.
5 ചകിരിതുപ്പ നിർമ്മാണം.
6 ട്രഡ്ഡ് റബർ നിർമ്മാണം.
7 യന്ത്രവൽകൃത ചെങ്കൽ വെട്ടു ക്വാറി.
8 ഗ്രാനൈററ് ക്രഷർ.
9 സിമൻറ് ബ്രിക്സ്.
10 ഇഷ്ടിക നിർമ്മാണം.
11 ഹവായ് ചെരുപ്പ നിർമ്മാണം.
12 ഇലക്ട്രിക്കൽ വർക്ക്ഷോപ്പ്.
13 ജനറൽ എഞ്ചിനീയറിംഗ് യൂണിററ്.
14 റെഡിമെയ്ഡ് വസ്ത്രനിർമ്മാണം.
15 സോപ്പ് നിർമ്മാണം.
16 കറി പൗഡർ നിർമ്മാണം.
17 ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്
18 റബർ ലാററക്സ്.
19 പ്ലാസ്റ്റിക്ക ഉൽപന്നങ്ങൾ (ഫർണിച്ചർ)
20 പഴയപ്ലാസ്റ്റിക്ക ഉപയോഗിച്ചുള്ള ഉൽപന്നങ്ങൾ.
21 പ്ലാസ്റ്റിക്കകവർ നിർമ്മാണം.
22 വിവിധതരം റബർ ഉൽപന്നങ്ങൾ.

126



നിർദ്ദേശങ്ങൾ:-

1 പഞ്ചായത്തിൽ വിപുലമായ തോതിൽ ഒരു വ്യവസായ സെമിനാർ നടത്തി ജനങ്ങളിൽ വ്യവസായ താൽപര്യം വളർത്തേണ്ടതാണ്.
2 ഈ സെമിനാറിൽ വച്ച് വ്യവസായ തൽപരരെ കണ്ടെത്താം.
3 വ്യവസായ തൽപരർക്ക ആവശ്യമായ പരിശീലനം നൽകേണ്ടതാണ്.
4 വ്യവസായസ്ഥാപനങ്ങൾ സന്ദർശിക്കാനുള്ള അവസരം ഉണ്ടാക്കണം.
5 വൈദ്യുതി, വായ്പ എന്നിവ കാലതാമസം കൂടാതെ ആവശ്യക്കാർക്ക ലഭിക്കണം.
6 വ്യവസായം തുടങ്ങാൻ ആവശ്യമായ സ്ഥലങ്ങൾ വിവിധ ഭാഗങ്ങളിൽ കണ്ടെത്തേണ്ടതാണ്.
7 പഞ്ചായത്തിൽ ഒരു മിനി വ്യവസായ എസ്റ്റേററും ഒരു ഡവലപ്മെൻറ് പ്ലോട്ടും തുടങ്ങേണ്ടതാണ്.
8 കമേർസ്യൽ ബാങ്കകളുടെ ശാഖ ഓരോ പഞ്ചായത്തിലും ആരംഭിക്കേണ്ടതാണ്.
9 സ്ത്രീകൾക്ക വ്യവസായം തുടങ്ങാൻ പ്രത്യേകം പരിഗണനയും സാമ്പത്തിക സഹായവും നൽകേണ്ടതാണ്.
10 പട്ടികജാതിക്കാർക്കും പ്രത്യേകം പരിഗണനയും സഹായവും നൽകേണ്ടതാണ്.

മേൽനിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുകയാണെങ്കിൽ പഞ്ചായത്തിൻെറ വ്യവസായ വൽക്കരണത്തിൻെറ ഗതി ത്വരിതപ്പെടുന്നതാണ്.

★

# ആനക്കയം ഗ്രാമ പഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5(4) വിദ്യാഭ്യാസം

വിദ്യാഭ്യാസപരമായി പിന്നോക്കംനിൽക്കുന്ന ഈ പഞ്ചായത്തിൽ 79-80 കാലഘട്ടത്തിലാണ് ഹൈസ്കൂളുകൾ ആരംഭിച്ചത്. അതുവരെ പ്രൈമറിവിദ്യാഭ്യാസ സൗകര്യം മാത്രമെ ലഭ്യമായിരുന്നുള്ളു, ഹൈസ്കൂൾ വിദ്യാഭ്യാസത്തിനും മഞ്ചേരി, മലപ്പുറം, പാണ്ടിക്കാട് എന്നീ പ്രദേശങ്ങളെയാണ് ആശ്രയിച്ചിരുന്നത്. ഇക്കാരണത്താൽ ഈ പ്രദേശങ്ങളിൽ ഉന്നതവിദ്യാഭ്യാസം നേടിയവർ വളരെ കുറവാണ്. സാക്ഷരതയിൽ ഈ പഞ്ചായത്ത് ഏറെക്കുറെ മുന്നിലാണ്. സ്വകാര്യ വിദ്യാലയങ്ങളിൽ അധികവും മദ്രസകൾ രൂപാന്തരപ്പെട്ടു ഉണ്ടായവയാണ്. എൽ. പി. സ്കൂളുകൾ അധികവും മാപ്പിളബോഡ് സ്കൂളുകൾ എന്നും ഹിന്ദുബോർഡ് സ്കൂളുകൾ എന്നുമാണ് അറിയപ്പെട്ടിരുന്നത്.

### പട്ടിക E 1

| നമ്പ്ര് | സ്കൂൾ | മാനേജ്മെൻറ് | വിദ്യാർത്ഥികൾ ആൺ | പെൺ | ആകെ | അദ്ധ്യാപകർ സർക്കാർ | മാനേജ്മെൻറ് | ആകെ |
|---|---|---|---|---|---|---|---|---|
| 1 | AMLPS പാപ്പിനിപ്പാറ | എയിഡഡ് | 113 | 143 | 256 | — | 9 | 9 |
| 2 | ഗോവിന്ദമെമ്മോറിയൽ ALPS വടക്കുംമുറി | ,, | 59 | 55 | 114 | — | 5 | 5 |
| 3 | GMLPS വടക്കുംമുറി | ഗവൺമെൻറ് | 170 | 163 | 333 | 9 | — | 9 |
| 4 | AMLPS വെങ്ങാലൂർ | എയിഡഡ് | 106 | 80 | 186 | — | 6 | 6 |
| 5 | AMLPS പൊട്ടിക്കുഴി | ,, | 79 | 77 | 156 | — | 5 | 5 |
| 6 | AMLPS പെരിമ്പലം | ,, | 88 | 110 | 198 | — | 5 | 5 |
| 7 | AMLPS മട്ടിപ്പാലം | ,, | 60 | 49 | 109 | — | 5 | 5 |
| 8 | GMLPS ആനക്കയം | ഗവ | 68 | 60 | 128 | 6 | — | 6 |
| 9 | AMLPS ചേപ്പൂർ | എയിഡഡ് | 79 | 76 | 155 | — | 5 | 5 |
| 10 | AMLPS ചിററത്തുപാറ | ,, | 111 | 83 | 194 | — | 5 | 5 |
| 11 | GLPS പന്തലൂർ | ഗവ | 133 | 112 | 245 | 7 | — | 7 |
| 12 | GMLPS കടമ്പോട് | ,, | 133 | 134 | 267 | 11 | — | 11 |
| 13 | MMLPS വടക്കുപറമ്പ | എയിഡഡ് | 126 | 122 | 248 | — | 11 | 11 |
| 14 | GLPS കിഴക്കുപറമ്പ | ഗവ | 101 | 80 | 181 | 6 | — | 6 |
| 15 | St. ജോസഫ് ALPS പന്തലൂർ ഹിൽസ് | എയിഡഡ് | 47 | 45 | 92 | — | 5 | 5 |
| 16 | ALPS കിടങ്ങയം | ,, | 163 | 135 | 298 | — | 10 | 10 |
| 17 | HSA ups പാപ്പിനിപ്പാറ | എയിഡഡ് | 119 | 119 | 238 | — | 11 | 11 |
| 18 | GM UPS ഇരുമ്പുഴി | ഗവ | 566 | 539 | 1135 | 37 | — | 37 |
| 19 | ക്രസൻറ് AUPS പെരിമ്പലം | എയിഡഡ് | 116 | 140 | 256 | — | 9 | 9 |

28



| നമ്പ്ര് | സ്ക്കൂറം | മാനേജ്മെൻറ് | വിദ്യാർത്ഥികറം ആൺ | പെൺ | ആകെ | അദ്ധ്യാപകർ സർക്കാർ | മാനെജ്മെൻറ് | ആകെ |
|---|---|---|---|---|---|---|---|---|
| 20 | GUPS ആനക്കയം | ഗവ | 306 | 265 | 571 | 19 | — | 19 |
| 21 | പഞ്ചായത്ത് AUPS പന്തലൂർ | എയിഡഡ് | 459 | 419 | 878 | — | 22 | 22 |
| 22 | ഗവ. ഹൈസ്കൂറം, ഇരുമ്പുഴി | ഗവ | 476 | 410 | 886 | 33 | — | 33 |
| 23 | പന്തലൂർ ഹൈസ്കൂറം പന്തലൂർ | എയിഡഡ് | 483 | 590 | 1073 | — | 51 | 51 |
| | | ആകെ | 4161 | 4036 | 8197 | 150 | 142 | 292 |

കേരളപ്പിറവിക്കുശേഷംമാത്രമാണ് ഈ പഞ്ചായത്തിൽ വിദ്യാഭ്യാസരംഗത്ത് കുറെയൊക്കെ മുന്നേററം ഉണ്ടായത്. ഈ പഞ്ചായത്തിൽ ഇരുമ്പുഴി, പന്തലൂർ എന്നീ രണ്ടു ഹൈസ്കൂളുകളും 5 യു. പി സ്കൂളുകളും 16 എൽ. പി. സ്കൂളുകളും നിലവിൽ ഉണ്ട്. യു. പി സ്ക്കൂളിൽ ഒന്നായ പന്തലൂർ എ.യു.പി സ്ക്കൂറം, പഞ്ചായത്ത് നേരിട്ടു നടത്തുന്നതാണ്.

## പട്ടിക E 2

**LP, UP, HS** വിഭാഗത്തിലെ ആൺകുട്ടികറം, പെൺകുട്ടികറം sc, st വിഭാഗം കണക്ക്

| | LP | % | UP | % | HS | % |
|---|---|---|---|---|---|---|
| ആൺകുട്ടികറം | 1958 | 51 | 1244 | 53 | 959 | 49 |
| പെൺകുട്ടികറം | 1849 | 49 | 1187 | 47 | 1000 | 51 |
| sc, st ആൺകുട്ടികറം | 113 | 5.7 | 83 | 6.1 | 50 | 5.2 |
| sc, st പെൺകുട്ടികറം | 99 | 5.3 | 67 | 5.6 | 67 | 6.7 |

വിവിധകാരണങ്ങളാൽ ഒന്നാംക്ലാസിൽ പഠിക്കുന്ന മുഴവൻ കുട്ടികളും സെക്കൻററി വിദ്യാഭ്യാസം പൂർത്തിയാക്കുന്നില്ല. സ്ക്കൂളിൽ ചേരാത്ത കുട്ടികറം ഇന്നു തീരെ ഇല്ലെന്നുതന്നെ പറയാം. മുഴവൻ കുട്ടികളും പത്താംതരം പഠനമെങ്കിലും പൂർത്തിയാക്കാൻവേണ്ട നടപടികറം അത്യാവശ്യമാണ്. കൊഴിഞ്ഞുപോക്കിനു പ്രധാന കാരണം ദാരിദ്ര്യവും ബോധവൽക്കരണത്തിൻെറ അഭാവവുമാണ്.

ഈ പഞ്ചായത്തിലെ L P വിഭാഗത്തിൽ 1958 ആൺകുട്ടികളും 1849 പെൺകുട്ടികളും, U P വിഭാഗത്തിൽ 1244 ആൺകുട്ടികളും 1187 പെൺകുട്ടികളും, ഹൈസ്കൂറം വിഭാഗത്തിൽ 959 ആൺകുട്ടികളും 1000 പെൺകുട്ടികളും അടക്കം 8197 കുട്ടികറം പഠിക്കുന്നു. അതുപോലെ ഗവ. വിഭാഗത്തിൽ 150 ഉം സ്വകാര്യമേഖലയിൽ 142 അടക്കം 292 അദ്ധ്യാപകരും ജോലിചെയ്യുന്നു.

നേരത്തെയുള്ള അദ്ധ്യാപകരിൽ അധികവും തെക്കൻ ജില്ലകളിൽനിന്നും വന്നിട്ടുള്ളവരാണ് എന്നാൽ അടുത്ത കാലത്ത് നിയമനം നേടിയിട്ടുള്ള അദ്ധ്യാപകർ ഭൂരിഭാഗവും ഈ ജില്ലയിൽനിന്നുള്ളവരാണ്. വിദ്യാത്ഥികറം അധികവും പൊതു വിദ്യാലയങ്ങളിൽ ചേർന്നാണ് പഠിക്കുന്നത്. അപൂർവ്വം വിദ്യാത്ഥികറം മാത്രമെ പുറത്തുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠനം നടത്തുന്നുള്ളു.

താരതമ്യേന ഉന്നത നിലവാരം പുലർത്തുന്ന ഹൈസ്കൂളാണ് പന്തലൂർ ഹൈസ്കൂൾ. ഇവിടെ 596 പെൺകുട്ടികളടക്കം 1073 കുട്ടികൾ പഠിക്കുന്നു. 46 അദ്ധ്യാപകർ ഉൾപ്പെടെ 51 ജീവനക്കാരും ഉണ്ട്. 95-96ൽ 40ശതമാനമാണ് SSLC വിജയം. 1979ൽ ഇതു ആരംഭിച്ചത്.

ആനക്കയം ഗ്രാമപഞ്ചായത്തിലെ ഏക ഗവ. ഹൈസ്കൂളാണ് ഇരുമ്പുഴി ഗവ ഹൈസ്കൂൾ. 1972ൽ ഇത് തുടങ്ങിയത് സ്വന്തം കെട്ടിടം ഉണ്ടെങ്കിലും ക്ലാസുമുറികളുടെ അഭാവം പ്രശ്നം സൃഷ്ടിക്കുന്നു. ഇവിടെ പഠന നിലവാരം സംസ്ഥാന അവറേജിനേക്കാൾ വളരെ കുറവാണ്. 411 പെൺകുട്ടികളടക്കം 995 കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. 28ൽ 24 അദ്ധ്യാപകരെ ഇപ്പോൾ ഇവിടെ ഉള്ളൂ. എത്തിപ്പെടാനുള്ള പ്രയാസവും, പ്രാഥമിക സൗകര്യങ്ങളുടെ അഭാവവും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഒരു പോലെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇതും പഠനനിലവാരത്തെ കുറക്കാൻ കാരണമാണ്.

കോളേജുകളോ ഉന്നതവിദ്യാഭ്യാസത്തിനുള്ള മററു സൗകര്യങ്ങളൊ ഈ പഞ്ചായത്തിൽ ഇല്ല. SSLCക്കു ശേഷമുള്ള പഠനത്തിന് മഞ്ചേരി, മലപ്പുറം, പെരിന്തൽമണ്ണ എന്നീ പ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിൽ ആകെ 4 പ്രീപ്രൈമറി വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ രണ്ടെണ്ണം ഇംഗ്ലീഷ്മീഡിയമാണ്. 3-5 വയസ്സിനിടയിലുള്ള കുട്ടികൾ സാമൂഹ്യക്ഷേമവകുപ്പ് നടത്തുന്ന 38 അംഗനവാടികളിലായിട്ടാണ് പഠിക്കുന്നത്. കൂടുതൽ അംഗനവാടികൾ സ്ഥാപിക്കേണ്ടത് ആവശ്യമാണ്. ഇവിടുത്തെ ഹാജർനില പൊതുവെ കുറവാണ്. ഭൗതികസൗകര്യങ്ങളുടെയും വിനോദ ഉപാധികളുടെയും കുറവാണ് കുട്ടികളെ ആകർഷിക്കാതിരിക്കാൻ കാരണം.

മദ്രസകൾ എല്ലാ വാർഡുകളിലും രണ്ടും മൂന്നും തോതിൽ പ്രവൃത്തിക്കുന്നുണ്ട്. അവക്കെല്ലാം സ്വന്തമായി കെട്ടിടങ്ങളും ഉപകരണങ്ങളും ഉണ്ട്. പൊതുവിദ്യാലയങ്ങളെ അപേക്ഷിച്ച് ഇവിടെ കൂടുതൽ സൗകര്യങ്ങൾ ഉണ്ട്.

പഞ്ചായത്തിലെ സ്കൂളുകളിൽ പൊതുവെ പഠനനിലവാരം തൃപ്തികരമല്ല. ഇതിനു പ്രധാന കാരണം രക്ഷിതാക്കളുടെ വിദ്യാഭ്യാസക്കുറവും ബോധവൽക്കരണത്തിന്റെ കുറവുമാണ്. ചെറിയ ഒരു വിഭാഗം കുട്ടികൾ രക്ഷിതാക്കളുടെ നിയന്ത്രണം ഇല്ലായ്മയും ഇതിനൊരു കാരണമാണ്.

പഞ്ചായത്തിൽ 93.86 ശതമാനം ജനങ്ങളും സാക്ഷരരാണ്. 1990ലെ സാക്ഷരതായജ്ഞം ഈ പഞ്ചായത്തിൽ വിജയകരമായി നടത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ തുടർവിദ്യാഭ്യാസപരിപാടി ഉദ്ദേശിച്ച ഫലം ചെയ്തിട്ടില്ല. ഡി. പി. ഇ. പിയിൽ പന്തലൂർ GLP, കിഴക്കപറമ്പ GMLP, ആനക്കയം GUP എന്നിവിടങ്ങളിൽ ഈരണ്ട് ക്ലാസ്മുറികളോടുകൂടിയ ഓരോ കെട്ടിടങ്ങളും, ആനക്കയം GUPയിൽ ഒരു കുഴൽകിണറും, ഇരുമ്പുഴി GUPയിൽ ഒരു മൂത്രപ്പുരയും നിർമ്മാണം നടന്നുവരുന്നു. DPEP പ്രവർത്തനം വിദ്യഭ്യാസരംഗത്ത് പൊതുവെ ഒരു ഉണർവുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്.

ഈ പഞ്ചായത്ത് അതൃത്തിയിലെ ഹൈസ്കൂളുകളിൽ നിന്നും SSLC പരീക്ഷയിൽ ഉന്നത വിജയം നേടുന്ന കുട്ടികൾക്കും, LSS, USS വിജയികൾക്കും പഞ്ചായത്ത് പ്രോത്സാഹന സമ്മാനങ്ങൾ നൽകി വരുന്നു. അതുപോലെ സ്കൂൾ PTA കളും പന്തലൂർ സർവ്വീസ് സഹകരണ ബേങ്ക്, ഹൗസിംഗ് സൊസൈററി എന്നിവയും SSLC വിജയികൾക്ക് സമ്മാനങ്ങൾ നൽകി വരുന്നുണ്ട്. ഇതിനും പുറമെ വിവിധ സംഘടനകളും SSLC വിജയികൾക്കു സമ്മാനങ്ങൾ നൽകുന്നുണ്ട്.

ഭൗതിക സൗകര്യങ്ങളുടെ അഭാവം, വർദ്ധിച്ച അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, രക്ഷിതാക്കളുടെ താല്പര്യക്കുറവ് എന്നിവ പഠനനിലവാരം താഴാൻ കാരണമാണ്. കൂടാതെ ലൈബ്രറി, ലബോറട്ടറി,

പഠനോപകരണങ്ങൾ, ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ, ഫർണിച്ചറുകളുടെ അപര്യാപ്തത, ശുദ്ധജലം, മൂത്രപ്പുര, കക്കൂസ് എന്നിവയുടെ ലഭ്യതയും സ്കൂളുകളിൽ പരിമിതമാണ്. ഇതും പഠനനിലവാരത്തെ ബാധിക്കുന്നു.

വിദ്യാർത്ഥി സമരങ്ങൾ ഇരുമ്പുഴി ഗവ. ഹൈസ്കൂളിൽ പഠനത്തെ ബാധിക്കുന്നുണ്ടെങ്കിലും പന്തല്ലൂർ ഹൈസ്കൂളിൽ P T A യുടെയും നാട്ടുകാരുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമരങ്ങൾ ഒന്നും ഇതുവരെ ഉണ്ടായിട്ടില്ല. ഒരു വിഭാഗം കുട്ടികൾ ട്യൂഷൻ സെന്ററുകളേയും ആശ്രയിക്കുന്നുണ്ട്

**പഞ്ചായത്തിൽ പുതുതായി വിദ്യാലയങ്ങൾ ആവശ്യമുളള സ്ഥലങ്ങൾ**

L P സ്കൂളുകൾ:-

1 ഇരുമ്പുഴി വാളാപറമ്പ് ശിശുവിഹാറിൽ ഒരു L P സ്കൂൾ.

2 കരുമാഞ്ചേരി പറമ്പിൽ ഒരു L P സ്കൂൾ.

U. P. സ്കൂളുകൾ

1 ഇരുമ്പുഴിവടക്കും മുറി G L P അപ്ഗ്രെയിഡ് ചെയ്ത് U P ആക്കുക.
2 പന്തല്ലൂർ G M L P സ്കൂൾ അപ്ഗ്രെയിഡ് U P സ്കൂൾ ആക്കുക.
3 കിഴക്കൻ പന്തല്ലൂരിൽ ഒരു U P സ്കൂൾ തുടങ്ങുക.
4 ചേപ്പൂർ A M L P അപ്ഗ്രെയിഡ്ചെയ്ത് U P ആക്കുക.

ഹൈസ്കൂൾ

1 ഇരുമ്പുഴി ഗവ. യു. പി അപ്ഗ്രെയിഡ് ചെയ്ത് ഗേൾസ് ഹൈസ്കൂൾ ആക്കുക.
2 ആനക്കയം G U P അപ്ഗ്രെയിഡ് ചെയ്ത് ഹൈസ്കൂളാക്കുക.
3 പാപ്പിനിപ്പാറയിൽ ഒരു ഹൈസ്കൂൾ ആരംഭിക്കുക.
4 പന്തല്ലൂർ ഹൈസ്കൂളിൽ + 2 ആരംഭിക്കുക.

നിലവിലുള്ള ഹൈസ്കൂളുകൾ പഞ്ചായത്തിന്റെ രണ്ടറ്റത്തുമായതിനാൽ സമീപസ്ഥ മുൻസിപ്പാലിററികളിലെ ഹൈസ്കൂളുകളിലേക്ക ധാരാളം വിദ്യാർത്ഥികൾ പഠിക്കാൻ പോകുന്നു.

**പഠന നിലവാരം മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ**

1 P. T. A. മദർ P. T. A. ശക്തമാക്കണം.
2 നിലവാരം കുറഞ്ഞ കുട്ടികൾക്ക P T A സഹകരണത്തോടെ വെക്കേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കണം.
3 പാഠ്യേതര പ്രവർത്തനങ്ങൾക്ക പ്രത്യേകം ഊന്നൽ നൽകണം.
4 ഇന്നത്തെ പ്രൊമോഷൻ സമ്പ്രദായത്തിൽ സമൂലമായ മാററം വരുത്തണം.
5 ഇന്നത്തെ സ്കൂൾ പരിശോധനയിൽ റിക്കാർഡുകൾ മാത്രം നോക്കുന്നതിനുപകരം ക്ലാസ്സ്പഠനം വിലയിരുത്താനുള്ള സംവിധാനവും ഏർപ്പെടുത്തണം.
6 ടെക്സ്റ്റ്ബുക്കുകൾ സ്കൂളുകൾ തുറക്കുന്നതോടുകൂടി തന്നെ ലഭിക്കുവാൻ ശക്തമായ സംവിധാനം വേണം
7 തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകണം. ○

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5 (5) കുടിവെള്ളം

**പൊതുജനാരോഗ്യം**

വെള്ളം, വായു, പാർപ്പിടം, ഭക്ഷണം ഇവ ഒരു ജനതയുടെ പരമപ്രധാനമായ അടിസ്ഥാന ആവശ്യങ്ങളാണ്. ശുദ്ധമായ വായു, വെള്ളം എന്നിവ ലഭ്യമാക്കലാണ് ഒരു ജനവിഭാഗത്തിൻെറ ആരോഗ്യത്തിന് ആവശ്യമായിട്ടുള്ളത്.

ഈ പഞ്ചായത്തിലെ 90% ജനങ്ങളും കുടിവെള്ളത്തിന് ആശ്രയിക്കുന്നത് കിണറുകളെയാണ്. പഞ്ചായത്തിലെ അധിക കിണറുകളും തുറന്ന കിണറുകളാണ്. നാമമാത്രമായി കുഴൽകിണറുകളും ഉണ്ട്. തുറന്ന കിണറുകളിൽ അധികവും മഴക്കാലം കഴിയുന്നതോടെ വെള്ളം ഇല്ലാതാകുന്ന അവസ്ഥയാണ്.

കേരള വാട്ടർ അതോറിററിയുടെ ആനക്കയം ശുദ്ധജല വിതരണ പദ്ധതി മാത്രമാണ് നിലവിലുള്ള ഏക പദ്ധതി. കടലുണ്ടിപുഴയിൽ നിന്നാണ് ഇതിലേക്ക് ആവശ്യമായ ജലം ശേഖരിക്കുന്നത്. മഞ്ചേരി മുനിസിപ്പാലിററിയിലേക്കും ഇവിടെനിന്നും വെള്ളം പമ്പുചെയ്യുന്നുണ്ട്.

ഈ പദ്ധതിയിൽ ഈ പഞ്ചായത്തിൽ ആകെ 66 പൊതുടാപ്പുകളും 350 ഹൗസ് കണക്ഷനുകളും ഇപ്പോൾ നിലവിലുണ്ട്. പഞ്ചായത്തിൽ ആകെ 35 പൊതുകിണറുകളും 2383 സ്വകാര്യകിണറുകളും ഉണ്ടെങ്കിലും 17 പൊതുകിണറുകളും 357 സ്വകാര്യകിണറുകളും മഴക്കാലത്ത് മാത്രം വെള്ളം കിട്ടുന്നതും ബാക്കിയുള്ളവയിൽ പകുതിയും വേനൽക്കാലത്ത് തീരെവെള്ളം കിട്ടാത്തവയുമാണ്. KWAയുടെ വെള്ളം പമ്പുചെയ്യുന്ന കടലുണ്ടിപ്പുഴയിൽ വേനൽക്കാലങ്ങളിൽ വെള്ളം ഉണ്ടാകാറില്ല. മാത്രമല്ല വോൾട്ടേജ് ക്ഷാമംകൊണ്ടും മററുകാരണങ്ങളാലും വർഷകാലങ്ങളിൽ ഒന്നിടവിട്ട ദിവസങ്ങളിൽ മാത്രമാണ് ജലവിതരണം നടക്കുന്നത്.

പന്തല്ലൂർ വില്ലേജിലേക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പന്തല്ലൂർ ശുദ്ധജലവിതരണ പദ്ധതി നിലവിൽ വന്നിട്ടില്ല. ആനക്കയം വില്ലേജിൽ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിന് ആനക്കയം അർബർ വാട്ടർ സപ്ലൈ സ്കീമിൻെറ പ്രാഥമിക പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അത് പൂർത്തീകരിച്ചുകഴിഞ്ഞാൽ ആനക്കയം വില്ലേജിൻെറ ഏതാനും ഭാഗങ്ങളിൽ ശുദ്ധജലം എത്തിക്കാൻ കഴിയുമെങ്കിലും ടാങ്കിനേക്കാൾ ഉയർന്നു നിൽക്കുന്ന ചില പ്രദേശങ്ങളിൽ ഇപ്പോഴത്തെ അവസ്ഥ തുടരാനാണ് സാധ്യത. ഇത്തരം പ്രദേശങ്ങളിൽ മിനിവാട്ടർ സപ്ലൈ സ്കീം, കുഴൽകിണർ എന്നിവയിലൂടെ പ്രശ്നം പരിഹരിക്കേണ്ടതാണെന്ന് ഗ്രാമ സഭകളിൽ ആവശ്യം ഉയർന്നിട്ടുണ്ട്.

കടലുണ്ടിപ്പുഴ ഈ പഞ്ചായത്തിൻെറ മധ്യത്തിലൂടെയാണ് ഒഴുകുന്നതെങ്കിലും മഴക്കാലത്തുള്ള വെള്ളം തടയണയില്ലാത്തതിനാൽ ഒഴുകിപ്പോകുന്നു. അവ തടഞ്ഞുനിർത്താൻ സംവിധാനങ്ങൾ ഇതുവരെയുണ്ടായിട്ടില്ല.

മഞ്ചേരി വാട്ടർ സപ്ലൈ സ്കീമിൻെറ പ്രവർത്തനം വേഗത്തിൽ പൂർത്തീകരിച്ച് കടലുണ്ടിപ്പുഴയിലെ വെള്ളം ആനക്കയം പഞ്ചായത്തിൽ മാത്രം വിതരണം ചെയ്യുന്ന പക്ഷം ഈ പഞ്ചായത്തിലെ അത്യാവശ്യമുള്ള പ്രദേശങ്ങളിൽ വെള്ളമെത്തിക്കാൻ കഴിയുന്നതാണ്.

132



ഈ പഞ്ചായത്തിൽ 45 കുളങ്ങൾ ഉണ്ടെങ്കിലും അവയിൽ ഒന്നു പോലും കുടിവെള്ളആവശ്യത്തിന് ഉപയോഗിക്കുന്നില്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള പ്രശ്നങ്ങളും അവയുടെ പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

**പ്രശ്നങ്ങൾ**

1 പഞ്ചായത്തിന്റെ ഉയർന്ന ഭാഗങ്ങളിൽ വർഷകാലത്ത് തന്നെ ശുദ്ധ ജലം ലഭിക്കുന്നില്ല.
2 പഞ്ചായത്തിന്റെ മററു പ്രദേശങ്ങളിൽ വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ല.
3 KWAയുടെ ജലവിതരണം വോൾട്ടേജ് ക്ഷാമംമൂലം ഒന്നിടവിട്ട ദിവസംമാത്രമേ നടക്കുന്നുള്ളൂ.
4 ചില പ്രദേശങ്ങളിൽ $\frac{1}{2}$ കിലോമീററിലധികം ദൂരം ശുദ്ധജലത്തിന് നടക്കേണ്ടി വരുന്നു.
5 കടലുണ്ടിപ്പുഴയിലെ വെള്ളം തടഞ്ഞു നിർത്തുന്നതിന് മാർഗ്ഗങ്ങളില്ല.

**പരിഹാരസാധ്യതകളും നിർദ്ദേശങ്ങളും**

1 കടലുണ്ടിപ്പുഴയിലും പഞ്ചായത്തിലെ പ്രധാന തോടുകളിലും രണ്ട് മൂന്ന് സ്ഥലങ്ങളിലെങ്കിലും തടയണ നിർമ്മിക്കണം. വെള്ളം പാഴായിപ്പോകുന്നത് തടയാനും സമീപപ്രദേശങ്ങളിലെ കിണറുകൾ. തോടുകൾ എവിവയിലെ ജലവിതാനം ഉയരാനും ഇത്കൊണ്ട് സാധിക്കും.
2 പഞ്ചായത്തിന്റെ ഉയന്ന സ്ഥലങ്ങളിൽ കുഴൽകിണർ കുഴിച്ച് ശുദ്ധജലവിതരണം നടത്തണം
3 പന്തലൂർ, ആനക്കയം അർബൻ വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പിലാക്കി ശുദ്ധജല വിതരണം നടത്തണം
4 KWAയുടെ ലൈനുകളിൽ എല്ലാ ദിവസവും വെള്ളം എത്തിക്കുന്നതിന് പമ്പ്ഹൗസിൽ വോൾട്ടേജ്ക്ഷാമം പരിഹരിച്ച് ദിവസവും എല്ലാ പ്രദേശത്തും വെള്ളം എത്തിക്കണം.
5 കുടിവെള്ളപ്രശ്നം രൂക്ഷമായ സ്ഥലങ്ങളിൽ മിനിവാട്ടർ സപ്ലൈ സ്കീമുകൾ നടപ്പാക്കണം.
6 നിലവിലുള്ള കിണറുകൾ ആഴംകൂട്ടി കുടിവെള്ളം ലഭ്യമാക്കണം.
7 മലപ്പുറം മുനിസിപ്പാലിററിയിലെ കാട്ടുങ്ങൽ സമ്മർ പമ്പിംഗ് നടത്തി ദിവസം നാലുമണിക്കൂറെങ്കിലും ആനക്കയം പഞ്ചായത്തിലേക്ക് നൽകണം
8 മലപ്പുറം മുനിസിപ്പാലിററിയിലെ സൗകര്യപ്പെടുന്ന സ്ഥലങ്ങളിൽനിന്ന് ആനക്കയം പഞ്ചായത്തിലേക്ക് വെള്ളം നൽകണം.
9 ഓപ്പൺവെൽ ആവശ്യമുള്ള സ്ഥലങ്ങളിൽ അവ കുഴിക്കണം.
10 KWAയുടെ ലൈൻ പല സ്ഥലത്തുനിന്നും നീട്ടുന്നതിന് ഗ്രാമസഭകളിൽനിന്ന് ആവശ്യം ഉയർന്നിട്ടുണ്ട്.
11 ഉപയോഗ ശൂന്യമായ കിണറുകൾ കുളങ്ങൾ എന്നിവ പല സ്ഥലങ്ങളിലും നിലവിലുണ്ട്. ആയത് നന്നാക്കി കുടിവെള്ളം ലഭ്യമാക്കണം.

**ആരോഗ്യം**

അടുത്ത കാലംവരെ പഞ്ചായത്തിൽ പാരമ്പര്യ വൈദ്യ കുടുംബങ്ങളായിരുന്നു ആരോഗ്യത്തെ പ്രധാന ആശ്രയമായിരുന്നത്. ആധുനിക ചികിത്സ സംവിധാനം അടുത്ത കാലത്താണ് ഉയർന്നുവന്നത് എന്നാൽ അത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം തീർത്തും തൃപ്തികരമല്ല. ആരോഗ്യരംഗത്ത് ഇന്ന് പഞ്ചായത്തിൽ 9 സർക്കാർ സ്ഥാപനങ്ങളുണ്ട്. ഇവകൂടാതെ സ്വകാര്യ മേഖലയിൽ 7 ആയുർവ്വേദ വൈദ്യൻമാരും 6 ഹോമിയോ ക്ലിനിക്കുകളും ഒട്ടേറെ മരുന്നു വിൽപന ശാലകളുമുണ്ട്.

ഈ സ്ഥാപനങ്ങളെല്ലാമുണ്ടെങ്കിലും ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ ഇന്നും നിരാശാജനകമാണ്. കൂടുതൽ ആളുകളും സമീപ ടൗണുകളിലെ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ കുഷ്ഠരോഗി, ക്ഷയരോഗി എന്നിവ ഇന്നും അന്യം നിന്നു പോയിട്ടില്ല. ഈ പഞ്ചായത്ത് പരിധിയിൽ കിടത്തി ചികിൽസ നടത്തുന്ന ആശുപത്രികളില്ല. ആകെയുള്ളത് 10 കിടക്കകൾ സൗകര്യമുള്ള മൂടിക്കോട് പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെൻറർ മാത്രമാണ് അവിടെ പ്രസവ സംബന്ധമായ അസുഖങ്ങൾക്കുമാത്രമെ കിടത്തി ചികിത്സയൊള്ളൂ. എന്നാൽ അവിടെ സ്ഥിരമായി ഒരു ഡോക്ടറുമില്ല. വിദഗ്ദ ചികിൽസക്ക് മഞ്ചേരിയിലുള്ള ഗവ. ജില്ലാ ആശുപത്രിയേയും മററ് സ്വകാര്യ ആശുപത്രികളേയുമാണ് ആശ്രയിക്കുന്നത്.

**ആരോഗ്യ രംഗത്ത് ഇന്ന് നിലവിലുള്ള സ്ഥാപനങ്ങൾ**

പൊതു സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

| | |
|---|---|
| പ്രൈമറി ഹെൽത്ത് സെൻറർ | 1 |
| സബ് സെൻററുകൾ | 6 |

**പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ**

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | ജീവനക്കാരുടെഎണ്ണം |
|---|---|---|---|
| 1 | ഐ പി പി സബ് സെൻറർ പാപ്പിനിപാറ | 1 | 1 |
| 2 | ഐ പി പി സബ് സെൻറർ പണായി | 6 | 1 |
| 3 | ഐ പി പി സബ് സെൻറർ പുള്ളിലങ്ങാടി | 8 | 1 |
| 4 | ഐ പി പി സബ് സെൻറർ ചേപ്പൂര് | 9 | 1 |
| 5 | ഐ പി പി സബ് സെൻറർ പന്തലൂർ | 10 | 1 |
| 6 | പ്രൈമറി ഹെൽത്ത് സെൻറർ മൂടിക്കോട് | 11 | 14 |
| 7 | ഐ പി പി സബ് സെൻറർ കിടങ്ങയം | 13 | 1 |

പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭിക്കുന്നില്ല. മുഴുവൻ സമയ ഡോക്ടറെ നിയമിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

ആരോഗ്യരംഗത്ത് ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യമുണ്ട്. ഫീൽഡ് വർക്കേഴ്സ് ഈ രംഗത്ത് കൂടുതൽ ശ്രദ്ധ ചെലുത്തണം. ആരോഗ്യരംഗത്ത് പൊതു സ്ഥാപനങ്ങൾ ഉപയോഗിക്കാൻ ജനങ്ങൾ തയ്യാറാവണം ആരോഗ്യ പ്രവർത്തകരുടേയും ജനങ്ങളുടേയും കൂട്ടായ്മയോടുള്ള പ്രവർത്തനം ഉണ്ടാകേണ്ടിയിരിക്കുന്നു.

**കക്കൂസ്**

ആരോഗ്യരംഗത്ത് ശുചിത്വം ഒരു പ്രധാന ഘടകമാണ്. ശുചിത്വം പാലിക്കുന്നതിൽ പ്രധാനം കക്കൂസുകളാണ്. പഞ്ചായത്തിൽ ഏകദേശം 40% വീടുകളിലും കക്കൂസ് നിലവിലില്ല. അതുകൊണ്ട്തന്നെ വിരശല്യം, വയറിളക്കം തുടങ്ങിയ രോഗങ്ങൾ കൂടുതൽ കണ്ടുവരുന്നു.

കക്കൂസ് നിർമ്മാണത്തിന് സാമ്പത്തിക പരാധീനത മിക്ക കുടുംബങ്ങളേയും ബാധിക്കുന്നു. അതുപോലെ കോളനികളിലും മററുമുള്ള സ്ഥലപരിമിതിയും, ഇതുസംബന്ധിച്ച ബോധമില്ലായ്മയും കക്കൂസ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്നു.

134



സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ തുടങ്ങിവയയുടെ സഹായത്താൽ സാമ്പത്തിക സമാഹരണവും കോളനികളിലും മററും പൊതു സെപ്ററിക് ടാങ്കുകൾ നിർമ്മിച്ചു കൊണ്ടും ആരോഗ്യ ബോധവൽക്കരണ യൂനിററുകളുടെ നേതൃത്വത്തിൽ ചർച്ചാ ക്ലാസ്സുകളും, ഫീൽഡ് പബ്ലിസിററി വിഭാഗത്തിൻെറ പ്രദർശനങ്ങളും സ്ലൈഡ്പ്രദർശനവും നടത്തിക്കൊണ്ടും ഇത് പരിഹരിക്കേണ്ടതാണ്.

**പരിസരസുചിത്വം**

വ്യവസായ ശാലകളില്ലാത്തതിനാൽ പരിസരമലിനീകരണം ഗുരുതരമല്ല. എങ്കിലും ശുചീകരണത്തിൻെറ അഭാവത്തെക്കുറിച്ച് എല്ലാ വാർഡുകളിലും ഒട്ടേറെ പരാതികളുണ്ട്.

**ഗ്രാമസഭകളിൽ ഉയർന്ന പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും**

റോഡരികിൽ മത്സ്യവില്പനയും അറവുശാലകളും നിർത്തലാക്കി ആധുനിക അറവുശാലകൾ നിർമ്മിച്ച് ഗുണനിലവാരമുള്ളതും രോഗങ്ങളില്ലാത്തതുമായ മൃഗങ്ങളെമാത്രം അറക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. ഈ നിർദ്ദേശങ്ങൾ പൊതുവെ എല്ലാ ഗ്രാമസഭകളിലും പൊന്തിവന്നിട്ടുണ്ട്.

8-ാംവാർഡിൽ ആനക്കയത്തും, 10-ാം വാർഡിൽ പന്തല്ലൂർ അങ്ങാടി, കടമ്പോട്, 11-ാം വാർഡിൽ മുടിക്കോട്, 5-ാം വാർഡിൽ ഇരുമ്പുഴി തുടങ്ങിയ അങ്ങാടികളിൽ ചപ്പുചവറുകൾ ഇട്ട് പരിസരം വൃത്തികേടാക്കുന്നത് തടയണം. കോളനികളിലുംമററും മലിനജലം കെട്ടിനിൽക്കുന്നത് തടയണം. അങ്ങാടികൾ വൃത്തിയാക്കുകയും കച്ചവടക്കാരെ ബോധവൽക്കരിക്കുകയും വേണം. ശുചിത്വം പാലിക്കാത്തവരിൽ നിന്നും പിഴ ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളണം.

വർഷക്കാലത്തും വരൾച്ചക്കാലത്തും പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ പകർച്ചവ്യാധികൾപടർന്നു പിടിക്കാറുണ്ട്. ഇതിനെതിരെ കിണറുകളിൽ ക്ലോറിനേഷൻ, ഈച്ചനശീകരണം കൊതുകനശീകരണംഎന്നിവഉപയോഗപ്പെടുത്തണം. ആരോഗ്യശീലങ്ങളെകുറിച്ചുള്ള ബോധവല്ക്കരണംവളരെയേറെഗുണംചെയ്യും.

അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പുചവറുകളും കമ്പോസ്റ്റാക്കിമാററാൻ ശ്രദ്ധിച്ചാൽ അത് വളമായും ഉപയോഗിക്കാം. ഒപ്പം പരിസരവും ശുചീകരിക്കപ്പെടും. വീടിനടുത്ത് വെള്ളം കെട്ടിനിൽക്കുന്നത് തടയുക, വീടുകളിൽ DDT തളിക്കുക, കുത്താടികളുള്ളിടത്ത് മണ്ണെണ്ണ ഒഴിച്ച് നശിപ്പിക്കുക. എന്നീ പ്രവർത്തനങ്ങൾ വഴി കൊതുകുകളെ നശിപ്പിക്കാൻ കഴിയും. ഇത്തരം പ്രവർത്തനങ്ങളിൽ ആരോഗ്യപ്രവർത്തകരോടൊപ്പം സന്നദ്ധ പ്രവർത്തകരും പങ്കാളികളാവണം.

**പൊതുശ്മശാനം**

പഞ്ചായത്തിൽ ഒരു പൊതുശ്മശാനം ആവശ്യമാണെന്ന് എല്ലാഗ്രാമസഭകളിലും പൊന്തിവന്നിട്ടുണ്ട്. പഞ്ചായത്തിൽ 10-ാം വാർഡിൽ ബ്ലോക്കിൻെറ കീഴിലുള്ള സ്ഥലം ഇതിനുപയോഗിക്കാവുന്നതാണ്.

പഞ്ചായത്തിലെ ജനങ്ങളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് പുകവലി പുകയില കൂട്ടിയുള്ള മുറുക്കൽ, മദ്യപാനം, മയക്കമരുന്ന് എന്നിവ പ്രചരണപ്രവർത്തനങ്ങൾ വഴി ബോധവൽക്കരണം നടത്തി നിയന്ത്രണവിധേയമാക്കേണ്ടതാണ്. രക്തദാനം, നേത്രദാനം എന്നിവയുടെ മഹത്വം ജനങ്ങളെ ബോധ്യപ്പെടുത്തണം. നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യ പ്രവർത്തകരേയും, സന്നദ്ധപ്രവർത്തകരേയും കൂട്ടിയിണക്കി ഒരുമിച്ചു പ്രവർത്തിച്ചാൽ ആരോഗ്യരംഗത്ത് വൻനേട്ടങ്ങളുണ്ടാക്കാൻ കഴിയും.

പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ച് സ്ഥിവിശേഷവും

| വാർഡ് | സ്ഥാപനങ്ങൾ<br>പൊതുസ്ഥാപനങ്ങൾ | സ്വകാര്യം | പ്രധാന രോഗങ്ങൾ | പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| 1 | സബ് സെന്റർ 1 | വൈദ്യശാല 1<br>ഹോമിയോ 1 | വയറിളക്കം<br>പനി<br>ഛട്ടി<br>ചെങ്കണ്ണ്<br>ജലദോഷം | തൃപ്തികരമല്ല<br>മരുന്നില്ല<br>സ്റ്റാഫില്ല<br>പ്രതിരോധകുത്തി<br>വപ്പുകൾനടക്കുന്നുണ്ട് | സബ്സെന്ററിൽ<br>സ്ഥിരമായി ഡോക്ടർ<br>മാർ ഉണ്ടാവണം. |
| 2 | ഇല്ല | വൈദ്യശാല 1 | വയറിളക്കം<br>ഛർദ്ദി<br>പനി<br>ജലദോഷം | പ്രതിരോധകുത്തി<br>വെപ്പുകൾ<br>നടത്താറുണ്ട്. | സബ്സെന്ററെങ്കി<br>ലും സ്ഥാപിക്കണം.<br>ആയുർവ്വേദ ആശുപത്രി<br>സ്ഥാപിക്കണം. |
| 3 | ഇല്ല | – | ” | പ്രതിരോധകുത്തി<br>വെപ്പുകൾ അംഗ<br>നവാടികളും സ്കൂ<br>ളുകളും കേന്ദ്രീകരിച്ച<br>നടക്കുന്നു. | സബ്സെന്റർ<br>നിർമ്മിക്കണം. |
| 4 | ഇല്ല | വൈദ്യശാല 1<br>ഹോമിയോ 1 | പനി<br>ഛർദ്ദി<br>ജലദോഷം<br>കാൻസർ | കുത്തിവെപ്പുകൾ<br>നടക്കാറുണ്ട്. | കരുവാഞ്ചേരിപ്രദേ<br>ശത്ത് ആയുർവ്വേദ<br>ഹോസ്പിററൽ<br>സബ്സെന്റർ<br>നിർമ്മിക്കണം. |
| 5 | ഇല്ല | ഹോമിയോ 1 | പനി<br>ജലദോഷം<br>വയറിളക്കം | 6 കിലോമീററർ<br>വിട്ടുള്ള ജില്ലാ<br>ആശുപത്രിയെ<br>ആശ്രയിക്കണം | സബ്സെന്റർ<br>ഹോമിയോ അലോ<br>പതിആശുപത്രികൾ<br>സ്ഥാപിക്കണം |
| 6 | സബ്<br>സെന്റർ | - | ” | സ്ഥിരമായിഡോക്ടറില്ല,<br>മരുന്നില്ല, കുത്തി<br>വെപ്പുകൾനടക്കാ<br>റുണ്ട്. ക്ലാസ്സുകൾ<br>നടക്കാറില്ല. | ആനക്കയം കേന്ദ്രമാ<br>ക്കിഗവ ആശുപത്രി<br>സ്ഥാപിക്കണം. |
| 7 | ഇല്ല | ഇല്ല് | ”<br>ചെങ്കണ്ണ് | ഗതാഗതസൗകര്യം<br>വളരെ കുറച്ച്മാത്ര<br>മുള്ള ഇവിടുത്തുകാർക്ക്<br>നിലവിലുള്ള ആരോഗ്യ<br>കേന്ദ്രങ്ങളിൽ എത്തി<br>പ്പെടാൻ ബുദ്ധിമുട്ടുണ്ട്. | ഹെൽത്ത്സെന്റർ<br>സ്ഥാപിക്കണം. |

136



| | | | | | |
|---|---|---|---|---|---|
| 8 | സബ്<br>സെൻറർ | ഹോമിയോ 1<br>വൈദ്യശാല 1 | പനി<br>ഛർദ്ദി<br>വയറിളക്കം<br>ചെങ്കണ്ണ്<br>ജലദോഷം | പ്രതിരോധകുത്തി<br>വെപ്പുകൾ നടക്കാറുണ്ട്. | ഗവ. ആശുപത്രി<br>സ്ഥാപിക്കുക,<br>സബ്സെൻററിൽ<br>ഡോക്ടറെ<br>നിയമിക്കുക. |
| 9 | സബ്<br>സെൻറർ 1 | ഇല്ല | ,, | ഡോക്ടറില്ല<br>വേണ്ടത്രസ്റ്റാഫില്ല മരുന്നി<br>ല്ല കുത്തിവെപ്പുകൾ<br>സ്കൂളുകേന്ദ്രീകരിച്ച്<br>നടക്കാറുണ്ട്. | സ്ഥിരമായി ഡോക്ട<br>റെ നിയമിക്കണം.<br>ബ്ലീച്ചിംഗ്പൗഡർ<br>വിതരണം ചെയ്യുക.<br>ആയുർവ്വേദആശുപത്രി<br>സ്ഥാപിക്കണം. |
| 10 | സബ്<br>സെൻറർ 1 | വൈദ്യശാല 3<br>ഹോമിയോ 2 | ,, | ഡോക്ടറുടെ അഭാവം.<br>അടുത്തുള്ള ഹെൽത്ത്<br>സെൻററിൽ ഡോക്ടറി<br>ല്ല. കുത്തിവെപ്പുകൾ<br>നടത്താറുണ്ട്. ത്വക്ക്<br>പരിശോധന<br>നടത്താറുണ്ട്. | ആഴ്ചയിൽ 3 ദിവസമെ<br>ങ്കിലുംസബ്സെൻററി<br>ൽ ഡോക്ടർ വേണം.<br>ഹെൽത്ത്സെൻററിൽ<br>ഒരു ലേഡീഡോക്ടറെ<br>വേണം. ആയുർവ്വേദ—<br>ഹോമിയോ ആശുപത്രി<br>കൾ തുടങ്ങണം. |
| 11 | ഹെൽത്ത്<br>സെൻറർ1 | ഹോമിയോ 1<br>സ്വകാര്യ<br>ആശുപത്രി 1 | പനി<br>വയറിളക്കം<br>ചിക്കൻപോക്സ്<br>ഛർദ്ദി<br>ജലദോഷം | പ്രവർത്തനം<br>തൃപ്തികരമല്ല.<br>ശുദ്ധജലമില്ല.<br>ഡോക്ടറില്ല.<br>പ്രതിരോധകുത്തി<br>വെപ്പുകൾ നടത്താ<br>റുണ്ട്. | സ്ഥിരമായി ഡോക്ട<br>റെ നിയമിക്കുക. ശുദ്ധ<br>ജലവിതരണം മെച്ച<br>പ്പെടുത്തുക. എല്ലാ രോ<br>ഗികളേയും കിടത്തി<br>ചികിത്സിക്കുന്നതിനു<br>ള്ള സൗകര്യമുണ്ടാക്കുക |
| 12 | ഇല്ല | ഇല്ല | ,, | അടുത്തുള്ള ഹെൽത്ത്<br>സെൻററിനെ ആശ്രയി<br>ക്കണം. സ്ഥിരം ഡോക്ട<br>റില്ലാത്തത് വളരെബുദ്ധി<br>മുട്ടുണ്ടാക്കുന്നു. പ്രതിരോധ<br>കുത്തിവെപ്പുകൾ നടത്താ<br>റുണ്ട്. | സബ്സെൻററുകൾ<br>സ്ഥാപിക്കുക.ഹെൽ<br>ത്ത്സെൻററിൽഎക്സ<br>റേ, ലാബ്സൗകര്യ<br>ങ്ങൾ ഏർപ്പെടുത്തുക,<br>ഒരു ലേഡിഡോക്ട<br>റെ നിയമിക്കുക, |
| 13 | സബ്<br>സെൻറർ1 | വൈദ്യശാല 1 | ,, | അടുത്തുള്ള ഹെൽത്ത്<br>സെൻററിൽ സൗകര്യ<br>ങ്ങൾ കൂട്ടണം കുത്തിവെ<br>പ്പുകൾ നടത്താറുണ്ട്.<br>ചർച്ചാക്ലാസ്സുകൾ നടക്കാ<br>റില്ല. | സബ്സെൻററിൽ ആഴ്ച<br>യിൽ 2 ദിവസം ഡോ<br>ക്ടറുടെ സേവനം ലഭ്യ<br>മാക്കണം ഡോക്ടറെ<br>നിയമിക്കണം. |

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5 (6) ഗതാഗതം, ഊർജ്ജം, മാർക്കററ്.

**ഗതാഗതം;**

ഒരു നാടിൻെറ ജീവനാഡിയാണ് നിരത്തുകൾ. പ്രദേശത്തിൻെറ വികസന കാര്യത്തിൽ അതു നിർണ്ണായക പങ്ക് വഹിക്കുന്നു. 1962ൽ പഞ്ചായത്തുകൾ നിലവിൽ വന്നപ്പോൾ ചുരുക്കം ചില റോഡുകൾ മാത്രമെ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നുള്ളു. അവയാണെങ്കിൽ ടാർ ചെയ്യാത്തവയും ആയിരുന്നു. എന്നാൽ ഇന്നു മിക്കവാറും എല്ലാ മുക്കുമൂലകളിലും റോഡുകൾ എത്തിക്കഴിഞ്ഞു. അവയൊക്കെ പക്ക റോഡുകളായി കഴിഞ്ഞിട്ടില്ല എന്നത് യഥാർത്ഥ്യമാണ്. ഏതു പ്രദേശത്തുകാർക്കും ഇപ്പോഴും ഏററവും മുൻഗണന നൽകുന്നത് റോഡിനു തന്നെയാണ്. വികസനമെന്നാൽ റോഡുനിർമ്മാണം എന്നാണ് ഇന്നത്തെ ധാരണ.

95-96ൽ പുതുതായി നിർമ്മിച്ച 28.303 കി.മി ദൂരം അടക്കം 119.699 കി.മി ദൂരം റോഡാണ് ഇപ്പോൾ പഞ്ചായത്തിൽ ഉള്ളത്. V R M ഗ്രാൻറിനു അർഹതയുള്ള റോഡുകൾ 45.226 കി. മി ദൂരവും V T C ഗ്രാൻറിനു അർഹതയുള്ള റോഡുകൾ 46.170 കി.മീ ദൂരവുമാണ്. 1996നവംബർ ഒന്നിൻെറ പുനരർപ്പണദിനത്തോടനുബന്ധിച്ച് നിർമ്മാണം തുടങ്ങിയ പത്തോളം റോഡുകൾ ഇവക്കു പുറമേയാണ് 24.306 കി.മി ദൂരമാണ് ടാർറോഡുകൾ.

മലപ്പുറം മഞ്ചേരി ജില്ലാ റോഡ് ഈ പഞ്ചായത്തിൻെറ മദ്ധ്യത്തിൽ കൂടി ആനക്കയം ടച്ച് ചെയ്ത് കടന്നുപോകുന്നു. ആനക്കയത്തുനിന്നും പെരിന്തൽമണ്ണ റോഡും തിരിഞ്ഞുപോകുന്നു. ഈ റോഡിൽ കടലുണ്ടി പുഴക്കു 1964ൽ നിർമ്മിച്ച ആനക്കയം പാലം ഗതാഗതത്തിനു് ആക്കം കൂട്ടി. ഈ പാലം നിർമ്മാണഘട്ടത്തിൽ 12 ഓളം തൊഴിലാളികൾ മണ്ണിനടിയിൽപ്പെട്ട മരണമടഞ്ഞ ദുഃഖസംഭവം ഇവിടെ സ്മരിക്കുന്നു.

പഞ്ചായത്തുവക 7 വെയിററിംഗ് ഷെഡുകളും മററു രണ്ടു വെയിററിംഗ് ഷെഡുകളും ഈ പഞ്ചായത്തിൽ ഉണ്ട്.

**റോഡ് നിർമ്മാണം – ഘടന;**

1 P W D റോഡുകൾ പൊതുവെ മെച്ചപ്പെട്ടതാണെങ്കിലും, ആനക്കയം ഒറുവമ്പ്രം റോഡിൻെറ നില റീടാറിംഗ് നടത്താത്തതിനാൽ ശോചനീയമാണ്. കോൺക്രീററ് ഡ്രൈനേജുകൾ ഇല്ലാത്തതുമൂലം റോഡുസൈഡുകൾ ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്നു. ഫണ്ടിൻെറ അഭാവം മൂലം പഞ്ചായത്തു റോഡുകളുടെ റീടാറിംഗ് യഥാസമയം നടക്കുന്നില്ല. കൂടാതെ റോഡുകളുടെ വീതിക്കുറവും വളവുകളും ഇടക്കിടെ അപകടങ്ങൾ വരുത്തിവെക്കുന്നു. (ഉദാ:- മുട്ടിപ്പാലം വളവ്, പാണായി വളവ്, വാക്കൊള്ളിപാലം വളവ്, ശിശുവിഹാർ വളവ് മുതലായവ.) ഈ ഭാഗത്തുള്ള വളവുകൾ വീതികൂട്ടിപ്രശ്നം പരിഹരിക്കേണ്ടതാണ്.

2 പുതിയ റോഡുകൾ:-

ചേപ്പൂര് — കോട്ടമല — നെന്മിനി ചർച്ച് റോഡും, കളത്തിങ്ങൽപടി — പുല്ലഞ്ചേരി —പയ്യനാടം റോഡ് എന്നിവ PWD ഏറെറടുക്കാൻ നടപടികൾ സ്വീകരിച്ചുവെങ്കിലും ഇപ്പോൾ അത് നിശ്ച

138



ലാവസ്ഥയിലാണ്.

3 ഗ്രാമീണ റോഡുകൾ:-

ഗ്രാമീണറോഡുകൾ ഭൂരിഭാഗവും ടാർ ചെയ്യാത്തതിനാൽ എല്ലാ കാലാവസ്ഥയിലും വാഹന ഗതാഗത യോഗ്യമല്ല. മെററൽ ചെയ്ത് ടാർ ചെയ്യാൻ എല്ലാ ഭാഗങ്ങളിൽ നിന്നും ശക്തിയായ ആവശ്യം ഉയർന്നിട്ടുണ്ട്.

4 പുതിയ മൺറോഡുകൾ:-

മിക്ക വാർഡുകളിലും പുതിയ റോഡുകൾ നിർമ്മിക്കാൻ ആവശ്യം ഉയർന്നിട്ടുണ്ട്. നിലവിലുള്ള ഇടവഴികൾ വീതികൂട്ടി റോഡാക്കി മാററാനാണ് മിക്ക നിർദ്ദേശങ്ങളും.

**ആവശ്യകതകൾ:**

1 മലപ്പുറം - മഞ്ചേരി റോഡിലെ പ്രധാന വളവുകൾ വീതികൂട്ടി ഡിവൈഡർ സ്ഥാപിക്കുക.
2 ടാറിംഗിനോട് തൊട്ടുനിൽക്കുന്ന ഇലക്ട്രിക്ക്, ടെലിഫോൺ പോസ്ററുകൾ സൈഡിലേക്കു മാററിസ്ഥാപിക്കുക.
3 ഇടക്കിടെ അശാസ്ത്രീയമായ രീതിയിൽ റോഡുകളിൽ റീ കാമ്പിളിംഗ് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുക.
4 കച്ചവടസ്ഥാപനങ്ങളും സ്വകാര്യ വ്യക്തികളും റോഡ് സൈഡിൽ നിർമ്മാണ വസ്തുക്കളും മററും ശേഖരിക്കുന്നത് തടയുക.

ഇത്യാദി കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധ പതിയണം.

**പുതിയ റോഡുകൾ:**

1 ഇരുമ്പുഴി—വടക്കുംമുറി പാപ്പിനിപ്പാറ റോഡ് 2 പാണായി - പെരിമ്പലം — ആനക്കയംറോഡ് 3 ചേപ്പൂർ — പന്തലൂർ ഹിൽസ്—നെന്മിനി 4 കടമ്പോട്—മുള്ളറങ്ങാട് റോഡ് 5 നരിയാട്ടുപാറ . നെന്മിനി പള്ളി റോഡ് 6 കിടങ്ങയം — അരിച്ചോല റോഡ് 7 നറുകര — ആലുംകുന്ന് റോഡ് എന്നിവ ഈ പഞ്ചായത്തിലെ വികസന സാദ്ധ്യതകളുള്ള പ്രധാന റോഡുകളാണ്. ഇവ PWD ഏറെറടുത്തു നന്നാക്കുകയാണെങ്കിൽ ബസ്റൂട്ട് ഏർപ്പെടുത്താൻ നല്ല സാധ്യകയുള്ളതാണ്.

2 പെരിമ്പലം —പാണായി റോഡിൽ ടാറിടാൻ ബാക്കിയുള്ള 300 മീ ദൂരം ടാറിടുകയാണെങ്കിൽ ആനക്കയം—പെരിമ്പലം —പാണായി റൂട്ടിൽ ഒരു മിനിബസ് റിംഗ് സർവ്വീസ് നടത്താം.
3 കളത്തിങ്ങൽപടി—പുല്ലഞ്ചേരി പയ്യനാട്—വള്ളുവങ്ങാട് റോഡ് ശരിയായാൽ പാണ്ടിക്കാട്—മഞ്ചേരി—മലപ്പുറം നിലവിലുള്ള 24 കി. മി 16 കി. മി ആയി ചുരുക്കാവുന്നതാണ്.
4 ആനക്കയം—ഒറവമ്പ്രം റോഡിൽ ചിററത്തുപാറക്കടവിൽ ഒരു പാലം നിർമ്മിച്ചാൽ മാത്രമെ പന്തലൂർ, കിടങ്ങയം ഭാഗത്തെ യാത്രക്ലേശത്തിനു പരിഹാരമാകൂ.
5 ഇരുമ്പുഴി പനമ്പററകടവിൽ കൂട്ടിലങ്ങാടി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതിനു കടലുണ്ടി പുഴക്കു ഒരു പാലവും അത്യാവശ്യമാണ്. ഈ പാലം വന്നാൽ മഞ്ചേരി— കൂട്ടിലങ്ങാടി ദൂരം ഗണ്യമായി കുറക്കാൻ കഴിയും.

**റോഡ് വികസനം:**

ഭൂവിലയും റോഡുകളുടെ അതിരിൽ മരങ്ങളും കെട്ടിടങ്ങളും സ്ഥിരപ്പെടുകയും ചെയ്തിട്ടുള്ളതിനാൽ നിലവിലുള്ള പഞ്ചായത്തു റോഡുകൾ വീതികൂട്ടുക ദുഷ്കരമാണ്.

**ജനകീയ പദ്ധതിയും ജനശക്തിയും:**

പുതിയ റോഡുനിർമ്മാണത്തിൽ ജനപങ്കാളിത്തവും ശ്രമദാനവും കാര്യമായി ഉപയോഗപ്പെടുത്താവുന്നതാണ്. തദ്ദേശീയരായ ആളുകൾക്ക താൽപര്യം ഉണ്ടെങ്കിൽ മാത്രമെ പുതിയ റോഡുകൾ പൂർത്തിയാക്കാൻ കഴിയൂ. ഒട്ടാകെ ചെലവിന്റെ $\frac{1}{3}$ ഭാഗമെങ്കിലും ജനപങ്കാളിത്തം ഉണ്ടാകണം. മിക്കഭാഗങ്ങളിലും ജനപങ്കാളിത്തം കിട്ടുന്നു എന്നത് നല്ല കാര്യമാണ്.

ചേപ്പൂര്-പന്തലൂർ ഹിൽസ്-അരിക്കണ്ടം പാക്ക്റോഡ് 10 കി. മി. ദൂരം ഈ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. അടുത്ത കാലത്ത് PWD ഏറ്റെടുത്ത് ഈ റോഡ് ഇന്നു തീർത്തും ഗതാഗതയോഗ്യമല്ല. ഗതാഗതയോഗ്യമാക്കുന്നതിന് ഒന്നരക്കോടിരൂപയാണ് PWD എസ്റ്റിമേററ് കണക്കാക്കിയിരിക്കുന്നത്. ഇതു പണി പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കാൻ വിവിധഗ്രാമസഭകളിൽ നിന്നും ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

പഞ്ചായത്തു ഉടമയിൽ നിരവധി റോഡുകൾ മുഴുവൻ വാർഡുകളിൽ ഗതാഗത യോഗ്യമല്ലാതെ ഉണ്ട്. ഇവയെല്ലാം പണി പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കാൻ കോടിക്കണക്കിനു രൂപ ആവശ്യമാണ്. ഫണ്ടിന്റെ അഭാവം കാരണം പഞ്ചായത്തിന് പ്രവൃത്തികൾ ഏറെറടുത്ത് പൂർത്തിയാക്കാൻ കഴിയുന്നില്ല. റോഡുപ്രവർത്തികൾക്ക വേണ്ടി പഞ്ചായത്തിന്റെ എല്ലാ ഗ്രാമസഭകളിൽ നിന്നും നിരവധി ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ആയതിനു ആവശ്യമായി വരുന്ന സംഖ്യയുടെ ഒരു ഭാഗം പൊതു ജനങ്ങളിൽ നിന്ന് പണമായും, സാധനങ്ങളായും, ശ്രമദാനമായും സ്വരൂപിച്ചാൽ പോലും ഭീമമായ ഒരു തുക പഞ്ചായത്ത് കണ്ടെത്തേണ്ടി വരും. പഞ്ചായത്തിനു ഈ വിഷയത്തിൽ സർക്കാർ സഹായം തന്നെയാണ് ആശ്രയം.

പഞ്ചായത്തിന്റെ പ്രധാന റോഡുകൾ

| Sl No | റോഡിന്റെ പേര് | ദൂരം K· M. | വീതി മീററിൽ | ടാർചെയ്തത്/ ചെയ്യാത്തത് | ഇനം |
|---|---|---|---|---|---|
| 1 | മഞ്ചേരി മലപ്പുറം റോഡ് | 5 | 15 | ടാർചെയ്തത് | ജില്ലാറോഡ് |
| 2 | ആനക്കയം ഒറുവംപുറം റോഡ് | 10 | 12 | ,, | |
| 3 | ചിററത്തുപാറ വള്ളിക്കാപ്പററ ലിങ്ക്റോഡ് | 3.2 | 8 | ,, | |
| 4 | മഞ്ചേരി പൂക്കോട്ടൂർ റോഡ് | | | ,, | |
| 5 | ആനക്കയം പെരിന്തൽമണ്ണറോഡ് | 1 | | ,, | |
| 6 | പുളിയിലങ്ങാടി | 1 | 8 | ,, | |
| 7 | ചേപ്പൂർ പന്തലൂർ ഹിൽസ് അരിക്കണ്ടം പാക്ക്റോഡ് | 10 | 8 | ടാർചെയ്യാത്തത് | |

## പഞ്ചായത്തിന്റെ പ്രധാന റോഡുകൾ

| Sl No | റോഡിന്റെ പേര് | ദൂരം K·M· | വീതി K·M· | ടാർ ചെയ്തത് | ടാർ ചെയ്യാത്തത് | ഭാഗികം |
|---|---|---|---|---|---|---|
| 1 | പാണായി മുട്ടിപ്പാലം | 1.5 | 8 | ✓ | — | — |
| 2 | ആലുംകുന്ന്–നറുകരറോഡ് | | 8 | — | — | ✓ |
| 3 | ഇരുമ്പുഴി–പൂക്കോട്ടൂർറോഡ് | 4.4 | 6 | — | — | ✓ |
| 4 | വടക്കുംമുറി–പാപ്പിപ്രറോഡ് | | 6 | — | ✓ | — |
| 5 | ഇരുമ്പുഴി–വാളാപറമ്പ്റോഡ് | | 6 | — | — | ✓ |
| 6 | പാണായി–പെരിമ്പലംറോഡ് | 4.7 | 6 | ✓ | — | — |
| 7 | ആനക്കയം–പെരിമ്പലംറോഡ് | 3 | 8 | — | — | ✓ |
| 8 | കടമ്പോട്–മുള്ളറങ്ങാട് റോഡ് | 3 | 6 | ✓ | — | — |
| 9 | നരിയാട്ടുപാറ–നെന്മിനിപള്ളി റോഡ് | 3 | 8 | ✓ | — | — |
| 10 | കിടങ്ങയം അരീചോലറോഡ് | 2.2 | 6.5 | — | — | ✓ |
| 11 | മുടിക്കോട് വടക്കപറമ്പ് റോഡ് | | 7 | — | — | – |
| 12 | മുടിക്കോട് കടമ്പോട് | 2 | 8 | — | — | — |

141

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5 (7) പാർപ്പിടവും സാമൂഹ്യക്ഷേമവും

വിദ്യാഭ്യാസപരമായും സാംസ്കാരികവുമായി വളരെയധികം പിന്നിൽ നിൽകുന്ന ഈ പഞ്ചായത്ത് ആനക്കയം, പന്തല്ലൂർ എന്നീ വില്ലേജുകൾ ഉൾപ്പെട്ടതാണ്.

ഈ പഞ്ചായത്തിൽ കോൺക്രീററ്, ഓട്, ഓല എന്നിവ ഉപയോഗിച്ചുള്ള വീടുകളാണ് പൊതുവെയുള്ളത്. ഇതിൽ ഓട് മേഞ്ഞ വീടുകളാണ് അധികവും. ഗൾഫ് പണത്തിൻെറ സ്വാധീനം പൊതുവെ കുറവായതിനാൽ കോൺക്രീററ് വീടുകൾ കുറവാണ്.

ഭൂരിപക്ഷവും കൂലിവേല ചെയ്യുന്നവരായതിനാൽ ഓട് മേഞ്ഞ വീടുകൾ അധികവും. ചളി മണ്ണ് കട്ടകൊണ്ടും തരംതാണ മരങ്ങൾ ഉപയോഗിച്ചും ഉണ്ടാക്കിയതാണ്.

പന്തല്ലൂർ വില്ലേജിൽ അധികവും ആനക്കയം വില്ലേജിൻെറ ഏതാനും ഭാഗങ്ങളിലും ഓലമേഞ്ഞ വീടുകളാണ് പുതുതായി നിർമ്മിക്കുന്നവയിൽ നല്ല പങ്കും. ഇതിൽ തന്നെ നല്ല ഭാഗം വീടുകൾ താൽക്കാലിക ഷെഡ്ഡുകളാണ്.

സാധാരണക്കാരായ കൂലിതൊഴിലാളികൾ വില കുറഞ്ഞ സ്ഥലങ്ങളിൽ ഭൂമി വാങ്ങാൻ നിർബ്ബന്ധിതരായതിനാൽ അവർക്ക് ഭൂമി സംബന്ധമായരേഖകളൊ വഴി സൗകര്യമോ കുറവാണ്.

ഒരോ ഭൂവുടമയുടെ കീഴിൽത്തന്നെ ദീർഘകാലം കാർഷിക ജോലിയിൽ ഏർപ്പെട്ട പല കുടുംബങ്ങളും അവരുടെ തൊഴിലുടമകളുടെ സ്ഥലങ്ങളിൽ താമസിക്കുന്നവരായതിനാൽ അവർക്ക് സ്വന്തമായി രേഖകളോ വീടോ ഇല്ലാത്തവരാണ്.

ലക്ഷംവീട് കോളനികൾക്ക് വേണ്ടി പുള്ളിയിലങ്ങാടി, പാപ്പിനിപാറ എന്നിവിടങ്ങളിൽ പഞ്ചായത്ത് സ്ഥലം നീക്കിവെച്ചിട്ടുണ്ടെങ്കിലും പുള്ളിയിലങ്ങാടിയിൽ മാത്രമെ വീട് വെച്ചിട്ടുള്ളു. അതിൽത്തന്നെ പഞ്ചായത്ത് നിർമ്മിച്ച ആറ് വീടുകൾ ഒരു വീടിൻെറ രണ്ട് ഭാഗത്തും താമസിക്കുന്ന തരത്തിലുള്ളതും പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തവയുമാണ്.

പാപ്പിനിപാറയിൽ ലക്ഷംവീട് കോളനിക്ക് വേണ്ടി നീക്കിവെച്ച സ്ഥലം വീതിച്ചു നൽകിയിട്ടുണ്ടെങ്കിലും അത് താമസ യോഗ്യമല്ലെന്ന് ആക്ഷേപമുണ്ട്.

വീടുകളുടെ തരം തിരിവ് പട്ടിക:-

| വാർഡ് നമ്പർ | ഓട് | ടെറസ് | ഓല | ഇരുനില | ആകെ |
|---|---|---|---|---|---|
| 1 | 492 | 25 | 18 | 59 | 594 |
| 2 | 342 | 33 | 89 | 88 | 552 |
| 3 | 254 | 19 | 72 | 38 | 376 |

142



| വാർഡ് നമ്പർ | ഓട് | ടെറസ് | ഓല | ഇരുനില | ആകെ |
|---|---|---|---|---|---|
| 4 | 384 | 46 | 93 | 99 | 622 |
| 5 | 249 | 85 | 09 | 86 | 429 |
| 6 | 346 | 38 | 83 | 82 | 549 |
| 7 | 292 | 45 | 22 | 91 | 450 |
| 8 | 663 | 99 | 80 | 148 | 990 |
| 9 | 373 | 22 | 23 | 31 | 449 |
| 10 | 573 | 45 | 181 | 109 | 908 |
| 11 | 310 | 25 | 90 | 67 | 492 |
| 12 | 433 | 35 | 161 | 94 | 723 |
| 13 | 307 | 24 | 79 | 79 | 489 |
| ആകെ | 5011 | 541 | 1000 | 1071 | 7623 |

റോഡ് വക്കകളിലുള്ളതിലധികം വീടുകൾ ഉൾപ്രദേശങ്ങളിലാണ് ഉണ്ടായികൊണ്ടിരിക്കുന്നത്. വയൽ നികത്തി വീടുകൾ ഉണ്ടാക്കുന്നതിലുപരിയായി കടകൾ ആണ് നിർമ്മിച്ചു കാണുന്നത്.

വീട് നിർമ്മാണത്തിന് സാമ്പത്തിക സഹായം, ലോണുകൾ എന്നിവ ഉപയോഗിക്കുന്നവർ വളരെ കുറവാണ്.

പന്തലൂർ ഹൗസിംഗ് സൊസൈററി, മഞ്ചേരി അഗ്രികൾച്ചറൽ ഡവലപ്പ്മെൻറ് ബാങ്ക് എന്നിവയാണ് ഈ പഞ്ചായത്തു നിവാസികൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നത്

എന്നാൽ അമിതമായ കൂട്ടപലിശയും അതി കഠിനമായ നിയമ വ്യവസ്ഥകളും ഈടു വ്യവസ്ഥകളും വായ്പ ലഭിക്കാനുള്ള കാലതാമസവും കാരണം ഇതിനെ ഒരു സേവന മേഖലായായി കാണാൻ പാവപ്പെട്ടവർ തയ്യാറാവുന്നില്ല.

ഈ പഞ്ചായത്തിൽ ആയിരത്തിൽ പരം കുടുംബങ്ങൾ സ്വന്തമായി വീടില്ലാത്തവരാണ് എന്നാൽ കൂലിവേലക്കാരും താഴെക്കിടയിലുള്ള ഉദ്യോഗസ്ഥരും ചെറുകിട കർഷകരുമായ ഇത്തരക്കാർക്ക് മേൽപറഞ്ഞ കാരണങ്ങളാൽ സാമ്പത്തിക സഹായം നൽകുന്ന സ്ഥാപനങ്ങളുമായി ഇടപെടാൻ സാധിക്കുന്നില്ല.

അതിനു് പരിഹാരമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1 ഭവന വായ്പകളുള്ള പലിശനിരക്ക് കുറയ്ക്കുക.
2 വായ്പയ്ക്ക് കൂട്ടപലിശാ സമ്പ്രദായം ഇല്ലാതാക്കുക.
3 കൂടുതൽ ആളുകൾക്ക് ലോണുകൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.
4 നിയമ വ്യവസ്ഥകൾ ലഘൂകരിക്കുക.

ദുർബല വിഭാഗങ്ങൾക്കും പട്ടികജാതിക്കാർക്കും ഇപ്പോൾ നൽകുന്ന സാമ്പത്തിക സഹായം അതിൻെറ അപര്യാപ്തതയും സങ്കീർണ്ണമായ വ്യവസ്ഥകളും കാരണം മുഴുവൻ സംഖ്യയും അനുവദിച്ച

കിട്ടാൻ ഗുണഭോക്താക്കൾക്ക് കഴിയുന്നില്ല. ഇപ്പോൾ നൽകികൊണ്ടിരിക്കുന്ന 22,000 രൂപ ലഭിക്കാൻ ഇപ്പോൾ 80,000 രൂപയിൽ അധികം ചിലവ് വരുന്ന പ്ലാൻ അനുസരിച്ച് പണി പൂർത്തിയാക്കേണ്ടതുണ്ട്. അത് തന്നെ മുൻകൂറായി ചിലവഴിക്കുകയും വേണം. ആയതിനാൽ വളരെ പാവപ്പെട്ട ആളുകൾക്ക് ഇത് ഉപകരിക്കുന്നില്ല.

ഇതിന് പരിഹാരമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1 പ്രാദേശിക നിരക്ക് അനുസരിച്ച് എസ്റ്റിമേററ് തയ്യാറാക്കി പണം അനുവദിക്കണം.
2 അനുവദിച്ചു കിട്ടുന്ന സംഖ്യക്കനുസരിച്ച് വീടിൻെറ പ്ലാൻ തയ്യാറാക്കാൻ ഗുണഭോക്താവിനു അനുവാദം നൽകുക.
3 നൽകുന്ന സഹായം ഘട്ടം ഘട്ടമായി മുൻകൂർ നൽകുക.

ഈ പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ച വീടുകളുടെ പട്ടിക താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ അനുവദിച്ചത് | = 73 |
| പണിപൂർത്തിയാക്കിയത് | = 57 |
| ഇനി പൂർത്തീകരിക്കാനുള്ളത് | = 16 |

കെട്ടിടനിർമ്മാണത്തിനും വരുന്ന വർദ്ധിച്ച ചിലവ് കാരണം, അനുവദിക്കപ്പെട്ട ആനുകൂല്യം മുഴവൻ ഉപയോഗിക്കാൻ ഗുണഭോക്താക്കൾക്ക് കഴിയുന്നില്ല.

മാത്രമല്ല, കൂട്ടുസ്വത്ത് മാത്രമുള്ള കുടുംബങ്ങളിലെ അംഗങ്ങൾക്ക്, ഇപ്പോൾ സ്വന്തമായോ കൂട്ടമായോ വീട്പോലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

**ഓലപ്പുരകൾ;**

ഈ പഞ്ചായത്തിൽ ആയിരത്തോളം ഓലപ്പുരകൾ ഉണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത വീടുകളുടെ മാത്രം കണക്കാണിത്. എന്നാൽ കുറെ വീടുകൾ രജിസ്റ്റർ ചെയ്യാത്തവയും ഉണ്ട്.

ഇക്കാലത്ത് ഭക്ഷ്യപ്രശ്നത്തേക്കാൾ ഉപരി സമൂഹത്തെ അലട്ടികൊണ്ടിരിക്കുന്നത് സ്വന്തമായി ഒരു വീടും പെൺമക്കളുടെ വിവാഹവുമാണ്. ദരിദ്രരായ ജനവിഭാഗത്തിന് സ്വന്തമായി വീടുവെയ്ക്കാൻ ഇന്നത്തെ പരിതസ്ഥിതിയിൽ ഒരു മാർഗ്ഗവും ഇല്ല.

ജനാധിപത്യമാർഗ്ഗത്തിൽ സ്വതന്ത്രമായി ചിന്തിക്കുകയും പ്രവർത്തിക്കുകയുംചെയ്യുന്ന ഒരു സമൂഹം വളർന്നുവരണമെങ്കിൽ അവരുടെ അടിയന്തിരപ്രശ്നങ്ങൾ പരിഹരിക്കുകതന്നെവേണം.

ഓലപ്പുരകൾ ഇല്ലാത്ത ഒരു പഞ്ചായത്ത് എന്ന നിലയിലേക്ക് ഈ പഞ്ചായത്തിനെ ഉയർത്തിക്കൊണ്ടുവരാൻ, മററു പല ഭാഗങ്ങളിലേക്കും തിരിച്ചുവിടുന്ന **JRY** പോലുള്ള ഫണ്ടുകൾ ഈ ലക്ഷ്യം പൂർത്തീകരിക്കാൻ ഉപയോഗിക്കേണ്ടതാണ്.

ഇപ്പോൾ ഓലപ്പുരകൾ കെട്ടിമേയുന്നതിന് പഞ്ചായത്ത് നൽകുന്ന ധനസഹായം 10%ത്തിൽ താഴെ ആളുകൾക്ക് മാത്രമേ പ്രയോജനപ്പെടുന്നുള്ളൂ. മാത്രമല്ല ഇപ്പോൾനൽകുന്ന 300രൂപ ഈ ആവശ്യത്തിന് തീരെ അപര്യാപ്തമാണ്.

144



20 പട്ടികജാതി കോളനികളിലായി 34ൽപരം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഈ വീടുകളിൽ ഭൂരിപക്ഷം കുടുംബങ്ങൾക്കും ഇതുവരെ ഭവന നിർമ്മാണത്തിന് ഒരു സഹായവും ലഭിച്ചിട്ടില്ല. പാർപ്പിടരംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ മാററിയെടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതുണ്ട്. ഒരു വ്യക്തിയുടെ ജീവിതത്തിന്റെ മുക്കാൽപങ്കും ഇതിന് വേണ്ടി ഉപയോഗിക്കേണ്ട അവസ്ഥയിൽ ഇതിന് പ്രത്യേകം പ്രസക്തിയുണ്ട്.

ഇതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1 പഞ്ചായത്തിലെ മുഴുവൻ ഓലപ്പുരകളും ഓടിട്ട വീടുകളാക്കുന്നതിന് **JRY** പോലുള്ള ഫണ്ടുകൾ വകയിരുത്തുക.
2 വില്ലേജ്തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
3 കെട്ടിട നിർമ്മാണ സാമഗ്രികൾ മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് പഞ്ചായത്ത്തലത്തിൽ പൊതുവിതരണകേന്ദ്രങ്ങൾ ആരംഭിക്കുക.
4 വായ്പകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.
5 വീട്വെയ്ക്കുന്നതിനുള്ള ധനസഹായം 50,000 രൂപയായും രാജീവ്ദശലക്ഷ പാർപ്പിടപദ്ധതി, മൈത്രിപോലുള്ള ഭവനനിർമ്മാണലോണുകളുടെ അപേക്ഷയും വിതരണവും പഞ്ചായത്ത് മുഖേനആക്കുക
6 പുറമ്പോക്കുകളിലും പൊതുസ്ഥലങ്ങളിലും മരങ്ങൾവെച്ച് പിടിപ്പിച്ച് കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുക.
7 പുറമ്പോക്കുകളിലും പൊതുസ്ഥലങ്ങളിലും മരങ്ങൾ നട്ടുപിടിപ്പിച്ച് മുറിച്ചെടുക്കുന്നതിന് ഭൂരഹിതർക്ക് അനുമതി നൽകുക
8 കെട്ടിടനിർമ്മാണ പരിശീലനം ട്രൈസം കോഴ്സിൽ ഉൾപ്പെടുത്തുക.
9 ഓരോ വാർഡിലും ഓരോ ഏക്കറിലും ഹൗസിംഗ് കോളനികൾ സ്ഥാപിച്ച് അഗതികൾ, വിധവകൾ, അനാഥർ എന്നിവർക്ക് മുൻഗണന നൽകി ദുർബല വിഭാഗങ്ങൾക്ക് വിതരണം ചെയ്യുക
10 പഞ്ചായത്തിൽ ലഭിക്കാവുന്ന മിച്ചഭൂമികൾ, ഹൗസിം കോളനികൾക്ക് വേണ്ടി ഉപയോഗിക്കുക
11 ഭൂമി വാങ്ങുന്നതിന് ദുർബ്ബല വിഭാഗങ്ങൾക്ക് ലോൺ അനുവദിക്കുക.
12 സ്റ്റേജ് സർട്ടിഫിക്കററ് നൽകുന്നതിനുള്ള അധികാരം ജനപ്രതിനിധികൾക്ക് നൽകുക.
13 കുടുംബ സ്വത്തിൽ വിഹിതമുള്ളവരും മററു സ്വന്തം പേരിൽ ഭൂമി ഇല്ലാത്തവരുമായവർക്ക് ഇപ്പോൾ സർക്കാറിൽ നിന്നുള്ള സാമ്പത്തിക സാഹായങ്ങൾ ലഭിക്കുന്നില്ല അത്തരക്കാർക്ക് മററു അവകാശികളുടെ സമ്മതപ്രകാരം കൂട്ടുസ്വത്തിൽ വീടുനിർമ്മിക്കുന്നതിനു സർക്കാർസഹായം ലഭ്യമാക്കണം.

**വൃദ്ധ മന്ദിരം**

സ്വന്തമായി കുടുംബാംഗങ്ങളില്ലാത്തവരും, വീടില്ലാത്തവരും വീടുണ്ടെങ്കിലും ആശ്രിതരില്ലാത്തവരുമായ നൂറോളം ആളുകൾ ഇപ്പോൾ ഈ പഞ്ചായത്തിലുണ്ട്. രോഗാവസ്ഥയിലും ജോലിചെയ്യാൻ കഴിയാത്ത സന്ദർഭങ്ങളിലും അയൽവാസികളുടെയും നാട്ടുകാരുടെയും സഹായം മാത്രമാണ് ഇവർക്കുള്ളത്.

ഇത്തരക്കാരുടെ ജീവിതം വളരെ ക്ലേശകരമാണെന്നതിൽ രണ്ടഭിപ്രായമില്ല. ആയതിനാൽ ഇത്തരം അശരണരുടെയും വൃദ്ധരുടെയും സംരക്ഷണത്തിനും പരിചരണത്തിനും വേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്രം നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

○

145

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5 (7) സാമൂഹ്യക്ഷേമം

കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ കീഴിലുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും ക്ഷേമനിധി ബോർഡുകളുടെ ചില പ്രവർത്തനങ്ങളും മാത്രമാണ് ഈ പഞ്ചായത്തിൽ സാമൂഹ്യക്ഷേമരംഗത്ത് ഉള്ളത്

പട്ടികജാതി വികസന കോർപ്പറേഷൻെറയും വനിതാവികസന കോർപ്പറേഷൻെറയും ആഭിമുഖ്യത്തിലുള്ള പ്രവർത്തനങ്ങൾ ഇവിടെ കാര്യമായി നടന്നിട്ടില്ലെന്നുതന്നെ പറയാം.

മററു പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെയധികം വിസ്തൃതിയും ജനസംഖ്യയും ഉള്ള ഈ പഞ്ചായത്തിൽ അനുവദിക്കപ്പെടുന്ന തുകയുടെ കുറവും അതുനടപ്പാക്കാനുള്ള ഉദ്യോഗസ്ഥരുടെ എണ്ണക്കുറവും കാരണം ഈ രംഗത്ത് കൂടുതൽ മുന്നേറാൻ ഈ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

സാമൂഹ്യക്ഷേമ ബോർഡിൻെറ പ്രവർത്തനം ഈ പഞ്ചായത്തിൽ കാര്യമായി ഉപയോഗിക്കപ്പെട്ടിട്ടില്ല. തിരുവനന്തപുരത്ത്നിന്ന് ആസ്ഥാനം കോഴിക്കോട്ടേക്ക് മാററിയതിന് ശേഷം മാത്രമാണ് ഈ വകുപ്പിൻെറ ചില പ്രവർത്തനങ്ങളെങ്കിലും ഇവിടങ്ങളിൽ നടന്നത്. അത തന്നെ ഇപ്പോൾ പുരോഗമിക്കുന്നില്ല.

കൂടുതലും കർഷകത്തൊഴിലാളികളും നിർമ്മാണത്തൊഴിലാളികളും ഉള്ള ഈ പഞ്ചായത്തിൽ 60% തൊഴിലാളികൾക്കും ക്ഷേമനിധിയുമായി ബന്ധപ്പെടാൻ കഴിഞ്ഞിട്ടില്ല.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായ പ്രവർത്തനം നടത്തുന്നത് മലപ്പുറം വികസനബ്ലോക്കിൻെറ കീഴിലുള്ള ആനക്കയം, പന്തലൂർ എന്നീ രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ വഴിയാണ്.

ഈ പഞ്ചായത്തിൽ 2546 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. അതിൽ 105 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടെ 303 കുടുംബങ്ങൾക്കാണ് വിവിധ വകുപ്പുകളിലായി ഇതുവരെ സാമ്പത്തിക സഹായം ലഭിച്ചത്.

ഇതിലൂടെ 95 കുടുംബാംഗങ്ങൾക്ക് പുരോഗതി ഉണ്ടായിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

IRDP സർവ്വേലിസ്റ്റിൽപെടാത്തതിനാൽ അതഹ്യപ്പെട്ടവരും,ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവരുമായപല കുടുംബങ്ങൾക്കും സർക്കാരിൽ നിന്നും ആനുകൂല്യം നിഷേധിക്കപ്പെടുന്നഎന്ന പരാതി നിലനിൽക്കുന്നുണ്ട്

ബ്ലോക്ക്മുഖേന തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സഹായം ലഭ്യമാക്കുന്നതിൽ ബേങ്കുകൾ കാണിക്കുന്ന കുററകരമായ അനാസ്ഥ ഈ രംഗത്തെ ഏററവും വലിയ പ്രശ്നമാണ്. ആനുകൂല്യങ്ങൾക്ക തിരഞ്ഞെടുക്കപ്പെടുന്നവർക്ക്. സ്വന്തം ജാമ്യത്തിൽ പണം അനുവദിച്ചുകിട്ടാൻ നടപടിയുണ്ടായാൽ മാത്രമേ ഭൂരഹിതർക്കും യുവാക്കൾക്കും ഇതിൻെറ പ്രയോജനം ലഭിക്കുകയുള്ളു.

ഇരുമ്പുഴി, പന്തലൂർ എന്നിവിടങ്ങളിലെ ഗ്രാമീണബേങ്കുകൾ, ആനക്കയം, ഇരുമ്പുഴി, പന്തലൂർ എന്നിവിടങ്ങളിലെ സഹകരണബേങ്കുകൾ എന്നിവയാണ് ഈ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ.

ഇവയിൽ സാമ്പത്തികസഹായം നൽകുവാനുള്ള ഫണ്ട് സഹകരണബാങ്കുകൾക്ക് പരമാവധി അനുവദിക്കേണ്ടതാണ്.

146



**ഈ രംഗത്തെ പ്രശ്നങ്ങൾക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.**

1 പഞ്ചായത്തിന്റെ വിസ്തൃതി പരിഗണിച്ച് നിലവിലുള്ള വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ വിഭജിച്ച് ഇരുമ്പുഴി, ആനക്കയം, ചീററത്തുപാറ, മുടിക്കോട് എന്നിങ്ങനെ നാലു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ തുറന്ന് സ്ഥിരം ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതാണ്.

2 IRDP ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വർഷംതോറും സർവ്വേ നടത്തണം.

3 IRDP സഹായം നൽകുന്നതിനുള്ള ഫണ്ട് പഞ്ചായത്തിലെ സഹകരണ ബേങ്കുകൾക്ക് കൂടുതൽ നൽകുക.

4 ഗുണഭോക്താക്കളുടെ യോഗംവിളിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും ലാഭകരമാക്കാൻ വേണ്ട സഹായം അനുവദിക്കുകയും ചെയ്യുക.

5 ദാരിദ്ര്യ രേഖയ്ക്കുതാഴെയുള്ളവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ IRDP ലിസ്റ്റിൽ പേരുള്ളവർക്ക പുറമെ വരുമാനസർട്ടിഫിക്കററിന്റെ അടിസ്ഥാനത്തിലൊ റേഷൻകാർഡിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിലൊ ലിസ്റ്റിൽ പേർ ഉൾപ്പെടാത്തവർക്ക് കൂടി നൽകണം.

## DWCRA

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി സ്ത്രീകൾ ചെറിയ യൂനിററുകളിലായി തൊഴിൽരംഗത്ത് പ്രവർത്തിക്കുന്ന സംഘമാണ് DWCRA.

ഈ രംഗത്ത് ഇതുവരെയായി നടന്ന പ്രവർത്തനങ്ങളുടെ പട്ടികയിൽനിന്നും ആ സംബന്ധമായ വിവരണം ലഭിക്കുന്നതാണ്.

**DWCRA** പദ്ധതിപ്രകാരമുള്ള തൊഴിൽ സംരഭങ്ങളുടെ പട്ടിക

| WARD No. | തൊഴിൽസംരഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്നവർ | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| VIII | ആടുവളർത്തൽ | 91 92 | 9 | — |
| X | കൊപ്രസംസ്കരണം | 81/90 | 15 | ഇപ്പോൾ പ്രവർത്തനമില്ല. |
| XII | റെഡിമെയ്ഡ് യൂനിററ് | 91/92 | 11 | പ്രവർത്തിക്കുന്നുണ്ട്. |
| XIII | അടയ്ക്ക തേങ്ങ സംസ്കരണം | 95/96 | 12 | പ്രവർത്തനം തുടങ്ങി. |

ദേശസൽകൃത ബേങ്കുകളുടെ ഈ മേഖലയിലെ പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് പറയാവുന്നതല്ല. രൂപീകരിക്കപ്പെടുന്ന യൂണിററുകൾക്ക് പണം അനുവദിക്കുന്നതിന് ബാങ്കുകൾ പാലിക്കുന്ന നിയമങ്ങൾ ലഘൂകരിക്കാതെ ഈ രംഗത്ത് മുന്നേറാൻ കഴിയുകയില്ല. സ്വന്തംജാമ്യത്തിൽ പണം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഇതു സംബന്ധമായ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.**

1 യൂനിററിലെ വനിതകൾക്ക് യൂനിററ് ആരംഭിക്കുന്നതിന് മുമ്പ് പരിശീലനം നൽകുക.
2 പരിശീലനത്തിന് സ്റ്റൈപന്റ് നൽകുക.
3 DWCRA യുടെ സാമ്പത്തിക സഹായം യൂനിററായും അല്ലാതെയും നൽകുക.
4 ഉൽപ്പന്നങ്ങൾക്ക് പഞ്ചായത്തു തലത്തിൽ വിപണന കേന്ദ്രം ആരംഭിക്കുക.
5 സാമ്പത്തിക സഹായം നൽകാൻ സഹകരണ ബേങ്കുകൾക്ക ഫണ്ട് കൂടുതൽ നൽകി പ്രാപ്തരാക്കു

6 പ്രതികൂല സാഹചര്യങ്ങളിൽ നഷ്ടം വരുന്ന യൂനിററുകൾക്ക പുനരുജ്ജീവിപ്പിക്കുന്നതിനു് വിദഗ്ദ്ധരുടെ നിർദ്ദേശങ്ങളും ആവശ്യമായ സാമ്പത്തിക സഹായവും ലഭ്യമാക്കുക.

7 നീതികരിക്കാവുന്ന കാരണങ്ങളാൽ നഷ്ടം വരുന്ന യൂനിററുകളിലെ അംഗങ്ങൾക്കു് മററു യൂനിററുകൾ തുടങ്ങുന്നതിനുള്ള സഹായം നൽകുകയും നഷ്ടം വന്ന യൂനിററുകൾക്കു് അനുവദിച്ച ലോൺ തിരിച്ചടക്കുന്നതിനുള്ള ബാധ്യതയിൽ നിന്നു് അംഗങ്ങളെ ഒഴിവാക്കുകയും ചെയ്യുക.

8 നഷ്ടം വരാൻ ഇടയായ സാഹചര്യം അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിനു് പഞ്ചായത്ത് പ്രതിനിധികൾക്കു് അധികാരം നൽകുക.

9 യൂനിററ് കൺവീനർ മാർക്കു് പഞ്ചായത്ത് തലത്തിൽ പരിശീലനവും ചർച്ചയും നടത്തുക.

ട്രൈസം;-

18നും 35നും ഇടയിൽ പ്രായമുള്ളവർക്കു് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് നൽകുന്ന പരിശീലനമാണ് ട്രൈസം.

വിവിധ ട്രേഡുകളിലായി, ആനക്കയം സർക്കിളിൽ 54ഉം പന്തല്ലൂർ വില്ലേജിൽ 8ഉം പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ രണ്ടു വില്ലേജുകളിലും 4 പേർ വീതമാണ് ഈ പരിശീലനത്തിൻെറ അടിസ്ഥാനത്തിൽ സ്വയം തൊഴിൽ കണ്ടെത്തിയവരായിട്ടുള്ളത്. ബാക്കിയുള്ളവരിൽ 34പേർ മററു തൊഴിലുകളിൽ ഏർപ്പെട്ടവരും 20 പേർ ഒരു തൊഴിലും ചെയ്യാത്തവരുമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

| WARD | പരിശീലനവിഷയം | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിൽ നേടിയവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| I | Radio - T V Mechanism | 2 | — | 2 | — |
| | Embroidery | 2 | 2 | — | — |
| | Printing - Composing | 4 | — | 2 | 2 |
| | Welding | 1 | — | 1 | — |
| II | Radio - T V | 2 | — | 2 | — |
| | Embroidey | 3 | 2 | 1 | — |
| | Printing | 5 | — | 2 | 3 |
| | Type-Writting | 2 | — | — | 2 |
| III | Radio - TV | 2 | — | 2 | — |
| | Printing | 1 | — | 1 | — |
| | Type Writting | 2 | — | — | 2 |
| IV | Refrigerator | 1 | — | 1 | — |
| V | Printing | 4 | — | 2 | 2 |
| | Welding | 3 | — | 1 | 2 |
| VI | Radio - T V | 3 | — | 1 | 2 |
| | Embroidery | 1 | — | 1 | — |
| | Printing | 2 | — | 1 | 1 |
| | Plumbing | 1 | — | 1 | 1 |

| WARD | പരിശീലനവിഷയം | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിൽ നേടിയവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| VII | Radio - T V | 1 | — | — | 1 |
| | Welding | 2 | — | — | 2 |
| | Spray Painting | 1 | — | 1 | — |
| VIII | Spray Painting | 3 | — | 3 | — |
| | Wiring | 1 | — | 1 | — |
| | Type Writting | 1 | — | 1 | — |
| | Radio - T V | 1 | — | — | 1 |
| IX | Embroidery | 1 | — | 1 | — |
| | Welding | 1 | — | 1 | — |
| | Plumbing | 1 | — | 1 | — |
| X | Printing & Composing | 2 | 1 | 1 | — |
| XII | Printing | 5 | 2 | 3 | — |
| | Welding | 1 | 1 | — | — |
| | TOTAL | 62 | 8 | 34 | 20 |

ആവശ്യമുള്ളവരെ കണ്ടെത്തുന്നതിലുള്ള അപാകതയും. തൊഴിൽ സാധ്യതയുള്ള ട്രൈഡുകൾ തിരഞ്ഞെടുക്കാൻ ഗുണഭോക്താവിന് അവകാശം ഇല്ലാത്തതും പരിശീലനം ലഭിച്ചവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മാർഗ്ഗങ്ങളില്ലാത്തതും ഈ രംഗത്തെ പ്രശ്നങ്ങളാണ്. പരിശീലനത്തിന് തിരഞ്ഞെടുക്കുന്നവർ പരിശീലനം പൂർത്തീകരിക്കാത്തതിനാൽ 2തരം നഷ്ടം സംഭവിക്കുന്നു.

ഒന്ന്:– പരിശീലനകാലത്ത് നൽകപ്പെട്ട സ്റ്റൈപന്റ് നഷ്ടപ്പെടുന്നു.

രണ്ട്:– അർഹതപ്പെട്ടവരുടെ ചാൻസ് നഷ്ടപ്പെടുന്നു.

പരിശീലനകേന്ദ്രങ്ങൾ വളരെ അകലെയാകുന്നതിനാൽ ചിലവ് കൂടുന്നതും അനുവദിക്കപ്പെട്ട ട്രൈഡിനോട് പരിശീലകനുള്ള വിമുഖതയുമാണ് ഇതിന് കാരണം.

**ഇതിനു പരിഹാരമായി താഴെപറയുന്ന നിർദ്ദേശങ്ങളാണ് പരിഗണിക്കേണ്ടത്.**

1 പരിശീലനത്തിന് തിരഞ്ഞെടുക്കപ്പെടുന്നവർക്ക, ഇഷ്ടമുള്ള ട്രൈഡ് തിരഞ്ഞെടുക്കുന്നതിന് അനുവാദം നൽകുക

2 സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുക

3 പരിശീലനം പൂർത്തിയാക്കിയവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനു സാമ്പത്തിക സഹായം അനുവദിക്കുക

4 പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്ത്തലത്തിൽ സ്ഥാപിക്കുക.

5 കെട്ടിടനിർമ്മാണംപോലുള്ള കൂടുതൽ തൊഴിൽസാധ്യതകളുള്ള ട്രൈഡുകൾ ട്രൈസംകോഴ്സിൽ ഉൾപ്പെടുത്തുക.

6 പരിശീലന കേന്ദ്രങ്ങൾ സർക്കാറിന് കീഴിലാക്കി ഗുണനിലവാരവും ഉയർന്ന പഠനിലവാരവും ഉറപ്പ് വരുത്തുക.

**ടൂൾകിററ്:–**

ഗ്രാമീണ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടവർക്ക ആധുനിക തൊഴിലുപകരണങ്ങൾ നൽകുന്നതാണ് ടൂൾസ്കിററ് പദ്ധതി.

ഇതുപ്രകാരം ആനക്കയം പഞ്ചായത്തിലെ രണ്ടു വില്ലേജുകളിലായി താമസിക്കുന്ന 150ൽപരം പരമ്പരാഗത തൊഴിലാലാളികളിൽ 52 പേർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള നൂറോളം പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടില്ല. പ്രത്യേകിച്ച് കശവ കുടുംബങ്ങൾക്ക് അവരുടെ സൗകര്യമനുസരിച്ചുള്ള ഉപകരണങ്ങൾ എത്തിക്കേണ്ടതാണ്.

ഇതിനെക്കുറിച്ച് ഗുണഭോക്താക്കൾക്ക് സാന്ദർഭികമായ ബോധവല്ക്കരണവും നടത്തേണ്ടതാണ്.

## C R S P

ഈ പഞ്ചായത്തിലെ 1397 കുടുംബങ്ങൾ സാനിററി കക്കൂസ് ഇല്ലാത്തവരാണെന്ന് **IRDP** സർവ്വേയിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

ഇതിൽ ആനക്കയം സർക്കിളിൽ 64ഉം പന്തല്ലൂർ സർക്കിളിൽ 26ഉം കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചുവെങ്കിലും ആനക്കയം സർക്കിളിൽ 58 പേർക്കു പന്തല്ലൂർ സർക്കിളിൽ 14 പേർക്കും മാത്രമേ ഇത് പൂർത്തീകരിക്കാൻ കഴിഞ്ഞുള്ളു. ആനക്കയം സർക്കിളിൽ 822ഉം പന്തല്ലൂർ സർക്കിളിൽ 485ഉം കുടുംബങ്ങൾക്ക് കക്കൂസ് ഇല്ലാത്തവരാണ്.

കക്കൂസുകളെ സംബന്ധിക്കുന്ന വിവരം

| WARD N. | സാനിട്ടറികക്കൂസുകൾ ഇല്ലാത്ത വീടുകൾ | ഇതുവരെ അനുവദിച്ചകക്കൂസുകൾ 1992 to 96 | പൂർത്തീകരിച്ച എണ്ണം | ബാക്കിയുള്ളവർ |
|---|---|---|---|---|
| I to IX | 900 | 65 | 59 | 835 |
| X | 124 | 17 | 9 | 107 |
| XI | 123 | 4 | 3 | 119 |
| XII | 126 | 2 | 1 | 124 |
| XIII | 124 | 2 | — | 122 |
| Total | 1397 | 90 | 72 | 1307 |

വലിയ ഒരു വിഭാഗം കക്കൂസ് ഇല്ലാത്തവരാണെന്നിരിക്കെ ഇപ്പോൾ നൽകിവരുന്ന സഹായം വളരെ കുറച്ച്പേർക്ക് മാത്രമേ ലഭിക്കുന്നുള്ളു. മാത്രമല്ല അനുവദിക്കുന്ന പണം നിർമ്മാണച്ചിലവിന് തികയാത്തതിനാൽ വളരെ ദരിദ്രരായ ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. അതിനാൽ താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

1 കക്കൂസിന് സഹായം നൽകുമ്പോൾ കോളനികൾ, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകുക.

2 ചിലവ് കുറഞ്ഞ കക്കൂസ് നിർമ്മിക്കുന്ന രീതി പഞ്ചായത്തിലെ നിർമ്മാണത്തൊഴിലാളികൾക്ക് എത്തിക്കുക.

3 ചുരുങ്ങിയ സഹായം 5,000 രൂപയായി ഉയർത്തുകയും സഹായം മുൻകൂറായി ഘട്ടങ്ങളായും വിതരണം ചെയ്യുക.

4 ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാ വീടുകളിലും കക്കൂസ് ഉണ്ടാക്കുന്നതിന് **JRY** പോലുള്ള ഫണ്ടുകൾ കൂടുതൽ വകയിരുത്തുക.

150



**വില്ലേജ് ഓഫീസ് വഴിയുളള സഹായങ്ങൾ**

പെൻഷനുകളും അനാഥരായ പെൺകുട്ടികൾക്കുള്ള ധനസഹായങ്ങളും ആണ് ഇപ്പോൾ വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്നത്.

ഇതിൽ നൽകിവരുന്ന പെൻഷൻ തുകകൾ കൃത്യസമയത്ത് ലഭിക്കുകയോ അർഹരായവർക്ക് മുഴവൻ അനുവദിക്കപ്പെടുകയോ ചെയ്തിട്ടില്ല.

അനാഥകൾക്ക് വിവാഹത്തിന് നൽകപ്പെടുന്ന സഹായം പലപ്പോഴും ലഭിക്കാറില്ല. മാത്രമല്ല അപേക്ഷനൽകുന്ന നടപടിക്രമങ്ങളുടെ സങ്കീർണ്ണത കാരണം അർഹരായ പലർക്കും അപേക്ഷ നൽകാൻ സാധിക്കുന്നില്ല.

**ഇതിന് പരിഹാരമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടതാണ്.**

1 വിവാഹത്തിന് ഒരു മാസം മുമ്പ് അപേക്ഷ നൽകണമെന്ന വ്യവസ്ഥ പെട്ടന്നുള്ള വിവാഹങ്ങൾക്ക് അപേക്ഷ നൽകുന്നതിന് പ്രയാസം സൃഷ്ടിക്കുന്നതിനാൽ ആ വ്യവസ്ഥ പിൻവലിക്കണം.

2 വരന്റെ സമ്മത പത്രം, വിവാഹത്തിന്റെ മുമ്പ്നൽകുന്ന സഹായാപേക്ഷയിൽ വേണമെന്നാണ് ഇപ്പോഴത്തെ വ്യവസ്ഥ സാമൂഹികാചാരങ്ങളും നാട്ടുമര്യാദകളും അതിന് തടസ്സമായതിനാൽ പലർക്കും അപേക്ഷ നൽകാൻ കഴിയാതെ വരുന്നു. അതിനാൽ ആ വ്യവസ്ഥ പിൻവലിക്കണം.

3 മതാദ്ധ്യക്ഷന്റെയോ ജനപ്രതിനിധികളുടെയോ ശുപാർശ പ്രകാരം സഹായം നൽകുന്നതിനുള അധികാരവും ഫണ്ടും ഗ്രാമ പഞ്ചായത്തുകൾക്ക കൈമാറണം.

4 അപേക്ഷകർക്ക് വിവാഹ ദിവസത്തേക്ക് പണം ലഭിക്കുന്ന വിധം നടപടി ക്രമങ്ങൾ ലഘൂകരിക്കണം.

5 അപേക്ഷാ ഫോറത്തിൽ നൽകേണ്ട വിവരങ്ങളും സർട്ടിഫിക്കറ്റുകളും ഇപ്പോൾ വളരെ പ്രയാസപ്പെട്ട ശേഖരിക്കേണ്ടതാണ്. അവ ലഘൂകരിക്കേണ്ടതാണ്.

**മററു പെൻഷനുകൾ**

ഈ പഞ്ചായത്തിൽ വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, വികലാംഗപെൻഷൻ, തൊഴിലില്ലായ്മ വേതനം, ക്ഷയ രോഗികൾക്കുള്ള പെൻഷൻ എന്നിവയാണ് ഉള്ളത്.

ജനങ്ങളുടെ അറിവില്ലായ്മ, പൊതുപ്രവർത്തകരുടെ താൽപര്യക്കുറവും, നിയമത്തിന്റെ ഊരാക്കുടുക്കുകളും ഉദ്യോഗസ്ഥരുടെ കടുംപിടുത്തവും കാരണം അർഹതപ്പെട്ട പലർക്കും ഈ ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്നു. മാത്രമല്ല, അനുവദിക്കപ്പെട്ട പലർക്കും യഥാസമയം പെൻഷൻപണം ലഭിക്കുന്നില്ല. അതേസമയം അനർഹരായ ആളുകൾക്ക് ലഭിക്കുന്നുണ്ടെന്ന ആക്ഷേപം നിലനിൽക്കുകയും ചെയ്യുന്നു.

പുതിയ പഞ്ചായത്ത് രാജ് സംവിധാനം പരിപൂർണ്ണമാകാത്തതിനാൽ നിലവിലുള്ള എല്ലാ പെൻഷനുകളും അപേക്ഷ സ്വീകരിച്ചിരുന്ന ഓഫീസുകളിൽനിന്ന് അതിനുള്ള അധികാരം എടുത്തുമാറ്റുകയും പഞ്ചായത്തുകൾക്ക് അധികാരവും ഫണ്ടും നൽകാതിരിക്കുകയും ചെയ്യാത്തതിനാൽ പുതിയ അപേക്ഷകർക്ക് അപേക്ഷ നൽകാൻ കഴിയുന്നില്ല.

**വിധവാപെൻഷൻ**

പ്രായപൂർത്തിയായ ആൺമക്കളില്ലാത്ത വിധവകൾക്ക് നൽകിവരുന്ന ഈ ആനുകൂല്യത്തിന്റെ നിയമവ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. കർഷകത്തൊഴിലാളി പെൻഷ

പോലെത്തന്നെ വരുമാനത്തിൻെറ അടിസ്ഥാനത്തിലും വിവാഹിതരായ ആൺമക്കളെ പരിഗണിക്കാതെയും എല്ലാവിധവകൾക്കും ഈ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. മാത്രമല്ല അനുവദിക്കപ്പെടുന്ന ആനുകൂല്യം യഥാസമയം വിതരണം ചെയ്യേണ്ടതുമാണ്.

**കർഷകതൊഴിലാളി പെൻഷൻ**

കൃഷിഎന്നതിൻെറ നിർവ്വചനത്തിലെ അവ്യക്തത കാരണം കർഷകത്തൊഴിലാളി പെൻഷൻ എല്ലാ തൊഴിലാളികൾക്കും ലഭിക്കുന്നില്ല. ഇപ്പോൾ അതിനു ശുപാർശ ചെയ്യുന്നതിനുള്ള അധികാരം വില്ലേജ് ഓഫീസറിൽനിന്ന് മാററിയെങ്കിലും പഞ്ചായത്തുകൾക്ക് കൈമാറിയിട്ടില്ല. അതിനാൽ പുതിയ അപേക്ഷകർക്കു അപേക്ഷനൽകാൻ സാധിക്കുന്നില്ല.

**വാർദ്ധക്യകാല പെൻഷൻ**

കേന്ദ്രസർക്കാർ ഈയിടെ പ്രഖ്യാപിച്ച ഈ പദ്ധതി, പ്രചരണത്തിൻെറ അഭാവം മൂലം അർഹരായ എല്ലാവർക്കും ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല, അപേക്ഷിച്ചവർക്കു മുഴുവൻ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് ആക്ഷേപമുണ്ട്.

വിവാഹിതരായ ആൺമക്കൾ വേറെ വീടുകളിൽ താമസിക്കുന്നുവെങ്കിലും അവരെക്കൂടി പരിഗണിച്ചാണ് ഇപ്പോൾ പെൻഷൻ നൽകുന്നത്. അതിനാൽ സ്വന്തമായി ജീവനോപാധിയില്ലാത്ത വൃദ്ധക്ക് അവർ സ്വന്തമായാണ് താമസിക്കുന്നതെങ്കിൽപോലും ആനുകൂല്യം ലഭിക്കുന്നില്ല.

**തൊഴിലില്ലായ്മവേതനം**

ഈ പഞ്ചായത്തിൽ തൊഴിലില്ലായ്മവേതനം കൈപ്പററുന്നവരുടെഎണ്ണം വളരെ കുറവാണ്. വളരെ വിശാലമായ പരിധിയുള്ള മലപ്പുറം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നാണ് ഈ പഞ്ചായത്തിലുള്ളവർക്ക് വേതനം അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും.

ഗുണഭോക്താക്കളായസ്ത്രീകൾ രാവിലെമുതൽ വൈകുന്നേരംവരെ തുഛമായ വേതനത്തിന്വേണ്ടി ഒരു സഹായിയോടൊപ്പം കാത്ത്നിൽക്കുന്നതിനാൽ കിട്ടുന്ന പണം അതു വാങ്ങുന്നതിന് ചിലവാകുന്നു.

തൊഴിലില്ലായ്മവേതനവിതരണം പഞ്ചായത്ത് ഓഫീസുകൾവഴി വിതരണം ചെയ്യുകയാണ് ഇതിനു പരിഹാരം.

പെൻഷൻ നൽകുന്നതിൽ കാതലായ മാററങ്ങൾ ആവശ്യമാണ്. അതുസംബന്ധമായ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

**നിർദ്ദേശങ്ങൾ**

1 ആൺമക്കളുടെ പ്രായപരിധി എല്ലാ വിധവകൾക്കും പെൻഷൽ നൽകണം, പ്രത്യേകിച്ചും ആൺമക്കൾ വിവാഹിതരാണെങ്കിൽ അവരെ പരിഗണിക്കാതിരിക്കണം.

2 വിവാഹപ്രായംകഴിഞ്ഞ അവിവാഹിതർക്ക് ഇപ്പോൾ പെൻഷൻ ലഭിക്കുന്നില്ല ആയത്, ഇരുപത്തിഅഞ്ചുവയസ്സുവഴിഞ്ഞ അവിവാവാഹിതർക്കും പെൻഷൻ അനുവദിക്കുന്നതിനു നടപടി സ്വീകരിക്കണം.

3 'അന്യൻെറ ഭൂമിയിൽ അധ്വാനിക്കുന്നവൻ കർഷകതൊഴിലാളി' എന്ന അടിസ്ഥാനത്തിൽ 60 വയസ്സുകഴിഞ്ഞ എല്ലാതരം കർഷകതൊഴിലാളികൾക്കും പെൻഷൻ നൽകണം.

4 കർഷകതൊഴിലാളിപെൻഷന് അപേക്ഷ സ്വീകരിച്ച് നടപടി സ്വീകരിക്കാനുള്ള അധികാരവും ഫണ്ടും ഗ്രാമപഞ്ചായത്തുകാർക്ക് ഉടൻ കൈമാറണം.

5 വിവാഹിതരായ ആൺമക്കളും, വേറിട്ട്താമസിക്കുന്ന ആൺമക്കളേയും പരിഗണിക്കാതെ 60 വയസ്സുകഴിഞ്ഞ നിരാലംബർക്ക് പെൻഷൻ അനുവദിക്കണം.

6 തൊഴിലില്ലായ്മവേതനവിതരണം ഗ്രാമപഞ്ചായത്ത് ഓഫീസുകൾവഴി ആക്കുക.

**പെൻഷൻവിതരണം സംബന്ധിച്ച പട്ടിക**

| പെൻഷൻ | സർക്കിളുകൾ ആനക്കയം | പന്തല്ലൂർ | ആകെ |
|---|---|---|---|
| അഗതിപെൻഷൻ | — | 133 | 133 |
| വിധവാപെൻഷൻ | 116 | 90 | 206 |
| വികലാംഗപെൻഷൻ | 55 | 37 | 92 |
| വാർധക്യപെൻഷൻ | 4 | 6 | 10 |
| അവശകലാപെൻഷൻ | — | 1 | 1 |
| ക്ഷയരോഗിപെൻഷൻ | 13 | 12 | 25 |
| കർഷകതൊഴിലാളിപെൻഷൻ | 1824 | 643 | 2467 |
| തൊഴിലില്ലായ്മവേതനം | 652 | 248 | 900 |
| ആകെ | 2664 | 1170 | 3834 |

**അംഗൻവാടികൾ**

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി പ്രവർത്തിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന വയാണ് അംഗൻവാടികൾ. ഈ പഞ്ചായത്തിൽ 38 അംഗൻവാടികളും പഞ്ചായത്ത് നഴ്സറി സ്കൂളും ഉണ്ട്.

**I C D S** ലക്ഷ്യമിട്ട രൂപത്തിൽ അംഗൻവാടികൾക്ക് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. ദരിദ്രരും തൊഴിലാളികളുടെ മക്കളുടെ മക്കളുടെ കുട്ടികൾക്ക് അനുപൂരക പോഷകാഹാരം ലഭിക്കുന്ന രൂപത്തിൽ അംഗൻവാടികളിലെ ഭക്ഷണക്രമം മാററിയെടുക്കേണ്ടതുണ്ട്.

ആനക്കയം പഞ്ചായത്തിൽ ഈയിടെയായി അനുവദിക്കപ്പെട്ട പ്രവർത്തനം തുടങ്ങിയ അംഗൻവാടികളിൽ 24 എണ്ണം സ്വന്തമായി കെട്ടിടം ഇല്ലാത്തവയാണ്. പല സ്ഥലങ്ങളിലും കെട്ടിടനിർമ്മാണത്തിന് ആവശ്യമായസ്ഥലം സൗജന്യമായി ലഭിച്ചിട്ടുണ്ടെങ്കിലും സർക്കാർഫണ്ട് അനുവദിക്കാത്തതിനാലും അനുവദിച്ച സ്ഥലങ്ങളിലെ ഫണ്ട്, പ്രാദേശിക നിലവാരമനുസരിച്ച് തികയാതെ വരുന്നതിനാലും സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാകുന്നില്ല.

കൂലിത്തൊഴിലാളികളായ സ്ത്രീകൾക്ക്, അവർ ജോലിക്ക്പോകുന്ന സന്ദർഭങ്ങളിൽ കൊച്ചുകുട്ടികളുടെ സംരക്ഷണത്തിന് ഉതകുംവിധം അംഗൻവാടികളുടെ പ്രവർത്തന സമയം ക്രമീകരിക്കേണ്ടതുണ്ട്.

വളരെ ദീർഘിച്ചതും ഭാരിച്ചതുമായ തൊഴിൽചെയ്യേണ്ട അംഗൻവാടി ജീവനക്കാർക്ക് വളരെ ചെറിയ ശമ്പളം മാത്രമാണ് ലഭിക്കുന്നത്. അതിനാൽ മററുജോലികൾചെയ്യാൻ കഴിവുള്ള പലരും ഈ രംഗത്തേക്ക് വരുന്നില്ല.

അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യങ്ങളായ ഉപകരണങ്ങളോ കുട്ടികൾക്ക് കളിപ്പാട്ടങ്ങളോ ഈ സ്ഥാപനങ്ങളിൽ ലഭ്യമായിട്ടില്ല.

അതിനാൽ താഴെപറയുന്ന നിർദ്ദേശങ്ങളാണ് ഗ്രാമസഭകളിൽ നിന്നു ഉയർന്നുവന്നിട്ടുള്ളത്.

**നിർദ്ദേശങ്ങൾ**

1 ആനക്കയത്ത് അനുവദിച്ച മോഡൽ അംഗനവാടിക്കു കെട്ടിടം നിർമ്മിക്കുക.
2 സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അംഗനവാടികൾക്ക് അവ നിർമ്മിക്കുന്നതിനു 50,000 രൂപവീതം 24 അംഗൻവാടികൾക്കും അനുവദിക്കുക.
3 അംഗൻ വാടികൾക്കു ആവശ്യമായ ഫർണിച്ചറുകൾ, മററു ഉപകരണങ്ങൾ, കളിക്കോപ്പുകൾ എന്നിവ എത്തിക്കുക
4 അംഗൻ വാടികളോടനുബന്ധിച്ചുള്ള മഹിളാ സമാജങ്ങൾ മുഖാന്തിരം ചെറുകിട കുടിൽവ്യവസായങ്ങൾ തുടങ്ങുവാനുള്ള പദ്ധതി നടപ്പാക്കുക
5 അംഗൻവാടി ജീവനക്കാർക്കു സർക്കാർ സ്കൂൾ അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കുക.
6 അംഗൻവാടികളിൽ പ്രാഥമിക ചികിത്സാ (First Aid) സൗകര്യം ഏർപ്പെടുത്തുക.
7 ഒരു നിശ്ചിത കാലയളവിൽ കുട്ടികളെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുക.
8 കുട്ടികൾക്കു യൂനിഫോം നടപ്പാക്കുക
9 പോഷകാഹാരക്കുറവുള്ള കുട്ടികൾ ഗർഭിണികൾ എന്നിവർക്കു പ്രത്യേക പരിചരണ സൗകര്യം ഏർപ്പെടുത്തുക.
10 ദീർഘകാല ചികിത്സ ആവശ്യമുള്ള കുട്ടികൾക്കു സാമ്പത്തിക സഹായം അനുവദിക്കുക.
11 സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾ വാർഷിക അററ കുററപ്പണികൾ നടത്തുക.
12 സ്ത്രീകളുടെ അറിവു വർദ്ധിപ്പിക്കുന്നതിനു ഉതകുന്ന മിനി ലൈബ്രറികൾ അംഗൻവാടിയിൽ സ്ഥാപിക്കുക.

**പൊതു വിതരണം**

പതിനാറു പൊതുവിതരണ കേന്ദ്രങ്ങളാണു ഈ പഞ്ചായത്തിൽ ഇപ്പോൾ ഉള്ളത്. ജനങ്ങളുടെ മുഖ്യാഹാരമായ അരിക്കുപുറമെ മണ്ണെണ്ണ, പഞ്ചസാര. ഗോതമ്പ് എന്നിവയാണ് പ്രധാനമായും ഈ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്നത്. പഞ്ചായത്തിലെ പൊതുവിതരണ കേന്ദ്രങ്ങളിൽ അധികവും മഞ്ചേരി പി. സി. സി എം. സൊസൈററിയുടെയും ഒന്ന് ആനക്കയം സഹകരണ ബേങ്കിൻെറയും കീഴിലുള്ളവയും ബാക്കിയുള്ളവ സ്വകാര്യ വ്യക്തികൾ നടത്തുന്നവയുമാണ്.

ജനങ്ങളുടെ മുഖ്യ ഭക്ഷ്യവസ്തു അരിയാണെങ്കിലും അതിന് മററുള്ളവയെ അപേക്ഷിച്ച് പൊതുമാർക്കററിൽ വില കൂടുന്നില്ല. എന്നാൽ പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ക്രമാതീതമായ വിലക്കയററം സാധാരണ ജനങ്ങളെ വിഷമത്തിലാക്കുന്നുണ്ട്.

ഗൾഫ്പണത്തിൻെറ സ്വാധീനം വർദ്ധിച്ചശേഷം ജനങ്ങളുടെ ഭക്ഷണകാര്യത്തിൽ വലിയ മാററം ഉണ്ടായിട്ടുണ്ട്. അരിക്കുവേണ്ടി ചിലവഴിക്കുന്നതിൻെറ അനേകം മടങ്ങ് തുക മററു ഭക്ഷണസാധനങ്ങൾവേണ്ടി ചിലവഴിക്കേണ്ടിവരുന്നു.

ഇത്തരം വസ്തുക്കളുടെ ക്രമാതീതമായ വിലക്കയററം പിടിച്ചുനിർത്തുന്നതിനും നിയന്ത്രിക്കുന്നതിനും പൊതുവിവരണം ശക്തിപ്പെടുത്തുക മാത്രമേ നിർവ്വാഹമുള്ളു. എന്നാൽ അതിന് ഉതകുന്ന മാവേലി സ്റ്റോറുകൾ ഈ പഞ്ചായത്തിൽ ഇല്ല.

റേഷൻഷാപ്പുകളിൽ വിതരണം ചെയ്യപ്പെടുന്ന അരി ഗുണനിലവാരമില്ലാത്തതാണെന്ന് പര

154



ക്കെ ആക്ഷേപം ഉയർന്നിട്ടുണ്ട്. മാത്രമല്ല, അനുവദിക്കപ്പെട്ട അളവ് തികച്ചും കിട്ടുന്നില്ലെന്നും പല ഗ്രാമസഭകളിലും ആക്ഷേപമുണ്ട്. ഗോഡൗണുകളിൽ നിന്നും തൂക്കി വിതരണം ചെയ്യുന്ന ഉല്പന്നങ്ങൾ, ചാക്കുകളുടെ ഗുണനിലവാരമില്ലായ്മ കാരണം മുഴുവനായും പൊതുവിതരണ കേന്ദ്രങ്ങളിൽ എത്തുന്നില്ല. ഇത് ഉപഭോക്താവിന് അളവിൽ കുറവ് വരുത്തിനല്ലാൻ വിതരണക്കാരെ നിർബന്ധിതരാക്കുന്നു.

200 ലിററർ അളവുണ്ടാകേണ്ട മണ്ണെണ്ണബാരലുകൾ പൊതുവിതരണകേന്ദ്രങ്ങളിലെത്തുമ്പോൾ 10 ലിറററെങ്കിലും കുറവുണ്ടാകാറുണ്ട്. ഗോഡൗണുകളിലെ ഈ വെട്ടിപ്പ് കാരണം കാർഡുടമകൾക്ക് അനുവദിക്കപ്പെട്ട അളവ് മുഴുവൻ നൽകാൻ വിതരണക്കാർക്ക് കഴിയാറില്ല.

കേരളസർക്കാർ ഈയിടെ പ്രഖ്യാപിച്ച 4 കിലോ അരിക്കുള്ള സബ്സീഡി പല കാർഡുടമകൾക്കും വിഷമം സൃഷ്ടിക്കുന്നുണ്ട്. സബ്സീഡിയുള്ള അരിയും ബാക്കിയുള്ളതും രണ്ടുതരമാവുന്നത് വിതരണക്കാർക്കും ഉപഭോക്താവിനും ഏറെ പ്രയാസമുണ്ടാക്കുന്നു.

ഭാരിച്ച ഒരു ജോലി ചെയ്യേണ്ട വിതരണക്കാർക്ക് ഇന്നുനൽകുന്ന വേതനം, കമ്മീഷൻ എന്നിവ വളരെ കുറവാണെന്ന് അതുമായി ബന്ധപ്പെട്ടവർക്കും പരാതിയുണ്ട്.

റേഷൻകാർഡുകൾ ഇന്നു പലകാര്യങ്ങൾക്കും അത്യാവശ്യമുള്ള ഒരു രേഖയാണ് എന്നാൽ ഈ പഞ്ചായത്തിൽ റേഷൻകാർഡുകൾ ഇല്ലാത്ത കുടുംബങ്ങൾ വളരേയേറെ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

പല റേഷൻകാർഡുകളിലും മുഴുവൻ കുടുംബാഗങ്ങളുടെ പേർ ഉൾപ്പെട്ടിട്ടില്ല. പുതുതായി കാർഡ് വിഭജനം നടത്തുന്നത് നിർത്തിവെച്ചത് മൂലം പല പ്രയാസങ്ങളും ഉണ്ടായിട്ടുണ്ട്.

വളരെ വിശാലതയും ജനസംഖ്യയുമുള്ള ഏറനാട് താലൂക്കിൽ റേഷൻകാർഡു സംബന്ധമായ പ്രവർത്തനങ്ങൾക്കു ഒരു ഉദ്യോഗസ്ഥൻ മാത്രമായതിനാൽ കാർഡു വിതരണത്തിനു താമസം വരുന്നു.

ഇതിനു പരിഹാരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് താഴെ പറയുന്ന കാര്യങ്ങളാണ്.

**നിർദ്ദേശങ്ങൾ**

1 ആനക്കയം, പന്തല്ലൂർ വില്ലേജുകളിൽ ഓരോ മാവേലിസ്റ്റോറുകൾ ആരംഭിക്കണം.
2 പൊതുവിതരണ കേന്ദ്രങ്ങളിൽ പലവ്യഞ്ജന സാധനങ്ങൾ വിതരണം ചെയ്യുക.
3 റേഷൻ അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും നല്ല ചാക്കുകളിൽമാത്രം നിറക്കുകയുംചെയ്യുക.
4 ഗോഡൗണുകളിൽ നിറക്കുന്ന മണ്ണെണ്ണ കൃത്യം അളവുണ്ടെന്നും അളവു- തൂക്ക ഉദ്യോഗസ്ഥർ പരിശോധിച്ചു സീൽ ചെയ്തശേഷം മാത്രം വിതരണ കേന്ദ്രങ്ങളിൽ എത്തിക്കുക.
5 ഒരു കാർഡുടമക്കു ഒരേ ഇനം അരി മാത്രം വിതരണം ചെയ്യുക.
6 റേഷൻ വിതരണത്തിനുള്ള വേതനം കലോചിതമായി പരിഷ്കരിക്കുക.
7 സ്വന്തമായി റേഷൻ കാർഡില്ലാത്തവർക്കും കാർഡിൽ പേർ ഇല്ലാത്തവർക്കും പഞ്ചായത്ത് പ്രസിഡണ്ട്, ജനപ്രതിനിധികൾ എന്നിവരുടെ ശുപാർശ പ്രകാരം കാർഡുനൽകൽ നിർബന്ധമാക്കുക.
8 കുടുംബങ്ങൾ മാറിത്താമസിക്കുന്നതിനനുസരിച്ചു കാർഡു വിഭജനം സാധ്യമാക്കുക
9 റേഷൻകാർഡുകളിലെ തെററുകൾ തിരുത്തുന്നതിനും മററും വാർഡുതലത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.
10 ഏറനാട്ട് താലൂക്ക് സപ്ളൈ ഓഫീസിൽ റേഷൻകാർഡുകൾ തയ്യാറാക്കുന്നതിനു ജനസംഖ്യാനുപാതികമായി ഉദ്യോഗസ്ഥരെ നിയമിക്കുക. ○

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5 (8) സംസ്കാരം

ആനക്കയത്തിന്റെ തെക്കുകിഴക്കുഭാഗത്ത് ഒരു കാവൽഭടനെപ്പോലെ തലയുയർത്തിനിൽക്കുന്ന കൊടികുത്തിമലയുടെയും വിരിമാറു പിളർന്നു തുള്ളിതുളുമ്പിയൊഴുകുന്ന കടലുണ്ടിപ്പുഴയുടെയും പരിലാളനയിൽ കഴിയുന്ന ഈ ഗ്രാമത്തിന് ഉത്തമവും ഉത്കൃഷ്ടവുമായ പാരമ്പര്യത്തിന്റെ പൈതൃകമുണ്ട്. രാജാധികാരത്തിന്റെയും ബ്രിട്ടീഷ് കിരാത സാമ്രാജ്യവാഴ്ചയുടേയും ഫ്യൂഡൽ പ്രഭുവർഗ്ഗ സർവ്വാധിപത്യത്തിന്റെയും കൈപ്പേറി മധുരം നുണച്ചിറക്കിയവരാണിന്നാട്ടിലെ അടിസ്ഥാനവർഗ്ഗം. തടഞ്ഞു നിർത്താനാവാത്ത കാലത്തിന്റെ കുത്തൊഴുക്കിൽ ഉരുത്തിരിഞ്ഞു വന്ന ചരിത്രാവബോധം. ഇവിടത്തെ ജനതയുടെ സാംസ്കാരിക വീക്ഷണം ഇനിയും ഒത്തിരി സമ്പന്നമാവേണ്ടിയിരിക്കുന്നു എന്നു ബോധ്യമാകുന്നു.

സവർണ്ണ സമ്പന്ന നാടുവാഴി പ്രഭുക്കളുടെ തിരുവായ്ക്കെതിർ മൊഴിയില്ലായിരുന്ന കാലഘട്ടത്തിൽ ചെറുത്തുനിന്ന പോരാട്ടത്തിന്റെ ചരിത്രം വിളിച്ചോതുന്ന ഐതീഹ്യങ്ങൾ പഴമക്കാരിൽ ഇന്നും പുതുമൊഴിയായി നിലകൊള്ളുന്നു. ആനക്കയത്തിന്റെ സാംസ്കാരിക പൈതൃകം ഈ ഐതീഹ്യങ്ങൾ പ്രദീപ്തമാക്കുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വ വാഴ്ചക്കെതിരെ ഒരു കൊടുങ്കാറ്റു കണക്കെ ആഞ്ഞടിച്ച പ്രചണ്ഡപാതം കാടും മലയും തോടും പുഴയും നിറഞ്ഞ ഈ കൊച്ചുഗ്രാമത്തിലും അലയൊലികൊണ്ടു. ഒരാരവളിയോടെ സമരാവേശത്താൽ രണാങ്കണത്തിലേക്ക് എടുത്തുചാടിയ യുവത്വത്തിന്റെ ചിലമ്പൊലി ഇന്നും നമുക്കു കാതോർക്കാം. പന്തല്ലൂരിലെ ചക്കിപറമ്പൻ പോക്കർ മുസ്ലീയാരെയും നൂറോളം ആളുകളേയും ബ്രിട്ടീഷ് ഗവൺമെന്റ് ബല്ലേരി സെൻറർ ജയിലിലടച്ചു. ഗാന്ധിജിയുടെ കൂടെ ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തവരുടെ കൂട്ടത്തിൽ കിളിയമണ്ണിൽ കുഞ്ഞിമുഹമ്മദ് എന്നവർ ഇന്നും ജീവിച്ചിരിക്കുന്നു.

ഏറനാടിന്റെ മണൽത്തരികൾ തദ്ദേശീയരുടെ രക്തംകൊണ്ട് ചുവന്ന ഒരു കാലഘട്ടമായിരുന്നു '1921'. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ഭാഗമായി രൂപംകൊണ്ട ഖിലാഫത്ത് പ്രസ്ഥാനത്തിൽ എടുത്തുപറയത്തക്ക നേതാക്കളെയൊന്നും ഈ ഗ്രാമം സംഭാവന ചെയ്തിട്ടില്ല. എങ്കിലും 1921 ആഗസ്റ്റ് 20നു അന്നത്തെ കലക്ടർ തോമസിന്റെ നേതൃത്വത്തിൽ ആലിമുസ്ലിയാരെ അറസ്റ്റു ചെയ്യാനായി തിരൂരങ്ങാടി കിഴക്കേപ്പള്ളി വളഞ്ഞതോടെ ആനക്കയമെന്ന ഗ്രാമവും നീറിപ്പുകയാൻ തുടങ്ങി. ഈ പഞ്ചായത്തിന്റെ തൊട്ടരികിലുള്ള വള്ളുവങ്ങാടെന്ന സ്ഥലത്ത് വാരിയർകുന്നത്ത് കുഞ്ഞഹമ്മദ്ഹാജിയുടെ നേതൃത്വത്തിലുള്ള വിപ്ലവപ്രസ്ഥാനത്തിലേക്കുള്ളജനങ്ങളുടെ ഒഴുക്കായിരുന്നു പിന്നീട്. 1927 ആഗസ്റ്റ് അവസാനവാരത്തിൽ ആനക്കയത്തു തെററത്തുവീട്ടിൽ ചേക്കുട്ടി ഇൻസ്പെക്ടറെ വിപ്ലവപ്രസ്ഥാനം കൊലപ്പെടുത്തി ഹിന്ദുക്കളും മുസ്ലീമുകളും തോളോടുതോളുരുമ്മികഴിയുന്നആനക്കയത്ത് ഈ വിപ്ലവം ഒരു വർഗ്ഗീയലഹളയായി മാറിയില്ല എന്നതുമാത്രമല്ല ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ മറവിൽ കൊള്ളനടത്താൻ ശ്രമിച്ചവരെ ജാതിമതഭേദമന്യേ ഒററക്കെട്ടായി നിന്നെതിർത്ത ചരിത്രം ഇന്നാട്ടിന്റെ ഉത്തമസാംസ്കാരിക പൈതൃകം വിളിച്ചറിയിക്കുന്നു.

നാമെത്തിനിൽക്കുന്ന ദിശയിൽനിന്നും തിരിഞ്ഞുനോക്കുമ്പോൾ ഈ ഗ്രാമസംസ്കൃതിയുടെ പരിപോഷണത്തിന് വിവിധങ്ങളായ സ്രോതസ്സുകൾ സ്വാധീനം ചെലുത്തിയതായി കാണാം. ഇതിൽ പ്രഥമസ്ഥാനമലങ്കരിക്കുന്നത് വിദ്യാഭ്യാസം തന്നെ ഔപചാരിക-അനൗപചാരിക സ്ഥാപനങ്ങൾ തന്നെയാണ് ജനതയുടെ സാംസ്കാരിക വളർച്ചയുടെ തായ്‌വേരും. ഒരു നൂററാണ്ടിനുമുമ്പുതന്നെ നമ്മുടെ

156



പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി. കടമ്പോടുള്ള G·M·L·P·S പന്തല്ലൂർ ആണ് പഞ്ചായത്തിലെ ആദ്യ വിദ്യാഭ്യാസ സ്ഥാപനം. ഇന്ന് ഗ്രാമപഞ്ചായത്തിൽ നഴ്സറിതലംമുതൽ ഹൈസ്കൂൾതലംവരെയായി. ആകെ 67 ഔപചാരിക വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

പട്ടിക 1

| | | |
|---|---|---|
| നഴ്സറി | 6 | |
| അംഗൻവാടി | 38 | |
| L P | 16 | ആകെ 67 |
| U P | 5 | |
| H S | 2 | |

മററുവിദ്യാഭ്യാസ സ്ഥാപനങ്ങളാണ് വായനശാലയും ഗ്രന്ഥാലയങ്ങളും, ഗ്രന്ഥശാല വായനശാല എന്നിവയുടെ പ്രവർത്തന രംഗത്ത് നമ്മുടെ ഗ്രാമം വളരെ പിന്നിലാണ്. 1955 ൽ പെരിമ്പലത്തു സ്ഥാപിച്ച പൊതുജനവായനശാല ലൈബ്രറിയാണ് ഈഗ്രാമത്തിലെ ആദ്യത്തെ ഗ്രന്ഥാലയം. K·M കുഞ്ഞിമൊയ്തീൻ സംഭാവനചെയ്ത സ്ഥലത്ത് ശോചനീയാവസ്ഥയിലുള്ള വൈദ്യുതീകരിച്ച ഒരു കെട്ടിടമാണതിനുള്ളത്. വയോജനവിദ്യാഭ്യാസക്ലാസും ഇവിടെ ഒരുപാടുകാലം നടന്നുവന്നിരുന്നു. 1964ൽ പാപ്പിനിപ്പാറയിൽ സ്ഥാപിതമായ ഗ്രാമസംഘം വായനശാല&ഗ്രന്ഥാലയം 89_94 കാലഘട്ടത്തിൽ ഇത് നിർജ്ജീവാവസ്ഥയിലായിരുന്നു. 94 മുതൽ ഒരു വർഷത്തോളം ഇതു നല്ലനിലയിൽ പ്രവർത്തിച്ചു. സാമ്പത്തികഭാരം താങ്ങാനാവാതെ ഇപ്പോൾ പാപ്പിനിപ്പാറ A·M·L·P സ്കൂൾ കെട്ടിടത്തിലേക്കു മാററിയിരിക്കയാണ്, 1973ൽ സ്ഥാപിതമായ പൊതുജനവായനശാല& ലൈബ്രറി പന്തല്ലൂർ 1988വരെ നന്നായി പ്രവർത്തിച്ചു. പിന്നീട് 5 വർഷം നിർജ്ജീവമായും ഇപ്പോൾ നല്ലനിലയിലും പ്രവർത്തിക്കുന്നു. പന്തല്ലൂർ മലയുടെ ഉയരത്തിന് ചെറുപുഷ്പ യുവപ്രതിഭ ലൈബ്രറി & റീഡിംഗ് റൂം ഇന്നു നല്ലനില പ്രവർത്തിച്ചുവരുന്ന ഒരു വായനശാലയാണ്.

പട്ടിക 2

| Sl No | പേര് | സ്ഥാപിത വഷം | ഗ്രാൻറ് തുക | ഗ്രേഡ് | അംഗങ്ങളുടെ എണ്ണം | ബുക്കുകളുടെ എണ്ണം | കെട്ടിട വിവരം | പ്രതിമാസപുസ്തക വിതരണം |
|---|---|---|---|---|---|---|---|---|
| 1 | പൊതുജനവായനശാല & ലൈബ്രറി പെരിമ്പലം | 1955 | 900 | D | 212 | 3500 | സ്വന്തം | 893 |
| 2 | ഗ്രാമസംഘം വായനശാല&ഗ്രന്ഥാലയം പാപ്പിനിപ്പാറ | 1964 | അഞ്ച്വഷമായി കിട്ടുന്നില്ല. | — | 45 | 125 | വാടക | 221 |
| 3 | പൊതുജനവായനശാല പന്തല്ലൂർ | 1973 | 1000 | E | 82 | 251 | സ്വന്തം | 302 |
| 4 | ചെറുപുഷ്പയുവപ്രതിഭ ലൈബ്രറി&റീഡിംഗ് റൂം നെന്മിനി | — | ഇല്ല | ഇല്ല | 48 | 150 | സ്വന്തം | 394 |

ഇതു പോലെ സാംസ്കാരിക നവോത്ഥാനത്തിനു വേദിയൊരുക്കിയ പ്രസ്ഥാനങ്ങളാണ് കലാസമിതികളും കായിക സമിതികളും വനിതാ സംഘങ്ങളും. നിരവധി കലാകായിക സംഘടനകൾ കൂണുകൾപോലെ മുളച്ചു പൊങ്ങുകയും ഒരു വർഷം പോലും നിലനിൽക്കാതെ കുമിളകൾ പോലെ തകർന്നു തരിപ്പണമാവുകയും ചെയ്യുന്ന അവസ്ഥയാണ് ഈ പഞ്ചായത്തിൽ അങ്ങോളമിങ്ങോളമുള്ളത്. എന്നാൽ നിയാസ് പന്തലൂർഹിൽസ്, റെയിൻബോ പന്തലൂർ, ചേപ്പൂർ യുവകലാസമിതി, നവതാര ആനക്കയം, ഫ്രൻറ്സ്പാപ്പിനിപ്പാറ, ധ്വനി പാണായി, ഇരുമ്പുഴി ആർട്ട്സ് &Sports, ക്രസൻറ് ആനക്കയം, യുവതാര പെരിമ്പലം, സാഗരപെരിമ്പലം, ബ്രദേഴ്സ് കമ്മാട്ടുപറമ്പ്, എന്നീ കലാകായിക ക്ലബുകൾ ഏളിയ നിലയിലെങ്കിലും ഇപ്പോഴും പ്രവർത്തിച്ചുവരുന്നു.

ഈ പഞ്ചായത്തിൽ 38 മഹിളാസമാജങ്ങളുണ്ട് അതിൽ നന്നായി പ്രവർത്തിക്കുന്നത് മുൻ പഞ്ചായത്ത് മെമ്പർ മേരിഗിവർഗ്ഗീസ് പ്രസിഡൻറായിട്ടുള്ള പന്തലൂർ മഹിളാസമാജമാണ് മഹിളകളുടെ സാംസ്കാരികരംഗത്ത് വളരെയധികം ഉന്നതിയുണ്ടാകാൻ കഴിയുന്ന മറ്റൊരു സംഘടനയാണ് CBNP. CBNP യുടെ ആഭിമുഖ്യത്തിൽ 57 അയൽ ക്കൂട്ടസമിതികളും വാർഡുതല ഏരിയാ ഡവലപ്മെൻറ് സൊസൈററികളും പഞ്ചായത്തുതല കമ്മ്യൂണിററി ഡവലപ്മെൻറ് സൊസൈററിയും ഇന്നും നമ്മുടെ ഗ്രാമത്തിൽ നിലവിലുണ്ട്.

പഞ്ചായത്തിൻെറ സാംസ്കാരികരംഗത്തു വളരെയധികം സ്വാധീനം ചെലുത്താൻ കഴിയുന്ന സ്ഥാപനങ്ങളാണ് ജനവിദ്യാകേന്ദ്രങ്ങൾ എങ്കിലും തുടർസാക്ഷരതാ രംഗത്ത് ഇനിയും വളരെയധികം നാം ശ്രമിച്ചേ പററൂ. ഇവക്കൊന്നിനുപോലും സ്വന്തമായി കെട്ടിടങ്ങളില്ല.

പട്ടിക 3

| Sl No | പേര് | കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥാപനം | പുസ്തകങ്ങളുടെ എണ്ണം | ടി വി | സെൽഫ് | തുടർരംഗത്തെ എടുത്തുപറയാവുന്നപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| 1 | ജനവിദ്യാകേന്ദ്രം ചേപ്പൂര് | A. M. L. P. S ചേപ്പൂർ | 321 | ഇല്ല | ഉണ്ട് | K G നാസർഭവനനിർമ്മാണം ബോധവൽക്കരണ ക്ലാസ് |
| 2 | പെരിമ്പലം ജനവിദ്യാകേന്ദ്രം | C. A. U. P. S പെരിമ്പലം | 244 | ഇല്ല | ഉണ്ട് | ബോധവൽക്കരണ ക്ലാസുകൾ |
| 3 | ജനവിദ്യാകേന്ദ്രം ഇരുമ്പുഴി | G M. U. P. S ഇരുമ്പുഴി | 306 | ഇല്ല | ഉണ്ട് | ബോധവൽക്കരണ ക്ലാസുകൾ |
| 4 | പന്തലൂർ ജനവിദ്യാകേന്ദ്രം | പൊതുജനവായനശാല പന്തലൂർ | 288 | ഇല്ല | ഉണ്ട് | റോഡ്നിർമ്മാണം രക്തഗ്രൂപ്പ്നിർണ്ണയം |

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ നേതൃത്വം വഹിച്ച K. V. മുഹമ്മദ്ഇസ്ഹാഖും പ്രസ്ഥാനത്തിനു വേണ്ടി അനേകം ലേഖനങ്ങൾ രചിച്ച മഹത് വ്യക്തിയായിരുന്നു സാഹിത്യരംഗത്തും ഉയർന്നു വരുന്ന പല യുവസാഹിത്യകാരന്മാരും എഴുത്തുകാരും ആനക്കയത്തിനകത്തുണ്ട്. ഉയർന്നുവരുന്ന തിരിനാളങ്ങളെ കെടാവിളക്കുകളാക്കി മാററാൻ നാം ആസൂത്രിതമായി പല കർമ്മപദ്ധതികളും തയ്യാറാക്കേണ്ടിയിരിക്കുന്നു.

ഈ ഗ്രാമത്തിൽ ജനസംഖ്യയിൽ ഭൂരിഭാഗം വരുന്നത് മുസ്ലീംങ്ങളാണ്. ഹിന്ദുമതത്തിൽപെട്ട വരും നല്ലൊരു ശതമാനം വരും. പന്തലൂർമലയിൽ 225 ഓളം ക്രൈസ്തവ കുടുംബങ്ങളും താമസിക്കുന്നു ണ്ട്. മതസാംസ്കാരികരംഗത്തു് പ്രവർത്തിക്കുന്ന പല സംഘടനകളും ഈ പഞ്ചായത്തിലുണ്ട്. അനേ കം ഗ്രന്ഥാലയങ്ങളും വായനശാലകളും പ്രവർത്തിച്ചു വരുന്നുണ്ട് സാംസ്കാരികോന്നമനത്തിനു് പ്രോത്സാ ഹനാർഹമായ പല പരിപാടികളും ഇവർ ആസൂത്രണം ചെയ്യാറുണ്ട് എന്നത് സ്തുത്യർഹമായ ഒരു കാര്യമാണ്.

പട്ടിക 4

| വാർഡ് നമ്പർ | മുസ്ലീം പള്ളി | മുസ്ലീംനമസ്കാരപ്പള്ളി | മദ്രസ | അമ്പലം | മണ്ഡപങ്ങൾ | ക്രിസ്ത്യൻ പള്ളി | സൺഡേ സ്കൂൾ | മതസാംസ്കാരിക സംഘടനകൾ | നേർച്ചകൾ ഉത്സവങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 1 | 3 | 2 | 2 | 1 | 2 | — | — | — | മാത്തിൽ ഉത്സവം |
| 2 | 2 | 2 | 1 | 5 | 8 | — | — | — | മൂടെപറത്ത് മുത്തൻെറആറാ ട്ട് മഹോത്സവം |
| 3 | 2 | 4 | 2 | 3 | 3 | — | — | ഖിദ്മത്തുൽ ഇസ്ലാം സംഘം ISC | കാക്കരക്കാളിഉത്സവം ചാത്ത പ്പാരുക്കൊടി താലപ്പൊലി |
| 4 | 1 | 3 | 2 | 1 | 1 | — | — | മുസ്ലിംപരിപാ കമ്മററി | കരീഞ്ചീരി മുത്തപ്പൻകാവ് വേല |
| 5 | — | 4 | 3 | 1 | — | — | — | C H കൾച്ചറൽ സെൻറർ | കൊട്ടമ്പള്ളിക്കൽനേർച്ച ഇന്ന് നടത്താറില്ല. |
| 6 | 1 | 5 | 2 | — | 2 | — | — | യുണൈറഡ് കൾച്ചറൽ സെൻറർ | വെങ്ങാലൂർതാലപ്പൊലി |
| 7 | 1 | 5 | 4 | — | 2 | — | — | മർക്കസ് കോംപ്ലക്സ് മുസ്ലിം യുവജനസംഘം | വാൽപറമ്പൻ താലപ്പൊലി മാങ്ങോട്ടൂർ മുത്തൻവേല |
| 8 | 2 | 4 | 3 | — | 6 | — | — | YMA ആനക്കയം | നെടുമ്പള്ളിക്കുണ്ട്താലപ്പൊ ലി, ആനക്കയംവേല, കൊശവന്മാരുടെ ഉത്സവം |
| 9 | 2 | 1 | 3 | — | 2 | — | — | മുസ്ലിം കൾച്ചറൽ സൊസൈററി | |
| 10 | 1 | 3 | 2 | 1 | 1 | — | — | — | അമ്പലക്കളമ്പാട്ട്ഉത്സവം അമ്പലവള്ളക്കുരി താലപ്പൊലി |
| 11 | 2 | 3 | 2 | — | 3 | — | — | — | കററിക്കാട്തൊടി താല പ്പൊലി, കണ്ണച്ചതൊടിതാ ലൊലി, മുടിക്കോട് അയ്യപ്പൻവേല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 12 | 1 | 3 | 3 | — | 1 | 2 | 2 | തെക്കുമ്പാട്മുത്തൻവേല<br>2 പള്ളിപെരുന്നാൾ |
| 13 | 2 | 4 | 1 | 1 | — | -- | -- | ആമക്കാട്തങ്ങളുടെ<br>നേർച്ച അന്നദാനം |
| ആകെ | 20 | 43 | 30 | 13 | 32 | 2 | 2 | |

പഞ്ചായത്തിന്റെ ആവിർഭാവകാലംതൊട്ടേ ഈ ഗ്രാമത്തിലെ പ്രബലരാഷ്ട്രീയശക്തി ഇന്ത്യൻ യൂനിയൻ മുസ്ലീംലീഗാണ്. ഇന്ത്യൻ നാഷനണൽ കോൺഗ്രസ്, സി. പി. ഐ. (എം), സി.പി.ഐ തുടങ്ങിയ പാർട്ടികളും പ്രസ്തുതപാർട്ടികളുടെയെല്ലാം പോഷകസംഘടനകളും പ്രവർത്തിക്കുന്നുണ്ട്.

കായികരംഗത്ത് വലിയ സ്ഥാനമൊന്നും നേടിയെടുക്കാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഏഷ്യൻ വെററൽ മീററിൽ രണ്ടുപ്രാവശ്യം പങ്കെടുത്ത് സ്വർണ്ണമെഡൽനേടിയ കാണിക്കൽ കുഞ്ഞിമുഹമ്മദ്ഹാജിയുടെ പേരുമാത്രമേ എടുത്തുപറയക്കത്തതായിട്ടുള്ളു. പുതിയ തലമുറയെ കായികരംഗത്തേക്ക് ആകർഷിക്കാൻ കഴിയാത്തതിനു കാരണം വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിനാവശ്യമായ പരിപാടികൾ സ്കൂൾതലത്തിൽ നടപ്പാക്കുന്നില്ല എന്നതും സർക്കാർതലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ വേണ്ടരീതിയിൽ പഞ്ചായത്തുകൾ നടപ്പാക്കാൻ കഴിയാതെ പോവുന്നു എന്നതുമാണ്. പതിനഞ്ചോളം വർഷമായി മഞ്ചേരി സബ്ജില്ല കായികമേളയിൽ തുടരെ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന ഒരു യു പി സ്കൂളാണ് നമ്മുടെ പഞ്ചായത്തിന്റെ തന്നെ അധീനതയിലുള്ള P A U P S പന്തലൂർ. എന്നാൽ U P തലം കഴിയുന്ന ഇവർ കായികരംഗത്തുനിന്നും വഴിമാറിപ്പോവുന്നതിനു യഥാർത്ഥകാരണം പ്രോത്സാഹനമില്ലായ്മ മാത്രമാണ്.

നമ്മുടെ പഞ്ചായത്തിന്റെ സാംസ്കാരിക നിലയെ ഉയർത്തുന്നതിനായി പലമാർഗ്ഗങ്ങളും നാം സ്വീകരിച്ചേ മതിയാവൂ. പഞ്ചായത്തുതലത്തിൽ ഒരു വിദ്യാഭ്യാസകമ്മററിയും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ലസ്റ്റർകമ്മററിയുടെയുംകീഴിൽഎല്ലാ വിദ്യാലയങ്ങളിലുംനടത്തേണ്ടരൂപത്തിൽ കലാമേള, സാഹിത്യ സമാജങ്ങൾ, കയ്യെഴുത്തു മാസികകൾ പ്രബന്ധരചനാമത്സരങ്ങൾ എന്നിവയെല്ലാം സംഘടിപ്പിക്കാൻ ഒരു ഏകീകൃത രൂപം ഉണ്ടാക്കിയെടുക്കുകയും പ്രോത്സാഹനം നൽകുകയും ചെയ്യണം.

യുവാക്കളുടെ കലാകായികരംഗം പ്രോത്സാഹിപ്പിക്കാൻ ഇന്നുനടക്കുന്ന കേരളോത്സവങ്ങൾപര്യാപ്തമല്ലവാർഡുതലത്തിൽകൂടി ഓരോമേളനടത്താൻ പഞ്ചായത്ത് മുൻകയ്യെടുക്കുകയും അതിൽ അന്യംനിന്നു പോവുന്നതും അല്ലാത്തതുമായ എല്ലാ കലാരൂപങ്ങൾക്കും മത്സരങ്ങൾ സംഘടിപ്പിക്കാൻ സാമ്പത്തികമായി സഹായങ്ങളും പ്രോത്സാഹനവും നൽകുകയും വേണം.

നമ്മുടെ നെൽപാടങ്ങളിൽ നിന്നും പണ്ടുകാലത്തു ഉയർന്നു കേട്ടിരുന്ന നടീൽപ്പാട്ടും, മാപ്പിളമാരുടെ ഇടയിൽ വളരെ പ്രചാരത്തിലിരുന്ന ഒപ്പന, കോൽക്കളി, ദഫ്ഫ്മുട്ട് എന്നിവയും കരകനൃത്തം, കമ്പാട്ടം, തുമ്പിതുള്ളൽ. ചനിട്ട്കളിഎന്നിങ്ങനെയുള്ള കലാരൂപങ്ങളും, പട്ടാളി,

കളിരപ്പയററ്, കാളപൂട്ട് തുടങ്ങിയ കായികവിനോദങ്ങളും സമൂഹത്തിൽനിന്നും മാഞ്ഞുകൊണ്ടിരിക്കുകയാണ്. അവയെ തിരിച്ചുകൊണ്ടുവരാൻ നാം പല മാർഗ്ഗങ്ങളും ആലോചിക്കേണ്ടിയിരിക്കുന്നു.

ഗ്രന്ഥശാലാരംഗത്ത് വളരെയധികം പിന്നോക്കാവസ്ഥയിലാണ് നാമെന്നു കണക്കുകൾ തെളിയിക്കുന്നു. പട്ടിക (2) ഈ രംഗം പ്രോത്സാഹിപ്പിക്കാനും കലാകായികവനിതാ ക്ലബുകളെ (സംഘങ്ങളെ) ഏകോപിപ്പിക്കുന്നതിനായും നമ്മുടെ പഞ്ചായത്തുതലത്തിൽ ഒരു ഏകീകരണ സമിതി രൂപീകരിക്കുകയും എല്ലാ വാർഡുകളിലേയും ബന്ധപ്പെട്ട ക്ലബുകൾ ഇതിന്റെ കീഴിൽ ആഫിലിയേററ് ചെയ്യിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. പഞ്ചായത്ത് സമിതിക്ക് സ്വാധീനം ചെലുത്താനാവുന്ന ഈ കേന്ദ്രീകൃതസമിതി സാംസ്കാരികരംഗം പൊതുവായി വിലയിരുത്തി വേണ്ട പ്രവർത്തനങ്ങൾ (ലഘുരേഖകളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും, ഗ്രാൻറും, സമ്മാനങ്ങളും etc) നടത്താനുള്ള ഒരു സംവിധാനം ഉണ്ടാക്കിയെടുക്കാവുന്നതാണ്.

സാഹിത്യ രംഗം പരിപോഷിപ്പിക്കുന്നതിനായി സ്കൂൾ തലം തൊട്ടുതന്നെ തുടങ്ങി. കഥ, കവിത, നോവൽ, നാടകം, പ്രബന്ധ, രചനാമത്സരങ്ങളെല്ലാം സംഘടിപ്പിക്കേണ്ടിരിക്കുന്നു. യുവ കായികരംഗം പ്രോത്സാഹിപ്പിക്കുവാനായി കോച്ചിംഗ്സെൻററുകൾ ഉണ്ടാക്കുകയും Sparts ഉപകരണങ്ങൾ വിതരണം ചെയ്യുകയും അത്യാവശ്യമായി വന്നിരിക്കുന്നു.

പഞ്ചായത്തിനകത്തുള്ള എല്ലാമതസാംസ്കാരികസംഘടനകളെയും രംഗത്തിറക്കി ചെറുപ്പക്കാർ അനാവശ്യ പ്രവർത്തനങ്ങളിലേക്കും ലഹരിമയക്കു മരുന്നുകളിലേക്കുമുള്ള പ്രയാണം തടയാൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

വനിതകളാണ് കലാ കായികരംഗങ്ങളിൽ വളരെ വളരെ പിന്നിൽ നിൽക്കുന്നത് അവരെ പ്രോത്സാഹിപ്പിക്കാനും സമൂഹ്യാംഗീകാരം നേടിക്കൊടുക്കാനും നാം വളരെയധികം ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയവും 00 മീററർ ട്രാക്കെങ്കിലും ഇടാൻ കഴിയുന്ന ഒരു ഗ്രൗണ്ടും വളരെ അത്യാവശ്യമാണ്.

നമ്മുടെ വായനാശീലം ഇന്നും വളരെ തരംതാണ പൈങ്കിളികളിലേക്ക് മാറിയിരിക്കുന്നു എന്നാണ് തെളിയുന്നത്. ഈ പ്രവണത മാററിയെടുക്കുന്നതിനും സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനും, ഇലക്ട്രോണിക് മാധ്യമങ്ങളുടേയും ലൈംഗീക സിനിമകളുടെയും അതിപ്രസരം തടയുന്നതിനും നാം വളരെയധികം ശ്രദ്ധ ചെലുത്തിയേ തീരൂ.

**പ്രശ്നങ്ങൾ:**

* 2, 3, 4, 5, 6. 8, 9, 10, 12, 13 എന്നീ വാർഡുകളിൽ ഗ്രന്ഥാലയങ്ങളൊ വായനശാലകളൊ ഇല്ല.
* കലാകായിക വനിതാ സാംസ്കാരിക സംഘടനകളെ ഏകീകരിപ്പിക്കാൻ ഒരു കേന്ദ്ര സംഘടന ഇല്ല.
* കലാകായിക രംഗങ്ങളിൽ അന്യം നിന്നുവോയവ പലതും ഉണ്ട്. (വിശകകനം ശ്രദ്ധിച്ചുവല്ലോ.)
* സ്കൂൾതലം തൊട്ടുതന്നെ സാംസ്കാരികരംഗത്ത് പ്രോത്സാഹനർഹമായ ഒരു പ്രവർത്തനവും നമ്മുടെ ഗ്രാമത്തിലില്ല.
* വിലകുറഞ്ഞ പൈങ്കിളി സാഹിത്യത്തിലേക്കുള്ള ജനങ്ങളുടെ ഒഴുക്ക് നമ്മുടെ സാംസ്കാരിക പൈതൃകത്തെ വഴിതെററിക്കുന്നു.
* ലൈംഗീക സിനിമകളുടെ അതിപ്രസരം, 5.25 വയസ്സിനിടക്കുള്ള ചെറുപ്പകാർ അനാശാസ്യ പ്രവ

ത്തനങ്ങളിലേർപ്പെടാൻ പ്രേരണ നൽകുന്നു. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗമാണ് ഇതിന് ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്ന ഘടകം.

* ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം പാശ്ചാത്യസംസ്കാര അനുകരണത്തിനുള്ള വേദിയൊരുക്കുന്നു.
* വിവാഹാവേദി ചടങ്ങുകളിലെ വർദ്ധിച്ചുവരുന്ന ആർഭാടം സമൂഹത്തിന്റെ സാമ്പത്തികനിലയേയും സാംസ്കരിക മൂല്യങ്ങളേയും സാരമായി ബാധിക്കുന്നു.
* കായികരംഗത്തും വിനോദരംഗത്തും നമ്മുടെ പഞ്ചായത്ത് ഇന്നു വളരെ പിന്നിലാണ്. കായിക വിനോദ സൗകര്യങ്ങളും വളരെ അപര്യാപ്തമാണ്.
* പഞ്ചായത്തിൽ ജനവിദ്യാകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടമോ തുടർസാക്ഷരതാരംഗത്ത് പ്രവർത്തിക്കാനുള്ള മററുസൗകര്യങ്ങളോ ഇല്ല.
* സ്ത്രീകളോടുള്ള സാംസ്കാരിക സമീപനത്തിൽ സമൂഹം അധ:പതിച്ചു കൊണ്ടിരിക്കുന്നു. ഇത് സ്ത്രീകൾ പൊതുരംഗത്തിറങ്ങുന്നതിന് വിലങ്ങുതടിയായി നിലകൊള്ളുന്നു.
* പാനഭാരവും, സമൂഹത്തിന്റെ താൽപര്യക്കുറവുനിമിത്തം കുട്ടികളിൽനിന്നും പത്രപാരായണംപോലും അകന്നുനിൽക്കുന്നു.
* പഞ്ചായത്തിനകത്തെ കലാകായിക സാംസ്കാരിക സംഘടനകളുടെ പ്രവർത്തനങ്ങൾ നിർണ്ണയിക്കുവാനോ, നിയന്ത്രിക്കുവാനോ, ക്രമീകരിക്കുവാനോ ലക്ഷ്യബോധത്തോടെ ചിട്ടപ്പെടുത്തുവാനോ ഉള്ള ഒരു പ്രവർത്തനവും ഇന്നുവരെ നടന്നിട്ടില്ല.
* നേർച്ചകളും ഉത്സവങ്ങളും പെരുനാളുകളും ഇന്ന് കാഞ്ഞുവരുന്നു. നിലവിലുള്ളവതന്നെ സാംസ്കാരികസംഘങ്ങളുടെ വേദിയായി മാറുന്നില്ല.
* വനിതകളുടെ വായനശീലം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങളൊന്നും തന്നെ ഗ്രന്ഥാലയങ്ങളോ ജനവിദ്യാകേന്ദ്രങ്ങളോ മററു ബന്ധപ്പെട്ടവരോ ശ്രദ്ധിക്കാറില്ല.
* വനിതകൾക്കുമാത്രമായുള്ള കലാകായികസംഘടനകളോ എന്നുവേണ്ട ഉള്ള കലാകായികസംഘടനകളിൽ വനിതകളുടെ പ്രാധിനിധ്യമോ ഇല്ല.
* പഞ്ചായത്തിൽ ഒരു വിവരഗ്രഹണകേന്ദ്രം Information center) ഇല്ലാത്തതിലുള്ള അസൗകര്യങ്ങളുണ്ട്.
* സ്ത്രീധനമെന്ന മഹാമാരി നമ്മുടെ പഞ്ചായത്തിലും പടർന്നു പിടിച്ചിരിക്കുകയാണ്

## പരിഹാര നിർദ്ദേശങ്ങൾ

* 2,3,4,5,6,8,9,12,13, എന്നീ വാർഡുകളിലെല്ലാം അവിടുത്തെ സന്നദ്ധസംഘടനകളുടെ മേൽനോട്ടത്തിൽ വായനശാലകൾ തുടങ്ങുകയും ഒന്നാംവാർഡിലെ ഗ്രാമസംഘവായനശാല & ഗ്രന്ഥാലയം പുനരുജ്ജീവിപ്പിക്കാനാവശ്യമായ നടപടികൾ കൈകൊള്ളുകയും ചെയ്യുക.

* നമ്മുടെ പഞ്ചായത്തിനകത്തെഎല്ലാ കലാ_കായിക, വനിത, സാംസ്കാരിക സംഘടനകളുടെയും ഗ്രന്ഥാലയം ജനവിദ്യാകേന്ദ്രം,വായനശാലഎന്നിവയുടെയും പ്രവത്തനങ്ങളെ ഏകീകരിപ്പിക്കാനായി പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്രസമിതി രൂപീകരിക്കുകയും ഇതിനു കീഴിൽ അഫിലിയേററു ചെയ്യുന്ന സംഘടനകളെയേല്ലാം നിയന്ത്രിച്ച് ലക്ഷ്യബോധത്തോടെ നയിക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി തയ്യാറാക്കുകയും ചെയ്യേണ്ടിരിക്കുന്നു. ഈ സമിതിയുടെയും പഞ്ചായത്തിനകത്തുള്ള മററു സാംസ്കാരിക പ്രവത്തനങ്ങളുടെയും ഒരു കേന്ദ്രമായി പഞ്ചായത്ത് സാംസ്കാരികനിലയംസ്ഥാപിക്കുകയും ചെയ്യുക. കലാ സാംസ്കാരിക പ്രവർത്തനങ്ങൾ നിർണ്ണയിക്കുകയും ഒരു വാർഷിക കലണ്ടറിനു രൂപം നൽകുകയും ചെയ്യുക.

* മുളയിലേത്തന്നെ സാംസ്കരികോന്നമനം ലക്ഷ്യംവെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് വിദ്യാഭ്യാസ സമിതികിളലൂടെ വിദ്യാലയങ്ങളിൽ നടപ്പിൽ വരുത്തുകയും കുട്ടികൾക്ക് അവധികാലത്ത് കലാസാഹിത്യ രംഗങ്ങളിൽ പരിശീലനക്കളരികളും, കലാസാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളുടെ സംഗമങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുകയും ചെയ്യുക.
* പഞ്ചായത്തിലെ എല്ലാജനവിദ്യാ കേന്ദ്രങ്ങൾക്കും സ്വന്തമായി കെട്ടിടം നിർമ്മിച്ച് തുടർ വിദ്യാഭ്യാസ പരിപാടികൾ നല്ലനിലയിൽ സംഘടിപ്പിക്കുക.
* വിവാഹചടങ്ങുകൾ ലഘൂകരിക്കുന്നതിനായി കൂട്ടവിവാഹങ്ങൾ ലളിതമായ രീതിയിൽ സംഘടിപ്പിക്കുക.
* കായികരംഗം പ്രോത്സാഹിപ്പുക്കുവാനായി 200 മീററർ ട്രാക്കെങ്കിലും ഇടാൻ കഴിയുന്ന ഒരു പൊതു ഗ്രൗണ്ട് സ്ഥാപിക്കുകയും, കായികോപകരണങ്ങൾ വിതരണം ചെയ്യുകയും, സ്ത്രീകൾക്കും, പുരുഷന്മാർക്കും പ്രത്യേകം കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വേണം.
* പ്രാദേശിക പൊതു ആഘോഷങ്ങളും ഉൽസവങ്ങളും പ്രോത്സാഹിപ്പിക്കുകയും മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുവാനും, അന്യം നിന്നു പോയ കലാകായിക വിനോദങ്ങൾ പുനരുജ്ജീവിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.
* പഞ്ചായത്ത് ആസ്ഥാനത്ത് ആധുനികസൗകര്യങ്ങളോടെ ഒരു വിവരഗ്രഹണകേന്ദ്രം (Information Center) ആരംഭിക്കുക.
* സ്ത്രീധനസമ്പ്രദായം നിരുത്സാഹപ്പെടുത്തുന്നതിനും, ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിനും സ്ത്രീകളോടുള്ള സാമൂഹിക സമീപനം മാററുന്നതിനുമുള്ള ബോധവൽക്കരണം നടത്തുക.

ജീവിതത്തിന്റെ നാനാതുറകളിലും ഗുണപരമായ മാററങ്ങളുണ്ടാക്കാൻ സാംസ്കാരികരംഗത്തെ ഉയിർത്തെഴുന്നേൽപ്പുകൊണ്ട് നമുക്ക് സാധിക്കും. അമൂല്യമെന്ന് നാം അനുമാനിച്ചിരുന്ന നൈതിക മൂല്യങ്ങൾക്ക് അനുനിമിഷം ക്ഷതം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അപജയങ്ങൾക്കെതിരെ ജാഗരൂകരായി പ്രതിരോധനിര പടുത്തുയർത്തി, പ്രതിലോമ ശക്തികളെ ചെറുത്തുതോൽപ്പിച്ച്, അഞ്ചുവർഷം കൊണ്ട് നമ്മുടെ ലക്ഷ്യം കരസ്ഥമാക്കുക എന്നതാണ് നമ്മുടെ ചരിത്രപരമായ കർത്തവ്യം.

★

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5 (9) വനിത

വിദ്യാഭ്യാസ-സാംസ്കാരിക-രാഷ്ട്രീയ-ഉദ്യോഗരംഗങ്ങളിലെല്ലാം സ്ത്രീകൾ വളരെ മുന്നേറിയിട്ടുണ്ടെങ്കിലും ആനക്കയം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അത്തരം തുറകളിൽ വ്യക്തിമുദ്രപതിപ്പിച്ച വനിതകൾ തീരെ കുറവാണ്.

സ്വാതന്ത്ര്യ ലബ്ധിക്കു മുമ്പ് സ്ത്രീ വിദ്യാഭ്യാസം ഇവിടുത്തുകാർക്ക് ചിന്തിക്കാൻപോലും കഴിഞ്ഞിരുന്നില്ല. സ്ത്രീ വിദ്യഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച ബോധമൊ അതിനുള്ള സൗകര്യമൊ അന്നുണ്ടായിരുന്നില്ലതാനും. എന്നാൽ ഇന്ന് ആൺ, പെൺ വ്യത്യാസമില്ലാതെ എല്ലാവരും വിദ്യാലയങ്ങളിൽ പോകുന്നു. പത്താംതരം പഠനത്തോടെ ഭൂരിഭാഗം വിദ്യാർത്ഥിനികളും പഠനം നിർത്തുന്നു എന്നതും യാഥാർത്ഥ്യമാണ്.

പത്തമ്പത് വർഷങ്ങൾക്ക്മുമ്പ് ചില സമുദായങ്ങളിൽ കെട്ടുകല്ല്യാണം, തിരണ്ടുകല്ല്യാണം കാതു കുത്ത് കല്ല്യാണം എന്നിവയും, ഒന്നിൽകൂടുതൽ സഹോദരങ്ങൾ ഒരേസ്ത്രീയെ ഭാര്യയായി വാഴിക്കുന്ന ദായവും നിലവിൽ ഉണ്ടായിരുന്നു. ഇന്നതൊക്കെ മാറി. പാരമ്പര്യങ്ങളും അജ്ഞതയുമൊക്കെ ആയിരുന്നു അതിനൊക്കെ കാരണം.

1991ലെ സെൻസസുപ്രകാരം ഈ പഞ്ചായത്തിൽ 20799 പുരുഷന്മാരും 20215 സ്ത്രീകളുമാണ് ഉള്ളത്. അരശതമാനം പുരുഷന്മാർ കൂടുതൽ. നമ്മുടെ ജില്ലയിലും സ്റ്റേററിലുമൊക്കെ സ്ത്രീകളുമാണ് കൂടുതൽ. ഇതിന്റെ കാരണം പഠിക്കേണ്ടിയിരിക്കുന്നു. പെൺകുഞ്ഞുങ്ങൾ കുടുംബത്തിന് ഭാരവും ബാധ്യതയുമാണെന്ന ഒരു തെററിദ്ധാരണ സമൂഹത്തിൽ പൊതുവെ പടർന്നു പിടിച്ചിട്ടുണ്ടല്ലോ. വിവാഹകമ്പോളത്തിലെ അനാചാരങ്ങളും, താങ്ങാൻകഴിയാത്ത ബാധ്യതകളുമാണ് ഇങ്ങിനെ ഒരു ചിന്തവളരാൻ കാരണം. അതിനു മാററം വരേണ്ടിയിരിക്കുന്നു. സ്ത്രീധനമല്ല സ്ത്രീയാണ് യഥാർത്ഥത്തിൽ ധനം. അതിന് സ്ത്രീകൾ വിദ്യാസമ്പന്നരായി മാറണം. പഠിപ്പുള്ളവരിലും അനാചാരങ്ങൾ നിലനിൽക്കുന്നു എന്നതു വിരോധാഭാസമാണ്.

വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതയും ജോലിസാധ്യതകളുടെ കുറവും പാരമ്പര്യ വിശ്വാസങ്ങളും സ്ത്രീകളെ അടുക്കളയിൽ തളച്ചിടുന്നു. ഇപ്പോൾ ധാരാളം വനിതകൾ അധ്യാപന രംഗത്തും ഓഫീസു ജോലികളിലും ഏർപ്പെട്ടുവരുന്നത് പെൺകുട്ടികളെ വിദ്യാലയങ്ങളിലേക്ക് ആകർഷിക്കാൻ കാരണമായിട്ടുണ്ട്.

തൊഴിൽരംഗത്ത് സ്ത്രീകളുടെ അംഗസംഖ്യ പൊതുവെ കുറയാൻ കാരണം അവർക്കുപററിയ തൊഴിൽമേഖലകളുടെ അഭാവംതന്നെ. സ്ത്രീകൾക്കുപററിയ തൊഴിലുകളിൽ ഏർപ്പെട്ടു വരുമാനം വർദ്ധിപ്പിച്ചാലെ സന്തുഷ്ടകുടുംബം എന്നആശയം സഫലമാകൂ.

രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലൊന്നും പ്രശസ്തരായ വനിതകളെ നമുക്ക് സംഭാവന ചെയ്യാൻ സാധിച്ചിട്ടില്ല. ഡ്രസ് മേക്കിംഗ്, തുന്നൽ, കോഴിവളർത്തൽ, പട്ടുനൂൽപുഴു വളർത്തൽ, പച്ചക്കറി കൃഷി എന്നീ രംഗങ്ങളിൽ ഏർപ്പെട്ടു സ്ത്രീകൾക്കു വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. അതിനുപററിയ സൗകര്യങ്ങളും സ്ഥലങ്ങളും നമ്മുടെ പഞ്ചായത്തിൽ എമ്പാടും ഉണ്ട്.

ഒന്നരണ്ട വനിതാ ഡോക്ടർമാരെ സംഭാവന ചെയ്യാൻ ഈ പഞ്ചായത്തിന്ന സാധിച്ചിട്ടുണ്ടെങ്കി ലും ഒരു വനിത എഞ്ചിനീയറെയൊ, വനിതപ്രൊഫസറെയോ, ഒരു വനിത ഐ എ എസ് ഓഫീസ റെയൊ നമുക്ക് സൃഷ്ടിക്കാൻ ഇതുവരെ അവസരം ലഭിച്ചിട്ടില്ല. ഈ സ്ഥിതി മാറേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1 രൂക്ഷമായ തോഴിലില്ലായ്മയും തൊഴിൽരംഗത്തു കൂലിയിലുള്ള അന്തരവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

2 സ്ത്രീകൾക്ക യോജിച്ച തൊഴിലുകളും കുറവാണ്.

3 ഒരു പുരുഷ കർഷകതൊഴിലാളിക്കും 100–125രൂപ കൂലികിട്ടുമ്പോൾ ഒരു സ്ത്രീതൊഴിലാളിക്ക 65.75 ക യെ ലഭിക്കുന്നുള്ളു. ഒരു നിർമ്മാണതൊഴിലാളിക്ക 125,150 രൂപ കൂലി കിട്ടുമ്പോൾഒരു സ്ത്രീ തൊഴിലാളിക്ക 75– 00ക. യെ ലഭിക്കുന്നുള്ളു.

4 സ്ത്രീകൾ മാത്രം തൊഴിൽ ചെയ്യുന്ന ഒററ തൊഴിൽശാലപോലും ഈ പഞ്ചായത്തിൽ ഇല്ല. അടക്കാ കൃഷി നശിച്ചുകൊണ്ടിരിക്കുന്നതിനാൽ അടക്കപൊളിപോലും ഇല്ലാതായിരിക്കയാണ്.

ഏറെറടുത്ത ജോലികൾ കൃത്യമായും സത്യമായും സ്ത്രീകൾ നിറവേററുമെങ്കിലും അവ ഏറെറടുക്കാ ൻ അവർ മുന്നോട്ടുവരുന്നില്ല എന്നതും പ്രശ്നം തന്നെ. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ 3ൽ1 വനിതകൾക്ക നീക്കിവെച്ചിരിക്കയാണ്. അസംബ്ലിയിലും പാർലിമെൻറിലും അതു നടപ്പിലാക്കാന് പോകുകയാണ് . ബുദ്ധിശക്തിയിലും കഴിവിലും സ്ത്രീകൾ ഒട്ടും പിന്നിലല്ലോ.

സാധ്യതകൾ:

സ്ത്രീ ശക്തി മനസ്സിലാക്കണമെങ്കിൽ അവർ വിദ്യാഭ്യാസ–രാഷ്ട്രീയ രംഗത്തു ഉയർന്നു വരണം സദാചാര ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപിടിക്കണം നഗ്നതാ പ്രദർശനം, അശ്ലീലങ്ങൾ എന്നിവ ക്കെതിരെ സംഘടിതമായി പ്രതീകരിക്കണം. വനിതാസമാജങ്ങളും വനിതാസംഘടനകളും ഒരോ വാർഡിലും രണ്ടും മൂന്നുംവിതം സംഘടിപ്പിക്കപ്പെടണം. അവമൂലം ശക്തവും നിരന്തരവുമായ ബോധവത് ക്കരണം നടക്കണം. അതിനു വനിതാ മെമ്പർമാർ നേതൃത്വം നൽകണം അതിനു കെൽപുള്ള വനിതകൾ തെരഞ്ഞെടുക്കപ്പെടണം. അംഗൻവാടിവർക്കർമാർക്കും, സ്കൂൾ അദ്ധ്യാപികമാർക്കും ഈ രംഗത്ത് പല സംഭാവനകളും നൽകാൻ കഴിയും. സ്കൂൾ തലത്തിലുള്ള മാതൃസംഗമങ്ങൾ നല്ലൊരു വനിതാക്കൂട്ടായ്മ യാണ്. അതിനെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയണം. പ്രൈമറി സ്കൂൾ പ്രധാന അദ്ധ്യാപ കർക്കും ഇതിൽ വലിയ പങ്കുവഹിക്കാൻ കഴിയും.

സ്ത്രികളോടുള്ള പുരുഷന്മാരുടെ സമീപനത്തിലും മനോഭാവത്തിലുമാണ് സാരമായ മാററം വരേ ണ്ടത്. അവരെ തൻെറ സഹോദരിയായി കാണാൻ അധികപേരും ഇനിയും പഠിച്ചിട്ടില്ല. ഈ അവസ്ഥ സ്ത്രീകൾക്ക അരക്ഷിതത്വം ഉണ്ടാക്കുന്നു.

സ്ത്രീകളുടെ പിന്നോക്കാവസ്ഥ മാററാൻ അവർതന്നെ മനസ്സുവെക്കേണ്ടിയിരിക്കുന്നു. ആഭരണങ്ങ ളിലും ചമയങ്ങളിലുമുള്ള അമിതഭ്രമം, കല്ല്യാണം, ആഘോഷം, സൽക്കാരം എന്നിവയിലുള്ള ധൂർത്ത് അനാവശ്യമായ മാമൂലുകൾ, സ്ത്രീപീഢനം എന്നിവക്കൊക്കെ സ്ത്രീകൾ തന്നെ മുന്നിട്ടു നിൽക്കുന്നു. ഈ അവ സ്ഥ മാറിയേ തീരു.

**പരിഹാരമാർഗ്ഗങ്ങൾ:**

1 ഒരോ വാർഡിലും രണ്ടോ മൂന്നോ മഹിളാസംഘങ്ങൾ രൂപീകരിക്കണം. ശക്തമായ ബോധവൽക്കരണവും കൂട്ടായ്മയും ഉണ്ടാകണം.

2 തൊഴിൽ രഹിതരായ വനിതകളെ സംഘടിപ്പിച്ച് ഒരോ വാർഡിലും ഒന്നുവീതം തൊഴിൽ സംരംഭങ്ങളെങ്കിലും ഉണ്ടാകണം.

3 തൊഴിൽ അവസരങ്ങളെക്കുറിച്ചും, തൊഴിൻ സംരംഭങ്ങളെക്കുറിച്ചും വനിതകളെ ബോധവതികളാക്കണം.

4 ആവശ്യമായ സാമ്പത്തിക, സങ്കേതിക സൗകര്യം നൽകണം

5 അംഗൻവാടികളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ഒരോ അംഗൻവാടിയും ഒരോ വനിതാകേന്ദ്രമായി മാറണം.

6 പഞ്ചായത്തിൽ രണ്ട ഗേൾസ് ഹൈസ്കൂളും ഒരു വനിതാ കോളേജും സ്ഥാപിക്കണം.

സ്ത്രീകളിൽ തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കണം:

★

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5 (10) സഹകരണ മേഖല

ഇന്ത്യയിൽ 1904ൽ സഹകരണസംഘപ്രസ്ഥാനം ആരംഭിച്ചു. ഇതിൻെറ തെളിച്ചത്തിൽ 1952ൽ ഇരുമ്പുഴി സർവ്വീസ് സഹകരണസംഘം തുടങ്ങി. തുടന്ന് 1957ൽ പന്തലൂർ സർവ്വീസ് സഹകരണ സംഘവും 1963ൽ ആനക്കയം സർവ്വീസ് സഹകരണ സംഘവും പ്രവർത്തനം തുടങ്ങി.

ഒരോ സഹകരണസംഘത്തിൻെറയും അംഗങ്ങളുടെ എണ്ണവും പ്രവർത്തന മൂലധനവും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | അംഗങ്ങൾ | പ്രവർത്തന മൂലധനം |
|---|---|---|---|
| 1 | പന്തലൂർ സർവ്വീസ് ബാങ്ക് | 6423 | 3,60,000 രൂപ |
| 2 | ആനക്കയം സർവ്വീസ് സഹകരണ ബാങ്ക് | 2816 | 15,15,000 ,, |
| 3 | ഇരുമ്പുഴി സർവ്വീസ് സഹകരണ ബാങ്ക് | 4404 | 4,05,500 ,, |
| 4 | പന്തലൂർ റൂറൽ ഹൗസിംഗ് സൊസൈററി | — | — |
| 5 | പന്തലൂർ ക്ഷീരോല്പാദനസഹകരണസംഘം | — | — |
| 6 | ആനക്കയം G U P സ്കൂൾ സഹകരണസംഘം | 59 + 687 | 2,164 |
| 7 | പന്തലൂർ സ്കൂൾ കോംപ്ലക്സ് സഹകരണസംഘം | 85 | 6,000 |

പന്തലൂർ റൂറൽ ഹൗസിംഗ് സൊസൈററി 244 പേർക്കായി ഭവനനിർമ്മാണത്തിന് 1,19,98,000 രൂപ വായ്പ നൽകിയിട്ടുണ്ട്.

പന്തലൂർ ക്ഷീരോൽപാദന സംഘം മൊത്തം 185 ലിററർ പാൽ ശേഖരിച്ചു വരുന്നു. സ്കൂൾ സൊസൈററികൾ വിദ്യാർത്ഥികൾക്കുള്ള പുസ്തക വിതരണമാണ് പ്രധാനമായും നടത്തികൊണ്ടിരിക്കുന്നത്.

95_96 വർഷത്തിൽ ഇരുമ്പുഴി സർവ്വീസ് സഹകരണ ബാങ്ക് താഴെപറയുന്ന വിധത്തിൽ വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| കാർഷിക ഹ്രസ്വകാല വായ്പ | = | 5,3 ,617 രൂപ |
| ദീർഘകാലവായ്പ (വെററിലകൃഷി) | = | 3,26,344 ,, |
| (തെങ്ങുകൃഷി | = | 34,199 ,, |
| ആകെ | = | 8,96,160 ,, |
| മററുവായ്പകൾ | = | 49,73,507 രൂപ |
| (സ്വർണ്ണപണയം) | = | 52,110 ,, |
| മദ്ധ്യകാലവായ്പ | = | 93,000 ,, |
| നിക്ഷേപങ്ങൾ IRDP വായ്പ | = | 90,272 ,, |

പന്തലൂർ സർവ്വീസ് ബാങ്ക്:-

| | | |
|---|---|---|
| ഹ്രസ്വകാല കാർഷിക വായ്പകൾ: വാഴ, കപ്പ | = | 62,77,982 രൂപ |
| ദീർഘകാല കാർഷിക കായ്പകൾ: കുരുമുളക്, കൈതച്ചക്ക | = | 8,71,504 ,, |
| I R D P | = | 2,56,012 ,, |
| സ്വർണ്ണാഭരണ വായ്പകൾ | = | 90,57,597 ,, |
| കാർഷിക കേതര വായ്പകൾ(ഹ്രസ്വകാലം) | = | 25,05,847 ,, |
| വിസ ലോൺ | = | 7,16,083 ,, |
| കുടുംബം ദത്തെടുക്കൽ | = | 2,400 ,, |
| ഭവന നിർമ്മാണ വായ്പ | = | 1,901 ,, |
| പുനരധിവാസ ഭവന നിർമ്മാണ വായ്പ | = | 1,488 ,, |
| നിക്ഷേപ വായ്പകൾ | = | 15,48,211 ,, |
| ആകെ വായ്പ സംഖ്യ | = | 2,12,39,025 രൂപ |

ആനക്കയം സർവ്വീസ് ബാങ്ക്:-

| | | |
|---|---|---|
| കാർഷിക വായ്പകൾ : | | |
| വാഴ കൃഷി | = | 14,72,072 രൂപ |
| തെങ്ങ്, വെററില, കുരുമുളക് | = | 6,97,716 ,, |
| മററുവായ്പകൾ | | |
| വിവാഹം | = | 17,34,550 രൂപ |
| വീടുനന്നാക്കൽ | = | 7,00,966 ,, |
| വിദ്യാഭ്യാസം | = | 1,86,800 ,, |
| സ്വർണ്ണപണയം | = | 63,58,408 ,, |
| പ്രത്യേകവായ്പകൾ | | |
| വീട്ടുസാധനങ്ങൾ വാങ്ങുന്നതിന് | = | 2,26,378 രൂപ |
| IRDP | = | 1,02,896 ,, |
| വീട്ടുലോൺ | = | 2,600 ,, |
| കിണർ | = | 2,956 ,, |
| ക്ഷീരവികസനം | = | 8,516 ,, |

**വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ**

1 ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക കടവും മററു സൗകര്യവും നൽകുന്നതിനായി സഹകരണസംഘങ്ങളെ ശക്തിപ്പെടുത്തുക.
2 പൊതുവിതരണം സഹകരണ സംഘങ്ങൾമുഖേനയാക്കുക
3 ദീർഘ കാലകാർഷിക വായ്പകൾ സഹകരണസംഘങ്ങൾവഴി വിതരണം നടത്തുക.
4 മെമ്പർമാർക്ക യഥാസമയം ആവശ്യമായ ലോണുകൾ നൽകാൻ കഴിയും വിധം സഹകരണരംഗത്തെ ലോൺവ്യവസ്ഥകൾ പുന:സംവിധാനം ചെയ്യുക.
5 ഷേർഅനുപാതം 1:5 ആക്കി ഉയർത്തുക.
6 ഈടുനൽകുന്ന സ്വത്തിൻെറ പണയാധാരം രജിസ്റ്റർ ചെയ്യുന്നതിനുപകരം അർബ്ബൻ ഏരിയകളിൽ ഇന്നുചെയ്തുപോരുന്നതുപോലെ പണയാധാരം ഫയൽചെയ്യുന്ന രീതി ഗ്രാമപ്രദേശങ്ങളിലും നടപ്പിലാക്കുക.
7 സഹകരണ മേഖലയിൽ ആശുപത്രി സ്ഥാപിക്കുക.

168



8 സഹകരണമേഖലകളിൽ വിവിധ തരം ചെറുകിട വ്യവസായങ്ങളും സഹകരണ സ്റ്റോറുകളും ആരംഭിക്കുക.

9 പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ക്ഷീരവികസന സൊസൈററികൾ സ്ഥാപിക്കുക.

10 വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

11 സ്കൂൾ സൊസൈററികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ഇല്ലാത്ത സ്കൂളിൽ സൊസൈററി സ്ഥാപിക്കുക.

12 നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് അംഗങ്ങൾക്ക് വായ്പ സംവിധാനം വർദ്ധിപ്പിക്കുക.

13 വർഷാരംഭത്തിൽ തന്നെ ഓരോ കർഷകനും ആവശ്യമായ വായ്പലഭ്യമാക്കുക. നിലവിലുള്ള വായ്പ പരിധി എടുത്തു കളയുക.

14 സർക്കാരിൽ നിന്ന് അനുവദിച്ച് കിട്ടുന്ന പലിശ സബ്സിഡി യഥാ സമയം ഉപഭോക്താവിന് ലഭ്യമാക്കുക.

15 വളവും, കാർഷീക ഉപകരണങ്ങളും വിതരണം നടത്തുന്നതോടപ്പം തന്നെ കാർഷികോൽപന്നം സംഭരിക്കാനും ഈ സൊസൈററികളിൽ സംവിധാനം ഉണ്ടാക്കുക.

16 സഹകരണസൊസൈററികൾ ചിട്ടി, നിയമവ്യവസ്ഥകൾ ലഘൂകരിച്ചുകൊണ്ട് കൂടുതൽ ചിട്ടി നടത്തുക.

17 നല്ലയിനം കറവുമാടുകളെ അംഗങ്ങൾക്ക് നൽകുന്നതിനും പാൽ സംഭരിച്ച് വിതരണം നടത്താനും ക്ഷീരവികസന സൊസൈററികൾ ശ്രദ്ധിക്കുക.

18 ഇവയുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണവകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം പഞ്ചായത്തിൽ മുഴവൻ ലഭ്യമാക്കുക.

19 വിവിധ ഏജൻസികളിൽനിന്നും സർക്കാരിൽനിന്ന് ക്ഷീരവികസനത്തിന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക.

20 ജനസംഖ്യയുടെ ഭൂരിഭാഗവും മാംസം, മുട്ട എന്നിവ ഉപയോഗിക്കുന്നവരാണ്. ആയതിനാൽ സഹകരണ മേഖലയിൽ പഞ്ചായത്ത്തലത്തിൽ ഒരു കോഴിവളർത്തൽ സഹകരണസംഘം സ്ഥാപിച്ചാൽ വേറെ ജനങ്ങൾക്ക് പ്രയോജനപ്പെടും.

21 പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമത്തിൽ മാത്രം പ്രവർത്തിക്കുന്ന ഒരു സൊസൈററി സ്ഥാപിക്കുക

ഇത്രയും കാര്യങ്ങൾ നടപ്പാക്കിയാൽ കാർഷിക കാർഷിതേര രംഗത്തും, ക്ഷീര വികസന രംഗത്തും ഒരു കുതിച്ച് ചാട്ടം നമുക്ക് നടത്താൻ കഴിയും, അതിന് വേണ്ട എല്ലാ അനുകൂല സാഹചര്യങ്ങളും സാമ്പത്തിക, സാമൂഹിക, സാംസ്കാരിക വികസനത്തിന് നിർണ്ണായക പങ്കു വഹിക്കാൻ കഴിയുന്ന ഒരു പ്രസ്ഥാനം എന്ന നിലയിൽ ആനക്കയം പഞ്ചായത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളെ കുറിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും, മുൻ ഗണന നിശ്ചയിക്കുന്നതിനായി സമർപ്പിക്കുന്നു.

★

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5 (II) പട്ടിക ജാതി-പട്ടിക വർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 6% പട്ടികജാതി വിഭാഗമാണ്. 410 പട്ടിക ജാതി കുടുംബങ്ങളാണ് ഈ പഞ്ചായത്തിൽ താമസിച്ച് വരുന്നത്. ഇതിൽ 343 കുടുംബങ്ങൾ അംഗീകൃത കോളനിയിലും 74 കുടുംബങ്ങൾ ഇട കലർന്നുമാണ് ജീവിച്ചു വരുന്നത് ആകെ 2321 പട്ടികജാതി അംഗങ്ങൾ ഉണ്ട്.

വിദ്യാഭ്യാസ സാമൂഹ്യ രംഗങ്ങളിൽ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് പുരോഗതികുറവാണ്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ച നിചത്വങ്ങളിൽ നിന്നും മോചനം നേടിയതിനാൽ എല്ലാ ജാതി മതസ്ഥരുടെയും എല്ലാതരം ചടങ്ങുകളിലും പൊതു പരിപാടികളിലും മോശമല്ലാത്ത രീതിയിൽ പരിഗണന ലഭിക്കുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കു വേണ്ടി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് അറിവില്ലായ്മ നിലനിലൽക്കുന്നു. സർക്കാർ നൽകുന്ന നിരവധി സൗജനാങ്ങൾ കൈവരിക്കുന്നതിനു കഴിഞ്ഞിട്ടുള്ളത് കൂടുതലും കോളനി നിവാസികൾക്കാണ് കോളനികളുടെ വിവരം ഒന്നാം പട്ടികയിൽ ചേർക്കുന്നു അംഗീരികാരത്തിനു അമർപ്പിച്ച കോളനികൾ അംഗീകരിച്ചു കിട്ടുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

### വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. S S L C ക്കു ശേഷം തുടർപഠനം കുറവാണ്. രക്ഷിതാക്കളുടെ താൽപര്യക്കുറവും കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടി വരുന്നതും സാമ്പത്തിക പരാധീനതയും പഠനം നിർത്തുന്നതിനും കാരണമാണ്. 94-97 വർഷത്തിൽ 479 പട്ടിക ജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. S S L C എത്തുന്നതിനു മുമ്പ് 16 കുട്ടികൾ പഠനം നിർത്തിയിട്ടുണ്ട്. ഇതിൽ 9-ാം ക്ലാസ്സിൽ വെച്ച് മാത്രം 9 കുട്ടികൾ പഠനം നിർത്തി എന്ന് ശ്രദ്ധിക്കപ്പെടേണ്ടതാണ് S S L C പരാജയത്തിനുശേഷം 15 കുട്ടികൾ മാത്രമാണ് തുടന്ന് പഠിക്കുന്നത്. SSLCക്കു മുകളിൽ വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവായ അവസ്ഥയാണ് ഇന്നുള്ളത്. അത് മാററിയെടുക്കേണ്ടതുണ്ട്.

### തൊഴിൽ

ഈ പഞ്ചായത്തിലെ ഭൂരിഭാഗം പട്ടികജാതി കുടുംബങ്ങളും കാർഷികമേഖലയിലും മററുള്ളവർ കുലത്തൊഴിൽചെയ്തു ജീവിച്ചുവരുന്നവരുമാണ്. എന്നാൽ കാർഷികമേഖലയിൽ തോട്ടവിളകളും നാണ്യവിളകളും കൂടുതലായപ്പോൾ ജോലിസാധ്യതകൾ കുറഞ്ഞിട്ടുണ്ട്. കുലതൊഴിലിനുള്ള അസംസ്കൃത സാധനങ്ങൾ ദുർലഭമായും വിലവർദ്ധനവും വിപണനസാധ്യതകൾ കുറഞ്ഞതും ഈ വിഭാഗം ജോലികുറയാൻ കാരണമായി.ഇപ്പോൾ ഭൂരിഭാഗവും നിർമ്മാണരംഗത്താണ് എത്തിച്ചേർന്നിട്ടുള്ളത്. സ്ത്രീകൾക്ക് 75 രൂപയും പുരുഷന്മാർക്ക് 120 രൂപയും എന്ന നിരക്കിൽ തൃപ്തികരമായ കൂലി ലഭിക്കുന്നതിനാൽ കാർഷികരംഗത്തുനിന്നും ഇവർ പൂർണ്ണമായും മാറിക്കൊണ്ടിരിക്കുന്നു. ഭക്ഷ്യധാന്യ ഉൽപ്പാദനത്തിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലയിലേക്ക് ആകർഷിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. മുള,

170



പനയോല തുടങ്ങിയവയുടെ ലഭ്യത കുറവും വിലവർദ്ധനയും ഇവ ഉപയോഗിച്ചുള്ള സാധനങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ കുറവാകുന്നതിനും അതുവഴി തൊഴിലവസരം നഷ്ടപ്പെടുത്തുന്നതിനും കാരണമായിട്ടുണ്ട്. വേണ്ടത്ര അസംസ്കൃതസാധനങ്ങൾ ലഭ്യമാക്കുന്നതിനും തൊഴിൽസംരക്ഷണത്തിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുകയുംസാമ്പത്തികസഹായം നല്കുകയും പുതിയ സംരഭങ്ങൾ ആരംഭിക്കുകയുംവേണം

**പാർപ്പിടം:**

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാറിന്റെ വിവിധ ഏജൻസികളും നടപ്പിലാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട് എന്നാൽ മിക്ക ഹരിജൻ കോളനികളിലും പ്രാഥമിക ആവശ്യങ്ങൾ നിറവേററാൻ പോലും ഉള്ള സൗകര്യങ്ങൾ ഇല്ലാത്ത ചില കുടുംബങ്ങളെങ്കിലും കാണപ്പെടുന്നുണ്ട്. മിക്കവാറും കുടുംബങ്ങൾ സ്വയം തൊഴിലിനു മററും ഗവൺമെൻറിന്റെ വിവിധ ഏജൻസികൾ നടപ്പിലാക്കി വരുന്ന വായ്പയെടുത്ത് തിരിച്ചടക്കാൻ കഴിയാത്ത അവസ്ഥയിലാണ്. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. വീട് വെക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീട്‌വെക്കാൻ ആവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചുകൊടുത്തെങ്കിൽ മാത്രമെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു. അഞ്ച് പട്ടികജാതി കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്ന പ്രദേശങ്ങളെ പട്ടികജാതി കോളനിയായി അംഗീകരിക്കാനുള്ള നടപടി എടുക്കേണ്ടതാണ്.

പല കോളനികളിലും കക്കൂസ്, വീട്, വൈദ്യുതി, വെള്ളം, റോഡ് സൗകര്യം മുതലായവ നിലവിലില്ല. ഉള്ള വീടുകൾതന്നെ പഴക്കം ചെന്നതുകാരണം 20 ശതമാനത്തോളം അപകട സാധ്യതയുള്ളതാണ്. ഇതു റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ സഹായം അനുവദിച്ചു തരുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇപ്പോൾ കോളനികളിൽ നിലവിലുള്ള വീട്, കക്കൂസ് എന്നിവയുടെ എണ്ണവും പട്ടിക രണ്ടിൽ സൂചിപ്പിച്ചിരിക്കുന്നു.

ഒററപ്പെട്ട കുടുംബങ്ങളുടെ കൃത്യമായ വിവരം ലഭിക്കാത്തതിനാൽ ഗ്രാമസഭ റിപ്പോർട്ട് പ്രകാരം 70 വീടും 150 കക്കൂസും അനുവദിക്കേണ്ടതാണ്.

**പ്രശ്നങ്ങൾ**

1 വിദ്യാഭ്യാസപരമായി വളരെയധികം പിന്നോക്കാവസ്ഥയിലാണ്. പഠന സമയത്തുള്ള കൊഴിഞ്ഞുപോക്ക് വളരെ കൂടുതലാണ്.
2 കാർഷിക മേഖലയിലും കുല തൊഴിലിലും തൊഴിൽ സാധ്യത കുറഞ്ഞുവരുന്നു. ഈ മേഖലയിൽ നിന്ന് തൊഴിലാളികൾ ഒഴിഞ്ഞുപോകുന്നു.
3 എല്ലാവർക്കും സ്വന്തമായി വീട്‌വെക്കാൻ സ്ഥലമില്ല.
4 വീട്, കക്കൂസ്, കിണർ എന്നിവ നിർമ്മിക്കുന്നതിന് ഇപ്പോൾ നൽകുന്ന സഹായം പ്രാദേശിക നിരക്കിലല്ലാത്തതിനാൽ ഗുണനിലവാരത്തോടുകൂടി ഇവ നിർമ്മിക്കാൻ കഴിയുന്നില്ല. മിക്കവാറും കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ അപര്യാപ്തമാണ്. കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും ഇല്ല.
5 പൊതുശ്മശാനം ഇല്ല.
6 കൈവശഭൂമിക്ക് ചിലർക്ക് പട്ടയം ലഭിച്ചിട്ടില്ല.
7 ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
8 നിർധനകുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കാവശ്യമായ ധനസഹായം ലഭിക്കുന്നില്ല IRDP

പദ്ധതിയും പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

9 പട്ടികജാതിവികസന കോർപ്പറേഷനും ഹരിജനക്ഷേമവകുപ്പും മററ ഏജൻസികളും അഭ്യസ്തവിദ്യരായ യുവാക്കരംക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യംനേടുന്നില്ല.

11 പട്ടികജാതി വർഗ്ഗത്തിൻെറ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവ് പരിമിതമാണ്.

**സാധ്യതകൾ**

വൈദ്യുതി: പഞ്ചായത്തിലെ പാലമുററം, തെക്കമ്പാട്. നെട്ടവള്ളിക്കണ്ട്, കരുവാതൊടി, വലിയ പുറക്കൽചാല. പിരാരത്ത് പന്നിക്കുഴി, കരിയാക്കോട് കോളനി, കറുത്തേടത്ത്കണ്ട്, കോണിക്കല്ല് മലയൻ ചോലക്കൽ, കോലോത്തുമുറി, കുഴിക്കാട്ട്കണ്ട്, കണ്ണംകുളം, കീഴ്ക്കാട്ട് ചാല എന്നീ കോളനികളിൽ വൈദ്യുതി എത്തിയിട്ടുണ്ട്. ബാക്കിയുള്ള കോളനികരം വൈദ്യുതീകരിക്കാൻ ആവശ്യമായ പദ്ധതികരംക്ക് രൂപം നൽകുകയും നടപ്പാക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുകയും വേണം,

കുടിവെള്ളം: കോളനികളിൽ കുടിവെള്ളപ്രശ്നം അതിരൂക്ഷമാണ്. ഇത് പരിഹരിക്കുന്നതിൽവേണ്ടി പഞ്ചായത്ത്, ബ്ലോക്ക്എന്നീ ഏജൻസികരംക്കും കിണറുകളും, കുഴൽ കിണറുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇത് ഉപയോഗശൂന്യമാണ് ഇതിനു പരിഹാരമായി പുതിയ പദ്ധതികരം കണ്ടെത്തുകയും നടപ്പാക്കുകയും ചെയ്യുക. ഓരോ കോളനികളിലും മിനി ജലസേചന പദ്ധതികരം നടപ്പിലാക്കേണ്ടതുമാണ്.

വിവിധ കോളനികളിലെ റോഡുകരം, വൈദ്യുതി, കുടിവെള്ളം, പൊതുകക്കൂസ് എന്നിവയുടെ സ്ഥിരവിവരകണക്കുകരം നാലാംപട്ടികയിൽ കൊടുക്കുന്നു.

ആനക്കയം പഞ്ചായത്ത് മൊത്തത്തിലും ഒമ്പത്, പത്ത്, പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് എന്നീ വാർഡുകരംക്ക് പ്രത്യേകിച്ചും കിടത്തി ചികിത്സിക്കുന്ന ഏക P H C യെ കമ്യൂണിററി ഹെൽത്ത്സെൻററാക്കി ഉയർത്തുകയും ഒരു വനിതാഡോക്ടറെ സ്ഥിരമായി നിയമിക്കുകയും ചെയ്താൽ സ്ത്രീകരംക്കും കുട്ടികരംക്കും വളരെ ഉപകാരപ്രദമായിരിക്കും. അതോടൊപ്പം ഒരു ഹോമിയോഡിസ്പെൻസറിയും,ആയുർവ്വേദ ഡിസ്പൻസറിയും അനുവദിച്ചാൽ ചികിത്സാരംഗത്ത് വളരേ സഹായകരമായിരിക്കും.

ആനക്കയം പഞ്ചായത്തിൽ രണ്ട് പൊതു ശ്മശാനം ഉണ്ടാക്കി അതിനു മതിൽ കെട്ടുവാനുള്ള നടപടിസ്വീകരിക്കേണ്ടതാണ്. ക്ഷേമ പദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിന് കോളനികളിൽവെച്ച് ബോധവൽക്കരണ ക്ലാസ്സുകരം അത്യാവശ്യമാണ്. ക്ഷേമ പദ്ധതികളുടെ നിബന്ധനകരം ലളിതമാക്കേണ്ടതുണ്ട്. ഹരിജന ക്ഷേമത്തിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളിൽ മാനദണ്ഡത്തിൽ കാര്യമായ മാററം വരുത്തണം. ഇത്തരം പദ്ധതികരം ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കുകയാണെങ്കിൽ കൂടുതൽ ഫലമത്താകുന്നതായിരിക്കും.

പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം മുൻനിർത്തി അടിയന്തര ശ്രദ്ധ പതിയേണ്ട ചില കാര്യങ്ങരം താഴെ കൊടുക്കുന്നു.

1 കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

2 പഞ്ചായത്തുകളിലെ കോളനികളിലെ പെൺകുട്ടികരംക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും, അത് പ്രാവർത്തികമാക്കാനുള്ള എല്ലാവിധ സഹായവും നൽകുക.

3 കുടിവെള്ളപ്രശ്നം പരിഹരിക്കുക.

172



4 സഹകരണ മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതികൾ നടപ്പാക്കുക.
5 സർക്കാർ ഏജൻസികൾ നൽകുന്ന വായ്പകളും സഹായ ധനങ്ങളും ഏകോപിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക.
6 സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനാവശ്യമായ സഹായം സഹകരണമേഖലയിൽ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
7 പട്ടികജാതി സർവ്വീസ് സഹകരണസംഘം ആരംഭിക്കുക. സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ പഠന ചിലവ് പൂർണ്ണമായും സർക്കാർ വഹിക്കുക.
8 കോളനികൾക്ക് കൃഷിഭവൻ മുഖേന നൽകിവരുന്ന സഹായങ്ങൾ പച്ചക്കറി ഉൽപാദനത്തിനായി ഉപയോഗിച്ചുകൊണ്ട് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
9 വീട്, കക്കൂസ് നിർമ്മാണ ധനസഹായം പ്രാദേശിക നിരക്കിൽ നൽകുക.
10 വീട് പുതുക്കിപ്പണിയുന്നതിനും അററ കുററ പണികൾക്കും സഹായം നൽകുക.
11 കോളനികളിലെ പുരയിടത്തിലെ മണ്ണൊലിപ്പ് തടയാനാവശ്യമായ നടപടികൾ ഉണ്ടാക്കുക.
12 ലക്ഷം വീട് കോളനികളിൽ വീട് പുതുക്കിപ്പണിയുന്നതിനും ഓട് മേയുന്നതിനും ധനസഹായം അനുവദിക്കുക.
13 കോളനികളിൽ വായനശാലകളും ബോധവൽക്കരണ സെൻററുകളും സ്ഥാപിക്കുക.
14 ഉയർന്ന വിദ്യാഭ്യാസമുള്ളവരുടെ സേവനം ഉപയോഗപ്പെടുത്തി കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.
15 സെക്കൻഡറിതലത്തിലും തുടർന്നും പഠിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്കോളർഷിപ്പ് ഏർപ്പെടുത്തുക.
16 കോളനികളിൽ ടി വി സെററ് സ്ഥാപിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക
17 J R Y പോലുള്ള ഫണ്ടുകൊണ്ട് കോളനികളിലേക്ക് റോഡ്പരിഷ്കരണ റോഡുകൾക്ക് ഉപയോഗിക്കാൻ സാധ്യമാകുക.
18 ഹരിജൻവീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുക.
19 കോളനികളിലേക്ക് വഴിവിളക്കുകൾ സ്ഥാപിക്കുക.
20 കോളനികളിലേക്ക് റോഡ്സൗകര്യം ഏർപ്പെടുത്തുക.
21 കോളനികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
22 ഹരിജൻ. കോളനികളിലേക്ക് റോഡ് നിർമ്മിക്കുന്നതിന് ഇന്ന് SC/ST ഫണ്ട് ഉപയോഗി എന്ന നിലവിലുള്ള വ്യവസ്ഥ എടുത്ത് കളയണം എന്ന മിക്ക സ്പെഷൽ ഗ്രാമസഭകളും ആവശ്യപ്പെട്ടിട്ടുണ്ട്.
23 SC/ST ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾക്ക് 6 മീററർ വീതി വേണം എന്ന വ്യവസ്ഥ ഒഴിവാക്കേതാണ്.

പട്ടിക 1

| ക്രമ നമ്പർ | വാർഡ് | കോളനിയുടെപേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | കരിയാക്കോട് | 18 | 102 |
| 2 | 2 | കറുത്തേടത്ത്കണ്ട് | 13 | 66 |
| 3 | 2 | കോണിക്കല്ല് | 10 | 60 |
| 4 | 2 | മലയൻചോലക്കൽ | 13 | 86 |
| 5 | 3 | കോലത്തുംമുറി | 13 | 68 |
| 6 | 3 | കിഴക്കാട്ടുകണ്ട് | 13 | 66 |

173



| | | | | |
|---|---|---|---|---|
| 7 | 4 | കണ്ണംകളം | 39 | 195 |
| 8 | 6 | കഴിക്കാട്ട് ചാള | 13 | 52 |
| 9 | 7 | മാങ്ങോട്ടിൽചാള | 13 | 50 |
| 10 | 8 | നെട്ടവള്ളിക്കണ്ട് (sep) | 17 | 86 |
| 11 | 8 | കരുവാന്തൊടി (sep) | 10 | 62 |
| 12 | 8 | വലിയപുരക്കൽ ചാള | 19 | 70 |
| 13 | 8 | പിരാരത്ത് പന്നിക്കുഴി | 14 | 64 |
| 14 | 10 | കൂട്ടാലിൽ | 14 | 74 |
| 15 | 10 | പാലമുററം(IHDP) | 46 | 118 |
| 16 | 11 | പനങ്കാവിൽ | 13 | 57 |
| 17 | 11 | ആനപ്പാത്ത് | 19 | 98 |
| 18 | 11 | ഒട്ടവൻകുന്ന് | 10 | 46 |
| 19 | 12 | തെക്കമ്പാട് | 23 | 120 |
| 20 | 18 | പൂച്ചപ്പാറ | 12 | 75 |
| | | അംഗീകാരത്തിനു സമർപ്പിച്ചത് | | |
| 1 | 11 | തെങ്ങിൻതൊടി | 6 | 28 |

പട്ടിക 2

| ക്രമ നമ്പർ | കോളനിയുടെപേര് | വീടിൻെറ സ്വഭാവം കോൺക്രീററ് | ഓട് | ഓല | ആവശ്യമുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | കരിയാറക്കോട് | — | 15 | 1 | 5 | 7 |
| 2 | കറുത്തേടത്ത്കണ്ട് | — | 13 | — | 4 | 5 |
| 3 | കോണിക്കല്ല് | — | 8 | 2 | 3 | 4 |
| 4 | മലയൻചോലക്കൽ | — | 12 | 1 | 4 | 5 |
| 5 | കോലോത്തുംമുറി | — | 14 | — | 3 | 8 |
| 6 | കിഴക്കോട്ടംകുണ്ട് | — | 13 | 1 | 4 | 9 |
| 7 | കണ്ണംകളം | 1 | 30 | 8 | 10 | 15 |
| 8 | കഴിക്കാട്ട്ചാള | — | 8 | 5 | 6 | 8 |
| 9 | മാങ്ങോട്ടിൽ ചാള | — | 7 | 6 | 9 | 10 |
| 10 | നെട്ടവള്ളിക്കണ്ട് | — | 10 | 7 | 7 | 10 |
| 11 | കരുവാന്തൊടി | — | 4 | 6 | 6 | 10 |
| 12 | വലിയപുരക്കൽചാള | — | 15 | 5 | 5 | 10 |
| 13 | പിരാരത്ത് പന്നിക്കുഴി | — | 7 | 7 | 7 | 10 |
| 14 | കൂട്ടാലിൽ | — | 7 | 7 | 15 | 20 |
| 15 | പാലമുററം IHDP | — | 44 | 2 | 5 | 8 |
| 16 | പനങ്കാവിൽ | — | 12 | 1 | 10 | 22 |
| 17 | ആനപ്പാത്ത് | — | 14 | 5 | 12 | 17 |
| 18 | ഒട്ടവൻകുന്ന് | — | 6 | 4 | 8 | 10 |
| 19 | തെക്കമ്പാട് | — | 21 | 2 | 10 | 12 |
| 20 | പൂച്ചപ്പാറ | — | 6 | 6 | 8 | 10 |

174



പട്ടിക 3

| ക്രമ നമ്പർ | കോളനിയുടെ പേര് | റോഡുകൾ | | | വൈദ്യുതി | കുടിവെള്ളം | | |
|---|---|---|---|---|---|---|---|---|
| | | ഗതാഗത യോഗ്യമായത് | ഗതാഗത യോഗ്യമല്ലാത്തത് | ഇല്ലാത്തവ | വൈദ്യുതീകരണമായിട്ടുള്ളത് | കിണർ | ടാപ്പ് | പൊതു കുളസ് |
| 1 | കരിയാക്കോട് | ഉണ്ട് | ഇല്ല | | ഉണ്ട് | 6 | — | — |
| 2 | കറുത്തേടത്ത്കണ്ട് | ഉണ്ട് | | | ഉണ്ട് | 1 | — | — |
| 3 | കോണിക്കല്ല് | ഉണ്ട, | | | ഉണ്ട് | 1 | — | — |
| 4 | മലയൻചോലക്കൽ | | ഇല്ല | | ഉണ്ട് | 2 | — | — |
| 5 | കോലോത്തുംമുറി | | ഇല്ല | | ഉണ്ട് | 4 | — | — |
| 6 | കീഴക്കാട്ടുംകണ്ട് | | ഇല്ല | | ഉണ്ട് | 3 | — | — |
| 7 | കണ്ണംകുളം | ഉണ്ട് | | | ഉണ്ട് | 2 | — | — |
| 8 | കഴിക്കാട്ട്ചാള | ഉണ്ട് | | | ഉണ്ട് | 3 | 2 | — |
| 9 | മാങ്ങോട്ടിൽചാള | ഉണ്ട് | | | ഉണ്ട് | 3 | — | — |
| 10 | നെടുവള്ളിക്കണ്ട് | | ഇല്ല | | ഉണ്ട് | — | 4 | — |
| 11 | കരുവാതൊടി | | ഇല്ല | | ഉണ്ട് | — | — | — |
| 12 | വലിയപുൽക്കൽ ചാള | ഉണ്ട് | | | ഉണ്ട് | 2 | 2 | — |
| 13 | പിരാരത്ത്പണി കഴി | | ഇല്ല | | ഇല്ല | 4 | — | — |
| 14 | കുട്ടാലിൽ | | ഇല്ല | | ഉണ്ട് | 1 | — | — |
| 15 | പാലമുററം (IHDP) | ഉണ്ട് | | | ഉണ്ട് | 6 | — | — |
| 16 | പനങ്കാവിൽ | ഇല്ല | | ഇല്ല | | 1 | — | — |
| 17 | ആനപ്പാത്ത് | ഉണ്ട് | | ഇല്ല | | 1 | — | — |
| 18 | ഒടുവൻകുന്ന് | | ഇല്ല | ഇല്ല | | 1 | — | — |
| 19 | തെക്കുംമ്മാട് | ഉണ്ട് | | | ഉണ്ട് | 1 | — | — |
| 20 | പൂച്ചപ്പാറ | | ഇല്ല | ഇല്ല | | — | — | — |

കണ്ണംകുളംഹരിജൻ കോളനിയിൽ ജലവിതരണത്തിനായി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള പദ്ധതി വൈദ്യുതകണക്ഷൻ കിട്ടാത്തതിനാൽ കമ്മീഷൻചെയ്യാൻ സാധിച്ചിട്ടില്ല.

ആനക്കയം ഗ്രാമപഞ്ചായത്ത് വരവ് സംബന്ധിച്ച കണക്കുകൾ 1995-96

| ഇനം | വരവ് | സംഖ്യ |
|---|---|---|
| കെട്ടിട നികുതി | 232868 | — |
| തൊഴിൽ നികുതി | 80820 | -- |
| ലൈസൻസ് ഫീസ് | 15963 | -- |

| | | |
|---|---|---|
| വസ്തുതൈമാററ നികുതി | 2,44, 172 | -- |
| ഡെപ്പോസിററ് | 52,027 | -- |
| മററുള്ളവ | 824 749 | -- |
| ആകെ | 14,50,599 | -- |

ചെലവിനങ്ങഠം (95-96)

| ഇനം | ചെലവ് | സംഖ്യ |
|---|---|---|
| ഭരണം | 4,90,939 | -- |
| പൊതുമരാമത്ത് | 4,07,236 | -- |
| വിദ്യാഭ്യാസം | 27,140 | -- |
| ജലവിതരണം, ഓടകഠം, പൊതുജനാരോഗ്യം | 77,144 | -- |
| തെരുവുവിളക്കുകഠം കത്തിക്കുന്ന ദിക്ക് | 28,668 | -- |
| മററുള്ളവ | 8,75 593 | -- |
| ആകെ | 19,06,720 | -- |

★

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5(12) വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്തിൽ കാര്യമായ വ്യവസായസ്ഥാപനങ്ങളൊന്നുമില്ല. അൽപം ചില ചെറുകിട വ്യവസായങ്ങൾമാത്രം തൊഴിൽ രംഗങ്ങളും വളരെ കുറവ് വിനോദ നികുതികൾ ലഭിക്കാനു മാർഗ്ഗങ്ങളും തീരെയില്ല. ഇതു വിഭവസമാഹരണ സാധ്യത ഇല്ലാതാക്കുന്നു.

കാർഷിക രംഗം പാടെ മുരടിച്ചിരിക്കുന്നു. കപ്പ, ഇഞ്ചി, കിഴങ്ങുകൾ, മോടൻ എന്നിവ നാമാവശേഷമായിക്കൊണ്ടിരിക്കയാണ്. കർഷകരും കർഷകതൊഴിലാളികളും തൊഴിൽ രഹിതരാകുന്നു. കൃഷിഭൂമികൾ തരിശിടുന്നു. മററാവശ്യങ്ങൾക്കായി ഉപയോഗപ്പെടുന്നു. ഇതു വിഭവസമാഹരണത്തെ പ്രതികൂലമായി ബാധിക്കുന്നു.

സർക്കാർ ഗ്രാൻറുകൾ യഥാവസരം ലഭിക്കുന്നില്ല. അവ കിട്ടാനായി ഉന്നതങ്ങളിൽ സ്വാധീനം ചെലുത്തണം ഓരോ ഗ്രാൻറുകൾ അതാതു വർഷം തന്നെ ലഭിക്കണം പഞ്ചായത്തിൻെറ പിന്നോക്കാവസ്ഥ, മൊത്തം ജനസംഖ്യ, പട്ടികജാതി ജന സംഖ്യ എന്നിവ ഗ്രാൻറിൻെറ വിഹിതം വക്കലിനു പരിഗണിക്കണം.

കച്ചവട ലൈസൻസാണ് ഒരു പ്രധാന വരുമാന മാർഗ്ഗം. എല്ലാ കച്ചവടക്കാരും യഥാവസരം ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ഇതിൽ നിന്നും ഒഴിഞ്ഞു മാറാനാണ് ഭൂരിപക്ഷത്തിനും താൽപര്യം. എല്ലാ വിഭാഗങ്ങളിലും പൗരബോധം ഉണ്ടായാലെ ഇതിനൊക്കെ പരിഹാരമാകൂ.

**നിർദ്ദേശങ്ങൾ**

1. എല്ലാവരുടെയും വരുമാനം കണക്കാക്കി അതിനു ഒരു ശതമാനം പഞ്ചായത്തിനു നികുതി ചുമത്താൻ നിയമം ഉണ്ടാകണം.
2. എല്ലാ കച്ചവടക്കാരെയും ബിസിനസ്സുകാരെയും ഇതിൻെറ പരിധിയിൽ പെടുത്തുന്നുണ്ട് എന്ന് അതതു വർഷത്തിൽ വരുന്ന LDC മാർ ഉറപ്പ് വരുത്തണം.
3. നികുതിപിരിവിനു ഉദ്യോഗസ്ഥർക്കു വേണ്ട സഹായസഹകരണങ്ങൾ ജനപ്രതിനിധികളിൽനിന്നും കൂടുതൽ ഉണ്ടാകണം.
4. പഞ്ചായത്തിൽ നികുതിപിരിവിന് ആവശ്യമായത്ര സ്റ്റാഫുണ്ടാകണം
5. ഏകീകൃത നികുതി ചുമത്തലിന് ബ്ലോക്കുതലത്തിലെങ്കിലും പ്രത്യേക സ്റ്റാഫിനെ നിയമിക്കുകയും ചുമതലപ്പെടുത്തുകയും വേണം.

കെട്ടിട നികുതി:_

1. കെട്ടിട നികുതി കണക്കാക്കുമ്പോൾ അവയുടെ തറ വിസ്തീർണ്ണത്തിനനുസരിച്ച് മാത്രമല്ല അവയുടെ മൂല്യത്തിനും ആഢംബരത്തിനും അനുസരിച്ച് നികുതി കണക്കാക്കണം.
2. ഒരു നിശ്ചിത വിസ്തീർണ്ണത്തിൽ അധികമുള്ള വീടുകൾക്ക് അഡീഷണൽ നികുതിയും ചുമത്താൻ വ്യവസ്ഥ ഉണ്ടാകണം.
3. വീട്ടുനികുതി അസസ്മെൻറ് സുതാര്യമായിരിക്കണം. അതിൻെറ രീതി എല്ലാവർക്കും ഗ്രഹിക്കാൻ കഴിയണം.

തൊഴിൽ നികുതി:–

1 സർക്കാർ ഉദ്യോഗസ്ഥരെപ്പോലെ എല്ലാതൊഴലൊളികളിൽനിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതഴണ്

വിനോദനികുതി:–

1 പഞ്ചായത്തിൽ ഒരു സിനിമ തിയററർ വരികയാണെങ്കിൽ അതു പഞ്ചായത്തിനു വരുമാനമാഗ്ഗം കൂട്ടാൻ സഹായിക്കും.

ചെലവുകൾ:–

1 പഞ്ചായത്തിൽ വരുമാനത്തിൽ ഭൂരിഭാഗവും ഭരണകാര്യങ്ങൾക്കാണ് ചെലനിടുന്നത്. സാമൂഹ്യക്ഷേമത്തിനു കുറഞ്ഞ ശതമാനമെ നീക്കിവെക്കാൻ സാധിക്കുന്നുള്ളു. ഈ നില മാറണം

2 ജീവനക്കാരുടെ ശമ്പളം സർക്കാർ നൽകണം.

3 ഒരോ വാർഡിലേയും വികസന പ്രവർത്തനങ്ങൾ അതാതു വാർഡിലെ വികസന സമിതികൾ മുഖേന നടപ്പാക്കണം. ഇതു പാഴ്ചെലവുകൾ കുക്കോൻ സഹായിക്കും.

ഭൂ നികുതി:–

ഭൂനികുതിയുടെ ഘടനയിൽ മാററംവരുത്തണം PWD റോഡുകൾ പഞ്ചായത്ത് റോഡുകൾ, ഗതാഗത സൗകര്യമില്ലാത്ത ഭൂമി എന്നിങ്ങിനെ തരം തിരിച്ച് ഒരോ ഭൂമിക്കു പ്രത്യേകം നികുതിഘടന നിശ്ചയിക്കണം.

ഷോപ്പിംഗ് കോംപ്ലക്സ്:–

ആനക്കയം, ഇരുമ്പുഴി, പാണായി, പന്തലൂർ എന്നിവിടങ്ങളിൽ ഷോപിംഗ് കോംപ്ലക്സുകൾ നിർമ്മിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളാണ്.

പഞ്ചായത്താഫീസിനു മുന്നിൽ ഒരു ഷോപ്പ് കം കേണ്‍ഫറൻസ്ഹാൾ നിർമ്മിക്കുന്ന കാര്യവും പരിഗണിക്കേണ്ടതാണ്.

പഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിൽ മത്സ്യമാംസ മാർക്കററുകൾക്ക സാധ്യതയുണ്ട്.

★

178



# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5(13) ടൂറിസം

പ്രകൃതി രമണീയവും ദൃശ്യസുന്ദരവുമായ പന്തലൂർ മല ഈ പഞ്ചായത്തിലെ പത്ത്, പന്ത്രണ്ട വാർഡുകളിലാണ്. ഈ കുന്നിൻ നെറുകയിൽ പെരിന്തൽമണ്ണ-പാണ്ടിക്കാട്ട് റോഡിൽ യംഗ് ഇന്ത എസ്റ്റേററ് റോഡ് വഴി എപിച്ചേരാവുന്നതാണ്. ജില്ലയിൽ ഉയരം കൂടിയ മലകളിൽ ഒന്നായ ഇ മലയിലെ കൊടുകത്തികല്ലിൽ കയറിയാൽ ദൂരെയുള്ള അറബിക്കടൽ കാണാവുന്നതാണ്.

1921 ലെ ഐതിഹാസികമായ മലബാർ കലാപത്തിന്റെ ചരിത്രാവശിഷ്ടങ്ങൾ ഇവിടങ്ങ ളിൽ ടൂറിസ്റ്റുകളെയും ചരിത്ര വിദ്യാർത്ഥികളെയും ആകർഷിച്ചു വരുന്നു. ചരിത്രത്തിന്റെ തറകള ളിൽ പതിഞ്ഞ മായാത്ത മങ്ങാത്ത ഓർമ്മകളുമായി കടലുണ്ടി പുഴ ഈ പഞ്ചാതത്തിന്റെ വിരിമാറി ലൂടെ മന്ദംമന്ദം ഒഴുകുന്നു.

ഈ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഏഷ്യയിലെ ഏക സ്ഥാപനമായ കാഷ്യൂ റിസർച്ച് സെൻറർ, തൊട്ടടുത്തുള്ള സീഡ് ഫാമും ബോട്ടണി വിദ്യാർത്ഥികളെ പ്രത്യേകിച്ച് ശസ്ത്ര തൽപരരെ പൊതുവെയും ആകർഷിക്കുന്ന ഒന്നാണ്.

പുഴയിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് ക്യാച്ച്മെൻറ് ഏരിയയിൽ ശിക്കാരികളും ചെറിയ തരം ബോട്ടുകളും ഏർപ്പെടുത്തുന്നതായാൽ വിനോദസഞ്ചാരികളെ ഇങ്ങോട്ട് ആകർഷിക്കുന്നതാണ്.

കൊടുകുന്നികല്ലിന്റെ ചുററുപാടുമുള്ള പ്രദേശം ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കാവു ന്നതാണ്. ഈ മലപ്രദേശത്ത് മനോഹരമായ വിവിധയിനം പക്ഷികളുടെ വിഹാര കേന്ദ്രമാണ് വിനോദസഞ്ചാരികളെയും പാഠന സംഘങ്ങളെയും ഇങ്ങോട്ട് ആകർഷിക്കാൻ ഇനിയും വികസിപ്പി ക്കേണ്ടതുണ്ട്.

ആനക്കയം ഗ്രാമ പഞ്ചായത്ത്



# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 6 ഉപസംഹാരം

മേൽപറഞ്ഞ വികസനറിപ്പോർട്ട് ഓരോരുത്തരുടേയും സമഗ്ര ചർച്ചക്ക് വിധേയമാക്കി അടുത്ത 5 വർഷത്തെ പഞ്ചായത്തിലെ ജനകീയ പദ്ധതികൾക്ക് അന്തിമരൂപം നൽകണമെന്ന ആവശ്യത്തോടെ ഈ വികസനരേഖ ഇവിടെ ഉപസംഹരിക്കുന്നു. ഇത് നല്ല ഒരു നാളെയുടെ തുടക്കമായിരിക്കട്ടെ എന്ന് ആശംസിക്കുന്നു.

★

180

# ആനക്കയം ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ

**അനുബന്ധം 26-11-96**

രമാ പ്രിൻേറഴ്സ്, മേലാക്കം-മഞ്ചേരി-3.

181

26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ

ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 1 കൃഷിയും ജലസേചനവും

1 പ്രധാന തോടുകൾ (വിട്ടുപോയത്)

19) അവിഞ്ഞൂർ പാലം തോട്–2½ km

2 കടലുണ്ടിപുഴ ഈ പഞ്ചായത്തിൽ 13 km ദൂരത്തിൽ ഒഴുകുന്നു.

3 തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് കൂടുതൽ പേർക്ക് സഹായം നൽകുക.

4 വെററിലകൃഷി വ്യാപകമാക്കാൻ കൃഷിക്കാർക്കുവേണ്ട പ്രോത്സാഹനവും സഹായവും നൽകുക.

5 പാടശേഖര സമിതികൾ അടക്കമുള്ള മുഴുവൻ കർഷക സമിതികളും രജിസ്റ്റർ ചെയ്യുന്നതിനും പുതുക്കുന്നതിനും ഉള്ളഅധികാരം പഞ്ചായത്തുകൾക്കു നല്കുക.

6 രോഗം ബാധിച്ച കമുങ്ങ്, തെങ്ങ്, വെററില, കുരുമുളക് എന്നിവ വെട്ടിമാററി നശിപ്പിക്കുന്നതിനും പുതിയകൃഷി ഇറക്കുന്നതിനും അർഹമായ സാമ്പത്തിക സഹായം നൽകുക.

7 പഞ്ചായത്തിൽ നിലവിലുള്ള സഹകരണ സംഘങ്ങൾ മുഖേന ട്രാക്ടർ, മെതിയന്ത്രം, പവർ സ്പ്രെയർ എന്നിവ കർഷകർക്കു ചുരുങ്ങിയ വാടകനിരക്കിൽ ലഭ്യമാക്കുക.

8 കൃഷിക്കാർക്ക ആവശ്യമായ വിവിധയിനം കീടനാശിനികൾ യഥാസമയം കുറഞ്ഞനിരക്കിൽ കൃഷിഭവൻ മുഖേന ലഭ്യമാക്കുക.

9 നല്ലയിനം പച്ചക്കറി വിത്തുകൾ കൃഷിക്കാർക്കു ലഭ്യമാക്കുക. പഞ്ചായത്തിനുകീഴിൽ ഒരു സഹകരണ വിപണനകേന്ദ്രം ആരംഭിക്കുക.

10 കൃഷിഭവനു സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുക.

11 കർഷക ഗ്രൂപ്പുകൾക്ക് പഞ്ചായത്ത് വക വെള്ളം പമ്പ്ചെയ്യുന്നതിന് മോട്ടോറുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കുക.

★

26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ
ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

1 പഞ്ചായത്തിൽ നിലവിലുള്ള മൃഗാശുപത്രിയിൽ കൂടുതൽസൗകര്യങ്ങൾ ഏർപ്പെടുത്തുക.

2 ആനക്കയം പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയിൽ ഒരു മൃഗാശുപത്രിയും കുത്തിവെപ്പു കേന്ദ്രവും സ്ഥാപിക്കുക.

3 പഞ്ചായത്തിലെ വളർത്തുമൃഗങ്ങൾക്കു ഗ്രൂപ്പ്ഇൻഷ്യൂറൻസ് ഏർപ്പെടുത്തുക

4 സങ്കര ഇനം കന്നുകുട്ടികൾക്ക നല്കുന്ന ആനുകൂല്യങ്ങൾ പഞ്ചായത്തിലെ എല്ലാ കന്നുകുട്ടികൾക്കും നൽകുക.

5 പഞ്ചായത്തിൽ ഒരു കാലിത്തീററ ഫാക്ററി ആരംഭിക്കുക.

6 കോഴി വളർത്തലിന് പഞ്ചായത്തിൽ പരിശീലനവും, പ്രോത്സാഹനവും, ധനസഹായവും നല്കുക.

7 അംഗനവാടി, വനിതാസമാജങ്ങൾ എന്നിവയിലൂടെ കാലിവളർത്തൽ, കോഴിവളർത്തൽ എന്നിവയിൽ ബോധവൽക്കരണം നൽകുകയും, രോഗപ്രതിരോധ നടപടികൾക്കു പരിശീലനം നൽകുകയും ചെയ്യുക.

8 പഞ്ചായത്തു തലത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു അറവുശാലയും, മാർക്കററും, സ്ഥാപിക്കുക.

183

## 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 3 വ്യവസായം

**നിർദ്ദേശങ്ങൾ:**

1 വ്യവസായവകുപ്പിന്റെ സഹകരണത്തോടെ പഞ്ചായത്തിലെ 13 വാർഡുകളിലും ഓരോ ഫർണിച്ചർ നിർമ്മാണ യൂണിററ് ആരംഭിക്കേണ്ടതാണ്.

2 പഞ്ചായത്തിലെ മിക്കവാർഡുകളിലും വ്യവസായ വകുപ്പിന്റെ സഹായത്തോടുകൂടി കൊപ്ര സംസ്ക്കരണ യൂണിററ് ആരംഭിക്കേണ്ടതാണ്.

3 പഞ്ചായത്തിന്റെ കിഴക്കൻ മേഖലയായ പന്തല്ലൂരിൽ ലാററക്സ് ത്രെഡ്സ്, റബർബാൻറുകൾ തുടങ്ങിയ ചെറുകിട റബർ വ്യവസായങ്ങൾ ആരംഭിക്കേണ്ടതാണ്.

4 ആനക്കയം, ഇരുമ്പുഴി, മുടിക്കോട് എന്നിവിടങ്ങളിൽ ഓരോ പ്രിൻറിംഗ് പ്രസ്സിനു് സാധ്യതയുണ്ട്.

5 മൺപാത്രനിർമ്മാണം, കുട്ടനിർമ്മാണം എന്നിവ സഹകരണാടിസ്ഥാനത്തിൽ നിർമ്മിക്കാൻ പ്രസ്തുത തൊഴിലിൽ ഏർപ്പെട്ടവർക്കു ബോധവൽക്കരണവും സാമ്പത്തിക സഹായവും നൽകേണ്ടതാണ്.

6 ഈരണ്ടുവാർഡുകൾക്ക് ഒന്ന് എന്ന തോതിൽ പഴം, പച്ചക്കറി സംസ്ക്കരണ യൂണിററുകളും, പഞ്ചായത്തിൽ രണ്ടോ മൂന്നോ ബേക്കറിയൂണിററുകളും ആരംഭിക്കാവുന്നതാണ്.

7 ഓർക്കിഡ്, അന്തൂറിയം തുടങ്ങിയ ഒന്നോ രണ്ടോ യൂണിററ് പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്.

8 പന്തല്ലൂർ ക്ഷീരോൽപാദക സഹകരണസംഘത്തിന്റെ കിഴിൽ ഒരു പാലുൽപന്ന യൂണിററ് ആരംഭിക്കാവുന്നതാണ്.

★

## 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 4 വിദ്യാഭ്യാസം

1 പഞ്ചായത്തു തലത്തിൽ ഒരു വിദ്യാഭ്യാസസമിതി രൂപീകരിക്കുക

2 അധ്യാപകർക്കാവശ്യമായ ഇൻസർവ്വീസ് കോഴ്സ് സബ്ജക്ററ് അടിസ്ഥാനത്തിൽ നടത്തുവാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുക.

3 സ്കൂൾകോംപ്ലക്സുകൾ ശക്തിപ്പെടുത്തുക.

4 അനുപൂരക വിദ്യാഭ്യാസം പഞ്ചായത്തിൽ തുടർന്നുനടപ്പിലാക്കാൻ വേണ്ടതു ചെയ്യുക.

5 പാഠപുസ്തകങ്ങൾ പരിഷ്കരിക്കുക. സിലബസ് പരിഷ്കരിക്കുകയും ജീവിത ഗന്ധിയാക്കുകയും ചെയ്യുക. പാഠപുസ്തകങ്ങളുടെ വലിപ്പം കുറക്കുക. പ്രാദേശിക കാര്യങ്ങൾ ഉൾപ്പെടുത്തിയുള്ള ടെക്സ്റ്റ്ബുക്ക് ആയിരിക്കണം ഉണ്ടാക്കേണ്ടത്.

6 കുട്ടികളുടെ എല്ലാ കഴിവുകളും പരിശോധിക്കുന്നതരത്തിലുള്ള മൂല്യനിർണ്ണയരീതി അവലംബിക്കുക

7 വാർഷികപരീക്ഷ രണ്ടുഘട്ടങ്ങളായി നടത്തുക. ഒന്നാം ഘട്ടത്തിൽ തോൽക്കുന്നവരെ രണ്ടാംഘട്ടത്തിൽ പരീക്ഷക്കിരുത്തി വിജയികളെ കണ്ടെത്തുക.

8 കാര്യക്ഷമവും വിപുലവുമായ മോണിററിംഗ് സമ്പ്രദായം വിദ്യാഭ്യാസ സമിതി തയ്യാറാക്കുക.

9 കോംപ്ലക്സ് തലത്തിൽ കലാമേള, കായികമേള, ശാസ്ത്രമേള, എന്നിവ സംഘടിപ്പിക്കുക.

10 കയ്യെഴുത്ത് മാസികകൾ എല്ലാ സ്കൂളുകളിലും സംഘടിപ്പിക്കുകയും വാർഷികപ്പതിപ്പിനു പഞ്ചായത്തു തലത്തിൽ മത്സരവും പ്രോത്സാഹനവും ഏർപ്പെടുത്തുകയും ചെയ്യുക.

11 പഞ്ചായത്തു തലത്തിൽ കുട്ടികളുടെ കലാഗ്രൂപ്പ് ഉണ്ടാക്കുക.

12 സയൻസ്, മേത്ത്സ്, ഫോറസ്ട്രി ക്ലബ്ബുകൾ എല്ലാ സ്കൂളുകളിലും രൂപീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക,

13 പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും വായനകോർണർ ആരംഭിക്കുക.

14 എല്ലാ സ്കൂളുകളിലും മാസ്ഡ്രിൽ സംഘടിപ്പിക്കുക. ഒരു സ്കൂളിൽനിന്നും ഒരു അധ്യാപകനെങ്കിലും ഇതിനുള്ള പരിശീലനം നൽകുക.

15 സ്കൂൾ അസംബ്ലിയിൽ പത്രപാരായണം ഏർപ്പെടുത്തുക.

16 സ്കൂൾ യൂനിഫോം നിർബന്ധമാക്കുക.

17 പഠനയാത്ര, വിനോദയാത്ര,പ്രകൃതിപഠനം എന്നിവ ക്ലസ്ററർ ലവലിൽ സംഘടിപ്പിക്കുക.

18 എല്ലാ സ്ക്കൂളിലും മിനിമം സൗകര്യം ഏർപ്പെടുത്തുവാൻ വിദ്യാഭ്യാസ സമിതിബന്ധപ്പെട്ടവരിൽ പ്രേരണ ചെലുത്തുക.

19 എല്ലാ വിദ്യാലയങ്ങളിലും സഞ്ചയിക പദ്ധതി ആരംഭിക്കുക.

20 രക്ഷിതാക്കൾക്ക് തുടരെ ബോധവൽക്കരണം നൽകുക.

21 P T A, M T A, പൂർവ്വവിദ്യാർത്ഥി സംഘടന School വെൽഫെയർ കമ്മിററി, വിദ്യാലയ സംരക്ഷണസമിതി, S R G, എന്നിവ എല്ലാ വിദ്യാലയങ്ങളിലും നിർബന്ധമായും രൂപീകരിക്കുക.

22 Noon feeding നുള്ള Contingent Charge വർദ്ധിപ്പിക്കുക. ഇത് അതാതു മാസങ്ങളിൽ തന്നെ ലഭ്യമാക്കുക.

23 U P സ്ക്കൂളിൽ ഒരു ക്ലർക്കിന്റെ പോസ്ററും L P സ്ക്കൂളിൽ ഒരു പ്യൂണിന്റെ പോസ്ററും അനുവദിക്കുക.

24 ആയിരത്തിലധികം കുട്ടികളുള്ള U P വിദ്യാലയങ്ങളിൽ ഫുൾടൈം മിനിയലിനെ നിയമിക്കുക.

25 പന്തല്ലൂർ വില്ലേജിന്റെ കിഴക്കൻഭാഗത്ത് ഒരു U P സ്ക്കൂൾ ആരംഭിക്കുക.

26 ഇരുമ്പുഴി പടിഞ്ഞാററുമുറിയിൽ ഒരു L P സ്ക്കൂൾ ആരംഭിക്കുക.

27 പാപ്പിനിപ്പാറ U P സ്ക്കൂൾ അപ്ഗ്രേഡ്ചെയ്ത് ഹൈസ്ക്കൂളാക്കുക.

28 ഇരുമ്പുഴി G M U P സ്ക്കൂളിന്റെ വാടകകെട്ടിടവും, സ്ഥലവും അക്വയർ ചെയ്യുക.

29 മെയിൻറനൻസ് ഗ്രാൻറ് കാലോചിതമായി വർദ്ധിപ്പിക്കുക.

30 ഗവൺമെൻറ് സ്ക്കൂളുകളിലെ ക്ലാസ്സുറൂമുകൾ അടക്കമുള്ള ഭൗതികസൗകര്യങ്ങൾ ഏർപ്പെടുത്തി കാലാകാലങ്ങളിൽ റിപ്പേറുകൾ നടത്തുകയും ചെയ്യുക.

31 വെങ്ങാലൂർ എ. എം. എൽ. പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുക.

32 പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ കര്യങ്ങൾ നിയന്ത്രിക്കുന്നതിന്ന് ഒരു ആഫീസറെ നിയമിക്കുക.

26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ

ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 5 കുടിവെള്ളം ആരോഗ്യം

1 പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള നീരുറവകൾ തടഞ്ഞുനിർത്തി ശുദ്ധജലം ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

2 ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട മുഴുവൻ സ്ഥലങ്ങളിലും കുടിവെള്ളം എത്തിക്കാനവശ്യമായ പദ്ധതികൾ ഉണ്ടാകും എന്ന് ഉറപ്പ്വരുത്തണം.

3 ഓപ്പൺ കിണറുകൾ പരാജയപ്പെടുന്ന ഇടങ്ങളിൽ കുഴൽകിണറുകൾ കുഴിക്കുക.

4 കുഴൽകിണർ, പൈപ്പ്ലൈൻ എന്നിവയുടെ മെയ്ൻറനൻസ് നടത്തുവാൻ ഒരുവാർഡിൽ നിന്നും ഒരാൾക്കെങ്കിലും പരിശീലനവും ടൂൾകിററും ധനസഹായവും നൽകുക.

5 ആവശ്യക്കാർക്കെല്ലാം ഹൗസ്കണക്ഷൻ (പൈപ്പ്) നൽകുക.

6 വരൾച്ച രൂക്ഷമായകാലങ്ങളിൽ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ കുടിവെള്ളം വാഹനങ്ങളിലോ മറേറാഎത്തിക്കുക.

## ആരോഗ്യം

1 എല്ലാ വീടുകളിലും കക്കൂസുകൾ നിർമ്മിക്കുവാനുള്ള പദ്ധതികൾ ഉണ്ടാക്കുക.

2 എല്ലാ വാർഡുകളിലും ഒരോ സബ്സെൻറർ സ്ഥാപിക്കുക.

3 എല്ലാ സെൻററിലും JHI ഉണ്ട് എന്ന് ഉറപ്പ് വരുത്തണം.

4 ഹോമിയോ, ആയുർവ്വേദ ആശുപത്രികൾ സ്ഥാപിക്കുക.

★

187

# 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

## 6 ഗതാഗതം, ഊർജം, മാർക്കററ്

### 1 ഗതാഗതം:

(1) സ്പെഷൽ ഗ്രാമസഭകളിൽനിന്നും നിർദ്ദേശിക്കപ്പെട്ട മുഴുവൻ റോഡുപ്രവർത്തികളും ബന്ധപ്പെട്ട ടാസ്ക്ഫോർസിൻെറ പരിഗണനക്കു വിടുന്നതും മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

### 2 ഊർജം:

1 കാർഷിക മേഖലയെ ആശ്രയിച്ചു ജീവിക്കുന്ന ആനക്കയം പഞ്ചായത്തിലെ ഭൂരിഭാഗവും ഇന്നും വൈദ്യുതീകരിക്കപ്പെടാതെ കിടക്കുകയാണ്. ഈ മേഖലകളിൽ വൈദ്യുതി എത്തിക്കുകയും ജലസേചനത്തിനു സൗകര്യവും മററും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്താൽ കാർഷിക മേഖലയിൽ വളരെയധികം നേട്ടം കൈവരിക്കാവുന്നതാണ്. ഗ്രാമസഭാറിപ്പോർട്ടുകളിൽ ഓരോ വാർഡിലും ഏതെല്ലാം പ്രദേശങ്ങളാണ് വൈദ്യുതീകരിക്കപ്പെടാതെ കിടക്കുന്നത് എന്നും അവ എങ്ങിനെ പരിഹരിക്കപ്പെടാമെന്നും കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. അവ പ്രത്യേകം പരിഗണിക്കേണ്ടതാണ്.

2 വൈദ്യുതി എത്തിയ ഇടങ്ങളിൽ തന്നെ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. അതിനാൽ കിടങ്ങയം, ചുവന്നപറമ്പ്, കോണിക്കല്ല്, ഇരുമ്പുഴി, ആനക്കയം, ചെക്പോസ്റ്റ്, മുടിക്കോട്, പെരിമ്പലം സെൻറർ, ഈരാമുടുക്ക്, പാപ്പിനിപ്പാറ, മണ്ണാത്തിപ്പാറ, വാളാപറമ്പ് എന്നിവിടങ്ങളിൽ പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കേണ്ടതാണ്.

3 25 കി.മീ. ആനക്കയം പഞ്ചായത്തിലുള്ള Single Phase ലൈൻ 3 Phase ലൈനാക്കി മാറേറണ്ടതും, മലപ്പുറം ജില്ലയിൽ ഒരു താപനിലയം സ്ഥാപിച്ച്, ട്രാൻസ്ഫോമറുകളിൽ നിശ്ചിത കാലോവാട്ട് വൈദ്യുതി എത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തി വോൾട്ടേജ് ക്ഷാമം പരിഹരിക്കേണ്ടതുമാണ്.

4 പഞ്ചായത്തിൽ സ്ട്രീററ് ലൈററ് ആവശ്യമുള്ള സ്ഥലങ്ങളുടെ കൃത്യമായ കണക്കും കരടുരേഖയിൽ ചേർക്കേണ്ടതാണ്.

5 ആനക്കയം പഞ്ചായത്തിൽ ഒരു സെക്ഷൻ ഓഫീസും വൈദ്യുതിചാർജ്ജ് അടക്കാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

188



6 ഈ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ ആര്യാപറമ്പ്, ഊരററക്കാട്, കോട്ടമല, പുർക്കമല, ചോഴിയൻകുന്ന്, അപ്പേൻകുന്ന്, കാക്കാടൻകുന്ന്, വായപ്പാറമല, പന്തലൂർമല എന്നിവിടങ്ങളിൽ കാററ് തടവില്ലാതെ ലഭ്യമാണ്. ഇവിടങ്ങളിൽ കാററാടി യന്ത്രങ്ങാം സ്ഥാപിച്ച് വൈദ്യുതി ഉൽപാദിച്ചാൽ ഈ പ്രദേശത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ കഴിയും.

## മാർക്കററ്

1 ആനക്കയം, പന്തല്ലൂർ വില്ലേജുകളിൽ, പന്തലൂർ, ആനക്കയം, ഇരുമ്പുഴി എന്നിവിടങ്ങളിൽ മത്സ്യമാംസ മാർക്കററുകാം ആരംഭിക്കേണ്ടതാണ്. പഞ്ചായത്ത് കേന്ദ്രമായി ആനക്കയത്ത് ഒരു ചന്ത തുടങ്ങേണ്ടതാണ്.

189

## 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 7 പാർപ്പിടം, സാമൂഹ്യ ക്ഷേമം

1 ദുർബ്ബലവിഭാഗക്കാരുടെ വീടുകൾ ഇൻഷൂർ ചെയ്യുക.

2 ചെലവുകുറഞ്ഞ വീടുകൾക്ക പ്രോത്സാഹനം നൽകുക. നിർമ്മിതികേന്ദ്രം തുടങ്ങിയവയുടെ സഹായം ലഭ്യമാക്കുക.

3 വയറിംഗ് നടത്താത്ത ദുർബ്ബല വിഭാഗങ്ങളുടെ വീടുകൾക്ക് വയറിംഗ് നടത്താൻ സഹായം നൽകുക.

4 അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങൾകണ്ടെത്തി പഞ്ചായത്തു വിലക്കുവാങ്ങി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി ഭൂരഹിതരായവർക്കു മിതമായനിരക്കിൽ ലഭ്യമാക്കുക.

5 സർക്കാർസഹായത്തോടെ നിർമ്മിച്ച 10 വർഷത്തിൽഅധികം പഴക്കമുള്ള വീടുകൾ റിപ്പേർ ചെയ്യാൻ സർക്കാർസഹായം നൽകുക.

6 നിലവിലുള്ള പാർപ്പിട ധനസഹായപദ്ധതികൾ അതെ അനുപാതത്തിൽ മററുദുർബ്ബല വിഭാഗങ്ങൾക്കും അനുവദിക്കുക.

7 പഞ്ചായത്തിൽ ക്വാർട്ടേർസ്നിർമ്മിച്ച് മിതമായനിരക്കിൽ വാടകക്കുനൽകുക.

8 പഞ്ചായത്തിൽ പട്ടയംകിട്ടാത്ത കുടികിടപ്പുകാർക്കു ബന്ധപ്പെട്ടരേഖകൾ നൽകുക.

### സാമൂഹ്യക്ഷേമം

1 IRDP സഹായങ്ങൾ അർഹരായവർക്കു കാലതാമസം ഒഴിവാക്കി പെട്ടന്ന്അനുവദിക്കുക.

2 പട്ടികജാതി, പട്ടികവർഗ്ഗത്തിൽ പെടാത്തവർക്കും സബ്സിഡിയുടെ പരിധിക്ക്വിധേയമായി രണ്ടാം ഗഡുസഹായം നൽകുക.

### ട്രൈസം

ട്രൈസം പരിശീലനകേന്ദ്രങ്ങളുടെ പഠനസൗകര്യവും നിലവാരവും പരിശോധിക്കുന്നതിന് ജനപ്രതിനിധികൾക്ക് അധികാരം നൽകുക.

### ടൂൾകിററ്

ടൂറാംകിററ് നൽകാവുന്ന കുടുംബങ്ങളുടെ ടാർജററ് വർദ്ധിപ്പിക്കുക.

### പെൻഷനുകൾ

1 കർഷകതൊഴിലാളി പെൻഷൻെറ വാർഷിക വരുമാന പരിധി 5000/-രൂപയാക്കി വർധിപ്പിക്കുക.

2 വാർദ്ധക്യകാല പെൻഷൻ ഫേമിലി ബെനിഫിററ്സ്കീം, പ്രസവാനുകൂല്യം എന്നിവ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്.

3 പഞ്ചായത്തിലെ എല്ലാ വരേയുംഅപകട ഇൻഷൂർ ചെയ്യുക.

### അംഗനവാടി

1 സ്ഥിരം കെട്ടിടംഉള്ള അംഗനവാടികറാക്ക് വെള്ളം, കക്കൂസ്, ചുററുമതിൽ എന്നിവ നിർമ്മിക്കുക.

2 അംഗനവാടികറാക്ക് നിർത്തലാക്കിയ എണ്ണ പഞ്ചായത്തുവഴിവിതരണംനടത്തുക.

3 അംഗനവാടികറാക്കുകെട്ടിടം നിർമ്മിക്കാൻ സ്ഥലമില്ലാത്തവക്ക് പഞ്ചായത്ത്സ്ഥലം ലഭ്യമാക്കുക.

4 ഡെകെയർ സെൻറർ, ഫാമിലികൗൺസിലിംഗ് തുടങ്ങിയ പരിപാടികറാക്ക് സ്ഥലം പഞ്ചായത്ത് അനുവദിക്കുക.

5 ക്ഷേമ പ്രവർത്തനങ്ങളെകുറിച്ച് പഞ്ചായത്ത്തലത്തിൽ ബോധവൽക്കരണം നടത്തുക.

6 മിശ്ര വിവാഹ ദമ്പതികറാക്കുലഭിക്കുന്ന ഗ്രാൻറ് പഞ്ചായത്തുതലത്തിൽ നടപ്പാക്കുക.

### റേഷൻസബ്സിഡി

* 1 റേഷൻ സബ്സിഡി 4 രൂപഎല്ലാവർക്കും കിട്ടുന്നുഎന്ന്ഉറപ്പുവരുത്തുന്നതിനു നടപടി കറാ സ്വീകരിക്കുക.

2 സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകറാ പഞ്ചായത്തു് തലത്തിൽ ഏർപ്പെടുത്തുക.

3 ഓണചന്തപോലെ ഉത്സവദിവസങ്ങളിൽ എല്ലാവാർഡുകളിലും ചന്തഏർപ്പെടുത്തുക.

4 കരിഞ്ചന്തക്കും പൂഴ്ത്തിവെപ്പിനുമെതിരെ പഞ്ചായത്തുതലത്തിൽ ജനകീയ സമിതികറാ രൂപീകരിക്കുക.

### പൊതുനിർദ്ദേശങ്ങൾ:

1 ട്രേഡ്യൂണിയൻ അംഗത്വമില്ലാത്ത തൊഴിലാളികറാക്കും ക്ഷേമനിധി ആനുകൂല്യങ്ങറാ നടപ്പാക്കുക.

2 ഓരോ സാമ്പത്തിക വർഷാരംഭത്തിലും വികസനബ്ലോക്കുകറാ മുഖേന നടപ്പാക്കുന്ന പദ്ധതികളെകുറിച്ച് ഓരോ വാർഡിലും ബോധവൽക്കരണ ക്ലാസ്സുകറാനടത്തി ഗുണഭോക്താക്കളെ കേമ്പിൽനിന്നും തെരഞ്ഞെടുക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

191

## 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 8 സംസ്കാരം

1 പഞ്ചായത്തിൽ അടിയന്തിരമായും ഒരു കമ്മ്യൂണിററിഹാൾ നിർമ്മിക്കാൻവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2 ഗ്രന്ഥശാല, വായനശാല, കലാസംസ്കാരിക നിലയങ്ങൾ എന്നിവക്കു കെട്ടിടം പണിയുന്നതിന് പുറംപോക്കു അനുവദിക്കേണ്ടതാണ്.

3 സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കേണ്ടതാണ്.

4 മുഴുവൻ ലഹരിപദാർത്ഥങ്ങളും നിരോധിക്കേണ്ടതാണ്.

5 ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും റഫറൻസ്ഗ്രന്ഥങ്ങളും T V സെററുകളും വിതരണം ചെയ്യേണ്ടതാണ്.

6 അവശ കലാകാരന്മാരെ അംഗീകരിക്കുവാനും നിലവിലുള്ള കലാകാരൻമാരെ പ്രോത്സാഹിപ്പിക്കാനും വേണ്ടനടപടികൾ സ്വീകരിക്കേണ്ടതാണ്.

7 കേരളോത്സവം കൂടുതൽ വിപുലമായും ശാസ്ത്രീയമായും പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

**തിരുത്ത്**

പേജ് 56 പട്ടിക 2
ക്രമനമ്പർ 4 ചെറുപുഷ്പ, യുവപ്രതിഭ പന്തലൂർ.

## 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 9 വനിത

1 പഞ്ചായത്തിൽ വില്ലേജടിസ്ഥാനത്തിൽ വനിതാസഹകരണസംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

2 സംഘത്തിന്റെ കീഴിൽ തൊഴിൽ യൂനിററുകൾ സ്ഥാപിക്കേണ്ടതാണ്.

3 ഉൽപന്നങ്ങൾ വിററഴിക്കാൻ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

4 കൃഷുകൾക്കു സൗകര്യമുള്ളേടത്ത് കൃഷുകൾ ആരംഭിക്കേണ്ടതാണ്.

5 സർക്കാർ പ്രീ-പ്രൈമറി അധ്യാപകർക്കു നൽകുന്ന വേതനഘടന അംഗനവാടി വർക്കർ, ഹെൽപർ എന്നിവർക്കും നൽകുക.

6 ആനക്കയം P H Cയിൽ ഒരു ഗൈനക്കോളജിസ്ററിന്റെ പോസ്ററ് അനുവദിക്കുക.

7 പഞ്ചായത്തുതലത്തിൽ ഓരോ ഫേമിലി കൗൺസിലിംഗ്സെൻറർ സ്ഥാപിക്കേണ്ടതാണ്.

8 സമൂഹ വിവാഹം പഞ്ചായത്തുതലത്തിൽ പ്രോത്സാഹിപ്പിക്കണം.

9 സ്ത്രീധനം സ്ത്രീപീഠനം എന്നിവക്കെതിരെ പഞ്ചായത്തുതലത്തിൽ ബോധവൽക്കരണം നടത്തണം.

10 സ്ത്രീവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും, പിന്നോക്കവിഭാഗങ്ങളിൽപെട്ട വിദ്യാർത്ഥിനികൾക്കു നൽകിവരുന്ന ആനുകൂല്യം വർദ്ധിപ്പിക്കുകയും യഥാസമയം ലഭ്യമാക്കുകയും ചെയ്യുക.

193

## 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 10 സഹകരണം

1 വനിതകൾക്കു സഹകരണമേഖലയിൽ കൈതൊഴിൽ പരിശീലനം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2 അവധിതെററാത്തകടക്കാരന് വായ്പതിരിച്ചെടുക്കുന്ന സമയത്ത് തന്നെ പലിശ സബ്സിഡി വരവുവെച്ചുകൊടുക്കുകയും, ഈ സംഖ്യ സംഘാർഗങ്ങൾക്ക് ജില്ലാ ബേങ്കിൻെറ ഡിമാൻറിൽ അപ്പപ്പോൾതന്നെ തട്ടിക്കിഴിച്ച്കൊടുക്കുകയും ചെയ്യേണ്ടതാണ്

3 ചിട്ടിനിയമത്തിലെ റജിസ്ട്രേഷൻ വ്യവസ്ഥകളിൽ നിന്നും സംഘങ്ങളെ ഒഴിവാക്കി, ചിട്ടിനടത്തുന്നതിനുള്ള അധികാരം സംഘങ്ങൾക്കു നൽകേണ്ടതാണ്.

4 ബാക്കിവരുന്ന പാൽ, പാലുൽപന്നങ്ങളാക്കി മാററുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

5 വാർഡുതലത്തിൽ ക്ഷീരവികസന സൊസൈററികളും പഞ്ചായത്തുതലത്തിൽ ഒരു കേന്ദ്രസൊസൈററിയും സ്ഥാപിക്കുക.

6 സംഘങ്ങളെ സെയിൽടാക്സ് പരിധിയിൽ നിന്നും ഒഴിവാക്കുക.

7 കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുകയും ഒരു മാംസ സംസ്കരണ യൂണിററ് ആരംഭിക്കുകയും ചെയ്യുക.

8 സഹകരണ സംഘങ്ങളിലെ പലിശ നിരക്ക്കുറക്കുക.

9 ജില്ലാ സഹകരണ ബേങ്കുകൾ സംസ്ഥാനസഹകരണ ബേങ്കിൻെറ ബ്രാഞ്ചാക്കി മൂന്നു തട്ടുവ്യവസ്ഥക്കു പകരം രണ്ടുതട്ടുവ്യവസ്ഥ നടപ്പാക്കുക.

10 കാലിത്തീററ, കോഴിത്തീററ, പുൽവിത്ത് എന്നിവ സബ്സിഡിനിരക്കിൽ സഹകരണ സംഘങ്ങൾ മുഖേന വിതരണംനടത്തുക.

★ ★

## 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 11 പട്ടികജാതി പട്ടികവർഗ്ഗം

24 പഞ്ചായത്ത് വിതരണം ചെയ്യുന്ന പുരകെട്ടിമേയൽ സഹായം നൽകുമ്പോൾ SC, S T വിഭാഗത്തിന് മുൻഗണന നൽകുക.

25 ഓരോ കോളനിക്കരികിലും പത്തുസെൻറ് സ്ഥലമെങ്കിലും പഞ്ചായത്ത് എടുത്ത് ശ്മശാനം നിർമ്മിക്കുക.

26 പഞ്ചായത്ത് രാജ് അനുശാസിക്കുന്ന കള്ള്ഷാപ്പ് നിരോധിക്കുന്നതിനുള്ള പഞ്ചാത്ത പ്രസിഡൻറിനുള്ള അധികാരം തിരിച്ചേൽപിക്കുക.

### നിർദ്ദേശങ്ങൾ

1 വിവിധ ഡിപ്പാർട്ട്മെൻറുകൾ നടപ്പിലാക്കുന്ന പദ്ധതികളെകുറിച്ച് S C, S T വിഭാഗത്തിന് അറിവുനൽകുന്നതിനു വേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു ഗൈഡൻസ് സെൽ രൂപീകരിക്കേണ്ടതാണ്.

2 കോളനികളിൽ ഉൾപ്പെടാത്ത ഒററ കുടുംബങ്ങൾക്കും കോളനിക്കാർക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കേണ്ടതാണ്.

3 എല്ലാ അംഗീകൃത കോളനികളും I H D P കോളനികളായി ഉയർത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4 വീടുവെക്കാൻ സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് പഞ്ചായത്ത് പുറംപോക്ക്, മിച്ചഭൂമി എന്നിവയിൽ നിന്നും മൂന്നു സെൻറുവീതം ഭൂമി അനുവദിക്കേണ്ടതാണ്.

195

## 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 12 വിഭവ സമാഹരണം

**നിർദ്ദേശങ്ങൾ:**

1 പദ്ധതി ചെലവിന്റെ ചുരുങ്ങിയത് 30% എങ്കിലും തദ്ദേശീയമായി സ്വരൂപിക്കണം. ഒരു വർഷത്തിൽ പഞ്ചായത്തിലെ ഒരു വീട്ടിൽനിന്നും ഒരു മനുഷ്യാധ്വാനമെങ്കിലും സംഭാവന ചെയ്യുന്ന സംവിധാനം വേണം.

2 പഞ്ചായത്തിൽ സുലഭമായികിട്ടുന്ന കാർഷികോൽപന്നങ്ങൾ ഉപയോഗിച്ച് വ്യവസായ സംരംഭങ്ങൾ ഉണ്ടാക്കണം. ഇതു തൊഴിലില്ലായ്മ പരിഹരിക്കുന്നതോടൊപ്പം പഞ്ചായത്തിനു വരുമാനം കിട്ടും. കർഷകരെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് രക്ഷിക്കാൻ കഴിയുന്നതിന് സഹകരണ സംഘങ്ങൾ രൂപീകരിച്ചോ, മററുധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പകൾ സംഘടിപ്പിച്ചോ വിഭവം കണ്ടെത്തണം.

3 വർഷംതോറും പഞ്ചായത്തിൽ ഫുട്ബാൾ ടൂർണ്ണമെൻറുകൾ ഏർപ്പെടുത്തി വരുമാനം ഉണ്ടാക്കാം.

4 ചെങ്കല്ല്, കരിങ്കല്ല് ക്വാറികളിൽനിന്നും നികുതി പിരിക്കണം.

5 പഞ്ചായത്തിലെ കാർഷികോൽപന്നങ്ങൾ സ്വരൂപിച്ച് വിതരണംചെയ്യാൻ മാർക്കററിംഗ് സൊസൈററികൾ സംഘടിപ്പിക്കണം.

6 സർക്കാറിൽനിന്നും ലോൺ സംഘടിപ്പിച്ച് മുട്ടിപ്പാലത്തും, പന്തലൂരിലും ഓരോ സിനിമാശാലകൾ സ്ഥാപിക്കണം. ഇത് പഞ്ചായത്തിനു് കാര്യമായവരുമാനം ഉണ്ടാക്കാൻ സഹായിക്കും.

7 പഞ്ചായത്തിലെ ടാക്സിപാർക്കിംഗ് സെൻററുകളിൽ നിന്നും വാഹനങ്ങൾക്കു ഫീ ഈടാക്കുക.

8 എല്ലാ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള സംവിധാനം ഉണ്ടാകണം.

9 നിർദ്ദേശങ്ങളിലെ (പേജ്-76) ഒന്നും രണ്ടും ഇനങ്ങൾ അപ്രയോഗികമായതിനാൽ അവ ഒഴിവാക്കണം.

10 ജീവനക്കാരുടെ ശമ്പളത്തെക്കുറിച്ച് നിലവിലുള്ളരീതി തന്നെ തുടരണം. പഞ്ചായത്തിന്റെ സ്വയംഭരണാവകാശം നിലനിർത്താൻ ഇതാവശ്യമാണ്.

11 ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും കാലോചിതമായ വാടകയും സെക്യൂരിററിയും ഈടാക്കാൻ പഞ്ചായത്തുശ്രദ്ധിക്കണം.

* * *

26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 13 ടൂറിസം

1 കൊടികുത്തി മലയിലേക്കുള്ള (പന്തലൂർ) വഴി ഗതാഗത യോഗ്യമാക്കുകയും മലക്കു മുകളിൽ ഭക്ഷണം, താമസം എന്നിവക്ക് സൗകര്യം ചെയ്യുക.

പ്രസിഡൻറ്
ആനക്കയം ഗ്രാമ പഞ്ചായത്ത്

# മൊറയൂർ

## ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന രേഖ

വികസന സെമിനാർ

1996



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# മൊറയൂർ


## ഗ്രാമപഞ്ചായത്ത്

## വികസന സെമിനാർ

## വികസന റിപ്പോർട്ട്



ഏറനാടിന്റെ ചൂരും ചുവയുമുള്ള അഹമ്മദ് കുരിക്കൾ
അതെ, മലയാളികളുടെ പ്രയപ്പെട്ട ബാപ്പുകുരിക്കൾ.....
ഗ്രാമത്തിന്റെ കിതപ്പും ഗ്രാമീണരുടെ കുതിപ്പും തൊട്ടറിഞ്ഞ്
അധികാരത്തിന്റെ സിംഹാസനങ്ങളിലേറിയപ്പോൾ
ഗ്രാമ വികസന സാക്ഷാൽകാരത്തിന്
പഞ്ചായത്ത് നിയമം പാസ്സാക്കി.
വികസനത്തിന്റെ വഴിത്തിരിവിൽ
ആസൂത്രണ വിദഗ്ധർ മാതൃകയാകേണ്ടത്
ഈ മഹാനുഭാവനെയാണ്.......



‘‘പേനയും പെൻസിലും ഉപയോഗി ക്കുന്ന ലാഘവത്തോടും അഭിമാന ത്തോടും കൂടി ചൂലും മൺകോരിയും സ്വമനസ്സാലെ പ്രയോഗിക്കുന്ന പ്രവർത്ത കരുണ്ടായാൽ ഇന്ത്യയിലെ ദു:ഖമനുഭവി ക്കുന്ന മനുഷ്യ സമൂഹത്തിന് ഇത് അപാരമായ പ്രയോജനമുണ്ടാക്കും”

– ഗാന്ധിജി

## പത്രാധിപ സമിതി

എഡിറ്റർ : സി.കെ.മുഹമ്മദലി ഹാജി

അംഗങ്ങൾ :

കെ.അഹമ്മദ് എന്ന ബാപ്പു

സി.മുഹമ്മദ് മദനി

വി.പി.അബൂബക്കർ

പി.അബൂബക്കർ

വി.പി.ഷൗക്കത്തലി

പ്രൊഫ: എം.മുഹമ്മദ്

എം.പത്മനാഭൻ മാസ്റ്റർ

വി.ഖാലിദ് (സെക്രട്ടറി)

കൺവീനർ : സി.കെ.മുഹമ്മദലി മാസ്റ്റർ

202

## ഉൾത്താളുകളിൽ


| | | |
|---|---|---|
| 1. | മുഖക്കുറിപ്പ് | പേജ് 7 |
| 2. | പഞ്ചായത്ത് പൊതു വിവരണം | 9 |
| 3. | സാമൂഹ്യ-സാംസ്കാരിക ചരിത്രം | 10 |
| 4. | ജനപ്രകൃതി-ഭൂപ്രകൃതി-ജലപ്രകൃതി | 15 |
| 5. | വികസന മേഖലകൾ | |
| 5.1 | കൃഷിയും ജലസേചനവും | 18 |
| 5-2 | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 27 |
| 5-3 | വ്യവസായം | 30 |
| 5-4 | ഊർജ്ജം-ഗതാഗതം-മാർക്കറ്റ് | 34 |
| 5-5 | കുടിവെള്ളം-പൊതുജനാരോഗ്യം | 46 |
| 5-6 | വിദ്യാഭ്യാസം | 52 |
| 5-7 | പാർപ്പിടവും സാമൂഹ്യക്ഷേമവും | 62 |
| 5-8 | സംസ്കാരം-സ്പോർട്സ് | 70 |
| 5-9 | വനിത | 81 |
| 5-10 | സഹകരണം | 86 |
| 5-11 | പട്ടികജാതി ക്ഷേമം | 93 |
| 5-12 | വിഭവ സമാഹരണം | 99 |
| 6. | പിൻകുറിപ്പ് | 108 |

# മൊറയൂർ ഗ്രാമപഞ്ചായത്ത്






ജ: കെ.സി.കുസ്സായി ഹാജി
പ്രഥമ പ്രസിഡണ്ട്



ജ: പി.ബീരാൻകുട്ടി ഹാജി
മുൻ പ്രസിഡണ്ട്



ജ: സി.മുഹമ്മദ് മദനി
ജില്ലാ പഞ്ചായത്ത് മെമ്പർ

*ബ്ലോക്ക് പ്രതിനിധികൾ*

1. ടി.വി.ഇബ്രാഹിം
(ബ്ലോക്ക് പ്രസിഡണ്ട്, മലപ്പുറം)

2. പി.പി.സൈനബ ടീച്ചർ

*പണിപ്പുരയിൽ സഹകരിച്ചവർ*

എൻ. മോനുദീൻ മാസ്റ്റർ
എൻ. ഗോപാലൻ മാസ്റ്റർ
എ.പി. അഹമ്മദ്
എം. ചെല്ലപ്പൻ
സി.കെ. മുഹമ്മദ് ഹുസൈൻ
പി. സൈനുദ്ദീൻ മാസ്റ്റർ
പങ്കജാക്ഷിയമ്മ ടീച്ചർ
പി. ചെറുട്ടി മാസ്റ്റർ
വി.ടി. ഉമ്മർ മാസ്റ്റർ
കെ. ഹംസ്സ
എം.സി. ഷാഹുഹാജി
മൃത്യുഞ്ജയൻ (വില്ലേജ് ഓഫീസർ)
ഡോ: കെ.ഇ. ഭാവദാസ്
പി.പി. ഉമ്മർ ഹാജി
കെ.ടി. രാജു

205

# മൊറയൂർ ഗ്രാമപഞ്ചായത്ത് - ഭരണ സമിതി



കെ.അഹമ്മദ് എന്ന ബാപ്പു
പ്രസിഡണ്ട്




എൻ.അവറാൻകുട്ടി ഹാജി
(വൈ. പ്രസിഡണ്ട്)



സി.കെ.മുഹമ്മദ്
(സ്റ്റാൻ: കമ്മറ്റി ചെയർമാൻ)



ം.മുഹമ്മദ് എന്ന ബാപ്പുട്ടി



കെ.സി.അബ്ദുറഹ്മാൻ
എന്ന കുഞ്ഞാപ്പു



പി. കുഞ്ഞിമുഹമ്മദാജി



പി.പരമേശ്വരൻ



എൻ. മറിയുമ്മ



പി.പാത്തുമ്മക്കുട്ടി
എന്ന മാളുമ്മ



പി.പി.ആയിശാബി



കെ.സി.മറിയുമ്മ

# മുഖക്കുറിപ്പ്

**1947** ഓഗസ്റ്റ് 15- പതിനഞ്ച് പതിറ്റാണ്ട് കാലത്തെ കോളനിവാഴ്ചയ്ക്ക് തിരശ്ശീലയിട്ട് ആംഗ്ലേയർ ഭാരതമണ്ണിനോട് വിട പറഞ്ഞു. ഭാരതീയന് മാതൃഭൂമിയിൽ സ്വസ്ഥമായി ജീവിക്കാനുള്ള സൗഭാഗ്യം ലഭിച്ച സുന്ദര സുദിനം വന്നുചേർന്നു. ഒന്നരനൂറ്റാണ്ടു കാലത്തെ ത്യാഗപൂർണമായ പോരാട്ടത്തിന് അന്ത്യം കുറിച്ച് ഗാന്ധിജിയുടെയും മൗലാനാ മുഹമ്മദലിയുടെയും ആസാദിന്റെയും നെഹ്റുവിന്റെയും നേതൃത്വത്തിൽ പരമതഭേദങ്ങൾക്കതീതമായി രാജ്യക്കാർ ഒത്തുചേർന്നപ്പോൾ ഭാരതീയർ സ്വാതന്ത്ര്യത്തിന്റെ സുന്ദര വായു ശ്വസിച്ചു.

എന്നാൽ 1948 ജനവരി 30-ന് സത്യസമത്വ സ്വാതന്ത്ര്യപൂർണമായ ഭാരതത്തിന്റെ പൊൻപുലരിക്ക് വേണ്ടി പോരാടിയ രാഷ്ട്രപിതാവായ മഹാത്മജി ഗോഡ്സേ എന്ന മതഭ്രാന്തന്റെ വെടിയുണ്ടയേറ്റ് പിടഞ്ഞുമരിച്ചു. മഹാത്മജിയുടെ സ്വപ്നമായിരുന്നു ഗ്രാമസ്വരാജ്. ഗ്രാമവികസനത്തെക്കുറിച്ച് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പുതന്നെ ഗാന്ധിജി പറഞ്ഞു. ``ഗ്രാമങ്ങളുടെ ഭരണം നടത്തേണ്ടത് പഞ്ചായത്തായിരിക്കണം. ഓരോ ഗ്രാമവും അവർക്കാവശ്യമുള്ള വിഭവങ്ങളുണ്ടാക്കണം. `ഗ്രാമസ്വരാജ്' ആയിരിക്കണം എല്ലാ വികസനപ്രവർത്തനങ്ങളുടെയും പരമലക്ഷ്യം.''ഈ സ്വപ്നം നെഞ്ചിലേറ്റി നടന്നിരുന്ന മഹാനായിരുന്നു എം.പി.എം ബാപ്പുഗുരിക്കൾ.

ഗ്രാമവികസനം ലക്ഷ്യമാക്കി 1959 മുതൽ പല പദ്ധതികളും സംവിധാനങ്ങളും സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിരുന്നു. എന്നാൽ അതിനൊന്നും ഭരണഘടനയുടെ പിൻബലമില്ലായിരുന്നതുകൊണ്ട് പരിപൂർണവിജയം കൈവരിച്ചില്ല. അതുകൊണ്ടാണ് ശ്രീ. രാജീവ്ഗാന്ധി 1989-ൽ 64-ാം ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് നടപ്പിലാക്കാനുള്ള ശ്രമം നടത്തിയത്. എന്നാലത് നിർഭാഗ്യത്തിന് രാജ്യസഭയിൽ പരാജയപ്പെട്ടു. തുടർന്ന 1993-ലെ 73-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് പഞ്ചായത്ത് രാജ് നിയമം നടപ്പിലായത്.

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണല്ലോ കുടികൊള്ളുന്നത്. ഗ്രാമങ്ങളുടെ ഉയർത്തെഴുനേല്പ് ആരംഭിച്ചു. നിയമം നടപ്പിലായതോടെ ഗ്രാമത്തിന്റെ വികസനപദ്ധതികൾ തയ്യാറാക്കാനുള്ള അധികാരം ഗ്രാമീണന്റെ കയ്യിലെത്തി. ഗ്രാമസഭകൾ സജീവമായി. അതിനിടയിലാണ് 9-ാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയാക്കാനുള്ള തീരുമാനം കേരളസർക്കാർ പ്രഖ്യാപിച്ചത്. അതോടെ ഗ്രാമസഭകൾ ചേർന്ന് അതാത് പ്രദേശത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ തുടങ്ങി. ഈ വികന്ദ്രീകൃത ആസൂത്രണ പ്രക്രിയ ഒരു പുതിയ വികസന സംസ്കാരത്തിന്റെ യുഗപ്പിറവിക്കാണ് തുടക്കം കുറിക്കുന്നത്.

ഉദ്യോഗസ്ഥന്മാരുടെയും ജനപ്രതിനിധികളുടെയും ബഹുജനങ്ങളുടെയും ആത്മാർത്ഥമായ സഹകരണം ഒരുപോലെ ഉണ്ടാവുകയാണെങ്കിൽ ആസൂത്രിത വികസനം ജനപങ്കാളിത്തത്തിലൂടെ സാധ്യമാവുമെന്ന് ലോകത്തിന് കാണിച്ചുകൊടുക്കാനുള്ള കനകാവസരമാണ് ഇവിടെ നമുക്ക് കൈവന്നിട്ടുള്ളത്. പക്ഷേ, ആസൂത്രണത്തിനും വികസനപ്രവർത്തനങ്ങളിലും തുല്യമായ പങ്കാളിത്തം ജാതിമത ഭിന്നതക്കൾക്കതീതമായി ഉറപ്പുവരുത്താനും വികസന രംഗത്ത് നാളിതുവരെയുള്ളതിന് വിപരീതമായി നീതിപൂർവ്വമായ വിതരണം സാധ്യമാക്കാനും സാധിച്ചാൽ ഈ ജനകീയാസൂത്രണം ലോകത്തിനു തന്നെ മാതൃകയാകുമെന്ന കാര്യത്തിൽ സംശയമില്ല.

മൊറയൂർ പഞ്ചായത്തിൽ ജനകീയാസൂത്രണ പരിപാടി 96 സപ്തംബർ ആദ്യവാരത്തിൽതന്നെ ആരംഭിച്ചു.

മലപ്പുറം ബ്ലോക്കിൽപെട്ട പഞ്ചായത്തിലെ DRP ക്യാമ്പ് സപ്തംബർ 14, 15, 16 തിയ്യതികളിൽ കോട്ടക്കലിൽ നടന്നപ്പോൾ പ്രസിഡണ്ട് ബാപ്പുവിന്റെ നേതൃത്വത്തിൽ 8 പേർ പരിശീലനം പൂർത്തിയാക്കി.

ജില്ലാ പ്ലാനിങ് ബോർഡിന്റെ പ്രഖ്യാപിത തിയ്യതിക്കുള്ളിൽതന്നെ പഞ്ചായത്ത് തല ശില്പശാലകളും വാർഡുതല വിശേഷാൽ ഗ്രാമ സഭകളും പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാംഘട്ട പഞ്ചായത്ത് ശില്പശാലയിൽ പങ്കെടുത്ത 91 LRP മാരിൽ 42 പേരും വിവിധ മേഖലകളിൽ കഴിവുതെളിയിച്ച ഉദ്യോഗസ്ഥന്മാരായിരുന്നു.

ദ്വിതീയ വിവരശേഖരണത്തിന് DRP മാരെ കൂടാതെ 11 അംഗ ദ്വിതീയ വിവര ശേഖരണ സമിതി രൂപീകരിച്ചു. ശില്പശാലയിലെ പൊതു അഭിപ്രായ പ്രകാരം ജനകീയാസൂത്രണ പദ്ധതിയെക്കുറിച്ചുള്ള ലഘു വിവരണത്തിന്റെ പ്രിന്റഡ് കോപ്പികൾ വിതരണംചെയ്തു. വിശേഷാൽ ഗ്രാമസഭകൾ ആരംഭിക്കുന്നതിനു മുമ്പായി തന്നെ എല്ലാ LRP മാർക്കും വാർഡ്മെമ്പർമാർക്കും വിതരണം ചെയ്തതുകൊണ്ട് ഗ്രാമസഭകൾ കൂടുതൽ കാര്യക്ഷമതയോടെ നടത്താൻ സാധിച്ചു.

LRP മാരും വാർഡ്മെമ്പർമാരും ജനകീയാസൂത്രണ പ്രസ്ഥാനത്തെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കി ഗ്രാമസഭയിൽ എത്തിയതുകൊണ്ട് ഗ്രൂപ്പുചർച്ചകൾക്ക് ദിശാബോധം ഉണ്ടാക്കാനായി. അതോടൊപ്പം നാടിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങൾക്കും പങ്കാളികളാകാൻ കഴിയുന്നുവെന്ന തോന്നൽ ഗ്രാമീണരിലുണ്ടായി. നാടിന്റെ വികസനത്തെക്കുറിച്ച് തങ്ങളുടെ അഭിപ്രായവും കാഴ്ചപ്പാടും അവതരിപ്പിക്കാനുള്ള ആദ്യാവസരം എല്ലാവരും ഭംഗിയായി ഉപയോഗിച്ചപ്പോൾ രാഷ്ട്രപിതാവിന്റെ സ്വപ്നങ്ങൾക്ക് ചിറകുവെക്കുന്നതുപോലെ തോന്നിയെന്നു മാത്രമല്ല, അതിന്റെ പ്രാധാന്യം അക്ഷരാർത്ഥത്തിൽ ജനങ്ങൾക്ക് ബോധ്യപ്പെടുകയും ചെയ്തു.

നാടിന്റെ വികസനമുന്നേറ്റത്തിൽ പുറംതിരിഞ്ഞ് നിൽക്കാതെ ഒരടി മുന്നിൽത്തന്നെ നടന്നു നീങ്ങാനുള്ള ഒട്ടേറെ സന്നദ്ധപ്രവർത്തകരും ധന്യമായ നേതൃത്വവും ഉള്ള പഞ്ചായത്താണ് മൊറയൂർ. അവർ ജനകീയാസൂത്രണത്തിന്റെ കാര്യത്തിലും രാപ്പകൽ പണിയെടുക്കാൻ സദാ സന്നദ്ധരായി. പ്രാരംഭത്തിലുള്ള അതേ ആവേശത്തോടെ പദ്ധതിയുടെ വിജയത്തിനുവേണ്ടി മറ്റെല്ലാ ചിന്തകളും വെടിഞ്ഞ് നാടിനുവേണ്ടി സമർപ്പിക്കാനുള്ള പ്രഖ്യാപനത്തിന്റെ കൂട്ടായ്മയാണ് മൊറയൂർ പഞ്ചായത്തിന്റെ സമഗ്ര വികസന രൂപരേഖ. ഇതൊരു മഹായജ്ഞത്തിന്റെ പ്രഥമവും പ്രധാനവുമായ രേഖയെന്ന നിലയിൽ നമുക്കിതിനെ സന്തോഷപൂർവ്വം സ്വീകരിക്കാം.



# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| ജില്ലാ പഞ്ചായത്ത് | : | മലപ്പുറം. |
| ഗ്രാമപഞ്ചായത്തിന്റെ പേര് | : | മൊറയൂർ ഗ്രാമപഞ്ചായത്ത്. |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | മൊറയൂർ. |
| ബ്ലോക്ക് പഞ്ചായത്ത് | : | മലപ്പുറം. |
| താലൂക്ക് | : | ഏറനാട്. |
| അസംബ്ലിമണ്ഡലം | : | കൊണ്ടോട്ടി. |
| പാർലിമെന്റ് മണ്ഡലം | : | മഞ്ചേരി, |
| വിസ്തീർണ്ണം | : | 24.57 Sq.K.M. |
| അതിരുകൾ | : | |

വടക്ക്

പുൽപ്പറ്റ - കുഴിമണ്ണ പഞ്ചായത്ത്

തെക്ക്

ഊരകം നെടിയിരുപ്പ് പഞ്ചായത്തുകൾ

പടിഞ്ഞാറ്

നെടിയിരുപ്പ്, കുഴിമണ്ണ പഞ്ചായത്ത്

കിഴക്ക്

പൂക്കോട്ടൂർ പഞ്ചായത്ത്, മലപ്പുറം മുൻസിപ്പാലിറ്റി

| | | |
|---|---|---|
| ജനസംഖ്യ | : | 28,116 |
| പുരുഷന്മാർ | : | 14,207 |
| സ്ത്രീകൾ | : | 13,909 |
| ജനസാന്ദ്രത | : | 1144 (1sqk.mന്) |
| അക്ഷരാഭ്യാസമുള്ളവർ | : | 24180 |
| വാർഡുകൾ | : | 11 |
| പ്രസിഡണ്ടിന്റെ പേര് | : | കെ. അഹമ്മദ് എന്ന ബാപ്പു |
| വൈസ് പ്രസിഡണ്ടിന്റെ പേര് | : | എൻ.അവറാൻകുട്ടിഹാജി |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | സി.കെ മുഹമ്മദ് |

# സാമൂഹ്യ – സാംസ്ക്കാരിക ചരിത്രം

പ്രകൃതി സൗന്ദര്യംകൊണ്ട് അനുഗ്രഹീതമായ മൊറയൂർ ഗ്രാമപഞ്ചായത്ത്; ചരിത്രത്തിന്റെ താളുകളിൽ ആധികാരികമായി രേഖപ്പെടുത്തപ്പെട്ട ചരിത്രലിഖിതങ്ങൾ ഏറെയില്ലങ്കിലും ഒളിമങ്ങാത്ത ഓർമ്മകളുമായി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ജീവിതസായാഹ്നത്തിൽ ഒതുങ്ങിക്കഴിയുന്ന കുറെ പഴമക്കാർ അവർതന്നെയാണ് ഈ പഞ്ചായത്തിന്റെ സംസാരിക്കുന്ന ചരിത്രസാക്ഷികൾ. ജീവിച്ചിരിക്കുന്ന കാരണവന്മാർ ഓർമ്മകളുടെ ചെപ്പുകൾ തുറന്നപ്പോൾ നമുക്കും സമ്പന്നമായൊരു ചരിത്രമുണ്ടെന്ന് ബോധ്യമാവുകയാണ്.

മൊറയൂർ പഞ്ചായത്തിന്റെ ചരിത്രം കോഴിക്കോട് സാമൂതിരി രാജാവുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്.

സാമൂതിരി രാജാവിന്റെ മന്ത്രിമാരിൽ പ്രധാനിയായിരുന്ന 'തിനയിഞ്ചിരി' ഇളയതിന്റെ സ്ഥലമായിരുന്നു മൊറയൂർ. മൊറയൂരിലെ പഴയ ജന്മികുടുംബമായ മോങ്ങണ്ടമ്പുലത്ത് കാരണവസ്ഥാനം വഹിക്കുന്ന ആളാണ് തിനയഞ്ചിരി ഇളയതായി അറിയപ്പെടുന്നത്. തിനയഞ്ചിരി ഇളയതെന്ന സ്ഥാനപ്പേര് ലഭിച്ചാൽ പിന്നെ അവരുടെ ആസ്ഥാനം ഇപ്പോൾ ഫാറൂഖ് കോളേജിനടുത്തുള്ള അഴിഞ്ഞിലത്തെ 'തൈക്കാട്ട്' ഇല്ലമായിരുന്നു.

സാമൂതിരി രാജാവിന്റെ അരിയിട്ട് വാഴ്ചയിൽ മുഖ്യ കാർമ്മികത്വം വഹിച്ചിരുന്നത് തിനയഞ്ചിരി ഇളയതായിരുന്നു. കാലം മാറി. ജന്മിത്തം അവസാനിച്ചു. സാമൂതിരി രാജാവും തിനയഞ്ചിരി ഇളയതും ചരിത്രത്തിന്റെ ഏടുകളിലേക്ക് മാറാൻ നിർബന്ധിതരായി.

പ്രാചീന കാലം മുതൽക്കെ മൊറയൂരിലെ ഒരു പ്രധാനപ്പെട്ട മുസ്ലിം കുടുംബമാണ് 'കോടിത്തൊടിക' കുടുംബം. ബ്രിട്ടീഷ് ഭരണകാലത്ത് ഗ്രാമങ്ങളിലെ പ്രബലന്മാരായിരുന്നു അംശം അധികാരിയായി നിശ്ചയിക്കപ്പെട്ടിരുന്നത്. സ്വാതന്ത്ര്യത്തിന് ശേഷവും 1961ലെ വില്ലേജ് പുനസംഘടന നടക്കുന്നത് വരെ മൊറയൂർ അംശം അധികാരി സ്ഥാനം പ്രസ്തുത കുടുംബത്തിനായിരുന്നു. കോടിത്തൊടിക അഹമ്മദ്കുട്ടി ഹാജിയും മകൻ മുഹമ്മദുമാണ് ഈ പരമ്പരയിലെ അവസാനത്തെ കണ്ണികൾ. ആദ്യത്തെ അധികാരി കോടിത്തൊടിക വലിയ അഹമ്മദുകുട്ടിഹാജിയായിരുന്നു. ചരിത്രത്തിന്റെ ഈ ചംക്രമണത്തിൽ വർത്തമാന കാലം വരെ നീണ്ട പതിറ്റാണ്ടുകൾ ഈ പഞ്ചായത്തിന്റെ പ്രഥമ പൗരത്വം അലങ്കരിക്കാൻ സന്ദർഭം ലഭിച്ചത് പ്രസ്തുത കുടുംബാംഗമായ കെ. അഹമ്മദ് എന്ന ബാപ്പുവിനാണ്.

## വീരാൻ ഹാജി ധർമ്മ പരിപാലനസംഘം

പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് സുപ്രധാനമായ പങ്കും നേതൃത്വവും നൽകിയത് കോടിത്തൊടിക വീരാൻ ഹാജിയാണ്. പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ അദ്ദേഹത്തിന്റെ നാമധേയത്തിലാണ് സ്ഥാപിക്കപ്പെട്ടത്.

മൊറയൂർ പഞ്ചായത്തിന്റെയും സമീപപ്രദേശങ്ങളുടെയും വിദ്യാഭ്യാസ പുരോഗതിക്ക് നിദാനമായി വർത്തിച്ചത്, മൊറയൂർ വീരാൻഹാജി മെമ്മോറിയൽ ഹൈസ്കൂളായിരുന്നു. 1942ൽ യു.പി.സ്കൂളായും പിന്നീട് 1946ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ട ഈ സ്ഥാപനത്തിന്റെ പിന്നിൽ അനുകരണീയമായൊരു ചരിത്രമുണ്ട്. കോടിത്തൊടിക വീരാൻ ഹാജി ജീവിച്ചിരുന്ന കാലത്ത് അദ്ദേഹം തന്റെ സ്വത്തിന്റെ വലിയൊരു ഭാഗം നാടിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും പൊതുക്ഷേമ കാര്യങ്ങൾക്കും വേണ്ടി 'വഖഫ്' ചെയ്തു. പ്രസ്തുത വഖഫ് സ്വത്ത് മൂലധനമാക്കിയാണ് വീരാൻ ഹാജി ധർമ്മ പരി

പാലന സംഘത്തിന്റെ തുടക്കം കുറിച്ചത്.

മൊറയൂരിൽ ഒരു സത്രമാരംഭിക്കുകയും സത്രത്തിൽ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കും, അതുവഴി കടന്നുപോകുന്ന യാത്രക്കാർക്കും സൗജന്യമായി ഭക്ഷണം നൽകുകയും ചെയ്തുകൊണ്ട് ധർമ്മ പരിപാലന സംഘം അതിന്റെ നാമം അന്വർത്ഥമാക്കി തന്നെ 'അന്നദാനവും' വിദ്യാദാനവും ഒരുപോലെ നിർവ്വഹിച്ചുപോന്നു. ദാരിദ്ര്യവും പട്ടിണിയും സാധാരണക്കാരന്റെ ജീവിതം പ്രയാസകരമാക്കിയ. ആകാലത്ത് ഈ സത്രത്തിൽ നൽകിയിരുന്ന കഞ്ഞിയുടെ പ്രാധാന്യത്തെക്കുറിച്ച് പഴമക്കാർ ഇന്നും നന്ദിയോടെ ഓർക്കുന്നു. അതുകൊണ്ടാവാം സത്രത്തിന് 'കഞ്ഞിപ്പുര' എന്ന പേരും വന്നുചേർന്നത്. അറിവിന്റ ഉറവിടമായ ഈ സ്കൂളിന്റെ ആദ്യത്തെ മാനേജർ കോടിത്തൊടിക അഹമ്മദികുട്ടിഹാജിയായിരുന്നു. വിദ്യാഭ്യാസ തല്പരനായിരുന്ന ഇദ്ദേഹം തന്നെയാണ് ഇന്ന് ദക്ഷിണേന്ത്യയിലെ ഏറ്റവും ഉന്നത വിദ്യഭ്യാസ കേന്ദ്രമായി മാറിയ ഫാറൂഖ് കോളേജിന്റെ സ്ഥാപന കാലഘട്ടത്തിൽ എക്കാപ്പറമ്പിലുള്ള 15 ഏക്കറോളം വരുന്ന തെങ്ങിൻതോപ്പ് സംഭാവനയായി നൽകിയത്. ഇന്ന് ഈ സ്ഥലം 'കോടിത്തൊടി എസ്റ്റേറ്റ്' എന്ന പേരിലാണ് അറിയപ്പെടുന്നത്.

അഹമ്മദികുട്ടി ഹാജിക്ക് ശേഷം വീരാൻഹാജി ധർമ്മ പരിപാലന സംഘത്തിന്റെയും സ്കൂളിന്റെയും മേൽനോട്ടം വഹിച്ചു വന്നത്, കോടിത്തൊടിക ഉണ്ണിമൊയ്തീൻ ഹാജിയായിരുന്നു.,അദ്ദേഹത്തിന്റെ മകൻ ഉണ്ണിമമ്മദാണ് പ്രസ്തുത ഹൈസ്കൂളിന്റെ ഇപ്പോഴത്തെ മാനേജർ. പിതാവിന്റെ പരിഷ്ക്കരണ പ്രവർത്തനങ്ങൾ പിൻപറ്റിക്കൊണ്ട് കോടിത്തൊടി അഹമ്മദ്കുട്ടിഹാജിയുടെ മകൻ മുഹമ്മദ് അധികാരിയാണ് ഈ പഞ്ചായത്തിന്റെ പൊതുസ്ഥാപനങ്ങളായ പഞ്ചായത്താഫീസ്, സർവ്വീസ് സഹകരണ ബാങ്ക്, മൊറയൂർ പ്രൈമറി ഹെൽത്ത് സബ് സെന്റർ മൊറയൂർ ഗവ.മാപ്പിള എൽ.പി.സ്കൂൾ എന്നിവ നിലക്കൊള്ളുന്ന സ്ഥലങ്ങൾ സംഭാവന ചെയ്തത്. ഇദ്ദേഹത്തിന്റെ മകൻ അഹമ്മദ് ബഷീർ അരിമ്പ്രമേൽമുറി GMLPസ്കൂളിന് ഒരേക്കർ സ്ഥലം സംഭാവനയായി നൽകിയതും ഇത്തരുണത്തിൽ സ്മമരണീയമാണ്.

## ചെമ്പാലക്കുന്ന് യുദ്ധം

ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് നിരവധി സംഭവ പരമ്പരകൾക്ക് ഈ പഞ്ചായത്ത് സാക്ഷ്യം വഹിച്ചിട്ടുണ്ട്. 1921ലെ ബ്രിട്ടീഷ് വിരുദ്ധ പോരാട്ടത്തിൽ മൊറയൂരിലെ ചെമ്പാലം കുന്നിൽ വെച്ച് ബ്രട്ടീഷ് പട്ടാളവുമായി നടന്ന ഏറ്റുമുട്ടൽ മൊറയൂരിന് ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ സ്ഥാനം നേടിക്കൊടുത്തിട്ടുണ്ട്. ജന്മനാടിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി മലബാറിലെ മലമടക്കുകളിൽ വെച്ച് ഗൂർക്കാ പട്ടാളവുമായി ധീരദേശാഭിമാനികളായ ഏറനാട്ടിലെ ഹിന്ദുമുസ്ലിം സഹോദരങ്ങൾ സന്ധിയില്ലാ സമരം നടത്തിയപ്പോൾ മൊറയൂരും അതിന്റേതായ പങ്ക് വഹിച്ചു. ബ്രിട്ടീഷ് പട്ടാളവുമായി നേർക്കുനേരെ ഏറ്റുമുട്ടിയ ചെമ്പാലകുന്ന് യുദ്ധഭൂമിയിൽ നാൽപതോളം പേർ രക്തസാക്ഷികളായി. പട്ടാളം കോഴിക്കോടുനിന്നും ഏറനാടിനെ ലക്ഷ്യമാക്കി പുറപ്പെട്ട വിവരം മണത്തറിഞ്ഞ സമരസേനാനികൾ ഒരു ദിവസത്തേക്കുള്ള ഭക്ഷണം കൂടെ കരുതി തലേദിവസം രാത്രി തന്നെ തന്ത്രപ്രധാന കേന്ദ്രമായ ചെമ്പാലംകുന്നിൽ നിലയുറപ്പിക്കുകയായിരുന്നു. പിറ്റേദിവസം കാലത്തു തന്നെ തീതുപ്പുന്ന പീരങ്കിയുമായി ചോരക്കൊതിയന്മാരായ ബ്രിട്ടീഷ് പട്ടാളം കടന്ന് വന്നപ്പോൾ ദേശാഭിമാനികളായ സമര സേനാനികൾ നിർഭയം പ്രതിരോധിച്ചു. ഈ ഏറ്റുമുട്ടലിലാണ് 40ഓളം ധീരദേശാഭിമാനികൾ ചരിത്രത്തിന്റെ നാല്ക്കവലയിൽ പിടഞ്ഞു വീണത്.

ഖിലാഫത്ത് നേതാവ് ഓക്കപ്പാടം അഹമ്മദാജി രക്തസാക്ഷിയായത് ഈ യുദ്ധത്തിലാണ് എന്ന് ചരിത്രം രേഖപ്പെടുത്തുന്നു. ബ്രിട്ടീഷുകാർ സഞ്ചരിച്ചിരുന്ന ഇടിവണ്ടിയെ പ്രതിരോധിക്കാൻ വാലഞ്ചേരി എന്ന പ്രദേശത്ത് നടന്ന 'ഓവുപാലം പൊളി' പ്രസിദ്ധമാണ്. മലബാർ സമരനായകനായിരുന്ന വാരിയർ കുന്നത്ത് കുഞ്ഞഹമ്മദാജിയുടെ പേർ വില്ലേജ് ഓഫീസിലുള്ള 1921ലെ കെഡിലിസ്റ്റിൽ രേഖപ്പെടുത്തിക്കാണുന്നുണ്ട്. ഇതിൽ നിന്ന് മനസ്സിലാകുന്നത് അദ്ദേഹം മൊറയൂർ കേന്ദ്രമായും സമരം ചെയ്തിരുന്നു എന്നാണ്. കൂടാതെ അരിമ്പ്ര ഒഴുകൂർ, മൊറയൂർ, മോങ്ങം പ്രദേശങ്ങളിൽ 1921മായി ബന്ധപ്പെട്ടു സ്വാതന്ത്ര്യ സമരപെൻഷൻ പറ്റുന്ന ധാരാളം പേരുകളുണ്ട്.

പഴയ അരിമ്പ്ര-മൊറയൂർ അംശങ്ങൾ കൂടിച്ചേർന്നതാണീ പഞ്ചായത്ത്. ഇവിടെ ഭൂരിപക്ഷനിവാസികളും കർഷകരാണ്. പണ്ട് മലമ്പനി പോലെയുള്ള പകർച്ച വ്യാധികൾ ധാരാളമായി കാണപ്പെട്ടിരുന്ന അരിമ്പ്ര പ്രദേശം ഇന്ന് ആകെ മാറി. റോഡും വൈദ്യുതിയും മറ്റ് നാഗരിക സാഹചര്യങ്ങളും അരിമ്പ്രയെ അടിമുടി മാറ്റി. കൂടെ തന്നെ പഞ്ചായത്തിലെ ഒഴുകൂർ-മൊറയൂർ-മോങ്ങം ദേശങ്ങളും പുരോഗമനത്തിന്റെ പാതയിൽ മത്സരിച്ച് മുന്നേറി. മുഴുവൻ ജനങ്ങളുടെ കൂട്ടായ്മയും കെ.അഹമ്മദ് എന്ന ബാപ്പു, പി.വീരാൻ കുട്ടി ഹാജി മുതലായവരുടെ ധന്യമായ നേതൃത്വവും ഈ കുതിച്ച് ചാട്ടത്തിന് വേഗതകൂട്ടി.

സ്വാതന്ത്ര്യത്തിന് മുമ്പ് തന്നെ പഞ്ചായത്തിൽ രാഷ്ട്രീയ പ്രവർത്തനം സംഘടിതമായ നിലയിൽ സജീവമായിരുന്നു. മുസ്ലിംലീഗും കോൺഗ്രസുമായിരുന്നു പ്രധാന കക്ഷികൾ യഥാക്രമം കോടിത്തൊടിക മുഹമ്മദ് ഹാജി മാമ്പറ മൊയ്തീൻകുട്ടി ഹാജി എന്നിവരും പൂക്കോടൻ കുഞ്ഞാലി ഹാജി, സി.കെ. ബീരാൻ ഹാജി എന്നിവരുമായിരുന്നു ആദ്യകാല നേതാക്കന്മാർ ഇപ്പോൾ എല്ലാ രാഷ്ട്രീയ പാർട്ടികളും പഞ്ചായത്തിൽ സജീവമാണ്. പരേതനായ സഖാവ് ഇ.രാവുണ്ണി ഉക്കണ്ടൻ ചെട്ടിയാർ എന്നിവർ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു.

പഞ്ചായത്തിലെ സാമൂഹ്യ പ്രവർത്തനരംഗത്ത് വ്യാപകമായ അയിത്തം ആചരിച്ചിരുന്ന കാലത്ത് പരിവർത്തനത്തിന് നേതൃത്വം കൊടുത്തവരിൽ പ്രധാനികളായിരുന്നു പാറക്കാട്ട് അച്ചുതപ്പണിക്കർ കടായിക്കൽ അലവിക്കുട്ടിമാസ്റ്റർ, കോട്ട കുഞ്ഞാലൻ കുട്ടി എന്നീ അധ്യാപകരും ദീർഘകാലം ഇവിടെ അംശം മേനോനായിരുന്ന ശ്രീ.ഏ.ദാമോദരൻ നായരും.

വ്യത്യസ്ത ജാതിക്കാരെയും മതസ്തരെയും പങ്കെടുപ്പിച്ച് തന്റെ സ്വന്തം ഇല്ലത്ത് വെച്ച് പന്തിഭോജനം നടത്തിയമോങ്ങണ്ടമ്പലത്ത് മൂസത്, ഹരിജൻ സ്ത്രീകളുടെ കല്ലുമാല അഴിപ്പിച്ച് ബ്ലൗസ് ധരിപ്പിക്കുന്ന സാമൂഹ്യവിപ്ലവത്തിന് നേതൃത്വം കൊടുത്ത പ്രധാനിയായിരുന്നു. പഴയ ജൻമിമാരിൽ കോട്ടക്കൽ കിഴക്കേ കോവിലകത്തോട് കിടപിടിക്കുന്നവരായിരുന്നു മോങ്ങണ്ടമ്പലത്ത് മൂസത്മാർ.

1931ന് (1107 എടവം 11ന്) ചൊവ്വാഴ്ച പകൽ 11മണി മുതൽ പിറ്റേ ദിവസം വരെ നീണ്ട് നിന്ന അതി ശക്തമായ ചുഴലിക്കാറ്റിൽ പഞ്ചായത്തിലെ സ്ഥാവര, ജംഗമ സ്വത്തുക്കളിൽ ഭൂരിഭാഗവും തകർന്നു. രണ്ട് വർഷങ്ങൾക്കു ശേഷം 1933ൽ ഉണ്ടായ ശക്തമായ അതിവർഷം തുടർച്ചയായ ഏഴ് ദിനരാത്രങ്ങൾ നീണ്ട് നിന്നുവത്രെ. നേരത്തെ കാറ്റുവിതച്ച നാശം ഇത് പൂർണ്ണമാക്കി മാനം മുട്ടെ ഉയർന്നു നിൽക്കുന്ന അരിമ്പ്രമലപോലും ഉരുൾപൊട്ടി ജീവനാശം വരുത്തി. ഈ പഞ്ചായത്തിന്റെ പുനർ സൃഷ്ടിയാരംഭിക്കുന്നത് ഈ തകർന്നടിഞ്ഞ കൂനകളിൽ നിന്നായിരുന്നു.

വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്തിൽ ആദ്യത്തെ പ്രാഥമിക വിദ്യാലയം 1924ൽ മോങ്ങത്താരംഭിച്ച മാപ്പിള എൽ.പി.സ്കൂളാണ് 1942ൽ ആദ്യത്തെ യു.പി.സ്കൂളും 1946ൽ ആദ്യത്തെ ഹൈസ്കൂളും മൊറയൂരിൽ സ്ഥാപിതമായി. മൊറയൂർ ഹൈസ്കൂൾ മലബാറിലെ തന്നെ പഴക്കംചെന്ന മുസ്ലിം ഹൈസ്കൂളികളിൽ ഒന്നാണ്. ഒഴുകൂരിലും അരിമ്പ്രയിലും വേറെയും രണ്ട് ഹൈസ്കൂളുകളുണ്ട്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം മൊറയൂർകാർ ഉന്നത വിദ്യാഭ്യാസം നേടാൻ ഫാറൂഖ് കോളേജ് പോലുള്ള സ്ഥാപനങ്ങളെയാണ് ആശ്രിയിച്ചിരുന്നത്. പത്ത് നാല്പത് കൊല്ലങ്ങൾക്കു മുമ്പുതന്നെ മൊറയൂരിൽ നിന്ന് പുറത്തുപോയി പ്രസിദ്ധമായ അലീഗർ മുസ്ലിം യൂണിവേഴ്സിറ്റിയിൽ നിന്നും ഉന്നത ബിരുദം നേടി വന്ന ചുരുക്കം ചിലരുണ്ട്. ഈ പഞ്ചായത്തിൽ ഇന്ന് അത്തരക്കാരനവധിയാണ്. ഡോക്ടർമാരും, എഞ്ചിനീയർമാരും പ്രൊഫസർമാരും ആയിട്ടുള്ളവർ ഒട്ടേറെയുണ്ട് അലിഗർ പൂർവ്വ വിദ്യാർത്ഥിയും, കോളേജ് എഡ്യുക്കേഷൻ ഡയറക്ടറായി റിട്ടയർ ചെയ്ത പ്രൊ:ബി. മുഹമ്മദുണ്ണി, ഫാറൂഖ് കോളേജ് അറബി ഡിപ്പാർട്ട്മെന്റ് തലവനായി റിട്ടയർചെയ്ത പ്രൊ:എം.മുഹമ്മദ് മമ്പാട് കോളേജിൽ നിന്ന് റിട്ടയർചെയ്ത പ്രൊഫ.കെ.മുഹമ്മദ് എന്നിവർ ഈ പഞ്ചായത്തിൽ നിന്ന് ആദ്യകാലത്ത് കോളേജധ്യാപകരായി വിദ്യാഭ്യാസ സാംസ്ക്കാരിക മേഖലയിൽ പ്രവർത്തിച്ചവരെന്നനിലയിൽ പ്രസ്താവ്യമർഹിക്കുന്നവരാണ്. ഇതിനെല്ലാം പുറമെ, ദക്ഷിണേന്ത്യയിലെ ഏക എയിഡഡ് വനിതാ അറബി കോളേജ് ഈ പഞ്ചായത്തിലെ മോങ്ങത്താണ് സ്ഥിതിചെയ്യുന്നത്. 25ഓളം മദ്രസ്സകളും പത്ത് പള്ളിദർസുകളും ഈ പഞ്ചായത്തിലുണ്ട്. ഇതെല്ലാം കൂടിച്ചേരുന്നതാണ് ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രം.

മൊറയൂർ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ഏറ്റവും വലിയ ഗ്രന്ഥാലയം ഒഴുകൂരിലെ ബാഫഖിതങ്ങൾ ലൈബ്രറിയാണ്. അരിമ്പ്രയിലെ ചേതന ലൈബ്രറിയും പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിലുള്ള ഗ്രന്ഥാലയവുമൊക്കെയാണ് പഞ്ചായത്തിലെ സാംസ്ക്കാരിക രംഗത്ത് പ്രധാനപ്പെട്ട സംഭാവനകൾ അർപ്പിച്ച് കൊണ്ടിരിക്കുന്നത്.

മൊറയൂർ-അരിമ്പ്ര വില്ലേജുകൾ ചേർന്നുണ്ടായ മൊറയൂർ പഞ്ചായത്തിൽ ആദ്യത്തെ ബോർഡ് അധികാരത്തിൽ വരുന്നതിന് മുമ്പ് രണ്ട് ഗ്രാമ സേവാ സമിതികൾ പ്രവർത്തിച്ചിരുന്നു. അരിമ്പ്ര വില്ലേജിൽ അരിമ്പ്ര കെ.അഹമ്മദ് എന്ന ബാപ്പുവും മൊറയൂർ വില്ലേജിൽ ബി.മുഹമ്മദുണ്ണി മാസ്റ്ററുമായിരുന്നു സമിതിയുടെ അധ്യക്ഷൻമാർ.

1963 ഡിസംബർ അവസാനം കേരളത്തിന്റെ ചരിത്രത്തിലാദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിലൂടെയാണ് പഞ്ചായത്തിലെ ആദ്യത്തെ ഭരണ സമിതി നിലവിൽ വന്നത്. 1-1-64നാണ്

തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി അധികാരമേറ്റത്. ആറ് വാർഡുകളായിരുന്നു അന്നുണ്ടായിരുന്നത്. ഇതിൽ ഒന്നാം വാർഡ് ദ്വയാംഗ മണ്ഡലമായിരുന്നു. ഒഴുകൂരിലെ കെ.സി. കുസ്സായിഹാജിയായിരുന്നു ആദ്യത്തെ ഭരണ സമിതി പ്രസിഡണ്ട്. മോങ്ങത്തെ ബി. ബീരാൻകുട്ടി ഹാജി വൈ. പ്രസിഡണ്ടുമായിരുന്നു. കെ.അഹമ്മദ് എന്ന ബാപ്പു, ഞാറക്കോടൻ മോതിക്കുട്ടി, ഞെണ്ടുകണ്ണി മമ്മദ് കുട്ടിഹാജി, ഗംഗാധരൻ മൂസത്, ചാത്തൻ എന്നിവർ വിവിധ വാർഡുകളെ പ്രതിനിധീകരിച്ച മെമ്പർമാരുമായിരുന്നു. പത്മാവതിയമ്മ ബോർഡിലെ വനിതാ നോമിനിയായിരുന്നു. പിന്നീട് അവർ രാജിവെച്ച ഒഴിവിലേക്ക് വനിതാ പ്രതിനിധിയായി ടി. ജമീലയെ നോമിനേറ്റ് ചെയ്തു. ഗംഗാധരൻ മൂസതും, ഞെണ്ടുകണ്ണി മമ്മദുകുട്ടിഹാജിയും രാജിവെച്ച ഒഴിവിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ അരിമ്പ്രയിലെ പരേതനായ കെ. ഗോവിന്ദൻ നായരും (കുട്ടൻ നായർ) എതിരില്ലാതെയും പൂന്തല ബീരാനും തിരഞ്ഞെടുക്കപ്പെട്ടു. ഇതിന് ശേഷമാണ് അരിമ്പ്ര കെ. അഹമ്മദ് എന്ന ബാപ്പു പഞ്ചായത്തിന്റെ രണ്ടാമത്തെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടത്. വൈ. പ്രസിഡണ്ടായി ഒഴുകൂരിലെ എൻ. മോതികുട്ടിയേയും തിരഞ്ഞെടുത്തു.

തുടർന്ന് 1979 വരെയുള്ള ഒന്നര പതിറ്റാണ്ടോളം ഭരണം നടത്തിയിരുന്നത് പ്രസ്തുത ബോർഡായിരുന്നു. ഈ കാലഘട്ടത്തിലാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട പല റോഡുകളും വികസനപ്രവർത്തനങ്ങളും ആരംഭിച്ചത്.

1979 സെപ്തം. 15-18 തിയ്യതികളിൽ പഞ്ചായത്ത് ഭരണസമിതിയിലേക്ക് നടന്ന വാശിയേറിയ തിരഞ്ഞെടുപ്പിൽ നിലവിലുള്ള പ്രസിഡണ്ട് ബാപ്പു സാഹിബ് 8-ാം വാർഡിൽനിന്ന് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. വിവിധ വാർഡുകളെ പ്രതിനിധീകരിച്ച് എൻ. അവറാൻ കുട്ടിഹാജി, പി. ഫക്രുദീൻ ഹാജി, സി. മൊയ്തീൻ എന്ന മാനു, കെ.പി. അബൂബക്കർ ഹാജി, സി.കെ.എൻ. മമ്മദാജി, പി. രാമൻ, പൂന്തലറുഖിയ്യ എന്നിവരും തെരഞ്ഞടുക്കപ്പെട്ടു.

എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട ബാപ്പു സാഹിബ് രണ്ടാമതും ബോർഡിന്റെ പ്രസിഡണ്ടായി. ഒന്നാം വാർഡിലെ എൻ. അവറാൻകുട്ടി ഹാജിയായിരുന്നു ബോർഡിന്റെ വൈ. പ്രസിഡണ്ട് പദവി അലങ്കരിച്ചിരുന്നത്.

1989 ജനുവരി 23-ന് നടന്ന മൂന്നാമത് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 9 വാർഡുകളിലേക്കാണ് തെരഞ്ഞെടുപ്പ് നടന്നത്. 8-ാം വാർഡിൽ നിന്ന് റിക്കാർഡ് ഭൂരിപക്ഷത്തിന് തെരഞ്ഞെടുക്കപ്പെട്ട അരിമ്പ്ര ബാപ്പു മൂന്നാമതും പഞ്ചായത്ത് ഭരണസമിതിയുടെ പ്രസിഡണ്ടായി. രണ്ടാം വാർഡിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പൂന്തല വീരാൻ കുട്ടിഹാജിയായിരുന്നു വൈസ് പ്രസിഡണ്ട്. മെമ്പർമാരായി എം.സി.ഷാഹു ഹാജി, കെ.പി. അബൂബക്കർ ഹാജി, സി.കെ. മുഹമ്മദ് അബ്ദുറഹിമാൻ മാസ്റ്റർ, ബി.അബൂബക്കർ ഹാജി, പി. പാത്തുമ്മ, കെ. ബാലൻ, നാനാക്കൽ മറിയുമ്മ എന്നവരും തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

1991 ജനുവരി 29-ന് കേരളത്തിലാദ്യമായി നടന്ന ജില്ലാ കൗൺസിൽ തിരഞ്ഞെടുപ്പിൽ പള്ളിക്കൽ ഡിവിഷനിൽ നിന്ന് മലപ്പുറം ജില്ലാ കൗൺസിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് അരിമ്പ്ര ബാപ്പു പഞ്ചായത്ത് ബോർഡ് പ്രസിഡണ്ട് സ്ഥാനം രാജിവെച്ചു. അതിനെ തുടർന്ന് വൈസ് പ്രസിഡണ്ടായിരുന്ന പൂന്തല വീരാൻകുട്ടി ഹാജിയെ പ്രസിഡണ്ടായും മോങ്ങത്തെ സി.കെ. മുഹമ്മദ് അബ്ദുറഹിമാൻ മാസ്റ്ററെ വൈസ് പ്രസിഡണ്ടായും തിരഞ്ഞെടുത്തു.

ജില്ലാ കൗൺസിൽ പിരിച്ചുവിട്ടതിനെ തുടർന്ന് പ്രസിഡണ്ട് സ്ഥാനം ഒഴിയാൻ സന്നദ്ധത പ്രകടിപ്പിച്ച പൂന്തല ബീരാൻ കുട്ടി ഹാജിയുടെ നിരന്തരമായ അഭ്യർത്ഥനയെതുടർന്നാണ് അരിമ്പ്ര ബാപ്പുവിനെ വീണ്ടും പഞ്ചായത്ത് പ്രസിഡണ്ടായി തെരഞ്ഞെടുത്തത്.

ആസൂത്രിത ഗ്രാമ വികസനം ഗ്രാമതലത്തിൽ രൂപപ്പെടുത്തുന്നതിനും, സാമൂഹ്യ വികസനരംഗത്തും തദ്ദേശ ഭരണ കാര്യങ്ങളിലും വർദ്ധിച്ച തോതിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടാണ് ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതി 1994-ൽ പാസ്സാക്കിയത്. അതിനെ തുടർന്ന് നിർമിക്കപ്പെട്ടതും 1994 ഏപ്രിൽ 23 മുതൽ പ്രാബല്യമുള്ളതുമായ 'കേരള പഞ്ചായത്ത്‌രാജ് ആക്ട്' അനുസരിച്ചാണ് ത്രിതല പഞ്ചായത്ത് ഭരണസമിതിയിലേക്ക് തെരഞ്ഞെടുപ്പ് നടന്നത്. പഞ്ചായത്ത് രാജ് അടിസ്ഥാനത്തിലുള്ള ഈ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ അതിന്റെ ഉപജ്ഞാതാവായ ഗാന്ധിജിയും കേരളത്തിലാദ്യമായി അതിന് വേണ്ടിയുള്ള ചിന്തക്ക് തിരികൊളുത്തിയ പഞ്ചായത്ത് മന്ത്രിയായിരുന്ന എം.പി.എം. അഹമ്മദ് എന്ന ബാപ്പു കുരിക്കളും മൃതിയടഞ്ഞിട്ട് പതിറ്റാണ്ടുകളനവധി കഴിഞ്ഞുപോയിരുന്നു.


1995 സപ്തംബർ 30-ന് ത്രിതല പഞ്ചായത്തിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ 9-ാം വാർഡിൽനിന്ന് പഞ്ചായത്തിലെ ഏറ്റവും വലിയ ഭൂരിപക്ഷത്തിന് വിജയിച്ച കെ.അഹമ്മദ് എന്ന ബാപ്പുവിന്റെ നേതൃത്വത്തിൽ ഒക്ടോ

ബർ 2-ന് ഗാന്ധിജയന്തി ദിനത്തിൽ ഇന്നത്തെ ബോർഡ് അധികാരമേറ്റു. 1-ാം വാർഡിൽനിന്ന് വിജയിച്ച എൻ. അവറാൻകുട്ടിഹാജി വൈസ് പ്രസിഡണ്ടും 11-ാം വാർഡ് പ്രതിനിധി സി.കെ. മുഹമ്മദ് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനുമാണ്. കെ.സി. മറിയുമ്മ (2), കെ.സി.അബ്ദുറഹിമാൻ എന്ന കുഞ്ഞാപ്പ (3), പി. പാത്തുമ്മകുട്ടി എന്ന മാളുമ്മ (4), പി.പരമേശ്വരൻ (5), എം. കുഞ്ഞുമുഹമ്മദാജി (6), എം. മുഹമ്മദ് എന്ന ബാപ്പുട്ടി (7), എൻ. മറിയുമ്മ (8), പി. ആയിശാബി (10) ഇവരാണ് മറ്റ് വാർഡുകളെ പ്രതിനിധീകരിച്ച് ഇപ്പോഴത്തെ ബോർഡിലുള്ളത്.

നേരത്തെ കോഴിക്കോട് ജില്ലയുടെ ഭാഗമായിരുന്ന മൊറയൂർ പഞ്ചായത്ത് മലപ്പുറം ജില്ലയുടെ രൂപീകരണത്തോടെ അതിന്റെ ഭാഗമായി. കൊണ്ടോട്ടി അസംബ്ലി നിയോജകമണ്ഡലത്തിൽ പെടുന്ന മൊറയൂർ പഞ്ചായത്തിന്റെ ആസ്ഥാനം മൊറയൂർ തന്നെയാണ്. മൊറയൂർ അങ്ങാടിയിൽനിന്ന് ഒഴുകൂർ റോഡിൽ 200 മീറ്റർ ദൂരെയാണ് പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്നത്. അതിനോട് ചേർന്നാണ് ദീർഘകാലം ഞങ്ങളുടെ നിയോജകമണ്ഡലം MLA ആയിരുന്ന ജ: സീതി ഹാജിയുടെ സ്മാരകമായി പണിതിട്ടുള്ള പഞ്ചായത്ത് സാംസ്കാരിക നിലയം സ്ഥിതിചെയ്യുന്നത്.

1962-ൽ ഈ പഞ്ചായത്ത് നിലവിൽ വരുമ്പോൾ കോഴിക്കോട് മഞ്ചേരി റോഡ് മാത്രമാണുണ്ടായിരുന്നത്. എന്നാൽ ഇന്ന് അറുപത്തൊന്നോളം റോഡുകളുടെ പണി പൂർണമായോ ഭാഗികമായോ പൂർത്തിയായിട്ടുണ്ട്. അതേപോലെ മറ്റു പല വികസന പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. ഇതെല്ലാം ഈ പഞ്ചായത്തുകാരുടെ സേവന സന്നദ്ധതകൊണ്ടും ത്യാഗ മനഃസ്ഥിതി കൊണ്ടും മാത്രം ഉണ്ടാക്കാനായതാണ്.

പള്ളികളും ക്ഷേത്രങ്ങളും പൂജകളും പൂരങ്ങളും നേർച്ചകളും വഴിപാടുകളുമൊക്കെ, ഈ പഞ്ചായത്തിൽ തടസ്സപ്പെടാതെ നടന്നുവരുന്നു. വ്യത്യസ്ഥ മതസ്ഥരും വിഭിന്ന ജാതിക്കാരും തങ്ങളുടെ വൈവിധ്യമാർന്ന സാംസ്കാരിക അസ്തിത്വം സംരക്ഷിച്ചുകൊണ്ട് സംതൃപ്തരായി പരസ്പരം കൊടുത്തും വാങ്ങിയും സൗഹാർദ്ദത്തിൽ കഴിയുന്നുവെന്നതാണ് ഈ പഞ്ചായത്തിന്റെ സാംസ്കാരിക സവിശേഷത.



# ജനപ്രകൃതി-ഭൂപ്രകൃതി ജലപ്രകൃതി

മലപ്പുറം ജില്ലയിലെ ചരിത്രപ്രസിദ്ധമായ ഏറനാട് താലൂക്കിന്റെ തെക്ക് പടിഞ്ഞാറ് ഭാഗത്താണ് മൊറയൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. കിഴക്ക് പൂക്കോട്ടൂർ പഞ്ചായത്തിനോടും പടിഞ്ഞാറ് നെടിയിരുപ്പ് പഞ്ചായത്തിനോടും തെക്ക് ഊരകം പഞ്ചായത്ത് മലപ്പുറം മുൻസിപ്പാലിറ്റിയോടും വടക്ക് കുഴിമണ്ണ-പുൽപ്പറ്റ പഞ്ചായത്തിനോടും ചേർന്ന് കിടക്കുന്നു.

ഒഴകൂർ, അരിമ്പ്ര, മോങ്ങം, മൊറയൂർ എന്നീ നാല് ദേശങ്ങൾ ഉൾപ്പടുന്ന 56ാം റവന്യൂ ബ്ലോക്കും 57-ാം റവന്യൂബ്ലോക്കും അടങ്ങുന്ന മൊറയൂർ വില്ലേജിന്റെ ഭൂപ്രദേശമാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 6061.25 ഏക്കർ ആണ്. ഇതിൽ ഭൂരിഭാഗവും മലമ്പ്രദേശങ്ങളും മലഞ്ചരിവുകളുമാണ്. അവിടങ്ങളിൽ പ്രധാനമായും റബ്ബർ, കശുവണ്ടി, കുരുമുളക് തെങ്ങ് കപ്പ എന്നിവയാണ് കൃഷി ചെയ്ത് വരുന്നത്. തെങ്ങ്, കവുങ്ങ്, നെല്ല്, വാഴ പച്ചക്കറികൾ തുടങ്ങിയ മറ്റ് കൃഷികൾക്ക് പ്രധാനമായും സമതലപ്രദേശങ്ങളാണുപയോഗിക്കുന്നത്. ഈ സമതലപ്രദേശങ്ങളിൽ തന്നെയാണ് ജനങ്ങൾ തിങ്ങിപ്പാർക്കുന്നത്.

ഭൂപ്രകൃതിയനുസരിച്ച് മൊറയൂർ പഞ്ചായത്തിനെ നാലായി തരംതിരിക്കാം.

1. മലമ്പ്രദേശങ്ങൾ
2. മലഞ്ചെരിവുകൾ
3. ചെറിയകുന്നുകൾ
4. സമതലപ്രദേശങ്ങൾ

ഇവയുടെ കിടപ്പ് സൂചിപ്പിക്കുന്ന പഠനപര്യടനത്തിൽ തയ്യാറാക്കിയ നിമ്നോന്നതാ ചിത്രം ശ്രദ്ധിക്കുക.

പഞ്ചായത്തിന്റെ മൊത്തം ഭൂപ്രദേശത്തിന്റെ ഭൂരിഭാഗവും കൃഷിഭൂമിയാണെന്ന് കാണാം. ഭൂമിയുടെ ഉപയോഗത്തെ സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക I B

| ഭൂമി വിസ്തീർണ്ണം | | ഏക്കറ കണക്കിൽ | | |
|---|---|---|---|---|
| ബ്ലോക്ക് നമ്പർ | പുരയിടം | നിലം | പുറമ്പോക്ക് | ആകെ |
| 56 | 2516.88 | 317.22 | 77.05 | 2911.15 |
| 57 | 2673.23 | 399.07 | 77.80 | 3150.10 |
| ആകെ | 5190.11 | 716.29 | 154.85 | 6061.25 |

## ജലവിഭവം

ജൂൺ ജൂലൈ മാസങ്ങളിലെ ഇടവപ്പാതിയും ഒക്ടോബർ നവംബർമാസത്തിലെ തുലാവർഷവും തെറ്റാതെ ലഭിക്കുന്നുണ്ട്. എങ്കിലും ഉയർന്നതും ചെരിഞ്ഞതുമായ പ്രദേശങ്ങളായതിനാൽ ജലം സംഭരിക്കാനാവാതെ ഒഴുകിപ്പോവുകയാണ്. അത്കൊണ്ട് ഭൂമിയുടെ ശീതാവസ്ഥ നിലനിർത്താനാവാതെ പോകുന്നു. ഇതുകൊണ്ടാണ് ഏപ്രിൽ, മെയ് മാസങ്ങൾക്കു മുമ്പ് തന്നെ കടുത്ത ജലക്ഷാമം നേരിടുന്നത്.

താഴ്ന്ന പ്രദേശങ്ങളിലേക്കു കുത്തനെയുള്ള ജലപ്രവാഹവും, മണ്ണിടിച്ചിലും കൃഷികളെ കാര്യമായി ബാധിക്കുന്നു. പഞ്ചായത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെയുള്ള ചെറുകുളങ്ങളും, തോടുകളും കിണറുകളുമാണ് പ്രധാനപ്പെട്ട ജലസ്രോതസ്സുകൾ. ഇവയ്ക്ക് പുറമെ കൂടുതൽ ചെറുകുളങ്ങളും കിണറുകളും കുഴിച്ച് ജലം ശേഖരിക്കാനായാൽ കഴിയുന്നത്ര ജലക്ഷാമം കുറക്കാനാവുന്നതാണ്.

പട്ടിക I A

## ഭൂമിയുടെ നിമ്നോന്നത

(പഠനപര്യടനം)

തെക്കി കിഴക്ക് — വടക്ക് പടിഞ്ഞാറ്

| | | | | | | | |
|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | ഉയർന്ന പ്രദേശം | ചരിവ് | സമതലം | ചരിവ് | സമതലം | ചെറിയകുന്ന് | ഉയർന്ന പ്രദേശം |
| മൺതരം | കരിമണ്ണ് | മണ്ണ് | വയൽ ചളിമണ്ണ് | ചുവന്ന മണ്ണ് | വയൽ ചളിമണ്ണ് | ചുവന്നമണ്ണ് വെട്ടുകല്ല് | ചരൽ നിറഞ്ഞ ചുവന്നമണ്ണ് |
| ഭൂവിനിയോഗം | റബ്ബർ തെങ്ങ് കുരുമുളക് | തെങ്ങ് കമുക് | നെല്ല്, കപ്പ പച്ചക്കറി, കമുക് | തെങ്ങ് വാഴ | നെല്ല്, കപ്പ വാഴ, കഴുങ്ങ് | തെങ്ങ് കശുമാവ് | തെങ്ങ് കശുമാവ് കപ്പ |
| ജലലഭ്യത | ദാരിദ്ര്യം | ദാരിദ്ര്യം | ധാരാളം | മിതം | ധാരാളം | മിതം | ദരിദ്ര്യം |

പലപ്പോഴും മഴ കൃത്യമായി ലഭിക്കാത്തത്കൊണ്ട് മഴയെ മാത്രം ആശ്രയിച്ച് കഴിയുന്ന കർഷകർക്കേറെ ബുദ്ധി മുട്ടനുഭവിക്കേണ്ടവരുന്നു. പഞ്ചായത്തിലെ ചെറുകുന്നിൻപ്രദേശങ്ങളിലും മലഞ്ചരിവുകളിലും സമതലങ്ങളിൽ ചിലയിടങ്ങളിലും താമസിക്കുന്ന ഭൂരി ഭാഗം ജനങ്ങളും ജലത്തിനുവേണ്ടി ബുദ്ധിമുട്ടുന്നു. പഞ്ചായത്തിൽ കുറച്ചു കുളങ്ങളും കിണറുകളും പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായുണ്ടെങ്കിലും വർദ്ധിച്ച ജലാവശ്യം പരിഹരിക്കാൻ പോന്നവയല്ല. അതിനാവശ്യമായ ജലപദ്ധതികൾ ഒമ്പതാം പദ്ധതിയിൽ ഉണ്ടാവേണ്ടതുണ്ട്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട കുളങ്ങളെക്കുറിച്ചുള്ള വിവരം താഴകൊടുക്കുന്ന പട്ടികയിൽ നിന്ന് മനസ്സിലാക്കാം.

പ്രധാന കുളങ്ങളുടെ വിവരം പട്ടിക I C

| നമ്പർ | കുളത്തിന്റെ പേര് | സ്ഥലം | വാർഡ് |
|---|---|---|---|
| 1. | നെല്ലിപ്പറമ്പ് കുളം | അരിമ്പ്ര | VIII |
| 2. | താമരക്കുളം | കോട്ടിയാട് | VIII |
| 3. | അമ്പലക്കുളം | അരിമ്പ്ര | VIII |
| 4. | പാലത്തിങ്ങൽ കുളം | " | VII |
| 5. | മച്ചിങ്ങലരുകുളം | " | VII |
| 6. | കണ്ണം കുളം | മോങ്ങം | X |
| 7. | ഐന്തയിൽ കുളം | " | X |
| 8. | പള്ളിക്കുളം | " | XI |
| 9. | നടുത്തലക്കുത്ത് കുളം | " | XI |
| 10. | അമ്പലക്കുളം പള്ളിമുക്ക് | ഒഴുകൂർ | II |
| 11. | ചക്കുംകുളം (പള്ളികുളം) | " | I |
| 12. | കണ്ടംകുളം | മൊറയൂർ | IV |
| 13 | ചെത്തെകുളം | | V |
| 14. | ഞണ്ടുകണ്ണികുളം | | VI |
| 15. | അയ്യപ്പൻകുളം | | VI |
| 16. | നടുത്തലകുളം | | V |

## മനുഷ്യവിഭവം

1991-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയ പഞ്ചായത്തിലെ ഇന്നത്തെ ജനസംഖ്യ 28116 ആണ്. ഇതിൽ പുരുഷന്മാരുടെ എണ്ണം 14217ഉം (50.53%) സ്ത്രീകളുടേത് 13909ഉം (49.47%) ആകുന്നു. ആകെ4073വീടുകളാണുള്ളത്. ശരാശരി വീടൊന്നിന് 6.9 ആളുകൾ വീതമുണ്ട്.

ആകെ ജനങ്ങളിൽ 86% സാക്ഷരത കൈവരിച്ചിട്ടുണ്ട്. ജനവിദ്യാകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ സജീവമായി നടത്താനായാൽ ബാക്കി പേരെയും സാക്ഷരരാക്കാൻ സാധിക്കുമെന്ന കാര്യത്തിലൊട്ടും സംശയമില്ല.

അഭ്യസ്ത വിദ്യരുടെ എണ്ണത്തിൽ കാലാനുക്രമത്തിൽ വർദ്ധനവുണ്ടെങ്കിലും സാങ്കേതിക പരിജ്ഞാനംലഭിച്ചവരുടെയും കാലഘട്ടത്തിനനുസരിച്ച് ഉന്നത വിദ്യാഭ്യാസംലഭിച്ചവരുടെയും എണ്ണം വളരെ കുറവാണ്. ഈപിന്നോക്കാവസ്ഥ അടിയന്തിരമായുംമാറ്റി എടുക്കേണ്ടതാണ്.

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിയാത്തത് കൊണ്ട് തൊഴിൽരംഗത്തും ഉദ്യോഗസ്ഥമേഖലയിലും മൊറയൂർക്കാർക്ക് വലിയതോതിൽ മുന്നേറാനായിട്ടില്ല. അഭ്യസ്ഥവിദ്യരിൽ തന്നെ രൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുകയും ചെയ്യുന്നു.

ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം കാർഷികമേഖലയായിരുന്നു. എന്നാലിന്ന് കൃഷി ആദായകരമല്ലാതായതോടെ മറ്റ് മേഖല തേടേണ്ടിവന്നിരിക്കുകയാണ്. തൊഴിലെടുക്കാൻ സന്നദ്ധരാകുമ്പോൾ തൊഴിലെവിടെ എന്ന ചോദ്യം ബാക്കിയാവുന്നു. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽതി സാങ്കേതിക സ്ഥാപനങ്ങൾ കൂടുതലായി അനുവദിക്കുന്നതിലൂടെ മാത്രമേ സാധ്യമാകുകയുള്ളൂ.

പഞ്ചായത്തിന്റെ പൊതുതാൽപര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ പഞ്ചായത്തിലുള്ളവരൊന്നാകെജാതിമതചിന്തകൾക്കതീതമായി കക്ഷിരാഷ്ട്രീയ ചിന്തകൾ മാറ്റി വച്ച്, പരസ്പരസൗഹാർദ്ദത്തോടെ പ്രവർത്തിക്കുന്നുവെന്നതാണ് ഈ പഞ്ചായത്തിലെ ജനകീയ സേവന സവിശേഷത.

●



# കൃഷിയും ജലസേചനവും

മലകളും കുന്നുകളും താഴ്വരകളും സമതലങ്ങളും ഉൾക്കൊള്ളുന്ന ഒരു കാർഷിക ഗ്രാമപഞ്ചായത്താണ് മൊറയൂർ. പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2457.29 ഹെക്ടർ ആണ്. ഇവിടുത്തെ പ്രധാനകൃഷി നെല്ല്, തെങ്ങ്, കമുങ്ങ്, വാഴ, പൂള, ഇഞ്ചി എന്നിവയാണ്. പണ്ട് കാലത്തെ ജനങ്ങളുടെ ജീവിതോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റു തൊഴിലുകളുമായിരുന്നു.

ഈ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശം അരിമ്പ്രയിലെ മാങ്കാവാണ്. `മാങ്കാവ് പുകഞ്ഞാൽ മഴയുറപ്പ്' എന്നൊരു പഴഞ്ചൊല്ല് തന്നെ നിലവിലുണ്ടായിരുന്നു. കരിമ്പനക്കുന്ന്, കരിമ്പിനാക്കൽകുന്ന്, ചെമ്പക്കുന്ന്, കോട്ട, കൊമ്പത്താൻ കുന്ന്, കാർത്ത്യാൻ കുന്ന്, ചട്ടക്കരമല, ഞാറക്കോടിക്കുന്ന്, കുയിലൻ കുന്ന്, തെക്കുമല എന്നീ കുന്നുകളും ഈ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ കൃഷി ഭൂമി മുഴുവനും സാമൂതിരി കോവിലകം,നിലമ്പൂർകോവിലകം, കോട്ടക്കൽ, മഞ്ചേരി, വെണ്ണാശ്ശേരി കോവിലകങ്ങൾ മോങ്ങണ്ടമ്പുലം മുസ്സത്എന്നീ വൻകിടജന്മിമാരുടെ അധീനതയിലായിരുന്നു. കൃഷിക്കാർ അവരുടെ കുടിയാന്മായിരുന്നു.

മൊറയൂർ ഗ്രാമപഞ്ചായത്തിൽ കൃഷിയോഗ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം 2200 ഹെക്ടറാണ്. ആദ്യകാലങ്ങളിൽ കൂടുതൽ ശ്രദ്ധയും പരിചരണവും നൽകിയരുന്നത് നെൽകൃഷിക്കായിരുന്നു. തെങ്ങ്, കമുങ്ങ് എന്നിവയും വ്യാപകമായി കൃഷി ചെയ്യപ്പെട്ടിരുന്നു. വീട്ടു വളപ്പുകളിൽ മാവ്, പ്ലാവ്, തേക്ക് തുടങ്ങിയ വൃക്ഷങ്ങളും കാണപ്പെട്ടിരുന്നു. പഞ്ചായത്തിലെ കൃഷി മിക്കവാറും മഴയെ ആശ്രയിച്ചായിരുന്നു നടന്നിരുന്നത്. കുളം, തോട് എന്നിവ ജനലസേചനത്തിന് ഉപയോഗപ്പെടുത്തിയിരുന്നു.

രണ്ടു വിളവുകളെടുക്കുന്ന വയലുകളും ഒരു വിള മാത്രം കിട്ടുന്ന പള്ള്യാളികളുമായിരുന്നു നെൽകൃഷിക്കുപയോഗിച്ചിരുന്നത്. പറമ്പുകളിൽ മോഡൻ നെല്ലും വ്യാപകമായിരുന്നു. നാടൻ വിത്തുകളായ ആര്യൻ, മംഗലാപുരൻ,തവളക്കണ്ണൻ, മുണ്ട, ചീര, നകര, കുട്ടാടൻ, കൂബ്ലാൻ എന്നിവ വയലുകളിലും മോഡൻ നെല്ലായ കണ്ണൻ കൂറ, കുട്ടി വിത്ത്, കല്ലുരുണ്ണി എന്നിവ പറമ്പുകളിലും കൃഷി ചെയ്തുപോന്നിരുന്നു. പ്രസ്തുത വിത്തുകളിൽ ചിലതിന് ഔഷധ ഗുണങ്ങളുമുണ്ടായിരുന്നു. പച്ചില വളം, കാലിവളം എന്നീ ജൈവവളങ്ങളായിരുന്നു അടിവളമായി ഉപയോഗിച്ചിരുന്നത്. പട്ടാമ്പി നെല്ലു ഗവേഷണ കേന്ദ്രം പ്രവർത്തന മാരംഭിച്ചതോടെ അതുമായി ബന്ധപ്പെട്ടു പുതിയ ഇനം വിത്തുകളും, കീടനാശിനികളും രാസവളങ്ങളും ഉപയോഗിക്കാൻ തുടങ്ങി. താമസിയാതെ പമ്പുസെറ്റുകളും നിലവിൽ വന്നു.

നെൽപാടങ്ങളിൽ ഇടവിളയായി പച്ചക്കറികൾ, ചാമ, പൂള, പയർ, തുടങ്ങിയവ കൃഷി ചെയ്യപ്പെടുന്നു. പഞ്ഞ കാലമായ മിഥുനം, കർക്കിടകമാസങ്ങളിൽ അരിഭക്ഷണത്തിനു പകരം പൂള, ചേമ്പ്, ചേന, ചക്ക, പനമ്പൊടി, ഈന്ത്, ഉണ്ണിക്കാമ്പ്, നേന്ത്ര വാഴക്കന്ന് എന്നിവയായിരുന്നു സാധാരണക്കാരുടെ മുഖ്യാശ്രയം.

നമ്മുടെ പഞ്ചായത്തിൽ രണ്ടായിരത്തിഒരുനൂറ്റിയൻപത് നാമമാത്ര കർഷകരും എഴുന്നൂറ് ചെറുകിട കർഷകരും നാനൂറ് വൻകിട കർഷകരുമുണ്ട്. ഇതി താഴെ കാണിച്ച പട്ടികയിൽ നിന്ന് വ്യക്തമാകും.

## വിള വിസ്തീർണ്ണവും ഉൽപാദനവും

### പട്ടിക 1

| വിള | വിസ്തീർണ്ണം | മൊത്തം ഉൽപാദനം | ഉല്പാദനക്ഷമത ഹെക്ടറിന് |
|---|---|---|---|
| നെല്ല് 1-ാം വിള | 340 ഹെക്ടർ | 1105 ടൺ | 1224 ടൺ |
| " രണ്ടാം വിള | 290 " | 943 " | 1044 " |
| പയർ | 10 " | 28 .. | - |
| എള്ള് | 5 " | - | - |
| പച്ചക്കറികൾ | 55 " | - | - |
| തെങ്ങ് | 1630 " | 1,99,38,000എണ്ണം | - |
| വാഴ | 90 | 15--18 ടൺ | |
| മരച്ചീനി | 40 " | - | - |
| കുരുമുളക് | 30 " | - | - |
| പ്ലാവ് | 4615 എണ്ണം | - | - |
| കശുമാവ് | 30 ഹെക്ടർ | - | - |
| മാവ് | [illegible]000 എണ്ണം | - | - |
| റബ്ബർ | 40 ഹെക്ടർ | 300 ടൺ | - |
| കമുങ്ങ് | 60 " | 150 ടൺ | – |
| ജാതിക്ക | 200 എണ്ണം | 2500എണ്ണം | - |
| ഗ്രാമ്പൂ | 500 എണ്ണം | – | – |
| ഏലം | 100 എണ്ണം | – | – |

(അവലംബം കൃഷിഭവനിൽ നിന്നും ലഭ്യമായത് സെക്കന്ററി ഡാറ്റാ കലക്ഷൻ)

### പട്ടിക 2

| നാമമാത്ര കർഷകർ (1ഹെക്ടറിന് താഴെ) | ചെറുകിട കർഷകർ (2ഹെക്ടറിന് താഴെയും 1ഹെക്ടറും അതിനു മുകളിലും) | വൻകിട കർഷകർ (2ഹെക്ടറും അതിനിനു മുകളിലും) |
|---|---|---|
| 2150 | 700 | 400 |

(അവലംബം സെക്കന്ററി ഡാറ്റ കലക്ഷൻ)

വയലുകളെപ്പോലെ തന്നെ പ്രധാനപ്പെട്ട കൃഷി സ്ഥലമാണ് പറമ്പുകൾ. അവിടെ മോടൻ നെല്ല്, പൂള, ഇഞ്ചി, ചേന, ചേമ്പ്, നട്തല, മധുരക്കിഴങ്ങ് എന്നിവ യാണ് കൃഷിചെയ്യപ്പെടുന്നത്.

സ്വന്തമായി കൃഷി ഭൂമിയില്ലാത്തവർ പാട്ടത്തിനും പണയത്തിനും കട്ടക്കാണത്തിനും ഭൂമി വാങ്ങി തനിച്ചും കൂട്ടായും കൃഷി ചെയ്തിരുന്നു. പണ്ട് കൂലിക്കാർ കൂടുതലും കൃഷിക്കാർ കുറവുമായിരുന്നു. ജോലി അന്വേഷകരായി കർഷകത്തൊഴിലാളികൾ പരിസരപ്രദേശങ്ങളിലേക്ക് കൃഷിയായുധങ്ങളുമായി കൂട്ടം കൂട്ടമായി പോവുകയും സന്ധ്യയാകുമ്പോൾ തുച്ഛമായ കൂലിയുമായി തിരിച്ചു വരികയും ചെയ്തിരുന്നതു പതിവായിരുന്നു. അരിമ്പ്ര മലകളിലും ഒഴുകൂർ പ്രദേശത്തും ധാരാളം പൂളകൃഷി നടന്നിരുന്ന കാലമായിരുന്നു അത്. `ഒഴുകൂരൻ പൂള' ദൂര ദിക്കുകളിൽ പോലും പ്രസിദ്ധമായിരുന്നു. വേനൽ കാലങ്ങളിൽ പൂള തൊലിക്കൽ, ഇഞ്ചി വരണ്ടൽ എന്നിവയായിരുന്നു സ്ത്രീ തൊഴിലാളികളുടെ പ്രധാന തൊഴിൽ.

ഇതെല്ലാം ഇപ്പോൾ നാമാവശേഷമായിരിക്കുകയാണ്.

മൊറയൂർ പഞ്ചായത്തിൽ ഇപ്പോൾ ധാരാളം പച്ചക്കറി കൃഷി നടക്കുന്നുണ്ട്. ദിനേനയെന്നോണം മൂന്ന് നാല് ലോഡ് പച്ചക്കറികൾ ഇതര ജില്ലകളിലേക്ക് കയറ്റിഅയയ്ക്കപ്പെടുന്നു. നമ്മുടെ പഞ്ചായത്തിനോടൊപ്പം അയൽപ്രദേശ പഞ്ചായത്തുകളെ ചേർത്ത് മോങ്ങം കേന്ദ്രമാക്കി കാർഷിക വിള വിപണനകേന്ദ്രം ആരംഭിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിലെ പച്ചക്കറികർഷകർക്ക് വിളവുകൾ ഇവിടെ തന്നെ വിൽപ്പന നടത്താനും ജനങ്ങൾക്ക് ഈ ആവശ്യത്തിന് ഇറക്കുമതിയെ ആശ്രയിക്കാതിരിക്കാനും സാധിക്കും.

ഇപ്പോൾ ജനങ്ങളുടെ ശ്രദ്ധ തെങ്ങിലും കവുങ്ങിലുമാണെന്ന് പറയാം. പുരമേയാൻ ഉപയോഗിക്കുന്ന പുല്ല് വളർന്നിരുന്നതും കന്നുകാലികൾ മേഞ്ഞിരുന്നതുമായ അരിമ്പ്ര മലയിൽ ഇന്ന് തെങ്ങ്, റബ്ബർ തുടങ്ങിയ കൃഷികളെ കൊണ്ട് നിറഞ്ഞിരിക്കുന്നു. പണ്ട് കാലത്ത് കന്നുകാലികളില്ലാത്ത വീട് വിരളമായിരുന്നു എന്നത് ശ്രദ്ധേയമാണ്.

പണ്ട് കാലത്ത് ജലസേചനത്തിന് തോടുകളിൽ ചിറകെട്ടി, വെള്ളം തേവാൻ ഏത്തം, പോള, മുറം എന്നിവ ഉപയോഗിക്കുകയും ചെയ്തിരുന്നു. മണ്ണൊലിപ്പ് തടയാൻ തോടുകൾക്കിരുവശവും കൈതച്ചെടി വെച്ച് പിടിപ്പിക്കുമായിരുന്നു. കീടങ്ങളെ നിയന്ത്രിക്കാൻ മുറം വീശൽ, തുണി വീശൽ എന്നിവയും എലികളെ നശിപ്പിക്കാൻ നാടൻ എലിക്കെണികളും ഉപയോഗിച്ചിരുന്ന പഴയ കാല രീതികൾ അയവിറക്കാതിരിക്കുന്നത് ശരിയല്ല. അടുത്ത കാലത്ത് നടപ്പാക്കിയ പശ്ചിമഘട്ട പദ്ധതിയുടെ വിശദവിവരം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണാം.

ഭൂപരിഷ്ക്കരണ നിയമത്തോടുകൂടി കർഷകന് കൃഷി ഭൂമി സ്വന്തമാവുകയും കർഷകർ കൃഷിയിൽ കൂടുതൽ തൽപരരാവുകയും ചെയ്തു. കാലക്രമേണ കൃഷിക്കാർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യത കുറഞ്ഞു വരികയും കൂലിച്ചെലവ് ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തതിന്റെ ഫലമായി കൃഷി

പട്ടിക 3 മണ്ണുസംരക്ഷണം (പശ്ചിമഘട്ടപദ്ധതി)

| നമ്പ്ര് | പദ്ധതിയുടെ പേര് | പദ്ധതി പ്രദേശ വിസ്തീർണ്ണം | പദ്ധതി പ്രദേശത്തെ നീർച്ചാലുകളുടെ നീളം | അടങ്കൽ തുക | മൊത്തം ഗുണഭോക്താക്കൾ | പദ്ധതി ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം | പ്രയോജനം ലഭിച്ച ഗുണഭോക്താക്കൾ | ചെലവായ തുക |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | അരിമ്പ്ര (ലോൺ സ്കീം) | 319 ഹെ | - | 821800 ക | - | 1978-79 | 1982-83 | 217.7 ഹെ | 95 | 538690ക |
| 2 | പശ്ചിമ ഘട്ട വികസന പദ്ധതി (പൂറ്റ മണ്ണ വാട്ടർ ഷെഡ്) | 107 ഹെ | 5 K M | 3251551 ക | - | 1990-91 | 1994-95 | 250.35 ഹെ | 670 | 2124135 ക |
| 3 | ചോലയിൽ കോളനി 8/2 | 3.810 ഹെ | - | 67000 ക | 30 | 1993-94 | 1993-94 | - | 7 | 54191ക |

നഷ്ടമായി മാറിയതുകൊണ്ട് അവർക്ക് മറ്റുമേഖലകളിലേക്ക് തിരിയേണ്ടി വന്നു. കൃഷി ആധുനിക വിദ്യാഭ്യാസം നേടിയവന് അനുയോജ്യമായ തൊഴിലായി പരിഗണിക്കാതെ പോയതും കർഷകത്തൊഴിലാളികളുടെ പിൻതലമുറക്കാർ ഇതര മേഖലകളിലേക്കും വിശഷ്യാ വിദേശ രാജ്യങ്ങളിലേക്ക് നീങ്ങിയതും നാട്ടിലുള്ള കൃഷിയോടുള്ള വിമുഖത കൂടുവാൻ കാരണമായി.

കർഷകത്തൊഴിലാളികളുടെ ഗണ്യമായ കുറവും നാണയപ്പെരുപ്പവും കൂലി വർദ്ധിക്കാനിടയായി. ഉഴവു കാളകളുടെ കുറവും ജൈവ വളങ്ങൾ ലഭിക്കായ്കയും രാസവളങ്ങളുടെ വിലക്കൂടുതലും നെല്ലുകൃഷിക്കാരന്റെ നട്ടെല്ലൊടിക്കുവാൻ തുടങ്ങി. നെൽകൃഷി നഷ്ടമാവാൻ തുടങ്ങിയതോടെ കർഷകർ നാണ്യവിളകളിലേക്ക് ശ്രദ്ധതിരിച്ചു. മറ്റു കൃഷികളുമായി തുലനം ചെയ്യുമ്പോൾ തെങ്ങുകൃഷിക്ക് കുറഞ്ഞ പരിചരണം മാത്രമേ ആവശ്യമുള്ളൂ എന്നതും നെൽകൃഷിയെ സാരമായി ബാധിച്ചു. തന്മൂലം വയലുകൾ നിരത്തിക്കൊണ്ട് തെങ്ങ്, കമുങ്ങ്കൃഷികൾ വ്യാപകമായി. കൂടാതെ പുരയിടത്തിന് വേണ്ടി വയലുകൾ നികത്തുന്ന സമ്പ്രദായവും സർവ്വ സാധാരണയായി. ഈ പ്രവണത ക്രമതീതമായി വർദ്ധിച്ചുകൊണ്ടിരുന്നാൽ നീർക്കെട്ടുകൾ ഉണ്ടാകുവാനും കൃഷിനാശം ഉണ്ടാകാനും കാരണമാകുന്നു.

പണ്ട് കാർഷികോൽപ്പന്നങ്ങളുടെ വിപണന കേന്ദ്രം കോഴിക്കോടായിരുന്നു. നാലു, അഞ്ചും കിലോമീറ്റർ അകലെ സ്ഥിതി ചെയ്തിരുന്ന റോഡ് പോയിന്റിലേക്ക് തലച്ചുമടായും അവിടെ നിന്ന് കാളവണ്ടി മുഖേനയുമായിരുന്നു കോഴിക്കോട്ടെത്തിച്ചിരുന്നത്. വൈകുന്നേരങ്ങളിൽ കാളവണ്ടികൾ ഉല്പന്നങ്ങളുമായി കോഴിക്കോട്ടേക്കും അവിടെനിന്ന് വൈകുന്നേരങ്ങളിൽ വിഭവങ്ങളുമായി തിരിച്ചും വരുന്ന കാഴ്ച പതിവായിരുന്നു. ഇടത്തട്ടുകാരായ കച്ചവടക്കാർ ധാരാളമുണ്ടായിരുന്നതിനാൽ കർഷകർക്ക് ന്യായമായ വില ലഭിച്ചിരുന്നില്ല.

### കർഷക വിനോദം:

കർഷകരുടെ വിനോദോപാധികളായ കാളപൂട്ട്, പാടം ഊർച്ച എന്നിവ ഒരു കാലത്ത് വളരെ പ്രശസ്തമായ രീതിയിൽ നമ്മുടെ പഞ്ചായത്തിൽ നടന്ന് വന്നിരുന്നു. കർഷക കുടുംബങ്ങളിലെല്ലാം തന്നെ മേത്തരം കാളകളുണ്ടായിരുന്നു. പഞ്ചായത്തിൽ അഞ്ചോളം കാളപൂട്ടു കണ്ടങ്ങളുണ്ടായിരുന്നു. അതിൽ അരിമ്പ്ര തട്ടാൻതൊടി കണ്ടത്തിൽ ഇപ്പോഴും മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. മൊറയൂർ മൂസതുമാരുടെ ഊർച്ച

പട്ടിക 4

| കുളം | നീരുറവകൾ |
|---|---|
| 1. നെല്ലിപ്പറമ്പ് കുളം അരിമ്പ്ര ,, | 1. മൂചിക്കുണ്ട് ചോല, ഒഴുകൂർ |
| 2. താമരക്കുളം കോട്ടിയാട്ട് " | 2. മഞ്ഞപ്പുലത്ത് ചേല ' |
| 3. അമ്പലക്കുളം ,, | 3. പാലിരി ചോല " |
| 4. പാലത്തിങ്ങൽ കുളം " | 4. കൊറളിക്കോട് ചോല " |
| 5. മച്ചിങ്ങൾ അരുകുളം " | 5. കോട്ടെമ്മൽ ചോല മൊറയൂർ |
| 6കണ്ണൻ കുളം മോങ്ങം | 6. ചോലക്കത്തൊട് " |
| 7 ഐന്തിയിൽ കുളം " | 7 പുറംചോല " |
| 8 പള്ളിക്കുളം " | 8 കള്ളാടി മുക്ക് ചോല " |
| 9. നടുത്തലക്കുത്ത് കുളം " | 9 പുള്ളിശ്ശീരികുണ്ട് ചോല " |
| 10 അമ്പലക്കുളം ഒഴുകൂർ | 10 നടുശ്ശീരിച്ചോല അരിമ്പ്ര |
| 11 ചക്കുംകുളം " | 11 ഉണ്ണിച്ചോല ,, |
| 12 കണ്ടംകുളം മൊറയൂർ | 12 മാമ്പ്രത്ത് ചോല ,, |
| 13 ചെത്തൈ കുളം " | 13 കൊരങ്ങൻ കുഴി ചോല, അരിമ്പ്ര |
| 14 ഞണ്ടു കണ്ണികുളം " | 14 കുയിലം കുന്ന് ചോല, മോങ്ങം |
| 15 അയ്യപ്പൻ കുളം " | 15 കോട്ടമ്മൽ ചോല " |
| 16 തടുത്തലക്കുളം " | 16 മൂച്ചിക്കുണ്ട് ചോല " |
| | 17 ചോലക്കത്തൊടി ചോല ,, |

സെക്കന്ററി ഡാറ്റാ കലക്ഷൻ

ഒഴുകൂർ പാറക്കൽ കുമാരൻ നായരുടെ ഊർച്ച. മേൽപറഞ്ഞ അരിമ്പ്ര ഊർച്ച എന്നിവ പ്രസിദ്ധങ്ങളായിരുന്നു. ഊർച്ചയ്ക്കും കാളപ്പൂട്ടിനും കന്നുകളെ കൊണ്ടുപോകുന്നതും പ്രോത്സാഹകരായും, കാഴ്ചക്കാരായും ആളുകൾ തടിച്ചു കൂടുന്നതും സാധാരണ ആവേശകരമായ കാഴ്ചയായിരുന്നു.

കൃഷിയുമായി ബന്ധപ്പെട്ട കുളങ്ങൾ, തോടുകൾ, ചോലകൾ എന്നിവ വേണ്ടതപോലെ സംരക്ഷിക്കുന്ന സ്ഥിതിക്കും മാറ്റമുണ്ടായി. പൊതുവായും, സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ളതുമായ കുളങ്ങളുടെയും ചോലകളുടെയും പേരുകളും അവ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളും പട്ടിക 4ൽ കൊടുത്തിരിക്കുന്നു. ഇവ വേണ്ടതു പോലെ സംരക്ഷിച്ചു. ആഴം കൂട്ടി കൃഷിയാവശ്യത്തിന് പമ്പ് സെറ്റ് സ്ഥാപിച്ചാൽ വളരെയധികം സ്ഥലങ്ങൾ കൃഷിക്കുപയോഗപ്പെടുത്താവുന്നതാണ്.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ഭൂപ്രകൃതി മല, കുന്ന്, സമതലം എന്നിവ ഇട കലർന്നുള്ളതാണെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. ചെമ്മണ്ണ്, കളിമണ്ണ് ചരൽ എന്നിവയാണ് മണ്ണിന്റെ സ്വഭാവം.

| | ഭൂവിനിയോഗം പട്ടിക | | 5 |
|---|---|---|---|
| നമ്പർ | വിനിയോഗം | വിസ്തൃതി | ഉല്പാദനം |
| 1 | തെങ്ങ് | 1630 ഹെ | 2 കോടി എണ്ണം |
| 2 | റബ്ബർ | 40 " | 300 ടൺ |
| 3 | കശുമാവ് | 30 " | - |
| 4 | വാഴ | 90 " | - |
| 5 | പച്ചക്കറി | 55" | - |
| 6 | നെല്ല് ഒന്നാംവിള | 340 " | 1105 ടൺ |
| 7 | " രണ്ടാം വിള | 290 " | 943 ടൺ |
| 8 | എള്ള് | 5 " | - |
| 9 | കമുങ്ങ് | 60 " | 150 ടൺ |

അവലംബം കൃഷിഭവൻ രേഖകൾ

## പാടസംരക്ഷണ സമിതി

കൃഷിഭവനുമായി ബന്ധപ്പെട്ടു അരിമ്പ്രയിൽ രണ്ടും മൊറയൂർ, മോങ്ങം, ഒഴുകൂർ എന്നിവിടങ്ങളിൽ ഓരോന്നു വീതവും പാടശേഖര സമിതികൾ നിലവിലുണ്ട്. പഞ്ചായത്തിൽ ഒരു കേര സംരക്ഷണ സമിതിയും നിലവിലുണ്ട്.

സഹകരണ മേഖലയിൽ രണ്ടും സ്വകാര്യമേഖലയിൽ നാലും രാസ വളകേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നെങ്കിലും സഹകരണമേഖലയിലെ ഒന്ന് ഇപ്പോൾ പ്രവർത്തന രഹിതമാണ്.

## കാർഷിക ഉപകരണങ്ങൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മൂന്നു ട്രാക്ടർ, ഒരു ട്രില്ലർ, ഏഴ് റോക്സ്പ്രെയർ മുപ്പത് നാപ്സാക് സ്പ്രെയർ, ഒരു തെങ്ങു കയറ്റ യന്ത്രം എഴുപത് പോർട്ടബിൾ പമ്പുകൾ എന്നിവയാണ് ഇപ്പോൾ നിലവിലുള്ളത്. അമ്പതോളം ജോടി ഉഴവുകന്നുകളുമുണ്ട്. ആധുനിക രീതിയിലുള്ള യന്ത്രോപകരണങ്ങളും ഗുണമേന്മയുള്ള വിത്തുകളുമുപയോഗിച്ച് ശാസ്ത്രീയമായ രീതി, കൃഷിയിൽ ഉപയോഗപ്പെടുത്തിയാൽ പഞ്ചായത്തിലെ കാർഷിക രംഗം ഇനിയും പുരോഗമിപ്പിക്കാൻ സാധിക്കുമെന്ന കാര്യം നിസ്തർക്കമാണ്. നാമമാത്രമായി തൈകൾ കൃഷിഭ

### രാസവളകീടനാശിനി വിപണനം പട്ടിക 6

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993–94 | | | 1994–95 | | | 1995–96 | | |
|---|---|---|---|---|---|---|---|---|---|---|
| | | കീടനാശിനി | | | കീടനാശിനി | | | കീടനാശിനി | | |
| | | രാസ വളം കി.ഗ്രാം | ദ്രവ്യം | ഖരം | രാസ വളം കി.ഗ്രാം | ദ്രവ്യം | ഖരം | രാസ വളം കി.ഗ്രാം | ദ്രവ്യം | ഖരം |
| 1 | പട്ടികജാതി പട്ടകവർഗ്ഗ സഹകരണ സംഘം | 5648 | | | 9148 | | | 10771 | | |
| | സ്വകാര്യം : | | | | | | | | | |
| 2 | K.T.ചേക്കുട്ടി | | | | | | | | | |
| 3 | P.സൈതലവി | | | | | | | | | |
| 4. | K.മുഹമ്മദ്ഷ | | | | | | | | | |
| 5. | K. മൊയ്തീൻകുട്ടി | | | | | | | | | |

(അവലംബം : കൃഷിഭവൻ)

വൻ വിതരണം ചെയ്യുന്നുണ്ട്. പട്ടിക 7 കാണുക.

| നമ്പർ | ഇനം | കൊല്ലം 1993-94 | കൊല്ലം 1994-95 | കൊല്ലം 1995-96 |
|---|---|---|---|---|
| | **തൈകൾ വിതരണം ചെയ്ത പട്ടിക-7** | | | |
| 1 | തെങ്ങ് | 1606 | 1555 | 640 |
| 2 | കശുമാവ് | 1420 | - | 800 |
| 3 | കുരുമുളക് വള്ളി | 4700 | 2700 | 3300 |
| 4 | കമുങ്ങ് | 1206 | 55 | 250 |
| 5 | ജാതി | 121 | - | 15 |
| 6 | ഗ്രാമ്പു | - | - | 40 |
| 7 | മാവ് | 115 | - | - |

(അവലംബം കൃഷിഭവൻ)

ഈ പട്ടികനോക്കി വർഷാ വർഷം തൈകൾ വിതരണം ചെയ്തതിലുള്ള വ്യത്യാസങ്ങൾ മനസ്സലാക്കാവുന്നതാണ്.

തെങ്ങ്, നെല്ല് കമുക് എന്നിവയെ പോലെ വ്യാപകമായി കൃഷി ചെയ്യപ്പെട്ടിരുന്ന ഒന്നായിരുന്നു വെറ്റില. എന്നാൽ ഇന്ന് വെറ്റിലകൃഷി നാമമാത്രമായി ചുരുങ്ങിയിരിക്കുന്നു. അതുപോലെ നമ്മുടെ നാട്ടിൽ കൃഷി ചെയ്യപ്പെട്ടിരുന്ന ഇനങ്ങളായിരുന്നു വക്ക്, ചാമ, നനക്കിഴങ്ങ് എന്നിവ. പക്ഷെ ഈ കൃഷിയെല്ലാം പഞ്ചായത്തിൽ ഒരിടത്തും ഇപ്പോൾ കാണപ്പെടുന്നില്ല.

ചൊളണ്ടി അപൂർവ്വം ചില സ്ഥലങ്ങളിൽ മാത്രം കാണപ്പെടുന്നു.

## പ്രശ്നങ്ങൾ

1. തെങ്ങ് കൃഷിയെ സംബന്ധിച്ചിടത്തോളം, കൂമ്പ്ചീയൽ നീരൊലിപ്പ് എന്നിവ പ്രധാനപ്പെട്ട രോഗങ്ങളാണ്. കൃഷിഭവനിലെ കണക്കുകൾ പ്രകാരം 355 തെങ്ങുകൾക്ക് ഇത്തരം രോഗങ്ങൾ ബാധിച്ചതായി കാണുന്നു.

2 വിത്തു തിരഞ്ഞെടുക്കുന്നതിലുള്ള അപാകത അശാസ്ത്രീയമായ ജലസേചനവും വളപ്രയോഗവും തെങ്ങു കൃഷിയുടെ പ്രശ്നങ്ങളിൽ മറ്റു ചിലതാണ്.

3. കർഷകരുടെ അറിവില്ലായ്മ മൂലം, കീടനാശിനികൾ തളിക്കുമ്പോൾ ശാസത്രീയമായ അനുപാതമോ രീതിയോ സ്വീകരിക്കേണ്ട മുൻകരുതലുകളോ പരിഗണിക്കാറില്ല. അതുകൊണ്ട് ഉദ്ദേശിക്കുന്ന ഫലം ലഭിക്കാതെ പോവുകയും എതിർഫലം ഉളവാകുകയും ചെയ്യുന്നു.

4. ജലസേചനത്തിന് ആവശ്യമായ ജലം വേനൽ കാലങ്ങളിൽ കിട്ടുന്നില്ല.

5. കൃഷി ഭവനിലൂടെ ലഭിക്കേണ്ട സമയത്ത് തൈകളും ലഭിക്കുന്നില്ല. വരുന്ന തൈകളും വിത്തുകളും മറ്റ് സഹായങ്ങളും അർഹരായവർക്കു യഥാസമയം ലഭിക്കുന്നില്ല.

6 വളങ്ങളുടെയും വിത്തുകളുടെയും കീടനാശിനികളുടെയും അമിത വില കർഷകന് ഭാരമാവുന്നു.

7 കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു.

8 ഹരിജൻ സഹകരണ സംഘത്തിന് ഒരു ട്രാക്ടർ ഉണ്ടെങ്കിലും കാർഷികാവശ്യത്തിന് അതു ഉപയോഗപ്പെടുത്തി കാണുന്നില്ല.

9. കശുമാവിനു മരുന്നടിക്കാനുള്ള ഒരു ഉപകരണവും പഞ്ചായത്തിൽ ലഭ്യമല്ല.

10. നാളികേരം മുതലായ നാണ്യവിളകൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.

11. കൊത്തും കിളയും വരമ്പുമാടലും തോടുകൾക്കിരുവശം ഭിത്തി കെട്ടലും യഥാ സമയം നടത്താത്തത് കാരണം മണ്ണൊലിപ്പ് വർദ്ധിച്ചിരിക്കുന്നു.

12 വാഴ, കുരുമുളക്, വെറ്റിലക്കൊടി എന്നിവയ്ക്ക് വ്യാപകമായി വരുന്ന രോഗങ്ങളും പ്രതീക്ഷിക്കാത്ത കാല വർഷക്കെടുതികളും കൃഷിക്കാരന് കനത്ത നഷ്ടം വരുത്തി വെക്കുന്നു.

13. കൂട്ടുകൃഷി സമ്പ്രദായത്തിന്റെ ഗുണങ്ങൾ ജനങ്ങൾ വേണ്ടത്ര ഉൾക്കൊള്ളുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നില്ല.

14. കൃഷിഭവൻ മുഖേനലഭിക്കുന്ന ആനുകൂല്യങ്ങളും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ഉപദേശനിർദ്ദേശങ്ങളും പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും എത്തുന്നില്ല.

15 അർഹരായവർക്ക് മാത്രമാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത് എന്ന് ഉറപ്പു വരുത്താനുള്ള സംവിധാനമില്ല.

## പരിഹാരങ്ങൾ

1. തെങ്ങിനെ ബാധിക്കുന്ന രോഗങ്ങളെയും പ്രതിവിധികളെയും പറ്റി ജനങ്ങളെ ബോധവൽക്കരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ യഥാകാലങ്ങളിലൽ നടത്തുകയും ചെയ്യുക.

2. മേത്തരം തൈകളും വിത്തുകളും യഥാ സമയത്ത് ആവശ്യക്കാർക്ക് പൂർണ്ണമായ തോതിൽ വിതരണം ചെയ്യുക.

3 വളങ്ങളുടെയു വിത്തുതകളുടെയും ശാസ്ത്രീയമായ പ്രയോഗത്തെ സംബന്ധിച്ചു കൃഷിക്കാരെ ബോധവാന്മാരാക്കുക.

4. വേനൽക്കാലങ്ങളിൽ വെള്ളം വറ്റുന്ന കിണറുകളും കുളങ്ങളും ആഴം കൂട്ടുകയോ കുഴൽ കിണറുകൾ കുഴിച്ചോ ജലക്ഷാമം തീർക്കുക.

5. കുറഞ്ഞ വിലക്ക് വേണ്ട എല്ലാ തരം വിത്തുകളും തൈകളും കർഷകർക്ക് ലഭ്യമാക്കുക

6. സർവ്വീസ് സഹകരണ ബാങ്കിലോ മറ്റു പൊതുമേഖലയിലോ ട്രാക്ടർ, ട്രില്ലർ എന്നി ലഭ്യമാക്കുകയും കർഷകർക്ക് ആവശ്യാനുസരണം വാടകയ്ക്ക് നൽകുകയും ചെയ്യുക.

7. വേണ്ടതായ എല്ലാതരം വിത്തുകളും തൈകളും കൃഷിഭവൻ വഴി കർഷകർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

8. ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നെല്ലിനും തെങ്ങിനും നടപ്പിൽ വരുത്തുക.

9. പാടശേഖരണ സമിതി, കേര സംരക്ഷണ സമിതി എന്നിവ പുനരുജ്ജീവിപ്പിക്കുക.

10. പച്ചക്കറി ഗ്രൂപ്പ്ഫാമിംഗ് അടിസ്ഥാനത്തിൽ കൃഷിചെയ്യുകയും പഞ്ചായത്തിൽവിപണനം കേന്ദ്രം സ്ഥാപിക്കുകയും ചെയ്താൽ, കർഷകന് മറ്റു ബാധ്യതകൾ ഒഴിവാക്കുകയും ഉപഭോക്താവിന് നല്ല സാധനം ലഭിക്കുകയും ചെയ്യും.

11. ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ മേത്തരം വിത്തുകളും തൈകളും ലഭിക്കുവാൻ നഴ്സറികൾ സ്ഥാപിക്കുക.

12. ഔഷധ ചെടി കണ്ടെത്തി സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും ശ്രമം നടത്തുക.

13. ഗുണമേന്മയുള്ള വിത്തുകൾ വിതരണം ചെയ്തും, ജൈവവളത്തിന് പ്രാധാന്യം നൽകിയും സഹകരണാടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിച്ചും അടുക്കളത്തോട്ടം വ്യാപിപ്പിച്ചും പച്ചക്കറി ഉൽപാദനം വർധിപ്പിക്കാവുന്നതാണ്.

14. രാസ വളവിതരണ കേന്ദ്രം ആവശ്യത്തിനനുസരിച്ചു സ്ഥാപിക്കുക.

15. കർഷകർക്ക് അംഗീകാരവും അവാർഡും നൽകുക.

16. പഞ്ചായത്തിൽ ഒരു മണ്ണുഗവേഷണ കേന്ദ്രം തുടങ്ങുക.

17. കൃഷിഭവന്റെ ഒരു ശാഖ മോങ്ങത്ത് സ്ഥാപിക്കുക.

18. കൃഷിസ്ഥലങ്ങൾ മണ്ണിട്ടു നിരത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തുക.

19. വിദേശനാണ്യം നേടിത്തരുന്ന കുരുമുളക്, ഇഞ്ചി ഇവയുടെ കൃഷി വ്യാപിപ്പിക്കുക.

20. കൊയ്ത്തിനും മെതിക്കും യന്ത്രം അനുവദിക്കുക.

21. പുൽകൃഷി, കൂൺകൃഷി എന്നിവയ്ക്ക് ധനസഹായവും പ്രോത്സാഹനവും നൽകുക.

22. കൃഷിക്കാർക്ക് നൽകുന്ന സബ്സിഡി പണത്തിനു പകരം വിത്തായോ വളമായോ നൽകേണ്ടതാണ്.

മൊറയൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും പട്ടികജാതി/വർഗ്ഗ സഹകരണ സൊസൈറ്റിയിൽ നിന്നും കൃഷി ആവശ്യാർത്ഥം കർഷകർക്ക് ലോൺനൽകിയതിന്റെ പൂർണ്ണ രൂപം പട്ടിക 8ൽ കൊടുത്തിരിക്കുന്നു.

## ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന ഇവിടെ രണ്ടു ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ഇടവപ്പാതിയും (തെക്ക് പടിഞ്ഞാറൻ മൺസൂൺ) സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ തുലാ വർഷവും (വടക്കു കിഴക്കൻ മൺസൂൺ) ലഭിക്കുന്നു. ഇവിടെ ശരാശരി 311 സെ.മീ മഴ ലഭിക്കുന്നു എന്നാണ് കണക്കാക്കപ്പെടുന്നത്.

**പട്ടിക 8**

| വർഷം | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|
| MSCB | - | 274000 | 1024000 | 1130900 | 2496300 | 2307000 |
| SC/ST സൊസൈറ്റി. | 17700 | - | 8000 | 4100 | - | 10000 |

മൊറയൂർ പഞ്ചായത്തിൽ കൃഷിഭവൻ വഴി നടത്തപ്പെട്ട
ചില സഹായ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | പദ്ധതി | ഇനം | ചെലവാക്കിയ തുക (ക) | ഗുണ ഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1. | ഗ്രൂപ്പ് ഫാമിംഗ് പദ്ധതിയിൻ കീഴിൽ 92-93 കാലഘട്ടത്തിലും മറ്റും | കുറ്റിപ്പമ്പ് | 3600 | 6 |
| 2. | " 91-92 കാലഘട്ടം | പമ്പ് സെറ്റ് | 21500 | 7 |
| 3. | " കീടനാശിനി | - | 7300 | |
| 4. | ഫലവൃക്ഷ വികസന പദ്ധതി 92-93 | പമ്പ്സെറ്റ് | 2000 | 2 |
| 5 | IRDP പദ്ധതി 91-92 | കുറ്റിപ്പമ്പ് | 1823 | 4 |
| 6 | ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രകാരം | പമ്പ്സെറ്റ് | 31500 | 9 |
| 7 | ഗ്രൂപ്പ് മാനേജ്മെന്റ് ഓഫ് കോക്കനറ്റ് | " | 10500 | 13 |
| 8 | പശ്ചിമഘട്ട വികസന പദ്ധതി | "കിണർ | 117000 | 44 |
| 9 | IRDP പദ്ധതി പ്രകാരം | കുറ്റി പമ്പ് | 4800 | 8 |
| 10 | വെറ്റിലകൃഷി പദ്ധതി ജലസേചനത്തിന് | - | 12500 | 5 |
| 11 | കുരുമുളക് പുനരുദ്ധാരണത്തിന് | വളം കീട നാശിനി വള്ളി | 10500 | - |
| 12 | പട്ടികജാതി വികസന പദ്ധതി (IHDP) | കിണർ | 50450 | 7 |
| 13 | " | പമ്പ് | 15000 | 3 |
| 14 | കമ്പോസ്റ്റ് കുഴിക്കാനുള്ള പദ്ധതി | - | 1850 | 74 |
| 15 | കശുമാവിന് തേയില കൊതുകിനെതിരെ | കീടനാശിനി | 8700 | |
| 16 | പയർവർഗ്ഗ ചെടികളുടെ വികസനം | - | 1740 | - |
| 17 | കുരുമുളക് വികസന പദ്ധതി | - | 12800 | - |
| 18 | മഞ്ഞൾ കൃഷിക്കുള്ള സഹായം | - | 4000 | - |
| 19 | കശുമാവിന്റെ 3 കൊല്ലത്തെ പരിചരണത്തിന് | - | 15000 | - |
| 20 | ഉഴുന്ന് പയർ കൃഷിക്ക് | - | 4000 | - |
| 21 | ഇഞ്ചി കൃഷി ഡമോൺസ്ട്രേഷനും വികസനത്തിനും | - | 11000 | - |
| 22 | കുരുമുളക് കൃഷി (3കൊല്ലം തുടർച്ചയായി) | - | 113750 | 2.75ഹെക്ടർ |
| 23 | ജൈവവള (കമ്പോസ്റ്റ് പദ്ധതി) | - | 2500 | - |
| 24 | വെറ്റിലകൃഷി പ്രോത്സാഹനത്തിന്. | | 1500 | - |
| 25 | നാളികേര വികസന പദ്ധതി | പമ്പ് സെറ്റ്, കിണർ, സ്പ്രെയർ | 317500 | സബ്സിഡി ഇനി 45 പമ്പിനും 50 കിണറുകൾക്കും കൊടുക്കാനുണ്ട് |
| 26 | നെല്ലുൽപാദന ബോണസ് | | 1,73,925 | |
| 27 | പ്രകൃതിക്ഷോഭം മൂലം കൃഷി നാശത്തിന് | | 1,44,729 | |

അവലംബം കൃഷിഭവൻ

ഒഴുകൂർ, മൊറയൂർ, മോങ്ങം എന്നിവിടങ്ങളിലെ നീരുറവകൾ കിഴക്കോട്ടൊഴുകി ചാലിയാർ പുഴയിലും അരിമ്പ്രയിലേത് പടിഞ്ഞാറോട്ടൊഴുകി കടലുണ്ടിപ്പുഴയിലും ചേരുന്നു. പഞ്ചായത്തിലെ തോടുകളുടെ ആകെ നീളം 25 കിലോമീറ്ററോളമാണ്. ജലസേചനത്തിനായി മുൻപ്രസ്താവിച്ച പതിനാറ് കുളങ്ങളും പതിനേഴ് ചോലകളും തോടുകളിലെ ഏഴു ചീർപ്പുകളുമാണുള്ളത്. എന്നാൽ ഇവയെല്ലാം പൊതു ആവശ്യത്തിന്ന് തീരെ ഉപകരിക്കുന്നില്ല.

**പ്രശ്നം:**

വേനൽക്കാലത്ത് പഞ്ചായത്തിലെവിടെയും ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല.

**നിർദ്ദേശങ്ങൾ**

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കുളങ്ങൾ, ചോലകൾ എന്നിവ നന്നാക്കി ആവശ്യത്തിനുള്ള സ്ഥലത്ത് പമ്പുസെറ്റുകൾ സ്ഥാപിക്കുക. സ്ഥലം വിട്ടു തരാൻ തയ്യാറുള്ള കോട്ടമ്മൽ ചോല നന്നാക്കിയെടുത്താൽ കുറെയധികം സ്ഥലം കൃഷിക്കുപയുക്തമാകും. ചെറുതൂളിത്തോടിന്റെ അണക്കെട്ടിന്റെ മരപ്പാത്തി മാറ്റുകയും മറ്റുള്ളവയുടെ അറ്റകുറ്റപ്പണി നടത്തുകയും ചെയ്യുക നടിശ്ശീരിച്ചോലയിലെ ജലസ്രോതസ്സ് ഉപയോഗപ്പെടുത്തുക.

ഒഴുകൂർ രണ്ടാം വാർഡിലെ തോടുകളുടെ ഇരുവശവും ഭിത്തികൾ കെട്ടുകയും സ്രാമ്പിക്കൽ അരു, കാളിത്തോടു പടി, ആനക്കല്ലുങ്ങൽ പടി, പട്ടർതൊടി അരുവിലും അണകൾ കെട്ടുക. ഒഴുകൂർ അമ്പലക്കുളത്തിലെ വെള്ളം മൂന്നാം വാർഡിലേക്കും ഉപകാരപ്പെടുത്തുക. വാലഞ്ചേരി ഭാഗത്തു കൂടി ഒഴുകുന്ന തോടുളുടെ ഭിത്തി കെട്ടുക. ആവശ്യമുള്ള ഭാഗങ്ങളിൽ കുളിക്കടവ് അണക്കെട്ട് എന്നിവ നിർമ്മിക്കുക. ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ് ഇറിഗേഷൻ എന്നിവ നടപ്പിൽ വരുത്തണം. പഞ്ചായത്തിലെ 25 കിലോമീറ്ററുള്ള തോടുകൾക്ക് ആവശ്യമായസ്ഥലത്ത് ആഴവും വീതിയും കൂട്ടിയും ചിറ കെട്ടിയും ഭിത്തികെട്ടിയും കൃഷിക്കുപയുക്തമാക്കുക. ഇതിൽ പറഞ്ഞ പ്രകാരം ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചാൽ കൃഷി അഭിവൃദ്ധിപ്പെടുത്താവുന്നതാണ്.

"സ്വന്തം ശ്രമംകൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ; അപ്പോൾ മാത്രമാണ് ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുക"

**മഹാത്മജി**

224




# മൃഗസംരക്ഷണവും മത്സ്യബന്ധനവും

പഞ്ചായത്തിലെ ഗ്രാമീണ ജനങ്ങൾ മൃഗസംരക്ഷണം മുഖ്യ തൊഴിലായും ഉപതൊഴിലായും സ്വീകരിച്ചു വരുന്നു. പ്രധാനപ്പെട്ട വളർത്തുമൃഗങ്ങൾ പശു, എരുമ, ആട് എന്നിവയും പക്ഷികൾ കോഴി താറാവ് എന്നിവയുമാണ്. ഉൾപ്രദേശങ്ങളിൽ ഉഴവുകാളകളെയും വളരെ പരിമിതമായി വളർത്തിവരുന്നു. മൃഗങ്ങളിൽ കൂടുതലും നാടൻ സങ്കരയിനങ്ങളിൽപ്പെട്ടവയും സങ്കരയിനങ്ങളിൽപെട്ടവയുമാണ്. കോഴികളെ മിക്കവീടുകളിലും വളർത്തുന്നുണ്ടെങ്കിലും അധികവും നാടൻ ഇനങ്ങളിൽപെട്ടവയാണ്. ഇറച്ചിക്കോഴികളെ വളർത്തുന്ന ഫാമുകൾ വളരെ വിരളമാണ്. കാളപൂട്ടു മത്സരങ്ങൾക്ക് പേരുകേട്ട ആളുകളും കാളകളും ഉണ്ടായിരുന്ന പഞ്ചായത്തായിരുന്നു ഇത്. അരിമ്പ്ര ഒഴുകൂർ തുടങ്ങിയ സ്ഥലങ്ങളിൽ ഇപ്പോഴും കാളപൂട്ടുമത്സങ്ങൾ നടത്തിവരുന്നു. ആദ്യകാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും ഉഴവുകാളകളും പശുക്കളും ഉണ്ടായിരുന്നു. എന്നാൽ നെൽകൃഷി പരിമിതമായതും യന്ത്രവൽക്കരണം വ്യാപകമായതും ഗൾഫ് മേഖല പുഷ്ടിപ്പെട്ടതും കാലിത്തീറ്റ, തീറ്റപ്പുല്ല് എന്നിവയുടെ അമിതവിലയും ദൗർലഭ്യവും ഈ മേഖലയിൽ നിന്നും ജനങ്ങളെ പിൻതിരിപ്പിക്കുന്നു. ഇപ്പോൾ പഞ്ചായത്തിൽ 1000-ൽപരം പശുക്കളും 150ൽപരം എരുമകളും 1000ൽപരം ആടുകളും ഉണ്ട്. ഇറച്ചിക്കുവേണ്ടിയല്ലെങ്കിലും 50 മുയലുകളെയും വളർത്തുന്നുണ്ട്. കോഴികളിൽ ചില കാലങ്ങളിൽവ്യാപകമായി കാണുന്ന കോഴിവസന്ത രോഗം ഈ മേഖലയിൽ ഒരു ഭീഷണിയായി തുടരുന്നു.

പഞ്ചായത്തിൽ സമീപകാലത്ത് ഒരു മൃഗാശുപത്രി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഡോക്ടറടക്കമുള്ള ജീവനക്കാരെ ഇതുവരെ നിയമിക്കുകയോ മൃഗാശുപത്രിക്ക് സ്ഥലംകണ്ടെത്തി ഉദ്ഘാടനം നടത്തുകയോ ചെയ്തിട്ടില്ല. താല്ക്കാലികമായി പഞ്ചായത്ത് ഓഫീസിന്റെ ഒരു ഭാഗത്ത് പ്രവർത്തിക്കുന്നു. മോങ്ങത്ത് ഒരു കൃത്രിമ ബീജസങ്കലന കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും ജീവനക്കാർ ഇല്ലാത്തതു കാരണം ഇതിന്റെ പ്രവർത്തനം നടക്കുന്നില്ല. ഇതു കാരണം ഈ പഞ്ചായത്തിലെ കർഷകർ മഞ്ചേരി വെറ്ററിനറി പോളിക്ലീനിക്കിനെയോ കൊണ്ടോട്ടി മൃഗാശുപത്രിയെയോ ആണ് ശരണം പ്രാപിക്കുന്നത്. അതുപോലെ പട്ടണങ്ങളിൽനിന്നും ഉൾപ്രദേശങ്ങളിലേക്ക് 5 കിലോമീറ്ററിലധികം ദൂരമുണ്ട്. പശു വളർത്തുന്ന കർഷകർ കൂടുതലുള്ള ഒഴുകൂർ അരിമ്പ്ര, മോങ്ങം ഭാഗങ്ങളിൽ കൃത്രിമബീജസങ്കലന ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുകയാണെങ്കിൽ വളരെ പ്രയോജനപ്രദമായിരിക്കും. കൃത്രിമ ബീജസങ്കലന പ്രവർത്തനങ്ങൾക്കുള്ള അപര്യാപ്തത, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ ഈ മേഖലയിലെമുഖ്യ പ്രശ്നങ്ങളാണ്. ഏതാണ്ട് 20 വർഷം മുമ്പ് വാലഞ്ചേരിയിൽ അമ്പലപ്പടിക്കൽ ഒരു പാൽ സൊസൈറ്റി ഉണ്ടായിരുന്നു കാലികളിൽ പൊതുവെ കണ്ടുവരുന്ന അസുഖമാണ് അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം പനി (കാലാവസ്ഥാമാറ്റത്തിനനുസരിച്ച്) തുടങ്ങിയവ. രോഗപ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റിയുള്ള അറിവില്ലായ്മ, ആധുനിക കാലി വളർത്തലിലുള്ള അജ്ഞത എന്നീ കാരണങ്ങളാൽ കാലികളിൽ തുടക്കത്തിലെ രോഗങ്ങളെ ചികിത്സിച്ചു മാറ്റുവാൻ സാധിക്കുന്നില്ല.

പഞ്ചായത്തിൽ ഏതാണ്ട് 5 ഗോബർഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട്. എന്നാൽ ഇതിൽ പലതും പ്രവർത്തനക്ഷമമല്ല. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാധ്യതയുണ്ടെങ്കിലും വായ്പാ സൗകര്യങ്ങളുടെ അപര്യാപ്തതയും ഈ മേഖലയിൽ കർഷകർക്കുള്ള അജ്ഞതയുമാണ് പ്രധാന പ്രശ്നങ്ങൾ മൃഗസംരക്ഷണസ്ഥാപന



# വ്യവസായം

സമ്പൽസമൃദ്ധമായ പഞ്ചായത്താണ് നമ്മുടെ ലക്ഷ്യം. എല്ലാവർക്കും തൊഴിൽ, തൊഴിലിന് മാന്യമായ കൂലി ഇത്രയുമായാൽ സമൃദ്ധിയിലേക്കുള്ള വാതിൽ തുറക്കപ്പെട്ടതായി കരുതാം. പഞ്ചായത്തിലെ പരമ്പരാഗത മുഖ്യതൊഴിൽ കൃഷിയാണെങ്കിലും ഈ മേഖലയിൽ നിന്ന് കൃഷിക്കാർ അതിവേഗം പിൻവാങ്ങി വരികയാണ്. കൃഷി ലാഭകരമല്ലാതെ വന്നതാണ് ഈ പിന്മാറ്റത്തിനു കാരണം. കുറഞ്ഞ വിലയ്ക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നു വരുന്ന ഉല്പന്നങ്ങൾ മാർക്കറ്റിൽ സമ്മർദ്ദം ചെലുത്തുമ്പോൾ നമ്മുടെ കൃഷിക്കാർക്ക് പിടിച്ചുനിൽക്കാൻ ആവുന്നില്ല. കൃഷിച്ചെലവ് ഗണ്യമായി കുറക്കാൻ നമുക്ക് സാധിക്കുന്നുമില്ല. ഇവിടെയാണ് വ്യവസായം അതിന്റെ അളവറ്റ സാധ്യതകളുമായി നമ്മെ മാടി വിളിക്കുന്നത്.

ഗൾഫിൽ ജോലിയുള്ളവരും ജോലിമതിയാക്കി തിരിച്ചെത്തിയവരുമായ ധാരാളം യുവാക്കൾ നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ ഗൾഫ് ജോലിയിൽ നിന്നും കിട്ടിയ സമ്പാദ്യം ഭാവിയിൽ ഒരു സ്ഥിരംതൊഴിൽ എന്ന ലക്ഷ്യത്തോടെ പ്രത്യുല്പാദനപരമായ മേഖലകളിൽ നിക്ഷേപിക്കാൻ ആരും മുന്നോട്ടുവന്നില്ല എന്നത് ഒരു ദുഃഖസത്യമത്രെ. ഉല്പാദനക്ഷമമല്ലാത്ത കെട്ടിടനിർമ്മാണത്തിലും ഭൂമി, വാഹന ഇടപാടുകളിലും പണം മുടക്കുന്നതിലാണ് പലരും താല്പര്യം കാട്ടിയത്. ഗൾഫിൽ പോയിട്ടില്ലാത്തവരും വ്യവസായത്തിന് എതിരെ തിരിഞ്ഞാണ് നിൽക്കുന്നത്.

ഈ സ്ഥിതിവിശേഷത്തിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹാരം കാണുകയാണ് അടിയന്തിരമായി വേണ്ടത്.

### കാരണങ്ങൾ

1. വ്യവസായം ഒരു തലവേദനയാണെന്ന മുൻധാരണ പലരും വെച്ചു പുലർത്തുന്നു.

2. തൊഴിൽ സമരത്തെക്കുറിച്ചുള്ള ആശങ്ക.

3. വ്യവസായനടത്തിപ്പിനെക്കുറിച്ചുള്ള അജ്ഞത.

4. സാങ്കേതികമായ അറിവില്ലായ്മ.

5. വൈദ്യുതി ലഭ്യമാക്കുവാനുള്ള ബുദ്ധിമുട്ട്.

6. വായ്പ ലഭ്യമാക്കുന്നതിനുള്ള കാലതാമസവും സാങ്കേതികബുദ്ധിമുട്ടുകളും.

### ഗ്രാമസഭാനിർദ്ദേശങ്ങൾ

1. കാർഷികോല്പന്നങ്ങളായ നാളികേരം, കശുമാങ്ങ എന്നിവ ഉപയോഗിച്ച് സുർക്ക, ജാം മുതലായവ ഉണ്ടാക്കുന്ന വ്യവസായയൂനിറ്റ്.

2. ജം കട്ടിംഗ് സെന്റർ.

3. ചിരട്ട്, ചകിരി, പാഴ്വസ്തുക്കൾ എന്നിവകൊണ്ട് കരകൗശലവസ്തുക്കൾ നിർമിക്കുന്ന യൂനിറ്റ്.

4. ബുക്ക് ബൈന്റിംഗ് യൂനിറ്റ്.

5. മെഴുകുതിരി, ചന്ദനത്തിരി, സോപ്പ് മുതലായവ നിർമിക്കുന്ന യൂനിറ്റ്.

6. ക്ഷീരോല്പന്നങ്ങൾ, അച്ചാർ, പപ്പടം മുതലാവയവുടെ നിർമ്മാണം.

7. ടൈലറിംഗ് പരിശീലന യൂനിറ്റ്.

8. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം.

9. ബീഡിതെറുപ്പ്.

10. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്.

11. ചക്ക, ചക്കക്കുരു, കപ്പ, പറങ്കിമാങ്ങ എന്നിവ സംസ്കരിച്ച് കയറ്റി അയക്കാനുള്ള ചെറുകിട വ്യവസാ

യയൂനിറ്റ്.

12. ഖാദിബോർഡിന്റെ കീഴിൽ കൈതനാര്, ചകിരി തുടങ്ങിയവ സംസ്കരിക്കാനുള്ള ചെറുകിട ഫാക്ടറി.

13. മൺപാത്ര നിർമ്മാണം.

14. കൊപ്ര പ്രോസസിംഗ് യൂനിറ്റ്.

15. ചെരുപ്പ് നിർമ്മാണ യൂനിറ്റ്.

16. മുള. ഈറ്റ എന്നിവ കൊണ്ട് മുറം, കുട്ട, പനമ്പ് മുതലായവയുടെ നിർമാണം.

17. ചകിരിവ്യവസായം.

18. കോഴിവളർത്തൽകേന്ദ്രം.

19. തീപ്പെട്ടി നിർമ്മാണം.

20. കശുവണ്ടി സംസ്കരണകേന്ദ്രം.

21. റബ്ബർ അടിസ്ഥാനവ്യവസായയൂനിറ്റ്.

22. തേനീച്ച വളർത്തൽ.

23. പ്ലാസ്റ്റിക് നാരുപയോഗിച്ച് കസേര, കൊട്ട മുതലായവ നിർമ്മാണം.

24. ബനാനാപൗഡർ നിർമ്മാണം.

25. പോളിത്തീൻ കവർ നിർമ്മാണം.

## പരിഹാരം

1. പഞ്ചായത്തു തലത്തിൽ വ്യവസായ സംരംഭകരുടെ ലിസ്റ്റ് ശേഖരിക്കുക.

2. വിവിധ ഏജൻസികളുടെ കീഴിൽ സംരംഭകർക്ക് ആവശ്യമായ പരിശീലനങ്ങൾ യഥാസമയം ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

3. വൈദ്യുതി ലഭിക്കുന്നതിനു വേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുക, നിയമം ലഘൂകരിക്കുക.

4. ബാങ്കുകളിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിക്കുകയും കാലതാമസം ഒഴിവാക്കുകയും ചെയ്യുക.

5. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക.

6. അസംസ്കൃതസാധനങ്ങൾ എത്തിക്കുന്നതിന് സർക്കാർ സഹായം നൽകുക.

7. വ്യവസായാവശ്യത്തിനുള്ള വായ്പകളുടെ പലിശനിരക്ക് കുറയ്ക്കുക.

8. ചെറുകിട വ്യവസായങ്ങൾക്കുള്ള (SSI യൂനിറ്റ്) വായ്പാസൗകര്യം പൂർണ്ണമായും സർവീസ് സഹകരണ ബാങ്കുകാരെ ഏല്പിക്കുക.

9. പവ്വർ അല്ലോക്കേഷൻ, SSI രജിസ്ട്രേഷൻ എന്നിവ പഞ്ചായത്ത് ലവലിൽ കൊണ്ടുവരിക.

10. സാധ്യതാ വ്യവസായങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുക. അതുവഴി മുന്നോട്ടുവരുന്നവരുടെ പട്ടിക തയ്യാറാക്കി പ്രത്യേക ക്ലാസ്സുകൾ നൽകുക. റബ്ബറും നാളികേരവും അടിസ്ഥാനമാക്കി ധാരാളം വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്.

11. അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവർക്ക് വേണ്ടിയുള്ള പ്രധാനമന്ത്രിയുടെ റോസ്ഗാർ യോജനാ പദ്ധതി (PMRY) SSLC ജയിച്ചവരും തോറ്റവരുമായ 35 വയസ്സിൽ താഴെയുള്ളവർക്കു ധനസഹായം നൽകുന്നു. സ്ത്രീകൾക്കു വളരെ ഗുണം ചെയ്യുന്ന ഒരു പദ്ധതിയാണിത്. ഏറെ ശക്തമായ ബോധവൽക്കരണം ഈ രംഗത്ത് ആവശ്യമാണ്.

നേരത്തെ സൂചിപ്പിച്ച ചെറുകിട, കുടിൽവ്യവസായ യൂനിറ്റുകളുടെ ആവശ്യങ്ങൾ, ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവരുന്നതാണ്. ഈ പഞ്ചായത്തിൽ ധാരാളം വ്യവസായസംരംഭകർ ഉള്ളതായി ഗ്രാമസഭാ റിപ്പോർട്ടുകൾ കാണിക്കുന്നു. വിവിധ ഇനങ്ങളിലായി ധാരാളം അസംസ്കൃതസാധനങ്ങൾ ഇവിടെ ലഭ്യമാണ്. എന്നാൽ വൈദ്യുതിയുടെ ലഭ്യതക്കുറവ്, സാങ്കേതിക പരിശീലനത്തിന്റെ അഭാവം, ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ലഭിക്കായ്ക എന്നിവ പ്രധാന പ്രശ്നങ്ങളായി അവശേഷിക്കുന്നു.

വ്യവസായം റിസ്ക് അടങ്ങിയ ഒരു തൊഴിൽമേഖലയായതിനാൽ പ്രതിബന്ധങ്ങളെ തരണം ചെയ്യാനുള്ള മനക്കരുത്തും ഇച്ഛാശക്തിയും ഉത്തരവാദിത്തവും ഉൾക്കൊള്ളുന്ന 'സംരംഭകത്വം' (Entrepreneur ship) എന്ന ഗുണം വ്യവസായിക്ക് ഉണ്ടായിരിക്കണം. ഈ ഗുണം വളർത്തിയെടുക്കാൻ നിരന്തരമായ ബോധവൽക്കരണം ആവശ്യമാണ്. സാധ്യതാ വ്യവസായങ്ങളെപ്പറ്റിയുള്ള (പട്ടിക 1) ധാരണയും സാങ്കേതിക അറിവും കൈവന്നിരിക്കണം. വ്യവസായവകുപ്പ് ചെയ്തു തരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ, ബാങ്ക് വായ്പാസൗകര്യങ്ങൾ, സംശയദൂരീകരണം എന്നിത്യാദികാര്യങ്ങളിൽ പ്രാഗത്ഭ്യം നേടിയാൽ സംരംഭകന്മാർ ധാരാളം മുന്നോട്ടു വരുമെന്നാണ് ഗ്രൂപ്പ് പഠനങ്ങളിൽ നിന്ന് വ്യക്തമായത്.

ഈ പഞ്ചായത്തിലെ തൊഴിലില്ലാത്ത യുവാക്കളുടേയും വിദേശത്ത് ജോലി ചെയ്യുന്നവരുടേയും വിദേശത്ത് നിന്ന് തിരിച്ചു വന്നവരുടേയും വിവരങ്ങൾ ശേഖ

രിച്ച് സ്വന്തമായും കൂട്ടായും നടത്താവുന്ന വ്യവസായങ്ങളെക്കുറിച്ചുള്ള പരിശീലനക്ലാസ്സുകൾ നടത്തി ഈ രംഗത്ത് മാറ്റങ്ങൾ വരുത്താൻ സാധിക്കുന്നതാണ്. പഞ്ചായത്തടിസ്ഥാനത്തിൽ ഇതിനുള്ള ശ്രമം നടക്കേണ്ടതാണ്.

മേൽപ്പറഞ്ഞ വസ്തുതകളും, പരിഹാരനിർദ്ദേശങ്ങളും പരിഗണിച്ച് നമ്മുടെ പഞ്ചായത്തിന് അനുയോജ്യമായ ഒരു വ്യവസായനയം രൂപീകരിച്ച് നടപ്പിലാക്കിയാൽ തൊഴിലില്ലായ്മക്ക് ഒരളവോളം പരിഹാരം കാണാനും, വിദേശമലയാളികളുടെയും മറ്റും പണം ക്രിയാത്മകമായ രീതിയിൽ നിക്ഷേപിക്കാനും സാധിക്കുന്നതാണ്.

കേരളം ശക്തമായ ഒരു SSI മുന്നേറ്റത്തിന്റെ പാതയിലാണ്. കഴിഞ്ഞ 10 വർഷത്തെ ചരിത്രം അതാണ് കാണിക്കുന്നത്. 1994-95-ൽ മാത്രം 15836 SSI യൂനിറ്റുകൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകപ്പെട്ടു. നമുക്കും ഈ മുന്നേറ്റത്തിൽ പങ്കാളികളാകാം.

നിലവിലുള്ള പരമ്പരാഗത വ്യവസായങ്ങളുടെയും ചെറുകിട വ്യവസായങ്ങളുടെയും ഭാവിയിൽ തുടങ്ങാവുന്ന സാധ്യതാ വ്യവസായങ്ങളുടേയും പട്ടികകൾ (I, II) അനുബന്ധമായി ചേർക്കുന്നു.

## പട്ടിക I
## സാദ്ധ്യതാ വ്യവസായങ്ങൾ

| ക്രമ നമ്പർ | അസംസ്കൃത വസ്തു | ഉല്പന്നങ്ങൾ | റിമാർക്സ് |
|---|---|---|---|
| 1 | നാളികേരം | കോക്കനട്ട് ക്രീം, ബിസ്കറ്റ്, പാനിയം, കോക്കനട്ട് പൗഡർ, കാലിത്തീറ്റ, വെളിച്ചെണ്ണ, ചിരട്ടപ്പൊടി, ഫൈബർ, ചൂടിപ്പടം, റബ്ബറൈസ്ഡ് ചൂടിപ്പടം. (അപൂർണ്ണം) | |
| 2 | റബ്ബർ | റബ്ബർബാന്റ്, ട്രഡ്, ത്രഡ്ക്രമ്പ്, ടയർ, ട്യൂബ്, ഫ്ളാപ്പ്, ബ്രീഡിംഗ്സ്, ഹോസുകൾ തുടങ്ങി മുപ്പതോളം ഇനങ്ങൾ. | |
| 3 | നൂൽ | കൈത്തറി, പവ്വർലൂം, നൂൽനൂൽപ്. | |
| 4 | പലവക | പ്ലാസ്റ്റിക് പാത്രങ്ങൾ, PVC പൈപ്പുകൾ ചെരിപ്പുകൾ, സോപ്പ്, പൗഡർ, സോപ്പ്കേക്ക്, അലുമിനിയം ഫാബ്രിക്കേഷൻ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, എംബ്രോയ്ഡറി, മിഠായി നിർമ്മാണം, പഴസംസ്കരണം, കറിപൗഡർ. (അപൂർണ്ണം) | |


## പട്ടിക II നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ

| ക്രമ നമ്പർ | വ്യവസായത്തിന്റെ പേര് | സ്ഥിതിചെയ്യുന്ന വാർഡ് | യൂനിറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | ക്രഷർ യൂനിറ്റ് | I | 1 |
| 2 | ഫ്ളോർമിൽ | I, III, V, VII, IX, X | 10 |
| 3 | ഫർണിച്ചർ നിർമ്മാണം | I,II,III,IV,V,VI,VII,IX,X,XI | 20 |
| 4 | ഈർച്ചമിൽ | II, III, V, VI, IX | 6 |
| 5 | ഓയിൽമിൽ | III, VII, VIII, IX, XI | 7 |
| 6 | കോഴിവളർത്തൽ | III | 1 |
| 7 | ഇലക്ട്രോണിക്സ് റിപ്പയർ | I, III, X | 3 |
| 8 | വർക്ക് ഷോപ്പ് | V | 1 |
| 9 | അവിൽ നിർമ്മാണം | V | 1 |
| 10 | റെഡിമെയ്ഡ് ഡ്രസ്സ് | V,X | 2 |
| 11 | ലേത്ത് & വെൽഡിംഗ് | V | 1 |
| 12 | ഇൻഡസ്ട്രിയൽ | V | 2 |
| 13 | പ്ലാസ്റ്റിക്ക് ബോട്ടിൽ നിർമ്മാണം | VI, | 1 |
| 14 | സ്പ്രേ പെയിന്റിംഗ് | VI | 1 |
| 15 | അപ്പോളിസ്റ്ററി | VI | 1 |
| 16 | ചെരുപ്പ് നിർമ്മാണം | VI | 2 |
| 17 | ബനാനാ ചിപ്സ് നിർമ്മാണം | VI | 1 |
| 18 | പി.വി.സി. പൈപ്പ് നിർമ്മാണം | IX | 1 |
| 19 | ബേക്കറി | X | 1 |
| 20 | സ്വർണ്ണം വളക്കട്ടിംഗ് | X, XI | 2 |
| 21 | ടി.വി. റേഡിയോ റിപ്പയർ | X | 1 |
| 22 | സോഡ നിർമ്മാണം | X | 1 |
| 23 | പ്രസ്സ് | XI | 1 |
| 24 | റബ്ബർ ഷീറ്റ് നിർമ്മാണം | XI | 1 |
| 25 | വാച്ച് റിപ്പയർ | XI | 1 |
| 26 | കരുണ ടൈലറിം, പ്രതിഭ ടൈലറിംഗ്, അൽഫ ഗാർമന്റ്സ് | XI | 1 (വനിതാ യൂനിറ്റ്) |

മേൽക്കാണിച്ചവയിൽ 56 എണ്ണം SSI യൂനിറ്റുകളാണ്. വൻകിട വ്യവസായങ്ങൾ ഇല്ല.

ഇവയ്ക്ക് പുറമെ മൺപാത്രനിർമ്മാണം, ഓട്ടുപാത്ര നിർമ്മാണം, കൈത്തറി വസ്ത്രനിർമ്മാണം, പുൽപ്പായ നെയ്ത്ത്, ഓലപ്പായ നിർമ്മാണം, മുറം, കുട്ട, പനമ്പ് നിർമ്മാണം, ഓലക്കുട നിർമ്മാണം, ഇരുമ്പുപണി, സ്വർണപ്പണി, മരപ്പണി എന്നീ പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏതാനും കുടുംബങ്ങളും പഞ്ചായത്തിലുണ്ട്.

229



# ഗതാഗതം
# ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

1962 -ൽ മൊറയൂർ പഞ്ചായത്ത് രൂപീകൃതമായപ്പോൾ കുന്നും, മലകളും, വയലുകളും നിറഞ്ഞ ഭൂപ്രകൃതിയുള്ള ഈ പഞ്ചായത്തിൽ റോഡെന്ന് പറയാൻ കോഴിക്കോട് -പാലക്കാട് റോഡിന്റെ ഈ പഞ്ചായത്തിലൂടെ പോകുന്ന 4.50 km ഭാഗം മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ 34 വർഷത്തിനുശേഷം ഉള്ള സ്ഥിതിനോക്കുമ്പോൾ, ഒരു നല്ല വികസന മുന്നേറ്റം തന്നെ ഗതാഗതത്തിന്റെ (റോഡുകളുടെ) കാര്യത്തിൽ നടന്നിട്ടുണ്ട്. 24.57 Sq km വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ ഇപ്പോൾ മൊത്തം 77.31 റോഡുകൾ ഉണ്ട്. PWDയുടേയും, പഞ്ചായത്തിന്റേയും ഉടമസ്ഥതയിലുള്ള റോഡുകളുടെ വിവരം പട്ടികയിൽ കൊടുത്തിരിക്കുന്നു.

ഇതിൽ മണ്ണ് റോഡുകളിലൂടെയുള്ള യാത്ര ദുഷ്കരമാണ്. പലതും അടിയന്തിര റിപ്പയർ ആവശ്യമായവയാണ്. മേൽപട്ടികയിൽ പറഞ്ഞ പലറോഡുകളും ഉദ്ദേശിച്ച സ്ഥലം വരെ വെട്ടി എത്താത്തതാണ്. സർക്കാർ ഉടമസ്ഥതയിലുള്ള ഈ പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതിയും ഏറെക്കുറെ പരിതാപകരമാണ്. ഡ്രൈനേജിന്റെ അഭാവം, ഗതാഗതേതര ആവശ്യങ്ങൾക്ക് റോഡുകളുടെ ഓരങ്ങൾ ഉപയോഗിക്കൽ (ഉദാ: വർക്ക്ഷോപ്പുകൾ, മാർക്കറ്റ്, സ്റ്റോർ, മീറ്റിംഗുകൾ) ഗതാഗതത്തിന് ബുദ്ധിമുട്ടാകുന്നു.

പട്ടിക 1

| ആകെ റോഡുകളുടെ നീളവും എണ്ണവും | പഞ്ചായത്തിന്റെ അധീനതയിൽ വരുന്ന നീളം | പി.ഡബ്ല്യൂ.ഡി അധീനതയിലുള്ള നീളം | ഉപരിതരം ടാർ ചെയ്ത റോഡുകൾ | ഉപരിതലം ഭാഗികമായി ടാർ ചെയ്തത് | മണ്ണ് റോഡുകൾ |
|---|---|---|---|---|---|
| 77.31 KM നീളത്തിൽ 61 റോഡുകൾ | 47.30 KM | 30.01 KM | 15 എണ്ണം | 21 എണ്ണം | 25 എണ്ണം |

പട്ടിക 2

| ക്രമ നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | നീളം (km) | വീതി (മി) | ഉപരിതലം |
|---|---|---|---|---|---|
| 1 | കുബ്ലർമ്പ് - കുമ്മാളിപ്പടി | പഞ്ചായത്ത് | 1 km | 4 m | മണ്ണ് |
| 2. | കളത്തിപറമ്പ് - നെരവത്ത് | ടി | 0.70 | 4m | ടി |
| 3. | മഞ്ഞപ്പുലത്ത് - പുതിയത്തരു | ടി | 1.50 | 6 | ടി |

| | | | | | |
|---|---|---|---|---|---|
| 4. | പേങ്ങാട്ടീരി - പാർലിൽ ഹരിജൻ (കോളനി നെടിയിരുപ്പ്. കുമ്പളപറമ്പ്) | ടി | 0.75 | 4 | ടി |
| 5. | കുറുവാളിൽ - ചോലക്കതൊടി | ടി. | 0.50 | 4 | ടി |
| 6. | പലേക്കോട് - പുല്ലഞ്ചീരി | ടി | 1.50 | 6 | ടി |
| 7. | നെരവത്ത് - വളയകുന്ന് - പാലക്കാട് | ടി | 0.30 | 6 | ടി |
| 8. | ചോലയിൽ - ഹരിജൻ കോളനി | ടി | 0.25 | 4 | ടി |
| 9. | കൂടുമ്പി - നെരവത്ത് | ടി | 0.55 | 4 | ടി |
| 10. | കുറുവാളിപടി - പാലീരി കുമ്പളർമ്പ | ടി | 1.00 | 3 | ടി |
| 11. | സ്കൂൾ പടി-മണിയങ്കോട്ട് ചാലി | ടി | 0.75 | 4 | ടി |
| 12. | സ്കൂൾ പടി - തവളപ്പാറ | ടി | 0.75 | 4 | ടി |
| 13. | തിരുവാലിപറമ്പ് -വാലഞ്ചേരി | ടി | 0.20 | 4 | ടി |
| 14. | മോങ്ങം - ചക്കുപുറം ചാലികോട്ട | ടി | 1.00 | 6 | ടി |
| 15. | എളർപറ്റ - ഹരിജൻ കോളനി | ടി | 0.10 | 6 | ടി |
| 16. | ഓത്തുപള്ളി - പുളിക്കലകണ്ടി | ടി | 1.00 | 3 | ടി |
| 17. | കളത്തുംപടി - പൂളക്കപറമ്പ് | ടി | 1.00 | 6 | ടി |
| 18. | മാണ്ടിയേക്കൽപടി-നടിച്ചിരിചോല | ടി | 0.25 | 4 | ടി |
| 19. | മുച്ചിരിക്കാട് - പള്ളിവാളിതൊടി | ടി | 0.25 | 8 | ടി |
| 20. | തൈപത്രാളിൽ - നെടിയിരുപ്പ് മേലെ ഹരിജൻ കോളനി | ടി | 1.50 | 8 | ടി |
| 21. | കളരി - തടപ്പറമ്പ് - മൈലാടി (ടിപ്പുസുൽത്താൻ റോഡ്) | ടി | 1.50 | 12 | ടി |
| 22. | തോരക്കാട് - പള്ളിയാളി തൊടി | ടി | 0.50 | 8 | ടി |
| 23. | കാവോട്ട് ഹരിജൻ കോളനി | ടി | 0.30 | 4 | ടി |
| 24. | സലഫി ജബൽ - കോട്ടമ്മൽ | ടി | 1.50 | 4 | ടി |
| 25. | പള്ളിമുക്ക് - തേടശ്ശീരികുന്ന് - ചോലക്കൽ | ടി | 1.00 | 4 | ടി |
| 26. | വെസ്റ്റ് ബസാർ | ടി | 1.50 | 6 | ഭാഗികമായി ടാർചെയ്തു |
| 27. | മഞ്ഞപ്പുലത്ത് പാറ - എക്കാപറമ്പ് | ടി | 0.90 | 6 | ടി |
| 28. | പള്ളിമുക്ക് - കുഴിമണ്ണ | ടി | 1.25 | 6 | ടി |
| 29. | എടപപ്പറമ്പ് - കരിമ്പനാക്കൽ പൂഴിക്കുത്ത്-ഹരിജൻ കോളനി | ടി | 1.00.. | 4.. | ടി |
| 30 | നെരവത്ത് ക്രസന്റ് ഹൈസ്കൂൾ | ടി | 0.40 | 4.. | ടി |
| 31. | തിരുവാലിപറമ്പ്-ശ്മശാനം | ടി | 1.50 | 4 | ടി |
| 32. | പൂപ്പള്ളിയാളി ജുമ മസ്ജിദ്-മൊറയൂർ | ടി | 0.30 | 4 | ഭാഗികമായി ടാർചെയ്തു |
| 33. | ചേറ്റുവട്ടി-കൂമ്പളർമ്പ് | ടി | 0.75 | 4 | ,, |
| 34. | പോത്തട്ടിപ്പാറ-അരിമ്പ്ര | ടി | 2.50 | 6 | ,, |
| 35. | പോത്തട്ടിപ്പാററ്-കാരാതടം | ടി | 0.50 | 6 | ,, |

| | | | | | |
|---|---|---|---|---|---|
| 36. | വാലഞ്ചേരി-വില്ലേജ് ആഫീസ് അരിമ്പ്ര | ടി | 1.00 | 4.,, | ,, |
| 37. | മോങ്ങം-കാരനാട്-കക്കാടമ്മൽ | ടി | 0.40 | 4.,, | ടി |
| 38. | മോങ്ങം-ഒരപ്പുണ്ടിപ്പാറ | ടി | 1.50 | 7 | ,, |
| 39 | മോങ്ങം-മലയത്തൊടി HC | ടി | 1.00 | 6.,, | ടി. |
| 40. | സ്കൂൾപടി-തടപറമ്പ് | പഞ്ചായത്ത് | 2.00 KM | 8 മീറ്ററർ | ഭാഗികമായി ടാർചെയ്തു |
| 41. | പാലത്തിങ്ങൾ-മുച്ചിരിക്കാട് | ,, | 2 | 8 | ടി |
| 42. | മാങ്കുത്ത്പറമ്പ്-ഹരിജൻ കോളനി | ,, | 0.30 | 6 | ടി |
| 43. | പള്ളിമുക്ക്-പുല്ലഞ്ചേരി | ,, | 0.75 | 6 | ടി |
| 44. | കുളത്തി പറമ്പ്-മുസ്ല്യാരങ്ങാടി | പി.ഡബ്ല്യൂ.ഡി | 2 കി.മീ | 8 മീ | ടി |
| 45. | മൊറയൂർ-വാലഞ്ചേരി-അരമ്പ്ര-ഊരകം N.H.കോളനി | ടി. | 5.11 | 8.,, | ടി |
| 46. | വാലഞ്ചേരി-കീഴ്മുറി പാലക്ക്കാട് | ടി | 2 | 8 | ടി |
| 47. | കോഴിക്കോട്-പാലക്കാട് | ടി | 4.50 | 18.,, | ടാർ ചെയ്തത് |
| 48. | മൊറയൂർ-അരിമ്പ്ര-പൂക്കോട്ടൂർ | ടി | 7.50 | 9.,, | ടി |
| 49. | അരിമ്പ്ര-മുസ്ല്യാരങ്ങാടി | PWD | 2.00 | 8 | ടി |
| 50. | പാലക്കാട്-മോങ്ങം | ടി | 1.00 | 8.,, | ടി |
| 51. | കാരാപറമ്പ്-പൂകൊളത്തൂർ-മോങ്ങം | ടി | 0.60 | 8.,, | ടി |
| 52. | മോങ്ങം ബൈപ്പാസ് | ടി | 0.50 | 8 | ടി |
| 53. | മൊറയൂർ-ഒഴുകൂർ-എക്കാപറമ്പ് | ടി | 5.00 | 8 | ടി |
| 54. | എക്കാപറമ്പ്-കുഴിമണ്ണ | പഞ്ചായത്ത് | 2.00 | 8 | ടി |
| 55. | എടപ്പറമ്പ്-പാലക്കാട് | ടി | 1.20 | 7.,, | ടി |
| 56. | വാലഞ്ചേരി-ഹരിജൻ കോളനി | ടി | 0.30 | 8 | ടി |
| 57. | മോങ്ങം വനിതാ അറബിക്ക് കോളേജ് | ടി | 0.75 | 6 | ടി |
| 58. | മോങ്ങം -അരിമ്പ്ര | ടി | 2.00 | 8.,, | ടി |
| 59. | മോങ്ങം യു.പി.സ്കൂൾ | ടി. | 0.15 | 4.,, | ടി |
| 60. | സ്കൂൾ പടി-വരിക്കോട് | ടി | 1.00 | 8.,, | ടി |
| 61 | ചാത്തൻ പടി-പാലക്കാട് റോഡ് | ടി 1 | .10 | 6 | ടി |

(അവലംബം: ദ്വതീയ വിവരശേഖരണം)

മേൽ പട്ടികയിലെ 61 റോഡുകൾ കൊണ്ട് പഞ്ചായത്തിന്റെ ഗതാഗത ആവശ്യം പൂർണ്ണമാകുന്നില്ല. ഇനിയും പുതിയ റോഡുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. വാർഡ് തല ഗ്രാമസഭകൾ ഒരു നീണ്ട ലിസ്റ്റ് തന്നെ പുതിയ റോഡുകൾക്കായി സമർപ്പിച്ചിട്ടുണ്ട്. അവ വാർഡ് തലത്തിൽ ചിട്ടപ്പെടുത്തി താഴെ ചേർക്കുന്നു:

### ഒന്നാം വാർഡ്

1. ചാത്തൻ കണ്ടിയിൽ നിന്ന് എ.എം.എൽ.പി. സ്കൂളിലേക്ക് റോഡ് 2. പലേക്കോട് സ്രാമ്പിയേക്കൽ ഇടവഴി റോഡ് 3. കിഴക്കേ മഞ്ഞപ്പുലത്ത് മുതൽ പാലശീരി വഴി ലക്ഷം വീട് റോഡിൽ ചേരുന്ന റോഡിന്റെ ബാക്കി ഭാഗം.

4. മലയത്തോട്ടം-മഞ്ഞളാംകുന്ന് വഴി റോഡിന്റെ ബാക്കിഭാഗം 5. പാറലിൽ ആലുങ്ങത്തൊടി റോഡ് 6. പള്ളിഗേറ്റ്-വളവിൽ റോഡ് 7. ഞാറക്കോട് പഞ്ചായത്ത് ഇടവഴി റോഡ് 8. കുട്ടശ്ശേരി പർല്യാവ് എക്കാപറമ്പ് റോഡ് 8. കൂറ്റങ്ങോട്ട് - നെരാട്ട് റോഡ്.

### രണ്ടാം വാർഡ്

1. പലേക്കോട്- പള്ളിമുക്ക് റോഡ്. 2. പള്ളിമുക്ക്-കൊടപ്പനക്കാട്- കിഴിശ്ശേരി റോഡ്. 3. തായത്തയിൽ -

232

അക്കരക്കാട് വഴി പള്ളിയിലേക്ക് റോഡ്, 4. ഹൈസ്കൂൾ- പള്ളിമുക്ക് റോഡ്.

## മൂന്നാം വാർഡ്

1. വലിം കോള്- പൂമ്പാലി കുന്ന്- മുസ്ലിയാരങ്ങാടി റോഡ്, 2. കരിമ്പനാക്കൽ ലക്ഷം വീട് റോഡ്, 3. കുടുമ്പിക്കൽ- പൊലിയേടത്ത് റോഡ്, 4. കൊക്കണ്ഞേരി- നെരവത്ത് റോഡ്, 5. ലക്ഷംവീട്- പൂന്തലപറമ്പ് റോഡ്, 6. 1,3 വാർഡുകളിലെ കുന്നക്കാട്ട് വെസ്റ്റ് ബസാർ റോഡ്, 7. പാലീരി മദ്രസ്സ റോഡ്- കളത്തി പറമ്പ് മുസ്ല്യാരങ്ങാടി റോഡുമായി ചേർക്കുന്ന റോഡ്, 8. വേങ്ങാട്ടീരി കാർത്തിയാനികുന്ന്- നെരവത്ത് യു.പി സ്കൂൾ റോഡ്.

## നാലാം വാർഡ്

1. തിരുവാലി പറമ്പ്- കള്ളാടിമുക്ക് ശ്മശാനം റോഡ് ബാക്കി ഭാഗം നിർമാണം. 2. പള്ളിറോഡ്- വട്ടപ്പൊയിൽ റോഡ്, 3. കുമ്പളപ്പറമ്പ്- മഞ്ചേരി പറമ്പ് റോഡ്, 4. പള്ളി റോഡ്- മൊറയൂർ ഹൈസ്കൂൾ റോഡ്.

## അഞ്ചാം വാർഡ്

1. മാങ്കുത്ത് പറമ്പ്- മലയതൊടി കോളനി റോഡ്, 2. സലഫി ജമ്പൽ- കോട്ടമ്മൽ മോങ്ങം- മച്ചയതൊടി ഹരിജൻ കോളനി റോഡ്, 3. കുടിമ്പിക്കൽ - താന്നിക്കൽ ബസാർ, 4. മാങ്കൂത്ത് പറമ്പ് - അംഗൻവാടി- പൂലിക്കോട്ട് പറമ്പ് റോഡ്, 5. വാലഞ്ചേരി പാടം വഴി പാലക്കാട് റോഡ്, 6. എടപ്പറമ്പ് ട്രാൻസ്ഫോർമർ - കുഡുംബിക്കൽ റോഡ്.

## ആറാം വാർഡ്

1. വാലഞ്ചേരി വില്ലേജ് അരിമ്പ്ര റോഡിന്റെ ബാക്കി ഭാഗം, 2. പാറക്കൽ റോഡ് നിർമാണം, 3. അറബി കോളേജ് - പൂഞ്ചോല ഹരിജൻ കോളനി റോഡ്, 4. അറബി കോളേജ് - അമ്മാല വാലഞ്ചേരി റോഡ്, 5. പലേക്കാട്ട് അങ്ങാടി - തടപറമ്പ് റോഡ്.

## ഏഴാം വാർഡ്

1. പാലത്തിങ്ങൽ - പത്രാൾപടി റോഡ്, 2. റഹ്മത്ത് നഗർ തോട്ടരിപാറ റോഡ്, 3. മുച്ചിരിക്കാട് - പുത്തരിക്കൽ വഴി ചോലേക്കൽ റോഡ്.

## എട്ടാം വാർഡ്

1. പൊറ്റമ്മൽ - ചീനിക്കച്ചാൽ റോഡ്, 2. പഴങ്ങരതൊടി - പോസ്റ്റാഫീസ് റോഡ്, 3. തോട്ടേരി പാറ- വട്ടം കണ്ടം റോഡ്, 4. കുമ്മാളിയിൽ- ചോലമുക്ക് റോഡ്.

## ഒമ്പതാം വാർഡ്

1. കാരാതടം - പോസ്റ്റാഫീസ് റോഡ്, 2. ബിരിയപുറം- പൊറ്റമ്മൽ റോഡ്, 3. വാലഞ്ചേരി- മാണ്ടിയേക്കൽ പടി റോഡ്, 4. മാണ്ടിയേക്കൽ പടി - നടിശ്ശേരി തടപറമ്പ് റോഡ്.

## പത്താം വാർഡ്

1. മോങ്ങംകിഴക്കേതല- പാത്തിപ്പാറ വഴി തച്ചങ്ങോട്, 2. വനിതാ അറബിക് കോളേജ് അയിന്തിയിൽ ഹരിജൻ കോളനി- വാലഞ്ചേരി - അരിമ്പ്ര റോഡ് 3. മോങ്ങം അരിമ്പ്ര റോഡിൽ നിന്നും കറുത്തേടത്ത് വഴി കോളേജ് റോഡിനെ ബന്ധിപ്പിക്കുന്ന റോഡ്, 4. AMUP സ്കൂൾ- കറുത്തേടത്ത് പറമ്പ്- കോളേജ് റോഡ്, 5. അറബി കോളേജ്- അയിന്തവഴി അരിമ്പ്ര റോഡ്, 6. അറബി കോളേജ്- കുഞ്ഞിതൊടി- വാലഞ്ചേരി റോഡ്, 7. അറബി കോളേജ് കൊയപ്പതൊടി - മോങ്ങം AMUPS റോഡ്, 8. പാത്തിപ്പാറ മാടശ്ശേരി കക്കാട് റോഡ്.

## പതിനൊന്നാം വാർഡ്

ഒരപ്പുണ്ടി പാറ റോഡും മോങ്ങം പാലക്കാട് റോഡും ബന്ധിപ്പിക്കുന്ന റോഡ്, 2. മോങ്ങം കരിമ്പിങ്ങൽ മുക്ക് ബൈപ്പാസ് റോഡ്- മോങ്ങം - പാലക്കാട് റോഡിൽ നിന്നും താഴെ മോങ്ങം റോഡ്, വാലഞ്ചേരി ചക്കുമ്പുറം റോഡ്, ഒരപ്പുണ്ടിപ്പാറ റോഡിൽനിന്നും പുത്തൻ പീടികയിലേക്ക് റോഡ്, മോങ്ങം കുയിലകുന്ന്- നടുത്തല കുന്ന് ഒരപ്പുണ്ടിപ്പാറ റോഡ് മോങ്ങം കുയിലകുത്ത് ചോല റോഡ്, മോങ്ങം ഒരപ്പുണ്ടി പ്പാറ ചാടിക്കല്ല് റോഡ്, മോങ്ങം - ചാലിലച്ചോല റോഡ് , മോങ്ങം മാണിപ്പറമ്പ് റോഡ്, മോങ്ങം- പുത്തൻപീടിക റോഡ്, മോങ്ങം - പള്ളിക്കുളം റോഡ്, പൂകൊളത്തൂർ - ഒരപ്പുണ്ടിപ്പാറ റോഡ്, ഒരപ്പുണ്ടി പാറ- പാടോൾ റോഡ്, മോങ്ങത്തുനിന്നും വയൽവഴി ഒരപ്പുണ്ടി പാറ റോഡ് എന്നീ റോഡുകൾ അത്യാവശ്യമായും നിർമിക്കണമെന്ന് ആവശ്യമുയർന്നിട്ടുണ്ട്.

കൂടാതെ പഞ്ചായത്തിൽ വൻ വികസന സാധ്യതയുള്ള കളത്തിപ്പറമ്പ് - മുസ്ല്യാരങ്ങാടി റോഡിന്റെയും വാലഞ്ചേരി - പാലക്കാട് റോഡിന്റെയും വാലഞ്ചേരി - അരിമ്പ്ര - ഊരകം - നെടിയിരുപ്പ് ഹരിജൻ കോളനി റോഡിന്റെയും വികസന പ്രവർത്തി ഉടൻ നടത്തുക. ( ഈ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതാണ്.) PWD റോഡിൽ ഗതാഗതത്തിന് ബുദ്ധിമുട്ട് ഉണ്ടാകുന്ന താന്നിയാട്ട് പാറ വളവ് നിവർത്തുക, മറ്റു PWD റോഡുകളിലെ വീതി കുറഞ്ഞ ഭാഗം വീതി കൂട്ടുക, ഓടകൾ നിർമിക്കുക, റോഡിൽ അപകടം കുറക്കാൻ ഡിവൈഡറുകൾ സ്ഥാപിക്കുക എന്നീ നിർദേശങ്ങളും ഗതാഗത വികസനത്തിന് വേണ്ടി ഉയർന്നുവന്നിട്ടുണ്ട്.

പഞ്ചായത്തിലെ നിലവിലുള്ള റോഡുകളിൽ ഗ്രാമസഭ ശുപാർശ ചെയ്ത വികസന പ്രവർത്തനങ്ങളുടെ ഒരു പട്ടിക താഴെ ചേർക്കുന്നു.

## പട്ടിക III

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | ശുപാർശ ചെയ്ത വികസനം |
|---|---|---|---|
| 1 | I | പലേക്കാട്- പുല്ലഞ്ചേരി | ടാറിംഗും മറ്റു വികസനവും. |
| 2 | .. | വെസ്റ്റ് ബസാർ - ഹരിജൻ കോളനി | ഉപരിതലം ഗതാഗത യോഗ്യമാക്കൽ |
| 3 | .. | മഞ്ഞപ്പുലത്ത് പാറ - എക്കാ പറമ്പ് | ടി |
| 4 | II | പള്ളിമുക്ക് - ഒസ്സാൻ മുക്ക് | ടി |
| 5 | .. | പള്ളിമുക്ക് - പുൽഞ്ചേരി | ടി- ടാറിംഗ് |
| 6 | .. | പള്ളിമുക്ക് - കുഴിമണ്ണ | ടി |
| 7 | .. | വാഴച്ചാൽ - കുഴിമണ്ണ | ടി |
| 8 | .. | തോട്ടക്കര - മദ്രസ്സ | ടി |
| 9 | III | കളത്തിപ്പറമ്പ് - മുസ്ല്യാരങ്ങാടി | ടി |
| 10 | .. | പാലീരി റോഡ് | വീതി കൂട്ടി ടാറിംഗ് |
| 11 | .. | കുറുവാളിൽ - എടപ്പറമ്പ് | ടാറിംഗ് |
| 12 | .. | എടപ്പറമ്പ് - കുഴിമണ്ണ | റീ- ടാറിംഗ് |
| 13 | .. | മൊറയൂർ - ഒഴുകൂർ - എക്കാപറമ്പ് | ടി |
| 14 | IV | ചേറ്റുവട്ടി - തവളപ്പാറ | ടാറിംഗ് |
| 15 | .. | ചേറ്റുവട്ടി- കുമ്പളർമ്പ് | ടി |
| 16 | .. | തിരുവാലി പറമ്പ് - ബാലവാടി | .. |
| 17 | V | കാവോട്ട് റോഡ് | .. |
| 18 | .. | ഓത്തുപള്ളി പുളിക്കലകണ്ടി റോഡ് | .. |
| 19 | .. | മലയതൊടി - ഹരിജൻ കോളനി | .. |
| 20 | V | വാലഞ്ചേരി പൂൽപ്പറ്റ | .. |
| 21 | .. | എടപ്പറമ്പ് - പാലക്കാട് | .. |
| 22 | .. | പൂൽപ്പറ്റ - പുറായി | .. |
| 23 | .. | ചെമ്പൻകണ്ടി റീ ടാറിംഗ് | |
| 24 | VI | മൊറയൂർ GLPS പടിഞ്ഞാറ് ഭാഗംFormation പൂർത്തിയാക്കൽ. | |
| 25 | .. | മൊറയൂർ GMLPS മുതൽ മുകൾഭാഗം | ടാറിംഗ് |
| 26 | | കളത്തുംപടി - തടപ്പറമ്പ് | .. |
| 27 | .. | മോങ്ങം - അരിമ്പ്ര | റീടാറിംഗ് |
| 28 | .. | പാലം - മുച്ചിരിക്കാട് | ടാറിംഗ് (1.50 KM) |
| 29 | VIII | വരിക്കോട് പാറ - ഹരിജൻ കോളനി | ടി |
| 30 | .. | വട്ടക്കണ്ടം - തോരക്കാട് | ടി |
| 31 | IX | അരിമ്പ്ര - പോത്തുവെട്ടിപ്പാറ | Formation പൂർത്തിയാക്കി ടാറിംഗ്. |
| 32 | .. | കളത്തും പടി - പൂളക്കപ്പറമ്പ് | ടി |
| 33 | X | മോങ്ങം - കാരനാട് കക്കാട് | ടി |
| 34 | .. | കോളേജ് റോഡ് | അഴുക്കുചാൽ നിർമാണം റീ ടാറിംഗ് |
| 35 | .. | മോങ്ങം - അരിമ്പ്ര റോഡ് | ടി |
| 36 | XI | പാലക്കാട് - പാറപ്പുറത്ത് | ടാറിംഗ് |

| | | | |
|---|---|---|---|
| 37 | ,, | മോങ്ങം - ഒരപ്പുണ്ടി പാറ | ,, |
| 38 | ,, | ഒരപ്പുണ്ടി പ്പാറ - പാടോൾ റോഡ് | ടാറിംഗ് |
| 39 | ,, | മോങ്ങം - പള്ളിഭാഗം റോഡ് | ,, |
| 40 | ,, | മോങ്ങം - പാറപ്പുത്ത് റോഡ് | ,, |
| 41 | ,, | എളർപ്പറ്റ ഹരിജൻ കോളനി surface ഉയർത്തി | ടാറിംഗ് |
| 42 | ,, | മോങ്ങം - ചക്കുമ്പുറം | ടാറിംഗ് |

പഞ്ചായത്തിന്റെ മുക്കിലും മൂലയിലും ഇനിയും കാൽനടപോലും സാധ്യമല്ലാത്ത വഴികളുണ്ട്. ഇത്തരം നടവഴികൾ വികസിപ്പിക്കാനും. വഴികൾ ഇല്ലാത്ത സ്ഥല ങ്ങളിൽ അവ പുതുതായി ഉണ്ടാക്കാനും ഗ്രാമസഭകളിൽ നിർദേശം വന്നിട്ടുണ്ട്. ഗ്രാമസഭകളിൽ വന്ന നടവഴിക ളുടെ വികസനം സംബന്ധിച്ച നിർദേശങ്ങൾ താഴെ പട്ടി കയിൽ കൊടുത്തിരിക്കുന്ന പ്രകാരമാണ്:-

## പട്ടിക നാല്

| ക്രമ നമ്പർ | വാർഡ് | നടവഴിയുടെ പേര് | വികസന നിർദേശങ്ങൾ |
|---|---|---|---|
| 1 | I | പലേക്കോട് - ഹരിജൻ കോളനി | നിർമിക്കുക |
| 2 | II | തൊട്ടിതൊടി - പണിക്കർ കണ്ടി | റിപ്പയർ |
| 3 | III | കീരങ്കണ്ടി - പൂഴിക്കുത്ത് കോളനി | ടി |
| 4 | ,, | പൂഴിക്കുത്ത് കോളനി - എടപ്പറമ്പ് | നിർമാണം |
| 5 | ,, | കക്കാടമ്മൽ - എടപ്പറമ്പ് | ടി |
| 6 | IV | കള്ളാടിമുക്ക് - അയ്യാട | വിപുലീകരണം |
| 7 | V | പയിപ്പറമ്പത്ത് ഇടവഴി | ടി |
| 8 | ,, | കുടിമ്പിക്കൽ - തടുത്തലകുളം | ടി |
| 9 | ,, | മണ്ണിങ്ങ പള്ളിയാളി | ടി |
| 10 | VI | അരിമ്പ്ര റോഡ് - പാറക്കാപ്പു റായി അയ്യപ്പൻ കുളം | നിർമാണം |
| 11 | ,, | അയ്യപ്പൻ കുളം - കുന്നത്തീരി | ടി |
| 12 | ,, | ചക്കുന്തൊടി ഇടവഴി | റിപ്പയർ |
| 13 | ,, | മൊറയൂർ അങ്ങാടി - തടപ്പറമ്പ് | റിപ്പയർ |
| 14 | VII | മുണ്ടക്കൈത - ചെറുചോലക്കൽ | ടി |
| 15 | ,, | മനങ്ങറ്റ പള്ളി -എച്ചിക്കോട് | നിർമാണം |
| 16 | ,, | പാലത്തിങ്ങൽ - പത്രാൾ പടി | ടി |
| 17 | ,, | റഹ്മത്ത് നഗർ - തോട്ടേരിപാറ | ടി |
| 18 | ,, | പൂതനപ്പറമ്പ് - തോരക്കാട് | ടി |
| 19 | ,, | കപ്രാട്ട് മദ്രസയിലേക്ക് | ടി (100 മീറ്റർ) |
| 20 | IX | പുളിക്കപ്പറമ്പ് ട്രാൻസ്ഫോർമർ | ടി |
| 21 | ,, | കീരിയാട്ട് ഇടവഴി | ടി |
| 22 | X | മോങ്ങം അരിമ്പ്ര റോഡിൽ നിന്നും | |

| | | | |
|---|---|---|---|
| | | മെയിൻ റോഡിലേക്ക് | ടി |
| 23 | .. | കാരനാട് - മാടശ്ശേരി | ടി |
| 24 | .. | മോങ്ങം - അരിമ്പ്ര റോഡ് - കാളിയംപാവ് വഴി ചെറുപുത്തൂർ - പാലക്കാട് | ടി |
| 25 | XI | മാണിയപറമ്പ് നടപ്പാത | ടി |
| 26 | .. | മോങ്ങം കുയിലാകുന്ന് ഇടവഴി | സ്ലാബിട്ട് നടപ്പാത നിർമാണം. |
| 27 | III | പാലേരിപ്പാറ - മൂസാലിക്കുന്ന് | റിപ്പയർ |
| 28 | .. | പണിക്കരക്കണ്ടി - കാർത്ത്യാനിക്കുന്ന് നരവത്ത് | നിർമാണം |
| 29 | IV | കീരങ്ങാടുതൊടി - സ്കൂൾപടി | നിർമാണം |
| 30 | .. | കുന്നുംപുറം | നടപ്പാത - |
| 31 | VI | മൊറൂട്ടിൽ - ചൂലൻ തൊടു | റിപ്പയർ |
| 32 | VIII | മഠത്തിൽ ഇടവഴിയിൽനിന്ന് തുടങ്ങി പനങ്ങത്ത് പറമ്പിലേക്ക് ഫുട്പാത്ത് | നിർമാണം |
| 33 | XI | ചക്കുമ്പുറം ഇടവഴി | നിർമാണം. |

നടവഴികൾ ഉണ്ടാക്കുന്നതിന് പുറമേ താഴെ പറയുന്ന നടപ്പാലങ്ങൾ കോൺക്രീറ്റിൽ നിർമിക്കുവാനുള്ള നിർദേശവും ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്.

1. നാലാം വാർഡിൽ കീരങ്ങാട് തൊടി തോടിനും.
2. ഹൈസ്കൂൾ വരമ്പിനും.
3. എട്ടാം വാർഡിൽ ചെരേക്കോട്ട് പടിക്കിൽ
4. 7-ാം വാർഡിൽ തൊണ്ടിയിൽ തോടിനും
5. XI-ാം വാർഡിൽ പള്ളിക്കുളം എടവഴി തുടങ്ങുന്നതിനടുത്ത് ഒരു ചെറിയ ഓവ്പാലം നിർമിക്കുക.

ഇതുകൂടാതെ നിലവിൽ പണിപൂർത്തിയാക്കാൻ ബാക്കിയുള്ള എല്ലാ റോഡുകളും പണി പൂർത്തിയാക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ ജനസാന്ദ്രതയുള്ള സ്ഥലം വഴി പോകുന്ന താഴെ പറയുന്ന PWD റോഡുകളിലൂടെ ബസ്സ് ഗതാഗതത്തിന് ഇനിയും ധാരാളം സാധ്യതകളുണ്ട്. മൊറയൂർ- ഒഴുകൂർ- എക്കാപ്പറമ്പ് റോഡ്, മൊറയൂർ - അരിമ്പ്ര- പൂക്കോട്ടൂർ റോഡ്., അരിമ്പ്ര - മുസ്ലിയാരങ്ങാടി റോഡ്, പാലക്കാട് - മോങ്ങം റോഡ്, കാരാപ്പറമ്പ് - പൂകൊളത്തൂർ - മോങ്ങം റോഡ്- ഇതിനു വേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു കൂട്ടായ ശ്രമം ആവശ്യമാണ്.

ഇപ്പോൾ ബസ് ഗതാഗതമുള്ള റോഡുകളിൽ ആവശ്യത്തിന് വീതിയുള്ള സ്ഥലങ്ങളിൽ ബസ്സ് വെയിറ്റിംഗ് ഷെഡുകൾ നിർമിക്കാവുന്നതും, കേടുവന്നവ നന്നാക്കാവുന്നതുമാണ്. ഇടുങ്ങിയ റോഡുകളിൽ അനധികൃതമായി സ്ഥാപിച്ച ഷെഡ്ഡുകൾ പൊളിച്ച് മാറ്റി ഗതാഗതം സുഗമമാക്കേണ്ടതാണ്.

മൊറയൂർ, മോങ്ങം അങ്ങാടികളിൽ ഇപ്പോൾ തലങ്ങും വിലങ്ങും വാഹനങ്ങൾ നിർത്തി ചിലപ്പോൾ ഗതാഗത തടസ്സം മുതൽ അപകടങ്ങൾ വരെ ഉണ്ടാകാറുണ്ട്. ടാക്സികൾക്കും ഓട്ടോറിക്ഷകൾക്കും പാർക്ക് ചെയ്യുവാൻ ശാസ്ത്രീയ സംവിധാനം, പോലീസ് പൊതുമരാമത്ത് വകുപ്പുകളു ആലോചിച്ച് ഉണ്ടാകേണ്ടതാണ്. ഇവകൾക്ക് പാർക്കിങ്ങ് സ്റ്റാന്റ് നിർമിച്ചാൽ സൗകര്യമായിരിക്കും.

പഞ്ചായത്തുകളിൽ റോഡ് വെട്ടുന്നത് മിക്കവാറും വ്യക്തികൾ സൗജന്യമായി വിട്ടുതരുന്ന സ്ഥലത്തുകൂടെയായിരിക്കും. ഇങ്ങനെ വിട്ടുതരുന്ന സ്ഥലം കഴിവതും ഗതാഗത യോഗ്യമായ കയറ്റവും വളവും കുറഞ്ഞ സ്ഥലത്തുകൂടെയാക്കാൻ ശ്രമിച്ചാൽ ഗതാഗതത്തിന് സൗകര്യമായ റോഡുകൾ കുറഞ്ഞ ചെലവിൽ നിർമിക്കാവുന്നതാണ്. മാത്രമല്ല, ഇങ്ങനെ വിട്ടുതരുന്ന സ്ഥലം നിയമാനുസൃതം ഏറ്റെടുത്ത് റവന്യൂ വകുപ്പ് പൊതുസ്ഥലമായോ പുറമ്പോക്കായോ ആയി പ്രഖ്യാപിക്കാതെ റോഡ്

വെട്ടുന്നതുമൂലം സ്ഥലമുടമക്കുതന്നെ താൻ വിട്ടുകൊടുത്ത സ്ഥലം കൈയ്യേറുവാൻ സൗകര്യമാണ്. ഇതുമൂലം ഏഴും എട്ടും മീറ്റർ വീതിയിൽ വെട്ടിയ പല റോഡുകളും കൈയേറ്റം മൂലം നടപ്പാതകളുടെ അവസ്ഥയിലെത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള കയ്യേറ്റങ്ങൾ ഒഴിവാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. റോഡിന് സ്ഥലം ഏറ്റെടുക്കുമ്പോൾ അത് നിയമാനുസൃതം ഏറ്റെടുക്കേണ്ടതുമാണ്. പഞ്ചായത്ത് ആപ്പീസിൽ പഞ്ചായത്തിലെ റോഡുകളുടെ വിശദമായ ഒരു രജിസ്റ്റർ ആവശ്യമാണ്. ഈ രജിസ്റ്ററിൽ എല്ലാ കാര്യങ്ങളും ചിട്ടയായി രേഖപ്പെടുത്തേണ്ടതാണ്.

സർക്കാറിന്റെയോ പഞ്ചായത്തിന്റെയോ സഹായം തന്നെ മുഴുവനും ലഭിക്കുന്നത് വരെ കാത്തുനിൽക്കാതെ അതാത് വാർഡുകളിലെ മനുഷ്യശക്തികൾ ഒത്തുകൂടിയാൽ നമ്മുടെ റോഡുകളുടെ ഗുണനിലവാരം കൂട്ടാവുന്നതാണ്. കൂട്ടായ ശ്രമദാനത്തിലൂടെ മേൽപട്ടികകളിൽ വിവരിച്ച പല വികസന പ്രവർത്തനങ്ങളും നടത്താവുന്നതാണ്. ഇങ്ങനെയാവുമ്പോൾ പഞ്ചായത്ത് റോഡ്, PWD റോഡ് എന്ന ചിന്ത മാറി നമ്മുടെ റോഡ് എന്ന വിചാരം വരുന്നതാണ്. ഇത് പല പ്രശ്നങ്ങൾക്കും പരിഹാരമാകുന്നതാണ്. ചില ഗ്രാമസഭകളിൽ ഉയർന്നുവന്ന ഈ നിർദേശം പ്രായോഗികമാണ്.

## ഊർജം

ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തിയാണല്ലോ വൈദ്യുതി. വൈദ്യുതി ഇനിയും കടന്നുചെല്ലാത്ത ധാരാളം സ്ഥലങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഈ പഞ്ചായത്തിലെ വൈദ്യുതി സംബന്ധമായ എല്ലാ കാര്യങ്ങൾക്കും കൊണ്ടോട്ടി മേജർ ഇലക്ട്രിക്കൽ സെക്ഷൻ ആപ്പീസുമായി ബന്ധപ്പെടേണ്ടിയിരിക്കുന്നു. മൊറയൂർ ഗ്രാമപഞ്ചായത്ത് കൂടാതെ വേറെയും പല പഞ്ചായത്തുകളുടെയും വൈദ്യുതി സംബന്ധമായ കാര്യങ്ങൾ നോക്കുന്നതും മേൽപ്പറഞ്ഞ ആപ്പീസിലാണ്. അതുകൊണ്ടുതന്നെ ഉപഭോക്താക്കളുടെ പരാതിക്ക് തക്കസമയത്ത് പരിഹാരം ഉണ്ടാകുന്നില്ല. മൊറയൂർ പഞ്ചായത്തിൽ KSEB കണക്ക് പ്രകാരം 18 ട്രാൻസ്ഫോർമറുകളുണ്ട്. ഇനിയും ട്രാൻസ്ഫോർമറുകളും കരണ്ട് ലൈനുകളും ആവശ്യമുള്ള സ്ഥലങ്ങൾ ഈ പഞ്ചായത്തിലുണ്ട്. നിലവിലുള്ള LT ട്രാൻസ്ഫോർമറുകൾ താഴെ കാണിച്ച സ്ഥലങ്ങളിലാണ്.

1. ഹൈസ്കൂൾ പടി - മൊറയൂർ
2. മൊറയൂർ പഞ്ചായത്താപ്പീസിന് സമീപം.
3. PHED മൊറയൂർ
4. എടപ്പറമ്പ്
5. കളത്തിപ്പറമ്പ് I
6. കളത്തിപ്പറമ്പ് II
7. വാലഞ്ചേരി
8. അറബിക് കോളേജ് - മോങ്ങം.
9. മോങ്ങം I
10. മോങ്ങം II
11. ചെറുപുത്തൂർ I
12. അരിമ്പ്ര നോർത്ത് I
13. അരിമ്പ്ര നോർത്ത് II
14. ഹൈസ്കൂപടി - അരിമ്പ്ര
15. അരിമ്പ്ര- മനങ്ങറ്റ പള്ളി
16. അരിമ്പ്ര പാലം.
17. വെസ്റ്റ് ബസാർ ഒഴുകൂർ
18. ഒഴുകൂർ സോമിൽ

### പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ

I ഗാർഹികം : 1397 II വ്യാപാരം : 312

III വ്യാവസായികം : 31, IV കാർഷികം : 62.

വിവിധ പദ്ധതികൾക്കായി വൈദ്യുതി കണക്ഷന് വേണ്ടി കാത്തിരിക്കുന്നവർ:-

1. ഓർഡിനറി : 100
2. ഒ.റ്റി.പി : 5
3. ഒ.വൈ.ഇ.സി : 70

17.6.96 വരെ അപേക്ഷിച്ച OYEC അപേക്ഷകർക്ക് കണക്ഷൻ കിട്ടിയിട്ടുണ്ട്.

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വിവരം.

| | | |
|---|---|---|
| a) ബൾബ് : | 40 W | 218 |
| | 60W | 15 |
| b) ട്യൂബ് | 2X40 | 17 |
| c) സോഡിയം വേപ്പർ | 250W- | 20 |

പഞ്ചായത്തിൽ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ 4 എണ്ണമാണ്.

പഞ്ചയത്തിന് പ്രതിമാസം തെരുവ് വിളക്ക് കത്തിക്കുന്നതിന് കറന്റ് ചാർജ് 4519 രൂപ വേണം.

തെരുവ് വിളക്കുകളുടെ വാർഡ് തിരിച്ച വിവരം

## വിളക്കുകളുടെ എണ്ണം

| വാർഡ് | വേപ്പർലാമ്പ് | ട്യൂബ് | ബൾബ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| I | 2 | 1 | 15 | - | 18 |
| II | 1 | 1 | 18 | - | 20 |
| III | 4 | 2 | 20 | - | 26 |
| IV | 1 | 2 | 16 | - | 19 |
| V | 2 | 2 | 12 | - | 16 |
| VI | 3 | 1 | 15 | - | 16 |
| VII | 2 | 1 | 20 | - | 23 |
| VIII | - | 1 | 15 | - | 18 |
| IX | 2 | 2 | 24 | - | 26 |
| X | 3 | 2 | 52 | - | 57 |
| XI | - | 2 | 24 | - | 28 |
| ആകെ | 20 | 17 | 231 | - | 268 |

(മേൽ വിവരങ്ങൾ KSEB കണക്കുകൾ അവലംബിച്ചാണ്.)

### പ്രശ്നങ്ങൾ

പഞ്ചായത്തിലെ പല സ്ഥലത്തും വൈദ്യുതി എത്തിയിട്ടില്ല. വോൾട്ടേജ് പ്രശ്നം എല്ലാഭാഗത്തും അനുഭവപ്പെടുന്നു. മരങ്ങളിലും മറ്റും തട്ടി വൈദ്യുത പ്രസരണത്തിൽ വരുന്ന നഷ്ടം ഇതിനൊരു കാരണമാണ്. ഇനിയും വൈദ്യുതീകരിക്കാത്ത ഹരിജൻ കോളനികൾ പഞ്ചായത്തിലുണ്ട്. തെരുവു വിളക്കുകൾ അത്യാവശ്യമായിട്ടുള്ള സ്ഥലങ്ങളിൽ ഇപ്പോഴും കുറവ് തന്നെ. കത്താത്ത വിളക്കുകൾ പല ഭാഗങ്ങളിലും കാണുന്നു. അപകടം പതിയിരിക്കുന്ന രീതിയിൽ പൊട്ടി വീഴാറായ പോസ്റ്റുകളും ലൈനുകളും പലയിടത്തുമുണ്ട്. വൈദ്യുത ലൈനിലേക്ക് തൂങ്ങിയ മരക്കമ്പുകളും മറ്റും വെട്ടി മാറ്റുന്നതിൽ ശ്രദ്ധക്കുറവുണ്ട്. Step up ന്റെ ഉപയോഗം മൂലം വോൾട്ടേജ് ക്ഷാമം കൂടുതൽ രൂക്ഷമാവുന്നു. വൈദ്യുത ഉപഭോക്താക്കൾ ബിൽ അടക്കാൻ മാസംതോറും കൊണ്ടോട്ടി ഇലക്ട്രിക്കൽ സെക്ഷൻ ആപ്പീസിൽ പോകേണ്ടിവരുന്നു.

### പരിഹാരങ്ങൾ

വോൾട്ടേജ് ക്ഷാമം മലബാറിൽ തന്നെ ഒരു ശാപമാണ്. ഇതിന് ചെറിയ പരിഹാരമെന്ന നിലയിൽ ആവശ്യമുള്ള സ്ഥലത്ത് LT ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ഇവയ്ക്ക് ശാസ്ത്രീയമായി ലോഡ് കൊടുക്കേണ്ടതുമാണ്. കാലാകാലങ്ങളിൽ മരച്ചില്ലകളും മറ്റും വെട്ടി മാറ്റി പ്രസരണനഷ്ടം ഒഴിവാക്കേണ്ടതാണ്. പുതിയ ട്രാൻസ്ഫോർമറുകളുടെ നിർദേശം മിക്ക ഗ്രാമസഭകളിലും ഉയർന്നിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ Three Phase ലൈനുകളും വലിക്കേണ്ടതാണ്. ഹരിജൻ കോളനികൾ ആവശ്യമനുസരിച്ച് മുൻഗണനാ ക്രമത്തിൽ വൈദ്യുതീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതാണ്. കത്താത്തവ കത്തിക്കുവാനും, കേടുവന്നവ നന്നാക്കാനും ബൾബുകൾ മാറ്റിയിടുവാനും സംവിധാനമുണ്ടാക്കണം. കാലപ്പഴക്കം ചെന്ന കാലുകൾ മാറ്റി സ്ഥാപിക്കുവാൻ അടിയന്തിര ശ്രദ്ധ വേണം. കൊണ്ടോട്ടി ഇലക്ട്രിക്കൽ സെക്ഷൻ ആപ്പീസുമായി ബന്ധപ്പെട്ട് ഗ്രാമങ്ങളിലെ പ്രശ്നപരിഹാരത്തെപ്പറ്റി ഏതാനും ഗ്രാമസഭകളിൽ പരാമർശം വന്നിരിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാൻ ജനകീയ സമിതികളുടെ ശ്രദ്ധ ആവശ്യമാണ്. കത്താത്ത തെരുവുവിളക്കുകൾക്ക് ചാർജ് അടക്കുന്ന സമ്പ്രദായം നിർത്തേണ്ടതാണ്. തെരുവു വിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ച് റീഡിംഗ് സമ്പ്രദായം നടപ്പാക്കേണ്ടതാണ്. പൊതുജനങ്ങളുടെ സൗകര്യാർത്ഥം മൊറയൂർ കേന്ദ്രമായി മൊറയൂർ, പൂക്കോട്ടൂർ, പുൽപ്പറ്റ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുത്തി ഒരു സെക്ഷൻ ആപ്പീസ് അനുവദിക്കേണ്ടതാണ്.

വൈദ്യുത ചാർജ് സ്വീകരിക്കുവാനുള്ള സംവിധാനം എല്ലാ വാർഡുകളിലും ഉണ്ടായിരിക്കേണ്ടതാണ്.

ഊർജത്തിന് വേണ്ടി വിറക്, മണ്ണെണ്ണ, ഗ്യാസ് എന്നിവയാണ് ഉപയോഗിക്കുന്നത്. ഗ്യാസ് കണക്ഷൻ കുറഞ്ഞ ചിലവിൽ ലഭിക്കുവാൻ ഈ പഞ്ചായത്തിൽ ഒരു വഴിയുമില്ല. സ്വകാര്യ ഗ്യാസ് കമ്പനികളുടെ സൗകര്യമേ ഇവിടെയുള്ളൂ. അതിനാൽ ഗ്യാസ് വിതരണത്തിനും സർക്കാർ സംവിധാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു. സൗരോർജ അടുപ്പുകൾ, വിളക്കുകൾ തുടങ്ങിയവയെപ്പറ്റിയുള്ള വിവരങ്ങൾ ലഭിക്കുവാനും പ്രചാരണത്തിനും പഞ്ചായത്തും സാമൂഹ്യസംഘടനകളും മുൻകൈ എടുക്കണം. ഊർജം വെറുതെ പാഴാക്കുവാൻ പാടില്ലാത്തതാണ്. ഇതിന് ബോധവൽക്കരണം സ്കൂൾ തലത്തിൽ ആരംഭിക്കേണ്ടതാണ്.

മൊറയൂർ പഞ്ചായത്തിലെ ഗ്രാമസഭകളിൽനിന്നും ലഭിച്ച ആവശ്യങ്ങളും നിർദേശങ്ങളും താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

## ആവശ്യങ്ങളും നിർദേശങ്ങളും.

| വാർഡ് | പുതിയ ലൈനുക ളുംനീട്ടേണ്ടവയും | ട്രാൻസ് ഫോർമറുകൾ (പുതിയവ) | ഹരിജൻ കോളനി വൈദ്യുതീകരണം | തെരുവ് വിളക്കുകൾ | മറ്റുള്ളവ |
|---|---|---|---|---|---|
| 1 | കുന്നക്കാട് ഭാഗ ത്തേക്ക് ത്രീ ഫേ സ് കരിക്കാട് പറ മ്പ്മുതൽ പടച്ചട്ടി വരെ വൈദ്യുതീ കരണം | കുന്നക്കാട് | മഞ്ഞാളം കുന്ന് എലിയക്കോട് പറമ്പ് പാറലിൽ എന്നിവ | വൈസ്റ്റ് ബസാർ മുതൽ ഹരിജൻ കോ ളനി വരെ കളത്തിപ റമ്പ് കുന്നക്കാട് | |
| 2 | ഒഴുകൂർ പാറമ്മൽ കുത്തൂര് പാറ ഏ രിയയും നെവത്ത് പള്ളി മുക്കും വൈദ്യുതീകര ണം | ഒഴുകൂർ പള്ളിമുക്കിൽ | – | നെരവത്തുനിന്നും കുഴിമണ്ണ വാഴച്ചാൽ ഭാഗത്തേക്ക്-നെര വത്ത് മുതൽ ഹൈ സ്കൂൾ വരെ-നെര വത്ത് കളത്തിപറമ്പ് ഭാഗം | |
| 3 | കളത്തിപറമ്പ് മൂസ്ല്യാരങ്ങാടി റോഡ്11കെ.വി. ലൈൻപുളിക്കു ന്ന് കോളനി 11 കെ .വി. ലൈൻ-കീര ങ്കണ്ടി- വട്ടക്കണ്ടി നടുക്കണ്ടി ഭാഗം വൈദ്യുതീകരണം | | പുഴിക്കുത്ത് കോള നിയിൽ | എടപ്പറമ്പ്-കക്കാട മ്മൽ ഭാഗത്ത് മൊറ യൂർ എക്കാപറമ്പ് റോഡിൽ പാലീരിക്കു ന്നക്കാട് പാല ത്തിങ്ങൽ നിയോൺതാഴെ ബൾബുകൾ | വീടുകൾക്ക് ഗ്യാസ് കണക്ഷൻ വേണം |
| 4 | വൈദ്യുതി ഇല്ലാ ത്ത ഭാഗത്തെല്ലാം വൈദ്യുതി ലൈൻ | – | – | എല്ലാ റോഡിലും തെരുവി വിളക്കുകൾ | വീടുകൾക്ക് ഗ്യാസ് കണക്ഷൻ വേണം |
| 5 | എടപ്പറമ്പ്-കീ ഴ്മുറി ത്രീഫേസ് ലൈൻ-കാവോട്ട് ഭാഗം വൈദ്യുതീ കരിക്കൽ | സലഫീ ജബൻ ഭാഗത്ത് | – | സലഫി ജബൻ താ ന്നിക്കൽ ഭാഗം മാ ങ്കുത്ത് പറമ്പ് കോ ളനി മലയിൽ തൊടി കോളനി ചോലയിൽ കോളനി എന്നിവ യിൽ | |
| 6 | വാലഞ്ചേരി- അരിമ്പ്ര റോഡിൽ ലൈൻ നീട്ടൽ- അരിമ്പ്ര റോഡിൽ ടാങ്ക് ഭാഗത്ത് വീടുകളിലേക്ക് | വാലഞ്ചേരി മദ്രസപടി കുന്നത്തിരി അയ്യപ്പൻ കുളം | ഇട്ടപ്പാട് ഹരിജൻ കോളനി | വാലഞ്ചേരി അരിമ്പ്ര റോഡ് | |
| 7 | കളത്തുംപാടി-തട പ്പറമ്പ് ഭാഗത്ത് പുതിയ ലൈൻ മൂച്ചിരിക്കാട്- പൂത്തുരുത്തി കുന്ന് റോഡിൽ $1^{1}/_{2}$ കി.മീ ദൂരം ത്രീ ഫേസ് ലൈൻ | അരിമ്പ്ര തടപ്പറമ്പ് | – | സ്കൂൾ പടി മനങ്ങറ്റ ഭാഗത്ത് പാലം മൂച്ചാ രിക്കാട് റോഡ് | |
| 8 | മനങ്ങറ്റ കുമ്മാൾ തൊടി 11 കെ.വി. ലൈൻ, പാലത്തി ങ്ങൾ പാലാട്ട് 11 കെ.വി ലൈൻ പൂതനപ്പറമ്പ്- പള്ളിപ്പടി പാലാട്ട് | കുമ്മാൾതൊടി ഭാഗത്ത് വരിക്കോട് തോട്ടേരി പാറ യിൽ | – | കുമ്മാൾതൊടി തോട്ടേരിപാറ പാല ത്തിങ്ങൾ പാലാട്ട് | കെ.എസ്.ഇ.ബി. ഓഫീസ് സ്ഥാപി ക്കണം. |


| | | | | | |
|---|---|---|---|---|---|
| | 11കെ.വി. പഴങ്ങര തൊടി- കുമ്മാളി വരിക്കോട് പാറ തോടട്ടേരിപാറ- പൂതന പറമ്പ് പാലാട്ട് തോരക്കാട്, വട്ടക്കണ്ടം, പാലാട്ട് പുതി എൽ. ടി. ലൈൻ. പുതിയ | | | | |
| 9 | എല്ലാ ലൈനുകളും ത്രീഫേസ് ആക്കുക. പുളിക്ക പറമ്പ് നടുവഴ്ശിരി പള്ളിയാളിമുക്ക് ഭാഗങ്ങൾ വൈദ്യുതീകരിക്കണം. | പോസ്റ്റ് ഓഫീസ്സിനടുത്ത് | - | കാരാതടം ഭാഗത്തേക്ക് സോഡിയം വേപ്പർ ലാംമ്പ്ബിരിയപൂറം പോത്തട്ടിപ്പാറ റോഡിൽ ബാക്കി ഭാഗത്ത്. | ബിൽ കളക്ഷൻ സെന്റർ തുടങ്ങണം |
| III I | മൂസ്സാരികുന്ന് കൊറളിക്കോട്- വെള്ളാരംപാറ ഭാഗം | ലൈൻ നീട്ടണം | കോളനി വൈദ്യുതീരിക്കുക | | |
| 10 | ഉണ്ണീരിക്കുന്നു കോളനി, കറുത്തേടത്ത് പള്ളിയാളി കറുത്തോടത്ത് പറമ്പ്ഭാഗം വൈദ്യുതീകരണം ചെരിക്കക്കോട് ഭാഗം വൈദ്യുതീകരണം. നെല്ലേങ്ങൽ ഭാഗം ഉണ്ണീരിക്കുന്ന് ഭാഗം | മോങ്ങം അരിമ്പ്ര റോഡിൽ | | മോങ്ങം അരിമ്പ്ര റോഡിൽ-മോങ്ങം അറബി കോളേജിന്റെ മുൻവശത്ത് സോഡിയം വേപ്പർ വിളക്ക് മലയത്തൊടി ഹരിജൻ കോളനി റോഡിൽ സോഡിയം വേപ്പർ വിളക്ക് മോങ്ങം കിഴക്കേതല മോങ്ങം കക്കാടമ്മൽ മോങ്ങം സ്കൂൾ പടി മുതൽ ആനത്താംകുന്ന് ജംഗഷൻ വരെ തെരുവുവിളക്ക് | പാചകവാതക ഏജൻസി വേണം |
| 11 | മോങ്ങം കുയിലംകുന്ന് ഭാഗം വൈദ്യുതീകരണം മോങ്ങം ചക്കുപൂറും ഭാഗത്ത് വൈദ്യുതീകരണം മോങ്ങം അതിയാരത്ത് പറമ്പ് വൈദ്യുതീകരണം. | മോങ്ങം വള്ളുവമ്പ്രം ബൈപ്പാസ് റോഡിൽ | | മോങ്ങം തൃപ്പനച്ചി റോഡിൽ,-മോങ്ങം വള്ളുവമ്പ്രം ബൈപാസ് റോഡിൽ, മോങ്ങം പള്ളിപ്പടിയിൽ മോങ്ങം ഒരപ്പുണ്ടിപ്പാറ റോഡിൽ മോങ്ങം ഒഴമതിൽ റോഡ്. | കെ.എസ്.ഇ.ബി. സെക്ഷൻ വേണം. മൊറയൂർ പൂക്കോട്ടൂർ പുൽപ്പറ്റ പഞ്ചായത്തുകളുടെ എൽ.പി.ജി. വിതരണ കേന്ദ്രം മോങ്ങത്ത് സ്ഥാപിക്കണം. |

ഈ പഞ്ചായത്തിൽ വൈദ്യുതി എത്താത്ത എല്ലപ്രദേശങ്ങളും വൈദ്യുതീകരിക്കുകയും നിലവിലുള്ള എല്ലാ സിങ്കിൾ ഫേസ് ലൈനുകളും ത്രീഫേസ് ആക്കി മാറ്റുകയും, സ്ട്രീറ്റ് ലൈറ്റ് ഇല്ലാത്തിടത്തെല്ലാം അത് സ്ഥാപിക്കുകയും ചെയ്യുക.

11KV ലൈൻ ആവശ്യമുള്ളിടത്തെല്ലാം അത് വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

## മാർക്കറ്റ്

മൊറയൂർ പഞ്ചായത്തിൽ മോങ്ങത്ത് പ്രവർത്തിക്കുന്ന ഒരു ആഴ്ച ചന്തയും, ഒരു കന്നുകാലി ചന്തയും ആണുള്ളത്. അവ ഈ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന കാർഷിക നാണ്യ വിളകളുടെ വിപണനത്തിന് മതിയാകുന്നില്ല. സഹകരണമേഖലയിലോ, പഞ്ചായത്ത് സമിതിയുടെ നിയന്ത്രണത്തിലോ മോങ്ങം, മൊറയൂർ എന്നിവിടങ്ങളിൽ ഓരോ ദിവസച്ചന്ത ആരംഭിക്കണം. ഇപ്പോഴത്തെ ആഴ്ചച്ചന്ത തന്നെ ഒന്നു വിപുലീകരിക്കണം. മത്സ്യം, മാംസം ഇവയുടെ ഉപഭോഗം ധാരാളമുള്ള ഒരു പഞ്ചായത്താണിത്. അതുകൊണ്ട് വൃത്തിയിലും ശുദ്ധമായും ഇവ ലഭിക്കുവാൻ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ആധുനിക മത്സ്യമാംസ മാർക്കറ്റിന് സാധ്യതയുണ്ട്. നിത്യോപയോഗസാധനങ്ങളുടെ വിലനിലവാരം ഒരു പഞ്ചായത്ത് സമിതി ഇടക്കിടെ അവലോകനം ചെയ്ത് അപ്പപ്പോൾ ഉചിതമായ നടപടികൾ സ്വീകരിക്കണം. ❑



# കുടിവെള്ളവും പൊതുജനാരോഗ്യവും

വ്യഷ്ഠി സമൃത പ്രദേശമായ മലബാറിലാണ് മൊറയൂർ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. എങ്കിലും വേനൽകാലത്ത് ജല ദൗർലഭ്യവും കുടിവെള്ള ക്ഷാമവും ഇവിടുത്തെ സ്ഥിരം പ്രശ്നമാണ്. കുന്നുകളും ചെരിവു പ്രദേശങ്ങളും, വയലുകളുമായി നിലകൊള്ളുന്ന പഞ്ചായത്ത് പരിധിയിൽ വറ്റുന്നതും വറ്റാത്തതുമായ 16 ചെറുകുളങ്ങളും 17 നീരുറവുകളുമുണ്ട്. കായൽ, പുഴ, വലിയ തോടുകൾ എന്നിവയൊന്നും പഞ്ചായത്തിലില്ല. മഴവെള്ളം കെട്ടി നിർത്തി ജല സ്രോതസ്സ് സംപുഷ്ടമാക്കാനുള്ള പദ്ധതികളും പഞ്ചായത്തിൽ ലഭ്യമല്ല. ജല ദൗലഭ്യത്തിന്റെ പ്രധാന കാരണവും ഇതൊക്കെതന്നെയാണ്.

പഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ മൂന്ന് ശുദ്ധജല വിതരണ പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്. TWSS അരിമ്പ്ര, TWSS മോങ്ങം, RWS മൊറയൂർ എന്നിവയാണത്. പഞ്ചായത്തിൽ മൊത്തം 103 പൊതുടാപ്പുകളും 280 സ്വകാര്യ കണക്ഷനുകളും ലഭ്യമാണ്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ 40% വീട്ടുകാരും പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നവരാണ്.

### ശുദ്ധജല സ്തോതസ്സുകൾ

| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | കുഴൽ കിണർ | ആകെ കിണറുകൾ |
|---|---|---|---|---|---|
| വെള്ളമുള്ളത് | വെള്ളമില്ലാത്തവ | വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തത് | | |
| 3 | 3 | 2600 | 600 | 9 | 3200 |

### ശുദ്ധ ജല പദ്ധതികൾ

TWSS അരിമ്പ്ര

TWSS മോങ്ങം

RWS മൊറയൂർ

### ജല സ്രോതസ്സുകൾ

| പൊതുടാപ്പുകൾ | സ്വകാര്യ കണക്ഷൻ |
|---|---|
| 103 | 280 |

### പഞ്ചായത്തിലെ കുടിവെള്ള ക്ഷാമ പ്രദേശങ്ങൾ

1. വാർഡ് ഒന്നിലെ ലക്ഷം വീട് കോളനിയിലും എലിയക്കോട് കോളനിയിലും ഏകദേശം 25 വീട്ടുകാർക്ക് വർഷം മുഴുവനും വെള്ളം ലഭിക്കുന്നില്ല. കൊറളിക്കാട്, കുന്നക്കാട്, മഞ്ഞളാം കുന്ന്, പാർലിൽ ഹരിജൻ കോളനി എന്നിവിടങ്ങളിൽ ഭാഗികമായി മാത്രമേ കുടിവെള്ളം ലഭിക്കുന്നുള്ളു. പലേക്കോട്, വെസ്റ്റ് ബസാർ, ചോലക്കൽ പാറയിൽ, നീലിയാം കുന്ന്, കടുങ്ങലാം കുന്ന്, പുളക്കതടം പ്രദേശങ്ങളിലും ആവശ്യത്തിന് ശുദ്ധജലം ലഭ്യമല്ല.

2. പുത്തൂർപാറ, കളത്തിപറമ്പ്, നരവത്ത്, എന്നീ താരതമ്യേന ഉയർന്ന പ്രദേശങ്ങളിൽ വെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്നു.
3. പൂന്തലപ്പറമ്പ് ലക്ഷം വീടുകളിലെ ഏകദേശം 75 കുടുംബങ്ങൾക്ക് ഭാഗികമായി മാത്രമേ വെള്ളം ലഭിക്കുന്നുള്ളൂ. പാലീരി കുന്നുമ്മൽ, കാർത്ത്യാൻകുന്ന്, പാലീരി പള്ള്യാളി, കുമ്മാളിപ്പറമ്പ്, മൂസാലിക്കുന്ന് കണ്ണാടിക്കുന്ന് എന്നിവിടങ്ങളിലും ശുദ്ധജല ക്ഷാമം രൂക്ഷമാണ്.
4. അയ്യാടം കുന്ന്, എരട്ടിക്കുന്ന്, പൂണക്കാട്, ഒസ്സാൻകുന്ന്, പുലിക്കോട്ട് ഹരിജൻ കോളനി, തവളപ്പാറ, പോത്തുവെട്ടിപ്പാറ എന്നിവിടങ്ങളിലും.
5. അഞ്ചാം വാർഡിലെ ഹിൽടോപ്പ്, മാങ്കൂത്ത് പറമ്പ് കോളനി, കോട്ടമ്മൽ, മലയംതൊടി കോളനി, കുടുമ്പിക്കൽ എന്നിവിടങ്ങളിലും.
6. ആറാം വാർഡിലെ താണിയാട്ടുപാറ, മൊറയൂർ അരിമ്പ്ര റോഡ് ഭാഗം, വാലഞ്ചേരി താഴെ ഭാഗം, ഇട്ടപ്പാട്ടു കോളനി, പറയൻ കുന്നത്ത് എന്നിവിടങ്ങളിലും.
7. ഏഴാം വാർഡിലെ വാക്കാം കുന്ന്, ഇരിമ്പനങ്ങാട്ട്, അഴുവളപ്പ്, കളരിക്കുന്ന്, വളരാട്ടുപാറ, ചെറുചോല, പൈക്കടാംകുന്ന്, പാലത്തിങ്ങൽ എന്നിവിടങ്ങളിലും.
8. എട്ടാം വാർഡിലെ തോട്ടേരിപ്പാറ, മൈലാടി, പാലാട്, പനങ്കൂത്ത് പറമ്പ്, തോരക്കാട്, അമ്പലക്കണ്ടി, മൂറിത്തോട് എന്നിവിടങ്ങളിലും
9. ഒമ്പതിലെ കളത്തുംപടി, പൂളക്കപ്പറമ്പ്, കാരാതോടം, പൂളതടം, കൊരങ്ങും കുഴി, തടപ്പറമ്പ്, തണ്ണീർകുഴി, ഭരണക്കുഴി എന്നിവിടങ്ങളിലും,
10. പത്താം വാർഡിലെ കാരനാട്ടു മുക്ക്, പനമ്പടിക്കൽ, അയങ്കയിൽ ഭാഗം, ചെരിക്കക്കാട് എന്നിവിടങ്ങളിലും
11. പതിനൊന്നിലെ കൂയിലംകുന്ന്, മലയതൊടി ഹരിജൻകോളനി, എളർപ്പറ്റ ഹരിജൻ കോളനി എന്നിവിടങ്ങളിലും വർഷത്തിൽ ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ശുദ്ധജലത്തിന് കടുത്ത ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

## പരിഹാര നിർദ്ദേശങ്ങൾ

1,2,3 - വാർഡുകളിലെ നിർദ്ദിഷ്ട മിനിവാട്ടർ സപ്ലൈ സ്കീം ഈ മൂന്ന് വാർഡുകളെ ഉദ്ദേശിച്ചുള്ളതാണെങ്കിലും ഒന്ന്, രണ്ട് വാർഡുകളിലേക്ക് എല്ലാ ആവശ്യക്കാർക്കും ശരാശരി 100 മീറ്റർ അകലെ വാട്ടർ ടാപ്പ് ലഭിക്കത്തക്ക വിധം പദ്ധതി സമ്പുഷ്ടമാക്കണം. താരതമ്യേന ഉയർന്ന പ്രദേശമായ മഞ്ഞളാം കുന്നിൽ സ്കീമിന്റെ ടാങ്ക് സ്ഥാപിക്കണം.

3-ാം വാർഡിലെ പൂന്തലപ്പറമ്പ് ലക്ഷം വീട് കോളനിയിൽ വെള്ളമെത്തിക്കാൻ നാലാം വാർഡിലെ കള്ളാടി മുക്കിലെ ചോല ഉപയോഗിപ്പെടുത്താവുന്നതാണ്. കൊളക്കുഴി പാടത്ത് ടാങ്ക് കെട്ടി പൈപ്പ് ലൈൻ വഴിയും വെള്ളമെത്തിക്കാവുന്നതാണ്. K.W.Aയുടെ നടപ്പിലുള്ള പൈപ്പ് ലൈൻ കളത്തിപ്പറമ്പ് നിന്നും നരവത്തേക്കും, പള്ളിമുക്ക് ഭാഗത്തേക്കും നീട്ടാവുന്നതാണ്. നരവത്ത് യു.പി. സ്കൂളിൽ നിർമിക്കാൻ പോകുന്ന വാട്ടർ ടാങ്കിൽ നിന്നും പൈപ്പ് ലൈൻ നീട്ടാൻ സാധിച്ചാർ പാലീരിക്കുന്നുമ്മൽ, കാർത്ത്യാനി കുന്ന്, പാലീരിപ്പള്ള്യാളി എന്നിവിടങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരമാകും.

അയ്യാടം കുന്ന്, എരട്ടിക്കുന്ന്, പൂണക്കാട്, ഒസ്സാൻ കുന്ന്, പുലിക്കോട്ടിൽ ഹരിജൻ കോളനി എന്നിവിടങ്ങളിലെ ശുദ്ധ ജലക്ഷാമം പരിഹരിക്കാൻ നിലവിലുള്ള പൈപ്പ് ലൈൻ അവിടങ്ങളിലേക്ക് കൂടി നീട്ടുകയോ, ഒരു കുഴൽക്കിണർ കുഴിച്ച് ടാങ്ക് കെട്ടി പുതിയ ലൈൻ സ്ഥാപിച്ചു വെള്ളമെത്തിക്കുകയോ ചെയ്യാവുന്നതാണ്.

5-ാം വാർഡിലെ ഹിൽടോപ്പ് ഭാഗത്തും, കോട്ടമ്മൽ ഭാഗത്തും വെള്ളമെത്തിക്കൻ കാവോട്ടു ഭാഗത്തുള്ള നീരുറവ ഉപയോഗപ്പെടുത്താവുന്നതാണ്. കീരങ്ങാട് ഭാഗത്ത് നിലവിലുള്ള കിണർ റിപ്പയർ ചെയ്താൽ പ്രശ്നം പരിഹരിക്കാം. മലയതൊടി ഹരിജൻ കോളനിയിലും, മാങ്കൂത്ത് കോളനിയിലും നിലവിലുള്ള പൊതു കിണറുകൾ റിപ്പയർ ചെയ്ത് പ്രശ്നം പരിഹരിക്കാവുന്നതാണ്. മണ്ണുങ്ങച്ചാലി, കീഴ്മുറി പ്രദേശങ്ങളിൽ പുതിയ കുഴൽ കിണർ നിർമിക്കേണ്ടതാണ്. കുടുംബിക്കലും, മാങ്കൂത്ത് പറമ്പിലും നിലവിലുള്ള പൈപ്പ് ലൈൻ 50 മീറ്റർ നീട്ടിയാൽ പ്രശ്നം പരിഹരിക്കാവുന്നതാണ്. കോളനി റോഡിലെ ഇസ്ലാമിക് നഴ്സറി പരിസരവാസികൾക്ക് നിലവിലുള്ള ലൈനിൽ ഒരു ടാപ്പ് കൂടി ഉൾപ്പെടുത്തിയാൽ മതിയാകും. താണിക്കൽ ബസാറിൽ ഒരു കുഴൽക്കിണർ കുഴിക്കേണ്ടതാണ്.

ആറാം വാർഡിൽ പാറക്കൽ പുറായിലുള്ള ടാങ്കിന് താഴെ താമസിക്കുന്നവർക്ക് നിലവിലുള്ള ലൈനിൽ ആറ് ടാപ്പുകൾ സ്ഥാപിച്ചാൽ പ്രശ്നം പരിഹരിക്കാം. വാലഞ്ചേരി പറയൻ കുന്നത്ത് വാസികളുടെ പ്രശ്നം പരിഹരിക്കാൻ പാറക്കൽ തൊടിയിലെ കിണറും അങ്ങാടിയിലെ പൊതുകിണറും നന്നാക്കി ഒരു ടാങ്ക് കെട്ടി പൈപ്പ് ലൈൻ വഴി ജലമെത്തിക്കാവുന്നതാണ്. അയ്യപ്പൻ കുളം, ഞണ്ടുകണ്ടി കുളം എന്നിവ നന്നാക്കി വെള്ളം ഉപയോഗപ്പെടുത്താവുന്നതാണ്.

വാലഞ്ചേരി പാടത്ത് ഒരു കുഴൽകിണർ അത്യാവശ്യമാണ്. പൂളിക്കലാം കുന്നത്ത് ഒരു കുഴൽകിണറും ഒരു മിനി വാട്ടർ സപ്ലൈ സ്കീമും പ്രശ്നപരിഹാരാർത്ഥം അനിവാര്യമാണ്.

ഏഴാം വാർഡിലെ വാക്കാംകുന്ന്, ഇരിമ്പനങ്ങോട്ട്, അഴുവളപ്പ്, കളരിക്കുന്ന്, വളരാട്ടുപാറ, ചെറുചോല, പൈക്കടാംകുന്ന്, GMLP സ്കൂൾ പരിസരം എന്നീ പ്രദേശങ്ങൾ പൂർണമായും ഉൾപ്പെടുത്താവുന്ന വിധം ഒരു മിനി വാട്ടർ സപ്ലൈ സ്കീം നടപ്പാക്കിയാലേ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുകയുള്ളൂ.

എട്ടാം വാർഡിൽ നിലവിലുള്ള കുഴൽ കിണറിലെ വെള്ളം ഉപയോഗപ്പെടുത്തി ഉയർന്ന പ്രദേശമായ കണ്ടൻകാളിൽ ഒരു ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ വഴി തോട്ടേരിപ്പാറ, മൈലാടി, പാലാട്ട്, പനങ്കൂത്ത് പറമ്പ്, തോരക്കാട്, അമ്പലക്കണ്ടി, മൂറിത്തോട് എന്നിവിടങ്ങളിലെ പ്രശ്നം പരിഹരിക്കാനാകും.

ഒമ്പതാം വാർഡിലെ നിലവിലുള്ള കാരാതടം മിനി വാട്ടർ സപ്ലൈ സ്കീം ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുകയും, ഓവർ ഹെഡ് ടാങ്ക് നിർമിക്കുകയും പൈപ്പ് ലൈൻ നീട്ടുകയും ചെയ്താൽ ഈ വാർഡിലെ പ്രശ്നത്തിനു പരിഹാരമാകും. സ്കൂൾ പടിക്കൽ, കളത്തും പടിയിലും ഒരു കുഴൽകിണർ ആവശ്യമാണ്. നിലവിലുള്ള ടാങ്ക് ഇലയും ചവറും വന്ന് അടിയാതെ സൂക്ഷിക്കുകയും, കുളിക്കാനും കഴുകാനും ഉപയോഗപ്പെടുത്തുന്നത് തടയേണ്ടതുമാണ്. കുരങ്ങൻ കുഴിയിൽ നിലവിലുള്ള കണർ റിപ്പയർ ചെയ്യുന്നത് ഈ പ്രദേശത്തെ പ്രശ്നത്തിന് പരിഹാരമായിരിക്കും.

10-ാം വാർഡിൽ നിലവിലുള്ള TWSS സ്കീമിൽ നിർമിക്കപ്പെട്ട ടാങ്കിൽ നിന്നും അനധികൃത പൈപ്പുകൾ വഴി വർദ്ധിച്ചതോതിൽ വെള്ളം ഉപയോഗപ്പെടുത്തുന്നതിനാൽ ടാങ്ക് നിറയാതിരിക്കുകയും, ഉയർന്ന പ്രദേശങ്ങളിലേക്ക് വെള്ളം ലഭിക്കാതിരിക്കുകയും ചെയ്യുന്നതിന് പരിഹാരം കാണണം. ഒന്നോ, രണ്ടോ വാൾവുകൾ യോജിച്ച പോയിന്റിൽ ഘടിപ്പിക്കുകയോ അനധികൃത പൈപ്പ് ലൈൻ ഒഴിവാക്കുകയോ ചെയ്യേണ്ടതാണ്. കക്കാടമ്മൽ പ്രദേശത്തേക്ക് 100 മീറ്റർ പൈപ്പ് ലൈൻ നീട്ടിയാൽ പ്രശ്നം പരിഹരിക്കാം. നെച്ചിത്തടത്തിലും, ചെരിക്കക്കാട്ടും കാരനാട്ടും കുഴൽകിണറുകൾ കുഴിച്ചാൽ പ്രശ്നപരിഹാരമാകും.

പതിനൊന്നാം വാർഡിൽ നിലവിലുള്ള ടാങ്കിൽ നിന്ന് കുയിലംകുന്ന് പ്രദേശത്തിന്റെ ഇരുഭാഗങ്ങളിലേക്കും പുതുതായി പൈപ്പ് ലൈൻ സ്ഥാപിക്കുകയും, മോങ്ങം മലയത്തൊടി കോളനിയിലേക്കും, എളർപ്പറ്റ ഹരിജൻ കോളനിയിലേക്കും പൈപ്പ് ലൈൻ നീട്ടിയും പാലക്കാട് റോഡ് ജംഗ്ഷനിൽ പൈപ്പിന് വാൾവ് സമ്പ്രദായം ഏർപ്പെടുത്തിയും, കിണർ കുഴിക്കാൻ സഹായം ഏർപ്പെടുത്തുകയും ചെയ്താൽ ഈ പ്രദേശത്തെ പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിക്കാവുന്നതാണ്. ഈ വാർഡിലെ മോങ്ങം ചക്കുമ്പുറം ഭാഗത്തേക്കും, താഴെ മോങ്ങത്ത് നിന്ന് അതിയാരത്ത് പറമ്പിലേക്കും മോങ്ങം കുയിലം കുന്ന് ഭാഗത്ത് നിന്ന് കിളിക്കോട്ട് തൊടി ഭാഗത്തേക്കും, മുക്കൻ കോളനിയിലേക്കും പൈപ്പ് ലൈൻ നീട്ടുകയും കിളിയംതൊടു കോളനിയിൽ ഒരു കുഴൽകിണർ കുഴിക്കുകയും ചെയ്യുക.

## പൊതുവായ നിർദ്ദേശങ്ങൾ

മഴവെള്ളം നഷ്ടപ്പെടാതിരിക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുക. നിലവിലുള്ള ജലസ്രോതസ്സുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക. ഉപയോഗശൂന്യമായവ ഉപയോഗ്യമാക്കുക. നിലവിലുള്ള ടാപ്പുകൾ കുളിക്കാനും, വാഹനം കഴുകാനും മറ്റും ദുരുപയോഗപ്പെടുത്തുന്നത് തടയുക. പൊട്ടിക്കിടക്കുന്ന പൈപ്പുകളെ സംബന്ധിച്ച് അധികാരികൾക്ക് അറിയിപ്പ് നൽകുക. കേടുവന്ന ടാപ്പുകൾ നന്നാക്കുക. നിലവിലുള്ള ജലപദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിച്ചാൽ പഞ്ചായത്തിലുണ്ടാകുന്ന കുടിവെള്ള ക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണാവുന്നതാണ്.

പഞ്ചായത്തിൽ നടപ്പാക്കാൻ പോകുന്ന വാട്ടർ അതോറിറ്റിയുടെ മിനിവാട്ടർ സ്കീമിന് സ്ഥലം വിട്ടുകൊടുക്കാൻ ഒന്നാം വാർഡുകാർ തയ്യാറാണ്. ഇതിന്റെ എല്ലാ തടസ്സങ്ങളും നീക്കി പൊതുജന പങ്കാളിത്തത്തോടെയും, സന്നദ്ധ സംഘങ്ങളുടെ സഹകരണത്തോടെയും അത് നടപ്പാക്കിയാൽ ജലക്ഷാമ പ്രശ്നം ഒരളവു വരെ പരിഹരിക്കാം.

## വിജയം കണ്ടെത്തിയ ചില പ്രവർത്തനങ്ങൾ

തവളപ്പാറ കാരാതടം ഭാഗം വെള്ളം കിട്ടാൻ ബുദ്ധിമുട്ടിയപ്പോൾ ഈ പ്രദേശത്തുകാർ ഒത്തൊരുമിച്ച്, വാട്ടർ അതോറിറ്റിയും, മറ്റു ചിലരുമായി ബന്ധപ്പെട്ടു ഒരാഴ്ച കൊണ്ട് 1500 മീറ്ററോളം ട്രഞ്ച് കീറി പൈപ്പിട്ട് ഈ പ്രദേശത്ത് വെള്ളമെത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനത്തിലൂടെ പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും വെള്ളമെത്തിക്കാൻ സാധിക്കുമെന്ന് തെളിയിച്ചിരിക്കുകയാണ്. ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ

സന്നദ്ധ സംഘടനകളെ കൂട്ടിയിണക്കേണ്ടത് അത്യാവശ്യമാണ്.

### ചാലിയാർ പദ്ധതി

CARWSS to Areecode and adjoining villages എന്ന പേരിൽ മൊറയൂർ, പൂക്കോട്ടൂർ, പൂൽപറ്റ, കാവന്നൂർ എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തി ചാലിയാറിൽ നിന്ന് വെള്ളമെടുത്ത് മേൽപറഞ്ഞ പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിക്ക് 1994-ൽ സർവ്വേ പൂർത്തിയാക്കി റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. ഈ സ്കീം അടുത്ത ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി പണി പൂർത്തിയാക്കിയാൽ മാത്രമേ പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കുകയുള്ളൂ.

മേൽ പദ്ധതികൾ എല്ലാം നടപ്പിലാക്കി എല്ലാ വീട്ടുകാർക്കും ഹൗസ് കണക്ഷൻ നൽകുകയും അവരിൽ നിന്ന് ചെറിയ സംഖ്യ ഈടാക്കുകയും ചെയ്താൽ പഞ്ചായത്തിന് സാമ്പത്തിക നേട്ടവും പൊതുജനങ്ങൾക്ക് കുടിവെള്ളവും ലഭിക്കുന്നതാണ്. അതിനുവേണ്ടി എല്ലാവരുടേയും ഒത്തൊരുമ അത്യാവശ്യമാണ്.

## പൊതുജനാരോഗ്യം

മൊറയൂർ പഞ്ചായത്തിലെ ആരോഗ്യചികിത്സാരംഗത്ത് ഇനിയും ശാസ്ത്രീയമായ ഒട്ടനവധി മാറ്റങ്ങൾ അനിവാര്യമാണ്. കോളറ, മലമ്പനി, വസൂരി തുടങ്ങിയ പകർച്ചവ്യാധികളും, മാറാവ്യാധികളും വിട്ടുമാറാതെ പിടികൂടിയിരുന്ന ഒരു കാലഘട്ടത്തിൽ ആധുനിക ചികിത്സ സമ്പ്രദായം അന്യമായിരുന്ന ഇവിടുത്തുകാർ സ്വാഭാവികമായും പഴയ ചികിത്സാരീതികളായിരുന്നു അവലംബിച്ചിരുന്നത്. ജനജീവിതം ദുരിതത്തിലാക്കിയ ഈ രോഗങ്ങളെ നാടുകടത്താൻ നടന്നു നേർച്ചകളും, റാത്തീബുകളും, വഴിപാടുകളും നടത്തിപ്പോന്നിരുന്നു.

അതിനിടയ്ക്ക് അന്നത്തെ അംശം അധികാരിയായിരുന്ന കോടിത്തൊടിക അഹമ്മദുകുട്ടി ഹാജി മദ്രാസ്സിൽ അധികാരികളുടെ മുമ്പിൽ ഈ ദുര്യോഗത്തിന്റെ പട്ടിക നിരത്തിയപ്പോൾ ഇറ്റലിയിൽ നിന്നും മരുന്നെത്തിച്ചു നാട്ടിൻപുറങ്ങളിൽ കൊതുകു ശല്യത്തേയും രോഗാണുക്കളെയും നശിപ്പിക്കാൻ നടപടി സ്വീകരിച്ചു. തുടക്കത്തിൽ ഒത്തിരി ആശങ്കയോടെ അറച്ചു നിന്നെങ്കിലും ഫലം കണ്ടുതുടങ്ങിയപ്പോൾ ജനങ്ങൾ ആത്മാർത്ഥമായി സഹകരിക്കാൻ തുടങ്ങി.

അക്കാലത്ത് ചികിത്സക്കായി നാട്ടു വൈദ്യന്മാരെയും, ആയുർവേദ ചികിത്സകരേയുമായിരുന്നു സമീപിച്ചിരുന്നത്. ആധുനിക ചികിത്സാരീതിയുടെ ഒരു സൗകര്യവും ലഭിക്കാതിരുന്നത് കൊണ്ട് അതല്ലാതെ മറ്റു വഴികളില്ലായിരുന്നു.

പിന്നീട് ചികിത്സാരംഗത്ത് പല മാറ്റങ്ങളുമുണ്ടായി. അലോപ്പതി ചികിത്സക്ക് ദൂരെയുള്ള പ്രദേശങ്ങളെയായിരുന്നു ആശ്രയിച്ചിരുന്നത്. ഗതാഗതസൗകര്യങ്ങൾ കുറവായിരുന്ന അക്കാലത്ത് മറ്റു പ്രദേശങ്ങളെ ആശ്രയിക്കുകയെന്നത് ശ്രമകരം തന്നെയായിരുന്നു.

പഞ്ചായത്തിൽ ആദ്യമായി സ്ഥാപിതമായ ആരോഗ്യകേന്ദ്രം 1968-ൽ അരിമ്പ്രയിൽ സ്ഥാപിച്ച ഗവ. ഹോമിയോ ഡിസ്പെൻസറിയായിരുന്നു. ഇന്ന് മൊറയൂരിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററും അതിന് കീഴിൽ നാലു സബ്സെന്ററുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്വകാര്യമേഖലയിൽ കിടത്തി ചികിത്സിക്കുന്ന രണ്ട് ആശുപത്രികൾ, മൂന്ന് ഡിസ്പെൻസറികൾ, രണ്ടു ആയുർവേദ ക്ലിനിക്കുകൾ, ഏഴു പാരമ്പര്യ ചികിത്സാ കേന്ദ്രങ്ങൾ എന്നിവയും ചികിത്സാരംഗത്ത് പ്രവർത്തിച്ചുവരുന്നു. പക്ഷെ ഇവയെല്ലാം പഞ്ചായത്തിന്റെ പ്രധാനകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നതുകൊണ്ട് ഉൾപ്രദേശങ്ങളിലുള്ളവർക്ക് വേണ്ടത്ര പ്രയോജന പ്രദമാണെന്ന് പറഞ്ഞുകൂടാ.

ഇവിടെ 1995-ലെ കണക്കു പ്രകാരം 1200 ജലജന്യ രോഗങ്ങളും, 450 വായു ജന്യ രോഗങ്ങളും 3948 വാത സംബന്ധമായ രോഗങ്ങളും 6348 ത്വക്ക് സംബന്ധമായ രോഗങ്ങളും 412 ജന്തുജന്യരോഗങ്ങളും 9 കുഷ്ഠരോഗികളും, ക്ഷയരോഗം ബാധിച്ചവരായി 10 പേരും ഉള്ളതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. ഈ പഞ്ചായത്തിലെ ജനന നിരക്ക് 327യും, മരണം 65ഉം ആണ്. മരണനിരക്ക് കിഴിച്ച് പഞ്ചായത്തിലെ ആകെ ജനസംഖ്യ ഇപ്പോൾ 28116 ആണ്.

പഞ്ചായത്തിൽ ഗവ: തലത്തിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളില്ലാത്ത കാരണത്താൽ വിദഗ്ദ്ധ ചികിത്സക്കായി മഞ്ചേരി ജില്ലാ ആസ്പത്രിയെയോ, മലപ്പുറം ഗവ: ഹോസ്പിറ്റലിനേയോ ആണ് ജനങ്ങൾ ആശ്രയിക്കുന്നത്. പിന്നീടുള്ള സ്വകാര്യ ആശുപത്രിയിലെ ചികിത്സ പണത്തിനെ ആശ്രയിക്കുന്നതു മൂലം സാധാരണക്കാർ ബുദ്ധിമുട്ടുന്നു. ഗ്രാമപഞ്ചായത്തിലെ നിർദ്ദേശങ്ങളനുസരിച്ചു പഞ്ചായത്തിൽ തന്നെ ആധുനിക സൗകര്യങ്ങളുള്ള ഒരാശുപത്രിക്ക് വളരെ ഊന്നൽ നൽകുന്നു. മൊറയൂർ ഗ്രാമപഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതു സ്ഥാപനങ്ങളാണ് താഴെ കൊടുക്കുന്നത്.

പഞ്ചായത്തിലെ സർക്കാർ ആശുപത്രിയുടെ കണക്കുകൾ താഴെ ചേർക്കുന്നു.

| നമ്പ്ര് | സ്ഥാപനം | വാർഡ് | ജീവനക്കാരുടെ എണ്ണം | സ്ഥാപനപ്രശ്നങ്ങൾ |
|---|---|---|---|---|
| 1 | PHC മൊറയൂർ | VI | 19 | സ്ഥിരം |
| 2 | സബ്സെന്റർ ഒഴുക്കൂർ | II | 1 | സ്ഥിരം കെട്ടിടമില്ല. |
| 3 | സബ്സെന്റർ | VII | 1 | സ്ഥിരം |
| 4 | " മൊറയൂർ | VI | 1 | " |
| 5 | ഗവ: ഹോമിയോ ഡിസ്പെൻസറി | IX | 3 | സ്ഥിരം കെട്ടിടമില്ല |

| | |
|---|---|
| പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ | 4 |
| ഗവ: ഹോമിയോ ഡിസ്പെൻസറി | 1 |

ആരോഗ്യ രക്ഷക്ക് രോഗം വന്ന ശേഷമുള്ള ചികിത്സയല്ല വേണ്ടത്. രോഗം വരാതിരിക്കാനുള്ള ബോധവൽക്കരണമാണ്. അതിന് സന്നദ്ധ സംഘടനകൾക്കും. മറ്റു ആരോഗ്യപ്രവർത്തകൾക്കും ഇക്കാര്യത്തിൽ ശരിയായ കർത്തവ്യം നിർവ്വഹിക്കാനുണ്ട്.

പൊതുജനാരോഗ്യ സ്ഥാപനങ്ങളിലെ മരുന്ന്, സ്റ്റാഫ് എന്നിവയുടെ അഭാവം മൂലമാണെന്ന് പറയാം. ജനങ്ങൾ സ്വകാര്യ ആശുപത്രികളെ അഭയം തേടുന്നത്, പക്ഷെ ഇത്തരം ആശുപത്രികളിൽ ഭീമമായ തുകയടച്ചു ചികിത്സിക്കാൻ സാധാരണക്കാർക്കുള്ള പ്രയാസം വിവരിക്കേണ്ടിതില്ലല്ലോ.

## കക്കൂസ്

പൊതുജനാരോഗ്യത്തെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ മോശമല്ലാത്ത സ്ഥാനമാണ് കക്കൂസുകൾക്കുള്ളത്. പണ്ടു കാലത്ത് ജനങ്ങൾ മലമൂത്ര വിസർജനത്തിന് ഒഴിഞ്ഞ പറമ്പുകളായിരുന്നു ഉപയോഗിച്ചിരുന്നത്. ജനസാന്ദ്രത കൂടി വന്നപ്പോൾ ഒഴിഞ്ഞ സ്ഥലങ്ങൾ ഇല്ലാതെയായി. തുറസ്സായ സ്ഥലങ്ങളിൽ വിസർജ്ജനം നടത്തുക വഴി ഉണ്ടാകാവുന്ന രോഗങ്ങൾ പലതാണ്. ഇന്ന് പഞ്ചായത്തിൽ മൊത്തം 4073 വീടുകളിൽ 2773 കുടുംബങ്ങൾക്കാണ് കക്കൂസ് ഉള്ളത്. അതായത് 1300ഓളം കക്കൂസുകൾ ഇനിയും നിർമ്മിക്കപ്പെടേണ്ടിയിരിക്കുന്നു. കക്കൂസില്ലാത്ത വീടുകളിൽ താമസിക്കുന്നവർക്കിടയിൽ വയറിളക്കം, വിരശല്യം എന്നിവ താരതമ്യേന കൂടുതലായി കാണുന്നു. ആരോഗ്യരംഗത്തെ ഈ പിന്നോക്കാവസ്ഥ ജില്ലയെ മൊത്തത്തിൽ ബാധിച്ചിട്ടുള്ള പിന്നോക്കാവസ്ഥയുടെ തുടർച്ചയാണെന്ന് കാണാം.

ആരോഗ്യകാര്യത്തിൽ മലപ്പുറം തിരുവനന്തപുരം ജില്ലകൾ തമ്മിലുള്ള താരതമ്യപഠനം.

29.47 ലക്ഷം ജനസംഖ്യയുള്ള തിരുവനന്തപുരം ജില്ലയിലെ ആശുപത്രികളിൽ ഒരു ലക്ഷം ജനങ്ങൾക്ക് 225 ബെഡുകൾ എന്ന തോതിൽ ആകെ 6640 ബെഡുകളുള്ളപ്പോൾ 30.96 ലക്ഷം ജനങ്ങളുള്ള മലപ്പുറം ജില്ലയിൽ ആകെ 2105 ബെഡുകളേയുള്ളു. തിരുവനന്തപുരത്തോടൊപ്പമെത്താൻ തന്നെ ഇനിയും 4535 ബെഡുകൾ വേണം. ജനസംഖ്യാടിസ്ഥാനത്തിലാണെങ്കിൽ 6966 ബെഡുകൾ ആവശ്യമാണ്. വർഷങ്ങളായുള്ള അവഗണനയുടെ ദുരന്തഫലമാണ് ആരോഗ്യരംഗത്തെ മലപ്പുറം ജില്ലയുടെ ഈ പിന്നോക്കാവസ്ഥ. അതുകൊണ്ട് മലപ്പുറം ജില്ലയുടെ ആരോഗ്യ, ചികിത്സാരംഗത്തുള്ള പിന്നോക്കാവസ്ഥ മാറ്റിയെടുക്കാനാവശ്യമായ നടപടി അധികൃതരുടെ ഭാഗത്തു നിന്നുണ്ടാകേണ്ടതാണ്.

## പ്രശ്നങ്ങൾ

വിവിധ വാർഡുകളിലെ വിശേഷാൽ ഗ്രാമസഭികളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രശ്നപരിഹാരങ്ങളാണ് താഴെ ചേർക്കുന്നത്.

- ആരോഗ്യരംഗത്തെ ബോധവൽക്കരണം വേണ്ടത്ര നടക്കുന്നില്ല.
- നിലവിലുള്ള പ്രാഥമികാരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളും ആധുനിക ഉപകരണങ്ങളുമില്ല. മൊറയൂർ PHCയിൽ ചികിത്സാ സൗകര്യങ്ങൾ കാര്യക്ഷമമല്ല. ആധുനിക സൗകര്യങ്ങളില്ല. ആരോഗ്യത്തിന് ഹാനികരമാം വിധം അങ്ങാടി പ്രദേശങ്ങളിൽ അറവുശാലകളും, മത്സ്യക്കച്ചവടവും നടക്കുന്നു.
- റോഡരുകിലുള്ള ഓവ് ചാലുകൾ നിറഞ്ഞതുമൂലം കൊതുകുകൾ പെറ്റു പെരുകുന്നു. എല്ലാ ആശുപത്രികളിലും ഫോൺ സൗകര്യങ്ങളില്ല. നിലവാരം കുറഞ്ഞതും. നിരോധിച്ചതുമായ മരുന്നുകൾ കടകളിലൂടെ വിൽക്കപ്പെടുന്നു. ജനസമ്പർക്കമുള്ള സ്ഥലങ്ങളിൽ മൂത്രം വിസർജ്ജിക്കപ്പെടുന്നു.
- ഹോട്ടലകുളിൽ പഴകിയതും വൃത്തി ഹീനവുമായ ഭക്ഷണ പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നു.

## പരിഹാര നിർദ്ദേശങ്ങൾ

- ആരോഗ്യ കേന്ദ്രത്തിലെ ഫീൽഡ് വർക്കർമാരും സന്നദ്ധ സംഘടനകളും ചേർന്നു ബോധവൽക്കരണം നടത്തുക. സ്കൂളുകളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് സെമിനാറുകൾ സംഘടിപ്പിക്കുക.
- നിലവിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ മുഴുവൻ സമയവും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക. ആശുപത്രിയിൽ ഒരു ലേഡീ ഡോക്ടറെ നിയമിക്കുക. ആശുപത്രിക്ക് ആധുനിക ചികിത്സാ ഉപകരണങ്ങളും വാഹനങ്ങളും ഏർപ്പെടുത്തുക. പാരാമെഡിക്കൽ കോഴ്സുകൾക്കായുള്ള ഒരു സ്ഥാപനം പഞ്ചായത്തിൽ സ്ഥാപിക്കുക. അങ്ങാടികളിൽ നിന്ന് മാറി മത്സ്യ, മാംസ മാർക്കറ്റുകൾ സ്ഥാപിക്കുക.
- അഴുക്കുചാൽ ഇടയ്ക്കിടക്ക് വൃത്തിയാക്കി ചപ്പു ചവറുകൾ നീക്കം ചെയ്യുക. ഈ കാര്യത്തിൽ സന്നദ്ധ സംഘടനകൾക്ക് കാര്യമായി പ്രവർത്തിക്കാൻ സാധിക്കും. അങ്ങാടികളിൽ പൊതു കക്കൂസ് നിർമിക്കുക. ലൈസൻസുള്ള മെഡിക്കൽ സ്റ്റോറുകളിലൂടെയല്ലാതെയുള്ള മരുന്നു വിൽപ്പന തടയുക. എല്ലാ ആശുപത്രികളിലും ഫോൺ സൗകര്യം ഏർപ്പെടുത്തുക.
- ഫുഡ് ഇൻസ്പെക്ടർമാർ ഇടക്കിടക്ക്ഹോട്ടലുകൾ പരിശോധിച്ച് ഭക്ഷണസാധനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുക. വർഷകാലങ്ങളിലും, വേനൽക്കാലങ്ങളിലും പകർച്ചവ്യാധികൾ പിടിപെടാതിരിക്കാൻ വേണ്ടി കിണറുകളിൽ ക്ലോറിനേഷനും, ഈച്ച നശീകരണവും ഫലപ്രദമായി നടത്തുക.
- ശുചീകരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ജീവനക്കാരെ നിയമിക്കുക. വെള്ളം കെട്ടി നിൽക്കുന്ന സ്ഥലത്ത് മണ്ണെണ്ണയും DDT യും അടിക്കുക.
- മൊറയൂർ PHC ചുരുങ്ങിയത് 50 ബെഡുകളുള്ള ആശുപത്രിയായി ഉയർത്തുക. കൂടാതെ മൊറയൂർ, അരിമ്പ്ര, ഒഴുകൂർ, മോങ്ങം എന്നിവിടങ്ങളിലെ സബ് സെന്ററുകൾക്ക് കെട്ടിടവും, ആവശ്യമായ സ്റ്റാഫിനേയും നിയമിക്കുക. ഗർഭിണികൾക്കും, കുട്ടികൾക്കുമുള്ള പോഷക ആഹാരവിതരണം കാര്യക്ഷമമാക്കുക. ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തുക. സോഷ്യൽ സേഫ്റ്റിനെറ്റ് സ്കീമിൽ ഒരു മേറ്റേണിറ്റി വാർഡ് പണിയുക. പഞ്ചായത്തിൽ ഡി അഡിക്ഷൻ സെന്ററുകൾ തുറക്കുക.
- അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായകളെ നശിപ്പിക്കുകയും, വളർത്തു നായ്ക്കൾക്ക് കുത്തിവെയ്പ് നടത്തുകയും ചെയ്യുക. പേ, വിഷ മരുന്നുകൾ ലഭ്യമാക്കുക.
- രണ്ടോ മൂന്നോ പഞ്ചായത്തുകൾ ചേർന്നോ, സ്വന്തമായോ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ചപ്പു ചവറുകളും അഴുക്കുകളും സംസ്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. അതിനാവശ്യമായ വാഹനവും സ്റ്റാഫിനേയും ഏർപ്പെടുത്തുകയും ചെയ്യുക.
- സർക്കാർ സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പബ്ലിസിറ്റി വിഭാഗത്തിന്റെ വീഡിയോ സ്ലൈഡ് മാധ്യങ്ങൾ വഴി ബോധവൽക്കരണം ഊർജ്ജിതപ്പെടുത്തിയും രോഗ പ്രതിരോധ രംഗത്തെ പ്രവർത്തനം ശക്തമാക്കിയും പഞ്ചായത്തിലെ മുഴുവനാളുകൾക്കും കക്കൂസ് നൽകിയും, മറ്റു കാര്യങ്ങൾ പ്രാവർത്തികമാക്കിയും ആരോഗ്യരംഗം സജീവമാക്കാവുന്നതാണ്. രോഗം പകരാതിരിക്കാൻ ശ്രദ്ധിച്ചുകൊണ്ട് ചെയ്തു രോഗമുക്തമായ ഒരു പഞ്ചായത്തായി മൊറയൂരിനെ നിലനിർത്തുക. -----



# വിദ്യാഭ്യാസം

പടിപ്പുരകളിലേയും ഓത്തുപള്ളികളിലേയും എഴുത്തച്ഛന്മാരിലും മൊല്ലാക്കമാരിലും തുടങ്ങിയ മൊറയൂർ പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിന് ഏതാണ്ട് ഏഴര പതിറ്റാണ്ടിന്റെ ചരിത്രമാണുള്ളത്.

1920-ന് മുമ്പ് പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളുണ്ടാവാതെ പോയതിന്റെ കാരണം തീർത്തും ചരിത്രപരമായിരുന്നു.

ഏതാണ്ട് നൂറോളം കലാപങ്ങൾക്ക് നേതൃത്വം നൽകിയ കുടിയാന്മാരുടെയും കർഷകരുടേയും നാടെന്ന നിലയിൽ മലബാറിലേക്ക് വിദ്യാഭ്യാസസ്ഥാപനങ്ങൾ കൊണ്ട് വരുന്നതിലേറെ പട്ടാള കേമ്പുകൾ സ്ഥാപിക്കുന്നതിലായിരുന്നു ബ്രിട്ടീഷ് ഭരണാധികാരികൾ കൂടുതൽ താല്പര്യം കാണിച്ചിരുന്നത്.

അതോടൊപ്പം ബ്രിട്ടീഷ് വിരോധം അതിര് കടന്നതോടെ അവരുടെ ഭാഷയോടും അവർ കൊണ്ടുവരുന്ന ഏതൊരു പുതിയ സംരഭത്തോടും വിരോധം വെച്ചുപുലർത്തിയതുകൊണ്ട്, ബ്രിട്ടീഷ് ഭരണകൂടം വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ട് വന്നാൽ തന്നെ അതിനെ സ്വീകരിക്കാൻ മലബാർകാരുടെ മനസ്സ് പാകമായിരുന്നില്ല. അതുകൊണ്ടായിരിക്കാം പഞ്ചായത്തിലെ ജന്മി ഭൂവുടമകളുടെ ഭാഗത്ത് നിന്ന് ആദ്യകാലങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളാരംഭിക്കുന്നതിനുള്ള ശ്രമങ്ങളുണ്ടാവാതെ പോയത്.

1921-ലെ മലബാർ സമരത്തിനുശേഷം മലബാർകാരുടേയും ഭരണാധികാരികളുടേയും മനസ്സിൽ കാര്യമായ മാറ്റങ്ങൾ കാണാൻ തുടങ്ങി. വിദ്യാഭ്യാസ, സാംസ്കാരിക പ്രവർത്തനത്തിലൂടെ മാത്രമെ മലബാറിലെ കുടിയാന്മാരുടേയും കർഷകരുടേയും മനസ്സിൽ നിന്ന് ആക്രമണ വാസനയും വിപ്ലവവീര്യവും ഇല്ലാതാക്കാൻ കഴിയുകയുള്ളൂവെന്ന ബ്രിട്ടീഷ് ഭരണത്തിന്റെ തിരിച്ചറിവ് തന്നെയാണ് വിദ്യാഭ്യാസപുരോഗതിക്ക് നിദാനമാകുന്നത്. അതിനോടൊപ്പം സാമൂഹ്യ, സാംസ്കാരിക നായകന്മാരുടെ ബോധവത്കരണവും സജീവമായതോടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സ്വീകരിക്കാൻ സമൂഹം തയ്യാറായി.

അങ്ങിനെയാണ് മതപഠനകേന്ദ്രങ്ങളായിരുന്ന ഓത്ത് പള്ളികൾ ഏകാധ്യാപക സ്കൂളുകളായി മാറിയത്. അതിന് ഈ പഞ്ചായത്തിൽ നേതൃത്വം കൊടുത്തിരുന്നത് അക്കാലത്തെ മതപണ്ഡിതന്മാരായ 'മൊല്ലാക്ക' മാരായിരുന്നു.

മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ ആവിർഭാവത്തോടെയാണ് മൊറയൂർ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങൾസ്ഥാപിതമായി തുടങ്ങിയത്.

പഞ്ചായത്തിലെ ആദ്യത്തെ ഔപചാരികവിദ്യാലയം 1924-ൽ മോങ്ങത്ത് സ്ഥാപിതമായ മാപ്പിള സ്കൂളായിരുന്നു. അതിന്റെ പിന്നിൽ പ്രവർത്തിച്ച സി.കെ. ആലിഹാജി, സി.വീരാൻമൊല്ല, ടി.പി. അയമുഹാജി എന്നിവരുടെ പേരുകൾ സ്മരണീയമാണ്. തുടർന്ന് മൊറയൂർ വാലഞ്ചേരിൽ 1926-ൽ ഒരു ഹിന്ദു ബോർഡ് സ്കൂളും സ്ഥാപിതമായി. അതിന്റെ സ്ഥാപകൻ മൊറയൂരിലെ ശ്രീധരൻ മൂസ്സതായിരുന്നു.

ഇതേ കാലത്ത് തന്നെയാണ് ഒഴുകൂരിൽ 'കുട്ട്യാലി മൊല്ലാക്ക'യുടെ നേതൃത്വത്തിൽ മാപ്പിള എയിഡഡ് സ്കൂൾ ആരംഭിച്ചത്. അതിന്റെ മാനേജർ സ്ഥാനം പിന്നീട് ഏറ്റെടുത്ത് നടത്തിയത് പുളിക്കൽ അഹമ്മദ് കുട്ടി മൊല്ലയായിരുന്നു. ചില പ്രാദേശിക പ്രശ്നത്തിന്റെ പേരിൽ ഈ സ്കൂൾ മുടങ്ങിപ്പോയെങ്കിലും, വൈകാതെ വാളാപറമ്പൻ ഏനിക്കുട്ടി കൊടുത്ത സ്ഥലത്ത് ഞാറക്കോടൻ മോതി ഹാജി സ്കൂൾ പുനരാരംഭിച്ചു. അതാണ് ഒഴുകൂരിലെ ഇന്നത്തെ എ.എം.എൽ.പി. സ്കൂൾ.

1926-ൽത്തന്നെ മൊറയൂരിലും, മൊറയൂർ കീഴ്മുറിയിലും അരിമ്പ്രയിലും, ഓരോ മാപ്പിള ബോർഡ് സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. അവയുടെ പിന്നിൽ പ്രവർത്തിച്ച കോടിത്തൊടിക അഹമ്മദ്കുട്ടിഹാജി, പൂക്കോടൻ കുഞ്ഞാലിഹാജി, ചിറ്റങ്ങാടൻ മൊയ്തീൻ ഹാജി, അരിമ്പ്രയിലെ മനങ്ങറ്റ മൊയ്തുട്ടി എന്നിവരുടെ പേരുകൾ സ്മരണീയമത്രെ.

പഞ്ചായത്തിലെ പ്രഥമ ഹൈസ്കൂളായ 'വീരാൻഹാജി മെമ്മോറിയൽ ഹൈസ്കൂൾ' മൊറയൂരിൽ സ്ഥാപിക്കപ്പെട്ടത് 1946-ലാണ്. തന്റെ സ്വത്തിന്റെ സിംഹഭാഗവും നാടിന്റെയും സമൂഹത്തിന്റെയും വിദ്യാഭ്യാസ, സാംസ്കാരിക പുരോഗതിക്ക് സദയം സമർപ്പിച്ച കോടിത്തൊടിക വീരാൻ ഹാജിയുടെ നാമധേയത്തിൽ രൂപീകരിച്ച 'വീരാൻഹാജി ധർമ്മ പരിപാലന സംഘ'ത്തിന്റെ കീഴിലാണ് ഹൈസ്കൂൾ ആരംഭിച്ചത്. ഈ സ്ഥാപനത്തിൽ നിന്ന് 1949-ൽ പുറത്തിറങ്ങിയ ആദ്യത്തെ ബാച്ചിൽ എട്ട് കുട്ടികൾ പരീക്ഷക്കിരുന്നതിൽ 2 പേർ മാത്രമാണ് വിജയിച്ചത്. അതിൽ ഒരാൾ ഫിനാൻസ് ഓഫീസറായി റിട്ടയർഡ് ചെയ്ത സി.കെ. മുഹമ്മദലി ഹാജിയും മറ്റൊരാൾ കൊണ്ടോട്ടിയിലെ ഓടക്കൽ മുഹമ്മദുമാണ്.

കോടിത്തൊടിക അഹമ്മദ് കുട്ടിഹാജി എന്ന വിദ്യാതൽപരനാണ് മൊറയൂർ ഹൈസ്കൂളിന്റെ ശില്പിയും ഒന്നാമത്തെ മാനേജറും.

മൊറയൂർ ഹൈസ്കൂൾ ആരംഭിക്കുന്നതിന് മുമ്പ് പഞ്ചായത്തിലെ വിദ്യാർത്ഥികൾ ഉപരിപഠനത്തിനാശ്രയിച്ചിരുന്നത് 8-ാം ക്ലാസ്സോട് കൂടിയ നെടിയിരുപ്പ് ഡി.എം.ആർ.ടി. യു.പി. സ്കൂൾ, കൊണ്ടോട്ടി ജി.യു.പി. സ്കൂൾ, ഫറോക്ക് ഗണപതി സ്കൂൾ, മഞ്ചേരി ഹൈസ്കൂൾ, മലപ്പുറം ഗവ: മാപ്പിള ഹൈസ്കൂൾ എന്നിവയായിരുന്നു. 1948-ൽ മോങ്ങത്തെ ലോവർ പ്രൈമറി സ്കൂൾ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടു.

1956-ൽ കേരള സംസ്ഥാന രൂപീകരണത്തിനുശേഷം കേരളത്തിൽ വിദ്യാഭ്യാസരംഗത്തുണ്ടായ വമ്പിച്ച മുന്നേറ്റത്തിന് മൊറയൂർ സാക്ഷ്യം വഹിച്ചു. അന്യത്ര ചേർത്തി

പട്ടിക 1A

വിദ്യാർത്ഥികളും അധ്യാപകരും

| നമ്പർ | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ക്രസന്റ് ഹൈസ്കൂൾ, ഒഴുകൂർ (1979) | എയ്ഡഡ് | 511 | 604 | 1115 | 23 | 17 | 40 |
| 2 | V.H.M. ഹൈസ്കൂൾ, മൊറയൂർ HS (1946) | | 380 | 391 | | | | |
| | U.P. Section | " | 254 | 234 | 1259 | 22 | 28 | 50 |
| 3 | G.V.H.S. സ്കൂൾ, അരിമ്പ്ര (1974) | ഗവ. | 323 | 328 | 651 | 27 | 23 | 50 |
| 4 | G.M.U.P. സ്കൂൾ, ഒഴുകൂർ UP Section | " | 523 | 496 | 1588 | 27 | 22 | 49 |
| | .. .. L.P. Section | | 290 | 279 | | | | |
| 5 | G.M.U.P. സ്കൂൾ, അരിമ്പ്ര UP Section | " | 323 | 322 | | | | |
| | .. .. L.P. Section | | 274 | 206 | 1125 | 15 | 17 | 32 |
| 6 | G.M.L.P സ്കൂൾ, മൊറയൂർ (1962) | " | 138 | 104 | 242 | 3 | 5 | 8 |
| 7 | G.M.L.P സ്കൂൾ, അരിമ്പ്ര മേൽമുറി | " | 113 | 115 | 228 | 3 | 3 | 6 |
| 8 | G.L.P. സ്കൂൾ, മൊറയൂർ. 1926 | " | 141 | 132 | 273 | 4 | 6 | 10 |
| 9 | A.M.U.P. സ്കൂൾ, മോങ്ങം UP Section | എയ്ഡഡ് | 265 | 253 | | | | |
| | .. .. L.P Section | | 251 | 248 | 1017 | 12 | 22 | 34 |
| 10 | A.M.L.P. സ്കൂൾ, ഒഴുകൂർ (1926) | " | 182 | 177 | 359 | 7 | 6 | 13 |
| 11 | A.M.L.P സ്കൂൾ മൊറയൂർ. കീഴ്മുറി (1926) | " | 78 | 54 | 132 | 4 | 1 | 5 |
| | ആകെ | | 4046 | 3943 | 7989 | 147 | 150 | 297 |

ട്ടുള്ള പട്ടിക 1A ഇത് വിശദമാക്കുന്നു.

1974-ൽ ചാക്കിരി അഹമ്മദ് കുട്ടി സാഹിബ് വിദ്യാഭ്യാസ മന്ത്രിയായിരിക്കുമ്പോൾ പഞ്ചായത്തിലെ രണ്ടാമത്തെ ഹൈസ്കൂൾ അരിമ്പ്ര ബാപ്പു സാഹിബിന്റെ പരിശ്രമത്തോടെ ഗവൺമെന്റ് മേഖലയിൽ അരിമ്പ്രയിൽ സ്ഥാപിക്കപ്പെട്ടു. ഇതേ കാലയളവിലാണ് ഒഴുകൂർ നെരവത്തെ മാപ്പിള ബോർഡ് സ്കൂൾ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്തത്. 1979-ൽ കൊണ്ടോട്ടി മണ്ഡലം എം.എൽ.എ. ജ: സീതിഹാജിയുടെ പരിശ്രമത്തോടെ പഞ്ചായത്തിലെ മൂന്നാമത്തെ ഹൈസ്കൂൾ ഒഴുകൂരിൽ ആരംഭിച്ചു. അതോടെ പഞ്ചായത്തിലെ സ്കൂളുകളുടെ എണ്ണം 11 ആയി ഉയരുകയും ചെയ്തു.

ഉന്നത കലാലയങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. എങ്കിലും വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളോട് കൂടിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളായി 1995-ൽ അരിമ്പ്ര ഗവൺമെന്റ് ഹൈസ്കൂളിനെ ഉയർത്തിയതോടെ തൊഴിലധിഷ്ഠിത വിദ്യാലയം എന്ന സ്വപ്നം ചെറിയനിലയിൽ യാഥാർത്ഥ്യമായെന്ന് കരുതാം.

അതേപോലെ കേരളത്തിലാദ്യമായി കമ്പ്യൂട്ടർ പഠനം ഗ്രാമീണ സ്കൂളുകളിൽ നടപ്പിലാക്കാനുള്ള തീരുമാനം ജ: ഇ.ടി. മുഹമ്മദ് ബഷീർ വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോഴുണ്ടായി. അതിലൊന്ന് നമ്മുടെ പഞ്ചായത്തിലെ അരിമ്പ്ര ഗവൺമെന്റ് ഹൈസ്കൂളിലാണ് 1994-ൽ സ്ഥാപിച്ചത്. 8-ാം സ്റ്റാൻഡേർഡിലെ സെലക്ഷൻ പരീക്ഷയിൽ റാങ്ക് ലിസ്റ്റിൽ വരുന്ന ആദ്യത്തെ 40 പേർക്കാണ് കമ്പ്യൂട്ടർ കോഴ്സിന് അഡ്മിഷൻ നൽകുന്നത്. ഹൈസ്കൂൾ പഠനത്തോടൊപ്പം സൗജന്യമായി കമ്പ്യൂട്ടർ പഠിക്കാനും, SSLC പാസായി പുറത്ത് പോകുന്നതോടെ കമ്പ്യൂട്ടർ സയൻസിലൊരു സർട്ടിഫിക്കറ്റ് കൂടി ലഭിക്കുന്നുവെന്നതാണീ കോഴ്സിന്റെ പ്രത്യേകത.

പഞ്ചായത്തിലെ ഏക യൂണിവേഴ്സിറ്റി അംഗീകൃത കലാലയമാണ് മോങ്ങത്തെ അൻവാറുൽ ഇസ്ലാം വനിത അറബി കോളേജ്. ദക്ഷിണ ഇന്ത്യയിലെ ആദ്യത്തെ അംഗീകൃത വനിതാ കോളേജാണിത്. 1966-ൽ സ്ഥാപിതമായ ഈ കോളേജിൽ അഫ്സലുൽ ഉലമക്ക് പുറമെ 1994-ൽ അഫ്സലുൽ ഉലമ പി.ജി. കോഴ്സും അനുവദിച്ചിട്ടുണ്ട്. ഈ കലാലയത്തിൽ നിന്ന് ഡിഗ്രി പൂർത്തിയാക്കി 900-ത്തിലധികം വിദ്യാർത്ഥിനികൾ ഇതിനകം പുറത്തുപോയിട്ടുണ്ട്.

## അനൗപചാരിക വിദ്യാഭ്യാസം

പഞ്ചായത്തിലെ അനൗപചാരിക വിദ്യാഭ്യാസരംഗം വേണ്ടത്ര സജീവമല്ല. മോങ്ങം, അരിമ്പ്ര, മൊറയൂർ, ഒഴുകൂർ എന്നിവിടങ്ങളിലായി നാല് ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നവസാക്ഷരർക്ക് കലാമത്സരങ്ങൾ, തുടർവിദ്യാഭ്യാസം, പുസ്തകവിതരണം, സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യട്യൂഷൻ, ലഘുലേഖാ വിതരണം, തുടങ്ങിയ സേവനങ്ങൾ പ്രസ്തുത കേന്ദ്രങ്ങളിലൂടെ നിർവ്വഹിച്ച് വരുന്നു.

ഒട്ടേറെ ചെറുതും വലുതുമായ വിദ്യാലയങ്ങളും അനേകം വിദ്യാസമ്പന്നരും നമുക്കുണ്ടെങ്കിലും പഞ്ചായത്തിലങ്ങിങ്ങായി ചെറിയൊരു ശതമാനം നിരക്ഷരതയുള്ളതായി കാണുന്നുണ്ട്. പഞ്ചായത്തിന്റെ മൊത്തം സാക്ഷരതാ നിരക്ക് 86% ആയി കണക്കാക്കപ്പെടുന്നു.

പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിലെ പരാമർശമർഹിക്കുന്ന പ്രധാനപ്പെട്ട മേഖലയാണ് മദ്രസ്സാരംഗം.

പഴയകാലത്തെ ഓത്ത് പള്ളികളുടെ പരിഷ്കൃത രൂപമായ ഒന്നിലേറെ മദ്രസ്സകൾ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലുമുണ്ട്. വിവിധ മഹല്ല് കമ്മിറ്റികളുടെ കീഴിൽ സ്വന്തമായ കെട്ടിടത്തിൽ സർവ്വവിധ സൗകര്യത്തോടും കൂടി പ്രവർത്തിക്കുന്ന 25 മദ്രസ്സകളാണ് പഞ്ചായത്തിലുള്ളത്.

ഒന്ന് മുതൽ ഏഴ് വരെയുള്ള ക്ലാസ്സുകളാണ് മിക്ക മദ്രസ്സകളിലുമുള്ളത്. ചുരുക്കം ചില മദ്രസ്സകളിൽ 1 മുതൽ പത്തുവരെയും ക്ലാസ്സുകൾ നടക്കുന്നുണ്ട്. ഇത്തരം മദ്രസ്സകളെ സെക്കണ്ടറി മദ്രസ്സകളെന്ന് പറയുന്നു. ഖുർ ആൻ പാരായണത്തിൽ പ്രത്യേക പരിശീലനവും അധ്യാപക ട്രെനിംഗും കഴിഞ്ഞ പ്രഗത്ഭരായ ആളുകളെയാണ് മദ്രസ്സകളിൽ അധ്യാപകരായി നിയമിക്കാറുള്ളത്.

ആകെയുള്ള 25 മദ്രസ്സകളിൽ 23 മദ്രസ്സകളിലായി 4125 കുട്ടികളും അധ്യാപകരുമുണ്ട്.

പട്ടിക ശ്രദ്ധിക്കുക.

സമസ്ത കേരള ജം ഇയ്യത്തുൽ ഉലമയുടേയും കേരള നദ്‌വത്തുൽ മുജാഹിദ്ന്റെയും വിദ്യാഭ്യാസബോർഡുകളാണ് മദ്രസ്സയിലേക്കാവശ്യമായ പഠന സിലബസുകൾ തയ്യാറാക്കിയിട്ടുള്ളത്.

## ഔപചാരിക വിദ്യാഭ്യാസം

മൊറയൂർ ഗ്രാമപഞ്ചായത്തിലെ ഇപ്പോഴത്തെ ജനസംഖ്യ 28116 ആയി കണക്കാക്കാം. ഇവിടെ ചെറുതും വലുതമായ 11 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലാകെ 7989 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു.

മൊത്തം 297 അധ്യാപകരാണുള്ളത്. പട്ടിക 1Aയിൽ വിശദമായി കൊടുത്തിട്ടുണ്ട്.

സ്കൂളിലെ മൊത്തം വിദ്യാർത്ഥികളിൽ 49.4% പെൺകുട്ടികളാണ്. (പട്ടിക 1B) നോക്കുക. പട്ടികജാതിയിൽ പെട്ട് 742 വിദ്യാർത്ഥികളാണിപ്പോൾ അധ്യയനം നടത്തുന്നത്. അത് മൊത്തം വിദ്യാർത്ഥികളുടെ 9.29% വരുന്നതാണ് പട്ടിക 1C ശ്രദ്ധിക്കുക.

ആകെയുള്ള സ്കൂളുകളിൽ അരിമ്പ്ര വൊക്കേഷനൽ ഹയർ സെക്കണ്ടറി സ്കൂളും രണ്ട് യു.പി. സ്കൂളും, മൂന്ന് എൽ.പി. സ്കൂളും സർക്കാർ മേഖലകളിലാണ് പ്രവർത്തിക്കുന്നത്. ഇവയിൽ മൊത്തം 4107 വിദ്യാർത്ഥികളും (51.4%) 155 അധ്യാപകരും (52.19%) ഉണ്ട്.

പട്ടിക ID കാണുക.

1995-96 അധ്യയനവർഷത്തിൽ പഞ്ചായത്തിലെ മൊത്തം വിദ്യാലയങ്ങളിൽ നിന്നായി 'കൊഴിഞ്ഞ് പോയ'വരുടെ എണ്ണം താരതമ്യേന കുറവാണെങ്കിലും ഈ പ്രവണതക്കെതിരെ കാര്യമായ ബോധവത്കരണം നടത്തേണ്ടതുണ്ട്. ആകെ 72 വിദ്യാർത്ഥികൾ പഠനം നിർത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു. (പട്ടിക 1E)

പഞ്ചായത്തിലെ SSLC വിജയശതമാനം വർഷംതോറും കുറഞ്ഞ് വരുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. 1995-96-ൽ മൂന്ന് ഹൈസ്കൂളുകളിൽ നിന്നായി പരീക്ഷക്കിരുന്ന 610 വിദ്യാർത്ഥികളിൽ നിന്ന് 200 പേരാണ് വിജയിച്ചത്. 1992 മുതൽക്കുള്ള SSLC വിജയികളുടെ ശതമാനം പട്ടിക 1F-ൽ കൊടുത്തിട്ടുണ്ട്.

ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസരംഗത്തെ ചരിത്രപരമായ പിന്നോക്കാവസ്ഥ, നിലവാരം കുറഞ്ഞ ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം, യഥാസമയങ്ങളിലുണ്ടാവേണ്ട ബോധവത്കരണത്തിന്റെ അഭാവം, തുടങ്ങിയ കാരണങ്ങൾ വിജയശതമാനം കുറയുന്നതിന് ഹേതുവാകുന്നുണ്ടെന്നത് കാണാൻ കഴിയുന്നു.

SSLC പാസ്സാകുന്നവരിൽ ഭൂരിഭാഗവും ഉപരിപഠനത്തിന് അടുത്തുള്ള കോളേജുകളായ കൊണ്ടോട്ടി EMEA കോളേജ്, തിരൂരങ്ങാടി പോക്കർ സാഹിബ് മെമ്മോറിയൽ കോളേജ്, മലപ്പുറം, മഞ്ചേരി കോളേജുകൾ, മമ്പാട് MES കോളേജ് ഫറോക്കിലെ ഫാറൂഖ് കോളേജ് എന്നിവയെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ആദ്യകാലങ്ങളിൽ അപൂർവ്വം ചിലർ ഉപരിപഠനത്തിന് കേരളത്തിനു പുറത്തു പോയതായി കാണാം. അവരിൽ അലീഗർ യൂണിവേഴ്സിറ്റിയിൽ നിന്ന് പഠനം പൂർത്തിയാക്കിയ മോങ്ങത്തെ പ്രൊഫ: ബി. മുഹമ്മദുണ്ണി, ബി. മുഹമ്മദ് എന്നിവയുടെ പേരുകൾ പ്രസ്താവ്യമർഹിക്കുന്നു. അരീക്കോട് I.T.I, തിരൂർ സീതി സാഹിബ് മെമ്മോറിയൽ പോളിടെക്നിക്ക് എന്നീ സാങ്കേതിക സ്ഥാപനങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്.

പ്രീഡിഗ്രിക്ക് തുല്യമായ വൊക്കേഷനൽ ഹയർ സെക്കണ്ടറി കോഴ്സിന് രണ്ട് ട്രേഡുകളിലായി 50 വിദ്യാർത്ഥികൾക്ക് അഡ്മിഷനുള്ള സൗകര്യം അരിമ്പ്രയിലെ V.H.S.Sൽ ഉണ്ട്. അതുതന്നെ അധ്യാപകരുടെ അഭാവവും ലാബോറട്ടറിയുടെ അപര്യാപ്തതയും കാരണം ഈ അധ്യയനവർഷം ഒരു ട്രേഡായി ചുരുങ്ങിയിരിക്കുകയാണ്.

സ്വകാര്യ ഉടമയിൽ നടത്തപ്പെടുന്ന രണ്ട് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും, രണ്ട് ട്യൂട്ടോറിയൽ സെന്ററുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കേന്ദ്രസർക്കാറിന്റെ ഏരിയ ഇന്റൻസീവ് ഡവലപ്മെന്റ് സ്കീമിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു യു.പി. സ്കൂളും രണ്ട് നഴ്സറി സ്കൂളുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ 11 വാർഡുകളിലായി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 26 അംഗൻവാടികളുണ്ട്. 28000-ൽ പരം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ അംഗൻവാടിയുടെ കാര്യത്തിൽ ആയിരത്തിന് ഒന്ന് എന്ന അനുപാതം പാലിക്കപ്പെടണമെങ്കിൽ മൂന്ന് അങ്കൺവാടികൾ കൂടി അനുവദിച്ചുകിട്ടേണ്ടതുണ്ട്.

## ഭൗതികസൗകര്യങ്ങൾ

പഞ്ചായത്തിലെ സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മൊത്തത്തിൽ തൃപ്തികരമല്ല. പട്ടിക രണ്ട് എയിൽ സൂചിപ്പിക്കുന്നത് പോലെ ഫർണീച്ചർ, വാട്ടർ ടാങ്കുകൾ, സാനിറ്റേഷൻ സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തത കാര്യമായ പ്രശ്നമായി നിലനിൽക്കുന്നു ആകെയുള്ള 11-ൽ 8 സ്കൂളുകളാണ് വൈദ്യുതീകരിച്ചത്. 6 പ്രൈമറി സ്കൂളുകളിലും പാചകമുറികളില്ല. ഷിഫ്റ്റടിസ്ഥാനത്തിൽ ക്ലാസുകൾ നടക്കുന്ന ഒഴുകൂർ ഗവൺമെന്റ് യു.പി.സ്കൂളിന് 24 റൂമുകളോടും, അരിമ്പ്ര ഗവ. ഹൈസ്കൂളിനും, യു.പി.ക്കും കൂടി 26 റൂമുകളോടും കൂടിയ കെട്ടിടങ്ങൾ അടിയന്തരമായ ആവശ്യമാണ്. അത്യാവശ്യമായ അക്കാദമിക്ക് സൗകര്യങ്ങളുടെ ലഭ്യത പോലും പല സ്കൂളുകളിലും പരിമിതമാണെന്ന് കണക്കുകളിൽ കാണുന്നു. പട്ടിക രണ്ട് ബി. ശ്രദ്ധിക്കുക. പട്ടിക രണ്ട് സി വ്യക്തമാക്കുന്നത് പോലെ, പ്രൈമറി ക്ലാസുകളിൽ നിന്ന് മുകളിലോട്ട് പോകുന്തോറും പഠനനിലവാരം താഴ്ന്ന് വരുന്നതായും കാണപ്പെടുന്നു.

## വിദ്യാഭ്യാസ ഏജൻസികളുടെ പ്രവർത്തനം.

പ്രാഥമിക വിദ്യാഭ്യാസ ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിന് ലോക ബാങ്കിന്റെ സഹായത്തോട്കൂടി 1994ൽ ആരംഭിച്ച DPEPയുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ സജീവമായി നടക്കുന്നു.

മുഴുവൻ പ്രൈമറി സ്കൂളുകളും DPEP യുടെ M.L.L. സ്കൂളുകളായി പ്രാരംഭ ഘട്ടത്തിൽ തന്നെ അംഗീകരിപെട്ടിട്ടുണ്ട്. കൊണ്ടോട്ടി ബ്ലോക്കിന്റെ B.R.C സെന്റർ ഈ പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്.

## പോരായ്മകളും പരിഹാരങ്ങളും.

ഗ്രാമ സഭാവലോകനങ്ങളും ദ്വിതീയ വിവര ശേഖരണ റിപ്പോർട്ടുകളും പഞ്ചായത്തിലെ നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അക്കദമിക്/ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത വ്യക്തമാക്കുന്നു. സർക്കാർ സ്കൂളുകളിലെ അധ്യാപകരുടെ കുറവ്, കെട്ടിട സൗകര്യങ്ങളുടെ അപര്യാപ്ത പഠനോപകരണങ്ങളുടെ ദൗർലഭ്യം കളിസ്ഥലങ്ങളുടെ പരിമിതി, വെള്ളം, വൈദ്യുതി, എന്നിവയുടെ അഭാവം, യാത്രാ സൗകര്യക്കുറവ് മുതലായ കാര്യങ്ങൾ ചൂണ്ടികാണിക്കപ്പെടുന്നുണ്ട്. ഷിഫ്റ്റ് സമ്പ്രദായം, അധ്യയന വർഷത്തിന്റെ ഇടക്ക് വെച്ചുള്ള അധ്യാപകരുടെ ട്രാൻസ്ഫർ, ഒഴിവുള്ള അധ്യാപക തസ്തികകളിൽ നിയമനം നടത്താതത്തതിനാൽ പല വിഷയങ്ങളും പഠിപ്പിക്കാനാളില്ലാത്ത അവസ്ഥ എന്നിവ പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്.

വിദ്യാഭ്യാസ രംഗത്ത ഗുണനിലവാരം വർദ്ധിപ്പിക്കാൻ ഗ്രാമസഭകൾ മുന്നോട് വെച്ച താഴെ പറയുന്ന നിർദേശങ്ങൾ ശ്രദ്ധേയമാണ്.

* അധ്യയന വർഷാരംഭത്തിൽ തന്നെ ആവശ്യമായ അധ്യാപകരെ നിയമിക്കുക.

* പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കാൻ കാര്യക്ഷമമായ സംവിധാനം സ്വീകരിക്കുക.

* രാഷ്ട്രീയാടിസ്ഥാനത്തിലുള്ള എല്ലാ മത്സരങ്ങളും ഒഴിവാക്കുക.

* അത്യാവശ്യമായ ഭൗതിക സൗകര്യങ്ങൾ എത്തിക്കുക.

*കൊഴിഞ്ഞ് പോക്ക് തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കുക.

## പഞ്ചായത്തിന്റെ വിദ്യാഭ്യാസ ആവശ്യങ്ങൾ

പഞ്ചായത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി 11 ഗ്രാമസഭകളിൽ നിന്നായി അംഗൻ വാടികൾ മുതൽ ഡിഗ്രി കോളേജുകൾ വരെയുള്ള താഴെ കാണിച്ച ആവശ്യങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

1. ഡിഗ്രി കോളേജ്

2. പോളി ടെക്നിക്

3. ഐ.ടി.ഐ

4. കംപ്യൂട്ടർ സെന്റർ

5. വനിതാ ഹൈസ്കൂൾ

6. ഹൈസ്കൂൾ

7. നിലവിലുള്ള 3 ഹൈസ്കൂളുകൾ +2 ആയി ഉയർത്തുക

8. യുപി. സ്കൂൾ

9. എൽ.പി.സ്കൂൾ അപ്ഗ്രേഡേഷൻ

10. എൽ.പി. സ്കൂളുകൾ

(ഒഴുകൂർ-കുന്നക്കാട്, ഒഴുകൂർ പള്ളിമുക്ക്, എടപ്പറമ്പ്, കാരാതടം, പൂതനപ്പറമ്പ്, ഹിൽടോപ്പ് എന്നിവിടങ്ങളിൽ) പുതിയ അംഗൻ വാടികൾ (എടപ്പറമ്പ് കാഞ്ഞിരചാൽ കോട്ടമ്മൽ എന്നിവിടങ്ങളിൽ)

12. പ്രീ-പ്രൈമറി സ്കൂൾ-(മൊറയൂർ കീഴ്മുറി)

13. ടൈപ്പ് റൈറ്റിംങ്ങ് സെന്ററുകൾ

നിരവധി പ്രശ്നങ്ങളും, പോരായ്മകളും നേരിട്ട് കൊണ്ടാണ് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്ന് കൊണ്ടിരിക്കുന്നത്. പഞ്ചായത്ത് ബോർഡ്, സ്കൂൾതല പി.ടി.എ.കൾ, മാതൃസംഗമങ്ങൾ, സാക്ഷരതാ സമിതികൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സേവനങ്ങൾ ഈ രംഗത്ത് ഉപയോഗപ്പെടുത്തുന്നുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഓരോ വർഷവും പഞ്ചായത്തിലെ മൂന്ന് ഹൈസ്കൂളുകളിലേയും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന കുട്ടികൾക്ക് പഞ്ചായത്ത് ബോർഡ് അവാർഡുകൾ നൽകിവരുന്നു. ഇതിന് പുറമെ, പഞ്ചായത്തിലെ യുവജന രാഷ്ട്രീയ വിദ്യാർത്ഥി സംഘടനകളും പി.ടി.എ സമിതികളും സാക്ഷരതാ സമിതിയും കലാ കായിക സംഘടനകളുമെല്ലാം വിജയികളെ ക്യാഷ് അവാർഡുകളും മറ്റു നൽകി ആദരിക്കുന്നു.

1994-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഈ പഞ്ചായത്തിലെ മൊറയൂർ ഹൈസ്കൂളിലെ പി.പി.രോഹിണി എന്ന വിദ്യാർത്ഥിനി സംസ്ഥാനത്തെ 13-ാം റാങ്ക് കരസ്ഥമാക്കിയ കാര്യം അഭിമാനപൂർവ്വം എടുത്തു കാണിക്കുന്നതിൽ സന്തോഷമുണ്ട്.

പഠന നിലവാരം ഉയർത്തുന്നതിന് ഒരു വിദ്യാഭ്യാസ കോംപ്ലക്സും പി.ടി.എ. മാതൃസംഗമം, വിദ്യാഭ്യാസ തൽപരർ, അതാത് പ്രദേശങ്ങളിലെ വിദ്യാഭ്യാസ വിദഗ്ദർ എന്നിവരുടെ പ്രതിനിധികളെ ചേർത്ത് സ്കൂൾ തല മോണിറ്ററിംഗ് കമ്മറ്റികളും അടയന്തരമായും രൂപീകരിച്ച് പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്.

**മൊറയൂർ ഗ്രാമ പഞ്ചായത്ത് ഉൾകൊള്ളുന്ന മലപ്പുറം ജില്ലയുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്ര പുരോഗതിക്ക് പഞ്ചായത്ത് നൽകുന്ന നിർദേശങ്ങൾ.**

കേരളത്തിൽ, ജനസംഖ്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന മലപ്പുറം ജില്ലയേയും പത്താം സ്ഥാനത്ത് നിൽക്കുന്ന കോട്ടയം ജില്ലയേയും താരതമ്യം ചെയ്യുമ്പോൾ നമ്മുടെ ജില്ലയുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയും ഭൗതിക സൗകര്യങ്ങളുടെ അപര്യാപതതയും വളരെ വ്യക്തമാകുന്നതാണ്.

കോട്ടയം ജില്ലയിൽ 87000 പേർക്ക് ഒരു കോളേജ് എന്ന നിലക്ക് 18.28 ലക്ഷം പേർക്ക് 21 കോളേജുകളുള്ളപ്പോൾ, മലപ്പുറം ജില്ലയിൽ രണ്ടുലക്ഷത്തി അമ്പതിനായിരം (2,50,000) പേർക്ക് ഒരു കോളേജ് എന്ന തോതിൽ 30.96 ലക്ഷം പേർക്ക് ആകെ പന്ത്രണ്ട് (12) കോളേജുകളാണ് ഇത് വരെ അനുവദിക്കപ്പെട്ടിട്ടുള്ളത്. മുകളിൽ പറഞ്ഞ പ്രകാരം തുല്യത വരണമെങ്കിൽ നമ്മുടെ ജില്ലയിൽ മുപ്പത്തഞ്ച് (35) കേളേജുകൾ വേണം. എങ്കിൽ മാത്രമേ വർഷങ്ങളായി കോട്ടയം ജില്ലയിലെ വിദ്യാർത്ഥികൾ അനുഭവിച്ചു വരുന്ന സൗകര്യങ്ങൾ നമ്മുടെ കുട്ടികൾക്കും അനുഭവിക്കാൻ സാധിക്കുകയുള്ളൂ.

ഒമ്പതാം പദ്ധതി ലക്ഷ്യമാക്കിയുള്ള ജനകീയാസൂത്രണത്തിന്റെ പ്രധാന പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്ന് വിഭവങ്ങളുടെ നീതി പൂർവ്വമായ വിതരണമാണല്ലോ. ഈ നീതി പൂർവ്വമായ വിതരണം നടപ്പാവണമെങ്കിൽ 97,98 വർഷത്തിൽ തന്നെ 23 കോളേജുകളും ഇതു വരെ പിന്നോക്കാവസ്ഥയിൽ തുടർന്നതിന്റെ പേരിൽ പത്ത് കോളേജുകളും അധികമായും മൊത്തം 33 മുപ്പത്തി മൂന്ന് കോളേജുകൾ അനുവദിക്കേണ്ടതുണ്ട്.

കോട്ടയം ജില്ലയിലെ മുഴുവനാളുകളും ഡിഗ്രിയെടുത്തു പുറത്തു വരുമ്പോൾ തൊഴിലിനു വേണ്ടി അവർ മലപ്പുറം ജില്ലയടക്കമുള്ള ഉത്തര കേരള ജില്ലകളിലേക്ക് ചേക്കേറുകവഴി ഇവിടെയുള്ള യുവാക്കൾക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു. നമ്മുടെ ജില്ലയിലെ ഭൂരിഭാഗം തസ്തികകളിലും അവരാണ് ജോലി ചെയ്യുന്നത്.

അതുപോലെ കോട്ടയം ജില്ലയിലെ ITI/ITC കളിൽ ആറായിരത്തി നാന്നൂറ്റി പന്ത്രണ്ട് (6412) സീറ്റുകളുള്ളപ്പോൾ, മലപ്പുറം ജില്ലയിൽ ആയിരത്തി നാന്നൂറ്റി നാൽപത് (1440) സീറ്റുകളേയുള്ളൂ. അതായത് കോട്ടയം ജില്ലയിലെ ഓരോലക്ഷം ജനങ്ങൾക്കും മുന്നൂറ്റി അൻപത്തി ഒന്ന് (351) സീറ്റുവീതമുള്ളപ്പോൾ മലപ്പുറം ജില്ലയിൽ നാൽപ്പത്തിയേഴ് (47) സീറ്റുകൾ മാത്രമാണുള്ളത്. ചുരുക്കത്തിൽ ഇത്തരം ട്രേഡുകളിൽ മലപ്പുറം ജില്ലയിലെ യുവാക്കൾ കോട്ടയത്തെ ജനങ്ങളോടൊപ്പം എത്തണമെങ്കിൽ ഒമ്പതിനായിരത്തി നാന്നൂറ്റി ഇരുപത്തി ഏഴ് (9427) സീറ്റുകൾ കൂടി അടിയന്തരമായും അനുവദിച്ചേതീരു. 1956 മുതൽ 1996 വരെയുള്ള കാലഘട്ടത്തിൽ നമുക്ക് നഷ്ടപ്പെട്ട 3,77,080 സീറ്റുകൾക്ക് പരിഗണന വേറേയും ആവശ്യമാണ്.

മലപ്പുറം ജില്ലയിൽ ഇനിയും ധാരാളം ബി.എഡ്. കോളേജുകൾ, ഐ.റ്റി.ഐ സ്ഥാപനങ്ങൾ എന്നിവ ജനസംഖ്യാനുപാതികമായി അനുവദിക്കപ്പെടേണ്ടിയിരിക്കുന്നു. ജില്ലയിലെ തൊഴിലധിഷ്ടിത കോഴ്സുകളുള്ള പ്രൊഫഷണൽ കോളേജുകളും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും ജനസംഖ്യാനുപാതികമായി അടിയന്തരമായും നൽകേണ്ടതുണ്ട്. ഈ നിർദേശങ്ങൾ അതേപടി നടപ്പിൽ വരുത്തിയെങ്കിൽ മാത്രമെ നീതിപൂർവ്വമായ വിതരണം സാക്ഷാൽക്കരിക്കപ്പെടുകയുള്ളൂ.

## സമാപനം

ചരിത്രപരമായ കാരണങ്ങളാലും കൂടുതൽ ഭാഗങ്ങൾ ഗ്രാമപ്രദേശങ്ങളായതിനാലും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കമായ ഈ പഞ്ചായത്തിൽ പറയത്തക്ക വ്യാവസായിക-തൊഴിൽ സ്ഥാപനങ്ങൾ ഒന്നുമില്ല. കാർഷികാധിഷ്ഠിതമായ ഇവിടുത്തെ സമ്പൽഘടന ഇപ്പോൾ പൂർവ്വാധികം ക്ഷീണിച്ചിരിക്കുകയാണ്.

ഈ പ്രതിസന്ധി തരണം ചെയ്യണമെങ്കിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യം നൽകേണ്ടതുണ്ട്. അതിനാവശ്യമായ തൊഴിൽ പരിശീലന കേന്ദ്രങ്ങളും കൂടുതൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും അടയന്തിരമായി അനുവദിച്ച്കൊണ്ട് പഞ്ചായത്തിലെ തൊഴിലില്ലായ്മക്ക് ശാശ്വതമായ പരിഹാരം കാണേണ്ടതുണ്ട്.

ഈ റിപ്പോർട്ടിൽ പറഞ്ഞ മുഴുവൻ കാര്യങ്ങളിലും പരിഹാരം ഉണ്ടാക്കാനാവുകയാണങ്കിൽ മാത്രമെ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്തെ ശോച്യാവസ്ഥ മാറിക്കിട്ടുകയുള്ളൂ.

253

### പട്ടിക I-B സ്കൂളിലെ പൺകുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | LP വിഭാഗം | | | UP വിഭഗം | | | HS വിഭാഗം | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ശതമാനം | ആൺ | പെൺ | ശതമാനം | ആൺ | പെൺ | ശതമാനം |
| 7989 | 1467 | 1315 | 47.26 | 1365 | 1305 | 47.11 | 1214 | 1323 | 52.15 |

### പട്ടിക I.C
### പട്ടികജാതി വിദ്യാർത്ഥികളുടെ കണക്ക്.

| ആകെ വിദ്യാർത്ഥികൾ | LP വിഭാഗം | | UP വിഭാഗം | | | HS വിഭാഗം | | | |
|---|---|---|---|---|---|---|---|---|---|
| | SC | ശതമാനം | ആകെ | SC | ശതമാനം | ആകെ | SC/ST | ശതമാനം | |
| 2782 | 256 | 9.20 | 2670 | 247 | 9.25 | 2537 | 239 | 9.42 | |

ആകെ SC ശതമാനം 9.29

### പട്ടിക I-D
### ഗവ: സ്കൂളിലെ അധ്യാപ വിദ്യാർത്ഥികളുടെ കണക്ക്

| ആകെ അധ്യാപകർ | ഗവ അധ്യാപകരുടെ എണ്ണം | ശതമാനം | ആകെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ. സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം | ശതമാനം |
|---|---|---|---|---|---|
| 297 | 155 | 52.19 | 7989 | 4107 | 51.40 |

### പട്ടിക I.E.
### LP, UP, HS വിഭാഗങ്ങളിൽ 95-96 അധ്യയന വർഷം പഠനം നിർത്തിയവരുടെ കണക്ക്.

| SC | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 0 | 1 | 40 | 31 | 71 |

ആകെ കൊഴിഞ്ഞുപോയത് 72

(പട്ടിക I.F) പഞ്ചായത്തിലെ SSLC വിജയ ശതമാനം

| സ്കൂൾ | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| 1. C.H.S ഒഴുകൂർ | 48% | 45% | 39% | 42% |
| 2. VHMHS മൊറയൂർ | 58% | 28% | 26% | 24% |
| 3.G.V.H.S. അരിമ്പ്ര | 42% | 32% | 27% | 29% |

(അവലംബം: സെക്കന്ററി ഡാറ്റാ കളക്ഷൻ)

പട്ടിക II B

അക്കാദമിക്ക് സൌകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | ലാബ് | റേഡിയോ | ടേപ്പ് റോക്കർഡർ | ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | ടി.വി | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | P.T.A | മാതൃ സംഗമം |
| ഉള്ളത് | 7 | 5 | 8 | 7 | - | 1 | 3 | 2 | 10 | 11 |
| ഇല്ലാത്തത് | 4 | 6 | 3 | 4 | 11 | 10 | 8 | 9 | 1 | - |

(അവലംബം: സെകന്റി ഡാറ്റാ കലക്ഷൻ.)

പട്ടിക II D

ഹൈസ്കൂൾ തലത്തിൽ കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളുടെ വിവരം

ജില്ലാ തലത്തിൽ സംസ്ഥാന തലത്തിൽ

| സ്കൂളിന്റെ പേര് | ഇന വിവരം | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകം കുട്ടികൾ |
|---|---|---|---|---|---|---|---|
| VHM. HS മൊറയൂർ | സ്പോർട്സ് | 6 | 4 | 10 | NCC | 1994ൽ SSLC ക്ക് 13-ാം റാങ്ക് | 2 |
| C.H.S. ഒഴുക്കൂർ | .. | 12 | 6 | 18 | - | 1 | 1 |
| .. | ആർട്സ് | 4 | 3 | 7 | 1 | - | 1 |
| G.V.H.S അരിമ്പ്ര | വോളിബോൾ | 9 | 0 | 9 | - | - | - |

(അവലംബം: സെക്കണ്ടറി ഡാറ്റാ കലക്ഷൻ)

255

# പട്ടിക II-A സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങളുടെ വിവരണം

| ക്രമനമ്പർ | സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനിമുറികൾ ആവശ്യമെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ളകെട്ടിടം/ മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല–കിണർ പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകമുറി | സ്റ്റാഫ്റൂം | നിലവിലുള്ള ഫർണിച്ചറുകൾമതിയാകുമോ? മതയാകും/ഇല്ല | ഇനിആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| 1. | VHMHS, Morayur | 36 | 36 | - | - | 36 | - | - | - | ✓ | 3 | 25 | 2 | 2 | - | ✓ | ✓ | ✓ | ✓ | ✓ | - | - | - | - | - |
| 2. | GMLPS, Morayur | 5 | 5 | - | - | - | - | - | 3 | ✓ | 2 | 8 | - | 1 | - | - | - | - | - | - | 64 | 34 | 3 | 3 | 5 |
| 3. | GLPS, Morayur | 8 | 8 | - | - | 1 | - | - | - | - | 2 | 8 | - | 1 | - | ✓ | ✓ | ✓ | - | - | 30 | 30 | 3 | 6 | 3 |
| 4. | AMUPS, MOngam | 24 | 24 | - | - | 24 | - | - | - | ✓ | 2 | 10 | 1 | 2 | - | ✓ | ✓ | ✓ | ✓ | - | 65 | 10 | 5 | 20 | - |
| 5. | G.M.L.P.S. Arimbra | 7 | - | - | - | 5 | - | - | - | ✓ | 2 | 10 | - | 1 | - | 1 | ✓ | ✓ | ✓ | ✓ | 25 | - | - | - | - |
| 6. | G.H.S., Arimbra | 14 | - | - | - | 19 | - | 2 | 7 | ✓ | - | - | 4 | - | 1 | ✓ | ✓ | - | ✓ | - | 68 | 60 | 40 | 20 | 24 |
| 7. | G.U.P.S , Arimbra | 27 | 3 | - | 19 | 13 | 12 | 1 | 19 | ✓ | 2 | 10 | 1 | 1 | - | ✓ | ✓ | - | - | - | 50 | 75 | 20 | 20 | 30 |
| 8. | A.M.L.P.S. Ozhukur | 11 | 4 | - | - | 11 | - | - | 3 | - | 1 | 3 | 2 | - | - | ✓ | - | - | - | ✓ | - | - | - | - | - |
| 9. | AMLPS, Morayur | 4 | 4 | - | - | 4 | - | - | 2 | ✓ | 1 | 3 | 2 | - | - | ✓ | - | - | - | - | - | - | - | - | - |
| 10. | Crescent HS, Ozhukur | 22 | 3 | - | - | 23 | - | - | - | ✓ | 4 | 20 | 3 | 1 | - | ✓ | ✓ | - | ✓ | ✓ | - | - | - | - | - |
| 11. | GMUPS, Ozhukur | 39 | 2 | - | - | 18 | - | - | 24 | ✓ | 3 | 22 | 3 | 2 | 1 | ✓ | ✓ | - | - | - | 600 | 650 | 40 | 48 | 28 |

*(അവലംബം: സെക്കൻഡറി ഡാറ്റാ കളക്ഷൻ)*

## പട്ടിക II C

### പാദവാർഷിക പരീക്ഷ അക്കാദമിക് നിലാരം (96-97)

| ക്ലാസുകൾ | 30% താഴെ മാർക്ക് ലഭിച്ചവർ | 30% നും 40% ഇടയിൽ മാർക്ക് ലഭിച്ചവർ | 40% നും 50% നും ഇടയിൽ ലഭിച്ചവർ | 50% 60% ഇടയിൽ മാർക്ക് | 60% മുക ളിൽമാർക്ക് ലഭച്ചവർ |
|---|---|---|---|---|---|
| III | 199 | 88 | 108 | 76 | 220 |
| IV | 172 | 85 | 93 | 125 | 236 |
| V | 342 | 201 | 120 | 94 | 89 |
| VI | 341 | 167 | 162 | 100 | 90 |
| VII | 356 | 201 | 187 | 113 | 94 |
| VIII | 637 | 184 | 91 | 42 | 27 |
| IX | 508 | 209 | 88 | 49 | 32 |
| X | 349 | 154 | 72 | 38 | 41 |

അവലംബം സെക്കണ്ടറി ഡാറ്റാ കലക്ഷൻ

### പഞ്ചായത്തിലെ മദ്രസകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | മദ്രസയുടെ പേര് | സ്ഥാപിതം | വിദ്യാർത്ഥികൾ ആൺ | വിദ്യാർത്ഥികൾ പെൺ | വിദ്യാർത്ഥികൾ ആകെ | അധ്യാപകൻ |
|---|---|---|---|---|---|---|
| 1. | മഅ്ദനുൽ ഉലൂം മദ്രസ്സ ഒഴുകൂർ മേൽമുറി | 1960 | 164 | 238 | 402 | 5 |
| 2. | മഅദനുൽ ഉലൂം ബ്രാഞ്ച് മദ്രസ | 1984 | 120 | 130 | 250 | 4 |
| 3. | ഹയാത്തുൽ ഇസ്ലാം മദ്രസ, പള്ളിമുക്ക് | 1962 | 223 | 209 | 432 | 5 |
| 4. | ഖുവ്വത്തിൽ ഇസ്ലാം മദ്രസ്സ തോട്ടക്കര | 1946 | 108 | 107 | 215 | 4 |
| 5. | ദാറുൽ ഹിക്കം മദ്രസ പാലീരി | 1963 | 80 | 90 | 170 | 2 |
| 6. | മിസ്ബാഹുൽസുന്ന മദ്രസ പൂന്തലപ്പറമ്പ് | 1968 | 58 | 42 | 100 | 3 |
| 7. | അൻവാവുൽ ഇസ്ലാം മദ്രസ, മോങ്ങം | 1962 | 84 | 89 | 173 | 7 |
| 8. | ഈർശാദ് സിബിയാൻ മോങ്ങം | 1946 | 274 | 250 | 524 | 6 |
| 9. | ഈർശാദു സ്സിബ്യാൻ ബ്രാഞ്ച്, മറ്റത്തൂർ | 1965 | 28 | 35 | 63 | 3 |
| 10. | ഈർശാദ് സ്സിബ്യാൻ ബ്രാഞ്ച് മദ്രസ-മോങ്ങം, ചെരിക്കക്കാട് | 1976 | 19 | 25 | 44 | 2 |
| 11. | നുസ്രത്തുൽ ഇസ്ലാം മദ്രസ വാലഞ്ചേരി | - | 123 | 112 | 235 | 4 |
| 12. | ഇസ്സത്തുൽ ഇസ്ലാം മദ്രസ്സ മൊറയൂർ | 1975 | 80 | 71 | 151 | 3 |
| 13. | മിസ്ബാഹുൽഹുദാ മദ്രസ അരിമ്പ്ര എസ്റ്റേറ്റ് | 1979 | 15 | 21 | 36 | 2 |
| 14. | ദാറുൽ ഉലൂം മദ്രസ്സ അരിമ്പ്ര പൂതനപ്പറമ്പ് | 1983 | 56 | 53 | 109 | 3 |
| 15. | മിസ്ബാഹുൽ ഹുദാ അരിമ്പ്ര (പാലത്തിങ്ങൽ) | 1955 | 177 | 184 | 361 | 6 |
| 16. | മിസ്ബാഹുൽ ഹുദാ ബ്രാഞ്ച് അരിമ്പ്ര സ്കൂൾ പടി | 1962 | 115 | 109 | 224 | 4 |
| 17. | മൻശഉൽ ഉലൂം മദ്രസ അരിമ്പ്ര മനങ്ങറ്റ | 1925 | 14 | 7 | 21 | 2 |
| 18. | മമ്പഉൽ ഉലൂം കേന്ദ്ര മദ്രസ, അരിമ്പ്ര | - | 52 | 45 | 97 | 3 |
| 19. | മാമ്പഉൽ ഉലൂം ബ്രാഞ്ച് എ. മദ്രസ അരിമ്പ്ര | - | 88 | 77 | 165 | 4 |
| 20. | മമ്പൽ ഉലൂം ബ്രാഞ്ച് B മദ്രസ അരിമ്പ്ര | - | 52 | 48 | 100 | 3 |
| 21. | നൂറുൽ ഹുദാ മദ്രസ കാരാതടം അരിമ്പ്ര | 1995 | 12 | 13 | 25 | 1 |
| 22. | മദ്റസത്തു സലഫീയ്യീൻ മദ്രസ സലഫി ജബൽ | 1993 | 45 | 43 | 88 | 3 |
| 23. | അൽ മദ്രസത്തുൽ ഇസ്ലാമിയ വാലഞ്ചേരി | - | 68 | 72 | 140 | 3 |
| | | | 2055 | 2070 | 4125 | 82 |

രണ്ട് മൂന്ന് മദ്രസ്സകളുടെ വിശദ വവരങ്ങൾ ലഭിച്ചിട്ടില്ല.



# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

സാംസ്കാരികമായി വളരെ പിന്നിലല്ലാത്ത ഈ പഞ്ചായത്ത് മൊറയൂർ വില്ലേജ് മാത്രം ഉൾക്കൊള്ളുന്ന പ്രദേശമാണ്. കൂലിപ്പണിയെടുത്തു ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും. അതു കൊണ്ട് തന്നെ ഭൂരിപക്ഷം പാർപ്പിടവും കുടിലുകളോ, ഇടത്തരം വീടുകളോ ആണ്. ഗൾഫ് പണത്തിന്റെ സ്വാധീനം ഭവന നിർമ്മാണ രംഗത്ത് ചലനം സൃഷ്ടിച്ചത് കൊണ്ട് കോൺഗ്രീറ്റ് സൗധങ്ങളും ഇല്ലാതില്ല.

പഞ്ചായത്തിൽ അറനൂറ്റി നാൽപ്പത്തി രണ്ട് (642) കോൺഗ്രീറ്റ് കെട്ടിങ്ങളും, രണ്ടായിരത്തി എണ്ണൂറ്റി ഇരുപത്തി രണ്ട് (2822) ഓടു മേഞ്ഞ വീടുകളും, അഞ്ഞൂറ്റി എമ്പത്തി മൂന്ന് (583) ഓലപ്പുരകളും, ഇരുപത്തിയാറ് (26) കുടിലുകളും കൂടി മൊത്തം 4073 ആൾ താമസമുള്ള വീടുകളുണ്ട്. അവയുടെ സ്ഥിതി വിവരം പട്ടിക ഒന്നിൽ വ്യക്തമാക്കുന്നതാണ്.

**വീടുകളുടെ തരം തിരിവ് പട്ടിക (വാർഡ് തലത്തിൽ)**

| വാർഡ് | കോൺഗ്രീറ്റ് | ഓട് | ഓല | കുടിൽ | ആകെ | ഇരുനില |
|---|---|---|---|---|---|---|
| I | 34 | 234 | 141 | 3 | 412 | 76 |
| II | 40 | 231 | 81 | 2 | 354 | 79 |
| III | 75 | 277 | 34 | 2 | 388 | 36 |
| IV | 65 | 241 | 34 | 2 | 342 | 73 |
| V | 42 | 390 | 39 | 3 | 474 | 38 |
| VI | 37 | 247 | 37 | 1 | 322 | 43 |
| VII | 47 | 257 | 44 | 4 | 352 | 17 |
| VIII | 30 | 244 | 80 | 6 | 360 | 21 |
| IX | 40 | 316 | 53 | 3 | 412 | 30 |
| X | 112 | 193 | 18 | - | 323 | 66 |
| XI | 120 | 192 | 22 | - | 334 | 73 |
| ആകെ | 642 | 2822 | 583 | 36 | 4073 | 543 |

(അവലംബം പഞ്ചായത്ത് രേഖ)

റോഡുകൾക്ക് സമീപമായി ലക്ഷങ്ങൾ മുടക്കി വലിയ വീടുകൾ നിർമ്മിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു. വയൽ നിരത്ത് കെട്ടിടം പണിയുന്ന രീതിയും കൂടി കൂടി വരുന്നു. ഇത് കാർഷിക മേഖലയെ ദോഷകരമായി ബാധിക്കും എന്നു പറയേണ്ടതില്ലല്ലോ.

ഭൂപണയ ബാങ്ക്, മഞ്ചേരി കോ-ഓപ്പറേറ്റീവ് അർബന്

ബാങ്ക്, സർവ്വീസ് സഹകരണ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങൾ ഭവന നിർമ്മാണത്തിന് വായ്പകൾ നൽക്കുന്നുണ്ടെങ്കിലും സാധാരണക്കാരന് അതു ഇന്നും എട്ടിലെ പശുവാണ്. ഇത്തരം ഭവന വായ്പകൾ സാധാരണക്കാരന് യഥാസമയം ലഭിക്കത്തക്ക രീതിയിൽ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതാണ്. IRDP സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ സ്വന്തമായി വീടില്ലാത്ത 1350 കുടുംബങ്ങൾ ഉണ്ടെങ്കിലും വിവിധ പദ്ധതികളിലൂടെ 118 കുടുംബങ്ങൾക്ക് മാത്രമാണ് ഇത് വരെ വീട് വെക്കാൻ സഹായം ലഭിച്ചത്. ഇത് തുലോം കുറവാണെന്ന് കാണാമല്ലോ. മറ്റു വിഭാഗങ്ങളിൽ പെടുന്ന പാവപ്പെട്ടവർക്ക് ഇത്തരത്തിലുള്ള കാര്യമായ സഹായം ലഭിക്കുന്നില്ല എന്നത് എടുത്ത് പറയേണ്ടതാണ്.

വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണവും അനുവദിച്ച വീടുകളുടെ എണ്ണവും പട്ടിക 2ൽ കാണാം.

**ഭവന ലഭ്യതാ പട്ടിക-2**

| | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേപ്രകാരം) | അനുവദിച്ച വിടുകൾ (വിവിധ ഇനങ്ങളിൽ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചത്തിൽ പൂർത്തികരിക്കാനുള്ള വീടുകൾ |
|---|---|---|---|---|
| 1 | 183 | 10 | 9 | 1 |
| 2 | 264 | 18 | 14 | 4 |
| 3 | 284 | 14 | 10 | 4 |
| 4 | 206 | 20 | 17 | 3 |
| 5 | 75 | 11 | 10 | 1 |
| 6 | 63 | 12 | 9 | 3 |
| 7 | 78 | 11 | 11 | - |
| 8 | 116 | 11 | 9 | 2 |
| 9 | 81 | 11 | 9 | 2 |
| ആകെ | 1350 | 118 | 98 | 20 |

(VEO യിൽ നിന്നും ലഭിച്ച വിവരം)

വിവിധ സ്കീം അനുസരിച്ചു നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ വീടുകളുടെ എണ്ണം 95-96 വർഷം വരെ വെറും 118 ആണെന്ന് കണക്കുകൾ കാണിക്കുന്നു. ഭവന നിർമ്മാണ ബോർഡു വഴി ദുർബല വിഭാഗക്കാർക്ക് വീട് വെയ്ക്കാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനും, പുതുക്കിപ്പണിയാനുമുള്ള സഹായങ്ങളോ വായ്പകളോ വേണ്ടത്ര ലഭ്യമാവാത്തതിനാൽ ഈ വിഭാഗക്കാർക്ക് പൊതുവെ പൊതുപ്രവർത്തനത്തിൽ ഉത്സാഹക്കുറവ് കാണപ്പെടുന്നു. ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തുന്ന പാർപ്പിട പ്രശ്നം അടിയന്തര പ്രധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതു വഴി നാടിന്റെ പ്രത്യുൽപ്പാദന രംഗങ്ങളിൽ ആത്മാർത്ഥതയോടെയും ഉത്സാഹത്തോടെയും എല്ലാ ജന വിഭാഗങ്ങളേയും സജീവമാക്കാൻ കഴിയേണ്ടതുമാണ്.

1972-73 വർഷങ്ങളിൽ വിദഗ്ദ തൊഴിലാളികൾക്ക് 8 രൂപയും അവിദഗ്ദ തൊഴിലാളികൾക്ക് 6 രൂപയുമായിരുന്നു കൂലി. 75-76 ൽ യഥാക്രമം 10 രൂപയും 7 രൂപയുമായും 92-93 വർഷങ്ങളിൽ അത് 90 രൂപയും 75 രൂപയായും 95-96 വർഷമായപ്പോഴെക്ക് വിദഗ്ദതൊഴിലാളികൾക്ക് 130 രൂപയായും അവിദഗ്ദതൊഴിലാളികൾക്ക് 100 രൂപയായും വർദ്ധിച്ചിരിക്കുന്നു. അവിദഗ്ദ തൊഴിലാളികളിൽ നല്ലൊരു ശതമാനം സ്ത്രീകളുമുണ്ട്. കഴിഞ്ഞ പതിനാല് വർഷത്തിനിടയിൽ ഉണ്ടായ കൂലി വർദ്ധനവ് മേൽ പ്രസ്താവിച്ചതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

ഭവന നിർമ്മാണത്തിനുപയോഗിക്കുന്ന മുഖ്യ സാമഗ്രികളായ സിമന്റിനും ചെങ്കല്ലിനും വിലയിൽ വന്ന വ്യതിയാനം താഴെ പറയുന്നതിൽനിന്നും വ്യക്തമാകും. 1978ൽ ഒരു ചാക്ക് സിമന്റിന് 11 രൂപയും ചെങ്കല്ല് ഒന്നിന് 70 പൈസയും ആയിരുന്നു നാട്ടിലെ വില. ഇത് 1995-96 വർഷമായപ്പോഴെക്ക് സിമന്റ് ചാക്കൊന്നിന് 200 രൂപയും ഒരു ചെങ്കല്ലിന് 7 രൂപയും ആയി വർദ്ധിച്ചിരിക്കുന്നു. മര

ത്തിന്റെ വില പറയാനുമില്ല.

ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വില ക്കയറ്റവും കൂലി നിരക്കിലെ ക്രമാധീതമായ വർദ്ധനവും നിമിത്തം കിട്ടിയ ആനുകൂല്യങ്ങൾകൊണ്ട് വീട് നിർമ്മി ക്കാനും, പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥ യാണിന്നുള്ളത്. അതുകൊണ്ട് സർക്കാർ വിവിധ പദ്ധ തികളിലൂടെ നൽകുന്ന സഹായങ്ങളും, വായ്പകളും ബ്ലോക്ക് വഴി നൽകുന്ന RLEGP, NREP, IAY, JRY, MWS എന്നീ പദ്ധതികളുടെ വായ്പാ തുകയും, രാജീവ് ദശ ലക്ഷ പാർപ്പിട പദ്ധതിയുടെ വായ്പാ തുകയും വർദ്ധി പ്പിക്കേണ്ടതും വായ്പക്കുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതുമാണ്.

### പരിഹാരങ്ങൾ

1. വീടില്ലാത്ത മുഴുവനാളുകൾക്കും വീട് നിർമ്മിക്കാൻ ആവശ്യമായ സാമ്പത്തിക സാഹയം നൽക്കുക.
2. വീടു വെക്കാൻ സ്ഥലമില്ലാത്തവർക്ക് സർക്കാർ പുറ മ്പോക്കോ, മിച്ച ഭൂമിയോ പട്ടയം നൽകി സഹായി ക്കുക. മിച്ച ഭൂമിയില്ലെങ്കിൽ കുറഞ്ഞ വിലക്ക് ഭൂമി വാങ്ങി നാലോ അഞ്ചോ സെന്റ് വീതം വിഭജിച്ചു നൽക്കുക.
3. പുര കെട്ടി മേയാൻ വർഷം തോറും സഹായം വർദ്ധി പ്പിച്ച നിരക്കിൽ നൽക്കുക.
4. ജീർണ്ണിച്ച വീടുകൾ പുതുക്കിപ്പണിയാനാവശ്യവായ സഹായം ചെയ്യുക.
5. പുന്തലപ്പറമ്പ് ലക്ഷം വീട്ടിലെ ഇടിഞ്ഞു പൊളിഞ്ഞ വീഴാറായ വീടുകൾ നന്നാക്കുക. പഞ്ചായത്തിൽ കക്കൂസില്ലാത്ത എല്ലാവർക്കും അത് ലഭ്യമാക്കുകയും ചെയ്യുക.
6. 8-ാം വാർഡിലെ തോട്ടേരി പ്പാറയിലെ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകി വീടു വെക്കാൻ സഹായിക്കുക.
7. ഹരിജനങ്ങളുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കു ന്നതിന് പ്രത്യേകം താൽപ്പര്യമെടുക്കുക.
8. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.
9. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണം ഭവന നിർമ്മാണ സഹകരണ സംഘം മുഖേനയാക്കുക.
10. വായ്പകൾക്കുള്ള അപേക്ഷ ഫോറങ്ങൾ ഗ്രാമ പഞ്ചായത്തിലൂടെ വിതരണം ചെയ്യുക.
11. കുടിക്കടം പകർത്തൽ മുതലായവയുടെ റജിസ്റ്റാട്രാർ ആഫീസിലെ അമിത ഫീസ് ഇല്ലാതാക്കുക.
12. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം പഞ്ചാ യത്ത് മെമ്പർമാർക്ക് നൽകുക.
13. ചെലവു കുറഞ്ഞ വീട് നിർമ്മാണത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.
14. ഭവന നിർമ്മാണ വായ്പാ തുക കാലാനുസൃതമായി വർദ്ധിപ്പിക്കുക.
15. വായ്പകളുടെ മേലുള്ള സബ്സിഡി 50% ആയെ ങ്കിലും വർദ്ധിപ്പിക്കുക.

9-ാം പദ്ധതി പ്രകാരം മൊറയൂർ ഗ്രാമപഞ്ചായത്തിലെ പാർപ്പിട പ്രശ്നങ്ങൾ കഴിയുന്നത്ര പരിഹരിക്കാൻ നമുക്ക് കൂട്ടായ് യത്നിക്കാം.

### സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയു ള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധ തിയും, സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലു ള്ളത്.

ഇവ പൂർണ്ണമായും കേന്ദ്ര, സംസ്ഥാന ഗവർമെണ്ടു കൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജന പദ്ധതിയും തൊഴി ലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമ നിധി ബോർഡുകൾ വഴി നടപ്പാക്കുന്ന പദ്ധതിയുമാണ്.

ഇതിനു പുറമെ നമ്മുടെ സംസ്ഥാനത്ത് പട്ടിക ജാതി/ വർഗ്ഗ വികസനത്തിന് പട്ടിക ജാതി/വർഗ്ഗ വികസന കോർപ്പറേഷനും, വനിതകളുടെ ഉന്നമനത്തിന് വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രയോജനം നമ്മുടെ പഞ്ചായത്തിലെ ജന ങ്ങൾക്ക് കിട്ടുന്നില്ല.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത, പദ്ധതി കളെ കുറിച്ചുള്ള അറിവില്ലായ്മ, അർഹരായവർക്ക് കിട്ടായ്മ, ബോധവൽക്കരണത്തിന്റെ അഭാവം, ഉദ്യോ ഗസ്ഥ തലത്തിലുള്ള നിയമ നൂലാമാലകൾ മൂലം ആവ ശ്യത്തിനും സമയത്തിനും കിട്ടായ്മ എന്നിവ ഈ രംഗ ത്തുള്ള പ്രധാനപ്പെട്ട പ്രയാസങ്ങളാണ്.

തൊഴിലാളി, തൊഴിലുടമ സഹകരണത്തോടെ നടപ്പാ ക്കുന്ന ക്ഷേമ നിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം തന്നെ കാര്യക്ഷമമായി നടക്കുന്നില്ല. നമ്മുടെ ഗ്രാമ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ തൊഴി ലാളികൾ, കർഷക തൊഴിലാളികൾ. കരിങ്കൽ ക്വാറി തൊഴിലാളികൾ, ചമട്ടു തൊഴിലാളികൾ, തെങ്ങു കയറ്റ തൊഴിലാളികൾ, കല്ലുകൊത്ത് തൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും ഭൂരിപക്ഷം പേരും ക്ഷേമ നിധിയിൽ

അംഗങ്ങളല്ല.

വനിത വികസന കോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്തായതു കൊണ്ട് പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്കെന്നല്ല മഹിളാ സമാജം പ്രവർത്തകർക്ക് പോലും ഇതേക്കുറിച്ചറിയില്ല എന്നതാണ് യാഥാർത്ഥ്യം. അതു കൊണ്ടുതന്നെ ഈ വഴിയുള്ള സഹായവും നമ്മുടെ സ്ത്രീകൾക്ക് അന്യമാണ്.

സമൂഹ്യക്ഷേമ രംഗത്ത് കാര്യമായി പ്രവർത്തിച്ചു കൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കികൊണ്ടിരിക്കുന്നത് മലപ്പുറം ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിനു കീഴിലുള്ള മോങ്ങം-അരിമ്പ്ര ഒഴുകൂർ-മൊറയൂർ എന്നീ രണ്ട് വില്ലേജ് എക്സ്റ്റൻഷൻ സർക്കിളുകൾ വഴിയാണ്. ഈ രണ്ടു സർക്കിളുകളിലൂടെയും നടപ്പാക്കിയ പരിപാടികളെ സംബന്ധിച്ച് ശരിയായി വിലയിരുത്തണമെങ്കിൽ ഗുണഭോക്താക്കളെ തന്നെ അവലംബിക്കേണ്ടിയിരിക്കുന്നു. പ്രാഥമിക വിവര ശേഖരണം, ദ്വിതീയ വിവര ശേഖരണം എന്നി മുഖേന ലഭിച്ച വിവരങ്ങൾ വെച്ച് ഈ പഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളെ പട്ടിക ഒന്നിൽ പറയും പ്രകാരം സംഗ്രഹിക്കാം.

പട്ടിക 1.

| വാർഡ് | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ | SC/ST കുടുംബങ്ങൾ | ഇതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | സഹായം ലഭിച്ച SC/ST കുടുംബങ്ങൾ | സഹായം ലഭിച്ചത് വഴി ദാരിദ്ര്യരേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 1 | 240 | 7 | 30 | 14 | 28 | 232 |
| 2 | 347 | - | 32 | 25 | 29 | 318 |
| 3 | 297 | - | 28 | 15 | 28 | 269 |
| 4 | 295 | - | 42 | 13 | 17 | 278 |
| 5 | 225 | 3 | 24 | 2 | 24 | 201 |
| 6 | 171 | 14 | 16 | 7 | 16 | 155 |
| 7 | 190 | 4 | 17 | 7 | 17 | 173 |
| 8 | 204 | 1 | 6 | 1 | 6 | 198 |
| 9 | 188 | 8 | 24 | 15 | 24 | 164 |
| ആകെ | 2157 | 37 | 219 | 79 | 187 | 1988 |

(പഴയ വാർഡ് കണക്ക് പ്രകാരം)

അവലംബം : VEO യിൽ നിന്ന് ലഭിച്ച വിവരം (IRDP സർവ്വേ)

മോങ്ങം, അരിമ്പ്ര, ഒഴുകൂർ മൊറയൂർ സർക്കിളുകളിൽ 92ലെ IRDP സർവ്വേ പ്രകാരം ദാരിദ്രരേഖക്ക് താഴെ 2157 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തി. ഇതിൽ 189 കുടുംബങ്ങൾ സഹായം ലഭിച്ചതിന്റെ ഫലമായി ദാരിദ്ര്യരേഖക്ക് മുകളിലെത്തി. ആകെ സഹായം ലഭിച്ച് 219 കുടുംബങ്ങളിൽ 79 കുടുംബങ്ങൾ പട്ടികജാതി, പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ്.

## DWCRA:

സ്ത്രീകളുടെയും കുട്ടികളുടേയും ഉന്നമത്തിനായി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന സംരംഭമാണ് DWCRA

1991-92 മുതൽ 1996-97 വരെ DWCRA പദ്ധതി പ്രകാരം 59 പേർ തൊഴിൽ നോക്കി വരുന്നതായി കണക്കുകൾ കാണിക്കുന്നു. 2,3,7,5. എന്നീ വാർഡുകളിലെ ആടുവളർത്തൽ സംരംഭം ആരംഭിച്ചതേയുള്ളൂ വെങ്കിലും വളരെ ഭംഗിയായി നടക്കുന്നു. എന്നാൽ അവയിൽ മൂന്ന് ആടുകൾ ചത്തുപോയി. ഇവയെ ഇൻഷൂർ ചെയ്യാതിരുന്നതിനാൽ ഉപഭോക്താവിന് നഷ്ട പരിഹാരം ലഭിക്കാതെ പോയി. ബാക്കിയുള്ള മുഴുവൻ ആടുകളേയും ഇൻഷൂർ ചെയ്തു കഴിഞ്ഞു.

പട്ടിക 2.

| വാർഡ് | തൊഴിൽ സംരംഭ ത്തിന്റെ ഇനം | ആരംഭ വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമതയെ സംബന്ധിച്ച് കുറിപ്പ്. |
|---|---|---|---|---|
| 1 | - | - | - | - |
| 2 | ആടു വളർത്തൽ | 1995-96 | 12 | ആരംഭിച്ചതേയുള്ളൂ |
| 3. | ,, | ,, | 13 | ,, |
| 4. | ,, | 1991-92 | 10 | തൃപ്തികരമല്ല |
| 5. | ---- | ---- | ---- | ---- |
| 6. | ---- | ---- | ---- | ---- |
| 7. | ആടുവളർത്തൽ | 1996-97 | 12 | ആരംഭിച്ചതേയുള്ളൂ |
| 8. | ---- | ---- | ---- | ---- |
| 9. | കല്ലുകൊത്ത് | 1991-92 | 12 | നന്നായി നടക്കുന്നു. |

(അവലംബം VEO (പഴയ വാർഡുകളുടെ അടിസ്ഥാനത്തിൽ)

9-ാം വാർഡിൽ പന്ത്രണ്ട് സ്ത്രീകൾ ചേർന്ന് രൂപം കൊടുത്ത കല്ലുകുത്ത് യൂനിറ്റ് വിജയകരമായി പ്രവർത്തിക്കുന്നു. ആദ്യ സംരംഭത്തിന് നൽകിയ ലോൺ മുഴുവനും തിരിച്ചടച്ചു. തുടർന്ന് തേങ്ങപൊളിച്ച് കൊപ്രയാക്കി വിപണനും നടത്തുന്ന പദ്ധതിക്ക് രൂപ രേഖ തയ്യാറാക്കി ഡിപ്പാർട്ടുമെന്റിന് സമർപ്പിച്ചു കഴിഞ്ഞു.

4-ാം വാർഡിൽ നിന്ന് പതിനഞ്ച് സ്ത്രീകൾ തൊഴിൽ ലഭിക്കുന്ന സംരംഭമെന്ന നിലയിൽ പശു വളർത്തൽ യൂനിറ്റിന് DWCRAയിൽ അപേക്ഷ സമർപ്പിച്ചു ധന സഹായത്തിന് കാത്തിരിക്കുന്നു.

മുട്ടക്കോഴി വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ തുടങ്ങിയ സംരംഭങ്ങൾക്ക് ധാരാളം സ്ത്രീകൾ താൽപര്യം പ്രകടിപ്പിച്ചു കൊണ്ടിരിക്കുന്നു. ഇപ്പോൾ നിലവിലുള്ള ആടു വളർത്തൽ, കല്ലുകുത്ത് തുടങ്ങിയ യൂനിറ്റുകളുടെ ഉൽപ്പനങ്ങൾക്ക് നല്ല മാർക്കറ്റുണ്ട്. ഈ താൽപര്യം ഉപ. യോഗപ്പെടുത്തി. ചെയ്തു കൂടുതൽ ആളുകൾക്ക് എത്രയും പെട്ടന്ന് പതിയ യൂനിറ്റുകൾ പഞ്ചായത്തിൽ തുടങ്ങേണ്ടതാണ്.

### ട്രൈസം:

പതിനെട്ടു മുതൽ മുപ്പത്തഞ്ച് വരെ പ്രായമുള്ള യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം. ട്രൈസം പദ്ധതിയിലൂടെ പരിശീലനം നേടിയവരുടെ വിവരം താഴെ കൊടുക്കുന്നു.

| വാർഡ് | പരിശീരന വിഷയ ത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം | ഇതര തൊഴി തൊഴിലുക ളിൽഏർ പെട്ടവർ | ശേഷിക്കുന്ന വർ |
|---|---|---|---|---|---|
| 1 | വിവിധ വിഷയങ്ങൾ | 3 | 2 | --- | 1 |
| 2. | ,, | 7 | 4 | ---- | 3 |
| 3 | ,, | 16 | 10 | 2 | 4 |
| 4. | ,, | 4 | 1 | 3 | ---- |
| 5. | ,, | 12 | 12 | ---- | ---- |
| 6. | പ്ലംബിങ്ങ് | 1 | 1 | ---- | ---- |
| 7. | വിവിധ വിഷയങ്ങൾ | 2 | 2 | ---- | ---- |
| 8. | ,, | 3 | 3 | ---- | ---- |
| 9 | ,, | 3 | 3 | ---- | ---- |
| ആകെ | | 51 | 38 | 5 | 8 |

(പഴയ വാർഡ് പ്രകാരം അവലംബം : VEO)

1995-96 വർഷം വരെ മൊറയൂർ പഞ്ചായത്തിൽ 51 പേർക്ക് ട്രൈസം പരിശീലനം ലഭിച്ചിട്ടുണ്ട്. ട്രൈസം തൊഴിൽ പദ്ധതി പ്രകാരം പരിശീലനം നേടിവർക്ക് യോഗ്യതാടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നു എന്നത് ഈ പദ്ധതിയുടെ മേന്മയാണ്. ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ കിട്ടുന്നില്ല എന്ന പരാതി പരിഹരിക്കുവാൻ അനുയോജ്യരായ യുവതി യുവാക്കളെ കണ്ടെത്തി ബോധവൽക്കരണം നടത്തേണ്ടത് അത്യാവശ്യമാണ്.

### CRSD കക്കൂസുകൾ

| | വിവിധ പദ്ധതികളിലായി ഇത് വരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തീകരിച്ചുവരുന്ന എണ്ണം |
|---|---|---|
| 1 | 11 | 9 |
| 2 | 13 | 11 |
| 3 | 27 | 23 |
| 4 | 13 | 10 |
| 5 | 13 | 12 |
| 6 | 12 | 10 |
| 7 | 10 | 8 |
| 8 | 9 | 7 |
| 9 | 13 | 11 |
| ആകെ | 121 | 101 |

(പഴയ വാഡുകളുടെ അടിസ്ഥാനത്തിൽ)

വിവിധ പദ്ധതികളിലായി മൊറയൂർ ഗ്രാമ പഞ്ചായത്തിൽ 121 കക്കൂസുകൾ അനുവദിച്ചു എന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇതിൽ 101 എണ്ണം പണി പൂർത്തിയായി ഉപയോഗിക്കുന്നു 20 കക്കൂസുകളുടെ പണി പൂർത്തികരിച്ചിട്ടില്ല.

## റവന്യു ഡിപ്പാർട്ടുമെന്റ് വഴിയുള്ള ക്ഷേമപദ്ധതികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് വഴി കാര്യമായി ലഭിക്കുന്നത് പെൻഷനുകളും, നിർദ്ധനരായ സ്ത്രീകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധന സഹായങ്ങളുമാണ്. നിത്യ ജീവിതത്തിനുപോലും ബുദ്ധിമുട്ടുന്ന പട്ടിണിപ്പാവങ്ങൾക്ക് നൽകുന്ന ഈ പദ്ധതികൾപോലും കൃത്യമായി ലഭിക്കുന്നില്ല എന്ന പരാതി നിലനിൽക്കുന്നു.

### പെൻഷനുകളെ സംബന്ധിച്ച വിവരം

പ്രായ പൂർത്തിയായ ആൺകുട്ടികളില്ലാത്ത വിധവകൾക്ക് ഈ പെൻഷൻ ലഭിക്കുന്നു. ഈ പഞ്ചായത്തിൽ ഇതു വരെയായി 224 വിധവകൾക്ക് പെൻഷൻ ലഭിക്കുന്നുണ്ട്.

### വികലാംഗ പെൻഷൻ

ജില്ലാ ആശുപത്രിയിൽ നിന്ന് ലഭിക്കുന്ന വൈദ്യ പരിശോധനാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഈ പെൻഷൻ ഇപ്പോൾ വിതരണം ചെയ്യപ്പെടുന്നത്. വികലാംഗർക്ക് ജില്ലാ ആശുപത്രിയിൽ എത്തിപ്പെടുന്നത് പ്രയാസകരമായതുകൊണ്ട് അടുത്തുള്ള PHCയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ് പ്രകാരം പെൻഷൻ അനുവദിക്കാനുള്ള സംവിധാനമേർപ്പെടുത്തിയാൽ ഒരളവുവരെ വികലാംഗർക്ക് അതൊരനുഗ്രഹമായിരിക്കും. ഇവിടെ ഇതു വരെയായി 58 പേർക്ക് വികലാംഗ പെൻഷൻ ലഭിച്ചിട്ടുണ്ട്.

### കർഷകത്തൊഴിലാളി പെൻഷൻ

അറുപത് വയസ്സ് കഴിഞ്ഞ കർഷകർക്കാണ് ഈ പെൻഷൻ ലഭ്യമാകുന്നത്. നമ്മുടെ ഗ്രാമ പഞ്ചായത്തിൽ അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നില്ല. ഈ പെൻഷന് അർഹരായവരെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കേണ്ടതാണ്. ഇതുവരെ ഇവിടെ 202 പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ ലഭിച്ചിട്ടുണ്ട്.

### തൊഴിലില്ലായ്മാ വേതനം

എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തുമൂന്നു വർഷമായ വരുമാനപരിധി കവിയാത്ത ഏതൊരാൾക്കും ഈ ആനുകൂല്യത്തിന് അവകാശമുണ്ട്.

ഈ ഗ്രാമ പഞ്ചായത്തിൽ ഇപ്പോൾ മാസം പ്രതി 191 പേർക്ക് 15280 രൂപ ഈയിനത്തിൽ വേതനമായി ലഭിക്കുന്നു. അതായത് ഒരു വർഷം 1,83, 360 രൂപ ഈ പഞ്ചായത്തിൽ തൊഴിലില്ലായ്മ വേതനം വിതരണം ചെയ്യപ്പെടുന്നു. ഇതുകൊണ്ട് മാത്രം തൊഴിലില്ലാത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ല. അതോടൊപ്പം സർക്കേരതര വിദഗ്ധ തൊഴിലാളികൾ പോലും ഈ വേതനം പറ്റുന്നുണ്ട് എന്നതും ഒരു വസ്തുതയാണ്.

അഗതി പെൻഷൻ, അവശകലാകാര പെൻഷൻ, മസ്തിഷ്കജ്വര പെൻഷൻ, കുഷ്ഠരോഗപെൻഷൻ, കാൻസർ രോഗ പെൻഷൻ എന്നിവ നമ്മുടെ പഞ്ചായത്തിൽ വിതരണം ചെയ്യപ്പെട്ടിട്ടില്ല എന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇത്തരക്കാരെ കണ്ടെത്തി പെൻഷൻ ലഭ്യമാക്കേണ്ടതാണ്.

### അംഗൻ വാടികൾ

മൊറയൂർ ഗ്രാമ പഞ്ചായത്തിൽ 14217 പുരുഷന്മാരും 13909 സ്ത്രീകളും കൂടി ജനസംഖ്യ 28116 ആണ്. ഈ

പെൻഷൻ ലഭിക്കുന്നവരുടെ പട്ടക താഴെ ചേർക്കുന്നു.

| വർഷം പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യകാല പെൻഷൻ | ക്ഷയരോഗി വേതനം | തൊഴിലില്ലായ്മ പറ്റുന്നവർ | കർഷക തൊഴിലാളി പെൻഷൻ |
|---|---|---|---|---|---|---|
| 94-95വരെ | 217 | 51 | 27 | 16 | 169 | 167 |
| 95-96വർഷം | 7 | 7 | 1 | 12 | 22 | 35 |
| ആകെ | 224 | 58 | 28 | 28 | 191 | 202 |

അവലംബം : വില്ലേജ് ആപ്പീസിലെ വിവരം

പഞ്ചായത്തിലെ 11 വാർഡുകളിലായി 26 അംഗൻ വാടികൾ പ്രവർത്തിക്കുന്നു. 1000 പേർക്ക് ഒരു അംഗൻവാടി എന്ന ICDSന്റെ പ്രഖ്യാപിത ലക്ഷ്യമാനുസരിച്ച് പഞ്ചായത്തിൽ 3 അംഗൻവാടികൾ കൂടി വേണം.

അംഗൻവാടികളുടെ എണ്ണം നേടിയെങ്കിലും കെട്ടിടങ്ങളുടേയും, മറ്റു സൗകര്യങ്ങളുടേയും കാര്യത്തിൽ നാം വളരെ പിന്നിലാണ്. 26 അംഗൻ വാടികളിൽ ആറെണ്ണത്തിനു മാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. അതിൽ രണ്ടെണ്ണം പഴയതും നാലെണ്ണം പുതിയതായി അനുവദിച്ചതുമാണ്. നിലവിലുള്ള അംഗൻ വാടികളുടെ പ്രാഥമിക സൗകര്യങ്ങളുടെ അഭാവവും, ജീവനക്കാരുടെ പ്രയാസവും കുട്ടികളിലും, രക്ഷിതാക്കളിലും അസന്തുഷ്ടിയുണ്ടാക്കുന്നു എന്നത് ഗ്രാമ സഭകളിൽ ഉയർന്നുവന്ന ഒരു പ്രധാന പ്രശ്നമാണ്. വർക്കർ, ഹെൽപ്പർ, എന്നീ തസ്തികകളാണ് ഇതിലുള്ളത്. രാവിലെ ഒമ്പത് മണിമുതൽ വൈകുന്നേരം മൂന്നര വരെ അധ്യാപികയുടേയും, അമ്മയുടേയും, ഡോക്ടറുടേയും, ആയയുടേയും ജോലികൾ ചെയ്യുന്ന ഇവർ നാട്ടിന് വേണ്ടി സ്വയം സമർപ്പിക്കപ്പെട്ടവരാണ്. ജീവനക്കാരെ സ്ഥിരപ്പെടുത്തി വേതനം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

### നിർദ്ദേശങ്ങൾ

1. ഓരോ പ്രദേശത്തിനനുയോജ്യമായ തൊഴിൽ പരിശീലനം നൽകണം.
2. പരിശീലനം ലഭിച്ചവർക്ക് സംരംഭം ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം യഥാസമയം ലഭ്യമാക്കണം.
3. പരിശീലകരുടെ എണ്ണം വർദ്ധിപ്പിക്കണം.
4. അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലവും, സാമ്പത്തിക സഹായവും നൽകണം.
5. സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ഇപ്പോൾ അനുവദിക്കുന്ന സംഖ്യാ അപര്യാപ്തമാണ്. അതുകൊണ്ട് തുക നിർബന്ധമായും കാലോചിതമായി വർദ്ധിപ്പിക്കണം.
6. ജന സംഖ്യാനുപാതികമായി വേണ്ട മൂന്ന് അംഗൻവാടികൾകൂടി അനുവദിക്കണം.
7. അംഗൻ വാടികൾക്ക് വാടകയിനത്തിലും, പാചകയിനത്തിലും നൽകുന്ന തുക ഗണ്യമായി വർദ്ധിപ്പിക്കണം.
8. അൻർട്ട് അടുപ്പുകൾ അംഗൻവാടികളിൽ വ്യാപകമാക്കണം.
9. അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന, വേതന വ്യവസ്ഥകൾ പരിഷ്കരിക്കുകയും ചെയ്യണം.
10. അംഗൻ വാടികളിൽ കുട്ടികൾക്കാവശ്യമായ കളിപ്പാട്ടങ്ങൾ വാങ്ങാനാവശ്യമായ സാമ്പത്തിക സഹായം നൽകണം.

### കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

മൊറയൂർ ഗ്രാമ പഞ്ചായത്തിൽ കുറെയേറെ പേർ കെട്ടിട നിർമ്മാണ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നുണ്ട്. അവരിൽ വളരെ കുറഞ്ഞ പേർ മാത്രമേ ക്ഷേമ നിധിയിൽ അംഗത്വം സ്വീകരിച്ചിട്ടുണ്ട്. ധാരാളം ആനുകൂല്യങ്ങൾ ലഭിക്കാവുന്ന ഈ ക്ഷേമനിധിയെ സംബന്ധിച്ച് തൊഴിലാളികളെ ബോധവൽക്കരിക്കുക വഴി മുഴുവൻ ആളുകളേയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുകയും ചെയ്യേണ്ടതാണ്.

കെട്ടിട നിർമ്മാണ ജോലി അപകടമേഖലയായതിനാൽ 55 വയസ്സ് ആകുമ്പോഴേക്കും തൊഴിലിൽ നിന്നും വിട്ടുനിൽക്കാൻ തൊഴിലാളികൾ നിർബന്ധിതരാകുന്നു. അതു കൊണ്ടു ഇവരുടെ പെൻഷൻ പ്രായം 55 വയസ്സാക്കി നിജപ്പെടുത്തേണ്ടതാണ്.

### ആഭരണ തൊഴിലാളി ക്ഷേമനിധി

ആഭരണ നിർമ്മാണ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന

ധാരാളമാളുകൾ ഈ പഞ്ചായത്തിലുണ്ട്. മുഴുവനാളുക ളേയും ഈ ക്ഷേമനിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

### കൈ തൊഴിലാളി, വിദഗ്ധ തൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, കൊല്ലൻ, മരംകയറ്റക്കാർ, ബീഡി തൊഴിലാളികൾ, വാച്ച് സൈക്കിൾ റിപ്പയർമാർ, തേങ്ങ വെട്ടി ഉണക്കുന്നവർ, ഫോട്ടോ ഗ്രാഫർമാർ, റബ്ബർ ടാപ്പർമാർ തുടങ്ങിയവർ ഈ ക്ഷേമനിധിയുടെ പരിധി യിൽ പെടുന്നു. പക്ഷെ നമ്മുടെ പഞ്ചായത്തിലെ ഇത്തരം തൊഴിലാളികളാരുംതന്നെ ഈ അംഗങ്ങളായി അറിയ പ്പെടുന്നില്ല.


### CBNP

സാമൂഹ്യക്ഷേമ രംഗത്ത് നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെ ഇടയിൽ സജീവമായി പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ് CBNP. അസംഘടിതരും, നിർദ്ധന രുമായി സ്ത്രീകളെ ബോധവൽക്കരിച്ച് ചെറുസമ്പാദ്യ ങ്ങൾ സ്വരൂപിച്ച് നിക്ഷേപിക്കുന്ന ത്രിഫ്റ്റ് സൊസൈറ്റി കൾ നമ്മുടെ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സജീവമായി പ്രവർത്തിക്കുന്നു. ഒരു ലക്ഷത്തോളം രൂപ ഇതിനകം മൊറയൂർ സർവ്വീസ് സഹകരണ സംഘത്തിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ നിന്ന് ലോണെടുത്ത് വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

വിജയത്തിൻെറ താക്കോൽ
വൻതോതിലുള്ള ഉല്പാദനമല്ല
ജനലക്ഷങ്ങൾ മുഖാന്തിരമുള്ള
ഉല്പാദനമാണ്

എല്ലാവരുടേയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്.
എന്നാൽ ആരുടെയും ദുരയെ
തൃപ്തിപ്പെടുത്തുവാൻ വഭവങ്ങളിലതാനും

\- ഗാന്ധിജി



# സംസ്ക്കാരം & സ്പോർട്സ്

സാമൂതിരിമാരുടെ ഭരണത്തിൻ കീഴിലായി തെനയ ഞ്ചേരി ഇളയത് എന്ന സ്ഥാനപ്പേരോട് കൂടി മോങ്ങണ്ട മ്പലം മൂസ്സതുമാരുടെ അധീനതയിലായിരുന്നു പണ്ട് മൊറയൂർ പഞ്ചായത്തിലെ ഭൂപ്രദേശം സവർണ്ണ സമ്പന്ന നാടു വാഴി പ്രഭുക്കളായിരുന്നു മൂസ്സതുമാർ തൊട്ടുകൂ ടായ്മയും തീണ്ടിക്കൂടായ്മയും കൊടികുത്തി വാണി രുന്ന ഒരു കാലഘട്ടത്തിലൂടെ കടന്നു പോയിട്ടുണ്ട്. മൊറ യൂർ പ്രദേശം. പിന്നീട് ഒഴുകൂർ പ്രദേശം നിലമ്പൂർ കോവിലകത്തിനും അരിമ്പ്രഭാഗം കോട്ടക്കൽ കോവില കത്തിനും വീതിച്ചു നൽകപ്പെട്ടു.

ബ്രിട്ടീഷ് സാമ്രാജ്യത്വ വാഴ്ചക്കെതിരെ, മലബാർ സമ രമെന്ന 1921ലെ ഐതിഹാസികമായ സ്വാതന്ത്ര്യ സമര ത്തിൽ മൊറയൂർ ചമ്പാലം കുന്നിൽ വെച്ച് വെള്ളപ്പട്ടാള ക്കാരോട് സുധീരം പോരാടി വീര രക്ത സാക്ഷിത്വം വരിച്ച അനേകം ആളുകളുടെ രക്തം കൊണ്ട് ധന്യമാണ് ഈ പഞ്ചായത്ത്.

മത സൗഹാർദ്ദത്തിന്റെ പ്രതീകങ്ങളായ പള്ളികളും അമ്പലങ്ങളും തലയുയർത്തിനിൽക്കുന്ന ഈ പ്രദേശത്ത് സവർണ്ണരും അവർണ്ണരും ഇടകലർന്ന് വളരെ സൗഹൃ ദപൂർവ്വം ജീവിക്കുന്നത് മറ്റേതു പ്രദേശത്തിനും മാതൃക യാണ്.

മത സാമൂഹിക സാംസ്ക്കാരിക കലാ സാഹിത്യ രംഗത്ത് സജീവമായി പ്രവർത്തിച്ച് വ്യക്തിമുദ്ര പതിപ്പിച്ച അനേകം ആളുകൾക്ക് ജന്മം നൽകാൻ കൂടി ഈ പഞ്ചാ യത്തിന് സാധിച്ചിട്ടുണ്ട്. ഉന്നതരായ സാംസ്ക്കാരിക നായകന്മാരുടെ പിൻതലമുറക്കാരായ ചെറുപ്പക്കാർ പഞ്ചായത്തിന്റെ സാംസ്ക്കാരിക ഉയർച്ചയ്ക്ക് അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളുടെ വിദ്യാഭ്യാസ, സാംസ്ക്കാരിക ഉന്നമനത്തിൽ പ്രധാനമായ പങ്ക് വഹിക്കുന്ന, നഴ്സറിമുതൽ ഹൈസ്കൂൾ വരെ യുള്ള 36 സ്ഥാപനങ്ങളും അതുപോലെ, മത വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്തുത്യർഹമായ നിലയിൽ ഇവിടെ പ്രവർത്തിക്കുന്നു.

മൊറയൂർ പഞ്ചായത്തിന്റെ സാംസ്ക്കാരിക പൈതൃ കത്തിന് ഊന്നൽ നൽകുകയും സംഭാവനകളർപ്പിക്കു കയും ചെയ്യുന്ന ഘടകങ്ങളെ വിവരിക്കുന്നു.

## ആരാധനാലയങ്ങൾ

**പള്ളികൾ:-**

ഒഴുകൂർ മേൽമുറി ജുമുഅ:ത്ത്പള്ളി, ഒഴുകൂർ കീഴ് മുറിജുമാമസ്ജിദ്, മറ്റു അഞ്ച് നിസ്കാരപള്ളികൾ, എട പ്പറമ്പ് ജുമാമസ്ജിത്, മൊറയൂർ കീഴ്മുറി ജുമാഅ ത്ത്പള്ളി, മൊറയൂർ വലിയ പള്ളി, പലേക്കോട് പള്ളി, വാലഞ്ചേരി ജുമാഅത്ത് പള്ളി, മോങ്ങം ജുമാഅത്ത് പള്ളി, മോങ്ങം മസ്ജിദുൽ അമാൻ, അരിമ്പ്ര സ്കൂൾ പടി പള്ളി, കളരിജുമാഅത്ത്പള്ളി, കപ്രാട്ടു ജുമാഅ ത്ത്പള്ളി, പൂതനപ്പറമ്പ് പള്ളി, മനങ്ങറ്റ ജുമാഅത്ത്പള്ളി, പഴയങ്ങര തൊടി മസ്ജിദ്, വിരിയപ്പുറം ജുമാഅത്ത്പള്ളി, കാരാതോടം നിസ്ക്കാരപള്ളി, ട്രാൻസ്ഫോർമർ നിസ്കാ രപള്ളി, തടപ്പറമ്പ് നിസ്കാര പള്ളി, എന്നീ മുസ്ലിം ആരാ ധനാലയങ്ങളാണ് പ്രധാനമായും പഞ്ചായത്തിലുള്ളത്.

**അമ്പലങ്ങൾ:-**

മൊറയൂർ മഹാശിവക്ഷേത്രം, പഴയങ്ങര ദുർഗ്ഗാ ദേവി ക്ഷേത്രം അരിമ്പ്ര എന്നീ അമ്പലങ്ങളും മറ്റു നടകളും ഹിന്ദു മതാരാധനകൾക്കായുണ്ട്:-

കൃസ്ത്യൻ മതവിഭാഗക്കാർ ഇവിടെ വിരളമായതു കൊണ്ട് അവർക്ക് ആരാധനാലയങ്ങളില്ല.

പള്ളികളും മറ്റ് ആരാധനാലയങ്ങളും മന്ത്രോച്ചാരണ ങ്ങളാൽ മനഃശാന്തിയുടെ ഉറവിടങ്ങളും സാംസ്ക്കാരിക നിലയങ്ങളുമായി നിലകൊള്ളുന്നു. ഭക്തിമുറ്റിനിൽക്കുന്ന

ആരാധനാലയങ്ങളിലെ സന്ദർശനം ജനങ്ങളെ സാംസ്ക്കാരികാധപതനത്തിൽ നിന്നും അകറ്റി നിർത്തുന്നു.

## ആഘോഷങ്ങൾ

a)നേർച്ചകൾ:-

മൊറയൂർ പഞ്ചായത്തിലെ പല പ്രാദേശിക ആഘോഷങ്ങൾക്കും ചരിത്ര പശ്ചാത്തലങ്ങളുണ്ട് ഉദാഹരണമായി, ഒഴുകൂർ ഒന്നാം വാർഡിലെ പാറമ്മൽ നേർച്ച: ഏകദേശം 95 വർഷങ്ങൾക്കു മുമ്പ് അരിമ്പ്രയിലും മൊറയൂരിലെ മറ്റു പ്രദേശങ്ങളിലും വ്യാപിച്ചിരുന്ന മലമ്പനിയും, വസൂരിയും കാരണം, അനേകമാളുകൾ മൃതിയടഞ്ഞു. ആധുനിക സൗകര്യങ്ങളോ രോഗപ്രതിരോധ മാർഗ്ഗങ്ങളോ ഒന്നുമില്ലാതിരുന്ന ആ കാലത്ത്, പറമ്പൻ വീരാൻ കാക്ക മരണപ്പെട്ടപ്പോൾ ഭീതിപൂണ്ട ജനങ്ങൾ കണ്ടെത്തിയ മാർഗ്ഗമായിരുന്നു 'നടന്നു നേർച്ച്'. ചെമ്മാടൻ മൊയ്തീൻ കാക്കയുടെയും പുളിക്കൽ അയമുട്ടിമൊല്ലയുടെയും നേതൃത്വത്തിൽ വീട് വീടാന്തരം മൗലിദ്-റാത്തീബ് പാരായണങ്ങൾ നടത്തി, രോഗം വ്യാപിക്കുന്നതിനെതിരെ ദൈവത്തോട് പ്രാർത്ഥിച്ച്, നാൽപതാം ദിവസം നാട്ടുകാർ ഒന്നടങ്കം മഞ്ഞപ്പുലത്ത് പാറയിൽ ഒരുമിച്ച് കൂടി റാത്തീബ് നടത്തി നടന്നു നേർച്ച സമാപിച്ചിരുന്നു. എന്തുകൊണ്ടോ ആ മാരക രോഗങ്ങൾ ഒഴുകൂരിൽ നിന്നും അപ്രത്യക്ഷമായ സത്യം ഇന്ന് ജീവിച്ചിരിക്കുന്ന പ്രായമേറിയവർ അത്ഭുതത്തോടെ സ്മരിക്കുന്നു. വാളപറമ്പൻ ഏനിക്കുട്ടി, K.C വീരാൻ കുട്ടി, ഞാറക്കോടൻ കുഞ്ഞാലൻ കുട്ടി, മങ്ങാട്ടുപറമ്പൻ വീരാൻ തുടങ്ങിയ മഹാന്മാർ നേതൃത്വം കൊടുത്തിരുന്ന നടന്ന് നേർച്ചയുടെ സമാപനമായ പാറമ്മൽ നേർച്ച ഇന്നും വർഷം തോറും മുടക്കം കൂടാതെ നടന്നു വരുന്നു.

മറ്റു പ്രാദേശിക ഉത്സവങ്ങളുടെ ചരിത്രപശ്ചാത്തലം ലഭ്യമല്ലയെങ്കിലും താഴെപറയുന്ന നേർച്ചകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വർഷം തോറും നടന്നുവരുന്നു. ഈ ആഘോഷങ്ങളിലെല്ലാം ജാതി മത ഭേദമന്യേ സ്ത്രീ പുരുഷന്മാരുടെ പങ്കാളിത്തം ഇവിടത്തെ മത സൗഹാർദ്ദം വിളിച്ചോതുന്നു. കൊടിക്കൽ നേർച്ച, നെരവത്ത് കൊടികുത്തൽ നേർച്ച, അരിമ്പ്ര പൂതനപ്പറമ്പ് പള്ളി ജാറം നേർച്ച. (ഈ നേർച്ച വളരെ കാലം മുമ്പ് മുതൽ നടന്നുവരുന്നു. ജാറത്തിൽ അന്ത്യ വിശ്രമം കൊള്ളുന്ന മഹാൻ മമ്പുറം തങ്ങളുടെ സമകാലികനാണെന്ന് പറയപ്പെടുന്നു. ജാറത്തിലെ പല അത്ഭുതസിദ്ധികളും നാട്ടുകാർക്ക് പറയാനുണ്ട്.) അതുപോലെ പഴക്കം കൊണ്ട് പ്രസിദ്ധമാണ്. മോങ്ങം ഫഖീർ സാഹിബ് ജാറം നേർച്ച. പക്ഷെ, ഇന്ന് മോങ്ങം നേർച്ച പേരിനുമാത്രമായി അവശേഷിച്ചിരിക്കുകയാണ്. പോത്തട്ടിപ്പാറ പാറമ്മൽ നേർച്ചയും ജനശ്രദ്ധയാകർഷിക്കുന്ന ഒന്നാണ്. വാലഞ്ചേരി കുന്നു നേർച്ചയും ഈ പഞ്ചായത്തിലെ ആഘോഷങ്ങളിലൊന്നാണ്. കേരളത്തിലെ പ്രസിദ്ധമായ ആഘോഷങ്ങളിലൊന്നായ കൊണ്ടോട്ടി നേർച്ചയിലേക്ക് ഒഴുകൂർ, മോങ്ങം, മൊറയൂർ, അരിമ്പ്ര ഭാഗങ്ങളിൽ നിന്നും പണ്ടു മുതൽക്കേ വളരെ ആവേശപൂർവം പെട്ടിവരവുകൾ പോകാറുണ്ടായിരുന്നു. ഈ പെട്ടി വരവുകളിൽ എല്ലാ തരം മതവിഭാഗങ്ങളും ഏകോദര സഹോദരങ്ങളെപ്പോലെ പങ്കെടുത്തിരുന്നത് ഐക്യത്തിന്റെയും സൗഹാർദ്ദത്തിന്റെയും നിദർശനങ്ങളാണ്. മറ്റെല്ലാ നേർച്ചകളെപ്പോലെ ഈ പെട്ടി വരവുകളും ഇന്ന് ശോഷിച്ച അവസ്ഥയിലാണ്.

b) പൂരങ്ങൾ:

ഒഴുകൂർ തേർ പൂജ, വാലഞ്ചേരി ചേളിക്കോടൻ പൂരം, അരിമ്പ്ര മണ്ടവത്തിങ്ങൽ പൂരം, കളത്തിൻ പടിക്കൽ പൂരം, വളരാട്ട് പൂരം, കുമ്മട്ടീരി പൂരം, പള്ള്യാറക്കൽ പൂരം, മോങ്ങം ഒരപ്പുണ്ടിപ്പാറ പൂരം, പുലിക്കോട്ടു പൂരം, കേരളത്തിലെ തന്നെ സവിശേഷമായ അഞ്ച് വർഷത്തിലൊരിക്കൽ നടത്തപ്പെടുന്ന ഭരണിക്കുന്ന് ഹരിജൻ കോളനി പൂരം എന്നിവയെല്ലാം ഈ പഞ്ചായത്തിലെ സാംസ്കാരികാഘോഷങ്ങൾക്ക് നിറം പകരുന്നവയാണ്. ഈ മേളകളിലെല്ലാം നാടൻ കലകളായ തെയ്യം, ചെണ്ട കൊട്ട്, ചവിട്ടുകളി, താലപ്പൊലി എന്നിവയെല്ലാം ആർഭാടത്തോടെ അരങ്ങേറുന്നു.

## ഗ്രന്ഥാലയങ്ങളും വായനശാലകളും.

മൊറയൂർ പഞ്ചായത്തിൽ മുഖ്യമായും മൂന്ന് ലൈബ്രറികളാണുള്ളത്. ഒഴുകൂർ ബാഫഖി തങ്ങൾ സ്മാരക ലൈബ്രറി & വായനശാല, പഞ്ചായത്ത് ലൈബ്രറി, അരിമ്പ്ര ചേതന ഗ്രന്ഥാലയം എന്നിവയാണവ. സാക്ഷരതയുടെ കാര്യത്തിൽ സംസ്ഥാനതലത്തിൽ നൂറുശതമാനം എന്ന ഔദ്യോഗിക കണക്കുണ്ടെങ്കിലും വായനയിലൂടെ വിജ്ഞാനം വർധിപ്പിക്കാനുള്ള മാധ്യമം എന്ന നിലയിൽ ഈ ഗ്രന്ഥാലയങ്ങൾ സ്തുത്യർഹമായ സേവനങ്ങളർപ്പിക്കുന്നുണ്ട്. ഇനിയും കൂടുതൽ വായനശാലകളും, ലൈബ്രറികളും ഉയർന്നുവരേണ്ടതുണ്ട്.

### ബാഫഖി തങ്ങൾ സ്മാരക ലൈബ്രറി (BTSL)

1993 സപ്തംബർ 23-ാം തീയ്യതി വിദ്യാഭ്യാസ വകുപ്പു മന്ത്രി ഇ.ടി. മുഹമ്മദ് ബഷീർ വെസ്റ്റ് ബസാറിൽ ഉദ്ഘാടനം ചെയ്തതോടെയാണ് ഈ ഗ്രന്ഥാലയം സ്ഥാപിതമാകുന്നത്. സി.എച്ച്. മുഹമ്മദ് കോയ സ്മാരക എഡ്യു

ക്കേഷൻ, കൾച്ചറൽ ആന്റ് ഹിസ്റ്റോറിക്കൽ റിസർച്ച് സെന്റർ ട്രസ്റ്റിന്റെ പ്രഥമ സ്ഥാപനവുമാണ് ബി.ടി.എസ്.എൽ.

ആയിരത്തോളം വിലപ്പെട്ട പുസ്തക ശേഖരത്തിൽ കോളൻ ക്ലാസിഫിക്കേഷൻ അനുസരിച്ച് A മുതൽ Z വരെയുള്ള എല്ലാ വിജ്ഞാനശാഖകളിലുമുള്ള പുസ്തകങ്ങളുമുണ്ട്.

പൊതുജനങ്ങളിൽനിന്നും സംഭാവനയായി സ്വീകരിച്ചും വിലകൊടുത്ത് വാങ്ങിയതുമായ ഈ പുസ്തകങ്ങൾ വെറും രണ്ട് അലമാരികളിൽ തിങ്ങി ഞെരുങ്ങി കഴിയുകയാണ്. 120 (നൂറ്റി ഇരുപത്) –ൽ പരം മെമ്പർമാരുള്ള ലൈബ്രറിയിൽ പ്രതിമാസം ശരാശരി ഇരുനൂറോളം പുസ്തകങ്ങൾ വായനക്കാർക്ക് നൽകുന്നു. പഞ്ചായത്ത് വക ഒരു പത്രം അനുവദിച്ചിട്ടുണ്ട്. സ്ഥിരമായ വരുമാന മാർഗ്ഗങ്ങളില്ലാത്തത് കാരണം അംഗങ്ങളിൽ നിന്നും പിരിവെടുത്ത് ചന്ദ്രിക, മഹിളാ ചന്ദ്രിക, ഇന്ത്യാ ടുഡേ, കേരള ശബ്ദം, കരിയർ സർഗ്ഗധാര, ഇന്ത്യാ റിവ്യൂ, സ്പോർട്സ് എന്നീ വാരികകളും മാസികകളും മുടങ്ങാതെ വരുത്തുന്നുണ്ട്.

സ്ത്രീകളടക്കമുള്ള സാധാരണ വായനക്കാരും, സ്കൂൾ, കോളേജ് വിദ്യാർത്ഥികളും പഠനത്തിനാവശ്യമായ പുസ്തകങ്ങൾക്ക് ലൈബ്രറിയെ സമീപിക്കുന്നു. നോവലുകൾക്കുപരി, പഠനപരമായ പുസ്തകങ്ങൾ മെമ്പർമാർ വായനക്ക് തിരഞ്ഞെടുക്കുന്നത് ശുഭോദർക്കമാണ്.

ലൈബ്രറി സമിതി, ഒഴുകൂർ പ്രദേശത്ത് നിരവധി തവണ രക്ഷിതാക്കൾക്കിടയിൽ വിദ്യാഭ്യാസ ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

ഇപ്പോൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക മേഖലകളിൽ ഒട്ടനവധി സംഭാവനകളർപ്പിക്കാൻ ഉപയുക്തമാണ് എന്നതിൽ ഏവർക്കും അഭിമാനിക്കാവുന്നതാണ്. ശാസ്ത്രീയമായി പുസ്തകങ്ങൾ വർഗീകരിക്കപ്പെട്ടിരിക്കുന്ന ഈ സ്ഥാപനത്തിൽ ഒരു ടെലിവിഷൻ സ്ഥാപിക്കുകയെന്നത് ഇന്നാട്ടുകാരുടെ ഒരു ചിരകാലാഭിലാഷമാണ്.

ഒഴുകൂരിൽ തന്നെ മഅ്ദനുൽ ഉലും മദ്രസ കേന്ദ്രീകരിച്ച് തംരീനുത്തുലബഃ സാഹിത്യ സമാജത്തിന്റെ വകയായി നാനൂറോളം പുസ്തകങ്ങളോട് കൂടിയ ഒരു ലൈബ്രറി പ്രവർത്തിച്ചു വരുന്നുണ്ട്. പക്ഷെ, സ്ഥിരമായ വായനക്കാരുടെ അഭാവം ഗ്രന്ഥാലയത്തിന്റെ വളർച്ച മുരടിക്കാൻ കാരണമായിരിക്കുന്നു.

വാലഞ്ചേരിയിൽ ഒരു ഇസ്ലാമിക് ലൈബ്രറി & വായനശാലയും, അനശ്വര ക്ലബും പ്രവർത്തിക്കുന്നു. മോങ്ങത്തും ഒരു ഇസ്ലാമിക് വായനശാല പ്രവർത്തിച്ചു വരുന്നു.

## അരിമ്പ്ര ചേതനഃ

നെഹ്റു യുവ കേന്ദ്രയുടെ കീഴിലുള്ള അരിമ്പ്ര ചേതന ഗ്രന്ഥാലയത്തിന് ഒരു ടി.വിയും മറ്റ് പ്രാഥമിക സൗകര്യങ്ങളുമുണ്ട്. എഴുന്നൂറിൽ പരം പുസ്തകങ്ങൾ വായനക്കാർക്ക് നൽകിവരുന്ന ഈ ഗ്രന്ഥാലയം പഞ്ചായത്തിൽ വിദ്യാഭ്യാസ, സാംസ്കാരിക രംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ചുവരുന്നത് ഒരു മുതൽക്കൂട്ടായി പരിഗണിക്കാം. സ്വന്തമായി കെട്ടിടമില്ലാത്തത് കാരണം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ പ്രയാസമുണ്ട്. ചന്ദ്രിക, മാതൃഭൂമി, ഇന്ത്യൻ എക്സ്പ്രസ് എന്നീ ദിനപത്രങ്ങളും ചന്ദ്രിക, ഇന്ത്യാ റിവ്യൂ, ഇന്ത്യാ ടുഡേ, മഹിളാ ചന്ദ്രിക തുടങ്ങിയ വാരികകളും മാസികകളും പൊതുജനവായനക്കായി വരുത്തിക്കൊടുക്കുന്നു. ചേതന ഗ്രന്ഥാലയം ഒരു കയ്യെഴുത്ത് മാസിക ഇറക്കിവരുന്നുണ്ട്. അരിമ്പ്ര നോർത്ത് MSF, ദർശനം എന്ന പേരിൽ ഒന്നര വർഷക്കാലമായി ഒരു കയ്യെഴുത്തുമാസിക നടത്തിവരുന്നു.

## പഞ്ചായത്ത് ലൈബ്രറി

1962–ൽ എം.എ. ഗംഗാധരൻ മൂസ്സത്. എം. പത്മനാഭൻ മാസ്റ്റർ, പി.സി.എൻ. നമ്പൂതിരി. ചിറ്റങ്ങാടൻ വീരാൻ സാഹിബ് എന്നീ മഹാന്മാർ ഒത്തുചേർന്ന് മൊറയൂർ അങ്ങാടിയിൽ 'മൊറയൂര വായനശാല & ഗ്രന്ഥാലയം' എന്ന പേരിൽ ഒരു ഗ്രന്ഥാലയം ആരംഭിച്ചു. പത്മനാഭൻ മാസ്റ്റർ, പി.സി.എൻ നമ്പൂതിരി, ഗംഗാധരൻ മൂസ്സത് എന്നിവർ സ്വന്തം ലൈബ്രറികളിൽ നിന്നും ആയിരത്തോളം പുസ്തകങ്ങൾ സംഭാവന ചെയ്തുകൊണ്ടായിരുന്നു തുടക്കം. പിന്നീട് നിരന്തരമായ പ്രവർത്തനഫലമായി ആറായിരത്തോളം പുസ്തകങ്ങൾ ശേഖരിക്കാനും സാധിച്ചു. കേരള ഗ്രന്ഥശാല സംഘത്തോട് അഫിലിയേറ്റ് ചെയ്ത ഈ ഗ്രന്ഥാലയത്തിന് മൂന്ന് വർഷം ഗ്രാന്റ് ലഭിച്ചിരുന്നു.

ലൈബ്രറി പ്രവർത്തിച്ചിരുന്ന കെട്ടിടം വിൽപ്പന നടത്തപ്പെട്ടപ്പോൾ, സാമൂഹ്യ പ്രവർത്തകരായ ഇതിന്റെ നടത്തിപ്പുകാർ ലൈബ്രറി പഞ്ചായത്തിന് വിട്ടുകൊടുത്തു. പഞ്ചായത്ത് ബോർഡിന്റെ ഗ്രാന്റും സ്വീകരിച്ച് ഒരു വർഷം പുസ്തകം വാങ്ങിയിരുന്നു. അതോടെ മൊറയൂർ വായശാല & ഗ്രന്ഥാലയം പഞ്ചായത്ത് ലൈബ്രറിയായി അംഗീകരിക്കപ്പെട്ടു.

പിന്നീട്, ലൈബ്രറിയുടെ അധഃപതനമായിരുന്നു. ശാസ്ത്രീയമായ നടത്തിപ്പിന്റെ അഭാവവും, അശ്രദ്ധയും കാരണം, വിതരണം ചെയ്യപ്പെട്ട പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് തിരിച്ചുവരാതായി. ഇപ്പോൾ 15 മെമ്പർമാരുള്ള ഈ ലൈബ്രറിയിൽ വെറും 467 പുസ്തകങ്ങൾ മാത്രമാണുള്ളത്. ബാക്കി അയ്യായിരത്തിൽപരം പുസ്തകങ്ങൾ നഷ്ടപ്പെട്ട ഈ ലൈബ്രറിയുടെ പ്രവർത്തനം ഇന്ന് വളരെ മന്ദീഭവിച്ച നിലയിലാണ്. ഒരു ഫുൾടൈം ലൈബ്രേറിയനെ നിയമിച്ച് കൂടുതൽ പുസ്തകങ്ങൾ വാങ്ങി ശാസ്ത്രീയമായി വർഗീകരിച്ച് വിതരണം ചെയ്താൽ ലൈബ്രറിയുടെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കാവുന്നതാണ്.

അതുപോലെ വർഷങ്ങൾക്ക് മുമ്പ് ഒഴുകൂരിൽ ഒരു ഗ്രാമീണ വായനശാല നിലവിലുണ്ടായിരുന്നു. പഞ്ചായത്ത് ഒരു റേഡിയോ, ഒരു പത്രം എന്നിവയും അനുവദിച്ചിരുന്നു. പത്രം വായിക്കാനും, വാർത്തകൾ കേൾക്കാനും ജനങ്ങൾ വായനശാലയിൽ തിങ്ങിക്കൂടുന്നതു ഒരു കാഴ്ചയായിരുന്നു. ഇന്ന് പക്ഷെ, അവയും നിശ്ചലമായി. റേഡിയോ എവിടെയാണെന്ന് അറിയില്ല. ചുരുക്കത്തിൽ മുമ്പ് വിജ്ഞാനപ്രചരണ രംഗത്ത് സജീവമായി പഞ്ചായത്ത് പ്രവർത്തിച്ചിരുന്നുവെങ്കിലും, ജന[illegible]ണ് അവ നിശ്ചലമാവാൻ കാരണം.

[illegible] അഹമ്മദ് എന്ന ബാപ്പു, സി. കുഞ്ഞാ[illegible]ർകുട്ടി, അമ്പാശ്ശേരി കുഞ്ഞാപ്പു, കെ.ജി. കുട്ടൻ നായർ എന്നിവരുടെ നേതൃത്വത്തിൽ 1954 ൽ ഒരു ലൈബ്രറിയും വായനശാലയും കുമ്മാൾതൊടി പീടികയിൽ പ്രവർത്തിച്ചു വന്നിരുന്നു. യുവ തലമുറയിൽ വായനാശീലം കുറഞ്ഞതുകൊണ്ടോ എന്തോ ആ ലൈബ്രറിയുടെ പ്രവർത്തനവും നിർജീവമായി. അത്കാരണം, ലൈബ്രറിയിലെ പുസ്തകങ്ങൾ നെടിയിരുപ്പിലെ പൊതു വായനശാലക്ക് നൽകി അതിനെ സംപുഷ്ടമാക്കാൻ സഹായിച്ചു.

പാലത്തിങ്ങലും മോങ്ങം അങ്ങാടിയിലും ഓരോ ഇസ്ലാമിക ലൈബ്രറികൾ പ്രവർത്തിച്ച്വരുന്നുണ്ട്. അരിമ്പ്രയിലെ ചേതന, പ്ലാസ്റ്റിക് കെയിൻ മുടച്ചിൽ, ടൈലറിംഗ്, എന്നിവയിൽ പരിശീലനം നൽകുകയും ചെയ്തിരുന്നു.

മൊത്തത്തിൽ, ലൈബ്രറിയും വായനശാലയും സ്ഥാപിക്കുക വഴി അതിന്റെ സംഘാടകർ ഉദ്ദേശിച്ച രീതിയിൽ ജനങ്ങൾ ഉപയോഗപ്പെടുത്തുകയാണെങ്കിൽ, പഞ്ചായത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ പ്രതീക്ഷിക്കാവുന്നതാണ്.

വായനാശീലം വളർത്തുന്നതിനോടൊപ്പം, വിജ്ഞാനം വർധിപ്പിക്കാനാവശ്യമായ ഇത്തരം സ്ഥാപനങ്ങൾ വളർന്നുവരുന്ന തലമുറയുടെ വിദ്യാഭ്യാസോന്നതിയെ കാര്യമായി സ്വാധീനിക്കുമെന്ന കാര്യം നിസ്തർക്കമാണ്. സ്വകാര്യ വ്യക്തികളും ഹോട്ടലുടമകളും വരുത്തുന്ന പത്രങ്ങളുമാണ് മൊത്തത്തിൽ പഞ്ചായത്തിലെ വാർത്താ മാധ്യമങ്ങൾ. ചുരുക്കത്തിൽ വാർത്താ മാധ്യമങ്ങളുടെ ലഭ്യതയിലും മറ്റു സാംസ്കാരിക പ്രവർത്തനങ്ങളുടെ സജീവതയിലും പഞ്ചായത്ത് വളരെയധികം പിന്നോക്കാവസ്ഥയിലാണ്.

അതുകൊണ്ട് തന്നെ ലൈബ്രറികൾ ഉപയോഗപ്പെടുത്തി ഉന്നത വിദ്യാഭ്യാസ രംഗത്ത് യോഗ്യത നേടുന്നതിൽ പഞ്ചായത്ത് പിന്നാക്കമാണെന്ന് പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

## കലകൾ

മൊറയൂർ പഞ്ചായത്ത് പണ്ടുമുതൽ തന്നെ കലാരംഗത്ത് മികച്ചുനിന്ന ഒരു പ്രദേശമാണ്. മാപ്പിള കലാതനിമയുടെ ശൈലിയുൾക്കൊള്ളുന്ന അറവന മുട്ട്, കോൽക്കളി, ദഫ്മുട്ട്, ചീനിമുട്ട്, ഒപ്പന തുടങ്ങിയവയും ഹൈന്ദവ കലകളായ അയ്യർകളി, കൈകൊട്ടിക്കളി, തിരുവാതിരക്കളി, ഓണത്തല്ല്, പുലിക്കളി, തുടികൊട്ട്, വിൽപാട്ട്, ചവിട്ടുകളി, വട്ടക്കളി എന്നിവയും മറ്റുകലകളായ പടകളി, പകിടകളി, പരിചമുട്ട് കളി, ആയോധന കലയായ കളരി എന്നിവയും ചിരപുരാതന കാലം മുതൽക്ക് തന്നെ ഇവിടെ പ്രചുരപ്രചാരത്തിലുണ്ടായിരുന്നു.

മേൽ പ്രസ്താവിച്ച കലാരൂപങ്ങളിൽ പലതും ഇന്ന് യവതലമുറയ്ക്ക് അജ്ഞാതമാണ്. കാല പ്രവാഹത്തിൽ ആ കലകളെ പ്രോത്സാഹിപ്പിക്കാനുള്ള നീക്കം ആരിൽനിന്നും ഉണ്ടാവാത്തത് അവയുടെ ഭാഗികമായ തിരോധാനത്തിന് കാരണമായി. ഇപ്പോഴുള്ള കലകൾതന്നെ ആധുനിക വാദ്യോപകരണങ്ങളുടെ ഇരച്ചുകയറ്റം മൂലവും, സ്വാധീനം കാരണവും തനിമ നഷ്ടപ്പെട്ട നിലയിലാണ്. ഈ കലകളിലെല്ലാം പ്രാവീണ്യം നേടിയിരുന്ന മൺമറഞ്ഞ ചിലരേയും, ഇന്ന് ജീവിച്ചിരിക്കുന്നവരിൽ പ്രഗത്ഭരേയും നമുക്ക്ചെറുതായൊന്ന് പരിചയപ്പെടാം :

അറവന മുട്ടിൽ പഞ്ചായത്തിനകത്തും പുറത്തും പ്രസിദ്ധനായിരുന്നു ഒഴുകൂരിലെ ചെമ്മാടൻ അഹമ്മദുകുട്ടി എന്ന കാക്ക. അദ്ദേഹത്തിന്റെ പിൻഗാമികളായി പരശരാകുന്നൻ മുഹമ്മദു കുട്ടി, പുളിക്കൽ മായിൻകുട്ടി

എന്നിവർ ഈ കലയെ പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നു. അരിമ്പ്രയിലെ പൂളക്കുന്നൻ മുഹമ്മദ്, വി. അലവി എന്നിവരും ഈ രംഗത്ത് കേളി കേട്ടവരാണ്.

കേരളത്തിലെ കോൽക്കളിയിൽ പ്രാദേശികമായ ധാരാളം വ്യതിയാനങ്ങൾ നമുക്ക് കാണാൻ സാധിക്കും. കളിയുടെ തനത് ശൈലിയിൽ അവതരിപ്പിച്ചിരുന്നവരും ചില പ്രശസ്തരായ ഗുരുക്കന്മാരുമായിരുന്നു

മർഹൂം ബിച്ചി മുഹമ്മദ്, കുഞ്ഞി ഏനി ഹാജി, വല്ല്യാപ്പു ഹാജി, പൂന്തല ഹസ്സൻ കുട്ടി കാക്ക, സി.കെ.കമ്മുഹാജി എന്നിവർ. ഈ കലയെ സ്നേഹിച്ച്കൊണ്ട് ഇന്നും ഈ രംഗത്ത് സജീവമായി നിലകൊള്ളുന്ന പൂന്തല മൊയ്തീൻകുട്ടി, പൂന്തല സുലൈമാൻ, എടപ്പറമ്പിലെ മോയീൻ കാക്ക, അരിമ്പ്രയിലെ അടങ്ങമ്പുറം സൈതലവി,കെ.ടി. വീരാൻകുട്ടി, എം.ടി. മമ്മദാലി എന്നിവർ പ്രത്യകം സ്മരണീയരത്രേ. കോൽക്കളിക്ക് സമാനമായി ആശാരിവിഭാഗങ്ങൾക്കിടയിലുണ്ടായിരുന്ന അയ്യർകളി ഇന്ന് വിസ്മൃതിയിലാണ്ടിരിക്കുന്നു.

1993-ൽ കാസർകോട് വെച്ച് K.A.T.F സംസ്ഥാനാടിസ്ഥാനത്തിൽ നടത്തിയ സി.എച്ച് മുഹമ്മദ് കോയ സ്മാരക ട്രോഫിക്ക് വേണ്ടിയുള്ള കോൽക്കളി മത്സരത്തിൽ ഒഴുകൂർ ക്രസന്റ് ഹൈസ്കൂൾ ഒന്നാം സ്ഥാനം നേടിയത് പൂന്തല സുലൈമാന്റെ നേതൃത്വത്തിലായിരുന്നു.

പണ്ടുകാലത്ത് കല്ല്യാണവീടുകളിൽ രാത്രി സമയങ്ങളിൽ കോൽക്കളിയും വായ്പാട്ട്, നേർച്ച സ്ഥലങ്ങളിൽ അറവനമുട്ടുകാരും വളരെ സജീവമായിരുന്നു. ഇന്ന് ചെറുപ്പക്കാർക്ക് അതെല്ലാം കേട്ടുകേൾവി മാത്രമായിരിക്കുന്നു. സ്വന്തം ചെലവിൽ കലയെ സ്നേഹിക്കുന്ന ചുരുക്കം ചിലരുടെ ശ്രമഫലമാണ് ഈ കലകൾ തീരെ വേരറ്റു പോകാതിരിക്കുന്നത്.

കേരളത്തിലങ്ങോളമിങ്ങോളം പ്രചുരപ്രചാരം നേടിയിരുന്ന ദഫ്മുട്ട് ഇടക്കാലത്ത് നിലച്ചുപോയിരുന്നെങ്കിലും ഈയടുത്ത കാലത്ത് അത് പൂർവ്വാധികം ശക്തിയോടെ പുനരുജ്ജീവിച്ചു കാണുന്നത് ആശാവഹമാണ്. ഈ കലകളെല്ലാം തന്നെ സ്കൂൾ കലാമേളകളിലെ മത്സരയിനങ്ങൾ കൂടിയാണ് എന്നത് സ്മരണീയമാണ്.

കൊണ്ടോട്ടി നേർച്ചയോടനുബന്ധിച്ച ഒരു പ്രധാന കലയാണ് ചീനിമുട്ട്. വളരെ രസകരമായി ആസ്വദിക്കാൻ പറ്റിയ ഒരിനമായ ചീനിമുട്ടിന്റെ, പഞ്ചായത്തിലെ ജീവിച്ചിരിക്കുന്ന പ്രഗത്ഭനാണ് അരിമ്പ്ര പാലത്തിങ്ങലെ ജ: മുഹമ്മദിശ.

പണ്ട് മൊറയൂർ പഞ്ചായത്തിൽ നിലനിന്നിരുന്നതും ഇപ്പോൾ വിസ്മൃതിയിലാണ്ട് പോവുകയും ചെയ്ത ഒരു കലയാണ് പടാളി. ആധുനിക കാലത്തെ ഗുസ്തിയോട് സാമ്യമുള്ള പടാളി, ഒരു പൊതുസ്ഥലത്താണ് നടത്തിയിരുന്നത്. വിജയിയെ വളരെ ആവേശപൂർവ്വം തോളിലേറ്റി വിജയാഘോഷം നടത്താനും ആളുകൾ മടിച്ചിരുന്നില്ല. നല്ല മെയ്വഴക്കവും ആയോധനാപാടവവുമുള്ളവർക്കേ പടാളിയിൽ പങ്കെടുക്കാനും വിജയിക്കാനും സാധിച്ചിരുന്നുള്ളൂ. മോങ്ങത്തെ മർഹൂം അഹമ്മദു കുട്ടി മൊല്ല, കുഞ്ഞാൻ മൊറയൂരിലെ ബംഗാളത്ത് ഉണ്ണി മൊയ്തീൻ ഹാജി, കോടി തൊടിക മൊയ്തീൻഹാജി, അരിമ്പ്രയിലെ മൊല്ലത്തൊടി എളാപ്പ മുഹമ്മദാജി, ഒഴുകൂരിലെ കെ.സി. ആളത്ത പ്പുറായ് വീരാൻകുട്ടി, ഒസ്സാൻ മമ്മദാജി എന്നിവർ പഴയകാല പടാളി വീരന്മാരായിരുന്നു.

പടാളി പോലെ തന്നെ പ്രധാനപ്പെട്ട ഒരു ആയോധന കലയാണ് കളരി. കളരി പഠിച്ച ധാരാളം പേർ പഞ്ചായത്തിലുണ്ട്. മർഹൂം കോടിത്തൊടിക ഉണ്ണി മൊയ്തീൻ ഹാജി, കോടിത്തൊടിക അഹമ്മദുകുട്ടി ഹാജി എന്നിവർ പഞ്ചായത്തിലെ അറിയപ്പെടുന്ന കളരി അഭ്യാസികളായിരുന്നു.

ഹരിജനങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള ഒരു കലയാണ് ചവിട്ട്കളി. പാട്ടിനൊപ്പം ചുവടുവെച്ച് കളിക്കുന്ന ഈ ഇനത്തിലെ പ്രഗത്ഭരാണ് ഒഴുകൂരിലെ ഇട്ട്യാത്തൻ, കാരി, അരിമ്പ്രയിലെ ഭരണിക്കുന്ന് നിവാസികളായ മണി, വേലായുധൻ, മൊറയൂരില ചാത്തൻ മാനു, കെ.സി. ഉണ്ണി, പുല്ലാനി ചെള്ളിക്കുട്ടി, ചെറിയാത്തൻ, ചൂലൻകുട്ടി, എടപ്പറമ്പിലെ കുഞ്ഞാത്തൻ എന്നിവർ. സി.കെ. ഉണ്ണി, സി.കെ. കാരിക്കുട്ടി മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ പലതവണ ആകാശവാണിയിൽ നാടോടിപ്പാട്ടുകൾ അവതരിപ്പിച്ചിരുന്നു. വട്ടക്കളി, പൂതൻകളി, തിറ, പറയൻ തുള്ളൽ, മുടിയാട്ടം എന്നിവയും ഇവിടെ നിലനിന്നിരുന്ന കലാരൂപങ്ങളായിരുന്നു.

പണ്ടു മാപ്പിള വീടുകളിൽ കല്ല്യാണദിവസം കിണ്ണവും പടിക്കവും ഉപയോഗിച്ചു വട്ടപ്പാട്ടു മത്സരം നടക്കാറുണ്ടായിരുന്നു. മിക്ക സന്ദർഭങ്ങളിലും നേരം പുലരുവോളം നീണ്ട്നിൽക്കുന്ന ഈ മത്സരത്തിനുവേണ്ടി അന്യദിക്കുകളിൽ നിന്ന്പോലും ഗായകസംഘത്തെ കൊണ്ടുവരാറുണ്ടായിരുന്നു. കാലത്തിനനുസരിച്ചു വിവാഹാഘോഷങ്ങളിൽ മാറ്റം വന്നതോടെ ഈ പരിപാടി അപ്രത്യക്ഷമായി. അക്കാലത്തെ പ്രഗത്ഭ പാട്ടുകാരിൽ മോങ്ങം മർഹൂം സി.കെ. മറ്റത്തൂർ അലവിക്കുട്ടി ഹാജി, പാലംതൊടി ആലി മമ്മദാജി,തോരപ്പമുഹമ്മദാജി അരിമ്പ്രയിലെ

സി.കെ. മുഹമ്മദ്, നണ്ടുകണ്ണി മൊയ്തീൻ ഹാജി, പി. കമ്മു കുട്ടി ഹാജി, കൊളക്കണ്ണി കുഞ്ഞാലി, ഒഴുകൂരിലെ കെ.സി. മോനുദ്ദീൻ. മറഹൂം പറമ്പൻ മുഹമ്മദ്, വി.പി.മോനുദ്ദീൻ, കെ. ഇബ്രാഹിം, എൻ. മുഹമ്മദ് കുട്ടി, കൂണ്ടോളൻ മുഹമ്മദ് ഹാജി, യു.പി. മൊയ്തീൻ, പി. വീരാൻ കുട്ടി ഹാജി എന്നിവർ എന്ത്കൊണ്ടും സ്മരണീയരാണ്. സ്ത്രീകളുടെ ഒപ്പനപ്പാട്ടിൽ മോങ്ങത്തെ കതിയാത്ത, അരിമ്പ്രയിലെ കദീസുമ്മ, മൊറയൂരിലെ ബീവി ത്താത്ത എന്നിവർ ശ്രദ്ധേയരായ പാട്ടുകാരികളായിരുന്നു.

## വിവാഹവും സദ്യയും

പണ്ടുകാലങ്ങളിൽ വിവാഹാഘോഷങ്ങൾ പ്രത്യേകിച്ചും മുസ്ലീങ്ങൾക്കിടയിൽ രാത്രികാലങ്ങളിലായിരുന്നു നടന്നിരുന്നത്. ചിലപ്പോൾ ആഘോഷച്ചടങ്ങ് രണ്ടുദിവസങ്ങളോളം നീണ്ടുനിൽക്കുമായിരുന്നു.

വിവാഹ നിശ്ചയം കഴിഞ്ഞാലുടൻ വധുവിന്റെ ആളുകൾ പന്ത്രണ്ടുരുളികളിൽ മുട്ടസ്സുർക്ക, തേൻകുഴൽ, ഖുറൈബാത്ത്, മറ്റുപലതരം അപ്പങ്ങൾ എന്നിവ വരന്റെ വീട്ടിലേക്ക് കൊണ്ടുപോകുന്ന പതിവുണ്ടായിരുന്നു.

കല്ല്യാണദിവസം പാട്ടിന്റെയും ബൈത്തിന്റെയും അകമ്പടിയോടെ രാത്രി പെട്രോമാക്സ് തലയിലേന്തി ആവേശപൂർവ്വം മൈലുകളോളം യാത്ര ചെയ്തു വധുവിന്റെ വീട്ട്പടിക്കൽ വരനും പാർട്ടിയും വധുവിന്റെ ആളുകൾ സ്വീകരിക്കുന്നതുവരെ പാട്ടുപാടി നിൽക്കും. എതിരേറ്റ ഉടനെ, പ്രായം കുറഞ്ഞ അളിയൻ വരന്റെ കിണ്ടിയിൽ നിന്ന് വെള്ളമൊഴിച്ച് കൊടുത്ത് കാൽ കഴുകിക്കുന്നു. പാരിതോഷികമായി പവനോ മറ്റോ വരൻ കിണ്ടിയിലിട്ടുകൊടുക്കും.

വരൻ പ്രത്യേകമായി തയ്യാറാക്കപ്പെട്ട അച്ചിപ്പായയിൽ വിരിച്ച 'സാന'യിൽ ഭംഗിയിൽ കെട്ടിയ മേലാപ്പിനു ചുവട്ടിൽ ഇരിക്കുന്നു. പിന്നീടാണ് നാട്ട്കാരണവന്മാർക്കിടയിൽവെച്ച് നിക്കാഹ് നടത്തപ്പെടുന്നു. വരൻ സ്ത്രീക്ക് നൽകുന്ന മഹർ വിവാഹകർമ്മത്തിലെ ഒരു പ്രധാനയിനമാണ്. സദസ്സിൽ നാട്ട്കാരണവന്മാർക്ക് ഇരിക്കാൻ ഒരു കട്ടിലും അച്ചിപ്പായയും തലയിണയും ഇട്ടിട്ടുണ്ടാകും. വെററിലച്ചെല്ലവും കോളാമ്പിയും അതിനടുത്തുതന്നെ വെച്ചിട്ടുണ്ടാകും.

പിന്നീട് മൈലാഞ്ചിയും സ്വർണാഭരണങ്ങളും അണിഞ്ഞ പുതുമണവാട്ടിക്കു ചുററും ചെറുപ്പക്കാരികൾ ഒപ്പനപ്പാട്ടുകൾ പാടി കളിക്കും. വരന്റെ സഹോദരിമാർ പുതുവസ്ത്രങ്ങളണിയിച്ചു വധുവിനെ വരന്റെ വീട്ടിലേക്ക് കൊണ്ടുപോകുന്നു. രാത്രിയിൽ ഒപ്പനപ്പാട്ടിന്റെ അകമ്പടിയോടെയുള്ള യാത്ര വീടണയുമ്പോൾ പലപ്പോഴും നേരം പുലർന്നിട്ടുണ്ടാകും.

അന്നത്തെ പ്രധാന ആഭരണങ്ങൾ ഇളക്കത്താലി, പൊള്ള മണി, പവിഴേലസ്സ്, ആമാടക്കൂട്ടം, മുല്ലമാല, കടകം, കാതില, തോട, മൂടിയേലസ്, ചിറ്റ്, ചങ്കേലസ്സ്, മണിക്കാതില, സ്വർണനൂല്, തൊരട്, അരഞ്ഞാണം, ചക്കരമാല, കുമ്മത്ത്, കൊരലാരം, ഗോതമ്പത്തരമാല എന്നിവയായിരുന്നു.

ഹൈന്ദവർക്കിടയിലുണ്ടായിരുന്ന ഒരു ചടങ്ങായിരുന്നു കെട്ട്കല്ല്യാണം. പെണ്ണിന് പ്രായം തികയുന്നതിന്റെ മുമ്പ് അനുയോജ്യനായ ഒരാളെക്കൊണ്ട് വിവാഹം ചെയ്യിക്കുന്ന രീതിയാണിത്. കല്ല്യാണത്തന് മുമ്പ് ഋതുമതിയായാൽ ജാതിയിൽനിന്ന് പുറത്താക്കപ്പെടാതിരിക്കാനാണ് കെട്ട്കല്ല്യാണം.

മുസ്ലിംകൾ 'മഹർ' കൊടുക്കുന്നത്പോലെ ഹൈന്ദവ പുരുഷന്മാർ വധുവിന് പുടവ കൊടുക്കുന്നു. ഇന്ന് പക്ഷെ, പുടവ കൊടുക്കലും താലി കെട്ടലും എല്ലാം വിവാഹ ദിവസം ഒന്നിച്ച്നടക്കുന്നു. തെരണ്ടു കല്ല്യാണവും ഹിന്ദുക്കൾക്കിടയിൽ വ്യാപകമായിരുന്നു.

പട്ടികജാതിക്കാർ ഒന്നേകാൽ പണമായിരുന്നു സ്ത്രീക്ക് നൽകിയിരുന്നത്. സ്ത്രീകളെ പുറത്തേക്ക് വിവാഹം ചെയ്യാതിരിക്കാൻ ബന്ധുക്കൾ ഒത്തുകൂടി പരസ്പരം പറഞ്ഞുറച്ചു നടത്തുന്ന സമ്പ്രദായമായിരുന്നു സംബന്ധം. കെട്ട്കല്ല്യാണം നടത്തിയവർക്ക് അതു തുടർന്ന് കൊണ്ട്പോകാനും ഇഷ്ടപ്പെടാത്തപ്പോൾ താലിയഴിക്കാനും സ്ത്രീക്കും പുരുഷനും ഒരുപോലെ അവകാശമുണ്ടായിരുന്നു. മരിച്ചാൽ ബലിയിടലും, ദഹിപ്പിക്കലും ഉയർന്ന ജാതിയിലെ പ്രധാന ചടങ്ങുകളാണ്.

ഇന്ന് പക്ഷെ, വിവാഹച്ചടങ്ങുകൾക്കും ആഘോഷങ്ങൾക്കും വളരെ വ്യത്യാസം വന്നിരിക്കുന്നു. കാലാനുസൃതമായ പരിഷ്കാരങ്ങൾ എല്ലാ വിഭാഗങ്ങളിലും പ്രകടമായിരിക്കുന്നു. വിവാഹാഘോഷങ്ങളെല്ലാം ഇന്ന് പകലിലാണ് നടക്കുന്നത്.

## വസ്ത്ര രീതി

പഴയ കാലങ്ങളിൽ താഴ്ന്ന ജാതിയിൽപെട്ട ആളുകൾക്ക് മാറ് മറക്കുക, കുട പിടിക്കുക, ചെരിപ്പ് ധരിക്കുക എന്നിവയ്ക്ക് അവകാശമില്ലായിരുന്നു. കാലക്രമേണ മനുഷ്യപുരോഗതിക്കനുസരിച്ച് അത്തരം വിലക്കുകൾ മാറിത്തുടങ്ങി.

പഴയകാല മുസ്ലിം സ്ത്രീകളുടെ ഉടുപ്പുകൾ, പെൺകുപ്പായം, മക്കന, കറുപ്പു കാച്ചിത്തുണി, വെള്ളക്കാച്ചി, പച്ചയുത, കൈപ്പക്കാപുള്ളിത്തട്ടം എന്നിവയും പുരുഷന്മാരുടേത് തൊപ്പി, ബനിയൻ, ചുകന്ന കിണ്ടൻ, മധുരക്കി

ങ്ങൻ എന്നിവയുമായിരുന്നു. ഇന്ന് അവയെല്ലാം ചുരിദാർ, സാരി, പാന്റ്സ് എന്നിവയ്ക്ക് വഴിമാറിക്കൊടുത്തിരിക്കുന്നു.

പണ്ടത്തെ പുതുപെണ്ണ് തുണിയും തട്ടവും കുപ്പായവുമായിരുന്നു ധരിച്ചിരുന്നത്. തനിപ്പട്ട്, മത്താവ്, കസവു തട്ടം, പട്ടുകുപ്പായം, കണ്ണാടി മാളികതട്ടം, കരയുന്ന ചെരിപ്പ് എന്നിവയും ഉപയോഗിച്ചിരുന്നു.

ഒന്നരയും മുണ്ടും, ധാവണിചുറ്റലും, റൗക്കയും സവർണ്ണ ഹിന്ദുക്കളിൽ ഒതുങ്ങിനിന്നിരുന്ന വസ്ത്ര രീതിയായിരുന്നു.

ഹരിജനങ്ങളുടെ പ്രധാന ആഭരണമായിരുന്നു കല്ലുമാല. മുമ്പ് മുണ്ട് മാത്രം ധരിച്ചിരുന്ന അവസ്ഥയിൽനിന്നും ഇപ്പോൾ ബ്ലൗസിലും സാരിയിലും അവർ എത്തിനിൽക്കുന്നു.

## വിനോദങ്ങൾ

പഞ്ചായത്തിലെ കർഷകർക്കിടയിലെ പ്രധാനപ്പെട്ട വിനോദങ്ങളായിരുന്നു കാളപൂട്ട്, ഊർച്ച, നായാട്ട്, മീൻപിടുത്തം, പകിട കളി എന്നിവ. അരിമ്പ്ര, ഒഴുകൂർ, മൊറയൂർ മലകളിൽ മുമ്പ് മുള്ളൻ, മുയൽ, പന്നി എന്നിവ സുലഭമായിരുന്നു. വേട്ടനായ്ക്കളുമായി കൂട്ടത്തോടെ നായാട്ടിനുപോകുന്നത് വലിയ രസകരമായ ഒന്നായിരുന്നു. പക്ഷെ, ഇന്ന് നായാട്ട് ഇല്ലാതായിരിക്കുന്നു. മീൻപിടുത്തവും കുറഞ്ഞുവരുന്നു.

പകിട കളിയിലെ വിദഗ്ധരായിരുന്നു മുല്ലത്തൊടി മമ്മദാജി, വടോളി അറമുഖൻ, വളരാടൻ മുണ്ടൻ എന്നിവർ.സ്ത്രീപുരുഷന്മാർ പരസ്പരം മത്സരിച്ചു നടത്തിയിരുന്ന രസകരമായ ഒരു കളിയായിരുന്നു കള്ളാടിക്കളി.

അരിമ്പ്ര പാലത്തിങ്ങൽ ഊർച്ചക്കണ്ടം, കൊടക്കാട് പടിക്കൽ കൂണ്ടോതിക്കണ്ടം, മൊറയൂർ കിണ്ണപ്പാടം, ഒഴുക്കൂർ പാറക്കൽ കണ്ടം, മങ്ങാട്ട് കാളപൂട്ട് കണ്ടം എന്നിവ പ്രസിദ്ധങ്ങളായ കാളപൂട്ട് മത്സര കണ്ടങ്ങളായിരുന്നു. അന്തരിച്ച നായർതൊടി കോമൻ നായർ, ഞാറക്കോടൻ കലന്തൻ എന്നിവർ പ്രശസ്തരായ കാളക്കാരാണ്. മനങ്ങറ്റ എം. ബാപ്പുട്ടിയും പേരെടുത്ത കാളക്കാരനാണ്. അരിമ്പ്ര നാണത്ത് അശ്റഫ്, പള്ളിയാളി അവറാൻ, മർഹും കുട്ട്യാലികാക്ക, ലവ ഹാജി തുടങ്ങിയവർ പ്രശസ്തരായ പൂട്ട്കാരായിരുന്നു. അയൽനാടുകളിൽനിന്നും ധാരാളം കാളകൾ പങ്കെടുക്കുന്ന, ഹരം പകരുന്ന, പൂട്ട് മത്സരം ഇപ്പോൾ പഴയകാല പ്രതാപത്തിന്റെ ഓർമകളായി മാറി.

മേൽപ്പറഞ്ഞ കലാരൂപങ്ങളോട് പുതിയ തലമുറക്ക് അനുഭാവ പൂർവമല്ലാത്ത സമീപനം കാരണം, അവയെല്ലാം ഇന്ന് നാമാവശേഷമാകുന്നതിന്റെ ഭീഷണി നേരിട്ട് കൊണ്ടിരിക്കുകയാണ്. ഇവയുടെ പുനരുജ്ജീവനത്തിന് ഔദ്യോഗിക രംഗത്തെ ശ്രദ്ധ അനിവാര്യമാണ്.

മൊറയൂരിലെ കൈരളി ബാന്റ് കമ്പനിയും, വാലഞ്ചേരിയിലെ ഫ്രന്റ്സ് കമ്പനിയും മാത്രമാണ് പഞ്ചായത്തിലെ ബാന്റ് വാദ്യക്കാർ.

## അറബിമലയാളം

ആര്യനെഴുത്തിനോടും ഇംഗ്ലീഷ് ഭാഷയോടുമുണ്ടായിരുന്ന എതിർപ്പ് മൂലം, മുസ്ലിംകൾ ഭൗതിക വിദ്യാഭ്യാസ രംഗത്ത് പിന്നോട്ട് പോയി. അതിന്റെ ചരിത്ര പശ്ചാത്തലം ഇവിടെ വിവരിക്കുന്നില്ല. പഴയ കാല മുസ്ലിങ്ങൾ എഴുത്തുകുത്തുകൾക്ക് മാധ്യമമാക്കിയിരുന്നത് അറബി മലയാളമായിരുന്നു. ആ രീതിയിൽ മുസ്ലിംകളെല്ലാം സാക്ഷരായിരുന്നു. അതുകൊണ്ട് സംസ്കാരവുമായി ബന്ധപ്പെടുമ്പോൾ ഗണനീയമായ സ്ഥാനമാണ് ഈ ലിപിക്കുള്ളത്.

മാപ്പിള സാഹിത്യത്തിൽ ആറായിരത്തോളം കൃതികൾ ഈ ലിപിയിൽ രചിക്കപ്പെട്ടിട്ടുണ്ട്. ഈ ലിപിയിൽ രചിക്കപ്പെട്ട മാലപ്പാട്ടുകൾ,മൗലീദുകൾ, പടപ്പാട്ടുകൾ, മദ്ഹ് ഗാനങ്ങൾ,നൂൽ മദ്ഹുകൾ, പരിഭാഷകർ, തുടങ്ങിയവായുടെ ആലാപനവും പാരായണവും, പഴയ കാലത്ത് സന്ധ്യാ സമയത്ത് ഖുർ-ആൻ പാരായണത്തിന് ശേഷം ഉയർന്നു കേൾക്കാമായിരുന്നു. മാപ്പിള സാഹിത്യത്തിലധികവും ഈ ലിപിയിൽ രചിക്കപ്പെട്ടതുകൊണ്ട് മാപ്പിള സാഹിത്യ പാരമ്പര്യം മനസ്സിലാക്കാൻ ഈ ലിപി പരിചയപ്പെടേണ്ടിയിരിക്കുന്നു.

## സിനിമ

മൊറയൂർ പഞ്ചായത്തിൽ ആകെ ഒരു സിനിമാ ടാക്കീസാണുള്ളത്. അതുകൊണ്ട് സിനിമാ പ്രേമികൾ സമീപ പ്രദേശമായ കൊണ്ടോട്ടിയിലേക്കാണ് സിനിമ കാണാൻ പോകുന്നത്. പഞ്ചായത്തിൽ ഏകദേശം നൂറിൽപരം ടി.വി സെറ്റുകൾ സ്വകാര്യ വ്യക്തികൾക്കായുണ്ട്.ഞായറാഴ്ച ദിവസങ്ങളിൽ സിനിമാശാലകളിലും ടെലിവിഷന് മുന്നിലും ജനങ്ങൾ തിങ്ങിക്കൂടിയിരിക്കുന്നത് കാണാം. ടെലിവിഷനും സിനിമകളും അറിവ് വർദ്ധിപ്പിക്കാനുതകുന്ന വാർത്താ മാധ്യമങ്ങളാണെങ്കിലും അവ ഒരു പരിധിവരെ മൂല്യച്യുതിക്ക് കാരണമാകുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വീടുകളിൽ എല്ലാ സമയത്തും ടി.വി പ്രദർശിപ്പിക്കുന്നതു വഴി കുട്ടികളുടെ വിദ്യാഭ്യാസത്തെ കാര്യമായി ബാധിക്കുന്നുണ്ട് എന്നത് സത്യമാണ്. ടി.വി. പ്രവർത്തിപ്പിക്കൽ ഉൽബുദ്ധരായ രക്ഷിതാക്കളുടെ മേൽനോട്ടത്തിലാകുന്നത് കുട്ടികൾ തെറ്റായ വഴിയിലൂടെ ചരിക്കുന്നത് തടയാനാകും.

അരിമ്പ്ര ചേതന ക്ലബിനൊഴികെ പഞ്ചായത്തിലൊരിടത്തും പൊതു ടി.വി സെറ്റില്ല. ടി.വി കൾക്ക് മുന്നിലുള്ള ജനങ്ങളുടെ തടിച്ചുകൂടൽ ആ രംഗത്ത് യുവ തലമുറക്കുള്ള ആവശ്യം വിളിച്ചോതുന്നു.സിനിമയിലുപരി പഠനപരമായ കാര്യങ്ങൾക്ക് നമുക്കാശ്രയിക്കാനുപകരിക്കുന്നത് ടി.വിയാണ്.

## കായിക രംഗം

മൊറയൂർ പഞ്ചായത്ത് പണ്ട്മുതൽ തന്നെ കായിക രംഗത്ത് ശ്രദ്ധ പതിപ്പിക്കുകയും മികച്ച നേട്ടങ്ങൾ കൈവരിക്കുകയും ചെയ്ത പഞ്ചായത്താണ്. ഒഴുകൂർ, മൊറയൂർ, മോങ്ങം, അരിമ്പ്ര എന്നിവിടങ്ങളിലെ ഫുട്ബോൾ ടീമുകൾ സമീപപ്രദേശത്തുള്ള ഏതൊരു ടീമിനും പേടിസ്വപ്നങ്ങളായിരുന്നു.

ജില്ലാ ടീമിന്റെയും, സ്റ്റേറ്റ് ടീമിന്റെയും ജഴ്സിയണിഞ്ഞ താരങ്ങൾ നിരവധിയാണ്. എന്നാൽ പുതിയ തലമുറ പഴയ പടക്കുതിരകളുടെ ചുവട് പിടിച്ചു നേട്ടങ്ങൾ കൊയ്തെടുക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്.

പൊതു ഗ്രൗണ്ടില്ലാത്ത കാരണം വയലുകളായിരുന്നു ഗ്രൗണ്ടുകളായി ഉപയോഗിച്ചിരുന്നത്. വയൽ നിരത്തി പറമ്പാക്കുക വഴി പല പ്രധാന ഗ്രൗണ്ടുകളും ഇന്ന് നാമാവശേഷമായിരിക്കുന്നു. അതുകൊണ്ട് കളികളെ പ്രോത്സാഹിപ്പിക്കാനുള്ള അവസരമാണ് നഷ്ടമായിരിക്കുന്നത്.ഫുട്ബോൾ കളി ഇന്ന് വിരലിലെണ്ണാവുന്ന വിധം പരിമിതപ്പെട്ടിരിക്കുന്നു. ക്രിക്കറ്റിനുണ്ടായ പരസ്യവും ജനപ്രീതിയും ഫുട്ബോൾ, ക്രക്കറ്റ് വഴിമാറിക്കൊടുക്കുന്ന അവസ്ഥയിലെത്തിച്ച് കൊണ്ടിരിക്കുന്നു.

സ്പോർട്സിനെക്കുറിച്ച് പരാമർശിക്കുമ്പോൾ സർവീസിലിരിക്കെ മരണമടഞ്ഞ മൊറയൂരിലെ പി. അലി അഷ്റഫ് മാസ്റ്റർ, ജില്ലാ വോളിബോൾ ടീമിനെ പ്രതിനിധീകരിച്ച മലപ്പുറം ജില്ലാ പ്രസിഡന്റ്സ് അസോസിയേഷന്റെ പ്രസിഡന്റും ഇപ്പോഴത്തെ മൊറയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ കെ.അഹമ്മദ് എന്ന ബാപ്പു. കൂടെ കളിച്ച ചെക്കുമാസ്റ്റർ, അന്തരിച്ച കുട്ടൻ നായർ, തുടങ്ങിയവരുടെ നാമങ്ങൾസ്മരിക്കുന്നത് അനുയോജ്യമാരിക്കും. ഫുട്ബോളിന് വേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്ത എൻ.ആലി ബാപ്പുവിന്റെ പേരും വളരെ അഭിമാനപൂർവ്വം ചേർക്കുന്നു.

അരിമ്പ്രയിലെ നെഹ്റു യൂത്ത് ക്ലബ്ബിന്റെ കീഴിലുള്ള വോളിബോൾ ടീം ഇന്ന് ജില്ലയിൽ തന്നെ പ്രബല ശക്തിയാണെന്നതിൽ പഞ്ചായത്തിന് അഭിമാനിക്കാം. നിരവധി കപ്പുകളും, ചാമ്പ്യൻഷിപ്പുകളും അവർ നേടിയിട്ടുണ്ട്. പക്ഷെ, അവയും പഴയ കാലത്തിന്റെ നിഴലിലാണെന്ന ദുഃഖ സത്യം സ്മരിക്കാതിരിക്കാൻ വയ്യ.

ഫുട്ബോൾ താരങ്ങളായ പി. മൊയ്തീൻ കോയ മാസ്റ്റർ, ജില്ലയെ പ്രതിനിധീകരിച്ച എം. കുഞ്ഞാലി സ്റ്റേറ്റ് സബ് ജൂനിയർ താരം ചേക്കുട്ടി ഹാജി, ഒഴുകൂരിലെ ബി.പി. ശ്രീധരൻ നായർ (എക്സിക്യൂട്ടീവ് ഓഫീസർ) ദാമോദരൻ മാസറ്റർ (ഹെഡ്മാസ്റ്റർ മൊറയൂർ GMLPS) എൻ. അബ്ദുറഹിമാൻ, മൊറയൂരിലെ സി. മൊയ്തീൻ മാനു, യംഗ് ചാലഞ്ചേഴ്സിനു കളിച്ച മൊറയൂരിലെ ഫക്രുദ്ദീൻ ഹാജി, അരിമ്പ്രയിലെ ഞാറക്കോടൻ കലന്തൻ, യൂനിവേഴ്സിറ്റി താരം മൊറയൂരിലെ സുരേഷ്, എടക്കോട്ട് ഹംസ എന്നിവർ മൈതാനങ്ങളിൽ ഇതിഹാസങ്ങൾ രചിച്ച പഞ്ചായത്തിന്റെ, പഴയ കാല രോമാഞ്ചങ്ങളായിരുന്നു.

വോളിബോളിൽ ജില്ലയെ പ്രതിനിധീകരിച്ച് കെ.എം. ശംസുദ്ദീൻ, കെ.എം. അബ്ദുലത്തീഫ്, കെ.ടി.എ. മജീദ്, ഇ. ഹനീഫ, സ്റ്റേറ്റ് താരം കെ.എം. ശബീറലി, ജില്ല ജൂനിയർ ക്യാപ്റ്റൻ ഖാലിദ് ശമീം എന്നിവർ യുവ തലമുറക്ക് ആവേശം നൽകുന്ന ഇന്നിന്റെ താരങ്ങളാണ്.

ജില്ല അത്‌ലറ്റിക് മീറ്റിൽ പങ്കെടുത്ത പി. മൊയ്തീൻ കോയ മാസറ്റർ കോടിത്തൊടി ക. ഹംസ, സി. മാനും, ബാബു എന്നിവരും മൊറയൂർ പഞ്ചായത്തിന്റെ സംഭാവനകളാണ്.

ഒഴുകൂർ ക്ലസന്റ് ഹൈസ്കൂളിൽ നിന്നും സ്റ്റേറ്റ് മീറ്റിൽ പങ്കെടുത്ത നസീർ, സുലൈഖ, ദീപ എന്നിവരുടെ പേരുകളും സന്ദർഭോചിതമായി കുറിക്കട്ടെ.

കൊണ്ടോട്ടി സബ്ബ്ജില്ലാ അത്‌ലറ്റിക് മീറ്റിൽ മൊറയൂർ പഞ്ചായത്തിലെ സ്കൂളുകൾ എന്നും അജയ്യശക്തികളായി നിന്നിട്ടുണ്ട്. ഒഴുകൂർ യു.പി. സ്കൂൾ തുടർച്ചയായി നാലാം വർഷവും സബ് ജില്ലാ ചാമ്പ്യന്മാരായിരിക്കുന്നു. അതുപോലെ ഒഴുകൂർ ക്ലസന്റ് ഹൈസ്കൂൾ, മൊറയൂർ VHMHS എന്നിവയും മലപ്പുറം ജില്ല സി. സോൺ കായികമേളയിൽ ആദ്യത്തെ മൂന്ന് നാല് സ്ഥാനങ്ങളിൽ നിലയുറപ്പിക്കുന്നു. ഉപജില്ലാ കലോത്സവത്തിൽ ഒഴുക്കൂർ ക്രസന്റ് ഹൈസ്കൂൾ കഴിഞ്ഞ രണ്ടു വർഷമായി രണ്ടാം സ്ഥാനത്ത് തുടരുന്നു എന്നത് പഞ്ചായത്തിന് അഭിമാനിക്കാവുന്നതാണ്.

## ക്ലബ്ബുകൾ

മൊറയൂർ പഞ്ചായത്തിലെ കലാകായികമേകളകളിൽ സ്തുത്യർഹമായ സേവനങ്ങളർപ്പിക്കുകയും, യുവതലമുറക്ക് പരിശീലനക്കളരിയേർപ്പെടുത്തുകയും ചെയ്യുന്ന സ്പോർട്ട്സ് & ആർട്ട്സ് ക്ലബ്ബുകളുടെ പേരു വിവരമാണ്

താഴെ കൊടുക്കുന്നത്.

ഒന്നാം വാർഡിലെ കൈരളി സ്പോർട്സ് ക്ലബ്ബ്, എടപ്പറമ്പിലെ ജുപിറ്റർ, ടെങ്കോ, മൊറയൂരിലെ റെയിൻബോ, ന്യൂ ആർട്ടിസ്റ്റ് ഗിൽഡ്, വാലഞ്ചേരിയിലെ VYC, ജിംഖാന, അരിമ്പ്ര പാലത്തിങ്ങലിലെ ലീഡേർസ് ക്ലബ്ബ്, യംഗ്മെൻസ് ക്ലബ്ബ്, അരിമ്പ്രയിലെ നെഹ്റു യൂത്ത് ക്ലബ്ബ്, മൈത്രി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, മോങ്ങത്തെ മനീഷ, ദർശന എന്നീ ക്ലബ്ബുകൾ കൂടിയുണ്ടായിരുന്നെങ്കിലും, കൈരളി സ്പോർട്സിനെപ്പോലെ അതും ഇപ്പോൾ പ്രവർത്തനം മന്ദീഭവിച്ച് നിർജ്ജീവാവസ്ഥയിലാണ്.

ഒഴുക്കൂരിലെ കൈരളി സ്പോർട്സ് രണ്ടു പ്രാവശ്യം ആരോഗ്യ സെമിനാറുകൾ നടത്തി. ഒരു തവണ ഫുട്ബോൾ ടൂർണമെന്റ് നടത്തി. ഒഴുക്കൂർ BTS ലൈബ്രറിയായിരുന്നു ചാമ്പ്യന്മാർ.

അരിമ്പ്ര NYC 1976 ഡിസംബറിൽ സ്ഥാപിതമായി. സ്പോർട്സ് കൗൺസിൽ, മലപ്പുറം നെഹ്റു യുവകേന്ദ്ര, മലപ്പുറം MDVA, കേന്ദ്ര മാനവ വികസനശേഷി കാര്യാലയം എന്നിവയോട് അഫിലിയേറ്റ് ചെയ്ത് പ്രദേശത്തെ കായിക ക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ കാര്യം അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. രക്തഗ്രൂപ്പ് നിർണ്ണയം നടത്തി.

വാടകക്കെട്ടിടത്തിലാണ് മൊറയൂർ റെയിൻബോ പ്രവർത്തിക്കുന്നത്. 25 അംഗങ്ങളുള്ള ക്ലബ്ബ് മൊറയൂർ ഹൈസ്കൂളിൽ നിന്നും SSLCക്ക് കൂടുതൽ മാർക്ക് നേടുന്നവർക്ക് വർഷാവർഷം അവാർഡു നൽകുന്നു. GMLP സ്കൂളിലെ പാവപ്പെട്ട കുട്ടികൾക്ക് സൗജന്യമായി യൂനിഫോം വിതരണം ചെയ്തു. മൊറയൂർ ബസ്സ്റ്റാന്റ് റിപ്പയർ ചെയ്തു. ജില്ലാ സ്വാതന്ത്ര്യദിനപരേഡിൽ പങ്കെടുത്തു.

ഇരുപത് അംഗങ്ങളുള്ള ന്യൂ ആർട്ടിസ്റ്റ് ഗിൽഡ് മൊറയൂർ ആസ്പത്രിയും പരിസരവും വൃത്തിയാക്കി. സൗജന്യമായി ഗാനമേള നടത്തി. മൊറയൂർ ഹൈസ്കൂളിൽ നടന്ന മലപ്പുറം സി. സോൺ കായികമേളയിൽ സ്റ്റേജും, പവലിയനും സ്പോൺസർ ചെയ്തു. ചുരുക്കത്തിൽ പഞ്ചായത്തിലെ ക്ലബ്ബുകൾ യുവാക്കളെ പ്രവർത്തനോന്മുഖമാക്കുന്നതിൽ എന്നും മുൻകൈ എടുക്കുന്നു എന്നു തന്നെ പറയാം.

## സാംസ്കാരിക നായകർ

മൊറയൂർ പഞ്ചായത്തിൽ രാഷ്ട്രീയ, സാമൂഹിക, സംഘടനാ രംഗത്തും, പ്രസിദ്ധീകരണ രംഗത്തും പ്രവർത്തിക്കുന്ന ധാരാളം ആളുകളുണ്ട്. എല്ലാവരുടേയും പേരുകൾ ഇവിടെ ചേർക്കുന്നില്ല.

വർഷങ്ങളായി പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനം വഹിക്കുന്ന അരിമ്പ്രയിലെ ബാപ്പു സാഹിബ് ഒരു നല്ല സംഘാടകനും സാംസ്കാരിക നായകുമാണ്. അധ്യാപക സംഘടനാരംഗത്ത് പ്രവർത്തിച്ച് ശ്രദ്ധേയരായവരാണ് ആറ്റാശ്ശേരി മുഹമ്മദ് മാസ്റ്റർ, നീലകണ്ഠൻ മാസ്റ്റർ, KSTU സംസ്ഥാന സെക്രട്ടറി സി മുഹമ്മദ് മദനി എന്നിവർ.

ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ഗഹനവും, പഠനാർഹവുമായ ലേഖനമെഴുതുന്നയാളാണ് മോങ്ങത്തെ സി.കെ. മുഹമ്മദലി ഹാജി. നിരവധി പുസ്തകങ്ങൾ എഴുതിയ അൽ ഇർഫാദ് ചീഫ് എഡിറ്റർ പി.എം.കെ. ഫൈസിയും മോങ്ങം സ്വദേശിയാണ്. "കനിവിന്റെ മിനാരങ്ങൾ" , "മുസ്ലിം ലീഗും സമുദായ സേവനവും" എന്നിവയെഴുതിയ വി.പി. അബൂബക്കർ, തഖ്ലീദ് ഒരു സമഗ്ര പഠനം എന്ന ഗ്രന്ഥം എഴുതിയ കെ.വി. വീരാൻ കുട്ടി മൗലവി, കെ.പി. മുഹമ്മദ് മൗലവി (ഹജ്ജ് ഉംറ പഠനം), യുവ എഴുത്തുകാരനായ രാജേഷ്, ആനുകാലികങ്ങളിൽ എഴുതാറുള്ള മോങ്ങത്തെ നമ്പീശൻ മാസ്റ്റർ, രണ്ട് പ്രാവശ്യം കേരള മാപ്പിളാ സോംഗ് ലവേഴ്സ് അസോസിയേഷന്റെ സംസ്ഥാന തല മാപ്പിളപ്പാട്ടു രചനാ മത്സരത്തിൽ ജേതാവും, പതിനഞ്ചോളം ചെറുപുസ്തകങ്ങളുടെ കർത്താവുമായ വി.പി. ഷൗക്കത്തലി തുടങ്ങിയവർ ഈ പഞ്ചായത്തിന്റെ സന്തതികളും നാളെയുടെ വാഗ്ദാനങ്ങളുമാണ്.

ഇനിയും പ്രോത്സാഹനങ്ങൾ ലഭിച്ചാൽ ധാരാളം എഴുത്ത്കാരും, സാഹിത്യാരന്മാരും വളർന്ന് വരാൻ മാത്രം മുത്തുകളെ കൊണ്ട് സമ്പന്നമാണ് മൊറയൂർ പഞ്ചായത്ത്. അവരുടെ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കാൻ അവസരങ്ങൾ മെനഞ്ഞെടുക്കണമെന്ന് മാത്രം.

രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സജീവമായി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ഒരു പഞ്ചായത്താണ് മൊറയൂർ. മൊറയൂരിന്റെ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഈ പാർട്ടികളെല്ലാം അനുകൂലമായ നിലവാട് സ്വീകരിക്കുന്നതു കാരണം, ആ രംഗങ്ങളിലെല്ലാം പഞ്ചായത്തിന് മികച്ചു നിൽക്കാൻ സാധിക്കുന്നു.

പഞ്ചായത്തിലെ പ്രധാന രാഷ്ട്രീയ പാർട്ടികൾ മുസ്ലിം ലീഗ്, കോൺഗ്രസ്സ്, CPM, CPI, ജനതാദൾ, ബി.ജെ.പി. എന്നിവയാണ്. 1962-ൽ പഞ്ചായത്തിന്റെ രൂപീകരിണ കാലം മുതൽ ഭരണം നടത്തിപ്പോരുന്നത് മുസ്ലിംലീഗാണ്. തുടക്കത്തിലെ കുറച്ച് കാലമൊഴിച്ചാൽ ഇന്നുവരെ പ്രസിഡണ്ട് സ്ഥാനം അലങ്കരിക്കുന്നത് അരിമ്പ്ര ബാപ്പു സാഹിബാണ്.

വളരെ സൗഹാർദ്ദപരമായാണ് ഈ പഞ്ചായത്തിൽ ജനങ്ങൾ കഴിയുന്നത്.

## പ്രശ്നങ്ങൾ

1. മൊറയൂർ പഞ്ചായത്തിൽ ഉയർന്ന നിലവാരത്തിലുള്ള ലൈബ്രറികളോ, വായനശാലകളോ നിലവിലില്ല.
2. ലൈബ്രറികളുടെ ശാസ്ത്രീയമായ പ്രവർത്തനങ്ങൾക്കുപയുക്തമായ സംവിധാനങ്ങളില്ല.
3. ബാഫഖി തങ്ങൾ സ്മാരക ലൈബ്രറി, ചേതന ഗ്രന്ഥാലയം എന്നിവക്ക് സ്വന്തമായ സ്ഥലവും കെട്ടിടവുമില്ല.
4. ബാഫഖി തങ്ങൾ സ്മാരക ലൈബ്രറിയിൽ പുസ്തകങ്ങൾ ശാസ്ത്രീയമായി അടുക്കി വെക്കാനാവശ്യമായ അലമാരകളില്ലാതെ പ്രയാസപ്പെടുന്നു. ടെലിവിഷനില്ല.
5. സാമ്പത്തിക പരാധീനത മൂലം ലൈബ്രറികകളിൽ പീരിയോഡിക്കൽസ് സമയത്തിനു വാങ്ങാൻസാധിക്കുന്നില്ല.
6. പഞ്ചായത്തിലെ 2,3,5,6,7,8,10,11 എന്നീ വാർഡുകളിൽ ജനോപകാരപ്രദമായ വായനശാലകളോ ലൈബ്രറികളോ നിലവിലില്ല.
7. പഞ്ചായത്ത് ലൈബ്രറിയുടെ നില ശോചനീയാവസ്ഥയിലാണ്. പ്രവർത്തനസമയം ജനങ്ങൾക്ക് സൗകര്യപ്രദമല്ല. പുതിയ പുസ്തകങ്ങളും, പീരിയോഡിക്കൽസും ശരിയാം വണ്ണം എത്തുന്നില്ല.
8. നിലവിലുള്ള കലാരൂപങ്ങൾ പലതും ഇപ്പോൾ സജീവമല്ല.
9. പഞ്ചായത്തിൽ ഒഴുകൂർ ക്രസന്റ് ഹൈസ്കൂൾ, മൊറയൂർ ഹൈസ്കൂൾ, പഞ്ചായത്ത് മിനി സ്റ്റേഡിയം എന്നിവിടങ്ങളിലാണ് എടുത്തു പറയാവുന്ന ഗ്രൗണ്ടുകളുള്ളത്.
10. പഞ്ചായത്ത് മിനി സ്റ്റേഡിയം അർത്ഥപൂർണ്ണായിട്ടില്ല.
11. പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ ഇല്ല.

## പരിഹാരങ്ങൾ

ഒഴുക്കൂർ വെസ്റ്റ് ബസാർ ബാഫഖി തങ്ങൾ സ്മാരക ലൈബ്രറിക്ക് ഒരു ടെലിവിഷൻ അത്യാവശ്യമാണ്. ടി.വി. പ്രോഗ്രാമിലെ യു.ജി.സി. പരിപാടികളും മറ്റും വിദ്യാർത്ഥികൾക്ക് അറിവ് വർദ്ധിപ്പിക്കാൻ ഉപകാരപ്പെടും. ലൈബ്രറിക്ക്, ഫർണിച്ചറുകൾ, കൂടുതൽ പുസ്തകങ്ങൾ, പത്രമാസികകൾ തുടങ്ങി മറ്റു സൗകര്യങ്ങൾ വർദ്ധിപ്പിക്കാനാവശ്യമായത് ചെയ്യുക.

മേൽപ്പറഞ്ഞ ലൈബ്രറിക്കും അരിമ്പ്രയിലും നിലവിലുള്ള മറ്റു ഗ്രന്ഥാലയങ്ങൾക്കും സ്വന്തമായി സ്ഥലം വാങ്ങാനും കെട്ടിടം പണിയാനും ആവശ്യമായ സഹായം ചെയ്യുക.

ഒന്നാം വാർഡിലെ വെസ്റ്റ് ബസാർ, മലേതോട്ടം, പലേക്കോട്, കുന്നക്കാട് എന്നിവിടങ്ങളിലും രണ്ടാം വാർഡിലെ പള്ളിമുക്ക്, നരവത്ത്, കളത്തിപറമ്പ് എന്നിവിടങ്ങളിലും സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ ഓരോ വായനശാലകൾ സ്ഥാപിക്കുക. രണ്ടാം വാർഡിൽ അനുയോജ്യമായ ഒരു സ്ഥലത്ത് ഒരു ടി.വി. സെറ്റ് സ്ഥാപിക്കുക.

എടപ്പറമ്പിലും, അരിമ്പ്ര പാലത്തിങ്ങൾ, സ്കൂൾ പടി എന്നിവിടങ്ങളിലും 6, 10, 11വാർഡുകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജനോപകാരപ്പദമായ നിലയിൽ വായനശാലകളും, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളും സ്ഥാപിക്കുക. പഞ്ചായത്ത് ലൈബ്രറിയിൽ ആവശ്യമായ പുസ്തകങ്ങളും സ്ഥിരമായ ലൈബ്രേറിയനെയും നിയമിച്ചു പ്രവർത്തനം കാര്യക്ഷമമാക്കുക. പഞ്ചായത്ത് ലൈബ്രറി കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്പെട്ട സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും പ്രവർത്തനസമയം രാവിലെയും വൈകുന്നേരവും ആക്കുകയും ചെയ്യുക.

എട്ടാം വാർഡിൽ ജനപങ്കാളിത്തത്തോടെ ഒരു വായനശാല സ്ഥാപിക്കുക.

ഓരോ വാർഡിലും ഓരോ കമ്മ്യൂണിറ്റി ഹാൾ ആവശ്യപ്പെടുന്നുണ്ട്. എങ്കിലും പഞ്ചായത്തിൽ ആവശ്യമായ ഒരു സ്ഥലത്ത് അതു സ്ഥാപിക്കുക. പൊതുപരിപാടികൾ സംഘടിപ്പിക്കുക വഴി സാമ്പത്തിക നില മെച്ചപ്പെടുത്താവുന്നതാണ്.

കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന കലകളായ അറവനമുട്ട്, ദഫ്, കോൽക്കളി, ചവിട്ടുകളി, വായ്പാട്ട് എന്നിവ പുനരുജ്ജീവിപ്പിക്കാനാവശ്യമായ കാര്യങ്ങൾ ചെയ്യുക. സ്പോർട്സ് & ആർട്സ് ക്ലബ്ബുകൾക്കും, സന്നദ്ധ സംഘടനകൾക്കും ഇക്കാര്യത്തിൽ പ്രവർത്തിക്കാൻ കഴിയും. ഇവയെ കൂടാതെ മറ്റ് കലകളും വാർഡുതലത്തിൽ സംഘടിപ്പിക്കുകയും വർഷത്തിൽ ഒരിക്കലെങ്കിലും പഞ്ചായത്ത് തലത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കാൻ ഈ തലത്തിൽ പ്രവർത്തിക്കുന്നവർക്ക് കഴിയും. അങ്ങനെ യുവതലമുറക്ക് ഈ കലകളെ പരിചയപ്പെടുത്താനാകും.

കലാകായിക രംഗങ്ങളിൽ പ്രാവീണ്യം നേടിയ അവശ കലാകാരന്മാർക്ക് അംഗീകാരവും, പെൻഷനും നൽകുക.

| | | സ്ഥാപിച്ച വർഷം | കെട്ടിടത്തിന്റെ വിവരം | നിലവിലുള്ള മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ പുസ്തക വിവരം | കീഴിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം | സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ടോ | മറ്റഭിപ്രായം |
|---|---|---|---|---|---|---|---|---|---|
| 1 | ബാഫഖി തങ്ങൾ സ്മാരക ലൈബ്രറി, ഒഴുകൂർ | 1993 | വാടക | 124 | 1000 | 250 | ഗ്രന്ഥാലയം & വായനശാല | ഇല്ല | |
| 2 | ചേതനഗ്രന്ഥാലയം അരിമ്പ്ര | 1976 | വാടക | 100 | 700 | 150 | വായനശാല | ഇല്ല | |
| 3 | മൊറയൂർ പഞ്ചായത്ത് ലൈബ്രറി | | സ്വന്തം | 15 | 467 | - | - | - | |
| 4 | തംരീനുത്തുലബ, ഒഴുകൂർ | 1960 | സ്വന്തം | 100 | 400 | 150 | - | ഇല്ല | |
| 5 | ബാഫഖി ലൈബ്രറി അരിമ്പ്രപാലം | 1995 | വാടക | 75 | 400 | 100 | - | ഇല്ല | |
| 6 | മോങ്ങം ലൈബ്രറി & വായനശാല | | സ്വന്തം | 50 | 650 | 150 | - | ഇല്ല | |

## നിലവിലുള്ള കലാസാംസ്കാരിക നിലയങ്ങൾ

| | പേരും മേൽവിലാസവും | സ്ഥാപിത വർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിടത്തിന്റെ വിവരം | ധനസാഹയത്തിന്റെ വിവരം | ഏതുസ്ഥാപനത്തോട് അഫിലിയേറ്റു ചെയ്തിരിക്കുന്നു. | പ്രവർത്തനത്തിന്റെ ലഘുവിവരം |
|---|---|---|---|---|---|---|---|
| 1 | അരിമ്പ്ര ചേതന, നെഹ്റു യുവകേന്ദ്രം | 1976 | - | - | - | - | ഫുട്ബോൾ മത്സരം. |
| 2 | കൈരളി ഒഴുക്കൂർ | 1994 | 25 | | | NYK മലപ്പുറം | - |
| 3 | ദർശന ആർട്സ് മോങ്ങം | 1990 | 38 | വാടക | - | NYK മലപ്പുറം | - |
| 4 | പുലരി എടപ്പറമ്പ് | | | | | | |
| 5 | ലീഡേഴ്സ്, അരിമ്പ്ര | 1974 | 100 | വാടക | ഇല്ല | - | |
| 6 | നെഹ്റു യൂത്ത് ക്ലബ് അരിമ്പ്ര | - | - | - | - | - | വോളിബോൾ ടൂർണമെന്റ്, സാമൂഹ്യസേവനം |
| 7 | റെയിൻബോ, മൊറയൂർ | - | - | - | - | - | |
| 8 | ന്യൂ ആർട്ടിസ്റ്റ് ഗിൽഡ്, മൊറയൂർ | - | - | - | - | - | - |
| 9 | മൈത്രി അരിമ്പ്ര | - | - | - | - | - | - |
| 10 | ഇസ്ലാമിൽ കൾചറൽ സെന്റർ, അരിമ്പ്ര | 1986 | 50 | - | - | NYK മലപ്പുറം | നെഴ്സറി നടത്തുന്നു. ഇപ്പോൾ അംഗൻവാടിയോട് ചേർന്ന്. |
| 11 | ജൂപിറ്റർ എടപ്പറമ്പ് | 1994 | - | - | - | - | NYK മലപ്പുറം |
| 12 | തംബുരു കായിക സമിതി എടപ്പമ്പ് | 1991 | - | - | - | - | |
| 13 | ടാങ്കോ എടപ്പറമ്പ് | 1996 | - | - | - | - | |
| 14 | യംഗ് മെൻസ് അരിമ്പ്രപാലം | 1993 | 35 | - | - | - | - |
| 15 | വിഭാവന, മോങ്ങം | - | 50 | വാടക | - | - | ഫുട്ബോൾ മത്സര സാമൂഹ്യ സേവനം |

ഉപകരണങ്ങൾ വാങ്ങാനാവശ്യമായ സാമ്പത്തിക സഹായം സന്നദ്ധ സംഘടനകൾ പൊതുജനങ്ങളെ ബോധവന്മാരാക്കി പിരിച്ച് നല്കുക.

ഉപജില്ലാ തലത്തിൽ കലാ, കായിക മത്സരങ്ങളിൽ മികവ് കാട്ടുന്ന സ്കൂളുകൾക്കും പ്രതിഭകൾക്കും പ്രോത്സാഹനം നൽകുക.

മൊറയൂർ തടപ്പറമ്പ് ഗ്രൗണ്ടുണ്ടാക്കാൻ പറ്റിയ സ്ഥല മാണ്. അത് സ്വന്തമാക്കി യുവാക്കളെ പങ്കെടുപ്പിച്ച് സേവ നമാർഗ്ഗത്തിലൂടെ ഗ്രൗണ്ട് നിർമ്മിക്കുക.

വാർഡു തോറും ഓരോ കളി സ്ഥലങ്ങൾ നിർമ്മി ച്ചാൽ അവിടങ്ങളിലെ കായികതാരങ്ങളെ വളർത്തി ക്കൊണ്ടു വരാൻസാധിക്കും. ഗ്രൗണ്ടുകളില്ലാത്ത എയി ഡഡ് സ്കൂളുകളിൽ അതുണ്ടാക്കാൻ മാനേജ്മെന്റിനെ പ്രേരിപ്പിക്കുക.

ചുരുക്കത്തിൽ സാംസ്കാരിക, കായിക പുരോഗതി കൈവരിക്കാനാവശ്യമായ ചില നിർദ്ദേശങ്ങളാണ് ഇവിടെ കുറിച്ചിരിക്കുന്നത്. ഇതിൽ പലതും സന്നദ്ധ സംഘടനകൾക്ക് സേവനത്തിലൂടെ ചെയ്യാൻസാധിക്കു ന്നതും മറ്റുള്ളവ നടപ്പിലാക്കാൻ പഞ്ചായത്തുകളും ബന്ധപ്പെട്ട ഏജൻസികളും അടിയന്തിര ശ്രദ്ധ പതിപ്പിച്ചു. മേൽപ്പറഞ്ഞ കാര്യങ്ങൾ മുൻഗണനാക്രമത്തിൽ നടപ്പാ ക്കുകയും ചെയ്താൽ ചുരുങ്ങിയ കാലം കൊണ്ട് മൊറ യൂർ പഞ്ചായത്തിനെ സാംസ്കാരിക, കായിക രംഗത്ത് സമ്പന്നമാക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.

" സ്വാതന്ത്ര്യം യഥാർത്ഥത്തിൽ ഇന്ത്യയിലെ ജനങ്ങളുടേതാണ്, അല്ലാതെ അവരുടെ മേൽ ഭരണം നടത്തുന്നവരുടേതല്ല. തങ്ങളുടെ ചെരിപ്പിനടിയിൽ കിടക്കുന്നവരുടെ സമ്മതത്തെയാണ് ഭരിക്കുന്നവർ ആശ്രയമാക്കേണ്ടത്. അങ്ങനെ അവർ ജനങ്ങളുടെ സേവകരാകണം; ജനങ്ങളുടെ ഇച്ഛയനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാകണം"

മഹാത്മാഗാന്ധി



# വനിത

ഏറനാട് താലൂക്കിലെ അനുഗ്രഹീതമായ ഒരു ഗ്രാമപ്രദേശമാണ് മൊറയൂർ. മതസൗഹാർദ്ദത്തിന്റെ മഹനീയ മാതൃകയുമായി നിലകൊള്ളുന്ന മൊറയൂർ ഗ്രാമപഞ്ചായത്തിൽ 1991-ലെ സെൻസസ് അടിസ്ഥാനപ്പെടുത്തി കണക്കാക്കിയ മൊത്തം ജനസംഖ്യ 28116 ആണ്. ഇതിൽ 13909 പേർ വനിതകളാണ്. വനിതകൾ വിദ്യാഭ്യാസ സാമൂഹ്യ സാംസ്കാരിക തൊഴിൽ രംഗങ്ങളിൽ ഏറെ പിന്നിലാണെന്നത് മറച്ചു വെക്കാൻ പറ്റാത്ത യാഥാർത്ഥ്യമാണ്.

സാഹചര്യങ്ങളുടെ സമ്മർദ്ദവും ചരിത്രപരമായ കാരണങ്ങളും ഈ പ്രദേശത്തെയും ഇവിടുത്തെ ജനതയെയും ഏറെ പിന്നോക്കമാക്കി എന്നത് വസ്തുതയാണ്. പക്ഷെ, ഇതിലേറ്റവും കൂടുതൽ പിൻതള്ളപ്പെടാൻ വിധിക്കപ്പെട്ടത് ഇവിടുത്തെ വനിതകളായിരുന്നു എന്ന യാഥാർത്ഥ്യം തിരിച്ചറിയപ്പെടേണ്ടതാണ്. സാമൂഹ്യപ്രവർത്തന മേഖലകളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. വിദ്യാഭ്യാസത്തിന്റെ അഭാവമായിരുന്നു ഇതിന്റെ മുഖ്യകാരണം. അതേ കാരണത്താൽ തന്നെ, തൊഴിൽ രംഗത്തും സ്ത്രീകൾ പിന്നിലായി. കാലങ്ങൾ കടന്നു പോയപ്പോൾ ഓത്തുപള്ളികളുടെ . ഓലപ്പുരകൾക്കുള്ളിൽ വിജ്ഞാനത്തിന്റെ മെഴുകുതിരിവെട്ടം കണ്ടപ്പോൾ അറച്ചു നിൽക്കാതെ ഓടിയെത്തിയവരിൽ പുരുഷന്മാരെപ്പോലെ വനിതകളുമുണ്ടായിരുന്നു. അതുകൊണ്ടുതന്നെയാവണം സാക്ഷരതാ പ്രവർത്തനം തുടങ്ങുന്നതിന്റെ മുമ്പു തന്നെ ഈ പ്രദേശത്തെ പ്രായം ചെന്ന സ്ത്രീകളിൽ ബഹുഭൂരിഭാഗവും സാക്ഷരരായത്. അറബി-മലയാളം ലിപിയിൽ എഴുതാനും വായിക്കാനും അറിഞ്ഞിരുന്ന ഇവർ വീടിന്റെ അകത്തളങ്ങളിലിരുന്ന് ആ ഭാഷയിലുള്ള കവിതകളും വിവർത്തനങ്ങളും പാരായണം ചെയ്തിരുന്നു. ഓത്തുപള്ളികൾ വിദ്യാലയങ്ങളായി മാറിയപ്പോൾ അതുപയോഗപ്പെടുത്താൻ വനിതകൾ വരാതിരിന്നിട്ടില്ല. 1924 മുതൽക്കാണ് പരിമിതമായ രീതിയിൽ ഈ പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത് 1946-ൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ട മൊറയൂർ വീരാൻ ഹാജി മെമ്മോറിയൽ ഹൈസ്കൂൾ ഈ പഞ്ചായത്തിലെ വനിതാ വിദ്യാഭ്യാസരംഗത്ത് ചലനങ്ങൾ സൃഷ്ടിക്കാൻ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ തന്നെ ആദ്യമായി SSLC പാസ്സായ മുസ്ലിം വനിത ഈ പഞ്ചായത്തിലെ മോങ്ങം സ്വദേശി പരേതയായ സി.കെ. ഫാത്തിമക്കുട്ടി ആയിരുന്നു എന്നത് പ്രത്യേകം ഓർമിക്കപ്പെടേണ്ടതാണ്. മാത്രമല്ല, പ്രസ്തുത വനിതയാണ് പഞ്ചായത്തിൽ നിന്നും ആദ്യമായി വനിതകൾക്കിടയിൽനിന്ന് സർക്കാർ സർവീസിൽ ജോലി നേടിയത് എന്നതും പരാമർശിക്കപ്പെടേണ്ടതാണ്. പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ട് SSLC പാസ്സാവുകയും ട്രെയിനിംഗ് നേടി അധ്യാപികമാരായി ജോലി നേടുകയും ചെയ്ത ശ്രീമതി സി.കെ. ഖദീജ ടീച്ചറും രാജകുമാരി ടീച്ചറും പുതിയ തലമുറക്ക് മാതൃകയാണ്.

മൂന്ന് ഹൈസ്കൂളുകളടക്കം പതിനൊന്ന് സ്കൂളുകളും ഒരു വനിതാ അറബികോളേജും ഉള്ള ഈ പഞ്ചായത്തിൽ വനിതാവിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ കാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിപ്ലവകരമായ മാറ്റങ്ങൾ തന്നെ നടന്നിട്ടുണ്ട്. പതിനൊന്ന് സ്കൂളുകളിലുമായി ഇപ്പോൾ പഠിക്കുന്ന മൊത്തം വിദ്യാർത്ഥികളുടെ 49% പെൺകുട്ടികളാണ്. അതായത്, 3943 പെൺകുട്ടികൾ ഇപ്പോൾ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിച്ചുകൊണ്ടിരിക്കുന്നു. വനിതാ വിദ്യാഭ്യാസരംഗത്ത് കാര്യമായ ചലനങ്ങൾ സൃഷ്ടിച്ച മോങ്ങം വനിതാ അറബി കോളേജ് ഈ രംഗത്ത് ദക്ഷിണേന്ത്യയിലെ തന്നെ അംഗീകാരമുള്ള

പ്രഥമ സ്ഥാപനമാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള 5 വർഷത്തെ അഫ്സൽ ഉൽ ഉലമയും രണ്ടു വർഷത്തെ പോസ്റ്റ് അഫ്സൽ ഉൽ ഉലമ കോഴ്സും ഉൾക്കൊള്ളുന്ന ഈ സ്ഥാപനത്തിൽ നിന്ന് ഇതുവരെ യായി 900 വനിതാ ബിരുദധാരിണികൾ പഠനം പൂർത്തി യാക്കി പുറത്തിറങ്ങിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും നിരവധി പെൺകുട്ടികൾ സമീപപ്രദേശങ്ങളിലെ കോളേ ജുകളിലും മറ്റും വിദ്യാഭ്യാസസ്ഥാപനങ്ങളിലും പഠിച്ചു വരുന്നുണ്ട്.

മൊറയൂർ പഞ്ചായത്തിലെ ഒട്ടനവധി വിദ്യാസമ്പന്ന രായ വനിതകൾ സ്കൂളുകളിലും കോളേജുകളിലും അധ്യാപികമാരായി ജോലി ചെയ്യുന്നുണ്ട്. പൊതുമേഖല, സ്വകാര്യമേഖല സ്ഥാപനങ്ങളുടെ ഓഫീസികളിലും ചിലർ ജോലി ചെയ്യുന്നു. ഈ രംഗത്തെ പഞ്ചായത്തിലെ ആദ്യത്തെ വനിതാ ഡോക്ടർ കോടിത്തൊടിക നുനാമർജ എന്നവരാണ്. ഇക്കൂട്ടത്തിൽ സ്മരിക്കപ്പെടേണ്ടത് അലീ ഗർ യൂണിവേഴ്സിറ്റിയിൽ നിന്ന് MSc പൂർത്തിയാക്കിയ M. ആമിന ടീച്ചറാണ്. SSLC പരീക്ഷയിൽ റാങ്കുകൾ വാങ്ങിയ പെൺകുട്ടികൾ വരെ ഈ പഞ്ചായത്തിലുണ്ട് എന്നത് ഭാവി ശോഭനമാണെന്നതിന്റെ സൂചനയാണ്.

പൊതുരംഗത്തേക്ക് വനിതകൾ താല്പര്യപൂർവ്വം കട ന്നുവന്നു കൊണ്ടിരിക്കുകയാണ്. അത്തരത്തിലുള്ള സ്വാഗതാർഹമായ കുറെ പ്രവർത്തനങ്ങൾ അടുത്തകാ ലത്ത് നടന്നതായി കാണപ്പെടുന്നു. സജീവമായ വനിതാ സംഘടനകൾ സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ-ക്ഷേമ രംഗങ്ങളിൽ കാലൂറപ്പിച്ചു കഴിഞ്ഞു. ഇവരുടെ പ്രവർത്തനങ്ങളുടെ പ്രതിഫലനമാണ് ഗ്രാമസഭകളിൽ നിഴലിച്ചുകണ്ടത്. പഞ്ചായത്തിലെ മുഴുവൻ ഗ്രാമസഭക ളിലും നാടിന്റെ വികസനത്തിന് തങ്ങളുടെ നിർദ്ദേശങ്ങൾ വെക്കാനും പങ്കു വഹിക്കാനും ആവേശത്തോടു കൂടി സ്ത്രീജനങ്ങൾ തള്ളിക്കയറുന്നത് കാണാമായിരുന്നു.

വനിതാരംഗത്ത് പ്രവർത്തിക്കുന്ന പ്രധാന സംഘട നകൾ മഹിളാസമാജങ്ങളും മുസ്ലിം വനിതാ ലീഗും ജനാധിപത്യ മഹിളാ അസോസിയേഷനുമാണ്. മഹിളാ സമാജങ്ങളിൽ പൂളക്കത്തടം മഹിളാസമാജം, മോങ്ങം മഹിളാസമാജം മൊറൂയൂർ മഹിളാസമാജം എന്നിവ വളരെ സജീവമായി പ്രവർത്തിക്കന്നു. അത്രയും സജീ വമല്ലെങ്കിലും പോത്തുവെട്ടിപ്പാറ, വാലഞ്ചേരി, കുളത്തും പടി, പുഞ്ചിരി, നിത്യശില്പ, ഒഴുകൂർ, മനങ്ങറ്റ എന്നീ മഹിളാസമാജങ്ങളും പ്രവർത്തനരംഗത്തുണ്ട്. മുസ്ലിം വനിതാലീഗിന് പഞ്ചായത്ത് കമ്മിറ്റിയും പഞ്ചായത്തിലെ എല്ലാ വാർഡുകളിലും യൂണിറ്റ് കമ്മിറ്റികളും പ്രവർത്തി ക്കുന്നുണ്ട്. മലപ്പുറം ജില്ലാ വനിതാലീഗ് കമ്മറ്റി അംഗ ങ്ങളായ നാനാക്കൽ മറിയുമ്മ, പി. പാത്തുമ്മക്കുട്ടി എന്ന മാളുമ്മ എന്നീ രണ്ടു പഞ്ചായത്തുമെമ്പർമാർ ഈ പഞ്ചാ യത്തിലെ വനിതാരംഗത്ത് നേതൃത്വപരമായ പങ്ക് വഹി ക്കുന്നവരിൽ എടുത്തുപറയേണ്ടവരാണ്. പഞ്ചായത്തിൽ മൊത്തം 26 അംഗനവാടികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ അംഗനവാടികളിൽ മൊത്തം 52 വനിതകൾ ജോലി ചെയ്തുവരുന്നു. ഈ അംഗനവാടികളെ മുഴുവൻ കേന്ദ്രീ കരിച്ച് മഹിളാസമാജങ്ങൾക്ക് രൂപം നൽകിക്കഴിഞ്ഞു.

### പൂളക്കത്തടം മഹിളാസമാജം

പൂളക്കത്തടം മഹിളാസമാജത്തിന്റെ കീഴിൽ മൊറ യൂർ കേന്ദ്രമായി സ്റ്റാർ ടൈലറിംഗ് ആന്റ് എംബ്രോ യ്ഡറി ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം പ്രവർത്തിച്ചുവരു ന്നുണ്ട്. നെഹ്റു യുവകേന്ദ്രയിൽ അഫിലിയേറ്റു ചെയ്ത ഈ സ്ഥാപനത്തിൽ ഇപ്പോൾ 35 പെൺകുട്ടികൾ പഠി ച്ചുകൊണ്ടിരിക്കുന്നു. കുട്ടികളിൽ നിന്നും ഫീസ് ഈടാ ക്കിക്കൊണ്ടാണ് ഈ സ്ഥാപനം നടത്തിക്കൊണ്ടുപോ കുന്നത്. ഈ സ്ഥാപനത്തിൽ തന്നെ ട്രൈസത്തിന്റെ ഗ്രാന്റുകൊണ്ട് 3 വനിതകൾ തുന്നൽ പരിശീലനം നട ത്തുന്നുണ്ട്. ഒരു കുട്ടിക്ക് 300 രൂപ വീതം ഗ്രാന്റു ലഭി ക്കുന്നതിന് പുറമെ ടീച്ചർക്കും 300 രൂപ ലഭിക്കുന്നു. വർഷാവസാനത്തിൽ റോമെറ്റീരിയൽസിനായി ചെറിയ തോതിലുള്ള സഹായവും ലഭിക്കുന്നുണ്ട്. ഈ സ്ഥാപ നത്തിൽ നിന്നും പരിശീലനം നേടിക്കഴിഞ്ഞ കുട്ടികൾ റെഡിമെയ്ഡ് വസ്ത്രനിർമ്മാണ രംഗത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്.

### മോങ്ങം മഹിളാസമാജം

മോങ്ങം മഹിളാസമാജത്തിന്റെ കീഴിലുള്ള നെഹ്റു യുവകേന്ദ്രയുടെ അംഗീകാരത്തോടുകൂടി പ്രവർത്തി ക്കുന്ന മോങ്ങം വനിതാ ടൈലറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ 35 കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്നു. ഈ സ്ഥാപനത്തിന്റെ ഏറ്റവും വലിയ പ്രശ്നം പരിശീലനം പൂർത്തിയാക്കി പുറത്തുപോകുന്ന വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെ ത്തുവാനുള്ള സംവിധാനമില്ല എന്നതാണ്.

മോങ്ങത്ത് തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന മറ്റൊരു സ്ഥാപനമാണ് 'കരുണാ ലേഡീസ് ടൈലറിംഗ് യൂണിറ്റ്'. ഈ സ്ഥാപനം എംബ്രോയ്ഡറി വർക്ക് ഓർഡർ സ്വീകരിച്ച് പണി ചെയ്തു കൊടുക്കുന്നു. ഇവിടെ 3 വനിതകൾ ജോലി ചെയ്തുവരുന്നുണ്ട്.

ലേഡീസ് ടൈലറിംഗ് ആന്റ് റെഡിമെയ്ഡ് യൂണിറ്റ് എന്ന പേരിൽ 7 വനിതകൾ തൊഴിൽ ചെയ്തുവരുന്ന മറ്റൊരു സ്ഥാപനവും ഈ രംഗത്ത് മഹത്തായ സേവന ങ്ങൾ ചെയ്തു വരുന്നുണ്ട്. 1993-ൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഈ സ്ഥാപനം 50,000 രൂപ ലോൺ

വാങ്ങിയാണ് തുടക്കം കുറിച്ചത്.

### അൽഫാ ഗാർമെന്റ്സ്, മോങ്ങം

മോങ്ങത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 5 വനിതകൾ ജോലി ചെയ്തുവരുന്നു. ചെറുകിട വ്യവസായവകുപ്പിൽ നിന്നും 30,000 രൂപ ലോൺ വാങ്ങി തുടങ്ങിയ ഈ സ്ഥാപനം റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിച്ച് വിൽപ്പന നടത്തുകയാണ്. വിജയകരമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ലോൺ മുഴുവൻ തിരിച്ചടച്ചുകഴിഞ്ഞു. W.I.Pയിൽ നിന്നും ഈ സ്ഥാപനത്തിന് 25,000 രൂപ ഗ്രാന്റ് ലഭിച്ചിട്ടുണ്ട്.

### സി.ബി.എൻ.പി.

വനിതാക്ഷേമരംഗത്ത് മൊറയൂർ പഞ്ചായത്തിൽ സജീവവും കാര്യക്ഷമവുമായ രീതിയിൽ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുകൊണ്ട് വനിതകൾക്കിടയിൽ പരിവർത്തനത്തിന്റെ പാതയൊരുക്കിക്കൊണ്ടിരിക്കുന്ന വനിതാപ്രസ്ഥാനമായി സി.ബി.എൻ.പി. മാറക്കഴിഞ്ഞു. അസംഘടിതരും നിർധനരുമായ സ്ത്രീകളെ ബോധവൽക്കരിച്ച് അവർക്കിടയിൽ സമ്പാദ്യശീലം വളർത്താൻ സി.ബി.എൻ.പി. വഹിച്ച പങ്ക് വളരെ വലുതാണ്. സി.ബി.എൻ.പി.ക്ക് ഈ പഞ്ചായത്തിൽ 41 N.H.G.കളും 7 A.D.S.കളും സജീവമായി തന്നെ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് സി.ഡി.എസ്. പ്രസിഡണ്ട് പാലോളി ഫാത്തിമ ബ്ലോക്ക് സി.ഡി.എസ്. പ്രസിഡണ്ട് കെ.സി. അസ്മാബി എന്നിവരും കമ്മ്യൂണിറ്റി ഓർഗനൈസർമാരായി എം.ടി. ജമീല, കെ. സഫിയ്യ എന്നിവരും പ്രവർത്തിക്കുന്നു. മൊത്തത്തിൽ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചുകൊണ്ട് പ്രവർത്തിക്കുന്ന A.P.C. പഞ്ചായത്ത് മെമ്പറും വനിതാ പ്രവർത്തകയുമായ പി. ഫാത്തിമക്കുട്ടി എന്ന മാളുമ്മയാകുന്നു.

### C.B.N.P പ്രവർത്തനങ്ങൾ

അസംഘടിതരും നിർധനരുമായ സ്ത്രീകളിൽ നിന്നും ചെറു സമ്പാദ്യങ്ങൾ സ്വരൂപിച്ച് നിക്ഷേപിക്കുന്നു. ഇതിനകം മൊറയൂർ സർവ്വീസ് സഹകരണ ബാങ്കിൽ ഒരു ലക്ഷം രൂപയോളം നിക്ഷേപിച്ചു കഴിഞ്ഞു.അതിൽ നിന്നും നിക്ഷേപകർക്ക് വീട്ടാവശ്യങ്ങൾക്കും മറ്റു ക്ഷേമ കാര്യങ്ങൾക്കും ലോൺ നൽകി വരുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ത്രിഫ്റ്റ് സൊസൈറ്റികൾ കാര്യക്ഷമമായി തന്നെ പ്രവർത്തിക്കുന്നുണ്ട്. 1994ൽ സി.ബി.എൻ.പി. വനിതകൾക്കു വേണ്ടി മാത്രം പഞ്ചായത്തിൽ സമഗ്രമായൊരു സർവ്വേ നടത്തുകയും പഞ്ചായത്തിൽ മൊത്തമുള്ള 3800 കുടുംബങ്ങളിൽ നിന്നുമായി 1388 റിസ്ക് ഫാമിലിയെ കണ്ടെത്തുകയും ചെയ്തു. പ്രസ്തുത റിസ്ക് ഫാമിലികൾക്കാണ് മേൽപ്പറഞ്ഞ നിക്ഷേപത്തിൽ നിന്നും സഹായങ്ങൾ നൽകി വരുന്നത്. യൂണിസെഫിൽ നിന്നും 7000 രൂപ ഗ്രാന്റായി ലഭിച്ചിരുന്നു. ഈ തുകയിൽ നിന്ന് റിസ്ക് ഫാമിലിയിൽപെട്ട നാലു കുടുംബങ്ങൾക്ക് 2% പലിശ നിരക്കിൽ ആടുവളർത്താൻ ലോൺ കൊടുത്തിട്ടുണ്ട്. അതിനുപുറമെ 7 N.H.G.കളിലേക്കായി 11,500 രൂപയുടെ ലോണുകൾ വേറെയും നൽകിയിട്ടുണ്ട് ഇതിനൊക്കെ പുറമെ സ്റ്റെഡ് പ്രോഗ്രാമിന്റെ കീഴിൽ 5 വനിതകളെ താനൂരിലേക്ക് എംബ്രോയ്ഡറിംഗ് പരിശീലനത്തിന് അയച്ചിരുന്നു. ഡയറി ഡെവലപ്മെന്റിൽ നിന്നും സന്നദ്ധസംഘടനകളുടെ കീഴിൽ നടത്തുന്നതൊഴിൽ പരിശീലനത്തിന് സി.ബി.എൻ.പി. ഈ പഞ്ചായത്തിൽ നിന്നും 12 വനിതകളെ അയച്ചിരുന്നു. പ്രസ്തുത സ്കീമിന്റെ കീഴിൽ 4 വനിതകൾക്ക് ഒരു യൂണിറ്റ് എന്ന രീതിയിൽ 3 യൂണിറ്റുകൾക്കായി 60,000/- രൂപ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ഗ്രാന്റായി ലഭിച്ചിട്ടുണ്ട്.

### D.W.C.R.A

വനിതകളുടേയും കുട്ടികളുടേയും ക്ഷേമകാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന D.W.C.R.A. യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ബ്ലോക്കു മുഖേനയാണ് ഇതിന്റെ കാര്യങ്ങൾ നടപ്പിലാക്കുന്നത്. നിരവധി യൂണിറ്റുകൾ വർഷങ്ങളായി പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നെങ്കിലും സ്ത്രീകൾക്കിടയിൽ ഇതിനെക്കുറിച്ചുള്ള വ്യക്തമായ അവബോധത്തിന്റെ അഭാവം കൊണ്ട് മിക്ക യൂണിറ്റുകളും നിർജ്ജീവമായി. 1991-ൽ 9-ാം വാർഡിൽ DWCRAയുടെ കീഴിൽ കല്ലുകുത്തു യൂണിറ്റ് തുടങ്ങി. മുഴുവൻ ലോണും അടച്ചു തീർത്ത ഈ യൂണിറ്റ് വിജയകരമായി പ്രവർത്തിച്ചു. ഇതിന് 15,000 രൂപയുടെ ഗ്രാന്റ് കിട്ടിയിരുന്നു. ഇപ്പോൾ ഇതേ യൂണിറ്റ് തന്നെ ഇവിടെ ഒരു കൊപ്രവെട്ട് യൂണിറ്റ് ആരംഭിച്ചിട്ടുമുണ്ട്. 1995-96 വർഷക്കാലത്ത് രൂപീകരിച്ച പുതിയ രണ്ടു യൂണിറ്റുകൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഒരു യൂണിറ്റിന് പത്തിനും പതിനഞ്ചിനും ഇടയിൽ വനിതകൾവേണം എന്നാണ് കണക്ക്. മേൽപറഞ്ഞ മൊറയൂർ യൂണിറ്റിൽ 13ഉം ഒഴുകൂർ യൂണിറ്റിൽ 12ഉം വനിതകളുണ്ട്. ഇവ രണ്ടും ആടുവളർത്തൽ കേന്ദ്രങ്ങളാണ്. ഇതുപ്രകാരം പഞ്ചായത്തിൽ ആകെ 2,16,250 രൂപ ലോൺ ലഭിച്ചിട്ടുണ്ട്. ഇതിൽ ഒരു ലക്ഷം രൂപ സബ്സിഡിയാണ്. ബാക്കി 1,16,250 രൂപ 5 വർഷം കൊണ്ട് ഗഡുക്കളായി തിരിച്ചടച്ചാൽ മതിയെന്നതാണ് ഇതിന്റെ പ്രത്യേകത. പഞ്ചായത്തിലെ 7-ാം വാർഡിൽ DWCRAയുടെ ആടുവളർത്തൽ കേന്ദ്രത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ബാങ്കിൽ നിന്നും ലോൺ ലഭിക്കാനുള്ള കാലതാമസമാണ് ഈ

യൂണിറ്റ് പ്രവർത്തനമാരംഭിക്കാൻ വൈകുന്നത്.

## പ്രശ്നങ്ങൾ, സാധ്യതകൾ

വിദ്യാഭ്യാസത്തിന്റെ അനിവാര്യതയെക്കുറിച്ചുള്ള അവബോധമില്ലായ്മ തന്നെയാണ്പ്രധാന പ്രശ്നം. അതിനു പരിഹാരം കാണേണ്ടത് ബോധവൽക്കരണത്തിലൂടെയാണ്. മുഴുവൻ ഗ്രാമസഭകളിലും രോഷത്തോടുകൂടി സ്ത്രീകൾ വിളിച്ചുപറഞ്ഞ പ്രധാനകാര്യം ചാരായത്തിന്റെ കെടുതികളാൽ അവരനുഭവിക്കേണ്ടിവരുന്ന പീഡനങ്ങളെക്കുറിച്ചാണ്. ചാരായം നിരോധിച്ചിട്ടും വ്യാജന്മാർ വ്യാപകമായി ഗ്രാമങ്ങളിൽ കള്ളവാറ്റു വിൽപ്പന നടത്തുന്നതുകൊണ്ട് കണ്ണുനീർ കുടിക്കേണ്ടി വരുന്നത് ഇവിടുത്തെ കുടുംബിനികളാണ്. മുഴുക്കുടിയന്മാരായ ഗൃഹനാഥന്മാർ സന്ധ്യാസമയം വയറുനിറയെ സേവിച്ച് ലക്കു തെറ്റി വീട്ടിലേക്കു കടന്നുവരുമ്പോൾ വീടിനുള്ളിൽ അടിപിടിയും കൊലവിളിയും നിത്യസംഭവങ്ങളാകുന്നു. എക്സൈസ് വകുപ്പിനെ കാര്യക്ഷമമാക്കി ഈ പ്രശ്നത്തിന് അടിയന്തിര പരഹാരമുണ്ടാക്കാൻ സർക്കാർ തലത്തിൽ സംവിധാനമുണ്ടാക്കണം.


പഞ്ചായത്തിൽ നിർജ്ജീവമായ മഹിളാ സമാജങ്ങൾ പുനരുജ്ജീവിപ്പിക്കുകയും പൂർവ്വോപരി ഊർജസ്വലതയോടെ പ്രവർത്തിപ്പിക്കുകയും ചെയ്താൽ സ്ത്രീകൾക്കിടയിൽ അപകർഷതാബോധം ഒരു പരിധി വരെ ഇല്ലാതാക്കാവുന്നതാണ്. C.B.N.Pയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും വ്യാപകവുമായി നടപ്പിലാക്കാൻ സംവിധാനമുണ്ടാക്കേണ്ടതാണ്. വിവിധതരം പെൻഷനുകൾ ലഭിക്കാൻ അർഹരായ നിരവധി വനിതകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ഇവരെയൊക്കെ കണ്ടെത്തി അർഹമായ പെൻഷൻ വാങ്ങിക്കൊടുക്കാൻ സംവിധാനമുണ്ടാക്കണം.

പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ നിന്ന് SSLC പാസ്സാകുന്ന വിദ്യാർത്ഥിനികളിൽ നിന്നും ചെറിയ ഒരു ശതമാനമെങ്കിലും തുടർന്നു പഠിക്കാൻ കഴിയാതെ വഴിയിൽ കൊഴിഞ്ഞു പോകുന്നുണ്ട്. ഇതൊരു വലിയ പ്രശ്നമായി അവശേഷിക്കുന്നു. വീട്ടുജോലികളിൽ മാത്രം വ്യാപൃതരാവുന്ന വനിതകൾ തൊഴിൽ രംഗത്ത് വളരെയേറെ പിന്നിലാണ്. കൃഷിയിടങ്ങളിലും നിർമ്മാണ രംഗങ്ങളിലുമാണ് സ്ത്രീകൾ കുറെയെങ്കിലും ജോലി ചെയ്യുന്നത്. അവർക്കാണെങ്കിൽ അർഹമായ വേതനവും പരിഗണനയും ലഭിക്കുന്നില്ല എന്നത് പരിഹാരം കണ്ടെത്തേണ്ട മുഖ്യപ്രശ്നം തന്നെയാണ്. ആധുനിക ദൃശ്യമാധ്യമങ്ങളുടെ അതിപ്രസരം, ആഡംബര ജീവിതപ്രിയം, അധ്വാനശീലത്തോടുള്ള വിമുഖത എന്നിവ സ്ത്രീകളെ ബാധിക്കാൻ കാരണമായി. അതുപോലെ ഗൾഫു പണത്തിന്റെ സ്വാധീനവും ജീവിതശൈലിയിൽ കാര്യമായ മാറ്റം വരുത്തിയിട്ടുണ്ട്. ഈ പരിതസ്ഥിതിയിൽ സ്വന്തം വരുമാന പരിധിയിലൊതുങ്ങി ജീവിക്കാനുള്ള ശീലം കൈമോശം വന്നുപോയ അവസ്ഥയാണ് പല പ്രദേശങ്ങളിലും ദൃശ്യമാകുന്നത്.

## പരിഹാരനിർദ്ദേശങ്ങൾ

1. വനിതാവികസനകോർപ്പറേഷന്റെ ആസ്ഥാനം മലബാറിലേക്ക് മാറ്റണം. എന്നാൽ മാത്രമേ ഈ പ്രദേശത്തെ വനിതകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ.
2. വനിതാ വികസനകോർപ്പറേഷന്റെ ഒരു സബ്-ഓഫീസ് മലപ്പുറം ആസ്ഥാനമായി ആരംഭിക്കണം.
3. പഞ്ചായത്തിൽ വനിതകൾക്ക് സ്വന്തമായി ഒരു തൊഴിൽ ശാല ആരംഭിക്കണം. അതിൽ 250 വനിതകൾക്കെങ്കിലും ജോലി ലഭ്യമാക്കണം.
4. നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് അവരുടെ ജോലി നിലനിർത്താനും മാന്യമായ വേതനം ലഭിക്കാനുമുള്ള സംവിധാനമുണ്ടാക്കണം.
5. ബ്ലോക്കു തലത്തിലോ ജില്ലാ തലത്തിലോ ഒരു കശുവണ്ടി ഫാക്ടറി തുടങ്ങുകയും അതിൽ സ്ത്രീകൾക്ക് ജോലി ഉറപ്പു വരുത്തുകയും വേണം.
6. ചിരട്ട കൊണ്ടുള്ള കൗതുക വസ്തുക്കൾ നിർമ്മിക്കാൻ വനിതകൾക്ക് പഞ്ചായത്ത് തലത്തിൽ പരിശീലനം നൽകണം.
7. കയറും കയറുല്പന്നങ്ങളും നിർമ്മിക്കാനാവശ്യമായ പരിശീലനം വനിതകൾക്ക് പഞ്ചായത്തിൽ നൽകണം.
8. 4 വീതം സ്ത്രീകളെ സംഘടിപ്പിച്ച പൗൾട്രി ഫാം തുടങ്ങുവാനുള്ള സംവിധാനമുണ്ടാക്കണം. അതിനാവശ്യമായ പുരുഷന്മാരുടെ സഹായവും ലഭ്യമാക്കണം.
9. സ്വയം തൊഴിൽ കണ്ടെത്താൻ തയ്യാറുള്ള വനിതകൾക്ക് നല്ല കറവപ്പശുക്കളെ വാങ്ങിക്കാൻ സഹായം ലഭ്യമാക്കണം.
10. പഞ്ചായത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്കാവശ്യമായ നോട്ടുബുക്കുകൾ നിർമിക്കുവാൻ പഞ്ചായത്തിന്റെ കീഴിൽ ഒരു സ്ഥാപനം ആരംഭിക്കുക. ബുക്ക് ബൈന്റിംഗിനും മറ്റുമായി 25 വനിതകൾക്കെങ്കിലും ജോലി നൽകുക. പഞ്ചായത്തിലെ സ്കൂളുകൾ ഇവിടെ നിർമ്മിക്കുന്ന പുസ്തകങ്ങളേ വാങ്ങാവൂ എന്ന തീരുമാനമെടുക്കുക.

11. വനിതകൾ നടത്തുന്ന കോ-ഓപ്പറേറ്റീവ് സ്റ്റോർ, മാവേലി സ്റ്റോർ, മിനി സൂപ്പർമാർക്കറ്റ് എന്നിവ ആരംഭിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കുക.
12. തുന്നൽ പരിശീലനകേന്ദ്രത്തിൽ നിന്നും പരിശീലനം നേടുന്ന സ്ത്രീകൾക്ക് വിപുലമായൊരു റെഡിയ മെയ്ഡ് കേന്ദ്രം ആരംഭിക്കണം.
13. പാനീയങ്ങൾ, ജാം, ബേക്കറി സാധനങ്ങൾ എന്നിവ ഉല്പാദിപ്പിക്കാൻ പരിശീലനം നേടിയ പഞ്ചായത്തിലെ വനിതകൾക്ക് ജോലി കണ്ടെത്തുവാനുള്ള സഹായങ്ങൾ നല്കണം.
14. നിർജ്ജീവമായ മഹിളാസമാജങ്ങളെ സജീവമാക്കുകയും മാസത്തിലൊരിക്കലെങ്കിലും സമ്മേളിച്ച് വനിതകളുടെ പ്രശ്നങ്ങൾ വിലയിരുത്തുവാനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യുക.
15. ശിശുസംരക്ഷണം, മാതൃസംരക്ഷണം എന്നിവ ഉറപ്പു വരുത്തുവാൻ സേവനസന്നദ്ധതയുള്ള ഒരു ലേഡീ ഡോക്ടറെ പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്ററിൽ നിയമിക്കുക.
16. അമ്മമാർക്കും കുട്ടികൾക്കും വൈകുന്നേരങ്ങളിൽ ഒത്തുചേരാൻ ഒരു മിനിപാർക്ക് ഉണ്ടാക്കുക.
17. കുടുംബകലഹങ്ങൾ ഇല്ലാതാക്കാനും കുട്ടികൾക്ക് മാനസികധൈര്യം പകരാനും കൗൺസിലിംഗ് ഏർപ്പെടുത്തുക.
18. വ്യാജചാരായം ഈ പഞ്ചായത്തിലെ കുടുംബിനികളുടെ ഉറക്കംകെടുത്തുകയാണ്. ആയതുകൊണ്ട് കള്ളവാറ്റു നടത്തുന്നതും വിൽക്കുന്നതും തടയാൻ സർക്കാറിന്റെ ഭാഗത്തുനിന്നും അടിയന്തിരമായി നടപടികൾ സ്വീകരിക്കണം.
19. പരമാവധി വനികളെ പൊതുരംഗത്തേക്ക് കൊണ്ടു വരാൻ രാഷ്ട്രീയപാർട്ടികളും മറ്റു ജനകീയ പ്രസ്ഥാനങ്ങളും താല്പര്യം കാണിക്കണം.
20. പഞ്ചായത്തിലെ പൊതുഗ്രന്ഥശാലകളിലും സാംസ്കാരിക സംഘടനകളിലും വനിതകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തണം.
21. സ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികളിൽ സ്കോളർഷിപ്പ് ലഭിക്കുന്നവർക്ക് അത് ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കണം.
22. വിവിധ തരം പെൻഷനുകൾക്ക് അർഹരായിട്ടും പെൻഷൻ ലഭിക്കാതെ പോകുന്ന നിരവധി സ്ത്രീകളുണ്ട്. അവർക്ക് പെൻഷൻ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം.
23. C.B.N.P.യുടെ പ്രവർത്തനം കൂടുതൽ വ്യാപകവും കാര്യക്ഷമവുമാക്കണം.



# സഹകരണം

ഓരോരുത്തരും എല്ലാവർക്കു വേണ്ടിയും എല്ലാവരും ഓരോരുത്തർക്കുവേണ്ടിയും എന്ന സഹകരണതത്ത്വത്തിന്റെ പ്രയോഗവൽക്കരണത്തിലൂടെ ഇന്ത്യാ മഹാരാജ്യത്തിലെ ജനസാമാന്യത്തിന്റെ സർവ്വ മാന പരാധീനതകൾക്കും പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ 1904-ൽ തന്നെ സഹകരണ പ്രസ്ഥാനം ഇന്ത്യാരാജ്യത്ത് നിയമാധിഷ്ടിതമായി തന്നെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെങ്കിലും സ്വാതന്ത്ര്യലബ്ധിക്കു ശേഷമുണ്ടായ സഹകരണ പ്രസ്ഥാനത്തിന്റെ വികാസത്തിന്റെ ഭാഗമായി കേന്ദ്രസഹകരണ നിയമത്തിനനുസരിച്ച് സ്റ്റേറ്റുകൾക്ക് പ്രത്യേകം സഹകരണനിയമം വേണ്ടിവന്നപ്പോൾ 1969-ൽ നിലവിൽ വന്ന കേരള സഹകരണ നിയമത്തിനും ചട്ടത്തിനും വിധേയമായികൊണ്ടാണ് ഇന്ന് കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ളത് മൊറയൂർ സർവ്വീസ് സഹകരണ ബാങ്കും, മൊറയൂർ പട്ടികജാതി സർവീസ് സഹകരണ സംഘവും ഏതാനും സ്കൂൾ സഹകരണ സംഘങ്ങളുമാണ്.

**മൊറയൂർ സർവ്വീസ് സഹകരണബാങ്ക്**

1965 സെപ്തംബർ മാസം 25 ന് രജിസ്റ്റർ ചെയ്ത് 1965 ഒക്ടോബർ മാസം 15 ന് പ്രവർത്തനമാരംഭിച്ച മൊറയൂർ സർവ്വീസ് സഹകരണസംഘത്തിന്റെ രൂപീകരണഘട്ടത്തിൽ കേവലം 12 പേരായിരുന്നു ഉണ്ടായിരുന്നത്. ശ്രീ. കെ.സി. കുസ്സായിഹാജി, കെ. അഹമ്മദ് എന്ന ബാപ്പു, മുല്ലത്തൊടി. മമ്മദാജി, ബങ്കാളത്ത്. വീരാൻകുട്ടി ഹാജി, പൂന്തല ബീരാൻ ഹാജി, പാറക്കുന്നൻ കുഞ്ഞമ്മു മുതലായവരായിരുന്നു അവർ. ഇന്ന് 4171 മെമ്പർമാരുണ്ട്. 1976 മുതൽ ബാങ്കിംഗ് ഇടപാടുകൾ കൂടി നടത്തുവാൻ അനുമതികിട്ടിയത് മുതൽ ഈ സംഘം സഹകരണ ബാങ്കായി ഉയർത്തുകയുണ്ടായി. സ്ഥാപന പ്രസിഡണ്ടായി കെ.സി. കുസ്സായി ഹാജിയും അതിനു ശേഷം ദീർഘകാലം കെ.പി. അബൂബക്കർ ഹാജി, പി. ഗോപാലൻ നായർ (അപ്പുനായർ) എന്നിവരും പിന്നീട് കെ. അഹമ്മദ് എന്ന ബാപ്പുവും ഇപ്പോൾ കെ. അലവിക്കുട്ടി ഹാജിയും ആണ് പ്രസിഡണ്ടുമാർ. തുടക്കത്തിൽ ശ്രീ. ബി.പി. ശ്രീധരനായിരുന്നു സെക്രട്ടറി. 4.8.67 മുതൽ ഇന്നു വരെ ഇ. ഉണ്ണിപ്പോക്കുവും സെക്രട്ടറിമാരായി സേവനമനുഷ്ഠിച്ചു. വരുന്നു ബേങ്കിന്റെ പ്രവർത്തന പരിധി മൊറയൂർ പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രദേശമാണ്.

1974 സെപ്തംബർ മാസത്തിൽ 33 പേർ ചേർന്ന് രൂപീകരിച്ച മൊറയൂർ ഹരിജൻ സഹകരണ സംഘമാണ് ഇന്നത്തെ മൊറയൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 29. സംഘത്തിന്റെ പ്രമോട്ടിംഗ് കമ്മറ്റിയിൽ പി. രാമചന്ദ്രൻ, സി. രാമൻ, സി.കെ. ഉണ്ണി, പി.വി. ഭാസ്കരൻ, വി. മണി, കാരിക്കുട്ടി, പി. ചെള്ളിക്കുട്ടി എന്നിവർ അംഗങ്ങളായിരുന്നു. തുടർന്ന് സി.രാമൻ പ്രസിഡണ്ടായി. ദീർഗകാലം അദ്ദേഹം പ്രസിഡണ്ടായി തുടരുകയും ചെയ്തു. എം. അയ്യപ്പൻ, ഇ. ഉണ്യാടി, കെ. രാജൻ എന്നിവർ കഴിഞ്ഞ കാല പ്രസിഡണ്ടുമാരും വി. ബാലൻ ഇപ്പോഴത്തെ പ്രിസഡണ്ടുമാണ്. പി. ചെള്ളിക്കുട്ടി, പി. നാടിക്കുട്ടി, പി. ഗോപാലൻ, പരേതനായ കെ. മാധവൻ എന്നിവർ പ്രധാനപ്പെട്ട ഡയറക്ടർമാരായിരുന്നു.

പഞ്ചായത്തിൽ മൺമറഞ്ഞുപോയ മൂന്ന് സഹകരണ സംഘങ്ങളുണ്ടായിരുന്നു. അറുപതുകളിലാണ് ഇവയുടെ പ്രവർത്തനം നടന്നിരുന്നത്. അതിൽ പ്രധാനമായും ഒരു പുൽപായ നെയ്ത്ത് സഹകരണസംഘമായിരുന്നു. പരേതനായ കെ. അയ്യപ്പനായിരുന്നു അതിന്റെ പ്രസിഡണ്ട്. പുൽപായ നെയ്ത്തിൽ ജോലിക്കാരായവർക്ക് കൂലി

കുറവു കാരണം അവർ മറ്റു തൊഴിലുകൾ തേടി പോകുകയും അതുമൂലം ആ സഹകരണ സംഘം തകരുകയുമാണ് ചെയ്തത്.

പരേതനായ കുമാരൻ നായർ പ്രസിഡണ്ടായി പഞ്ചായത്തിൽ ഒരു മൺപാത്ര നിർമ്മാണ സഹകരണ സംഘം ഉണ്ടായിരുന്നു. മൺപാത്ര നിർമ്മാണ തൊഴിലിലേർപ്പെട്ടിരുന്നവർ നല്ലൊരു വിഭാഗം ഇവിടെനിന്ന് താമസം മാറ്റുകയും അതുമൂലം തൊഴിലാളികളെ കിട്ടാതെ വന്നതുമൂലമാണ് അത് തകർന്നത്.

ഈ ഘട്ടത്തിൽ തന്നെയാണ് ഒരു ക്ഷീരവ്യവസായ സഹകരണ സംഘം ഇവിടെ പ്രവർത്തിച്ചിരുന്നത്. കെ. ബാലൻ നായർ ആയിരുന്നു അതിന്റെ പ്രസിഡണ്ട്.

പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങളിലെ ഇന്നത്തെ അവസ്ഥ.

സഹകരണ വായ്പാരംഗത്ത് മൊറയൂർ സർവ്വീസ് സഹകരണബാങ്കും, മൊറയൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘവുമാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. കൂടാതെ അരിമ്പ്ര ഹൈസ്കൂൾ, മൊറയൂർ VHM ഹൈസ്കൂൾ, മോങ്ങം യു.പി. സ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ സഹകരണസംഘവുമാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്. മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, കൊണ്ടോട്ടി റൂറൽ ഹൗസിംഗ് സഹകരണ സംഘം, ഏറനാട് കാർഷിക വികസന ബാങ്ക്, മഞ്ചേരി അർബൻ സഹകരണ ബാങ്ക്, മഞ്ചേരി PCC സൊസൈറ്റി എന്നിവ പഞ്ചായത്തിൽ പ്രവർത്തന പരിധിയിലുള്ളവയാണ്. ഇവ പ്രധാനമായും ഭവനവായ്പാരംഗത്തും, ദീർഘകാലവായ്പാരംഗത്തും, കാർഷികേതരവായ്പാരംഗത്തുമാണ് പ്രവർത്തിക്കുന്നത്.

കാർഷികവായ്പാ രംഗത്ത് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് മൊറയൂർ സർവ്വീസ് സഹകരണ ബാങ്ക് അതിന്റെ പ്രവർത്തന പരിധിയായ പഞ്ചായത്തിലെ മുഴുവൻ കർഷകരേയും ബാങ്കിൽ അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ, കൂടുതൽ കർഷകർക്ക് ആ ബാങ്ക് കൊണ്ട് പ്രയോജനം ലഭിക്കുന്നില്ല. കാർഷികവായ്പ കാലാകാലങ്ങളിലായി ലഭിച്ചവർക്കു തന്നെ ലഭിക്കാവാനുള്ള വ്യവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. പുതുതായി കാർഷികവായ്പ വാങ്ങുന്നവർ മാത്രമേ ബാങ്കിൽ കൈവശ രേഖയും, നികുതി രശീതിയും ഹാജരാക്കേണ്ടതുള്ളൂ. മുൻ വർഷങ്ങളിൽ കാർഷികവായ്പ വാങ്ങിയവർക്ക് കൈവശഭൂമി ഇല്ലെങ്കിലും ഇന്നത്തെ നിയമപ്രകാരം കാർഷികവായ്പാ ലഭിക്കുവാനുള്ള വ്യവസ്ഥയുണ്ട്. ഈ സ്ഥിതി മാറ്റി കൃഷിഭൂമിയുള്ളവനും, കൃഷി ചെയ്യുന്നവനും വായ്പ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തണം.

ബാങ്കിലെ സ്ഥിതിവിവരക്കണക്കുകളനുസരിച്ച് വാഴ കൃഷിക്കും, കിണർ കുഴിക്കുന്നതിനും മാത്രമാണ് കാർഷികവായ്പ നൽകിയിട്ടുള്ളത്. മറ്റു ഹ്രസ്വകാലകാർഷിക വിളകൾക്കൊന്നും വായ്പ നൽകിയിട്ടില്ല. ഇത് നമ്മുടെ മാത്രം പഞ്ചായത്തിലെ സ്ഥിതിയല്ല. യഥാർത്ഥ ഗുണഭോക്താവിന് വായ്പ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ഒരു വ്യവസ്ഥയും ഇന്നില്ല.

ബാങ്കിന്റെ കീഴിൽ കേരഫെഡിന് വേണ്ടി കൊപ്ര സംഭരണം നടത്തുന്നുണ്ട്. ഓണച്ചന്തയും നടത്തിവരാറുണ്ട്. മുൻകാലങ്ങളിൽ ബാങ്കിന്റെ കീഴിൽ ഒരു സഹകരണ മാവേലി സ്റ്റോറും, ഒരു വളം ഡിപ്പോയും പ്രവർത്തിച്ചിരുന്നു.

പഞ്ചായത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മറ്റൊരു വായ്പാസ്ഥാപനമാണ് മൊറയൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം. 250 പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പഞ്ചായത്ത് പ്രവർത്തന പരിധിയായുള്ള സംഘത്തിൽ മുഴുവൻ കുടുംബങ്ങളേയും അംഗങ്ങളാക്കുവാൻ കഴിഞ്ഞിട്ടില്ല. മേൽപ്പറഞ്ഞ സംഘത്തിന്റെ മറ്റൊരു പതിപ്പാണിത്. കൂടുതലും ഗവൺമെന്റ് ഫണ്ടിനെ ആശ്രയിച്ച് പ്രവർത്തിക്കുന്ന സംഘമാണിത്. എങ്കിലും ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ വാങ്ങി IRDP വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്. IRDP വായ്പ കൊടുക്കുന്ന സമയത്ത് വിനിയോഗം ശ്രദ്ധിക്കാറുണ്ടെങ്കിലും പിന്നീടുള്ള ശ്രദ്ധ വായ്പ തിരിച്ചുകിട്ടുന്നതിലാണ്. കാർഷിക ആവശ്യത്തിനും കാർഷികേതര ആവശ്യത്തിനും വായ്പ നൽകാറുണ്ടെങ്കിലും വിനിയോഗം ശ്രദ്ധിക്കാറില്ല. അതുകൊണ്ടു തന്നെ ജനങ്ങൾ അവരുടെ മറ്റു ദൈനംദിന കാര്യങ്ങൾക്കായി വായ്പ ഉപയോഗിക്കുന്നു. ആയതിനാൽ സംഘം എന്തിന് വേണ്ടി രൂപീകരിച്ചുവോ ആ ലക്ഷ്യം നിറവേറ്റുവാൻ കഴിഞ്ഞിട്ടില്ല മെമ്പർമാരുടെ ആവശ്യം നിറവേറ്റിക്കഴിഞ്ഞാൽ സംഘവുമായി അകലുന്ന ഒരു പ്രവണതയും ഉണ്ട്. ഇത് മൂലം സംഘത്തിന്റെ അവധി ബാക്കി വർഷം തോറും കൂടുന്നു.

ഈ സംഘത്തിന്റെ കീഴിൽ ഒരു വളം ഡിപ്പോ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ അടുത്ത കാലത്തായി അത് നിർത്തിയിരിക്കയാണ്. കാരണം വളം സൂക്ഷിച്ചിരുന്ന കെട്ടിടം ദ്രവിച്ചുകൊണ്ടിരിക്കുകയാണ്. ബദൽ സംവിധാനം ഉണ്ടാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുന്നില്ല. മറ്റൊരു കാരണം വളം വില്പന വളരെ കുറവാണ്. കർഷകരുടെ സൗകര്യാർത്ഥമായിരുന്നില്ല വളം

ഡിപ്പോയുടെ പ്രവർത്തന സമയം. സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കാർഷിക വായ്പ എടുക്കുമ്പോൾ നിശ്ചിത ശതമാനം രാസവളം നൽകുന്ന രീതി ഇന്നില്ല. അങ്ങനെ ഒരു നിബന്ധന കർശനമായിരുന്നെങ്കിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ലാഭകരമായി നിലനിർത്തുവാൻ സാധിക്കുമായിരുന്നു. സംഘത്തിന് കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നതിനായി ഒരു HMT ട്രാക്ടർ ഉണ്ട് എന്നാൽ ഇത് കൃഷിക്ക് ആവശ്യത്തിനു ലഭ്യമല്ല. ഈ ട്രാക്ടർ ഉപയോഗിച്ച് ഉഴവു നടത്തുന്നത് മറ്റു കമ്പനികളുടെ ട്രാക്ടർ ഉപയോഗിച്ച് ഉഴവ് നടത്തുന്നതിനേക്കാൾ സമയം ലാഭിക്കുന്നില്ല. ട്രാക്ടർ വാടകക്ക് വിളിക്കുന്നവർ കുറഞ്ഞ സമയം കൊണ്ട് കൂടുതൽ സ്ഥലം ഉഴവ് നടത്തുവാൻ കഴിയുന്നുണ്ടോ എന്നാണ് ശ്രദ്ധിക്കുക. കൂടുതൽ മൈലേജ് ഈ ട്രാക്ടറിന് ലഭിക്കുന്നില്ല. അതുകൊണ്ട് ഈ ട്രാക്ടർ ഉപയോഗിച്ച് ഉഴവ് നടത്തുവാൻ കർഷകർ തയ്യാറല്ല. കൂടാതെ ട്രാക്ടർ കൊണ്ട് ഉഴവ് നടത്തി കിട്ടുന്ന സംഖ്യയേക്കാൾ അതിന്റെ നടത്തിപ്പിന് വേണ്ടി ചെലവഴിക്കേണ്ടിവരുന്നതുകൊണ്ട് സംഘത്തിന് ഈ ജോലി ചെയ്യിപ്പിക്കുന്നതിന് താല്പര്യമില്ല.

സഹകരണ കാർഷിക മേഖലയിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഉള്ളടക്കം താഴെ ചേർക്കുന്നു.

പട്ടിക I

| | | മൊറയൂർ സർവ്വീസ് സഹകരണ ബാങ്ക് | മൊറയൂർ പട്ടികജാതി സർവ്വീസ് സഹ.സംഘം. |
|---|---|---|---|
| 1. | പ്രവർത്തനം ആരംഭിച്ച വർഷം | 1965 | 1974 |
| 2. | പ്രവർത്തന പരിധി | മൊറയൂർ പഞ്ചായത്ത് | മൊറയൂർ പഞ്ചായത്ത് |
| 3 | അംഗങ്ങൾ | 4171 | 554 |
| 4. | ഓഹരിമൂലധനം | 541915 | 119685 |
| 5. | സർക്കാർ ഓഹരി | 30650 | 1,00,000 |
| 6. | പ്രവർത്തനമൂലധനം | 13691832 | --- |
| 7. | വായ്പകൾ കാർഷികം | 3669944 | 35252 |
| | മറ്റു വായ്പകൾ | 5443788 | 205342 |
| | പ്രത്യേക വായ്പകൾ | 248562 | --- |
| 8. | അവധിബാക്കി | 2340678 | 98857 |
| 9. | നിക്ഷേപങ്ങൾ | 5376307 | 398857 |
| 10. | നഷ്ടം | 25 ലക്ഷം | --- |
| 11 | ജിവനക്കാർ ഉണ്ടായിരുന്നത് | 9 | 2 |
| | നിലവിലുള്ളത് | 7 | 1 |

## സ്കൂൾ സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ശ്രദ്ധിക്കപ്പെടാത്ത സഹകരണ സംഘങ്ങളാണ് സ്കൂൾ സഹകരണ സംഘങ്ങൾ. ഇവ മൊറയൂർ, അരിമ്പ്ര ഹൈസ്കൂളുകളിലും, മോങ്ങം യു.പി. സ്കൂളുകളിലുമാണ് പ്രവർത്തിക്കുന്നത്. പാഠപുസ്തകങ്ങൾ വിതരണം ചെയ്യുകയാണ് പ്രധാനമായും ഇവയുടെ പ്രവർത്തനങ്ങൾ.

മറ്റു സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ

പഞ്ചായത്ത് പ്രവർത്തന പരിധിയായുള്ള മറ്റു സഹകരണ സ്ഥാപനങ്ങളാണ് മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, കൊണ്ടോട്ടി റൂറൽ ഹൗസിംഗ് സഹ. സംഘം, ഏറനാട് കാർഷിക വികസനബാങ്ക് എന്നിവ. കൂടാതെ മഞ്ചേരി അർബൺ സഹകരണ ബാങ്ക് , വാഴക്കാട് സർവ്വീസ് സഹകരണ ബാങ്ക് എന്നിവ കാർഷികേതര വായ്പകൾ നമ്മുടെ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

## സഹകരണ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

## കാർഷിക വായ്പാ മേഖല

പഞ്ചായത്തിലെ 2 സഹകരണ സംഘങ്ങളുടേയും അവസാനത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നഷ്ടത്തി

പട്ടിക 2

| പേര് | പദ്ധതി | എണ്ണം | സംഖ്യ |
|---|---|---|---|
| മലപ്പുറം ജില്ലാ സഹകരണ ബാങ്ക് | ഭവനനിർമ്മാണം | 12 | 6,50,000 |
| " | വീട്ടുപകരണങ്ങൾ | 14 | 335000 |
| വാഴക്കാട് സർവ്വീസ് സഹകരണ ബാങ്ക് | " | 14 | 2,70,000 |
| കൊണ്ടോട്ടി റൂറൽ ഹൗസിംഗ് സഹകരണ സംഘം | ഭവനനിർമ്മാണം | 10 | 405000 |
| ഏറനാട് കാർഷിക വികസനബാങ്ക് | ഭവനനിർമ്മാണം | 13 | 601500 |
| | കാർഷികേതരവായ്പ | 12 | 147579 |
| | ഭൂവികസനം | 26 | 131919 |
| | റബ്ബർ കൃഷി | 2 | 46726 |
| | നാളികേരം | 25 | 210792 |
| | കശുമാവ് കൃഷി | 3 | 49579 |
| | ചെറുകിട ജലസേചനം | 20 | 116 273 |
| | കളപ്പുര അടക്ക | 1 | 14000 |
| | ഡയറി | | 1 33300 |
| | ട്രാക്റ്റർ | 1 | 2,00,000 |

ലാണ് പ്രവർത്തനം നടക്കുന്നത്. വായ്പ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള പ്രയാസമാണ് ഈ സ്ഥാപനങ്ങളെ നഷ്ടത്തിലെത്തിക്കുന്നത്. സഹകരണ സ്ഥാപനങ്ങളുടെ ലക്ഷ്യം നികത്തുന്നതിനു വേണ്ട നടപടികൾ ഗവൺമെന്റ് തലത്തിൽ സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാ ജനവിഭാഗങ്ങൾക്കും കുറഞ്ഞ പക്ഷം നിരക്കിൽ വായ്പ അനുവദിക്കേണ്ടതാണ്.

നിലവിലുള്ള സഹകരണ സ്ഥാപനങ്ങളിൽ രാഷ്ട്രീയാധിഷ്ഠിത ജനായത്ത ഭരണസംവിധാനമാണ് നിലവിലുള്ളതെന്നതിനാലും മിക്കവരുടെയും സഹകരണ മേഖലയെക്കുറിച്ചുള്ള അവബോധമില്ലായമയും മൂലം പഞ്ചായത്തിലെ മുഴുവൻ കർഷകരും ഈ സ്ഥാപനങ്ങളിൽ മെമ്പർമാരല്ല. ഇതുമൂലം കർഷകർക്ക് വായ്പ വാങ്ങാവാനും കഴിയാത്ത അവസ്ഥയുണ്ട്. അതിന് പരിഹാരമായി പ്രവർത്തന പരിധിയിൽ കൃഷിഭൂമിയുള്ള കർഷകരെ മുഴുവൻ അംഗങ്ങളാക്കുവാനുള്ള സംവിധാനം വേണം. ഇത്തരം സ്ഥാപനങ്ങളിൽ കൃഷിഭൂമിയുള്ളവരെ മാത്രം വോട്ടവകാശമുള്ള മെമ്പർമാരാക്കുകയും അല്ലാത്തവരെ വോട്ടവകാശമില്ലാത്ത മെമ്പർമാരാക്കി അവർ കാർഷിക വായ്പ ഒഴികെയുള്ള മറ്റു വായ്പകൾ നൽകുവാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം. (ഭൂമിയില്ലാത്തവർക്ക് കാർഷിക വായ്പ നൽകുന്ന സമ്പ്രദായം ഇല്ല.) തന്മൂലം ഏതൊരു വ്യക്തിയേയും സ്ഥാപനങ്ങളിൽ മെമ്പർമാർ ആക്കുന്നതിനും അവർക്ക് വായ്പ നൽകുന്നതിനും, രാഷ്ട്രീയക്കാർ ഭരിക്കുന്ന ഭരണസമിതികൾക്ക് ബുദ്ധിമുട്ട് ഉണ്ടാവുകയും ഇല്ല. മാത്രമല്ല സ്ഥാപനങ്ങളിൽ ഓഹരിമൂലധനം വർദ്ധിക്കുകയും സ്ഥാപനം കൊണ്ട് എല്ലാ വിധ ജനവിഭാഗങ്ങൾക്കും ഉപകാരപ്രദമാകുകയും, അവരുടെ നിക്ഷേപങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുവാനും, അതുവഴി സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി ഉയർത്തുവാനും കഴിയും. ഇങ്ങനെ വന്നാൽ തിരഞ്ഞെടുപ്പിനു വേണ്ടി വോട്ടർമാരെ ചേർത്തുന്ന സമ്പ്രദായം അവസാനിക്കുകയും സഹകരണ രംഗത്തുനിന്ന് ദോഷകരമായ മത്സരം അവസാനിപ്പിക്കുകയും ചെയ്യാം. ഇന്നത്തെ നിലയിൽ ഭീമമായ നഷ്ടം. നേരിടുന്ന പ്രത്യേകിച്ച് മൊറയൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ നഷ്ടം നികത്തി പ്രവർത്തന സജ്ജമാക്കുവാൻ ആവശ്യമായ മുഴുവൻ തുകയും സർക്കാർ ഗ്രാന്റ് ആയോ, ഓഹരിമൂലധനമായ അനുവദിക്കേണ്ടത്.

നിലവിലുള്ള സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനത്തിൽ പഞ്ചായത്തിന്റെ മോങ്ങം, തൂരൂർ, അരിമ്പ്ര എന്നിവിടങ്ങളിലുള്ളവർക്ക് ദൈനംദിന ബന്ധപ്പെടുവാൻ കഴിയാത്ത അവസ്ഥയുണ്ട്. ഇതിന് പരിഹാരമായി മേൽപറഞ്ഞ സ്ഥലങ്ങളിൽ സർവ്വീസ് സഹക

രണ ബാങ്കിന് ഓരോ ശാഖകൾ അനുവദിക്കണം എന്നുള്ള ഗ്രാമസഭകളിലെ നിർദ്ദേശം അംഗീകരിക്കാവുന്നതാണ്. ഇതു മൂലം എല്ലാ വിഭാഗക്കാർക്കും ബാങ്കുമായി ബന്ധപ്പെടുവാൻ സൗകര്യം ലഭിക്കുകയും ബാങ്കിന്റെ വളർച്ചക്ക് സഹായകരമാവുകയും തൊഴിലവസരങ്ങൾ വർദ്ധിക്കുകയും ചെയ്യും.

സഹകരണ സ്ഥാപനങ്ങലുടെ കീഴിൽ നിർത്തലാക്കിയ വളം ഡിപ്പോകൾ വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കേണ്ടതും കാർഷികവായ്പ അനുവദിക്കുമ്പോൾ നിർബന്ധമായും നിശ്ചിതവരുമാനം രാസവളവും, ആവശ്യമായ കീടനാശിനികളും വിതരണം ചെയ്യുകയാണെങ്കിൽ വളം, കീടനാശിനി വിൽപ്പന ലാഭകരമാക്കുകയും കാർഷികവായ്പ ദുർവിനിയോഗം ചെയ്യുന്നത് തടയുവാനും കഴിയും.

കാർഷിക വായ്പാ സംഘങ്ങളിൽ വായ്പാ പരിധി ഉയർത്തേണ്ടത് ഇന്നത്തെ ആവശ്യമാണ്. കാർഷിക മേഖലയിൽ ദീർഘകാല വായ്പാ വിതരണം ചെയ്യുന്നത് ഏറനാട് കാർഷിക വികസന ബാങ്കാണ്. വായ്പ ലഭിക്കുവാനുള്ള നടപടിക്രമം ലഘൂകരിച്ചാൽ മാത്രമേ കൂടുതൽ ജനങ്ങൾ വായ്പ വാങ്ങുന്നതിനായി മുന്നോട്ടുവരികയുള്ളൂ. മൊറയൂർ സർവ്വീസ് സഹകരണ ബാങ്കിൽ 2 ആൾ ജാമ്യത്തന്മേൽ 5000 കയും വസ്തുവിന്റെ ഈടിന്മേൽ 25000 കയുമാണ് ഇപ്പോൾ നൽകി വരുന്നത്. ഇത് യഥാക്രമം 25000 കയും, 1 ലക്ഷം രൂപയായും ഉയർത്തേണ്ടതാണ്. പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിൽ ഇപ്പോൾ ആൾജാമ്യത്തിൽ 1000 ക വരെ വസ്തു ജാമ്യത്തിൽ 5000കയുമാണ് നിലവിലുള്ളത്. ഇത് യഥാക്രമം 5000 കയും, 25000 കയുമായി ഉയർത്തേണ്ടതാണ്.

## ക്ഷീരവ്യവസായ സംഘങ്ങൾ

പഞ്ചായത്തിൽ വർഷങ്ങൾക്കുമുമ്പ് ഒരു ക്ഷീരവ്യവസായ സഹകരണ സംഘം പ്രവർത്തിച്ചിരുന്നു. ഇന്ന് പഞ്ചായത്തിന്റെ ഏറ്റവും അടുത്തുള്ള സംഘം കൊണ്ടോട്ടിയിലെ മുണ്ടപ്പലത്താണ്. എല്ലാ ഗ്രാമസഭകളിലും ഉയർന്നു വന്ന് ഒരാവശ്യമാണ് ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ. ഓരോ വാർഡിലും ഓരോ സംഘം പ്രായോഗികമല്ല. അതുകൊണ്ട് പഞ്ചായത്തിലെ മോങ്ങം, മൊറയൂർ, അരിമ്പ്ര, ഒഴുകൂർ എന്നിവിടങ്ങലിൽ ഓരോ ക്ഷീരവ്യവസായ സഹ. സംഘങ്ങൾ ആവശ്യമാണ്. എന്നാൽ മേൽ പറഞ്ഞ 4 കേന്ദ്രങ്ങളിലും ഇന്നത്തെ സാഹചര്യത്തിൽ ഇവ വിജയകരമാവില്ല. കാരണം നമ്മുടെ നാട്ടിൽ കറവ്മാടുകളെ വളർത്തുന്നവരുടെ എണ്ണം വളരെ കുറവാണ്. കറവ്മാടുകളെ വാങ്ങുന്നതിന് IRDP പോലുള്ള പദ്ധതികളിലൂടെ മാത്രമേ നമ്മുടെ നാട്ടിലെ സാമ്പത്തിക സ്ഥാപനങ്ങൾ ധനസഹായം നൽകുന്നുള്ളൂ. എന്നാൽ ഏറനാട് കാർഷിക വികനസ ബാങ്കിൽ നിന്നും നമ്മുടെ പഞ്ചായത്തിൽ കറവുമാടുകളെ വാങ്ങുന്നതിന് വായ്പ വാങ്ങിയവരുണ്ട്. കൂടാതെ നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നതിനാൽ ഇവിടെ തന്നെ വിറ്റഴിയുന്ന ഒരവസ്ഥയുണ്ട്. ആവശ്യാനുസരണമുള്ള പാൽ ഉല്പാദനം നടക്കാത്തതുകൊണ്ടാണ് MILMA പോലുള്ളഏജൻസികളെ ആശ്രയിക്കേണ്ടിവരുന്നത്. മൃഗസംരക്ഷണ വകുപ്പിന്റേയും, ക്ഷീരവികസനവകുപ്പിന്റേയും സഹകരണത്തോടെ കൂടുതൽ കറവ്മാടുകളെ വാങ്ങി വളർത്തുന്നതിന് കർഷകർക്ക് പ്രോത്സാഹനം നൽകിയാൽ മാത്രമേ പാലുൽപാദനം വർദ്ധിപ്പിക്കുവാൻ കഴിയുകയുള്ളൂ. പഞ്ചായത്തിൽ ഇന്നത്തെ സാഹചര്യത്തിൽ ഒരു ക്ഷീര വ്യവസായ സംഘം പഞ്ചായത്തിന്റെ കേന്ദ്രഭാഗത്ത് ആവശ്യമാണ്.

## വിപണന രംഗം

കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പഞ്ചായത്തിൽ ഒരു വിപണനസംഘം രൂപീകരിക്കുകയോ, നിലവിലുള്ള സഹകരണ ബാങ്കിലോ പട്ടിക ജാതി സർവ്വീസ് സഹകരണ സംഘത്തിലോ അതിനുള്ള ഒരു സംവിധാനം ഉണ്ടാക്കുകയോ ചെയ്യേണ്ടത് അത്യാവശ്യമാണ്. സഹകരണ ബാങ്ക് ഇപ്പോൾ കൊപ്ര സംഭരണം നടത്തുന്നുണ്ട്. കർഷകരുടെ ഉല്പന്നങ്ങൾ നേരിട്ടു വാങ്ങി വിതരണം ചെയ്യുന്നതിനും, അതുപോലെ കർഷകർക്കാവശ്യമായ വിത്ത്, വളം, കീടനാശിനികൾ, സ്പെയറുകൾ, മറ്റ് കാർഷികോപകരണങ്ങൾ വാടകക്ക് നൽകുന്നതിനും, ഇന്നത്തെ സഹകരണ സംഘങ്ങൾക്ക് കഴിയാതെ വരികയാണെങ്കിൽ ഇതിന് മാത്രമായി ഒരു വിപണന സഹകരണ സംഘം രൂപീകരിക്കുന്നത് നടപടി സ്വീകരിക്കേണ്ടതാണ്. നമ്മുടെ നാട്ടിലുള്ള നാളികേരം, അടക്ക, പച്ചക്കറികൾ എന്നിവ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കാനുള്ള സാഹചര്യം ഇവിടെ ഉണ്ടാക്കാൻ കഴിയും.

## പാർപ്പിട പ്രശ്നങ്ങൾ

പഞ്ചായത്തിലെ ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിൽ ഒന്നാണ് പാർപ്പിടം. പഞ്ചായത്തിൽ പ്രവർത്തന പരിധിയുള്ള മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, കൊണ്ടോട്ടി റൂറൽ ഹൗസിംഗ് സഹകരണ സംഘം, ഏറനാട് കാർഷിക വികസനബാങ്ക്, സർക്കാർ ഉദ്യോഗസ്ഥർക്കായുള്ള മലപ്പുറം ഗവ: സർവന്റ് ഹൗസിംഗ് സഹകരണ സംഘം എന്നിവ വഴിയാണ് ഈ പഞ്ചായത്തിൽ ഭവനനിർമ്മാണവായ്പ പ്രധാനമായും ലഭ്യമാകുന്നത്. ഫണ്ടുകളുടെ അപര്യാപ്തതയും അവ ലഭിക്കാനുള്ള സൗകര്യം ഇല്ലാതാക്കുന്നു. കൂടുതൽ ഫണ്ട് കാലതാമ

സവും ഈ രംഗത്ത് പ്രധാന പ്രശ്നമായി അവശേഷിക്കുന്നു. ലഭ്യമാക്കി വായ്പാ നടപടികൾ ഉദാരവത്ക്കരിച്ചാൽ മാത്രമേ സാധാരണക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ.

## ആരോഗ്യരംഗം

ആരോഗ്യരംഗത്ത് സഹകരണ പ്രസ്ഥാനം വളരെയേറെ മുന്നോട്ട് പോയിരിക്കുന്ന കാലഘട്ടമാണിത്. നമ്മുടെ പഞ്ചായത്ത് കൂടി പ്രവർത്തന പരിധിയായും കൊണ്ട് നെടിയിരുപ്പിൽ ഒരു സഹകരണ ആസ്പത്രിയുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിലുള്ളവർ കൂടുതലും സ്വകാര്യ ആസ്പത്രികളെയാണ് ആശ്രയിക്കുന്നത്. ഈ സാഹചര്യത്തിൽ മൊറയൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു സഹകരണ ആസ്പത്രി അത്യാവശ്യമാണ്. ആസ്പത്രിയുടെ കാര്യം പറയുമ്പോൾ മെഡിക്കൽ ഷോപ്പ് ഒഴിച്ചു കൂടാൻ പറ്റാത്ത ഒന്നാണ്. കൊണ്ടോട്ടി പി.സി.സി. സൊസൈറ്റിയുടെ കീഴിൽ പുളിക്കലും മഞ്ചേരി പി.സി.സി. സൊസൈറ്റിയുടെ കീഴിൽ മഞ്ചേരിയിലുമാണ് നമ്മുടെ അടുത്ത് സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മരുന്നുഷാപ്പുകൾ ഉള്ളത് സഹകരണ മെഡിക്കൽ ഷാപ്പുകളിൽ നിന്ന് വിലക്കുറവിൽ മരുന്നുകൾ ലഭിക്കുമെന്നത് കൊണ്ടുതന്നെ ഒരു സഹകരണ മെഡിക്കൽഷോപ്പ് നമ്മുടെ പഞ്ചായത്തിൽ അത്യാവശ്യമാണ്.

ആരോഗ്യത്തിന്റെ കാര്യത്തിൽ ഒഴിവാക്കാൻ പറ്റാത്തതാണ് ആയുർവ്വേദ, ഹോമിയോ ആസ്പത്രികൾ മൊറയൂർ പഞ്ചായത്തിൽ ഇന്നത്തെ അവസ്ഥയിൽ ആയുർവേദ ആശുപത്രികൾ ഒന്നും ഇല്ലാത്ത സാഹചര്യത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കേണ്ടതാണ്.

## സ്കൂൾ/ വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ.

വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടു നിൽക്കുന്ന സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ ഉള്ളത് സ്കൂൾ സഹകരണ സംഘങ്ങൾ മാത്രമാണ്. പാഠപുസ്തകങ്ങൾ മാത്രം വിതരണം നടത്തുന്ന ഇത്തരം സഹകരണ സംഘങ്ങൾ മറ്റുള്ള പഠനോപകരണങ്ങളും യൂനിഫോം മുതലായവയും ലഭ്യമാക്കാൻ തയ്യാറാകണം. ഇവ വിതരണം നടത്തുന്നിതിന് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമാകത്തക്കവിധം ഒരു പൊതുസംവിധാനം വേണം.

നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കായി ഒരു സഹകരണ കോളേജ് അനുവദിക്കണം. വിദ്യാഭ്യാസ യോഗ്യതയുള്ളവരും സ്ഥാപനം നടത്താൻ പ്രാപ്തിയുള്ളവരും ധാരാളം നമ്മുടെ പഞ്ചായത്തിലുണ്ട്.

## കൺസ്യൂമർ രംഗം

സഹകരണാടിസ്ഥാനത്തിൽ കൺസ്യൂമർ സ്റ്റോറുകളൊന്നും നിലവിലില്ലാത്ത പഞ്ചായത്താണിത്. മൊറയൂർ സഹകരണ ബാങ്കിന്റെ കീഴിൽ ഒരു സഹകരണ മാവേലിസ്റ്റോർ ഉണ്ടായിരുന്നു. പ്രസ്തുത മാവേലി സ്റ്റോർ പുനരുജ്ജീവിപ്പിക്കുകയും മോങ്ങം, മൊറയൂർ, അരിമ്പ്ര, ഒഴുകൂർ മേഖലകളിൽ കൺസ്യൂമർ സ്റ്റോറുകൾ സ്ഥാപിക്കുകയും വേണം. കൺസ്യൂമർ സ്റ്റോറുകൾക്ക് നഷ്ടം സംഭവിക്കുകയാണെങ്കിൽ നഷ്ടം നികത്തി നല്ല രീതിയിൽ നടത്തി കൊണ്ടു പോവാനുള്ള സംവിധാനം ഉണ്ടാവണം.

## മറ്റുനിർദ്ദേശങ്ങൾ

സഹകരണ രംഗത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പല പദ്ധതികളുമുണ്ട്. നമ്മുടെ പഞ്ചായത്തിലെ തൊഴിൽ രഹിതരായവർക്ക് തൊഴിൽ നൽകാൻ തക്ക പദ്ധതികൾ നടപ്പിലാക്കണം.

വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള ഒരാവശ്യമാണ് പഞ്ചായത്തിൽ ഒരു സ്പിന്നിംഗ് മില്ല് സ്ഥാപിക്കുക എന്നത്. നിരവധി പേർക്ക് തൊഴിൽ ലഭ്യമാക്കാൻ ഇതു വഴി സാധിക്കും.

നമ്മുടെ പഞ്ചായത്തിൽ നെയ്ത്ത് പരിശീലനം കഴിഞ്ഞ യുവതീയുവാക്കൾ ഉണ്ട്. ഇവർക്ക് വേണ്ടിയും കൂടുതൽ പരിശീലനം നൽകി ഇവിടെ ഒരു നെയ്ത്ത് സഹകരണ സംഘം സ്ഥാപിക്കാവുന്നതാണ്. തുണി നെയ്ത്ത് ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവർ ഇന്ന് അത് ഒഴിവാക്കി മറ്റു മേഖലകളിൽ തൊഴിൽ തേടിക്കൊണ്ടിരിക്കുകയാണ്. അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾക്ക് നെടിയിരുപ്പ് പട്ടികജാതി കൈത്തറി സഹകരണ സംഘത്തിൽ നിന്നോ, പള്ളിക്കൽ നെയ്ത്ത് തൊഴിലാളി സഹകരണ സംഘത്തിൽ നിന്നോ ആവശ്യമായ പരിശീലനം ലഭ്യമാക്കാവുന്നതാണ്.

അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾക്ക് സഹകരണാടിസ്ഥാനത്തിൽ ചകിരിപിരിക്കൽ കൊപ്രാ സംസ്കരണം എന്നിവ വ്യവസായ വകുപ്പിന്റെ സഹകരണത്തോടെയോ ഖാദി ബോർഡിന്റെ സഹകരണത്തോടെയോ സഹകരണസംഘങ്ങൾ രൂപീകരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

1965-ൽ കോഴിക്കോട് സർവ്വോദയ സംഘത്തിന്റെ കീഴിൽ വാഴനാര്, കൈതനൂല് എന്നിവ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്ന ഒരു സംഘം രൂപീകരിച്ചിരുന്നു. അന്ന് അതിനു വേണ്ടി സർവ്വോദയസംഘം


നിയമിച്ചിരുന്ന വ്യക്തികളെ മറ്റു സ്ഥലങ്ങളിലേക്ക് മാറ്റിയത് കാരണം അത് നിർത്തലാക്കുകയാണ് ചെയ്തത്.

ഇത്തരം സ്ഥാപനങ്ങൾ സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കുകയാണെങ്കിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. ഇതിനു വേണ്ടുന്ന അസംസ്കൃത വസ്തുക്കൾ നമ്മുടെ നാട്ടിൽ യഥേഷ്ടം കിട്ടുന്നവയാണ്.

5-ാം വാർഡിൽ എടപറമ്പ് ഭാഗത്ത് പരമ്പരാഗത കൈത്തൊഴിലുകളായ കൊട്ട, വട്ടി, പായ എന്നിവ നിർമ്മിച്ച് ഉപജീവനം കഴിക്കുന്നവർക്കായി സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായയൂനിറ്റുകൾ രൂപീകരിച്ച് കേരള ബാംബൂ കോർപ്പറേഷന്റെ സഹകരണത്തോടെ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കി അവരുടെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തേണ്ടതാണ്.

ധാരാളം വിജയ സാധ്യതയുള്ള ഒന്നാണ് കോഴി വളർത്തലും, ആട് വളർത്തലും. നമ്മുടെ പ്രദേശത്ത് ധാരാളം തൊഴിലില്ലാത്ത യുവതികളുണ്ട്. അത്തരക്കാരെ സംഘടിപ്പിച്ച് കോഴിവളർത്തൽ സഹകരണസംഘവും ആട് വളർത്തൽ സഹകരണ സംഘവും ആരംഭിക്കേണ്ടതാണ്. ഈ സംഘം മുഖേന പഞ്ചായത്തിലെ വീടുകളിൽ ചെറിയ യൂനിറ്റുകളായി ഇവ വളർത്തുകയും മൃഗസംരക്ഷണ വകുപ്പിന്റെ സഹായം ലഭ്യമാക്കുകയും വേണം. കൂടാതെ കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും വേണം.

മൊറയൂർ ഗ്രാമ പഞ്ചായത്തിൽ സഹകരണ മേഖലയിൽ സാധ്യതകളുള്ള പദ്ധതികൾ 11 ഗ്രാമസഭകളിലുള്ള റിപ്പോർട്ടുകൾ ക്രോഡീകരിച്ച് തയ്യാറാക്കി ഈ. പഞ്ചായത്തിന്റെ വികസനത്തിന് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ സഹകരണ രംഗത്ത് നടപ്പിലാക്കേണ്ട പദ്ധതികളടങ്ങിയതാണ് ഈ റിപ്പോർട്ട്.





# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ ജനസംഖ്യയിൽ ഏകദേശം 6ശതമാനം മാത്രമെ പട്ടികജാതിക്കാരുള്ളൂ. പട്ടികവർഗ്ഗത്തിൽ പെട്ടവർ ഈ പഞ്ചായത്തിലില്ല. ഈ പഞ്ചായത്തിലാകെ കോളനികളിലും പുറത്തുമായി 328 കുടുംബങ്ങൾ താമസിക്കുന്നു. അവരുടെ അംഗസംഖ്യ ഏകദേശം 1915 ആണ്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ നിരവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധി കാലം ചൂഷണത്തിന് വിധേയരായ ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്. മുൻ കാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ച നീചത്വങ്ങളിൽ നിന്ന് പൂർണ്ണമായി മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മതസ്ഥരുടേയും എല്ലാതരം ചടങ്ങുകളിലും പട്ടിക ജാതിക്കാരെ പങ്കെടുപ്പിക്കുയും എല്ലാ പൊതു പരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്യുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചക്കുവേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെയും സംബന്ധിച്ച് പട്ടികജാതിക്കാർക്ക് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതിയുടെ ആനുകൂല്യങ്ങൾ വേണ്ടത്ര ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇതിൽ, കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ളത് കോളനി നിവാസികൾക്കാണ്. എന്നാൽ ഈ വിഭാഗങ്ങൾക്കിടയിൽ ഇപ്പോഴും നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നില നിൽക്കുന്നുണ്ട്. അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ട സത്വര നടപടികൾ ഉടനെ സ്വീകരിക്കേണ്ടതാണ്.

കോളനികളുടെ പേരും ഓരോ കോളനികളിലുമുള്ള വീടുകളുടെ എണ്ണവും താഴെ ചേർക്കുന്നു. (പട്ടിക 1 നോക്കുക.) ഇതിൽ അംഗീകാരം കിട്ടാത്ത കോളനികൾ ധാരാളമുണ്ട്. അംഗീകാരം കിട്ടാത്ത കോളനികൾക്ക് അംഗീകാരം നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

**വിദ്യാഭ്യാസം:** പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. മിക്ക കുട്ടികളും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നുണ്ട്. എന്നൽ എസ്.എസ്.എൽ.സി പരീക്ഷയിൽ പരാജയപ്പെടുന്നതോടെ പഠനം നിർത്തുകയാണ്. ട്യൂഷൻ ഫീസ് കൊടുത്ത് പഠനം തുടരുന്നതിനുള്ള സാഹചര്യം അധികം പേർക്കും ഇല്ല. കാരണം, രക്ഷിതാക്കളുടെ സാമ്പത്തിക നില അതിന് അനുവദിക്കുന്നില്ല എന്നത് തന്നെ. കുടംബ ബാധ്യത ഏറ്റെടുക്കേണ്ടി വരുന്നതു കൊണ്ടും പഠനം നിർത്തേണ്ടി വരുന്ന പട്ടിക ജാതി കുട്ടികൾ നിരവധിയുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്തേണ്ടത് സമൂഹത്തിന്റെ ബാധ്യതയാണ്. എസ്.എസ്.എൽ.സി ക്കുപരിയായി വിദ്യാഭ്യാസം നേടുന്ന കുട്ടികളുടെ എണ്ണം വളരെ കുറവാണ്. ഈ അവസ്ഥ ഉടനെ മാറ്റിയെടുക്കേണ്ടതുണ്ട്.

**തൊഴിൽ:** പട്ടിക ജാതി കുടംബങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴി

### പട്ടിക I

| ക്രമ നമ്പർ | വാർഡ് നമ്പർ | അംഗീകരിച്ച കോളനികൾ | വീടുകളുടെ എണ്ണം | ജനസംഖ്യ |
|---|---|---|---|---|
| 1 | I | എലിയക്കോട് കോളനി | 12 | 70 |
| 2 | II | കുറ്റിക്കാട്ട് പറമ്പ് കോളനി | 10 | 59 |
| 3 | III | പൂഴിക്കുന്ന് കോളനി | 22 | 115 |
| 4 | IV | പൂണക്കാട്ട് കോളനി | 12 | 70 |
| 5 | IV | പുലിക്കോട് കോളനി | 11 | 65 |
| 6 | IV | ചേറ്റുവട്ടി കോളനി | 16 | 112 |
| 7 | V | മലയത്തൊടി ,, | 29 | 195 |
| 8 | V | മാങ്കുത്ത് പറമ്പ് കോളനി | 12 | 68 |
| 9 | V | ചോലയിൽ കോളനി | 40 | 270 |
| 10 | VI | ഇടപ്പാട്ട് കോളനി | 22 | 132 |
| 11 | VIII | തോരക്കാട്ട് കോളനി | 10 | 57 |
| 12 | IX | ഭരണിക്കുന്ന് കോളനി | 10 | 45 |
| 13 | IX | കാരാതടം കോളനി | 27 | 135 |
| 14 | X | കിളിയൻ തൊടി കോളനി | 10 | 48 |

### പട്ടിക II

| നമ്പർ | വാർഡ് | അംഗീകാരം ലഭിക്കേണ്ട കോളനികൾ | വീടുകളുടെ എണ്ണം | ജനസംഖ്യ |
|---|---|---|---|---|
| 1 | I | പാറലിൽ കോളനി | 10 | 62 |
| 2 | II | മഞ്ഞളാംകുന്ന് കോളനി | 10 | 63 |
| 3 | III | കാർത്യായനി കുന്ന് കോളനി | 10 | 53 |
| 4 | IV | തവളപ്പാറ കോളനി | 7 | 40 |
| 5 | V | കാവോട്ട് കോളനി | 8 | 45 |
| 6 | VI | പൂഞ്ചോല കോളനി | 6 | 30 |
| 7 | VI | കാഞ്ഞിരച്ചാൽ കോളനി | 8 | 40 |
| | | ഒറ്റപ്പെട്ട വീടുകൾ മൊത്തം | 26 | 141 |

ച്ചുവരുന്നവരാണ്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച, ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴലിനു വേണ്ടി മറ്റു മേഖലകളിലേക്ക് പോകാൻ നിർബന്ധിതരാക്കുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും നിർമ്മാണ രംഗത്താണ് എത്തിച്ചേർന്നിട്ടുള്ളത്. ഈ മേഖലയിൽ, സ്ത്രീക്കും പുരുഷനും തൃപ്തികരമായി കൂലി ലഭിക്കുന്നതിനാൽ പുതിയ തലമുറ പൂർണ്ണമായും കാർഷിക മേഖലയിൽ നിന്നും അകന്ന് പോകുകയാണ്. സ്ത്രീകൾ മാത്രം ചെയ്തിരുന്ന നടീൽ, കൊയ്ത്ത്, മുതലായ പ്രവർത്തികൾക്ക് തൊഴിലാളികളെ കിട്ടാൻ തന്നെ വളരെ പ്രയാസമാണ്. തൊഴിൽ എന്നതിലുപരി ഭക്ഷ്യ ധാന്യോൽപാദന വർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആർഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കോളേണ്ടതുണ്ട്.

കാർഷിക മേഖലയിൽ അതത് സീസണുകളിൽ മാത്രമെ തൊഴിൽ ഉള്ളൂ എന്നതുകൊണ്ട്, മിക്ക കാർഷിക തൊഴിലാളികളുടേയും പ്രധാന കൈതൊഴിലായിരുന്ന പായനെയ്ത്ത് അസംസ്കൃത സാധനമായ കൈതോല സംരക്ഷിക്കപ്പെടാൻ കഴിയാത്തതിനാൽ പൂർണമായും തടസ്സപ്പെട്ടിരിക്കയാണ്. കൂലി വേല ചെയ്ത് മാത്രം ഉപജീവനം കഴിച്ചുവരുന്ന ഈ വിഭാഗത്തിന്, തൊഴിൽ ഉറപ്പു വരുത്തുകയും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്.

**പാർപ്പിടം:** പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധി വരെ സർക്കാർ ഏജൻസികൾ നടപ്പാക്കി വരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ഇന്ന് മിക്ക കോളനികളിലും പരിമിതമായ സൗകര്യങ്ങളാണുള്ളതെങ്കിലും ചെറ്റ കൂടിലുകളിൽ നിന്നും മോചനമായിട്ടുണ്ട് എന്നു തന്നെ പറയാം. ഒറ്റപ്പെട്ട് താമസിക്കുന്ന കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. ഇവരിൽ പലരും വിവിധ ഏജൻസികൾ നടപ്പിലാക്കി വരുന്ന വായാപയെടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ടു പോയിട്ടുണ്ട്. ഭൂമിയുടെ രേഖകൾ ഓഫീസുകളിൽപെട്ടു പോയതിനാൽ മറ്റു ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയിലാണ്. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തികരിക്കാതെ കിടക്കുന്നുണ്ട്. വീടുവെക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾ പഞ്ചായത്ത് പരിധിയിൽ നിരവധിയുണ്ട്. അതു പോലെതന്നെ, ലക്ഷം വീടുകളിൽ താമസിക്കുന്ന പട്ടിക ജാതിക്കാരുടെ സ്ഥിതി വളരെ പരിതാപകരമാണ്. ഇടിഞ്ഞു വീഴാറായ വീടുകളാണ് ഇന്ന് നിലവിലുള്ളത്. ലക്ഷം വീടു കോളനിയുൾപ്പെടെ പല കോളനികളിലും കക്കൂസുകൾ ഇല്ലാത്ത ഒരവസ്ഥയാണ് ഉള്ളത്.

**കുടിവെള്ളക്ഷാമം:** പട്ടികജാതികോളനികളിലുള്ള ഒരു പ്രധാന പ്രശ്നമാണ് കുടിവെള്ള ക്ഷാമം. പല കോളനികൾക്കായി പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അവ പൂർണ്ണമല്ല. കോളനികളിൽ കുടിവെള്ളം എത്തിക്കുമ്പോൾ കോളനി നിവാസികളിൽ ഏതാനും പേർക്ക് ഈ സൗകര്യം ലഭ്യമായാൽ ആ കോളനിയിൽ മുഴുവൻ വെള്ളമെത്തിച്ചു എന്ന് പ്രഖ്യാപിക്കുന്നു. അതുമൂലം പലർക്കും ഈ ആനുകൂല്യം ലഭിക്കാതെ വരുന്നു. അതിനുദാഹരമാണ് ചോലയിൽ ഹരിജൻ കോളനി. കോളനിയുടെ പടിഞ്ഞാറു ഭാഗത്ത് പൈപ് ലൈൻ ഉണ്ട്. എന്നാൽ കിഴക്ക് ഭാഗത്ത് ഈ സൗകര്യമില്ല.

മോങ്ങം മലയത്തൊടിക്ക് ഉണ്ടായിക്കിയതാണ് മലയത്തൊടി സ്കീം. എന്നാൽ ഇന്ന് മലയത്തൊടി കോളനിക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിക്കുന്നില്ല. വേനൽ കാലമായാൽ ഈ കോളനിയിൽ വെള്ളം കിട്ടുന്നില്ല. കാരണം, ഈ ലൈനിൽ ധാരാളം ഹൗസ് കണക്ഷൻ കൊടുത്തിട്ടുണ്ട്. പമ്പ് ഓപ്പറേറ്റർമാർ വാട്ടർടാങ്ക് നിറയുന്നതു വരെ വെള്ളം പമ്പു ചെയ്യുന്നില്ല. മറ്റൊരു കാരണം, വാട്ടർ ടാങ്കിൽ നിന്ന് നേരിട്ട് നിരവധി സമീപവാസികൾ പൈപ്പ് ഉപയോഗിച്ച് വെള്ളം ഉപയോഗിക്കുന്നതുകൊണ്ട് ടാങ്ക് നിറയാൻ അവസരം ലഭിക്കുന്നില്ല. അതുമൂലം കോളനിയിൽ വെള്ളം കിട്ടുന്നില്ല. മറ്റു പല കോളനികളിലും ഭാഗികമായി മാത്രമാണ് വെള്ളം കിട്ടുന്നത്.

**വൈദ്യുതി:** കുടിവെള്ളം പോലെതന്നെയാണ് വൈദ്യുതി പ്രശ്നവും. കോളനികളിൽ പേരിനു മാത്രം വൈദ്യുതി എത്തിയാൽ സർക്കാർ റിപ്പോർട്ടു പ്രകാരം കോളനി മുഴുവൻ വൈദ്യുതീകരിച്ചു! എന്നാൽ മുഴുവൻ കുടുംബങ്ങൾക്കും ഇതിന്റെ പ്രയോജനം കിട്ടുന്നില്ല. ചോലയിൽ കോളനിയിൽ തെരുവു വിളക്കുകൾ പടിഞ്ഞാറു ഭാഗത്ത് മാത്രമാണുള്ളത്. മലയത്തൊടി കോളനി അഞ്ചു വർഷങ്ങൾക്കു മുമ്പ്വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും അതു കോളനിമുഴുവൻ കത്താനായ നടപടികൾക്ക് വേഗത്തിൽ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിലെ ഭൂരിഭാഗം കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമല്ല.

**ഗതാഗതം:** പൊതുവായ ഒരു വഴി എല്ലാ കോളനികൾക്കുമുള്ള പ്രശ്നമാണ്. പഞ്ചായത്തിലെ മാങ്കുത്ത് പറമ്പ് കോളനി, കാരാതടം ഹരിജൻ കോളനി, മലയത്തൊടി കോളനി എന്നിവിടങ്ങളിലേക്കാണ് റോഡുകളുള്ളത്. എങ്കിലും ഇവയുടെ സ്ഥിതി പരിതാപകരമാണ്. മാങ്കുത്ത് പറമ്പ് കോളനി, മലയത്തൊടി കോളനി റോഡ്, മൊറയൂർ എക്കാപറമ്പ് റോഡ് വക്കിലുള്ള പൂഴിക്കുത്ത് കോളനി റോഡ് എന്നിവ ടാറിട്ട് പൂർത്തിയാക്കേണ്ടതും മറ്റുള്ള കോളനികളിലേക്ക് സ്വന്തമായ റോഡുണ്ടാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടുതമാണ്.

## പരിഹാര മാർഗ്ഗങ്ങൾ:

**വിദ്യാഭ്യാസം:** പഞ്ചായത്തിലെ പട്ടിക ജാതിക്കാരുടെ ഇടയിൽ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. എല്ലാ കോളനികളിലും അംഗൻ വാടികൾ സ്ഥാപിക്കേണ്ടതാണ്. മൊറയൂർ മാങ്കുത്ത് പറമ്പ് കോളനിയിലുണ്ടായിരുന്ന ബാലവാടികൾക്കു വേണ്ടി 10 സെന്റ് സ്ഥലം ഇവിടെയുണ്ട്. അവിടെ ബാല വാടിക്ക് കെട്ടിടം പണിയേണ്ടതാണ്. നിലവിലുള്ള അംഗൻ വാടികളിലെ കുട്ടികൾക്ക് ഉച്ച ഭക്ഷണം നൽകേണ്ടതും, പട്ടികജാതി വിദ്യാർത്ഥികൾക്ക് യൂനിഫോറും സൗജന്യമായി നൽകേണ്ടതുമാണ്. പ്രൈമറി വിദ്യാഭ്യാസം കാര്യക്ഷമമാക്കേണ്ടതും ഇടയ്ക്കു വെച്ച് പഠനം നിർത്തുന്ന കുട്ടികൾക്ക് വീണ്ടും പഠന സൗകര്യം ഏർപ്പെടുത്തേണ്ടതുമാണ്. SSLC, PDC എന്നിവ പാസ്സാകാത്ത വിദ്യാർത്ഥികൾക്ക് സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കാൻ സാമ്പത്തിക സഹായം

ചെയ്യേണ്ടതുമാണ്. വിദ്യാഭ്യാസത്തെ സംബന്ധിച്ച് പട്ടിക ജാതിക്കാർക്കിടയിൽ ബോധവൽക്കരണം നടത്തേണ്ട താണ്. കോളനികളിലെ അഭ്യസ്ഥവിദ്യരുടെ സേവനം വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി പ്രയോ ജനപ്പെടുത്തേണ്ടതാണ്. കോളനികളിൽ വായന ശാല കളും ടി.വി സെറ്റുകളും സ്ഥാപിക്കേണ്ടതാണ്.

**തൊഴിൽ:**

1. കാർഷിക മേഖലയിൽ കൂടുതൽ തൊഴിൽ സാധ്യ തകളുണ്ടാക്കണം.

2. പരമ്പരാഗത തൊഴിലുകളായ നെയ്ത്ത്, കുട്ട, വട്ടി എന്നീ തൊഴിലിലേർപ്പെട്ടിരിക്കുന്നവർക്ക് അസംസ്കൃത സാധനങ്ങളും അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണിയും കണ്ടെത്തേണ്ടതാണ്.

3. കോളനികളിലെ വനിതകൾക്ക് വിവിധ തൊഴിലു കളിൽ പരിശീലനം നൽകി അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും വേണം.

4. സഹകരണ മേഖലയിൽ ഇഷ്ടിക നിർമ്മാണയൂ ണിറ്റുകൾ തുടങ്ങണം.

5. അഭ്യസ്തവിദ്യർക്ക്, സർക്കാർ ഏജൻസികൾ നൽകുന്ന വായ്പകളും സഹായധനങ്ങളും ഏകോപി പ്പിച്ച് പഞ്ചായത്ത് മുഖേന നൽകണം.

6. വ്യവസായ പരിശീലനം നൽകുകയും, പരിശീലനം ലഭിച്ചവർക്ക് വ്യവസായം തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായവും ബോധവൽക്കരണവും നൽ കണം.

7. സ്ത്രീകൾക്ക് തൊഴിൽ സാധ്യതൾ വർദ്ധിപ്പിക്കു ന്നതിന്, സഹകരണ മേഖലയിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, കയറുൽപ്പന്നങ്ങളുടെ നിർമ്മാണം തേനീച്ച വളർത്തൽ, കൂൺ കൃഷി എന്നിവ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കണം.

**പട്ടിക III**

| ക്രമ നമ്പർ | കോളനിയുടെ പേര് | വീട് ആവശ്യ മുള്ളവർ | കക്കൂസ് ആവശ്യ മുള്ളവർ |
|---|---|---|---|
| 1 | മലയത്തൊടി കോളനി | 4 | 5 |
| 2. | മാങ്കൂത്ത് പറമ്പ് „ | 4 | - |
| 3. | ചോലയിൽ കോളനി | 12 | 15 |
| 4. | കാവോട്ടു കോളനി | 8 | 10 |
| 5. | പൂണക്കാട്ട് കോളനി | 4 | 3 |
| 6. | പുലിക്കോട് കോളനി | 5 | 6 |
| 7. | ചേറ്റുവട്ടി കോളനി | 3 | 2 |
| 8. | തവളപ്പാറ കോളനി | - | 2 |
| 9. | പൂഞ്ചോല കോളനി | 2 | 2 |
| 10. | ഇട്ടപ്പാട്ട് കോളനി | 6 | 5 |
| 11. | ഭരണിക്കുന്ന് കോളനി | 4 | 6 |
| 12. | കാരാതടം കോളനി | 20 | 20 |
| 13. | തോരക്കാട്ട് കോളനി | 3 | 3 |
| 14. | കിളിയൻ കോളനി | 2 | 3 |
| 15. | പുഴിക്കുത്ത് കോളനി | 4 | 2 |
| 16. | കുറ്റിക്കാട്ട് പറമ്പ് | 2 | 5 |
| 17. | പാറലിൽ കോളനി | 3 | 3 |
| 18. | എലിയക്കോട് കോളനി | 4 | 4 |
| 19. | മഞ്ഞളാം കുന്ന് കോളനി | 3 | 2 |
| 20. | കാർത്യായനിക്കുന്ന് കോളനി | 3 | 4 |
| 21. | കോളനികൾക്ക് പുറത്തുള്ളവർ | 10 | 5 |
| | ആകെ | 106 | 107 |

8. പഞ്ചായത്തിൽ പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി കൃഷിചെയ്യാതെ കിടക്കുന്ന കൃഷി ഭൂമി പാട്ടത്തിനെടുത്ത് പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുകയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ചന്തകൾക്ക് രൂപം നൽകുകയും ചെയ്യണം.

9. കൃഷിഭവൻ മുഖേന നൽകി വരുന്ന സഹായങ്ങൾ ഉൽപ്പാദനത്തിനായി വിനിയോഗിക്കണം.

**പാർപ്പിടം:** പട്ടികജാതിക്കാരുടെ പാർപ്പിടപ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്. സ്വന്തമായ ഭൂമി ഇല്ലാത്തവർ നിരവധിയാണ്. പഞ്ചായത്തിൽ വിതരണം ചെയ്യാത്ത ലക്ഷം വീടുകളും പുറം പോക്ക്ഭൂമികളും ഉണ്ടെങ്കിൽ അർഹതപ്പെട്ട പട്ടിക ജാതിക്കാർക്ക് വിതരണം ചെയ്യേണ്ടതാണ്. 4 സെന്റ് ഭൂമികളിലും ലക്ഷം വീടു കോളനികളിലും താമസിക്കുന്ന പട്ടിക ജാതിക്കാർക്ക് വീട് പുതിക്കിപ്പണിയുന്നതിനും കക്കൂസ് നിർമ്മിക്കുന്നതിനും സാമ്പത്തിക സഹായം നൽകേണ്ടതാണ്. പട്ടിക ജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭൂരഹിത, ഭവന രഹിത, പുനരധിവാസ പദ്ധതി പഞ്ചായത്ത് നടപ്പിലാക്കി, വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കേണ്ടതാണ്. വിവിധ ഗ്രാമ സഭാ റിപ്പോർട്ടുകൾ പ്രകാരം വീട് കക്കൂസ് എന്നിവ ആവശ്യമുള്ളവരുടെ വിവരം പട്ടിക III ൽ കാണുക.

**കുടിവെള്ളം:** പഞ്ചായത്തിലെ പല കോളനികളിലും കുടിവെള്ളം എത്തിയിട്ടുണ്ടെങ്കിലും പലതും ഭാഗികമാണ്. 1,2,3, വാർഡുകളിലെ കോളനികളിൽ കുടിവെള്ളം തീരെ എത്തിയിട്ടില്ല. നിർദ്ധിഷ്ട 'ഒഴുകൂർ' സ്കീം നടപ്പാക്കുമ്പോൾ കോളനികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണ്.

മലയതൊടി കോളനികൾക്ക് മാത്രമായുള്ള മലയതൊടി സ്കീമിൽ നിലവിലുള്ള പ്രശ്നങ്ങൾ പരിഹിക്കുന്നതോടൊപ്പം, വാട്ടർ ടാങ്ക് 5 മീറ്റർ ഉയർത്തി കോളനിയിലേക്ക് മാത്രമായി ഒരു ലൈൻ വലിക്കേണ്ടതാണ്. നിലവിലുള്ള പൊതു കിണർ നന്നാക്കുകയും ഒരു കുഴൽ കിണർ അനുവദിക്കുകയും വേണം.

മാങ്കുത്ത് പറമ്പ് കോളനിയിൽ വെള്ള സൗകര്യം ഉണ്ടെങ്കിലും ആവശ്യ സമയത്ത് വെള്ളം കിട്ടുന്നില്ല. മാങ്കുത്ത് പറമ്പ് കോളനിക്ക് താഴെയുള്ളകീരങ്ങാട്ടു ഭാഗത്തുള്ള ധാരാളം വെള്ളം ലഭിക്കുന്ന കുഴൽ കിണർ പ്രയോജനപ്പെടുത്തി മാങ്കുത്ത് പറമ്പ് കോളനിയിൽ ഒരു മിനി വാട്ടർ സ്കീം നടപ്പിലാക്കേണ്ടതാണ്. കൂടാതെ മാങ്കുത്ത് പറമ്പ് കോളനിയിലുള്ള രണ്ട് പൊതു കിണറുകളും അടിയന്തിരമായി റിപ്പയർ ചെയ്യേണ്ടതാണ്.

നിലവിലുള്ള പൈപ്പ് ലൈൻ കാവോട്ട് കോളനിയിലേക്ക് നീട്ടുകയോ, അല്ലെങ്കിൽ മാങ്കുത്തിപറമ്പ് കോളനിയിൽ മിനി വാട്ടർ സ്കീം നടപ്പാക്കുകയോ ആണെങ്കിൽ ഈ കോളനിയുമായി ബന്ധിപ്പിച്ച് കുടിവെള്ള പ്രശ്നം പരിഹിക്കുകയോ അല്ലെങ്കിൽ പൊതുകിണർ നിർമ്മിച്ച് പ്രശ്ന പരിഹാരം കാണുകയോ വേണം. ചോലയിൽ കോളനിയിലുള്ള പൊതു കിണർ നന്നാക്കണം ചോലയിൽ കോളനിയലെ ചോല പ്രയോജനപ്പെടുത്തി മിനി വാട്ടർ സ്കീം നടപ്പാക്കുകയും കോളനിയുടെ കിഴക്കു ഭാഗത്തേക്ക് കുടുംബിക്കൽ ഇടവഴിയിലൂടെ പൈപ്പ് ലൈൻ നീട്ടുകയും വേണം.

പുന്നക്കാട്ട് കോളനി, ചേറ്റുവട്ടി കോളനി എന്നിവയിൽ നിലവിലുള്ള പൈപ്പ് ലൈൻ നീട്ടുകയും അതുവഴി കുടിവെള്ളപ്രശ്നം പരിഹരിക്കുകയും വേണം.

പുലിക്കോട് കോളനിയിലുള്ള പൊതുകിണർ അടിയന്തിരമായി നന്നാക്കുകയും നിലവിലുള്ള പൈപ്പ് ലൈൻ നീട്ടുകയും വേണം. പൂഴിക്കുന്ന് കോളനിയിൽ ഒരു കുഴൽ കിണർ അത്യാവശ്യമാണെന്ന് എടുത്തുപറയട്ടെ.

മേൽ സൂചിപ്പിക്കാത്ത കോളനികൾക്കു പുറമെയുള്ള കോളനികളിൽ കുടിവെള്ളം ലഭ്യമാക്കാൻ കുഴൽ കിണറുകൾ നിർമ്മിക്കുകയും പൈപ്പ് ലൈൻ വഴി വെള്ളം എത്തിക്കുകയും വേണം.

ഒറ്റപ്പെട്ട വീടുകൾക്ക് കുടിവെള്ളം ലഭിക്കുന്നതിനായി കുഴിൽ കിണറുകൾ കുഴിക്കുന്നതിന് സാമ്പത്തി സഹായം നൽകണം.

**വൈദ്യുതി:** നിലവിലുള്ള പല കോളനികളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും ഇതിന്റെ പ്രയോജനം ലഭിക്കാത്തവർ നിരവധിയാണ്. കോളനികളിൽ അടിയന്തിരമായി വൈദ്യുതി എത്തിക്കേണ്ടതും പരമാവധി കുടുംബങ്ങൾക്ക് പ്രയോജനം ലഭ്യമാക്കേണ്ടതുമാണ്. വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുന്നതിന് സാമ്പത്തിക സഹായം നൽകേണ്ടതാണ്. വീടുകൾ വൈദ്യുതീകരിക്കുന്നതിന് വരുന്ന മറ്റ് ചെലവുകൾ സർക്കാർ വഹിക്കേണ്ടതും കാല താമസം ഒഴിവാക്കേണ്ടതുമാണ്.

വൈദ്യുതീകരിക്കാത്ത കോളനികൾ വൈദ്യുതീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും കോളനികളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതുമാണ്.

ചോലയിൽ കോളനിയുടെ കിഴക്കു ഭാഗത്തേക്ക്

തെരുവ് വിളക്കുകൾ സ്ഥാപിക്കണം. മലയതൊടി കോളനിയിൽ പഞ്ചായത്ത ഭരണ സമിതി തീരുമാന പ്രകാരം തെരുവ് വിളക്കുകകൾ സ്ഥാപിക്കുന്നതിന് ഉടൻ സപ്ലിമെന്റ് എഗ്രിമെന്റ് വെച്ച് തെരുവ് വിളക്കുകൾ കത്തിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മാങ്കുത്ത്പറമ്പ് കോളനിയിൽ ഒരു വർഷത്തിലധികമായി കത്താത്ത തെരുവ് വിളക്കുകൾ കത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

ഗതാഗതം:

1. എല്ലാകോളനികളിലേക്കും പൊതുവായ റോഡ് നിർമ്മിക്കണം. മാങ്കുത്ത് പറമ്പ് കോളനി റോഡ് 'റീ ടാറിംഗ്' നടത്തിയതിന്റെ ബാക്കി ഭാഗം 'റീ ടാർ' ചെയ്യണം മലയത്തൊടി കോളനിയുമായി ബന്ധിപ്പിക്കുന്നതിന് റോഡ് അടിയന്തിരമായി നിർമ്മിക്കണം.

2. ചോലയിൽ കോളനിയിൽ പടിഞ്ഞാറ് ഭാഗത്തുള്ള റോഡ് 'ടാർ' ചെയ്യണം. കിഴക്കു ഭാഗത്തേക്ക് റോഡ് നിർമ്മിക്കണം.

3. കാവോട്ടു കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യണം.

4. മോങ്ങം മലയത്തൊടി കോളനിയിലേക്കുള്ള റോഡ് മുഴുവനും ടാറിംഗ് നടത്തണം.

5. ചേറ്റുവട്ടി കോളനിയിലേക്കുള്ള നടപ്പാത റോഡാക്കി മാറ്റണം.

6. പൂഞ്ചോല കോളനിയിൽ വനിതാ അറബിക്ക് കോളേജ് റോഡ് കോളനി വഴി അറിമ്പ്രയിലേക്ക മൂടിക്കണം.

7. ഇട്ടപ്പാട് കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യണം. ഇടപ്പാട് കോളനിയിൽ താഴെ ഭാഗത്തേക്കുള്ള ഇടവഴി വീതി കൂട്ടണം

8. ഭരണിക്കുന്ന്, തോരക്കാട് കോളനി, കിളിയൻതൊടി, പാറലിൽ കോളനി മഞ്ഞളാംകുന്ന് കോളനി, കുറ്റിക്കാട്ടു പറമ്പ് കോളനി, കാർത്യായനി കുന്ന് കോളനി എന്നിവയിലേക്ക് പുതിയ റോഡ് നിർമ്മിക്കണം.

9. എലിയക്കോട് കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യണം.

## പരിഹരിക്കേണ്ട മറ്റു പൊതുപ്രശ്നങ്ങൾ

1. പട്ടിക ജാതി കോളനികളിൽ മണ്ണൊലിപ്പ് തടയുന്നതിനായി കയ്യാലകൾ നിർമ്മിക്കുക.

2. നിലവിലുള്ള പൊതു ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മിക്കുകയും പൊതു റോഡ് നിർമ്മിക്കുകയും ചെയ്യുക.

3. പട്ടിക ജാതിക്കാരുടെ ശ്മശാനങ്ങൾ മറ്റുള്ളവർ കൈവശപ്പെടുത്തുന്നത് തടയുക.

4. കോളനികളായി അംഗീകരിക്കുന്നതിന് 10 വീടുകൾ വേണമെന്ന നിബന്ധന മാറ്റി പകരം 5 വീടുകൾ എന്നാക്കുക.

5. പട്ടികജാതി കോളനികളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

6. പട്ടിക ജാതി വികസന കോർപ്പറേഷനിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള വരുമാന പരിധി എടുത്തു കളയുകയും നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക. ◆



# വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിൽ ഒരൊറ്റ വൻകിട വ്യവസായങ്ങളുമില്ല. അൽപം ചില ചെറുകിട വ്യവസായങ്ങൾ മാത്രമേയുള്ളൂ. അവ ഏതാണ്ടൊരു എഴുപതോളം വരും. നമ്മുടെ ഗ്രാമ പഞ്ചായത്തിലെ ചെറുകിട വ്യവസായങ്ങൾ പലതും പുതുതായി തുടങ്ങുവാൻ വളരെ 'സാധ്യതകളേറെയുണ്ട്. ഉദാഹരണമായി, നമ്മുടെ പഞ്ചായത്തിൽ ധാരാളമായി കാണുന്ന തെങ്ങിൽനിന്നുള്ള ഉല്പന്നങ്ങളായ ചകിരി, ചിരട്ട, ഇളനീർ, തേങ്ങ, വെള്ളം തുടങ്ങിയവ ഉപയോഗിച്ചു തന്നെ പല ചെറുകിട വ്യവസായങ്ങളും ആരംഭിക്കുവാൻ കഴിയും. അതിലേക്കായി ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭിക്കേണ്ടതാണ്. നമ്മുടെ ഗ്രാമത്തിലും അയൽഗ്രാമങ്ങളിലുമായി ധാരാളം കശുവണ്ടി വിളയുന്നു. അവ 'കൊല്ലം' മുതലായ ജില്ലകളിലേക്കും തമിഴ്നാട്, കർണ്ണാടക തുടങ്ങിയ അയൽ സംസ്ഥാനങ്ങളിലേക്കും വർഷം തോറും കയറ്റിഅയക്കപ്പെടുകയാണ്. സാമ്പത്തിക വരുമാനം കുറഞ്ഞവരെങ്കിലും അൽസ്വല്പമൊക്കെ ഗൾഫിലും മറ്റു വിദേശ രാജ്യങ്ങളിലും ജോലി ചെയ്യുന്നവരിൽ നിന്നും സ്വരൂപിച്ച് ഒരു കശുവണ്ടി സംസ്ക്കരണ ശാല നമ്മുടെ ഗ്രാമത്തിൽ ആരംഭിക്കാവുന്നതാണ്. അത്പോലെ, അതിന് വേണ്ട ഉപകരണങ്ങളും മറ്റു അസംസ്കൃത സാധനങ്ങളും ന്യായമായ വിലക്ക് വിതരണം ചെയ്യുവാൻ സംവിധാനമുണ്ടാക്കേണ്ടതാണ്.

വ്യവസായ മേഖല വികസിക്കും തോറും വൈദ്യുതി ഉപയോഗം കൂടിക്കൊണ്ട വരുമല്ലോ. എന്നാൽ നമ്മുടെ സംസ്ഥാനത്തിന്റെ ഒരു തീരാപ്രശ്നമായി ഇന്നും വൈദ്യുതി ക്ഷാമം നിലനില്ക്കുകയാണ് ഇതിനൊരു അറുതി വരുന്നതോടെ മാത്രമേ വ്യവസായ വികസനത്തിലൂടെ വേണ്ടതോതിൽ ഉള്ള വിഭവസമാഹരണം സാധ്യമാവൂ.

നമ്മുടെ പഞ്ചായത്തിൽ കൃഷി മേഖലയിലെ വിഭവസമാഹരണത്തിനു പരിമിതികളേറെയുണ്ട്. കൃഷിയിടങ്ങൾ പലതും പുരയിടങ്ങൾക്കായി വഴിമാറുന്നു. ഉല്പാദനക്ഷമത വർദ്ധിക്കുന്നില്ല. അതുമൂലം കൃഷി ഒരു ജീവിതോപാധിയായി തുടരാൻ കർഷകന് വളരെയേറെ പ്രയാസങ്ങളുണ്ട്. വ്യക്തിഗത പരിഹാരമല്ല ഇതിനാവശ്യം.

വാഹനനികുതികളുടെ അംശം, വസ്തുകൈമാറ്റത്തിന്മേലുള്ള കരം, ചെറുകിട ജലസേചനഗ്രാന്റ്, അടിസ്ഥാനനികുതിയുടെ 75% വരുന്ന ഓഹരി എന്നിവ അതത് വകുപ്പുകൾ പിരിച്ച് കുറെ കഴിഞ്ഞാണ് പഞ്ചായത്തുകൾക്ക് വിതരണം ചെയ്യപ്പെടുന്നത്. ഒരു താലൂക്കിൽ ഓരോ കാൽ കൊല്ലങ്ങളിലും പല രജിസ്ത്രാഫീസുകളിലൂടെയും പിരിച്ചെടുക്കുന്ന കരത്തിന്റെ 75% ആ താലൂക്കിലെ പഞ്ചായത്തുകളിലെ ജനസംഖ്യാ തോതനുസരിച്ചാണ് പഞ്ചായത്തുകൾക്ക് വിതരണം ചെയ്യപ്പെടുന്നത്. 30.6.96 ന് അവസാനിച്ച കാൽ കൊല്ലത്തേക്കുള്ള കരവിഹിതം നവം.96ൽ ആണ് നമുക്ക് ലഭിച്ചത്. ഈ കാൽ കൊല്ലത്തിന്റെ കാര്യത്തിൽ വലിയ കാലതാമസമില്ലെന്നത് ഏതാണ്ട് ശരിയാണ്. എന്നാൽ ഈ കാലതാമസം കൂടി ഒഴിവാക്കി, ഒരു കാൽ കൊല്ലത്തെക്കുള്ള വിഹിതം അടുത്ത കാൽ കൊല്ലത്തിലെങ്കിലും പഞ്ചായത്ത് എക്കൗണ്ടിൽ ക്രഡിറ്റു വരുമാറ് വിതരണം ചെയ്യപ്പെടേണ്ടതാണ്. അത് പോലെ തന്നെ താഴെ പറയുന്ന ഗ്രാന്റുകളും താമസം വിനാ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യാൻ സംവിധാനമുണ്ടാക്കേണ്ടതാണ്.

1. ചെറുകിട ജലസേചനഗ്രാന്റ്
2. വാഹനനികുതിയിലെ വിഹിതം
3. അടിസ്ഥാന നികുതിയുടെ 3% കഴിച്ചതിന് ശേഷമുള്ളതിന്റെ 3% പഞ്ചായത്തേതര സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കിയ ശേഷമുള്ള തുകയുടെ 75%

4 ഗ്രാമറോഡ് സംരക്ഷണ ഗ്രാന്റ്

5 എസ്.സി.പി

6 ഉപാധിരഹിത ഫണ്ട്

7. ജപ്പാൻ പനിക്കുള്ള ഗ്രാന്റ്
8. വാർധക്യ കാല പെൻഷൻ

## മൊറയൂർ പഞ്ചായത്ത് - വരുമാന വ്യത്യാസം

| ക്രമ നമ്പർ | ഇനം | 1988-89 ലെ വരവ് | 1995-96 ലെവരവ് | വ്യത്യാസം | % |
|---|---|---|---|---|---|
| 1 | കെട്ടിടനികുതി | 135629 | 183886 | (+) 48257 | (+) 36 |
| 2 | വാഹന നികുതി (സൈക്കിൾ) | 104 | - | (-) 104 | - |
| 3 | തൊഴിൽ നികുതി | 40573 | 118010 | (+) 77437 | (+) 190 |
| 4 | ഷോടാക്സ് | 1077 | 1604 | (+) 527 | (+) 49 |
| 5 | " സർ ചാർജ്ജ് | 269 | 401 | (+) 132 | (+) 49 |
| 6 | വസ്തകൈമാറ്റനികുതി | 65679 | 249640 | (+) 1,83,961 | (+) 280 |
| 7 | പി.എഫ്.ആക്റ്റ് അനുസരിച്ച് വരവ് | 386 | 690 | (+) 304 | (+) 79 |
| 8 | വിനോദനികുതി | 15920 | 58939 | (+) 43019 | (+) 270 |
| 9 | ജനനമരണ സംബന്ധവരവ് | 115 | 242 | (+) 127 | (+) 110 |
| 10 | ചന്തവരവ് | 5820 | 23700 | (+) 17880 | (+) 307 |
| 11 | കോപ്പിയിംഗ് ഫീ | 4 | - | (-) 4 | - |
| 12 | കച്ചവട ലൈസൻസ് ഫീ | 2942 | 14250 | (+) 11308 | (+) 384 |
| 13 | യന്ത്രസ്ഥാപന ഫീസ് | 83 | 31 | (-) 52 | - |
| 14 | പി.പി.ആർ ആക്റ്റ് അനുസരിച്ച് വരവ് | 38 | - | (-) 38 | - |
| 15 | സിനിമാ റഗുലേഷൻ ആക്റ്റ് ,, | 909 | 500 | (-) 409 | - |
| 16 | അപേക്ഷ താമസിച്ചതിന് പിഴ | 782 | 2659 | (+) 1877 | (+) 240 |
| 17 | നോട്ടീസ് ഫീസ് | 193 | 325 | (+) 132 | (+) 68 |
| 18 | പിഴയും മറ്റു വസൂലും | 670 | - | (-) 670 | - |
| 19 | ടെന്റർഫോറം വിറ്റവില | 790 | 670 | (-) 120 | - |
| 20 | വീടു നിർമ്മാണം | 92 | - | (-) 92 | - |
| 21 | നിക്ഷേപത്തിന്മേൽ പലിശ | 112 | 3528 | (+) 3416 | (+) 3050 |
| 22 | ഓഡിറ്റ് റക്കവറി | - | 1755 ( | +) 1755 | - |
| 23 | ലൈബ്രറി വരവ് | - | 9 | (+) 9 | - |
| 24 | മറ്റു വരവ് | - | 13249 | (+) 13249 | - |
| 25 | ഗ്രാന്റ് (I) ഭൂനികുതി വിഹിതം | 17517 | 39504 | (+) 21987 | (+) 126 |
| 26 | " (II) എസ്റ്റാബ്ലിഷ്മെന്റ് | 3706 | - | (-) 3760 | - |
| 27 | " (III) പ്രത്യേക | 25000 | - | (-) 25000 | - |
| 28 | " (IV) ലൈബ്രറി | 57000 | | - (-) 57000 | - |
| 29 | (V) വാഹനനികുതി വിഹിതം | 124 | 292820 | (+) 299696 | - |
| 30 | " (VI) മൈനർ ഇറിഗേഷൻ | - | 8350 | (+) 8350 | - |
| 31 | " (VII) ഉപാധിരഹിത നിധി | - | 173000 | (+) 173000 | - |
| 32 | " (VIII) എസ്.സി.പി | - | 114500 | (+) 114500 | - |
| 33 | " (IX) ജപ്പാൻപനി | - | 8000 | (+) 8000 | - |
| 34 | " (X) വാർദ്ധക്യകാലപെൻഷൻ | - | 7500 | (+) 7500 | - |
| 35 | " (XI) വില്ലേജ്റോഡ് മെയിന്റനൻസ് | - | 28944 | (+) 28944 | - |
| 36 | " (XII) ജെ.ആർ.വൈ | - | 289241 | (+) 289341 | - |
| | ആകെ | 3,75,529 | 16,35947 | 12,60,418 | 335,64 |
| | എസ്റ്റാബ്ലിഷ്മെന്റ് ചിലവ് | 1,19,977 | 3,50,952 | 2,30,975 | (+)192 |

മൊറയൂർ പഞ്ചായത്ത് വരുമാനവും, ചിലവും (ലക്ഷത്തിൽ)

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പഞ്ചായത്തിന്റെ മൊത്തംവരുമാനം | പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് | ഗ്രാന്റ് കഴിച്ചുള്ള വരുമാനം | പഞ്ചായത്ത് ചിലവ്കഴിച്ച സംഖ്യ |
|---|---|---|---|---|---|
| 1. | 1988-89 | 3.76 | 1.03 | 2.73 | 2.34 |
| 2. | 1989-90 | 3.43 | 0.71 | 2.72 | 4.12 |
| 3. | 1990-91 | 3.76 | 0.79 | 2.97 | 6.15 |
| 4. | 1991-92 | 4.63 | 1.38 | 3.25 | 3.58 |
| 5. | 1992-93 | 5.90 | 2.15 | 3.75 | 6.90 |
| 6. | 1993-94 | 11.50 | 3.76 | 7.74 | 13.07 |
| 7 | 1994-95 | 9.90 | 3.75 | 6.15 | 7.73 |
| 8 | 1995-96 | 13.47 | 6.73 | 6.74 | 13.73 |

2. നമ്മുടെ പഞ്ചായത്തിൽ നിന്ന് ചുരുക്കം പേർ വിദേശങ്ങളിൽ ജോലി ചെയ്യുന്നവരിൽ എല്ലാവരും തന്നെ ഗൾഫ് മേഖലയിലാണ്. തെക്കൻ കേരളത്തിൽ ഉന്നതമായ അടിസ്ഥാനയോഗ്യതയ്ക്കു പുറമെ വൈവിധ്യമാർന്ന വൈജ്ഞാനികമേഖലകളിൽ മെഡിസിൻ (വിവിധമേഖലകൾ) എഞ്ചിനീയറിങ്ങ് (വിവിധ മേഖലകൾ) ചാർട്ടേഡ് അക്കൗണ്ടൻസി, കമ്പ്യൂട്ടർ ടെക്നോളജി , ഇൻഫർമേഷൻ ടെക്നോളജി, ബയോടെക്നോളജി, ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ, മാനേജ്മെന്റ് (വിവിധതരം) തുടങ്ങിയ നിരവധി മേഖലകളിൽ ഉന്നതബിരുദം നേടിയവർക്കു കണക്കില്ല. അവരിൽ നല്ലൊരു ഭാഗം അമേരിക്ക, കനഡ, ഇംഗ്ലണ്ട്, മറ്റു യൂറോപ്യൻ രാജ്യങ്ങൾ, അറബ്നാടുകൾ എന്നിവിടങ്ങളിൽ വലിയ ശമ്പളം വാങ്ങി വിരാജിക്കുന്നു നേരെമറിച്ച് അത്യന്തം വേദനാപൂർവ്വം പറയട്ടെ, ഈ പ്രദേശത്ത് നിന്നും ഗൾഫിൽ ജോലി ചെയ്യുന്നവരിൽ ഭൂരിഭാഗവും പൊതുവിദ്യാഭ്യാസത്തിലും മറ്റു കൈത്തൊഴിലുകളിൽ രംഗങ്ങളിലുള്ള പ്രാവീണ്യത്തിലും വളരെയേറെ പിന്നോക്കമെന്നു മാത്രമല്ല അവരിൽ മിക്ക പേരും അക്കാരണത്താൽ തുച്ഛമായ വേതനം മാത്രം പറ്റുവാൻ നിർബന്ധിതരായവരുമാണ്. അമേരിക്കയിൽ മാസത്തിൽ പല ലക്ഷങ്ങൾ ശമ്പളം പറ്റുന്ന കേരളത്തിൽ നിന്നുള്ള ഡോക്ടർമാർ വളരെയുള്ളപ്പോൾ നിലനിൽപ്പിനുപോലും തികയാതെ വെറും 5000 ഇന്ത്യൻ രൂപയ്ക്ക് സമാനമായ തുക മാത്രം ശമ്പളം പറ്റുന്നവരാണ് ഈ പ്രദേശത്തുനിന്ന് പോയിട്ടുള്ളവരിൽ ഭൂരിഭാഗവും. ഉന്നത ആധുനിക വിജ്ഞാനവും മറ്റുകൈത്തൊഴിലുകളിൽ പ്രാവീണ്യവും ആർജ്ജിച്ചതിനുശേഷം മാത്രം വിദേശങ്ങളിൽ ജോലിക്കുപോവുകയാണെങ്കിൽ, അവരുടെ വരുമാനത്തിൽ വർദ്ധനവുണ്ടാവുകയും അവർ മുഖേനയുള്ള വിഭവസമാഹരണം വിജയപ്രദമാവുകയും ചെയ്യും. അതിന് നമ്മുടെ പഞ്ചായത്തിലെ ഓരോ വ്യക്തിയും ശ്രമിക്കണം. നമ്മുടെ നാട്ടിൽനിന്നു ഗൾഫിൽ പോയവരിൽ മിക്കപേരും 8-ാം തരം വരെ പോലും പഠിക്കാത്തവരോ, S.S.L.Cപൂർത്തിയാക്കാൻ കഴിയാത്തവരോ, S.S.L.C പേരിനുമാത്രം ജയിച്ചവരോ, ജയിച്ചവരിൽ തന്നെ തുടർന്നുപഠിക്കാൻ പറ്റാത്തവരോ, മറ്റു ഗതിയില്ലാത്തവരോ ആയിരിക്കും. അതുകൊണ്ട് ഈ പഞ്ചായത്തിലെ എല്ലാ തലങ്ങളിലുമുള്ള വിദ്യാർത്ഥികളെയും പ്രാവീണ്യത്തോടെ, ഉയർന്ന മാർക്കുകളോടെ, പാസ്സാകുവാൻ വേണ്ട ബോധവൽക്കരണം മദ്രസ്സകൾ, സ്കൂളുകൾ, കോളേജുകൾ, വീടുകൾ, പള്ളികൾ എന്നിവയിൽ വെച്ച് ഹൃദയസ്പൃക്കായി നടത്തേണ്ടതുണ്ട്. അതിന് നമ്മുടെ വിദ്യാർത്ഥികളും, രക്ഷിതാക്കളും മറ്റു ബന്ധപ്പെട്ടവരും തയ്യാറില്ലെങ്കിൽ, നമ്മുടെ പഞ്ചായത്തുകാർ ഭാവിയിൽ വിറക്വെട്ടികളും വെള്ളംകോരികുമാകേണ്ട ഗതികേടിൽ എത്തിച്ചേരും എന്നുള്ള കാര്യത്തിൽ സംശയം വേണ്ട. അതുപോലെ, വിദേശങ്ങളിൽ തൂപ്പുജോലികളിലും ക്ലീനിംഗിലും വിദഗ്ധരായി വിലസാൻ മാത്രമേ നമുക്ക് കഴിഞ്ഞേക്കുകയുള്ളൂ.

ഈ വൈകിയ വേളയിലും നമ്മുടെ സഹോദരസഹോദരിമാർ രാഷ്ട്രീയ മതനേതാക്കളുടെ ഈ വിഷയത്തിലുള്ള നിരന്തരമായ നിർദ്ദേശങ്ങൾ ചെവിക്കൊള്ളുന്നില്ല എന്നത് എന്തുമാത്രം വേദനാജനകമാണ്.

### 3. കെട്ടിട നികുതി:

നേരത്തെ ചൂണ്ടിക്കാണിച്ച പോലെ ഈ പഞ്ചായത്തിൽ നിന്നും 1995-96 കാലയളവിൽ ഈയിനത്തിൽ 1,83,886 രൂപയാണ് പിരിഞ്ഞുകിട്ടിയത്. ഓലമേഞ്ഞ അല്ലെങ്കിൽ ഓലയും പുല്ലും ഉപയോഗിച്ചുള്ള മേൽക്കൂരയോട്

കൂടിയ വീടുകൾക്ക് നികുതി ചുമത്താറില്ല. പഞ്ചായത്തിലെ മറ്റു എല്ലാതരം കെട്ടിടങ്ങൾക്കും ഓടിട്ട കെട്ടിടങ്ങൾക്കും കോൺക്രീറ്റ് കെട്ടിടങ്ങൾക്കുമെല്ലാം (നികുതി ചുമത്തലിൽ നിന്ന് ഒഴിവാക്കപ്പെട്ട താഴെ കാണിച്ച കെട്ടിടങ്ങൾ ഒഴികെ) നികുതി ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നുണ്ട്

## നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ

| | |
|---|---|
| i) കുടിലുകളും ഓലമേഞ്ഞതോ, ഓലയും പുല്ലും ചേർത്ത് മേഞ്ഞവയോ) ഹരിജനങ്ങളുടെ ഓടിട്ടവയെങ്കിലും ചെറിയ വീടുകളും | 700ൽ പരം |
| ii) മതാവശ്യങ്ങൾക്കുള്ളതോ ധർമ്മ സ്ഥാപനങ്ങളായോ ഉള്ള കെട്ടിടങ്ങൾ | 50 ഓളം |
| iii) വിദ്യാഭ്യാസാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ | 30 ഓളം |
| iv) മറ്റുകെട്ടിടങ്ങൾ | 5 |
| ആകെ | 800 ഓളം |

കെട്ടിടനികുതി നിർണ്ണയത്തിൽ അപാകതകളുള്ളതായി അഭിപ്രായപ്പെടുന്നവരുണ്ട്. വാർഷിക വാടക വില നിർണ്ണയത്തിലെ അപാകതയാണിതിനടിസ്ഥാനമായി അവർക്ക് പറയാനുള്ളത്. 28.3.96ലെ ഗസറ്റ് വിജ്ഞാപന പ്രകാരം ഇനി വാർഷിക വാടക വിലനിർണ്ണയിക്കുക ഒരു സ്റ്റാൻഡിങ്ങ് കമ്മിറ്റിയാണ്. ഈ കമ്മിറ്റിയിൽ 3 മുതൽ 5 വരെ പഞ്ചായത്ത് മെമ്പർമാർ അംഗങ്ങളായുണ്ടാകും. കൂടാതെ പഞ്ചായത്ത് പ്രസിഡണ്ടും വൈസ് പ്രസിഡണ്ടും പ്രസ്തുത കമ്മിറ്റിയിൽ എക്സ് ഒഫിഷ്യോ അംഗങ്ങളുമായിരിക്കും. മെമ്പർമാരിൽ ഒരാൾ വനിതയും മറ്റൊരാൾ പട്ടികജാതിയിൽപെട്ടവരും ആയിരിക്കും. ഈ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഘടനയെക്കുറിച്ച് 12/x/95ലെ Go (p) 222/95 LASWD- നമ്പറായി ഉത്തരവ് ഗവ: പുറപ്പെടുപ്പിച്ചിട്ടുണ്ട്. ഇപ്പോൾ വാർഷിക വാടകവില നിശ്ചയിക്കൽ ഈ കമ്മിറ്റി ആയതിനാൽ, ഈ വിഷയത്തിൽ ഒരു പരാതി ഇനി ഉണ്ടാവാൻ സാധ്യതകുറവാണ്. ഈകമ്മിറ്റിയിൽ രാഷ്ട്രീയ പ്രതിനിധികളുടെ കൂടി പ്രാതിനിധ്യം ഉണ്ടാവണമെന്ന അഭിപ്രായം വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. ഇതിന്റെ പ്രായോഗികത മേൽത്തട്ടിൽ പരിശോധിച്ച് തീരുമാനിക്കേണ്ടതാണ്. വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്നിട്ടുള്ള മറ്റൊരു പരാതി, വാർഷിക വാടകവില നിർണയം ശാസ്ത്രീയാമായല്ല ചെയ്യുന്നത് എന്നാണ്. അതായത് വില പിടിച്ചവസ്തുസാമഗ്രികൾ ഉപയോഗിച്ച് ആർഭാഢപൂർവ്വം അലങ്കരിച്ച ആഡംബര കെട്ടിടങ്ങൾക്കു അവ യ്ക്ക് ചിലവായ യാഥാർത്ഥ സംഖ്യയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നില്ല എന്ന് ഒരേ വലിപ്പത്തിലുള്ള രണ്ട് കെട്ടിടങ്ങളിൽ, ഒന്നിന് അഞ്ച് ലക്ഷവും മറ്റെതിന് പതിനഞ്ച് ലക്ഷവുമാണ് ചിലവഴിച്ചിട്ടുള്ളതെങ്കിലും, ഇപ്പോൾ രണ്ടിനും ഏതാണ്ട് ഒരേ തോതിലുള്ള നികുതിയായിരിക്കാം ചുമത്തപ്പെടുന്നത് എന്നതാവാം അവരുടെ അഭിപ്രായം. ഇതൊഴിവാക്കാൻ പ്രസ്തുത കമ്മിറ്റിയിൽ ഒരു സാങ്കേതിക വിദഗ്ധനെ (സിവിൽ എൻജിനീയറെ) കൂടി ഉൾപ്പെടുത്തേണ്ട കാര്യവും മേൽത്തട്ടിൽ ആലോചിച്ച് തീരുമാനമെടുക്കേണ്ടതാണ്.

വില പിടിച്ച ആഡംബര വീടുകൾ നിർമ്മിക്കുന്നത് സാമ്പത്തിക ശേഷിയുള്ള ആളുകളാകയാൽ അവരിൽ നിന്നും കെട്ടിടത്തിന് ചിലവായ യഥാർത്ഥ തുകയുടെ അടിസ്ഥാനത്തിൽ വേണ്ട അധിക നികുതി വസൂലാക്കുന്നതിൽ അനീതിയോ മനുഷ്യത്വ രാഹിത്യമോ ഇല്ലതന്നെ. ഓലമേഞ്ഞ വീടുകളാണെങ്കിലും സ്ഥിരം ചുമരോട് കൂടിയാണ് അവയുടെ നിർമ്മാണമെങ്കിൽ ഭാവിയിൽ അവയ്ക്കും അവയുടെ ഗുണനിലവാരമനുസരിച്ച് ന്യായമായതോതിൽ നികുതി ചുമത്താവുന്നതാണ്. അത് പോലെ ഇരു നില കെട്ടിടങ്ങൾക്കും ന്യായമായ നികുതി ചുമത്തണമെന്ന് വിശേഷാൽ ഗ്രാമസഭയിൽ നിർദ്ദേശമുണ്ട്. മേൽ പറഞ്ഞ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് ഈ വിഷയത്തിലും ശ്രദ്ധിക്കാവുന്നതാണ്. മേൽക്കാണിച്ച കാര്യങ്ങൾ പരിഗണിക്കുമ്പോൾ കെട്ടിടങ്ങളുടെ സ്ലേബ് സിസ്റ്റത്തിന് പ്രസക്തിയോ ആവശ്യകതയോ ഉണ്ടെന്ന് തോന്നുന്നില്ല. നികുതി ചുമത്തിയതിൽ പരാതിയുണ്ടെങ്കിൽ പ്രസ്തുത കമ്മറ്റിക്ക് അത് പരിഗണിക്കാവുന്നതാണ്. ഇത്തരം പരാതികൾ പരിഗണിക്കുമ്പോൾ സ്റ്റാന്റിംഗ് കമ്മറ്റി ചുമത്തിയ നികുതി ശരിയായ നിലയിലും രീതിയിലുമാണെന്ന് കെട്ടിടയുടമയെ ബോധ്യപ്പെടുത്താൻ ശ്രമിക്കണം.

വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് (ലോഡ്ജുകൾ, ആസ്പത്രികൾ, ഹോളുകൾ, പീടിക മുറികൾ മുതലായവ) വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്. ഇത്തരം കെട്ടിടങ്ങൾക്ക് ആദ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർണ്ണയിച്ച / നിശ്ചയിക്കുന്ന വാർഷിക വാടക വിലയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ച വാടകയിലും കൂടുതലാണ്, പിന്നീട് വസ്തു ഉടമ വാങ്ങുന്നതെങ്കിൽ, അതാത് കാലത്ത് ഉടമ വാങ്ങുന്ന വാടകയുടെ അടിസ്ഥാനത്തിൽ കെട്ടിടനികുതി വർദ്ധിപ്പിച്ച് വസൂലാക്കേണ്ടതാണ്. ഇങ്ങിനെ ചെയ്യുന്നതിന് പഞ്ചായത്ത് മെമ്പർമാരും ഉദ്യോഗസ്ഥന്മാരും മറ്റു വികസന സമിതികളും കൂട്ടായി യത്നിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ വിവിധ തരത്തിലുള്ള കെട്ടിടങ്ങൾ താഴെ കാണിച്ച പ്രകാരമാണ്

| | |
|---|---|
| 1. കോൺക്രീറ്റ് കെട്ടിടങ്ങൾ | 827 |
| 2. ഓടിട്ടത് | 4343 |
| 3 ഓലമേഞ്ഞ വീടുകൾ | 688 |
| 4.കുടിലുകൾ | 3 |
| ആകെ | 5861 |

ഇവയിൽ 570 എണ്ണം ഒന്നിലധികം നിലകളുള്ള കെട്ടിടങ്ങളാണ്. പഞ്ചായത്തിൽ ബിൽഡിങ്ങ് റൂൾസ് ബാധകമാക്കണമെന്നു 5-ാം വാർഡ് വിശേഷാൽ ഗ്രാമസഭ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പഞ്ചായത്തിന്റെ അധികാര പരിധിയിൽപെട്ടതാകയാൽ പഞ്ചായത്താണ് തീരുമാനം കൈകൊള്ളേണ്ടത്. അതുപോലെ, വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് വന്ന മറ്റൊരു നിർദ്ദേശം കെട്ടിടനികുതികൾ വർദ്ധിപ്പിക്കണമെന്നതാണ്. അയ്യഞ്ച് വർഷം തോറും കെട്ടിടനിതുകി പുതുക്കേണ്ടതുണ്ടല്ലോ. ഇത്തരമൊരു പുതുക്കൽ 1-4-1997 മുതൽ നടപ്പിൽ വരേണ്ടതാണ്. ആ പുതുക്കലോടെ ആക്ഷേപങ്ങൾ മിക്കവാറും ഇല്ലാതാകുമെന്ന് പ്രതീക്ഷിക്കാം.

## 4. കച്ചവടത്തിനും മറ്റുമുള്ള ലൈസൻസ് ഫീസ്

നമ്മുടെ പഞ്ചായത്തിന് കച്ചവട സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസായി 1995-96ൽ 14250 രൂപ ലഭിച്ചിട്ടുണ്ട്. ഈ വരുമാനം വളരെ നിസ്സാരമാണ്. പഴയ നിരക്കിലാണിപ്പോഴും ലൈസൻസ് ഫീ ഈടാക്കുന്നത്. ഇപ്പോൾ 15 രൂപയുള്ള ലൈസൻസ് ഫീ 75 രൂപ വരെ ഉയർത്താവുന്നതാണ്. ഹോട്ടലുകളുടെ കാര്യത്തിൽ പഞ്ചായത്തിന് ശുചീകരണ വിഷയത്തിൽ വളരെയേറെ ചെലവ് വഹിക്കേണ്ടി വരുമെന്നതിനാൽ നന്നെ ചെറിയതല്ലാത്ത ഹോട്ടലുകൾക്ക് വരുമാനത്തിനനുസരിച്ച് 500 രൂപവരെ ലൈസൻസ് ഫീസായി ഈടാക്കാം. അപ്രകാരം തന്നെ തുണിക്കടകൾ, ഹാർഡ്‌വെയറുകൾ വലിയ മസാലക്കടകൾ, ആധുനിക ബാർബർ ഷാപ്പുകൾ, വലിയ പച്ചക്കറി കടകൾ, മറ്റു പ്രധാന കടകൾ , എന്നിവക്കും കച്ചവടത്തിന്റെയും ഇടപാടിന്റെയും തോതനുസരിച്ച് 150-250 രൂപയോളം ഫീസ് ഈടാക്കാവുന്നതാണ്. ഒരു കച്ചവടക്കാരനെയും ഫീസ് ചുമത്തുന്നതിൽ നിന്നും ഒഴിവാക്കരുത്.

നികുതി കൊടുക്കുക വഴി നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്ക് വഹിക്കുവാനുള്ള അവസരമാണു തങ്ങൾക്ക് ലഭിക്കുന്നതെന്ന ബോധം ജനങ്ങളിൽ വളർന്ന് വരണം. പഞ്ചായത്തിൽ നിലവിൽ വന്നിരിക്കുന്ന വാർഡ് വികസന സമിതികളും വാർഡ് പ്രതിനിധികളും ഉദ്യോഗസ്ഥരും കൂട്ടായി പ്രയത്നിച്ചാൽ നികുതി ഒടുക്കേണ്ടവരെക്കൊണ്ടെല്ലാം നികുതി കൊടുപ്പിക്കാൻ നമ്മുടെ പഞ്ചായത്തിനു കഴിയുമെന്നു തീർച്ചയാണ്.

## 5. തൊഴിൽ നികുതി

പഞ്ചായത്തതിർത്തിയിൽ ജോലി ചെയ്യുന്ന ഗവ.ജീവനക്കാർ, പ്രൈവറ്റ് സ്കൂൾ അധ്യാപകർ, ബേങ്ക് ജീവനക്കാർ, കച്ചവടക്കാർ എന്നിവരിൽ നിന്നാണ് ഇപ്പോൾ തൊഴിൽ നികുതി ഈടാക്കുന്നത്. 95-96 വർഷത്തിൽ 1,18,000 കയാണ് ഈയിനത്തിൽ പരിച്ചെടുത്തത്. പഞ്ചായത്തിൽജോലിചെയ്യുന്ന മുഴുവൻ പേരെയും (അവരുടെ ജോലി എന്തതന്നെ ആയിരുന്നാലും) തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരണം. പഞ്ചായത്തിലെ ജനസംഖ്യ ഇപ്പോൾ 28000 എങ്കിലും ആയിട്ടുണ്ടാവും. അതിൽ നിന്ന് താഴെ പറയുന്നവരെ ഒഴിവാക്കാം.

| | |
|---|---|
| ആകെ ജനസംഖ്യ | 28,000 |
| ശമ്പളമുള്ള ജോലി യില്ലാത്ത സ്ത്രീകൾ | 14,000 |
| വിദ്യാർത്ഥികളും ശിശുക്കളും | 10.500 |
| വൃദ്ധന്മാരും നിത്യരോഗികളും ഒരുജോലിയുമില്ലാത്തവരും | 500 |
| ആകെ ഒഴിവാകുന്നവർ | 25,000 |
| ബാക്കി നികുതികൊടുക്കേണ്ടവർ | 3,000 |

ഇവരിൽ വെറും 800 പേർ മാത്രമാണ് ഇപ്പോൾ നികുതി ദായകർ മാത്രമല്ല നമ്മുടെ പഞ്ചായത്തിൽ 200 പേരെങ്കിലും തമിഴ്നാട്, ആന്ധ്ര മുതലായ സംസ്ഥാനങ്ങളിൽ നിന്ന് വന്ന് ജോലി ചെയ്യുന്നവരുണ്ട്. അവരിൽ നിന്നും തൊഴിൽ നികുതി പിരിക്കാൻ പറ്റുമോ എന്നു കൂടി പരിശോധിക്കാവുന്നതാണ്. ഇപ്പോൾ തൊഴിൽ നികുതിയായി കിട്ടുന്ന ഒരു ലക്ഷം രൂപ നാലിരട്ടിയായെങ്കിലും വർദ്ധിപ്പിക്കാൻ പ്രയാസമേ ഉണ്ടാവുകയില്ല.

## 6. വിനോദനികുതി

ഈയിനത്തിൽ മൊത്തം 59,000 കയാണ് 95-96ൽ പിരിഞ്ഞുകിട്ടിയത്. അതായത്, ദിവസേന 162 ക വീതം മോങ്ങം കവിതാ ടാക്കീസിൽ നിന്നാണിത്. അവിടെ രണ്ടു തരം ടിക്കറ്റുകളാണുള്ളത്. 5 കയുടെയും 9 കയുടെയും ഓരോ അഞ്ചു രൂപാ ടിക്കറ്റിൽ നിന്നും 62 പൈസ വീതം വിനോദനികുതിയായും 38 പൈസ അഡീഷനൽ വിനോദനികുതിയായും കിട്ടുന്നു. ആകെ 1ക തോതിൽ അപ്രകാരം തന്നെ 9കയുടെ ടിക്കറ്റിൽ നിന്നും പഞ്ചായ

ത്തിനും ലഭിക്കുന്നത് 1.09 ക വിനോദനികുതിയായും 66 പൈസ അഡീഷനൽ വിനോദനികുതിയായും-മൊത്തം 1.75കയാണ്. ഇതിനു പുറമെ ഓരോ ഷോയ്ക്കും 2 കവീതം ഷോ ടാക്സ് ഈടാക്കുന്നുമുണ്ട്. ചുറ്റുവടത്തിലുള്ള പഞ്ചായത്തുകളിൽ നടപ്പിലുള്ള വിനോദനികുതി ഘടനകൾ പരിശോധിച്ച്, ഈ ഇനത്തിൽ ന്യായമായ വർദ്ധനവ് വരുത്തികൂടെയെന്ന് പരിഗണിക്കാവുന്നതാണ്.

### 7. മറ്റു ധനാഗമ മാർഗ്ഗങ്ങൾ

i) സ്റ്റേഡിയങ്ങൾ മൊറയൂറിന് ഇപ്പോൾ ഒരു സ്റ്റേഡിയത്തിനു സ്ഥലമായിട്ടുണ്ട്. ഓരോന്നു വീതം മോങ്ങത്തും അരിമ്പ്രയിലും ഒഴുകൂരിലും കൂടി പണിയണം. ലോൺ വാങ്ങി ഇങ്ങനെ 3 സ്റ്റേഡിയങ്ങൾ കൂടി നിർമ്മിക്കുകയും ഇപ്പോഴുള്ളത് മെച്ചപ്പെടുത്തുകയും ചെയ്താൽ കാണികളിൽ നിന്ന് ഈടാക്കി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാനും ജനങ്ങളിൽ പ്രത്യേകിച്ച് യുവാക്കളിൽ കളിയിലും അതുവഴി ആരോഗ്യ സംരക്ഷണത്തിലും താല്പര്യം ജനിപ്പിക്കുവാനും സാധിക്കും. നമ്മുടെ പഞ്ചായത്തിൽ നിന്നും സ്പോർട്സിന്റെയും ഗെയിംസിന്റെയും രംഗത്ത് ജില്ലാ, സംസ്ഥാന, അഖിലേന്ത്യാതലത്തിലെങ്കിലും ശോഭിക്കുന്ന പ്രതിഭകളെ വാർത്തെടുക്കാനും സാധക്കുമെന്നത് മറ്റൊരു മേഖലയിലുള്ള അമൂല്യവിഭവസമാഹരണമായിരിക്കുമെന്നു കൂടി ഇവിടെ എടുത്തുപറയട്ടെ.

#### ii) ബസ്സ് സ്റ്റാന്റ്

ഒരു ബസ്റ്റാന്റ് നിർമ്മിച്ച് അതിനുചുറ്റും ഷോപ്പിംഗ് കോംപ്ലക്സ് ഉണ്ടാക്കിയാൽ ധാരാളം വരുമാനം നേടാം. പക്ഷെ, അങ്ങനെ ഒരു പരിപാടിക്ക് നമ്മുടെ പഞ്ചായത്തിന് സാധ്യത കുറവാണെന്ന് തോന്നുന്നു.

#### iii) കമ്മ്യൂണിററിഹാൾ കം വെഡ്ഡിംഗ് ഹാൾ

നമ്മുടെ പഞ്ചാത്തിൽ സൗകര്യപ്രദമായ രീതിയിൽ സമ്മേളനങ്ങൾ, വിവാഹാഘോഷങ്ങൾ, മററ് പൊതു ചടങ്ങുകൾ മുതലായവ നടത്തുവാനായി ഒരു കമ്മ്യൂണിററി- കം- വെഡ്ഡിംഗ് ഹാൾ നിർമ്മിച്ചാൽ വാടകയിത്തിൽ നല്ലൊരുതുക പ്രതീക്ഷിക്കാവുന്നതാണ്. നിർമ്മാണത്തിനുള്ള പണം ലോണായി ലഭിച്ചേക്കും. വാടകമൂലം അത് തിരിച്ചടക്കാൻ കഴിയുമോ എന്നാലോചിച്ച് ഈകാര്യം തീരുമാനിക്കാവുന്നതാണ്.

#### iv) ഷോപ്പിംഗ് കോംപ്ലക്സ്

ഇതിന്റെ നിർമ്മാണത്തിന് പഞ്ചായത്ത് വക സ്ഥലമില്ലാത്തതിനാൽ ഈ ആവശശ്യത്തിന്റെ പരിഗഗണന തൽക്കാലം മാറ്റിവെക്കാം

(V) വിദേശത്ത് ജോലിയുള്ളവരുടെ പണത്തിന്റെ ഒരു വിഹിതം വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ പദ്ധതി തയ്യാറാക്കണമെന്നതാണ് വിശേഷാൽ ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ട ഒരാവശ്യം. സഹകരണാടിസ്ഥാനത്തിൽ വ്യവസായം തുടങ്ങുന്നതിന് ഈ കാര്യം പരിഗണിക്കാവുന്നതാണ്. "ആവുന്ന കാലത്ത് തൈപത്തു വെച്ചാൽ ആപത്തു കാലത്ത് കാപത്തു തിന്നാം" എന്ന ആപ്ത വാക്യത്തിന്റെ പൊരുൾ ഇപ്പോൾ ഗൾഫിലും മറ്റ് വിദേശ രാജ്യങ്ങളിലും ഉള്ളവരെ ബോധ്യപ്പെടുത്തണം. വിദേശത്ത് നിന്നും സമ്പാദിച്ചുകൊണ്ടിരിക്കുന്ന കാലത്ത് തന്നെ അവിടെ നിന്ന് ഫൈനൽ എക്സിറ്റിൽ മടങ്ങിവരേണ്ടി വരുമ്പോൾ അതവർക്ക് അനുഗ്രഹമായിത്തീരുമെന്ന് അവർക്ക് ബോധ്യമാവണം. എന്നാൽ അവർ ഇത്തരം വ്യാവസായിക സംരംഭങ്ങളുമായി സഹകരിക്കുമെന്നാണ് പ്രതീക്ഷ. പഞ്ചായത്ത് അംഗങ്ങളും മറ്റു വികസന സമിതി അംഗങ്ങളും ഇതിനായി വിദേശത്ത് ജോലി ചെയ്യുന്നവരെ അവർ ലീവിൽ വരുമ്പോൾ സമീപിച്ചാലെ ഈ നിർദ്ദേശം പ്രാവർത്തികമാക്കാനാകൂ.

(VI) സാമ്പത്തിക ശേഷിയുള്ളവരെക്കൊണ്ടും സഹകരണാടിസ്ഥാനത്തിൽ വ്യവസായം തുടങ്ങിക്കുക വഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാമെന്നാണ് വിശേഷാൽ ഗ്രാമസഭയിൽ ഉന്നീതമായ ഒരു നിർദ്ദേശം. പണമുള്ളവരെക്കൊണ്ട് സ്വകാര്യവ്യവസായ സംരംഭങ്ങളാരംഭിക്കാൻ പഞ്ചായത്തും മറ്റു വികസന സമിതികളും പരിശ്രമിച്ചാൽ പഞ്ചായത്തിന്റെ വികസനത്തിന് അത് വഴി തെളിയിക്കുമെന്നതിൽ സംശയമില്ല. സഹകരണാടിസ്ഥാനത്തിൽ വ്യവസായങ്ങളാരംഭിക്കേണ്ട കാര്യം നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ വീണ്ടും പരാമർശിക്കുന്നില്ല.

#### (vii) ടാക്സി സ്റ്റാന്റ്

മൊറയൂർ, മോങ്ങം, വാലഞ്ചേരി, അരിമ്പ്ര പാലത്തിങ്ങൾ, സ്കൂൾ പടി എന്നീ അങ്ങാടികളിൽ ഇപ്പോൾ തന്നെ ധാരാളം പിക്കപ്പുകൾ, ജീപ്പുകൾ, ഓട്ടോറിക്ഷകൾ, ഗുഡ്സ് റിക്ഷകൾ, എന്നിവ ഓട്ടത്തിനായി പാർക്കു ചെയ്യുന്നുണ്ട്. ആ സ്ഥലങ്ങളിൽ അവ ഓട്ടത്തിനു നിർത്തിയിടാനായി പ്രത്യേകസ്ഥലം അടയാളപ്പെടുത്തി, അവിടെ ഓട്ടത്തിനു നിർത്തിയിടുന്ന ഓരോ വാഹനത്തിനും പാർക്കിംഗ് ഫീസായി വർഷം തോറും നൂറോ ഇരുന്നൂറോ രൂപ വസൂൽ ചെയ്യാവുന്നതാണ്.

#### (viii) കൃഷിയോഗ്യതരിശ് ഭൂമി

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 1650 ഹെക്ടർ കൃഷിയോഗ്യമായ തരിശ് ഭൂമിയുണ്ട്. ആ സ്ഥലത്തിന് ഒരു പ്രത്യക നികുതി ഈടാക്കാവുന്നതാണ്.

### (ix) ടൂറിസം

നമ്മുടെ പഞ്ചായത്തിലെ 8-ാം വാർഡിൽ 'അടയാളം പാറ' എന്നിടം അത്യപൂർവ്വമായ പ്രകൃതിരമണീത കണ്ടാസ്വദിക്കാൻ പറ്റിയ സ്ഥലമാണ്. വയനാട് ജില്ലയിലെ ലക്കിടിയിൽനിന്ന് ആസ്വദിക്കാവുന്ന ഏതാണ്ടതേ മനോഹര ദൃശ്യം ഇവിടെയുണ്ട് ഇത് സന്ദർശകർക്കും തദ്ദേശവാസികൾക്കും ഒരു പോലെ ഒരുവിധത്തിലും ദോഷം വരുത്താത്ത വിധം ശാലീനതയോടെ, നിർമ്മലമായി, ഒരു സുന്ദരമായ പ്രകൃതിദർശന സ്ഥലമായി വികസിപ്പിച്ചെടുക്കാൻ സാധിക്കുമോ എന്നും അതുമൂലം പഞ്ചായത്തിനു വല്ല സാമ്പത്തിക ലാഭവും നേടാൻ കഴിയമോ എന്നും വിശദമായി പരിശോധിക്കേണ്ടതാണ്. സാധാരണയായി ടൂറിസം എന്നു കേൾക്കുമ്പോൾ തന്നെ മനസ്സിൽ വന്നണയുന്ന മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപഭോഗം, ലൈംഗീകാരജകത്വം മുതലായതിന് സാധ്യത ഉണ്ടായികൂടെന്നില്ല. അങ്ങനെയെങ്കിൽ, ഈ സംരംഭം ഉപേക്ഷിക്കുന്നതായിരിക്കും ഏതു നിലയിലും അഭികാമ്യം.

### (x) കുറിനടത്തിപ്പ്.

കെ.എസ്.എഫ്.ഇ നടത്തുന്നപോലെ എന്നാൽ വളരെ പരിമിതമായ തോതിൽ മാസംതോറം കുറി നടത്തിയാൽ പഞ്ചായത്തിനു വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്നു തോന്നുന്നു. പഞ്ചായത്ത് സ്ഥാപനം നടത്തുന്ന കുറിയാവുന്നതുകൊണ്ട്, കൊടുക്കുന്ന പണത്തിന് എല്ലാവിധത്തിലും സുരക്ഷിതത്വമുണ്ടെന്നുള്ളതുകൊണ്ട് കുറിയിൽ ചേരുവാൻ ആളുകൾ മുന്നോട് വരുമെന്നുറപ്പാണ്. മാത്രമല്ല, ദൂരത്തുള്ള കെ.എസ്.എഫ്.ഇ.യുടെ ഓഫീസുകളിൽ പോയി കുറിയിൽ ചേരാനും ഇടയ്ക്കിടെ പോയി തുകകൾ അടക്കാനും മറ്റുമുള്ള അസൗകര്യം കുറഞ്ഞുകിട്ടുകയും ചെയ്യും. പഞ്ചായത്തു നടത്തുന്ന കുറി ഈ പഞ്ചായത്തിൽ കേന്ദ്രീകരിച്ചായതിനാൽ കെ.എസ്.എഫ്ഇ. യുടെ നടത്തിപ്പിനെ ദോഷകരമായി ബാധിക്കാനുമിടയില്ല. ഇങ്ങനെ പഞ്ചായത്ത് കുറി നടത്തുന്നതിനെ പറ്റി തീർച്ചയായും വിശദമായി പരിശോധിക്കാവുന്നതാണ്.

### (ix) അറവുശാലകൾ, മത്സ്യമാർക്കറ്റുകൾ

പഞ്ചായത്തിലുള്ള അറവുശാലകൾ, മത്സ്യ മാർക്കറ്റുകൾ എന്നിവയിൽ നിന്ന് ദിവസേന ഒരു ചെറിയ ഫീസ് (ഇരുപതോ, ഇരുപത്തഞ്ചോ രൂപ) പിരിക്കുന്നത് മൂലം പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

### (xii) റോഡ് വക്കിലെ വൃക്ഷങ്ങളും വൃക്ഷഫലങ്ങളും

നമ്മുടെ പഞ്ചായത്തതിർത്തിക്ക് ഉള്ളിലുള്ള എല്ലാതരം റോഡുകളുടേയും (സ്റ്റേറ്റ് ഹൈവേ, മേജർ ജില്ലാ റോഡുകൾ, പഞ്ചായത്ത് റോഡുകൾ) ഇരുവശങ്ങളിലുമുള്ള എല്ലാതരം വൃക്ഷങ്ങളും അവയിൽനിന്നുണ്ടാകുന്ന എല്ലാ ഫലങ്ങളും (തേങ്ങ, ചക്ക, പുളി മുതലായവ) പഞ്ചായത്തിൽ നിക്ഷിപ്തമാക്കേണ്ടതാണ്. പി.ഡബ്ല്യയു.ഡി. ലേലം ചെയ്തുകിട്ടുന്ന തുകയേക്കാൾ അധികം സംഖ്യ, പഞ്ചായത്ത് ലേലം ചെയ്താൽ കിട്ടാൻ സാധ്യതയുണ്ട്. വൃക്ഷഫലങ്ങൾ ലേലം ചെയ്താലും ഉണങ്ങിയതോ അപകടകരമായി സ്ഥിതി ചെയ്യുന്നതോ ആയ മരങ്ങൾ ലേലം ചെയ്തു വിൽക്കുമ്പോഴും സ്ഥിതി അപ്രകാരം തന്നെ ആയിരിക്കും.

### (xiii) ഖനനം

**(a) മണ്ണ്:** നമ്മുടെ പഞ്ചായത്തിൽ നിന്നും വിലയേറിയ മണ്ണ് രണ്ടിടത്തുനിന്ന് നീക്കം ചെയ്യപ്പെടുന്നുണ്ട്. 4-ാം വാർഡിൽപ്പെട്ട അയ്യാടക്കുന്നിൽ നിന്നും 5,11, എന്നീ രണ്ട് വാർഡുകളിൽപ്പെടുന്ന ചക്കുമ്പുറത്ത് നിന്നും ആണത്. മലയിടിച്ചുനിരത്തിയാണ് മണ്ണെടുക്കുന്നത്. കരിപ്പൂർ വിമാനത്താവള വികസനത്തിന്റെ ഭാഗമായി വയൽ നികത്തി റൺവേയുടെ നീളം 6000 അടിയിൽ നിന്നും 9000 ആക്കി നീട്ടുന്നതിനാണ് മണ്ണ് നീക്കം ചെയ്യപ്പെടുന്നത്. ഈ മണ്ണെന്ന വിഭവം നമ്മുടെ പഞ്ചായത്തിൽ നിന്നും എന്നെന്നേക്കുമായി നീക്കം ചെയ്യപ്പെടുമ്പോൾ, പഞ്ചായത്തിനായി-അതായത് പഞ്ചായത്തിലെ ജനങ്ങൾക്കായി-ഒന്നും ലഭിക്കുന്നില്ലെന്നുള്ളത് അനീതിയാണ്-മേൽ ആവശ്യത്തിന് നീക്കം ചെയ്യപ്പെടുന്ന ഓരോ ലോഡിനും ചുരുങ്ങിയത് രണ്ടുറുപ്പികയെങ്കിലും പഞ്ചായത്തിനു ലഭിക്കുവാൻ ഉടനടി നടപടി യെടുക്കണം.

**(b) ചെങ്കല്ല്:** ഈ പഞ്ചായത്തതിർത്തിയിൽ ഇപ്പോൾ ചെങ്കല്ല് ക്വാറികൾ പ്രവർത്തിക്കുന്നില്ല. പ്രവർത്തനം ആരംഭിച്ചാൽ, ഓരോ ലോഡ് ചെങ്കല് ക്വാറിയിൽ നിന്നും കടത്തിക്കൊണ്ടുപോകുന്നതിന് ചുരുങ്ങിയത് 30 (മുപ്പത്) രൂപയെങ്കിലും പഞ്ചായത്തിനു നൽകേണ്ടതാണ്.

**(c) കരിങ്കല്ല്:** നമ്മുടെ പഞ്ചായത്തിൽ പല സ്ഥലങ്ങളിൽ നിന്നും-പട്ടിക താഴെ വെച്ചിട്ടുണ്ട്. കരിങ്കൽ പല രൂപത്തിലും (അതായത് സീവാൾ, ബൂൾഡർ, 6 സൈസ് 11/2 സൈസ് 1/2 സൈസ്, ബേബിജല്ലി, കരിങ്കൽപ്പൊടി എന്നീ രൂപങ്ങളിൽ കടത്തിക്കൊണ്ടു പോകുന്നുണ്ട്. ഇങ്ങനെ കൊണ്ടുപോകുന്ന ഓരോ ലോഡിനും 15 (പതിനഞ്ച്) രൂപ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്

### (xiv) കാർഷിക, വ്യാവസായിക, വിദ്യാഭ്യാസ പ്രദർശനം:

കോഴിക്കോടും മലപ്പുറത്തുമെല്ലാം നടത്തപ്പെടാറുള്ള

**കരിങ്കൽ ക്വാറികളുടെ പട്ടിക**

| ക്രമ നമ്പർ | വാർഡ് നമ്പർ | ക്വാറി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പേർ | ക്വാറിയുടെ പേർ |
|---|---|---|---|
| 1 | 1. | ഒഴൂകൂർ | ക്രഷർ ക്വാറി |
| 2 | 1 | „ വെസ്റ്റ് ബസാർ | – |
| 3. | 1 | „ | – |
| 4. | 3 | ഒഴൂകൂർ | പാലീരിപ്പാര ക്വാറി |
| 5. | 4 | – | തവളപ്പാറ ക്വാറി |
| 6. | 4 | – | മണിയങ്കോട്ടു ചാലിക്വാറി |
| 7. | 4 | – | തവളപ്പാറ ക്വാറിക്ക് താഴെയുള്ള തെക്കേകെണ്ടിയിലെ ക്വാറി |
| 8. | 5 | – | കോളനി റോഡിൽ കോട്ടമ്മലുള്ള ക്വാറികൾ |
| 9. | 6 | – | പാറക്കൽ പുറായി ക്വാറി |
| 10. | 7 | – | ബിരിയപുരം ക്വാറി |
| 11. | 8 | – | വരിക്കോട് പാറ ക്വാറി |
| 12. | 8 | – | ഉണ്ണിച്ചോല ക്വാറി |
| 13. | 8 | | പൂതനപ്പറന് ക്വാറി |
| 14. | 9 | – | എറ്റാളക്കുണ്ട് (കാരാതടം) ക്വാറി. |

തുപോലെ, മൊറയൂർ പഞ്ചായത്തിലും, പരീക്ഷണാർത്ഥമായെങ്കിലും, ഒരു ബൃഹത്തായ കാർഷിക വ്യവസായിക, വിദ്യാഭ്യാസ പ്രദർശനം ഷെഡ്ഡ് കെട്ടി വിശാലമായ വയലിലോ മറ്റോ സംഘടിപ്പിക്കാവുന്നതാണ്.

KSEB, KWA, PWD, COIR Board, അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റ്, വ്യവസായ ഡിപ്പാർട്ടുമെന്റ്, എന്നീ വകുപ്പുകളുടെ സഹകരണവും പങ്കാളിത്തവും പ്രദർശനത്തിൽ ഉറപ്പു വരുത്തേണ്ടതാണ്. പ്രധാന കമ്പനികളുടെ ഗൃഹോപകരണങ്ങൾ, കാർഷിക ഉപകരണങ്ങൾ മെഷിനറികൾ, ഫർണീച്ചറുകൾ, തുണിത്തരങ്ങൾ കരകൗശല വസ്തുക്കൾ, വളയിനിങ്ങൾ മുതലായവ ഇതിൽ പ്രദർശിപ്പിക്കപ്പെടേണ്ടതാണ്. കൂടാതെ നമ്മുടെ നാട്ടിലെ കർഷകരിൽ നിന്നുമുള്ള കാർഷികവിഭവങ്ങളുടെ പ്രദർശ്നവും ഉൾപ്പെടുത്തേണ്ടതാണ്. ആധുനികയുഗത്തിൽ ആവശ്യമായ ഉപകരണങ്ങളും മറ്റുമെല്ലാമായി ഉൾപ്രദേശത്തെ പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും പരിചയപ്പെടുവാൻ ഇത്തരമൊരു പ്രദർശനം ഉപകരിക്കും. പ്രവേശന ഫീസിലൂടെ വല്ല സാമ്പത്തിക പ്രയോജനവും പഞ്ചായത്തിനു ലഭിച്ചാൽ അതൊരു ഇരട്ട നേട്ടമായി വേണം പരിഗണിക്കാൻ. ലാഭമില്ലെങ്കിലും ഒരിക്കലും നഷ്ടം വരാത്ത വിധമായിരിക്കണം അത് സംഘടിപ്പിക്കപ്പേണ്ടത്. ഏതായാലും ഈ നിർദേശം പരിഗണനാർഹമാണെന്നാണ് തോന്നുന്നത്.

### (xv) പഞ്ചായത്ത് വികസനത്തിൽ ശ്രമദാന സമാഹരണം:

പഞ്ചായത്തിലെ വികസനത്തിന്റെ ഏത് രംഗമെടുത്താലും ശ്രമദാനത്തിന് മഹത്തായ ഒരു പങ്കാണ് ഉള്ളത്. ചെറുതും വലുതുമായ ഏത് പ്രവർത്തനത്തിലും, ഇതിന്റെ പ്രാധാന്യം അവഗണിക്കാവതല്ല. ആ സൂത്രണത്തിൽ മാത്രമാണല്ലല്ലോ ജനപങ്കാളിത്തം വേണ്ടത്. പദ്ധതികളുടെ നടത്തിപ്പിലും അതുണ്ടായലേ ജനപങ്കാളിത്തം അർത്ഥപൂർണ്ണാവൂ. നടത്തിപ്പിൽതന്നെ മേൽനേട്ടം മാത്രമായാലും ജനപങ്കാളിത്തം പൂർണ്മായെന്ന് പറയാനൊക്കില്ല. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചാണെങ്കിൽ 2-ാം വാർഡിലെ നിവാസികൾ നെരവത്ത് പൂണാൽതൊടി എടവഴി നിർമ്മാണത്തിന് വേണ്ട ശ്രമദാനത്തിനു തയ്യാറാണെന്ന് വിശേഷാൽ ഗ്രാമസഭയിൽ പറഞ്ഞിരുക്കുന്നു. അപ്രകാരംതന്നെ, 10-ാം വാർഡു

കാരും കോളനിയിലേക്കും മറ്റുമുള്ള നടപ്പാത നിർമ്മാണത്തിനും ശ്രമദാനം നൽകാൻ തയ്യാറാണ്. മൂന്നും, എഴും വാർഡുകാർ പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിന് നിബന്ധനയൊന്നും കൂടാതെ ശ്രമദാനത്തിന് തയ്യാറാണെന്നും വിശേഷാൽ ഗ്രാമസഭയിൽ പറഞ്ഞിട്ടുണ്ട്. ഇതെല്ലാം ഉദാത്തമായ ഒരു നിലപാട് തന്നെ അത്യന്തം ആഹ്ലാദകരവും അതേസമയം ശ്ലാഘനീയവുമാണത്. നമ്മുടെ പഞ്ചായത്തിലെ എല്ലാ വികസന പദ്ധതികളിലും നാം ഈ ശ്രമദാന സംസ്കാരം വളർത്തിയെടുക്കണം. പ്രയോഗവൽക്കരിക്കണം. ശ്രമദാനത്തിന് തയ്യാറുള്ളവരുടെ ഒരു ലിസ്റ്റ് ഓരോ വാർഡിൽ നിന്നും ശേഖരിച്ച് പഞ്ചായത്തിൽ സൂക്ഷിച്ചുവെക്കണം-ശ്രമദാനം വേണ്ടപ്പോൾ ഉപയോഗപ്പെടുത്താൻ വേണ്ടി, ഈ ശ്രമദാനത്തിന് വിദ്യാഭ്യാസമുള്ളവനെന്നോ വിദ്യാഭ്യാസമില്ലാത്തവനെന്നോ ധനവാനെന്നോ ദരിദ്രനെന്നോ മറ്റോ ഉള്ളയാതൊരു വ്യത്യാസവുമില്ലാതെ ഒരു ബഹുജന പ്രസ്ഥാനമെന്ന നിലയ്ക്ക് ഉയർത്തികൊണ്ടുവരണം. അതിന് പഞ്ചായത്തും വികസന സമിതിയും മുൻകൈയ്യെടുക്കേണ്ടതാണ്. മോങ്ങത്തെ ദർശനാ ക്ലബ്ബ്, മനീഷ, വിഭാവന ക്ലബ്ബുകൾ മുതലായ സന്നദ്ധ സേവാ സംഘടനകളിലൂടെയും ശ്രമദാനം സംഘടിപ്പിക്കാവുന്നതാണ്.

ഇത്തരം സന്നദ്ധസംഘടനകൾ വേറെയുമുണ്ട്. നമ്മുടെ പഞ്ചായത്തിൽ അവ ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾ അമൂല്യമാണ് എന്ന് പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ.

### (xvi)നമ്മുടെ പഞ്ചായത്തിലെ സാമ്പത്തിക സ്ഥാപനങ്ങൾ.

നമ്മുടെ പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണ ബാങ്കും, പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സൊസൈറ്റിയും, ഫെഡറൽ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് ഇവയുടെ ഓരോ ശാഖവീതവുമുണ്ട്.

ഈ പഞ്ചായത്തിലെ ബാങ്കുകളെല്ലാം വിവിധ ആവശ്യങ്ങൾക്കായി കുറെയൊക്കെ ലോണുകൾ കൊടുത്തിട്ടുണ്ട്. സർവ്വീസ് സഹകരണ ബാങ്കിനെ സംബന്ധിച്ചിടത്തോളം അവർക്ക് വേണ്ടത്ര നിക്ഷേപങ്ങൾ ലഭിക്കുന്നില്ല. ജില്ലാ ബാങ്കിൽ നിന്നും വേണ്ടത്ര വായ്പകളും ലഭിക്കുന്നില്ല. വായ്പ ലഭിച്ചാൽ തന്നെ നിലവിൽ ലോണുകളുള്ളവർ അടച്ചുതീർത്താൽ അവർക്കുമാത്രമെ വായ്പകൾ ലഭിക്കാൻ സൗകര്യമുള്ളൂ. അഥവാ വല്ലപ്പോഴും പുതിയ അപേക്ഷകർക്ക് ലോണുകൾ അനുവദിക്കണമെങ്കിൽതന്നെ, ഡയരക്ടർ ബോർഡ് സമ്മേളിക്കാതെ സെക്രട്ടറിക്ക് ഉടനെത്തന്നെ കുറഞ്ഞ തുകയെങ്കിലും പാസ്സാക്കി കൊടുക്കുവാൻ അധികാരവുമില്ല. ഈ സ്ഥിതി വിശേഷം സ്വൽപം മാറ്റിയെടുക്കാനായി റിക്കറിംഗ് നിക്ഷേപ പദ്ധതി തുടങ്ങുവാനും SB, FD, എന്നിവയിൽ കൂടുതൽ നിക്ഷേപകരെ ചേർക്കുവാനും ബാങ്കിന് പരിപാടിയുണ്ട്.

സ്വകാര്യ ഫൈനാൻസിയേഴ്സ് നമ്മുടെ പഞ്ചായത്തിൽ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നില്ലെങ്കിലും, ചില ഭാഗങ്ങളിൽ പാവപ്പെട്ടവരിൽ നിന്നും കഴുത്തറപ്പൻ പലിശ ഈടാക്കിക്കൊണ്ട് പ്രവർത്തിച്ചുവരുന്നതായിട്ടാണ് അറിവ്-സാധാരണക്കാരനെ ഇവരുടെ കെണിയിൽനിന്നും രക്ഷിക്കുന്നതിനായി നമ്മുടെ ബേങ്കുകളിൽ നിന്നും വായ്പ ലഭിക്കുന്നതിനുവേണ്ട നടപടികൾ ഉദാരവൽക്കരിക്കേണ്ടതുണ്ട്. അതുപോലെ നമ്മുടെ പഞ്ചായത്തിൽ നിന്നും സാമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 80-90 ശതമാനമെങ്കിലും, അപേക്ഷരുണ്ടെങ്കിൽ, ഇവിടെ തന്നെ വായ്പകൊടുക്കുവാൻ ബാങ്കുകൾ നിർബന്ധിക്കപ്പെടേണ്ടതുമാണ്.

പഞ്ചായത്തുകൾക്ക് വായ്പ എടുക്കുവാനുള്ള സാധ്യത പുതിയ പഞ്ചായത്ത് ആക്ടിലുണ്ട്. പഞ്ചായത്ത് അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കണെമെന്നത് ബാങ്കുകളുടെ ഉത്തരവാദിത്വമായി നിയമത്തിൽ വ്യവസ്ഥ ചെയ്യപ്പെടേണ്ടതാണ്.

• • •

# പിൻകുറിപ്പ്

ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചു – ഈസ്റ്റ് ഇന്ത്യാ കമ്പനി തടിച്ച് കൊഴുത്തപ്പോൾ ഭാരതം മെലിഞ്ഞൊട്ടുകയായിരുന്നു. ഒന്നര നൂറ്റാണ്ട് കാലത്തെ വിദേശ ഭരണത്തിന്റെ തിരശ്ശീല വീണ്, രാജ്യഭരണം നമ്മുടെ കയ്യിലെത്തിയപ്പോഴാണ് ഭാരതമെന്ന സമ്പൽ സമൃദ്ധമായ നാടിന്റെ മജ്ജയും മാംസവും വെള്ളക്കാർ ഊറ്റിയെടുത്ത കാര്യം നാം തിരിച്ചറിയുന്നത്.

രാഷ്ട്രശില്പികൾ രാജ്യഭരണത്തിന്റെ ചക്രം തിരിക്കാൻ തുടങ്ങിയപ്പോൾ തിരിച്ചറിവിൽ നിന്ന് പാഠം ഉൾക്കൊള്ളാൻ തുടങ്ങി. വികസനത്തിന്റെ പാതയിൽ ബഹുദൂരം പിൻതള്ളപ്പെട്ട ഇന്ത്യയെ എങ്ങനെ കൈപിടിച്ചുയർത്താം എന്ന ചിന്തയിൽനിന്നാണ് പഞ്ചവത്സര പദ്ധതികൾ എന്ന ആസൂത്രിത വികസന പദ്ധതികൾ രൂപംകൊണ്ടത്.

പദ്ധതികൾ 8 എണ്ണം പിന്നിട്ടപ്പോൾ ഇന്ത്യ വികസനത്തിന്റെ മാർഗ്ഗത്തിൽ ബഹുദൂരം മുന്നോട്ട് പോയിട്ടുണ്ടെന്ന് സമ്മതിക്കാതിരിക്കുന്നത് നന്ദികേടായിരിക്കും. ഈ പദ്ധികളാണ് വികസന രംഗത്ത് ഇപ്പോഴുള്ള സുന്ദരമായ മുഖം ഇന്ത്യയ്ക്ക് നൽകിയത്. എങ്കിലും ചില പദ്ധതികളിൽ ആസൂത്രണത്തിന്റെ അഭാവമോ കാര്യക്ഷമതയുടെ കുറവോ എന്തോ? ഗ്രാമ വികസനത്തിന്റെ കാര്യത്തിൽ വേണ്ട രീതിയിൽ ഫലം ചെയ്യാതെ പോയിട്ടുണ്ടെന്ന വിലയിരുത്തലിൽനിന്നാണല്ലോ ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന ചിന്ത പൊട്ടിമുളച്ചത്.

ഒമ്പതാം പദ്ധതിയിൽ കേരളത്തിന് വകയിരുത്തുന്ന മൊത്തം അടങ്കലിന്റെ 40 ശതമാനം എങ്ങനെ വിനിയോഗിക്കാമെന്ന് ഗ്രാമങ്ങളിൽനിന്ന് പ്രകടിപ്പിക്കുന്ന വികാര വിചാരങ്ങൾക്കനുസരിച്ച് സ്കീമുകളും പദ്ധികളുമാകുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. രാഷ്ട്രപിതാവിന്റെയും ബാപ്പുകുരിക്കളുടേയും സ്വപ്നങ്ങൾ സാക്ഷാത്കൃതമാകുന്നതോടെ ഗ്രാമ വികസനത്തിന് പുതിയൊരു മുഖം കൈവരികയാണ്.

വികസനത്തിന്റെ വെള്ളി വെളിച്ചം നാട്ടിൻപുറങ്ങളിലെത്തിക്കാണാൻ താല്പര്യപൂർവ്വം കാത്തു നിൽക്കുന്ന ഗ്രാമവാസികൾ അവരുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും വിശേഷാൽ ഗ്രാമ സഭകളിലെ ചർച്ചകളിലൂടെ രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്. ആ ഗ്രാമസഭാ റിപ്പോർട്ട് തന്നെയാണ് ഈ വികസന രേഖയുടെ അടിസ്ഥാന ഘടകം. ചുരുങ്ങിയ സമയത്തിന്നുള്ളിൽ ഭരണസമിതി അംഗങ്ങളും, ആസൂത്രണ പ്രവർത്തകരും സന്നദ്ധ സേവകരും ഒത്തുചേർന്നിട്ടാണ് ഈ റിപ്പോർട്ട് ഈ രൂപത്തിൽ പാകപ്പെടുത്തിയെടുത്തത്. പഠന പര്യടനവും ദ്വിതീയ വിവരശേഖരണവും ചരിത്ര പഠനവും എല്ലാംകൂടിയായപ്പോൾ ഇതിന് ഏറെക്കുറെ അതിന്റേതായ രൂപവും ഭാവവും കൈവന്നു എന്നുതന്നെയാണ് ഞങ്ങളുടെ വിശ്വാസം. എന്നാലും ഇത് പൂർണ്ണമായെന്ന അവകാശ വാദത്തിന് മുതിരുന്നില്ല.

വികസനരേഖയുടെ പണിപ്പുരയിൽ വിശ്രമമറിയാതെ പണിയെടുത്തവരേയും പൂർണ്ണമായി സഹകരിച്ച പഞ്ചായത്തിലെ ഉദ്യോഗസ്ഥ മേധാവികളേയും അവസാന നാളുകളിൽ പ്രൂഫ് വായനക്ക് ഉറക്കമൊഴിച്ചവരേയും നന്ദിയോടെ ഓർക്കുന്നു. മൊറയൂർ പഞ്ചായത്ത് ബോർഡ് അംഗങ്ങളുടെ വിശദമായ വിശകലനത്തിന് ശേഷം ഐക്യകണ്ഠേന അംഗീകരിച്ച ഈ റിപ്പോർട്ട് വിശദമായ ചർച്ചകൾക്കുവേണ്ടി മൊറയൂർ ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിന് സവിനയം സമർപ്പിക്കുന്നു.

ഭരണസമിതിയ്ക്കുവേണ്ടി

പ്രസിഡണ്ട്,

**കെ.അഹമ്മദ് എന്ന ബാപ്പു**

മൊറയൂർ ഗ്രാമ പഞ്ചായത്ത്

ഇത് മൊറയൂരിന്റെ വികസന രേഖയാണ്

വെളിച്ചമെത്താത്തെ ഒരു പിന്നോക്ക പ്രദേശത്തിന്റെ

വികസനത്തിന്റെ രൂപരേഖയാണ്

ചരിത്രപരമായ കാരണങ്ങളാൽ

പിന്നോക്കത്തിന്റെ പുറംപോക്കുകളിലേക്ക് തള്ളപ്പെട്ട

ഈ അവികസിത മേഖലയിൽ

വികസനത്തിന്റെ വെള്ളിവെളിച്ചമെത്തിക്കാൻ

മേമ്പൊടിയ്ക്കിത്തിരി ആത്മാർത്ഥതയും


അത്രതന്നെ ശുഷ്കാന്തിയും ഉണ്ടായാൽ

ആസൂത്രണം അർത്ഥപൂർണ്ണമാകും.



പ്രകൃതിയെക്കുറിച്ചുള്ള ഒരു അന്വേഷണം,
പഠന പര്യടനത്തിൽ നിന്ന് ഒരു ദൃശ്യം

# കേരളം



308





ജനകീയാസൂത്രണം

# സമഗ്ര വികസന രേഖ



# ഊരകം

## ഗ്രാമ പഞ്ചായത്ത്

309

*With Best Compliments from*

# ഊരകം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് .

**നമ്പർ എഫ് 1447**

**ഊരകം മേൽമുറി (പി. ഓ)**

**PH: (04944) 50206**

- നിക്ഷേപങ്ങൾക്ക് 15 1/2 % വരെ പലിശ നൽകുന്നു.
- അംഗങ്ങൾക്ക് കാർഷികേതര വായ്പകൾ അനുവദിക്കുന്നു.

**A.T.** ആലിക്കുട്ടി ഹാജി
പ്രസിഡണ്ട്.


K.സുജാത
സെക്രട്ടറി

310

# ഊരകം ഗ്രാമ പഞ്ചായത്ത്

## ജനകീയാസൂത്രണ പരിപാടി

## സമഗ്ര വികസന രേഖ.




# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ഊരകം.

9.12.1996

311



''സ്വാതന്ത്ര്യം അടിത്തട്ടിൽ നിന്നും ആരംഭിക്കണം. ഓരോ ഗ്രാമവും പൂർണ്ണമായ അധികാരങ്ങളുള്ള ഓരോ റിപ്പബ്ലിക്കോ പഞ്ചായത്തോ ആകണം. ഓരോ ഗ്രാമവും പ്രതിരോധമുൾപ്പെടെ എല്ലാകാര്യങ്ങളും നടത്തതക്ക വിധം സ്വയം പര്യാപ്തമായിരിക്കണം.''

മഹാത്മാഗാന്ധി.


## എഡിറ്റോറിയൽ ബോർഡ്

എഡിറ്റർ

കെ.ബാലചന്ദ്രൻ

എഡിറ്റോറിയൽ സ്റ്റാഫ്

എം.എം.അബ്ദുൽ റഹ്മാൻ
ടി.പ്രകാശ്
ടി.അബ്ദുൽ റഹിമാൻ
എം.കെ.മുഹമ്മത്
എസ്.സദാശിവൻ പിള്ള
ഡോക്ടർ സുബൈദ ഇസ്മയിൽ
ഡോ. ബി.മുരുകേശ്
ജി.എം.ആചാരി
പി.ടി.മൊയ്തീൻ കുട്ടി
ടി.നിർമ്മല
ശിവരാമകൃഷ്ണൻ മാസ്റ്റർ
അബ്ദുൽ മജീദ്.എം.കെ
പുലാക്കൽ കതീജ
കുഞ്ഞഹമ്മത്.വി.കെ
ഇ.കെ.കുഞ്ഞാലി



Cover Designing

Sudheesh Dataflex

Designing, Lay Outing & Printing

**DATAFLEX** DTP & OFFSET
Manjeri - 676 121

## വിഷയവിവരം

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സാമൂഹ്യ സാംസ്ക്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി
5. സാമൂഹ്യ സാമ്പത്തിക മേഖല.
   5-1 കൃഷിയും ജലസേചനവും
   5-2 മൃഗ സംരക്ഷണവും മത്സ്യ ബന്ധനവും
   5-3 വ്യവസായം
   5-4 വിദ്യാഭ്യാസം
   5-5 കുടിവെള്ളവും പൊതുജനാരോഗ്യവും
   5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും
   5-8 സംസ്കാരം
   5-9 വനിത
   5-10 സഹകരണം
   5-11 പട്ടികജാതി, പട്ടിക വർഗ്ഗ ക്ഷേമം
   5-12 വിഭവ സമാഹരണം
6. ഉപസംഹാരം.

313

## ഉന്നത സഭകളിൽ ഊരകം പഞ്ചായത്തിന്റെ പ്രാതിനിധ്യം

| | | |
|---|---|---|
| ലോകസഭ | : | ജനാബ് : ഇ.അഹമ്മത് സാഹിബ് എം .പി. |
| നിയമസഭ | : | ഡോ : എം.കെ.മുനീർ.എം.എൽ.എ |
| ജില്ലാപഞ്ചായത്ത് | : | അഡ്വ : കെ.പി.മറിയുമ്മ. |
| ബ്ലോക്ക് പഞ്ചായത്ത് | : | എ.അഹമ്മത് കുട്ടി. |

## മുൻ പഞ്ചായത്ത് പ്രസിഡന്റ്മാർ



പി.കെ.മുഹമ്മത കുട്ടി
1963മുതൽ1979വരെ



കെ.കെ.പൂക്കോയതങ്ങാം
1979മുതൽ1996വരെ


## പഞ്ചായത്ത് ഭരണ സമിതി.



പാങ്ങാട്ട് യൂസഫ്
ഹാജി.പ്രസിഡൻറ്



ഇ.കെ.കുഞ്ഞാലി
വൈ.പ്രസിഡൻറ്



എം.കെ.അബ്ദുൽ മജീദ്.
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ



പാറക്കൽ ഖദീജ




പൂലാക്കൽ ഖദീജ



പറമ്പത്ത്
അബ്ദുറഹിമാൻ



പാലേരി ഫാത്തിമാ
ലത്തീഫ്



പൂക്കുന്ന്
മുഹമ്മത്



പുഴിതറ ഷംശാദ്



എ.പി.ഉണ്ണി.



ഇ.കെ.വിശാലാക്ഷി
സെക്രട്ടറി - ഗ്രാമപഞ്ചായത്ത്

# ആമുഖം

ഇന്ത്യയെ പോലുള്ള വിശാലവും വൈവിധ്യവുമാർന്ന രാജ്യത്ത് സമഗ്രവികസനത്തിൻെറ ആണിക്കല്ലാണ് പ്രാദേശികാസൂത്രണം. സമ്പൂർണ്ണ സാക്ഷരായജ്ഞത്തിനു ശേഷം വികസനരംഗത്ത് കേരളം ഒരിക്കൽ കൂടി മാതൃകയാവുകയാണ്. ആസൂത്രണം പ്രാദേശിക തലങ്ങളിൽ എത്തിക്കുന്നതിലാണ് ഈ മാതൃക സൃഷ്ടിക്കാൻ പോകുന്നത്. ''ഒമ്പതാം പദ്ധതി ജനകീയ പദ്ധതി'' എന്ന മുദ്രാവാക്യത്തോടെ കേരളത്തിലെ എല്ലാ പഞ്ചായത്തിലും ഗ്രാമസഭകളും വികസന സെമിനാറുകളും നടക്കുന്ന പശ്ചാത്തലത്തിലാണ് അതിൻെറ ഭാഗമെന്നോണം ഊരകം ഗ്രാമ പഞ്ചായത്തിലും ഇത്തരത്തിലൊരു രേഖതയ്യാറാക്കുന്നത്.'' ഓരോ ഗ്രാമവും സ്വാശ്രിതവും വികേന്ദ്രികൃതവുമായ സാമ്പത്തിക രാഷ്ട്രീയ അധികാരങ്ങളുള്ളതായിരിക്കണം'' എന്നതായിരുന്നു മഹാത്മാഗാന്ധിയുടെ ക്ഴ്ചപ്പാട്. പഞ്ചായത്തുകളെ സ്വയം ഭരണ ഘടകങ്ങളായി പ്രവർത്തിക്കാൻ പ്രാപ്തമാക്കത്തക്കവിധം അവയ്ക്ക് അധികാരങ്ങൾ നൽകുന്നതിനുള്ള വ്യക്തമായ നിർദേശങ്ങൾ ഭരണഘടനയിൽ തന്നെയുണ്ട്. എന്നാൽ യഥാകാലം സ്വീകരിച്ചിട്ടിട്ടുള്ള മേൽപറഞ്ഞ നടപടികളെല്ലാം തന്നെ പഞ്ചായത്തുകളുടെ വ്യത്യസ്ത രീതിയിലുള്ള വിജയത്തിന് സഹായകമായെങ്കിലും അവ ഉദിഷ്ട പുരോഗതി നേടിയില്ല. അതിനുള്ള കാരണം യഥാർത്ഥത്തിൽ അധികാരങ്ങളും ചുമതലകളും പഞ്ചായത്തുകളിലേക്ക് പകരാൻ ബോധ പൂർവ്വമായ ശ്രമങ്ങളൊന്നും നടന്നിട്ടില്ല എന്നുള്ളതാണ്. ഇതോടെ ഗാന്ധിജിയുടെ കാഴ്ചപ്പാടിന് മങ്ങലേറ്റു.

ഭാവി ഇന്ത്യയുടെ പ്രധാന ഘടകമായിരുന്നു പഞ്ചായത്തിരാജ് 'പഞ്ചായത്തുകൾക്ക് എത്രമാത്രം അധികാരങ്ങളുണ്ടോ അത്രത്തോളം ജനങ്ങൾക്ക് ഉപകാരപ്രദമാകും' എന്നായിരുന്നു ഗാന്ധിജിയുടെ അഭിപ്രായം സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നടന്നിരുന്ന ആസൂത്രണ പക്രീയ കേന്ദ്രീകൃതവും പ്രാദേശിക താൽപര്യങ്ങൾക്ക് വേണ്ടത്ര ഗൗരവം കൊടുക്കാത്തവയുമായിരുന്നു എന്നു കാണാം. അഴിമതിയും ഇടനിലക്കാരുടെ ചൂക്ഷണവും ഉദ്യോഗസ്ഥരുടെ അമിത പ്രാധാന്യവും അതിൻെറ സവിശേഷതകളായിരുന്നു. അത് കൊണ്ട് തന്നെ മുതൽ മുടക്കിനു ആനുപാതികമായ വികസനനേട്ടം കൈവരിക്കുന്നതിൽ നാം പിന്നോട്ട് പോയി മാത്രമല്ല എട്ടാം പഞ്ചവത്സര പദ്ധതി അന്ത്യത്തോടടുക്കുന്ന ഈ അവസരത്തിലും ഇന്ത്യയിലെ ഭൂരിഭാഗം ജനങ്ങൾക്കും ഭക്ഷണം, പാർപ്പിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ആർജിക്കാൻ കഴിഞ്ഞിട്ടില്ല. ലോകത്തിലെ ഏറ്റവും അധികം ദരിദ്രരും,രോഗികളും, നിരക്ഷരരും, തൊഴിൽ രഹിതരും, ഭവനരഹിതരും ഒക്കെയുള്ള രാജ്യം എന്ന ലജ്ജാകരമായ അവസ്ഥയിൽ നിന്നും എത്രയും വേഗത്തിൽ പുറത്തുകടക്കാൻ നാം എല്ലാവരും ആഗ്രഹിക്കുന്നു. കഴിഞ്ഞ 50 വർഷക്കാലമായി നാം സഞ്ചരിച്ച് കൊണ്ടിരിക്കു പാതയിലൂടെ തന്നെ പോവുകയാണെങ്കിൽ മോചനം അതിവിദൂരത്താണ് പുതിയ പാതകൾ വെട്ടി തുറന്നേ പറ്റൂ. ജനസാമാന്യത്തെ സക്രിയമാക്കുന്ന അവർക്ക് ശുഭാപ്തി വിശ്വാസം നൽകുന്ന ഒരു പുതിയ പാത വെട്ടിതുറന്നേ പറ്റൂ .


ലോകരാഷ്ട്രങ്ങൾക്കിയിൽ ഏറെ കൊട്ടിഘോഷിപ്പിക്കപ്പെടുന്ന 'കേരളമോഡൽ' വികസനമിന്ന് പ്രതിസന്ധി നേരിടുകയാണ്. കൃഷിയും വ്യവസായവും ഉൾപ്പെടുന്ന പ്രാഥമിക ദ്വിതീയ മേഖലകളിന്ന് തകർച്ചയുടെ വക്കിലാണ്. ഈ പ്രതിസന്ധി അതിജീവിക്കാൻ സഹായകമായിരുന്ന വിദേശ നാണ്യത്തിൻെറ ഒഴിക്കിനും ശക്തികുറഞ്ഞിരിക്കുന്നു.തൃതീയ മേഖലയായ സേവന രംഗത്തിനാണിന്ന് പ്രാധാന്യം കൈവന്നിട്ടുള്ളത്. പരസ്പര പൂരകമല്ലാത്തതും സ്ഫോടനാത്മകവുമായ ഈ സ്ഥിതി വിശേഷത്തിൽ നിന്നു കൊണ്ടാണ് നാം ഒമ്പതാം പദ്ധതിയെ സമീപിക്കുന്നത്.

ഗ്രാമത്തിന്റെ സമ്പൂർണ്ണ വികസനത്തിന് ലഭ്യമായ പരിമിത വിഭവങ്ങൾ എങ്ങിനെ വിനിയോഗിക്കപ്പെടുന്നു എന്നതാണ് പ്രധാനം. ജനങ്ങളുടെ കൂട്ടായ ചർച്ചയും സഹകരണാത്മക മനോഭാവവും കൂട്ടായ അധ്വാനവുമാണ് പ്രശ്നങ്ങൾക്കുള്ള പരിഹാരം. ഇതിന് പ്രശ്നങ്ങളെ പ്രാദേശികാടിസ്ഥാനത്തിൽ കണ്ടെത്തുകയും പരിഹാരങ്ങൾ പ്രാദേശിക തലത്തിൽ തന്നെ നിർദേശിക്കപ്പെടുകയും വേണം. പ്രവർത്തനങ്ങൾ ഇങ്ങനെ നീങ്ങിയാൽ ഇടനിലക്കാരുടെ ചൂഷണവും പദ്ധതികൾക്കുള്ള അനാവശ്യചിലവുകളും കേന്ദ്രീകൃത ആസൂത്രണത്തിന്റെ മറ്റു തകരാറുകളും ഇല്ലാതാക്കാൻ കഴിയും. ഈ ചിന്തയുടെ ഫലമായി ഊരകം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തിയ ആദ്യത്തെ പരിപാടിയായി "പഞ്ചായത്ത് വാർഡ് തല കുടുംബങ്ങളുടെ സ്ഥിതി വിവര കണക്ക്" തയ്യാറാക്കി. പഞ്ചായത്തിനെ കുറിച്ച് സമഗ്രമായി പഠിക്കാൻ ഉദ്ദേശിച്ച ഈ സർവ്വെയിൽ കുടിവെള്ളം, സാനിറ്റേഷൻ,പാർപ്പിടം,ഊർജ്ജം,വരുമാനം,എന്നീ വിഷയങ്ങളൊക്കെ ഉൾക്കൊള്ളിച്ചിരുന്നു. പ്രസ്തുത സർവ്വയുടെ അവലോകനം നടക്കുന്നതിനിടയിൽ തന്നെയാണ് ജനകീയ ആസൂത്രണ പരിപാടിയും ആരംഭിച്ചത്. സമാന സ്വഭാവമുള്ളവയായതിനാൽ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിച്ച പരിപാടി ജനകീയ ആസൂത്രണ പരിപാടിയുമായി ബന്ധപ്പെടുത്തുകയാണ് ചെയ്തത്.

ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായി പഞ്ചായത്തിലെ 10 വാർഡുകളിലും ഗ്രാമസഭകൾ ചേർന്നപ്പോൾ ഓരോ മേഖലയിലേയും പ്രശ്നങ്ങൾ നിരവധിയാണെന്ന് കണ്ടെത്തി ഒരു കേന്ദ്രീകൃതാസൂത്രണ പരിപാടിയിൽ ശ്രദ്ധിക്കപ്പെടാത്ത ഇത്തരം പ്രശ്നങ്ങൾ ഏറെ ചർച്ചാവിഷയമായതും അതിനുള്ള വേദിയുണ്ടായതും ഗ്രാമവാസികളെ സംബന്ധിച്ചിടത്തോളം ഒരു പുതിയ അനുഭവമായിരുന്നു. 35മുതൽ40ശതമാനം വരെ പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക് അനുവദിക്കുമെന്ന ഗവൺമെന്റിന്റെ തീരുമാനം ആയിരുന്നു ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ചാലകശക്തി. കൃഷി വ്യവസായം തുടങ്ങി 12വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു ഓരോ ഗ്രാമസഭയിലും പ്രശ്നങ്ങൾ അവലോകനം ചെയ്തിരുന്നത് ഈ പ്രശ്നങ്ങൾ ഒക്കെ പരിഹരിക്കാൻ കഴിയില്ലെങ്കിലും പദ്ധതി വിഹിതം ലഭ്യമാക്കുന്നതിനനുസരിച്ച് മുൻ ഗണനാക്രമത്തിൽ പരിഹരിക്കാമെന്നാണ് പ്രത്യാശ. പ്രാദേശിക വിഭവസമാഹരണത്തിലൂടെ ഏതൊക്കെ പരിപാടികൾ ഏറ്റെടുത്ത് നടത്താമെന്നതും ആലോചനാവിഷയമാക്കേണ്ടതാണ്.

സ്കൂൾ കെട്ടിടങ്ങൾ,റോഡുകൾ,മിനിശുദ്ധജലവിതരണപദ്ധതി എന്നിവയുടെ നിർമ്മാണത്തിൽ പഞ്ചായത്തിലെ ജനതയുടെ പങ്കാളിത്തം ആവേശകരമായിരുന്നു. അതുപോലെ തന്നെ 1967ൽ ഇ.എം.എസ്.നമ്പൂതിരിപ്പാടിന്റെ സപ്ത കക്ഷി മന്ത്രി സഭയിൽ തദ്ദേശ സ്വയംഭരണ മന്ത്രിയായിരുന്ന ശ്രീ. എം.പി.എം. അഹമ്മത് കുരിക്കൾ ഊരകം പഞ്ചായത്ത് ഉൾപ്പെടുന്ന മലപ്പുറം അസംബ്ലിമണ്ഡലത്തിനെയാണ് പ്രതിനിധീകരിച്ചിരുന്നത്. താഴെ തട്ടിലേക്ക് അധികാരം ലഭ്യമാകുമ്പോൾ അദ്ദേഹത്തിന്റെ പഞ്ചായത്ത്രാജ് സങ്കൽപ്പങ്ങൾ കൂടി യാഥാർത്ഥ്യമാകുന്നു.

ജനകീയാകസൂത്രണപരിപാടിയുടെ ഒരു പ്രധാന ഘട്ടമാണ് വികസനസെമിനാർ പഞ്ചായത്തിലെ ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രശ്നങ്ങൾ ഈ സെമിനാറിലൂടെ പൊതുജനസമക്ഷം സമർപ്പിക്കുകയാണ്. ഒപ്പം പദ്ധതി നടത്തിപ്പിന് ആവശ്യമായ കർമ്മസേനയുടെ രൂപീകരണവും നടക്കേണ്ടതുണ്ട്. "9-ാംപദ്ധതി ജനകീയപദ്ധതി"എന്നമുദ്രാവാക്യം അതിന്റെ എല്ലാ അർത്ഥത്തിലും യാഥാർത്ഥ്യം ആക്കാനുള്ള പരിപാടികളിൽ പഞ്ചായത്തിന്റെ ജനകീയാസൂത്രണ സന്നദ്ധ ഭടന്മാരായി നമുക്ക് ഏവർക്കും അണിചേരാം.



# ഊരകം ഗ്രാമ പഞ്ചായത്ത് പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | : ഊരകം ഗ്രാമ പഞ്ചായത്ത് |
| വില്ലേജ് | : ഊരകം |
| താലൂക്ക് | : തിരൂരങ്ങാടി |
| ബ്ലോക്ക് പഞ്ചായത്ത് | : മലപ്പുറം. |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : വേങ്ങര |
| അസംബ്ലി മണ്ഡലം | : മലപ്പുറം |
| പാർലമെൻറ് മണ്ഡലം | : മഞ്ചേരി. |
| വിസ്തീർണ്ണം | : 21.65 ച.കി.മി. |
| വാർഡുകൾ | : 10. |
| അതിരുകൾ | |
| വടക്ക് | : മൊറയൂർ,നെടിയിരുപ്പ്,പഞ്ചായത്തുകൾ |
| തെക്ക് | : തെുക്കുങ്ങൽ,പറപ്പൂർ പഞ്ചായത്തുകൾ |
| കിഴക്ക് | : മലപ്പുറം മുൻസിപ്പാലിറ്റി |
| പടിഞ്ഞാറ് | : വേങ്ങര ഗ്രാമപഞ്ചായത്ത്. |
| മൊത്തം ജനസംഖ്യ | : 21818 (1991 സെൻസസ്) |
| പുരുഷന്മാർ | : 10683 |
| സ്ത്രീകൾ | : 11135 |
| ജനസാന്ദ്രത | : 1028 |
| സാക്ഷരതാനിരക്ക് | : 69% |
| പട്ടികജാതി | |
| പുരുഷന്മാർ | : 660 |
| സ്ത്രീകൾ | : 660 |
| പട്ടികവർഗ്ഗം | |
| പുരുഷന്മാർ | : 10 |
| സ്ത്രീകൾ | : 4 |

# ഭരണം

ഊരകം ഗ്രാമപഞ്ചായത്ത് 20.11.96ന് നിലവിൽ വന്നു. 1963 ഡിസംബർ 20-ാം തീയ്യതി ആദ്യത്തെ പഞ്ചായത്ത് ഭരണ സമിതി നിലവിൽ വന്നു. ശ്രീ.പാണ്ടിക്കടവത്ത് മുഹമ്മദ്കുട്ടി പ്രസിഡൻറും, ശ്രീ.കെ.പി. കോയക്കുട്ടി വൈസ്പ്രസിഡൻറുമായിട്ടുള്ള ഭരണ സമിതിയിൽ എട്ട് അംഗങ്ങ‍ാം ഉണ്ടായിരുന്നു. ഭരണസമിതി അംഗങ്ങളുടെ പേര് വിവരം താഴെ കൊടുക്കുന്നു.

1. ഒ.കെ.അബ്ദുള്ള കുട്ടി മുസ്ല്യാർ
2. വി.കെ.കുഞ്ഞിമുഹമ്മദ്
3. പാങ്ങാട്ട് യൂസഫ്
4. എം.കെ.കുട്ടിശങ്കരൻനായർ
5. സി.ടി.കുഞ്ഞാത്തപ്പൻ
6. മേരിമാത്യു.

പ്രസ്തുത ബോഡിൻെറ കാലാവധി 20.12.63മുതൽ 27.9.79വരെയായിരുന്നു. ഇതിന് ശേഷം 28.9.79ൽ പുതിയ ഭരണ സമിതി അധികാരമേറ്റെടുത്തു. ശ്രീ.കെ.കെ. പൂക്കോയത്തങ്ങ‍ാം പ്രസിഡൻറും ശ്രീ.പി.യൂസഫ് ഹാജി(വലിയ) വൈസ്പ്രസിഡ ൻറും ആയിട്ടുള്ള പ്രസ്തുത ബോർഡിൽ എട്ട് അംഗങ്ങളുണ്ടായിരുന്നു. ഈ ബോർഡിൻെറ കാലാവധി 25.10.84 വരെയായിരുന്നു. ഭരണസമിതി അംഗങ്ങ‍ാം താഴെ പറയുന്നവരാണ്.

1. കണ്ണൻതൊടി മൊയ്തുഹാജി.
2. യു.കെ.മൊയ്തീൻ കുട്ടി.
3. കെ.ബിയ്യക്കുട്ടി
4. എം.കെ.അഹമ്മത്.
5. കുഞ്ഞാത്തൻ.വി.പി
6. ഡി. പാപ്പച്ചൻ.

തുടർന്ന് 6.2.88ൽ ശ്രീ.കെ.കെ.പൂക്കോയതങ്ങ‍ാം പ്രസിഡൻറും,ശ്രീ.പാങ്ങാട്ടു ചെറിയ യൂസഫ് ഹാജി വൈസ്പ്രസിഡൻറുമായി 9അംഗ ഭരണസമിതി നിലവിൽവന്നു. ഇതിൻെറ കാലാവധി 29.9.96 വരെയായിരുന്നു.

**ഭരണ സമിതി അംഗങ്ങ‍ാം.**

1. കെ.പി.പോക്കർ
2. കെ.എം.അബ്ദു.
3. വി.കെ.അബ്ദുറസാഖ്
4. കെ.സെയ്തുഹാജി.
5. കെ.ചന്ദ്രൻ
6. പി.സുമതി.
7. എം.പ്രസന്നകുമാരി.

പ്രസ്തുത ബോർഡിൻെറ കാലാവധിക്കു ശേഷം. 30.9.96ന് പുതിയ ഭരണ സമിതിയെ തെരെഞ്ഞെടുത്തു.

ശ്രീ. പാങ്ങാട്ടു ചെറിയ യൂസഫ് ഹാജി പ്രസിഡൻറും ശ്രീ. ഇ.കെ.കുഞ്ഞാലി വൈസ് പ്രസിഡൻറും ശ്രീ. എം.കെ. അബ്ദുൽ മജീദ് സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാനുമായിട്ടുള്ള ബോർഡാണ് ഇപ്പോ‍ാം നിലവിലുള്ളത്.

ഭരണ സമിതിഅംഗങ്ങ‍ാം

1. പാറക്കൽ ഖദീജ
2. പുലാക്കൻ ഖദീജ
3. പി.അബ്ദുറഹിമാൻ
4. പി.ഫാത്തിമ്മ
5. പി. മുഹമ്മത്
6. പി.ഷംശാദ്.
7. എ.പി.ഉണ്ണി.

പഞ്ചായത്തിൽ ശ്രീ.എ.അഹമ്മത് കുട്ടിയും, ജില്ലാപഞ്ചായത്തിൽ ശ്രീമതി. അഡ്വ.കെ.പി.മറിയുമ്മയും ഈ പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്നു.

# സാമൂഹ്യ സാംസ്കാരിക ചരിത്രം

ഊരകം മേൽമുറി, കീഴ്മുറി എന്നീ ഗ്രാമങ്ങളുൾകൊള്ളുന്ന പഴയ ഏറനാട് താലൂക്കിൻെറ പടിഞ്ഞാറെ അറ്റത്ത് കടലുണ്ടി പുഴക്കും ഊരകം മലക്കും ഇടയിൽ സ്ഥിതി ചെയ്യുന്ന ഒരു കൊച്ചു ഭൂ പ്രദേശമാണ് ഊരകം പഞ്ചായത്ത് ചെങ്കുത്തായ മലഞ്ചെരിവകളും ചെങ്കല്ലുകൾ നിറഞ്ഞ വെങ്കുളവും മലനിരകളിൽ നിന്നും ഒഴുകി വരുന്ന കൊച്ചരുവികളും പച്ചപ്പട്ടുവിരിച്ച പാടങ്ങളും കൊണ്ടനുഗ്രഹീതമാണ് ഈ പ്രദേശം.

ഒരു കാലത്ത് വന്യജീവികളുടെ വിഹാര രംഗമായിരുന്ന ഈ പ്രദേശങ്ങളിൽ ഇത്തരം ജന്തുക്കളുടെ പേരിനെ അനുസ്മരിപ്പിക്കുന്ന കരിമ്പീലി, പന്നിപ്പാറ, മുള്ളൻ മടക്കൽ, ആനക്കല്ല് എന്നീ സ്ഥലനാമങ്ങൾ ഇന്നും നില നിൽക്കുന്നു. വന്യ ജീവികളുടെ അവശേഷിക്കുന്ന കണ്ണിയായി ഇന്നും കുരങ്ങകളെ ഊരകം മലയിൽ അപൂർവ്വമായി കാണാം. മലമടക്കുകൾക്കകത്ത് കിടന്ന 'ഊര്' ആയത് കൊണ്ടാവാം ഊരകമായത് വനമ്പ്രദേശമായ ഈ ഊരിൽനിന്നും കടലുണ്ടി പുഴയിലൂടെയാണ് പഴയ തലമുറക്കാർ ബാഹ്യലോകവുമായി ബന്ധപ്പെട്ടിരിന്നത്.

നൂറ്റാണ്ടുകളുടെ പഴക്കമുള്ള തിരുവർശനാം കുന്ന് ക്ഷേത്രവും നെല്ലിപ്പറമ്പ് ജൂമാ മസ്ജിദും പഴക്കമേറിയ ഒരു സംസ്കാരം ഇവിടെ നിലനിന്നിരുന്നു എന്നതിൻെറ ദൃഷ്ടാന്തങ്ങളാണ്. ഈ പഞ്ചായത്തിൻെറ ഭൂമി ശാസ്ത്രപരമായ പ്രത്യേകതകളായ കുന്ന്, പാറ, ചാലുകൾ, തോടുകൾ, പറമ്പ് എന്നിവയുമായി ബന്ധപ്പെട്ടാണ് ഒട്ടേറെ സ്ഥലനാമങ്ങൾ ഇന്നും അറിയപ്പെടുന്നത്. തിരുവർശനാം കുന്ന്, കോട്ടക്കുന്ന് കീരംകുന്ന്, കുറ്റിപ്പുറം കുന്ന്, കുന്നത്ത്, ചുക്കുംപാറ, കോങ്കടപ്പാറ, അപ്പായിപ്പാറ, തെക്കിൽപ്പാറ, പാറക്കണ്ണി, ചീച്ചിപ്പാറ, മുതിരപ്പാറ, ചെരിപ്പടിയിൻ പാറ, എരുമപ്പാറ, പുല്ലൻചാൽ, മുരിക്കിൻചാൽ, ഇടയാടിചാൽ, തോണിച്ചാൽ, ചാലിൽകുണ്ട്, കൊടലികുണ്ട്, അത്താണികുണ്ട്, കാപ്പിൽകുണ്ട്, ചെറാട്ട്കുണ്ട്, നെല്ലിപറമ്പ്, പെരുന്തോട്ടിപറമ്പ്, പുളിക്കപ്പറമ്പ്, വട്ടപ്പറമ്പ്, മാലപ്പറമ്പ്, കല്ല്യറ്റിപ്പറമ്പ്, എടരിപ്പറമ്പ്, ആലക്കപ്പറമ്പ്, കോട്ടുമലപ്പറമ്പ്, മീഞ്ചറപ്പറമ്പ്, ചെനക്കപ്പറമ്പ്, വാളപ്പറമ്പ്, നടുവിൽതോട്, കോണിതോട്, കാരാതോട്, മുന്നൂറാംതോട്, തുടങ്ങിയവയാണ് ഇതിൽ പ്രധാനപ്പെട്ടത്.

ജൻമികുടിയാൻ വ്യവസ്ഥിതി നിലനിന്നിരുന്ന പ്രദേശമായിരുന്നു ഇത്. ഭൂപ്രമാണിമാരുടെ ക്രൂരമായ ചൂഷണം നിലനിന്നിരുന്നു. അടിമകളെപ്പോലെ പകലന്തിയോളം പണിയെടുത്താലും പട്ടിണിമാത്രം ബാക്കിയായ ഇവർക്ക് മറ്റൊരു വേലക്ക് പോയാൽ കൊടിയ മർദ്ദനമായിരുന്നു ഫലം. രണ്ടര അണയായിരുന്നു പുരുഷ തൊഴിലാളിയുടെ കൂലി. ജാതി വ്യവസ്തയുടെ ഭാഗമായി 'തൊടലും തീണ്ടലും' നിലനിന്നിരുന്നു. താഴ്ന്ന ജാതിക്കാർക്ക് വഴി നടക്കാനും, വസ്ത്രം ധരിക്കാനും, ശീലക്കുട, ചെരുപ്പ് എന്നിവ ഉപയോഗിക്കാനും, സ്ത്രീകൾക്ക് മാറ് മറക്കാനുള്ള അവകാശവും നിഷേധിക്കപ്പെട്ടിരിക്കുന്നു.

ബ്രിട്ടീഷുകാരുടെ സഹായത്തോടെ ജൻമിമാർ കുടിയാൻമാരെ പീഡിപ്പിച്ചിരുന്നു. ഖിലാഫത്ത് പ്രസ്ഥാനത്തിൻെറ ഭാഗമായി വളർന്ന ബ്രിട്ടീഷ് വിരുദ്ധ പ്രക്ഷോഭം മലബാറിൽ ശക്തിപ്പെട്ടപ്പോൾ അതിൻെറ അലയൊലികൾ

ഈ പഞ്ചായ ത്തിലുണ്ടായിരുന്നു. ഒറ്റക്കത്ത് ഓടയ്ക്കൽ മൊയ്തീൻ കുട്ടി മുസ്ലിയാർ, ഊരകത്തും ഖിലാഫത്ത് പ്രസ്ഥാനത്തിനും നേതൃത്വം കൊടുത്തു. തൽഫലമായി ഈ പ്രദേശം ബ്രിട്ടീഷ് പട്ടാളത്തിന്റെ പിടിയിലമർന്നു. ഊരകം മല പോരാളികളുടെ ഒളിതാവളമായിരുന്നു. സമരം അടിച്ചമർത്തപ്പെടുകയുമായിരുന്നു. ഒട്ടനവധി പേർ കൊല്ലപ്പെടുകയും ധാരാളം ആളുകൾ പീഡിപ്പിക്കപ്പെടുകയും ചെയ്തു. ഈ അവസരം സാമൂഹ്യ വിരുദ്ധർ മുതലെടുത്തത് സമരത്തിന്റെ ശരിയായ ലക്ഷ്യപ്രാപ്തിക്ക് വിലങ്ങുതടിയായി. ഓടയ്ക്കൽ കുട്ടി മുസ്ലിയാർ, കെ. കെ കോയക്കുഞ്ഞി കോയതങ്ങൾ, കുറ്റിപ്പുറത്ത് രാരു പണിക്കർ, പാണ്ടിക്കടവത്ത് കുഞ്ഞാലികുട്ടി ഹാജി തുടങ്ങിയവർ മതസൗഹൃതം നിലനിർത്താൻ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിട്ടുള്ള പ്രഗത്ഭ വ്യക്തിക്കളാണ്.

ദേശീയ പ്രസ്ഥാനം. വളർന്നതിന്റെ ഫലമായി അയിത്തത്തിനും ജാതി വ്യവസ്തിക്കും എതിരെ ഈ പഞ്ചായത്തിനകത്തും ഹരിജൻ സമാജം രൂപീകരിക്കപ്പെട്ടു. ഹരിജനോദ്ധാരണ പ്രവർത്തനങ്ങൾക്കായി കോൺഗ്രസ് നേതാവായ കെ. എൻ രാമനെപ്പോലുള്ളവർ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. സ്വാതന്ത്ര സമരത്തിന്റെ ഭാഗമായി മുഹമ്മദ് അബ്ദു റഹിമാൻ സാഹിബ്, മുഹമ്മദ് ഇസ്മായിൽ സാഹിബ്, എ. കെ, ഗോപാലൻ എന്നിവരുടെ സ്വാധീനം ഈ പ്രദേശത്തെ സാധാരണക്കാരിൽ ദേശീയ ബോധം വളർത്താൻ സഹായമായി. സ്വാതന്ത്ര പ്രസ്താനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച എം. കെ. അപ്പു നായർ എന്ന കുട്ടി ശങ്കരൻ നായർ ഊരകം ഗ്രാമത്തിൽ കോൺഗ്രസ് പ്രസ്താനവുമായി വളരെയധികം ബന്ധപ്പെട്ട വ്യക്തിയായിരുന്നു. ഒട്ടേറെ പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നുവെങ്കിലും സമത്വാധിഷ്ടിത സമൂഹത്തിന് വേണ്ടി നിലനിന്നിരുന്ന കമ്മ്യൂണിസ്റ്റ്നേതാക്കളായിരുന്നു മൊയ്തു ഹാജി, കെ രാഘവൻ നായർ എന്നിവർ. കൂടാതെ വി. കൃഷ്ണദാസ്, വി. പി. മായിൻകുട്ടി, ആലസ്സൻ കുട്ടി മാസ്റ്റർ എന്നിവർ പ്രധാന സംഘാടകരായിരുന്നു. കൃഷിഭൂമി കൃഷിക്കാരന് എന്ന മുദ്രാവാക്യവും A.K.G നയിച്ച പട്ടിണി ജാഥയും -ഈ പ്രദേശത്തെ സാമൂഹ്യ പരിവർത്തനത്തിന് കാരണമായി.

### സാഹിത്യകാരൻമാരും ആത്മീയ നേതാക്കളും

ചരിത്രപരമായി പിന്നോക്കം കിടന്നിരുന്ന ഒരു പ്രദേശമായിരുന്നു ഇതെങ്കിലും നാടിനെ സാംസ്കാരിക പുരോഗതിയിലേക്ക് നയിക്കാൻ ഒട്ടേറെ സഹായിച്ചത് നാട്ടെഴുത്തച്ചൻമാരും മൊല്ലാക്കമാരുമായിരുന്നു. ഓത്തുപള്ളികളിലൂടെയും എഴുത്തു തറകളിലൂടെയും വിദ്യാഭ്യാസം കരസ്ഥമാക്കിയ ഒട്ടേറെ പ്രതിഭകൾ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. ഇവരിൽ അദ്വിതയനായിരുന്നു മഹാ കവി വി.സി. ബാലകൃഷ്പണിക്കർ.

### വി. സി. ബാലകൃഷ്ണപണിക്കർ

വെള്ളാട്ടറ ചെങ്കശേരി മാധവികുട്ടിയമ്മയുടേയും കപ്പേടത്ത് തലാപ്പിൽ കൃഷ്ണനുണ്ണിനായരുടേയും പുത്രനായി 1889 മാർച്ച് ഒന്നിന് ഊരകം കീഴുമുറിയിൽ ഇദ്ദേഹം ജനിച്ചു. മലയാള കവിതയിൽ കാല്പനിക സാഹിത്യത്തിലെ പ്രഭാതതാരം, ഭാഷാ സാഹിത്യത്തിലെ കൊള്ളമീൻ എന്നിങ്ങനെ വിശേഷിക്കപ്പെട്ട വി. സി. അടിമത്വത്തിന് എതിരെ അചഞ്ചലമായി നിലകൊണ്ട സവിപ്ലവകാരിയും പത്രപ്രവർത്തനത്തിലൂടെ സാമൂഹ്യപരിഷ്കരണം സാധ്യമാവുമെന്നു കരുതിയ പത്രാധിപരുമായിരുന്നു. സംസകൃത്തിലും, ഇംഗ്ലീഷിലും പ്രാവീണ്യം നേടിയ ഇദ്ദേഹം പി. കുട്ടികൃഷ്ണമേനോന്റെ പത്രാധിപത്യത്തിലുള്ള മനോരമയിലൂടെ പത്രപ്രവർത്തനം തുടങ്ങി. തുടർന്ന് തൃശൂരിൽ നിന്നും പ്രസിദ്ധീകരിച്ച ' ചിന്താമണി'' യുടെ പത്രാധിപരായി. തിരൂരിൽനിന്നും വി. സി. ''മലബാറി'' എന്ന പത്രം പ്രസിദ്ധീകരിച്ചു.

''സ്ത്രീ വിദ്യാഭ്യാസമില്ലെങ്കിൽ
ഭൂവിലാർക്കും ഗുണം വരാ
വിളഭൂമി നനയ്ക്കാതെ
വിള താനെ കിളിർക്കുമോ''

എന്ന വി. സി. യുടെ വരികൾ സാമൂഹ്യപരിഷ്കരണത്തിനും സ്ത്രീ വിദ്യാഭ്യാസത്തിനും ശക്തമായി നിലകൊണ്ടിരുന്ന കവിയായിരുന്നു വി. സി. എന്നു വ്യക്തമാവുന്നു. ഓരു 'വിലാപം',ഒരു വിശ്വരൂപം, ഇന്ദുമതീ സ്വയംവരം എന്നീ കൃതികൾ മലയാള സാഹിത്യത്തിൽ അദ്ദഹത്തിന് ചിരപ്രതിഷ്ഠ നേടികൊടുത്തു. ഇതു കൂടാതെ പ്രബന്ധങ്ങളും, പരിഭാഷകളും, സ്തോത്രങ്ങളും വി. സി.യിൽ നിന്നും ലഭിച്ചു. ക്ഷയരോഗബാധിതനായി 1912 ഒക്ടോബർ 20ന് തന്റെ 23-ാം വയസ്സിൽ ആ പ്രതിഭാധനൻ നമ്മോട് വിടപറഞ്ഞു.

### മാട്ടിൽ അലവി മുസ്ളിയാർ

പ്രമുഖ മുസ്ലിം പണ്ഡിതനും ആത്മീയനേതാവും ആയ ഇദ്ദഹം 1855ൽ ഊരകത്ത് ജനിച്ചു. നാനാജാതി മതസ്ഥരുടെ ആദരവു നേടിയ ഇദ്ദേഹത്തിന്റെ സ്മരണക്കായി ആണ്ട് തോറും യാറംപടിയിൽ അന്നദാന നേർച്ചകൾ നടത്തുന്നുണ്ട്. ഇതിൽ ആയിരക്കണക്കിന് ആളുകൾ പങ്കടുത്തുവരുന്നു. ഇന്നും നൂറുകണക്കിന് ഭക്തൻമാർ ഈ മഖ്ബറ സന്ദർശിക്കുന്നുണ്ട്. ഇവിടം യാറം പടി എന്ന പേരിൽ അറിയപ്പെടുന്നു.

### പള്ളിക്കാടൻ മമ്മത്

പ്രശസ്ത മാപ്പിള കവിയായിരുന്ന വള്ളിക്കാടൻ മമ്മത് ചെറുതും വലുതുമായ ധാരാളം പാട്ടുകൾ എഴുതിയുട്ടുണ്ട. ഇദ്ദേഹത്തിൻെറ പ്രശസ്ത കൃതിയായിരുന്നു. ''ഖുസത്ത്-യൂസഫ്''. ഹിജ്റ 1311-ൽ ആണ് ഇത് പ്രസിദ്ധപ്പെടുത്തിയത്.

### അരിബ്രതൊടി കാരിമമ്മാലിഹാജി

മാപ്പിളപ്പാട്ട് രംഗത്ത് പ്രശസ്തനായ മറ്റൊരു വ്യക്തിയായിരുന്നു ഇദ്ദേഹം. ''മുഹമ്മദീയ: ദീൻമണിവിളക്ക്'' എന്ന ''അഖിതമാല്'' യാണ് ഇദ്ദേഹത്തിൻെറ പ്രശസ്ത കൃതി.

### വിദ്യാഭ്യാസ പുരോഗതിക്കായി പ്രയത്നിച്ചവർ

ഊരകത്ത് വിദ്യാഭ്യാസരംഗം സ ുഷ്ടമാക്കിയ ഏറെ വ്യക്തികളുണ്ടായിരുന്നു. അവരിൽ പ്രധാനികളായിരുന്നു എം. കെ. കുഞ്ഞിമുഹമ്മദ്-മുസ്ല്യാർ മുസ്ല്യാർ കുറുങ്കാട്ടിൽ കുഞ്ഞറ (കുറുങ്കാട്ടിൽ) എന്നിവരുടെ നേതൃത്വത്തിൽ മലബാർ വിദ്യാഭ്യാസ ബോർഡിൻെറ കീഴിൽ മലബാർ കോട്ടുമല എ.എം.എൽ.പി. സ്കുൾ സ്ഥാപിക്കപ്പെട്ടു.

ബോർഡ് മാപ്പിള എലിമെൻററി സ്കൂൾ 1918-ൽ പാണ്ടികടവത്ത് കുഞ്ഞാലി ഹാജി നേതൃത്വത്തിൽ കാരാത്തോട്ടിൽ പ്രവർത്തനം ആരംഭിച്ചു. തുടർന്ന് കെ. സി. രാമപണിക്കർ ഇ. പി ഉഴിത്തറവാര്യർ എന്നിവരുടെ നേതൃത്വത്തിൽ ആരംഭിച്ചതാണ് മിനിമ്പോയ്സ് എലിമെൻററി സ്കൂൾ ഊരകം, മേൽമുറി.

പുത്തൻപീടികക്കൽ അയമുമൊല്ലയുടെ നേതൃത്വത്തിൽ വടക്കെകുണ്ടിൽ ആരംഭിച്ച സ്കൂൾ പ്രവർത്തനം തുടരാൻ കഴിയാതെ നിർത്തേണ്ടിവന്നു. തുടർന്നു മലബാർ ഡിസ്ട്രിക്ട് ബോർഡിൻെറ കീഴിൽ 1929ൽ ആരംഭിച്ച മാപ്പിള ബോയ്സ് സ്കൂൾ മ ീതിയിൽ സ്ഥാപിച്ചു. അതിന് നേതൃത്വം നൽകിയത് വള്ളിക്കാടൻ ചുരപുലാൻ. ശ്രീ. വള്ളിക്കാടൻ കൊടത്തൂർ മുത്താലി എന്നിവരാണ്. പിന്നീട് ഇത് നെല്ലിപ്പറ ിലേക്ക് ശ്രീ ഓടക്കൽ അബ്ദുള്ള കുട്ടി മുസ്ലിയാരുടെ നേതൃത്വത്തിൽ മാറ്റിസ്ഥാപിക്കപ്പെട്ടു. ശ്രീ. വേരേങ്ങിൽ അലവി മുസ്ലയാർ ചാലിൽകുണ്ട് എ.എം.എൽ.പി.എസ്.സ്കൂളും കെ. പി.. പോക്കർ, കാദർകുട്ടിഹാജി എന്നിവർ 1931ൽ കുറ്റാളൂർ എ.എം.എൽ.പി. സ്കൂളും സ്ഥാപിക്കുന്നതിൽ നേതൃത്വം നൽകി എന്നു കാണാം.

അടിച്ചമർത്തപ്പെട്ട വിഭാഗത്തിൽ നിന്നും വളർന്നു വരികയും സാമൂഹ്യപരിവർത്തനത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്ത അധ്യാപകനായിരുന്നു ശ്രീ. ശൂലപാണിമാസ്റ്റർ അനൗപചാരിക രംഗത്ത് കെ. കെ. വാസു മാസ്റ്റർ, കെ. പി.. മുഹമ്മദ് കുട്ടി മാസ്റ്റർ മുതലായവരുടെ നേതൃത്വത്തിൽ ബഹുവിധങ്ങളായ പല പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ശ്രി.പി. എൻ പണിക്കർ പഞ്ചായത്തിൻെറ പലഭാഗങ്ങളും സന്ദർശിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളിൽനിന്ന് ആവേശംകൊണ്ട പല പ്രവർത്തകരും ഈ പഞ്ചായത്തിലുണ്ട്. സാമൂഹ്യപരിഷ്കരണത്തിന് വേണ്ടി നാടകങ്ങളുൾപ്പെടെയുള്ള കലാ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഇന്നും സാമൂഹ്യസാംസ്കരിക രംഗത്ത് പ്രവർത്തിക്കുന്ന ശ്രീ. അരി. രാഘവൻ മാസ്റ്റർ ഈ രംഗത്ത് എടുത്തു പറയത്തക്ക വ്യക്തിയാണ്. അധഃസ്ഥിതരെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കൊണ്ടു വരാൻ വേണ്ടി 'മാനസാന്തരം' എന്ന നാടകം അവതരിപ്പിച്ചിരുന്നു. വിദ്യാഭ്യാസ രംഗം സ ുഷ്ടമാക്കിയ പ്രഗൽഭരായ അധ്യാപകരായിരുന്നു പരേതരായ പൂളക്കണ്ണി ചേക്കുട്ടിമാസ്റ്റർ, എം. കെ. പരമൻ മാസ്റ്റർ, ഉഴിത്തറ നാരായണ വാര്യർ, തട്ടായി നാരായണൻമാസ്റ്റർ എന്നിവർ. കൂടാതെ പക്കിയൻ യൂനഫ് മാസ്റ്റർ, വിശ്വനാഥൻ മാസ്റ്റർ, കുട്ടൻ മാസ്റ്റർ, കെ. പി. കാദർ മാസ്റ്റർ, ഗോപാലൻ മാസ്റ്റർ, പി. പി. കുഞ്ഞൊമത് മാസ്റ്റർ, കുട്ടൻ മാസ്റ്റർ, കെ.കെ. വാസു മാസ്റ്റർ കുഞ്ഞിരാമൻ മാസ്റ്റർ, ശ്രിമതി കാർത്ത്യാനി ടീച്ചർ, അരി. ശിവരാമകൃഷ്ണൻ മാസ്റ്റർ തുടങ്ങിയവരുടെ സംഭാനകൾ വിലപ്പെട്ടതാണ്.

### ഭൂ ദാനപ്രസ്ഥാനം.

വിനോബാദവേയുടെ ഭൂ ദാന പ്രസ്ഥാനത്തിൻെറ അലയൊലികൾ ഈ പഞ്ചായത്തിലുമുണ്ടായിട്ടുണ്ട്. ഈ പ്രസ്ഥാനത്തിൻെറ പ്രവർത്തനങ്ങളുമായി പ്രമുഖ ഗാന്ധിയനായ ശ്രീ. എ. വി. ശ്രീണ്ഠപൊതുവാൾ, കെ. സി. പൊന്നുണ്ണി രാരു എന്നിവർ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. തൽഫലമായി കുറ്റിപ്പുറത്ത് രാരു പണിക്കർദാനം ചെയ്ത ഭൂമിയാണ് ഭൂദാനം കുന്നായി അറിയപ്പെടുന്നത്.

കുടികിടപ്പ് അവകാശങ്ങൾക്കായി ഊരകം മേൽമുറി നെച്ചികുഴിയിൽ ഹരിജനങ്ങൾ ഭൂമി വളച്ചുകെട്ടി കൈവശപ്പെടുത്തി. എന്നാൽ അന്നത്തെ പ്രമാണിമാർ ഊരകം കീഴ്മുറിയിൽ നിന്നും കൊണ്ട് വന്ന ആളുകളെ ഉപയോഗിച്ച് പൊളിച്ചുമാറ്റി. ഇത് കുടികിടപ്പവകാശബോധം സാധാരണക്കാരിൽ വളർത്തിയെടുത്ത സംഭവമായിരുന്നു.

പഞ്ചായത്ത് രൂപം കൊണ്ടതിന് ശേഷം പി. കെ. മുഹമ്മദ് കുട്ടിഹാജി പ്രസിഡണ്ടും, കെ. പി. കോയകുട്ടി വൈസ് പ്രസിഡണ്ടുമായി ഭരണമാരംഭിച്ചു. ഇതോടെ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഇതോടൊപ്പം സാമൂഹ്യ രംഗത്തെ പ്രധാന വ്യക്തികളായിരുന്ന പാലേരി മൊയ്തീൻ ഹാജി, പാണ്ടിക്കടവത്ത് അബ്ദുള്ളകുട്ടി ഹാജി, മേൽമുറി അധികാരി ഗോപാലകൃഷ്ണ പണിക്കർ, അരി തൊടി മുഹമ്മതാജി, പാങ്ങാട്ട് മുസ്ലകുട്ടിഹാജി, പുലാക്കൽ കുഞ്ഞാലൻ ഹാജി. ജോക്കബ് ജോർജ്ജ് മഢോണ. കെ. ടി. അലവികുട്ടി ഹാജി, കിഴകില്ലത്ത് കരുണാകരൻ

നായർ, വള്ളിക്കാടൻകുഞ്ഞിമുഹമ്മദ് ഹാജി എന്ന മാനിാക്ക തുടങ്ങിയവർ വിവിധ രംഗങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്

## പി. കെ. കുഞ്ഞാലികുട്ടി

ഊരകത്തെ സാമൂഹ്യരാഷ്ട്രീയ പ്രവർത്തനത്തിലൂടെ കേരള രാഷ്ട്രീയ രംഗത്ത് ശ്രദ്ധേയനീയി തീർന്ന മറ്റൊരു പ്രധാന വ്യക്തിയാണ് ശ്രീ. പി. കെ. കുഞ്ഞാലി കുട്ടി. സാമൂഹ്യ പ്രവർത്തകനെന്ന നിലയിലും MLA, മന്ത്രി എന്നീ നിലകളിലും നമ്മുടെ പഞ്ചായത്തിൻെറ പുരോഗതിക്കു വേണ്ടി ഇദ്ദേഹം ഇപ്പോഴും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഇദ്ദേഹം ഇപ്പോൾ സംസ്ഥാന മുസ്ലിം ലീഗിൻെറ ഉന്നത നേതാവുമാണ്.


### കെ. കെ. പു കോയതങ്ങൾ

സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ ആത്മീയ രംഗങ്ങളിൽ നിറഞ്ഞു നിന്ന വ്യക്തിയായിരുന്നു ഇദ്ദേഹം. പഞ്ചായത്ത് പ്രസിഡൻറ് എന്ന നിലയിൽ ദീർഘകാലം വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. മാത്രമല്ല ഹോമിയോ ചികിത്സാ രംഗത്തും സേവനങ്ങൾ നടത്തിയിട്ടുണ്ട്. നാനാജാതി മതസ്ഥർക്കിടയിലുള്ള ഏതു പ്രശ്നവും പരിഹരിക്കുന്നതിൽ നിസ്തുലമായ പങ്കു വഹിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. വിദ്യാഭ്യാസ പ്രവർത്തകൻ, ബ്ലോക്ക് ജില്ലാ വികസന സമിതി അംഗം, ഹാമാറ്റിംഗ് ഓഫ് ഇൻഡ്യയുടെ ഡയറക്ടർ, വാർഡ് അംഗം, വളാഞ്ചേരി മർക്കസ് തർബിയ്യത്തുൽ ഇസ്ലാമിക് കോളേജ് കമ്മിറ്റി അംഗം, ചെമ്മാട് ദാറുൽഹുദാ ഇസ്ലാമിക് കോംപ്ലക്സ് കമ്മിറ്റി മെമ്പർ, കോട്ടുമല അബൂബക്കർ മുസ്ലിയാർ ഇസ്ലാമിക് കോംപ്ലക്സ് കമ്മിറ്റി മെമ്പർ, എന്നീ വിവിധ രംഗങ്ങളിൽ ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. മുസ്ലിംലീഗിൻെറ സംസ്ഥാന കമ്മിറ്റിയംഗവും കൂടിയായിരുന്നു ഇദ്ദേഹം.

നാടിൻെറ പുരോഗതി നാട്ടുകാരുടെ തീരുമാനത്തോടെ ആകണമെന്നും കക്ഷിരാഷ്ട്രീയത്തിനതീതമായും കൃഷിക്കും, വ്യവസായത്തിനും വിദ്യാഭ്യാസത്തിനും പ്രാധാന്യം കൊടുത്തുകൊണ്ടേ നമ്മുടെ നാടിനെ രക്ഷിക്കാൻ കഴിയൂ എന്നുമായിരുന്നുഅദ്ദേഹത്തിൻെറ സുചിന്തിതമായ അഭിപ്രായം. ജനകീയാസൂത്രണ പരിപാടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും ആലോചനകൾക്കുമിടയിലാണ് അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞത്. വികസന സങ്കൽപങ്ങൾ സാക്ഷാത്കരിക്കുന്നതിന് പഞ്ചായത്തിലെ ജനതക്ക് എന്നും അദ്ദേഹം വഴികാട്ടിയായിരിക്കും.

### വികസന രംഗം

പഞ്ചായത്തിലെ വികസന രംഗത്ത് നിലവിലുള്ള ഭരണ സമിതി ജനപങ്കാളിത്തത്തോടെയുള്ള പരിപാടികൾ ആവിഷ്കരിച്ചു വരുന്നു. ഈ പഞ്ചായത്തിൽ നെതർലാൻഡ് സർക്കാരിൻെറ ധന സഹായത്തോടെ, കുടി വെള്ളം, പരിസരശുചീകരണം എന്നീ മേഖലകളിൽ സമ്പൂർണ്ണലക്ഷ്യം പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. ചെറുകിട ജലസേചനരംഗത്തും, ഗതാഗത രംഗത്തും അഭിമാനകരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ജനകീയാസൂത്രണ പരിപാടികളുമായി മുന്നോട്ട് പോവുമ്പോൾ മേൽപറഞ്ഞ പ്രവർത്തനങ്ങളൊക്കെ കൂടുതൽ അനുഭവങ്ങൾ നൽകുന്നു. കക്ഷിരാഷ്ട്രീയ ഭേദമന്യേ എല്ലാവിഭാഗം നേതാക്കളുടേയും പ്രവർത്തകരുടേയും സജീവ സാന്നിധ്യം ഈ പ്രവർത്തനങ്ങൾക്ക് ആവേശം നൽകുന്നു.



ഗതകാലത്തോട് പലവിധത്തിലും നാം കടപ്പെട്ടിരിക്കുന്നു.
ഭാവിയോടും നമുക്ക് കടമയുണ്ട്.
ആ കടമയാകട്ടെ ഭൂതകാലത്തോടുള്ള
തിനേക്കാൾ ഒരു പക്ഷെ കൂടുതലായിരിക്കും
ജവഹർലാൽ നെഹ്റു.

# ഭൂപ്രകൃതി, ജനപ്രകൃതി ജലപ്രകൃതി, ജൈവപ്രകൃതി.

## ഭൂപ്രകൃതി

ഊരകം പഞ്ചായത്ത് ഭൂമി ശാസ്ത്രപരമായി ഉയർന്ന മലമ്പ്രദേശങ്ങളും, സമതലങ്ങളും, പാടശേഖരങ്ങളും നിറഞ്ഞതാണ്. പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിലൂടെ പടിഞ്ഞാറോട്ട് കടലുണ്ടിപ്പുഴ ഒഴുകുന്നത്. ഈ പഞ്ചായത്ത് പശ്ചിമ തീര സമതലങ്ങളും മലമ്പ്രദേശങ്ങളും എന്ന കാലാവസ്ഥ എന്ന മേഖലയിലാണ് പെടുന്നത്. പഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 21.65 ചതുരശ്ര കലോമീറ്ററാണ്.

| ഭൂമിയുടെ തരം | വിസ്തീർണ്ണം | ശതമാനം |
|---|---|---|
| ഉയർന്നസമതലവും ചെങ്കൽ കലർന്ന പാറപ്രദേശവും. | 433.1HA | 20% |
| കരിങ്കൽ പ്രദേശം. | 216.55HA | 10% |
| താഴ്വരയും പാടശേഖരവും. | 909.51HA | 42% |
| കുത്തനെയുള്ള ചെരിവും ചെറുചെരിവും. | 606.34HA | 28% |
| ആകെ. | 2165.5HA | 100% |

4

1. **ഉയർന്ന സമതലവും ചെങ്കൽ നിറഞ്ഞ പാറ പ്രദേശവും:-**

ഊരകം പഞ്ചായത്തിൽ മൊത്തം വിസ്തൃതിയുടെ 20% ത്തോളം ചെങ്കൽ കലർന്ന പാറപ്രദേശങ്ങളാണ് വെങ്കുളം.കോട്ടുമലപ്പറമ്പ്.മീഞ്ചറപ്പറമ്പ്.കാപ്പിൽ.ആലക്കപ്പറമ്പ്. വട്ടപ്പറമ്പ് എന്നിവിടങ്ങളിലാണ് ചെങ്കൽ നിറഞ്ഞപാറപ്രദേശങ്ങളുള്ളത്.

2. **കരിങ്കൽ പ്രദേശം.**

ഈ പഞ്ചായത്തിന്റെ വിസ്തൃതിയുടെ 10ശതമാനത്തോളം വരും. ഇതിൽ പ്രധാനമായിവരുന്ന ഭാഗങ്ങാം കരിയാരം,കീരൻകുന്ന്.കോങ്കടപ്പാറ.തെക്കിയിൽപ്പാറ.അപ്പക്കാട്.ചെരുപ്പടിയൻ പാറ.മുതിരപ്പാറ.എരുമപ്പാറ.മീച്ചിപ്പാറ.തുടങ്ങിയവയാണ്.

3. **താഴ്വരയും പാടശേഖരവും.**

ഊരകം പഞ്ചായത്തിന്റെ മൊത്തം ഭുവിസ്തൃതിയിൽ 40ശതമാനത്തോളം താഴ്വരയും പാടശേഖരങ്ങളുമാണ്. പാടശേഖരങ്ങാം ഊരകം മേൽമുറി കീഴ്മുറി എന്നിങ്ങനെ രണ്ടായി കിടക്കുന്നു. കീഴ്മുറി ഭാഗത്താണ് ജലദൗർലഭ്യം അനുഭവപ്പെടുന്നത്. നെല്ല്, തെങ്ങ്.കവുങ്.മരച്ചീനി,വാഴ,പച്ചക്കറികാം എന്നിവയാണ് മുഖ്യ വിളകാം.

4. **കുത്തനെയുള്ള ചെരിവും ചെറുചെരിവുള്ള പ്രദേശവും.**

കുന്നും മലകളും നിറഞ്ഞ ഈ പഞ്ചായത്തിന്റെ കാൽ ഭാഗത്തോളം കുത്തനെയുള്ള ചെരിവുകളും ചെറുചെരിവുകളുമായി കിടക്കുന്നു.ഫലഭൂയിഷ്ഠമായ മണ്ണുള്ളതാണ് ഈ പ്രദേശങ്ങാം. തെങ്ങ്.കവുങ്ങ്.കുരുമുളക്.റബ്ബർ.മരച്ചീനി.എന്നിവയാണ് മുഖ്യവിളകാം. ചിലയിടങ്ങളിൽ പ്രകൃതിദത്തമായ നീരുറവകാം കാണുന്നു.

## ജലപ്രകൃതി

പഞ്ചായത്തിൽ സ്ഥിരമായി വെള്ളം ഒഴുകുന്ന തോടുകൾ കുറവാണ് എന്നാൽ പ്രകൃതിദത്തമായ നീരുറവകൾ ഉണ്ട്. വർഷത്തിൽ 2900നും3100മില്ലിമീറ്ററിനിടയിലാണ് മഴ ലഭിക്കുന്നത്. മഴവെള്ളം ശരിയായ രീതിയിൽ സംഭരിക്കാനുള്ള ഫലപ്രദമായ സംവിധാനങ്ങൾ ഇപ്പോൾ നിലവിലില്ല. ഫെബ്രുവരി,മാർച്ച്,ഏപ്രിൽ,മെയ് എന്നീ മാസങ്ങളിൽ പഞ്ചായത്തിൻെറ ഭൂരിഭാഗവും വരൾച്ചയിലരുന്നു.

## ജനപ്രകൃതി

1996ലെ പഞ്ചായത്ത് തലസർവ്വെ പ്രകാരം ആകെ ജനസംഖ്യ 22276 ആണ്. ഇതിൽ 10835പുരുഷന്മാരും 11441സ്ത്രീകളുമാണ്. പഞ്ചായത്തിലെ ജനസാന്ദ്രത1088ആണ്. മൊത്തം ജനസംഖ്യയുടെ 51.36% സ്ത്രീകളാണ്. പട്ടികജാതിയിൽ പ്പെട്ടവർ 660പുരുഷന്മാരും 660 സ്ത്രീകളുമാണ്.(1991സെൻസസ് പ്രകാരം) ഈ പഞ്ചായത്തിൽ 10 പുരുഷന്മാരും 4 സ്ത്രീകളും 91 സെൻസസ് അനുസരിച്ച് പട്ടിക വർഗ്ഗക്കാരായി ഉണ്ടെങ്കിലും ഇപ്പോഴത്തെ പഞ്ചായത്ത് തലസർവെയിൽ ഇവരെ കണ്ടെത്താനായില്ല.

1996 ലെ പഞ്ചായത്ത് തലസർവെയെ അടിസ്ഥാനമാക്കി വാർഡ് തലവിവരങ്ങളും 91ലെ സെൻസസ് പ്രകാരമുള്ള പട്ടികജാതി വിവരങ്ങൾ (പട്ടിക 1ൽ)

പട്ടിക 1

| 1996ലെ പഞ്ചായത്ത്തല സർവെ | | | | | 1991ലെ സെൻസസ് പ്രകാരം | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | വീടുകളുടെ എണ്ണം | ജനസംഖ്യ | | ആകെ | പട്ടികജാതി | | | സാക്ഷരത | | |
| | | പു | സ്ത്രീ | | പു | സ്ത്രീ | ആകെ | പു | സ്ത്രീ | ആകെ |
| 1 | 489 | 1593 | 1746 | 3339 | 145 | 140 | 285 | 1225 | 1159 | 2384 |
| 2 | 344 | 829 | 764 | 1593 | 10 | 10 | 20 | 879 | 847 | 1726 |
| 3 | 399 | 1328 | 1439 | 2767 | 101 | 101 | 202 | 831 | 837 | 1668 |
| 4 | 350 | 1112 | 1227 | 2339 | 51 | 50 | 101 | 720 | 711 | 1431 |
| 5 | 226 | 784 | 905 | 1689 | 24 | 22 | 46 | 471 | 550 | 1021 |
| 6 | 373 | 1363 | 1392 | 2755 | 33 | 37 | 70 | 881 | 789 | 1670 |
| 7 | 339 | 1134 | 1211 | 2345 | 67 | 67 | 134 | 645 | 641 | 1286 |
| 8 | 322 | 1039 | 1032 | 2071 | 155 | 169 | 324 | 1242 | 1242 | 2484 |
| 9 | 357 | 926 | 1003 | 1929 | 74 | 64 | 138 | 909 | 904 | 1813 |
| 10 | 229 | 727 | 722 | 1449 | | | | | | |
| ആകെ | 3398 | 10835 | 11441 | 22276 | 660 | 660 | 1320 | 7803 | 7679 | 15482 |

വ്യവസായ മേഖലയിൽ കാര്യമായ പുരോഗതി ഇല്ലാത്തത് കൊണ്ട് വിദഗ്ദ തൊഴിലാളികൾക്ക് തൊഴിൽ സാദ്ധ്യതയില്ലാത്ത പ്രദേശമാണിത്. ജനങ്ങളുടെ പ്രധാനവരുമാ മാർഗ്ഗം കൃഷിയാണെങ്കിൽ കൂടി കാർഷികോല്പന്നങ്ങളുടെ വിലയിടിവ് ആ മേഖലയിൽ തൊഴിലെടുക്കുന്നവരേയും കർഷകരെയും പ്രതിസന്ധിയിലാഴ്ത്തിയിരിക്കുകയാണ് തൊഴിൽ മേഖല സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക

സ്ഥിരം തൊഴിൽ ചെയ്യുന്നവർ

| തൊഴിൽ മേഖല | പുരുഷൻ | സ്ത്രീ | ആകെ | ശതമാനം |
|---|---|---|---|---|
| തൊഴിൽ പങ്കാളിത്തം | 3391 | 421 | 3812 | 17.4% |
| ഉൽപാദകർ (കൃഷിക്കാർ) | 816 | 226 | 1042 | 4.7% |
| ചെറുകിടവ്യവസായം | 134 | 26 | 160 | 0.7% |
| കെട്ടിട നിർമ്മാണം | 1138 | 475 | 1613 | 7.2% |
| വ്യാപാരമേഖല | 897 | 48 | 945 | 4.2% |
| കർഷകതൊഴിലാളികൾ | 1227 | 414 | 1641 | 7.3% |
| ഗതാഗതവും വാർത്താ വിനിമയവും | 411 | 18 | 429 | 1.9% |
| മൃഗസംരക്ഷണം | 493 | 80 | 573 | 2.5% |
| മറ്റുതൊഴിൽ മേഖലകൾ | 974 | 335 | 1309 | 5.9% |

ഭൂരിഭാഗം വരുന്ന സ്ത്രീ പുരുഷന്മാർ പ്രത്യേകമായി ഒരു തൊഴിലിലും ഏർപ്പെടാത്തവരാണ്.

## ജൈവപ്രകൃതി

ജൈവ വൈവിധ്യം ഊരകം പഞ്ചായത്തിൻെറ പ്രത്യേകതയാണ്. പ്രകൃതി വിഭവങ്ങളെ കുറിച്ച് സമഗ്രമായ ഒരു പഠനം ഇവിടെ നടന്നിട്ടില്ല. വളരെ പ്രാചീനമായ ഒരു സംസ്ക്കാരം നിലനിന്നിരുന്നുവെങ്കിലും അതിനെ കുറിച്ച് വ്യക്തമായ രേഖകളില്ല.എന്നിരുന്നാലും ഊരകം മലയുടെ നെറുകെയുള്ള തൃശ്ശനാംകുന്ന്ക്ഷേത്രം ഒരു പ്രാചീന സംസ്ക്കാരത്തിൻെറ അവശിഷ്ടമായി ഇന്നും നിലനിൽ


ക്കുന്നു.

നിത്യഹരിത വനങ്ങളും ഹിംസ്രജന്തുക്കളും നിറഞ്ഞ പ്രദേശമായിരുന്നു ഇത്. ഇന്നു മലമുകളിൽ നാമമാത്രമായി കുരങ്ങന്മാരെ കാണാം.

ഇന്ന് പഞ്ചായത്തിനകത്ത് കാണുന്ന പ്രധാന ഔഷധസസ്യങ്ങളാണ്.

1. കുറുന്തോട്ടി. Sidaretusa
2. തുളസി. Ocimum Sanctum
3. ആര്യവേ[illegible]. Azadirachta indica
4. തെച്ചി. Ixora
5. നെല്ലിക്ക. Phyllanthus emblica
6. കീഴാർനെല്ലി. Phyllanthum niruri
7. മുത്തങ്ങ. Chperus rotundas
8. ജാതിക്ക. Myristica tragrans
9. കറുക. പർപ്പടകപുല്ല്. Cynodon dactylon
10. ഗ്രാമ്പൂ. Engina caryo phyllus
11. നറുനണ്ടി. Hemidesmus indicus
12. പനിക്കൂർക്ക. Coleus aromaticus
13. കുടങ്ങൽ. Centella asratica
14. പുത്തരിച്ചുണ്ട. Solanum sp.
15. ആടലോടകം.
16. ശംഖുപുഷ്പം.

## ട്രാൻസെക്ട്-1



| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി. | പുഴയോരസമതലം | കുന്നിൻെറ ചെറിയ ചെരിവ്. | കുന്നിൻ മണ്ട നിരന്ന സ്ഥലം. | കുത്തനെ ചെരിവ് | താഴ്‌വര,പാടശേഖരം. | കുത്തനെ ചെരിവ്. | കുന്നിൻമണ്ട. | കുത്തനെ ചെരിവ്. | കുന്നിൻെറ ചെറിയ ചെരിവ്. | കരിങ്കൽ പാറ. |
| മൺതരം. | എക്കൽ മണ്ണ് | വെട്ടുകല്ല് ചുവന്നമണ്ണ്. | വെട്ടുകല്ല്.തരിശ്കളി മണ്ണ്. | ചുവന്നമണ്ണ് | ചെളിമണ്ണ്. ചുവന്നമണ്ണ്. | ചുവന്ന, വളക്കൂറുള്ള മണ്ണ്. കരിങ്കൽപാറ. | | വളക്കൂറുള്ളചുവന്ന മണ്ണ്. കരിങ്കൽ പാറ. | വളക്കൂറുള്ളചുവന്നമണ്ണ്. | പ. |
| സസ്യാവരണം. | തെങ്ങ്. കവുങ്ങ്. നെല്ല്. വാഴ. പച്ചക്കറി. | തെങ്ങ്. കവുങ്ങ്. ഫലവൃക്ഷങ്ങൾ. ഇടവിളകൾ. ഇഞ്ചി. മഞ്ഞൾ. കുരുമുളക്. വാഴ. | കശുമാവ് തെങ്ങ്. നെല്ല്. പൈനാപ്പിൾ. കവുങ്ങ്. | തെങ്ങ്. ഫലവൃക്ഷങ്ങൾ. കുരുമുളക്. കവുങ്ങ്. | നെല്ല്. തെങ്ങ്. കവുങ്ങ്. മരച്ചീനി. വാഴ. പച്ചക്കറികൾ. | തെങ്ങ്. റബ്ബർ. കുരുമുളക്. മരച്ചീനി. ഇഞ്ചി. കവുങ്ങ്. | | റബ്ബർ. കുരുമുളക്. തെങ്ങ്. കവുങ്ങ്. | റബ്ബർ. കുരുമുളക്. തെങ്ങ്. കവുങ്ങ്. | തരിശ്. |
| പരിസ്ഥിതി പ്രശ്നങ്ങൾ. | വെള്ളം കേറുന്നു പാടംനികത്തുന്നു | മണ്ണൊലിപ്പ്. ജലക്ഷാമം. | വെട്ടുകൽ ഖനനം. | മണ്ണൊലിപ്പ് | പാടം നികത്തുന്നു മണ്ണൊലിപ്പ്. മണ്ണ് അടിയുന്നു | പാറപ്പൊട്ടിക്കൽ. മണ്ണൊലിപ്പ്. | | മണ്ണൊലിപ്പ്. | | |

# സാമൂഹിക സാമ്പത്തിക മേഖല.

5



# കൃഷിയും ജലസേചനവും

തെങ്ങും കവുങ്ങും മുഖ്യവിളകളായുള്ള ഊരക ഗ്രാമത്തിൻെറ ഭൂപ്രകൃതി പശ്ചിമതീര സമതലങ്ങളും മലമ്പ്രദേശങ്ങളും എന്ന കാലാവസ്ഥാമേഖലയിലാണ് പെടുന്നത്. നെല്ല്,വാഴ, മരച്ചീനി, റബ്ബർ,കുരുമുളക്, എന്നീ കൃഷികളുമുള്ള ഈ പഞ്ചായത്തിൻെറ സമ്പദ്ഘടന തികച്ചും കാർഷികാധിഷ്ഠിതമാണ്.

ജൂൺ,ജൂലായ്,ആഗസ്റ്റ്,മാസങ്ങളിൽ ഏറ്റവും കൂടുതൽ മഴലഭിക്കുന്ന ഈ പഞ്ചായത്തിലെ ശരാശരി വാർഷികമഴ 3154 മില്ലിമീറ്ററാണ്. (പട്ടിക-1)

| വർഷം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1993 | 1 | 18.3 | 20.2 | 73.8 | 177.1 | 702.5 | 747.9 | 380.4 | 121.0 | 244.9 | 189.4 | 28 | 2703.5 |
| 1994 | 3.2 | - | 2.4 | 259.7 | 36.6 | 870.9 | 1435.0 | 437.5 | 220.1 | 588.0 | 42.1 | - | 3895.5 |
| 1995 | - | - | - | 73.8 | 357.2 | 729.4 | 612.5 | 456.6 | 294.7 | 198.6 | 170.6 | - | 2893.4 |

അവലംബം-കശുമാവ് ഗവേഷണകേന്ദ്രം ആനക്കയം.

1986 മുതൽ 1995 വരെയുള്ള 10വർഷത്തെ ശരാശരി കൂടിയ ഊഷ്മാവ് 32.6ഡിഗ്രി സെൽക്ഷ്യസ്യും കുറഞ്ഞ ഊഷ്മാവ് 22.38 ഡിഗ്രി സെൽക്ഷ്യസുമാണ്.(പട്ടിക-2)

താപനില-ഡിഗ്രിസെൻറിഗ്രേഡിൽ

| മാസം | കൂടിയതാപനില | കുറഞ്ഞതാപനില | ശരാശരിതാപനില |
|---|---|---|---|
| ജനുവരി | 32.98 | 19.56 | 26.27 |
| ഫെബ്രുവരി | 34 34 | 21 14 | 27.74 |
| മാർച്ച് | 36.53 | 23.20 | 29.87 |
| ഏപ്രിൽ | 35.68 | 24.38 | 30.03 |
| മെയ് | 34.38 | 24.19 | 29.29 |
| ജൂൺ | 31.23 | 22.99 | 27.11 |
| ജൂലൈ | 29.44 | 22.44 | 25.94 |
| ആഗസ്റ്റ് | 30.26 | 22.44 | 26.35 |
| സെപ്റ്റംബർ | 31.44 | 22.99 | 27.22 |
| ഒക്ടോബർ | 31.86 | 23.01 | 27.44 |
| നവംബർ | 31.20 | 21.84 | 26.52 |
| ഡിസംബർ | 31.89 | 20.40 | 26.15 |
| ശരാശരി | 32.60 | 22.38 | 27.49 |

അവലംബം കശുമാവ് ഗവേഷണ കേന്ദ്രം ആനക്കയം.

പഞ്ചായത്തിൻെറ മൊത്തം വിസ്തൃതിയുടെ ഏകദേശം 89 ശതമാനത്തോളം ചരിവുള്ള പ്രദേശങ്ങളാണ്. ഇതു കാരണം മഴക്കാലങ്ങളിൽ മണ്ണൊലിപ്പ് സാധാരണമാണ്.(പട്ടിക-3)

### ചരിവ് ഭാഗങ്ങളുടെ വിവരണം.

| നമ്പർ | ചരിവ് വിഭാഗം | വിവരണം | വിസ്തൃതി ചതു.കി | മൊത്തം സ്ഥലത്തിൻെറ ശതമാനം. |
|---|---|---|---|---|
| 1 | 15-30% | സാമാന്യം ചരിവുള്ള സ്ഥലങ്ങൾ | 12.25 | 56.6% |
| 2 | 30-50% | ചരിവുള്ള സ്ഥലങ്ങൾ | 4.75 | 22% |
| 3 | >50% | വളരെയധികം ചരിവുള്ള സ്ഥലങ്ങൾ | 2.35 | 10.8% |

അവലംബം-സെക്കൻറിഡാറ്റ

### മൺതരങ്ങൾ

മൊത്തത്തിൽ ചുവന്ന നിറമുള്ള ലാറ്ററൈറ്റ് വിഭാഗത്തിൽ പെട്ട മണ്ണാണ്ണ് ഈ പഞ്ചായത്തിൽ ഭൂരിഭാഗം സ്ഥലത്തുമുള്ളത് മലമ്പ്രദേശങ്ങളിലും ചരിവുകളിലും താഴ്വരകളിലും മൺതരങ്ങളിൽ നേരിയ വ്യത്യാസങ്ങളുണ്ട്. ഈ ഭാഗങ്ങളിലെ വിളക്രമത്തിലും സാരമായ മാറ്റങ്ങൾ കാണാൻ കഴിയും (പട്ടിക-4)

### പട്ടിക-4 മൺതരങ്ങൾ വിളക്രമങ്ങൾ

| നമ്പർ | 1. | 2. | 3. |
|---|---|---|---|
| ഭൂവിഭാഗം | മലമ്പ്രദേശം, കുന്നിൻ മണ്ട | താഴ്വര | സാമാന്യം ചരിവുള്ള ഇതരഭാഗങ്ങൾ |
| മൺതരം | ഇരുമ്പിൻെറ അംശം കൂടിയ ലാറ്ററൈറ്റ് മണ്ണ്, ചെങ്കൽപാറ | ചരൽ കലർന്നകളി മണ്ണ്,ലാറ്ററൈറ്റ് മണ്ണ്,എക്കൽമണ്ണ് | ലാറ്ററൈറ്റ് മണ്ണ് |
| പ്രധാന വിളകൾ | തെങ്ങ്, കുരുമുളക്, റബ്ബർ,കശുമാവ | നെല്ല്,തെങ്ങ്, കമുക്,വാഴ,മരച്ചീനി,പച്ചക്കറികൾ | തെങ്ങ്,കമുക്, മാവ്,പ്ലാവ് |

അവലംബം:സെക്കൻറിഡാറ്റ.

വടക്ക് ഊരകം മലകളിൽ വളക്കൂറുള്ള ജൈവാംശം കൂടിയ നീർവാർച്ചയുള്ള മണ്ണാണ്. അങ്ങിങ്ങായി കൃഷിയോഗ്യമല്ലാത്ത കരിങ്കൽ പാറകളുള്ള തരിശുസ്ഥലങ്ങളുമുണ്ട്. അശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നതുമൂലം ഇവിടെ മണ്ണൊലിപ്പ് കൂടുതലാണ്. ഈ പഞ്ചായത്തിൻെറ തെക്ക് കടലുണ്ടി പുഴയാണ്. മഴക്കാലങ്ങളിൽ പുഴയിൽ വെള്ളം നിറഞ്ഞ് സമീപപ്രദേശത്തേക്ക് കരകവിഞ്ഞൊഴുക്കുക സാധാരണമാണ്. ഇക്കാരണത്താൽ നദീതീരത്ത് നിന്ന് ഉൾഭാഗത്തേക്കുള്ള കുറച്ച് പ്രദേശത്ത് മണലിൻെറ അംശം കൂടിയ എക്കൽ മണ്ണാണ് ഉള്ളത്. പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ ചതുപ്പുനിലങ്ങളും കൃഷിയോഗ്യമല്ലാത്ത ചെങ്കൽപാറകളുമുണ്ട്.

### കാലാവസ്ഥാകലണ്ടർ:

ജൂൺ മുതൽ ആഗസ്റ്റ് വരെ കാലവർഷവും സെപ്തംബർ മുതൽ ഒക്ടോബർ വരെ തുലാവർഷവും ഈ പഞ്ചായത്തിൽ ലഭ്യമാണ്. ഫെബ്രുവരി,മാർച്ച് മാസങ്ങളിൽ വേനൽ മഴ ലഭിക്കാറുണ്ട്. കാലവർഷമാണ് തുലാവർഷത്തെ അപേക്ഷിച്ച് കൂടുതൽ ലഭിക്കുന്നത്.

### കാർഷിക ചരിത്രം.

കഴിഞ്ഞ അരനൂറ്റാണ്ടുകാലത്തിനുള്ളിൽ ഊരകം പഞ്ചായത്തിൽ കാർഷികരംഗത്ത് വളരെയേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ പഞ്ചായത്തിൻെറവിസ്തൃതിയുടെ പകുതിയിലധികം മലമ്പ്രദേശങ്ങളും കുന്നിൻ ചരിവുകളുമാണ്. വളരെ അടുത്തകാലവരെ വന മേഖലയായിരുന്ന ഈ ഭാഗങ്ങളിൽ വന്യജീവികളായ കാട്ടുപന്നി,മുള്ളൻ പന്നി, കരിമ്പുലി,കുരങ്ങന്മാർ തുടങ്ങിയവ സർവ്വ സാധാരണമായിരുന്നു; സമീപപ്രദേശങ്ങളിൽ നിന്ന് നായാട്ടിനായി പല സംഘങ്ങളും ഇവിടെ എത്തിയിരുന്നു. ഏകദേശം 50 വർഷങ്ങൾക്ക് മുമ്പ് തിരുവിതാംകൂർ ഭാഗത്ത് നിന്ന് കുടിയേറ്റ കർഷകർ ഇവിടെ വന്നതിനുശേഷം പഞ്ചായത്തിലെ കാർഷിക മേഖലയിൽ സമൂലമായ മാറ്റമാണ് ഉണ്ടായത്. ഊരകം മലഭാഗങ്ങളിൽ താമസമുറപ്പിച്ച കുടിയേറ്റക്കാർ വന്യജീവികളോടും പകർച്ചവ്യാധികളോടും മല്ലിട്ട് കൊണ്ട് തെങ്ങ്,റബ്ബർ,മരച്ചീനി,കുരുമുളക് മുതലായ കൃഷികളാരംഭിച്ചു. ഈ മേഖലയിൽ ഉൽപാദിപ്പിച്ചിരുന്ന മരത്തച്ചീനി താഴെയുള്ള പനാലിങ്ങൽ എന്ന സ്ഥലത്ത് എത്തിച്ചായിരുന്നു വിപണനം നടത്തിയിരുന്നത് മരച്ചീനിയെ 'പൂള' എന്നാണ് ഈ ഭാഗത്ത് പറഞ്ഞിരിന്നത്.

''പൂള''വിപണനം ചെയ്തിരുന്ന ഈ സ്ഥലം പിന്നീട് ''പൂളാപ്പീസ്''ആയി മാറി. ഈ പ്രദേശത്തിൻെറ പുരോഗതിക്ക് കുടിയേറ്റ കർഷകരുടെ സംഭാവന വിലയേറിയതാണ്.

ഇന്ന് മരച്ചീനി ഊരകം മലമേഖലയിൽ നാമ മാത്രമാണ്. RR11 105,GT-1എന്നീ ഇനങ്ങളിൽ പെട്ട റബ്ബറും,WCT ഇനത്തിൽ പെട്ട തെങ്ങും,നാടൻ മംഗള ഇനങ്ങളിൽ പെട്ട കമുകും,കരിമുണ്ട ഇനത്തിൽ പെട്ട കുരുമുളകുമാണ് ഇപ്പോൾ കൃഷിചെയ്യുന്നത് നല്ല വളക്കൂറുള്ള ജൈവാംശം കൂടിയ മണ്ണായതിനാൽ ഉല്പാദനവും ഉല്പാദനക്ഷമതയും പഞ്ചായത്തിൻെറ ഇതരഭാഗങ്ങളെ അപേക്ഷിച്ച് ഇവിടെ കൂടുതലാണ്.

ഊരകം പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ ഭൂമിതട്ടുകളായി തിരിച്ചിട്ടുള്ള ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ചിട്ടുണ്ടെങ്കിലും ഭൂരിഭാഗം സ്ഥലങ്ങളിലും അശാസ്ത്രീയ കൃഷിരീതികൾ സ്വീകരിച്ചിട്ടുള്ളതിനാൽ മണ്ണൊലിപ്പ് കൂടുതലാണ്. അക്കാരണത്താൽ ഫലഭൂയിഷ്ഠമായ മേൽമണ്ണ് ഓരോവർഷവും നഷ്ടപ്പെടുന്നു.

കഴിഞ്ഞ കാലങ്ങളിൽ നെൽ കൃഷിയിൽ ഈ പഞ്ചായത്തിൽ വളരെ യേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. മുൻകാലങ്ങളിൽ ഭൂരിഭാഗം ജനങ്ങളും കാർഷികവൃത്തയിലേർപ്പെട്ടിരുന്നു. കൃഷിയായിരുന്നു പ്രധാനവരുമാന മാർഗ്ഗം. 1936ലെ വില്ലേജ് സെറ്റിൽമെൻറ് രേഖ പ്രകാരം 520ഹെക്ടർ സ്ഥലത്ത് നെൽകൃഷിചെയ്തിരുന്നിടത്ത് ഇന്ന് കേവലം 124 ഹെക്ടർ ആയി ചുരുങ്ങിയിരിക്കുന്നു. ഒരു കാലത്ത് വീട്ടുമുറ്റത്ത് കൂട്ടിയിട്ടിരുന്ന വൈക്കോൽ കൂനയും, പത്തായത്തിലെ നെല്ലും ഉമ്മറത്ത് കെട്ടിതൂക്കിയിരുന്ന നെൽകതിരും കുടുംബ മഹിമയുടെയും പ്രൗഢിയുടേയും അടയാളമായിരുന്നെങ്കിൽ ഇന്ന് ഇവയെല്ലാം നാമമാത്രമായി. കർഷകതൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലി നിരക്കും നെൽകൃഷി ലാഭകരമല്ലാത്താക്കി. നാടൻ വിത്തിനങ്ങളുടെ ഉപയോഗം, കീടരോഗബാധ എന്നിവ ഉല്പാദനക്ഷമതയും ഉല്പാദനവും കുറയാനിടയാക്കി. നെൽ

പാടങ്ങൾ നാണ്യവിളകൾ കൃഷിചെയ്യുന്നതിനും മണ്ണിട്ട് നികത്തി വീട് നിർമ്മിക്കുന്നതിനുമായി മാറ്റപ്പെട്ടു. ഇന്ന് നെൽപാടങ്ങളിൽ വാഴ,മരച്ചീനി,പച്ചക്കറികൾ മുതലായവ കൃഷി ചെയ്തുവരുന്നു.

മലമ്പ്രദേശങ്ങളും പാടങ്ങളും ഒഴികെയുള്ള പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിൽ തെങ്ങും കവുങ്ങുമാണ് മുഖ്യമായ വിളകൾ. വിളക്രമത്തിൽ കാര്യമായ മാറ്റങ്ങൾ കഴിഞ്ഞ വർഷങ്ങളിൽ ഇവിടെ ഉണ്ടായിട്ടില്ല. മറ്റുകൃഷികൾക്ക് അനുയോജ്യമല്ലാത്ത ചെങ്കൽ പാറകളുള്ള പ്രദേശങ്ങളിൽ അങ്ങിങ്ങായി കശുമാവ് കൃഷിയുണ്ട് കൂടാതെ കൈതച്ചക്ക,ഇഞ്ചി,മഞ്ഞൾ,തുടങ്ങിയവ നാമമാത്രമാണെങ്കിലും കൃഷിചെയ്തുവരുന്നു. നൂതനങ്ങളായ കൃഷിരീതികളിലേക്ക് കർഷകർ ക്രമേണ മാറിക്കൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിലെ പ്രധാന കാർഷിക വിളകൾ,വിസ്തൃതി, ഉല്പാദനക്ഷമത മൊത്തം ഉല്പാദനം എന്നിവ ചുവടെ ചേർക്കുന്നു (പട്ടിക-5)

**പട്ടിക-5 കാർഷികവിളകൾ,വിസ്തൃതി,ഉല്പാദനക്ഷമത,മൊത്തം ഉല്പാദനം.**

| വിളയുടെ പേര് | വിസ്തൃതി (ഹെക്ടർ) | ഉല്പാദനക്ഷമത | മൊത്തം ഉല്പാദനം |
|---|---|---|---|
| നെല്ല്-വിരിപ്പ് | 80 | 1700Kg/Ha | 136MT |
| മുണ്ടകൻ | 124 | 1900Kg/Ha | 235.6MT |
| തെങ്ങ് | 700 | 5800Nuts/Ha | 40.6lakhnuts |
| കമുക് | 90 | 20000Nuts/Ha | 18lakhnuts |
| റബ്ബർ | 125 | 934Kg/Ha | 116.75MT |
| വാഴ | 40 | 10000Kg/Ha | 400MT |
| മരച്ചീനി | 125 | 19900Kg/Ha | 2487.5MT |
| കുരുമുളക് | 32 | 270Kg/Ha | 8.64MT |
| കശുമാവ് | 23 | 800Kg/Ha | 18.4MT |
| എള്ള് | 4 | 265Kg/Ha | 1.06MT |
| ഇഞ്ചി | 6 | 3300Kg/Ha | 19.8MT |

അവലംബം: സെക്കൻററിഡാറ്റ.

കൂടാതെ ഏകദേശം 40 ഹെക്ടർ സ്ഥലത്ത് പച്ചക്കറികളും ചേമ്പ്,ചേന, തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും ഇടവിളയായി കൃഷിചെയ്തുവരുന്നു. മൊത്തം കാർഷിക വിളകളുടെ വിസ്തൃതി പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ ഏകദേശം 65ശതമാനത്തോളം വരും.

## കാർഷിക വികസന പ്രവർത്തനങ്ങൾ

**കൃഷിഭവൻ:** 1987 സെപ്തംബർ 1ന് ഊരകം കൃഷിഭവൻ ആരംഭിച്ചു. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളും വിവിധ വിളകളുടെ നടീൽ വസ്തുക്കളും കീട,കുമിൾ നാശിനികളും സബ്സിഡി നിരക്കിൽ കൃഷിഭവനിലൂടെ ലഭ്യമാക്കുന്നു. ഒരു കൃഷി ഓഫീസറും രണ്ട് കൃഷി അസ്സിസ്റ്റൻറുമാരും ഈ പഞ്ചായത്തിലെ കാർഷിക വികസനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. കർഷകദിനാചരണത്തിൽ മികച്ചകർഷകരെ ആദരിച്ചിട്ടുണ്ട്.

## നടപ്പുപദ്ധതികളുടെ വിശകലനം.

ഒപെക് (OPEC) സഹായത്തോടെ നീർമറി പ്രദേശ വികസനപദ്ധതി:- ഈ പദ്ധതിയുടെ ഭാഗമായി മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ജലസേചനത്തിന് കിണറുകൾ,പമ്പുസെറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനും,ഇടവിളകൃഷിസമ്പ്രദായം നടപ്പിലാക്കുന്നതിനും,പശു,ആട്,കോഴി,താറാവ്,മുതലായവ വളർത്താനും,നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് നഴ്സറി സ്ഥാപിക്കുന്നതിനും കൃഷിക്കാർക്ക് ബാങ്ക് വായ്പയും സബ്സിഡിയും ലഭ്യമാക്കി വരുന്നു. കാർഷിക സേവന കേന്ദ്രം(Agro Service Centre),കർഷകസംഘം (Farmer's Organisation) എന്നിവ ആരംഭിക്കുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പദ്ധതിയിലൂടെ കൃഷിക്കാർക്ക് ലഭ്യമാക്കിയ ബാങ്ക് വായ്പയും സബ്സിഡിയും ചുവടെ ചേർക്കുന്നു.

| വർഷം | ബാങ്ക്വായ്പ(രൂപ) | സബ്സിഡി(രൂപ) |
|---|---|---|
| 1994-95 | 989100/- | 83192/- |
| 1995-96 | 944120/- | 200000/- |

നാളികേരത്തിന്റെ ഉല്പാദനവർദ്ധനവ് ലക്ഷ്യമാക്കിയുള്ള സമഗ്രനാളികേരവികസന പദ്ധതി പ്രകാരം 1994-95ൽ 147500രൂപയും 1995-96ൽ 109000രൂപയും സബ്സിഡിയനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

ഊരകം കീഴ്മുറി പാടശേഖരത്തിന് ഗ്രൂപ്പ്ഫാമിങ്ങ് പദ്ധതി പ്രകാരം ഒരു പവർ ടില്ലർ കൃഷിഭവനിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

ഈ പഞ്ചായത്തിലെ കൃഷിക്കാർക്ക് കൃഷിഭവനിലൂടെ വിതരണം ചെയ്ത നടീൽ വസ്തുക്കളുടെയും മിനികിറ്റുകളുടേയും വിവരണം പട്ടിക ആറിൽ ചേർക്കുന്നു.

സമഗ്ര സുഗന്ധവിള വികസന പദ്ധതി പ്രകാരം 95-96 വർഷത്തിൽ 16990രൂപ സബ്സിഡിയായും, പ്രകൃതി ക്ഷോഭം മൂലം വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരതുകയായി 1994ൽ 15250രൂപയും 1995ൽ 25074രൂപയും 1996ൽ 68122രൂപയും കൃഷിഭവനിലൂടെ വിതരണം ചെയ്തിട്ടുണ്ട്.

കാർഷിക മേഖലയിൽ ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ ദാനപദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുള്ള ഈ പഞ്ചായത്തിലെ 100കൃഷിക്കാരിൽ നിന്ന് പദ്ധതി വിഹിതയിനത്തിൽ 64600രൂപ സ്വരൂപിച്ചിട്ടുണ്ട്. വിള ഇൻഷുറൻസ് പദ്ധതി, മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം എന്നിവയെ കുറിച്ച് കൃഷിക്കാർ വേണ്ടത്ര ബോധവാന്മാരല്ല.

### കാർഷിക സമിതികൾ.

ഈ പഞ്ചായത്തിൽ രണ്ട് പാടശേഖരസമിതികൾ നിലവിലുണ്ട്. ഇതിനു പുറമെ കേരകൃഷിക്കാരെ ഉൾപ്പെടുത്തികൊണ്ട് പഞ്ചായത്ത് തല കേരവികസന സമിതിയും പ്രവർത്തിച്ചു വരുന്നു. ഈ മൂന്ന് സമിതികളേയും പുനരുജ്ജീവിപ്പിക്കേണ്ടതായിട്ടുണ്ട്.

### കൂലിനിരക്ക്.

കാർഷികമേഖലയിൽ പണിയെടുക്കാൻ ഇന്ന് ആളുകളെ വേണ്ടത്രകിട്ടുന്നില്ല. 1641 പേർ ആണ് കർഷകതൊ

ഴിലാളികളായി പഞ്ചായത്തിലുള്ളത്. കൂലി നിരക്കിൽ സമീപകാലത്ത് വളരെയധികം വർദ്ധനയുണ്ടായിട്ടുണ്ട്. (പട്ടിക-7)

**പട്ടിക7. കൂലിനിരക്ക് (രൂപ)**

അവലംബം നാട്ടറിവ്.

| കൃഷിപ്പണി | കൂലിനിരക്ക് (1970ൽ) | | കൂലിനിരക്ക് 1996ൽ | |
|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ |
| ഉഴവ് | 10 | - | 200 | |
| കിളക്കൽ | 5 | - | 125 | |
| ഞാറ്നടീൽ | - | 2 | - | 75 |
| കളപറിക്കൽ | - | 2 | - | 75 |
| കൊയ്ത്.മെതി | - | 2 | - | 75 |
| തേങ്ങയിടൽ | 3 | - | 150 | |
| റബ്ബർ വെട്ട് | 10 | - | 100 | |

1970ന് ശേഷം കൂലിനിരക്കിൽ വന്ന വർദ്ധന പട്ടിക പരിശോധിച്ചാൽ മനസ്സിലാക്കാം. കാർഷകത്തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലി നിരക്കും കാർഷികോല്പന്നങ്ങളുടെ അസ്ഥിരമായ വിലയും കർഷകരെ അലട്ടുന്ന പ്രധാന പ്രശ്നങ്ങളാണ്.

### കാർഷികവായ്പ.

ഒരു സഹകരണ സ്ഥാപനമടക്കം 4 ബാങ്കുകളാണ് ഈ പഞ്ചായത്തിൻെറ പരിധിയിൽ വായ്പ ലഭ്യമാക്കി വരുന്നത്. കൂടാതെ ഏറനാട് കോ ഒപ്പറേറ്റീവ് കാർഷിക ഗ്രാമ വികസനബാങ്കിൻെറ മഞ്ചേരി ശാഖയിൽ നിന്നും വായ്പകാ൦ വിതരണം ചെയ്യാറുണ്ട്.1995ൽ ഫെഡറൽ ബാക്ക് ഊരകം ശാഖയിൽ നിന്ന് 9 ലക്ഷം രൂപയും ഊരകം സർവീസ് സഹകരണബാങ്കിൽ നിന്ന് 5.6ലക്ഷം രൂപയും വായ്പയിനത്തിൽ ഈ പഞ്ചായത്തിലെ കൃഷിക്കാർക്ക് നൽകിയിട്ടുണ്ട്.

### കാർഷികിവിപണ സൗകര്യങ്ങാ൦.

കാർഷിക വിപണന രംഗത്ത് ഈ പഞ്ചായത്തിൽ ഉല്പന്ന സംഭരണ കേന്ദ്രങ്ങളോ. സ്ഥിരം ചന്തകളോ. ആഴ്ച ചന്തകളോ ഒന്നും തന്നെയില്ല. കുറച്ച് കാലത്തേക്കെങ്കിലും ഊരകം സർവീസ് സഹകരണബാങ്ക് ഈ രംഗത്ത് പ്രവർത്തിച്ചിരുന്നു.

### ജലസേചനം.

കർഷകനെ സംബന്ധിച്ചിടത്തോളം കാർഷികാഭിവൃദ്ധിക്ക് ജല സേചന സൗകര്യങ്ങാ൦ അത്യന്താപേക്ഷിതമാണ്. നിലവിലുള്ള പദ്ധതികാ൦ കൊണ്ട് മാത്രം ഈ ലക്ഷ്യം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. മഴയെ ആശ്രയിച്ചിട്ടുള്ള കൃഷിസമ്പ്രദായമാണ് ഇന്നും അനുവർത്തിച്ച് വരുന്നത്. ഇത് കർഷകനെ പലപ്പോഴും പ്രതിസന്ധിയിലാക്കുന്നു, നിലവിലുള്ള ജല സ്രോതസ്സുകളെ പരമാവധി ചൂക്ഷണം ചെയ്തു കൊണ്ടുള്ള പദ്ധതികാ൦ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതായിട്ടുണ്ട്.കടലുണ്ടി പുഴയും നടുവിൽ തോടുമാണ്.

ഈ പഞ്ചായത്തിലെ പ്രധാനജലസേചനസൗകര്യങ്ങാ൦.കൂടാരെ അരുകിൽ തോട്. കരിമ്പിലിത്തോട്.പുല്ലഞ്ചാൽത്തോട്. എന്നീ തോടുകളും ബട്ടണിചോല.ചീരാത്തചോല,ഇടയാട്ടുചോല.വലിയചോല.നരിക്കാട്ടുകുളം.പാരിയോട്ടുചോല. എന്നി നീരുറവുകളും.അത്തിക്കുളം.അമ്പാട്ടുകുളം എന്നീ ജലസംഭരണികളുമുണ്ട്.(പട്ടിക-8)

**പട്ടിക-6**

**നടീൽ വസ്തുക്കളുടേയും മിനികിറ്റുകളുടേയും വിവരണം**

| നമ്പർ | പേർ | വർഷം 1993-94 | | 1994-95 | | 1995-96 | |
|---|---|---|---|---|---|---|---|
| | | നടീൽവസ്തു | മിനികിറ്റ് | നടീൽവസ്തു | മിനികിറ്റ് | നടീൽവസ്തു | മിനികിറ്റ് |
| 1. | നെല്ല് | 1910കി. | | 500കി. | | 750കി. | 12കിറ്റ് |
| 2. | പയർ | 52കി. | 20കി. | 292കി. | | 142കി. | 20കിറ്റ് |
| 3. | ചെറുപയർ | 260കി. | 32കി. | | | | |
| 4. | പച്ചക്കറി വിത്തുകാ൦ | 1430പായ്ക്കറ്റ്. | | 1510പായ്ക്കറ്റ്. | | 960പായ്ക്കറ്റ്. | |
| 5. | കുരുമുളക് വള്ളികാ൦ | 1500എണ്ണം. | | | | 5000എണ്ണം | |
| 6. | തെങ്ങിൻതൈകാ൦ | 546എണ്ണം | | 426എണ്ണം | | 460എണ്ണം | |
| 7. | കശുമാവ് ഗ്രാഫ്റ്റ് | 3225എണ്ണം | | | | 1496എണ്ണം | |
| 8. | ഒട്ടുമാവ് | 46എണ്ണം. | 19എണ്ണം. | | | 70എണ്ണം | |
| 9. | കമുക് | 166എണ്ണം | | 180എണ്ണം | | 150എണ്ണം | |
| 10. | ജാതി | 85എണ്ണം. | 36എണ്ണം. | | | 75എണ്ണം. | |
| 11. | ഉഴുന്ന് | 160കി. | 3കിറ്റ് | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 12. | എള്ള് | | 10കിറ്റ് | | | | 50കിറ്റ്. |
| 13. | നിലക്കടല | | | | | | 85കി. |

അവലംബം:സെക്കൻററി ഡാറ്റ.

പട്ടിക-8, തോടുകളെ സ ംബന്ധിച്ച വിവരം

| നമ്പർ | തോടിൻെറ പേര് | ഏകദേശനീളം |
|---|---|---|
| 1. | നടുവിൽത്തോട് | 5കീ.മി |
| 2. | കരിമ്പിലിത്തോട് | 4കീ.മി |
| 3. | പുല്ലഞ്ചാൽത്തോട് | 2കീ.മി |
| 4. | കാരാത്തോട് | 3കീ.മി |
| 5. | അരുകിൽത്തോട് | 1കീ.മി |

കടലുണ്ടി പുഴയുടെ ഏകദേശം 6കിലോ മീറ്ററോളം ദൂരം ഈ പഞ്ചായത്തിൻെറ തെക്ക് ഭാഗത്ത് കൂടിയാണ് ഒഴുകുന്നത്. കൃഷിക്ക് പ്രധാനമായി ഇപ്പോൾ ആശ്രയിക്കുന്നത് മേൽ സൂചിപ്പിച്ചിരിക്കുന്ന തോടുകളേയും കുളങ്ങളേയുമാണ്. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള കുളങ്ങളേയും തോടുകളേയും കാര്യക്ഷമമായി ഉപയോഗപ്പെടുത്തുവാൻ കഴിയും. പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ശാസ്ത്രീയ പഠനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്

### കാർഷികരംഗത്തെ പ്രശ്നങ്ങൾ.

1. മഴയെ പ്രധാനമായും ആശ്രയിച്ച് കൃഷിയിറക്കുന്ന ഈ പഞ്ചായത്തിൽ ലഭ്യമായ മഴവെള്ളം സംഭരിക്കുന്നതിനും അത് വേനൽ കാലത്ത് കൃഷിക്ക് ഉപയക്തമാക്കുന്നതിനും നിലവിൽ പദ്ധതികൾ ഒന്നും തന്നെയില്ല. നിലവിലുള്ള കുളങ്ങളും തോടുകളും ജലസേചന യോഗ്യമല്ല. പഞ്ചായത്തിൻെറ ചിലഭാഗങ്ങളിൽ മഴക്കാലത്ത് വെള്ളപ്പൊക്കവും, വേനൽക്കാലത്ത് വരൾച്ചയും അനുഭവപ്പെടുന്നു.

2. പഞ്ചായത്തിൻെറ ഭൂരിഭാഗം വരുന്ന ചരിവു പ്രദേശങ്ങളിൽ മണ്ണൊലിപ്പ് രൂക്ഷമാണ്. ഇത് പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

3. കർഷക തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലിനിരക്കും നെൽകൃഷി ലാഭമല്ലാതായി താക്കിയിരിക്കുന്നു. നെൽപ്പാടങ്ങൾ നികത്തപ്പെടുന്നു.

4. മഴക്കാലത്ത് കടലുണ്ടി പുഴയിൽ നിന്നും വെള്ളം സമീപ പ്രദേശങ്ങളിലേക്ക് കയറുന്നതിനാൽ പഞ്ചായത്തിൻെറ ചിലഭാഗങ്ങളിൽ കൃഷിനാശം സംഭവിക്കുന്നു.

5. കൃഷിക്കാർ നാടൻ വിത്തിനങ്ങളും പരമ്പരാഗത കൃഷി സമ്പ്രദായങ്ങളുമാണ് ഇപ്പോഴും അനുവർത്തിച്ചുപ്പോരുന്നത്. അക്കാരണത്താൽ മിക്ക വിളകളുടേയും ഉൽപാദനവും ഉൽപാദന ക്ഷമതയും കുറവാണ്. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും യഥാസമയങ്ങളിൽ കൃഷിക്കാർക്ക് ലഭിക്കുന്നില്ല.

6. കൃഷിയോഗ്യമായ ഭൂമി മുഴുവാനും ഉപയോഗപ്പെടുത്തിയിട്ടില്ല. കൃഷിക്കാരൻെറ നിലവിനുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് പര്യാപ്തമായ ഇടവിള കൃഷി സമ്പ്രദായം ഭൂരി ഭാഗം സ്ഥലങ്ങളിലും അനുവർത്തിച്ചിട്ടില്ല.

7. വിളകളിൽ രോഗകീട ബാധകുടുതലാണ്. തെങ്ങിൻെറ കൂമ്പു ചീയലും കമുകിൻെറ ഓല മഞ്ഞളിപ്പും, മഹാളിയും പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും കാണുന്നു. നെല്ലിന് ബ്ലാസ്റ്റ് രോഗം, തണ്ടു തുരപ്പൻ പുഴു, ഓലചുരുട്ടി പുഴു എന്നിവയുടെ ആക്രമണം സാധാരണയായി കണ്ടു വരുന്നു. ഇവയെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് ശാസ്ത്രീയ സസ്യ സംരക്ഷണ മാർഗ്ഗങ്ങൾ ഭൂരി ഭാഗം കൃഷിക്കാരും നടപ്പിലാക്കുന്നില്ല.

8. കൃഷിക്കാരെ ഇടത്തട്ടുക്കാരുടെ ചൂഷണത്തിൽ നിന്ന് ഒഴിവാക്കുന്നതിനും അവരുടെ ഉൽപന്നങ്ങൾ ന്യായമായ വിലക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനും നിലവിൽ സംവിധാനങ്ങളൊന്നുമില്ല.

9. പഞ്ചായത്തിൽ തരിശിട്ടിരിക്കുന്ന പല ഭാഗങ്ങളും കശുമാവ് കൃഷിക്ക് അനുയോജ്യമാണ്. നിലവിൽ അങ്ങിങ്ങായി കശുമാവ് കൃഷിയുണ്ടങ്കിലും വേണ്ടത്ര പരിചരണം ഇല്ലാത്തതു കാരണം ഉൽപാദനം വളരെ കുറവാണ്.

### ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള സാധ്യതകൾ.

1. കടലുണ്ടിപ്പുഴക്ക് മണ്ടോട്ടിൽ കടവ്, മേലേ പാറക്കടവ്, മച്ചിങ്ങൽ കടവ്, മമ്പീതി എന്നിവിടങ്ങളിൽ ചെക്ക് ഡാം നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ യൂണിറ്റുകൾ സ്ഥാപിക്കുക, നടുവിൽ തോടിൻെറ വീതികൂട്ടി പാർശ്വ ഭിത്തിക്കെട്ടി ഇടവിട്ട് ചീർപ്പുകൾ സ്ഥാപിക്കുക, നടുവിൽ തൊടിലുള്ള പനക്കൽ ചിറയിൽ നിന്നും പാടത്തേക്ക് ഒഴുകുന്ന വെള്ളം ചാലുകൾ നിർമ്മിച്ച് കൃഷിക്ക് ലഭ്യമാക്കുക എന്നിവ മുൻഗണാടിസ്ഥാനത്തിൽ ചെയ്താൽ അധിക വിള കൃഷിചെയ്യാൻ സാധിക്കുന്നതാണ്.

2. നിലവിലുള്ള ജല സ്രോതസ്സുകളായ ബട്ടണിചോല, ചീരാത്തുചോല, ഇടയാട്ട്ചോല, വലിയചോല, കരിമ്പിലി തോട്, പാരിയാട്ട് ചോല, പാറപ്പുറത്ത് പടിതോട്, അമ്പ്രാട്ട് കുളം എന്നിവ വൃത്തിയാക്കി തോടുകൾക്കാവശ്യമായ സ്ഥലങ്ങളിൽ ചീർപ്പുക്കുകൾ സ്ഥാപിച്ച് ജലസേചന യോഗ്യമാക്കാവുന്നതാണ്.

3. പഞ്ചായത്തിൻെറ അധീനതിലുള്ള അത്തിക്കു

ളത്തിലും എടരി, ചീരാത്തുള്ളി എന്നിവടങ്ങളിൽ പുതിയ കുളങ്ങാം നിർമ്മിച്ചും പമ്പു സെറ്റുകാം സ്ഥാപിക്കുക. അരുകിൽ തോടിന് കുറ്റിക്കാട്, കുളക്കാട്, നടുത്തോടിന് കുറ്റിപ്പുറത്തും വേട്ടേക്കര അമ്പല പ്പടിയിലും ചിറകാം കെട്ടിയും ജലസേചന യോഗ്യമാക്കാൻ സാധിക്കും.

4. വേരുമ്പുല്ലി ഭാഗത്ത് കെട്ടി നിൽക്കുന്ന വെള്ളം സമീപ വശത്തുകൂടി തോടു നിർമ്മിച്ച് കടലുണ്ടിപ്പുഴയിലേക്ക് ഒഴുക്കി കളഞ്ഞ് ആ ഭാഗത്തെ കൃഷിയോഗ്യമാക്കാം.

5. പഞ്ചായത്തിൻെറ അതിർത്തിയിലെ കിളിനക്കോട് ചാലിയിലെ വെള്ളം കെട്ടി നിർത്തി സമീപ പ്രദേശങ്ങളിൽ ജലസേചനത്തിന് ഉപയോഗിക്കാവുന്നതാണ്. വെങ്കുളം പാടത്തു നിന്നു വെട്ടുതോടു വഴി ഒഴിവാക്കപ്പെടുന്ന വെള്ളം തടഞ്ഞു നിർത്തി ജലസേചന യോഗ്യമാക്കാവുന്നതാണ്.

6. ജലസേചനാവശ്യത്തിന് ഉപയോഗിക്കുന്ന പമ്പു സെറ്റുകാംക്ക് എളുപ്പത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക. പൂ കൃഷി, ഔഷധ സസ്യ കൃഷി, കൂൺ കൃഷി എന്നിവ തുടങ്ങി കാർഷിക മേഖലയിൽ അഭ്യസ്ത വിദ്യരായ യുവതീ യുവാക്കാംക്ക് വിദഗ്ദ പരിശീലനവും ധന സഹായവും ലഭ്യമാക്കുക.

7. പച്ചക്കറി കൃഷിയുടെ വ്യാപനത്തിന് ഏറെ സാധ്യതയുള്ള ഈ പഞ്ചായത്തിൽ വിവിധ ഇനം പച്ചക്കറികളുടെ അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും സബ് സിഡിനിരക്കിൽ കൃഷിക്കാർക്ക് ലഭ്യമാക്കണം.

8. കൃഷിക്കാർക്ക് ട്രാക്ടർ, പവർ ടില്ലർ, മരുന്നു തളിക്കുന്നതിനുള്ള സ്പ്രേയറുകാം മറ്റു കാർഷിക ഉപകരണങ്ങാം എന്നിവ ന്യായമായ വാടകക്ക് ലഭ്യമാക്കുന്നതിന് ഒരു കാർഷിക സേവനകേന്ദ്രവും (അഗ്രോ സർവ്വീസ് സെൻററ്) കാർഷികോൽപന്നങ്ങാം ന്യായമായ വിലക്ക് സംഭരിച്ച് വിപണനം നടത്തുന്നതിന് കർഷക സംഘവും(ഫാർമേഴ്സ് ഓർഗനൈസേഷൻ) സ്ഥാപിക്കുക. ഈ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ഒപെക് സഹായത്തോടെയുള്ള നീർമറി പ്രദേശ വികസന പദ്ധതിയിൽ ഇവ നടപ്പിലാക്കുന്നതിന് വ്യവസ്ഥയുണ്ട്.

9. കൃഷിക്കാർക്ക് രാസവളങ്ങളും കീടനാശിനികളും ലഭ്യമാക്കുന്നതിന് ഒരു രാസവള കീടനാശിനി ഡിപ്പോ സ്ഥാപിക്കാവുന്നതാണ്.

10. മികച്ച കൃഷിക്കാർക്ക് അംഗീകാരമെന്നോണം പഞ്ചായത്ത് തലത്തിൽ അവാർഡുകാം ഏർപ്പെടുത്താവുന്നതാണ്.

11. നെൽകൃഷി ലാഭകരമായി ചെയ്യുന്നതിന് ഗ്രൂപ്പ് ഫാമിംങ്ങ് സമ്പ്രദായം പാടശേഖരാടിസ്ഥാനത്തിൽ കൂടുതൽ ശക്തിപ്പെടുത്താൻ കഴിയും.

12. ശാസ്ത്രീയ സസ്യ സംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ച് കൃഷിക്കാർക്ക് പരിശീലന ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കാവുന്നതാണ്.

13. മഴക്കാലത്ത് ലഭിക്കുന്ന മഴവെള്ളം കുത്തിയൊലിച്ച് നഷ്ടപ്പെടാതെ സംഭരിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും കൃഷി ഭൂമി തട്ടുകളായി തിരിച്ചുള്ള കൃഷിസമ്പ്രദായം നടപ്പിലാക്കുക. കേണ്ടൂർ കിടങ്ങുകാം കുഴിച്ച് മഴവെള്ളം സംഭരിക്കുക. കാര്യക്ഷമമായ ജലസേചനത്തിന് ഡ്രിപ്പ് ഇറിഗേഷൻ നടപ്പിലാക്കുക.

14. കൃഷിക്കാർ അവരുടെ കൃഷി ഭൂമിയിൽ കമ്പോസ്റ്റ് കുഴികാം നിർമ്മിച്ച് ജൈവ വളത്തിൻെറ ലഭ്യത ഉറപ്പു വരുത്തുക.

15. തെങ്ങിൻ തോട്ടങ്ങളിൽ, കൈതച്ചക്ക, ചേന, ഔഷധ സസ്യങ്ങാം എന്നിവ കൃഷിചെയ്തുള്ള ഇടവിള കൃഷി സമ്പ്രദായം നടപ്പിലാക്കുക.

16. പഞ്ചായത്തുതല കേരവികസനസമിതിയുടെ ആഭിമുഖ്യത്തിൽ ഒരു കൊപ്ര സംസ്കരണ വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

സമഗ്രമായ കാർഷിക വികസന തന്ത്രങ്ങാം ജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനും അതു വഴി ഊരകം പഞ്ചായത്തിൻെറ കാർഷി മേഖലയുടെ പുരോഗതി ഉറപ്പു വരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങാം ആരംഭിക്കേണ്ടതാണ്.

**ജലസേചനത്തിനായി ഗ്രാമ സഭകളിൽ നിന്നും ഉയർന്ന നിർദ്ദേശങ്ങാം**

| വാർഡ് നമ്പർ | തോടിൻെറ-ചിലയുടെ പേര് | നിലവിലുള്ള സ്ഥിതി | ആവശ്യം |
|---|---|---|---|
| 1 | നടുതോട്, പാരിയാട്ട് ചോല, വെള്ളച്ചാലിൽ | പനംചിറ പുളിക്കൽ ചിറനിർമ്മിക്കു | ചിറയിൽ നിന്നും കൈതോട് നിർമ്മിച്ച് പാടത്തിൻെറ ഇരുവശത്തു കൂടി താഴോട്ട് കൊണ്ട് വരുക. എം.എൽ.എ റോഡിനു താഴെ ചിറകെട്ടുക. ചിറ നിർമ്മിക്കുക. |

| | | | |
|---|---|---|---|
| 2 | അരുകിൽ തോട് | | കുറ്റിക്കാട്,കുളക്കാട്. എന്നിവടങ്ങളിൽ ചിറ നിർമ്മിക്കു |
| 3 | ബയാളിപാടം തോടിന് | | സൈഡ്കെട്ടി സംരക്ഷിക്കുക |
| 4 | പാറപ്പുറത്ത് പടി തോട് മുന്നൂറ്<br>തോടുമുതൽ ചെത്തുപാലം<br>വെള്ളോട്ടറ ചിറ | ചിറ | ചിറ നിർമ്മിക്കുക.<br>തോടിന് സൈഡ് ബിത്തി കെട്ടുക.<br>റിപ്പയർ ചെയ്യുക. |
| 5 | കൊക്കരി മുതൽ മുന്നൂർ<br>തോട് വരെമുള്ളിഭാഗം<br>ചിനക്കൽ<br>മഠത്തൊടുവിൽ | | സൈഡ്ഭിത്തികെട്ടി. ചിറകെട്ടിചീർപ്പിടുക<br>ചിറനിർമ്മിക്കു<br>ചിറനിർമ്മിക്കു |
| 6 | തിത്തി തോട്<br>കാരാതോട് | | സൈഡ്കെട്ടുക<br>സൈഡ്കെട്ടുക |
| 7 | | | |
| 8 | നൂറക്കാട് പനോളിതോട് | | ചിറകെട്ടി |
| 9 | | | |
| 10 | നടംതോട്<br>വേട്ടേക്കാരൻ പടി തോട്<br>കുറ്റിപ്പുറം പടിയിൽ നിന്നും<br>നടുതോട്ടിലേക്കുള്ള കൈ<br>തോട്<br>വിളകത്തിൽ പടി തോടിന് | | സൈഡ്കെട്ടി ചിറനിർമ്മിക്കുക.<br>ചിറനിർമ്മിക്കുക.<br>സൈഡ്കെട്ടി സംരക്ഷിക്കുക.<br>സൈഡ്കെട്ടി സംരക്ഷിക്കുക. |



# മൃഗസംരക്ഷണവും മത്സ്യബന്ധനവും

ഈ പഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖലയുമായി ബന്ധപ്പെട്ടു കഴിഞ്ഞിരുന്നവരാണ്. അതിനാൽ പഞ്ചായത്തിൻെറ പൂർവ്വ ചരിത്രത്തിൽ ജനങ്ങളുടെ മുഖ്യ വരുമാനമായിരുന്നു മൃഗസംരക്ഷണം. ഇവിടുത്തെ ജനങ്ങൾ കൃഷിപ്പണികൾക്കായി ഉഴവു കാളകളേയും, പോത്ത്, എരുമ എന്നീ മൃഗങ്ങളേയും ധാരാളമായി വളർത്തിയിരുന്നു. കാളപ്പൂട്ട് മത്സരങ്ങൾക്ക് പ്രശസ്തിയാർജ്ജിച്ച പ്രദേശമായിരുന്നു ഊരകം. ആട്, കോഴി, പാൽ, മുട്ട എന്നിവയും സുലഭമായി ലഭ്യമായിരുന്നു. മാത്രമല്ല ഇവ ശേഖരിച്ച് ചന്തകളിൽ കൊണ്ട്പോയി വിറ്റ് ഉപജീവനം നടത്തിയിരുന്നരും വിരളമല്ല. വിശാലമായ മേച്ചിൽപുറങ്ങൾ ഉണ്ടായിരുന്നത് കന്നുകാലി വളർത്തലിനെ സഹായിച്ചു. പുൽമേടുകൾ തോട്ടങ്ങളായി മാറിയതും പട്ടണസംസ്കാരത്തിൻെറ നുഴഞ്ഞു കയറ്റവും, കാർഷിക രംഗത്തിൻെറ തകർച്ചയും പാൽ വിപണന സാധ്യത കുറവും മൃഗസംരക്ഷണരംഗത്തെ പ്രതികൂലമായി ബാധിച്ചു.

പാലുൽപാദന രംഗത്ത് തീരെ പ്രോൽസാഹന ജനകമല്ലാത്ത അവസ്ഥയാണ് ഊരകം പഞ്ചായത്തിൽ നിലനിൽക്കുന്നത്. പഞ്ചായത്തിൻെറ പരിധിയിൽ ഒരു പാൽ സൊസൈറ്റി മാത്രമാണ് പ്രവർത്തിക്കുന്നത്. ഇതിൻെറ പ്രവർത്തനം നാമമാത്രമാണ്.

### വളർത്തു മൃഗങ്ങളും പക്ഷികളും.

| മൃഗങ്ങളുടെ ഇനം | നാടൻ | സങ്കരം | ആകെ |
|---|---|---|---|
| പശു | 1210 | 277 | 1487 |
| കാള | 288 | 37 | 325 |
| എരുമ | 37 | - | 37 |
| പോത്ത് | 62 | - | 62 |
| ആട് | 1195 | - | 1195 |
| കോഴി | 13274 | - | 13274 |
| താറാവ് | 33 | - | 33 |
| പട്ടി | 348 | - | 348 |

അവലംബം (1987-ലെ ലൈവ് സ്റ്റോക്ക്സെൻസസ്)

പശു,എരുമ ഇവയിൽ ഭൂരി ഭാഗവും നാടൻ ഇനങ്ങൾ ആയതുകൊണ്ട് പാലുൽപാദനം വളരെ കുറവാണ്. എരുമകളുടെ എണ്ണം സെൻസസ് റിപ്പോർട്ടിനെക്കാൾ കമ്മിയാണ്. ഇതിനു പ്രധാന കാരണം ഇവയെ വളർത്തുന്നതിനും പരിചരിക്കുന്നതിനുമുള്ള അസൗകര്യമാണ്. സങ്കരയിനം കന്നു കാലികളുടെ എണ്ണത്തിലും 87-സെൻസസ് ശേഷം ആശാവഹമായ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. ഒരു കാലത്ത് നിലം ഉഴുവാൻ കാലികളെയാണ് ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്ന് അവയെ അപൂർവ്വമായേ ഉപയോഗിക്കുന്നുള്ളൂ. കാർഷിക രംഗത്തുണ്ടായ യന്ത്രവൽക്കരണവും നെൽകൃഷിയിലുണ്ടായ കുറവ്, മൃഗ സംരക്ഷണ ചെലവ്, സ്ഥല പരിമിതികൾ,

ഉൽപന്നങ്ങളുടെ വിലയിടിവ് എന്നിവ ഉഴവുമാടുകളെ വളർത്തുന്നതിൽ നിന്നും ജനങ്ങളെ പിൻതിരിപ്പിക്കുന്നു.

1962-ൽ സ്ഥാപിതമായ ഒരു വെറ്റിനറി സബ്സെൻറർ മാത്രമാണ് 1995വരെ ഇവിടെ ഉണ്ടായിരുന്നത്. ഈ സബ്സെൻറർ തന്നെ ഊരകം പഞ്ചായത്തിൻെറ അതിർത്തി പ്രദേശമായ കാരാതോട് ആണ്. അതുകൊണ്ട്തന്നെ ഇതിൽ നിന്നുള്ള പ്രയോജനം പഞ്ചായത്തു നിവാസികൾക്ക് പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സാധിച്ചിരുന്നില്ല.

18-09-95-ൽ ഈ സബ് സെൻറർ മൃഗാശുപത്രിയായി ഉയർത്തി ഒരു മൃഗ ഡോക്ടറെ സ്ഥിരമായി നിയമിക്കുകയും ചെയ്തു. തൽഫലമായി മൃഗ സംരക്ഷണ രംഗത്ത് ഒരു പുത്തൻ ഉണർവ്വ് പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. ഈ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടവും സ്ഥലവും ഉണ്ടെങ്കിലും ഉപകരണങ്ങളുടെ അപര്യാപ്തത മൂലം ശരിയായ രീതിയിൽ പ്രവർത്തിക്കാൻ കഴിയുന്നില്ല.

നമ്മെസഹായിക്കും. നടപ്പു വർഷത്തിൽ കൃത്രിമ ബീജസങ്കലനം നടത്തിയതിൻെറ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

### കൃത്രിമ ബീജസങ്കലനം

| വളർത്തു മൃഗ ഇനം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണ ത്തിന്രണ്ടി ലധികംതവണ ബീജസങ്കലനം നടത്തിയവ | ആകെ എണ്ണം |
|---|---|---|---|
| പശു | 138 | 18 | 156 |
| കിടാരി | 42 | 5 | 47 |
| എരുമ | 10 | 2 | 12 |

അവലംബം സെകിൻററി ഡാറ്റ

മേൽ പട്ടികയിൽനിന്നും പശുക്കളിലും കിടാരികളിലും കൃത്രിമ ബീജ സങ്കലനം വഴി പ്രത്യുൽപാദനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങളുമായി നാം ബഹുദൂരം മുന്നോട്ടു പോകേണ്ടതുണ്ടെന്ന് മനസ്സിലാക്കാം. അതുപോലെ തന്നെ അത്യുൽപാദന ശേഷിയുള്ള കന്നുകാലികളെ വളർത്തുന്നതിനെ കുറിച്ചു ബോധവൽക്കരണവും അനിവാര്യമാണ്.

### കന്നുകാലികളുടെ രോഗ വിവരം

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ദഹന സംഹന്ധമായ | 252 | 5 | 540 | - | - | 61 | 2 | - | - | - |
| 2 | ശ്വാസകോശ സംബന്ധമായവ | 48 | 2 | 50 | - | - | 24 | - | - | - | - |
| 3 | ഉപാപചയസംബന്ധമായവ | 45 | 3 | 72 | - | - | - | - | - | - | - |
| 4 | ത്വക്ക് രോഗം | 46 | 1 | 48 | - | - | - | - | - | - | - |
| 5 | ധാതു ലവണങ്ങളുടെ അഭാവം | 14 | 1 | 10 | - | - | - | - | - | - | - |
| 6 | പരാദ രോഗങ്ങൾ | 360 | 10 | 172 | - | - | 120 | - | - | - | - |
| 7 | പ്രതുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 60 | 5 | 54 | - | - | - | - | - | - | - |
| 8 | വന്ധ്യത | 11 | 1 | 7 | - | - | - | - | - | - | - |
| 9 | അകിടു വീക്കം | 20 | - | 10 | - | - | - | - | - | - | - |
| 10 | മുടന്തൻ പനി | 12 | 2 | - | - | - | - | - | - | - | - |
| 11 | പകർച്ച വ്യാധികൾ | - | - | - | - | - | 100 | - | - | - | - |

അവലംബം സെക്കൻററി ഡാറ്റ

കന്നുകാലികളിലും കോഴികളിലും പ്രധാനമായും കണ്ടുവരുന്നത് പരാദരോഗവും, ദഹന സംബന്ധമായ രോഗവുമാണ്. കൂടാതെ അകിടു വീക്കം, പനി, ത്വക്ക് രോഗങ്ങൾ എന്നിവയും കാണുന്നു. രോഗങ്ങളെ കുറിച്ചുള്ള അറിവില്ലായ്മയും ശുചിത്വക്കുറവുമാണ് രോഗങ്ങൾക്ക് പ്രധാന കാരണം.

ഇന്ന് കന്നുകാലി വളർത്തൽഒരു തൊഴിലായി എടുത്തവരുടെ എണ്ണം വളരെ കുറവാണ്. അതുകൊണ്ടുതന്നെ പഞ്ചായത്തിൽ ജൈവ വള ലഭ്യതയിൽ വളരെ അധികം ബുദ്ധിമുട്ടുകൾ നേരിടുന്നു.

പാലുൽപാദന രംഗത്ത് ഒരു കുതിച്ചു കയറ്റം തന്നെ നടത്താൻ അത്യുൽപാദനശേഷിയുള്ള കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുകയും കൃത്രിമ ബീജസങ്കലനം വഴിയുള്ള പ്രത്യുൽപാദനവും

ഇ ഗ്രാമത്തിൽ മുമ്പ് എല്ലാ വീടുകളിലും കോഴികളെ വളർത്തിയിരുന്നു. എന്നാൽ ഇന്ന് ഇറച്ചിക്കും മുട്ടക്കും വേണ്ടി നാം അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. ധാരാളം തൊഴിൽ സാ ധ്യതയുള്ള കോഴി വളർത്തൽ മേഖലയിലേക്ക്ആളുകൾ കടന്നു വരത്തക്ക രീതിയിലുള്ള ബോധവൽക്കരണവും സാമ്പത്തിക സഹായവും ലഭ്യമാക്കിയാൽ വമ്പിച്ചമുന്നേറ്റത്തിന് സാധ്യതയുണ്ട്.

അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായകളുടെ എണ്ണം പൊതുവെ കുറവാണെങ്കിലും പേപ്പട്ടി ശല്യം ഇടക്ക് ഉണ്ടാകാറുണ്ട്. പഞ്ചായത്തിൽ വളർത്തു നായ്ക്കൾ ധാരാളം ഉണ്ടെങ്കിലും ലൈസൻസുള്ള നായ്ക്കളുടെ എണ്ണം വളരെ കുറവാണ്.

പേ വിഷബാധ. പ്രതിരോധ ചികിൽസയും

| ആകെ നായ്ക്കൾ | പ്രധിരോധ കുത്തി വെപ്പ് നടത്തിയവ | ലൈസൻ സുള്ളവ |
|---|---|---|
| 348 | 20 | 1 |

അവലംബം സെക്കൻററി ഡാറ്റ.

മത്സ്യം, മാംസം, മുട്ട എന്നിവ ജനങ്ങളുടെ ആഹാരത്തിൽ മുഖ്യ പങ്കുവഹിക്കുന്നു. ഉ രകം പഞ്ചായത്തിൽ ആറിൽ കൂടുതൽ സ്ഥലത്ത് ഇറച്ചി വിൽപനയും മത്സ്യ വിൽപനയും നടക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തു തലത്തിൽ അംഗീകൃത അറവുശാലകൾ ഇല്ലാത്തതു കൊണ്ട് മൃഗ പരിശോധന നടത്തി രോഗ വിമുക്തമായ മാംസം ലഭ്യമാക്കുന്നതിന് സംവിധാനമില്ല.

മൃഗസംരക്ഷണം - പ്രധാന പ്രശ്നങ്ങൾ.

1 മൃഗ ചികിൽസക്ക് പഞ്ചായത്തിൽ നിലവിനുള്ള സംവിധാനത്തിൻെറ അപര്യാപ്പത.

2 ശാസ്ത്രീയമായ മൃഗപരിപാലനത്തെ കുറിച്ചും, അതുമായി ബന്ധപ്പെട്ട പൊതുജനാരോഗ്യപ്രശ്നങ്ങളെ കുറിച്ചുമുള്ള അറിവില്ലായ്മ.

3 കോഴി വളർത്തൽ, അത്യുൽപാദന ശേഷിയുള്ള കന്നുകാലികളെകുറിച്ച്ചുള്ള അറിവില്ലായ്മ, കന്നുകാലി വളർത്തൽ എന്നിവക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രയാസം.

4 ക്ഷീരോൽപാദനം, വിപണനം, എന്നിവക്കാവശ്യമായ സംവിധാനങ്ങളില്ല.

5 കാലിതീറ്റ, പുല്ല് എന്നിവയുടെ അമിത വില.

6 കോഴിവളർത്തൽ കേന്ദ്രങ്ങൾ ഇല്ല.

7 പുൽവിത്ത് യഥാസമയം ലഭിക്കായ്ക.

8 തെരുവു പട്ടികൾ, പേപ്പട്ടികൾ എന്നിവയുടെ ശല്യം ഉണ്ടാകുന്നു.

9 പട്ടികളുടെ കാര്യത്തിൽ പഞ്ചായത്തിൽ നിലവിലുള്ള നിയമങ്ങൾ കർശനമാക്കുക.

10 ശാസ്ത്രീയ സംവിധാനമുള്ള അറവുശാലകളില്ല.

സാധ്യതകൾ

1 പഞ്ചായത്തിൽ നിലവിലുള്ള മൃഗാശുപത്രിക്ക് ആവശ്യമായ കെട്ടിടവും, ഫ്രിഡ്ജ് ഉൾപ്പെടെയുള്ള ഉപകരണങ്ങളും, ഫർണീച്ചറുകളും അനുവദിക്കുക. ആവശ്യമായ സ്ഥലങ്ങളിൽ വെറ്റിനറി സബ്സെൻററുകൾ സ്ഥാപിക്കുക.

2 മൃഗ പരിപാലനത്തിനും, പെതുജനാരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും ബോധവൽക്കരിക്കുന്നതിനായി ഓഡിയോ-വിഷ്വൽ എയ്ഡ്സ് പഞ്ചായത്തിൽ ലഭ്യമാക്കുക. അതു വഴിമൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന രോഗങ്ങളെക്കുറിച്ചും, അതു തടയാനുള്ള മാർഗ്ഗങ്ങൾ മനസ്സിലാക്കാനും സാധിക്കും.

3 അത്യുൽപാദന ശേഷിയുള്ള കന്നുകാലികളെ ഉൾപ്പെടുത്തിക്കൊണ്ട് മിനിഡയറി യൂണിറ്റുകൾ സ്ഥാപിക്കുക.

4 വീട്ടുമുറ്റത്തെ കോഴിവളർത്തൽ, എഗ്ഗർ നേഴ്സറി, ഇറച്ചിക്കോഴി വളർത്തൽ എന്നിവയുടെ പ്രയോജനം ലഭ്യമാക്കുവാൻ പരിപാടികൾ ആവിഷ്ക്കരിക്കുക. ഗ്രാമീണ വനിതകൾക്കുള്ള ചെറുകിട ഇറച്ചിക്കോഴി യൂണിറ്റ് ആരംഭിക്കുക.

5 നിലവിലുള്ള ക്ഷീര സഹകരണ സംഘത്തിൻെറ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക. കാലിത്തീറ്റ വിതരണത്തിനും സംവിധാനങ്ങളുണ്ടാക്കുക. വാരഡടിസ്ഥാനത്തിൽ ക്ഷീരോൽപാദന സംഭരണ സംവിധാനങ്ങളുണ്ടാക്കുക.

6 കൃഷിഭവനിലൂടെ യഥാസമയം പുൽവിത്ത് വിതരണം നടത്തുക.

7 പേപ്പട്ടി ശല്യം തടയുക, ലൈസൻസില്ലാത്തതും അലഞ്ഞുതിരിഞ്ഞു നടക്കുന്നതുമായ പട്ടികളെ ഉൻമൂലനം ചെയ്യുക. പഞ്ചായത്തിൽ നിലവിലുള്ള നിയമങ്ങൾ കർശനമാക്കുക. മൃഗസംരക്ഷണ വകുപ്പു നടത്തുന്ന പേ വിഷ നിർമാർജന പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുക.

8 ശാസ്ത്രീയ സംവിധാനങ്ങളുള്ള അറവു ശാല സ്ഥാപിക്കുക, അതോടൊപ്പം മാംസോൽപ്പന്നങ്ങൾ ഉണ്ടാക്കി വിതരണം നടത്താനുള്ള സംവിധാനങ്ങൾ കൂടി സാധ്യമാക്കുക. നിലവിലുള്ള ആട് യൂണിറ്റുകൾ കാര്യക്ഷമമാക്കുകയും, പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനു വേണ്ടി സബ്സിഡി നിരക്കുകൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

# മത്സ്യ ബന്ധനം

തീരപ്രദേശങ്ങളില്ലാത്ത ഒരു പഞ്ചായത്താണിത്. പഞ്ചായത്തിൻെറ തെക്കേ അതിർത്തിയിലൂടെയാണ് കടലുണ്ടി പുഴ ഒഴുകുന്നത്. പഞ്ചായത്തിൽ ധാരാളം ശുദ്ധജല സംഭരണികളും, നീർചാലുകളും ഉണ്ട്. ശുദ്ധജല സംഭരണികൾ പ്രധാനമായും കരിങ്കൽ ക്വാറികളോടനുബന്ധിച്ചും സ്വകാര്യ വ്യക്തികളുടെ അധീനതയിലുമാണ്. അതുകൊണ്ടു തന്നെ ഉപജീവനാർത്ഥം മത്സ്യ ബന്ധനം നടത്തുന്നകുടുംബങ്ങൾ ഇല്ല എന്നു തന്നെ പറയാം. പഞ്ചായത്തിൽ മത്സ്യം വിറ്റ് ഉപജീവനം നടത്തുന്ന ധാരാളം കുടുംബങ്ങൾ ഉണ്ട്. എന്നാൽ മത്സ്യം വിൽക്കുന്നതിന് പ്രത്യേക ചന്തകൾ ഒന്നും തന്നെയില്ല.

ഇ പഞ്ചായത്തിലെ ശുദ്ധജലാശയങ്ങളിൽ കണ്ടു വരുന്ന മത്സ്യ ഇനങ്ങളാണ് തൊണ്ണി, കണ്ണൻചുട്ടി, പൂഴിയൻ, കൊയ്ത്ത, വരാൽ, മുഴ്യ്, കടു, ചേറാൻ, വാള, കടുങ്ങാലി, വെളുമ്പ, കല്ലേങ്ങേരി, കോട്ടി, ആരൽ, മനഞ്ഞിൽ, ചെള്ളി, കരുതല, പറച്ചി, അമരി പരൽ തുടങ്ങിയവ. ഇ ഇനങ്ങൾ ധാരാളമായി കണ്ടിരുന്നു. എന്നാൽ ഇവയിൽ പലയിനങ്ങളും രോഗം മൂലവും അല്ലാതേയും വംശനാശ ഭീഷണി നേരിടുകയാണ്. ഇവിടങ്ങളിലെ ശുദ്ധജലാശയങ്ങളിൽ ധാരാളമായി ആമകളെ കണ്ടിരുന്നു. ഇപ്പോൾ ഇവ തീരെ ഇല്ലെന്നു തന്നെ പറയാം. ഗ്രാമസഭകളിലെ നിർദ്ദേശങ്ങളിൽ നിന്നും പഞ്ചായത്തിൽ മത്സ്യം വളർത്തുന്നതിന് സാധ്യതയുള്ള പല സ്ഥലങ്ങളും ഉള്ളതായി കാണാം. നിർദ്ദേശങ്ങൾ ശാസ്ത്രീയമായ പഠനത്തിന് വിധേയമാക്കേണ്ടതാണ്.

# വ്യവസായം

വ്യവസായ മേഖലയെ കുറിച്ച് വളരെ ഗഹനമായ വിശകലനം അനിവാര്യമായ ഒരു പഞ്ചായത്താണ് ഊരകം. വ്യവസായ സംരംഭങ്ങൾക്ക് അനുയോജ്യമായ ഭൂമി ശാസ്ത്രപരമായ സാധ്യതകൾ ഇവിടെ ഉണ്ടെങ്കിലും ഈ മേഖലയിൽ ആശാവഹമായ ഒരു ചുവടുവെപ്പ് ഇതു വരെ ഉണ്ടായിട്ടില്ല. പഞ്ചായത്തിലെ ഇന്ന് നിലവിലുള്ള മിനിഇഡസ്ട്രിയൽ ഏരിയായിൽ പ്രവർത്തിക്കുന്ന മൂന്ന് നാല് ചെറുകിട വ്യവസായ യൂണിറ്റുകളും 7-ാം വാർഡിൽ അടുത്ത കാലത്ത് പ്രവർത്തനമാരംഭിച്ച ഒരു ചെറുകിട ഫൈബർ യൂണിറ്റും ഒഴിച്ചാൽ പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ സഹകരണ മേഖലയിലോ കാര്യമായ വ്യവസായയൂണിറ്റകളൊന്നും ഇവിടെ നിലവിലില്ല. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന കുറച്ചു റൈസ്മില്ലുകൾ ഫ്ലോർ മില്ലുകൾ വുഡ് ഇൻഡസ്ട്രീകൾ പോലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിലുണ്ട് എന്ന വസ്തുത ആശ്വാസകരമെങ്കിലും വ്യവസായികാവശ്യങ്ങൾ നിറവേറ്റാൻ മതിയായവയല്ല. സ്വകാര്യമേഖലയിൽ ഒരു ക്രഷർയൂണിറ്റും DWCRA യുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ചില ചെറുകിട വ്യവസായ യൂണിറ്റുകളും ഇവിടെയുണ്ട്. 5-ാം വാർഡിൽ സ്വകാര്യമേഖലയിൽ പ്രവർത്തനം ആരംഭിക്കാൻ പോകുന്ന 'അറ്റ്ലാൻറ് പോളിമേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്' എന്ന കമ്പനിയും 7-ാം വാർഡിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന എസ്കോടലിൻെറ സെല്ലുലാർ ഫോൺ ടവറും ഈ പഞ്ചായത്തിലെ വ്യവസായ മേഖലക്ക് ഒരു മുതൽകൂട്ടാവും എന്നതിൽ സംശയമില്ല.

ഈ പ്രദേശത്തിൻെറ വ്യവസായ മേഖലയുടെ മുഖഛായ തന്നെ മാറ്റിയെടുക്കാൻ സാധിക്കുന്ന രൂപത്തിൽ ഈ പഞ്ചായത്തിൻെറ അതിർത്തി പ്രദേശമായ കാരാത്തോട്ഊത്തക്കൽ പ്രദേശത്ത് ഏകദേശം പത്ത് ഏക്കർ സ്ഥലത്ത് തുടങ്ങാനിരുന്ന കേരള ഇലക്ട്രിക്കൽ ആൻറ് ആലൈഡ് എഞ്ചിനീയറിംഗ് കമ്പനി (കെൽ) യുടെ ഏറ്റവും വലിയ സംരംഭമായ "സ്പെഷ്യൽ ആൻറ് ജനറൽ പർപസ് മോടോർസ് " (SGPM) പ്രോജക്റ്റിന് ആവശ്യമായ കെട്ടിടനിർമ്മാണജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കെ നിർത്തിവെക്കുക വഴി ശൈശവ ദശയിൽ തന്നെ കൊല്ലപ്പെടുമോ എന്ന ആശങ്ക നിലനിൽക്കുന്ന അവസ്ഥയിലുമാണ്.

പരമ്പരാഗത കുടിൽ വ്യവസായമായ മൺപാത്രനിർമ്മാണം ഈ പഞ്ചായത്തിൽ നിലനിന്നിരുന്നുവെങ്കിലും ഇന്ന് അത് കാലയവനികക്കുള്ളിൽ മാഞ്ഞുപോയിട്ടുണ്ട്. മൺപാത്രനിർമ്മാണം, പായ്നെയ്ത്ത്, ഈറ, മുള എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള കൊട്ടനെയ്ത്ത് ചകിര ഉപയോഗിച്ചുള്ള കയർപിരി വ്യവസായം മുതലായവ നമ്മുടെ പഞ്ചായത്തിൽ നിലനിന്നിരുന്ന പരമ്പരാഗത കുടിൽ വ്യവസായങ്ങളായിരുന്നുവെങ്കിലും കാലത്തിൻെറ കുത്തൊഴുക്കിൽ പിടിച്ചു നിൽക്കാനാവാതെ പിഴുതെറിയപ്പെടുകയാണ്. ഇവകളുടെ പുനരുദ്ധാരണം അനിവാര്യമായ ഘട്ടത്തിലാണിപ്പോൾ. കുടിൽ വ്യവസായ യൂണിറ്റുകൾ ഇന്നു

നമ്മുടെ പഞ്ചായത്തിൽ അജ്ഞാതമാണ്. ഇവിടെ നിലനിന്നിരുന്ന എണ്ണയാട്ടുശാലകളും ഇന്ന് നമുക്ക് അപരിചിതമാണ്.

പഞ്ചായത്തിൽ മൊത്തം മുന്നൂറോളം പേർ ഈ മേഖലയിൽ തൊഴിലെടുക്കുന്നു. ഇതിൽ ഇരുനൂറ്റിയമ്പതോളം പേർ പഞ്ചായത്തിനകത്തും അമ്പതോളം പേർ പഞ്ചായത്തിനു പുറത്ത് മലപ്പുറം, എടരിക്കോട് തുടങ്ങിയ പ്രദേശങ്ങളിലെ വ്യവസായശാലകളിലും ജോലി ചെയ്തുവരുന്നു.

നാളികേരം, അടയ്ക്ക എന്നിവ സുലഭമായുള്ള ഈ പഞ്ചായത്തിൽ ഇവയുടെ തൊണ്ടെടുക്കൽ മേഖലയിൽ ജോലിചെയ്തു ഉപജീവനം നടത്തുന്നവരുമുണ്ട്.

വ്യവസായ മേഖലയിൽ ഇന്ന് നിലവിലുള്ള പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ് തൊഴിലില്ലാത്ത യുവതീയുവാക്കൾക്ക് എന്നും ആശാകേന്ദ്രമാണല്ലോ വ്യവസായങ്ങൾ. ഇതിൻെറ സംസ്ഥാപനത്തിലൂടെയും പുനരുജ്ജീവനപ്രവർത്തനങ്ങളിലൂടെയും വ്യവസായരംഗത്തുള്ള നമ്മുടെ മുന്നേറ്റത്തിലൂപരി രാജ്യത്തിൻെറ നെടും തൂണായ യുവതലമുറയെ നൈരാശ്യത്തിൽ നിന്നും രക്ഷിക്കാനും കഴിയും.

## വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം.

ഈ മേഖലയിൽ തൊഴിലാളികളുടെ എണ്ണം മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വളരെകുറവാണ്. മൊത്തം ജനസംഖ്യയുടെ 1.34% മാത്രം. ഇതിൻെറ പ്രധാന കാരണം പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ സഹകരണമേഖലയിലോ കുറേയധികം തൊഴിലാളികളെ ഉൾകൊള്ളാവുന്ന വ്യവസായസംരംഭങ്ങൾ ഇല്ലാത്തത് തന്നെ. സ്ത്രീകളുടെ പങ്കാളിത്തം ഈ മേഖലയിൽ താരതമ്യേന കുറവാണ്. മൊത്തം തൊഴിലാളികളിൽ 30% മാത്രം. പഴയവസ്തുക്കൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇവിടെ എത്തിപ്പെട്ട സ്ത്രീകൾ ഈ പഞ്ചായത്തിനൻെറ വിവിധ പ്രദേശങ്ങളിൽ ജോലി ചെയ്തു വരുന്നുണ്ട്.

ഗ്രാമീണ സംസ്കാരം അലിഞ്ഞു ചേർന്ന ഈ പ്രദേശത്തെ മിക്ക സ്ത്രീകളും വീട്ടിതനു ഒതുങ്ങുന്നവരും പുരുഷൻമാരെ ആശ്രയിക്കുന്നവരുമാണ്. അതിലുപരി സ്ത്രീകൾക്ക് തൊഴിൽ സാധ്യതയുള്ള വ്യവസായ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിലില്ലതാനും.

പട്ടിക-1

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പു | സ്ത്രീ | ആകെ |
| 1 | ചെറുകിട വ്യവസായം(സ്വകാര്യ മേഖല) | 137 | 7 | 144 |
| 2 | ക്ഷീരവ്യവസായം (സഹകരണമേഖല) | 2 | - | 2 |
| 3. | DWCRA യൂണിറ്റ് | - | 70 | 70 |
| 4. | പരമ്പരാഗത കുടിൽ വ്യവസായം | 2 | - | 2 |
| | ആകെ | 141 | 77 | 218 |

അവലംബം-സെക്കൻററി ഡാറ്റാ

പട്ടിക 11

### നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു | സ്ത്രീ | ആകെ |
| 1 | ഫൈബർ യൂണിറ്റ് | 1 | 5 | 4 | 9 |
| 2. | ഓട്ടോ ഇൻഡസ്ട്രീസ് | 1 | 8 | - | 8 |
| 3. | സ്റ്റോൺ ക്രഷർ | 1 | 3 | - | 3 |
| 4. | സർവ്വീസ് സ്റ്റേഷൻ | 2 | 4 | - | 4 |
| 5. | ഈർച്ച മില്ല് | 3 | 20 | - | 20 |
| 6. | ടയർ റീസോളിംഗ് | 2 | 4 | - | 4 |

| | | | | | |
|---|---|---|---|---|---|
| 7. | മര വ്യവസായം | 3 | 26 | - | 26 |
| 8. | ബേക്കറി | 1 | 7 | - | 7 |
| 9. | തീയറ്റർ | 1 | 5 | - | 5 |
| 10. | വെൽഡിംഗ് യൂണിറ്റ് | 3 | 7 | - | 7 |
| 11. | റൈസ്. ഫ്ലോർ & ഓയിൽമിൽ | 12 | 12 | - | 12 |
| 12. | സ്റ്റീൽ ഫർണീച്ചർ നിർമ്മാണ യൂണിറ്റ് | 1 | 4 | - | 4 |
| 13. | അലൂമിനിയപാത്ര നിർമ്മാണ യൂണിറ്റ് | 1 | 4 | - | 4 |
| 14. | പ്ളാസ്റ്റിക് ചെരുപ്പ് നിർമ്മാണ യൂണിറ്റ് | 1 | 4 | 2 | 6 |
| 15. | സോഡ നിർമ്മാണ യൂണിറ്റ് | 1 | 1 | - | 1 |
| 16. | കടലാസ്പ്ലൈറ്റ് നിർമ്മാണ യൂണിറ്റ് | 1 | 4 | 1 | 5 |
| 17. | കല്ലു വെട്ടി യൂണിറ്റ് | 2 | 4 | - | 4 |
| 18. | തേങ്ങ, അടക്കതൊണ്ടെടുക്കൽ | 4 | 15 | 20 | 35 |
| 19. | പ്രസ്സ് | പ്രവർത്തനമില്ല. | | | |
| | ആകെ | 137 | 27 | 164 | |

അവലംബം സെക്കൻററി ഡാറ്റ.

## പട്ടിക 3

## വ്യവസായ സഹകരണ സംഘം

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പു | സ്ത്രീ | ആകെ |
| 1. | ക്ഷീരോത്പാദക സഹകരണ സംഘം ഊരകം പുത്തൻപീടിക | 2 | - | 2 |
| | ആകെ | 2 | - | 2 |

അവംലംബം-സെക്കൻററി ഡാറ്റാ

## പട്ടിക-4

## DWCRA യൂണിറ്റുകൾ

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെഎണ്ണം | | |
|---|---|---|---|---|
| | | പു | സ്ത്രീ | ആകെ |
| 1. | മെറ്റൽ ജെല്ലി, പൂളാപ്പീസ് | - | 12 | 12 |
| 2. | മെറ്റൽ ജെല്ലി, കാരാതോട് | - | 13 | 13 |
| 3. | ആടു വളർത്തൽ യൂണിറ്റ് നെടുംപറമ്പ് | - | 10 | 10 |
| 4. | മെറ്റൽ ജെല്ലി, വട്ടപ്പറമ്പ് | - | 15 | 15 |
| 5. | മൊറ്റൽ ജൊല്ലി, കൊങ്കടപ്പാറ | - | 10 | 10 |
| 6. | പായനെയ്ത്ത് വെങ്കളം | - | 10 | 10 |
| | ആകെ | - | 70 | 70 |

അവലംബം സെക്കൻററി ഡാറ്റാ

## പട്ടിക-5

## പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പു | സ്ത്രീ | ആകെ |
| 1. | കൊട്ടനെയ്ത്ത് | 1 | - | 1 |
| 2. | പായനെയ്ത്ത് | 1 | - | 1 |
| | ആകെ | 2 | - | 2 |

അവംലംബം-സെക്കൻററി ഡാറ്റാ

## പട്ടിക-6

## വിവിധ തൊഴിൽമേഖലകളിലെ കൂലി നിരക്ക്

| ക്രമ നമ്പർ | ഇനം | കൂലി നിരക്ക് | |
|---|---|---|---|
| | | പു | സ്ത്രീ |
| 1. | ഓട്ടോ ഇൻഡസ്ട്രീസ് | 40 - | |
| 2. | സർവ്വീസിംഗ് | 75 - | |
| 3. | തടി ഈരൽ | 100 - | |
| 4. | ഫൈബർ നിർമ്മാണം | 50 | 20 |
| 5. | സ്റ്റോൺ ക്രഷർ | 100 - | |
| 6. | പഴയ വസ്തുക്കൾ ശേഖരിക്കൽ | 50 | 20 |
| 7. | ടയർ റീസോളിംഗ് | 100 - | |
| 8. | തടി വ്യവസായം | 125 - | |
| 9. | ബേക്കറി | 50 - | |
| 10. | തീയറ്ററുകൾ | 15 - | |
| 11. | ഗ്യാസ് വെൽഡിംഗ് | 100 - | |
| 12. | സ്റ്റീൽ ഫർണീച്ചർ നിർമ്മാണം | 90 - | |
| 13. | കടലാസു പ്ളെറ്റു നിർമ്മാണം | 40 | 20 |
| 14. | കല്ലു വെട്ട് | 100 - | |
| 15. | പ്ളാസ്റ്റിക് ചെരുപ്പ് നിർമ്മാണം | 40 | 20 |
| 16. | തേങ്ങ, അടക്ക തൊണ്ടുടയ്ക്കൽ | 60 - | |

അവംലബം-സെക്കൻററി ഡാറ്റാ

## പ്രശ്നങ്ങൾ

ഈ ഗ്രാമ പ്രദേശം കുന്നുകളും മലകളും നിറഞ്ഞതാണ്. ജനവാസം വളരെ കുറഞ്ഞ സ്ഥലങ്ങളും എന്നാൽ ജന സാന്ദ്രത കൂടിയ സ്ഥലങ്ങളും ഇവിടെയുണ്ട്. ദേശീയ പാതയോ സ്റ്റേറ്റു ഹൈവേയോ ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നില്ല. പിന്നെയുള്ളത് ജില്ലാ ഹൈവെ മാത്രമാണ്. ശുദ്ധജലം വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എത്തിപ്പെടാത്ത ഒരുപാട് പ്രദേശങ്ങൾ ഇവിടെയുണ്ട്. വൈദ്യുതിയെത്തിയിടങ്ങളിൽ തന്നെ ആവശ്യങ്ങൾ നിറവേറാൻ മാത്രമുള്ള ട്രാൻസ്ഫോർമറുകളോ മറ്റു ഊർജ്ജസ്രോതസുകളോ ഇവിടെയില്ല. വ്യവസായങ്ങൾക്ക് ആവശ്യമായ ഏരിയകൾ ഈ പ്രദേശങ്ങളിലുണ്ടെങ്കിലും അതിനു ആവശ്യമായ ജലം, വൈദ്യുതി പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെ ഇവിടെയില്ല. വ്യവസായ

സംരഭങ്ങൾക്കായി മുന്നോട്ടു വരുന്ന ആളുകൾക്ക് ഈ അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുന്നത് അങ്ങേയറ്റം പ്രയാസങ്ങൾ അനുഭവിച്ചു വരുന്നു. പഞ്ചായത്തിലെ എട്ടാം വാർഡിൽ പ്രവർത്തിച്ചു വരുന്ന ഏക ക്രഷർ യൂണിറ്റിന് വൈദ്യുതി ലഭിക്കുന്നതിന് ട്രാൻസ്ഫോർമർ വരെ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇതു വരെ കണക്ഷൻ ലഭിച്ചിട്ടില്ല എന്നുള്ളത് ഇതിനുള്ള തെളിവുകളിൽ ഒന്നു മാത്രമാണ്.

നമ്മുടെ പഞ്ചായത്തിൽ മൊത്തം ജനസംഖ്യ 21818 ആണ്. ഇത്രയും ജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങളുടെ ഒരു ചെറിയ ശതമാനം പോലും ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നില്ല എന്നുള്ളത് ഒരു ദു:ഖ സത്യം മാത്രമാണ്.

ഈ പഞ്ചായത്തിലെ മുഖ കാർഷികോത്പന്നങ്ങളായ നാളികേരം, അടയ്ക്ക, റബ്ബർ,കശുവണ്ടി മുതലായവ ഉപയോഗപ്പടുത്തിതുടങ്ങാവുന്ന വ്യവസായങ്ങളെ കുറിച്ച് ഈ പഞ്ചായത്തിലെ മിക്കവരും അജ്ഞരാണ്.

സാമന്യം സാക്ഷരതയും ആരോഗ്യപരിരക്ഷയും നമ്മൾ നേടിയുട്ടുണ്ടെങ്കിലും വ്യവസായ മേഖലയിൽ നാം മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ പിറകിലാണ് എന്ന് ഇതിനെകുറിച്ചുള്ള പഠനങ്ങൾ വ്യക്തമാക്കുന്നു. ഈ പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ നമുക്ക് വിശകലനം ചെയ്യാവുന്നതാണ്.

## 1. വൈദ്യുതി

വൈദ്യുതമേഖലയിൽ ഇന്ന് നിലവിലുള്ള അവസ്ഥ വളരെ ശോചനീയമാണ്. വ്യവസായ മേഖലയെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ വൈദ്യുതിയെ കുറിച്ച് സ്പർശിക്കാതിരിക്കാൻ നിർവ്വാഹമില്ല. കാരണം ഈ രണ്ട് മേഖലകളും പരസ്പര പൂരകങ്ങളാണല്ലോ.

ഈ പഞ്ചായത്തിലെ വ്യവസായ മേഖലയെ ബാധിക്കുന്ന മുഖ്യ പ്രശ്നവും ഇത് തന്നെയാണ്. ഗാർഹികാവശ്യങ്ങൾക്ക്പോലും 230V ഇന്ന് ഈ പഞ്ചായത്തിൽ മിക്ക പ്രദേശങ്ങളിലും ലഭ്യമല്ല. ഈ പ്രശ്നം പരിഹരിക്കാതെ വ്യവസായ മേഖലയിലെ പുരോഗതി ഇവിടെ അസാധ്യമാണ്.

2. മറ്റൊന്ന് അടിസ്ഥാന സൗകര്യമായ ജലത്തിൻെറ അപര്യാപ്തത

3. മുഖ്യ കാർഷികോത്പന്നങ്ങളായ നാളികേരം, അടക്ക, കശുവണ്ടി, റബ്ബർ മുതലായവ ഈ പ്രദേങ്ങളിൽ പ്രയോജനപ്പടുന്നില്ല.

4. വ്യവസായ സംരംഭങ്ങളെ കുറിച്ചുള്ള അജ്ഞത.

5. സാങ്കേതിക പരിജ്ഞാനത്തിലുള്ള പിന്നോക്കാവസ്ഥ.

6. വ്യവസായ സംരംഭങ്ങൾക്കായി പലവിധ ഏജൻസികൾ വഴി നൽകി കൊണ്ടിരിക്കുന്ന സഹായങ്ങളെ കുറിച്ചും പ്രോത്സാഹന പദ്ധതികളെ കുറിച്ചുമുള്ള അജ്ഞതയും അത് ലഭിക്കുന്നതിനുള്ള പ്രയാസങ്ങളും.

7. വ്യവസായമേഖലയോടുള്ള താൽപര്യ ക്കുറവ്

8. വ്യവസായ സംരഭങ്ങളെ കുറിച്ച് മനസ്സിലാക്കി കൊടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പഞ്ചായത്ത് തലത്തിലുള്ള ഏജൻസികളുടെ അഭാവം.

9. വ്യവസായ മേഖലയോടുള്ള ബന്ധമില്ലായ്മ.

10. ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനു നൽകി വരുന്ന സാമ്പത്തിക സഹായം അതിനു വേണ്ടി പ്രയോജനപ്പെടുത്തുന്നില്ല.

11. വിദഗ്ദ തൊഴിലാഴികളുടെ അപര്യാപ്തത.

12. വിദേശനാണ്യം ഈ മേഖലയിൽ പ്രയോജനപ്പെടുന്നില്ല.

13. വ്യവസായ സംരംഭങ്ങൾക്കുള്ള സാമ്പത്തിക സഹായം നൽകുന്നതിനുള്ള അശാസ്ത്രീയത.

14. സ്വാശ്രയത്വബോധമില്ലായ്മ.

## സാധ്യതകൾ

ഈ പഞ്ചായത്തിൽ പുരുഷൻമാരിൽ നല്ലൊരു ശതമാനം വിദേശങ്ങളിൽ ജോലി ചെയ്യുന്നവരാണ്. വിവിധ പഞ്ചായത്തുകളിൽ നിലവിലുള വ്യവസായശാലകളിൽ ജോലി ചെയ്തു വരുന്നവരും ഇവിടെയുണ്ട്. വ്യവസായ സംരംഭങ്ങൾക്ക് അനുയോജ്യമായ പ്രദേശങ്ങൾ ആ വഴിക്ക് തിരിച്ചുവിടാൻ നമുക്കു സാധിച്ചിട്ടില്ല. ഇത്തരം ഭൂപ്രദേശങ്ങൾ വ്യവസായേതരവും നമുക്ക് പ്രയോജനമില്ലാത്തതുമായ പദ്ധതികൾക്ക്വേണ്ടി തിരിച്ചു വിടുമ്പോൾ നാം നോക്കുകുത്തികളാവുന്നത് നമുക്ക് ഈ മേഖലയെ കുറിച്ച് വ്യക്തമായ കാഴ്ച്ചപ്പാടില്ലാത്തതു കൊണ്ടു മാത്രമാണ്. നമ്മുടെ പഞ്ചായത്തിൽ ഇന്നു നിലവിലുള്ള ഇത്തരം ഭൂപ്രദേശങ്ങൾ കണ്ടെത്തി അവിടേക്ക് വ്യവസായ സംരംഭങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ അടിയന്തിരമായി ഉണ്ടാകേണ്ടതാണ്.

ഇന്ന് നിലവിലുള്ള വ്യവസായങ്ങൾ ചിലതു നഷ്ടവും ചിലതു ലാഭവുമാണെങ്കിലും മിക്കതും ലാഭവും നഷ്ടവുമല്ലാതെ ആശങ്കയോടെ മുന്നോട്ടു പോ കുന്നു. ഈ വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനും വിപുലീകരിക്കുന്നതിനും പദ്ധതികളാവിഷ്കരിക്കേണ്ടതാണ്.

വ്യവസായ മേഖലയെ സാരമായി ബാധിക്കുന്ന വൈദ്യുതിയുടെ ഇന്ന് നിലവിലുള്ള ശോചനീയാവസ്ഥ പരിഹരിക്കുന്നതിനു ഈ പഞ്ചായത്തിലെ ഊരകം മലയിലെ അമ്പലക്കുന്ന് നടുവക്കാട് മലയിൽ കാറ്റിൽ നിന്നും ഇവിടെ തന്നെ ചെറിയ വെള്ളച്ചാട്ടത്തിൽനിന്നും വൈദ്യുതി

ഉത്പാദിപ്പിക്കാനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്. അത് പോലെ ഈ പഞ്ചായത്തിനെ അടിസ്ഥാനമാക്കിയോ അല്ലെങ്കിൽ തൊട്ടടുത്ത വേങ്ങര പഞ്ചായത്തിനെ കൂടി ഉൾപ്പടുത്തിയോ ഒരു ഇലക്ട്രിസിറ്റി സബ്സ്റ്റേഷൻ സ്ഥാപിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചും നിലവിലുള്ള സിങ്കിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കി കൊണ്ട് ഈ പ്രശ്നത്തിനു പരിഹാരം കാണേണ്ടതാണ്.

പൊതു മേഖലയിൽ ഏറ്റവും വലിയ സംരംഭമായ കെല്ലിൻെറ കീഴിലുള്ള 'സ്പെഷ്യൽ ആൻറ് ജനറൽ പർപസ് മൊട്ടോർസ്' ഈ പഞ്ചായത്തിൻെറ തൊഴിൽ മേഖലയെ സംപുഷ്ടമാക്കാൻ മതിയായതാണ്. ഏകദേശം ആയിരത്തോളം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കാൻ സാധ്യതയുള്ളതും 'കെൽ' ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളിൽ ഏറ്റവും കൂടുതൽ വിപണനം സാധ്യമായതുമായ ഈ കമ്പനി തുടർന്നു പ്രവർത്തിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിൽ ധാരാളം പേർക്ക് തൊഴിൽ ലഭിക്കുകയും പഞ്ചായത്തിൻെറ സാമ്പത്തിക മേഖല ഒരു പരിധി വരെ സുരക്ഷിത മാവുകയും ചെയ്യും. അതിനാൽ പ്രസ്തുത കമ്പനി തുറന്നു പ്രവർത്തിക്കുന്നതിനു ആവശ്യമായ നടപടികൾ അടിയന്തിരമായും സ്വീകരിക്കേണ്ടതാണ്.

മുഖ്യ കാർഷികോത്പന്നങ്ങളായ നാളികേരം, അടക്ക, കശുവണ്ടി, റബ്ബർ തുടങ്ങിയവയ്ക്ക് സംഭരണ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ഇവ ഉപയോഗപ്പെടുത്തി തുടങ്ങാവുന്ന വ്യവസായ സംരംഭങ്ങളെ കുറിച്ച് പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണവും പരിശീലനവും നൽകേണ്ടതാണ്. ഈ പഞ്ചായത്തിലെ ഒന്നാം വാർഡിൽ ധാരാളം ചെങ്കല്ല് ലഭ്യമാണ്. അതുപോലെ പത്താം വാർഡിൽ ധാരാളം ചെങ്കല്ലും, കരിങ്കല്ലും ലഭ്യമാണ്. ഈ പ്രദേശങ്ങളിൽ ചെങ്കല്ല്, കരിങ്കല്ല് മുതലായവയുടെ വ്യവസായം തുടങ്ങുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്. കയർ വ്യവസായം റബ്ബറൈസ്ഡ് ഫൈബർ തുടങ്ങിയ വ്യവസായ യൂണിറ്റുകൾക്കും ഇവിടെ സാധ്യതയുണ്ട്. ചക്ക, മാങ്ങ, കൈകതച്ചക്ക, കശുമാങ്ങ മുതലായ പഴവർഗ്ഗങ്ങൾ സുലഭവും എന്നാൽ ഉപയോഗ ശൂന്യമായി നശിച്ചു പോകുകയും ചെയ്യുന്നതിനാൽ ഒരു പഴം സംസ്കരണ യൂണിറ്റും തുടങ്ങാനുള്ള സാധ്യതകൾ ആരായേണ്ടതാണ്. കശുവണ്ടിയിൽ നിന്നും പരിപ്പെടുത്ത് പക്ക് ചെയ്യുന്ന ഒരു വ്യവസായ യൂണിറ്റിനും റബർ മാറ്റ്സ്, റബ്ബർ ടോയ്, ബലൂൺ തുടങ്ങിയ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ ഇവിടെ ലഭ്യമായതിനാൽ അത്തരം സംരഭങ്ങളെ കുറിച്ച് ആലോചിക്കേണ്ടതാണ്. മരച്ചീനി, നേന്ത്രപ്പഴം മുതലായവയും ഈ പഞ്ചായത്തിൽ സുലഭമായതിനാൽ ഇവയിൽ നിന്ന് ചിപ്സ് ഉണ്ടാക്കുന്ന കുടിൽ വ്യവസായ യൂണിറ്റുകളും ഇവിടെ തുടങ്ങാവുന്നതാണ്. ഇളനീർ, തേങ്ങാവെള്ളം എന്നിവ സംസ്കരിച്ച് പാനീയമുണ്ടാക്കുന്ന വ്യവസായ യൂണിറ്റുകൾക്കും ഇവിടെ ധാരാളം സാധ്യതയുണ്ട്.

വൈദ്യശാസ്ത്ര രംഗത്ത് ഏറേ സാധ്യത കളുള്ളതാണല്ലോ ആയുർവ്വേദം ആയുർവ്വേദ ഔഷധ നിർമ്മാണത്തിനാവശ്യമായ സസ്യങ്ങൾ ഉത്പാദിപ്പിക്കാനാവശ്യമായ ഭൂപ്രദേശങ്ങൾ ഈ പഞ്ചായത്തിൽ ധാരാളമുള്ളതിനാൽ അത്തരമൊരു വ്യവസായ തെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

ഇവിടെ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചു തുടങ്ങവുന്ന ചെറുകിട വ്യവസായങ്ങളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

പട്ടിക-7

| വിഭാഗം | ക്രമനമ്പർ | ഇനം |
|---|---|---|
| എസ്.എസ്.ഐ | 1 | തേങ്ങാ പൗഡറും ക്രീമും |
| | 2 | കോക്കനട്ട് ഓയിൽ പ്ലാൻറ് |
| | 3 | ചവിട്ടി, ചൂടിപടം, ചകിരി നാരിൻെറ കിടക്ക, തലയിണ മുതലായവയുടെ |
| | | നിർമ്മാണം |
| | 4 | ചൂടി നിർമ്മാണം. |
| | 5 | തേങ്ങാവെള്ളം ഉപയോഗിച്ചുള്ളശീതള പാനീയങ്ങൾ |
| | 6 | ആയുർവ്വേദ ഔഷധ വ്യവസായം |
| | 7 | ഇളനീർ പാനീയങ്ങൾ |
| | 8 | റബ്ബർ മാറ്റ്സ് യൂണിറ്റ് |
| | 9 | ടോയ് ബലൂൺ യൂണിറ്റ് |
| | 10 | ബിസ്കറ്റ് നിർമ്മാണ യൂണിറ്റ് |

| | | |
|---|---|---|
| | 11 | വുഡൻ ഫർണീച്ചർ യൂണിറ്റ് |
| | 12 | ചെങ്കല്ല് ക്വാറി |
| | 13 | കരിങ്കല്ല് ക്വാറി |
| | 14 | കറി പൗഡർ നിർമ്മാണ യൂണിറ്റ് |
| | 15 | കൊണ്ടാട്ടം (ചക്ക, കൈപ്പക്ക, മുളക്) |
| | 16 | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് |
| | 17 | ഹോർട്ടി കൾച്ചർ യൂണിറ്റ് |
| | 18 | അടക്കാ പാക്ക് വ്യവസായ യൂണിറ്റ് |
| | 19 | പഴം ജാമുകൾ (വാഴപ്പഴം, കൈതച്ചക്ക, ചക്ക, മാങ്ങ, കശുമാങ്ങ) |
| | 20 | ചിപ്സ് നിർമ്മാണം |
| എസ് എസ് ഐ വനിത | 1 | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്. |
| | 2 | കറി പൗഡർ പാക്കിംഗ് യൂണിറ്റ് |
| | 3 | പേപ്പർ ബാഗ്, പാക്കിംഗ് കവർ നിർമ്മാണ യൂണിറ്റ് |
| | 4 | പപ്പട നിർമ്മാണ യൂണിറ്റ് |
| | 5 | അലക്ക് സോപ്പ് നിർമ്മാണ യൂണിറ്റ് |
| | 6 | തുന്നൽ പരിശീലന കേന്ദ്രം |
| | 7 | ഇലക്ട്രോണിക് അസംബ്ലിംഗ് യൂണിറ്റ് |
| | 8 | മെഴുകുതിരി നിർമ്മാണ യൂണിറ്റ് |
| സഹകരണ സംഘം വനിത | 1 | മെറ്റൽ ജെല്ലി യൂണിറ്റ് |
| | 2 | ഗാർമെൻറ് മെക്കിംഗ് യൂണിറ്റ് |
| | 3 | ബുക്ക് ബൈൻറിംഗ് യൂണിറ്റ് |
| | 4 | നോട്ടു പുസ്തക നിർമ്മാണ യൂണിറ്റ് |
| സഹ. സംഘം (ജനറൽ) | 1 | കൊപ്ര സംഭരണ-സംസ്കരണ കേന്ദ്രം |
| | 2 | കശുവണ്ടി സംഭരണ-സംസ്കരണ കേന്ദ്രം. |
| | 3 | യന്ത്രവൽകൃത കയർ പിരി വ്യവസായം |
| | 4 | ഹോളോബ്രിക്സ് യൂണിറ്റ് |
| | 5 | സിമൻറ് കട്ടിൽ ജനവാതിൽ തുടങ്ങിയവയുടെ യൂണിറ്റ് |
| സഹ.സംഘം (പട്ടിക ജാതി) | 1 | ക്ഷീര വ്യവസായ കേന്ദ്രം |
| | 2 | ഫാൻസി ലതർ ഗുഡ്സ് യൂണിറ്റ് |
| | 3 | ഫാൻസി ഫൈബർ(വാഴനാർ, കൈതനാർ |
| | 4 | റെക്സിൻ ബാഗ് നിർമ്മാണ യൂണിറ്റ് |
| | | അവലംബം- ജില്ലാവ്യവസായ കേന്ദ്രം ഗ്രാമസഭാറിപ്പോർട്ട്. |

ഉത്പാദന രംഗത്ത് ചെറുകിട വ്യവസായങ്ങൾക്ക് മുഖ്യ പങ്ക് വഹിക്കാനുണ്ട്. ഈ പഞ്ചായത്തിൽ തന്നെ വിപണന സാധ്യതയുള്ള പല വസ്തുക്കളും ഇന്ന് ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നില്ല. ഇതിൻെറ കാരണങ്ങളെ കുറിച്ച് നാം മുമ്പ് പ്രസ്ഥാവിച്ചുവല്ലോ. യുവജനങ്ങൾക്കിടയിൽ ഇത്തരം സംരഭങ്ങളെ കുറിച്ച് ബോധം വളർത്തിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ചുരുങ്ങിയ ചിലവിൽ സ്ഥാപിക്കാവുന്നതും എന്നാൽ കൂടുതൽ വിപണന സാധ്യതയുള്ളതുമായ ധാരാളം പദ്ധതികൾ ഇന്ന് നിലവിലുണ്ട്. കോഴിയുടേയും കോഴിമുട്ടയുടേയും ഉപയോഗം

ധാരാളമുള്ള ഇവിടെ നമ്മൾ ആശ്രയിക്കുന്നത് മറ്റു സംസ്ഥാനങ്ങളെയാണ്. ഒരു കോഴി വളർത്തൽ കേന്ദ്രം നാം സ്ഥാപിക്കുകയാണങ്കിൽ കൂടുതൽ തൊഴിൽ മേഖല സൃഷ്ടിക്കുവാനും ഒപ്പം ഇത്തരം വസ്തുക്കളുടെ വില കുറക്കുവാനും സാധിക്കും. അന്യ സംസ്ഥാനക്കാരുടെ കമ്പോളമായി മാറിയ നമ്മുടെ ഈ കേരളത്തിൻെറ സർവ്വോൻമുഖമായ മാറ്റത്തിന് ചെറു കിട വ്യവസായങ്ങൾക്ക് മുഖ്യ പങ്കു വഹിക്കാനുണ്ട്. ഈ പഞ്ചായത്തിൽ ചുരുങ്ങിയ ചെലവിൽ തുടങ്ങാവുന്നതും വിപണന സാധ്യതയുള്ളതുമായ മറ്റു ചെറു കിട വ്യവസായ യൂണിറ്റുകൾ

1. മരം ഫർണീച്ചർ
2. സ്റ്റീൽ ഫർണീച്ചർ
3. ഓട്ടോ ഇല്ക്ട്രിക് വർക് ഷോപ്പ്
4. ഇലക്ട്രിക് വർക് ഷോപ്പ് (ജനറൽ)
5. ടൂ വീലർ വർക് ഷോപ്പ്
6. സുർക്ക നിർമ്മാണം
7. മിഠായി നിർമ്മാണം.

## ടൂറിസം

വ്യവസായ മേഖലയിൽ ഏറ്റവും നല്ല വരുമാന മാർഗ്ഗ മുള്ളതും തൊഴിൽ സാധ്യതയുള്ളതും ഗവർമെൻറ് അങ്ങേയറ്റം പ്രോത്സാഹിപ്പിക്കുന്നതുമാണല്ലോ ടൂറിസം. മലപ്പുറം ജില്ലയിലെ തന്നെ ഏറ്റവും ഉയർന്നതും നയനമനോഹരവുമായ ഒരു പ്രദേശമാണ് ഊരകം മലയിലെ അമ്പലക്കുന്ന്. (നടുവക്കാട് മല) പ്രകൃതി ഭംഗി ആസ്വദിക്കാനായി ധാരാളം പേർ ഈ പ്രദേശത്ത് എത്തിപ്പെടുന്നുവെങ്കിലും ഒരു സാഹസത്തിലൂടെ മാത്രമേ അതിന് സാധ്യമാകൂ. കാരണം ഇവിടേക്ക് ഗതാഗത സൗകര്യം വളരെ കുറവാണ്. ഇവിടേക്ക് ഗതാഗതസൗകര്യം വർദ്ധപ്പിക്കുകയാണെങ്കിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പട്ടികയിൽ ഈ പഞ്ചായത്തിന് സ്ഥാനം ലഭിക്കുകയും കൂടുതൽ തൊഴിലവസരങ്ങൾ വർദ്ധിക്കുകയും പഞ്ചായത്തിൻെറ സാമ്പത്തിക മേഖല പുരോഗതി പ്രാപിക്കുകയും ചെയ്യും മറ്റൊരു പ്രകൃതി രമണീയവും മന്ദമാരുതൻെറ സദാസാന്നിധ്യവും ആയ ഉയർന്ന കൊണ്ട് അനുഗ്രഹീ തമായ മറ്റൊരു ഉയർന്ന പ്രദേശമാണ് വെങ്കുളം. ഇവിടെ ടൂറിസ്റ്റ് കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

### നിർദ്ദേശങ്ങൾ

1. മിനിവ്യവസായ എസ്റ്റേറ്റ്.

ഈ പഞ്ചായത്തിലെ വ്യവസായ സംരഭങ്ങൾക്ക് അനുയോജ്യമായ ഭൂ പ്രദേശങ്ങൾ ഇന്ന് വ്യവസായേതര ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തി കൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. ഈ നില തുടർന്നാൽ അനതിവിദൂര ഭാവിയിൽ പഞ്ചായത്തിൽ ഒരിടത്തും ഒരു വ്യവസായം തുടങ്ങാൻ കഴിയാത്ത അവസ്ഥ വരും എന്നത് തീർച്ച. ആയതിനാൽ വ്യവസായ കേന്ദ്രങ്ങളുടെ സഹായത്തോടെ ഇന്ന് നിലവിലുള്ള മിനി ഇൻഡസ്ട്രിയൽ കേന്ദ്രം വിപുലീകരിക്കുകയോ അല്ലെങ്കിൽ ചുരുങ്ങിയത് ഒരേക്കർ ഭൂമിയെങ്കിലും പഞ്ചായത്തിൻെറ മിനി വ്യവസായ എസ്റ്റേറ്റ് ആയി വാങ്ങിയിടുകയും അതിൽ വ്യവസായം തുടങ്ങുന്നതിന് റോഡ്, വൈദ്യുതി, ജലം മുതലായ അടിസ്ഥാന സൗകര്യങ്ങൾ എത്തിക്കുകയും വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് വിട്ടു കൊടുക്കേണ്ടതുമാണ്.

2. അഭ്യസ്ഥ വിദ്യരായ ചെറുപ്പക്കാർക്ക് സാങ്കേതിക മേഖലയിൽ പരിശീലനം നൽകുക.

3 അഭ്യസ്ത വിദ്യരായ സ്ത്രീകൾക്കായി ഇലക്ട്രോണിക് അസംബ്ലിംഗ് യൂണിറ്റ് തുടങ്ങുകയും അതിൽ ട്രൈനിംഗ് നൽകുകയും. ചെയ്യുക.

4. കരകൗശൽ തൊഴിലാളികളുടെ ക്ഷേമത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സബ്സിഡിയോടുകൂടി ബാങ്ക് വായ്പ അനുവദിക്കുക.

5. വ്യവസായം തുടങ്ങാനാഗ്രഹിക്കുന്നവരെ കണ്ടെത്തി അവർക്ക് പഞ്ചായത്ത് തലത്തിൽ നിർദേശങ്ങളും പരിശീലനവും നൽകുന്നതിന് പ്രത്യേക "വ്യവസായ സെൽ" രൂപീകരിക്കുക.

6. വ്യവസായ ആവശ്യങ്ങൾക്കുള്ള വൈദ്യുതി ലഭിക്കുന്നതിന് ഇന്ന് നിലവിലുള്ള പ്രയാസങ്ങൾ അകറ്റുന്നതിന് നടപടികളെടുക്കുക.

7. വ്യവസായ രംഗത്തേക്ക് കടന്നു വരുന്നവർക്ക് നേരിടേണ്ടി വരുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് അവർക്ക് ആശ്വാസമേകും വിധം ചട്ടങ്ങൾ ഭേദഗതി ചെയ്യുക.

8. ഈ പഞ്ചായത്തിൽ ലഭ്യമായ കാർഷികോത്പന്നങ്ങൾ ഉപയോഗപ്പെടുത്തി തുടങ്ങാവുന്ന വ്യവസായങ്ങളുടെ പട്ടിക തയ്യാറാക്കി വ്യവസായ സംരഭകരെ ആകർഷിക്കുക.

9. വ്യവസായം തുടങ്ങുമ്പോൾ അന്തരീക്ഷ മലിനീകരണം തടയുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുക.

10. വ്യവസായ സംരംഭകരെ കുറിച്ച് പ്രദിപാദിക്കുന്ന വ്യവസായ കേരളം പോലുള്ള മാഗസിനുകൾ പഞ്ചായത്തോഫീസിൽ ലഭ്യമാക്കുക.

മേൽ വിവരിച്ച കാര്യങ്ങൾ ചർച്ച ചെയ്ത് മുൻഗണനാക്രമത്തിൽ നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ വ്യവസായ രംഗത്ത് അഭൂതപൂർവ്വമായ ഒരു മുന്നേറ്റം സാദ്ധ്യമാണ്. അതിലുപരി തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് തൊഴിൽ നൽകാനും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഒരു പരിധിവരെ ഉറപ്പു വരുത്താനും വിലക്കയറ്റം തടയാനും കഴിയും. എന്നാറ്റിനുമുപരി സാമ്പത്തിക പരാധീനതകളുള്ള ഈ പഞ്ചായത്തൻെറ സാമ്പത്തിക സുസ്ഥിരതക്കും ഇത് നിദാനമാകും.



# വിദ്യാഭ്യാസം

ഊരകം പഞ്ചായത്തിൻെറ വിദ്യാഭ്യാസ ചരിത്രം സമീപഗ്രാമങ്ങളുടേതിൽ നിന്നും വിഭിന്നമല്ല. സാമ്പത്തിക അസമത്വങ്ങളും ഉച്ചനീചത്വങ്ങളും നിലനിന്നിരുന്ന ഈ ഗ്രാമത്തിലെ കർഷകരുടെയും കർഷക തൊഴിലാളികളുടേയും മക്കാക്ക് വിദ്യാലയങ്ങാം അന്യമായിരുന്നു. ഇങ്ങനെയായിരുന്നുവെങ്കിലും 18-ാം നൂറ്റാണ്ടിൻെറ അന്ത്യ ദശകങ്ങളിൽ വീടുകളോട് ചേർന്നുള്ള എഴുത്തു തറകളിലെ നാട്ടെഴുത്തച്ഛൻമാരും ഓത്തു പള്ളികളിലെ മുല്ലാക്കമാരും അക്ഷരജ്ഞാനം പകരാൻ മുന്നോട്ടു വന്നിരുന്നു. എന്നിരുന്നാലും പഠനത്തിൻെറ ആവശ്യകത ഉാംകൊള്ളാത്ത സമൂഹമായിരുന്നു അന്നത്തേത്.

1918 ഫെബ്രുവരി 1ന് മലബാർ ഡിസ്ട്രിക്റ്റ് ബോർഡിൻെറ കീഴിൽ സ്ഥാപിതമായ ബോർഡ് മാപ്പിള ബോയിസ് സ്കൂളാണ് പഞ്ചയത്തിലെ ആദ്യത്തെ എലിമെൻററി സ്കൂാം. ഇത് ഇപ്പോാം ജി.എം.എൽ.പി. സ്കൂാം ഊരകം, മേൽമുറി എന്നറിയപ്പെടുന്നു. തുടർന്ന് 1924ൽ ഊരകം യാറംപടിയിൽ ബോർഡ് ഹിന്ദു എലിമെൻററി സ്കൂാം സ്ഥാപിതമായി. ഇതാണ് ഇന്നത്തെ ജി.എൽ.പി.എസ്. ഊരകം മേൽമുറി സ്ഥാപിതമായി മുക്കാൽ നൂറ്റാണ്ട് പിന്നിട്ടിട്ടും സ്വന്തമായി കെട്ടിടമോ സ്ഥലമോ ഇല്ലാത്ത അവസ്ഥയിലായിരുന്ന ഈ സ്കൂളുകാംക്ക് സ്ഥലം അക്വയർ ചെയ്യാൻ സാധിച്ചിട്ടുണ്ട്. മലബാർ മേഖലയിൽ വിദ്യാഭ്യാസ രംഗത്ത് സമൂലമായ പരിവർത്തനങ്ങാം ഉണ്ടാക്കാൻ മലബാർ ഡിസ്ട്രിക് ബോർഡിൻെറ പ്രവർത്തനങ്ങാംക്ക് കഴിഞ്ഞു. ഓത്തു പള്ളികളെ സ്കൂളാക്കി മാറ്റുന്നതിൽ ഡിസ്ട്രിക്ക് ബോർഡിൻെറ പ്രവർത്തനങ്ങാം നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട് എന്നതിൻെറ തെളിവാണ് 1920ൽ ഓത്തുപള്ളിയിൽ ആരംഭിച്ച ഊരകം കീഴ്മുറി ഏകാധ്യാപക വിദ്യാലയം ഡിസ്ട്രിക്റ്റ് ബോർഡ് ഏറ്റെടുത്തത്. ഇത് ഇന്നത്തെ ജി.എൽ.പി.എസ്. ഊരകം കീഴ്മുറിയാണ്. ഡിസ്ട്രക്ക് ബോർഡിൻെറ കീഴിൽ ആരംഭിച്ച മറ്റു വിദ്യാലയങ്ങളാണ് എ.എം.എൽ.പി.എസ് ചാലിൽകുണ്ട് എ.എം.എൽ.പി.എസ് കോട്ടുമല, എ.എം.എൽ.പി.എസ് കുറ്റാളൂർ തുടങ്ങിയവ. 1929ൽ മമ്പീതിയിൽ ആരംഭിച്ച ബോർഡ് മാപ്പിള എൽ.പി. സ്കൂളാണ് ജി.എം. എൽപിസ്കൂാം. ഊരകം കീഴ്മുറി എന്ന പേരിൽ നെല്ലിപ്പറമ്പിൽ ഇപ്പോഴുള്ളത്. സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം പഞ്ചായത്തിൽ ആരംഭിച്ച ഏക എൽപി സ്കൂളാണ് ജി.എൽ.പി.എസ്. കൊടലിക്കുണ്ട്.

മുക്കാൽ നൂറ്റാണ്ടു മുമ്പ് തന്നെ പ്രൈമറി തലത്തിൽ ശ്രദ്ധേയമായ ധാരാളം സ്ഥാപനങ്ങാം ഉണ്ടായെങ്കിലും സെക്കണ്ടറി തലത്തിൽ 1957ൽ വേങ്ങരയിൽ ആരംഭിച്ച വേങ്ങര ഹൈസ്കൂാം 1960ൽ ഊരകം പഞ്ചായത്തിലേക്ക് മാറ്റി സ്ഥാപിച്ചത് മാത്രമായിരുന്നു ഈ പഞ്ചായത്തിലെ സെക്കണ്ടറി തലത്തിലെ ഏക സ്ഥാപനം. ഇതു പഞ്ചായത്ത് അതിർത്തിക്കുള്ളിലായിരുന്നെങ്കിലും ഭൂരി ഭാഗം വരുന്ന വിദ്യാർത്ഥികാംക്കും പ്രയോജന കരമായിരുന്നില്ല. അതുകൊണ്ടു തന്നെ ഇവിടുത്തെ ധാരാളം കുട്ടികാം പ്രത്യേകിച്ചും പെൺക്കുട്ടികാം സെക്കണ്ടറി വിദ്യാഭ്യാസത്തിന് അവസരം ലഭിക്കാതെ പഠനം നിർത്തിയിരുന്നു.

1976ൽ P.M.S.A.M U.P സ്ക്കൂാം നെല്ലിപറമ്പ് P.M.S.A.M.A U.P സ്ക്കൂാം കാരാത്തോടും പ്രവർത്തനമാരംഭിച്ചതോടെ യു.പി തലം വരെ പെൺകുട്ടികളുടെ

വിദ്യാഭ്യാസം സാധ്യമായി. പഞ്ചായത്തിലെ ജനതയുടെ ചിരകാലഭിലാഷത്തിന്റെ സാക്ഷാൽകാരമായി. 1996ൽ എം.യും.എച്ച്.എസ്. ഊരകം എന്ന പേരിൽ ഒരു എയിഡഡ് ഹൈസ്ക്കൂാം ആരംഭിച്ചു. മുൻ പഞ്ചായത്ത് പ്രസിഡണ്ടും പ്രമുഖസാമൂഹ്യ സാംസ്ക്കാരിക വിദ്യാഭ്യാസ പ്രവർത്തകനുമായിരുന്ന പരേതനായ കെ.കെ. പൂക്കോയതങ്ങാം നേതൃത്വം നൽകിയിരുന്ന സയ്യിദ് മുഹമ്മദ് ജമലുല്ലൈലി ട്രസ്റ്റാണ് ഈ സ്ഥാപനം തുടങ്ങിയത്.

ദേശീയ വിദ്യാഭ്യാസ പരിപാടി അനുസരിച്ച് ആരംഭിച്ച ജവഹർ നവോദയ വിദ്യാലയ 1988ൽ ഈ പഞ്ചായത്തിലുള്ള വെങ്കുളത്ത് സ്ഥാപിക്കപ്പെട്ടതിലും ഇവിടത്തെ ഏറ്റവും പഴയ സ്ക്കൂളുകളായ ജി.എം.എൽ.പി.എസ്, ജി.എൽ.പി.എസ്.ഊരകം മേൽമുറി എന്നീ സ്ഥാപനങ്ങാക്ക് സ്ഥലം അക്വയർ ചെയ്യുന്നതിനും ഊരകം ഹൈസ്ക്കൂാം അനുവദിക്കുന്നതിനും സഹായിച്ച മുൻമന്ത്രിയും സാമൂഹ്യസാംസ്കാരിക രംഗങ്ങളിൽ സജീവമായി നിൽക്കുന്ന ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടിയുടെ സേവനം എടുത്ത് പറയേണ്ടതാണ്.

ന്നതോടൊപ്പം ഈ പഞ്ചായത്തിലേക്ക് സ്ക്കൂളുകാം അനുവദിക്കുന്നതിൽ വളരെയധികം താൽപര്യം കാണിച്ചിട്ടുള്ള പരേതനായ മുൻമന്ത്രിയായ ചാക്കീരി അഹമ്മദ്കുട്ടി സാഹിബിന്റെ സേവനവും അനുസ്മരിണീയമാണ്.

ഇന്ന് വിദ്യാഭ്യാസരംഗത്ത് പുതിയ പ്രവണതകാം വളർന്നുവരുന്നതായി കാണാം. വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയയാണ്. അതോടൊപ്പം ഒരു വികസന പ്രവർത്തനം കൂടിയാണ്. വ്യക്തികളുടെ വികസനമെന്നത് അതിന്റെ ആദ്യപടി മാത്രമാണ്. വ്യക്തികളിലൂടെ പ്രദേശത്തിന്റെയും പ്രദേശങ്ങളിലൂടെ രാജ്യത്തിന്റെയും വികസനമാണ് വിദ്യാഭ്യാസത്തിലൂടെ സാധ്യമാക്കേണ്ടത്. കാണാപാഠം പടിക്കലാണ് മെച്ചപ്പെട്ട വിദ്യാഭ്യാസ മെന്നും കുട്ടികളെ അതിനായി രൂപപ്പെടുത്തുന്ന സ്ഥാപനങ്ങളാണ്. മെച്ചപ്പെട്ട സ്ക്കൂളുകളെന്നും രക്ഷിതാക്കളെ തെറ്റിദ്ധരിപ്പിച്ച് വൻവിലക്ക് ഇത്തരം വിദ്യാഭ്യാസം വിൽക്കുന്ന കച്ചവടക്കാർ നഗരങ്ങളിലും പിന്നെ പിന്നെ ഗ്രാമങ്ങളിലും തങ്ങളുടെ ആധിപത്യം ഉറപ്പിച്ചുകൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസരംഗത്ത് ജനകീയ ഇടപ്പെടലിന്റെ ആവശ്യകത ഇക്കാര്യങ്ങളൊക്കെ നമ്മെ ബോധ്യപ്പെടുത്തുന്നു.

**പഞ്ചായത്തിലെ സ്കൂളുകളെ കുറിച്ചുള്ള വിവരങ്ങാം.**

പഞ്ചായത്തിൽ നിലവിലുള്ള സർക്കാർ, എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെകുറിച്ചുള്ള വിവരങ്ങാം പട്ടിക-1ൽ കാണാം. നവോദയ സ്കൂാം കൂടാതെ സർക്കാർ മേഖലയിൽ ആറു സ്കൂളുകളും സ്വകാര്യ എയ്ഡഡ് മേഖലയിൽ ആറ് സ്കൂളുകളുമുണ്ട്.

ഇത് കൂടാതെ രണ്ട് അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളും മൂന്ന് പ്രീപ്രൈമറി (ഇംഗ്ലീഷ് മീഡിയം) സ്ക്കൂളുകളും പ്രവർത്തിക്കുന്നു.

ഹയർ സെക്കണ്ടറി, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം തുടങ്ങിയ സ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളും പ്രവർത്തനക്ഷമമല്ല.

ഇന്ന് നിലവിലുള്ള സ്ക്കൂളുകളിൽ 96-97വർഷത്തിൽ പഠിക്കുന്ന 7028 വിദ്യാർത്ഥികളിൽ 4062 ആൺകുട്ടികളും 2966 പെൺകുട്ടികളുമാണ് ഉള്ളത്. പട്ടിക1-2 കാണുക.

പട്ടിക1-2

| വർഷം | ആകെ കുട്ടികാം | ആൺ | പെൺ | ശതമാനം |
|---|---|---|---|---|
| 96-97 | 7028 | 4062 | 2966 | 42% |

അവലംബം സെക്കൻററിഡാറ്റ.

പട്ടികയിൽ നിന്നും പഠന രംഗത്ത് പെൺ കുട്ടികളുടെ പങ്കാളിത്തത്തിലെ കുറവ് കാണാം. പട്ടികജാതി വിദ്യാർത്ഥികാം ആകെ 521ആണ്. ഇതിൽ ആൺകുട്ടികളും 225 പെൺകുട്ടികളുമാണ്. ആകെ വിദ്യാർത്ഥികളിൽ 7.42% പട്ടികജാതി വിദ്യാർത്ഥികളാണ്. പട്ടികജാതി വിദ്യാർത്ഥികളുടെ സ്ക്കൂാം തിരിച്ചുള്ളകണക്ക് പട്ടിക 1-2Aയിൽ കാണാം.

കഴിഞ്ഞ നാലുവർഷത്തെ വിവിധ സ്കൂളുകളിലെ കുട്ടികളുടെ എണ്ണം പട്ടിക 1-3 കാണുക. പട്ടിക 1-3 പരിശോധിച്ചാൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്ന പ്രവണത കാണുന്നില്ല.

കുട്ടികളുടെ പഠന നിലവാരം അപഗ്രഥിക്കപ്പെടുകയാണെങ്കിൽ ആശാവഹമായ ഒരു പുരോഗതി നമ്മുക്ക് കാണാൻ കഴിയുന്നില്ല. 96-97ലെ പാദവാർഷിക പരീക്ഷയുടെ അടിസ്ഥാനത്തിൽ ഇത് വിശകലനം ചെയ്യാം പട്ടിക 1-4 കാണുക.

പട്ടിക 1-4

| ക്ലാസ്സുകാം | 30%ന് താഴെ | 30%മു തൽ 40%വരെ | 40%മു തൽ 50%വരെ | 50%മു തൽ 60%വരെ | 60%ന് മുകളിൽ |
|---|---|---|---|---|---|
| III | 197 | 96 | 72 | 84 | 100 |
| IV | 130 | 106 | 69 | 54 | 94 |
| V | 212 | 143 | 63 | 38 | 24 |
| VI | 232 | 152 | 105 | 31 | 16 |
| VII | 236 | 89 | 102 | 59 | 28 |
| VIII | 496 | 198 | 53 | 37 | 30 |
| IX | 392 | 158 | 42 | 23 | 20 |
| X | 404 | 38 | 6 | 7 | 8 |

മേൽ പട്ടികയിൽ നിന്നും 30%മാർക്കിൽ താഴെയുള്ള കുട്ടികളുടെ എണ്ണം എൽ.പി.ക്ലാസ്സുള്ളിൽ കുറവും യു.പി. ഹൈസ്ക്കൂാം ക്ലാസ്സുകളിൽ കൂടുന്നായും കാണുന്നു.

കഴിഞ്ഞനാലുവർഷത്തെ എസ്. എസ്. എൽ. സി.

ഫലം പട്ടിക 1-5, 1-6ൽ കാണുക,

| 1992-93 | 93-94 | 94-95 | 95-96 |
|---|---|---|---|
| ആകെ കുട്ടികൾ | 397 | 399 | 426 404 |
| വിജയിച്ച കുട്ടികൾ | 47 | 64 | 94 62 |
| വിജയശതമാനം | 12; | 16; | 22; 16; |

എസ്.എസ്.എൽ.സി വിജയ ശതമാനം
ഒറ്റനോട്ടത്തിൽ
പട്ടിക-6




അവലംബം സെക്കൻററിഡാറ്റ,

പട്ടിക 1-2 A
പട്ടിക ജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരം

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 1 | G.M.L.P School, Karathode | 12 | 12 | 24 |
| 2 | A.M.L.P. School, Kottumala | 02 | 02 | 04 |
| 3 | M.U.H.S, Oorakam | 02 | 04 | 06 |
| 4 | P.M.S.A.M.A. U.P. School,Karathod | 24 | 29 | 53 |
| 5 | P.M.S A.M.U.P. School, Nelliparamba | 08 | 07 | 15 |
| 6 | G.L.P.S, Kodalikkund | 11 | 05 | 16 |
| 7 | G.M.L.P, School, Nelliparamba | 05 | 08 | 13 |
| 8 | G.L.P.S, Oorakam melmuri | 22 | 22 | 44 |
| 9 | G.L.P.S Oorakam Kizhumuri | 36 | 19 | 55 |
| 10 | G.H.S, Vengara | 110 | 72 | 182 |
| 11 | A.M.L.P, School Kodalikkund | 06 | 05 | 11 |
| 12 | A.M.L.P.S, Chalilkund | 02 | - | 02 |
| 13 | Navodaya School | 56 | 40 | 96 |
| | ആകെ | | | |

അവലംബം സെക്കൻററി ഡാറ്റ

മേൽ പട്ടികയിൽ നിന്നും ഗ്രാഫിൽ നിന്നും എസ്.എസ്.എൽ.സി.പരീക്ഷാഫലത്തിൽ 92ൽ നിന്നും 95വരെ ക്രമാനുഗതമായ ഉയർച്ചയും 95-96 വർഷത്തിൽ കുറവും കാണാം.

സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ അക്കാദമിക സൗകര്യങ്ങൾ ഇവയെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക-1-7,1-8 കാണുക.

**ഭൗതിക സൗകര്യങ്ങൾ 1-7**

**അക്കാദമി സൗകര്യങ്ങൾ 1-8**

നവോദയ വിദ്യാലയമൊഴികെ മറ്റെല്ല വിദ്യാലയങ്ങളിലും ഭൗതിക സാഹചര്യങ്ങളും അക്കാദമിക് സൗകര്യങ്ങളും പരിമിതമാണെന്ന് മനസ്സിലാക്കാം. മിക്ക വിദ്യാലയങ്ങളിലും അധ്യാപകതസ്തികൾ ഒഴിഞ്ഞു കിടക്കുന്നതായി പട്ടിക 1-1ൽ നിന്നും മനസ്സിലാക്കാം.

സ്കൂൾ പി.ടി.എകൾ മാതൃസംഗമങ്ങൾ, സ്കൂൾ വെൽഫെയർ കമ്മറ്റികൾ സ്കൂൾ റിസോഴ്സ് ഗ്രൂപ്പുകൾ എന്നിവ നിലവിലുണ്ടെങ്കിലും ഇവയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കപ്പെടേണ്ടതാണ്.

വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ അടിസ്ഥാനമാകേണ്ട പ്രീ.പ്രൈമറികൾ ഗവൺമെൻറ് തലത്തിലോ പഞ്ചായത്ത് തലത്തിലോ നടക്കുന്നില്ല എന്നത് ഗൗരവമായി കാണേണ്ടതാണ്.

## പ്രശ്നങ്ങൾ.

1. ഗൾഫ്മേഖലയിലെ സ്വാധീനം വിദ്യാഭ്യാസ പുരോഗതി ഉണ്ടാക്കുന്നതോടൊപ്പം നിലവാരതകർച്ചയ്ക്കും കാരണമാകുന്നു.

2. കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ അശ്രദ്ധയും താൽപര്യക്കുറവും. വീട്ടിൻെറ ചുമതല കുട്ടികൾതന്നെ വഹിക്കേണ്ടി വരുന്നതും പഠനനിലവാരത്തെ ബാധിക്കുന്നു.

3. ഔപചാരിക വിദ്യാഭ്യാസരംഗത്ത് വലിയ സംഭാവന നൽകേണ്ട പ്രീ.പ്രൈമറി വിദ്യാലയങ്ങൾ ഗവർമെൻറ് മേഖലയിൽ ഈ പഞ്ചായത്തിൽ ഇല്ല.

4. ദൃശ്യ,ശ്രാവ്യ മാധ്യമങ്ങളുടെ അമിതമായ വർദ്ധനവും നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളും പഠനനിലവാരത്തെ ബാധിക്കുന്നു.

5. യഥാസമയം പാഠപുസ്തകങ്ങൾ ലഭ്യമല്ലാത്തതും

# വിദ്യാലയത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ.

## പട്ടിക 1-1

| ക്രമ നമ്പർ | വാർഡ് | സ്ക്കൂളിന്റെപേര് | സ്ഥാപിതവർഷം | മാനേജ്മെന്റ് സർക്കാർ/ എയിഡഡ്. | കുട്ടികളുടെഎണ്ണം | | | അധ്യാപകരുടെ എണ്ണം | | | യോഗ്യതകൾ | | | ജനറൽ | | | ആവശ്യമുള്ള അധ്യാപകർ | അധ്യാപകനേര ജീവനക്കാർ | എംപ്ലോയ്മെന്റ്. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | B. | G. | T. | M. | F. | T. | BEd. | T.T.C | മറ്റുള്ളവ | P.G. | Degree | മറ്റുള്ളവ | | | |
| 1. | 9 | ജി.എച്ച്.എസ്.വേങ്ങര. | 1957 | ഗവൺമെൻറ് | 1749 | 790 | 2539 | 49 | 27 | 76 | 42 | 17 | 17 | 4 | 38 | 2 | 19 | 6 | 14 |
| 2. | 7 | എം.യു.എച്ച്.എസ്.ഊരകം | 1996 | എയിഡഡ് | 51 | 87 | 138 | 4 | 2 | 6 | 4 | - | 2 | - | - | - | - | 2 | - |
| 3. | 1 | പി.എം.എസ്.എ.എം.യു.പി.എസ് നെല്ലിപ്പറമ്പ്, | 1976 | എയിഡഡ് | 240 | 238 | 478 | 8 | 10 | 18 | 8 | 4 | 6 | 1 | 8 | 8 | - | 1 | - |
| 4. | 8 | പി.എം.എസ്.എ.എം.എ.യു.പി.എസ് കാരാത്തോട് | 1976 | എയിഡഡ് | 400 | 389 | 789 | 12 | 13 | 25 | 10 | 10 | 5 | - | 10 | - | - | 1 | - |
| 5. | 9 | ജി.എൽ.പി.എസ്.ഊരകം1939 സർക്കാർ, കീഴ്മുറി | 236 | 212 | 448 | 2 | 9 | 11 | - | - | 1 | 10 | 2 | 1 | 1 | | | | 1 |
| 6. | 9 | എ.എം.എൽ.പി.എസ്.കുറ്റാളൂർ | 1931 | എയിഡഡ് | 157 | 130 | 287 | 4 | 6 | 10 | - | 9 | 1 | - | - | - | - | - | - |
| 7. | 2 | എ.എം.എൽ.പി.എസ്.ചാലിൽകുണ്ട് | 1924 | എയിഡഡ് | 89 | 91 | 180 | - | 5 | 5 | 1 | 3 | - | 0 | - | 1 | - | | |
| 8. | 4 | ജി.എൽ.പി.എസ്. കൊടലികുണ്ട് | 1973 | സർക്കാർ | 202 | 194 | 396 | 4 | 5 | 9 | 1 | 6 | 2 | - | 1 | 8 | 1 | 1 | - |
| 9. | 5 | ജി.എൽ.പി.സ്ക്കൂൾ ഊരകം മേൽമുറി | 1924 | സർക്കാർ | 184 | 183 | 367 | 1 | 8 | 9 | - | 6 | - | 1 | 2 | 2 | - | 1 | - |
| 10. | 6 | എം.എം.എൽ.പി.എസ്. കോട്ടുമല | 1941 | എയിഡഡ് | 103 | 93 | 196 | 2 | 3 | 5 | - | 4 | 1 | - | - | - | - | - | - |
| 11. | 1 | ജി.എൽ.പി.എസ്. ഊരകം കീഴ്മുറി (നെല്ലിപ്പറമ്പ്) | 1929 | സർക്കാർ | 190 | 193 | 383 | 6 | 5 | 11 | 3 | 7 | 1 | 1 | 3 | 7 | 2 | 1 | 2 |
| 12. | 6 | ജി.എൽ.പി.എസ്.ഊരകം മേൽമുറി (കാരാത്തോട്) | 1918 | സർക്കാർ | 222 | 221 | 443 | 2 | 10 | 12 | 1 | 7 | 4 | - | 1 | 4 | - | 1 | - |
| 13. | 1 | ജവഹർ നവോദയ വിദ്യാലയം | 1988 | കേന്ദ്രസർക്കാർ | 239 | 145 | 384 | - | - | - | 16 | - | 7 | - | - | - | - | - | |
| | | ആകെ. | 4062 | 2966 | 7028 | 94 | 103 | 197 | 86 | 84 | 47 | 7 | 64 | 42 | 24 | 15 | 17 | | . |

അവലംബം-സെക്കൻററിഡാറ്റ.

349

പട്ടിക 1-3

## കഴിഞ്ഞ നാല് വർഷത്തെ പഞ്ചായത്തിലെ വിവധ സ്ക്കൂളിലെ കുട്ടികളുടെ എണ്ണം.

| സ്ക്കൂളിൻെറ പേര് | 1993-94 | | | 1994-95 | | | 95-96 | | | 96-97 | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | B | G | T |
| 1. ജി.എച്ച്.എസ്.വേങ്ങര. | | | 1620 | 722 | 2342 | 1664 | 737 | 2401 | 1749 | 790 | 2539 | |
| 2. എം.യു.എച്ച്.എസ്.ഊരകം | | | | | | | | | | 51 | 87 | 138 |
| 3. പി.എം.എസ്.എ.എം.യു.പി. എസ്. നെല്ലിപ്പറമ്പ് | 217 | 217 | 434 | 220 | 219 | 439 | 225 | 242 | 467 | 240 | 238 | 478 |
| 4. പി.എം.എസ്.എ.എം.എ.യു. പി.എസ്.കാരാത്തോട് | 366 | 355 | 721 | 371 | 391 | 762 | 388 | 385 | 773 | 400 | 389 | 789 |
| 5. ജി.എൽ.പി.എസ്.ഊരകം കീഴ്മുറി | 301 | 262 | 563 | 265 | 228 | 493 | 244 | 217 | 461 | 236 | 212 | 448 |
| 6. എ.എം.എൽ.പി.എസ്. കുറ്റാളൂർ | 153 | 117 | 270 | 149 | 123 | 272 | 144 | 125 | 269 | 156 | 128 | 284 |
| 7. എ.എം.എൽ.പി.എസ്. ചാലിൽകുണ്ട് | 106 | 72 | 178 | 98 | 76 | 174 | 94 | 90 | 184 | 89 | 91 | 180 |
| 8. ജി.എൽ.പി.എസ്. കൊടലികുണ്ട് | 176 | 183 | 359 | 192 | 192 | 384 | 195 | 199 | 394 | 202 | 194 | 396 |
| 9. ജി.എൽ.പി.എസ്. ഊരകം മേൽമുറി | 174 | 178 | 382 | 186 | 182 | 368 | 185 | 179 | 364 | 184 | 183 | 367 |
| 10. GLPS ഊരകം മേൽമുറി കാരാത്തോട് | 273 | 271 | 544 | 255 | 234 | 489 | 234 | 224 | 458 | 222 | 220 | 442 |
| 11. എ.എം.എൽ.പി.എസ്. കോട്ടുമല | 106 | 88 | 194 | 102 | 79 | 181 | 103 | 88 | 191 | 103 | 93 | 196 |
| 12. ജി.എം.എൽ.പി.എസ്. ഊരകംകീഴ്മുറി (നെല്ലിപ്പറമ്പ്) | 192 | 195 | 387 | 183 | 210 | 393 | 192 | 202 | 394 | 190 | 193 | 383 |
| 13. ജവഹർ നവോദയ വിദ്യാലയം | | | | | | | | | | 239 | 145 | 384 |
| | | | | | | | | | | | | |

അവലംബം സെക്കൻററിഡാറ്റ.

പട്ടിക 1-7

ഭൗതിക സൗകര്യങ്ങൾ

| | സ്കൂളിൻെറപേര് | സ്ഥലവിസ്തീർണ്ണം | ഓഫീസ്മുറി | സ്റ്റാഫ്മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | കോമ്പൗണ്ട്‌വാൾ | പാചകമുറി | വൈദ്യുതി | ഉച്ചക്കഞ്ഞി | കളിസ്ഥലം | കുടിവെള്ളം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | ഗവൺമെൻറ് ഹൈസ്ക്കൂൾ വേങ്ങര | 3.46ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 2. | മർക്കസു ഉലൂം ഹൈസ്ക്കൂൾ ഊരകം | 3.ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | കിണർ |
| 3. | പി.എം.എസ്.എ.എം.എയു.പിസ്ക്കൂൾ കാരാത്തോട് | 0.44ഹെക്ടർ | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 0.24ഹെക്ടർ | ഉണ്ട് |
| 4. | പി.എം.എസ്.എ.എം.യു.പിസ്ക്കൂൾ നെല്ലിപ്പറമ്പ് | 2.ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | 1ഏക്കർ | ഉണ്ട് |
| 5. | ഗവ:എൽ.പി.സ്ക്കൂൾ ഊരകം കീഴ്മുറി | 1.ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6. | എം.എൽ.പി.സ്ക്കൂൾ. കുറ്റാളൂർ | 25.സെൻറ് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7. | എ.എം.എൽ.പി.സ്ക്കൂൾ ചാലിൽകുണ്ട് | 15.സെൻറ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | ഇല്ല | ഉണ്ട് |
| 8. | ഗവ:എൽ.പി.സ്ക്കൂൾ കൊടലി കുണ്ട് | 1ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 9. | ഗവ:എൽ.പി.സ്ക്കൂൾ ഊരകം മേൽമുറി | 11സെൻറ് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 10. | ഗവ: മാപ്പിള എൽ.പി.സ്ക്കൂൾ ഊരകം മേൽമുറി | വാടകകെട്ടിടം | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 11. | എം.എൽ.പി.സ്ക്കൂൾ. കോട്ടുമല | 50സെൻറ് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 12. | ഗവ: മാപ്പിള എൽ.പി.സ്ക്കൂൾ നെല്ലിപ്പറമ്പ് ഊരകം കീഴ്മുറി | 1ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | |
| 13. | ജവഹർ നവോദയ വിദ്യാലയം | 13.70ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ് | ഉണ്ട് | ബാധകമല്ല | ഉണ്ട് | ഉണ്ട് |

അവലംബം-സെക്കൻററിഡാറ്റ.

പട്ടിക 1-8

## അക്കാദമിക്ക് സൗകര്യങ്ങൾ

| | സ്കൂളിൻെറ പേര് | ദൃശ്യശ്രാവ്യമാധ്യമങ്ങൾ | | | വി.സി. ആർ. വി.സി. പി. | സിനിമാ പ്രൊജക്ടർ | സ്ലയ്ഡ് പ്രൊജക്ടർ | കംപ്യൂട്ടർ | പഠനോപകരണങ്ങൾ | ഫർണിച്ചറുകൾ മതിയാകുമോ | ഇനിയും ക്ലാസുകൾആവശ്യമുണ്ടോ. | മാതൃസംഗമംസജീവമാണോ | ക്ലാസ്സ്റൂം പി.ടി.എ.പ്രവർത്തിക്കുന്നുണ്ടോ. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | റേഡിയോ | ടേപ്പ്റിക്കാഡർ | ടി.വി. സെറ്റ് | | | | | | | | | |
| 1. | ജി.എച്ച്.എസ്.വേങ്ങര. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 15 മുറി ആവശ്യമുണ്ട് | സജീവം | ഉണ്ട് |
| 2. | എം.യു.എച്ച്.എസ്. ഊരകം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | മതിയാകും | ഇല്ല | സജീവം | പ്രവർത്തിക്കുന്നു |
| 3. | പി.എം.എസ്.എ.എം.യു.പി.എസ്. നെല്ലിപ്പറമ്പ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | സജീവം | ഇല്ല |
| 4. | പി.എം.എസ്.എ.എം.എ.യു.പി.എസ്.കാരാത്തോട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | മതിയാകും | ഇല്ല | സജീവം | പ്രവർത്തിക്കുന്നു |
| 5. | ജി.എൽ.പി.എസ്. ഊരകം കീഴ്മുറി | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | - | സജീവം | പ്രവർത്തിക്കുന്നു |
| 6. | എ.എം.എൽ.പി.എസ്. കുറ്റാളൂർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | സജീവം | പ്രവർത്തിക്കുന്നു |
| 7. | എ.എം.എൽ.പി.എസ്. ചാലിൽകുണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 2 മുറി ആവശ്യമുണ്ട് | സജീവം | ഇല്ല |
| 8. | ജി.എൽ.പി.എസ്. കൊടലികുണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | വേണ്ടത്രയില്ല | ഇല്ല | 5 മുറി ആവശ്യമുണ്ട് | സജീവം | ഇല്ല |
| 9. | ജി.എൽ.പി.എസ്. ഊരകം മേൽമുറി | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | --- | സജീവം | പ്രവർത്തിക്കുന്നു |
| 10. | എ.എം.എൽ.പി.എസ്. കോട്ടുമല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ആവശ്യത്തിനില്ല | മതിയാകും | --ഇല്ല | സജീവം | ഇല്ല |
| 11. | ജി.എൽ.പി.എസ്.ഊരകം മേൽമുറി(കാരാത്തോട്) | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | സ്വന്തം കെട്ടിടമില്ല | സജീവം | പ്രവർത്തിക്കുന്നു |
| 12. | ജി.എം.എൽ.പി.എസ്. ഊരകം കീഴ്മുറി (നെല്ലിപ്പറമ്പ്) | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | വേണ്ടത്രഇല്ല | മതിയാകില്ല | 2 മുറി ആവശ്യമുണ്ട് | സജീവം | ഇല്ല |
| 13. | ജവഹർ നവോദയ വിദ്യാലയം | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |

അവലംബം സെക്കൻററിഡാറ്റ.

# ഊരകം പഞ്ചായത്തിലെ വിദ്യാഭ്യാസ ആവശ്യങ്ങൾ

| സ്കൂളിൻെറ പേര് | വാർഡ് | അപ് ഗ്രേഡ് ചെയ്യേണ്ടവ | | പുതിയ സ്കൂൾ L.P\U.P\H.S\V.H.C | പുതിയകെട്ടിടം | ക്ലാസ്സ്മുറികളുടെ എണ്ണം | ഓലകെട്ടിടം സ്ഥിരമാക്കൽ | മൂത്രപ്പുര,കക്കൂസ് | കുടിവെള്ളം | കളിസ്ഥലം | ചുറ്റുമതിൽ |
|---|---|---|---|---|---|---|---|---|---|---|---|
| | | U.P. | H.S | | | | | | | | |
| നവോദയ വിദ്യാലയം | | | | | | | | | | | |
| ജി.എം.എൽ.പി.എസ്.ഊരകം കീഴ്മുറി | 1 | | | | | | ✓ | ✓ | | ✓ | ✓ |
| പി.എം.എസ്.എ.എം.യു.പി.എസ്. നെല്ലിപ്പറമ്പ് | | | | | | | | | | ✓ | ✓ |
| എ.എം.എൽ.പി.എസ്.ചാലിൽകുണ്ട് | 2 | ✓ | | മമ്പീതി(എൽ.പി) | | | | ✓ | ✓ | ✓ | ✓ |
| - | 3 | | | എടരിപ്പറമ്പ് ഒ.കെ.നഗർ,കാപ്പിൽ(എൽ.പി.) പാറക്കണ്ണി മാലപ്പറമ്പ് (എച്ച്.എസ്.) | | | | | | | |
| ജി.എൽ.പി.എസ്.കൊടലികുണ്ട് | 4 | ✓ | | | | 5 | | | | ✓ | ✓ |
| ജി.എൽ.പി.എസ്.ഊരകം മേൽമുറി | 5 | | | വട്ടപ്പറമ്പ്(എൽ.പി) | ✓ | | | ✓ | ✓ | ✓ | ✓ |
| എ.എം.എൽ.പി.എസ്.കോട്ടുമല | | ✓ | | | | | | ✓ | ✓ | ✓ | ✓ |
| ജി.എം.എൽ.പി.എസ്.ഊരകം മേൽമുറി | 6 | | | | ✓ | | | ✓ | ✓ | ✓ | ✓ |
| എം.യു.എച്ച്.എസ് ഊരകം കീഴ്മുറി | 7 | | | ഹയർസെക്കൻററി വെങ്കുളം (എൽ.പി.) | | | | ✓ | ✓ | | ✓ |
| പി.എം.എസ്.എ.എം.എ.യു.പി.എസ്. കാരാത്തോട്. | 8 | | | പാങ്ങോട്ടുപറമ്പ്, (എൽ.പി) | | | | | | | |
| ജി.എച്ച്.എസ്.വേങ്ങര | | | | വി.എച്ച്.എസ് | | 15മുറികൾ | | ✓ | ✓ | | ✓ |
| ജി.എൽ.പി.എസ്. ഒ.കെ.മുറി | 9 | ✓ | | നെടുംപറമ്പ്(എൽ.പി) | | | | ✓ | | ✓ | |
| എ.എം.എൽ.പി.എസ് കുറ്റാളൂർ | | ✓ | | | | | | | | | |
| -- | 10 | | | കീരാകുന്ന് കോളനി (എൽ.പി. & യു.പി) | | | | | | | |

✓ ആവശ്യങ്ങളെ കാണിക്കുന്ന.

അധ്യാപക നിയമനം നടത്താത്തതും അനവസരത്തിലുള്ള സ്ഥലമാറ്റങ്ങളും പഠനനിലവാരത്തെ ബാധിക്കുന്നു.

6. വിരസമായ പാഠ്യ പദ്ധതിയും പഴഞ്ചൻ പഠനരീതികളും അശാസ്ത്രീയമായ മൂല്യ നിർണ്ണയവും പഠനത്തെ ബാധിക്കുന്നു.

7. ഹയർസെക്കൻററിമുതൽ സാങ്കേതിക ഉന്നത വിദ്യാഭ്യാസ മേഖലവരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല.

8. ജി.എച്ച്.എസ്.വേങ്ങരയിലെ ഷിഫ്റ്റ് സമ്പ്രദായവും കുട്ടികളുടെ ബാഹുല്യവും എസ്.എസ്.എൽ.സി. വിജയശതമാനം കുറക്കുന്നു.

9. പ്രൈമറി,സെക്കൻററി തലത്തിലുള്ള വിദ്യാർത്ഥികളുടെ അക്ഷരജ്ഞാനകുറവ്.

10. ഡി.പി.ഇ.പി യുടെ ഭാഗമായുള്ള വില്ലേജ് എജുക്കേഷൻ കമ്മറ്റികളിൽ മുഴുവൻ സ്ക്കൂളുകളിലേയും പി.ടി.എ. പ്രസിഡണ്ടുമാർക്ക് പ്രാതിനിധ്യമില്ല.

11. കലാ, കായിക,പ്രവർത്തി പരിചയ മേലകളിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

12. ചില പ്രൈമറി വിദ്യാലയങ്ങൾ യു.പി.ആയി അപ്ഗ്രേഡ് ചെയ്യാത്തതുകൊണ്ട് വളരെ ദൂരം നടന്നുപോയി പഠിക്കേണ്ട അവസ്ഥ നിലനിൽക്കുന്നു.

13. എൽ.പി., യു.പി, ഹൈസ്ക്കൂൾ എന്നിവകളുടെ കുറവ് ചിലസ്ഥലങ്ങളിൽ നിലനിൽക്കുന്നു.

14. അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല.

15. ഉച്ച ഭക്ഷണ പരിപാടി കാര്യക്ഷമമല്ല.

16. സ്ക്കൂൾ പരിശോധനാ സമ്പ്രദായം കാര്യക്ഷമമല്ല.

17. സ്ക്കൂളുകളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്തപ്പെടുന്നില്ല.

18. താൽകാലിക ഷെഡ്ഡുകളിൽ സ്ക്കൂൾ പ്രവർത്തിക്കുന്നുന്നുണ്ട്.

**സാധ്യതകളും നിർദേശങ്ങളും.**

1. പഞ്ചായത്തിലുള്ള എല്ലാ വിദ്യാലയങ്ങൾക്കും കെട്ടിടങ്ങൾ, കക്കൂസ്,മൂത്രപ്പുര,കുടിവെള്ളം,കളിസ്ഥലം,ചുറ്റുമതിൽ തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ എത്തിക്കുക.

2. വിദ്യാലയങ്ങളിൽ ആവശ്യമായ ക്ലാസ്സുമുറികൾ നിർമ്മിക്കുക.

3. അധ്യാപക തസ്തിക യഥാസമയം നികത്തുന്നതിന് നടപടികളെടുക്കുക.

4. സ്ഥല സൗകര്യമുള്ള എല്ലാ വിദ്യാലയങ്ങളോടനുബന്ധിച്ചും പഞ്ചായത്തിൽ ജനസാന്ദ്രത കൂടുതലുള്ള മറ്റു മേഖലകളിലും പ്രീ പ്രൈമറി സ്ഥാപിക്കുക.

5. സ്ക്കൂൾ പ്രവർത്തനങ്ങളിൽ പി.ടി.എ, മാതൃ സംഗമം,മറ്റു ബഹുജനസന്നദ്ധ സംഘടനകൾ എന്നിവയുടെ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തുക.

6. കലാകായികരംഗത്ത് വിദ്യാർത്ഥികളുടെ കഴിവ് വളർത്തിയെടുക്കുന്നതിന് പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കുക.

7. ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

8. വില്ലേജ് എജുക്കേഷൻ കമ്മറ്റിയിൽ പഞ്ചായത്തിലെ മുഴുവൻ പി.ടി.എ. പ്രസിഡണ്ടുമാരേയും എക്സിക്യൂട്ടീവ് മെമ്പർമാരാക്കുക വഴി അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.

9. വേങ്ങര ഹൈസ്ക്കൂളിൻെറ പഠനനിലവാരം ഉയർത്തുന്നതിന് യു.പി.വിഭാഗത്തിന് പ്രത്യേകം കെട്ടിടം നിർമ്മിച്ച് ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കുക.

10. കമ്പ്യൂട്ടർ സെൻറർ പ്രവർത്തിക്കുന്ന വേങ്ങര ഗവ. ഹൈസ്ക്കൂൾ വൊക്കേഷണൽ ഹയർസെക്കണ്ടറിയായും മർക്കസുൽ ഉലൂം ഹൈസ്ക്കൂൾ ഹയർസെക്കൻററിയായും ഉയർത്തുക.


11. സ്ക്കൂൾ പരിശോധനാസമ്പ്രദായം കാര്യക്ഷമമാക്കാൻ പഞ്ചായത്ത് തലത്തിൽ തസ്തിക സൃഷ്ടിക്കുക.


12. നിലവിലുള്ള എ.ഇ.ഒ.വിൻെറ പരിധി കുറക്കണം.

13. ബുക്ക് ഡിപ്പോക്കൾ സബ്ജില്ല കേന്ദ്രീകരിച്ച് അനുവദിക്കുക.

14. സമഗ്ര വിദ്യാഭ്യാസ വികസനത്തിനായി നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമാക്കുകയും പഞ്ചായത്ത് തല പ്രോജക്ടുകൾ ആവിഷ്കരിച്ച് ജനകീയമായി നടപ്പിലാക്കേണ്ടതാണ്.

15. നവോദയ വിദ്യാലയത്തിൽ 10% സീറ്റുകൾ സ്കൂൾ സ്ഥിതി ചെയ്യുന്ന പഞ്ചായത്തിലെ കുട്ടികൾക്ക് സംവരണം ഏർപ്പെടുത്തുക.





# കുടിവെള്ളവും പൊതുജനാരോഗ്യവും

രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് വികസന തന്ത്രം ആവിഷ്ക്കരിക്കുമ്പോൾ ആരോഗ്യമേഖല ഏറ്റവും പ്രധാനപ്പെട്ടതാണ്. ഏതൊരു മനുഷ്യ സമൂഹത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഉള്ള പാർപ്പിടം, ശുദ്ധജലം, ശുദ്ധവായു, പോഷകാഹാരം എന്നിവ അത്യന്താപേക്ഷിതമാണ്.

കാർഷിക മേഖലയുടെ വളർച്ചക്കു വേണ്ടി ഊരകം മലയുടെ വനമേഖലയാകെ വെട്ടി നശിപ്പിച്ചതിനെ തുടർന്നുണ്ടായ പാരിസ്ഥിതിക പരിവർത്തനം ഗ്രാമത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമാക്കി. നാണ്യ വിള മേഖലയിൽ ഒരു കുതിച്ചു ചാട്ടം നടത്തിയപ്പോൾ ഭാവി തലമുറയുടെ അടിസ്ഥാനാവശ്യമായ കുടിവെള്ളം നിഷേധിക്കപ്പെടുകയാണെന്ന യഥാർത്ഥ്യം മനസ്സിലാക്കാനുള്ള തിരിച്ചറിവ് മുൻ തലമുറക്കില്ലാതെ പോയി.

പോഷകാഹാര സമ്പുഷ്ടമായ ആഹാര രീതി അവലംബിച്ചിരുന്ന ഒരു ജനതതിയായിരുന്നു ഇവിടെവസിച്ചിരുന്നത്. കാലത്തിൻെറമാറ്റം ആരോഗ്യരംഗത്തും മാറ്റം വരുത്തി. ആശുപത്രിയേയും മരുന്നിനേയും ഡോക്ടറേയും ആശ്രയിച്ചുകൊണ്ടുള്ള ആരോഗ്യ സങ്കൽപത്തിലേക്ക് സമൂഹം എത്തിപ്പെട്ടു. അതോടൊപ്പം രോഗ ചികിൽസക്കായി അന്ധവിശ്വാസങ്ങളുടെ പിന്നാലെ പോകുന്ന ചെറിയൊരു ശതമാനം ആളുകൾ ഇപ്പോഴും പഞ്ചായത്തിലുണ്ട്.

നിലവിലുള്ള സാഹചര്യത്തിൽ ശുദ്ധവായുവിനും ശുദ്ധജലത്തിനും പോഷകാഹാരത്തിനും ഊന്നൽ നൽകി രോഗപ്രതിരോധ ചികിൽസാസംസ്കാരം വളർത്തിയെടുക്കുകയും ആധുനിക ചികിൽസാ സൗകര്യങ്ങൾ ഗ്രാമത്തിനകത്ത് ഉണ്ടാക്കിയെടുക്കുകയും ചെയ്താലെ ആരോഗ്യസമ്പത്ത് നേടിയെടുക്കാൻ കഴിയുകയുള്ളൂ.

പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിന് പ്രധാനമായും ആശ്രയിക്കുന്നത് കിണറുകളെയാണ്. കിണറുകൾക്ക് ചുറ്റുമതിൽ കെട്ടാത്തതുകൊണ്ട് ജലം മലിനമാകാൻ സാധ്യതയുള്ള ഒട്ടനവധി കിണറുകളുണ്ട്. പഞ്ചായത്തിൽ 2372 കിണറുകളുണ്ട്. കുഴൽ കിണറുകളെ ആശ്രയിക്കുന്ന 49കുടുംബങ്ങളുമുണ്ട്. 150ഓളം കുടുംബങ്ങൾ പഞ്ചായത്തിൻെറ കീഴിലുള്ള ചെറുകിട ശുദ്ധജല പദ്ധതികളായ പാങ്ങാട്ട് പറമ്പ്, വട്ടപ്പറമ്പ്, നായർമാട് എന്നിവയെ ആശ്രയിക്കുന്നു. പഞ്ചായത്തിലെ കുടിവെള്ള ലഭ്യതയുടെ സ്രോതസ് പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

പട്ടിക-1

| ഇനം | എണ്ണം |
|---|---|
| കിണർ | 2349 |
| പൊതുകിണർ | 23 |
| കുഴൽകിണർ | 10 |
| ടാപ്പ് | 73 |

അവലംബം- സെക്കൻററി ഡാറ്റ

355



കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നസ്ഥലങ്ങൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഉണ്ട്. ലക്ഷം വീടുകോളനികളിലും ഹരിജൻ കോളനികളിലും കുടിവെള്ള ക്ഷാമം നിലനിൽക്കുന്നുണ്ട്.

**കുടിവെള്ള ക്ഷാമബാധിത പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും**

പട്ടിക-2

| വാർഡ് | പ്രശ്നമേഖല | പരിഹാര മാർഗ്ഗം |
|---|---|---|
| I | കിഴക്കേനെല്ലിപ്പറമ്പ്, പട്ടായി, വെങ്കുളം, കാരിപ്പടി, വടക്കേകുണ്ട്, വള്ളിക്കാട്ടുപാറ, മഠത്തിൽ, നെല്ലിപറമ്പ്. | കുഴൽകിണറോ മറ്റു പൊതുകിണറോ നിർമ്മിക്കുക, പഞ്ചായത്തിന് പൈപ്പ് ലൈനിൻ കുടിവെള്ളമെത്തിക്കുക, കടലുണ്ടി പുഴയിൽ കിണർ സ്ഥാപിച്ച് കിഴക്കേ നെല്ലിപ്പറമ്പിൽ ടാങ്ക് നിർമ്മിക്കുക, നവോദയാ പൈപ്പ്ലൈനിൽ നിന്ന് ടാപ്പ് അനുവദിക്കുക. |
| II | കാരിക്കുന്ന്, ചാലിൽക്കുണ്ട്, കല്ലേങ്ങൽമാട്, കാരാടൻ ഭാഗം കുര്യാട്ടിൽമാട് | പാടത്ത് കിണർ കുഴിച്ച് കല്ലേങ്ങൽമാട്ടിൽ ടാങ്ക് സ്ഥാപിച്ച് പൈപ്പ് ലൈൻ ഇടുക, ചാലിൽക്കുണ്ട് സ്കൂളിനടുത്തും കുര്യാട്ടിൽമാട്ടിലും കുഴൽ കിണർസ്ഥാപിക്കുക. |
| III | മീഞ്ചെറ, കാപ്പിൽക്കുണ്ട്, അത്താണിക്കുണ്ട്, ചേലത്തൂർ, മാലറമ്പ്, പാറയിൽ, ആലുങ്ങൽമുക്ക്, ഒ.കെ.എം.നഗർ, എടരിപ്പറമ്പ്. | മീഞ്ചെറ ഭാഗത്ത് ടാങ്ക് സ്ഥാപിച്ച് പൈപ്പ്ലൈൻ സ്ഥാപിക്കുക, കാപ്പിൽ കുണ്ടിലെ ഒരു സ്വകാര്യ വ്യക്തിയുടെ കിണർ നന്നാക്കിയാൽ അഞ്ച് വീട്ടുകാർക്ക് കുടിവെള്ളം കിട്ടും. ഒ.കെ.എം. മേലെ കുഴൽകിണറിന് മോട്ടോർ വച്ച് ടാങ്ക് നിർമ്മിക്കുക. |
| IV | പാറപ്പുറത്ത് റോഡ്, ഒ.കെ.എം. നഗർ പാറക്കണ്ണി പുളിക്കപ്പറമ്പ് റോഡ്, ഒ.കെ.എം. നഗർ ചോലക്കൽപള്ളി, കുന്നത്ത്, അപ്പായിപ്പാറ, ഒ.കെ.എം. നഗർ റോഡ്, കരിമ്പിലി ലക്ഷം വീട് കോളനി, വളപ്പിൽ പടി, ചാലിൽപ്പള്ളി, കൊയലിക്കുണ്ട്, മുണ്ടേങ്ങൽപ്പുറായ | ഈ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈനിൽ ടാപ്പ് സ്ഥാപിക്കുക, പൊതുകിണർ കുഴിക്കുക, പൊതു കുളം കുഴിക്കുക, സ്ഥലം നൽകാൻ തയ്യാറാണ്. മുണ്ടേങ്ങൽ പുറായ ഭാഗത്ത് മിനി വാട്ടർ സപ്ലൈ സ്കീം ആരംഭിക്കുക, കുഴൽ കിണറുകൾ സ്ഥാപിക്കുക |
| V | വട്ടപ്പറമ്പ്,മുക്കിൽതൊടു,മംഗലം, ഒസ്സാരെമുക്ക്, പുതിയത്ത്, കല്ലുങ്ങൽ,അമ്മാഞ്ചേരിക്കാവ് റോഡ്,മുതിരപ്പാറ,കുനിയൻമാട് ,ആലുങ്ങൽമുക്ക്,പാറക്കണ്ണി, ചീരാത്തുമുക്ക്. | മോട്ടോർ ശക്തിവർധിപ്പിക്കുക, പൈപ്പ്ലൈൻനന്നാക്കുക,ഹൗസ്കണക്ഷൻ നൽക്കുക,മോട്ടോർഒപ്പറ്റേറെ നിയമിക്കുക,വട്ടപ്പറമ്പിൽപൊതുകിണർ റിപ്പയർചെയ്യുക,കുഴൽകിണർകുഴിക്കുക, വാട്ടർസപ്ലൈയൂണിറ്റ് നീട്ടുക. |
| VI | കോട്ടുമലപ്പറമ്പ്,കരാത്തോട്, വട്ടപ്പറമ്പ്,പാറക്കടവ്,ചക്ക നാട്ടുപ്പറമ്പ്,അത്തിക്കപ്പറമ്പ്, അംഗൻവാടി.എം.എൽ.പി.സ്ക്കൂളിന് സമീപം, കരിക്കുറ്റി. | കുഴൽകിണർകുഴിക്കുക,പൈപ്പ്ലൈൻസ്ഥാപിക്കുക. കടലുണ്ടിപ്പുഴയ്ക്ക് ചെക്ക് ഡാംനിർമ്മിച്ച് വട്ടപ്പറമ്പിൽ ടാങ്ക്നിർമ്മിക്കുക. |

| | | |
|---|---|---|
| VII | വട്ടപ്പറമ്പ്, ഹരിജൻ കോളനി, യാറംപടി, പുത്തൻ പീടിക, മേച്ചീരി മാട്, കൊട്ടിയാൻ, പാറക്കണ്ണി റോഡ് ജങ്ഷൻ. | ഹൗസ്കണക്ഷൻനൽക്കുക.ഓപ്പറേറ്ററെ നിയമിക്കുക,നിലവിലുള്ള പൊതുകിണർ നന്നാക്കുക,പുത്തൻപടിയിൽ കിണർ നിർമ്മിച്ച് മേച്ചേരിമാട് ടാങ്ക്നിർമ്മിക്കുക. |
| VIII | കരിയാരം ഹരിജൻ കോളനി,പുള്ളിക്കല്ല്,കരിയങ്ങട്, പുളിക്കൽപ്പാറ,തടപ്പറമ്പ്, കൊട്ടിയരം. | കടലുണ്ടിപ്പുഴയിൽനിന്നും വെള്ളം പമ്പ് ചെയ്ത്കരിയാരത്തു ടാങ്കു കെട്ടി മിനിശുദ്ധജലപദ്ധതി നടപ്പിലാക്കുക,കണ്ണമംഗലം,വേങ്ങര-ഊരകം ശുദ്ധജല പദ്ധതിയുടെ പൈപ്പ് ലൈൻ പ്ലാത്തോട്ടം റോഡ് വഴി പുള്ളിക്കല്ല് വരെ നീട്ടുക. |
| IX | ഹൈസ്ക്കൂളിന് വടക്കുഭാഗം, നെടുപറമ്പ്,കല്ലേറ്റിപ്പറമ്പ്. കരിമ്പിലിമാട്,പെരുംതോട്ടിപറമ്പ്. | കുഴൽ കിണർ കുഴിക്കുക, പൊതുകിണർ നാന്നാക്കുക,പൈപ്പുവെള്ളം എത്തിക്കുക. |
| X | നരിക്കോട്ടുകുളം,കോട്ടമ്മൽ, കീരൻ കുന്ന്കോളനി, മുരിക്കിൻചാൽ,മണ്ണിശ്ശേരി, പുല്ലഞ്ചാൽ,വട്ടപ്പറമ്പ്. | പുവിളക്കോട് കിണർക്കുഴിച്ച് വെള്ളം പമ്പ് ചെയ്ത് കോട്ടമ്മൽ ടാങ്ക് കെട്ടി മിനി ശുദ്ധജല പദ്ധതി നടപ്പിലാക്കുക. |

വിവിധ ഗ്രാമസഭകളിൽ നിന്നുയർന്ന പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

1. രൂക്ഷമായ കുടിവെള്ള ക്ഷാമം. പട്ടിക-2.കാണുക

2. ഊരകം വേങ്ങര കണ്ണമംഗലം ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തന മന്ദഗതി

3. കിണറുകൾക്ക് ചുറ്റുമതിലില്ല.

4. പൈപ്പ് ലൈൻ ഉള്ള ഭാഗങ്ങളിൽ ആവശ്യമായ സ്ഥലത്ത് പൊതു ടാപ്പില്ല.

5. പൊതു കിണർ, പൊതു കുളം എന്നിവയുടെ അഭാവം.

6. ശാസ്ത്രീയ സംവിധാനങ്ങളുള്ള അറവു ശാലകളില്ല.

7. ആവശ്യമായ സ്ഥലങ്ങളിൽ ഓവു ചാലുകളില്ല

8. നിലവിലുള്ള കുഴൽ കിണറുകളിൽ നിന്ന് മലിന ജലം പുറത്തു വരുന്നു.

9. നിലവിലുള്ള ചെറുകിട ശുദ്ധജല പദ്ധതിയുള്ള സ്ഥലങ്ങളിൽ ആവശ്യമായ കൂടിയ കുതിരശക്തിയുള്ള മോട്ടോർ പമ്പുകളില്ല. സ്ഥിരമായ പമ്പ് ഓപ്പറേറ്റർമാരില്ല. ജലലഭ്യതയനുസരിച്ച് കൂടുതൽ കുടുംബങ്ങളിലേക്ക് വിതരണ പദ്ധതിയെത്തിയിട്ടില്ല.

10. ശുദ്ധജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധമില്ലാത്തത് കൊണ്ട് പൊതുപദ്ധതികളിലെ ജലം ദുരുപയോഗപ്പെടുത്തുന്നു.

11. നിലവിലുള്ള പൊതു കിണറുകളും,പഴകി തുരുമ്പിച്ച കുഴൽ കിണറുകളും ഉപയോഗ ശൂന്യമായി കിടക്കുന്നു.

സാധ്യതകൾ

1. രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരമായി ഗ്രാമ സഭയിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങൾ പരിശോധിച്ച് പദ്ധതികൾ ആവിഷ്കരിക്കുക. പരിഹാര നിർദ്ദേശങ്ങൾ പട്ടിക-2ൽ കൊടുത്തിരിക്കുന്നു.

2. ഊരകം-വേങ്ങര-കണ്ണമംഗലം ശുദ്ധജലപദ്ധതി പ്രവർത്തനം ത്വരിതഗതിയിലാക്കുന്നതിന് ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തേണ്ടിയിരുന്നു.

3. കുടിവെള്ളത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് കിണറുകൾക്ക് ചുറ്റുമതിലുണ്ടാക്കാൻ പ്രത്യേക പദ്ധതികൾക്ക് രൂപം നൽകുക.

4. ടാങ്കുകളിലെ ജലലഭ്യത മനസ്സിലാക്കി പൈപ്പ്ലൈൻ ഉള്ളഭാഗങ്ങളിൽ പൊതുടാപ്പ് സ്ഥാപിക്കുക.

5. ഭൂഗർഭ ജലലഭ്യതയനുസരിച്ച് പൊതുകിണറുകൾ ജനപങ്കാളിത്തത്തോടെ നിർമ്മിക്കുകയും ശരിയായ രീതിയിൽ സംരക്ഷിക്കുകയും ചെയ്യുക. നിലവിലുള്ള പൊതു കിണറുകൾ ജനപങ്കാളിത്തത്തോടെ ശുചീകരിക്കുക.

6. ആധുനിക സൗകര്യമുള്ള അറവുശാലകൾ സ്ഥാപിച്ച് കുടിവെള്ളമലിനീകരണത്തിൽ നിന്ന് പഞ്ചായത്തിനെ വിമുക്തമാക്കുക.

7. വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിലും റോഡരികിലും ആവശ്യമായ ഓവുചാലുകൾ നിർമ്മിക്കുക.നിലവിലുള്ള ഓവുചാലുകൾ യഥാസമയം

അറ്റകുറ്റപണികൾ നടത്തുക.

8. ഭൂഗർഭ ജലത്തിൻെറ ലഭ്യതയും സ്വഭാവവും മനസ്സിലാക്കി കുഴൽ കിണർ സ്ഥാപിക്കുക. ജലം മലിനമാകാത്ത രീതിയിലുള്ള പൈപ്പുകൾ കുഴൽ കിണറിനായി ഉപയോഗിക്കുക. കേടുപാടുകൾ തീർക്കാനുള്ള കുഴൽ കിണറുകൾ ഉപയോഗമാക്കുക.

9. ജലസ്രോതസ്സിനേയും ജലസംഭരണിയേയും കണക്കിലെടുത്ത് ആവശ്യമായ കുതിര ശക്തിയുള്ള മോട്ടോറുകൾ സ്ഥാപിക്കുക. മോട്ടോർ പ്രവർത്തിക്കുന്നതിന് സ്ഥിരം ഓപ്പറേറ്റർ മാരെ നിയമിക്കുക. ജലലഭ്യതക്കനുസരിച്ച് കൂടുതൽ കുടുംബങ്ങളെ ശുദ്ധജല വിതരണ പദ്ധതിയുടെ ഗുണഭോക്താക്കളാക്കുക.

10. കൂടുതൽ കുടുംബങ്ങൾ ഉപയോഗിക്കുന്ന സ്വകാര്യ കിണറുകൾ നിലവിലുള്ള പദ്ധതികളുടെ സഹായം ഉൾക്കൊണ്ടു കൊണ്ട് കാലാകാലങ്ങളിൽ വേണ്ട സംരക്ഷണം നടത്തുക.

11. കുടിവെള്ളത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് പ്രൈമറി തലം മുതൽ ബോധവൽക്കരണം നടത്തുകയും ജലസമ്പത്തിനെ കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുകയും ചെയ്യുക.

12. മമ്പീതി, മൂഴിക്കടവ്, കോട്ടുമല, പാറപ്പടവ്, നടുവിൽത്തോട് എന്നിവിടങ്ങളിൽ ചെക്ക്ഡാം നിർമ്മിച്ചാൽ ജലസ്രോതുസ്സുകളിലെ ജലനിരപ്പു ഉയർത്താൻ സാധിക്കും. ശാസ്ത്രീയമായ രീതിയിൽ പ്രായോഗികത പരിശോധിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

## ആരോഗ്യം

ഏതാനും വർഷങ്ങൾക്ക് മുമ്പുവരെ ഈ പഞ്ചായത്തിലെ ജനത പാരമ്പര്യ ചികിൽസകരേയും നാട്ടു വൈദ്യൻമാരേയും മാണ് ചികിൽസക്കായി ആശ്രയിച്ചിരുന്നത്. അതോടൊപ്പം മന്ത്രവാദികളുടേയും സ്വാധീനമുണ്ടായിരുന്നു. പലരോഗങ്ങളെ കുറിച്ചുമുള്ള അന്ധവിശ്വാസങ്ങൾ, പ്രതിരോധ കാഴ്ചപ്പാടിലൂന്നിയ ആരോഗ്യ സേവനങ്ങളുടെ അഭാവം എന്നിവ ജനങ്ങളുടെ ആരോഗ്യ നിലവാരത്തെ സാരമായി ബാധിച്ചിരുന്നു.

ചികിൽസാരംഗത്ത് ശാസ്ത്രീയമായ കാഴ്ചപ്പാടോടെയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത് 1970ൽ പൂളാപ്പീസിൽ ആയുർവേദ ആശുപത്രി സ്ഥാപിച്ചതോടെയാണ്. ഈ സ്ഥാപനം ഇന്നും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. 09.03.96ൽ പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിതമായി. ഇതിനുമുമ്പു അലോപ്പതി ചികിൽസക്കായി വേങ്ങരയിലും മലപ്പുറത്തുമുള്ള ആശുപത്രികളെയാണ് ആശ്രയിച്ചിരുന്നത്. 1984ൽ സ്ഥാപിതമായ പൂളാപ്പീസിലെ I.P.P സബ്സെൻററും കരിമ്പിലിയിലെ കുടുംബ ക്ഷേമകേന്ദ്രവുമാണ് ആരോഗ്യ രംഗത്തെ സ്ഥാപനങ്ങൾ. നെല്ലിപ്പറമ്പിൽ ഒരു സബ് സെൻെറർ അനുവദിച്ചിട്ടുണ്ടെങ്കിലും വാടകക്കെട്ടിടം പോലും ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. ഹോമിയോപതി ചികിൽസക്കായി പഞ്ചായത്തിനകത്ത് ആശുപത്രി സ്ഥാപിച്ചിട്ടില്ലെങ്കിലും സ്വകാര്യ ഡോക്ടർമാരുടെ സേവനം ഈ രംഗത്തുണ്ട്.

വേനൽക്കാലത്ത് അനുഭവപ്പെടുന്ന ജലജന്യ രോഗങ്ങൾ ചിലപ്രത്യേക കാലങ്ങളിൽ കണ്ടുവരുന്ന വായു ജന്യ രോഗങ്ങളുമാണ് പ്രധാന ആരോഗ്യ പ്രശ്നങ്ങൾ.

പഞ്ചായത്തിലെ ആകെയുള്ള 3398വീടുകളിൽ 2372വീടുകൾക്ക് മാത്രമേ സ്വന്തമായി കുടിവെള്ള സ്രോതസ്സുള്ളൂ. 2456 വീടുകളിൽ മാത്രമേ സാനിറ്ററി കക്കൂസുള്ളൂ. തുറസ്സായ സ്ഥലങ്ങളിലെ വിസർജ്ജനം ജലജന്യ രോഗങ്ങൾക്കും വായുജന്യ രോഗങ്ങൾക്കും കാരണമാകുന്നു. 432ജലജന്യരോഗങ്ങളും 759 വായുജന്യ രോഗങ്ങളും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ആയുർ ദൈർഘ്യം സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. ശിശുമരണ നിരക്ക് 10.6, ഗർഭിണികളുടെ മരണ നിരക്ക് 0.9, എന്നിവയും സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. 1996ലെ I.C.D.S സർവ്വെ പ്രകാരം ഒരു വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 402ആണ്. എന്നാൽ പഞ്ചായത്തിൽ ഇതേകാലയളവിൽ രേഖപ്പെടുത്തിയ ജനനം 158ആണ്. ഇതിൽ കാണുന്ന വ്യത്യാസം സൂചിപ്പിക്കുന്നത് പഞ്ചായത്തിനു വെളിയിലുള്ള ആശുപത്രികളിൽ ആണ് ജനനം കൂടുതലും നടക്കുന്നത് എന്നാണ്.

1996ൽ നടത്തിയ പഞ്ചായത്തു തല സർവെ പ്രകാരം ആകെയുള്ള 3398 വീടുകളിൽ 942വീടുകൾക്കും കക്കൂസുകളില്ലാത്ത സ്ഥിതി നിലനിൽക്കുന്നു. ഉള്ള കക്കൂസുകളിൽ പലതും ആരോഗ്യകരമായ മേൻമ ഉള്ളതുമല്ല. പഞ്ചായത്തിൽ ചുറ്റു മതിലുകളില്ലാത്ത വളരെയധികം കിണറുകളുണ്ട്.

പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളും സേവനങ്ങളും

ആരോഗ്യ രംഗത്ത് പഞ്ചായത്തിൽ നിലവിനുള്ള സ്ഥാപനങ്ങളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു.

പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ - 1

കുടുംബക്ഷേമ ഉപകേന്ദ്രം - 3

ആയുർവേദ ആശുപത്രി - 1

| ആരോഗ്യ സ്ഥാപനത്തിൻെറ പേര് | കെട്ടിടത്തിൻെറ സ്വഭാവം | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപന പരമായ പ്രശ്നങ്ങൾ |
|---|---|---|---|---|
| PHC ഊരകം | വാടക | 1ഡോക്ടർ +6 | 1995 | സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. |
| IPP സബ്സെൻറർ പൂളാപ്പീസ്. | സ്വന്തംകെട്ടിടം | 1 | 1984 | പൊതുവഴിയില്ല |
| IPP സബ്സെൻറർ നെല്ലിപറമ്പ് | - | 1 | - | വാടകകെട്ടിടം പോലും ഇല്ല |
| ഫാമിലി വെൽഫെയർ സെൻറർ കരിമ്പിലി | സ്വന്തം കെട്ടിടം | 1 | 1968 | കെട്ടിടം അപകട നിലയിൽ, കുടിവെള്ളമില്ല. |
| ഗവ .ആയുർവേദാശുപത്രി പുത്തൻപീടിക | വാടക | 1ഡോക്ടർ +3 | 1972 | കെട്ടിടമില്ല സ്ഥലമില്ല |
| ഹോമിയോക്ലിനിക്ക് ഊരകം(സ്വകാര്യം) | വാടക 2 | | 1989 | - |

അവലംബം - സെക്കൻററി ഡാറ്റ

നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മുഴുവൻ സമയ ഡോക്ടറില്ല. പഞ്ചായത്തിലെ ജനസംഖ്യക്കാനുപാതികമായി കുടുംബ ക്ഷേമകേന്ദ്രങ്ങളില്ല. ഇപ്പോൾ നിലവിലുള്ള P.H.Cയിൽ ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ എന്നിവയുടെ തസ്തിക ഇനിയും സൃഷ്ടിക്കപ്പെട്ടിട്ടില്ല. ജീവനക്കാരുടെ വിവരങ്ങൾ പട്ടിക-2ൽ കൊടുക്കുന്നു. കഴിഞ്ഞ മൂന്നു വർഷക്കാലം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത ജനന മരണ വിവരങ്ങൾ പട്ടിക-1ൽ കാണാം.

| വർഷം | ജനനം | മരണം | ചാപ്പിള്ള ജനനം |
|---|---|---|---|
| 1990 | 364 | 49 | 8 |
| 1991 | 364 | 56 | 6 |
| 1992 | 297 | 50 | 8 |
| 1993 | 255 | 67 | 7 |
| 1994 | 211 | 57 | 6 |
| 1995 | 158 | 42 | 7 |

അവലംബം-സെക്കണ്ടറി ഡാറ്റ

പട്ടികയിൽനിന്നും പഞ്ചായത്തിലെ ജനന നിരക്കും മരണ നിരക്കും കുറഞ്ഞു വരുന്നതായി കാണാം ചാപ്പിള ജനന നിരക്കിൽ കുറവുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇത് ഗൗരവ പൂർവ്വം കാണേണ്ടിയിരിക്കുന്നു. ജനന മരണ നിരക്ക് ശരാശരിയേക്കാൾ കുറവാണ്. ജനനനിരക്ക് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്.കുടുംബ ക്ഷേമ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമ മാക്കേ ണ്ടതുണ്ട്. പട്ടിക-3 കാണുക. നമ്മുടെ ഗ്രാമത്തെ രോഗ വിമുക്തമാക്കണമെങ്കിൽ ജലവായു മലിനീകരണം തടഞ്ഞുകൊണ്ടു മാത്രമേ സാധ്യമാകൂ. എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം നേടിയെടുക്കണ മെങ്കിൽ എല്ലാ കുടുംബങ്ങൾക്കും കക്കൂസ് എന്ന ആശയം പ്രാവർത്തിക മാക്കണം. അതിനായുള്ള പ്രവർത്തനങ്ങൾ കാലവിളംബം കൂടാതെ നടപ്പാക്കേണ്ടതാണ്.

ഊരകം പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ജീവനക്കാരുടെ പട്ടിക

പട്ടിക-2

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | മെഡിക്കൽ ഓഫീസർ | 1 |
| 2 | ഫാർമസിസ്റ്റ് | 1 |
| 3 | സ്റ്റാഫ് നേഴസ് | 1 |
| 4 | നേഴ്സിംഗ് അസിസ്റ്റൻറ് ഗ്രേഡ് I | 1 |
| 5 | നേഴ്സിംഗ് അസിസ്റ്റൻറ് ഗ്രേഡ് II | 1 |
| 6 | എൽ.ഡി.ക്ലാർക്ക് | 1 |
| 7 | ലെപ്രസി ഹെൽത്ത് വിസിറ്റർ | 1 |
| 8 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | ഒഴിവ് |
| 9 | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് | ഒഴിവ് |
| 10 | സ്വീപ്പർ | ഒഴിവ് |

ഗ്രാമ പഞ്ചായത്തിൻെറ ജനന മരണ നിരക്കുകൾ പട്ടിക-3ൽ ചേർക്കുന്നു.

പട്ടിക-3

| | കേരളം 1000ത്തിൽ | ഊരകം 1000ത്തിൽ |
|---|---|---|
| പൊതുമരണ നിരക്ക് | 5.9 | 2.4 |
| ശിശുമരണ നിരക്ക് | 16 | 10.6 |

| | | |
|---|---|---|
| മാതൃമരണ നിരക്ക് | 1 | 0.9 |
| ജനന നിരക്ക് | 17 | 20.6 |

## പരിസര ശുചിത്വം

ഈ പഞ്ചായത്തിൽ വൻ കിട വ്യവയാങ്ങൾ ഒന്നും തന്നെ ഇല്ല. അതുകൊണ്ടു തന്നെ വ്യവസായ മലികീരണ പ്രശ്നമില്ല. പാർപ്പിടിത്തിനായും മറ്റും പാടങ്ങൾ നികത്തപ്പെടുന്ന പ്രവണത വർദ്ധിച്ചു വരുന്നു. പല സ്ഥലങ്ങളിലും വെള്ളം കെട്ടിനിൽക്കുന്നു. ഇത് കൊതുകളുടെ ആവാസ കേന്ദ്രമായി മാറുന്നു. അശാസ്ത്രീയമായ രീതിയിലുള്ള ഭൂവിനിയോഗം ആരോഗ്യകരമായ ഒട്ടനവധി പ്രശ്നങ്ങളുണ്ടാക്കുന്നു. ആവശ്യമായ സ്ഥലങ്ങളിൽ ഓവു ചാലുകൾ നിലവിലില്ല. ശാസ്ത്രീയമായ രീതിയിൽ കീടനാശിനികൾ ഉപയോഗിക്കാൻ ജനങ്ങളെ പഠിപ്പിക്കേണ്ടിയിരിക്കുന്നു. കൊതുകു നിവാരണത്തിന് സന്നദ്ധപ്രവർത്തകരുടെ സേവനം ഉപയോഗിക്കേണ്ടിയിരിക്കുന്നു. വ്യക്തി ശുചിത്വത്തിൽ ശ്രദ്ധിക്കുന്നുണ്ടെങ്കിലും പരിസര ശുചിത്വബോധം വളർത്തിയെടുക്കേണ്ടുന്ന ആവശ്യകത ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ ബോധ്യപ്പെടുത്തി തരുന്നു. കവലകൾ, മീൻ വിൽപനസ്ഥലങ്ങൾ, അറവു കേന്ദ്രങ്ങൾ എന്നിവടങ്ങളിലെ പരിസരം വൃത്തിയായിസൂക്ഷിക്കേണ്ടിയിരിക്കുന്നു. പുകവലിക്കാരുടെ എണ്ണം വളരെയധികം വർദ്ധിച്ചു വരുന്നതായി കാണാം. ഈ കാര്യങ്ങളോട് വ്യക്തമായ ഒരു കാഴ്ചപാടുണ്ടായിരിക്കണം. ശുചിത്വമുള്ള പരിസരം വികസിത സമൂഹത്തിൻെറ മുഖമുദ്രയാണെന്ന് ബോധ്യപ്പെടണം. ഇതിനാകട്ടെ ഇനിയുള്ള ആരോഗ്യരംഗത്തെ കാർവെപ്പുകൾ.

## പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ ആയിരത്തോളം കുടുംബങ്ങൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള കക്കൂസുകളില്ലാത്തതിനാൽ സാംക്രമിക രോഗങ്ങൾ വ്യാപിക്കുന്നു.

2 പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രാപ്യമാകുന്ന ദൂരത്തിൽ ആരോഗ്യ കേന്ദ്രങ്ങളില്ല.

3 പഞ്ചായത്തിൽ നിലവിലുള്ള പ്രാഥമികാരോഗ്യകേന്ദ്രത്തിനും ആയുർവേദ ആശുപത്രിക്കും സ്വന്തമായി സ്ഥലമോ, കെട്ടിടമോ, ആവശ്യത്തിന് ജീവനക്കാരോ, കിടത്തി ചികിൽസിക്കാനുള്ള സൗകര്യങ്ങളോ ഇല്ല.

4 പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രിയില്ല.

5 ജനസംഖ്യാനുപാതികമായി ഫീൽഡു വർക്കേഴ്സ് ഇല്ലാത്തതിനാൽ ആരോഗ്യപ്രവർത്തനങ്ങൾ വേണ്ടത്ര നടക്കുന്നില്ല. അനുവദിക്കപ്പെട്ട നെല്ലിപറമ്പിലെ സബ്സെൻററിന് വാടകക്കെട്ടിടം പോലുമില്ല.

6 അറവുശാലകൾ, മത്സ്യ വിൽപന കേന്ദ്രങ്ങൾ, പ്രധാന കവലകൾ എന്നിവടങ്ങളിലെ പരിസരങ്ങളിൽ മാലിന്യങ്ങൾ കുമിഞ്ഞു കൂടികിടക്കുന്നു. ചിക്കൻ സ്റ്റാളുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന അവശിഷ്ടങ്ങൾ പൊതു സ്ഥലങ്ങളിലും പുഴകളിലും നിക്ഷേപിക്കുന്നത് ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നു.

7 പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും കൊതുകു ശല്യം നിലനിൽക്കുന്നു. നവോദയാ വിദ്യാലയ പരിസരത്ത് കൊതുകുശല്യം വളരെ രൂക്ഷമാണ്. കൊതുകു നിവാരണ പ്രവർത്തനങ്ങൾക്ക് സ്ഥിര സംവിധാനം ഇല്ല.

8 രോഗപ്രതിരോധത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് ബോധമില്ലായ്മ.

9 സ്കൂളുകളിലും പ്രധാന കവലകളിലും സാനിറ്റേഷൻ സൗകര്യങ്ങളില്ലാത്തതിനാൽ പകർച്ചവ്യാധികളുണ്ടാകുന്നു.

10 കുടുംബാസൂത്രണം, മാരകമായ രോഗങ്ങൾ എന്നിവയെക്കുറിച്ചു വേണ്ടത്ര ബോധവൽക്കരണം നടക്കുന്നില്ല.

11 മായം കലർന്ന നിത്യോപയോഗ സാധനങ്ങളും ആധുനിക മുറുക്കാൻ ഉത്പന്നങ്ങളും പായ്ക്കറ്റുകളിൽ വ്യാപകമായി പഞ്ചായത്തികത്തു വിറ്റഴിക്കപ്പെടുന്നു.

12 സ്കൂൾ പരിസരങ്ങൾ, ഉത്സവപ്പറമ്പുകൾ എന്നിവിടങ്ങളിൽ ഗുണനിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കളുടെ വിൽപ്പന.

13 പഞ്ചായത്തിലെ നിലവിലുള്ള കുളങ്ങൾ ഉപയോഗയോഗ്യമല്ല.

14 പുഴകളിൽ വാഹനംകഴുകുന്നതു മൂലം പഞ്ചായത്തിനകത്ത് ആരോഗ്യ പ്രശ്നങ്ങളുണ്ടാ കുന്നു.

15 വാഹനങ്ങളിലും പൊതു സ്ഥലങ്ങളിലും പുകവലി ശല്യം രൂക്ഷമാണ്.

## സാധ്യതകൾ

1 പകർച്ചവ്യാധികളിൽ നിന്നും മാരകരോഗങ്ങളിൽനിന്നും രക്ഷിക്കാൻ എല്ലാ വീടുകളിലും സാനിറ്ററി കക്കൂസുകൾ ലഭ്യമാക്കുക.

2 പരിസര ശുചിത്വം, പോഷകാഹാരം, ശരിയായ ആരോഗ്യ ശീലങ്ങൾ, പ്രതിരോധ ചികിൽസ, കുടുംബക്ഷേമ മാർഗ്ഗങ്ങളുടെ സ്വീകാര്യത എന്നിവയിലൂന്നിയുള്ള ആധുനിക ആരോഗ്യ കാഴ്ചപ്പാടിനെക്കുറിച്ച് ബോധവാൻമാരാക്കുന്നതിന് ആവശ്യമായ ആരോഗ്യവിദ്യാഭ്യാസ പരിപാടി ആരംഭിക്കുക.

3 നിലവിലുള്ള I.P.P സബ് സെൻററുകളിലെ അസൗകര്യങ്ങൾ പരിഹരിക്കുക 3000ആളുകൾക്ക് ഒരു സബ് എന്ന നിലക്ക് 5സബ് സെൻറർ കൂടി

സ്ഥാപിക്കുക, നിലവിലുള്ള P.H.C യിൽ ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരെ നിയമിക്കുക.

4 നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിനും ആയുർവേദ ആശുപത്രിക്കും സ്ഥിരം കെട്ടിടങ്ങളുണ്ടാക്കി കിടത്തി ചികിൽസിക്കാനുള്ള സൗകര്യങ്ങളുണ്ടാക്കുക. പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രികൂടി അനുവദിക്കുക.

5 സഹകരണ മേഖലയിൽ ആധുനിക സൗകര്യങ്ങളുള്ള ഒരു ആശുപത്രി സ്ഥാപിക്കുക.

6 കൊതുകു നിവാരണത്തിന് ജനകീയമായ പരിപാടികൾ ആവിഷ്കരിക്കുക.

7 പുകവലി, മുറുക്ക്, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങൾക്കെതിരെ ബോധവൽക്കരണവും നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കുകയും ചെയ്യുക.

8 രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തുക.

9 പൊതു സ്ഥലങ്ങളിലും സ്കൂളുകളിലും ശുചിത്വം നിലനിർത്താൻ കക്കൂസുകളും മൂത്രപ്പുരകളും നിർമ്മിക്കുക. എയ്ഡ്സിനെക്കുറിച്ചും സദാചാര ജീവിതത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുകയും,സന്നദ്ധ സംഘടനകളുടെ സഹകരണം ഉറപ്പുവരുത്തുകയും ചെയ്യുക.

10 ആരോഗ്യത്തിന് ഹാനികരമായ സാധനങ്ങളുടെ വിൽപ്പന തടയുന്നതിനും പരിസര ശുചിത്വം പാലിക്കുന്നതിനും മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട് പോലെ കാലഹരണപ്പെട്ട നിയമങ്ങൾ പരിഷ്കരിക്കുക.

11 ആധുനിക രീതിയിലുള്ള അറവുശാല സ്ഥാപിക്കുക.

12 ശുദ്ധവായുവിലും ശുദ്ധജലത്തിലും പോഷകാഹാരത്തിലും ഊന്നിയുള്ള ആരോഗ്യ സംസ്ക്കാരം വളർത്തിയെടുക്കാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തുക.



ലോകത്തിലുണ്ടായിട്ടുള്ള ഏതു പുരോഗതിയുടേയും പിന്നിൽ അസംതൃപ്തമായ ഒരാത്മാവിൻെറ ത്യാഗപൂർണ്ണമായ ഒരു അത്യധ്വാനമുണ്ടാവും...

ഹാവുത്രോൺ

# ഗതാഗതം
# ഊർജ്ജം മാർക്കറ്റ്

## ഗതാഗതം

ഒരു പ്രദേശത്തിൻെറ സമഗ്ര വികസനത്തിൽ ഗതാഗത സൗകര്യങ്ങൾക്ക് മുഖ്യമായ പങ്ക് നിർവ്വഹിക്കാനുണ്ട്. ഊരകം പഞ്ചായത്തിൽ ഗതാഗത രംഗത്ത് റോഡുകളെയാണ് ആശ്രയിക്കുന്നത്. നമ്മുടെ ഗ്രാമ പഞ്ചായത്ത് വടക്ക് ഊരകം മലയും തെക്ക് കടലുണ്ടി പുഴയുടേയും ഇടയിൽ ധാരാളം കുന്നുകളും ചെരിവുകളും നിറഞ്ഞ പ്രദേശമാണ്. ഭൂമി ശാസ്ത്രപരമായ ഈ സവിശേഷതകൾ റോഡ് നിർമ്മാണത്തിൽ വളരെയേറെ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. എന്നിരുന്നാലും ജനപങ്കാളിത്തത്തോടെ പഞ്ചായത്തിലെ ജനത നേടിയെടുത്ത പുരോഗതി റോഡ് ഗതാഗത രംഗത്ത് പുതിയ കാൽവെപ്പുകൾക്ക് ആത്മ വിശ്വാസം നൽകുന്നു.

വികസനമെന്നാൽ റോഡുനിർമ്മാണം മാത്രമാണെന്ന ധാരണ നമ്മുടെ ഗ്രാമത്തിനകത്തുണ്ടെങ്കിലും സമൂഹത്തിൻെറ അടിസ്ഥാന സൗകര്യങ്ങൾ നേടിയെടുക്കുന്നതിൽ റോഡുകൾ നിർണ്ണായകമായ പങ്കു വഹിക്കുന്നു. ദീർഘ വീക്ഷണത്തോടെയുള്ള ആസൂത്രണരീതിയുടെ അഭാവം ഈ രംഗത്തും പുതിയ പ്രശ്നങ്ങളുണ്ടാക്കുന്നു. കാർഷിക വിദ്യാഭ്യാസ, വ്യാവസായിക, വാർത്താവിനിമയ, പാർപ്പിട രംഗങ്ങളിലുള്ള പുരോഗതിയും അതിലുപരിയായി, പുതു സംസ്കാരത്തിൻെറ കടന്നു കയറ്റത്തോടെ വിവാഹ ബന്ധങ്ങളുടെ സാധ്യതകൾ പോലും റോഡ് ഗതാഗതവുമായി ബന്ധപ്പെട്ട് നിൽക്കുന്നു എന്ന യാഥാർത്ഥ്യം ഈ രംഗത്തെ ഗൗരവ പൂർവ്വം വീക്ഷിക്കാൻ നിർബന്ധിതമാക്കുന്നു.

ഊരകം പഞ്ചായത്ത് രൂപീകൃതമാവുന്നതിന് മുമ്പുതന്നെയുള്ള മലപ്പുറം-പരപ്പനങ്ങാടി റോഡാണ് ഇന്നും പഞ്ചായത്തിലെ പ്രധാന റോഡ്. ദേശീയ പാതകളോ, സ്റ്റേറ്റ് ഹൈവേകളോ ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നില്ല. ആദ്യകാലത്ത് വളരെകുറഞ്ഞ വാഹനങ്ങൾ മാത്രം സർവ്വീസ് നടത്തിയിരുന്ന ഈ റോഡ് കാലത്തിൻെറ പുരോഗതിക്കനുസരിച്ച് വികസിപ്പിക്കാനോ, വീതി കൂട്ടുവാനോ സാധിക്കാത്തതിനാൽ വാഹനങ്ങൾ കൊണ്ട് വീർപ്പു മുട്ടുകയാണ്. ഇതിനു സമാന്തരമായി പോകുന്ന കാരാത്തോട് കുറ്റാളൂർ MLA റോഡ് ഒരു പരിധിവരെ എങ്കിലും ആശ്വാസം നൽകുന്നത്. മതിയായ ഫണ്ടിൻെറ അഭാവത്താൽ വളരെക്കാലത്തോളം ജനങ്ങൾ മുറവിളി കൂട്ടി കൊണ്ടിരുന്ന ഈ റോഡ് സ്ഥലം MLA ആയിരുന്ന ശ്രീ. പി. കെ. കുഞ്ഞാലി കുട്ടിയുടെ ശ്രമഫലമായി MLA റോഡ് സ്കീമിൽ ഉൾപ്പെടുത്തി സാക്ഷാത്കരിച്ചു. ഇതുമൂലം മലപ്പുറം പരപ്പനങ്ങാടി റോഡിൻെറ തിരക്കു കുറക്കുവാനും ഗതാഗത സ്തംഭനം ഒഴിവാക്കാനും സാധിച്ചു. വളരെയധികം അവികസിതമായി കിടന്നിരുന്ന ഈ പ്രദേശത്ത് ഈ റോഡ് വരുത്തി വെച്ച മാറ്റങ്ങൾ നിരവധിയാണ്. പ്രസ്തുത റോഡിൻെറ സമീപത്താണ് ജില്ലക്കനുവദിച്ച ജവഹർ നവോദയാ വിദ്യാലയവും കൂടാതെ ഒരു ഹൈസ്കൂളും എൽ.പി. യു.പി സ്കൂളുകളും സ്ഥിതി ചെയ്യുന്നത് എന്നാൽ ഈ റോഡിലൂടെ ഗതാഗതം ഇല്ലാത്തത് യാത്രക്കാർക്കും വിദ്യാർത്ഥികൾക്കും വളരെയധികം പ്രയാസം സൃഷ്ടിക്കുന്നു. അതുപോലെ 95-96 വർഷത്തിൽ PWD ഏറ്റെടുത്ത പുളാപ്പീസ്-പുളിയേറ്റുമ്മൽ റോഡും ഈ രംഗത്തെ

എടുത്തു പറയത്തക്ക നേട്ടമാണ്.

ഭൂമി ശാസ്ത്രപരമായി പ്രതിബന്ധങ്ങൾ ഉണ്ടെങ്കിലും മെച്ചപ്പെട്ട ഒരു റോഡു ശൃംഖല യാണുള്ളത്. ഏകദേശം 75.35 കി.മി. റോഡ് ഈ പഞ്ചായത്തിലൂടെ കടന്നു പൊവുന്നു. ഇതിൽ 16.9 കി.മി. PWD റോഡും ബാക്കി ഗ്രാമീണ റോഡുകളുമാണ്. ഇവയിൽ പലതും "ഒത്തുപിടിച്ചാൽ മലയും പോരും" എന്ന പഴഞ്ചൊല്ല് യാഥാർത്ഥ്യമാക്കികൊണ്ട് എഴുപതുകളുടെ തുടക്കത്തിൽ സംഘടിത ശക്തിയിലൂടെ നിർമ്മിച്ചവയാണ്. ആദ്യകാലങ്ങളിൽ ഇടവഴികളും മറ്റും റോഡുകളാക്കിയെങ്കിൽ പിന്നീട് ഈ ആവേശവും ഒത്തൊരുമയും ഏകോപിപ്പിക്കുന്നതിൽ നാം പിറകിലായോ എന്ന സംശയം ബാക്കിനൽക്കുന്നു.

റോഡ് രജിസ്റ്റർ, വാർഡ് പ്രതിനിധികൾ, പ്രധാന പ്രവർത്തകർ എന്നിവരിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പട്ടിക താഴെ കൊടുക്കുന്നു.

മേൽ പ്രസ്താവിച്ച പല ഗ്രാമീണ റോഡുകളും താൽകാലിക വികാരങ്ങൾക്കനുസൃതമായി രൂപം

പട്ടിക-1

| ക്രമ നമ്പർ | പേര് | ഏകദേശം നീളം | | |
|---|---|---|---|---|
| | | ആകെ നീളം | ടാർ ചെയ്തത് | ടാർ ചെയ്യാത്തത് |
| 1. | മലപ്പുറം-പരപ്പനങ്ങാടി റോഡ് P.W.D | 6.5 | 6.5 | - |
| 2. | കാരാത്തോട്-കുറ്റാളൂർ MLA റോഡ് P.W.D | 5.3 | 5.3 | |
| 3. | പൂളാപ്പീസ്-പുളിയേറ്റുമ്മൽ P.W.D | 4.6 | - | 4.6 |
| 4. | വേങ്ങര സിനിമാഹാൾ-ചേറൂർ P.W.D | 0.2 | 0.2 | |
| 5. | വേങ്ങര ഹൈസ്കൂൾപ്പടി-പറപ്പൂർ P.W.D | 0.2 | 0.2 | - |
| 6. | തങ്ങൾപടി-നെല്ലിപറമ്പ് റോഡ് | 1.5 | - | 1.5 |
| 7. | നെല്ലിപറമ്പ്-വേരുമ്പുല്ലി (മാം വഴി) | 1.0 | - | 1.0 |
| 8. | നെല്ലിപറമ്പ്കോളനി-മമ്പീതി മണിക്കുത്ത് | 1.0 | - | 1.0 |
| 9. | നെല്ലിപറമ്പ്-പാര്യാട്ട് ചുക്കാംപാറ | 0.2 | - | 0.2 |
| 10. | നെല്ലിപറമ്പ്-മമ്പീതി | 1.6 | 1.1 | 0.5 |
| 11. | കുറ്റാളൂർ-ചാലിൽകുണ്ട് വേരേങ്ങൽ മുഴി | 1.5 | 1.3 | 0.2 |
| 12. | മമ്പീതി-മണ്ടോട്ടിൽ കടവ് | 0.6 | - | 0.6 |
| 13. | മണിക്കുത്ത്-കോട്ടുമല പാറക്കടവ് | 0.3 | - | 0.3 |
| 14. | കുറ്റാളൂർ-മദ്രസ | 0.6 | - | 0.6 |
| 15. | കുറ്റാളൂർ-അൽ ഇഹ്സാൻ | 0.15 | - | 0.15 |
| 16. | കരിമ്പിലി-ഒ.കെ.എം. നഗർ പാറക്കണ്ണി | 2.0 | 1.4 | 0.6 |
| 17. | കുറ്റാളൂർ-ചേലത്തൂർ | 1.0 | - | 1.0 |
| 18. | കുറ്റാളൂർ-കാപ്പിൽകുണ്ട് | 0.5 | - | 0.5 |
| 19. | മിനി-കാപ്പിൽ | 2.0 | 0.3 | 1.7 |
| 20. | കാപ്പിൽ-എടരിയിൽ | 0.2 | - | 0.2 |
| 21. | പാറക്കണ്ണി-കൊടാലിക്കുണ്ട് പുളിക്കപ്പറമ്പ് | 1.0 | 0.3 | 0.7 |
| 22. | O.K.M നഗർ-പാറപ്പുറത്തുപടി | 1.0 | - | 1.0 |
| 23. | പാറക്കണ്ണി.-O.K.M നഗർ | 1.0 | - | 1.0 |
| 24. | കുന്നംപ്പാറ-അപ്പായിപ്പാറ, O.K.M നഗർ | 1.0 | | 1.0 |
| 25. | ഊരകം പാറക്കണ്ണി-കിളിനക്കോട് | 1.5 | 1.3 | 0.2 |
| 26. | പള്ളിപ്പടി-കീരൻകുന്ന് ഹരിജൻകോളനി പുളിക്കല്ലി | 5.0 | 3.0 | 2.0 |
| 27. | രായിൽ-മുതിരപ്പാറ | 1.5 | - | 1.5 |

| | | | | |
|---|---|---|---|---|
| 28. | കുന്നിപ്പുറം കുന്ന്-കിളിനിക്കോട് | 1.0 | - | 1.0 |
| 29. | പാറക്കണ്ണി-ചീരാത്ത് | 1.0 | - | 1.0 |
| 30. | പാറയിൽ-കല്ലുങ്ങൾ | 1.0 | - | 1.0 |
| 31. | രായിൽ-വട്ടപ്പറമ്പ് | 0.5 | - | 0.5 |
| 32. | രായിൽതൊടി-അത്തിക്കുഴി | 0.2 | - | 0.2 |
| 33. | MLA റോഡ്-പറമ്പ്-പാറക്കടവ് | 1.5 | 1.4 | 0.1 |
| 34. | കാരാത്തോട്-കോട്ടുമല-പാറക്കടവ് | 3.0 | 3.0 | - |
| 35. | മാമ്പറപാറ-ചക്കനൊട്ടുപാറ | 1.0 | - | 1.0 |
| 36. | നെമ്പെടുവിൽ-ചാളക്കൽ | 0.2 | - | 0.2 |
| 37. | മാമ്പപ്പാറ-കരിങ്കുറ്റി | 0.4 | - | 0.4 |
| 38. | പരിയാടത്തുപടി-കാങ്കറക്കടവ് | 0.3 | - | 0.3 |
| 39. | മാമ്പറപ്പടി-ഏക്കോട് | 0.2 | - | 0.2 |
| 40. | MLA റോഡ്-വെങ്കുളം IHDP കോളനി | 1.7 | 1.5 | 0.2 |
| 41. | പഞ്ചായത്ത് നായർമാട് വെങ്കുളം IHDP കോളനി | 1.8 | - | 1.8 |
| 42. | പൂളാപ്പീസ് കാരാപ്പറമ്പ്-ഹരിജൻ കോളനി | 1.0 | - | 1.0 |
| 43. | വട്ടോളി-വട്ടപ്പറമ്പ് | 0.5 | - | 0.5 |
| 44. | രായിൽ-കമ്പനി റോഡ് | 0.4 | - | 0.4 |
| 45. | മാണിയിൽപള്ളിയാളി-ചെറൂളിറോഡ് | 0.3 | - | 0.3 |
| 46. | പുത്തൻപീടിക-പിലാത്തോട്ടം | 2.0 | - | 2.0 |
| 47. | പുളിയങ്കോട്-പാങ്ങാട്ടു പറമ്പ് | 0.5 | - | 0.5 |
| 48. | MLA റോഡ്-പുളിക്കപ്പാറ | 0.5 | - | 0.5 |
| 49. | തറയങ്കണ്ടം-ചോലംകുളം | 0.5 | - | 0.5 |
| 50. | നെടുംപറമ്പ്-മിനിറോഡ് | 1.0 | - | 1.0 |
| 51. | ചേറൂർ റോഡ്-നെടുംപറമ്പ് | 1.0 | - | 1.0 |
| 52. | ഇരിങ്ങല്ലൂർ-കല്ലേറ്റിപ്പറമ്പ് | 0.5 | - | 0.5 |
| 53. | രാജീവ് ഗാന്ധി റോഡ് | 0.3 | - | 0.3 |
| 54. | ബദരിയ്യ നഗർ റോഡ് | 0.2 | - | 0.2 |
| 55. | തടത്തിൽ റോഡ് | 0.2 | - | 0.2 |
| 56. | പൂളാപ്പീസ് ബദാം പടി-നെടുവക്കാട് നെടിയിരുപ്പ് ഹരിജൻ കോളനി | 5.4 | - | 5.4 |
| 57. | കരിക്കാംതൊടി-വിളക്കത്തിൽപടി | 0.85 | - | 0.85 |
| 58. | നടുവക്കാട്-മുച്ചിക്കുണ്ട് ഹരിജൻ കോളനി | 1.5 | - | 1.5 |
| 59. | നടുവക്കാട്-മുരിക്കിൻചാൽ | 1.0 | - | 1.0 |
| 60. | ആലിൻ ചുവട്-കുളത്തിങ്ങൽ റോഡ് | 015 | - | 015 |
| 61. | നൂറക്കാട് റോഡ് | 1.0 | - | 1.0 |

ഇതിൽ നിന്ന് നമുക്ക് ഒരു മെച്ചപ്പെട്ട ഒരു റോഡ് ശൃംഖലയാണുള്ളത് എന്ന് മനസ്സിലാക്കാം. ഇനിയും 48.4 കി.മി. ടാർ ചെയ്യേണ്ടിയിരിക്കുന്നു. ഗ്രാമ സഭകളിൽ നിന്നും നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥയെ കുറിച്ച് ധാരാളം പരാതികളുണ്ട്. ഇതിൽ അ തിപ്രധാനമായ ഒരു റോഡാണ് പൂളാപ്പീസ് ബദാംപടി-നെടിയിരുപ്പ് ഹരിജൻ കോളനി റോഡ്. ഈ പഞ്ചായത്തിലെ ഏറ്റവും അവികസിതവും എന്നാൽ കാർഷിക പുരോഗതിയിലും വിനോദ സഞ്ചാര വികസനത്തിലും ഒരു കുതിച്ചു ചാട്ടത്തിന് വഴിയൊരുക്കാവുന്നതുമായ ഈ റോഡിന്റെ വികസനത്തിൽ അടിയന്തിര ശ്രദ്ധ പതിക്കേണ്ടിയിരിക്കുന്നു. അനേകം കുടുംബങ്ങൾ കാർഷിക വൃത്തിയിൽ ജീവിക്കുന്ന ഇവിടെ കുട്ടികളുടെ പ്രാഥമിക

വിദ്യാഭ്യാസത്തിനു പോലും 4 കി.മി. ലധികം ദൂരം മലകൾ താണ്ടേണ്ടി വരുന്നതിനാൽ അവരുടെ വിദ്യാഭ്യാസവും ആരോഗ്യവും അകാലത്തിൽ തന്നെ മുരടിക്കാനിടയാക്കുന്നു.

## ടാർ ചെയ്യേണ്ട റോഡുകൾ പട്ടിക 2

| ക്രമ | പേര് | ക്രമ | പേര് |
|---|---|---|---|
| 1 | നെല്ലിപറമ്പ്-വേരുമ്പുല്ലി | 23. | കോട്ടുമല-താഴെപാറക്കടവ് |
| 2. | തങ്ങൾപടി-നെല്ലിപറമ്പ് | 24. | മാമ്പറപ്പാറ-ചക്കനാട്പറമ്പ് |
| 3. | നെല്ലിപറമ്പ്-ചുക്കുംപാറ | 25. | മാമ്പറപ്പാറ-കരിങ്കുറ്റി |
| 4. | മമ്പീതി-വേരുമ്പുല്ലി-കോട്ടുമല | 26 | നെമ്പെടുവിൽ-ചാളക്കൽ |
| 5. | ചാലിൽകുണ്ടു റോഡ് | 27. | പരിയാടുത്ത്പടി-കാങ്കറക്കടവ് |
| 6. | മമ്പീതി-മണ്ടോട്ടിൽ കടവ് | 28. | കാരാത്തോട്-കോട്ടുമല റി ടാർ |
| 7. | കുറ്റാളൂർ മദ്രസ റോഡ് | 29. | പഞ്ചായത്താപ്പീസ്-IHDP ഹരിജൻ കോളനി |
| 8. | കുറ്റാളൂർ അൽ ഇഹ്സാൻ റോഡ് | 30. | കാരപ്പറമ്പ് റോഡ് |
| 9. | O.K.M നഗർ-കിളിനക്കോട് റോഡ് | 31. | വട്ടപ്പറമ്പ് റോഡ് |
| 10 | അത്താണിക്കുണ്ട് റോഡ് | 32. | രായിൽ-കമ്പനി റോഡ് |
| 11 | മിനി-കാപ്പിൽ റോഡ് | 33. | പുത്തൻ പീടിക-പിലാത്തോട്ടം |
| 12 | കൊടലികുണ്ട്-പുളിക്കപ്പറമ്പ് | 34. | പുളിയക്കോട്-പാങ്ങാട്ടു പറമ്പ് |
| 13. | O.K.M നഗർ പാറപ്പുറത്തുപള്ളി | 35. | MLA റോഡ്-പുളിക്കൽ റോഡ് |
| 14. | പാറക്കണ്ണി-ചോലക്കൽ പള്ളി | 36. | തറയങ്കണ്ടം-ചോലക്കുളം |
| 15. | O.K.M നഗർ-മുണ്ടേങ്ങൽപുറായ | 37. | നെടുംമ്പറമ്പ്-മിനിറോഡ് |
| 16. | പാറകണ്ണി-കിളിനക്കോട് റി ടാർ | 38. | ചേറൂർ റോഡ്-നെടുംമ്പറമ്പ് റോഡ് |
| 17. | പള്ളപ്പടി-കീരൻകുന്ന് റി ടാർ | 39. | ഇരിങ്ങല്ലൂർ-കല്ലേറ്റിപറമ്പ് |
| 18. | പാറയിൽ-കല്ലുങ്ങൽ റോഡ് | 40. | രാജീവ്ഗാന്ധി റോഡ് |
| 19. | രായിൽ-മുതിരപ്പാറ | 41. | പൂളാപ്പീസ് ബദാംപടി-നടുവക്കാട്. നെടിയിരുപ്പ് |
| 20. | പാറക്കണ്ണി-ചീരാത്ത് | 42. | കരിങ്കാതൊടി-വിളക്കാത്തിൽ പടി |
| 21. | രായിൽ-വട്ടപ്പറമ്പ് | 43. | നടുവക്കാട് ക്യസ്ത്യൻ പള്ളി-മുച്ചിക്കാടൻ ഹരിജൻകോളനി |
| 22 | കുറ്റിപ്പുറം കുന്ന്-കിളിനക്കോട് | | |

കൊണ്ടവയാണ്. ശരിയായ ആസൂത്രണത്തിൻെറയും ദീർഘ വീക്ഷണത്തിൻെറയും അഭാവത്താൽ ഇന്ന് അവ വികസന പ്രതിസന്ധിയെ നേരിടുന്നു. ആദ്യകാലത്ത് സ്ഥലം സംഭാവന നൽകിയവർ പിന്നീട് അതിൻെറ വീതി കൂട്ടുന്നതിന് ഓവു ചാലുകൾ നിർമ്മിക്കുന്നതിനും സ്ഥലം നൽകാൻ വിമുഖത കാട്ടുന്നതിനാൽ വർഷക്കാലങ്ങളിൽ ഇവ കുത്തിയൊലിച്ച് ഇവ ഗതാഗത യോഗ്യമല്ലാതായി തീരുന്നു.

റോഡ് ജന ജീവിതത്തിൻെറ ഒരു അവിഭാജ്യഘടകമായതിനാൽ ഗ്രാമ സഭകളിൽ ഏറ്റവും കൂടുതൽനിർദ്ദേശങ്ങളും ആവശ്യങ്ങളും ഉയർന്നു വന്നത് റോഡുകളെ കുറിച്ചാണ്. അനേകം പുതിയ റോഡുകൾക്ക് നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഇതെല്ലാം സമഗ്രമായ പരിശോധനക്കും പഠനത്തിനും വിധേയമാക്കേണ്ടതാണ്.

പുതുതായി നിർമ്മിക്കാൻ നിർദ്ദേശിച്ച റോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

## പുതിയ റോഡുകൾ പട്ടിക 3

| ക്രമ | പേര് | ക്രമ | പേര് |
|---|---|---|---|
| 1. | ചുക്കുംപാറ-പാര്യാട് വെങ്കുളം | 5. | മമ്പീതി ചോലക്കപ്പറമ്പ്-കോട്ടുമലപറമ്പ് |
| 2. | ഒസ്സാൻമാട്-വടക്കേകുണ്ട്(ചുക്കും പാറ, കണ്ണം കുഴി, വള്ളക്കാറ്റുപാറ) | 6. | വെങ്കുളം IHDP വള്ളിക്കാട്ടു പാറ |
| 3. | മസീതിചൂരപ്പുലാക്കൽ-മഠം വരെ | 7. | വെങ്കുളം IHDP -പാറക്കണ്ണി ജംഗ്ഷൻ |
| 4. | നെല്ലിപറമ്പ് ഹരിജൻ കോളനി -മമ്പീതി മണിക്കുന്ന് | 8. | വടക്കേകുണ്ട്-നെല്ലിപ്പറമ്പ് യു.പി. സ്കൂൾ |
| | | 9. | നെല്ലിപ്പറമ്പ് എൽ.പി.എസ്-മമ്പീതി(കാവിൻ ഇടവഴി) |
| | | 10 | കൊളത്താഴി ഇടവഴി |
| | | 11. | വേരേങ്ങൽമുഴി-മണ്ടോട്ടിൽ കടവ് |

| | | | |
|---|---|---|---|
| 12. | മണ്ണിൽ ഇടവഴി-ചോലക്കപറമ്പ് | 41. | മാമ്പറപ്പടി ക്ഷേത്രം വഴി-കണ്ണാംകുളം |
| 13. | തട്ടാംപടി-കാരാടൻ ഇടവഴി | 42. | കരിങ്കുറ്റി-MLA റോഡ് |
| 14. | കൂരിയാട്ടിൽമാട്-കൊടക്കുന്നത്ത് ഇടവഴി | 43. | ചേലശ്ശേരി ഇടവഴി-വെങ്കുളം IHDP |
| 15. | കല്ലേങ്ങൽ-കൊടക്കുന്നത്ത് പള്ളിയാളി | 44. | പണ്ടാരതൊടി ഇടവഴി |
| 16. | ചാലിൽകുണ്ട്-ചേരമംഗലത്ത് | 45. | വട്ടോളി-കാരപറമ്പ് |
| 17. | കുറ്റാളൂർ ചേലത്തൂർ-O.K.M നഗർ റോഡ് | 46. | വട്ടോളി-വട്ടപ്പറമ്പ് |
| 18. | ചേലത്തൂർ-മിനി റോഡ് | 47. | രായിൽതൊടി-പാറയിൽ |
| 19. | കാപ്പിൽ എടരിക്കുളം-എടരിക്കുളം എടരിപ്പറമ്പ് | 48. | വട്ടപ്പറമ്പ്-വെങ്കുളം |
| 20. | നായർപീടിക-വായാളിപ്പാടം കീരിപ്പടിനൂണിക്കൽപ്പാറ | 49. | പാങ്ങാട്ടുപറമ്പ്-കരിയാരം |
| 21. | ആനൊടി മീഞ്ചറ വഴി-കാപ്പിൽ റോഡ് | 50. | പുളിക്കൽപാറമ്മൽ-കൊളക്കണ്ടം വഴി പുള്ളിക്കല്ല് |
| 22. | മീഞ്ചറപറമ്പ്-എടരിയിൽ | 51. | പൂളാപ്പീസ്-സബ്സെൻറർ |
| 23. | O.K.M നഗർ-കുന്നത്ത് | 52. | കണ്ണംതൊടി-പള്ളിപ്പടി |
| 24. | കുന്നത്ത്- ഞാറപ്പിലാക്കൽ | 53. | മുതുകുഴി-കൊളപ്പുര |
| 25. | പാറപ്പുറത്തുപടി-തങ്ങൾപടി | 54. | പാങ്ങാട്ട്പറമ്പ്-അയനിക്കാട് |
| 26. | പാറക്കണ്ണിപുന്നാടത്ത് വഴി-മാലറമ്പ് | 55. | പാങ്ങാട്ട്പറമ്പ്-കൊളപ്പുര |
| 27. | ചോലക്കൽ പള്ളി-മൂണ്ട്യാങ്ങൻപുറായ | 56. | ചേറൂർ-കാപ്പിൽകുണ്ട് |
| 28. | കൊടലികുണ്ട്-അരിമ്പതൊടി-തങ്ങൾപടി | 57. | നായർപീടിക-പൊരുന്തോട്ടിപറമ്പ് |
| 29. | അമ്മാഞ്ചീരിക്കാവ്-പാറ്റതൊടി | 58. | കുറ്റളൂർ പരവക്കൽ ഇടവഴി |
| 30. | വട്ടപറമ്പ്-കാക്കാകുണ്ട് | 59. | കരിമ്പിലി-പള്ളിപ്പടി-കല്ലേങ്ങൽപടി |
| 31. | മച്ചിങ്ങൽ-കിഴക്കേവട്ടപറമ്പ് | 60. | കല്ലേറ്റിപറമ്പ് കോളനി റോഡ് |
| 32. | ചീരാത്തുമുക്കിൽ-മുതിരപ്പാറ | 61. | തെങ്ങിൽ ഇടവഴി |
| 33. | അമ്മാഞ്ചീരിക്കാവ്-കല്ലിങ്ങൽകാവ് | 62. | കാട്ടറ ഇടവഴി |
| 34. | പടിക്കൽപള്ളിയാളി-കല്ലിങ്ങൽ | 63. | കൊടലിക്കുണ്ട്-പാണക്കടവഴി OKM നഗർ |
| 35. | ആലുങ്ങൽകുണ്ട്-വട്ടപറമ്പ് | 64. | വേരുംപുല്ലി-പുത്തൻപീടിക കടവ് |
| 36. | മേലങ്ങാടി-അത്തിക്കൽ | 65. | കല്ലേങ്ങൽപടി-കൊളക്കാട് വയൽ വഴി വേരേങ്ങൽ മൂഴി റോഡ് |
| 37. | കോട്ടുമലകിള-കോട്ടുമലപറമ്പ് (ജുമാ മസ്ജിദ് കരിപുറം ഇടവഴി) | 66. | അരിമ്പത്തൊടുവിൽ ചേലാട്ടുപടി വഴി കുരുവാടി റോഡ് |
| 38. | കാരാത്തോട് MLA റോഡ്-കോട്ടുമല റോഡ് (എരട്ടേങ്ങൽ ഇടവഴി) | 67. | പാറയിൽ പടി-കല്ലുവളപ്പിൽ പള്ളിയാളി വെട്ടുതോട് റോഡ് |
| 39. | MLA റോഡ്-കോട്ടുമല റോഡ് (ചെറുകാട്ട് വട്ടപറമ്പ് ഇടവഴി) | 68. | നെല്ലിപ്പറമ്പ് മദ്രസ-പള്ളിയാളി കൊട്ടപുഞ്ച റോഡ് |
| 40. | ഏക്കോട്ട് ഇടവഴി | | |

കൂടാതെ നടപ്പാലങ്ങൾ, ഒവു പാലങ്ങൾ, പാലങ്ങൾ, നടപ്പാതകൾ എന്നിവക്കും ധാരാളം നിർദേശങ്ങൾ വന്നിരിക്കുന്നു. മഴക്കാലത്ത് റോഡുകളുമായി എളുപ്പത്തിൽ ബന്ധപ്പടാം- ഇതുവഴി സാധിക്കാം

## പാലങ്ങളും ഓവു പാലങ്ങളും

| | | | |
|---|---|---|---|
| 1. | വേരേങ്ങൽ മൂഴിക്കൽതോടിനു പാലം | 6. | കൊളക്കണ്ടം നടപ്പാലം |
| 2. | നടുവിൽ തോടിന് ആലിപ്പറമ്പിൽ പടി തോടിന് പാലം | 7. | കളത്തിങ്കാളിപടിക്കൽതോടിന് പാലം |
| 3. | നല്ലേങ്ങൽ തോടിനു പാലം | 8. | പൊതുവാൾ പടിതോടിന് പാലം |
| 4. | നാനാട്ടിൽപടിക്കൽ തോടിനു പാലം | 9. | നടുവിൽ തോടിന് പാലം |
| 5. | നെല്ലിപറമ്പ്-മമ്പീതി റോഡിൽ മാത്തിൽ ഓവു പാലം | 10. | കരിമ്പിലി-സബ് സെൻറർ റോഡിന് ഓവു പാലം |

### നടപ്പാതകൾ...

നിലവിലുള്ള ഇടവഴികൾ പലതും വളരെ ഇടുങ്ങിയതും കാടു പിടിച്ചു കിടക്കുന്നതുമാകയാൽ കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇത്തരം ഇടവഴികൾ പഞ്ചായതിൻെറ മേൽനോട്ടത്തിൽ സന്നദ്ധസേവന പ്രവർത്തനങ്ങളിലൂടെ

മെച്ചപ്പെടുത്തണം. കൂടാതെ പല പുതിയ വഴികൾക്കായി നിർദ്ദേശങ്ങൾ വന്നിരിക്കുന്നു.

ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേങ്ങളിൽ പലതും അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടവയാണ്.

## നടപ്പാതകൾ..

1. നെല്ലിപ്പറമ്പ് എൽ. പി. എസ്-മാത്തിൽ റോഡ്-കേലേതൊടു ഇടവഴി
2. നെല്ലിപ്പറമ്പ്-മസീതികാവിൽ ഇടവഴി
3. അരിമ്പതൊടി-തങ്ങൾ പടി നടപ്പാത
4. കൊടലികുണ്ട് സ്കൂൾ-പാറപ്പുറത്ത് പടി നടപ്പാത
5. മീഞ്ചറ-തൊക്കിൻപാറ നടപ്പാത
6. പണ്ടാരതൊടി ഇടവഴി സ്ലാബിട്ട് കോണിത്തോട് കടവിലേക്ക് നടപ്പാത
7. യാറം-വെങ്കുളം ഇടവഴി
8. കമ്പളിയത്ത് ഇടവഴി
9. കളോടത്ത് ഇടവഴി
10. വേങ്ങര ഹൈസ്കൂൾ-ഉണ്ണിയാലുങ്ങൽ നടപ്പാത
11. ചേറൂർ-കാപ്പിൽകുണ്ട് നടപ്പാത
12. അയനിക്കാട്-കരിയാരം നടപ്പാത
13. കൊടക്കാട് ഇടവഴി
14. മലയിൽകുന്ന്-ചോലംകുളം നടപ്പാത
15. കരിയാരം-തടപ്പറമ്പ് നടപ്പാത
16. കോങ്കടപ്പാറ-വട്ടപ്പറമ്പ്
17. കൊടലിക്കുണ്ട്-മുണ്ടിയേങ്ങൽ പുറായ നടപ്പാത
18. മുക്കിൽ തൊടി-വട്ടപ്പറമ്പിൽ നടപ്പാത
19. ആലിൻച്ചുവട്-യാറം വഴി റോഡിലേക്ക് നടപ്പാത
20. മച്ചിങ്ങൽ-താട്ടയിൽ ഇടവഴി
21. പാറക്കണ്ണി-അമ്മാഞ്ചീരികാവ്
22. പഞ്ചായത്ത്-മുണ്ടിയട്ടരു നടപ്പാത

ഇവയിൽ മിക്കതും സ്റ്റെപ്പുകൾ ഉണ്ടായിരുന്നതും എന്നാൽ ഇടിഞ്ഞു പൊളിഞ്ഞു ഗതാഗത യോഗ്യമല്ലാതായി തീർന്നതുമാണ് അവയ്ക്ക് സ്റ്റെപ്പുകൾ കെട്ടി ശരിയാക്കേണ്ടതാണ്.

ഊരകം ഒതുക്കുങ്ങൽ എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പാലങ്ങൾക്ക് അതീവ പ്രാധാന്യമുണ്ട്. വളരെയധികം യാത്രക്കാരും വിദ്യാർഥികളും നിലവിലുള്ള തോണികടവുകളെയാണ് ആശ്രയിക്കുന്നത്. ഇവയുടെ നിർമ്മാണം ഒട്ടേറെ പ്രദേശങ്ങളുടെ വികസനത്തിലും വാണിജ്യപരവും വിദ്യാഭ്യാസപരവുമായ മുന്നേറ്റത്തിന് വഴിയൊരുക്കുന്നതാണ്.

## പാലങ്ങൾ.

1. ഒതുക്കുങ്ങൽ, ഊരകം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കോട്ടുമല കാങ്കറകടവിൽ കടലുണ്ടി പുഴക്കുമീതെയുള്ള പാലം പണിക്കു അനുമതി കിട്ടിയിട്ടുണ്ടെങ്കിലും അതിൻെറ നിർമ്മാണം ആരംഭിക്കുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

2. കടലുണ്ടി പുഴക്കു മീതെ പുത്തൻ പീടിക കടവ്, മങ്ങോട്ടിൽ കടവ്, മൂഴിക്കൽ കടവ് എന്നിവിടങ്ങളിലും പാലങ്ങൾക്ക് നിർദ്ദേശം ഉയർന്നു വന്നിരിക്കുന്നു. ഇവയിൽ ഏറ്റവും കൂടുതൽ സാധ്യതയും പ്രയോജനകരവുമായതിന് മുൻതൂക്കം നൽകി പണി ആരംഭിക്കണ്ടതാണ്.

# വികസനത്തിലെ ജനപങ്കാളിത്തം

ആദ്യകാലങ്ങളിലുണ്ടായ കൂട്ടായ്മയും ജനശക്തിയും പിന്നീട് റോഡു വികസനത്തിൽ കാണാൻ കഴിയുന്നില്ല. റോഡുകളും പാലങ്ങളുമെല്ലാം സർക്കാർ തലത്തിൽ ഉണ്ടാക്കികൊള്ളുമെന്ന ധാരണ നമ്മുടെ ജനങ്ങൾക്കിടയിൽ വളർന്നു വരാൻ ഇടയായി. എന്നാൽ ജനങ്ങൾ തന്നെ മുന്നിട്ടിറങ്ങി പ്രശ്നങ്ങളും പരിഹാരങ്ങളും പ്രാദേശിക തലത്തിൽ പരിഹരിച്ച് അതിനുള്ള വഴി സുഗമമാക്കിയാലേ പുതിയവക്കുള്ള സാധ്യത ഉണ്ടാവുകയുള്ളൂ. മാത്രമല്ല ഭീമമായ ഫണ്ടിൻെറയും പരിമിതമായ ധനശേഷിയും വെച്ചു നോക്കുമ്പോൾ ആകെ വരുന്ന ചെലവിൻെറ 1/5 ഭാഗമെങ്കിലും ജനകീയമായി സമാഹരിക്കണം ഇക്കാര്യത്തിൽ പല ഗ്രാമ സഭകളും അധ്വാനശേഷി വാഗ്ദാനം ചെയ്തിരിക്കുന്നത് ഈ രംഗത്ത് ശുഭപ്രതീക്ഷയുണ്ടാക്കുന്നു.

## മുൻ ഗണനാ ക്രമം

പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുമ്പോൾ വളരെഅവികസിതമായ പ്രദേശത്തിന് മുൻ തൂക്കം നൽകണമെന്നതിൽ തർക്കമില്ല. ചെറുകിട ഗ്രാമീണ റോഡുകളുടെ വികസനത്തിലും നിർമ്മാണത്തിലും വാർഡടിസ്ഥാനത്തിൽ പ്രാധിനിത്യം കൊടുക്കണം. ആ പ്രദേശത്തെ ജനങ്ങളുടെ പങ്കളിത്തവും ശ്രമദാനത്തിൻെറയും. മറ്റും തോത് പരിഗണിക്കണം. ആവശ്യങ്ങളോടൊപ്പം കർത്തവ്യങ്ങളും ഉണ്ടെന്ന കാര്യം ബോധ്യപ്പടുത്തണം. ഇത് ഏതൊരു നിർമ്മാണതിൻെറയും സ്ഥായിയായ നിലനിൽപിനും സംരക്ഷണത്തിനും അത്യന്താപേക്ഷിതമാണ്.

## ബസ്സ് സാധ്യതാ റൂട്ടുകൾ

നിലവിൽ മലപ്പുറം-പരപ്പനങ്ങടി റോഡിലൂടെ മാത്രമേ ബസ്സ് സർവ്വീസുള്ളൂ. നല്ല ടാർ റോഡായ

MLA റോഡിലൂടെ ബസ്സ് ഗതാഗതത്തിന് വർഷങ്ങളായി ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്നു. നവോദയ വിദ്യാലയവും സ്കൂളുകളും ജനനിബിഢവുമായ ഈ പ്രദേശത്തിലൂടെ ബസ്സ് ഗതാഗതം ഉണ്ടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണം. നിലവിലുള്ള ഓട്ടേറെ റോഡുകളുടെ വികസനം സാധ്യമായാൽ പല റൂട്ടുളിലും ബസ്സ് ഗതാഗതത്തെ കുറിച്ച് ആലോചിക്കേണ്ടതാണ്.

1. വേങ്ങര-കുറ്റാളൂർ-നെല്ലിപ്പറമ്പ്, മലപ്പുറം
2. പൂളാപ്പീസ്-നെടിയിരുപ്പ് ഹരിജൻ കോളനി
3. പാറക്കണ്ണി-കിളിനക്കോട്-കൊണ്ടോട്ടി
4. മിനി-കിളിനക്കോട്-മലപ്പുറം
5. കരിമ്പിലി-കിളിനക്കോട്-കുന്നുംപുറം
6. കാരാതോട്, കോട്ടുമല, മസീതി, വേങ്ങര
7. വെങ്കുളം IHDP കോളനി-വേങ്ങര
8. വേങ്ങര, നെല്ലിപ്പറമ്പ്- കാരാതോട്-കോണോംപാറ, മഞ്ചേരി
9. കോട്ടക്കൽ-വേങ്ങര-നെല്ലിപ്പറമ്പ്-മലപ്പുറം
10. പാറക്കണ്ണി-വേങ്ങര, കോട്ടക്കൽ-തിരൂർ
11. വേങ്ങര-പൂരകം യാറം വഴി-കീരംകുന്ന് ഹരിജൻ കോളനി, പുള്ളക്കല്ല് വഴി മലപ്പുറം.

## ടാക്സി സ്റ്റാൻറ്..

ഈ പഞ്ചായത്തിൽ ഒരു ബസ്സ് സ്റ്റാൻറിന് പ്രസക്തിയില്ലെങ്കിലും കാരാത്തോട്-ചേറൂർ റോഡ് ജംഗ്ഷൻ എന്നിവിടങ്ങളിൽ ടാക്സി സ്റ്റാൻറ് നിർമ്മിക്കേണ്ടതാണ്.

## വെയ്റ്റിംഗ് ഷെഡ്ഡുകൾ

മലപ്പുറം-പരപ്പനങ്ങാടി റോഡിലെ ഊരകം പഞ്ചായത്ത് പരിധിയിൽപ്പെട്ട പലപ്രധാന സ്റ്റോപ്പുകളിലും വെയ്റ്റിംഗ് ഷെഡ്ഡുകൾ നിലവിലില്ല. അതു കൊണ്ട് ചേറൂർ റോഡ് ജംഗ്ഷൻ, കരിമ്പിലി, കുന്നത്ത്, തങ്ങൾപടി യാറം പടി, പഞ്ചായത്തുപടി, പുത്തൻ പീടിക, പൂളാപ്പീസ് എന്നിവിടങ്ങളിൽ റോഡ് ഗതാഗതത്തിന് തടസ്സം വരാത്ത രീതിയിൽ വെയ്റ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കേണ്ടതാണ്. ഇതിനായി റോഡരികിൽ ആവശ്യമായ സ്ഥലം ഇല്ലാത്തതിനാൽ പൊതുജന സഹകരണം അത്യന്താപേക്ഷിതമാണ്. ഇതിനായി സാസ്കാരിക സംഘടനകളുടേയും മറ്റും സഹായം തേടാവുന്നതാണ്.

### ജലഗതാഗതം.

ഈ പഞ്ചായത്തിൻെറ തെക്കു ഭാഗത്ത് കൂടിയാണ് കടലുണ്ടി പുഴ ഒഴുകുന്നത്. പണ്ട് ഈ നദിയിൽ കൂടി കൊപ്ര, നാളികേരം, മരം എന്നിവ ചാലിയം, ഫറോക്ക് എന്നിവിടങ്ങളിലേക്കും ഓട്, ഉപ്പ് എന്നിവ ഇങ്ങോട്ടും കൊണ്ടു വന്നിരുന്നു. എന്നാൽ റോഡു ഗതാഗതം മെച്ചപ്പെട്ടതോടുകൂടി ജലഗതാതഗതത്തിന് പ്രസക്തിയില്ലാതായി. ഊരകം, ഒതുക്കുങ്ങൾ പഞ്ചായത്തുകളിലുള്ളവർ പരസ്പരം ബന്ധപ്പെടുന്നതിന് ധാരാളം തോണിക്കടവുകൾ ഉണ്ട്. കരിമ്പുഴക്കൽ കാങ്കറകടവ്, പുത്തൻപീടിക കടവ്, മണ്ടോട്ടിൽ കടവ് മുഴിക്കൽ എന്നിവയാണ് അവ. ധാരാളം വിദ്യാർഥികളും യാത്രക്കാരും ഈ കടവിലൂടെ കടക്കുന്നു. വർഷകാലങ്ങളിൽ ഇവിടത്തെ യാത്ര വളരെ വിഷമം പിടിച്ചതും സാഹസികവുമാണ്. കാരണം സുരക്ഷിതമല്ലാത്ത ചെറിയ തോണികളാണ് ഉപയോഗിക്കുന്നത്. മാത്രവുമല്ല അതൊരു സ്ഥിരം സംവിധാനമല്ലാത്തതിനാൽ വിദ്യാർത്ഥികളും യാത്രക്കാരും പ്രയാസം നേരിടുന്നു. അതുകൊണ്ട് കടവുകൾക്ക് സുരക്ഷിതമായി സ്റ്റെപ്പുകൾ കെട്ടുകയും ജനകീയ സമിതികൾ രൂപീകരിച്ച് അവർക്ക് തോണി വാങ്ങാൻ-സാമ്പത്തിക സഹായവും സ്ഥിരം കടവു കാരനെ വെക്കാനും പഞ്ചായത്ത് അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ്.

## പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1. പ്രധാന റോഡുകളിൽ യഥാ സമയം അറ്റകുറ്റപണികൾ നടത്താത്തത് ഗതാഗതം ദുരിതപൂർണ്ണമാകുന്നു. ഇത് യഥാസമയം നടത്തേണ്ടതാണ്.

2. പ്രധാന റോഡിലെ കരിമ്പിലിയിലും, MLA റോഡിൽ നെല്ലിപ്പറമ്പ്, കരിങ്കുറ്റി എന്നിവിടങ്ങളിലെ വളവുകൾ ഒട്ടേറെ അപകട മരണങ്ങൾക്ക് കാരണമാകുന്നു. അതിനാൽ വീതി കൂട്ടി സിഗ്നൽ ബോർഡ് സ്ഥാപിക്കേണ്ടതും സൈഡുകൾ കെട്ടി ശരിയാക്കേണ്ടതുമാണ്. പ്രധാന റോഡുകളിൽ വാഹനങ്ങൾ കഴുകുന്നത് നിരോധിക്കണം.

3. ഓവു ചാലുകൾ ഉള്ളിടത്ത് അവ മണ്ണിട്ട് നികത്തി വാഹനങ്ങൾ കൊണ്ട്പേകുന്നത് കാരണം മഴക്കാലത്തു വെള്ളം കെട്ടിനിൽക്കുന്നു. ഇത് കർശനമായി തടയേണ്ടതാണ്.

4. റോഡ് സൈഡുകളിൽ നിർമ്മാണ സാമഗ്രികളും മറ്റും കൂട്ടുയിടുന്നതിനാൽ ഗതാഗത തടസ്സം അനുഭവപ്പെടുന്നു.

5. പല ഗ്രമീണ റോഡുകളും തീരെ വീതി കുറവായതിനാൽ വികസനം വഴി മുട്ടിനിൽകുന്നു. അതിനായി വീതി കുറവ് പരിഹരിച്ച് ഗതാഗത സൗകര്യം മെച്ചപ്പെടുത്തണം

6. വർഷകാലങ്ങളിൽ പറമ്പിലെ വെള്ളം റോഡിലേക്ക് കുത്തിയൊഴുകുന്നതിനാൽ റോഡുകൾ കിടങ്ങുകളാവുന്നു. അതിന് ഡ്രൈനേജ് സംവിധാനം മെച്ചപ്പെടുത്തണം

7. പ്രധാന റോഡുകളിലെ സൈഡുകൾ

ഇടക്കിടെ വെട്ടിപൊളിക്കുന്നു. അവ യഥാസമയം നികത്തി സുരക്ഷിതമാക്കേണ്ടതാണ്.

8. റോഡിലേക്ക് വേലികളും അതിർവരമ്പുകളും കയറി കെട്ടുന്ന പ്രവണത തടയേണ്ടതാണ്. അതിനായി ജനകീയ സമിതികൾ ഉണർന്നു പ്രവർത്തിക്കേണ്ടതാണ്.

9. ഇലക്ട്രിക് പോസ്റ്റുകൾ, ടെലഫോൺ പോസ്റ്റുകൾ എന്നിവ റോഡിലേക്ക് തള്ളിനിൽക്കുന്നത് മാറ്റിസ്ഥാപിച്ച് ഗതാഗതം സുഗമമാക്കേണ്ടതാണ്.

## പൊതുനിർദേശങ്ങൾ..

1. ഈ പഞ്ചായത്തിലൂടെ പ്രൈവറ്റു ബസ്സുകൾ മാത്രമേ സർവ്വീസ് നടത്തുന്നുള്ളൂ. അതിനാൽ മലപ്പുറം-പരപ്പനങ്ങാടി റൂട്ടിലും കാരാതോട്-കുറ്റാളൂർ MLA റോഡിലൂടെയും KSRTC ബസ്സ് ഓടിക്കാൻ സത്വര നടപടികൾ സ്വീകരിക്കണം.

2. നിലവിലുള്ള റോഡ് രജിസ്റ്ററുകൾ കൃത്യമായ വിവരങ്ങൾ ഉൾകൊള്ളാൻ തരത്തിലുള്ളതല്ല. അതിനാൽ കൃത്യമായ വിവരങ്ങൾ ഉണ്ടെങ്കിലേ അവയുടെ വികസന പദ്ധതികൾ ആസൂത്രണം ചെയ്യാൻ സാധിക്കുകയുള്ളൂ. നീളം, വീതി, ഓവു ചാലുകൾ, ചെലവഴിച്ച തുക, ടാർ ചെയ്ത നീളം, ബാക്കി യുള്ള നീളം എന്നിവ ചേർത്ത് ഘടന പരിഷ്കരിക്കേണ്ടതാണ്.

# ഊർജ്ജം

ഊരകം പഞ്ചായത്തിലെ ഊർജ്ജ ഉപയോഗത്തേയും സാധ്യതകളേയും കുറിച്ച് വിശകലനം ചെയ്തപ്പോൾ ഭൂരിഭാഗം വീടുകളും പാചക ആവശ്യത്തിന് വിറകാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. മുൻ കാലങ്ങളിൽ മലയിൽ നിന്നും കുന്നിൻചെരിവുകളിൽ നിന്നും ലഭിച്ചിരുന്ന വിറകുകൾ ഇന്ന് ലഭ്യമല്ല. തെങ്ങ് കൃഷി വ്യാപകമായ പഞ്ചായത്തായതിനാൽ തെങ്ങിൽ നിന്നും ലഭിക്കുന്ന വസ്തുക്കളാണ് ഭൂരിഭാഗവും വിറകായി ഉപയോഗിക്കുന്നത്. വില കൊടുത്തു വിറക് വാങ്ങിക്കുന്നവരുമുണ്ട്. ഉദ്യോഗസ്ഥ കുടുംബങ്ങളിലും ഉയർന്ന സാമ്പത്തിക നിലയിലുള്ള വിദേശജോലിക്കാരുടെ ഇടയിലും മണ്ണെണ്ണ, ഗ്യാസ് എന്നിവയുടെ ഉപയോഗം വർദ്ധിച്ചു വരുന്നു. വിറകിൽ നിന്ന് ഗ്യാസിലേക്കുള്ള മാറ്റത്തിൻെറ വേഗത കൂടികൊണ്ടിരിക്കുന്നു. പുകയില്ലാത്തദക്ഷത കൂടിയ അടുപ്പുകൾ വളരെക്കുറഞ്ഞതോതിൽ നിലവിലുണ്ട്.

## വൈദ്യുതി.

ഈ പഞ്ചായത്തിലേക്കുള്ള വൈദ്യുതിയുടെ ലഭ്യത വളരെ സങ്കീർണ്ണമാണ്. വേങ്ങര, മലപ്പുറം, കോട്ടക്കൽ, എന്നീ മൂന്ന് ഇലക്ട്രിക് സെക്ഷൻെറ കീഴിലായതുകൊണ്ട് എല്ലാവരാലും അവഗണിക്കപ്പെടുന്ന ഒരു പഞ്ചായത്താണ് ഇത്. കോട്ടക്കൽ,മലപ്പുറം, എന്നീ സെക്ഷൻെറ കീഴിലുള്ള ഉപഭോതാക്കൾക്ക് ഓഫീസുമായി ബന്ധപ്പെടാൻ ഏറെ വിഷമതകൾ അനുഭവപ്പെടുന്നു.

ഗാർഹികം, വ്യാപാരം,വ്യവസായം, കാർഷികം തുടങ്ങിയ മേഖലകളിൽ വൈദ്യുതി ഉപയോഗിക്കുന്നു. ഈ പഞ്ചായത്തിലെ പുല്ലഞ്ചാൽ സ്കീമിനും മറ്റു കാർഷിക കണക്ഷനുകൾക്കും വൈദ്യുതി നൽക്കുന്നതിൽ അടിയന്തര പ്രാധാന്യം കൊടുക്കണം.

സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഏതാനും വീടുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. വിളക്കുകളും ടി.വി.കളും ഇവ ഉപയോഗിച്ച് പ്രവർത്തിക്കുന്നു. നിലവിലുള്ള വൈദ്യുതി കണക്ഷൻെറ ഇനം തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം |
|---|---|
| ഗാർഹികം | 2328 |
| വ്യാപാരം | 231 |
| വ്യവസായം | 43 |
| കാർഷികം | 88 |
| സൗരോർജ്ജപാനൽ | 4 |

സെക്കണ്ടറിഡാറ്റ

പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ അനുഭവിക്കുന്ന വോൾട്ടേജിൻെറ കുറവാണ് പ്രധാന പ്രശ്നം.കണക്കുകൾ അനുസരിച്ച് 21ട്രാൻസ്ഫോർമറുകൾ നിലവിലുണ്ട്. ഇവയിൽ മിക്കതും സ്ഥാപിക്കുന്നതിന് അതാതു പ്രദേശത്തെ ജനങ്ങളുടെ സജീവ പങ്കാളിത്തം ഉണ്ടായിട്ടുണ്ട്.

### നിലവിലുള്ള ട്രാൻസ്ഫോർമറുകൾ

പട്ടിക-1

| | |
|---|---|
| 1. | നടുവക്കാട് |
| 2. | കാരാത്തോട് |
| 3. | പൂളാപീസ് |
| 4. | പുള്ളിക്കല്ല് |
| 5. | പുത്തൻപീടിക |
| 6. | യാറംപടി |
| 7. | രായിൽ |
| 8. | പാറകണ്ണി |
| 9. | തങ്ങൾപടി |
| 10. | നവോദയ |
| 11. | വെങ്കളം |
| 12. | ഐ.എച്ച്.ഡി.പി കോളനി |
| 13. | മമ്പീതി |
| 14. | വെങ്കളം-ഫൈബർകോംപ്ലക്സ് |
| 15. | നായർമാട് വെങ്കുളം |

| | |
|---|---|
| 16. | എടരിയിൽ |
| 17. | കുറ്റാളൂർ |
| 18. | ഇരിങ്ങല്ലൂർറോഡ് ജംഗ്ഷൻ |
| 19. | മിനി ഇൻഡസ്ട്രിയൽ |
| 20. | സിനിമാഹാൾ |
| 21. | നെല്ലിമ്പറമ്പ് |

ഇതിൽ മൂന്ന് ട്രാൻസ്ഫോർമറുകളിൽ നിന്ന് ഗാർഹിക കണക്ഷനുകൾ ഇല്ലാത്തവയാണ്.

ട്രാൻസ്ഫോർമറുകളുടെ എണ്ണവും കണക്ഷൻ ലോഡും താരതമ്യം ചെയ്യുമ്പോൾ മിക്കവയും അധികഭാരം ചുമക്കുന്നവയാണ്. ദൈർഘ്യമേറിയ ലൈനുകൾ,മരച്ചില്ലകളും മറ്റും തട്ടുന്നതിനാൽ പ്രസരണ രംഗത്ത് ഭീമമായ നഷ്ടം സംഭവിക്കുന്നു. പല ലൈനുകളും ഗ്രാമീണ റോഡുകളിലേക്കും പാതകളിലേക്കും മാറ്റിയാൽ പുതിയ കണക്ഷൻ നൽക്കുന്നതിലുള്ള സാങ്കേതിക തടസ്സങ്ങൾ കുറെ യൊക്കെ പരിഹരിക്കാവുന്നതാണ്.

ഗ്രാമസഭകളിൽ നിന്നും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ ഒടഒറെ നിർദേശങ്ങൾ വന്നിട്ടുണ്ട്.

## പുതിയ ട്രാൻസ്ഫോർമറുകൾ ആവശ്യമായ സ്ഥലങ്ങൾ.

| | |
|---|---|
| 1. | മമ്പീതി കിഴക്കേത്തല |
| 2. | ചാലിൽകുണ്ട് |
| 3. | ചേലത്തൂർ |
| 4. | ആലക്കപറമ്പ് ജംഗ്ഷൻ |
| 5. | കുന്നത്ത് |
| 6. | കൊടലികുണ്ട് |
| 7. | മാലറമ്പ് |
| 8. | കരിമ്പിലി |
| 9. | കോട്ടുമല പറമ്പിൽ |
| 10. | വെങ്കുളം വട്ടപറമ്പ് |
| 11. | നെല്ലിപ്പറമ്പ് വടക്കേകുണ്ട് |
| 12. | ആലുങ്ങൻമുക്ക് |
| 13. | കാരപറമ്പ് ഹരിജൻകോളനി |
| 14. | പുല്ലഞ്ചാൽ |
| 15. | കരിയാരം |
| 16. | നെടുംപറമ്പ് |
| 17. | കല്ലേങ്ങൽപടി |
| 18. | കിഴക്കെ നെല്ലിപറമ്പ് |

വൈദ്യുതി ബോർഡിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് വൈദ്യുതി കണക്ഷന് വേണ്ടി കാത്തിരിക്കുന്നവരുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

| | |
|---|---|
| ഓർഡിനറി | 161 |
| ഒ.ടി.പി | 2 |
| ഒ.വൈ.ഇ.സി | 46. |

അവലംബം. സെക്കൻററിഡാറ്റ.

ഈ പഞ്ചായത്തിൽ അംഗീകരിച്ച 9ഹരിജൻ കോളനികളുണ്ട്. വെങ്കുളം,ഐ.എച്ച്.ഡി.പി കോളനി തുടങ്ങി പല കോളനികളിലും വയറിംഗ് കഴിഞ്ഞുട്ടുണ്ടെങ്കിലും ഇവക്ക് വൈദ്യുതി ലഭ്യമാക്കാൻ അടിയന്തിര പ്രാധാന്യം കൊടുക്കേണ്ടതാണ്.

### ഹരിജൻകോളനികൾ

| | |
|---|---|
| 1. | നെല്ലിപ്പറമ്പ് |
| 2. | വെങ്കുളം ഐ.എച്ച്.ഡി.പി. |
| 3. | കാരപ്പറമ്പ് |
| 4. | കീരൻകുന്ന് |
| 5. | നെടുമ്പറമ്പ് |
| 6. | കരിമ്പിലി |
| 7. | അഞ്ച്പറമ്പ് |
| 8. | പെരുത്തോട്ടിപറമ്പ് |
| 9. | കരിയാരം |

ഗ്രാമസഭകളിൽ നിന്നും തെരുവ് വിളക്കുകൾ സ്ഥാപിക്കുവാൻ ധാരാളം നിർദേശങ്ങൾ വന്നിരിക്കുന്നു. മുൻകാലങ്ങളിൽ തന്നെ പ്രധാന സ്ഥലങ്ങളിൽ വിളക്കുകൾ കത്തിച്ചു വെച്ചിരിക്കുന്ന പാരമ്പര്യം ഇപ്പോൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം താഴെ കൊടുക്കുന്നു.

| | |
|---|---|
| സോഡിയം വേപ്പർലാംപ്. | 13 |
| ട്യൂബുകൾ. | 9 |
| ബൾബുകൾ. | 70 |

അവലംബം.സെക്കൻററിഡാറ്റ.

ഈ ഇനത്തിൽ പഞ്ചായത്ത് കഴിഞ്ഞ വർഷം 71707 രൂപ ചെലവഴിച്ചിട്ടുണ്ട് ഊർജ്ജം പ്രതിസന്ധിയുടേയും ഭീമമായ ഫണ്ടിൻെറയും ആവശ്യകത വെച്ചുനോക്കുമ്പോൾ പ്രധാന റോഡുകളിലെ അങ്ങാടികളിലും കവലകളിലും സോഡിയം വേപ്പർലാംമ്പുകൾ സ്ഥാപിക്കാൻ മുൻഗണന നല്കേണ്ടതാണ്.

## സോഡിയം വേപ്പർലാംബുകൾ സ്ഥാപിക്കാൻ നിർദേശിച്ച സ്ഥലങ്ങൾ

| | |
|---|---|
| 1. | താഴെ നെല്ലിപറമ്പ് |
| 2. | കിഴക്കേനെല്ലിപറമ്പ് |
| 3. | നവോദയ ജംഗ്ഷൻ |
| 4. | പാറക്കണ്ണി |
| 5. | ഒ.കെ.എം.നഗർ |
| 6. | രായിൽ |
| 7. | ചാലിൽകുണ്ട് |
| 8. | മിനിജംഗ്ഷൻ |
| 9. | കോട്ടുമല |
| 10. | കരിയാരം |
| 11. | കരിമ്പിലി ലക്ഷംവീട് കോളനി |
| 12. | വേരുമ്പുല്ലി ജംഗ്ഷൻ. |

ഗ്രാമ സഭകളിൽനിന്നും ഉയർന്നു വന്ന പ്രശ്നങ്ങളും സാധ്യതകളും വിശകലനം ചെയ്തപ്പോൾ താഴെ പറയുന്ന നിഗമനങ്ങളിൽ എത്തുന്നു.

1. രൂക്ഷമായ വോൾട്ടേജ് കമ്മി പഞ്ചായത്തിന്റെ എല്ലാഭാഗത്തും അനുഭവപ്പെടുന്നു.

2. പഞ്ചായത്ത് മുഴുവൻ ഒരു ഇലക്ട്രിക് സെക്ഷന്റെ കീഴിലല്ലാത്തത് വളരെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

3. വേനൽകാലത്ത് കാർഷികാവശ്യത്തിനുള്ള മോട്ടോർ കുറഞ്ഞ വോൾട്ടേജ് കാരണം പ്രവർത്തിക്കുന്നില്ല.

4. പ്രസരണ വിതരണ രംഗത്ത് ഭീമമായ നഷ്ടം സംഭവിക്കുന്നു.

5. വൈദ്യുതിയുടെ ലഭ്യതയിൽ തുടർച്ചയില്ലായ്മ.

6 വ്യവസായ സംരംഭകർക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള ഉപാധികൾ സങ്കീർണ്ണമാണ്.

7. വൈദ്യുതി ജീവനക്കാരുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് ഗ്രാമവാസികൾ പരാതിപ്പെടുന്നു.

8. ആഡംബരങ്ങൾക്കും അലങ്കാരങ്ങൾക്കും വൈദ്യുതി ദുർവ്യയം ചെയ്യുന്നു.

9. സാമ്പത്തികമായി ഉയർന്നവർ ഹൈപവർ സെപ്പപ്പുകൾ ഉപയോഗിക്കുന്നത് പാവപ്പെട്ടവരെ ഇരുട്ടിലാഴ്ത്തുന്നു.

10. വിറക് ക്ഷാമം,രൂക്ഷമായി കൊണ്ടിരിക്കുന്നു. മണ്ണെണ്ണ പെർമിറ്റ് ഗ്യാസ് കണക്ഷൻ എന്നിവ ലഭിക്കുന്നില്ല.

11. പുകയില്ലാത്ത ദക്ഷതകൂടിയ അടുപ്പുകളെ കുറിച്ച് ജനങ്ങൾ ബോധവാൻമാരല്ല. അതിനായി ബോധവൽക്കരണവും സബ്സിഡികളും നൽകേണ്ടതാണ്.

12. സാധ്യമായ എല്ലാ സ്ഥലങ്ങളിലും വനവൽക്കരണവും വനനശീകരണത്തിനെതിരെ പ്രചരണ പരിപാടികളും നടത്തേണ്ടതാണ്.

## നിർദേശങ്ങൾ.

1. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടുകയും ലൈനുകൾ പുനക്രമീകരിക്കുകയും ചെയ്താൽ വോൾട്ടേജ് പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാം.

2. പഞ്ചായത്തു മുഴുവൻ ഒരു ഇലക്ട്രിക് സെക്ഷന്റെ കീഴിലാക്കുകയും കാരാത്തോട് കേന്ദ്രമായി ഇലക്ട്രിക് സെക്ഷൻ ഓഫീസ് തുടങ്ങുകയും ചെയ്യുക.

3. കാർഷിക കണക്ഷനുകൾക്ക് വൈദ്യുതി സൗജന്യമായി നൽകണം.

4. ഇനിയും വൈദ്യുതി എത്താത്ത ഹരിജൻ കോളനികളിൽ എത്രയും വേഗം വൈദ്യുതി ലഭ്യമാക്കുക.

5. പാവപ്പെട്ട കുടുംബങ്ങൾക്ക് വൈദ്യുതി കരിക്കുവാൻ സാമ്പത്തിക സഹായം നൽകുക.

6. കാർഷിക കണക്ഷനുകൾക്ക് വേനൽ കാലങ്ങളിൽ ആവശ്യമായ വോൾട്ടേജ് ലഭ്യമാക്കുക.

7. വ്യവസായിക സംരംഭകർക്ക് വൈദ്യുതി വേഗത്തിൽ ലഭ്യമാക്കുക.

8. കേടു വരുന്ന തെരുവുവിളക്കുകൾ യഥാ സമയം നന്നാക്കുക.

9. കൂടുതൽ ജീവനക്കാരെ നിയമിച്ചു ബോർഡിന്റെ പ്രവർത്തനം തൃപ്തികരമാക്കുക.

10. ബോർഡിന്റെ പ്രവർത്തനം സുതാര്യ മാക്കുന്നതിന് പഞ്ചായത്തിൽ ബഹുജനസമ്പർക്ക പരിപാടി ആവിഷ്ക്കരിക്കുക.

11. ലൈനുകളുടേയും മറ്റും തകരാറുകൾ പരിഹരിക്കുന്നതിനും നന്നാക്കുന്നതിനും ജീവനക്കാർ ജാഗ്രത കാട്ടേണ്ടതാണ്.

12. മരച്ചില്ലകളും മറ്റും മുറിച്ചു മാറ്റുന്നതിൽ ജീവനക്കാരുടെ മേൽനോട്ടത്തിൽ പ്രാദേശികാ ടിസ്ഥാനത്തിൽ സംവിധാനമുണ്ടാക്കണം.

13. സ്കൂളുകൾ, മദ്രസകൾ, അമ്പലങ്ങൾ, പള്ളികൾ എന്നിവക്ക് വൈദ്യുതി സൗജന്യമായി നൽകേണ്ടതാണ്.

14. തകർന്നു വീഴാറായ പോസ്റ്റുകളും ലൈനുകളും മാറ്റിസ്ഥാപിക്കുക.

## പൊതു നിർദേശങ്ങൾ

1. വൈദ്യുതി ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗുകൾ യഥാസമയങ്ങളിൽ എടുക്കുകയും കേടുവന്ന മീറ്ററുകൾ മാറ്റി വെക്കുകയും ചെയ്യുക. തൻമൂലം അമിത ഉപയോഗം കുറയുന്നതും സാമ്പത്തികമായി ബോർഡിനു വളരെ നേട്ടവും ഉണ്ടാക്കാവുന്നതാണ്.

2. ലക്ഷങ്ങൾ ചിലവഴിച്ച് വീടുകൾ നിർമ്മിക്കുന്ന കുടുംബങ്ങൾക്ക് അത്യാവശ്യം വേണ്ട ഒരു നിശ്ചിത പരിധി യൂണിറ്റ് വൈദ്യുതി മാത്രമേ നൽകാവൂ. അലങ്കാരങ്ങൾക്കും ആഡംബരങ്ങൾക്കും സൗരോർജ്ജ പാനലുകൾ പരീക്ഷിക്കേണ്ടതാണ്.

3. സമുദ്രനിരപ്പിൽ നിന്നും ഏകദേശം 1576 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഊരകം മലയിലെ അമ്പലക്കുന്നിൽ-കാറ്റാടി യന്ത്രം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള സാധ്യത ആരാഞ്ഞ് അതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

4. ഊരകം പഞ്ചായത്തിലൂടെ കടന്നു പോകുന്ന 11 KV ലൈനിൽകൂടി പുതിയ ഒരു ലൈൻ കൂടി വലിച്ച് വൈദ്യുതി ലഭ്യത മെച്ചപ്പെടുത്തുക.

# മാർക്കറ്റ്

ഈ പഞ്ചായത്തിൽ ഒരു പൊതു ചന്തയോ മാർക്കറ്റോ ഉണ്ടായിരുന്നില്ല. കൃഷിക്കാരും കച്ചവടക്കാരും അവരുടെ സാധനങ്ങൾ വിൽക്കാനും വാങ്ങാനും മുഖ്യമായി വേങ്ങര, കോട്ടക്കൽ, മലപ്പുറം, മഞ്ചേരി എന്നീ ചന്തകളെയാണ് ആശ്രയിച്ചിരുന്നത്. ഈ പഞ്ചായത്തിൽ 6 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. എന്നാൽ റേഷൻ കടകളിലേക്കുള്ള ദൂരം ഒരു പ്രധാന പ്രശ്നമാണ്. പാറക്കണ്ണി നെല്ലിപ്പറമ്പ്, കോട്ടുമല എന്നിവിടങ്ങളിൽ ഓരോ റേഷൻ ഷാപ്പുകൾ അനുവദിക്കണമെന്ന ആവശ്യം ഗ്രാമ സഭകളിൽ നിന്നും ശക്തിയായി ഉയർന്നു വന്നിരക്കുന്നു. ഒരു മാവേലി സ്റ്റോർ പോലും ഈ പഞ്ചയത്തിൽ പ്രവർത്തിക്കുന്നില്ല. റേഷൻ കടകളിൽ കൂടി ചിലപ്പോൾ ചില്ലറ പലവ്ഞ്ജനങ്ങൾ വിതരണം ചെയ്യാറുണ്ടെങ്കിലും സ്ഥിരം സംവിധാനമില്ലാത്തതിനാൽ വേണ്ടത്ര പ്രയോജനപ്പെടാറില്ല.


മുഖ്യ കാർഷിക വിളയായ നാളികേരം, കൊപ്ര എന്നിവ സംഭരിക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ഇല്ല എന്നത് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. അടക്ക, കുരുമുളക്, കശുവണ്ടി, റബ്ബർ എന്നിവയുടെ സ്ഥിതിയും ഇതു തന്നെ. ഊരകം മലയിലും മറ്റുമുള്ള കർഷകർക്ക് കാർഷിക ഉൽപന്നങ്ങളുടെ വിൽപനക്കായി ഒരു സഹകരണ വിൽപന കേന്ദ്രം സ്ഥാപിക്കേണ്ടിയിരിക്കുന്നു. രാസവള വിൽപനക്കായി സഹകരണ മേഖലയിൽ ഒരു രാസവള വിൽപന കേന്ദ്രം നിലവിലുണ്ടായിരുന്നെങ്കിലും ഇത് പ്രവർത്തന രഹിതമാണ്.


കർഷകരുടെ ഉപതൊഴിലായ കന്നുകാലി വളർത്തലും കോഴി വളർത്തലും ധാരാളമുണ്ട്. എന്നാൽ പാൽ സംഭരണത്തിനും വിതരണത്തിനും കാര്യമായ സംവിധാനമില്ല. ഊരകം പുത്തൻപീടികയിൽ ഒരു ക്ഷീര വ്യവസായ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രവർത്തനം നാമം മാത്രമാണ്. മത്സ്യമാർക്കറ്റ് എന്ന് പറയാവുന്ന ഒരു സംവിധാനം പഞ്ചായത്തിലില്ല. റോഡിന്റെ സൈഡുകളിലാണ് മത്സ്യവിൽപന നടത്തുന്നത് ഇത് ഗതാഗത-പരിസരമലിനീകരണ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഇതിനായി പൊതു ജന സഹകരണത്തോടെ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്. ഇറച്ചി വിൽപന കേന്ദ്രങ്ങൾ നിലവിലില്ല. അവ ചില ദിവസങ്ങളിൽ ഒറ്റപ്പെട്ട കേന്ദ്രങ്ങളിൽ നടത്തുന്നു. ഇറച്ചിക്കുപയോഗിക്കുന്ന മൃഗങ്ങൾക്ക് രോഗ വിമുക്ത സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.

ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്ന നിർദേശങ്ങളെ താഴെ പറയും പ്രകാരം ക്രോഡീകരിക്കാം.

1. ന്യായ വിലക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാൻ നെല്ലിപ്പറമ്പ്, കാരാത്തോട് എന്നി വിടങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുക.
2. പ്രധാന ഉൽപന്നമായ കൊപ്രക്ക് സംഭരണ കേന്ദ്രം തുടങ്ങേണ്ടതാണ്.
3. പച്ചക്കറി സാധനങ്ങൾ കൃഷിക്കാരിൽ നിന്നും നേരിട്ട് വാങ്ങി വിൽക്കുന്നതിന് സംവിധാനമുണ്ടാക്കണം.
4. സഹകരണ മേഖലയിൽ ഒരു രാസവള വിൽപന കേന്ദ്രം സ്ഥാപിക്കേണ്ടിയിരിക്കുന്നു.
5. പഞ്ചായത്തിൽ ഒരു അറവു ശാല സ്ഥാപിക്കേണ്ടതാണ്.
6. പൊതു നിരത്തകളിൽ നിന്നും കുറച്ചുമാറി മത്സ്യ, മാംസ്യം എന്നിവ വിൽക്കുന്നതിന് സംവിധാനം ഉണ്ടാക്കണം.
7. കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കാർഷിക ഉൽപന്നങ്ങളുടേയും ഉപകരണങ്ങളുടേയും പ്രദർശനവും വിൽപനയും സംഘടിപ്പിക്കണം.

ചുരുക്കത്തിൽ പഞ്ചായത്തിൽ ലഭ്യമായ എല്ലാ നിർദേശങ്ങളും കോർത്തിണക്കി ഓരോന്നിന്റേയും അധിക ലഭ്യതയും ഇല്ലായ്മയും സന്തുലനം ചെയ്യാനുള്ള കരുത്തുറ്റ വ്യവസ്തയോടുകൂടിയ ഒരു പഞ്ചായത്ത്തല വിപണന സംവിധാനം കരു പിടിപ്പിക്കുന്നത് സ്വാശ്രയ ഗ്രാമത്തിലേക്കുള്ള നമ്മുടെ ആദ്യത്തെ കാൽവെപ്പായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല.





# പാർപ്പിടവും സാമൂഹ്യ ക്ഷേമവും

## പാർപ്പിടം

തലചായ്ക്കാനൊരിടം, അഥവാ സ്വന്തമായ ഒരു വീട് ഇത് ഏതൊരാളിൻെറയും മനസ്സിൽ തലോലിക്കുന്ന സ്വപ്നമാണല്ലോ. അത് യാഥാർഥ്യമാക്കുക എന്നത് ജീവിതലക്ഷ്യവും

കുന്നുകളും. മലകളും ഉൾപ്പെടുന്ന ഊരകം പഞ്ചായത്തിൻെറ ഭൂമി ശാസ്ത്രപരമായ കിടപ്പ് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വിത്യസ്തമാണ്. ഒരു ഭാഗം കടലണ്ടി പുഴയും മറുഭാഗം ഊരകം മലനിരകളുമാണ്. കിഴക്കും പടിഞ്ഞാറും നഗര സംസ്കാരങ്ങൾ ഉൾകൊള്ളുന്നതുമായ ഈ ഗ്രാമത്തിൻെറ ഉൾപ്രദേശങ്ങളിൽ ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തമൂലം സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഒരു പാർപ്പിടം ഉണ്ടാക്കുക എന്നത് വളരെയധികം ക്ലേശകരമാണ്. എന്നിരുന്നാലും സാധാരണക്കാരും കാർഷിക,കാർഷികതരമേഖലകളിലധിവസിക്കുന്ന ഭൂരിഭാഗം കുടുംബങ്ങളും, കുടിലെങ്കിലും പാർപ്പിടമെന്ന സങ്കൽപ്പം ഒരു പരിധിവരെ സാക്ഷാൽകരിച്ചവരാണ്.

നഗര സംസ്കാരത്തിൻെറ സ്വാധീനം പ്രത്യേകിച്ച് 6-ാം വാർഡിൽ ഉൾപ്പെച്ച കാരാത്തോട് പ്രദേശങ്ങളും 9-ാം വാർഡിൽപ്പെട്ട വേങ്ങരയോടുത്ത സ്ഥലങ്ങളിലും കാണാം. ടെറസ്സ് വീടുകളോടുള്ള താല്പര്യം പൊതുവെ കൂടിവരുന്നതായിട്ടാണ് കാണുന്നത്. വിദേശ പണത്തിൻെറ ഒഴുക്ക് ഇന്ന് കൂടുതലായും ഭവനനിർമ്മാണ രംഗത്താണ് ദൃശ്യമാവുന്നത്. ഇവരാകട്ടെ പരമാവധി വീടുകൾ ആഡംബരപൂർണ്ണമാക്കാനാണ് ശ്രമിക്കുന്നത്.

എന്നാൽ സാധാരണക്കാരുടെ വീടുകൾക്കാകട്ടെ ഇന്നും പറയത്തക്ക അടിസ്ഥാന സൗകര്യങ്ങളില്ല.

ഈ പഞ്ചായത്തിലെ വീടുകളെ പൊതുവെ ഓലമേഞ്ഞത്,ഓടുമേഞ്ഞത്,ടെറസ്സ് എന്നിങ്ങനെ മൂന്നായി തിരിക്കാം.

10835 പുരുഷൻമാരും,11441സ്ത്രീകളുമായി മൊത്തം 22276 പേർ അധിവസിക്കുന്ന ഊരകം പഞ്ചായത്തിൽ ആകെയുള്ള 3398വീടുകളിൽ,174വീടുകൾ ഓലമേഞ്ഞതോ കുടിലുകളോ ആണ്. 2707 വീടുകൾ ഓടുമേഞ്ഞവയും517എണ്ണം കോൺക്രീറ്റു മന്ദിരങ്ങളുമാണ്. പട്ടിക-1കാണുക

ഇവയിൽതന്നെ 942 വീടുകൾക്ക് സ്വന്തമായി കക്കൂസുകളില്ല. അതെടൊപ്പം 1026ഭവനങ്ങൾക്ക് കുടിവെള്ള സൗകര്യങ്ങളില്ല. 1873 വീടുകൾ വൈദ്യുതികരിച്ചിട്ടുണ്ട്.കൂടുതൽ ആളുകളും പാചകത്തിന് വിറകിനെ ആശ്രയിക്കുന്നവരാണ്. പട്ടിക-2 കാണുക ഇനിയും 437കുടുംബങ്ങൾക്ക് സ്വന്തമായി റേഷൻ കാർഡുകളില്ല.

പട്ടിക-1

| വാരഡ് | വിടിൻെറ സ്ഥിതി | | | ആകെ |
|---|---|---|---|---|
| | ഓല | ഓട് | ടെറസ്സ് | |
| 1 | 23 | 377 | 59 | 459 |
| 2 | 6 | 306 | 38 | 350 |

| | | | | |
|---|---|---|---|---|
| 3 | 8 | 315 | 76 | 399 |
| 4 | 6 | 278 | 66 | 350 |
| 5 | 8 | 178 | 37 | 223 |
| 6 | 45 | 290 | 38 | 373 |
| 7 | 11 | 283 | 45 | 339 |
| 8 | 37 | 223 | 62 | 322 |
| 9 | 3 | 270 | 84 | 357 |
| 10 | 30 | 188 | 12 | 230 |
| Total | 174 | 2707 | 517 | 3398. |

അവലംബം പഞ്ചായത്ത് സബ്സിഡി-96

ഇന്ന് നിർമ്മാണ രംഗത്ത് പൊതുവെ ജില്ലക്ക് പുറത്തു നിന്നുള്ളവരും അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളുമാണ് പണിയെടുക്കുന്നത്. ഇവരും തീരെ അടിസ്ഥാന സൗകര്യങ്ങളില്ലാത്ത സ്ഥലങ്ങളിലാണ് താമസിക്കുന്നത്. ഇത് ആരോഗ്യപരമായ കാര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

നിർമ്മാണ വസ്തുക്കളുടെ ദിനംപ്രതി വർദ്ധിച്ചുവരുന്ന വില വർദ്ധനവ്, വിദക്ദതൊഴിലാളികളുടെ ലഭ്യത കുറവ്,ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ ഭവന നിർമ്മാണ രംഗത്ത് നിലനിൽക്കുന്ന പ്രധാനപ്പെട്ട പ്രതിസന്ധികളാണ്.

ദരിത്രരേഖക്ക് താഴെയുള്ളവരും കുടിലുകളിൽ കഴിയുന്നവരുമായിട്ടുള്ള ധാരാളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട് സർക്കാരിൻെറ ഭവനനിർമ്മാണ പദ്ധതികൾ പലതുമുണ്ടെങ്കിലും പലപ്പോഴും യഥാസമയത്ത് ഗുണഭോക്താക്കൾക്ക് പല കാരണങ്ങളാലും ലഭിക്കാറില്ല. ലഭിച്ചാലോ പരിമിതമായിട്ടേ ലഭിക്കുകയുമുള്ളൂ. ഇവയാകട്ടെ നിലവിലുള്ള ആവശ്യകതയുമായി ട്ടട്ടിച്ചു നോക്കുമ്പോൾ വളരെ പരിമിതിവും.

ഈ പഞ്ചായത്തിൽ പത്തു വാർഡുകളായി ഒമ്പതു പട്ടികജാതി കോളനികളുണ്ട്. അതിൽ ഒന്നാം വാർഡിൽപെട്ട വെങ്കുളം കോളനി IHDP കോളനിയായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇവിടെ വിവിധ ഡിപ്പാർട്ട്മെൻറ് വഴിയുള്ള തീവ്രവികസന പരിപാടികൾ നടന്നു വരുന്നുണ്ട്. കോളനികളുടെ വിവരങ്ങൾ പട്ടിക 3ൽ ചേർത്തിരിക്കുന്നു.

കരിമ്പിലി ഭാഗത്തുള്ള ലക്ഷംവീട് കോളനിയും കൂടാതെ ഭൂ രഹിത കർഷക ടൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനുള്ള സങ്കേതത്തിനായി കോട്ടമ്മലും പഞ്ചായത്തം വക സ്ഥലം നൽകിയിട്ടുണ്ട്. എല്ലാ കോളനികളിലേയും അടിസ്ഥാന സൗകര്യങ്ങൾ വളരെ പരിമിതങ്ങളാണ്. കുടിവെള്ളത്തിൻെറ ലഭ്യത, ഗതഗത സൗകര്യങ്ങൾ, വൈദ്യുതി എന്നിവയുടെ കാര്യത്തിൽ ഇനിയും ലക്ഷ്യം കണ്ടെത്തേണ്ടിയിരിക്കുന്നു. ഗവൺമെണ്ടിൻെറ വിവിധ പദ്ധതികളിലായി ഈ പഞ്ചായത്തിൽ നാളിതുവരെയായി 102 വീടുകൾ അനുവദിച്ചിട്ടുണ്ട്. പട്ടിക-4 കാണുക

വീടിനർഹതയുള്ളവരുടെ എണ്ണവും അനുവദിച്ചിട്ടുള്ള വീടുകളും തമ്മിലുള്ള അന്തരം വലുതാണന്ന് പട്ടിക പരിശോധിച്ചാൽ കാണാം. അനുവദിച്ച വീടുകൾ തന്നെ യഥാ സമയം പൂർത്തിയാക്കാത്ത അവസ്ഥയുമുണ്ട്. വർദ്ധിച്ചു വരുന്ന കൂലിനിരക്കും നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റവും മൂലം സർക്കരിൻെറ പരിചിതമായ ഗ്രാൻറ് ഉപയോഗിച്ച് വീട്പണി പൂർത്തീകരിക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്നവരുമുണ്ട്. അർഹതയുള്ള കുടുംബങ്ങൾക്ക് മുഴുവൻ വീട് ലഭിക്കാൻ തക്ക വിധം യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കി വീട് അനുവദിക്കാനുള്ള കർമ്മ പരിപാടികൾ പഞ്ചായത്തു തലത്തിൽ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

സാമൂഹം പൊതുവെ കൂട്ടു കുടുംബ വ്യവസ്തിതകളിൽ

പട്ടിക-2

| വാർഡ് | വൈദ്യുതീകരിക്കാത്ത വീട് | കക്കൂസില്ലാത്ത വീട് | റേഷൻകാർഡില്ലാത്ത വീട് | കിണറില്ലാത്ത വീട് |
|---|---|---|---|---|
| 1. | 206 | 136 | 37 | 135 |
| 2. | 102 | 46 | 28 | 43 |
| 3. | 118 | 70 | 47 | 67 |
| 4. | 138 | 100 | 81 | 131 |
| 5. | 116 | 58 | 28 | 77 |
| 6. | 212 | 175 | 24 | 182 |
| 7. | 167 | 83 | 30 | 85 |
| 8. | 177 | 127 | 48 | 177 |
| 9. | 66 | 50 | 77 | 39 |
| 10. | 207 | 119 | 37 | 99 |
| | 1509 | 942 | 437 | 1026 |

പട്ടിക-3

| പഞ്ചായത്തു വർഡ് | കോളനിയുടെ പേര് | ആകെ വീടുകൾ | ഓടു മേഞ്ഞത് | ഓല മേഞ്ഞത്. |
|---|---|---|---|---|
| 1. | നെല്ലിപ്പറമ്പ് | 17 | 13 | 4 |
| 1 | വെങ്കുളം | 34 | 32 | 2 |
| 3. | പെരുന്തോട്ടിപ്പറമ്പ് | 12 | 12 | - |
| 4. | അഞ്ചുപറമ്പ് | 11 | 11 | - |
| 4. | കരിമ്പിലി | 17 | 17 | - |
| 7 | കാരാപ്പറമ്പ് | 22 | 20 | 2 |
| 8 | കരിയാരം | 15 | 14 | 1 |
| 9 | നെടുപറമ്പ് | 15 | 15 | - |
| 10 | കീരംകുന്ന് | 23 | 19 | 4 |

പട്ടിക-4

| വർഷം | വീട് അനുവദിച്ച സ്കീം എണ്ണം | | | | | ആകെ. |
|---|---|---|---|---|---|---|
| | RLEEP | NREP | IAI | MWS | JRY | |
| 1986-87 | 15 | - | - | - | - | 15 |
| 88-89 | 5 | 7 | - | - | - | 12 |
| 89-90 | - | - | 2 | - | 6 | 8 |
| 90-91 | - | - | 1 | 4 | 6 | 11 |
| 91-92 | - | - | 1 | 1 | 5 | 7 |
| 92-93 | - | - | 1 | 3 | 2 | 6 |
| 93-94 | - | - | 1 | 1 | 8 | 10 |
| 94-95 | - | - | 1 | 4 | 3 | 8 |
| 95-96 | - | - | -10 | 9 | 6 | 25 |
| Total | 20 | 7 | 17 | 22 | 36 | 102 |

നിന്നും മാറി വരുന്ന സാഹചര്യത്തിൽ കണക്കുകൾ സൂചിപ്പിക്കുന്നതിലും കുടുതൽ കുടുംബങ്ങൾക്ക് ഇനിയും വീടുകൾ ആവശ്യമായി വരും അതിനനുസിച്ച് വീട് നിർമ്മിക്കുന്നതിനുള്ള സഹായ സഹകരണങ്ങളും പഞ്ചായത്തു തലതിൽ ഉണ്ടാവേണ്ടതുണ്ട്. ഇതിൽ മുഖ്യമായും സാമ്പത്തിക പ്രശ്നമാണ്.

ഭവന നിർമ്മാണത്തിന് വായ്പകൾ അനുവദിക്കുന്നതിനുള്ള ഹൗസിംഗ് സൊസൈറ്റികൾ ഈ പഞ്ചായത്തിലില്ല. ജില്ലാ സഹകരണ ബേങ്ക് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് LIC, മറ്റു ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഭവന നിർമ്മാണ വായ്പകളുണ്ടെങ്കിലും അവയൊന്നും കാര്യമായി ഈ പഞ്ചായത്തിൽ ലഭിച്ചിട്ടില്ല. മാത്രമല്ല ഈ പദ്ധതികളിൽ അപേക്ഷ സമർപിക്കനുള്ള സാങ്കേതികമായ ബുദ്ധിമുട്ടുകളും നിയമ വശങ്ങളും നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട കടലാസുകൾ ശരിയാക്കിയെടുക്കാനുള്ള ബുദ്ധിമുട്ടും മറ്റുമോർത്ത് സാധാരണക്കാരയ ആളുകൾ സ്വയം പിന്നോക്കം മാറുകയാണ് എന്നതാണ് വസ്തുത.

ഭവന നിർമ്മാണ രംഗത്ത് വർദ്ധിച്ചു വരുന്ന കൂലിച്ചെലവും നിർമ്മാണസാമഗ്രികളുടെ വിലവർദ്ധനവും വിദഗ്ധ തൊഴിലാളികളെ നിശ്ചിത സമയത്ത് ലഭിക്കാത്ത അവസ്ഥയും ഗതാഗത സൗകര്യങ്ങളുടെ കുറവും പൊതുവെ ഭവന നിർമ്മാണച്ചെലവു വർദ്ധിക്കാനുള്ള കാരണങ്ങളാണ്. അന്ന് പുരുഷ തൊഴിലാളികളെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികൾക്ക് കൂലി കുറവാണ്. മറ്റു മേഖലകളിൽനിന്നും നിർമ്മാണ മേഖലകളിലേക്ക് ധാരാളം സ്ത്രീ തൊഴിലാളികൾ ചേക്കേറിയിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. വീട് നിർമ്മാണത്തിന് ആവശ്യമായ സ്ഥലത്തിന്റെ അപര്യാപ്തത
2. ഭവന നിർമ്മാണത്തിന് ആവശ്യമായ സാമ്പത്തിക ശേഷിക്കുറവ്
3. ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നതിനുള്ള ധനകാര്യ സ്ഥാപനങ്ങളുടെ കുറവ്. നിലവിലുള്ള സ്ഥാപനങ്ങളിൽ നിന്നും വാട്പ ലഭിക്കുന്നതുനപള്ള നടപടി ക്രമങ്ങളുടെ സങ്കീർണ്ണത.
4. ഭവന നിർമ്മാണ സാമഗ്രികളുടെ വർധിച്ചു വരുന്ന വിലയും ഗതാഗത സൗകര്യങ്ങളുടെ കുറവും നിലനിൽക്കുന്നു.
5. നിലവിലുള്ള പർപ്പിടങ്ങൾക്കു തന്നെ അടിസ്ഥാന സൗകര്യങ്ങളില്ലാത്ത സ്ഥിതി.
6. പട്ടിക ജാതി കോളനി, ലക്ഷം വീട് കോളനുകൾ എന്നിവിടങ്ങളിലെ വീടുകളുടെ പരിതാപകരമായ അവസ്ഥ.
7. പഞ്ചയത്തിനു പുറത്തു നിന്നും ഇവിടെ തമാസമാക്കിയ ആളുകൾക്ക് തമസസൗകര്യങ്ങളില്ല. ഉള്ളവർക്കു തനെ അടിസ്ഥാന സൗകര്യങ്ങളില്ല.
8. പഞ്ചായത്തിൽ ഏകോപിതമായ വാടക സംവിധാനങ്ങൾ നിലനിൽക്കുന്നില്ല.

## സാധ്യതകൾ..

1. പഞ്ചായത്തു തലത്തിൽ മിച്ചഭൂമി കണ്ടെത്തുക. അർഹരായ ഭു രഹിതർക്ക് വിതരണം ചെയ്യാൻ സമയബന്ധിത പരിപാടികൾ

375



ആവിഷ്കരിക്കുക.

2. നിലവിലുള്ള ഓലമേഞ്ഞ വീടുകൾ അടിയന്തിരമായി ഓടു മേയാനുള്ള നടപടികൾ സ്വീകരിക്കുക.

3. ഭവന നിർമ്മാണ രംഗത്ത് വായ്പകൾ നൽകാനുള്ള ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിക്കുക.

4. നിലവിലുള്ള ദനകാര്യ സ്ഥാപനങ്ങൾ വഴി ലഘുവായ തവണ വ്യവസ്തകളിൽ ഭവന നിർമ്മാണ വായ്പകൾ അനുവദുക്കുന്നതുനുള്ള നടപടികൾ എടുക്കുക.

5. സംസ്ഥാന ഭവന നിർമ്മാണ ബോർഡു വഴി നടപ്പാക്കുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ ആനുപാതികമായ വിഹിതം ഈ പഞ്ചായത്തിൽ ലഭിക്കുവാൻ തക്ക നടപടികൾ സ്വീകരിക്കുക.

6. ഭവന നിർമ്മാണ സാമഗ്രികളുടെ വിതരണം സഹകരണ മേഖലയിൽ നടത്താനുള്ള നടപടികൾ ആവിഷ്കരിക്കുക.

7. പട്ടിക ജാതി കോളനികളുടേയും ലക്ഷം വീട് കോളനികളുടേയും നിലവിലുള്ള ശോചനീയാവസ്ഥ പരിഹരിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുക. ഗവൺമെൻറിൽ നിന്നും മറ്റും അനുവദിക്കുന്ന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

8. നിലവിലുള്ള ലക്ഷംവീട് കോളനികളിലെ വീടുകളുടെ ഘടനയിൽ മാറ്റം വരുത്തി ഒരു കൂരക്കു കീഴിൽ ഒരു കുടുംബം എന്നാക്കുക.

9. പഞ്ചായത്തിന് പുറത്ത് നിന്നും മറ്റും വന്ന് അടിസ്ഥാന സൗകര്യങ്ങളില്ലാത്ത തലങ്ങളിൽ താമസമാക്കിയിട്ടുള്ളവരെ ലക്ഷ്യമാക്കി പഞ്ചായത്തു തലത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ പൊതു സംവിധാനങ്ങൾ ഏർപ്പെടുത്തുക. ഇവ കരാറടിസ്ഥാനത്തിൽ ലേലം ചെയ്തു നൽകുക.

എല്ലാവർക്കും പാർപ്പിടമെന്ന സ്വപ്നം യാഥാർഥ്യമാക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി പരമാവധി ആളുകൾക്ക് വീടുകൾ ഉണ്ടാക്കാനുള്ള ഇഛാശക്തിയോടെ ഒരു പുതിയ വികസന തന്ത്രം രൂപപ്പെടുത്തി, ഈ ലക്ഷ്യം പൂർത്തീകരിക്കേണ്ടതാണ്.

## സാമൂഹ്യക്ഷേമം.

സാമൂഹ്യക്ഷേമരംഗത്ത് ഈ പഞ്ചായത്തിന്റെ കഴിഞ്ഞകാല പ്രവർനങ്ങൾ വെച്ച് നോക്കുമ്പോൾ പൊതുവെ തൃപ്തികരമാണന്ന് കാണാം. എന്നിരുന്നാലും ഈ മേഖലയിൽ ഒരു വസ്തുനിഷ്ടമായ കണക്കെടുപ്പോ വിലയിരുത്തലോ നടന്നിട്ടില്ല. ഈ പഞ്ചായത്തിൽ വിവിധ കാലഘട്ടങ്ങളിലായി നടപ്പിലാക്കിയിട്ടുള്ള വിവിധ തരം ക്ഷേമ പ്രവർത്തനങ്ങൾ പരിശോധിക്കാം. എട്ടാം പദ്ധതികാലത്ത് ഗ്രാമ വികസനവകുപ്പുവഴി നടത്തിയ IRDP സർവ്വെപ്രകാരം ദാരിദ്രരേഖക്ക് താഴെയുള്ള കു ടുംബങ്ങളുടെ എണ്ണം 1674 എണ്ണമാണ്. ഇവരുടെ വാർഡ് തിരിച്ചുള്ള കണക്ക് (പട്ടിക-1 കാണുക).ചുടെ ചേർക്കുന്നു. ഇതിൽ 239 കുടുംബങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്. മൊത്തം 7.98 ലക്ഷം രൂപ സബ്സിഡിയും 15.16 ലക്ഷം രൂപ വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയായും വിതരണം ചെയ്തിട്ടുണ്ട്. (പട്ടിക-2 കാണുക). ഇതിൽ മൊത്തം 124 കുടംബങ്ങൾ പട്ടിക ജാതിക്കാരും 92 പേർ വനിതകളുമാണ്.

പട്ടിക-1

| വാർഡ് | സർവ്വെയിലുള്ള കുടുംബങ്ങൾ | SC/ST | സഹായം നൽകിയ കുടുംബം | സഹായിച്ച SC/ST | ദാരിദ്രരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ബാക്കി കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 1 | 302 | 9 | 29 | 13 | 27 | 275 |
| 2 | 150 | - | 10 | - | 9 | 171 |
| 3 | 136 | 6 | 14 | 8 | 14 | 122 |
| 4 | 150 | 2 | 13 | 7 | 13 | 137 |
| 5 | 85 | 12 | 26 | 12 | 25 | 60 |
| 6 | 158 | 7 | 25 | 7 | 25 | 133 |
| 7 | 104 | 17 | 20 | 17 | 15 | 89 |
| 8 | 161 | 16 | 45 | 16 | 15 | 146 |
| 9 | 248 | 7 | 20 | 10 | 20 | 228 |
| 10 | 15 | 34 | 37 | 34 | 30 | 120 |
| Total | 1674 | 112 | 239 | 124 | 129 | 1481 |

പട്ടിക-2

| വർഷം | സഹായിച്ച ആകെ വീട് | SC/ST | വനിത | സബ്സിഡി ലക്ഷം | വായ് പലക്ഷം. |
|---|---|---|---|---|---|
| 1992-93 | 81 | 44 | 39 | 1.92 | 2.98 |
| 93-94 | 48 | 20 | 18 | 1.39 | 3.39 |
| 94-95 | 45 | 25 | 15 | 1.84 | 3.88 |
| 95-96 | 65 | 35 | 20 | 2.83 | 4.91 |
| Total | 239 | 124 | 92 | 7.98 | 15.16. |

ബാങ്കിംഗ് ഏരിയ അപ്രോച്ചു പ്രകാരം ഈ പഞ്ചായത്തിലേക്ക് വായ്പകൾ അനുവദിക്കുന്നത് പഞ്ചായത്ത് വാർഡ് 1,2,3ഭാഗത്തിന് ഊരകം ഫെഡറൽബാങ്കും,4,5,9 വാർഡുകൾക്ക് സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്, വേങ്ങരശാഖയും, 6,7,8,10, വാർഡുകൾക്ക് മലപ്പുറം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയും ആണ്. കൂടാതെഊരകം സർവ്വീസ് സഹകരണ ബാങ്കും വിവിധ വായ്പകൾ അനുവദിക്കുന്നുണ്ട്.

പട്ടികയിൽ കാണിച്ചിട്ടുള്ളതു കൂടാതെ ഈ സാമ്പത്തികവർഷത്തിൽ തന്നെ 1.7ലക്ഷം രൂപയ്ക്കുള്ളസബ്സിഡിയും 4.8ലക്ഷം രൂപയ്ക്കുള്ള വായ്പയും വിതരണ ചെയ്യാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

### ഗ്രാമീണ വനിതാ ശിശുവികസന പദ്ധതി. [DWCRA]

ഗ്രാമീണ വനിതകൾക്ക് കൂട്ടായിട്ടുള്ള തൊഴിൽ സംരഭങ്ങൾ തുടങ്ങുന്നതിനുള്ള DWCRA പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ മൊത്തം 6 യൂണിറ്റുകൾക്ക് സഹായം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് നാല് മെറ്റൽ ജല്ലിയൂണിറ്റും,2 ആട് വളർത്തൽ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമാണ്. (പട്ടിക-3)

| വർഷം | യൂണിറ്റിന്റെ പേര് | അംഗങ്ങൾ | വാർഡ്. |
|---|---|---|---|
| 1991-92 | നെടുംപറമ്പ് ആട് വളർത്തൽ യൂണിറ്റ് | 10 | IX |
| 92-93 | വെങ്കുളം ആട് വളർത്തൽ യൂണിറ്റ് | 10 | I |
| 91-92 | കാരാത്തോട് മെറ്റൽജല്ലിയൂണിറ്റ് | 13 | VIII |
| 91-92 | പൂളാപ്പീസ് മെറ്റൽജല്ലിയൂണിറ്റ് | 12 | VIII |
| 92-93 | കോങ്കടപ്പാറ മെറ്റൽജല്ലിയൂണിറ്റ് | 10 | X |
| 96-96 | വട്ടപറമ്പ് മെറ്റൽജല്ലിയൂണിറ്റ് | 15 | X |

ഇനിയും യൂണിറ്റുകൾ തുടങ്ങാത്ത വാർഡുകളിൽ പുതിയ യൂണിറ്റുകൾ തുടങ്ങേണ്ടതാണ് ഒരു വാർഡിൽ ഒരു യൂണിറ്റ് എന്ന തോതിൽ DWCRA യൂണിറ്റുകൾ തുടങ്ങി വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതാണ്. ഇതൊടൊപ്പം യൂണിറ്റ് തലത്തിൽ ബോധവൽക്കരണ ക്യാമ്പുകളും, സെമിനാറുകളും മറ്റും നടത്തി വനിതകളെ വികസനത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരേണ്ടതാണ്. ആ വിധത്തിലുള്ള ഒരു ശ്രമം ആവശ്യമാണ്.

ട്രൈസം.

18 വയസ്സിനും,35 വയസ്സിനും ഇടയിലുള്ള ഐ.ആർ.ഡി.പി.ലിസ്റ്റിൽ ഉൾപ്പെട്ട യുവതിയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി പ്രകാരം, ഈ പഞ്ചായത്തിൽ മൊത്തം 55 യുവതിയുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ 32 യുവതികളും 23യുവാക്കളും ഉണ്ട്.

പരിശീലനം ലഭിച്ചവർ പലരും മറ്റു വിത്യസ്ത തൊഴിലുകളിലേർപ്പെട്ടിരിക്കുന്നതായിട്ടാണ് കാണുന്നത്. പരിശീലനം നേടിയിട്ടുള്ളവർ ഒന്നിച്ച് ചേർന്ന് കൂട്ടായ സംരഭങ്ങൾ തുടങ്ങാൻ മുന്നോട്ട് വന്നാലേ സ്വയം തൊഴിൽ എന്ന സംരഭം വിജയിക്കുകയുള്ളൂ.

പട്ടിക-4

| വർഷം | പരിശീലനം നേടിയ വിഷയം | പു | സ്ത്രീ | ആകെ |
|---|---|---|---|---|
| 1986-87 | തുന്നൽപരിശീലനം | - | 2 | 2 |
| 87-88 | ഫോട്ടോഗ്രാഫി | 1 | - | 1 |
| 89-90 | മോട്ടോർമെക്കാനിസം | 1 | - | 1 |
| 90-91 | തുന്നൽ പരിശീലനം | - | 3 | 3 |
| 90-91 | പ്രിൻറിംഗ് പരിശീലനം | - | 3 | 3 |
| 90-91 | ടി.വി.റേഡിയോ,റിപ്പയറിംഗ് | - | 1 | 1 |
| 91-92 | തുന്നൽ എംബ്രോയിഡറി | - | 3 | 3 |
| 91-92 | പ്രിൻറിംഗ്-കമ്പോസിങ്ങ് | - | 5 | 5 |
| 91-92 | റേഡിയോ.ടി.വി.റിപ്പയരിംഗ് | 8 | - | 8 |
| 92-93 | എംബ്രോയിഡറി | - | 5 | 5 |
| 92-93 | പ്രിൻറിംഗ് | - | 1 | 1 |
| 92-93 | റിഫ്രിജറേഷൻ | 2 | - | 2 |
| 92-93 | എയർകണ്ടീഷൻ-റഫ്രിജറേഷൻ | 1 | - | 1 |
| 93-94 | പ്രിൻറിംഗ് | - | 1 | 1 |
| 93-93 | ടി.വി. റേഡിയോ-റിപ്പയരിംഗ് | 2 | - | 2 |
| 94-95 | പ്രിൻറിംഗ്-കമ്പോസിംഗ് | - | 2 | 2 |
| 94-95 | ടൈപ്പ് റൈറ്റിംങ്ങ് | - | 2 | 2 |
| 94-95 | വയറിംഗ് | 1 | - | 1 |

| | | | | |
|---|---|---|---|---|
| 94-95 | റേഡിയോ-ടി.വി.റിപ്പയർ | 2 | - | 2 |
| 94-95 | ടൈലറിംഗ്-എംബ്രോയിഡറി | - | 2 | 2 |
| 95-96 | പ്രിൻറിംഗ് - | 1 | 1 | |
| 95-96 | ഫോട്ടോഗ്രാഫി | 1 | - | 1 |
| 95-96 | എംബ്രോഡയറി | - | 1 | 1 |
| 95-96 | കൽപണി | 2 | - | 2 |
| 95-96 | റഫ്രിജറേഷൻ | 2 | - | 2 |
| Total | | 23 | 32 | 55 |

നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ളതും ഇന്ന് തൊഴിൽ മേഖലകളിൽ തൊഴിലാളികളെ കിട്ടാൻ ബുന്ധിമുട്ടുന്നതുമായ,കാൽപണി,മരപ്പണി, കോൺക്രീറ്റുമായി ബന്ധപ്പെട്ട പണികൾ. അതേ പോലെ വാഹന ഡ്രൈവിംഗ് മോട്ടോർ മെക്കാനിസം തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ തൊഴിൽ പരിശീലനം നൽകിയാൽ, നാട്ടിൽ തന്നെ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട സ്വയം തൊഴിൽ കണ്ടെത്താൻ വളരെ വേഗത്തിൽ സാധിക്കുമെന്നതിനാൽ ആ വഴിക്കുള്ള പരിശീലനങ്ങൾക്ക് മുൻഗണന നൽക്കേണ്ടതല്ലേ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

**ടൂൾ കിറ്റ് പദ്ധതി.**

ഗ്രാമീണ പരമ്പരാഗത തൊഴിലാളികൾക്ക്, ആധുനിക തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി അനുസരിച്ച് ഈ പഞ്ചായത്തിൽ മൊത്തം 29 കുടുംബങ്ങളെ സഹായിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 58,000 രൂപ സഹായം നൽകിയിട്ടുണ്ട്.(പട്ടിക 5 കാണുക)

| വർഷം | സഹായിച്ചവരുടെ എണ്ണം | തുക |
|---|---|---|
| 1992-93 | 7 | 14.000രൂ. |
| 93-94 | 13 | 26.000 " |
| 94-95 | 9 | 18.000 " |
| Total | 29 | 58.000 " |

**സി.ആർ.എസ്.പി.**

ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് പൂർണ്ണമായും സഹായം നൽകുന്ന പദ്ധതിയാണിത്. ഇതനുസരിച്ച് ഒരു കുടുംബത്തിന് പരമാവധി 2000രൂപ സഹായം നൽകുന്നുണ്ട്. പഞ്ചായത്തിൽ മൊത്തം 140 കുടുംബങ്ങൾക്ക് കക്കൂസ് അനുവദിച്ചിട്ടുണ്ട്. പട്ടിക 6 കാണുക

പട്ടിക 6

| വർഷം | സ്കീം | | | ആകെ അനുവധിച്ചത് | | | പണി പൂർത്തിയായത് | പൂർത്തിയാക്കാത്തത് |
|---|---|---|---|---|---|---|---|---|
| | CRSP | RDസ്കീം | JRY | SC | Other | Total | | |
| 1989-90 - | - | | 15 | 15 | - | 15 | 15 | |
| 90-91 - | - | | 7 | 7 | - | 7 | 7 | |
| 91-92 | 26 - | | 2 | 17 | 11 | 28 | 27 | 1 |
| 92-93 | - | - | 3 | 3 | - | 3 | 3 | |
| 93-94 | 48 | - | 3 | 14 | 37 | 51 | 46 | 5 |
| 94-95 | 18 | 1 | - | 6 | 13 | 19 | 19 | - |
| 95-96 | 17 | - | - | 4 | 13 | 17 | 6 | 11 |
| Total | 109 | 1 | 30 | 66 | 74 | 140 | 123 | 17 |

ആകെ അനുവദിച്ച കക്കൂസുകളിൽ തന്നെ ഇനിയും പണിപൂർത്തിയാക്കാത്തവയുണ്ട് എന്നത് പട്ടിക പരിശോധിച്ചാൽ കാണാം. കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് ഉണ്ടാക്കികൊടുക്കാനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

**മില്യൻ വെൽപദ്ധതി.**

ദേശീയ തലത്തിൽ നടപ്പാക്കി വരുന്നതും, ദാരിദ്ര രേഖകൾ താഴെ യുള്ള കുടുംബങ്ങൾക്ക് ജലസേജനകിണർ കുഴിക്കുന്നതിന് പൂർണ്ണമായും ഗ്രാൻറ് അനുവധിക്കുന്ന പദ്ധതിയാണിത്. ഇതനുസരിച്ച് മൊത്തം രണ്ട് എസ്.സി.കുടുംബങ്ങൾക്ക് കിണറുകൾ കുഴിക്കാൻ സഹായം നൽകിയിട്ടുണ്ട്.

**മാതൃശിശു സംരക്ഷണം.**

സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിൽ സംയോജിത ശിശു വികസന സേവന പദ്ധതി പ്രകാരം ഈ പഞ്ചായത്തിലേക്ക് ആകെ 23 അംഗനവാടികൾ അനുവദിച്ചിട്ടുണ്ട്. അതിൽ 19എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടങ്ങളുള്ളത് 3 എണ്ണത്തിനു മാത്രമാണ്. അതിൽ 2എണ്ണം നേരത്തേയുള്ള ബാലവാടികെട്ടിടങ്ങളും,ഒന്ന് 8-ാം വാർഡിൽ കുറിയണാം പറമ്പിൽ, ഗവർമെൻറിൻെറ ഗ്രാൻറും നാട്ടുകാരുടെ സഹകരണത്തോടു കൂടി പൂർത്തിയാക്കിയതാണ്. ബാക്കിയുള്ള അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ടാവേണ്ടതുണ്ട്.

ആറു വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ആരോഗ്യപോക്ഷണ നിലവാരം ഉയർത്തുക കുട്ടികളുടെ ശാരീരക വളർച്ചക്കും ആരോഗ്യ വികസനത്തിന് അടിത്തറ പാക്കുക. ശിശു മരണനിരക്ക് കുറയ്ക്കുക. ഗർഭണികൾക്കും അമ്മമാർക്കും ആരോഗ്യപോക്ഷണ വിദ്യാഭ്യാസം നൽക്കുക എന്നിവയാണ് മുഖ്യമായും ഈ പദ്ധതികൊണ്ട് ഉദേശിക്കുന്നത്.

നിലവിലുള്ള അംഗനവാടികളുടെ എണ്ണം പട്ടിക 7 കാണുക.

പൊതുവെ അംഗനവാടികളുടെ പ്രവർത്തനം തൃപ്തികരമാണ്. അംഗനവാടികളോടനുബന്ധിച്ച് 2 സെൻററുകളിൽ മഹിളാ സമാജവും പ്രവർത്തിക്കുന്നുണ്ട്.

1. കുറ്റാവൂർ മഹിളാ സമാജം
2. കുന്നത്ത് മഹിളാ സമാജം

പ്രതിരോധ കുത്തിവെപ്പുകളും, ഓരോ അംഗനവാടികളിലും ആരോഗ്യ പഠന ക്യാമ്പുകളും മറ്റും നടത്തുന്നുണ്ടെങ്കിലും മഹിളാ സമാജങ്ങൾ

പട്ടിക 7

| ക്രമനമ്പർ | പുതിയത് വാർഡ് | അംഗനവാടിയാഗംങ്ങൾ | പഠിക്കുന്ന കുട്ടികളുടെ എണ്ണം | സ്വന്ത കെട്ടിട മുള്ളത്. |
|---|---|---|---|---|
| 1. | I | കിലക്കേ നെല്ലിപറമ്പ് അംഗനാവാടി | 20 | ഇല്ല. |
| 2. | I | നെല്ലിപറമ്പ് " | 20 | " |
| 3. | I | വെങ്കുളം " | 20 | " |
| 4. | II | ചാലിൽ കുണ്ട് " | 24 | " |
| 5. | II | കല്ലേറ്റിക്കൽ " | 20 | " |
| 6. | II | മമ്പീതി " | 50 | " |
| 7 | III | എടരിപറമ്പ് " | 26 | " |
| 8. | III | അത്താണികുണ്ട് | 30 | " |
| 9. | IV | കരിമ്പിലി | 32 | |
| 10. | | ഒ.കെ.എം.നഗർ | 30 | |
| 11. | | കുന്നത്ത് | 26 | |
| 12. | | ജാറംപടി | 33 | |
| 13. | | കോട്ടുമല | 20 | |
| 14. | | കോട്ടുമല പറനപിൽ | 50 | |
| 15. | | പഞ്ചായത്ത് പടി | 26 | |
| 16. | | കീരൻ കുന്ന് | 30 | |
| 17. | | കരിയങ്ങാട് | 30 | |
| 18. | | നടുമ്പറമ്പ് | 30 | |
| 19. | | കുറ്റാളൂർ | 40 | |
| | | | 557 | |

ഈ പദ്ധതി പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധിച്ച് പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമാക്കേണ്ടതാണ്.

**പെൻഷൻ-ധനസഹായങ്ങൾ.**

ഈ പഞ്ചായത്തിൽ മൊത്തം 211പേർ വിവിധ ക്ഷേമ പദ്ധതികളിൽ പെൻഷൻ വാങ്ങുന്നവരായിട്ടുണ്ട്. അതിൽ വിധവാ പെൻഷൻ 146, വികലാംഗ പെൻഷൻ 32, വാർദ്ധക്യ പെൻഷൻ 33. ഇനിയും അർഹതയുള്ള പലർക്കും പെൻഷൻ കിട്ടാനായിട്ടുണ്ട്. കിട്ടുന്നതുകയാവട്ടെ ഇന്നത്തെ ജീവിത സൂചി കയുമായി തരതമ്യം ചെയ്യുമ്പോൾ വളരെ തുച്ഛമാണ്.

**വിവിധ ക്ഷേമനിധി പ്രവർത്തനങ്ങൾ.**

നിർമ്മാണതൊഴിലാളി ക്ഷേമനിധി,കർഷകത്തൊഴിലാളിക്ഷേമ നിധി, മുതലായവയുടെ പ്രവർത്തനങ്ങൾ പഞ്ചായത്തിനകത്ത് നടന്നു വരുന്നുണ്ട്, എന്നാൽ ഈരംഗത്തുള്ള പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമാണെന്ന് പറയാൻ കഴിയില്ല. എല്ലാ തൊഴിൽ മേഖലകളിലും ക്ഷേമനിധി പ്രവർത്തനങ്ങൾ ഇനിയും വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിൽ രണ്ടു പോസ്റ്റാഫീസുകൾ നിലവിലുണ്ട്. ഒന്ന് കുന്നത്തും മറ്റേത് പുത്തൻ പീടികയിലുമാണ് പ്രവർത്തിക്കുന്നത്. ഇവയുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്.

**വികലാംഗർ.**

ഈ പഞ്ചായത്തിൽ പെൻഷൻ ലഭിക്കുന്ന 32 വികലാംഗരുണ്ട്. കൂടാതെ സാങ്കേതിക പ്രശ്നങ്ങൾ പെൻഷൻ നിഷേധിക്കപ്പെട്ട അപേക്ഷകർ ഇനിയും വളരെയുണ്ട്. ഐ.സി.ടി.എസ്.വകുപ്പുമായി ബന്ധപ്പെട്ട് വികലാംഗകോർപ്പറേഷൻ നടത്തിയ സർവെയിൽ മൊത്തം 248 വികലാംഗരെ കണ്ടെത്തിയിട്ടുണ്ട്. സാങ്കേതികമായി വികലാംഗരെല്ലെങ്കിലും വിവിധ രോഗങ്ങളാൽ പരാശ്രയം കൂടാതെ ജീവിക്കാൻ കഴിയാത്തവരുണ്ട്. സാങ്കേതികതങ്ങൾ ഒഴിവാക്കി അത്തരം ആളുകളെ കൂടി സഹായിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. അതോടൊപ്പം മന്ദബുദ്ധികളായ കുട്ടികളെ കൂടി സംരക്ഷിക്കുന്നതിനുള്ള ചുമലത ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ ജാതീയമായ ഉച്ചനീചത്വങ്ങൾ കുറഞ്ഞു വരുന്നുണ്ടെങ്കിലും മരണാന്തരം, പൊതുശ്മശാനങ്ങളില്ലാത്തതിൻെറ രൂക്ഷമായ സാമൂഹ്യപ്രശ്നങ്ങൾ നില നിൽക്കുന്നുണ്ട്. ഇതിനും പരിഹാരം കാണേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ.**

1. തൊഴിലില്ലാത്ത അവസ്ഥ.
2. പെൻഷൻ ആനുകൂല്യത്തിന് അർഹതയുള്ളവർക്ക് മൊത്തം ലഭിക്കുന്നില്ല.
3. അംഗനവാടികൾക്ക് സ്വന്തമായ കെട്ടിടങ്ങൾ ഇല്ല
4. മഹിളാ സമാജങ്ങളുടെ പ്രവർത്തനം എല്ലാ വാർഡിലും ഇല്ല
5. വിവിധ ക്ഷേമ പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള കാലതാമസം.
6. പുറമ്പോക്ക്. മിച്ചഭൂമി,എന്നിവ അർഹതയവർക്ക് ലഭിക്കാത്ത അവസ്ഥ.
7. പൊതു വിതരണ കേന്ദ്രങ്ങൾ ഇല്ലാത്ത അവസ്ഥ.
8. അംഗനവാടികളിൽ പഠനോപകരണങ്ങളുടേയും കളിക്കോപ്പുകളുടേയും കുറവ്.
9. ജനസംഖ്യാനപാതികമായി അംഗനവാടികൾ ഇല്ലാത്ത അവസ്ഥ.
10. സ്ഥിരം കെട്ടിടമുള്ള അംഗനവാടികളുടെ അറ്റകുറ്റപണികൾ കൃത്യസമയത്ത് നടത്തുന്നില്ല.
11. പൊതുശ്മശാനങ്ങൾ.

**സാധ്യതകൾ.**

1. സർക്കാരിൻെറ സ്വയം തൊഴിൽ പദ്ധതികൾ വ്യാപിപ്പിക്കുക. കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക.
2. വിവിധ പെൻഷനുകൾ കാലോചിതമായി പരിഷ്കരിക്കുക.
3. പെൻഷൻ അനുവദിക്കുന്നതിനുള്ള സാങ്കേതി

കതങ്ങാം ഒഴിവാക്കി എല്ലാ പെൻഷനുകളും അനുവദിക്കാനുള്ള അധികാരങ്ങാം ഗ്രാമപഞ്ചായത്തിന് നൽക്കുക.

4. കെട്ടിടങ്ങളില്ലാത്ത എല്ലാ അംഗനവാടികാംക്കും കെട്ടിടങ്ങാം നിർമ്മിക്കുക. അംഗന വാടികളിലെ പ്രവർത്തന നിലവാരം ഉയർത്താനുള്ള സൗകര്യങ്ങാം ഏർപ്പെടുത്തുക.

5. മഹിളാ സമാജങ്ങളുടെ പ്രവർത്തനം എല്ലാ അംഗനവാടികളുമായി സംയോജിപ്പിക്കുക. വനിതകാംക്ക് കൂട്ടായ തൊഴിൽ പരിശീലനങ്ങാംക്കായിസ്ഥിരം സംവിധാനങ്ങാം ഉണ്ടാക്കുക.

6. തൊഴിലില്ലായ്മ പരിഹരിക്കാനുള്ള മിനിവ്യവസായ യൂണിറ്റുകാം സ്ഥാപിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക. നിലവിലുള്ളവയുടെ പ്രവർത്തനങ്ങാം വിലയിരുത്തി വേണ്ട വിധത്തിലുള്ള പ്രോത്സാഹനങ്ങാം നൽക്കുക.

7. അർഹരായവർക്ക് മിച്ചഭൂമി അനുവദിക്കുക.

8. ജനസംഖ്യനുപാതികമായി അംഗനവാടികാം അനുവദിക്കുക.

9. പൊതുശ്മശാനങ്ങാം സ്ഥാപിക്കുക.

10. വികലാംഗർ, മന്ദബുദ്ധികാം, എന്നിവരുടെ പഠനത്തിനു പുനരധിവാസത്തിനും പ്രതേക സംവിധാനങ്ങാം ഏർപ്പെടുത്തുക.

11. വികലാംഗർക്കു പ്രതേകമായി (മാത്രമായി)പെട്ടിക്കടകാം,STDബുത്തുകാം എന്നിവ നടത്താനുള്ള ലൈസൻസുകാം നൽക്കുക.

അത് വികലാംഗർക്കു തന്നെ ലഭിക്കുന്നുണ്ടെന്നുള്ള ഉറപ്പു വരുത്തുക.

12. റേഷൻ ഷോപ്പുകളുടെ ദൂരപരിധി പുനർനിർണ്ണയം ചെയ്യുക. 300 കാർഡുകാംക്ക് ഒരു പൊതുവിതരണ കേന്ദ്രം എന്ന നിലയിൽ പുതിയ ഷോപ്പുകാം അനുവദിക്കുക. ഉപഭോകൃത സംരക്ഷണ സമിതികാം രൂപീകരിക്കുക. പഞ്ചായത്ത് തലത്തിൽ നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

13. എല്ലാ തൊഴിലാളികളേയും ക്ഷേമപദ്ധതിയുടെ കീഴിൽ കൊണ്ടുവരിക.

14. പഞ്ചായത്തിൽ ഒരു സാംസ്കാരികനിലയം നിർമ്മിക്കുക.

15. പൊതുവിതരണ സംവിധാനമായ മാവേലി സേറ്റാർ പഞ്ചായത്ത് തലത്തിൽ ഒന്നെങ്കിലും സ്ഥാപിക്കുക.

**പൊതു വതരണരംഗം.**

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പൊതുവിതരണ രംഗത്ത് ആകെ '6'റേഷൻ ഷോപ്പുകാം മാത്രമാണ്. ആശ്രയം. പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം ഇവ വളരെ പരിമിതമാണ്. നിലവിലുള്ള 10 വാർഡുകളിൽ തന്നെ പൂർണ്ണമായും റേഷൻ വിതരണ കേന്ദ്രങ്ങളില്ല. നിലവിലുള്ള തന്നെ 6 വാർഡുകളിൽ മാത്രം കേന്ദ്രീകരിച്ചാണുള്ളത്. ഇതു മൂലം പല ഭാഗങ്ങളിൽ നിന്നും റേഷൻസാധനങ്ങാം വാങ്ങാൻ കിലോമീറ്ററുകളോളം നടക്കേണ്ടതുണ്ട്. ചുരുങ്ങിയത് 300 കുടുംബങ്ങാംക്ക് ഒരു റേഷൻ ഷോപ്പും എന്ന നിലയിൽ കടകളുടെ ദൂരപരിധിക്കുറച്ച് പൊതുവിരണരംഗം പരിഷ്ക്കരിക്കേണ്ടതുണ്ട്.

പൊതു വിതരണ രംഗത്ത് സൂപ്പർമാർക്കറ്റുകളോ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ഇത്തരത്തിലുള്ള ഒരു സ്ഥാപനം ഈ പഞ്ചായത്തിൽ അനിവാര്യമാണ്. നിലവിലുള്ള പൊതുവിതരണരംഗത്തെ അഴിമതികാം ഒഴിവാക്കാൻ പഞ്ചായത്ത് തലത്തിലും പൊതുവിതരണ കേന്ദ്രങ്ങാം സ്ഥിതിചെയ്യുന്ന വാർഡുതലത്തിലും ഉപഭോക്ത സംരക്ഷണ സമിതികാം രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. അതുപോലെ തന്നെ നിലവിലുള്ള സഹകരണ സംഘങ്ങാം വഴിയും പൊതു വിതരണ ശൃംഖല ഏറ്റെടുത്ത് കാര്യക്ഷമമായി നടത്തിക്കൊണ്ടു പോകാവുന്നതാണ്...

ജനനവും മരണവും 21 ദിവസിത്തിനകം
രജിസ്റ്റർ ചെയ്യാൻ മറക്കരുത്
ഇത് നിർബന്ധമാണ്.



# സംസ്കാരം

വടക്ക് ഊരകം മലയും തെക്ക് കടലുണ്ടി പുഴയും കിഴക്ക് മലപ്പുറം മുൻസിപ്പാലിറ്റിയും പടിഞ്ഞാറ് വേങ്ങര,പറവ്വൂർ പഞ്ചായത്തുകാംക്കുമിടയിലായി അതിമനോഹരമായ ഭൂപ്രകൃതിയോടുകൂടി വ്യാപിച്ചു കിടക്കുന്ന ഊരകം ഗ്രാമത്തിന് അതി പുരാതനമായ ഒരു സാംസ്ക്കാരിക ചരിത്രമുണ്ട്. രാജഭരണത്തന്റെയും ജന്മിമാരുടേയും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെയും ചൂക്ഷണത്തന്റെ തിക്തഫലങ്ങാം അനുഭവിക്കുന്നതിടയിലും ഗ്രാമീണതയുടെ സൗകര്യവും സ്നേഹത്തിന്റെ ഊഷ്മളതയും നെഞ്ചേറ്റി ലാളിച്ചുകൊണ്ട് യജമാനന്മാരോടുള്ള അടങ്ങാത്ത അമർഷവും ഉാംകൊണ്ട് തനതായ സാംസ്കാരിക പൈതൃകം വളർത്തിയെടുക്കാൻ ഈ ഗ്രാമത്തിലെ പൂർവ്വികർ ദത്തശ്രദ്ധരായിരുന്നു.

സാംസ്കാരികക ചരിത്രത്തിന്റെ വേരുകാം അന്വേഷിച്ചുപോകുന്ന ഒരു ചരിത്ര വിദ്യാർത്ഥിക്ക് ഈ ഗ്രാമത്തിന്റെ ഉത്തരഭാഗത്ത് സമുദ്രനിരപ്പിൽ നിന്ന് 1573 അടി ഉയരത്തിൽ തലയുയർത്തി നിൽകുന്ന ഊരകം മലയുടെ നെറുകയിൽ ഒരു ജനതയുടെ അദ്ധ്വാനശക്തിയും കലാവൈഭവത്തിന്റെയും ശ്രീകോവിലായി നിലനിൽക്കുന്ന തിരുവർച്ചനാംകുന്ന് ശ്രീ ശങ്കരനാരായണസ്വാമി ക്ഷേത്രം കാണാം. അതിപുരാതനമായ ഈ ക്ഷേത്രം കൃഷ്ണശിലയാൽ നിർമ്മിതമാണ്. കാലത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാൻ കഴിഞ്ഞു എന്ന്പൂർണ്ണമായും പറയാൻ കഴിയില്ലെങ്കിലും ഒരു ജനതയുടെ സാംസ്കാരികബോധത്തിന്റെ നിദർശനമായി ഇത് ഇന്നും നിലനിൽക്കുന്നു. അക്കാലത്തെ മനുഷ്യമനസ്സിലെ സ്നേഹത്തിന്റെ നീരുറവപോലെ ക്ഷേത്ര പരിസരത്ത് പ്രകൃതിയുടെ വരദാനമായ ഒരിക്കലും വറ്റാത്ത മൂന്ന് നീരുറവയുണ്ട്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ ഉദാത്തമായ തെളിവുകളാണ് ഗ്രാമത്തിന്റെ നാനാഭാഗങ്ങവിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രങ്ങാം,കുറ്റാളൂർ വിഷ്ണു ക്ഷേത്രം, അയ്യപ്പക്ഷേത്രം, ഊരകത്തെ അമ്മാഞ്ചേരിക്കാവ്, കോട്ടുമല ശ്രീരാമസ്വാമീക്ഷേത്രം,മാടത്തുകുളങ്ങര അയ്യപ്പക്ഷേത്രം, കോങ്കടപ്പാറയിലെ വേട്ടക്കൊരുമകൻ ക്ഷേത്രം,മമ്പീതി സുബ്രഹ്മണ്യക്ഷേത്രം, തേർ പൂജാക്കോവിൽ,അയോദ്ധ്യഭഗവതി ക്ഷേത്രം എന്നിവയാണ് പ്രധാന ക്ഷേത്രങ്ങാം.

ഗ്രാമത്തിന്റെ നാനാഭാഗങ്ങളിലായി കിടക്കുന്ന മുസ്ലീം ആരാധനാലയങ്ങളിൽ മൂന്നൂറിലധികം വർഷം പഴക്കമുള്ള നെല്ലിപ്പറമ്പ് ജുമാമസ്ജിദ് വളരെ പ്രശസ്തമാണ്. പ്രശംസ്തരായ പാണക്കാട് പൂക്കോയതങ്ങാം,മതപണ്ഡിതമായ കണ്ണിയത്ത് അഹമ്മദ് മുസ്ലീയാർ, എന്നിവരെപോലുള്ള പല പ്രമുഖരും ഈ മസ്ജിദിൽ നിന്ന് മതവിദ്യാഭ്യാസം നേടിയിട്ടുണ്ട്. പ്രാചീന വാസ്തുശില്പ വിദ്യയുടെ മകുടോദാഹരണമാണ് ഈ പള്ളി. ഇന്നും പഴയരീതിയിൽ തന്നെ സംരക്ഷിക്കപ്പെടുകയും ആചാരാനുക്ഷ്ടാനങ്ങാം അതേരീതിയിൽ തുടരുകയും ചെയ്യുന്ന പള്ളിയാണിത്.

മറ്റു പ്രധാന മുസ്ലീം ആരാധാനാലയങ്ങളായ ജുമാഅത്ത് പള്ളിക്കകളാണ്,യാറംകോണിത്തോട് പള്ളി, ചാലിക്കുണ്ട്,തേക്കിൽപള്ളി,കാരാതോട് ആർവിയാൽ പള്ളി,കുന്നത്ത് പള്ളി,കോട്ടുമല പറമ്പിൽ പള്ളി,പുളിക്കപറമ്പ് പള്ളി,കുന്നത്ത് പള്ളി,മമ്പീതി പള്ളി,വെങ്കുള്ളം പള്ളി,പാറക്കണ്ണി പള്ളി,നെടുംപറമ്പ് ഈസ്റ്റ് പള്ളി, നെടും പറമ്പ് വെസ്റ്റ് പള്ളി എന്നിവയാണ് കൂടാതെ ധാരാളം നിസ്കാരപള്ളികളുണ്ട്. ഊരകം മലയിലെ ഫാതിമാ മാതാ ദേവാലയം, ക്രിസ്തു രാജാ ദേവാലയം, ഒമ്പതാം വാർഡിലെ മാർത്തോമാ ദേവാലയം എന്നീ മൂന്നു ക്രിസത്യൻ പള്ളിള്ളുണ്ട്.

## ഉത്സവങ്ങൾ ആഘോഷങ്ങൾ

1. ഗ്രാമത്തിലെ എല്ലാ വിഭാഗം ജനങ്ങളും പരസ്പരാദരവുളോടെ ആഘോഷങ്ങളിൽ പങ്ക് ചേരുന്നു. ശങ്കരനാരായണ ക്ഷേത്രത്തിൽ തുലാംമാസത്തിലെ തിരുവോണനാളിലെ തിരുവോണമലകയറ്റം നടക്കുന്നു.ഇതിൽ നാനാപ്രദേശങ്ങളിൽ നിന്നും ആളുകൾഎത്തുന്നു. ശ്രീകൃഷ്ണജയന്തിയോടനുബന്ധിച്ചുള്ള ശോഭയാത്ര,മാടത്തുകുളങ്ങരക്ഷേത്രത്തിലെ അഗണ്ഡനാമ യക്ഞത്തിലും ഭക്തിപൂർവ്വം ആഘോഷക്കാരുണ്ട്.മദ്രസ്സകളിൽ ഉണ്ടാവുന്ന വാർഷികാഘോഷങ്ങൾ,നബിദിനാഘോഷങ്ങൾ,ജിലാനിദിനം എന്നിവയും ഈ പഞ്ചായത്തിലെ ഉത്സവങ്ങളാകാറുണ്ട്. ഊരകം മലയിലെ ഫാതിമാ മാതാ ദേവാലയത്തിലെ പള്ളിപെരുന്നാൾ, ക്രിസ്തുമസ് എന്നിവ നാനാവിഭാഗം ജനങ്ങൾ പങ്കെടുക്കുന്ന ആഘോഷങ്ങളാണ്. മലയാളികളുടെ ദേശീയോത്സവമായ ഓണാഘോഷപരിപാടികൾ മതസൗഹാർദ്ദത്തിൻെറ ഉത്തമ ഭാഗമാണ്. ഗ്രാമപഞ്ചായത്തിലെ ഭൂമി തിരുവർച്ചനാകുന്ന് ദേവസ്വം,ഗുരുവായൂർ ദേവസ്വം,പൊതുവാൾ,കുറിരിപ്പുറം എന്നീ ജന്മികുടുംബങ്ങവുടെ അധികാര പരിതിയിലായിരുന്നു. പഴയകാലത്ത് ഗ്രാമകൂട്ടങ്ങൾ ഊരാളന്മാരിൽ ഭരിക്കപ്പെട്ടു.

കാരഷിക്കോൽപന്നങ്ങളാണ് ഗ്രാമത്തിൻെറ സമ്പത്ത്, അവ പൂർണ്ണമായും ജന്മിമാരുടെ കൈകളിലായിരുന്നു. പകലന്തിയോളം പറമ്പിലും പാടത്തും പണിയെടുത്താലും പാവം കുടിയാൻെറ കുടിലിൽ കഞ്ഞിവെക്കണമെങ്കിൽ ജന്മി പ്രസാദിക്കണമായിരുന്നു. ഇതു മാത്രമല്ല വസ്ത്രം ധരിക്കുന്നതും,ശീലക്കുടചൂടുന്നതും ജന്മിമാരുടെ ആഢ്യത്വത്തിനെതിരെയുള്ള വെല്ലുവിളികളായി കരുതി ക്രൂരമായ ശിക്ഷ നല്കിയിരുന്നു. ജന്മിത്വവ്യവസ്ഥയിൽ വീർപ്പുമുട്ടുമ്പോഴും കാരഷികവിനോദങ്ങളിൽ ഏർപ്പെടുവാൻ ഇവിടത്തെ ജനതയ്ക്ക് കഴിഞ്ഞിരിന്നു. കൃഷിക്കാരുടെ നേതൃത്വത്തിൽ കാളപൂട്ട് മത്സരങ്ങൾ കൊയ്തുത്സവത്തിനു ശേഷമുള്ള ജനകീയ ഉത്സവങ്ങളായിരുന്നു. കോട്ടുമല കാളപൂട്ട് വളരെയേറെ പ്രശസ്തമായിരുന്നു.

"കാളപൂട്ടിൻെറ അതിശയം  
പലരും പറഞ്ഞേ പൂതി- എൻെറ  
കാലികൾകൊണ്ടൊരുദിനം  
ഞാൻ അണഞ്ഞേചെതി."

എന്നിങ്ങനെയുള്ള പാട്ടുകൾ സന്തോഷത്തോടുകൂടി ചൊല്ലിയിരുന്ന കാരണവർമാൻ ഗതകാല സമൃതിയിയേയും ഐശ്വര്യത്തെയും കുറിച്ച് ഇന്നും അഭിമാനം കൊള്ളുന്നു. മാണിത്തോടി ച്ചേക്കു,കമ്മൂത്ത്ചാരു, എന്നിവർ ഈ ഗ്രാമത്തിലെ പ്രഗൽഭരായ കാളപൂട്ടുകാരാണ്. കുറ്റിപുറത്ത് രാരുപണിക്കർ,പാണ്ടിക്കടവത്ത് കുഞ്ഞാലികുട്ടി ഹാജി,വേരേങ്ങൽ മൂസ്സകുട്ടി ഹാജി,വള്ളിക്കാടൻ മൂസ്സ എന്നിവർ കാളപൂട്ട് മത്സരങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന കൃഷിക്കാരായിരുന്നു. കാർഷിക ആഭിമുഖ്യമുള്ളതും ജീവിത ഗന്ധിയുമായ ഈ സംസ്കാരം കാലാന്തരത്തിൽ കൈമോശം വന്നുകൊണ്ടിരിക്കുകയാണ്.

ഗോത്രസംസ്കാരത്തിൻെറ ഭാഗമായി നിലനിൽക്കുന്ന കലാരൂപങ്ങൾ ഗ്രാമത്തിൽ ഇന്നും നിലനിൽകുന്നു. മണ്ണാർ,പറയർ,കണക്കർ,ചെറുമക്കൾ,കള്ളാടികൾ,ആശാരി,മൂശാരി,പണിക്കർ,മേനോൻ,കുറുപ്പ് എന്നിവരാണ് ഹിന്ദുവിഭാഗങ്ങളിൽ ചിലത്,ഭൂതംകളി,ചവിട്ടുകളി,പരിചമുട്ട്,കോൽക്കളി,വട്ടപ്പാട്ട്,നടീൽപാട്ട്,ദപ്പ്മുട്ട്, കൈകൊട്ടിക്കളി,മാപ്പിളപ്പാട്ട്, എന്നിവയൊക്കെ ഈ ഗ്രാമത്തിൻെറ സാംസ്കാരിക വളർച്ചയുടെ തെളിവുകളാണ്. താളബോധവും മെയ്യഭ്യാസവും,ഒത്തിണങ്ങിയ ഗ്രാമീണ കലാരൂപമായ കോൽക്കളി രംഗത്തെ പ്രശസ്ത ആശാനായ പരവക്കൽ മുഹമ്മദ് തൻെറ സംഘത്തോടൊപ്പം ക്രാൽക്കളിയെ വളർത്തിയെടുക്കാൻ ഇപ്പോഴും അശ്രാന്ത പരിശ്രമം നടത്തുകയാണ്. കല്യാണവുമായി ബന്ധപ്പെട്ട് ആളുകൾ കൂടിയിരുന്ന് സന്തോഷം പ്രകടിപ്പിക്കാനായി ചൊല്ലിയിരുന്ന പാട്ടാണ് 'വട്ടപ്പാട്ട്' ഈ രംഗത്ത് പ്രശസ്തരായ താഴെത്തെ വീട്ടിൽ കുഞ്ഞഹമ്മദ് കുണ്ടുംകാരൻ മൊയ്തൂട്ടി തട്ടാൻ മുഹമ്മദ് എന്നിവരും മാപ്പിളപ്പാട്ടുകളെഴുതി പ്രശസ്തനായ അരിമ്പതൊടി മമ്മാലിക്കുട്ടി ഹാജിയും ഈ ഗ്രാമത്തിൻെറ സന്തതികളാണ്. കൽപടവ് രംഗത്ത് ശ്രീ.കടിഞ്ഞികുറുപ്പ് തൻെറതായ സംഭാവനകൾ ഇപ്പോഴും തുടരുന്നു.

കേരള സാംസ്കാരിക രംഗം സമ്പുഷ്ടമാക്കിയ മലയാള സാഹിത്യത്തിലെ കൊള്ളിമീനായ മഹാകവി വി.സി.ബാലകൃഷ്ണപ്പണിക്കരുടെ ജന്മം കൊണ്ട് അനുഗ്രഹീതമാണ് ഈ ഗ്രാമം വാസ്തുവിദ്യാവിദഗ്ധരായ കുഞ്ഞയ്യപ്പനാശാരി,കുഞ്ഞുആശാരി,വെളുത്ത പറങ്ങോടൻ,വിഷചികിത്സാരംഗത്തെ മമ്മത്തൻ എന്ന ആലുക്കൽ മുഹമ്മദ് ഹസ്സൻ,ഏനിക്കുട്ടിഹാജി,ബാലചികിത്സകൻ മാട്ടിൽ വീരാൻകുട്ടിമൊല്ല,ഓടക്കൽ കുഞ്ഞിമുഹമ്മദ് മുസ്ലിയാർ,ആയുർവേദരംഗത്തെ പ്രക്ൽപന്നായിരുന്നു. ആര്യവൈദ്യ പെരുണ്ണി വൈദ്യർ,കുറിഞ്ഞിക്കാട് കുഞ്ഞിരാമൻ വൈദ്യർ,ഉത്സവങ്ങളുമായി ബന്ധപ്പെട്ട തട്ടുകൊടി വിദ്ഗ്ദൻ ശങ്കരമാരാർ എന്നിവർ ഇവിടത്തെ സാംസ്കാരിക ചരിത്രത്തെ സമ്പന്നമാക്കിയവരാണ്.

വിദ്യാലയങ്ങളില്ലാത്ത കാലത്ത് വീടിനോട് ചേർന്ന് എഴുത്ത് തറയുണ്ടാക്കി വിദ്യപകർന്നുകൊടുത്തത് നാട്ടെഴുത്തച്ഛൻ മാരായിരുന്നു. മഹാകവി വി.സി.യുടെ ഗുരുവായിരുന്ന കറുപ്പൻ പൂശാരിയെപ്പോലെ ഗ്രാമത്തിൻെറ വിദ്യാരംഗത്തെ പരിപോഷിപ്പിക്കാൻ മുന്നോട്ട് വന്ന നാട്ടെഴുത്തച്ഛന്മാർ ഒട്ടനവധി ഉണ്ടായിരുന്നു. കൂടാതെ മൊല്ലാക്കമാരുടെ നേതൃത്വത്തിൽ ഓത്തുപള്ളികളിൽ വച്ച് അക്ഷരം പകർന്നിരുന്നു. ഗ്രാമീണജനതയെ ഹരിശ്രീയിലേക്ക് നയിച്ച ഈ നാട്ടെഴുത്തച്ഛന്മാരും മൊല്ലാക്കമാരും ആണ് ഊരത്തിൻെറ സാംസ്കാരിക ചരിത്രത്തിന് അടിത്തറ പാകിയത്.

നെല്ലിപ്പറമ്പിലെ 'കുട്ടി' എന്നറിയപ്പെട്ടിരുന്ന'ഓടക്കൽ അബ്ദറഹ്മാൻ കുട്ടി മുസ്ല്യാർ' ഏതൊരു പ്രശ്നത്തിനും ന്യായയുക്തമായ പരിഹാരം കണ്ടെത്തിയിരുന്ന മഹത് വ്യക്തിയായിരുന്നു. ആത്മീയ രംഗത്ത് പ്രശസ്തനായിരുന്ന ഓടക്കൽ ആലസ്സൻകുട്ടിമുസ്ല്യാർ ജനമനസ്സിൽ ഇന്നും ജീവിക്കുന്നു.

കലയും സംസ്കാരവും വളർത്തിയെടുക്കുന്നതിന് പഞ്ചായത്തിലെ കലാസമിതികളും ക്ലബുകളും ഗ്രന്ഥാലയങ്ങളും വിദ്യാലയങ്ങളും സജീവമായി പങ്കു വഹിക്കുന്നു. ഇവിടെ '8'ലോവർ പ്രൈമറി സ്ക്കൂളുകളും 2 അപ്പർ പ്രൈമറി സ്ക്കൂളുകളും2 ഹൈസ്ക്കൂളുകളും ഒരു

നവോദയവിദ്യാലയവും അടക്കം 13 അംഗീകൃത വിദ്യാലയങ്ങാം പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ 3 ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളും 19 അംഗൻവാടികളും പഞ്ചായത്തിലുണ്ട്. മുസ്ലീം മതവിദ്യാ കേന്ദ്രങ്ങളായ 27 മദ്രസകളും പ്രവർത്തിക്കുന്നു.

വായനാശീലം പരിപോഷിപ്പിക്കുന്നതിനായി വായനശാലകളും ക്ലബുകളും പ്രവർത്തിക്കുന്നു. വർത്തമാന പത്രങ്ങാംക്കായി പഞ്ചായത്ത് സഹായം ലഭ്യമാക്കുന്ന 4 സ്ഥാപനങ്ങാം ഇവിടെയുണ്ട്. മഹാകവി വി.സി.ബാലകൃഷ്ണപ്പണിക്കർ സ്മാരക വായനശാല, ഗ്രന്ഥശാല സംഘവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. സ്ഥാപിക്കപ്പെട്ട് വർഷങ്ങളേറെ കഴിഞ്ഞെങ്കിലും ഇപ്പോഴും ശൈശവദശ പിന്നിട്ടുയെന്നുപറയാൻ കഴിയില്ല. ആയിരക്കണക്കിന് പുസ്തകങ്ങളുണ്ടെങ്കിലും വായനക്കാരുടെ എണ്ണം നോക്കുമ്പോാം ശരാശരി പുസ്തകവായന നിരക്ക് കുറഞ്ഞുവരുന്നതായി കാണാം. യംഗ് മെൻസ് ലൈബ്രറി റീഡിംഗ്റൂം. യംഗ്ഡ് ബ്രദേഴ്സ് സ്പോർട്ട്സ് ആർട്ടസ് ക്ലബ് കോട്ടുമല, കുറ്റാളൂർ യുവജന ജോതിസ് മഹിളാ സമാജം,പുത്തൻ പീടിക നാടകസംഘങ്ങാം,നെഹറുസ് പോർട്ട്സ് ആൻഡ് ആർട്ട്സ് ക്ലബ്,പുത്തൻ പീടിക, പാറകണ്ണി യുവജന സ്പോർട്ട്സ് ആൻഡ് ആർട്ടസ് ക്ലബ്, ഒ.കെ.യം.നഗർ മോർണിംഗ് സ്റ്റാർ സ്പോർട്ട്സ് ആർട്ടസ് ക്ലബ് , പള്ളിപടി കൈരളി സ്പോർട്ട്സ് ആർട്ടസ് ക്ലബ് മുതലായ സ്ഥാപനങ്ങാം കലാകായിക പരിപാടികാം സംഘടിപ്പിക്കാറുണ്ട്.ദിനപത്രങ്ങളായ മനോരമ,മാതൃഭൂമി,ചന്ദ്രിക,ദേശാഭിമാനി,മംഗളം,മാധ്യമം,കേരളകൗമദി എന്നിവ ഈ ഗ്രാമത്തിൽ പ്രചരിച്ചിട്ടുണ്ട്. റേഡിയോ,ടി.വി.എന്നീ മാധ്യമങ്ങളും നിലവിലുണ്ട്. ടെലിവിഷന്റെ സ്വാധീനം വളരെ വേഗം വർധിച്ചുവരുന്നതായി കാണാം.

മികവുറ്റ സാംസ്കാരിക പാരമ്പര്യമുള്ള ഇവിടത്തെ നാടൻ കലാ രൂപങ്ങാം പുനരുജ്ജീവിപ്പിക്കാനും സാംസ്കാരിക രംഗത്തുള്ളവരെ കർമ്മരംഗത്തേക്ക് കൊണ്ടുവരാനും പുതിയ തലമുറയെ മണ്ണിന്റെ മണമുള്ള നമ്മുടെ ഗ്രാമീണ സംസ്കാരത്തിന്റെ അന്തഃസത്ത ഉാംകൊാംവാൻ പ്രേരിപ്പിക്കാനും അതോടൊപ്പം കേരളീയ സംസ്കാരത്തിന്റെ മഹത്വമാർന്ന പാരമ്പര്യം ആർജിക്കാനും

| വാർഡ് | അമ്പലം | പ്രധാന മുസ്ലീം പള്ളികാം | ക്രിസ്ത്യൻ പള്ളികാം |
|---|---|---|---|
| I | | ജുമാ മസ്ജിദ് നെല്ലിപ്പറമ്പ് | |
| II | സുബ്രഹ്മണ്യ ക്ഷേത്രം (മമ്പീതി) | ജുമാ മസ്ജിദ്. ചാലിൽ കണ്ട്<br>ജുമാ മസ്ജിദ്. മമ്പീതി | |
| III | മഹാവിഷ്ണു ക്ഷേത്രം (കുറ്റാളൂർ)<br>അയ്യപ്പ ക്ഷേത്രം (കുറ്റാളൂർ) | ബദരിയ്യാ നഗർ മസ്ജിദ് കുറ്റാളൂർ | |
| IV | | ജുമാ മസ്ജിദ്. കുന്നത്ത്<br>ജുമാ മസ്ജിദ്. പുളിക്കപ്പറമ്പ്<br>ജുമാ മസ്ജിദ്. പാറക്കണ്ണി | |
| V | ഊരകം അമ്മാഞ്ചേരി കാവ് | ജുമാ മസ്ജിദ്. യാറംകോണിത്തോട് | |
| VI | ശ്രീരാമസ്വാമി ക്ഷേത്രം (കോട്ടുമല) | ജുമാ മസ്ജിദ്. കാരത്തോട് ആർവിയാൽ<br>ജുമാ മസ്ജിദ്. കോട്ടുമലപറമ്പിൽ | |
| VII | | വെങ്കുളം ജുമാ മസ്ജിദ് | |
| VIII | | ജുമാ മസ്ജിദ്. പുത്തമ്പീടിക. മുക്കം | ഫാത്തിമമാതാ ദേവാലയം |
| IX | | ജുമാ മസ്ജിദ്. നെടുമ്പറമ്പ് ഈസ്റ്റ്<br>ജുമാ മസ്ജിദ്. നെടുമ്പറമ്പ് ഈസ്റ്റ് | മാർതോമാ ദേവാലയം |
| X | മാടത്ത് കുളങ്ങര അയ്യപ്പ ക്ഷേത്രം<br>കോങ്കടപ്പാറയിലെ വേട്ടെക്കൊരു മകൻ വരദേവത ക്ഷേത്രം<br>അയോദ്ധ ഭഗവതി ക്ഷേത്രം<br>അമ്പലം ചുറ്റി ശ്രീ.ശങ്കര നാരായണ ക്ഷേത്രം<br>തൃശ്ശനാം കുന്ന് | | നടുവക്കാട് കൃസ്തുരാജാ ദേവാലയം |

## പഞ്ചായത്തിൻെറ സാമൂഹ്യ സാംസ്കാരിക സ്ഥാപനങ്ങറം

| വാർഡ് | സാംസ്കാരിക സ്ഥാപനങ്ങഴറം | സ്ഥലം |
|---|---|---|
| 1 | നാസ്കോ ക്ലബ്ബ് | നെല്ലിപ്പറമ്പ് |
| 2 | കൈരളി സ്പോർട്സ് | മമ്പീതി |
| 3 | a മോണിംഗ് സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്ബ്<br>b വി.സി. ബാലകൃഷ്ണ പണിക്കർ സ്മാരക വായന ശാല<br>c യംഗ് മെൻസ് ലൈബ്രറി | ഒ.കെ.എം. നഗർ<br>നായർ പീടിക<br>കുറ്റാളൂർ |
| 4 | യുവജന സ്പോർട്സ് & ആർട്സ് ക്ലബ്ബ് | പാറക്കണ്ണി |
| 5 | കൈരളി ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഊരകം യാറം |
| 6 | യംഗ് ബ്രദേഴ്സ് സ്പോർട്സ് & ഗ്രന്ഥശാല | കോട്ടുമല |
| 7 | | |
| 8 | a നെഹ്റു യുവജന സ്പോർട്സ് & ആർട്സ് ക്ലബ്ബ്<br>b ഫിഫാ ക്ലബ്ബ് | പുത്തൻ പീടിക<br>കാരാതോട് |
| 9 | കുറ്റാളൂർ പൊതു ജന പാർട്ടി | എട്ടാം കല്ല് |
| 10 | | |

നമുക്ക് കഴിയണം അതിനായുള്ള ജനകീയ ശംഖൊലി ഉയർത്താൻ അരയും തലയും മുറുക്കി ഇറങ്ങേണ്ടിയിരിക്കുന്നു.

സാംസ്കാരിക രംഗത്തെ പ്രശ്നങ്ങറം എല്ലാ ഗ്രാമസഭകളിൽ നിന്നു മുയർന്നുവരുന്നു. അവ താഴെ കൊടുക്കുന്നു.

1. നാടൻ കലകളായ കളരിപ്പയറ്റ്,കോൽക്കളി,ചവിട്ടുകളി,പരിചമുട്ടുകളി,പൂതം കളി,വട്ടപ്പാട്ട്,നടീൽപ്പാട്ടം,ദഫ്മുട്ട് എന്നിവ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. നാടൻ കലാകാരൻന്മാർക്ക് പ്രോത്സാഹനമോ ധനസഹായമോ ലഭിക്കുന്നില്ല. നാടൻ കലകളുടെ പ്രോത്സഹനത്തിനായി സ്ഥാപനങ്ങളില്ല.

2.പഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയമില്ല.

3. നിലവിലുള്ള ഗ്രന്ഥാലയങ്ങറംക്ക് സുരക്ഷിതത്വമായ കെട്ടിടങ്ങളില്ല. ചില ക്ലബ്ബുകളിലും വായനശാലകളിലും ദിനപത്രം വരുത്താറില്ല. എല്ലാവാർഡുകളിലും വായനശാലകളോ ഗ്രന്ഥാലയങ്ങളോ ഇല്ല.

4. നിലവിലുള്ള ക്ലബുകറംക്ക് സ്വന്തമായ കെട്ടിടങ്ങളില്ല. ആവശ്യമായ പ്രോത്സാഹനങ്ങറം ലഭിക്കുന്നില്ല. വിവിധ സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങവുമായി ബന്ധപ്പെടാറില്ല.

5. സംസ്കാരിക നായകന്മാരും കലാകാരന്മാരും യഥോചിതം ആദരിക്കപ്പെടുന്നില്ല.

6. പഞ്ചായത്തിലെ എല്ലാവാർഡുകളിലും കളിസ്ലങ്ങളില്ല.

7. തീർത്ഥാടന കേന്ദ്രമായ തിരുവർച്ചനാംകുന്നിലേക്ക് ഗതാഗത സൗകര്യങ്ങളില്ല.

8. കലാകായിക മത്സരങ്ങളിൽ ശരിയായ പങ്കാളിത്തമില്ല.

### സാധ്യതകറം

1. പഞ്ചായത്തിൽ നിലനിന്നിരുന്ന നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും സാംസ്കാരികസ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഒരു സംസ്കാരിക നിലയം സ്ഥാപിക്കാം.

2. നാടൻ കലാകാരന്മാരെ ആദരിക്കാനും അർഹമായവർക്ക് ധനസഹായം നൽകുന്നതിനും സംവിധാനങ്ങളുണ്ടാക്കാം.

3. പഞ്ചായത്തിലെ എല്ലാവാർഡുകളിലും വായനശാലകറം സ്ഥാപിക്കാം നിലവിലുള്ള ക്ലബുകളെ വിവിധ സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്താം. സ്ഥലസൗകര്യമുള്ള സ്ഥലങ്ങളിൽ കളിസ്ഥലനിർമ്മാണത്തിന് ജനകീയ പങ്കാളിത്തത്തോടെ പ്രവർത്തിക്കാം. ക്ലബുകറംക്ക് സ്പോർട്ട്സ് കിറ്റുകറം അനുവദിക്കുക.

4. പുരാതന ക്ഷേത്രങ്ങറം ശരിയായ രീതിയിൽ സംരക്ഷിക്കുവാൻ അവബോധമുണ്ടാക്കണം. തീർത്ഥാടനകേന്ദ്രമായ ഊരകം മലയിലേക്ക് ഗതാഗത സൗകര്യങ്ങറം സുഗമമാക്കുക.

5. സാഹിത്യപ്രതിഭയായിരുന്ന മഹാകവി വി.സി.യുടെ സ്മാരക മന്ദിരത്തിൻെറ നിർമ്മാണ പ്രവർത്തനങ്ങറം ത്വരിത ഗതിയിലാക്കുവാൻ ജനകീയ തീരുമാനമുണ്ടാക്കുക.

6. എല്ലാ വിഭാഗം ജനതയെയും ഏകോപിപ്പിക്കുന്നതിന് അതാത് വിഭാഗത്തിൻെറ സാംസ്കാരിക തനിമ ഉറംകൊള്ളുന്ന കലാപരിപാടികറം പഞ്ചായത്തടിസ്ഥാനത്തിൽ വർഷത്തോറും നടത്തുക.

അങ്ങോട്ടു നോക്കുക. ചുവപ്പ്, വെളുപ്പ്, പച്ച-
യെന്നീ നിറങ്ങളിടതിങ്ങിയൊരംബരാന്തം
ചെന്തൊരു മാമ്പലു മൊരേ സമയം വിരിഞ്ഞു
പൊന്തുന്ന പൊയ്കയുടെ ചന്തമിയന്നിട്ടുണ്ടോ?

◆ ◆ ◆ ◆ ◆

സുര്യൻ കൊടുത്ത കരശക്തി നിമിത്തമൽപ-
മോജസ്സുമുറക്കുളിരു മാർന്നെഴുമിന്ദു ലോകം
കീഴേ കിടന്നിരുളടഞ്ഞു തിരിഞ്ഞിടുന്നു
ജാള്യത്തിനൊത്ത തുണയിന്നധമത്വമല്ലോ?

◆ ◆ ◆ ◆ ◆

ലാവണ്യം കൊണ്ടിണങ്ങും പുതുമ, കവിതകൊ-
ണ്ടുള്ള സത്കീർത്തി, വിദ്വദ്-
ഭാവംകൊണ്ടുള്ള മാന്യ സ്ഥിതി: രണപടുതാ
മൂലമാം വൻ പ്രതാപം
ഈ വണ്ണം വർണ്ണനീയം ഗുണമഖിലമൊരേ
വാതിലിൽ തട്ടിമുട്ടി-
ജീവത്താമാദിമൂല പ്രകൃതിയിലൊടുവിൽ
ചെന്നു ചേരുന്നുവല്ലോ

മഹാകവി
വി.സി. ബാലകൃഷ്ണ പണിക്കർ.

# വനിത.

ഊരകം പഞ്ചായത്തിൽ പൊതുവെ വനിതാമുന്നേറ്റ പ്രസ്ഥാനങ്ങളൊന്നും തന്നെ കഴിഞ്ഞ അരനൂറ്റാണ്ടിന് മുമ്പ് വരെ ഉണ്ടായിരുന്നില്ല. ഭൂരിപക്ഷം വരുന്ന സ്ത്രീകളും ഭൂപ്രമാണിമാരുടെ പാടങ്ങളിൽ പകലന്തിയോളം പണിയെടുത്ത് കൂരകളിലെത്തുന്നവരായിരുന്നു. ഇവരിൽ തന്നെ സമൂഹത്തിൻെറ ഏറ്റവും അടിത്തട്ടിലായിരുന്ന സമുദായങ്ങളിലെ സ്ത്രീകൾ കൂടുതലായും തൊഴിൽ പരമായി ചൂക്ഷണം ചെയ്യപ്പെട്ടിരുന്നു. അതു പോലെ മാറുമറക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടിരുന്നു. കഴുത്തിൽ കല്ലുമാലകൾ ധരിച്ചിരുന്ന അധഃസ്ഥിത സ്ത്രീകളെ മോചിപ്പിക്കുന്നതിനായി ശക്തമായ ശ്രമങ്ങൾ ഈ കാലഘട്ടങ്ങളിൽ നടന്നിരുന്നില്ല.1950 കളോടെസാമൂഹ്യപരിഷ്ക്കർത്താക്കളുടെ ശ്രമഫലമായിട്ടാണ് ഇതിനൊരു മാറ്റം ഉണ്ടായത്. 1921 ലെ കാലപകാലത്ത് സ്ത്രീകൾക്ക് കൂടുതൽ പീഡനങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്.

സ്ത്രീ വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ ഇന്നും പിന്നോക്കത്തിൽ നിൽക്കുന്ന ഈ പ്രദേശത്ത് അരനൂറ്റാണ്ട് മുമ്പ് വരെ വിരലിലെണ്ണാവുന്ന മുസ്ലീം പെൺക്കുട്ടികൾ മാത്രമേ വിദ്യ അഭ്യസിച്ചിരുന്നു. സമൂഹത്തിൻെറ ഉന്നത ശ്രേണിയിൽപ്പെട്ട വനിതകൾക്ക് അന്നും പഠനസൗകര്യങ്ങളുണ്ടായിരുന്നെങ്കിലും അന്നും ഇന്നും ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് അപ്പുറമെത്തുന്ന മുസ്ലീംപെൺക്കുട്ടികൾ വളരെ ചുരുക്കമാണ്. വനിതകളുടെ സമൂഹ്യമായ ഉന്നമനത്തിനുവേണ്ടി സംഘടിതമായ പ്രവർത്തനങ്ങളൊന്നും 1960 വരെ നടന്നിരുന്നില്ല. അങ്ങനെയാണെങ്കിലും. 1960ൽ ഊരകം മഹിളാ സമാജം എന്ന പേരിൽ ശ്രീമതി എം.കെ കുഞ്ഞിലക്ഷ്മി അമ്മയുടെയും കാർത്യായനി അമ്മ ടീച്ചറുടെ നേതൃത്വത്തിൽ 60 ഓളം അംഗങ്ങളെ ചേർത്തുകൊണ്ട് പ്രവർത്തിക്കുകയുണ്ടായി. അതാണ് ഈ രംഗത്തെ ആദ്യത്തെ എടുത്തുപറയത്തക്ക രീതിയിലുള്ള പ്രവർത്തനം. ഇതിൻെറ മേൽനോട്ടത്തിൽ തുന്നൽ പരിശീലന കേന്ദ്രം പട്ടികജാതി സ്ത്രീകൾക്ക് പ്രസവാനന്തരസഹായം പോഷകഹാരപരിപാടികൾ എന്നിവയൊക്കെ നടത്തുകയുണ്ടായി. അതിനുശേഷം 1974ൽ ഊരകം കുറ്റാളൂരിലും 1980ൽ കുന്നതും ആരംഭിച്ച മഹിളാ സമാജങ്ങളുൾപ്പെടെ മഹിളാസമാജങ്ങളാണ് ഇന്ന് ഈ പഞ്ചായത്തിലുള്ളത്. അംഗൻ വാടികൾ,തുന്നൽ പരിശീലനകേന്ദ്രങ്ങൾ,ക്ഷീരോൽപന്ന യൂണിറ്റുകൾ ഗ്രാമീണ വനിതാശിശുവികസന പദ്ധതികൾ സാമൂഹ്യവനവൽക്കരണ പദ്ധതികൾ എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ സമാജങ്ങൾക്ക് കഴിയന്നുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ല.

സ്ത്രീകളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും സ്വാശ്രയബോധം വളർത്തിയെടുക്കുന്നതിനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി പഞ്ചായത്തിലെ എല്ലാവാർഡുകളിലും മഹിളാസമാജങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതായിട്ടുണ്ട്.

സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം കൂടുതലും കാർഷിക്മേഖലയിലാണ്. കെട്ടിട നിർമ്മാണരംഗത്തും കരിങ്കല്ല് ക്വാറി മേഖലകളിലും സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം വരുന്ന സ്ത്രീകളും ഗൃഹണ ഭരണത്തി

ലൊതുങ്ങി നിൽക്കുന്നു. തൊഴിൽ മേഖലകളിലുള്ള സ്ത്രീകാംക്ക് ഗൃഹഭരണവും നടത്തേണ്ടതായി വരുന്നു. ഇത് ഇവരെ മാനസികമായും ശാരീരകമായും ബാധിക്കുന്നു.

1991ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണം 11135 ആണ്. പുരുഷന്മാരേക്കാം 452 എണ്ണം കൂടുതലാണ്. എണ്ണത്തിലുള്ള വർദ്ധനവ് അനുസരിച്ച് ഭരണ രംഗം ഉാംപ്പെടെയുള്ള രംഗങ്ങവിലും സ്ത്രീ പങ്കാളിത്തം ഉയർത്തികൊണ്ടുവരേണ്ടതാണ്. ഇന്ന് പഞ്ചായത്തിലെ സ്ത്രീപുരുഷാനുപാതം 1000ന് 1020ആണ്. അത് സംസ്ഥാന ശരാശരിയായ 1036നേക്കാം കുറവാണ്. ഔപചാരിക വിദ്യാഭ്യാസരംഗത്ത് സ്ത്രീ പുരുഷ അന്തരംവളരെ അധികമാണ്. സ്ത്രീ സാക്ഷരത 69%ആണ്. ഇത് സംസ്ഥാന സ്ത്രീസാക്ഷരതയായ 86.17 നേക്കാം കുറവാണ്. ഈ കുറവ് സാക്ഷരതാരംഗത്തെ പ്രവർത്തനത്തിൻെറ ആവശ്യകത ബോധ്യപ്പെടുത്തുന്നു. വിദ്യാഭ്യാസരംഗത്ത് ഇന്നും ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ എണ്ണം കുറവാണ്. ഈ അന്തരം ഹൈസ്ക്കൂം തലത്തിലാണ് കൂടുതലും കാണുന്നത്. കോളേജ് തലത്തിൽ എത്തുന്ന പെൺകുട്ടികളുടെ എണ്ണമാകട്ടെ വളരെ കുറവാണ്. സ്ക്കൂം തലത്തിലെ എല്ലാ വിദ്യാലയങ്ങളിലും മാതൃസംഗമങ്ങാം പ്രവർത്തിച്ച് വരുന്നുണ്ട് എന്നാൽ ഇതിൻെറ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

പഞ്ചായത്തിലെ എല്ലാവാർഡുകളിലും ഐ.സി.ടി.എസ്.ൻെറ കീഴിലുള്ള അംഗനവാടികാം പ്രവർത്തിക്കുന്നു.

ആകെ അനുവദിക്കപ്പെട്ടിട്ടുള്ള 23അംഗനവാടികളിൽ 19 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളു. മാതൃശിശു ക്ഷേമത്തിനായി പോഷകാഹാരങ്ങളും, ആരോഗ്യപോഷണ വിദ്യാഭ്യാസവും നൽകാൻ കഴിയുന്നു. എന്നാൽ ഈ അംഗനവാടികാംക്ക് സ്വന്തമായ സ്ഥമോ കെട്ടിടങ്ങളോ ആവശ്യമായ സൗകര്യങ്ങളോയില്ല. അഞ്ച് ഇംഗ്ലീഷ് മീഡിയം പ്രീ പ്രൈമറി സ്ക്കൂളുകളും പ്രവർത്തിക്കുന്നു. അംഗനവാടി പ്രവർത്തകരുടെ ജോലി ഭാരത്തിനനുസരിച്ചുള്ള വേതനഘടനയില്ലെങ്കിലും ഈ രംഗത്തുള്ളവരുടെ പ്രവർത്തനം ശ്ലാഘനീയമാണ്.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത് നിരക്ക് പുരുഷന്മാരുടെതിനേക്കാം വളരെ കുറവാണ്. പുരുഷന്മാരുടേത് 79% സ്ത്രീകളുടേത് 21%വുമാണ്. കരിങ്കൽ ക്വാറികളിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിനായി സ്ഥിരം സംവിധാനങ്ങളില്ല. ഇതിനാൽ മദ്ധ്യവയസ്സിനപ്പുറം ഇവർക്ക് തൊഴിലെടുക്കാൻ കഴിയുന്നില്ല. നിർമ്മാണ തൊഴിൽ രംഗത്ത് മറ്റു സംസ്ഥാനങ്ങളിൽ നിന്ന് പണിയെടുക്കുന്ന ധാരാളം സ്ത്രീ തൊഴിലാളികാം ഈ പഞ്ചായത്തിലുണ്ട്. ഇവരും ആരോഗ്യപരമായി നിരവധി പ്രശ്നങ്ങളെ നേരിടുന്നുണ്ട്. തൊഴിലെടുക്കുന്ന അമ്മമാർക്ക് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങാം ഇല്ലാത്തതിനാൽ വളരെയധികം ബുന്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഗ്രാമീണ വനിതാ ശിശു വികസന പദ്ധതി പ്രകാരം സ്ത്രീകളുടെയും കുട്ടികളുടേയും ക്ഷേമത്തിനായി പ്രവർത്തിക്കുന്ന 6 യൂണിറ്റുകാം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം തൃപ്തികരമാണ്. ഇനിയും കൂടുതൽ യൂണിറ്റുകാം വാർഡുതലത്തിൽ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. പൊതുവെ പഞ്ചായത്തിൽ പാചകത്തിന് വിറകിനെയാണ് ആശ്രയിക്കുന്നത്. എന്നാൽ അടുപ്പ് നിർമ്മാണത്തിലെ അശാസ്ത്രീയത വീട്ടമ്മമാരുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നു. ഇതിന് പരിഹാരം കാണേണ്ടതുണ്ട് പുകയില്ലാത്ത അടുപ്പുകളുടെ പ്രാധാന്യത്തക്കുറിച്ച് വീട്ടമ്മമാരെ ബോധവൽക്കരിക്കേണ്ടതുണ്ട്. സ്ത്രീധന സമ്പ്രദായവും,പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ വിവാഹവും,വിവാഹ മോചന പ്രശ്നങ്ങളും സ്ത്രീകളുടെ മാനസ്ഥികാവസ്ഥയെസാരമായി ബാധിക്കുന്നുണ്ട്.

തൊഴിൽമേഖലയിലെ സ്ത്രീ പങ്കാളിത്ത നിരക്ക് പട്ടിക പരിശോധിച്ചാൽ കാണാം.

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി | 414 | 1227 |
| ചെറുകിടവ്യവസായം | 26 | 134 |
| കെട്ടിടനിർമ്മാണം | 475 | 1138 |
| ഗതാഗതം | 6 | 235 |
| വാർത്താവിനിമയം | 12 | 176 |
| വ്യാപാരം | 48 | 897 |
| മൃഗസംരക്ഷണം | 80 | 493 |
| മറ്റുള്ളവ | 335 | 974 |

അവലംബം സെക്കൻഡറി 1991സെൻസ്

തൊഴിൽ മേഖലയിൽ പുരുഷന്മാരെ അപേക്ഷിച്ച് വേതന നിരക്ക് പൊതുവെ കുറവാണെന്ന് പട്ടിക വെക്തമാക്കുന്നു.

| തൊലിൽ മേഖല | സ്ത്രീ.രൂ | പു.രൂ |
|---|---|---|
| കർഷകതൊഴിലാളികാം | 75 | 125 |
| നിർമ്മാണതൊഴിലാളികാം | 75 | 150 |
| കരിങ്കല്ല് തൊഴിലാളികാം | 80 | 200 |

അവലംബം സെക്കൻഡറി 1991സെൻസ്.

സമൂഹത്തൻെറ സർവ്വതോന്മുഖമായ പുരോഗതി കൈവരിക്കണമെങ്കിൽ ഭാവി തലമുറയെ വാർത്തെടുക്കുന്നതിൽ മുഖ്യപങ്കുവഹിക്കുന്ന അമ്മമാരുടെ ക്ഷേമം അനിവാര്യമാണ്.എന്നതുാംക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ ആവശ്യമായിട്ടുള്ളത്.

ഗ്രാമസഭകളിൽ നിന്ന് വന്ന പഞ്ചായത്തിലെ പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

1. വനിതകൾക്ക് തൊഴിൽ അവസരങ്ങളില്ല.
2. തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ കുറവ്.
3. സ്വയം തൊഴിൽ പദ്ധതികൾ പ്രകാരമുള്ള വായ്പ ലഭ്യമാക്കാനുള്ള നടപടിക്രമങ്ങളുടെ സങ്കീർണ്ണത.
4. സ്വന്തമായി അംഗനവാടികൾക്ക് കെട്ടിടങ്ങളില്ല.മറ്റു അടിസ്ഥാന സൗകര്യങ്ങളില്ല.
5. അംഗനവാടിപ്രവർത്തകർക്കുള്ള വേതനക്കുറവ്.
6. സ്ത്രീ തൊഴിലാളികളുടെ വേതനക്കുറവ.
7. തൊഴിലെടുക്കുന്ന അമ്മമാരുടെ കുട്ടികളെ നോക്കാനുള്ള ക്രഷ് സ്ഥാപനങ്ങളുടെ അഭാവം.
8. പഞ്ചായത്തിന് പുറത്തുനിന്നും വന്ന തൊഴിലിലേർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ സൗകര്യമില്ലായ്മ.
9. ക്വാറി തൊഴിലാളികളുടെ ആരോഗ്യപരമായ പ്രശ്നങ്ങൾ
10. വീട്ടമ്മമാരുടെ ആരോഗ്യത്തെ ഹാനീകരമായി ബാധിക്കുന്ന പുകശല്യം.
11. സ്ത്രീധന സമ്പ്രദായം രൂക്ഷമായി നിലനിൽക്കുന്നു.
12. പ്രായപൂർത്തിയാകാത്ത സ്ത്രീ വിവാഹങ്ങളും,വിവാഹമോചനപ്രശ്നങ്ങളും.
13. ഡി.ഡബ്ളിയു.സി.ആർ.എ.പോലെയുള്ള പദ്ധതികളെ സംബന്ധിച്ചുള്ള അറിവില്ലായ്മ.
14. സ്ത്രീ സംരക്ഷണ നിയമങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ.
15. വിദ്യാലയങ്ങളിൽ നിന്നും പെൺകുട്ടികളുടെ കൊഴിഞ്ഞ് പോക്ക്.
16. വിധവകൾക്കും,മറ്റുനൽകുന്ന സഹായ പദ്ധതികളുടെ നടപടി ക്രമങ്ങൾ സങ്കീർണ്ണമാണ്. ധനസഹായ തുക അപര്യാപ്തമാണ്.

സാധ്യതകൾ.

1. നിലവിലുള്ള വിവിധ പദ്ധതികളിലൂടെ വനിതകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക. ട്രൈസം തുടങ്ങിയ പദ്ധതികളിലൂടെ തൊഴിൽ പരിശീലനങ്ങൾ നൽകുക. സ്വയം തൊഴിൽ വായ്പകൾ കിട്ടാനുള്ള ബാങ്കുകളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുക.
2. എല്ലാ അംഗനവാടികൾക്കും സ്വന്തമായി കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുക. അംഗനവാടി പ്രവർത്തകരുടെ വേതനം കാലോചിതമായി പരിഷ്കരിക്കണം.
3. സ്ത്രീ തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കുക. തൊഴിൽ എടുക്കുന്ന അമ്മമാരുടെ കുട്ടികൾക്കായി ക്രഷ് പോലുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കുക. പഞ്ചായത്തിന് പുറത്തുനിന്നുള്ള സ്ത്രീകളുടെ താമസത്തിനായി ലേഡീസ് ഹോസ്റ്റലുകൾ നിർമ്മിക്കുക.
4. സ്ത്രീ തൊഴിലാളികളുടെ ആരോഗ്യപിരസോധനയ്ക്ക് സ്ഥിരം സംവിധാനങ്ങൾ ഉണ്ടാക്കുക. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുകയും ബോധവൽക്കരണവും നടത്തുക. സ്ത്രീധന സമ്പ്രദാനത്തിൻെറ പ്രത്യഘാതങ്ങളെകുറിച്ച് ബോധവൽക്കരണം നടത്തുക.
5. പ്രായപൂർത്തി വിവാഹം നിർബന്ധമാക്കുക. വിവാഹ മോചന പ്രശ്നങ്ങൾക്ക് ഫാമിലി കൗൺസിലിങ്ങ് സെൻററിൻെറ സഹായം തേടുക.
6. സ്ത്രീ വിദ്യാഭ്യാസത്തിൻെറ പ്രധാന്യത്തെകുറിച്ച് വേണ്ട ബോധവൽക്കരണം നടത്തുക. സമാന്യമായ പ്രോൽസാഹനങ്ങൾ നൽകി അംഗീകരിക്കുക.
7. പെൻഷൻ പദ്ധതികളുടെ വിതരണം കാലനുസരണമായി പരിഷ്ക്കരിക്കുക. നടപടിക്രമങ്ങൾ ലഘൂകരിക്കുക.
8. മഹിളാ സമാജങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ പഞ്ചായത്ത് തലത്തിൽ വനിതാ കമ്മിറ്റി ഉണ്ടാക്കുക.



തൊട്ടിലാട്ടുന്ന കൈകളാണ്
ഈ ലോകത്തെ
നയിക്കുന്നത്

ചൈനീസ് പഴമൊഴി.

# സഹകരണം

1904 ലെ സഹകരണ നിയമത്തിൻെറ അടിസ്ഥാനത്തിൽ രൂപീകൃതമായ വായ്പാസംഘങ്ങളുടെ ആവിർഭാവത്തോടെയാണ് സഹകരണ പ്രസ്ഥാനത്തിൻെറ തുടക്കം. കേരളത്തിൽ സഹകരണ പ്രസ്ഥാനം വിപ്ലവാത്മകമായ മുന്നേറ്റമാണ് നടത്തിയത്. സമസ്ത മേഖലകളിലും സഹകരണ പ്രസ്ഥാനത്തിന് ചുവടുറപ്പിക്കാൻ കഴിഞ്ഞു.

സാധാരണക്കാരായ കർഷകരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 1950ൽ മാംട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ്-സൊസൈറ്റി സ്ഥാപിക്കപ്പെട്ടു. ഇതിൻെറ സ്ഥാപക നേതാവും ആദ്യകാല പ്രസിഡൻറും എം.കെ.നാരായണൻ നായർ ആയിരുന്നു. സെക്രട്ടറി വി.സി.എ.കുഞ്ഞിരാമ പണിക്കരും ഇത് പിന്നീട് ഊരകം സർവ്വീസ് സഹകരണ ബാങ്കായി മാറി.

ഊരകം സർവ്വീസ് സഹകരണ ബാങ്ക് പ്രധാനമായും ഊന്നൽ നൽകുന്നത് കാർഷിക മേഖലയുടെ വികസനത്തിനാണ്. ബാങ്കിൻെറ നേതൃത്വത്തിൽ കൊപ്രസംഭരണം ആരംഭിച്ചെങ്കിലും കേരഫെഡിൻെറ പിന്മാറ്റം മൂലം നിർത്തേണ്ടി വന്നു.

ഊരകം പഞ്ചായത്തിൽ സഹകരണമേഖലയിൽ ഒരു ക്ഷീര വ്യവസായ സഹകരണ സംഘവും ഡി.ഡബ്ളിയു.സി.ആർ.എ. യൂണിറ്റുകളും സഹകരണടിസ്ഥാനത്തിൽ ഇവിടെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 70 സ്ത്രീകൾ പ്രവർത്തിക്കുന്നു.

ഊരകം സഹകരണ ബാങ്കിൽ 4089 അംഗങ്ങൾ ഉണ്ട് എങ്കിലും പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുമായി താരതമ്യം ചെയ്തു നോക്കുമ്പോൾ ഇത് തുലോം കുറവാണ്. 1950ൽ സ്ഥാപിതമായ ഈ സഹകരണ സംഘം അരനൂറ്റാണ്ടു പിന്നിട്ടിട്ടും ശൈശവദശയിൽ തന്നെയാണ്. സംഘത്തെ കുറിച്ചുള്ള വിവരങ്ങൾ പട്ടിക 1ൽ കൊടുക്കുന്നു.

പട്ടിക-1

| വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം | പ്രവർത്തന മൂലധനം | നിക്ഷേപം | വായ്പ | വ്യാപാര ഇടപാടുകളുടെ ലാഭം | നഷ്ടം | സ്ഥിരം ജീവനക്കാർ | താൽക്കാലികം |
|---|---|---|---|---|---|---|---|---|
| 4089 | 5.2ലക്ഷം | 112.05 ലക്ഷം | 86.7ലക്ഷം | 42.5ലക്ഷം | 40.5 | 40 | 8 | 1 |

അവലംബം.സെക്കൻററി ഡാറ്റ.

സഹകരണ പ്രസ്ഥാനത്തെ കുറിച്ച് ഇനിയും ജനങ്ങളെ ബോധവാന്മാരാക്കേണ്ടതുണ്ട്. മൂലധന നിക്ഷേപത്തിൻെറ കാര്യത്തിൽ വൻ മുന്നേറ്റത്തിനുള്ള

സാധ്യത ഉണ്ടായിട്ടും വേണ്ട രീതിയിൽ ഉപയോഗിക്കാൻ കഴിഞ്ഞില്ല. വാർഷിക ഓഡിറ്റ് പ്രകാരം ബിസിനസ് രംഗത്ത് മുന്നേറ്റം കാണാൻ കഴിയുന്നുണ്ട്.

കൺസ്യൂമർ രംഗത്ത് എടുത്തുപറയത്തക്ക സ്ഥാപനങ്ങളൊന്നുമില്ലെങ്കിലും വേങ്ങര ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും,കുറ്റാളൂർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും പുസ്തക വിതരണ രംഗത്ത് പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

പ്രശ്നങ്ങൾ:-

1. നിലവിലുള്ള സംഘം പീഡിത സഹകരണ സംഘത്തിൽ ഉൾപ്പെട്ടതാണ്.

2. ക്രഡിറ്റ് സേറ്റ്റ് മെറ്റ് അനുസരിച്ച് ഭൂപരിധിക്കനുസരിച്ച് വായ്പകൊടുക്കുവാൻ കഴിയുന്നില്ല.

3. ലോണുകൾക്ക് സഹകരണ സംഘങ്ങൾ ഈടാക്കുന്ന പലിശ കൂടുതലായത് കൊണ്ട് കൃഷിക്കാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

4. സബ്സിഡി പരിമിതപ്പെടുത്തിയത് കർഷകരെ പ്രതികൂലമായി ബാധിക്കുന്നു.

5. സർക്കാർ ഓഡിറ്റ് കോസറ്റായി ഈടാക്കുന്ന ചില്ലറകളും മറ്റും കുറക്കേണ്ടതാണ്.

6. സർക്കാർ സഹായങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

സാധ്യതകൾ.

1. നേരിടുന്ന നഷ്ടത്തിന് സമാനമായ തുക സർക്കാരിൽ നിന്ന് ഓഹരി മൂലധനമായോ,പലിശ രഹിത വായ്പയായോ ലഭ്യമാക്കണം.

2. അവധി ബാക്കിയായ വായ്പകൾ ഫീൽഡ് വർക്കിലൂടെയും നിയമ നടപടികളിലൂടെയും പിരിച്ചെടുക്കണം.

3. എല്ലാ കർഷകരെയും 'എ'ക്ലാസ് മെമ്പർമാരാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കാനുള്ള നീക്കം ഭരണ സമിതിയും ജീവനക്കാരും ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

4. കൂട്ടായ പ്രവർത്തനത്തിലൂടെ നിക്ഷേപം വർദ്ധിപ്പിക്കേണ്ടതാണ്.

5. വിവിധ തരം വായ്പകൾ ഉൾപ്പെടുത്തി ക്രാഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കണം.

6. നിലവിലുള്ള സംഘത്തിന് കുറ്റാളൂർ,കാരാത്തോട്.എന്നിവിടങ്ങളിലും ശാഖ സ്ഥാപിച്ച് പ്രവർത്തനം വിപുലപ്പെടുത്തണം.

7. കാർഷിക ഉൽപന്നങ്ങൾ സൂക്ഷിക്കാൻ ഗോഡൗണുകളും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തണം.

8. ജില്ലാബാങ്ക്,നബാർഡ് എന്നീ ഏജൻസികളിൽ നിന്നും ഫണ്ട് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം.

9. വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കാം.

❁

ഗ്രാമസഭകളുമായി ബന്ധപ്പെട്ട വിവരങ്ങൾ

| ഗ്രാമസഭചേർന്നസ്ഥലം | വാർഡ് | തിയ്യതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| പി.എം.എസ്.എ.എം.യൂ.പി.എസ്സ് നെല്ലിപ്പറമ്പ് | 1 | 27.9.96 | 112 |
| എ.എം.എൽ.പി.എസ്സ് ചാലിൽകുണ്ട് | 2 | 27.9.96 | 93 |
| ജി.എൽ.പി.എസ്സ് ഓ.കെ.മുറി | 3 | 11.10.96 | 106 |
| ജി.എൽ.പി.എസ്സ് കൊടലികുണ്ട് | 4 | 2.10.96 | 263 |
| ജി.എൽ.പി.എസ്സ് ഒ.എം മുറി | 5 | 29.9.96 | 102 |
| എ.എം.എൽ.പി.എസ്സ് കോട്ടുമല | 6 | 25.9.96 | 81 |
| ജി.എൽ.പി.എസ്സ് ഒ.എം മുറി | 7 | 28.9.96 | 73 |
| പി.എം.എസ്.എ.എം.യൂ.പി.എസ്സ് കാരാത്തോട് | 8 | 27.9.96 | 192 |
| ജി.എച്ച്.എസ്സ് വേങ്ങര | 9 | 30.9.96 | 93 |
| ജി.എൽ.പി.എസ്സ് ഒ.എം മുറി | 10 | 2.10.96 | 152 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ആകെ ജനസംഖ്യയുടെ 6.05ശതമാനത്തോളം പട്ടികജാതിക്കാരാണ്. 1991ൽ കഴിഞ്ഞ സെൻസസ് പ്രകാരം 1320 പട്ടികജാതിക്കാർ ഈ പഞ്ചായത്തിലുണ്ട് ഇവർ കൂടുതലായും കോളനിയായിട്ടാണ് താമസിച്ചു വരുന്നത്. വിദ്യഭ്യാസപരമായും സാമൂഹിക പരമായും കുറെയൊക്കെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികമായി വളരെ അധികം പിന്നോക്കാവസ്ഥയിലാണ്.

ചരിത്രപരമായി ഇവരുടെ ജീവിത രീതി പരിശോധിച്ചാൽ സവർണ്ണ മേധാവിത്വത്താൽ അടിച്ചമർത്തപ്പെട്ട ഒരു തരം അടിമ ജീവിതമായിരുന്നു എന്നു കാണാം. സമൂഹത്തിൻെറ പൊതുവായ പലപ്രശ്നങ്ങളിലും പങ്കെടുക്കുവാൻ പോലും കഴിയാത്ത ഒരവസ്ഥയെ അതിജീവിച്ചാണ് അവർ മുന്നോട്ടു വന്നത്.

അയിത്തം നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ പൊതുവഴിയിൽ കൂടി നടക്കുവാനോ വിദ്യഅഭ്യസിക്കാനോ മറ്റുള്ളവരുടെ കൂടെയിരുന്ന് ആഹാരം കഴിക്കുവാനോ അനുവാദമില്ലാതിരുന്ന കാലഘട്ടത്തിലും പാടത്തു പണിയെടുക്കുന്നതിനും മറ്റു പുറം ജോലികൾക്കും ഇവരെ ആവശ്യമായിരുന്നു എന്നിരുന്നാലും ഈ സാഹചര്യങ്ങളെ അതിജീവിച്ച് ഒരു സമൂഹമാണിതെന്ന് രേഖകൾ പരിശോധിച്ചാൽ കാണാം.

പൊതുവെ ഇന്നും അവശത അനുഭവിക്കുന്ന ഇക്കൂട്ടർ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും പൂർണ്ണമായും മോചിതരായിട്ടുണ്ടെന്ന് പറയുവാൻ വയ്യ. എല്ലാ രംഗത്തും എന്നും ഇവർ ചൂഷണം ചെയ്യപ്പെടുകയാണ്. സർക്കാരിൻെറ പലവി ധ വികസന പദ്ധതികൾ ഉണ്ടെങ്കിലും ഇവയുടെ ഗുണഭോക്താക്കളാവാൻ ഇവർക്ക് പൂർണ്ണമായ അർത്ഥത്തിൽ ഇനിയും കഴിഞ്ഞിട്ടില്ല. ഈ രംഗത്തു കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

പരമ്പരാഗത കുടിൽ വ്യവസായങ്ങളായ പായനെയ്ത്ത്, കൊട്ടനെയ്ത്ത് മുതലായവ ദൈന്യദിനം നശിച്ചുക്കൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ നിന്നും പലരും മറ്റു തൊഴിൽ മേഖലകളിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. ഈ കുടിൽ വ്യവസായങ്ങൾ പരിപോഷിപ്പിക്കേണ്ടതുണ്ട്.

പരമ്പരാഗതമായിട്ടുള്ള ചവിട്ടുകളി, കോൽക്കളി, തലയാട്ടം എന്നീ നാടൻ കലകൾ നിശ്ശേഷം അപ്രത്യക്ഷമായിരിക്കയാണ്. ഞാറ്റുപാട്ട്, കൊയ്തുപാട്ട് എന്നിവയും നാമാവശേഷമായിരിക്കയാണ്.

പലവിധ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഇന്നും ഇവർക്കിടയിൽ നിലനിൽക്കുന്നുണ്ട്. സമൂഹത്തിൽ നിന്നും വേർതിരിഞ്ഞു നിൽക്കുന്നതിന് ഇത്തരം അനാചാരങ്ങൾ തന്നെയാണ് ഇന്നും ഇവരെ പ്രേരിപ്പിക്കുന്നത് എന്നുക്കാണാം. ഈ പഞ്ചായത്തിൽ ഒമ്പതു പട്ടികജാതി കോളനികളുണ്ട്. പട്ടിക-1 കാണുക

പട്ടിക-1

| ക്രമ നമ്പർ | കോളനിയുടെ പേര് | ആകെ SC കുടുംബങ്ങൾ |
|---|---|---|
| 1 | നെല്ലിപ്പറമ്പ് | 17 |
| 2 | വെങ്കുളം | 34 |
| 3 | കരിയാരം | 15 |
| 4 | കാരപ്പറമ്പ് | 22 |
| 5 | കീരൻകുന്ന് | 23 |
| 6 | കരിമ്പിലി | 17 |
| 7 | അഞ്ചുപ്പറമ്പ് | 11 |
| 8 | പെരുംതോട്ടിപറമ്പ് | 12 |
| 9 | നെടും പറമ്പ് | 15 |

ഇതുകൂടാതെ കോളനിയായി അംഗീകരിച്ചിട്ടില്ലെങ്കിലും ഏഴിൽപരം വീടുകളുള്ള കല്ലേറ്റിപറ്, വട്ടപറ്, കൊങ്കടപ്പാറ, കോട്ടമ്മൽ, കോട്ടുമലപറ് എന്നീ പ്രദേശങ്ങളിലും ഇ വിഭാഗങ്ങൾ കൂട്ടായി താമസിക്കുന്നുണ്ട. ഇവർക്ക് കോളനികൾക്കുള്ള ആനുകൂല്യങ്ങൾ ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു.

നിലവിലുള്ള കോളനികളിലാവട്ടെ കുറെയൊക്കെ വീടുകൾ ഓടു മേഞ്ഞിട്ടുണ്ടെങ്കിലും ഇനിയും ധാരാളം വീടുകൾ ഓടു മേയാനായിട്ടുണ്ട്. കൂടാതെ കൂട്ടുകുടുംബമായി താമസിക്കുന്ന ധാരാളം വീടുകളും ഉണ്ട. ഇത്തരത്തിലുള്ളവരിൽ സാമൂഹികമായും, വിദ്യഭ്യാസ പരമായും പല പ്രശ്നങ്ങളും ഉണ്ടാവുന്നുണ്ട്. കൂട്ടുകുടുംബവ്യവസ്ഥിതിയിൽ നിന്നു മാറിവരുന്ന സാഹചര്യത്തിൽ ഇവർക്കു പരമാവധി വീടുകൾ ഉണ്ടാവേണ്ടതുണ്ട്. ഇനിയും ഇ കോളനികളിൽ അവശ്യം വേണ്ട അടിസ്ഥാന സ കര്യങ്ങൾ ഒന്നുംതന്നെയില്ല. കുടിവെള്ളം, ഗതാഗതം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സ കര്യങ്ങളുടെ അപര്യാപ്ത പരിഹരിക്കേണ്ടതാണ്. സർക്കാരിൻെറ വിവിധ പദ്ധതികളിൽ അനുവദിക്കുന്ന തുകകളാവട്ടെ വളരെ നാമമാത്രമാണ്. ഇ വിഭാഗത്തെ സംബന്ധിച്ചിടത്തോളം പരിമിതമായ സർക്കാർ ഗ്രാൻറുകൊണ്ട് പ്രവ്രത്തികൾ പൂർത്തിയാക്കാൻ പറ്റാതായിട്ടുണ്ട്. ആയതിനാൽ ഇത്തരം സഹായ പദ്ധതികളിൽ കാര്യമായ വർദ്ധനവ് ആവശ്യമാണ്.

## വിദ്യാഭ്യാസം

ഇ [illegible] പുരോഗതി കൈവരിക്കാൻ ഇനി [illegible] ട്ടില്ലെന്നാണ് പൊതുവെയുള്ള [illegible] പ്രാഥമിക വിദ്യഭ്യാസം [illegible] തായിട്ടുണ്ടെങ്കിലും [illegible] നിലവാരത്തിനു ശേഷം പഠനത്തിൽ പൊതുവെ താൽപര്യം കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. ഇതിനു മുഖ്യകാരണമായിട്ടുള്ളത് സാ ത്തിക പ്രശ്നങ്ങളാണ്. വിദ്യാഭ്യാസം ചെയ്യിക്കാനുള്ള മാതാപിതാക്കളുടെ വിമുഖതയും ഇതിനൊരുകാരണമായിട്ടുണ്ട്. എന്നിരുന്നാലും ഉന്നതവിദ്യാഭ്യാസം നേടിയവരും വിദ്യാഭ്യാസ പരമായി മുന്നോക്കം നിൽക്കുന്നവരും കുറവല്ല. വിദ്യാഭ്യാസ രംഗത്തുള്ള ഇ കുറവ് പരിഹരിക്കുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണം നടത്തേണ്ടതായിട്ടുണ്ട്.

## തൊഴിൽ

പര രാഗതമായ തൊഴിൽ രംഗത്ത് കാർഷിക മേഖലയെ അപേക്ഷിച്ച് കൂടുതലാളുകളും നിർമ്മാണ പ്രവർത്തന രംഗത്താണ് പ്രവ്രത്തിക്കുന്നത്. കാർഷിക മേഖലകളിൽ പൊതുവെ തൊഴിൽ ദിനങ്ങൾ കുറഞ്ഞു വരുന്ന സാഹചര്യവും തൊഴിലാളികളിൽ ഉണ്ടായിട്ടുള്ള മനോഭാവവും, നിലവിലുള്ള തൊഴിലിനോടുള്ള വൈമുഖ്യവും പ്രധാന കാരണങ്ങളാണ്. മാത്രമല്ല നിർമ്മാണ പ്രവർത്തന രംഗത്തുള്ള കൂലി കൂടുതലും ഇവരെ ഇ രംഗത്തേക്കു ആകർഷിച്ചിട്ടുണ്ട്. കാർഷികരംഗത്ത് ഇന്നുഒരു സ്ത്രീ തൊഴിലാളിക്ക് 60 രൂപയും പുരുഷ തൊഴിലാളിക്ക് 100രൂപയും ആണ് കൂലി. എന്നാൽ നിർമ്മാണ രംഗത്ത് സ്ത്രീ തൊഴിലാളിക്ക് 90 രൂപയും പുരുഷ തൊഴിലാളിക്ക് 125 രൂപയുമാണ് കൂലി എന്നു കാണാം.

കാർഷിക മേഖലയെക്കാൾ കൂലി കൂടുതൽ നിർമ്മാണ രംഗത്തായതിനാലാണ് ഇ മാറ്റം എന്നു പൊതുവെ മനസ്സിലാക്കാം.

## ആരോഗ്യം

ആരോഗ്യപരിപാലന രംഗത്ത് കോളനികളുലെ പ്രവർത്തനങ്ങൾ വളരെ പരിതാപകരമാണെന്ന് കാണാം. ഇ രംഗത്ത് ബോധവൽക്കരണത്തിൻെറ ആവശ്യമുണ്ട്. സർക്കാർ പദ്ധതികളിൽപ്പെടുത്തി കക്കൂസുകളും മറ്റും നൽകിയിട്ടുണ്ടെങ്കിലും അവ പലരുംവേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ലെന്ന് കാണാം. ഇതിനു പ്രധാന കാരണം വെള്ളത്തിൻെറ ദ ർലഭ്യമാണ്. ഇക്കാര്യത്തിൽ സ്വയം പര്യാപ്തത നേടേണ്ടിയിരിക്കുന്നു. ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്നവരുടെ നിരന്തരമായ പ്രവർത്തനംമൂലമേ ഇ ചുറ്റുപാടുകൾക്ക് മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. ആ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന വസ്തുതകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പൊതു പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

1. കുറഞ്ഞു വരുന്ന തൊഴിലവസരങ്ങൾ
2. എല്ലാവർക്കും വീടുകളില്ല.

3. സ്വന്തമായി ഭൂമിയില്ല.

4. കോളനികളിൽ ശുചിത്വമില്ലായ്മ.

5. കുടിവെള്ള ക്ഷാമം.

6. സഹകരണ സ്ഥാപനങ്ങളുടെ കുറവ്.

7. സാംസ്കാരിക രംഗത്തുള്ള ബോധവൽക്കരണ കുറവ്.

8. പട്ടികജാതിക്കാർക്കായുള്ള ശ്മശാനങ്ങൾ സംരക്ഷിക്കപ്പെടായ്ക.

9. ഗതാഗത സ കര്യങ്ങളുടെ കുറവ്.

10. വനിതാ സഹകരണതൊഴിൽ സംരംഭങ്ങളുടെ കുറവ്.

11. മറ്റു സമുദായങ്ങളേക്കാൾസാമൂഹികമായി പിന്നിലാണെന്ന ബോധം.

## സാധ്യതകൾ

1. സർക്കാരിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. ഖാദിബോർഡ്, പട്ടികജാതി ക്ഷേമ കോർപ്പറേഷൻ തുടങ്ങിയവയിൽനിന്നുള്ള വായ്പകളുടെ നടപടി ക്രമങ്ങൾ ലഘൂകരിച്ച് അനുവദിക്കുക.

2. വീടുകൾ അനുവദിക്കുന്നതിന് ഭൂപരിധി ബാധകമാക്കാതിരിക്കുക.

3. മിച്ചഭൂമി, പുറംപോക്ക് മുതലായവയുടെ വിതരണം ത്വരിതപ്പെടുത്തുക. അർഹതയുള്ളവർക്ക് കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുക. പുനരധിവാസ പദ്ധതികളിൽ ഭൂമി ഏറ്റെടുത്ത് അർഹതയുള്ളവർക്ക് വിതരണം ചെയ്യുക.

4. ആരോഗ്യം, സാമൂഹിക സമത്വം എന്നിവയെ ആസ്പദമാക്കി ബോധവൽക്കരണം നടത്താൻ സന്നദ്ധ പ്രവർത്തകർ മുന്നോട്ടുവരുക.

5. എല്ലാകോളനികളിലും കുടിവെള്ളത്തിന് ശാശ്വത പരിഹാരം കാണുക. കുഴൽ കിണറുകൾ കുഴിക്കുക. കരിയാരം കോളനിയിൽ മിനി ശുദ്ധ ജലപദ്ധതി, കാരപ്പറമ്പിൽ പൊതുകിണർ എന്നിവ സ്ഥാപിക്കുക. കീരൻകുന്നിലും പൊതുകിണർ കുഴിക്കുക.

6. പട്ടികജാതി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കുക.

7. വായനശാലകൾ, ടി.വി മുതലായവ കോളനികളിൽ പൊതുവായി സ്ഥാപിക്കുക.

8. നിലവിലുള്ള പട്ടിക ജാതിക്കാരുടെ ശ്മശാനങ്ങൾക്ക് ചുറ്റു മതിൽകെട്ടി വേണ്ട സംരക്ഷണം നൽകുക.

9. കോളനികളിലേക്കു വേണ്ട ഗതാഗത സ കര്യങ്ങൾ ഏർപ്പെടുത്തുക. സ്ഥലത്തിന്റെ പരിധി നോക്കാതെ ഗവൺമെൻറ് പദ്ധതികളിൽ ഉൾപ്പെടുത്തി റോഡുകൾ നിർമ്മിക്കുക.

10. വനിതാ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുക. കൂട്ടായ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് അച്ചാർ നിർമ്മാണം, പപ്പട നിർമ്മാണം, പായ് നെയ്ത്ത്, വട്ടി കുട്ട നെയ്ത്ത്, ആടുവളർത്തൽ, കോഴിവളർത്തൽ, മെറ്റൽജെല്ലി യൂണിറ്റ് തുടങ്ങിയ പദ്ധതികൾക്ക് ഗവൺമെൻറ് തലത്തിൽ വായ്പകൾ അനുവദിക്കാവുന്നതാണ്.

11. 'വെളിച്ച വിപ്ലവം' പദ്ധതിയുടെ അടിസ്ഥാനത്തിൽ വയറിംഗ് ചെയ്ത കിടാരക്കൽ കോളനി വീടുകളിൽ വൈദ്യുതി എത്തിക്കുക.

12. കീരൻകുന്നു നിവാസികൾക്ക് പട്ടയം നൽകുക. കരിക്കാംതൊടു പുത്തൻപീടിക റോഡ് ഗതാഗതയോഗ്യമാക്കുക

> വിദ്യാഭ്യാസം പൂർണ്ണമാകണമെങ്കിൽ അത് മനുഷ്യത്വമുള്ളതാകണം. അതിൽ ബുദ്ധിപരമായ പരിശീലനം മാത്രമല്ല ഹൃദയ സംസ്കരണവും ആത്മ നിയന്ത്രണവും അന്തർ ഭവിച്ചിരിക്കണം.
>
> ഡോ. എസ്.രാധാകൃഷ്ണൻ

# വിഭവ സമാഹരണം

പഞ്ചായത്തിൻെറ പ്രധാന വരുമാന മാർഗ്ഗം കാർഷിക മേഖലയുമായി ബന്ധപ്പെട്ടതാണ്. എന്നാൽ ഇ രംഗത്തിന് ഒരു മുരടിപ്പിൻെറ അവസ്ഥയാണുള്ളത്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പലരും തൊഴിൽ തേടി വിദേശത്ത് പോയതും ഉൽപാദന ക്ഷമത കുറവും ഉൽപ്പന്നങ്ങളുടെ വിലയിടിവും രാസവളങ്ങളുടെ വില കയറ്റവും തൊഴിലാളികളുടെ ദ ർലഭ്യവും കൂലി വർദ്ധനവും ഇ മേഖലയിലെ മുരടിപ്പിന് ആക്കം കൂട്ടി. കാർഷിക രംഗത്തെ കൂടുതൽ ആകർഷകമാക്കി കൃഷിക്കാരുടെ മനോഭാവം മാറ്റിയെടുത്താൽ ഫലഭൂയിഷ്ടമായ മണ്ണുള്ള ഇ പ്രദേശത്തിന് നേട്ടങ്ങൾ കൊയ്തെടുക്കാം.

വ്യാവസായിക രംഗത്ത് ഇ പഞ്ചായത്തിൽ എടുത്തുപറയത്തക്ക ഒരു സ്ഥാപനവും ഇല്ല. വ്യവസായ മേഖലയുടെ വളർച്ചയിലൂടെ പഞ്ചായത്തിൻെറ വരുമാന മാർഗ്ഗം വർദ്ധിപ്പിക്കാം. ഇതിനായി നിലവിലുള്ള മിനി ഇൻഡസ്റ്റ്രിയൽ യൂണിറ്റ് വികസിപ്പിക്കേണ്ടതാണ്. ഇത് വിഭവ സമാഹരണത്തിന് മുതൽകൂട്ടാവും.

വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അസംസ്കൃതപദാർത്ഥങ്ങളും ഭ തിക സാഹചര്യങ്ങളും നിലവിലുണ്ടെങ്കിലും ഉ ർജ്ജരംഗത്തെ പ്രതിസന്ധി ഇതിന് വിലങ്ങു തടിയായി നിൽക്കുന്നു.

പഞ്ചായത്തിലെ ഇന്നത്തെ സാ ത്തിക അടിത്തറ ഗൾഫ് മേഖലയുമായി ബന്ധപ്പെട്ടതാണ്.

ഇവരുടെ വാർഡ് തിരിച്ചുള്ള കണക്ക്.

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| വിദേശത്ത് ജോലിചെയ്യുന്ന വരുടെ എണ്ണം | 225 | 266 | 150 | 197 | 195 | 90 | 69 | 75 | 101 | 57 | 1455 |

അവലംബം പഞ്ചായത്ത് തല സർവ്വെ

മൊത്തം ജനസംഖ്യയിൽ 6% ആളുകൾ വിദേശത്ത് തൊഴിൽ ചെയ്യുന്നവരാണ്. അവരുടെ വരുമാനം ഉൽപാദന മേഖലയിലേക്ക് തിരിച്ചു വിടാൻ കഴിഞ്ഞാൽ വിഭവ സമാഹരണ രംഗത്ത് ഒരു മുതൽ കൂട്ടായിരിക്കും. ഗൾഫ് മേഖലയിൽ നന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വരുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പഞ്ചായത്തുതല പദ്ധതിക്ക് രൂപം കൊടുക്കേണ്ടതും ആവശ്യമാണ്.

പഞ്ചായത്തിൻെറ പ്രധാന വരുമാന മാർഗ്ഗങ്ങൾ കെട്ടിടനികുതി, തൊഴിൽനികുതി, വിനോദനികുതി, വസ്തു കൈമാറ്റ ചുങ്കം എന്നിവയിൽ നിന്നുള്ളതാണ്. നികുതി ഇനങ്ങളിൽ നിന്നുള്ള വരുമാനം നേരിയതോതിൽ വർദ്ധിക്കുന്നുണ്ടെങ്കിലും വസ്തു കൈമാറ്റ ചുങ്കത്തിൽ 95-96 വർഷത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെ കുറവുകാണുന്നു. പഞ്ചായത്തിലെ സാ ത്തിക രംഗത്തെ മാന്ദ്യത്തിന് ഇത് തെളിവാണ്.(പഞ്ചായത്തിലെ വരവുചിലവു പട്ടിക-2,3

എന്നിവ കാണുക)

പട്ടിക-2

| ക്രമ ന ർ | ഇനം | 1993-94 | 94-95 | 95-96 |
|---|---|---|---|---|
| A | തനത് വരുമാനം | | | |
| 1 | കെട്ടിട നികുതി | 99655.00 | 109450.00 | 118925.00 |
| | കെട്ടിട കുടിശ്ശിക | 77188.41 | NIL | NIL |
| 2 | തൊഴിൽ നികുതി | 78795.00 | 70820.00 | 83770.00 |
| | തൊഴിൽ കുടിശ്ശിക | 15980.00 | NIL | NIL |
| 3 | വിനോദ നികുതി | 67870.40 | 120762.40 | 121266.80 |
| 4 | അ. വിനോദ നികുതി | 41707.85 | 74583.00 | 75648.96 |
| 5 | പ്രദർശന നികുതി | 1836.00 | 2182.00 | 2442.00 |
| 6 | പ്രദർശന സർചാർജ് | 459.00 | 545.50 | 610.50 |
| 7 | ലൈസൻസ് ഫീസ് | 2538.00 | 2505.00 | 2753.00 |
| 8 | ലേലം | NIL | 72438.00 | 55622.00 |
| | ആകെ | 386029.66 | 453285.90 | 461038.26 |
| B | സർക്കാർ ഗ്രാൻറ് | | | |
| 1 | വസ്തു കൈമാറ്റ ചുങ്കം | 272714.00 | 276280.00 | 172225.00 |
| 2 | അടിസ്ഥാന നികുതി | 26068.00 | 35009.00 | NIL |
| 3 | വി.ആർ.എം | 28048.00 | 29249.00 | 28008.00 |
| 4 | എം.എ.ഗ്രാൻറ് | 50.00 | 4023.00 | 4022.00 |
| 5 | വി.ടി.സി | - | 23000.00 | 132228.00 |
| | ആകെ | 326880.00 | 367561.00 | 336483.00 |
| C | മറ്റിനങ്ങൾ | | | |
| 1 | ഉപാധി രഹിതഫണ്ട് | 209900.00 | 296600.00 | 296400.00 |
| 2 | ഡിപ്പോസിറ്റ് | 45052.30 | 31912.95 | 40925.00 |
| 3 | ജെ.ആർ.വൈ | 283232.00 | 220466.00 | 278050.00 |
| 4 | സ്വാശ്രയം | - | 550000.00 | 800000.00 |
| | ആകെ | 538184.30 | 1098978.95 | 1415375.00 |
| | മൊത്തം വരവ് | 1251093.96 | 1919825.85 | 2212896.26 |

പട്ടിക-3

| ഇനം | 93-94 | 94-95 | 95-96 |
|---|---|---|---|
| ഭരണം | 221930.50 | 231331.00 | 269184.00 |
| പൊതുമരാമത്ത് | 630529.00 | 928200.00 | 563961.00 |
| വിദ്യാഭ്യാസം | 2927.00 | 1975.00 | 2976.00 |
| തെരുവു വിളക്ക് | 14700.00 | 14700.00 | 71707.00 |
| ജലവിതരണം, ഓടകൾ | | | |
| ആരോഗ്യം | 4894.00 | 26335.00 | 18489.00 |
| മറ്റുള്ളവ | 196720.40 | 230283.00 | 266030.00 |
| മൊത്തം | 1071700.90 | 1432824.00 | 1194026.00 |
| ജെ.ആർ.വൈ മുഴുവൻ തുകയും Expenditure 1194026.00 | | | |

നാഷണൽ സർവ്വീസ് സ്കീം, ഇന്ദിരാ വികാസ്പത്ര തുടങ്ങിയവയിലെ നിക്ഷേപകരുടെ എണ്ണം വർദ്ധിപ്പിക്കുക വഴി കൂടുതൽ വിഭവസമാഹരണം നടത്താം.

കാർഷിക രംഗത്തും വായ്പാരംഗത്തും ജനങ്ങൾക്ക് പ്രധാന ആശ്രയം ഊരകം സർവ്വീസ് സഹകരണ ബാങ്കാണ്. ഫെഡറൽ ബാങ്ക് ഈ പഞ്ചായത്തിയാണ് നിലനിൽക്കുന്നതെങ്കിലും പ്രധാനമായും പ്രവർത്തന മേഖല തൊട്ടടുത്ത വേങ്ങര പഞ്ചായത്തി ലാണ്. ഈ പഞ്ചായ ത്തിൽ സേവനം നൽകുന്ന സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് വേങ്ങരയിലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 12കി.മീറ്റർ അകലെ മലപ്പുറം കോട്ടപ്പടിയിലുമാണ്. അതുകൊണ്ടു തന്നെ നിക്ഷേപം ചിതറിപോവുകയും പ്രയോജനം പഞ്ചായത്തിനു ശരിയായി ലഭിക്കാതെ വരുകയും ചെയ്യുന്നു.

പഞ്ചായത്തിനകത്തെ ഫെഡറൽ ബാങ്ക്, സഹകരണ ബാങ്ക് എന്നിവിടങ്ങളിലെ വിവരങ്ങൾ പട്ടിക-4ൽ കാണുക.

പട്ടിക-4

| വായ്പാ ഇനം | ഫെഡറൽ ബാങ്ക് | സഹകരണ ബാങ്ക് |
|---|---|---|
| കാർഷിക വായ്പ | 900000 | 560793 |
| കാർഷികേതര വായ്പ | 7600000 | 588250 |
| സ്വർണ്ണ പണ്ടം പണയം | 4700000 | 2121258 |
| ഉപഭോക്തൃ വായ്പകൾ | 60000 | 323400 |
| മധ്യകാല വായ്പകൾ | 1600000 | 324303 |
| ദീർഘകാല വായ്പകൾ | 1000000 | 648047 |
| നിക്ഷേപം | - | 117.25ലക്ഷം |

**വിഭവ സമാഹരണ രംഗത്തെ സാധ്യതകൾ**

വസ്തുവിൻെറ യഥാർത്ഥ വിലനിർണ്ണയം നടത്തി രജിസ്ട്രേഷൻ നടക്കുകയാണെങ്കിൽ കൂടുതൽ വരുമാനം കണ്ടെത്താം. 95-96ൽ കെട്ടിട നികുതിയിൽ ഉണ്ടായ വർധനവ് 9475രൂപ മാത്രമാണ്. യഥാർത്ഥത്തിൽ ഇത് വളരെ നേരിയ വർദ്ധനവാണ്. കെട്ടിടങ്ങളുടെ വിസ്തീർണ്ണവും നിർമ്മാണ ചെലവും കൃത്യമായി തിട്ടപ്പെടുത്തി ആനുപാതികമായി നികുതി ചുമത്തുകയാണെങ്കിലിപ്പോഴുള്ള നികുതി വരുമാനത്തേക്കാൾ കൂടുതൽ വിഭവം സമാഹരിക്കാം.

കച്ചവട സ്ഥാപനങ്ങളെക്കുറിച്ച് ഒരു സമഗ്രമായ സർവെ നടത്തി ലൈസൻസ് ഫീ ചുമത്തുകയാണെങ്കിൽ ഇപ്പോഴുള്ള 2753 രൂപയെക്കാൾ വലിയ തുക വർദ്ധനവുണ്ടാക്കാം.

പഞ്ചായത്തിൽ വ്യവസായികാടിസ്ഥാനത്തിൽ നടക്കുന്ന കരിങ്കൽ ക്വാറി, ക്രഷർ, ചെങ്കല്ല് ക്വാറികൾ എന്നിവക്ക് ലൈസൻസ് നൽകാനും ഫീസ് പിരിക്കാനുള്ള അനുവാദം പഞ്ചായത്തിന് ലഭ്യമായാൽ ഇ ഇനത്തിൽ നല്ലൊരു വരുമാനം പ്രതീക്ഷിക്കാം.

പഞ്ചായത്തു തലത്തിൽ ഒരു പലിശ രഹിത നിധി സ്വരൂപിക്കുകയും ഇ നിധിയിലേക്ക് സംഭാവന നൽകുന്നവർക്ക് തുല്യ തുകക്കുള്ള ബോണ്ട് നൽകിക്കൊണ്ടു ബാക്കി പണം നിർദ്ധരരായ കുടുംബങ്ങൾക്ക് വീടു വെക്കാനും കക്കൂസുകൾ നിർമ്മിക്കാനും മറ്റു ക്ഷേമ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാം. അതോടൊപ്പം ഒരു വലിയ തുക സമാഹരിക്കാനും കഴിയും.

ഗ്രാമ വികസന ബോർഡിൽ നിന്നു ലഭിക്കുന്ന സഹായം ഉപയോഗിച്ച് പഞ്ചായത്തിൽ ഷോപ്പിംഗ് കോംപ്ലക്സ്, ക്വാർട്ടേഴ്സ് എന്നിവ നിർമ്മിച്ച് വാടകക്ക് കൊടുത്ത് പഞ്ചായത്തിന് വരുമാനം ഉണ്ടാക്കാവുന്നതാണ്.

വിഭവ സമാഹരണ രംഗത്ത് പ്രായോഗികമായ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. ഇന്നു നമുക്കുള്ള പരിമിതികൾ പരിഹരിക്കുന്നതിന് ജനപങ്കാളിത്തതോടെയുള്ള വികസന സംസ്കാരം വളർത്തുകവഴി സാധിക്കുമെന്ന് പ്രത്യാശിക്കാം.



396



# ഉപസംഹാരം

പഞ്ചായത്തിൻെറ വിവിധ മേഖലകളിനെ വികസന പ്രശ്നങ്ങൾ ചർച്ചചെയ്യപ്പെട്ടിരിക്കുകയാണ്. ആവശ്യങ്ങൾ കൂടുതലും, വിഭവങ്ങൾ കുറവുമാണ് എന്നതാണവസ്ഥ. സ്ഥായിയായ വികസനത്തിന് കടമ്പകൾ ഒട്ടനവധിയുണ്ട്. കൃഷി,വ്യവസായം,എന്നിവയിലൂന്നിയ ഒരു വികസന സംസ്ക്കാരത്തിലൂടെ മാത്രമേ ഈ കടമ്പ നമുക്ക് മറിക്കടക്കാനാകും ഇവിടെയാണ് പ്രാദേശികാസൂത്രണത്തിൻെറ പ്രസക്തി നിലകൊള്ളുന്നത്. ആധുനിക ശാസ്ത്ര സാങ്കേതിക നേട്ടങ്ങളും പരമ്പരാഗതമായ അനുഭവസമ്പത്തും സമരപ്പെടുത്തികൊണ്ടുള്ള വികസന തന്ത്രമായിരിക്കും നമുക്കഭികാമ്യം.

കേന്ദ്രീകൃത തലത്തിൽ നിന്ന് ജനകീയ തലത്തിലേക്കുള്ള പദ്ധതി നടത്തിപ്പ് ജനങ്ങൾ സ്വാഗതം ചെയ്തിരിക്കുന്നു. അതിൻെറ അലയൊലികളാണ് ഗ്രാമസഭകളിൽ ദർശിച്ചത്. പദ്ധതി നടത്തിപ്പിനുവേണ്ടി വരന്ന വരുമാനവും ചെലവുകളും പൊരുത്തപ്പെടുത്താൻ പ്രയാസമാണെന്ന് ഒറ്റനോട്ടത്തിൽ തന്നെ മനസ്സിലാക്കാം. 35% മുതൽ 40%വരെ ലഭ്യമാകുന്ന പദ്ധതി വിഹിതം നമ്മുടെ ആവശ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ കുറവാണ്, മറ്റ് വിഭവ സമാഹരണമേഖല ഏറെ പ്രതീക്ഷക്ക് വകതരുന്നുമില്ല.

കൂട്ടായ അധ്വാനവും മാനുഷിക വിഭവുമാണ് നമുക്കുള്ള പ്രതീക്ഷ.

കൃഷി രാഷ്ട്രീയത്തിനതീതമായ വികസനത്തിന് മുമ്പെന്നെത്തെക്കാളും പ്രാധാന്യം കൈവന്നിരിക്കുന്നു.

ഗ്രാമസഭകളിലും തുടർപരിപാടികളിലുമായിട്ടുള്ള പ്രാതിനിധ്യവും പങ്കാളിത്തവും നമുക്ക് അഭിമാനത്തോടൊപ്പം ആവേശവും പ്രദാനം ചെയ്യുന്നു. പഞ്ചായത്തിൻെറ സമഗ്രവികസനത്തിനാവശ്യമായ പഠനങ്ങൾ ഇനിയും പൂർണ്ണതയിലെത്തേണ്ടതുണ്ട്.വിഭവഭൂപട നിർമ്മാണം,നീർമറി സർവെ എന്നിവ നടത്തി അവലോകനം ചെയ്യപ്പെട്ടേണ്ടതുണ്ട്. അതിലൂടെ മാത്രമേ നമ്മുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ആസൂത്രണം ചെയ്യാൻ കഴിയുകയുള്ളൂ.

എല്ലാ വിഭാഗം ജനങ്ങളുടെയും ഐക്യം ഉറപ്പാക്കികൊണ്ടുള്ള കർമ്മ പരിപാടികൾക്ക് ഈ സെമിനാർ രൂപം കൊടുക്കാൻ പോവുകയാണ്. ഈ വികസനരേഖയാണ് അതിനുള്ള ഒരു മാർഗ്ഗരേഖ.ചുരുങ്ങിയ സമയത്തിനുള്ളിൽ തയ്യാറാക്കേണ്ടി വന്നത് കൊണ്ടുള്ള പരിമിതികളിതിനുണ്ട്. ഏവരുടേയും സജീവമായ ചർച്ചയും ക്രിയാത്മകമായ നിർദേശവും ഈ രേഖയെ സമ്പുഷ്ടമാക്കും അതിനായി ഈ രേഖ സമർപ്പിക്കട്ടേ.

എന്ന് സ്നേഹപൂർവ്വം
പാങ്ങാട്ട് യൂസഫ് ഹാജി.
പ്രസിഡൻറ്, ഊരകം ഗ്രാമപഞ്ചായത്ത്.

ഗ്രാമ പഞ്ചായത്ത് ഓഫീസ് ഊരകം

## വികസന രേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്.

1. കൃഷി. ജലസേചനം.
പൂക്കുത്ത് മുഹമ്മദ് -ചെയർമാൻ
പ്രകാശ്. കൃഷിഓഫീസർ- കൺവീനർ
എം. കെ. മമ്മു
അബ്ദുൾ മജീദ്. എം
മമ്മതു ഹാജി. എം
ബാലകൃഷ്ണപ്പണിക്കർ
ടി. നാരായണൻ

2. മൃഗസംരംക്ഷണം, മത്സ്യമേഖല
വാസുമാസ്റ്റർ. കെ. കെ - ചെയർമാൻ
ഡോ. ബി. മുരുകേശ് - കൺവീനർ
എം. രമേശ്
കെ. സി. കുഞ്ഞാൻ
എം. ടി. അലവി

3. പി. യൂസഫ് ഹാജി-ചെയർമാൻ
എം. കെ. മുഹമ്മദ്-കൺവീനർ
പി. ഷരീഫ്
കെ.ടി. അബ്ദുൾ മജീദ്
പി. കെ. അഷ്റഫ്

4. ഗതാഗതം ഊർജ്ജം മാർക്കറ്റ്
ഇ. കെ. കുഞ്ഞാലി-ചെയർമാൻ
ടി. അബ്ദു റഹിമാൻ മാസ്റ്റർ
കെ. ടി. അബ്ദു സമദ്
കെ. ഇ. തോമസ്
മേലേതിൽ മുഹമ്മദ്

5. വിദ്യാഭ്യാസം
എം. കെ. അബ്ദുൽ മജീദ്-ചെയൻമാൻ
എസ്. സദാശിവൻ പിള്ള- കൺവീനർ
ശശീന്ദ്രൻ. പി. പി.
കെ. വി. അബ്ദു സലാം
കെ. കെ. ഹംസമാസ്റ്റർ
ജയരാജൻ. സി.

6. കുടി വെള്ളം പൊതു ജനാരോഗ്യം
ഖദീജ പുലാക്കൽ-ചെയർമാൻ
ഡോ. പി. കെ. സുബൈദ
ഇസ്മായിൽ-കൺവീനർ
മുഹമ്മദലി ( HI) PHC ഊരകം.
സുബ്രമണ്യൻ ( HI) PHC ഊരകം.
പാലേരി അഷ്റഫ്
ജ്യോതി

7. പാർപ്പിടം സാമൂഹ്യക്ഷേമം
ഒ. കെ. അബ്ദുൽ ലത്തീഫ്- ചെയർമാൻ
മോഹനൻ. ജി. -കൺവീനർ
കെ. ബാലചന്ദ്രൻമാസ്റ്റർ
കെ. ടി. അബൂബക്കർ മാസ്റ്റർ
ഗീത. സി.
സതീദേവി. കെ
ജയ ലക്ഷ്മി. വി. പി

8. സംസ്കാരം
കെ. ടി. സിദ്ദിഖ് മരക്കാർ-ചെയർമാൻ
എ. ശിവരാമൻ മാസ്റ്റർ-കൺവീനർ
കെ. വി. മാനുകുട്ടി മാസ്റ്റർ
എ. ടി. ആലികുട്ടി ഹാജി
ഒ. കെ. എ. കുട്ടി
ടി മുഹമ്മദ് കുട്ടി

9. വനിത
പുഴിത്തറ ഷംസാദ്-ചെയർപേഴ്സൺ
നിർമ്മല ടി. -കൺവീനർ
രാധാദേവി. വി.
അംബിക പൊറ്റക്കാട്
സതീശ് ചന്ദ്രബാബു. എസ്.

10. സഹകരണ മേഖല
ഫാത്തിമ ലത്തീഫ്- ചെയർപേഴ്സൺ
വി. കെ. കുഞ്ഞിമുഹമ്മദ്-കൺവീനർ
പി. ലത്തീഫ്
പി. പി. ഹസ്സൻ
സുജാത. കെ

11. പട്ടിക ജാതി പട്ടിക വർഗ്ഗക്ഷേമം
എ. പി. ഉണ്ണി.-ചെയർമാൻ
യു. ബാലകൃഷണൻ-കൺവീനർ
വി. പി. നാരായണൻ
കമ്പിളിയത്ത് ചന്ദ്രൻ
കെ. ടി. മൂസഹാജി

12. വിഭവസമാഹരണം
പാറക്കൽ കദീജ-ചെയർപേഴ്സൺ
പി. ടി. മൊയ്തീൻകുട്ടി മാസ്റ്റർ-കൺവീനർ
എം. എം. അബ്ദു റഹിമാൻ മാസ്റ്റർ
കെ. പി. മൂസ
പാറക്കൽ മുഹമ്മദ്

ഊരകം ഗ്രാമ പഞ്ചായത്ത്

# വികസന രേഖ

# അനുബന്ധം

398

# ഊരകം ഗ്രാമ പഞ്ചായത്ത് വികസന രേഖ അനുബന്ധം

**1996 ഡിസംബർ 9-ന് കാരാത്തോട് U. P. സ്കൂളിൽ ചേർന്ന പഞ്ചായത്ത് വികസന സെമിനാറിലെ ഗ്രൂപ്പ് ചർച്ചകളിൽ അംഗീകരിച്ച വികസനരേഖയുടെ അനുബന്ധ റിപ്പോർട്ടാണ് താഴെ ചേർത്തിരിക്കുന്നത്.**

## കൃഷി ജലസേചനം

### നിർദ്ദേശങ്ങൾ

1. പുല്ലഞ്ചാൽ, പുളിയക്കോട് ഭാഗത്തെ 47 ഓളം കൃഷിക്കാർ ജലസേചനത്തിന് പമ്പുസെററുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് K S E B മലപ്പുറം ഓഫീസിൽ മിനിമം ഗ്യാരണ്ടി വെച്ചിട്ടുണ്ട്. ആയതിന് പ്രത്യേക മുൻഗണന നൽകി വൈദ്യുതി കണക്ഷൻ ലഭ്യമാക്കേണ്ടതാണ്.

2. 8, 10 വാർഡ് അതിർത്തിയിൽ വരുന്ന കേളിച്ചോല തോടിന് നടുത്തോട് വരെയുള്ള ഭാഗങ്ങളിൽ പാർശ്വ ഭിത്തി കെട്ടി സംരക്ഷിക്കണം.

3. കിളിനക്കോട് ചാലിൽ നിന്ന് മീഞ്ചിറ വഴി കൊടലിക്കുണ്ട് ഭാഗത്തേക്ക് ഒരു നീർച്ചാൽ ഉണ്ടായിരുന്നു. ഇതിൽ നിന്നും വെള്ളം ജലസേചനത്തിന് ഉപയോഗിച്ചിരുന്നു ഇപ്പോഴും അത് ഉപയോഗ ശൂന്യമായി കിടക്കുകയാണ്. അത് വൃത്തിയാക്കി ജലസേചന യോഗ്യമാക്കണം. അതിന് ശ്രമദാനം നൽകാൻ അവിടത്തെ കൃഷിക്കാർ തയ്യാറാണ്.

4. പച്ചക്കറി കൃഷി വ്യാപനത്തിന് ഓരോ വാർഡിൽ നിന്നും താല്പര്യമുള്ള കൃഷിക്കാരെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനവും ഉല്പാദനോപാധികളും ലഭ്യമാക്കുക.

5. വിവിധ കാർഷിക സമിതികളിൽ എല്ലാ കൃഷിക്കാർക്കും പ്രാതിനിധ്യം നൽകേണ്ടതാണ്.

## മൃഗസംരക്ഷണവും, മത്സ്യ ബന്ധനവും

ലൈസൻസില്ലാത്ത വളർത്തു നായ്ക്കൾക്ക് നിർബന്ധമായും ലൈസൻസ് എടുപ്പിക്കുകയും, അലഞ്ഞു തിരിയുന്ന നായ്കളെ പിടിക്കാനുള്ള സംവിധാനം ചെയ്യുക.

സ്വകാര്യ മേഖലയിൽ ധാരാളം കുളങ്ങൾ ഉള്ള ഈ പഞ്ചായത്തിൽ സ്വകാര്യ കുളങ്ങളിൽ മത്സ്യം വളർത്തുന്നതിനുവേണ്ടി പ്രോത്സാഹനം നൽകുക.

## വ്യവസായം

### പുതുതായി തുടങ്ങാൻ സാദ്ധ്യതയുള്ള വ്യവസായം

1. റബ്ബർ വുഡ് പ്രോസസ് യൂണിററ്
2. ലതർ ചെരിപ്പ് നിർമ്മാണം
3. തേൻ ശേഖരണം. തേനീച്ച വളർത്തൽ
4. പാക്കിംഗ് കെയ്സ് നിർമ്മാണ യൂണിററ്
5. മാർക്കററിംഗ് സെൻറർ തുറക്കൽ
6. പട്ടിക ജാതി/പട്ടിക വർഗ്ഗ സഹകരണ സംഘം
7. വട്ടി, കുട്ട തഴപായ
8. ഇഷ്ടിക നിർമ്മാണം
9. കാലിത്തീററ ഫാക്ടറി സ്ഥാപിക്കുക.

### നിർദ്ദേശങ്ങൾ

1. കൊമേഴ്ഷ്യൽ ബാങ്കുകൾ പഞ്ചായത്തിൽ കൂടുതൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. 10 വർഷമായി മിനി ഇൻഡസ്ട്രി മിൽ അടഞ്ഞു കിടക്കുന്ന യൂണിററുകൾ ഏറെറടുത്ത് പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുക.

3. മിനി ഇൻഡസ്ട്രിയിൽ കോമൺ ജനറേറ്ററുകൾ സ്ഥാപിച്ച് ഊർജ്ജ പ്രതിസന്ധി പരിഹരിക്കുക. വൈദ്യുതി ചെലവിനേക്കാൾ അധികം വരുന്ന ചെലവ് പഞ്ചായത്ത് വഹിക്കുക.

4. വ്യവസായ സംരംഭകരുടെ ലിസ്റ്റ് പഞ്ചായത്ത് സംഭരിക്കുക. വിവിധ ട്രെയിഡ് അടിസ്ഥാനത്തിൽ ഇടവിട്ട് ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

5. സഹകരണ ബാങ്കിൽ കൂടി വ്യവസായ ലോണുകൾ അനുവദിക്കുക.

6. ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിററഴിക്കുന്നതിനുള്ള മാർക്കററിംഗ് സെൻററുകൾ സ്ഥാപിക്കുക.

7. ചെറുകിട വ്യവസായങ്ങളെ പൂർണ്ണമായി ടാക്സിൽ നിന്നും ഒഴിവാക്കുക.

8. പഞ്ചായത്തിനുള്ളിൽ ഉള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിററി വിതരണം ബാക്കി എന്നിവയുടെ കണക്ക് പഞ്ചായത്തിൽ ലഭ്യമാക്കുക.

9. വിവിധ ട്രെയിഡുകൾക്കുള്ള ട്രെയിനിംഗ് സെൻററുകൾ സ്ഥാപിക്കുക. ഉദാ: വെൽഡിംഗ് ഡ്രില്ലിംഗ്, കാർപ്പൻററി ഇതിന് വ്യവസായധനസഹായം ഉപയോഗപ്പെടുത്തുക.

10. വ്യവസായ സംരംഭങ്ങൾക്ക് വേഗത്തിൽ ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുക.

11. പട്ടികജാതി, പട്ടിക വർഗ്ഗക്കാരുടെ പരമ്പരാഗത തൊഴിൽ നിലനിർത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും ഹരിജൻ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് പട്ടികജാതി പട്ടിക വർഗ്ഗ ജനവിഭാഗത്തിനുള്ള ജീവിത നിലവാരം ഉയർത്തുന്നതിന് നടപടികൾ കൈക്കൊള്ളുക.

## വിദ്യാഭ്യാസം

1. വേങ്ങര A E O ഓഫീസ് വിഭജിക്കുക. അങ്ങനെ വിഭജിക്കുമ്പോൾ ഊരകം പഞ്ചായത്തിലെ സ്കൂളുകളെ മലപ്പുറം വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുത്തുക.

2. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറച്ചുകൊണ്ട് സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടും വിദ്യാഭ്യാസ നിലവാരം ഉയർത്തുക.

402



3. ഇൻഡസ്ട്രിയൽ ട്രെനിംഗ് ഇൻസ്ററിററ്യൂട്ട്, ഇൻഡട്രിയൽ ട്രെനിംഗ് കോംപ്ലക്സ്, ടീച്ചേഴ്സ് ട്രെനിംഗ് ഇൻസ്ററിററ്യൂട്ട്, കോളേജ് എന്നിവ ഈ പഞ്ചായത്തിനും സമീപ പഞ്ചായത്തുകാക്കും സൗകര്യപ്രദമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക.

4. വേങ്ങര ജി എച്ച്. എസിൽ നിർദ്ദേശിച്ചിരിക്കുന്ന V H S C ക്ക് പകരം പ്ലസ് ടു ആക്കി മാററാൻ ആവശ്യപ്പെടുന്നു.

5. P M, S A M U P S കാരാത്തോട് ഹൈസ്കൂളാക്കി അപ്ഗ്രേഡ് ചെയ്യുക.

6. ഹെഡ്മാസ്റ്റർ മാരെ ക്ലാസ് മാർജിൻ നിന്ന് ഒഴിവാക്കണം.

## കുടിവെള്ളം, പൊതുജനാരോഗ്യം

I 1. പട്ടിക രണ്ടിൽ പ്രശ്നമേഖല കോളത്തിൽ കാരിപ്പടി എന്നത് കാര്യാട് എന്ന് തിരുത്തണം.

2. കിഴക്കെ നെല്ലിപറമ്പിൽ ഇപ്പോൾ നിലവിലുള്ള കുഴൽകിണറിൽ വെള്ളം ലഭ്യമല്ല. സർവ്വെ നടത്തി വെള്ളം കിട്ടുന്ന സ്ഥലത്ത് പുതിയ കിണർ നിർമ്മിക്കണം.

3. വെങ്കുളം ഭാഗത്ത് വലിയ കിണർ കുഴിച്ച് പഞ്ചായത്തിൽ ഏററവും രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന 1, 7 വാർഡുകളിലേക്ക് ജലവിതരണ പദ്ധതി നടപ്പാക്കുക.

III ഉപയോഗശൂന്യമായ കുഴൽ കിണറുകൾ റിപ്പയർ ചെയ്തു നേരെയാക്കുക.

IV കരിമ്പിലി ലക്ഷംവീട് കോളനിയിൽ നിലവിലുള്ള പൊതു കിണർ ആഴംകൂട്ടി കോളനിയിലും പരിസരത്തും കുടിവെള്ളമെത്തിക്കാൻ പദ്ധതി നടപ്പാക്കുക.

V മംഗലം ഭാഗത്ത് പുതിയ കുഴൽ കിണർ സ്ഥാപിച്ചു. 15 ഓളം വീടുകൾക്ക് വെള്ളമെത്തിക്കാം.

VI കടലുണ്ടി പുഴക്ക് ചെക്ക് ഡാം നിർമ്മിക്കുന്നതോടൊപ്പം കുഴൽ കിണർ നിർമ്മിച്ച് കുടിവെള്ളത്തിൻ പദ്ധതി തയ്യാറാക്കണം.

VIII 1. വികസന രേഖയിൽ പറഞ്ഞ പ്രശ്നമേഖലകൾക്ക് പുറമെ കാരാത്തോട് U P സ്കൂളിന്റെ സമീപം കഴൽ കിണർ നിർമ്മിച്ചാൽ 15 ഓളം കുടുംബങ്ങളുടെയും U P സ്കൂളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കാം.

IV 1. പുളിക്കപ്പറമ്പ് – അപ്പായിപ്പാറ, ചെമ്പടലിക്കണ്ട് – പാറപ്പുറത്ത് പടി എന്നീ സ്ഥലങ്ങളിൽ ശുദ്ധജലമെത്തിക്കാൻ ഒരു മിനി വാട്ടർ സപ്ലൈ സ്കീം നടപ്പാക്കുക. മാലറമ്പ്, ചോലക്കൽ പള്ളി, പുതിയത്ത്, പാറക്കുന്ന് പ്രദേശത്തെ 150 ധിലധികം വീട്ടുകാരുടെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ മിനിവാട്ടർ സപ്ലൈ സ്കീം നടപ്പാക്കുക

2. അധികാരിതൊടി MLA റോഡിൽ കാരാത്തോട് മുതൽ പുളിക്കൽ പാറ വരെയുള്ള ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടി ടാപ്പിടുക.

IX കരിമ്പിലിയിൽ പ്രവർത്തിക്കുന്ന സർവ്വീസ് സ്റ്റേഷൻ മൂലം അടുത്തുള്ള ശുദ്ധജല സ്രോതസുകളിലെ വെള്ളം മലിനമാക്കുന്നതിന്ന് പരിഹാരമുണ്ടാക്കണം.

ആരോഗ്യ രംഗത്തെ കാര്യങ്ങൾ ചർച്ച ചെയ്തു എങ്കിലും വികസന രേഖയിൽ പറഞ്ഞതിന്നു പുറമെ മററു നിർദ്ദേശങ്ങളൊന്നും ഉണ്ടായിട്ടില്ല. സ്ഥലരേഖകൾ അടക്കം ധാരാളം അച്ചടി തെററുകൾ തിരുത്തേണ്ടതായി വികസന രേഖയിൽ ഉണ്ട്.

റിപ്പോർട്ട് തയ്യാറാക്കിയത്: **അഷറഫ് പാലേരി.**

## ഗതാഗതം, ഊർജ്ജം, മാർക്കററ്

### വികസന സെമിനാറിൽ ഉയർന്നുവന്ന പുതിയ നിർദ്ദേശങ്ങൾ

### പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| | | വാർഡ് | ഏകദേശ നീളം |
|---|---|---|---|
| 1. | പുത്തൻപീടിക–കളോടത്ത് | 7 | 750 മീററർ |
| 2. | വിളക്കത്തിൽപടി–പുത്തൻപീടിക | 10 | 1 കി. മീ. |
| 3. | കോട്ടമ്മൽ ലക്ഷം വീട് കോളനി–ആറുകണ്ടം | 10 | 1 കി. മീ. |

| | | | |
|---|---|---|---|
| 4. | പുള്ളിക്കല്ല്-പനോളി റോഡ് | 8 | 1.5 കി. മീ. |
| 5. | തെക്കിൻപള്ളി-കോട്ടപ്പറമ്പ് | 2 | 200 മീററർ |
| 6. | കററാളൂർ മദ്രസ-ചാലിൽകണ്ടി റോഡ് | 2 | 250 മീററർ |
| 7. | ആലക്കപറമ്പ്-താഴെ ഇടിമുഴി | 3 | 750 മീററർ |
| 8. | കൊടലിക്കണ്ട്-തങ്ങാംപടി (അരിമ്പത്തൊടി വഴി) | 4 | 500 മീററർ |
| 9. | കല്ലേററിപടി-കള്ളിക്കുന്ന് | 9 | 300 മീററർ |
| 10. | ആലുങ്ങൽ-വട്ടപ്പറമ്പ് | 5 | 500 മീററർ |
| 11. | വട്ടപ്പറമ്പ്-കിഴക്കേ വട്ടപ്പറമ്പ് | 5 | 500 മീററർ |
| 12. | കിളിനക്കോട്-നടുവക്കാട് | 10 | 2.5 കി. മീ. |
| 13. | പള്ളിപ്പടി-പുത്തൻപീടിക | 8 | 300 മീററർ |
| 14. | കനിയൻമാട്-പഞ്ചായത്ത് പടി | 10 | 1 കി. മീ. |

15. പൂളാപ്പീസ്-ബദാപടി-നെടിയിരുപ്പ് ഹരിജൻ കോളനി റോഡ്: രണ്ടു പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ് ഈ ഹരിജൻ കോളനി റോഡ്. രണ്ടു പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മററാരു റോഡും ഈ പഞ്ചായത്തിൽ വേറെ ഇല്ല. ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബ്ലോക്ക് തലത്തിലും, ജില്ലാ പഞ്ചായത്ത് തലത്തിലും എത്തിക്കുന്നതിന്നു് പഞ്ചായത്ത് റോഡ് മുൻഗണന നൽകേണ്ടതാണ്.

15. (1) മേലെ ഒ. കെ. എം. നഗർ-മീഞ്ചിറ കാപ്പിൽ നടപ്പാത 750 മീ.

(2) പാറപ്പുറത്ത്പടി-അഴകത്ത്പറമ്പ്-ഇടവഴി

## നടപ്പാലം

കീരിപ്പടിക്കൽ-നഴിഞ്ഞിപാടം തോടിന് പാലം — വാർഡ് 3

**ടാർ ചെയ്യേണ്ട റോഡുകൾ**

| | | | |
|---|---|---|---|
| 16. മേലേത്തൊട്ട–കണ്ടപാടം കുളം | വാർഡ് 5 | 100 | മീററർ |
| 17. കററാളൂർ–ചേലത്തൂർ | 3 | 750 | ,, |
| 18. കററാളൂർ–കാപ്പിൽകണ്ട് | 3/9 | 600 | ,, |

**ഊർജ്ജം**

പുതിയ ട്രാൻസ്ഫോർമറുകൾ ആവശ്യമായ സ്ഥലം

| | | |
|---|---|---|
| 1. വട്ടപ്പറമ്പ് | വാർഡ് | 5 |
| 2. കതിയൻമാട് | ,, | 10 |
| 3. പൂളാപ്പീസ് | ,, | 7 |

സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

| | | |
|---|---|---|
| 1. പുള്ളിക്കല്ല് | വാർഡ് | 8 |
| 2. മമ്പീതി–കിഴക്കേതല | ,, | 2 |
| 3. എടരിയിൽ | ,, | 3 |

## പാർപ്പിടവും, സാമൂഹ്യക്ഷേമവും

പാർപ്പിടവും, സാമൂഹ്യക്ഷേമവും എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ചർച്ചയിൽ ഉരുത്തിരിഞ്ഞു വന്ന പുതിയ പ്രശ്നങ്ങളും പരിഹാരങ്ങളും ചുവടെ ചേർക്കുന്നു.

| പാർപ്പിടം | പരിഹാരങ്ങൾ |
|---|---|
| 1. സ്വന്തമായി വീടുവെക്കുന്നതിന് സ്ഥലമില്ലാത്ത പ്രശ്നം | 1. പഞ്ചായത്ത് തലത്തിൽ ആയി ഏറെറടുത്ത് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി ദുർബല വിഭാഗങ്ങൾക്ക് സൗജന്യമായും, ഇടത്തരക്കാർക്ക് നിശ്ചിത നിരക്കിലും, വിതരണം ചെയ്യുക. |

2. ഇന്ന് ഭവന നിർമ്മാണത്തിന് ആവശ്യമായ സാമ്പത്തികശേഷിക്കുറവ്

1. നിർമ്മിതി കേന്ദ്രം പോലെയുള്ള ഏജൻസികളുടെ പ്രവർത്തനം വ്യാപിപ്പിക്കുക. ചിലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തെപ്പററിയുള്ള ബോധവൽക്കരണവും, പ്രോത്സാഹനവും നൽകുക.

2. പ്രകൃതിക്ഷോഭം മൂലം വീട് നഷ്ടപ്പെടുന്നതിന്ന് നഷ്ടപരിഹാരം ലഭിക്കാൻ വേണ്ടി പഞ്ചായത്ത് തലത്തിൽ ദുർബല വിഭാഗങ്ങളുടെ വീടിന് ഇൻഷൂറൻസ് ഏർപ്പെടുത്തുക

3. പുതിയ വീട് നിർമ്മിക്കുന്നതിന്ന് വായ്പകൾ ലഭിക്കുന്നതുപോലെ തന്നെ നിലവിലുള്ള പഴയ വീടുകളുടെ അററകുററ പണികൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്ന് വായ്പകൾ അനുവദിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

4. പഞ്ചായത്ത് തലത്തിൽ ഗ്രാമവികസന ബോർഡിൽനിന്നും, മററു ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ എടുത്ത് ക്വാർട്ടേഴ്സുകൾ നിർമ്മിച്ച് വാടകക്ക് നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുക.

5. സ്വകാര്യ വ്യക്തികളുടെ വാടക കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിന്ന് ഏകീകരണ മാനദണ്ഡം ഏർപ്പെടുത്തുക.

6. ആഡംബര പൂർണ്ണമായ വീടുകളുടെ നിർമ്മാണത്തെ നിരുത്സാഹപ്പെടുത്തുക; വീടുകളുടെ നിർമ്മാണ ചിലവിന് പഞ്ചായത്ത് തലത്തിൽ പരിധി നിശ്ചയിക്കുക; പരിധിക്കു

മുകളിൽവരുന്ന വീടുകാംക്ക് പ്രത്യേക നികുതി ഏർപ്പെടുത്തുക.

7. ഭവന നിർമ്മാണ സാമഗ്രികളുടെ വിതരണത്തിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ സേവനം ലഭ്യമാക്കുക.

8. കെട്ടിട നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട വിദഗ്ദ്ധ തൊഴിലുകളിൽ യുവാക്കാംക്ക് വേണ്ടത്ര പരിശീലനം നൽകാനുള്ള കേന്ദ്രങ്ങാം സ്ഥാപിക്കുക.

9 ഭവന നിർമ്മാണ ബോർഡിൻെറ നിലവിലുള്ള വീട് നിർമ്മിച്ചു കൊടുക്കുന്ന പദ്ധതിയുടെ സേവനം ഈ പദ്ധതിയിലും നടപ്പിലാക്കുക. സർക്കാറിൻെറ അനുമതി കൂടാതെ ഗവൺമെൻറിൽ നിന്നും അനുവദിക്കുന്ന വീടുകാം കൈമാററം ചെയ്യുന്നത് തടയുക. കെട്ടിടങ്ങളുടെ നിർമ്മാണത്തിലും, അററകുററ പണികാം നടത്തുന്നതിലും ഗുണഭോക്താവിൻെറ സഹകരണം ഉറപ്പാക്കുക.

10. നിലവിലുള്ള ധനകാര്യ സ്ഥാപനങ്ങാം വഴി അനുവദിക്കുന്ന വായ്പകളുടെ നടപടി ക്രമങ്ങാം ലഘൂകരിക്കുക നിർമ്മിക്കുന്ന വീടും സ്ഥലവും ജാമ്യമായി സ്വീകരിച്ചു കൊണ്ട് വായ്പകാം അനുവദിക്കുക.

## സാമൂഹ്യക്ഷേമം I R D P

1. I R D P സർവ്വേ ലിസ്റ്റിൽ അർഹത കുടുംബങ്ങളെ കൂട്ടി ചേർക്കാൻ വർഷംതോറും അവസരം വേണം.

408



2. മുൻപ് I R D P വായ്പ വാങ്ങിയിട്ടുള്ള പട്ടിക ജാതിയിൽപ്പെട്ടവരല്ലാത്ത കുടുംബങ്ങൾക്ക് ഇപ്പോൾ രണ്ടാമത്തെ വായ്പകൾ ലഭിക്കാനുള്ള സൗകര്യമില്ല. ഇവർക്ക് രണ്ടാമത്തെ വായ്പ കൊടുക്കാനുള്ള സംവിധാനം വേണം.

3. കൂടുതൽ ബോധവൽക്കരണ ക്യാമ്പുകൾ പഞ്ചായത്ത് തലത്തിൽ നടത്തണം.

## DWCRA

DWCRA പ്രകാരം ഇന്ന് സബ്സിഡി നിരക്ക് ഏകീകൃതമല്ല. DWCRA യിൽ 8-ാം ക്ലാസിന് മുകളിൽ യോഗ്യതയുള്ളവർക്ക് 7,500 ഉം മറ്റുള്ളവർക്ക് 4,000 ഉം S. C വിഭാഗത്തിന് 6,000 വുമാണ് സബ്സിഡി.

1. DWCRA പദ്ധതി പ്രകാരം സംരംഭങ്ങൾ തുടങ്ങുന്നവർക്ക് ഏകീകൃതമായി സബ്സിഡി 7,500 ആക്കി ഉയർത്തുക.

## TRYSAM

ട്രൈസം പദ്ധതിയിൽ കൂടുതൽ പേക്ക് പരിശീലനം നൽകണം. ഗുണഭോക്താക്കളെ പഞ്ചായത്ത്തലത്തിൽ തെരഞ്ഞെടുക്കണം.

| | |
|---|---|
| CRSP പ്രകാരം കക്കൂസ് അനുവദിക്കുന്നത് | – നിലവിലുള്ള തുക 2,000 രൂപയാണ് അനുവദിക്കുന്നത്. അത് 3,000 രൂപയാക്കി ഉയർത്തേണ്ടതാണ്. |
| MWS/ടൂൾ കിററ് | മില്യൻവെൽ അർഹതയുള്ള എല്ലാ കുടുംബങ്ങൾക്കും സഹായം ലഭ്യമാക്കേണ്ടതാണ്. |

## മാതൃശിശുസംരക്ഷണം

| | |
|---|---|
| 1. അംഗനവാടികൾക്ക് സ്വന്തമായി ഭൂമിയും, കെട്ടിടവുമില്ല | – 20 അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം വേണം. പഞ്ചായത്ത് വകയോ, വ്യക്തികളുടെ സംഭാവനയോ ആയി ലഭ്യമാക്കണം. |

| | | |
|---|---|---|
| 2. | ഫർണിച്ചറുകളുടെ അഭാവം | – ഫർണിച്ചറുകളും, ഉപകരണങ്ങളും സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് അല്ലെങ്കിൽ സന്നദ്ധ സംഘടനകൾവഴി ലഭ്യമാക്കണം.<br>സ്ഥിരം കെട്ടിടമുള്ള അംഗനവാടികൾക്ക് അററകുററപണികൾ യഥാസമയം നടത്തേണ്ടതാണ്. |
| 3. | സ്ഥിരംകെട്ടിടമുള്ള അംഗനവാടികൾക്ക് തുച്ഛമായ വാടകയാണ് ലഭിക്കുന്നത് | – വാടക കാലോചിതമായി പരിഷ്കരിക്കണം. പഞ്ചായത്ത് തലത്തിൽ വാടക കണ്ടെത്തണം. |
| | ക്രഷ് മററു സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളുടെകുറവ് | – ക്രഷ്, മററു സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾ പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കുക. |
| 4. | വികലാംഗരെ പുനരധിവസിക്കുന്നതിന് | – വികലാംഗർക്ക് ആവശ്യമായ ഉപകരണങ്ങൾ സൗജന്യമായി സർക്കാർ വഴിയോ, പഞ്ചായത്ത് വഴിയോ, സന്നദ്ധ സംഘടനകൾ വഴിയോ വിതരണം ചെയ്യണം. |
| 5. | സ്ത്രീകൾക്ക് തൊഴിലവസരം ഉറപ്പാക്കുന്നതിന്ന് | – സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ അംഗനവാടികളോടനുബന്ധിച്ച് സഹകരണ സംഘങ്ങളോ, മഹിളാസമാജങ്ങളോ രൂപീകരിച്ച് ചെറുകിട തൊഴിൽ യൂണിററുകൾ തുടങ്ങുക. |
| 6. | അംഗനവാടികളിലെ കുടിവെള്ള പ്രശ്നവും, പരിസര ശുചീകരണവും | – സ്ഥിരം കെട്ടിടമുള്ള അംഗനവാടികൾക്ക് ശുദ്ധജലം, കക്കൂസ്, വൈദ്യുതി, ചുററുമതിൽ എന്നിവ നിർമ്മിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. |
| 7. | സ്ഥിരം കെട്ടിടം നിർമ്മിക്കാനുള്ള ഗ്രാൻറിന്റെ അപര്യാപ്തത | – സർക്കാർ ഗ്രാൻറ് കാലോചിതമായി ഉയർത്തണം. |

410



| | | |
|---|---|---|
| 8. | സ്ഥിരം കെട്ടിടമുള്ള അംഗനവാടികളിലേക്കുള്ള വഴിയുടെ വീതി ഇന്ന് 3 മീററർ വേണമെന്നാണ് നിയമം | – വഴിയുടെ വീതി ലഘൂകരിക്കുക. |
| 9. | ബോധവൽകരണത്തിന്റെ അപര്യാപ്തത | – ബോധവൽകരണ പരിപാടികൾ നടപ്പിലാക്കുക. |
| 10. | അംഗൻവാടി വർക്കർമാരുടെയും, ഹെൽപ്പർമാരുടെയും ഹോണറേറിയത്തിന്റെ അപര്യാപ്തത | – അംഗൻവാടി വർക്കറുടെയും, ഹെൽപ്പറുടെയും ഹോണറേറിയം ഉയർത്തുക; സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുക. |
| | ഗ്രാൻറ് വിതരണ പരിപാടികൾ | – മിശ്രവിവാഹ ദമ്പതികൾക്കുള്ള ഗ്രാൻറ് വിതരണം, വികലാംഗ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്നിവ ലഭ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക. |
| | | പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും വ്യക്തിഗത അപായ ഇൻഷൂറൻസ് ഏർപ്പെടുത്തുക. |
| | | വൃദ്ധസദനം, ഫാമിലി കൗൺസിലിംഗ് സെൻറർ, റസ്ക്യൂഹോം തുടങ്ങിയവയുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ തുടങ്ങുക. |
| | | കേന്ദ്ര വാർദ്ധക്യകാല പെൻഷൻ, മെറേറണിററി ബെനിഫിററ് സ്കീം, ഫാമിലി ബെനിഫിററ് സ്കീം എന്നിവയെ പററി ബോധവൽക്കരണം നടത്തുക. |

411

## പൊതു വിതരണരംഗം

ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ പഞ്ചായത്തിൽ ഏർപ്പെടുത്തുക. റേഷൻ ഷോപ്പ് വഴി കൂടുതൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുക.

പോസ്റ്റോഫീസ്:– പോസ്റ്റാഫീസുകളുടെ എണ്ണം വർധിപ്പിക്കുക.

## സംസ്കാരം

ചെസ്സിനെപ്പററി റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടില്ല. ഊരകം തങ്ങൾപ്പടിയിൽ 'സോഫ്ററി'ൻെറ ആഭിമുഖ്യത്തിൽ ചെസ് പരിശീലനകേന്ദ്രം പ്രവർത്തിച്ചു വരുന്നുണ്ട്. പഞ്ചായത്തിൻെറ പ്രോത്സാഹനം ഇതിന്നാവശ്യമാണ്.

ഊരകം പഞ്ചായത്തിൽ കാരകളി, പകിടകളി, പടകളി എന്നീ പ്രാചീനകലകൾ ഇന്ന് നാമാവശേഷമായിരിക്കുന്നു.

## ചരിത്രം

ഊരകം ജാറത്തിൻപടി എന്ന സ്ഥലത്ത് ഒരു കല്ലച്ച് പ്രവർത്തിച്ചിരുന്നു.

## വിദ്യാലയം

ജർമ്മൻമിഷൻെറ വകയായി ഒരു പ്രൈമറി സ്കൂൾ വള്ളിക്കാടൻ മൂസയുടെ വീട്ടുവളപ്പിൽ (പാറക്കണ്ണി ജംഗ്ഷൻ) പ്രവർത്തിച്ചിരുന്നു. അത് ഒന്നാം ലോക മഹാ യുദ്ധത്തെ തുടർന്ന് നിർത്തലാക്കി.

കട്ടി കോയാമുട്ടി മാസ്റ്ററുടെ മേൽനോട്ടത്തിൽ നടത്തി വന്നിരുന്ന കററാളൂരിലെ വിദ്യാലയമാണ് പിന്നീട് മലബാർ ഡിസ്ട്രിക്ട് ബോർഡ് ഏറെറടുത്ത് ഇന്ന് ജി. എൽ. പി. സ്കൂൾ ഊരകം–കിഴുമുറി എന്ന് അറിയപ്പെടുന്നത്.

**ഐത്തോച്ചാടനം**

ഐത്തോച്ചാടനത്തിനും ക്ഷേത്ര പ്രവേശനത്തിനും നേതൃത്വം നൽകിഹരിജന സ്ത്രീകളുടെ കല്ലുമാലകൾ ഊരി ബ്ലൗസ് ധരിക്കുന്നതിന് പ്രേരിപ്പിക്കുന്നതിന് നേതൃത്വം നല്കിയത് എം. എസ്. പിയിൽ നിന്ന് റിട്ടയർ ചെയ്ത അരിമ്പ്ര മാധവൻ നായരായിരുന്നു. കൂടാതെ പി. പി. ചാത്തൻ മാസ്റ്റർ, എം. കരുണാകരൻനായർ, നടുവിലേടത്ത് ചെറിയ നാരായണൻ നമ്പൂതിരി, ശ്രീ. കെ. സി. ദാമോദരൻ നായർ, ശ്രീ. കെ. പി. ഗോപി എന്നിവർ നേതൃത്വം നല്കിയവരിൽപ്പെടുന്നു.

മലബാർ കലാപകാലത്ത് ഹിന്ദു മുസ്ലീം മൈത്രി ഊരകം പഞ്ചായത്തിൽ ശക്തമായിനിന്നിരുന്നു.

കോൽക്കളി കലാരംഗത്ത് ഊരകം -കിഴമുറി ഭാഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഒരു പൊതു കാര്യ പ്രവർത്തകനായിരുന്ന ശ്രീ. ഞാറപ്പലാൻ അഹമ്മദ് വി. സി. ബി. പി. വായന ശാലയോടനുബന്ധിച്ച് വയോജന വിദ്യാഭ്യാസവും, ഹിന്ദിയും ശ്രീ. വി. സി. മാധവൻകുട്ടി പണിക്കരുടെ നേതൃത്വത്തിൽ പഠിപ്പിച്ചിരുന്നു മുസ്ലീം ആരാധനാലയങ്ങളുടെ പട്ടികയിൽനിന്ന് മാതോട്ടവിൽ ജുമായത്ത് പള്ളി വിട്ടുപോയിരിക്കുന്നു. തിരുവർച്ചനാം കുന്ന് ഒരു വിനോദ സഞ്ചാര കേന്ദ്രമാക്കി വികസിപ്പിക്കണം. വെങ്കുളത്ത് ഒരു സാംസ്കാരിക നിലയം സ്ഥാപിക്കണം.

## സമഗ്ര വികസന രേഖ (വനിത)

1. പഞ്ചായത്തിൽ മഹിളാസമാജങ്ങൾ 6 എണ്ണം വളരെ അപര്യാപ്തമാണ്. ഉള്ളതുതന്നെ പ്രവർത്തന രഹിതം.
   ഓരോ വാർഡിലും ഓരോ മഹിളാ സമാജം രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണം.
2. പൊതു സ്ഥലങ്ങളിൽ സ്ത്രീകൾക്കുണ്ടാകുന്ന വൈഷമ്യങ്ങൾ ഇന്ന് വളരെയധികമുണ്ട്. ഉദാ: ബസ് വെയിററിംഗ് ഷെഡിലെ പുരുഷമേധാവിത്വം മുതലായവ.

   വനിതകൾക്ക് പ്രത്യേകം ബസ് വെയിററിംഗ് ഷെഡ് രൂപീകരിച്ച് വനിതകൾക്ക് മാത്രം ഉപകരിക്കത്തക്കരീതിയിൽ കർശനമാക്കുക.

3. വിവാഹമോചനം കൂടാതെ വളരെയധികം പീഠനങ്ങൾ വനിതകൾ ഇന്ന് നേരിടുന്നു. (സ്ത്രീധനം)

പഞ്ചായത്ത് തലത്തിൽ വനിതകൾ നേരിടുന്ന പീഠനങ്ങൾ പരിഹരിക്കാൻ വാർഡ് തലത്തിൽ തന്നെ കുടുംബ അദാലത്തുകൾ സ്ഥാപിക്കുക. നിർദ്ധനരായ അവിവാഹിത വനിതകളെ സമൂഹ വിവാഹത്തിലൂടെ കുടുംബ ജീവിതം സമ്മാനിക്കുക.

4. പ്രായപൂർത്തിയാകാതെ വിവാഹം നടക്കുന്നത് ഇന്നും തുടരുന്നു.

പ്രായപൂർത്തി വിവാഹം നിർബന്ധമാക്കാൻ ആവശ്യമായ ബോധവൽക്കരണം നടത്തുകയും അതുമായി സംബന്ധിച്ച നിയമ നടപടികൾ കർശനമാക്കുകയും ചെയ്യു.

5. സ്ത്രീ ആരോഗ്യം അനുദിനം വഷളായികൊണ്ടിരിക്കുന്നു ഇതിന് പല കാരണങ്ങളാണ്. ചെറുപ്രായത്തിലെ തുടർച്ചയായ പ്രസവം ആണ് പ്രധാനം. കൂടാതെ ആരോഗ്യ ശീലങ്ങളെ പററിയുള്ള അജ്ഞത എന്നിവയാണ്. ഇതിനെപ്പററി ബോധവൽക്കരണം നടത്തുക.

6. മദ്യം, മയക്കമരുന്ന്, പുകവലി മുതലായവയിലൂടെ സ്ത്രീകൾ വളരെയധികം കഷ്ടത അനുഭവിക്കുന്നു.

വനിതകൾ നേരിടുന്ന ഇത്തരം പ്രശ്നങ്ങൾക്കെതിരെ പ്രതികരിക്കാൻ വനിതകളുടെ ഒരു സംഘടന രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക. ഇതിൻെറ നേതൃസ്ഥാനം പഞ്ചായത്തിലെ വനിതാ മെമ്പർമാരെ ഏല്പിക്കണം.

7. വനിതകൾക്ക് ഇന്ന് തൊഴിലവസരങ്ങൾ തീരെയില്ല.

നിലവിലുള്ള പദ്ധതികൾക്കപുറമെ കൂടുതൽ ഗുണകരമായ കുടിൽ വ്യവസായങ്ങൾ അനുവദിക്കുകയും കൂടുതൽ തൊഴിലവസരങ്ങൾ ചേർക്കുകയും ചെയ്യുക.

8. തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്നതിൽ അശാസ്ത്രീയത നിലനിൽക്കുന്നു.

തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുമ്പോൾ തെരഞ്ഞെടുത്തവരുടെ പേരു വിവരങ്ങളും മാനദണ്ഡങ്ങളും ഗ്രാമ സഭ ചേർന്ന് പൊതുജനങ്ങളെ അറിയിക്കണം.

# സഹകരണം

## അധിക നിർദ്ദേശങ്ങൾ

1. ഊരകം സർവ്വീസ് സഹകരണ ബാങ്കിൻെറ വിഭവ സമാഹരണ ശേഷി വദ്ധിപ്പിക്കുന്നതിന്ന് ഈ ഗ്രാമ പഞ്ചായത്തിൻെറ മുഴവൻ ഫണ്ടും ബാങ്കിൽ നിക്ഷേപിക്കുന്നതിന്ന് സർക്കാർ നിയമം ഭേദഗതിവരുത്തുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

2. ബാങ്കിൻെറ ഓഹരി മൂലധനവും, നിക്ഷേപവും വർദ്ധിപ്പിക്കുന്നതിന്ന് പഞ്ചായത്ത് തലത്തിൽ പ്രത്യേക കർമ്മ സമിതി രൂപീകരിച്ച് ജനകീയ ശ്രമം നടത്തേണ്ടതാണ്.

3. പഞ്ചായത്തിലെ കൃഷിക്കാരുടെ മുഖ്യകാർഷിക വിളകളായ റബ്ബർ, കുരുമുളക്, നാളികേരം മുതലായവ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും മതിയായ വില കഷകർക്ക് ലഭ്യമാക്കുന്നതിന്നും വേണ്ടി സഹകരണ മേഖലയിലൂടെ ഒരു വികസന സംഘം രൂപീകരിക്കേണ്ടതുണ്ട്.

4. ബാങ്കിൻെറ കീഴിൽ കൺസ്യൂമർ സാധനങ്ങളുടെ വിതരണത്തിന് വേണ്ട സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

5. നിലവിലുള്ള ബാങ്കിൽ ഗ്രാമ പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

6. ഈ പഞ്ചായത്തിൽ എല്ലാ ഏരിയകളിലും നിത്യ നിക്ഷേപം പിരിക്കുന്നതിന്ന് വേണ്ട സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

7. ക്ഷീര കർഷകർക്ക് പരമാവധി പാൽ വില ലഭ്യമാക്കാൻ നിലവിലുള്ള സംഘത്തിലൂടെ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

8. ക്ഷീര സംഘത്തിൽ കൂടുതൽ ലഭിക്കുന്ന പാൽ വിൽപ്പന നടത്തുന്നതിന്ന് വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

9. പട്ടികജാതിക്കാരുടെ വികസനത്തിന്ന് വേണ്ടി പ്രത്യേക സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്,

10. പഞ്ചായത്തിൽ DWCRA യൂണിററുകൾ രൂപം നൽകി തൊഴിലില്ലാത്ത ഒട്ടേറെ യുവതീ-യുവാക്കൾക്ക് ജോലി നൽകാവുന്നതാണ്.

11. നിലവിലുള്ള മെമ്പർമാർ തങ്ങളുടെ ഓഹരി അനുപാതം രണ്ടോ, മൂന്നോ ഇരട്ടി വർദ്ധിപ്പിക്കാവുന്നതാണ്.

12. സഹകരണാടിസ്ഥാനത്തിൽ കൃഷിക്കാർക്കാവശ്യമായ ട്രാക്ടർ, പവർ ടില്ലർ, കൊയ്ത്ത് മിഷ്യൻ, തെങ്ങ് കയററ് യന്ത്രം, സ്പ്രെയർ മുതലായവ വാടകാടിസ്ഥാനത്തിൽ നല്കുന്നതിന് സഹകരണ മേഖലയിലൂടെ സംവിധാനം ഏർപ്പെടുത്തുക.

13. പഞ്ചായത്തിലെ ഓരോ വീട്ടിലേയും അധിക സമ്പാദ്യം സഹകരണ ബാങ്കിൽ നിക്ഷേപിച്ച് പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താവുന്നതാണ്.

14. പഞ്ചായത്തിൽ സഹകരണ മേഖലയിലൂടെ ഒരു സഹകരണാശുപത്രി സ്ഥാപിക്കേണ്ടതാണ്.

## പട്ടിക ജാതി/പട്ടിക വർഗ്ഗം

1. ഊരകം പഞ്ചായത്തിലെ ജനസംഖ്യയിൽ 6.05% വരുന്ന ഹരിജനങ്ങൾ ഇന്ന് നേരിടുന്ന ഏററവും പ്രധാന പ്രശ്നം തൊഴിലില്ലായ്മയാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്നായി ഈ പഞ്ചായത്തിൽ ആരംഭിക്കുന്നതിന്ന് നിർദ്ദേശിക്കുന്ന വ്യവസായ സംരംഭങ്ങളിലും സ്വയം ഭരണ സ്ഥാപനങ്ങളിലും ഹരിജനങ്ങൾക്കായി 10% സംവരണം ഏർപ്പെടുത്തുക.

2. നിർമ്മാണ തൊഴിൽ രംഗത്ത് ഇന്ന് ചുവടുറപ്പിച്ചിട്ടുള്ള പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുന്നതിന്ന് നിർമ്മിതി കേന്ദ്രം പോലുള്ള സ്ഥാപനങ്ങൾ നടത്തുന്ന തൊഴിൽ അവസരങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്ക് അവസരം നൽകുക.

3. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലെ തൊഴിൽ രഹിതരായ യുവതികളുടെ ഉന്നമനം ലക്ഷ്യമാക്കി കൊണ്ട് ഒരു കയർ ഫാക്ടറി ഊരകം പഞ്ചായത്തിൽ ഖാദി ബോർഡ് മുഖേന സാമ്പത്തിക സഹായം അനുവദിച്ചുകൊണ്ട് നടത്തുവാൻ കഴിയുന്ന സാദ്ധ്യതകൾ വളരെയേറെയുണ്ട്. പരിശീലനം സിദ്ധിച്ച 25 ഓളം അഭ്യസ്ഥവിദ്യരായ യുവതികൾ ഈ പഞ്ചായത്തിലുണ്ട്.

416



## കോളനികൾ

അംഗീകൃത കോളനികളായി 9 കോളനികൾ അംഗീകരിച്ചിട്ടുണ്ടെങ്കിലും പല കോളനികൾക്കും അംഗീകൃത കോളനികളുടെ യാതൊരു ആനുകൂല്യങ്ങളും കിട്ടുന്നില്ല. ആയത് പരിഹരിക്കേണ്ടതാണ്.

പുതിയവ ചേർക്കേണ്ടുള്ളത്

പട്ടിക ജാതി കോളനികൾ

കല്ലേററിപ്പറമ്പ്, കോട്ടമല തിത്തിക്കൽ

I H D P കോളനികളാക്കുക.

വീട് 17 നെല്ലിപ്പറമ്പ്

„ 18 കരിയാരം

„ 22 കാരപറമ്പ്

„ 23 കീരൻകുന്ന്

„ 17 കരിമ്പിലി

„ 15 നെടുംപറമ്പ്

„ 16 പെരുംന്തോട്ടിപറമ്പ്

I H D P കോളനിയായ വെങ്കളം ആവശ്യങ്ങൾ

ഓടുമേയുന്നതിന് 31 വീടുകൾ. ഓടുമേയുവാൻ ആവശ്യമായ നടപടി മുൻഗണന നല്കി നടപ്പാക്കുക.

പട്ടിക ജാതി പെൺകുട്ടികൾക്ക് വിവാഹത്തിന് ധനസഹായം നൽകുക.

## വിദ്യാഭ്യാസം

1. വെങ്കളം, 2. കീരൻകുന്ന്, 3. കാരപറമ്പ് എന്നീ കോളനികളിൽ പ്രത്യേകം ട്യൂഷൻ സഹായം നൽകുക.

417

**കോളനി നിർമ്മിക്കൽ**

ഊരകം പഞ്ചായത്തിൽ കോളനികൾക്ക് സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച് നൽകുക.

## വിഭവ സമാഹരണം

പഞ്ചായത്തിൻെറ വികസന രേഖയിൽ വിഭവ സമാഹരണത്തിൽ ഗ്രാമ പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുന്നതിന്ന് താഴെ പറയുന്ന രൂപത്തിൽ സമാഹരണം നടത്താവുന്നതാണ്.

അതുകൊണ്ട് താഴെ പറയുന്ന വസ്തുകകൾ വികസന രേഖയുടെ 36-ാം പേജിനോട് കൂടി ഉൾപ്പെടുത്തേണ്ടതാണ്.

1. പഞ്ചായത്തിൻെറ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി വില്ലേജ് ഓഫീസിൽനിന്നും തരം തിരിച്ച് ലഭിച്ചിട്ടില്ല രേഖകൾ പ്രകാരമുള്ള ഭൂമി തിരിച്ച് കിട്ടിയിട്ടില്ല അതു ലഭിക്കുന്ന പക്ഷം വരുമാനം വർദ്ധിപ്പിക്കാവുന്ന പല പദ്ധതികളും ആസൂത്രണം ചെയ്യാവുന്നതാണ് ഭൂമി ലഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുക.
2. പഞ്ചായത്തിലേക്കുള്ള വിനോദ നികുതി 25% ആയും ഷോടാക്സ് 10 രൂപയായും വർദ്ധിപ്പിക്കേണ്ടതാണ്. അതുപ്രകാരം അധിക വിനോദ നികുതിയും ഷോടാക്സ് സർചാർജിലും വർദ്ധനവ് വരും.
3. വയൽ നികത്തി കെട്ടിടം വെക്കുന്നതിന് സെൻറിന് ഒരു നിശ്ചിത തുക സെസ്സ് ചുമത്താവുന്നതാണ്.
4. കാരാത്തോട്, സിനിമാഹാൾ തുടങ്ങിയ ഭാഗങ്ങളിൽ ധാരാളം ഒട്ടോറിക്ഷകൾ പാക്ക് ചെയ്യുന്നുണ്ട്. വർഷത്തിൽ ഒരു നിശ്ചിത തുക പാർക്കിംഗ് ഫീസായി പിരിക്കാവുന്നതാണ്.
5. നമ്മുടെ പഞ്ചായത്തിലെ കരിങ്കല്ല്, ചെങ്കല്ല് കോററികളിൽ നിന്നും ദിനം പ്രതി ധാരാളം ലോഡ് കല്ലുകൾ പോകുന്നുണ്ട് ഒരു ലോഡിന്ന് 5 രൂപയിൽ കുറയാത്ത ഒരു നിശ്ചിത തുക പിരിക്കാം
6. പഞ്ചായത്തിലെ എല്ലാ തൊഴിലാളികളെയും ഇൻഷൂറൻസ് സംരക്ഷണത്തിലാക്കാൻ നടപടി സ്വീകരിച്ചാൽ അവരുടെ വരു

418



മാനത്തിന് ഒരു രേഖയുണ്ടാവുകയും അതുപ്രകാരം തൊഴിൽനികുതി ചുമത്തുകയും ചെയ്യാം.

7. ധാരാളം വ്യവസായങ്ങൾ തുടങ്ങാൻ എല്ലാവിധ സൗകര്യങ്ങളുമുള്ള ഒരു പ്രദേശമുണ്ട് നമ്മുടെ പഞ്ചായത്ത് വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പക്ഷം പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാം.

8. തേങ്ങ, അടക്ക, റബ്ബർ, കുരുമുളക് മുതലായ നെല്ല് ഒഴികെയുള്ള കൃഷിക്കാരിൽ നിന്നും അഗ്രികൾച്ചറൽ പ്രഫിഷൻ ടാക്സ് പിരിക്കാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

9. കെട്ടിട നികുതിയുടെ കൂടെ സാനിറ്ററി ടാക്സ്, ലൈററിംഗ് ടാക്സ്, വാട്ടർ ടാക്സ് ഇനത്തിൽ ചുമത്തിയത് 5% സർവ്വീസ് ടാക്സ് ഈടാക്കാം.

10. ഡൊണേഷൻ വാങ്ങി അഡ്മിഷൻ നൽകുന്ന വിദ്യാലയ സ്ഥാപനത്തിൽ നിന്നും ഒരു നിശ്ചിത തുക ഫീസായി പിരിക്കാം.

11. പഞ്ചായത്തിലെ ബേങ്കിംഗ് നിക്ഷേപങ്ങൾക്ക് പലിശ വാങ്ങാത്ത ധാരാളം ആൾക്കാരുണ്ട്. അത്തരം പലിശ അവരുടെ അനുവാദത്തോടെ വികസന പ്രവർത്തനങ്ങൾക്ക് സംഭാവനയായി സ്വീകരിക്കാം.

12. ഇപ്പോൾ കെട്ടിട നികുതി ചുമത്തുന്ന രീതി അശാസ്ത്രീയമായാണുള്ളത്. പഞ്ചായത്തിലുള്ള കെട്ടിടങ്ങൾ A B C എന്നീ ക്ലാസുകളായി തരംതിരിച്ച് ആനുപാതികമായി കെട്ടിട നികുതി ചുമത്താം.

A. മോഡി പിടിപ്പിച്ച കെട്ടിടങ്ങൾ.

B. ഇടത്തരം കെട്ടിടങ്ങൾ.

C. സാധാരണ കെട്ടിടങ്ങൾ.

13. ആഡംബരമായ വിവാഹാഘോഷങ്ങൾക്ക് നികുതി ചുമത്താവുന്നതാണ്.

# ഊരകം ഹാർഡ് വേഴ്സ്

**മെയിൻ റോഡ്, വേങ്ങര PH:50326**

ആ.ശം.സ.ക.ളോ.ടെ

നെരോലക്സ് പെയിൻറ്
ബർജർ പെയിൻറ്
നൈസർ, ഹിന്ദുവെയർ
സ്റ്റീൽ സിംഗ്, പി. വി. സി. പൈപ്പ് (വിഞ്ചസ്റ്റർ)
C.P. ഫിറ്റിംഗ്സ്

മറ്റുള്ള എല്ലാ ഹാർഡ്‌വേഴ്സ് സാധനങ്ങൾക്കും
സമീപിക്കുക,

**ഊരകം ഹാർഡ്‌വേഴ്സ്.**

# അധികാരം ജനങ്ങൾക്ക്




- ഒമ്പതാം പദ്ധതി ജനകീയപദ്ധതി..
- ആസൂത്രണം താഴെ തട്ടിൽനിന്നും മുകളിലോട്ട്...
- പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങളും വിഭവങ്ങളും.....
- ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്........
- നമ്മുടെ നാടിൻ നൻമക്കായ് നമ്മുടെതാകും പദ്ധതികൾ

*"എല്ലാവരുടേയും അത്യാവശ്യങ്ങൾനിറവേറ്റാൻ*
*വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്*
*എന്നാൽ ആരുടേയും ദുരയെ*
*തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ലതാനും"*

Type Setting & Printing at DATAFLEX, MANJERI

421

# പൊന്മള ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ വികസന റിപ്പോർട്ട്



422

# കോട്ടക്കൽ കോ-ഓപ്പ്. അർബൻ ബാങ്ക് ലിമിറ്റഡ്

## സ്പെഷൽ ഗ്രേഡ് അർബ്ബൻ ബാങ്ക്

ഓഡിറ്റ് ക്ലാസിഫിക്കേഷൻ 'A'

ഹെഡ് ഓഫീസ് : കോട്ടക്കൽ.

ബ്രാഞ്ചുകൾ:

മെയിൻ ബ്രാഞ്ച് : കോട്ടപ്പടി - കോട്ടക്കൽ ©2246

വേങ്ങര ബ്രാഞ്ച് : ©50750

ഈവനിങ്ങ് ബ്രാഞ്ച് : കോട്ടക്കൽ ടൗൺ ©2230

രണ്ടത്താണി ബ്രാഞ്ച് : ©40230

ചാപ്പനങ്ങാടി ബ്രാഞ്ച്

ചെമ്മാട് ബ്രാഞ്ച്

കൂടാതെ ഞങ്ങളുടെ കാടാമ്പുഴ, പുത്തനത്താണി, കോട്ടക്കൽ വനിതാ ശാഖ എന്നിവ ഉടൻ തുറന്നു പ്രവർത്തിക്കുന്നതാണ്.

**21-10-96 മുതലുള്ള പുതിയ പലിശ നിരക്ക്**

30 ദിവസം മുതൽ 1 വർഷം കൂടി 10.5%

13 മാസം തൊട്ട് 2 വർഷം കൂടി 14.5%

25 മാസംതൊട്ട് 5 കൊല്ലം കൂടി 15%

61 മാസവും അതിന് മുകളിലും 16%

ബാങ്കിന്റെ മെയൻ ബ്രാഞ്ചിൽ കൂടുതലായി

## 'സെയ്ഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം'

നിക്ഷേപകരുടേയും മെമ്പർമാരുടേയും മറ്റും ആവശ്യം കണക്കിലെടുത്ത് നിങ്ങളുടെ വിലപിടിപ്പുള്ള സ്വർണാഭരണങ്ങൾ, പ്രമാണങ്ങൾ എന്നിവ സുരക്ഷിതവും ഭദ്രവുമായി സൂക്ഷിക്കാൻ ബാങ്കിന്റെ മെയിൻ ബ്രാഞ്ചിൽ കൂടുതൽ സെയ്ഫ് ഡെപ്പോസിറ്റ് ലോക്കറുകൾ സജ്ജമാക്കിയ സന്തോഷവാർത്ത നിങ്ങളെ അറിയിക്കുന്നു. ആവശ്യക്കാർ ഉടനെ ബാങ്കിന്റെ ഹെഡ് ഓഫീസിലോ മെയിൻ ബ്രാഞ്ചിലോ ബന്ധപ്പെടുക.

ലോക്കറുകൾ സജ്ജമാക്കിയതിൽ ഞങ്ങളുടെ പ്രത്യേകത: നിക്ഷേപകരുടേയും മെമ്പർമാരുടേയും മറ്റും സൗകര്യാർത്ഥം മെയിൻ ബ്രാഞ്ചിൽ താഴെ നിലയിൽതന്നെ ലോക്കറുകൾ സജ്ജമാക്കിയിരിക്കുന്നു.

# പൊൻമള ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണ പരിപാടി

## വികസന റിപ്പോർട്ട്

424



*"മതമേതായാലും*

*മനുഷ്യൻ നന്നായാൽ മതി"*

*- ശ്രീനാരായണ ഗുരു*

**എഡിറ്റർ**

സജി ജേക്കബ്ബ്

**എഡിറ്റോറിയൽ സമിതി**

എം. കമലം, കെ.പി. യൂസഫ് ഹാജി

എ. മൊയ്തു

കെ.കെ. അനിൽ

ടി.ടി. അഹമ്മദു കുട്ടി

ഐ.പി. അലവിക്കുട്ടി

കെ.ഇന്ദിര

എം.പി. കാളീശ്വരി

കെ. അബു

എ.പി. സത്യനാഥ്

വി. കുഞ്ഞിമുഹമ്മദ്

കെ. മുഹമ്മദ് കുട്ടി മാസ്റ്റർ

കെ.പി.അജയൻ


ടി. സെയ്തുമുഹമ്മദ്

പി. വിനോദൻ

# പഞ്ചായത്ത് അംഗങ്ങൾ



എം. കമലം (പ്രസിഡണ്ട്)



കെ.ടി. അബ്ദുൾ മജീദ് (വൈപ്രസിഡണ്ട്)



കെ.പി. യൂസുഫ് ഹാജി (സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)

എൻ. വിജയലക്ഷ്മി (മെമ്പർ)
എം. കുഞ്ഞിഖദീജ ടീച്ചർ "
കെ. മുഹമ്മദു കുട്ടി മാസ്റ്റർ "
കൊളക്കാടൻ അബു "
മുതുകാടൻ കതിയുമ്മകുട്ടി "
കെ. കോയാമു ഹാജി "
റുഖിയ സലിം "
ഒ. മൊയ്തീൻകുട്ടി ഹാജി "

**ബ്ലോക്കു പഞ്ചായത്ത് മെമ്പർമാർ**
എം.പി. സത്യനാഥൻ
വി. കുഞ്ഞിമുഹമ്മദ്

**ജില്ലാ പഞ്ചായത്ത് അംഗം**
പി. ഉബൈദുള്ള

## താളുകളിലൂടെ .......


| |
|---|
| 1. ആമുഖം |
| 2. പഞ്ചായത്ത് പൊതുവിവരണം |
| 3. സാമൂഹിക - സാംസ്കാരിക ചരിത്രം |
| 4. ഭൂപ്രകൃതി, ജനപ്രകൃതി ജലവിഭവം |
| 5. സാമൂഹിക -സാമ്പത്തിക മേഖലകൾ |
| 5-1 കൃഷിയും ജലസേചനവും |
| 5-2 മൃഗസംരക്ഷണവും മത്സ്യബന്ധനവും |
| 5-3 വ്യവസായം |
| 5-4 വിദ്യാഭ്യാസം |
| 5-5 കുടിവെള്ളവും പൊതുജന ആരോഗ്യവും |
| 5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ് |
| 5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും |
| 5-8 സംസ്കാരം |
| 5-9 വനിത |
| 5-10 സഹകരണം |
| 5-11 പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം |
| 5-12 വിഭവ സമാഹരണം |
| അനുബന്ധം: പ്രവർത്തനരേഖ |

# ആമുഖം

സ്വാതന്ത്ര്യാനന്തര ഭാരതം അമ്പതാം വർഷത്തിലേക്ക് കടക്കുമ്പോൾ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സമത്വം, സ്വാതന്ത്ര്യം, സോഷ്യലിസം, ജനാധിപത്യം തുടങ്ങിയ ഉയർന്ന മൂല്യങ്ങൾ ജനങ്ങൾക്ക് ഇന്നും അന്യമായിരിക്കുന്നു. ഭരണരംഗം അഴിമതിയും, കെടുകാര്യസ്ഥതതയും കൊണ്ടു നിറഞ്ഞിരിക്കുന്നു. വികസനരംഗം മുരടിച്ചിരിക്കുന്നു. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ഭരണം എന്ന സങ്കല്പം, തെരഞ്ഞെടുപ്പ് എന്ന പ്രക്രിയയിൽ വോട്ടുചെയ്യൽ മാത്രമായി ചുരുങ്ങുന്നു.

ഇന്നലെകളിൽ അധികാരവും, ആസൂത്രണവും ഒരുപിടി ആളുകളുടെ കൈകളിൽ ആയിരുന്നത് സാധാരണക്കാരന് കൈമാറുന്ന ഒരു ചരിത്രമുഹൂർത്തത്തിലാണ് നാം നിൽക്കുന്നത്. അധികാരം ജനങ്ങൾക്ക് അനുഭവവേദ്യമാകുന്ന ഈ പ്രക്രിയ ഗ്രാമസഭകളിലൂടെ പദ്ധതി രൂപത്തിൽ എത്തിച്ചേരുകയും, ഈ സംരംഭത്തിൽ ജനങ്ങളെ ആകെ പങ്കെടുപ്പിക്കുവാൻ കഴിഞ്ഞാൽ വികസന പ്രവർത്തനത്തിൽ ഒരു വൻമുന്നേറ്റം ഉണ്ടാക്കുവാൻ കഴിയുന്നതുമാണ്.

മുൻ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിലായിരുന്ന പഞ്ചായത്തു പ്രദേശം, 1962 ലെ പുതിയ പഞ്ചായത്തുകളുടെ രൂപീകരണത്തോടുകൂടിയാണ് നിലവിൽ വന്നത്:

1963–ഡിസംബർ വരെ സ്പെഷ്യൽ ഓഫീസർ ആയിരുന്നു ഭരണം നടത്തിയിരുന്നത്. ഈ കാലഘട്ടത്തിൽ തന്നെയാണ് ചെങ്ങോട്ടൂർ, പൊന്മള, എന്നീ രണ്ട് ഭാഗങ്ങളായി കിടന്നിരുന്ന ഈ പ്രദേശം, പഞ്ചായത്ത് പുനർനിർണയത്തിന്റെ ഭാഗമായി പൊന്മള വില്ലേജായി രൂപാന്തരപ്പെട്ടത്.

1963 ഡിസംബർ മാസം 21–ാം തിയ്യതിയാണ് ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ഭരണസമിതി അധികാരം ഏറ്റെടുത്തത്. ഈ ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് ഐക്യകണ്ഠേനയാണ് നടന്നത്.

ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട് കാട്ടികുളങ്ങര കോയമ്മർ ഹാജിയും, വൈസ് പ്രസിഡണ്ട് എ.എം. ആലിബാപ്പുഹാജിയും ആയിരുന്നു. പി.വി. കൃഷ്ണൻനായർ, ഒളകര അഹമ്മദ്, വില്ലൻ ഹൈദ്രുകുട്ടിഹാജി, ചക്കരത്തൊടി കുഞ്ഞാലൻകുട്ടി, കുന്നത്തൊടി കമ്മുഹാജി ഇവരായിരുന്നു ഭരണസമിതിയിലെ അംഗങ്ങൾ.

തുടർന്ന് നിലവിൽ വന്ന ഭരണസമിതികളിലൂടെ പ്രസിഡണ്ടുമാരായി അതാതു സമയങ്ങളിൽ എ.എം. ആലിബാപ്പുഹാജി, കെ. ഉമ്മർ മാസ്റ്റർ, എ.എം. ആലിബാപ്പു ഹാജി എന്നിവർ പ്രസിഡണ്ടുമാരായിരുന്നു.

1994–ൽ ആലിബാപ്പുഹാജിയുടെ നിര്യാണത്തോടുകൂടി ചുരുങ്ങിയ കാലയളവിൽ കുന്നത്തൊടി പരീതുഹാജിയും ഈ സ്ഥാനം അലങ്കരിക്കപ്പെട്ടിട്ടുണ്ട്.

ഇന്നത്തെ ഭരണസമിതി 1995 സെപ്തംബർ മാസത്തെ പഞ്ചായത്ത് രാജ് സമ്പ്രദായമനുസരിച്ച് നടന്ന പഞ്ചായത്ത്

തെരഞ്ഞെടുപ്പിലൂടെയാണ് ഭരണസമിതി നിലവിൽവന്നത്.

പഞ്ചായത്തിന്റെ ചരിത്രം വിശകലനം ചെയ്യുമ്പോൾ എ.എം. ആലിബാപ്പു ഹാജിയെ ഓർക്കാതെ ഒരിക്കലും അതു പൂർണമാവില്ല. പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി സ്വന്തം ആരോഗ്യവും, സമയവും ഈ പഞ്ചായത്തിന്റെ മുഴുവൻ സാമ്പത്തിക സാംസ്കാരിക ഉന്നമനത്തിനുവേണ്ടി ചിലവഴിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്.

പഞ്ചായത്ത് ആസ്ഥാനമായ ചാപ്പനങ്ങാടിയിൽ സ്ഥാപിതമായ പഞ്ചായത്ത് ഓഫീസ്, സാംസ്കാരിക നിലയം, സ്കൂളുകൾ മുതലായ സ്ഥാപനങ്ങൾക്ക് ഇന്ന് ലക്ഷങ്ങൾ വിലമതിക്കുന്ന തന്റെ ഭൂസ്വത്ത് സംഭാവനയായി നൽകിക്കൊണ്ട് അദ്ദേഹം ഈ രംഗത്ത് വമ്പിച്ച ത്യാഗവും, സേവനവും ആണ് അനുഷ്ഠിച്ചത്.

1994-ൽ മരണമടയുമ്പോഴും പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസന പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു അദ്ദേഹം. ഈ സമയം അദ്ദേഹത്തിന്റെ പാവന സ്മരണക്കുമുമ്പിൽ ഞങ്ങൾ ആദരാജ്ഞലികൾ അർപ്പിക്കുന്നു.

പൊന്മള ഗ്രാമപഞ്ചായത്തിൽ ഇന്നത്തെ ജനകീയാസൂത്രണ പരിപാടികൾക്ക് ആരംഭം കുറിച്ചത്. 1996 ആഗസ്ത് 22 ന് കൂടിയ പഞ്ചായത്തു യോഗത്തിൽ ആണ്. പഞ്ചായത്തിൽ താഴെപറയുന്ന സമിതികൾ രൂപീകരിച്ച് അതതുമേഖലകളിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

1. ജനികീയവിദ്യാഭ്യാസ സമിതി
2. ആശുപത്രി വികസന സമതി
3. കേര വികസന സമിതി
4. വനിതാക്ഷേമ സമിതി
5. പാടശേഖര വികസന സമിതി

# പഞ്ചായത്തു പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : പൊന്മള ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെട്ട വില്ലേജ് | : പൊന്മള |
| ബ്ലോക്ക് പഞ്ചായത്ത് | : മലപ്പുറം |
| ജില്ലാ പഞ്ചായത്ത് | : മലപ്പുറം |
| അസംബ്ലി മണ്ഡലം | : മലപ്പുറം |
| പാർലിമെന്റ് മണ്ഡലം | : മഞ്ചേരി |
| താലൂക്ക് | : തിരൂർ |
| വിസ്തീർണ്ണം | : 21.65 ച.കി.മീ. |
| ജനസംഖ്യ | : 25635 |
| സ്ത്രീകൾ | : 12864 |
| പുരുഷന്മാർ | : ~~12864~~ 12771 |
| അതിരുകൾ | വടക്ക് കടലുണ്ടിപ്പുഴ,<br>കിഴക്ക് കോടൂർ കുറുവ പഞ്ചായത്തുകൾ<br>തെക്ക് - മാറാക്കര, പഞ്ചായത്ത്,<br>പടിഞ്ഞാറ് - കോട്ടക്കൽ, ഒതുക്കുങ്ങൽ<br>പഞ്ചായത്തുകൾ |
| വാർഡുകൾ | : 11 (പതിനൊന്ന്) |
| ജനസാന്ദ്രത | : ~~1138~~ 1184.06 |

# സാമൂഹ്യ സാംസ്കാരിക ചരിത്രം

പൊന്നിന്റെ മുളപൊട്ടുന്ന 'പൊൻമുള' എന്ന ഗ്രാമമാണത്രേ 'പൊന്മള' ഈ പ്രദേശത്തെ മണ്ണിന്റെ വളക്കൂറാണ് സ്ഥലനാമത്തിനാസ്പദമെന്ന് പറയപ്പെടുന്നു. രണ്ട് റവന്യൂ വില്ലേജുകൾ ചേർന്നതാണ് ഇന്നത്തെ പൊന്മള ഗ്രാമ പഞ്ചായത്ത്. പൊന്മളയും ചേങ്ങോട്ടൂരും. സാമൂതിരി രാജാവിന്റെ നെടിയിരുപ്പ് സ്വരൂപത്തിൽ ഉൾപ്പെടുന്നതായിരുന്നു ഈ പ്രദേശങ്ങൾ. സാമൂതിരി രാജാവും അദ്ദേഹത്തിന്റെ സാമന്തന്മാരുമായിരുന്നു ഭരണാധികാരികൾ.

ഭൂ സ്വത്തുക്കളിൽ ഭൂരിപക്ഷവും സാമൂതിരി കോവിലകം, കിഴക്കേ കോവിലകം, വടക്കത്തുമന, പുല്ലാനിക്കാട്ട് മന, പൊന്മള ദേവസ്വം തുടങ്ങി അഞ്ച് ജന്മികുടുംബങ്ങളുടേതായിരുന്നു. ഈ പ്രദേശത്തെ ജന്മി-നാടുവാഴി സമ്പ്രദായത്തിന് പന്ത്രണ്ടു നൂറ്റാണ്ടുകാലത്തെ പഴക്കമുണ്ടെന്നാണ് ചരിത്രപഠനങ്ങൾ സൂചിപ്പിക്കുന്നത്. ഭൂരിപക്ഷജനത പാട്ടക്കുടിയന്മാരും കർഷകതൊഴിലാളികളുമായിരുന്നു. ഇടത്തരക്കാർ വിരിലിലെണ്ണാവുന്നവർ മാത്രം. മധ്യവർഗം ഇല്ലെന്നു തന്നെ പറയാം.

കൃഷിക്കാരും കർഷകതൊഴിലാളികളും ദാരിദ്ര്യത്തിലും അജ്ഞതയിലുമായിരുന്നു. മിക്കവാറും അടിമകൾ. മൊത്ത വിളവിന്റെ 80% ത്തോളമായിരുന്നു പാട്ടത്തോത്. ജന്മിഭോഗത്തിനു പുറമെ, തമ്പുരാൻ കല്പിക്കുന്ന എല്ലാം സാധിച്ചു കൊടുക്കണമായിരുന്നു. വാശി, നുരി, വെച്ചുകാണൽ, തുടങ്ങിയ അക്രമപിരിവുകൾക്ക് കൃഷിക്കാർ വിധേയരായിരുന്നു. ഇതിനെല്ലാം പുറമെ, അനാചാരങ്ങളുടെ ചങ്ങലക്കെട്ടിൽ അവരെ തളച്ചിടുകയും ചെയ്തു. ഭ്രഷ്ട്, തൊട്ടുകൂടായ്മ, തീണ്ടിക്കുടായ്മ, ക്ഷൗരംമുടക്കൽ, ഊരുവിലങ്ങൽ, നിർബന്ധ ഒഴിപ്പിക്കൽ തുടങ്ങിയവ ചിലത് മാത്രം. തലയിൽ മുണ്ടുകെട്ടുന്നതും ചെരുപ്പിടുന്നതും ബെഞ്ചിന്മേലിരിക്കുന്നതും മീശവെക്കുന്നതുമെല്ലാം സാധാരണക്കാർക്കു നിഷിദ്ധമായിരുന്നു. സംസാരഭാഷക്കുപോലും അടിമത്തം സ്ഫുരിക്കുന്ന ശൈലിവേണം. അടിയൻ. എറാൻ, കുപ്പമാടം, കരിക്കാടി തുടങ്ങിയവയായിരുന്നു സംസാരഭാഷയിലെ ചില പദങ്ങൾ.

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ രൂപീകരണത്തെതുടർന്ന് ലോകത്തെങ്ങുമെന്നപോലെ ഇന്ത്യയിലെ മുസ്ലീങ്ങൾക്കിടയിൽ സാമ്രാജ്യ വിരോധം ശക്തിപ്പെട്ടു. മലബാറിൽ ബഹുജനങ്ങളെ സമരസന്നദ്ധമാക്കിയത് കുടിയാൻ-കോൺഗ്രസ് ഖിലാഫത്ത് പ്രസ്ഥാനങ്ങളായിരുന്നു. 1921-ഏപ്രിൽ മാസത്തിൽ മഞ്ചേരിയിൽ ചേർന്ന കോൺഗ്രസിന്റെ മലബാർ ജില്ലാ സമ്മേളനത്തിന്റെ തീരുമാനപ്രകാരം കൂരിയാട് പ്രദേശത്ത് ഖിലാഫത്ത് കമ്മറ്റി നിലവിൽവന്നു. ആദരണീയനായ ടി.എസ്. അബ്ദുള്ളക്കോയ തങ്ങളായിരുന്നു. ഈ പ്രസ്ഥാനത്തിന്റെ മഖ്യസംഘാടകൻ. നിരവധി മാസം നീണ്ടു നിന്ന മലബാർ കലാപം ബ്രിട്ടീഷ് ഭരണം നിഷ്ഠൂരം അടിച്ചമർത്തി. ഖിലാഫത്ത് പ്രക്ഷോഭത്തിന്റെ ഭാഗമായി കൂരിയാട് പ്രദേശത്ത് ടി.എസ്. അബ്ദുള്ളക്കോയ തങ്ങൾ, ഇളമ്പിലാ

ക്കാട്ട് അഹമ്മദുകുട്ടി തുടങ്ങിയവർക്കെതിരെ കള്ളക്കേസ് ചുമത്തി പിടികിട്ടാപുള്ളികളായി പ്രഖ്യാപിക്കപ്പെട്ടു. തുടർന്ന് അബ്ദുള്ളക്കോയതങ്ങൾക്ക് മലേഷ്യയിലേക്ക് രക്ഷപ്പെടേണ്ടി വന്നു. അധികാരികളുടെ മുൻപിൽ ഹാജരായ ഇളമ്പിലാക്കാട്ട് അഹമ്മദുകുട്ടിയെ ബ്രിട്ടീഷ് പട്ടാളം വെടിയുണ്ടയുതിർത്ത് ക്രൂരമായി കൊലപ്പെടുത്തി. സാമ്രാജ്യത്വത്തിന്റെ നിറതോക്കിനുമുമ്പിൽ വിരിമാറുകാട്ടി ഉജ്ജ്വല മൃത്യുവരിച്ച ധീരദേശാഭിമാനിയുടെ ഉജ്ജ്വല സ്മരണക്കുമുമ്പിൽ രക്തപുഷ്പങ്ങൾ അർപ്പിക്കുവാൻ ഈ അവസരം ഉപയോഗിക്കട്ടെ.

1930-കളോടുകൂടി മലബാറിൽ ദേശീയ പ്രസ്ഥാനം ശക്തമായി. എന്നാൽ 1930-കളുടെ അവസാനത്തിലാണ് ഈ പ്രദേശത്ത് സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനങ്ങളുടെ നാന്ദി കുറിക്കുന്നത്. ഈ പഞ്ചായത്തിലെ കൂരിയാട് പ്രദേശത്തിൽ ആദ്യമായി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനം ആരംഭിച്ചത്. 1937-ൽ അന്നത്തെ കെ.പി. സി.സി. പ്രസിഡണ്ടായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെയും ദേശീയ പ്രസ്ഥാനത്തിന്റെയും സമുന്നത നേതാവായിരുന്ന എ.വി. കുട്ടിമാളു അമ്മയുടെയും സാന്നദ്ധ്യത്തിലായിരുന്നു കോൺഗ്രസ് കമ്മിറ്റി രൂപീകരണം. ഇളമ്പിലാക്കാട് കുഞ്ഞിമമ്മു, കല്ലായി ആലിക്കുട്ടി, ഇ. കുഞ്ഞറമു മാസ്റ്റർ എന്നിവരായിരുന്നു കോൺഗ്രസിന്റെ ആദ്യകാല സംഘാടകർ.

ചേങ്ങോട്ടൂർ മേഖലയിൽ ദേശീയ പ്രസ്ഥാനത്തിന്റെ മുഖ്യസംഘാടകൻ ബഹുമാന്യനായ ഭവദാസൻ നമ്പൂതിരിപ്പാടായിരുന്നു 1939-ൽ കോട്ടക്കൽ പറപ്പൂരിൽ ചേർന്ന കെ.പി.സി.സി. സമ്മേളനത്തിൽ പ്രതിനിധിയായിരുന്നു. കോൺഗ്രസ്സ് വളണ്ടിയർ സംഘടനയിലെ അംഗം കൂടിയായിരുന്നു അദ്ദേഹം.

1940 കളുടെ രണ്ടാംപാതിയോടെ ചേങ്ങോട്ടൂർ പ്രദേശം കർഷക പ്രസ്ഥാനത്തിന്റെയും തുടർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ശക്തികേന്ദ്രമായിമാറി. ജന്മിനാടുവാഴിത്വത്തിന്റെ നാനാവിധ ചൂഷണങ്ങൾക്കും ക്രൂരമർദ്ദനത്തിനും എതിരായി ഐതിഹാസിക പോരാട്ടങ്ങൾ സംഘടിപ്പിച്ചത് ഇവിടുത്തെ കർഷക പ്രസ്ഥാനമായിരുന്നു. കൃഷിക്കാർ നല്കേണ്ടിയിരുന്ന പാട്ടത്തിലും, നികുതിയിലും കുറവ് വരുത്തുക. കൃഷിചെയ്ത് മുതലാകാത്ത ഭൂമിയെ പാട്ടത്തിൽനിന്ന് ഒഴിവാക്കുക. അധികപലിശ നിയന്ത്രിക്കുക, ഒഴിപ്പിക്കൽ നിർത്തിവെക്കുക, തുടങ്ങിയവയായിരുന്നു കർഷക പ്രസ്ഥാനത്തിന്റെ മുഖ്യമുദ്രാവാക്യങ്ങൾ. കൃഷിക്കാരിലും സാധാരണക്കാരിലും വർഗ്ഗബോധവും അവകാശബോധവും ദേശീയ ബോധവും വളർത്താൻ കർഷപ്രസ്ഥാനത്തിന്റെ പ്രവർത്തനം പര്യാപ്തമായി. പൊന്മളമേഖലയിലും കർഷകപ്രസ്ഥാനത്തിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ശക്തമായ പ്രവർത്തനം 1940-കളുടെ അവസാനത്തോടെ ആരംഭിക്കുന്നു. ചേങ്ങോട്ടൂർ, പൊന്മള പ്രദേശങ്ങളിൽ ജന്മിമാരുടെ നിരവധി അക്രമപിരിവുകൾക്കും ഒഴിപ്പിക്കലിനുമെതിരെ കൃഷിക്കാർ കർഷക പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തിയ പോരാട്ടങ്ങളും പ്രതിരോധങ്ങളും വിജയിപ്പിക്കാൻ മുന്നണിയിൽ പ്രവർത്തിച്ചത് കമ്മ്യൂ: പാർട്ടി പ്രവർത്തകരായിരുന്നു.

ഇതിന്റെ പേരിൽ നിരവധി കള്ളക്കേസുകളും പോലീസ് ഗുണ്ടാവിളയാട്ടങ്ങളും നേരിടേണ്ടിവന്നിട്ടുണ്ട്.

സാധാരണ ജനതയെ അനാചാരങ്ങളിൽ തളച്ചിട്ട നാടുവാഴി-സവർണ മേധാവിത്വത്തിനെതിരെയും ശക്തമായ പ്രസ്ഥാനം ചേങ്ങോട്ടൂർ, പൊന്മള പ്രദേശങ്ങളിൽ വളർത്തിക്കൊണ്ടുവരുവാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തകർ സജീവമായി രംഗത്തുണ്ടായിരുന്നു. മണ്ണഴി ശിവക്ഷേത്രം, പൊന്മള ശിവക്ഷേത്രം എന്നി ആരാധനാലയങ്ങളിൽ പ്രവേശിക്കാനും ക്ഷേത്രക്കുളത്തിൽ കുളിക്കാനും ക്ഷേത്രത്തിന്റെ മുമ്പിലുള്ള പൊതുവഴിയിലൂടെ നടക്കാനും പിന്നോക്കസമുദായക്കാർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ഈ അവകാശത്തിനുവേണ്ടി കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർ നേതൃത്വം നല്കി നടത്തിയ പോരാട്ടങ്ങൾ വിജയ പര്യവസാനിയായിരുന്നു.

1948-ൽ കമ്മ്യൂ: പാർട്ടി നിരോധിക്കപ്പെട്ടതിനെതുടർന്ന് ചേങ്ങോട്ടൂർ പ്രദേശത്ത് പോലീസ് അഴിച്ചുവിട്ട ഭീകര വാഴ്ച അസഹനീയമായിരുന്നു. ശ്രീ. മാവുള്ളിരാമൻ, പനങ്ങാട്ട് ഇക്കണ്ടുണ്ണിനായർ, പി.വി. കുമാരൻനായർ, പി.രാമൻ നമ്പൂതിരി തുടങ്ങിയവരെ അറസ്റ്റ് ചെയ്തു നിരവധി കാലം ജയിലിലടച്ചു. കർഷക പ്രസ്ഥാനത്തിന്റെ മുഖ്യ സംഘാടകരായിരുന്നു പി.വി. കൃഷ്ണൻനായർ. പനങ്ങാട്ട് ദാമോധരൻനായർ എന്നിവർ വാറണ്ടിനെതുടർന്ന് നിരവധികാലം ഒളിവിൽ പ്രവർത്തിക്കുകയുണ്ടായി.

കേരളത്തിലെ ദേശീയ പ്രസ്ഥാനത്തിന്റെയും കമ്മ്യൂണിസ്റ്റ് കർഷക പ്രസ്ഥാനങ്ങളുടെയും സ്ഥാപനക നേതാക്കന്മാരായിരുന്ന പ്രമുഖരുടെ മുഖ്യ ഒളിവുസങ്കേതങ്ങൾ. ചേങ്ങോട്ടൂരിലെ കർഷകരുടെ വീടുകളും കർഷക തൊഴിലാളികളുടെ കുടിലുകളും, കൂരകളുമായിരുന്നു.

പഞ്ചായത്ത് പ്രദേശത്ത് സാമാന്യ മുസ്ലിം ജനതയുടെ ഇടയിൽ ഇന്നും നല്ല വേരോട്ടമുള്ള പ്രസ്ഥാനമാണ് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്.

സ്വാതന്ത്ര്യ സമരക്കാലത്തുതന്നെ സംഘടന പഞ്ചായത്തിന്റെ ആസ്ഥാനമായ ചാപ്പനങ്ങാടിയിൽ പ്രവർത്തനമാരംഭിച്ചിരുന്നു. ഹാജി സത്താർ സേട്ടുവിന്റെ നേതൃത്വത്തിൽ മലബാറിൽ മുസ്ലിംലീഗ് രൂപീകൃതമായ കാലത്ത് മലബാർ

മുസ്ലിംലീഗിന്റെ അന്നത്തെ ഓർഗനൈസിംഗ് സിക്രട്ടറി ആയിരുന്ന വന്ദ്യനായ ഇസ്ഹാഖ് മൗലവി മുൻകൈയെടുത്താണ് ഇവിടെ മുസ്ലിം ലീഗ് രൂപീകരിച്ചത്.

അഞ്ചുമുക്കിൽ അഹമ്മദുകുട്ടി ഹാജി, വേർക്കോട്ട് ഹസ്സൻഹാജി, കടവണ്ടി കുഞ്ഞിമുഹമ്മദ് ഹാജി, വി.കെ. ഹസൈനാർ ഹാജി, വടക്കൻ ഹസ്സൻ സാഹിബ് തുടങ്ങിയവരായിരുന്നു തുടർന്നുള്ള കാലങ്ങളിൽ പാർട്ടിയുടെ സാരഥികൾ.

വന്ദ്യപണ്ഡിതനും ആത്മീയനേതാവുമായിരുന്ന ചാപ്പനങ്ങാടി ബാപ്പുമുസ്ല്യാരുടെ അനുഗ്രഹാശിസ്സുകൾ ഈ പ്രസ്ഥാനത്തിന് താങ്ങും തണലുമായിരുന്നു. രണ്ടു പ്രാവശ്യം പഞ്ചായത്തിന്റെ സാരഥിയായിരുന്ന എ.എം. ആലി ബാപ്പു ഹാജി പഞ്ചായത്ത് പ്രദേശത്ത് മുസ്ലിം ലീഗ് കെട്ടിപ്പടുക്കുന്നതിന് അഹോരാത്രം പ്രവർത്തിച്ചു. ചാപ്പനങ്ങാടിയിൽനിന്ന് പിന്നീടുള്ള കാലങ്ങളിൽ മുസ്ലംലീഗിന്റെ പ്രവർത്തനം, പൊന്മള, ചേങ്ങോട്ടൂർ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി. പൊന്മള മേഖലയിൽ കുന്നത്തൊടി കമ്മുഹാജി, പൂവാടൻ ഉസ്മാൻ കുട്ടി, വില്ലൻ ഹൈദ്രോസ് കുട്ടി, കെ.പി. മുഹമ്മദ് മാസ്റ്റർ എന്നിവരും ചേങ്ങോട്ടൂർ മേഖലയിൽ പള്ളിയേങ്ങൽ മുഹമ്മദാജി, കെ.ടി. മുഹമ്മ് മുസ്ല്യാർ എന്നിവരും പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനും മുന്നോട്ടുനയിക്കുന്നതിനും കയ്യും മെയ്യും മറന്ന് പ്രവർത്തിച്ചു.

പൊന്മള പഞ്ചായത്തിന്റെ രാഷ്ട്രീയ-സാമൂഹിക രംഗത്ത് ഈ പ്രസ്ഥാനം മുന്നിൽനിന്നും പ്രവർത്തിച്ചിട്ടുണ്ട്.

ഗ്രാമീണ ജനതയ അവകാശബോധമുള്ളവരും, ദേശീയ ബോധമുള്ളവരുമാക്കി തീർക്കുന്ന പ്രവർത്തനങ്ങളിൽ പ്രധാന പങ്ക് വഹിച്ച രണ്ട് സ്ഥാപനങ്ങളാണ് മണ്ണഴി ബാപ്പുജി സ്മാരക വായനശാലയും പൊന്മള പൊതുജന വായനശാലയും.

ഈ പ്രദേശത്തെ ബഹുഭൂരിപക്ഷം സാധാരണക്കാർക്കും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദം വരെ അക്ഷരം അന്യമായിരുന്നു. നിലത്തെഴുത്ത് കേന്ദ്രങ്ങൾ, മാത്രമായിരുന്നു. അക്ഷരം പകർന്നു നൽകിയിരുന്ന സ്ഥാപനങ്ങൾ. വരേണ്യ കുടുംബങ്ങളിലുള്ളവർ കോട്ടക്കൽ രാജാസ് ഹൈസ്കൂളിൽനിന്നും, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുമായിരുന്നു വിദ്യ നേടിയിരുന്നത്. പഞ്ചായത്തിൽ നിലവിൽ വന്ന ആദ്യത്തെ ഔപചാരിക വിദ്യാകേന്ദ്രം ചാപ്പനങ്ങാടി ജി.എൽ.പി. സ്കൂളും തുടർന്ന് ആക്കപറമ്പ് എ.എം.എൽ.പി. യും നിലവിൽവന്നു.

പഞ്ചായത്തിലെ ആദ്യം നിർമ്മിക്കപ്പെട്ട മുസ്ലിം പള്ളി ചാപ്പനങ്ങാടി ജമാഅത്ത് പള്ളിആണ്. ബഹു:മമ്പുറം തങ്ങളാണ് വർഷങ്ങൾക്കുമുമ്പ് ഇതിനു ശിലയിട്ടത്.

പഞ്ചായത്തിലെ ആദ്യത്തെ മഹിളാ സമാജം പ്രവർത്തിച്ചു തുടങ്ങിയത് പൊന്മള പ്രദേശത്തായിരുന്നു. 1950കളുടെ അവസാനത്തിൽ ശ്രീമതി. കുഞ്ഞിഖദീജ ടീച്ചർ, കുമ്മിണിടീച്ചർ എന്നിവരായിരുന്നു ആദ്യകാല സംഘാടകർ. സന്നദ്ധ പ്രവർത്തനങ്ങളും മുൻകാല വികസനത്തിൽ അല്പമായ പങ്ക് വഹിച്ചിട്ടുണ്ട്. പഞ്ചായത്തിലെ മുഖ്യപഞ്ചായത്ത് റോഡായ വട്ടപ്പറമ്പ്-മണ്ണഴി റോഡിന്റെ നിർമ്മാണ പ്രവർത്തനം സന്നദ്ധ പ്രവർത്തനത്തിന്റെ മികച്ച ഉദാഹരണമാണ്. 1930-ൽ ആദരണീയനായ ശ്രീ. ഒളകര കുഞ്ഞിമുഹമ്മദിന്റെ നേതൃത്വത്തിലാണ്. ഈ നിർമ്മാണ പ്രവർത്തനം നടന്നത്.

കേരളത്തിലെ സാംസ്കാരിക സാമൂഹ്യ മേഖലകളിൽ പ്രശസ്തരായ അല്പം ചിലരെ സംഭാവന ചെയ്യാനും ഈ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. സംസ്കൃത പണ്ഡിതനും ആയുർവ്വേദാചാര്യനുമായ വൈദ്യവാചസ്പദി പരമേശ്വരൻ മൂസ്സത് പൊന്മള സ്വദേശിയായിരുന്നു. പ്രശസ്ത നിയമപണ്ഡിതനും ഹൈക്കോടതി ജഡ്ജിയുമായിരുന്ന കൃഷ്ണൻ മൂസ്സത് പൊന്മള ചണ്ണഴി ഇല്ലത്തെ അംഗമായിരുന്നു. സുപ്രീം കോടതി ജഡ്ജിയായിരുന്ന ബാലകൃഷ്ണൻ ഏറാടി കൃഷ്ണൻ മൂസ്സതിന്റെ പുത്രനാണ്. പ്രശസ്ത മുസ്ലിം പണ്ഡിതനായ ടി.എസ്. അബ്ദുള്ളക്കോയ തങ്ങൾ, തേനു മുസ്ലിയാർ എന്നിവർ കൂരിയാട് സ്വദേശികളും ബാപ്പുമുസ്ലിയാർ പറങ്കി മൂച്ചിക്കൽ സ്വദേശിയുമായിരുന്നു. കേരളത്തിലെ സംഘടിത അധ്യാപക സ്ഥാനത്തിന്റെ അഗ്രഗാമികളിലൊരാളായിരുന്ന ശ്രീ.പി.വി. കൃഷ്ണൻനായർ പൊന്മള പഞ്ചായത്തംഗമായി നിരവധി കാലംസേവനമനുഷ്ഠിച്ചിട്ടുണ്ട്. മലയാളനോവൽ സാഹിത്യരംഗത്തെ പ്രതിഭാധനനായ കെ.കെ. കൂരിയാട് ഈ പഞ്ചായത്ത് സ്വദേശിയാണ് സംസ്ഥാനാടിസ്ഥാനത്തിൽ നിരവധി പുരസ്കാരങ്ങൾ വളരെ ചെറുപ്പത്തിലേ കരസ്ഥമാക്കാൻ കഴിഞ്ഞ യുവകവയിത്രി)കുമാരി വി.വന്ദന ചാപ്പനങ്ങാടി സ്വദേശിയാണ്.

1957-ലെ ഭൂപരിഷ്കരണ നിയമം പഞ്ചായത്തിന്റെ സാമൂഹ്യമേഖലയിൽ സർവ്വതലസ്പർശിയായ മാറ്റങ്ങളാണ് വരുത്തിവെച്ചത്. 1970-കളുടെ രണ്ടാംപാതിയിലാരംഭിച്ച ഗൾഫ് കുടിയേറ്റവും തുടർന്നുള്ള ഗൾഫ് പണത്തിന്റെ ഒഴുക്കും നമ്മുടെ ഗ്രാമീണ ജീവിതത്തിന്റെ മുഖച്ഛായ തന്നെ മാറ്റാൻ പര്യാപ്തമായിട്ടുണ്ട്. സന്നദ്ധ സംഘടനാ പ്രവർത്തനത്തിൽ എടുത്തുപറയാവുന്ന പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംഘടനയാണ് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്. പൊതുജനാരോഗ്യം, ഊർജ്ജം, വിദ്യാഭ്യാസ രംഗത്തും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ മാതൃകാപരമാണ്.

**ചരിത്ര ജാലകം**

ചരിത്രജാലകം തുറക്കുമ്പോൾ പൊന്മള ഗ്രാമത്തെപ്പറ്റിയുള്ള ഒട്ടേറെ കഥകൾ ചുരുൾ നിവരുന്നു. പൊന്നുവിളയുന്ന കുന്നുകൾക്കും, സമതലങ്ങൾക്കുമിടയിലെ പുണ്യഭൂമിയിൽ പുതഞ്ഞു കിടക്കുന്ന കഥകളായിരം. ഈ ഗ്രാമസംസ്കൃതിയുടെ സ്പന്ദനമാകുന്നു. പഴമക്കാരുടെ മൊഴികളിലൂടുതിർന്നു വീഴുന്ന മുത്തുകളാണ് ഇവിടെ നിരത്തിവയ്ക്കുന്നത്. തേച്ചു മിനുക്കിയെടുത്താൽ വെട്ടിതിളങ്ങുന്ന ചരിത്രസത്യങ്ങൾ.

**സ്ഥലനാമ ചരിത്രം:**

മഹാകവി പി. കുഞ്ഞിരാമൻ നായരുടെ 'കവിയുടെ കാൽപാടുകൾ' എന്ന ഗ്രന്ഥത്തിൽ പൊന്മലയെക്കുറിച്ച് പരാമർശവുമുണ്ട്. പൊന്നുവിളയുന്ന ഭൂമി പിന്നീട് 'പൊന്മള' എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി എന്ന് പറയപ്പെടുന്നു. മഹാകവി 'പി'യുടെ ഭാര്യാഗേഹമായ 'മേലേവടയക്കളത്തിൽ' പൊന്മളയിൽ ആയിരുന്നു.

**പൊന്മള ദേശം.**

ദേശത്തെ പ്രധാനജന്മികൾ സാമൂതിരിയും, കിഴക്കേകോവിലകം, പുല്ലാനിക്കാട് മനയും, പൊന്മള ദേവസ്വവുമായിരുന്നു. പൊന്മളയുടെ ചില ഭാഗങ്ങൾ അന്നത്തെ ഗ്രാമമുൻസിഫായിരുന്ന ചണ്ണഴി ഇല്ലത്തെ പരേതനായ കുമാരൻ മൂസ്സതിന്റെ അധികാരപരിധിയിലായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം പുത്രൻ നാരായണൻ മൂസ്സത് ഭരണമേറ്റു. ആൺസന്തതികൾ ഇല്ലാതായപ്പോൾ മനഴി ഇല്ലത്തുനിന്നും ചണ്ണഴി ഇല്ലത്തേക്ക് കൃഷ്ണൻമൂസത്, അനുജൻ കുമാരൻ മൂസ്സത് എന്നിവരെ ദത്തെടുത്തു. നാരായണൻ മൂസ്സത്, കുമാരൻ മൂസ്സത്, രാമൻ മൂസ്സത് എന്നിവർ ചണ്ണഴി ഇല്ലത്തിന്റെ സന്തതികളാണ്. ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ നാരായണൻ മൂസ്സത് 'ഗാന്ധി മൂസ്സത്' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

**ചാപ്പനങ്ങാടി:**

മുസ്ലിം പണ്ഡിതനും ആത്മീയനേതാവുമായ ബാപ്പു മുസ്ല്യാർ ജീവിച്ച പുണ്യഭൂമിയാണ് ചാപ്പനങ്ങാടി. ബാപ്പുമുസ്ല്യാരുടെ പേരുമായി ബന്ധപ്പെട്ടാണ് ചാപ്പനങ്ങാടി. മറ്റു നാടുകളിൽ അറിയപ്പെടുന്നത്. പറങ്കി മൂച്ചിക്കൽ സ്ഥിതിചെയ്യുന്ന അദ്ദേഹത്തിന്റെ 'മഖ്ബറ' ഇന്നും നൂറുകണക്കിന് ഭക്തജനങ്ങൾ സന്ദർശിച്ച് പുണ്യം തേടുന്നു.

മോലിയാർ പാപ്പ എന്നറിയപ്പെട്ടിരുന്ന കുഞ്ഞഹമ്മദ്കുട്ടി മുസ്ല്യാർ എന്ന മത പണ്ഡിതൻ ചാപ്പനങ്ങാടിയിൽ ജീവിച്ചിരുന്നു.

**കരിപ്പോട്ടില്ലവും ചോലക്കര ഇല്ലവും.**

ദേശത്തെ പ്രധാന ഭൂവുടമകളിലൊന്നായിരുന്നു കരിപ്പോട്ട് ഇല്ലം. പട്ടർ കടവ് പുഴയിൽ നിന്നും മൂന്നുകിലോമീറ്ററോളം ദൂരമുണ്ട് കരിപ്പോട്ടേക്ക്. മലയാളവർഷം 1103-ൽ കരിപ്പോട്ട് ഇല്ലത്തിന്റെ നിർമ്മാണം ആരംഭിച്ചു. പുഴയിൽ നിരനിരയായി നിർത്തിയിട്ട തോണികളിലൂടെ കൈമാറിയെത്തിയ ഓടുകൊണ്ടാണ് ഇല്ലംപണി നടത്തിയതത്രെ! ഈ ഇല്ലം ഇന്ന് ഇല്ലെങ്കിലും അതിനെക്കുറിച്ചുള്ള സ്മരണകൾ സജീവം.

അമരകോശം രചയിതാവായ ആയൂർ വേദ പണ്ഡിതൻ ചോലക്കര പരമേശ്വരൻ മൂസ്സത് (വാചസ്പതി) ജീവിച്ച ചോലക്കര ഇല്ലത്തിന്റെ കഥയും പൊന്മളയിലെ പഴമൊഴികൾ തുടികൊട്ടിപ്പാടും.

**പൊന്മള ശിവക്ഷേത്രം:**

വളരെയേറെ പഴക്കമുള്ള ക്ഷേത്രമാണ് പൊന്മള ശിവക്ഷേത്രം. ഈ ക്ഷേത്രചുമരുകൾ ടിപ്പുവിന്റെ പടയോട്ടത്തിന്റെ കഥകൾ പറയും. മലബാറിൽ ടിപ്പുവിന്റെ പടയോട്ടക്കാലത്ത് കേടുപാടുകൾ സംഭവിച്ചിരുന്നുവെന്ന് ചരിത്രം. ഈ ക്ഷേത്രത്തിൽവെച്ച് ആഘോഷവും ഉത്സവവും നടത്താറുണ്ടായിരുന്നുവത്രേ! ക്ഷേത്രത്തോടനുബന്ധിച്ച് വിശാലമായ ഒരു കുളവും ഉണ്ട്!

**ഇ.എം.എസിന്റെ ഒളിവുജീവിതം.**

കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ് തന്റെ ഒളിവുകാല ജീവിതത്തിൽ പൊന്മളയിലെ പരുത്തിയിടത്തിൽ, മാരാത്ത്, കിളിവായിൽ എന്നീ കുടുംബങ്ങളിൽ കഴിഞ്ഞിട്ടുണ്ടെന്ന് പഴമക്കാർ പറയുന്നു.

**'പട്ടർചാടിയ കടവ്'** പട്ടർ കടവിലെ കടവിനും ഒരു കഥ പറയാനുണ്ട്. പണ്ടൊരിക്കൽ ഒരു പട്ടർ ഉത്സവത്തിൽ പങ്കെടുക്കാനുള്ള യാത്രമാദ്ധ്യേ കടലുണ്ടിപ്പുഴയുടെ തീരത്തെത്തി. നിറഞ്ഞൊഴുകുന്ന പുഴ കടക്കാൻ നിവൃത്തിയില്ലാതെ അദ്ദേഹം വിഷമിച്ചു. അവസാനം സദ്യയിൽ പങ്കെടുക്കുവാനുള്ള അത്യാഗ്രഹം അദ്ദേഹത്തെ പുഴ നീന്തിക്കടക്കുവാൻ പ്രേരിതനാക്കി. പട്ടർ ധൈര്യത്തോടെ പുഴയിൽ എടുത്തുചാടിയെങ്കിലും അക്കരെ കടക്കാനാവാതെ പുഴയിൽ മുങ്ങി മരിച്ചു. അതിനുശേഷമാണുപോലും 'പട്ടർ ചാടിയ കടവ്' എന്ന പേർ വന്നത് അത് പിന്നീട് പട്ടർ കടവ് ആയി മാറി എന്നത് ഐതിഹ്യം.

**നെല്ലാട്ട് കുളമ്പ് നേർച്ച:**

വട്ടപ്പറമ്പിലെ ജാറത്തിങ്കൽ എന്നറിയപ്പെടുന്ന സ്ഥലത്ത് നടക്കുന്ന നല്ലാട്ടു കുളമ്പുനേർച്ച ഏതാനും വർഷം മുമ്പു

വരെ ആർഭാടപൂർവ്വം നടന്നിരുന്നു. ഇപ്പോൾ പാവങ്ങൾക്ക് അന്നദാനം ചെയ്യുന്നതിൽ ഒതുങ്ങിയാണ് നേർച്ച കഴിക്കുന്നത്. അജ്ഞാതനായ ഒരു പുണ്യാത്മാവിന്റെ ഖബർ സ്ഥാനാണ് ഇവിടെ കാണപ്പെടുന്നത്.

**ചണ്ണഴിഇല്ലം:**

അധികാരിയും, ഗ്രാമമുൻസിഫുമായിരുന്ന ജസ്റ്റിസ് ഏറാടിയുടെയും, റിട്ടയേഡ് കൃഷി ഡെപ്യൂട്ടി ഡയറക്ടർ (മദ്രാസ് സ്റ്റേറ്റ്) രാമൻ മൂസ്സതിന്റെയും തറവാടാണ് ചണ്ണഴി ഇല്ലം.

**മറക്കാനാവാത്ത വ്യക്തികൾ:**

**ശ്രീധരൻ നമ്പീശൻ:**

പൊന്മളയിലെ ആദ്യകാല പൊതുപ്രവർത്തകനായിരുന്ന ശ്രീധരൻ നമ്പീശൻ ഇന്ത്യൻ നേവിയിൽ സ്വാതന്ത്ര്യ സമരത്തിനു നേതൃത്വം കൊടുത്തതിന് പിരിച്ചുവിടപ്പെട്ട വ്യക്തിയായിരുന്നു. 1960-ൽ അന്തരിച്ചു അദ്ദേഹത്തിന്റെ സ്മരണ മുൻനിർത്തിയാണ് പൊന്മളയിലെ വായനശാലക്ക് ശ്രീധരൻ നമ്പീശൻ സ്മാരക വായനശാല എന്ന് നാമകരണം ചെയ്തത്.

**നാരായണൻമാസ്റ്റർ:**

മലബാറിൽ സ്പെഷ്യൽ പോലീസിൽ ജോലിയിലിരിക്കെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തതിന് പിരിച്ചുവിട്ടു. തുടർന്ന് അധ്യാപകനായി

**രണ്ടാം ലോകമഹായുദ്ധം**

പൊന്മളയിൽ നിന്നും ധാരാളം പേർ രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. ബ്രിട്ടീഷ് പട്ടാളത്തിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവരിൽ പ്രധാനികളായിരുന്നു ഉണ്ണൻ, വേലായുധൻ നായർ, ഹംസ ഉണിച്ചുണ്ടൻ തുടങ്ങിയവർ.

**കാഞ്ഞിരപ്പള്ളി ജാറം -ചിന**

വളരെ പുരാതനമായ ഒരു തീർത്ഥാടനകേന്ദ്രമാണ് പഴയ റിസർവ്വെയിൽ കാഞ്ഞിരപ്പള്ളി എന്ന പേരിൽ തന്നെ സബ്ഡിവിഷൻ ചെയ്തിട്ടുള്ള കാഞ്ഞിരപ്പള്ളി. മമ്പുറം തങ്ങളാൽ അനുഗ്രഹിക്കപ്പെട്ടിട്ടുള്ള സ്ഥലവും കൂടിയാണിത്. കന്നുകാലി രോഗങ്ങൾക്ക് പ്രതിരോധത്തിനുള്ള ദിവ്യ ഔഷധമായിട്ടാണത്രെ ഈ സ്ഥലത്തുള്ള ഇലകളും പൂവും ഉപയോഗിക്കുന്നത്. തൊട്ടടുത്തുതന്നെ അൻപത് സെന്റോളം വിസ്തീർണ്ണമുള്ള വിശാലമായ, വെള്ളം കെട്ടിനില്ക്കുന്ന ചിന സ്ഥിതിചെയ്യുന്നു. കാഞ്ഞിരപ്പള്ളിക്ക് നേർച്ചയിടൽ സാധാരണ ജനങ്ങളുടെ ഒരു വഴിപാടാണ്.

**കുറൂർ കുണ്ട്:**

കുറൂർ കുണ്ട് പണ്ട് കുറുമരുടെ ആവാസ കേന്ദ്രമായിരുന്നു എന്നു പറയപ്പെടുന്നു. പലദേശക്കാരും, ഒത്തുചേർന്നു നടത്തിയിരുന്ന കുറൂർകുണ്ടിലെ കാളപൂട്ട് മത്സരം പ്രസിദ്ധമായിരുന്നു. കാളപൂട്ട് നടത്തിയിരുന്ന വയലെല്ലാം ഇന്ന് തോട്ടങ്ങളായി മാറിക്കഴിഞ്ഞു. പൊന്മള, കോൽക്കളം, ചേങ്ങോട്ടൂർ, എന്നീ സ്ഥലങ്ങളിലെല്ലാം കാളപൂട്ട മത്സരങ്ങൾ നടന്നിരുന്നു.

**ആക്കപ്പറമ്പ്:**

ഇന്നു കാണുന്ന ആക്കപറമ്പ് റോഡ് പണ്ട് ടിപ്പുവിന്റെ സൈന്യത്തിന് പാലക്കാട് കോട്ടയിലേക്ക് പോകുവാനുള്ള ഒരു വഴിയായിരുന്നുവത്രെ. ഫറോക്കിലും ടിപ്പുവിന് ഒരു കോട്ടയുണ്ടായിരുന്നു. അവിടെനിന്ന് പാലക്കാട് കോട്ടയിലേക്കുള്ള എളുപ്പവഴിയായിരിക്കണം ഇത്. ടിപ്പുവിന്റെ സൈന്യം വിശ്രമിച്ചിരുന്ന സ്ഥലം- "ആക്കം" കൊണ്ടിരുന്ന സ്ഥലമാണത്രെ പിന്നീട് ആക്കപറമ്പായത്.

അതുപോലെ ടിപ്പു വള്ളുവനാട് സൈന്യവുമായി യുദ്ധം ചെയ്ത സ്ഥലമാണത്രെ 'പടപ്പറമ്പ്' ആയി മാറിയത്.

പണ്ട് വള്ളുവനാട് രാജാവായിരുന്ന വെള്ളാട്ടിരിയുടെ സാമന്തനായിരുന്നു കോട്ടയ്ക്കൽ, വെങ്കിട കോട്ടയ്ക്കൽ ഉള്ള കരുവായൂർ മൂസ്സ്, കരുവായൂർ മൂസ്സിനെ സാമൂതിരി കോട്ടയിലെ നിലവറയിൽവെച്ച് വെട്ടിക്കൊല്ലുകയും കരുവായൂർ മുസ്ലിം പിൻഗാമികൾ വള്ളുവനാട്ടിലേക്ക് അഭയം പ്രാപിച്ചുവെന്നും ചരിത്രം. ഏതായാലും ആക്കപറമ്പ്, മണ്ണഴി, കോട്ടപ്പുറം ഭാഗങ്ങൾ ടിപ്പുവിന്റെ പടയോട്ടംവഴിയായി ബന്ധപ്പെട്ടുകിടക്കുന്നു.

**കോൽക്കളം:**

കോൽക്കളം പ്രദേശം നെൽകൃഷിക്ക് പണ്ടേ പേരുകേട്ടതായിരുന്നുത്രെ! ധാരാളം വിളവുതരുന്ന ഭൂമിയായിരുന്നു. ഇവിടുത്തെ നിലങ്ങൾ കിഴക്കേ കോവിലകം, സാമൂതിരിമാരുടെ കീഴിലായിരുന്നു.

"നിലങ്ങൾ പത്തും പന്ത്രണ്ടും പന്തല്ലൂരും വിശേഷിച്ചെന്റെ കോൽക്കളം" എന്ന് ഒരു കിഴക്കേ കോവിലകം തമ്പുരാട്ടി കോൽക്കളനിലങ്ങളെക്കുറിച്ച് പറഞ്ഞതായി ഒരു പഴമൊഴിയുണ്ട്.

'സൂത്രാടൻ മായിൻ' കോൽക്കളത്ത് ജീവിച്ചിരുന്ന സൂത്രാടൻ മായിൻ ഒരു കുപ്രസിദ്ധിയുണ്ട്. കായംകുളം കൊച്ചുണ്ണിയെപ്പോലെ ജനകീയനായ ഒരു മോഷ്ടാവായിരുന്നു. മോഷ്ടിച്ച വസ്തുക്കളെല്ലാം ഇയാൾ പാവങ്ങൾക്കു വിതരണം ചെയ്തിരുന്നുഎന്ന് പറയപ്പെടുന്നു.

**മയിലാടും കുന്ന്:**

കോൽക്കളത്തിനടുത്ത കുന്നുംകുറ്റി ഭാഗത്ത് പുൽമേടുകളിൽ നമ്മുടെ ദേശീയ പക്ഷിയായ മയിലുകൾ യഥേഷ്ടം വിഹരിക്കുന്ന കാഴ്ച കാണാവുന്നതാണ്. കൃഷികളെല്ലാം ഇവ നശിപ്പിക്കുന്നതായി പരാതിയും കേൾക്കാറുണ്ട്. ഈ മയിലാടുംകുന്ന് സംരക്ഷിക്കപ്പെടേണ്ടതാണ്.

**കൂരിയാാട്:**

പഞ്ചായത്തിൽ ആദ്യമായി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനം ആരംഭിച്ചത് ഇവിടെയായിരുന്നു. 1937-ൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റേയും, എ.വി. കുട്ടിമാളു അമ്മയുടെയും സാന്നിദ്ധ്യത്തിലായിരുന്നു കമ്മറ്റി രൂപീകരണം. മുസ്‌ലിം മതപണ്ഡിതൻ തേനു മുസ്‌ലിയാർ കൂരിയാട് സ്വദേശിയാണ്. ലളിതജീവിതവും മതഭക്തിയും കൊണ്ട് ഏവർക്കും മാതൃകയായിരുന്നു അദ്ദേഹം.

**ചേങ്ങോട്ടൂർ ദേശം:**

ചേങ്ങോട്ടൂർ മേഖലയിൽ ദേശീയ പ്രസ്ഥാനത്തിന്റെ മുഖ്യസംഘാടകൻ ശ്രീ. ദേവദാസൻ നമ്പൂതിരിപ്പാടായിരുന്നു. 1939-ൽ കോട്ടയ്ക്കൽ പറപ്പൂരിൽ ചേർന്ന കെ.പി.സി.സി. സമ്മേളനത്തിന്റെ പ്രതിനിധിയായിരുന്നു അദ്ദേഹം. 1940-കളിൽ ചേങ്ങോട്ടൂർ പ്രദേശം കർഷക പ്രസ്ഥാനത്തിന്റെയും തുടർന്ന്, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ശക്തികേന്ദ്രമായി മാറി. 1948-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിച്ചതിനെതുടർന്ന് ശ്രീ: മാവുള്ളി രാമൻ, പനങ്ങാട് ഇക്കണ്ടുണ്ണിനായർ, പി.വി. കുമാരൻ നായർ, രാമൻനമ്പൂതിരി തടങ്ങിയവരെ അറസ്റ്റ് ചെയ്ത് നിരവധികാലം ജയിലിലടച്ചു. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക നേതാവായിരുന്ന കെ. ദാമോധരന്റെ പ്രധാന ഒളിവു സങ്കേതങ്ങളിലൊന്ന് ഈ പ്രദേശത്തായിരുന്നു. ഗ്രാമീണ ജനതയെ ദേശീയ ബോധമുള്ളവരാക്കിതീർക്കുന്ന പ്രവർത്തനങ്ങളിൽ പ്രധാന പങ്കു വഹിച്ച സ്ഥാപനമാണ് ബാപ്പുജി സ്മാരക വായനശാല. ശ്രീ. ഭവദാസൻ നമ്പൂതിരിപ്പാട്, പി.വി. കൃഷ്ണൻനായർ, ഒ. രാമൻകുട്ടിമാസ്റ്റർ, കെ.സി. കൃഷ്ണൻ നായർ തുടങ്ങിയവർ ഈ വായനശാലയുടെ സ്ഥാപകരും അറിയപ്പെടുന്ന സാംസ്കാരിക പ്രവർത്തകരുമായിരുന്നു.

പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനം കോൽക്കളം ഐക്യനാണയ സംഘമായിരുന്നു. ശ്രീ. ഒളകര കുഞ്ഞിമുഹമ്മദായിരുന്നു സ്ഥാപക പ്രസിഡണ്ട്. ഈ സ്ഥാപനമാണ് ഇന്ന് കോൽക്കളം സർവ്വീസ് സഹകരണ സംഘമായി വളർന്നത്.

മഹിളാ സംഘങ്ങൾ: ഗ്രാമത്തിലെ ആദ്യത്തെ മഹിളാ സമാജം ആരംഭിച്ചത് 1950-കളിലായിരുന്നു. ശ്രീമതി കുഞ്ഞിഖദീജടീച്ചർ, കുമ്മിണിടീച്ചർ എന്നിവരായിരുന്നു ആദ്യകാല സംഘാടകർ.

# ഭൂപ്രകൃതി - ജനപ്രകൃതി ജലപ്രകൃതി

വടക്ക് കടലുണ്ടിപ്പുഴയും, തെക്ക് മാറാക്കര പഞ്ചായത്തും, കിഴക്ക് കുറുവ പഞ്ചായത്തും, പടിഞ്ഞാറ് കോട്ടയ്ക്കൽ ഒതുക്കുങ്ങൽ പഞ്ചായത്തിനാലും ചുറ്റപ്പെട്ടുകിടക്കുന്ന പ്രദേശമാണ് പൊന്മളഗ്രാമപഞ്ചായത്ത്. പഞ്ചായത്തിന്റെ വടക്കുഭാഗത്ത് ഉൾക്കൊള്ളുന്ന പൊന്മളയിലും, തെക്ക് ഭാഗമായ മണ്ണഴി ചേങ്ങോട്ടൂർ, കൂരിയാട് പ്രദേശത്തും പാടശേഖരണങ്ങൾ കാണപ്പെടുന്നു. പഞ്ചായത്തിൽ ഉയർന്ന പ്രദേശങ്ങൾ ചാപ്പനങ്ങാടി, പറങ്കിമൂച്ചിക്കൽ, കുന്നംകുറ്റി ചുനൂർ എന്നീ പ്രദേശങ്ങളാണ്. ഈ പ്രദേശങ്ങളിലെ പ്രധാന കൃഷികൾ തെങ്ങ് കശുമാവ്, കവുങ്ങ് എന്നിവയാണ്.

പഞ്ചായത്തിലെ പ്രകൃതി രമണീയമായ പ്രദേശമാണ് കുന്നം കുറ്റി മലനിരകൾ. ഈ മലനിരകളുടെ പ്രത്യേകത നമ്മുടെ ദേശീയ പക്ഷിയായ മയിലിനെ കാണാമെന്നതാണ്.

ഭൂപ്രകൃതി അനുസരിച്ച് പൊൻമള ഗ്രാമപഞ്ചായത്തിനെ 3 മേഖലകളായി തിരിക്കാവുന്നതാണ്.

1. ചെരിവ് പ്രദേശം
2. ഉയർന്ന നിരന്ന പ്രദേശം
3. സമതല പ്രദേശം

**ജന പ്രകൃതി**

ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യ 25635 (ഐ.സി.ഡി.എസ്.) കണക്കുപ്രകാരം) ഇതിൽ സ്ത്രീകളാണ് കൂടുതൽ ഉള്ളത്.

സാക്ഷരതാ രംഗത്ത് ഒരു വൻമുന്നേറ്റം ഉണ്ടാക്കുവാൻ പഞ്ചായത്തിന് 1990-91 കാലഘട്ടത്തിൽ കഴിഞ്ഞിരുന്നു. പക്ഷെ അന്ന് നേടിയെടുത്ത സാക്ഷരത ഇപ്പോൾ എത്ര മാത്രം സജീവമായി നിൽക്കുന്നു എന്നത് പരിശോധിക്കേണ്ടതാണ്. ഈ മേൽക്കൈ പൊതുവിദ്യാഭ്യാസരംഗത്ത് ഇന്ന് കാണുന്നില്ല. പഠനനിലവാരത്തിൽ വിദ്യാർത്ഥികളുടെ സ്ഥിതി പിന്നോക്കമാണ്.

അതുപോലെതന്നെ വിദ്യാസമ്പന്നരായ ചെറുപ്പക്കാരുടെ ഇടയിൽ വൻമ്പിച്ച തൊഴിലില്ലായ്മ നിലനില്ക്കുന്നു. ബ്രിട്ടീഷ്കാരുടെ കാലത്തുള്ള വിദ്യാഭ്യാസ രീതിയാണ് ഇന്നും തുടർന്നുപോരുന്നത്.

ജനങ്ങളുടെ ഉപജീവനമാർഗ്ഗം കൃഷിയാണ്. 1.20% ആളുകൾ ഇടത്തരം വ്യാവസായ രംഗത്തു തൊഴിലെടുക്കുന്നുണ്ട്.

പരമ്പരഗത വ്യവസായം ഇന്ന് ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു. കുടിൽ വ്യവസായങ്ങൾ അങ്ങിങ്ങായി വളർന്നുവരുന്നുണ്ട്. സ്ത്രീകളുടെ ഇടയിൽ തൊഴിലില്ലായ്മ രൂക്ഷമായി നിലനില്ക്കുന്നു. ഇന്ന് ഇടത്തരം ചെറുകിട വ്യവസായങ്ങൾ വളർന്നുവരുവാനുള്ള ഒരു പ്രവണത കാണുന്നുണ്ട്. ഇത് ഏറെ ആശാവഹമാണ്. ഇത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും, മറ്റു വ്യവസായങ്ങൾ തുടങ്ങുവാൻ ഉള്ള ആളുകൾക്ക് പ്രോത്സാഹനവും ആയിത്തീരുകയും ചെയ്യുന്നു.

**ജലപ്രകൃതി:**

പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടി കടലുണ്ടി പുഴ കടന്നുപോകുന്നു. അതുപോലെ വളരെയധികം കുളങ്ങളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായിട്ടുണ്ട്. മാത്രമല്ല പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലും, തെക്കേ അതിർത്തിയിലും രണ്ട് തോടുകൾ കടന്നുപോവുന്നുണ്ട്.

ചാപ്പനങ്ങാടി, ചുനൂർ തലക്കാപ്പ്, തോട്ടപ്പായ, മാണൂർ എന്നീ ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്.

# കൃഷിയും ജലസേചനവും

വടക്ക് കടലുണ്ടിപ്പുഴ മുതൽ തെക്ക് മാറാക്കര പഞ്ചായത്തുരെ നീണ്ടുകിടക്കുന്ന പൊന്മള പഞ്ചായത്ത് തികച്ചും ഒരു കാർഷിക വ്യവസ്ഥയിൽ അധിഷ്ഠിതമായ ഗ്രാമമാണ്. കേരവൃക്ഷങ്ങൾ ഇടതിങ്ങി നിൽക്കുന്ന ചരിവുപ്രദേശങ്ങളും പച്ചപുതപ്പണിഞ്ഞ നെൽവയലുകളുള്ള സമതല പ്രദേശങ്ങളും ഉയർന്ന നിരപ്പ് പ്രദേശങ്ങളിൽ വിശാലമായ പാറക്കെട്ടുകൾക്കിടയിൽ കാണുന്ന കശുമാവ് തോട്ടങ്ങളും ഈ പ്രദേശത്തിന്റെ ഒരു സവിശേഷതയാണ്. മലകൾ നിറഞ്ഞ ഈ പ്രദേശത്തിന് (Ponmala) എന്ന പേരുലഭിക്കാൻതന്നെ കാരണം പഴയകാലത്തെ കാർഷികാഭിവൃദ്ധി മൂലമായിരുന്നു എന്നതാണ് ഐതിഹ്യം. എന്നാൽ ഇന്ന് ഇതിന്ന് വളരെ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഇറവിടുത്തെ മുഖ്യകൃഷി തെങ്ങ്, നെല്ല്, കവുങ്ങ് മറ്റിടവിളകളുമാണ്.

ഭൂപ്രകൃതി അനുസരിച്ച് ഈ ഗ്രാമപഞ്ചായത്തിനെ മൂന്നായി ഭാഗിച്ചതിൽ ചരിവുപ്രദേശത്തിന് 1848.83 ഹെക്ടറും ഉയർന്ന നിരവ് പ്രദേശത്തിന് 71.08 ഹെക്ടറും സമതല പ്രദേശത്തിന് 235 ഹെക്ടറും വിസ്തീർണ്ണമുണ്ട്. ചാപ്പനങ്ങാടിയിൽ സ്ഥിതിചെയ്യുന്ന ഉയർന്ന പ്രദേശം ഈ ഗ്രാമപഞ്ചായത്തിനെ രണ്ടായി ഭാഗിക്കുന്നു. ഇവിടെ നിന്നുള്ള എല്ലാ തോടുകളും മറ്റ് പഞ്ചായത്തുകൾവഴിയും നേരിട്ടുമായി കടലുണ്ടി പുഴയിൽ സന്ധിക്കുന്നു.

വൻകിട കർഷകർ മുതൽ നാമമാത്ര കർഷകർ വരെ ഇവിടെ ഉണ്ടെങ്കിലും കൂടുതലും നാമമാത്ര കർഷകർ തന്നെയാണ്. ഇതുസംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

പട്ടിക-1

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം |
|---|---|---|---|
| 1. | ഒരു ഹെക്ടറിൽ താഴെ | 4073 | 1629.2 |
| 2. | ഒരു ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ | 354 | 377.7 |
| 3. | രണ്ട് ഹെക്ടറിന് മുകളിൽ | 30 | 148 |

ആളോഹരി കൃഷിഭൂമി പഞ്ചായത്തിന്റേത് .08 ഹെക്ടർ ആണ്. ഇത് സംസ്ഥാനത്തിന്റെ ആളോഹരി ഭൂമിയെക്കാൾ 0.01 ഹെക്ടർ കൂടുതലാണ്.

**മണ്ണ്:**

ഈ പഞ്ചായത്തിൽ കാണുന്ന മണ്ണ്, എക്കൽമണ്ണ്, ചെങ്കൽമണ്ണുമാണ്. ചെങ്കൽമണ്ണിന്റെ പി.എച്ച്. 5.5 മുതൽ 6.5 വരെയാണ്. രാസവള പ്രയോഗംകൊണ്ട് മണ്ണിലെ പുളിരസം കൂടുതലായി കാണുന്നു.

**നെൽകൃഷി:**

ഈ പഞ്ചായത്തിലെ മിക്കവാറും ഭൂമിയും പണ്ട് മഞ്ചേരി, കോട്ടയ്ക്കൽ എന്നിങ്ങനെയുള്ള സാമൂതിരി കുടുംബങ്ങളുടെ അധീനതയിലായിരുന്നു. കോവിലകത്തെ തമ്പുരാക്കൻമാർ

കൃഷിയും സ്ഥലങ്ങളും നോക്കി നടത്താൻ തദ്ദേശവാസികളായ ആളുകളെ കാര്യസ്ഥന്മാരാക്കി നിയമിച്ചിരുന്നു. ഇക്കാലത്തെ പ്രധാന കൃഷി നെല്ലായിരുന്നു. നെല്ലിൽ ഭൂരിഭാഗം പാട്ടമായി നൽകിയിരുന്നു. ഇക്കാലയളവിൽ കൃഷിക്കാരൻ ഏറ്റവും കൂടുതൽ ചൂഷണവിധേയമായിരുന്നു. 1957-ലെ ഭൂപരിഷ്കരണനിയമം നിലവിൽ വന്നതോടെ കൃഷിഭൂമി കർഷകന്റെ കൈവശമായി. കുടിയാന്മാരുടെ കൈവശം ഭൂമി ആയതോടെ കൃഷിരംഗം സജീവമായി. കൃഷിഭൂമികൾ തുണ്ടുതുണ്ടായി വിഭജിക്കപ്പെട്ടു. പാടങ്ങൾ നികത്തി വീടുകൾ പണിതു.പിന്നീട് തെങ്ങിനും കമുകിനും മറ്റിടവിളകൾക്കും പ്രാധാന്യം കൊടുത്തു.

അന്ന് കൃഷി തികച്ചും പരമ്പരാഗതമായിരുന്നു. കന്നുകളെ ഉപയോഗിച്ചാണ് ഉഴവു നടത്തിയിരുന്നത്. ചീര, പൊന്നാര്യൻ, വെള്ളരി, ആര്യൻ, ചെമ്പാവ്, നകര, തെക്കൻചീര, തവളക്കണ്ണൻ എന്നീ തരം നാടൻ നെൽവിത്തുകളായിരുന്നു കൃഷിചെയ്തിരുന്നത്. ഇരുപ്പൂ, നെൽകൃഷിക്കുള്ളജലം ഈ കാലങ്ങളിൽ യഥേഷ്ടം ലഭിച്ചിരുന്നു. എന്നാൽ ജല നിർഗമനം ഈ കാലങ്ങളിൽ ഒരു പ്രധാന കൃഷിജോലിയും ആയിരുന്നു. ജലസേചനത്തിനായി ഏത്തം, കാളതേക്ക്, പോളകൾ എന്നിവ ഉപയോഗിച്ചിരുന്നു. 1970-കളിൽ ഗ്രാമങ്ങളിൽ വൈദ്യുതി ലഭിച്ചതോടെ ജലസേചനം എളുപ്പമായി. കൃഷിരംഗത്ത് ഒരു ഹരിതവിപ്ലവം തന്നെ ഉണ്ടാവുകയും ചെയ്തു. കേരളത്തിൽ കൃഷി വകുപ്പ് കൃഷിക്കാരുടെ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിച്ചതിന്റെ ഫലമായി കൃഷി ആദായകരമായി തുടങ്ങി. കൃഷി ഗവേഷണത്തിൽ അനവധി സ്ഥാപനങ്ങളും ഉയർന്നുവന്നു. വിത്തുകൾ, രാസവളങ്ങൾ, കൃഷിരീതികൾ, കീടനിയന്ത്രണങ്ങൾ എന്നിവ ശാസ്ത്രീയമായ രീതിയിൽ നടത്തപ്പെട്ടു. ഇതോടെ കാർഷിക രംഗം കൂടുതൽ പുരോഗതി കൈവരിച്ചു. എന്നാൽ പിന്നീടുണ്ടായ മറ്റുപല കാരണങ്ങളാലും ക്രമേണ കൃഷി, പ്രത്യേകിച്ച് നെൽകൃഷി ലാഭകരമല്ലാതായി. കർഷകന് തന്റെ വിളകൾക്ക് ന്യായമായ വില കിട്ടാതായി. കൃഷിപണിക്ക് ആളെ കിട്ടാത്ത അവസ്ഥയും വന്നുചേർന്നു. ക്രമേണ നെൽകൃഷി വളരെ കുറവായി. കൃഷിയിടങ്ങളിൽ തെങ്ങും, കമുകും മറ്റു ഇടവിളകളും കൃഷിചെയ്യാൻ തുടങ്ങി. നെൽകൃഷിക്ക് ജല ലഭ്യത കുറയുകയും ചെയ്തു. നല്ലൊരു വിഭാഗം ജനങ്ങൾ കൃഷി ഉപേക്ഷിച്ച് മറ്റു മേഖലകളിൽ തൊഴിൽതേടി.

പട്ടിക -2

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1. | നെല്ല് (ഒന്നാംവിള) | 210 |
| 2. | നെല്ല് (രണ്ടാംവിള) | 210 |
| 3. | നെല്ല് (മൂന്നാംവിള) | |

**നെല്ലിന്റെ ഉത്പാദനം**

നെല്ലിന്റെ ഉത്പാദനം നാടൻ വിത്തിനങ്ങളിൽനിന്ന് ഹെക്ടറിന് 1700 മുതൽ 1850 കിലോഗ്രാം വരെയും അത്യുല്പാദന ശേഷിയുള്ള വിത്തിനിങ്ങളിൽ നിന്ന് ഹെക്ടറിന് 2100 മുതൽ 2200 കിലോഗ്രാം വരെയും നെല്ല് ലഭിക്കുന്നു. ജ്യോതി, ത്രിവേണി, പവിഴം, ജയ എന്നീ വിത്തിനങ്ങൾ പ്രധാനമായും കൃഷിഭവനിൽകൂടി വിതരണം ചെയ്യുന്നുണ്ട്. നെൽപാടങ്ങളിൽ ഒന്നാംവിള കഴിഞ്ഞും, രണ്ടാംവിള കഴിഞ്ഞും ഇടവിളകൾ കൃഷിചെയ്യാറുണ്ട്. വാഴ, ചേന, ചേമ്പ്, കൂർക്ക, പയർ, പച്ചക്കറികൾ, എള്ള്, ചാമ, മരച്ചീനി, മധുരക്കിഴങ്ങ് ഇവ കൃഷിചെയ്യാറുണ്ട്.

പട്ടിക 3

| നമ്പർ | ഇടവിള | ഹെക്ടർ |
|---|---|---|
| 1. | പയർ | 51 |
| 2. | എള്ള് | 8 |
| 3. | പച്ചക്കറി | 60 |
| 4. | വാഴ | 70 |
| 5 | മരച്ചീനി | 120 |

മുഖ്യവിളയായ തെങ്ങിന്റെ വാർഷികോത്പാദനം 30.25 എണ്ണമാണ്. ജലസേചനം നടത്തുകയാണെങ്കിൽ വിളവ് ഇതിന്റെ ഇരട്ടിയാക്കാൻ സാധിക്കും. തെങ്ങുകൃഷിയുടെ മറ്റൊരുഭീഷണി നാളികേരത്തിന്റെ വിലയിടിവാണ്. കൊപ്രയാക്കിമാറ്റാമെന്നുവച്ചാൽ ന്യായമായ വില കിട്ടുന്നില്ല. തെങ്ങ് ഒന്നിന് വളം ചേർക്കൽ ഏകദേശം 100 രൂപ ചിലവ് വരും. കൂലി ചിലവ് വേറെയും ആയതിനാൽ തെങ്ങ് പരിപാലനം കുറവാണ്. 90% തെങ്ങുകളും ചെരിവു പ്രദേശങ്ങളിലായതിനാൽ കൃഷിയിടം ചെറിയ തുണ്ടുകളാക്കി കിടക്കുന്നു. ഇത് കാരണം കാർഷിക ജോലി കൂടുകയും മണ്ണൊലിപ്പ് ഒരുപ്രശ്നമായി മാറുകയും ചെയ്യുന്നു.

**വളം**

പഞ്ചായത്തിലെ ആകെയുള്ള രാസവള വിൽപന കേന്ദ്രം കോൽക്കളം സഹകരണബാങ്ക് ആണ്. ആവശ്യമായ വളം

ലഭിക്കുന്നതിന് മറ്റു പഞ്ചായത്തുകളിലെ വളം ഡിപ്പോകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. മണ്ണുപരിശോധനാടിസ്ഥാനത്തിലുള്ള വളപ്രയോഗമല്ല കൃഷിക്കാർ നടത്തുന്നത്. പച്ചില വളവും കാലി വളവും കിട്ടാൻ വളരെ പ്രയാസമുണ്ട്. ഏതാനും കർഷകർ കൃഷിഭവനിൽ കൂടി വിതരണം ചെയ്യുന്ന പച്ചില ച്ചെടിയുടെ വിത്തുപയോഗിച്ച് ജൈവവളം ഉണ്ടാക്കുന്നു. ഇത് ആവശ്യമുള്ള ജൈവവളത്തിന്റെ 50% പോലും ആകുന്നില്ല.

**കീടനാശിനികൾ:**

നെല്ല്, വാഴ, പച്ചക്കറികൾ എന്നീ വിളകൾക്കാണ് കീട നിയന്ത്രണം കൂടുതൽ ആവശ്യമായി വരുന്നത്. കീടനിയന്ത്രണം ശാസ്ത്രീയമായ രീതിയിലല്ല ഉപയോഗിക്കുന്നത്. ആയതുകൊണ്ട് അനവധി ആരോഗ്യപ്രശ്നങ്ങൾ സംജാതമാകുന്നുണ്ട്.

**കാർഷികോപകരണങ്ങൾ**

പഞ്ചായത്തിൽ ഇപ്പോൾ പ്രയോഗത്തിലിരിക്കുന്ന കാർഷികോപകരണങ്ങൾ രണ്ടു ട്രാക്ടറുകൾ, 55 ജോഡി ഉഴവുകാളകൾ 30 റോക്കർ സ്പെയറുകൾ, 80 നാപ്സാക്ക് സ്പെയറുകൾ, നാല് തെങ്ങുകയറ്റ യന്ത്രങ്ങളും 1200 ഓളം പമ്പുസെറ്റുകളും ആകുന്നു. മെതിയെന്ത്രം ഉപയോഗത്തിലില്ല. കൊയ്തെടുക്കുന്നതിലും മെതിക്കുന്നതിനും ശാസ്ത്രീയമായ രീതികൾ നിലവിൽ വരേണ്ടതുണ്ട്.

**പാടശേഖര സമിതികൾ:**

കൃഷിഭവന്റെ കീഴിൽ 8 പാടശേഖര സമിതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം ഫലപ്രദമല്ല. ഇവയുടെ വിശദാംശങ്ങളും വിളകളും താഴെ ചേർക്കുന്നു.

**കൂലി നിരക്ക്**

കാർഷികമേഖലയിൽ തൊഴിലാളികളെ കിട്ടാൻ വിഷമമുള്ള ഒരു കാലഘട്ടമാണിത്. കാർഷിക ജോലികൾ അറിയാവുന്ന ആളുകൾ വളരെ കുറവാണ്. ജനങ്ങൾ കൃഷിയെ ഒരു തരം താണ ജോലിയായാണ് കരുതുന്നത്. ഇന്നത്തെ കൂലിനിരക്ക് പുരുഷൻമാർക്ക് 100 രൂപയും സ്ത്രീകൾക്ക് 65 രൂപയുമാണ്. ഈ കൂലിനിരക്ക്, മൊത്തത്തിൽ കൃഷിയെ ക്ഷീണിപ്പിക്കുന്നുണ്ട്. കളയെടുപ്പ്, വിളവെടുപ്പ്, സംസ്കരണം, മുതലായവയിലുള്ള ബുദ്ധിമുട്ടുകൾ വേറെയുമുണ്ട്.

| നമ്പർ | പാടശേഖരത്തിന്റെ പേര് | ഒന്നാം വിള | രണ്ടാംവിള | മൂന്നാം വിള |
|---|---|---|---|---|
| 1. | ചൂനൂർ | നെല്ല്<br>വാഴ | നെല്ല്<br>വാഴ<br>പയർ | പച്ചക്കറി |
| 2. | കോട്ടപ്പുറം | നെല്ല്<br>വാഴ | നെല്ല്<br>വാഴ<br>പയർ | പച്ചക്കറി |
| 3. | കോൽക്കളം | നെല്ല്<br>വാഴ | നെല്ല്<br>വാഴ | എള്ള് |
| 4. | പൊന്മള മേൽമുറി | നെല്ല്<br>വാഴ<br>പയർ | നെല്ല്<br>മരച്ചീനി<br>വാഴ | പച്ചക്കറി |
| 5. | പൊന്മള | നെല്ല്<br>മരച്ചീനി<br>വാഴ | നെല്ല്<br>വാഴ<br>മരച്ചീനി | പച്ചക്കറി<br>എള്ള് |
| 6. | ചേങ്ങോട്ടൂർ | നെല്ല്<br>വാഴ | നെല്ല്<br>വാഴ<br>പയർ | പച്ചക്കറി |
| 7. | പൂവ്വാട് | നെല്ല്<br>വാഴ | നെല്ല്<br>വാഴ | പച്ചക്കറി<br>എള്ള് |
| 8. | ആറമ്പി | നെല്ല്<br>വാഴ | നെല്ല്<br>വാഴ | പച്ചക്കറി |

മൊത്തത്തിൽ ഇന്ന് കൃഷി ഒരു നഷ്ടകച്ചവടമായിരിക്കുന്നു.

**കാർഷിക വായ്പ**

ഈ പഞ്ചായത്തിൽ ആകെയുള്ള സഹകരണ ബാങ്കോൽക്കളം സർവ്വീസ് സഹകരണ ബാങ്കാണ്. ഇവിടെ കൊല്ലത്തിൽ ഒരുതവണ കാർഷിക വായ്പ നൽകുന്നു. എങ്കിലും അധികവും കൃഷിക്കായി ഉപയോഗിക്കാറില്ല. ഉപയോഗിച്ചാൽ തന്നെയും കൃഷിയിൽനിന്ന് കിട്ടുന്ന ആദായം കൊണ്ട് വായ്പയും, പലിശയും അടയ്ക്കാൻ സാധിക്കാറില്ല എന്നതാണ് സത്യം.

**ജലസേചനം;**

മഴയെ മാത്രം ആശ്രയിച്ചാണിവിടെ കൃഷി നടത്തുന്നത്. വർഷത്തിൽ ശരാശരി 300 സെന്റീമീറ്റർ മഴ ലഭിക്കുന്നു. എന്നാൽ ഇതിന്റെ പകുതിപോലും കൃഷിക്കോ, മണ്ണിനോ ഗുണകരമായി ലഭിക്കുന്നില്ല. കുത്തിയൊലിച്ച് വരുന്ന തോടുകളിലെ വെള്ളം തോടുകൾ വഴി പുഴകളിൽ എത്തിച്ചേരുന്നു. ജലസംബന്ധമായി ബന്ധപ്പെട്ട ആസ്തികൾ താഴെ കൊടുക്കുന്നു.

**തോടുകൾ**

തോടുകളുടെ ആകെ നീളം 8.5 കിലോമീറ്റർ ആകുന്നു. ഈ തോടുകളെല്ലാം കടലുണ്ടിപുഴയിൽ ചെന്ന് ചേരുന്നു. ഈ തോടുകളിൽ കൃഷി ആവശ്യത്തിനായി 11 ചിറകൾ നിലവിലുണ്ട്. എങ്കിലും ഇവയുടെ ഉപയോഗം ശരിയായ രൂപത്തിൽ കൃഷിക്ക് ലഭിക്കുന്നില്ല. തോടിന്റെ പത്തിൽ ഒരു ഭാഗം മാത്രമേ പാർശ്വഭിത്തി കെട്ടിയിട്ടുള്ളൂ. ആയതിനാൽ മറുഭാഗങ്ങളിലുള്ള കൃഷികൾക്ക് പല രീതിയിലും നഷ്ടം സംഭവിക്കുന്നു.

**കുളങ്ങൾ**

പൊന്മള ഗ്രാമ പഞ്ചായത്തിൽ പല ഭാഗങ്ങളിലായി 68 കുളങ്ങൾ ഭാഗികമായെങ്കിലും ജലസേചനത്തിനുപയോഗിക്കുന്നു. മിക്ക കുളങ്ങളിലും ജല ലഭ്യത വളരെ കുറവാണ്. ഭിത്തികൾ പൊട്ടിയും, മണ്ണ് നിറഞ്ഞും ഉപയോഗ ശൂന്യമായി കിടക്കുന്നവയാണ് അധികവും. ജലസേചനത്തിനായി ഉപയോഗിക്കുന്ന കുഴൽ കിണറുകൾ 14 എണ്ണമാണ്. ഇതിൽ ഭൂരിഭഗം കിണറുകളിൽ നിന്നും വെള്ളം ലഭിക്കുന്നില്ല. ഇതിനോട് അനുബന്ധിച്ചുള്ള കുളങ്ങളിൽ കുറഞ്ഞ തോതിൽ മത്സ്യബന്ധനം നടത്തിപോരുന്നു.

**കുളങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ**

| | (പ്രധാനപ്പെട്ടവ) | | |
|---|---|---|---|
| ക്രമ.ന | കുളത്തിന്റെ പേര് | വാർഡ് നമ്പർ | ഏരിയ |
| 1. | പിച്ചൻ കുളം | I | 3 സെന്റ് |
| 2. | തണ്ടർ വാഴകുളം | II | 5 സെന്റ് |
| 3. | അമ്പലക്കുളം (വലിയത്) | III | 2.5 ഏക്കർ |
| 4. | അമ്പലക്കുളം (ചെറിയത്) | III | 35സെന്റ് |
| 5. | ആറമ്പികുളം | VI | 5 സെന്റ് |
| 6. | പിച്ചൻകുളം | X | 8 സെന്റ് |

**മണ്ണ് സംരക്ഷണം**

പഴയ കാലങ്ങളിൽ വരമ്പുകൾ വെച്ചും മരങ്ങൾ വെച്ചും മണ്ണ് സംരക്ഷണം നടത്തിയിരുന്നു. ഇപ്പോൾ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ അദ്ധ്വാനവും കൂടുതൽ പണവും ചിലവഴിക്കുന്നു. എന്നാൽ പഴയ കാലത്തെ അപേക്ഷിച്ച് കൂടുതൽ ചിലവഴിക്കുന്ന സംഖ്യക്കുള്ള ഗുണം ലഭിക്കുന്നില്ല. നീർതടപദ്ധതി ഇതിന് വളരെ സഹായകരമായിട്ടുണ്ട്.

**നഴ്സറി**

വ്യാവസായികാടിസ്ഥാനത്തിലുള്ളതും കൃഷി വകുപ്പിന്റേതുമായ നഴ്സറികൾ ഇവിടെ ഇല്ല. എങ്കിലും കർഷകർ സ്വന്തമായി ഉപയോഗിക്കുന്നതിന് വേണ്ടി നഴ്സറികൾ നടത്തുന്നുണ്ട്.

**കൃഷിഭവൻ**

1987- സെപ്തംബർ 1-ാം തിയ്യതിയാണ് കൃഷിഭവൻ നിലവിൽവന്നത്. 3 കൃഷി അസിസ്റ്റന്റും, ഒരു കൃഷി ഓഫീസറും ഒരു ശിപായിയും ആണ് നിലവിലുള്ളത്. അതിന്റെ പ്രവർത്തനം വളരെ കുറഞ്ഞ തോതിലോ എല്ലായിടത്തും എത്തിയിട്ടുള്ളൂ. കൃഷിഭവൻ പഞ്ചായത്തിന്റെ ഒരറ്റത്തായതിനാൽ എല്ലാ കർഷകർക്കും ഒരുപോലെ കൃഷിഭവനുമായുള്ള ബന്ധം പുലർത്താൻ കഴിയുന്നില്ല.

**പ്രശ്നങ്ങൾ**

പൊന്മള ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ കാർഷിക പ്രശ്നം ജല ദൗർലഭ്യമാണ്. കൃഷിക്ക് വേണ്ടത്ര ജലം ലഭിക്കുന്നില്ല. ഉള്ളവെള്ളം ശരിയായ രൂപത്തിൽ ഉപയോഗിക്കാനും സാധിച്ചിട്ടില്ല.

ഉല്പാദന ചെലവിലുണ്ടായ വൻ വർദ്ധനവും കർഷക തൊഴിലാളികളുടെ ദൗർലബ്യം, തൊഴിലാളികളുടെ ഉയർന്ന കൂലി നിരക്ക്, കാർഷികോല്പന്നങ്ങളുടെ വിലയിടിവ്. കാല വർഷത്തിന്റെ വ്യതിയാനങ്ങൾ, കൃഷി ഉപജീവിതമാർഗമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ്. കന്നുകാലികളുടെ ദൗർല ഭ്യത, കൃഷിക്കാരുടെ കൂട്ടായ്മയുടെ അഭാവം മുതലായവ ആണ് ഇന്ന് കാർഷിക രംഗം നേരിടുന്ന മറ്റ് പ്രശ്നങ്ങൾ. ഈ പ്രശ്നങ്ങൾ ഏറ്റവുമധികം ബാധിക്കുന്നത് നെൽകൃഷി യെയാണ്. പഞ്ചായത്തിലെ മുഖ്യകൃഷിയായ തെങ്ങുകൃ ഷിയും ഇന്ന് രൂക്ഷമായ പ്രതിസന്ധിയെ നേരിടുകയാണ്. ഈ രംഗത്ത് നേരിടുന്ന പ്രധാന പ്രശ്നം നാളികേരത്തിന്റെ വിലയിടിവ്തന്നെ. കേരവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിൽ മത്സരിച്ച കേരളീയൻ തോന്നിയ സ്ഥലത്തെല്ലാം കേര വൃക്ഷ ങ്ങൾ നട്ടുപിടിപ്പിക്കാൻ തുടങ്ങിയതോടെ തെങ്ങുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായെങ്കിലും മൊത്തം ഉല്പാദന ക്ഷമത കുറയുകയാണ് ചെയ്തത്. കാരണം കേരവൃക്ഷ ങ്ങൾക്ക് യോജിച്ച മണ്ണായിരുന്നില്ല പലരും ഇതിനായി ഉപ യോഗിച്ചത്. ജൈവവളത്തിന്റെ ഉപയോഗം ഗണ്യമായി കുറ യുകയും രാസവള പ്രയോഗം ഗണ്യമായി വർദ്ധിക്കുകയും ചെയ്തത് എല്ലാ വിളകളുടെയും ഉല്പാദനത്തെ ഗണ്യമായി ബാധിച്ചിട്ടുണ്ട്.

ഉയർന്ന പ്രദേശങ്ങളിലെ പ്രധാന-കൃഷിയായ കശുമാവ് കൃഷിയും വേണ്ടത്ര പരിചരണം ലഭിക്കാത്തതിനാൽ നാശ ത്തിന്റെ വക്കിലെത്തിക്കഴിഞ്ഞു. പഞ്ചായത്തിൽ കശുമാവ് കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങൾ വേണ്ടത്ര ഉണ്ടെ ങ്കിലും അവ ഇതുവരെ ഉപയോഗപ്പെടുത്താൻ ശ്രമിച്ചിട്ടില്ല. കാർഷികോല്പന്നങ്ങൾ ശേഖരിക്കാനും, അവ വിറ്റഴിക്കു വാനും വേണ്ടത്ര സജ്ജീകരണങ്ങൾ ഇല്ലാത്തതിനാൽ ജന ങ്ങൾക്ക് കാർഷിക വൃത്തിയോട് താല്പര്യം കുറഞ്ഞുവരു ന്നതായിട്ടാണ് കാണപ്പെടുന്നത്.

വേനൽകാല പച്ചക്കറികൃഷിക്ക് ഇവിട വളരെയധികം സാധ്യതയുണ്ട്. ജലസേചന സൗകര്യം ലഭിക്കാത്തതും, ജൈവവളങ്ങളുടെ ലഭ്യത കുറവും, ഇടയ്ക്കിടയ്ക്ക് വരുന്ന രോഗങ്ങളും കീടങ്ങളുടെ ഉപദ്രവവും ഉല്പന്നങ്ങളുടെ വില യിടിവും എല്ലാം പച്ചക്കറികൃഷി വ്യാപകമാക്കുന്നതിന് തട സ്സമായി നിൽക്കുന്നു. ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതിക്ഷോഭം ഇടവിളയായ വാഴ, കപ്പ മുതലായവയ്ക്ക് വൻനാശം വരു ത്തിവെയ്ക്കും.

ചുരുങ്ങിയ കാലയളവിൽ കൂടുതൽ ആളുകളുടെ അദ്ധ്വാനം വേണ്ടിവരുന്ന കൊയ്ത്ത്, മെതി, മുതലായവയ്ക്ക് തൊഴിലാളികളെ കിട്ടാതെ കർഷകർ വലയുകയാണ്. ഇത് പരിഹരിക്കേണ്ടതായിട്ടുണ്ട്. മണ്ണൊലിപ്പ് തടയാൻ വേണ്ടത്ര സജ്ജീകരണങ്ങൾ ഇല്ലാത്തതും കാർഷിക രംഗത്ത് ഒരു പ്രശ്നമാണ്. കൃഷിഭവൻ സ്ഥിതിചെയ്യുന്ന സ്ഥലവും കർഷ കർക്ക് സൗകര്യപ്രദമല്ല.

ഇവയ്ക്കെല്ലാം പുറമെ, മേത്തരം വിത്തുകളുടെ ഉപയോ ഗകുറവ്, സർക്കാരിൽനിന്നുള്ള ആനുകൂല്യങ്ങളെ പറ്റി ജന ങ്ങൾക്കുള്ള അജ്ഞത വേണ്ട സമയത്ത് വേണ്ടത്ര വിദഗ്ദ ഉപദേശങ്ങൾ ലഭ്യമാകാത്ത അവസ്ഥ മുതലായവ എല്ലാം കാർഷിക രംഗം നേരിടുന്ന പ്രതിസന്ധികളാണ്.

## പരിഹാരങ്ങൾ

പഞ്ചായത്തിന്റെ വടക്കേ അറ്റത്തുകൂടി ഒഴുകുന്ന കട ലുണ്ടി പുഴയിൽ ഏതു വേനലിലും വളരെ ആഴത്തിൽ ജലം കെട്ടിനിൽക്കുന്ന "മണ്ണാത്തി പാറയിൽ" ഒരു ലിഫ്റ്റ് ഇറിഗേ ഷൻ പദ്ധതി കൊണ്ടുവരികയാണെങ്കിൽ ഈ പഞ്ചായ ത്തിലെ ഒന്ന്, രണ്ട്, മൂന്ന് വാർഡുകളിലെ കർഷകർക്കും തൊട്ടടുത്ത കോഡൂർ ഗ്രാമപഞ്ചായത്തിലെ കർഷകർക്കും വളരെ അധികം പ്രയോജനപ്രദമാണ്. ഈ പദ്ധതിയ്ക്ക് മുൻകാലത്ത് ഗവൺമെന്റ് അംഗീകാരം നൽകിയിരുന്നു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായുള്ള 68-ഓളം കുളങ്ങൾ ജലസേചനത്തിന് പൂർണമായി ഉപയോഗിക്കാൻ പറ്റാത്ത രീതിയിൽ കിടക്കുകയാണ്. ഇതുപോലെ തന്നെ പഞ്ചായത്തിലെ 11 ചിറകൾ ഭാഗികമായോ പൂർണമായോ ഉപയോഗശൂന്യമായി കിടക്കുകയാണ്. ചെരിവ് പ്രദേശങ്ങ ളിലുള്ള ചോലകൾ പലതും വെള്ളം കെട്ടിനിർത്തി ജലസേ ചനത്തിന് ഉപയോഗിക്കാൻ പറ്റിയതാണ്. ഇതിന് ജനങ്ങളുടെ സഹകരണവും സാമ്പത്തിക സഹായവും ലഭ്യമാക്കേണ്ട തുണ്ട്. മോട്ടോർ പമ്പുകൾ കൂടുതൽ ഉപയോഗിക്കാൻ കൂടു തൽ സൗകര്യമുണ്ടെങ്കിലും വൈദ്യുതി കിട്ടുന്നതിലുള്ള പ്രയാസം ഏറെയാണ്. ഇതിന് ആവശ്യമായിട്ടുള്ളത് വൈദ്യുതി ലഭ്യമാക്കണം. കാഞ്ഞിരപ്പള്ളി 'ചിന'യിലെ വെള്ളം ഉപയോഗിച്ച് നെൽകൃഷി നടത്തുന്നതിനും കന്നു കാലികളെ കഴുകുന്നതിനും വളരെ ഉപകാരപ്രദമാണ്.8 1/2 കിലോ മീറ്ററോളം നീണ്ടു കിടക്കുന്ന ഈ ഗ്രാമപഞ്ചായ ത്തിലെ തോടിന്റെ നല്ലൊരുഭാഗം പാർശ്വഭിത്തി കെട്ടാതെ കിടക്കുകയാണ്. ഇതിന്റെ പാർശ്വഭിത്തികൾ കെട്ടി കൃഷി സംരക്ഷിക്കേണ്ടതുണ്ട്.

കുളിക്കടവ്, കുണ്ടുവായിത്തോട്, മുതത്തോട്, പാറതോട്, കോൽക്കളം, ആക്കപ്പടി, ചുള്ളിയിൽ എന്നിവിടങ്ങളിൽ പുതുതായി ചിറകൾ നിർമ്മിക്കുകയും ഇപ്പോൾ നിലവിലുള്ള ഈ ചിറകളായ പള്ളിപ്പടിചിറ, മാവുള്ളി ചിറ, പെരങ്ങൽ ചിറ, പണ്ടാരചിറ, എന്നിവ റിപ്പയർ ചെയ്യുകയും വേണം. കൂടുതൽ നീരൊഴുക്കുള്ള മാനാംചോലയും, ഇടുക്കൻ ചോലയും വികസിപ്പിക്കേണ്ടതുണ്ട്. മാനാംചോല പദ്ധതി, ഫലപ്രദമായി നടപ്പാക്കിയാൽ 150 തോളം കുടുംബങ്ങൾക്ക്

കുടിവെള്ളം എത്തിക്കുന്നതിനും, കൃഷിക്ക് വെള്ളം എത്തിക്കുന്നതിനും സഹായകമാകും.

ഒന്നാം വാർഡിലെ പരാരി മുതൽ മധുരക്കോട് വരെയുള്ള കൈത്തോടും, പുളിയൻ തോട്ടിൽനിന്ന്, കരിക്കോറ പാടത്തേക്ക് പോകുന്ന കൈത്തോടും, നടുതോട് മേൽഭാഗം മുതൽ താഴെമുട്ടിപ്പാലം വരെയുള്ള തോടും, മനയ്ക്കൽ ചിറയുടെ താഴ്ഭാഗം വരുന്ന തോടും, തോട്ടപ്പായി ഭാഗത്തെ കൈത്തോടും, പിച്ചൻ കുളത്തിൽ നിന്നാരംഭിക്കുന്ന കൈത്തോടും ഇരുപാർശ്വങ്ങളും കെട്ടി സംരക്ഷിക്കുകയും, മനയ്ക്കൽ ചിറയിൽ നിന്നും, പണ്ടാരചിറയിൽനിന്നും രണ്ടു ഭാഗയ്ത്തേയ്ക്കും കനാൽ നിർമ്മിക്കുകയും വേണം.

പഞ്ചായത്തിലെ മൂന്നാം വാർഡിലെ ഇരുകുളം, നാലാം വാർഡിലെ ആറബികുളം, പത്താം വാർഡിലെ പിച്ചൻകുളം റിപ്പയർ ചെയ്യുകയും ഒമ്പതാം വാർഡിൽ ചൂനൂർ ചിറയ്ക്ക് താഴെ 11-ാം വാർഡിൽ അരിട്ട് കുളമ്പിനു സമീപത്ത് ഓരോ കുളവും പുതുതായി നിർമ്മിക്കേണ്ടതാണ്. 5-ാം വാർഡിൽ പത്ത് കിണറുകളും കുഴിയ്ക്കാൻ സഹായം ലഭ്യമാക്കണം.

**ഗ്രൂപ്പ് ഫാമിങ്ങ്**

ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം പുനരുജ്ജീവിപ്പിച്ചാൽ കാർഷികമേഖല വളരെ ഉയർത്തിക്കൊണ്ട് വരുവാൻ സാധിക്കും. ആയതിനാൽ കാർഷിക സമിതികൾ സജീവമാക്കണം. അനാവശ്യമായ പല കാർഷിക ചിലവുകളും ഈ സമ്പ്രദായം വഴി ഒഴിവാക്കാൻ കഴിയും എന്നതുകൊണ്ട് ഒരു പരിധിവരെ കൃഷി ലാഭകരമാക്കാൻ കഴിയും. കൂടാതെ പാടശേഖരങ്ങളിലേക്ക് ആവശ്യമായ ട്രാക്ടർ പോലെയുള്ള യന്ത്രോപകരണങ്ങൾ ഇതുവഴി എത്തിക്കാൻ കഴിയണം. വിത്തും വളവും ഓരോ പാടശേഖരത്തിലേയ്ക്കും ആവശ്യമായത് കൃഷിഭവൻ മുഖേന സ്റ്റോക്ക് ചെയ്യാൻ സാധിക്കണം.

**കർഷക തൊഴിലാളി:**

പഞ്ചായത്തിലെ കർഷക തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് അവർക്കുള്ള ക്ഷേമ പദ്ധതികളെക്കുറിച്ചും കാർഷികോത്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ബോധവാന്മാരാക്കേണ്ടതുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ടവർക്ക് അവരുടെ ജോലിക്കനുസരിച്ചുള്ള പണി ആയുധങ്ങൾ സൗജന്യമായി വിതരണം ചെയ്യണം. കർഷക തൊഴിലാളി പെൻഷൻ ആകർഷണീയമായ നിലയിൽ വർദ്ധിപ്പിക്കണം. കർഷക തൊഴിലാളികളുടെ കൂലിനിരക്ക് ഏകീകരിക്കുകവഴി തൊഴിലാളികളെ ചൂഷണത്തിൽനിന്ന് രക്ഷിക്കുകയും അതോടൊപ്പം അമിതമായ കൂലി ഈടാക്കുന്നത് തടയുകയും ചെയ്യാം.

**പൊതുവിപണി**

തേങ്ങ, നെല്ല്, പച്ചക്കറി എന്നിവ ധാരാളമായി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളെങ്കിലും പഞ്ചായത്ത് തലത്തിൽ വിപണന കേന്ദ്രങ്ങൾ വേണം. ഇത് സഹകരണാടിസ്ഥാനത്തിലോ മറ്റെന്തെങ്കിലും അടിസ്ഥാനത്തിലോ ചെയ്യാവുന്നതാണ്. പെട്ടെന്ന് വിറ്റഴിക്കേണ്ടതായ പച്ചക്കറി ഇനങ്ങൾക്ക് ഇത് വളരെ പ്രയോജനകരമാണ്. ചന്ത സമ്പ്രദായവും ഏർപ്പെടുത്തേണ്ടതാണ്. ഇത് മാന്യമായ വില ലഭിക്കാൻ സഹായിക്കും.

**വളങ്ങൾ:**

ജൈവവളത്തിന്റെ ലഭ്യത പഞ്ചായത്തിൽ വളരെ കുറവാണ്. ഇത് നികത്തേണ്ടതുണ്ട്. ഡൈഞ്ച, കൊഴിഞ്ഞിൽ, ശീമക്കൊന്ന എന്നിവ വ്യാപകമായ തോതിൽ കൃഷിയിടങ്ങളിൽ വളർത്താൻ വേണ്ട ഉപദേശങ്ങളും വിത്തുകളും മറ്റ് സഹായങ്ങളും നല്കി പച്ചില വളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കണം. കാലികളെ വളർത്തുന്നതിനുള്ള പ്രോത്സാഹനവും നൽകണം.

**കശുമാവ്:**

വളരെ ഒന്നും പരിചരണം ആവശ്യമില്ലാത്ത കശുമാവ് കൃഷിക്ക് ഇവിടെ സാധ്യത വളരെ ഏറെയാണ്. ഇത് പ്രയോജനപ്പെടുത്താൻ കൃഷിവകുപ്പിന്റെ സഹായം വളരെ അത്യാവശ്യമാണ്. കൃഷിഭവൻ മുഖേന കശുമാവ് തൈകൾ വിതരണം ചെയ്യുന്നുണ്ടെങ്കിലും തക്കസമയത്ത് കർഷകർക്ക് ലഭിക്കാറില്ല. അതുകൊണ്ട് സമയത്ത് തന്നെ തൈകൾ ലഭ്യമാകുകയും വേണ്ട ഉപദേശങ്ങൾ നൽകുകയും വേണ്ടതാണ്. അതുപോലെ തന്നെ ആവശ്യമായ വളവും സബ്സിഡിയും കർഷകർക്ക് ലഭ്യമാക്കണം.

**പച്ചക്കറി:**

പച്ചക്കറി കൃഷിക്ക് ഇവിടെ വളരെ അധികം സാധ്യത ഉണ്ട്. ഇത് സഹകരണാടിസ്ഥാനത്തിൽ നടത്താൻ കഴിയും. സി.ബി.എൻ.പി. സാക്ഷരതാ പ്രവർത്തകർ, കർഷക സമിതികൾ, അംഗൻവാടി വർക്കേഴ്സ് ഇവർ മുഖേനയും കൂടാതെ വ്യാപകമായ തോതിൽ ഗ്രൂപ്പ് ഫാമിങ്ങ് കമ്മിറ്റികൾ മുഖേനയും പച്ചക്കറി കൃഷികൾ നടത്താം. വിത്ത്, വളം, കീടനാശിനികൾ എന്നിവ കൃഷിഭവൻ മുഖേന ലഭ്യമാക്കണം.

**കൃഷിഭവൻ:**

പഞ്ചായത്തിലെ കൂടുതൽ കർഷകർക്കും സൗകര്യപ്രദമല്ലാത്ത രീതിയിൽ ഈ പഞ്ചായത്തിന്റെ ഒരൊറ്റത്താണ് സ്ഥിതി ചെയ്യുന്നത്. ഇത് ഭൂരിഭാഗം കർഷകർക്കും സൗക

ര്യപ്രദമായ സ്ഥാനത്തേക്ക് മാറ്റണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. കൂടാതെ അഗ്രോ ക്ലിനിക്കുകൾ ആരംഭിച്ച് കൂടുതൽ കർഷകർക്ക് കാർഷികോപദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

**വിത്തിനങ്ങൾ:**

നല്ലയിനം വിത്തുകൾ യഥാസമയത്ത് കർഷകർക്ക് ലഭ്യമാക്കണം. ഇതിന് പഞ്ചായത്തിൽ തന്നെ കാർഷിക സമിതികൾ മുഖേനയും ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വഴിയും നഴ്സറികൾ ഉല്പാദിപ്പിച്ച് വിതരണം നടത്താവുന്നതാണ്. കൃഷിഭവന്റെ പ്രത്യേക സഹായം ഇതിന് ലഭിക്കണം.

കർഷകരും കർഷക തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന പൊന്മള പഞ്ചായത്തിന് ആസൂത്രണം അതിന്റെ ലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ നാം ഒന്നിച്ചുനീങ്ങണം. എല്ലാ അഭിപ്രായ വ്യത്യാസങ്ങളും മാറ്റിവെച്ചു കൂട്ടായി യത്നിക്കുക.

കോട്ടപ്പുറം, ചേങ്ങോട്ടൂർ, ചൂനൂർ ഭാഗങ്ങൾ വാട്ടർ ഷെഡ് ഏരിയയിൽ ഉൾപ്പെടുത്തുക.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

**മൃഗസംരക്ഷണം**

പൊന്മള ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കൃഷിക്കാരാകുന്നു. പരമ്പരാഗതമായി തന്നെ കൃഷി പണിയും അനുബന്ധമായി കാലി വളർത്തലും ഇവരുടെ തൊഴിലാണ്. എന്നാൽ കാലി വളർത്തലും സംരക്ഷണവും പഴയകാലത്ത് ജീവിത ഉപാധിയായി സ്വീകരിച്ചിരുന്നു.

പശു, എരുമ, കാള, പോത്ത് ഇവയെല്ലാം തന്നെ മെച്ചപ്പെട്ട ജനുസുകൾ ആയിരുന്നില്ല. ആയത്കൊണ്ട് പശു, എരുമ, ആട് ഇവയിൽ നിന്നും നന്നേ കുറഞ്ഞ തോതിൽ മാത്രമേ പാലുൽപാദിപ്പിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. നാടൻ ഇനങ്ങളെ വളർത്തിയത് കൊണ്ട് കൂടുതൽ ലാഭമുണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ പഴയ കാലങ്ങളിൽ കന്നുകാലികൾക്ക് ഇഷ്ടം പോലെ മേച്ചിൽ സ്ഥലങ്ങൾ ഉണ്ടായിരുന്നു. അതുകൊണ്ടു തന്നെ ഒരു വലിയ അളവോളം തീറ്റയുടെ പ്രശ്നം പരിഹരിച്ചിരുന്നു. എന്നാൽ ഇന്ന് ജനപ്പെരുപ്പവും കൃഷിയും വ്യാപിച്ചത് മൂലം മേച്ചിൽ സ്ഥലങ്ങൾ നന്നേ കുറഞ്ഞുപോയി. അത്കൊണ്ട് കന്നു കാലി വളർത്തുന്നതിൽ നിന്ന് വളരെ അധികം കർഷകർ പുറകോട്ട് പോയി. പഴയ കാലങ്ങളിൽ കർഷകർക്കിടയിൽ നടന്നിരുന്ന ഒരു പ്രധാന മത്സരമായിരുന്നു കാളപ്പൂട്ട് മത്സരം.

ഇന്ന് ഓരോ ബ്ലോക്കടിസ്ഥാനത്തിലും ഒരു മൃഗാശുപത്രിയും മൃഗസംരക്ഷണ വകുപ്പും പ്രവർത്തിക്കാൻ തുടങ്ങിയതോടുകൂടി അത്യല്പാദന ശേഷിയുള്ള കറവ പശുക്കളെയും വിത്തുകാളകളേയും ഇറക്കു മതി ചെയ്യാൻ തുടങ്ങി. കൂടുതലും സ്വിറ്റ്സർലാന്റിൽ നിന്നാണ് കന്നുകാലികളെ ഇറക്കുമതി ചെയ്തത്. അതോടുകൂടി ബ്രൗൺ സിസ്, സിന്ധി, ജഴ്സി എന്നീ ഇനങ്ങളെ നാട്ടിൽ വ്യാപകമായി വളർത്താൻ തുടങ്ങി. നാടൻ ഇനങ്ങളുമായി ബീജസങ്കലനം നടത്തി അത്യുൽപാദനശേഷിയുള്ള കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുകവാനും തുടങ്ങി. ഇന്ന് പൊന്മള പഞ്ചായത്തിൽ സങ്കരയിനം പശുക്കളെയും ഉഴവുകാളകളെയും എരുമകളേയും കാണാൻ സാധിക്കും.

സങ്കരയിനം പശുക്കളേയും എരുമകളേയും വളർത്തിയപ്പോൾ പരിചരണം കൂടുതൽ ആവശ്യമായി വന്നു. നാടൻ ജനുസ്സുകളിൽ കാണാത്ത പല രോഗങ്ങളും കണ്ടു തുടങ്ങി. ഉദാഹരണത്തിന് അകിടുവീക്കം, കൊരലടപ്പൻ, കുളമ്പ് രോഗം, ഇവ ധാരാളമായി കണ്ടുതുടങ്ങി. മേൽപറഞ്ഞ അസുഖങ്ങൾ കറവ് മൃഗങ്ങളിൽ ക്ഷീരോൽപാദനത്തെ വളരെ അധികം ബാധിക്കുന്നുണ്ട്.

എന്നാൽ ഇന്ന് മേൽപറഞ്ഞ രോഗങ്ങളെ ചികിത്സിക്കാൻ പറ്റുന്ന സംവിധാനം ജില്ലാ ആശുപത്രികളിൽ മാത്രമേ ലഭ്യമാകുന്നുള്ളൂ. ജില്ലാ മൃഗാശുപത്രി മലപ്പുറത്ത് പ്രവർത്തിക്കുന്നു. രണ്ട് വെറ്റനറി ഡോക്ടർമാരും ലൈവ് സ്റ്റോക്ക് അസിസ്റ്റൻഡ്, ശിപായി മുതലായവരുടെ സേവനം ഇന്ന് ലഭ്യമാണ്. കൂടാതെ കോഡൂരിലും താണിക്കലിലും പൊന്മള

പഞ്ചായത്തിലെ ചേങ്ങോട്ടൂരിലും ഒതുക്കുങ്ങലിലും മൃഗാശുപത്രികൾ പ്രവർത്തിക്കുന്നു. കറവുമാടുകളുടെ ബീജസങ്കലനത്തിലും രോഗചികിത്സയ്ക്കും രോഗപ്രതിരോധത്തിനും ഈ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. കറവു ഇനങ്ങൾക്ക് രോഗങ്ങൾ വന്നാൽ അവയ്ക്ക് ചികിത്സ നൽകാൻ ഉടമസ്ഥർ ശുഷ്കാന്തി കാണിയ്ക്കാറുണ്ട്. കാരണം നാടൻ ഇനങ്ങളെക്കാൾ അത്യുൽപാദന ശേഷിയുള്ള ഇനത്തിന് കൂടുതൽ വില കൊടുക്കേണ്ടിയിരിക്കുന്നു. പലപ്പോഴും ബാങ്കിൽ നിന്നു കിട്ടുന്ന കടം ഉപയോഗിച്ചായിരുന്നു കൃഷിക്കാരൻ കറവമാടുകളെ വാങ്ങുന്നത്. രോഗങ്ങൾ വന്നു ചത്തുപോയാൽ അതൊരു സാമ്പത്തിക ബാധ്യതയായി മാറും. ഇത് ഉടമസ്ഥർക്ക് അറിയാം.

ക്ഷീരോൽപാദനരംഗത്ത് ഏറ്റവും വലിയപ്രശ്നം ഉൽപാദിപ്പിക്കുന്ന പാൽ വാങ്ങാനും കൃഷിക്കാരന് പാലിനും ക്ഷീരോൽപന്നങ്ങൾക്കും മതിയായ വില കിട്ടാനുള്ള സംവിധാനം ഇല്ല. പാലിന്റെ വിപണനത്തിന് സഹകരണ സംഘങ്ങൾ ഇല്ലാത്തത്കൊണ്ട് പാൽ വിറ്റഴിക്കാനും ന്യായമായ വില ലഭിക്കാനും സംവിധാനമില്ല.

കൃഷി രംഗത്ത് യന്ത്ര വൽക്കരണം വന്നതും നെൽകൃഷി കുറഞ്ഞതും വളർത്തു മൃഗങ്ങളുടെ എണ്ണം കുറയ്ക്കാൻ കാരണമായിട്ടുണ്ട്. പൊന്മള ഗ്രാമപഞ്ചായത്തിൽ കോഴികളെയും താറാവുകളെയും ചെറിയ തോതിൽ വളർത്തുന്നുണ്ട്. നിരന്തരമായി ഉണ്ടാവുന്ന കോഴിവസന്ത കോഴികളുടെ എണ്ണത്തിലും കുറവ് വരുത്തി. റോഡുകളും വാഹനങ്ങളും വർദ്ധിച്ചതോടെ വണ്ടികാളകളുടെ എണ്ണം കുത്തനെകുറയുകയുണ്ടായി.

പൊന്മള ഗ്രാമ പഞ്ചായത്തിലെ കന്നുകാലികളുടെ കണക്കുകൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | കാലികളുടെ ഇനം | കാലികളുടെ എണ്ണം |
|---|---|---|
| 1. | പശു | 688 |
| 2. | കന്നുകുട്ടി | 126 |
| 3. | എരുമ | 37 |
| 4. | ഉഴവു കാള | 110 |
| 5. | ആട് | 914 |

ഇത്രയും കന്നുകാലികൾ ഉണ്ടെങ്കിൽ കൂടിയും ചികിത്സാ സൗകര്യം ഈ ഗ്രാമപഞ്ചായത്തിൽ ഇല്ല. ചേങ്ങോട്ടൂരിലുള്ള സബ്സെന്റർ വളരെകാലമായി പൂട്ടികിടക്കുകയാണ്.

**പ്രശ്നങ്ങളും പരിഹാരങ്ങളും**

പൊന്മള ഗ്രാമ പഞ്ചായത്തിൽ വെറ്റനറി ആശുപത്രി ഇല്ല ആയത്കൊണ്ട് കന്നുകാലികൾക്ക് ചികിത്സ നടത്താനും ബീജസങ്കലനത്തിനും ആവശ്യമായ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കേണ്ടതാണ്.

ഉൽപാദിപ്പിക്കുന്ന പാൽ വിപണത്തിനു സൗകര്യമില്ല. ക്ഷീര വികസന വകുപ്പിന്റെ പ്രവർത്തനവും കാര്യമായി പൊന്മള ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. പഴയ കാലത്തുണ്ടായിരുന്ന പാൽ സൊസൈറ്റി പുനരുജ്ജീവിപ്പിച്ചു സംഘം മുഖേന പാൽ വിതരണം നടത്തേണ്ടതാണ്. ക്ഷീര വികസന വകുപ്പിന്റെ പ്രവർത്തനവും പദ്ധതികളും ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുക. മാത്രമല്ല ചേങ്ങോട്ടുരിലും പറങ്കി മൂച്ചിക്കലും ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കാൻ വളരെയേറെ സൗകര്യമുള്ള പ്രദേശങ്ങളാണ് പഞ്ചായത്തിലെ ജനങ്ങളിൽ ഏകദേശം 80% ത്തോളം കന്നുകാലി മാംസം ഭക്ഷിക്കുന്നവരാണ്. എന്നാൽ പഞ്ചായത്തിൽ എവിടെയും ശാസ്ത്രീയ അറവ് ശാലകൾ നിലവിലില്ല. അതുകൊണ്ടു തന്നെ പല ആരോഗ്യപ്രശ്നങ്ങളും തന്നെ ഇവിടെ നിലനിൽക്കുന്നു.

പൊന്മള ഗ്രാമപഞ്ചായത്തിൽ ക്ഷീര വികസന പദ്ധതികൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കണം തീറ്റ പുൽകൃഷിയ്ക്കു പോത്സാഹനം നൽകുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കണം.

മിനി ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിന് കർഷകർക്ക് സാമ്പത്തിക സഹായവും പ്രോൽസാഹനവും നൽകുക. മാതൃകാ തൊഴുത്തിനുള്ള സഹായം ചുരുക്കം പേർക്കേകിട്ടുന്നുള്ളൂ. അത് കൂടുതൽ പേർക്ക് ലഭ്യമാക്കണം. പാലുൽപന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്നതിനും സന്നദ്ധ സംഘടകൾക്കു സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്. കോഴി ഇറച്ചിക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഈ കാലഘട്ടത്തിൽ കോഴിവളർത്തലിന് വലിയ സാധ്യതകൾ ഉണ്ട്. ആയത്കൊണ്ട് ഇറച്ചികോഴി വളർത്തലിന് പ്രോൽസാഹനവും സാമ്പത്തിക സഹായവും ലഭ്യമാക്കണം. ആടുവളർത്തലും ലാഭകരമായ ഒരു തൊഴിലാണ്. സാമ്പത്തിക സഹായം ലഭ്യമാക്കണം. കന്നുകാലി വളർത്തുന്നവർക്കും, കോഴി വളർത്തുന്നവർക്കും, കോഴിതീറ്റ, കാലിതീറ്റ എന്നിവ മിതമായ വിലയ്ക്കു ലഭ്യമാക്കണം. പാലും മുട്ടയും കോഴി ഇറച്ചിയും ന്യായമായ വില നൽകി സംഭരിച്ചു വിറ്റഴിക്കുന്നതിനു ഗ്രാമ പഞ്ചായത്ത് തലത്തിൽ വിവിധോദ്ദേശ സംഘങ്ങൾ ആവിഷ്ക്കരിച്ചു പ്രവർത്തിക്കണം. ഇതുവഴി കാലിതീറ്റ വിതരണവും നടത്താം. കോഴിവസന്തക്ക് കുത്തി വെപ്പുകൾ നടത്താനും സംവിധാനം ഉണ്ടാകേണ്ടതാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അറവ് ശാല

കൾ നിലവിൽ വരണം. അനധികൃതമായി അറവ് നടത്തുന്നത് നിരോധിക്കുകയും വേണം. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ചും ചാപ്പനങ്ങാടി, പറങ്കിമൂച്ചിക്കൽ ഭാഗങ്ങളിൽ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന കന്നുകാലികളെ, പഞ്ചായത്ത് തലത്തിൽ ആല നിർമ്മിച്ച് പിടിച്ച് കെട്ടാൻ സംവിധാനം ഉണ്ടാക്കണം. വളർത്ത് പട്ടികൾക്ക് ലൈസൻസ് സംവിധാനം ഒരുക്കാനും പ്രതിരോധ കുത്തിവെപ്പ് നടത്താനും കഴിയണം. അലഞ്ഞ് തിരിയുന്ന പട്ടികളെ നശിപ്പിക്കാൻ സംവിധാനം ഒരുക്കണം.

### മത്സ്യബന്ധനം

പൊന്മുള ഗ്രാമ പഞ്ചായത്തിൽ അല്പം ചില കുളങ്ങളിൽ ചെറിയ തോതിൽ മത്സ്യം വളർത്തുന്നു. പൊന്മുള ഗ്രാമ പഞ്ചായത്തിൽ ശുദ്ധജലം ഉൾകൊള്ളുന്ന കിണറുകൾ ചോലകൾ, പൊതുകുളങ്ങൾ, തോടുകൾ ഇവയാണ് ഉള്ളത്. ഇവിടെ ഒരു കിലോ മീറ്ററോളം നീളത്തിൽ വടക്ക് ഭാഗത്തിലൂടെ കടലുണ്ടിപുഴ ഒഴുകുന്നുണ്ട്. ഈ പുഴ മത്സ്യ ബന്ധത്തിന് കൂടുതൽ സഹായകരമല്ല. പുഴയിൽ ഇപ്പോൾ മത്സ്യ സമ്പത്ത് വളരെ കുറവാണ്. വെടിമരുന്നുകളും മറ്റും ജനങ്ങൾ സാധാരണായായി ഉപയോഗിച്ച് വരുന്നുണ്ട്. ഇത് വഴി മത്സ്യ സമ്പത്ത് നശിക്കുന്നു. പഴയ കാലത്ത് ഗ്രാമ പഞ്ചായത്തിലെ വയലേലകളിൽ കൊയ്ത്ത് കാലത്ത് ബ്രാൽ, മുശ്ക്ക് വാള, തൊണ്ണി, കടുങ്ങാലി, ആരൽ, കടു എന്നീ മത്സ്യങ്ങൾ ധാരാളമായി കിട്ടിയിരുന്നു. നെല്ലനുണ്ടാകുന്ന കീടങ്ങൾക്ക് എതിരെ മരുന്നു തളി വ്യാപകമായതോടെ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങി. ഇപ്പോൾ കൊയ്ത്തു കാലത്ത് മത്സ്യം കിട്ടാറില്ല. മാതമല്ല കുളങ്ങളിലും തോടുകളിലും ഉള്ളവ തന്നെ രോഗങ്ങൾ ഉള്ളവയും ആകുന്നു. അതുകൊണ്ട് ആരും തന്നെ ഇവയെ പിടിച്ച് ഭക്ഷിക്കാൻ താല്പര്യപ്പെടാറില്ല.

# വ്യവസായം

**പൊ**ൻമള ഗ്രാമപഞ്ചായത്തിൽ മൊത്തം ജനസംഖ്യയായ 25,635 പേരിൽ (ICDS) കണക്കുപ്രകാരം) വ്യവാസായരംഗത്ത് പഞ്ചായത്തിന് അകത്തും പുറത്തുമായി 305 ഓളം പേർ പ്രത്യക്ഷമായി തൊഴിൽ ചെയ്യുന്നു. ഇത് പഞ്ചായത്തിലെ ജനസംഖ്യയുടെ 1.20% മാത്രമാണ്.

പഞ്ചായത്ത് നിലവിൽ വന്നശേഷം 1981 വരെ വ്യവസായം എന്ന രീതിയിൽ ഒരു സ്ഥാപനവും പ്രവർത്തിച്ചിരുന്നില്ല. ജനങ്ങൾ തികച്ചും കാർഷീക ജോലിയിൽ ഏർപ്പെട്ടിരുന്ന ഗ്രാമീണരുമായിരുന്നു. 1981 കാലയളവിനുമുൻപ് ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ചെറുകിട കുടിൽ വ്യവസായങ്ങളായ ബീഡി, പപ്പടം, എന്നിവയിലും, അതുപോലെ പരമ്പരാഗത വ്യവസായങ്ങളായ (കുട്ട, പനമ്പ്, പായ നെയ്ത്ത്) എന്നിവയിലും ആണ് ജനങ്ങൾ തൊഴിലെടുത്തിരുന്നത്. ഇവയെല്ലാംതന്നെ കുടിലുകളിൽ കേന്ദ്രീകരിച്ചായിരുന്നു നിലനിന്നിരുന്നത്.

ഈ കാലഘട്ടത്തിൽ ചെറുകിട വ്യാവസായ യൂണിറ്റുകൾ നിലവിൽ വരാതിരിക്കുവാൻ കാരണമായിക്കാണുന്നത് വ്യാവസായരംഗത്തെക്കുറിച്ചുള്ള പരിജ്ഞാനക്കുറവ്, ഊർജ്ജപ്രതിസന്ധി, ഗതാഗത അപര്യാപ്തത, വിപണന സാധ്യതക്കുറവ്, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം എന്നിവയായിരുന്നു.

പക്ഷേ സാമൂഹ്യ-സാംസ്ക്കാരിക രംഗങ്ങളിൽ ഉണർവ്വ് വന്നതോടുകൂടി വ്യാവസായിക മണ്ഡലത്തിലും മാറ്റം കണ്ടുതുടങ്ങി.

ഇന്നത്തെ 8-ാം വാർഡായ മണ്ണഴിയിൽ പി. വി. കൃഷ്ണൻമാസ്റ്റർ നേതൃത്വപരമായ പങ്കുവഹിച്ചതിന്റെ ഫലമായി 1981 - ൽ ആദ്യമായി ഖാദിഗ്രാമ വ്യവസായ യൂണിറ്റിന്റെ ഒരു കേന്ദ്രം വാടകകെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. അതിനുശേഷം വിവിധ ഭാഗങ്ങളിലായി നിരവധി ചെറുകിട വ്യാവസായ യൂണിറ്റുകൾ (ആധുനീകം) നിലവിൽ വരുവാൻ തുടങ്ങി. 1984- ൽ 50 സ്ത്രീ തൊഴിലാളികളോടുകൂടി സ്വന്തം കെട്ടിടത്തിൽ ഖാദി ഗ്രാമ വ്യവസായ ബോർഡ് പ്രവർത്തനം ഊർജ്ജിതമാക്കിയതോടെ വ്യാവസായികരംഗത്ത് പുതിയ സാധ്യതകൾ കണ്ടെത്താം എന്ന് ബോധ്യമായി.

1985-86 കാലഘട്ടത്തിൽ പൊന്മള ആസ്ഥാനമായി ഒരു മെറ്റിൽ ഇൻഡസ്ട്രീസ് (സ്വകാര്യമേഖലയിൽ) സ്ഥാപിതമായി. ഇതോടെ പഞ്ചായത്തിന്റെ രണ്ടതിർത്തിയിലും വ്യവസായ രംഗത്തെക്കുറിച്ച് പ്രതീക്ഷകളുണർത്തി.

ആധുനീക വ്യവസായരംഗത്തിന് വളരെയേറെ സാധ്യത ഉണ്ടെന്ന് തെളിയിക്കുമാറ് 1987 ൽ മണ്ണഴിയിൽ 40 ലക്ഷത്തോളം രൂപ മുതൽ മുടക്കി 4 സ്വകാര്യവ്യക്തികളുടെ കീഴിൽ ഒരു പ്ലാസ്റ്റിക് വ്യവസായ യൂണിറ്റ് സ്ഥാപിതമായി 25 ഓളം തൊഴിലാളികൾക്ക് നേരിട്ടും, മറ്റനേകം തൊഴിലാ

448



ചാർട്ട് 1

| ക്രമ നമ്പർ | കുടിൽ വ്യവസായം | എണ്ണം | സ്ത്രീ | പുരു: | ആകെ | വാർഡ് |
|---|---|---|---|---|---|---|
| 1. | ബീഡി | 2 | - | 6 | 6 | VI |
| II | പപ്പടം | 2 | - | 11 | 11 | IV |
| III | അച്ചാർ | 1 | 15 | - | 15 | VIII |

ചാർട്ട് 2

| ക്രമ നമ്പർ | പരമ്പരാഗത വ്യവസായം | എണ്ണം | സ്ത്രീ | പുരു: | ആകെ | വാർഡ് |
|---|---|---|---|---|---|---|
| 1. | മൺപാത്ര നിർമ്മാണം | 2 | 2 | 2 | 4 | I |

ചാർട്ട് 3

പ്രധാന വ്യവസായങ്ങൾ

| ക്രമ നമ്പർ | ഇനം | മേഖല | വാർഡ് |
|---|---|---|---|
| 1. | പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് | സ്വകാര്യം | VIII |
| 2. | ഹോളോബ്രിക്സ് | സ്വകാര്യം | VI |
| 3. | മെറ്റൽ ഇൻഡസ്ട്രീസ് | സ്വകാര്യം | II |
| 4. | വുഡ് ഇൻഡസ്ട്രീസ് | സ്വകാര്യം | IV |

ളികളും പരോക്ഷമായി ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. 1992-ൽ ഈ യൂണിറ്റ് കൂടുതൽ ഊർജ്ജിതമാക്കിക്കൊണ്ട് ഹൈടെക് ഫ്ളക്സോപാർക്ക് എന്ന ഒരു സ്ഥാപനവും നിലവിൽ വന്നു.

1990 ൽ DWCRA സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ട് സ്ത്രീ പങ്കാളിത്തത്തോടെ ഒരു ബേക്കറി മണ്ണഴിയിൽ നിലവിൽ വരികയും, വിപണനസാധ്യത കണ്ടെത്താനാവാതെ 1991 ആയപ്പോഴേക്കും അടച്ചുപൂട്ടേണ്ടിവരികയും ചെയ്തു.

ഇപ്പോഴത്തെ 6-ാം വാർഡായ ചാപ്പനങ്ങാടിയിൽ 1993 - ൽ (സ്വകാര്യമേഖലയിൽ) ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റും പ്രവർത്തിപഥത്തിൽ വന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും ആധുനീക വ്യാവസായങ്ങൾ സജീവമാക്കുവാൻ തുടങ്ങിയതോടെ പരമ്പരാഗത-കുടിൽ വ്യവസായങ്ങൾ നിർജ്ജീവമാകുവാൻ തുടങ്ങി. ഇവ ക്ഷയിക്കുവാനുള്ള കാരണമായി കാണുന്നത് നിർമ്മാണ വസ്തുക്കളിലുള്ള വൈവിധ്യമില്ലായ്മ, ആധുനീക വ്യവസായങ്ങളുമായി മത്സരിക്കുവാനുള്ള ബുദ്ധിമുട്ട്, വിപണന സാധ്യതക്കുറവ് എന്നിവയാണ്.

വ്യാവസായ രംഗത്ത് ചെറിയതോതിൽ വികസനം ഉണ്ടാക്കുവാൻ കഴിഞ്ഞെങ്കിലും ഇന്നേവരെ ഒരു സഹകരണസ്ഥാപനവും വ്യവസായ രംഗത്ത് ഇടപെടുവാൻ മുമ്പോട്ടു വന്നിട്ടില്ല.

ഇത്തരം പോരായ്മകൾ പരിഹരിച്ചു കൊണ്ടുമാത്രമേ കൂടുതൽ സജീവമായി വ്യാവസായ രംഗം വളരുവാൻ കഴിയുകയുള്ളൂ.

### ഖാദി ഗ്രാമ വ്യവസായ യൂണിറ്റ്

പൊന്മള ഗ്രാമപഞ്ചായത്തിൽ 8-ാം വാർഡിൽ ഒരു ഖാദി ഗ്രാമ വ്യവസായ യൂണിറ്റ് നിലനിൽക്കുന്നു. 1981 സെപ്തംബറിൽ വാടകകെട്ടിടത്തിൽ 50 സ്ത്രീ തൊഴിലാളികളോടു കൂടിയാണ് ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചത്.

സംരംഭം തുടങ്ങുന്നകാലത്ത് പ്രധാനമായും നൂൽപ്പിൽ ആണ് ഊന്നൽ നൽകിയിരുന്നത്. 50 ഓളം കുടുംബങ്ങളിലെ സ്ത്രീകൾക്ക് ഈ യൂണിറ്റ് മുഖേന തൊഴിൽ ലഭ്യമായിരുന്നു. 1984 ൽ വിശാലമായ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ഊർജ്ജിതമായി. ഈ കെട്ടിടം നിർമ്മിക്കുവാൻ ആവശ്യമായ 50 സെന്റ് സ്ഥലം നൽകിയത് തറക്കൽ മാധവൻനായർ ആയിരുന്നു.

നിർഭാഗ്യകരമെന്നുപറയട്ടെ 1987 ൽ ഇതിന്റെ പ്രവർത്തനം നിലച്ചു. അസംസ്കൃതവസ്തുവായ 'ക്രേപ്പ്' കിട്ടാത്തതുമൂലമാണ് ഇത് അടച്ചു പൂട്ടേണ്ടി വന്നത്.

പിന്നീട് 1988 - ൽ വീവിംഗ് പ്രവർത്തനത്തോടെ വീണ്ടും ഈ യൂണിറ്റ് സജീവമായി. 8 തറികളും, ഒരു ടീച്ചർ ഉൾപ്പെടെ 9 ജീവനക്കാർ ഇപ്പോൾ ഇവിടെ ജോലി ചെയ്യുന്നു. ഈ സ്ഥാപനത്തിലെ വീവിംഗ് ഗൈഡായ ദേവകി ടീച്ചർ പറയുന്നത് 25 സ്ത്രീതൊഴിലാളികളെ കിട്ടുകയാണെങ്കിൽ നൂൽപ്പ് വീണ്ടും ആരംഭിക്കാമെന്നും, അതുപോലെ അസംസ്കൃത വസ്തുവായ 'ക്രോപ്പ്' മുടങ്ങാതെ എത്തിക്കുവാനുള്ള സൗകര്യവും ലഭ്യമാക്കണം. മാത്രമല്ല ഇവിടെ ഒരു 'ഷോറൂം' തുടങ്ങുവാനുള്ള സാധ്യതയും ഉണ്ട്.

“മറ്റു മേഖലകളെ അപേക്ഷിച്ച് കൂലി വളരെക്കുറവാണ് ഇവിടെ. ആയതിനാൽ ആരും ഈ രംഗത്തേക്ക് കടന്നുവരുവാൻ താല്പര്യം കാണിക്കുന്നുമില്ല. ഉല്പാദനം കണക്കിലെടുത്താണ് കൂലി കൊടുക്കുന്നത്. ഇത്ര വിശാലമായ കെട്ടിടം ആയിട്ടും ഇതുവരെ വൈദ്യുതിയും ലഭ്യമായിട്ടില്ല

### വ്യവസായ രംഗത്തെ പ്രശ്നങ്ങൾ

1. മുഖ്യ കാർഷികോത്പന്നമായ നാളികേരം മറ്റ് തെങ്ങുല്പന്നങ്ങളും വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗപ്പെടുന്നില്ല.
2. തെങ്ങുല്പന്നം കഴിഞ്ഞാൽ മുഖ്യ നാണ്യവിളകളായ അടക്ക, കശുവണ്ടി എന്നിവ സംസ്കരിക്കുന്നതിനുള്ള ഒരു യൂണിറ്റ് ഇല്ലായ്മ ഈ രംഗത്ത് ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ പ്രധാന പ്രശ്നമാണ്. മാത്രമല്ല ഉത്പാദനം ഉണ്ടായിട്ടും ഇവ ഉപയോഗിച്ച് കൊണ്ടുള്ള ഒരു യൂണിറ്റ് നിലവില്ലാത്തത് പണം നഷ്ടപെടുന്നതിനും തൊഴിൽ സാധ്യത ഇല്ലാതാക്കാനും കാരണമായിട്ടുണ്ട്.
3. പഞ്ചായത്തിൽ തടി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആറ് സ്ഥാപനങ്ങൾ നിലനില്ക്കുന്നുണ്ട്. ഇന്നവ നേരിടുന്ന പ്രധാന പ്രശ്നം മേന്മയുള്ള തടികളുടെ ലഭ്യത (ദൗർലഭ്യം) കുറവാണ്.
4. 1981 - ൽ മണ്ണഴിയിൽ പ്രവർത്തനമാരംഭിച്ച ഖാദി ഗ്രാമ വ്യവസായ യൂണിറ്റിൽ നിലനിന്നിരുന്ന നൂൽപ്പ് 1987-ൽ അസംസ്കൃത വസ്തുവായ ക്രേപ് കിട്ടാത്തത് മൂലം അടച്ച് പൂട്ടേണ്ടി വരികയും 1988 ൽ വീവിംഗ് തുടങ്ങുകയും ചെയ്തു. നൂൽപ്പ് വീണ്ടും സജീവമാകണമെങ്കിൽ അസംസ്കൃത വസ്തുവായ ക്രോപ്പ് ലഭ്യമാക്കണം. ഇതിന് സ്വന്തമായ കെട്ടിടമുണ്ട്.
5. അച്ചാർ നിർമ്മാണം, റെഡിമെയ്ഡ് നിർമ്മാണം, തുടങ്ങിയ വ്യവസായങ്ങളിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നം കുറഞ്ഞ കൂലി നിരക്കാണ്. കൂടുതൽ വിപണന സാദ്ധ്യത (പഞ്ചായത്ത് തലത്തിൽ ) തന്നെ കണ്ടെത്തേണ്ടിയിരിക്കുന്നു.
6. ഇടത്തരം വ്യവസായ രംഗത്തും, ചെറുകിട വ്യവസായ രംഗത്തും നേരിടുന്ന ഗുരുതരമായ പ്രശ്നം വൈദ്യുതി ലഭ്യമില്ലായ്മയും കുറഞ്ഞ വോൾട്ടേജുമാണ്.
7. പൊന്മള, മണ്ണഴി, ചേങ്ങോട്ടൂർ എന്നീ ഭാഗങ്ങളിൽ പരമ്പരാഗത തൊഴിലെടുക്കുന്ന ആളുകളുടെ പ്രശ്നങ്ങൾ ആധുനിക രീതിയിലുള്ള പരിശീലനക്കുറവ്, അസംസ്കൃത വസ്തുക്കൾ (മുള, കൈതോല) തുടങ്ങിയവയുടെ അപര്യാപ്തത, വിപണന സാദ്ധ്യതക്കുറവ് എന്നിവയാണ്.
8. ഇന്ന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സഹായം കിട്ടുവാൻ വളരെയേറെ ബുദ്ധിമുട്ടുന്നു.
9. ബീഡി തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ആധുനിക തുറകളിൽ നിന്നുള്ള മത്സരമാണ്. അതുപോലെ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും ഇതിന് കാരണമായിട്ടുണ്ട്.
10. പരമ്പരാഗത വ്യവസായം നേരിടുന്ന മറ്റൊരു പ്രശ്നം ഉൽപാദനത്തിലുള്ള വൈവിധ്യവൽക്കരണമില്ലായ്മയാണ്. ആധുനീക ഉൽപ്പാദക വസ്തുക്കളോട് അതിശക്തമായി മത്സരിക്കുന്നതിൽ പിൻതള്ളപ്പെട്ട് പോകുന്നു.
11. വനിതകൾക്ക് വേണ്ടത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുവാൻ കഴിയുന്നില്ല.

**സാദ്ധ്യതകൾ**

1. പഞ്ചായത്തിലെ തെങ്ങുൽപ്പന്നങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് ഈ മേഖലയിൽ പല വ്യവസായങ്ങൾക്കും സാദ്ധ്യതയുണ്ട്. (ഉദാ:- കൊപ്ര, ചകിരി, ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മാമം തുടങ്ങിയവ.
2. പഞ്ചായത്തിൽ ട്രൈസം കോഴ്സ് പൂർത്തിയാക്കിയവരും ഐ.ടി. ഐ. - ഐ. ടി. സി, കെ. ജി. ടി. ഇ, മറ്റ് സാങ്കേതിക സ്ഥാപനങ്ങളിൽ തൊഴിൽ പരിശീലനം ലഭിച്ച ധാരാളം യുവതീ-യുവാക്കളുണ്ട്. ഇവരെ ഉൾപ്പെടുത്തികൊണ്ട് സഹകരണാടിസ്ഥാനത്തിൽ റെഡിമെയ്ഡ്, ജോബ് ടൈപ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, തുന്നൽ പരിശീലന കേന്ദ്രം, ഇലക്ട്രോണിക് വൈൻഡിംഗ്, ബുക്ക് ബൈൻഡിംഗ് തുടങ്ങിയവ ആരംഭിക്കാവുന്നതാണ്.
3. ഗൾഫിൽ നിന്ന് പിരിഞ്ഞ് വരുന്ന ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് സഹകരണാടിസ്ഥാനത്തിൽ (ഷെയർ പിരിച്ച്കൊണ്ട്) ഡിസ്പോസിബിൾ സിറിഞ്ച് ഫാക്ടറി ആരംഭിക്കുവാൻ ഏറെ സാദ്ധ്യത നിലനിൽക്കുന്നു. ഇതവർക്ക് ഏറെ ആശ്വാസ പ്രദമായിരിക്കും.
4. പരമ്പരാഗത വ്യവസായങ്ങളായ (കുട്ട, പായ, കളിമൺ പാത്രനിർമ്മാണം etc) ഇവയെ പ്രോത്സാഹിപ്പിക്കുവാൻ സഹകരണാടിസ്ഥാനത്തിൽ ഒരു സ്ഥാപനം തുടങ്ങുവാനുള്ള സാദ്ധ്യതയുണ്ട്.
5. വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷിയുൽപ്പാദനം ആരംഭിക്കുവാൻ വളരെയേറെ സാദ്ധ്യത പഞ്ചായത്തിൽ ഉണ്ട്. പ്രധാനമായും ചേങ്ങോട്ടൂർ, മണ്ണഴി, തലകാപ്പ്, കൂരിയാട്, പൊന്മള എന്നീ ഭാഗങ്ങളിലാണ് ഏറെ സാദ്ധ്യത.

**ഗ്രാമസഭാ നിർദ്ദേശം**

1. ചകിരിമില്ല്
2. കൊപ്ര സംസ്കരണം
3. അടക്ക സംസ്കരണം
4. ക്ഷീര വ്യവസായം
5. റെഡിമെയ്ഡ്
6. ആട് വളർത്തൽ, കോഴി വളർത്തൽ
7. പായ നെയ്ത്ത്, കുട്ടനെയ്ത്ത്
8. ഹോളോബ്രിക്സ്
9. സോപ്പു വ്യവസായം
10. കെട്ടിട നിർമ്മാണം
11. പപ്പടം

**പൊതു നിർദ്ദേശങ്ങൾ**

1. വ്യാവസായ സംരഭം തുടങ്ങുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്ക് പരിശീലനം നൽകുവാനുള്ള സൗകര്യം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുകയും, പഞ്ചായത്തിനു പുറത്തുള്ള വ്യാവസായ സംരഭകരെ പങ്കെടുപ്പിച്ചുകൊണ്ട് പുതുതായി രംഗത്തേക്ക് കടന്നുവരുവാൻ താല്പര്യമുള്ള ആളുകളെ ബന്ധിപ്പിക്കുകയും, അവർക്കു വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുവാൻ കഴിയുന്ന സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുവാനുമുള്ള നടപടി സ്വീകരിക്കുകയും വേണം.
2. വ്യവസായം തുടങ്ങുന്നതിനുള്ള സാങ്കേതിക വിവരങ്ങൾ പഞ്ചായത്തുതലത്തിൽ ലഭിക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.
3. വ്യവസായ സംരഭം തുടങ്ങുവാൻ താല്പര്യമുള്ള വ്യക്തികളെ കണ്ടെത്തി അവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്തിൽ സൂക്ഷിക്കുക.
4. കാര്യക്ഷമമായ വൈദ്യുതി സംവിധാനം ഏർപ്പെടുത്തുക
5. പണം മുടക്കുവാൻ താല്പര്യമുള്ള അനേകം ഗൾഫ് മലയാളികൾ പഞ്ചായത്തിൽ ഉണ്ട്. അവരെക്കണ്ടുപിടിച്ച് ആവശ്യമായ സാങ്കേതിക സഹായം നൽകുകയും, മറ്റു വിധത്തിലുള്ള മാനസിക പ്രോത്സാഹനവും നൽകുകയാണെങ്കിൽ നിരവധി ചെറുകിട വ്യാവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. ഇത് പഞ്ചായത്തിന് ഒരു വരുമാന മാർഗ്ഗവും കൂടിയായിത്തീരും.
6. മണ്ണഴിയിൽ മൃഗാശുപത്രിയോട് ചേർന്നുകിടക്കുന്ന പഞ്ചായത്തിന്റെ സ്ഥലത്ത് ചെറുകിട വ്യവസായം (കാലിത്തീറ്റ/പാക്ക് നിർമ്മാണം ) എന്നിവ ആരംഭിക്കുവാൻ ഉള്ള ശ്രമം ആരംഭിക്കുക.

   അല്ലെങ്കിൽ

   പ്ലാസ്റ്റിക്, ചിരട്ടകൊണ്ടുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു സ്ഥാപനം ആരംഭിക്കുവാനുള്ള നീക്കം നടത്തുക
7. വിദ്യാസമ്പന്നരായ യുവതി-യുവാക്കളെ ഉൾപ്പെടുത്തികൊണ്ട് സഹകരണാടിസ്ഥാനത്തിൽ ഉല്പാദനക്ഷമമായ ഒരു വ്യവസായം ആരംഭിക്കുകയാണെങ്കിൽ തൊഴിലില്ലായ്മക്ക് പരിഹാരം കാണുവാനും, അതുവഴി പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗവും കൂടി ആയിരിക്കം.
8. പുതിയ യൂണിറ്റുകൾ സ്ഥാപിക്കുമ്പോൾ അന്തരീക്ഷ മലിനീകരണവും, പരിസരമലിനീകരണവും ഉണ്ടാകാത്ത രീതിയിൽ തുടങ്ങുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

## ചെറുകിട വ്യാവസായ യൂണിറ്റുകൾ

| ക്രമ നമ്പർ | ഇനം | എണ്ണം | സ്ത്രീ | പുരു: | ആകെ | വാർഡ് |
|---|---|---|---|---|---|---|
| 1. | ഈർച്ചമിൽ | 3 | – | 17 | 17 | I, IV, IX |
| 2. | മെറ്റൽ ഇൻഡസ്ട്രീസ് | 1 | – | 4 | 4 | II |
| 3. | ഓയിൽ മിൽ ഫ്ളോർ & ഓയിൽ | 8 | – | 14 | 14 | III, IV, V, VI, VIII, IX |
| 4. | ഫ്ളോർമിൽ | 3 | – | 5 | 5 | IX, X, XI |
| 5. | തടിവ്യവസായം | 3 | – | 21 | 21 | III, IV, IX |
| 6. | ടയർ റീട്രേഡിംഗ് | 1 | – | 3 | 3 | III |
| 7. | ഇൻഡസ്ട്രിയൽ | 1 | – | 4 | 4 | IV |
| 8. | റെഡിമെയ്ഡ് | 2 | 14 | – | 14 | IV, VI |
| 9. | യന്ത്രവൽകൃത കല്ലുവെട്ട് | 2 | – | 24 | 24 | IV, VI |
| 10. | ഹോളോബ്രിക്സ് | 1 | – | 5 | 5 | VI |
| 11. | ഹൈടെക് പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് | 1 | 6 | 13 | 19 | VIII |
| 12. | ഹൈടെക് ഫ്ളക്സോ പാക്ക് | 1 | 3 | 4 | 7 | VIII |
| 13 | ബേക്കറി | 1 | 1 | 2 | 3 | VI |
| 14. | ഐസ് ഫാക്ടറി | 2 | 2 | 7 | 9 | VIII |
| | ആകെ | – | 26 | 123 | 149 | – |

ചാർട്ട് 4

ഖാദി വ്യവസായ യൂണിറ്റ്

| ക്രമ നമ്പർ | ഇനം | പുരു: | സ്ത്രീ | ആകെ |
|---|---|---|---|---|
| 1. | ഖാദി ഗ്രാമ വ്യവസായ യൂണിറ്റ് | | – 9 | 9 |

ചാർട്ട് 5

പഞ്ചായത്തിലെ മദ്യവ്യവസായ തൊഴിലാളികൾ

| ക്രമനമ്പർ | ഇനം | പുരു: | സ്ത്രീ | ആകെ |
|---|---|---|---|---|
| 1. | മദ്യവ്യവസായം | 12 | – | 12 |

ചാർട്ട് 6

പഞ്ചായത്തിനുപുറമേ പോയി ജോലി ചെയ്യുന്നവർ

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1. | ആര്യവൈദ്യശാല ഫാക്ടറി | 16 |
| 2. | സ്പിന്നിംഗ് മിൽ | 18 |
| 3. | ചെറുകിട വ്യവസായം | 65 |
| | ആകെ | 99 |

4552



9. വ്യാവസായിക യൂണിറ്റുകളിൽ ഉണ്ടാക്കുന്ന തൊഴിൽ തർക്കങ്ങൾ പരിഹരിക്കുവാൻ സെല്ലുരൂപീകരിക്കുകയോ, മറ്റേതെങ്കിലും സംവിധാനം നിലവിൽ വരുത്തുക.

10. അപകടകരമായ വ്യവസായ യൂണിറ്റുകൾ നിലവിൽ വരുമ്പോൾ അവിടെ തൊഴിൽ ചെയ്യുന്ന ജോലിക്കാരുടെ ജോലി സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ജോലിക്കാർക്ക് ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

11. വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറിയുല്പാദനം ആരംഭിക്കുമ്പോൾ അവയ്ക്കുള്ള വിപണന സാദ്ധ്യതയും പഞ്ചായത്ത് തലത്തിൽ കണ്ടെത്തേണ്ടിയിരിക്കുന്നു.

12. പതിനൊന്നാം വാർഡിൽപ്പെട്ട കുന്നംകുറ്റി പ്രദേശത്ത് ഇന്ന് ഇന്ത്യയിൽ തന്നെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മയിലിനെ (ദേശീയപക്ഷി) കാണുവാൻ സാധിക്കും. ഈ പ്രദേശങ്ങൾ സ്വാകാര്യ ഉടമസ്ഥതയിൽ ആണ് ഉള്ളത്. വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന പക്ഷിയെ സംരക്ഷിക്കുവാനുള്ള നടപടിയും, ഈ പ്രദേശം ടൂറിസം സാദ്ധ്യതയുള്ള മേഖലയാക്കിയെടുക്കാവുന്നതുമാണ്.

**സ്ത്രീകളുടെ പങ്കാളിത്തം**

മറ്റു മേഖലകളെ അപേക്ഷിച്ച് നോക്കുമ്പോൾ വ്യവസായ രംഗത്ത് സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം വളരെ കുറവാണ്. പ്രധാന കാരണം വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിൽ കുറവായത്കൊണ്ടാണ് നിലവിലുള്ള യൂണിറ്റുകളിൽ തന്നെ സ്ത്രീകളുടെ പങ്കാളിത്തം വളരെകുറവാണ്. പുരുഷ തൊഴിലാളികളെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികൾക്ക് കൂലിയും കുറവാണ്.

സ്ത്രീകൾ പൊതുവെ കാർഷികവൃത്തിയിലാണ് ഏർപ്പെട്ടിരിക്കുന്നത്. പരമ്പരാഗത മേഖലയിൽ കൈത്തൊഴിലുകൾ അറിയാവുന്ന സ്ത്രീകൾ ഉണ്ടെങ്കിലും അവരുടെ സേവനം യഥാവിധം വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. വ്യാവസായ മേഖലയിൽ എടുത്ത് പറയാവുന്ന പൊന്മള ഗ്രാമപഞ്ചായത്തിൽ ഹൈടെക് പ്ലാസ്റ്റിക് ഇൻഡസ്ട്രീസിലും, ഹൈടെക് ഫ്ളാക്സോപാക്കിലും ഘാദി ഗ്രാമ വ്യവസായ യൂണിറ്റ് നിർമ്മാണത്തിലും ആണ് സ്ത്രീകൾ കൂടുതലായി തൊഴിലെടുക്കുന്നത്. ചെറുകിട കുടിൽ വ്യാവസായത്തിന് ഏറെ സാധ്യത നിലവിൽ ഉണ്ട്. ഇതിൽ കൂടുതൽ സ്ത്രീ പങ്കാളിത്തം ഉറപ്പാക്കാം.

**വൈദ്യുതി**

വ്യാവസായിക ഉൽപ്പാദനം തുടങ്ങുവാനുള്ള അന്തരീക്ഷം ഉണ്ടാക്കിയെടുക്കേണ്ടിയിരിക്കുന്നു. ഇതിന് ഏറ്റവും പ്രധാനമായി വേണ്ടത് ശക്തിയേറിയ വൈദ്യുതി സംവിധാനമാണ്. ത്രീ ഫേസ് ലൈനുകൾ ദീർഘിപ്പിക്കുകയും കുറഞ്ഞ വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയുമാണ് വേണ്ടത്. അതുപോലെ വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിച്ചേരുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

**ടൂറിസം വികസനം**

പൊന്മള ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിൽപ്പെട്ട കുന്നംകുറ്റി മലകൾ വളരെ പ്രകൃതി രമണീയമാണ്. ഈ കുന്നിൻ മുകളിൽ നിന്ന് വീക്ഷിക്കുകയാണെങ്കിൽ പഞ്ചായത്തിലെ കോട്ടപ്പുറം, ചേങ്ങോട്ടൂർ, ചാപ്പനങ്ങാടി, വട്ടപ്പറമ്പ്, പൊന്മള എന്നീ പ്രദേശങ്ങൾ ഹരിതാഭ ചാർത്തി നിൽക്കുന്ന തായി കാണാം. മാത്രമല്ല ഈ കുന്നിൻ മുകളിലുള്ള പുൽമേടുകളിൽ ഇന്ന് വംശ നാശം സംഭവിച്ചു കൊണ്ടിരിക്കുന്ന ദേശീയപക്ഷിയായ മയിലിനെ യഥേഷ്ടം കാണുവാൻ കഴിയുന്നതാണ്. ഈ സ്ഥലം സ്വകാര്യവ്യക്തികളുടെ കീഴിലാണ്.

കോട്ടക്കൽ പൊരിന്തൽമണ്ണ റൂട്ടിൽ വട്ടപ്പറമ്പിൽ നിന്ന് കോട്ടപ്പുറം വഴി പുണ്യതീർത്ഥാടനകേന്ദ്രമായ കാടാംമ്പുഴ ദേവീക്ഷേത്രത്തിൽ എത്തിച്ചേരുവാനുള്ള വഴി കടന്നു പോകുന്നത് ഈ കുന്നിൻ മുകളിലൂടെയാണ്. കുന്നുംകുറ്റി ഭാഗത്തു നിന്നും ദേവീക്ഷേത്രത്തിൽ എത്തിച്ചേരുവാൻ കേവലം 3 കി. മീറ്റർ മാത്രമാണ് ഉള്ളത്. നിരവധി ഭക്തജനങ്ങൾ എത്തിച്ചേരുന്ന ഈ ക്ഷേത്രത്തിനോടു ചേർന്നുകിടക്കുന്ന ഈ പ്രദേശം ടൂറിസം മേഖലയാക്കി വികസിപ്പിക്കാവുന്നതാണ്. ഈ പദ്ധതി ഏറ്റെടുത്തു നടപ്പിൽ വരികയാണെങ്കിൽ പഞ്ചായത്തിന് നല്ലൊരു വരുമാനമാർഗ്ഗവുംകൂടിയായിത്തീരും. എന്നതിൽ തർക്കമില്ല. ഇതിനൊരു പരിമിതിയായിക്കാണുന്നത് ഈ കുന്നിൻ പ്രദേശം സ്വാകര്യവ്യക്തികളുടെ സ്ഥലമാണ് എന്നതാണ്.

മുൻസൂചിപ്പിച്ച കാര്യങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കുവാൻ സാധിക്കുകയാണെങ്കിൽ അടുത്ത 5 വർഷത്തിനുള്ളിൽ ചെറുകിട വ്യാവസായ രംഗത്തും പരമ്പരാഗത – കുടിൽ വ്യവസായങ്ങളുടെ ഉയർച്ചക്കും കാരണമാകും എന്നതിൽ സംശയമില്ല. വ്യാവസായിരംഗം സജീവമാക്കുകയാണെങ്കിൽ തൊഴിലില്ലായ്മക്കൊരു പിരിധിവരെ പഞ്ചായത്ത് തലത്തിൽ പരിഹാരം കാണുവാനും നമ്മുടെ സാമ്പത്തീക സ്ഥിതി വർദ്ധിപ്പിക്കുവാനും അതു വഴി ആളോഹരി വരുമാനം വർദ്ധിപ്പിക്കുവാനും നമുക്ക് കഴിയും. മാത്രമല്ല സാമൂഹ്യ-സാംസ്ക്കാരിക പുരോഗതിയോടൊപ്പം വ്യാവസായിക പുരോഗതിയും നമുക്ക് ലക്ഷ്യമിടുവാൻ സാധിക്കുന്നതാണ്.

ചാർട്ട് 7

സാധ്യത-വ്യവസായം

| ക്രമ നമ്പർ | ഇനം |
|---|---|
| 1. | കൊപ്രസംസ്ക്കരണം |
| 2. | ചകിരി ഉപയോഗിച്ച് ചൂടി |
| 3. | ചിരട്ടകൊണ്ട് കരകൗശല വസ്തുക്കൾ |
| 4. | അടക്ക സംസ്ക്കരണം പാക്ക് |
| 5. | കശുവണ്ടി സംസ്ക്കരണം |
| 6. | ഹവായ് ചെരുപ്പ് നിർമ്മാണം |
| 7. | അച്ചാർപ്പൊടി നിർമ്മാണം. |
| 8. | ഡിറ്റർജന്റ് & ക്ലീനിംഗ് പൗഡർ |
| 9. | ഫർണീച്ചർ വ്യവസായം |
| 10. | അലൂമിനിയം ഉല്പന്നങ്ങൾ |
| 11. | ഡിസ്പോസിബിൾ സിറിഞ്ച് |
| 12. | നോട്ട് ബുക്ക് നിർമ്മാണം |
| 13. | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം. |
| 14. | പായ, പനമ്പ്, കുട്ട നിർമ്മാണം - സഹകരണാടിസ്ഥാനത്തിൽ |
| 15. | പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മാണം ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് |
| 16. | ഹോളോബ്രിക്സ് |
| 17. | കോഴി വളർത്തൽ |
| 18. | കാലിത്തീറ്റ നിർമ്മാണം - സഹകരണാടിസ്ഥാനത്തിൽ |
| 19. | കിടക്ക, തലയണ നിർമ്മാണം |
| 20. | തീപ്പെട്ടി നിർമ്മാണം |
| 21. | ഇലക്ട്രോണിക് അസംബ്ലിംഗ് |
| 22. | ചിപ്സ് നിർമ്മാണം |
| 23. | അവിൽ ഉല്പാദനം |

454



# വിദ്യഭ്യാസം

ഇന്ന് കേരളമാകെ ചർച്ചചെയ്യപ്പെടുന്ന ഒരു മേഖല യാണ് വിദ്യഭ്യാസ രംഗം. പൊന്മള ഗ്രാമപഞ്ചായത്തിലെ വിദ്യ ഭ്യാസ നിലവാരത്തെ വിലയിരുത്തുമ്പോൾ പഠന നിലവാര ത്തിൽ പിന്നോക്കാവസ്ഥയാണ് കാണാൻ കഴിയുന്നത്. 20-ാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത്തന്നെ നമ്മുടെ പഞ്ചായത്തിൽ ഭൗതിക വിദ്യഭ്യാസം നൽകുന്ന സ്ഥാപനങ്ങൾ നിലവിൽ വന്നിരുന്നു. ഈ കാലഘട്ടത്തിൽ സ്കൂൾ വിദ്യാഭ്യാസം നേടു ന്നത് മതപരമായി നിഷദ്ധമാണെന്ന് കാഴ്ചപ്പാട് ഇവിടുത്തു കാർക്കുണ്ടായിരുന്നു. അതുകൊണ്ട് തന്നെ മലയാളം പഠി ക്കാൻ ആരും തയ്യാറാകാത്ത ഒരവസ്ഥയായിരുന്നു ഇവിടെ സംജാതമായിരുന്നത്.

ഈയൊരവസ്ഥയിലാണ് മലബാർ ഡിസ്ട്രിക് ബോർഡ്, ഓത്ത് പള്ളിയോടനുബന്ധിച്ച് ഭൗതിക വിദ്യഭ്യാസവും നൽകാൻ വേണ്ടി തീരുമാനിച്ചത്. നമ്മുടെ പഞ്ചായത്തിലെ ആദ്യ വിദ്യഭ്യാസ സ്ഥാപനമാണ് 1912 ൽ സ്ഥാപിച്ച ഇപ്പോ ഴത്തെ ഗവർമ്മണ്ട് മാപ്പിള ലോവർ പ്രൈമറി സ്കൂൾ ചാപ്പ നങ്ങാടി. തുടക്കം മതുലേ മലബാർ ഡിസ്ട്രിക് ബോർഡിന്റെ കീഴിലായിരുന്നു ഈ സ്ഥാപനം. ഈ സ്കൂളിന്റെ സ്ഥലവും കെട്ടിടവും അബു മുക്കിൽ. അഹമ്മദ് കുട്ടിയുടെ ഉടമസ്ഥത യിലായിരുന്നു. തുടർന്ന് ചേങ്ങോട്ടൂർ പ്രദേശത്തെ ആക്കപ്പറമ്പ എ. എം. എൽ. പി. സ്കൂളാ(1923)ണ് ഈ പഞ്ചായത്തിൽ സ്ഥാപിതമായ രണ്ടാമത്തെ സ്കൂൾ. തുടർന്ന് പൊന്മള, ചേങ്ങോട്ടൂർ മണ്ണഴി ഭാഗങ്ങളിൽ സ്കൂളുകൾ സ്ഥാപിതമായി.

നമ്മുടെ പഞ്ചായത്തിൽ ഇന്ന് ആകെ പതിനഞ്ച് സ്കൂളാണ് ഉള്ളത്. 10 എൽ. പി. യും 4 യു. പി. (3 എണ്ണം എൽ.പി. കൂടെയുള്ളത്) യും ഒരു ഹൈസ്ക്കൂളുമാണ് നമു ക്കുള്ളത്. മൊത്തം സ്കൂളുകളിലായി 236 അദ്ധ്യാപകർ ജോ ലി ചെയ്യുന്നു. 7081 കുട്ടികൾ പഞ്ചായത്തിലെ മൊത്തം സ്കൂ ളുകളിലായി പഠിക്കുന്നുണ്ട്. പഞ്ചായത്തിലെ സ്കൂളുക ളെയും അധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 1 എ ഗവ. സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ അദ്ധ്യാപകർ (പഞ്ചായത്തിൽ) | 5 ഗവ വിദ്യാലയത്തിലെ അധ്യാപകരുടെ എണ്ണം | ശതമാനം | വിദ്യാർത്ഥികളുടെ എണ്ണം | ഗവ. സ്കൂൾ വിദാർത്ഥികളുടെ എണ്ണം | ശതമാനം |
|---|---|---|---|---|---|
| 234 | 54 | 23.08 | 7081 | 1808 | 25.53 |

അവലംബം: സ്കൂൾ രേഖകൾ

പട്ടിക 1

വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| നമ്പർ | സ്കൂൾ | മാനേജ്മെന്റ് | അധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | AMLPS പൊന്മള | Aided | 2 | 8 | 10 | 138 | 144 | 282 |
| 2. | AMLPS പൂവാട് | " | 4 | 6 | 10 | 138 | 121 | 259 |
| 3. | AMLPS വട്ടപ്പറമ്പ് | " | 1 | 4 | 5 | 88 | 79 | 167 |
| 4. | AMLPS തലാപ്പിൽ | " | 2 | 3 | 5 | 55 | 51 | 106 |
| 5. | AMLPS ആക്കപ്പറമ്പ് | " | 4 | 1 | 5 | 58 | 69 | 127 |
| 6. | AMLPS ചേങ്ങോട്ടൂർ | " | 5 | 5 | 10 | 169 | 159 | 335 |
| 7. | GMLPS പൊന്മള | Govt. | 2 | 2 | 4 | 88 | 81 | 169 |
| 8. | GLPS പറങ്കിമൂച്ചിക്കൽ | " | 5 | 9 | 14 | 257 | 223 | 480 |
| 9. | GMLPS ചൂനൂർ | " | 3 | 1 | 4 | 89 | 81 | 170 |
| 10. | GMLPS ചാപ്പനങ്ങാടി | " | 6 | 4 | 10 | 160 | 115 | 275 |
| 11. | B.M.M. UPSചാപ്പനങ്ങാടി | Aided | 9 | 15 | 24 | 393 | 349 | 742 |
| 12. | GMUPS പൊന്മള LPS | Govt. | 2 | 4 | 6 | 102 | 102 | 204 |
| | UP | | 9 | 9 | 18 | 254 | 256 | 510 |
| 13. | AMUPS കൂരിയാട് LP | Aided | 7 | 5 | 12 | 198 | 214 | 412 |
| | UP | " | 10 | 11 | 21 | 314 | 320 | 638 |
| 14. | AUPS മണ്ണഴി LP | " | 3 | 6 | 9 | 208 | 230 | 438 |
| | UP | " | 10 | 9 | 19 | 280 | 281 | 561 |
| 15. | PMSAHS ചാപ്പനങ്ങാടി | Aided | 21 | 29 | 50 | 586 | 684 | 1220 |
| | Total | | 105 | 129 | 236 | 3575 | 3506 | 7081 |

അവലംബം : സ്കൂൾ രേഖകകൾ

പട്ടിക 1 ബി.

പഞ്ചായത്തിലെ പട്ടികജാതി/ പട്ടികവർഗ വിദ്യാർത്ഥികളുടെ കണക്ക്

| L.P. | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|
| ആകെ കുട്ടികൾ | Sc/St. | % | ആകെ കുട്ടികൾ | Sc/St | % | ആകെ കുട്ടികൾ | Sc/St | % |
| 3414 | 116 | 3.4 | 2447 | 80 | 3.2 | 1220 | 42 | 3.4 |

അവലംബം: സ്കൂൾ രേഖകൾ

പട്ടിക 1 സി LP UP HS വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| | L.P. | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|---|
| ആകെ വിദ്യാർത്ഥികൾ | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 7081 | 1748 | 1666 | 48.21 | 1241 | 1206 | 34.56 | 586 | 634 | 17.23 |

അവലംബം : സ്കൂൾ രേഖകൾ

### ഭൗതിക സൗകര്യങ്ങൾ

ദ്വീതിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മുഴുവൻ സ്ക്കൂളുകളിലും പ്രാഥമിക സൗകര്യത്തിന്റെ അപര്യാപ്തതയുള്ളതായി കണ്ടെത്തി. കക്കൂസ്, മൂത്രപ്പുര, കുടിവെള്ളം, മുതലായവ ഇല്ലാത്ത സ്കൂളുകളാണ് നമ്മുടെ പഞ്ചായത്തിൽ കൂടുതൽ ഉള്ളത്. സൗകര്യപ്രദമായ കെട്ടിടം, സ്കൂളിനാവശ്യമായ ഫർണിച്ചർ എന്നിവ എല്ലാ സ്കൂളുകളിലും വേണ്ടത്ര ഇല്ല. നമ്മുടെ പഞ്ചായത്തിലെ ഗവർമ്മേണ്ട് സ്കൂളുകളിലാണ് അത്യാവശ്യ കെട്ടിട സൗകര്യങ്ങളും ഫർണിച്ചർ സൗകര്യമുള്ളത്. എന്നാൽ പൂർണ്ണമായും വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന L.P സ്കൂൾ ഇവിടെയുണ്ട്.

അതിൽ ഗവണ്മെണ്ട് എൽ. പി. സ്കൂൾ ചാപ്പനങ്ങാടി സ്വന്തമായ കെട്ടിടം പണി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. പൊന്മള ജി. എം. എൽ. പി. സ്കൂളിന് കെട്ടിടം പണിയുന്നതിന്. പി. ടി. എ. സ്വന്തം സ്ഥലം വാങ്ങി. കെട്ടിടം അനുവദിക്കുന്നതിന് ജില്ലാ പ്രൈമറി വിദ്യാഭ്യാസപദ്ധതിയുമായി ബന്ധപ്പെട്ട്, അടയന്തിരമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പഞ്ചായത്തിൽ അഞ്ച് ഗവണ്മെന്റ് സ്കൂളുകളാണുള്ളത്. നാല് എൽ. പി.യും ഒര് യു. പി. യും. മാനേജ്മെന്റ് സ്കൂളുകളിലെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കാൻ മാനേജർമാർ വേണ്ടത്ര താല്പര്യം കാണിക്കേണ്ടതാണെന്ന് ഗ്രാമ സഭകളിൽ നിന്നും അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. മാനേജ്മെന്റ് സ്കൂളുകളിൽ ഭൗതിക സൗകര്യം വർദ്ധിപ്പിക്കുന്നതിന് രക്ഷിതാക്കളുടെ സഹകരണമില്ലായ്മ കണക്കിലെടുത്ത് മാനേജർമാർ തന്നെ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ രണ്ട് വിദ്യാലയങ്ങളുടെ സമീപത്തേക്ക് വാഹനസൗകര്യം കുറവാണ്. അതുപോലെ വഴി സൗകര്യങ്ങളില്ലാത്ത സ്കൂളുകളും ഉണ്ട്. കളിസ്ഥലമില്ലാത്ത സ്കൂളുകളാണ് ഭൂരിപക്ഷവും. അതുകൊണ്ട് കായികപരിശീലനം നൽകാൻ കഴിയുന്നില്ല. ഉച്ചക്കഞ്ഞിവിതരണം ഭൂരിപക്ഷം സ്കൂളുകളിലും നടക്കുന്നുണ്ടെങ്കിലും പാചകമുറി മിക്ക സ്കൂളുകളിലും ഇല്ലാത്തത് ശ്രദ്ധിക്കേണ്ടതാണ്. അധ്യാപർക്ക് കൂടിയിരുന്ന് ചർച്ചചെയ്യാൻ സ്റ്റാഫ് റൂം ഇല്ലാത്തവിദ്യാലയങ്ങളാണ് മിക്കതും. സ്കൂളുകളിൽ ചുറ്റുമതിലില്ലാത്തതിനാൽ രാത്രിയിൽ സാമൂഹ്യദ്രോഹികളുടെ ഇടപെടൽ

ഉണ്ടാവാറുണ്ട്. സ്കൂൾപഠന സമയം കഴിഞ്ഞാൽ കന്നുകാലികളുടെ ആവാസസ്ഥലമാണ് മിക്ക വിദ്യാലയങ്ങളും.

**പഠനനിലവാരം**

പൊതുവെ എല്ലാ ഗ്രമ സഭകളിൽ നിന്നും ഉയർന്നു വന്ന അഭിപ്രായം സ്കൂളുകളിൽ പഠനനിലവാരം വേണ്ടത്ര ഉയർന്നു കാണുന്നില്ല എന്നതാണ്. മിക്ക സ്കൂളുകളിലും വിദ്യാർത്ഥികൾക്ക് കിട്ടുന്ന ശരാശരി മാർക്ക് 40 % ൽ താഴെയാണ്. നമ്മുടെ പഞ്ചായത്തിൽ അദ്ധ്യാപകസമരം മൂലമോ വിദ്യാർത്ഥിസമരം മൂലമോ ഒരദ്ധ്യായനദിവസവും നഷ്ടപ്പെട്ടിട്ടില്ല.

പൊന്മള പഞ്ചായത്തിലെ ഏക ഹൈസ്കൂളായ പി. എം. എസ്.എ ഹൈസ്കൂൾ 95-96 വർഷത്തെ വിജയശതമാനം 17 ആണ്. (കേട്ടറിവ്) ആവശ്യം വേണ്ടുന്ന അദ്ധ്യാപകരും പഠനോപകരണങ്ങളും ലബോറട്ടറി സൗകര്യവും ലൈബ്രററി സൗകര്യവും ഉണ്ടായിരുന്നിട്ടുപോലും എസ്. എസ്. എൽ. സി. വിജയശതമാനം താഴുവാനുള്ള കാരണം നമ്മൾ പരിശോധിക്കേണ്ടതാണ്.

**പട്ടിക 2 എ**
**അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത**

| | ഉള്ളത് | ഇല്ലാത്തത് |
|---|---|---|
| ലൈബ്രറി | 13 | 2 |
| പ്രവർത്തനം | 2 | 13 |
| ലാബ്/സയൻസ് കോർണർ | 7 | 8 |
| പ്രവർത്തനം | ഇല്ല | 8 |
| പഠനോപകരണങ്ങൾ | 13 | 2 |
| റേഡിയോ | 8 | 7 |
| ടേപ്പ് റിക്കാർഡർ | 8 | 7 |
| ടെലിവിഷൻ | - | 15 |
| സിനിമാ പ്രൊജക്ടർ | - | 15 |
| ബ്ലാക് ബോർഡ് | 15 | - |
| മാതൃസംഗമം | 14 | 1 |
| ക്ലാസ് റും പി.ടി.എ. | 7 | 8 |

**പട്ടിക 3**
**എസ്.എസ്.എൽ.സി. വിജയശതമാനം**

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| | | | | | |

( ആവശ്യപ്പെട്ടിട്ടും വിവരം തന്നിട്ടില്ല)

വൈകിയുള്ള അദ്ധ്യാപക നിയമനം, കൃത്യസമയത്ത് പാഠപുസ്തകങ്ങൾ ലഭ്യമാകാത്ത അവസ്ഥ, രക്ഷിതാക്കളുടെ ശ്രദ്ധക്കുറവ്, പി. ടി. എ. യുടെ ഇടപെടൽ ഇല്ലായ്മ സിലബസിന്റെ കാഠിന്യം അധ്യാപകരുടെ അധ്യാപനത്തിലുള്ള ആത്മാർത്ഥകുറവ്, കുട്ടികൾ വൈകിയെത്തുന്ന പ്രവണത, പഠനോപകരണങ്ങളുടെ അപര്യാപ്തത ഇതൊക്കെയാണ് നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം കുറയുവാനുള്ള കാരണം. നിലവിലുള്ള പരീക്ഷാസമ്പ്രദായത്തിന്റെ പോരായ്മയും ഇതിനൊരു പ്രധാന കാരണമാണ്.

**പട്ടിക 4**
**കാൽപാദ പരീക്ഷ - 1996-97**

| ക്ലാസുകൾ | 30% ത്തിൽ കുറവ് | 30-40 | 40-50 | 50-60 | 60% ന് മുകളിൽ |
|---|---|---|---|---|---|
| III | 198 | 268 | 162 | 99 | 112 |
| IV | 206 | 232 | 118 | 120 | 58 |
| V | 139 | 412 | 148 | 90 | 79 |
| VI | 241 | 317 | 101 | 72 | 48 |
| VII | 258 | 290 | 125 | 78 | 56 |
| VIII | 80 | 350 | 26 | 10 | 4 |
| IX | 95 | 283 | 10 | 3 | 7 |
| X | 48 | 250 | 40 | 1 | 4 |
| ആകെ | 1265 | 2402 | 730 | 473 | 368 |

പാഠ്യേതര പ്രവർത്തനങ്ങളിൽ എല്ലാ സ്കൂകളുടെയും പങ്കാളിത്തം ഉണ്ടാകുന്നില്ല. പങ്കെടുക്കുന്നവർ തന്നെ ജില്ലാതലം, സംസ്ഥാനതലം എന്നിവിടങ്ങളിൽ എത്തിപ്പെടുന്നില്ല. നിലവിലുള്ള എല്ലാസ്കൂളുകളിലും , പി. ടി. എ, എം. ടി. എ നിലനിൽക്കുന്നുണ്ട്. എന്നാൽ ഭൂരിഭാഗം പി. ടി. എ കളും വിദ്യാർത്ഥികളുടെ പഠനകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.

ദൃശ്യ മാധ്യമമായ ടി. വി. യുടെയും പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെയും സ്വാധീനം കുട്ടികളുടെ പഠനത്തെ ബാധിക്കുന്നുണ്ട്. ഇതിനിടയിൽ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ 150 ഓളം യൂറിക്കയും 10 ശാസ്ത്രകേരളവും പ്രചാരത്തിലുള്ളത് ആശാവഹമാണ്. പഞ്ചായത്തിലെ 150 ഓളം കുട്ടികൾ ഇംഗ്ലീഷ്മീഡിയം സ്കൂളിലാണ് പഠിക്കുന്നത്. മദ്ധ്യവർഗ്ഗജനവിഭാഗങ്ങൾക്കിടയിൽ ഇംഗ്ലീഷ് മീഡിയത്തോടുള്ള മമത വർദ്ധിച്ചുവരുന്നു. പഞ്ചായത്തിലെ ചില പ്രദേശങ്ങളിലെങ്കിലും വിദ്യാർത്ഥികൾക്ക് സ്കൂളുകളിലെത്തുന്നതിന് 3 കിലോമീറ്റർ വരെ സഞ്ചരിക്കേണ്ടി വരുന്നു. ഈ പ്രവണത കുട്ടികൾ സ്കൂളിൽ വൈകിയെത്തുന്നതിന് കാരണമാവുന്നു. പഞ്ചായത്തിലെ യു. പി, ഹൈ സ്കൂൾ വിഭാഗത്തിൽ കുട്ടികൾ ഇടയ്ക്കുവെച്ച് പഠനം നിർത്തുന്ന പ്രവണത കാണുന്നു ഇതിൽ തന്നെ കൂടുതൽ പെൺകുട്ടികളാണ്. രക്ഷിതാക്കളുടെ വിദ്യാഭ്യാസത്തോടുള്ള നിഷേധാത്മക

പട്ടിക 1

പാഠ്യേതര വിവരങ്ങൾ

| നമ്പർ | സ്കൂൾ | | സബ്ജില്ലാതലം | |
|---|---|---|---|---|
| | | കലാമേള | കായികമേള | ശാസ്ത്രമേള |
| 1. | AMLPS പൊന്മള | ഇല്ല | ഉണ്ട് | ഇല്ല |
| 2. | AMLPS പൂവാട് | ഇല്ല | ഇല്ല | ഇല്ല |
| 3. | ALPS വട്ടപ്പറമ്പ് | ഉണ്ട് | ഉണ്ട് | ഇല്ല |
| 4. | AMLPSതലാപ്പിൽ | ഉണ്ട് | ഇല്ല | ഇല്ല |
| 5. | AMLPS ആക്കപ്പറമ്പ് | ഇല്ല | ഉണ്ട് | ഇല്ല |
| 6. | AMLPS ചേങ്ങോട്ടൂർ | ഉണ്ട് | ഉണ്ട് | ഇല്ല |
| 7. | GLPSപൊന്മള | ഇല്ല | ഇല്ല | ഇല്ല |
| 8. | GLPS പറങ്കിമൂച്ചിക്കൽ | ഇല്ല | ഇല്ല | ഉണ്ട് |
| 9. | GMLP ചുനൂർ | ഉണ്ട് | ഇല്ല | ഇല്ല |
| 10. | GMLP ചാപ്പനങ്ങാടി | ഇല്ല | ഇല്ല | ഉണ്ട് |
| 11. | B.M.M. Up ചാപ്പനങ്ങാടി | ഇല്ല | ഇല്ല | ഉണ്ട് |
| 12. | GMUP പൊന്മള LP | ഉണ്ട് | ഉണ്ട് | ഇല്ല |
| 13. | AMUP കുരിയാട് LP | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 14. | AUP മണ്ണഴി LP | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 15. | PMSAHS ചാപ്പനങ്ങാടി | ഉണ്ട് | ഇല്ല | ഇല്ല |

അവലംബം : പ്രാഥമിക വിവരശേഖരം

മനോഭാവമാണിതിന് കാരണമായികാണുന്നത്. I,II,III,IV,V വാർഡുകളിലെ കുട്ടികൾ ഹൈസ്കൂൾ പഠനത്തിനു അടുത്ത പഞ്ചായത്തായ ഒതുക്കുങ്ങൽ പഞ്ചായത്തിലെ ഹൈസ്കൂളിനെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ പ്രതിവിധിയായി ഗവൺമെന്റ് യു. പി. സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തണമെന്ന് ഗ്രാമ സഭ നിർദ്ദേശിച്ചിരിക്കുന്നു. ഇവിടുത്തുകാർക്ക് സാങ്കേതിക പഠനം ലഭ്യമാകണമെങ്കിൽ 15 ൽ അധികം കിലോമീറ്റർ സഞ്ചരിക്കേണ്ട അവസ്ഥ യാണ്. പ്രീഡിഗ്രി. + 2, തുടങ്ങിയ ഉപരിപഠനത്തിന് വിദ്യാർത്ഥികൾക്ക് ശരാശരി 20 കി. മീ സഞ്ചരിക്കേണ്ടതുണ്ട്. ഇതുകൊണ്ടുതന്നെ ഉപരിപഠനത്തിന് രക്ഷിതാക്കൾക്ക് താല്പര്യം കുറവാണ്. ഹൈസ്കൂൾ വിദ്യാഭാസത്തിനിടയിൽ പെൺകുട്ടികളുടെ വിവാഹം നടക്കുന്നതുകൊണ്ട് കുട്ടികൾക്ക് പഠനം പൂർത്തിയാക്കാൻ പറ്റാത്ത അവസ്ഥയാണ് രക്ഷിതാക്കളെ ബോധവാന്മാരാക്കിയാൽ മാത്രമെ ഈ പ്രവണത അവസാനിപ്പിക്കാനാവുകയുള്ളു. താഴ്ന്ന പ്രായത്തിലുള്ള വിവാഹ സമ്പ്രദായം നിരുത്സാഹപ്പെടുത്തുന്ന വിധമുള്ള പ്രചരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. സാങ്കേതിക വിദ്യാഭ്യാസ സൗകര്യമുള്ള കോളേജ് പഠനവും പഞ്ചായത്തിൽ തന്നെ നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന് ഗ്രാമസഭകൾ ആവശ്യപ്പെടുന്നു.

പഞ്ചായത്തിൽ ഇരുപതോളം മദ്രസ്സകൾ ഉണ്ട്. ഒരു മദ്രസ്സ അദ്ധ്യാപക പരിശീലന കേന്ദ്രവും ഉണ്ട്. മദ്രസ്സകളിൽ മതപഠനം മാത്രമാണ് നടക്കുന്നത്. ഒരു കുട്ടിക്കുതന്നെ രണ്ടു നേരം മദ്രസ്സാപഠനം ഉള്ളതുകൊണ്ട് സ്കൂൾ പഠനത്തെ ബാധിക്കുന്നതായി ഗ്രാമസഭകൾക്ക് അഭിപ്രായമുണ്ട്. കുട്ടികൾ കൃത്യ സമയത്തുതന്നെ സ്കൂളിൽ എത്താൻ ആവശ്യമായ രീതിയിൽ മദ്രസ്സ പഠന സമയക്രമീകരണം നടത്തിയാൽ വൈകി വരുന്ന പ്രവണത അവസാനിപ്പിക്കാമെന്ന് ഗ്രാമസഭകൾ അഭിപ്രായപ്പെടുന്നു.

നിലവിലുള്ള വിദ്യാഭ്യാസ രീതി തൊഴിലില്ലാത്തവരുടെ എണ്ണം വർദ്ദിപ്പിക്കാനാണ് സഹായിക്കുന്നത്. അതിനാൽ വിദ്യാഭ്യാസരീതിയിൽ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത വർദ്ദിച്ചിരിക്കുന്നു. തൊഴിലധിഷ്ടിത വിദ്യാഭ്യാസം പ്രൈമറി തലം തൊട്ടുതന്നെ തുടങ്ങേണ്ടതാണ്. നിലവിലുള്ള പരീക്ഷാസമ്പ്രദായം പഠന നിലവാരത്തെ ബാധിക്കുന്ന പ്രശ്നങ്ങളിലൊന്നാണ് പാഠപുസ്തകത്തിലധിഷ്ടിതമായ ചോദ്യ

സമ്പ്രദായമാണ് നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ കുട്ടികൾക്ക് വേണ്ടത്ര സാമൂഹ്യബോധവും ചുറ്റുപാടുകളെ സംബന്ധിച്ച അറിവും പരിമിതമാണ്. വിജ്ഞാനോത്സവ പരീക്ഷാ മാതൃക മൂല്യ നിർണ്ണയ രംഗത്ത് തുടരാവുന്നതാണ്. ആൾ പ്രമോഷൻ സമ്പ്രദായവും നിലവിലുള്ള പഠന നിലാവരത്തെ ബാധിക്കുന്നു.

ഇരുപത്തി അഞ്ച് അംഗനവാടികൾ, പഞ്ചായത്തിലുണ്ട്. ഭൂരിഭാഗം അംഗനവാടികൾക്കും സ്വന്തമായി കെട്ടിടവും സൗകര്യവും ഇല്ല. ആവശ്യത്തിന് കളിപ്പാട്ടങ്ങൾ ഉപയോഗിച്ച് കളിയിലൂടെ പഠിക്കുക എന്ന കുട്ടികളുടെ മനശ്ശാസ്ത്രം അംഗനവാടി കുട്ടികൾക്ക് ഒരു സ്വപ്നം പോലെയാണ്.

പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൽ ആവിഷ്ക്കരിച്ച പദ്ധതികളിലേക്ക് ഒരു എത്തിനോട്ടം

**പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ്.**

ഹൈസ്കൂൾ കേന്ദ്രീകരിച്ച് പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് രൂപീകരിച്ചു. പഠന രംഗത്തു അദ്ധ്യാപകരുടെ ബുദ്ധിമുട്ടുകളും പാഠ്യപദ്ധതികളെ കുറിച്ച് തുറന്ന ചർച്ചയും ലക്ഷ്യമിട്ടുള്ളതായിരുന്നു. കോംപ്ലക്സ് തുടർപ്രവർത്തനങ്ങൾ ഏറ്റെടുക്കാത്തതിനാൽ ഇതിന്റെ പ്രവർത്തനം നിർജ്ജീവമായി. ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി (DPEP) പഞ്ചായത്തിൽ തുടക്കത്തിൽ ആവേശകരമായിരുന്നു. ജനകീയ സ്വഭാവം നേരത്തെ ഉണ്ടായിരുന്നെങ്കിലും ഇന്ന് പദ്ധതി ഒദ്യോഗിക തലത്തിൽ ഒതുങ്ങുന്നതായി കാണപ്പെടുന്നു. തുടക്കത്തിൽ സ്കൂൾ തലത്തിൽ അഞ്ച് റിസോർസ് ഗ്രൂപ്പും വിവിധ സ്കൂളുകൾ ചേർന്ന് വിദ്യാഭ്യാസ സമിതിയും (VEC) രൂപീകരിച്ചു. ഈ സമിതിയുടെ നിയന്ത്രണം ബ്ലോക്ക് റിസോർസ് സെന്ററിന്റെ (BRC) കീഴിലാണ്. ആയതിനാൽ സ്വതന്ത്രമായ പ്രവർത്തനത്തിന് ബുദ്ധിമുട്ട് നേരിടുന്നുവെന്ന് അഭിപ്രായമുണ്ട്. - മാനേജ്മെന്റ് സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകിയത് ഈ മേഖലയിൽ ഒരു ഉണർവു ഉണ്ടാക്കിയതായി കാണുന്നു. സാമ്പത്തികസഹായം എങ്ങിനെ വിനിയോഗിച്ചുവന്നതിനെ കുറിച്ച് സമഗ്രമായ പഠനം ആവശ്യമാണെന്ന അഭിപ്രായം പലർക്കും ഉണ്ടെന്നതാണ് സത്യം. ഈ പഞ്ചായത്തിൽ രണ്ട് എൽ. പി. സ്കൂളുകളിൽ മാത്രമാണ് (1994-95 വർഷം) ഡി. പി. ഇ. പി. പ്രകാരമുള്ള പഠനപ്രവർത്തനങ്ങൾ നടക്കുന്നത്.

1. എ എം. എൽ. പി. പൊന്മള
2. ജി. എം. എൽ. പി. പറങ്കിമൂച്ചിക്കൽ

ഈ സ്കൂളുകളിലെ പഠന നിലവാരത്തെ കുറിച്ച് വിശദമായ ഒരു വിലയിരുത്തൽ ജനകീയ തലത്തിൽ നടത്തേണ്ടതാണ്. ഈ പദ്ധതിയിലൂടെ പഞ്ചായത്തിലെ ആകെയുള്ള അഞ്ച് ഗവർമ്മേണ്ടു സ്കൂളുകളിൽ നാലു സ്കൂളുകൾക്ക് ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിൽ സഹായകരമായിട്ടുണ്ടെന്ന് പ്രത്യേകം എടുത്തു പറയേണ്ടതേട്ടമാണ്.

**ജനകീയ വിദ്യാഭ്യാസസമിതി**

പൊന്മള ഗ്രാമ പഞ്ചായത്തിന്റേയും കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ ജനകീയ വിദ്യാഭ്യാസ സമിതി രൂപീകരിച്ചുകൊണ്ട് 1996 ജൂൺമാസത്തിൽ പഞ്ചായത്തിലെ ഒന്നുമുതൽ നാലുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുകയും പത്താം ക്ലാസ്സിലെ കുട്ടികളുടെ വിജയ ശതമാനം ഉയർത്തുകയുമാണ് ഈ സമിതിയുടെ ലക്ഷ്യം. നിർഭാഗ്യമെന്നു പറയട്ടെ ഹൈസ്കൂളിന്റെ പദ്ധതിയോടുള്ള വിമുഖതകൊണ്ട്. എസ്. എസ്. എൽ. സി. വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനം ഏറ്റെടുക്കാൻ ജനകീയ വിദ്യാഭ്യാസ സമിതിക്ക് കഴിയാതെ പോയി. പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ ഒന്നു മുതൽ നാലുവരെയുള്ള കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനം ഏറ്റെടുത്തു സമിതി മുന്നോട്ട് പോകുന്നു. മൂന്നു നാല് ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള പ്രീടെസ്റ്റിൽ പഞ്ചായത്തിലെ 60% കുട്ടികളും 40% ൽ താഴെ മാർക്കു വാങ്ങിയവരാണ്. ഈ കുട്ടികൾക്കാവശ്യമായ പഠന പരിഹാര ബോധ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അദ്ധ്യാപകരും രക്ഷിതാക്കളും ഈ പരിപാടിയിൽ സഹകരിച്ചു വരുന്നു. മാനേജ്മെന്റും സമൂഹവും ചേർന്ന ഒരു കൂട്ടായ്മയോടെ മാത്രമെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുവാൻ കഴിയുകയുള്ളു. അതിന് ജനകീയ സമിതിയുടെ പ്രവർത്തനം ഇനിയും വിപുലീകരിക്കേണ്ടിയിരിക്കുന്നു

പഞ്ചായത്തിലെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ഭാഗമായി നടന്ന സാക്ഷര പ്രവർത്തനത്തിൽ പഞ്ചായത്ത് ജനവിദ്യാ കേന്ദ്രങ്ങളും ക്ലബ്ബുകളും സന്നദ്ധ സംഘടനാ പ്രവർത്തകരും നല്ല രീതിയിൽ തന്നെ പ്രവർത്തിച്ചിരുന്നു. ഇന്ന് അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം ഇല്ലാതായ അവസ്ഥയാണ്. തുടർസാക്ഷരതാ പ്രവർത്തനം ഇല്ലാതായതോടെ നവസാക്ഷരർ നിരക്ഷരതയിലേക്ക് മടങ്ങിയിരിക്കുന്നു. തുടർസാക്ഷരതാപ്രവർത്തനത്തിന് അടിയന്തിരമായി തുടക്കം കുറിക്കേണ്ടതാണ്.

**സാദ്ധ്യതകൾ**

1. സ്കൂൾ കോംപ്ലക്സ് വിപുലീകരിക്കുക

a. ഓരോ വിഷയത്തിനും ഓരോ അക്കാഡമിക്ക് കൗൺസിൽ രൂപീകരിച്ച് അതിന്റെ അടിസ്ഥാനത്തിൽ സാദ്ധ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

b. സ്കൂൾ സന്ദർശന പരിപാടികൾ നടത്തുകയും അതൊരു ഗൈഡൻസ് പ്രോഗ്രാമാക്കുകയും ചെയ്യുക

c. പഞ്ചായത്തിലെ ഏറ്റവും പിന്നോക്കമായ സ്കൂൾ ദത്തെടുത്തു കൊണ്ടുള്ള പ്രവർത്തനം സംഘടിപ്പിക്കുക.

d. പഠന പരിപാടികൾ രസകരമാക്കി മാറ്റാനുള്ള ആസൂത്രണം സംഘടിപ്പിക്കുക

e പഠനം പൂർണ്ണമായും വിദ്യാർത്ഥികളെ കേന്ദ്രീകൃതമാക്കി മാറ്റാൻ അക്കാഡമിക്ക് കൗൺസിലിന് നേതൃത്വം നൽകുക.

f. പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായങ്ങൾ നൽകുക.

g. സ്കൂൾ തല സമിതികൾ കൂടിയിരുന്ന് പഠന നിലവാരത്തെ കുറിച്ച് ചർച്ചകൾ നടത്തുക

h. സ്കൂൾ തല സമിതികൾക്ക് വാർഡ് മെമ്പർമാർ നേതൃത്വം നൽകുക

i. എല്ലാ സ്കൂളികളിലും ക്ലാസ്സ്റൂം പി. ടി. എ കൾ രൂപീകരിക്കുക.

j. സ്കൂൾ തലത്തിൽ നടക്കുന്ന യുവജനോത്സവം സാഹിത്യസമാജം, കൈയ്യെഴുത്ത് മാസിക, പഠനയാത്രകൾ എന്നീകാര്യങ്ങളിൽ പി. ടി. എ. യുടെ വേണ്ടത്ര ഇടപെടലുകൾ ഉണ്ടാവുക.

k. ഓരോ രംഗത്തും പ്രാഗൽഭ്യം തെളിയിക്കുന്ന കുട്ടികൾക്ക് സമ്മാനം നൽകുക

l. പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് തലത്തിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വിവിധ മൽസരങ്ങൾ സംഘടിപ്പിക്കുക.

m. സ്കൂളുകളിൽ പ്രീടെസ്റ്റ് നടത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ പഠന പരിഹാരബോധനം നൽകുക. ഇതിൽ സ്കൂൾ തല സമിതിയുടെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്.

n. ലീഡിംഗ് സ്കൂളിന്റെ ലൈബ്രറിയും ലാബറട്ടറിയും കോംപ്ലക്സ് സ്കൂളുകൾക്ക് ഉപയോഗപ്രദമാക്കണം.

2. ജനകീയ വിദ്യാഭ്യാസസമിതിയുടെ പ്രവർത്തനം ഫലപ്രദമാക്കണം.

3. മേനേജ്മെന്റ് സ്കൂളുകളിലെ നിയമനം പി.എസ്.സി. ക്കു വിടുക.

**ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ**

1. മൂന്നാം വാർഡിൽ ഒന്നരകിലോമീറ്റർ ചുറ്റളവിൽ എൽ. പി. സ്കൂൾ ഇല്ലാത്തതിനാൽ ഒരു എൽ. പി. സ്കൂൾ അനുവദിക്കണം.
2. 1,2,3 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു യു. പി. സ്കൂൾ അനുവദിക്കുകയാണെങ്കിൽ 3 വാർഡിലെയും ജനങ്ങൾ എല്ലാവിധ സഹായങ്ങളും നൽകുന്നതാണ്.
3. സ്കൂളുകളിലെ പഠന നിലവാരം വിലയിരുത്തുന്നതിന് ജനകീയ സമിതിക്ക് മോണിറ്ററിംഗ് നടത്താനുള്ള സൗകര്യം ഉണ്ടാകേണ്ടതാണ്.
4. വാർഡ് 4 ലെ പറങ്കിമൂച്ചിക്കൽ G.L.P സ്കൂൾ അപ്ഗ്രഡ് ചെയ്യണം. കാരണം മൂന്ന് കിലോമീറ്റർ അകലെയാണ് അടുത്ത യു. പി. സ്കൂൾ സ്ഥിതിചെയ്യുന്നത്. ഒരു യു. പി. സ്കൂൾ ആയി ഉയർത്തുന്നതിനുള്ള എല്ലാവിധ സൗകര്യങ്ങളും നിലവിൽ ഈ സ്കൂളിലുണ്ട്.
5. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കണം.
6. സാക്ഷരതാ തുടർവിദ്യഭ്യാസം ഊർജ്ജിതമാക്കണം.
7. പഠന നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ പഠന സഹായ പ്രവർത്തനങ്ങൾ നടത്താൻ തയ്യാറുള്ള യുവാക്കൾ 4-ാം വാർഡിലുണ്ട് ഇവർക്ക് വേണ്ട ഭൗതിക സൗകര്യങ്ങൾ പഞ്ചായത്ത് നൽകേണ്ടതാണ്.
8. വാർഡ് V-ലെ മുട്ടിപ്പാലം U.P School ഹൈസ്കൂൾ ആയി ഉയർത്തുകയാണെങ്കിൽ 1,2,3,4,5 വാർഡുകളിലെ കുട്ടികൾക്ക് സഹായകരമാകുന്നതായിരിക്കും.
9. അധ്യാപക - വിദ്യാർത്ഥി - രക്ഷിതാക്കളുമായുള്ള സൗഹൃദം വളർത്തേണ്ടതാണ്.
10. പ്രായപൂർത്തിയാവാത്ത പെൺകുട്ടികളുടെ വിവാഹം നടത്തുന്നതിനാൽ അവർക്ക് ഉപരിപഠനം നടത്താൻ പറ്റാത്ത ഒരവസ്ഥയുണ്ട്. ഇതവസാനിപ്പിക്കാൻ രക്ഷാകർത്താക്കളിൽ ഊർജ്ജിമായ ബോധവൽക്കരണ പ്രവർത്തനം നടത്തേണ്ടതാണ്.
11. അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയംസ്കൂളുകളിലെ കടന്നുകയറ്റം പൊതുവിദ്യഭ്യാസത്തെ തകർക്കുന്ന രീതിയിലാണിന്നുള്ളത്. അതിനാൽ പൊതുവിദ്യഭ്യാസത്തിന്റെ പ്രാധാന്യത്തെപറ്റിയുള്ള ബോധവർക്കരണമാവശ്യമാണ്.
12. 10-ാം വാർഡിൽ കോൽക്കളം പ്രദേശത്തെ കുട്ടികൾ ഒരു കി. മീറ്ററിലേറെ നടന്നാണ് അടുത്തുള്ള L.P

സ്കൂളിൽ എത്തുന്നത്. ആയതിനാൽ ഈ പ്രദേശത്ത് അടിയന്തിരമായി ഒരു എൽ. പി. സ്കൂൾ അനുവദിക്കണം.

13. ആക്കപ്പറമ്പിൽ ഒരു അംഗനവാടി അനുവദിക്കണം.

14. എല്ലാ എൽ. പി. സ്കൂളിനോടും അനബന്ധിച്ച് പ്രീപ്രൈമറി വിദ്യഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കണം.

15. വാർഡ് 9 ൽ തുടർപഠനാവാശ്യാർത്ഥം യു. പി. സ്കൂൾ സ്ഥാപിക്കേണ്ടതാണ്.

16. ചേങ്ങോട്ടൂർ പ്രദേശത്തെ എൽ. പി. സ്കൂളിൽ ഉച്ചക്കഞ്ഞി വിതരണം പുനരാരംഭിക്കണം. കൂടാതെ പ്രാഥമിക സൗകര്യങ്ങളും ഉണ്ടാക്കേണ്ടതാണ്.

17. ഈ പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും ഉപരിപഠനത്തിനായുള്ള കോളേജുകളും സ്ഥാപിക്കേണ്ടതാണ്.

18. ഏഴാം വാർഡിൽ സ്ഥിതിചെയ്യുന്ന തലകാപ്പ് സ്കൂളിൽ പ്രാഥമിക സൗകര്യവും വഴിസൗകര്യവും ലഭ്യമാക്കേണ്ടതാണ്.

19. ഹൈസ്കൂളിലെ പഠനനിലവാരം ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

20. 11-ാം വാർഡിലെ G.L.P School ഒരു U.P സ്കൂളായി ഉയർത്തേണ്ടതാണ്. ഈ പ്രദേശത്തെ കുട്ടികൾ 2 കി. മീ ഏറെ നടന്നാണ് യു. പി. സ്കൂളിലെത്തുന്നത്.

വിദ്യഭ്യാസ രംഗത്ത് നിലവിലുള്ള പ്രശ്നങ്ങളെ മറികടക്കാൻ എന്തൊക്കെ മാർഗങ്ങൾ സ്വീകരിക്കണമെന്ന് മേൽക്കാണിച്ച രേഖയുടെ അടിസ്ഥാനത്തിലും ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ് വരേണ്ടതാണ്. ഈ ലക്ഷ്യ സാക്ഷാത്ക്കാരത്തിന് കൂട്ടായ ഒരു ജനകീയ പ്രവർത്തനമാണ് ആവശ്യം. ഓരോ വ്യക്തിയും വിദ്യഭ്യാസ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കാലം നമ്മോട് ആവശ്യപ്പെടുന്നു.

നവംബർ1 ന് തുടക്കം കുറിച്ച പുനരർപ്പണ ദിനത്തിൽ നമ്മുടെ പഞ്ചായത്തിൽ വിദ്യഭ്യാസ രംഗത്ത് മാതൃകാപരമായ പ്രവർത്തനത്തിന് തുടക്കം കുറിച്ചിരിക്കുന്നു. പറങ്കിമൂച്ചിൽ G.L.P School ന്റെ ഗ്രൗണ്ട് നിർമ്മാണത്തിലൂടെ IV-ാം വാർഡ് ഏറ്റെടുത്ത പ്രവർത്തനം വിദ്യഭ്യാസ രംഗത്ത് അനുവർത്തിക്കാവുന്ന മാതൃകാപരമായ പ്രവർത്തനമാണ്.

# കുടിവെള്ളവും പൊതുജന ആരോഗ്യവും

കുടിവെള്ളക്ഷാമം നേരിടുന്ന ഒരു പഞ്ചായത്താണ് പൊൻമള പഞ്ചായത്ത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വേനലിൽ 4-5 മാസത്തോളം അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

പഞ്ചായത്തിന്റെ ഭൂപ്രകൃതിയെ കുന്ന്, ചെരിവ്, സമതലം എന്നിങ്ങനെ മൂന്നായി തരം തിരിക്കാം. ഇതിൽ ഉയർന്ന-ചെരിഞ്ഞ പ്രദേശങ്ങളിൽ മഴകാലത്ത് പോലും കുടി വെള്ളക്ഷാമം അനുഭവപ്പെടുന്നു.

പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി പ്രധാനമായും കിണറുകൾ, കുഴൽകിണറുകൾ ടാപ്പുകൾ, ചോലകൾ തുടങ്ങിയവയെയാണ് ആശ്രയിക്കുന്നത്. എന്നാൽ വേനൽ കാലം തുടങ്ങുന്നതോടു കൂടി മിക്ക കിണറുകളും വറ്റിവരണ്ടുപോവുന്നു.

പഞ്ചായത്തിലെ എല്ലാവാർഡുകളിലും നാമ മാത്രമാണെങ്കിലും പൊതുകിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. മിക്ക വാർഡുകളിലും കുഴൽകിണറുകളും സ്ഥാപിച്ചിട്ടുണ്ട്. പൊതുവിതരണത്തിനായി ചാപ്പനങ്ങാടി ആക്കപ്പറമ്പ് എന്നീ ഭാഗങ്ങളിൽ ടാങ്കുകളും സ്ഥാപിച്ചിട്ടുണ്ട്.

ശുദ്ധജലത്തിന്റെ അഭാവംകൊണ്ട് വയറിളക്കം പോലുള്ള പകർച്ചാവ്യാധികൾ പഞ്ചായത്ത് മേഖലയിൽ വളരെ വ്യാപകമാണ് പ്രത്യേകിച്ചും കുട്ടികളിൽ ലഭ്യമായ കുടിവെള്ളം തന്നെ പൂർണ്ണമായും മലീനീകരണ വിമുക്തമല്ല ഇത് കുടിവെള്ളക്ഷാമം പോലെതന്നെ പഞ്ചായത്ത് അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നമാണ്.

പഞ്ചായത്തിലെ ജലസ്രോതസുകളെ കുറിച്ച് താഴെകൊടുക്കുന്ന പട്ടിക വഴി മനസ്സിലാക്കാം

| കുഴൽ കിണർ | സ്വകാര്യ കിണറുകൾ | ചോലകൾ | പൊതു കിണ | പഞ്ചായത്ത് റുകൾ | ടാപ്പു കൾ | പുഴ കൾ |
|---|---|---|---|---|---|---|
| 19 | 2317 | 11 | 95 | 38 | 92 | 1 (കടലുണ്ടി പുഴ) |

**പ്രശ്നങ്ങൾ**

1. മിക്കവാറും വാർഡുകളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്.

   പ്രത്യേകിച്ചും ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്, പത്ത് പതിനൊന്ന്, വാർഡുകളിൽ

2. കിണറുകൾ ഉള്ള പ്രദേശങ്ങളിൽ തന്നെ വേനൽക്കാലം ആകുമ്പോഴേക്കും അവ വറ്റിവരളുന്നു.

3. പ്രധാനമായും ചാപ്പനങ്ങാടി, അക്കപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ മാത്രമാണ് പൊതുശുദ്ധജല വിതരണ ശൃഖലയുള്ളത്. അത്കൊണ്ട് അവയുടെ സേവനം ആ പ്രദേശങ്ങളിലും പരിസരത്തെ ചിലസ്ഥലങ്ങളിലും മാത്രം

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1. | തേൻപറമ്പ് മുണ്ടിശ്ശേരിപ്പറമ്പ് പൂവാട് | ഈ പ്രദേശങ്ങളിൽ വലിയ ടാങ്കുൾ നിർമ്മിച്ച് കടലുണ്ടിപ്പുഴയിൽ നിന്നും വെള്ളം എത്തിച്ച് പൈപ്പ് ലൈൻ വഴി വിതരണം ചെയ്യുക പൂവാട് പൊതുകിണർ സ്ഥാപിക്കുക |
| 2. | മാണൂർ ബീരാല മലയിൽ കുളമ്പ് | കുഴൽ കിണർ നന്നാക്കുക, ബീരാല കോളനി ഭാഗത്ത് ടാപ്പുകൾ സ്ഥാപിക്കുക, വാർഡു ഒന്നിലെ പ്രശ്നപരിഹാരമാർഗ്ഗത്തിന്റെ പ്രയോജനം ഇവിടേക്കും ലഭ്യമാക്കാം. |
| 3. | വെളുത്തതൊടി കാക്കുമ്പ്, കല്ലാകുളമ്പ്, മാണൂർ ലക്ഷം വീട് | കുഴൽ കിണർ കുഴിച്ച് ഉയർന്ന പ്രദേശത്ത് ടാങ്ക് കെട്ടി വെള്ളം പൈപ്പ് ലൈൻ വഴിവിതരണം ചെയ്യാം. ഒന്നാം വാർഡിലെ പരിഹാരമാർഗ്ഗപ്രയോജനം ഇവിടേക്കും ലഭ്യമാക്കാം. |
| 4. | പറങ്കിമൂച്ചിക്കൽ LP സ്കൂൾ പ്രദേശം | കുഴൽ കിണർ കുഴിച്ച് പൈപ്പ് ലൈൻ ഉപയോഗിച്ച് വിതരണം ചെയ്യുക |
| 5. | മുട്ടിപ്പാലം കിഴക്കേകര | കുഴൽ കിണർ കുഴിക്കുകയും കാഞ്ഞിരമുക്കിൽ നിന്നും പൈപ്പ് ലൈൻ നീട്ടുകയും ചെയ്യുക. വാർഡ് ഒന്നിലെ പദ്ധതിയും പ്രയോജനപ്പെടുത്തുക |
| 6. | കിഴക്കു പ്രദേശം ലക്ഷം വീട് കോളനികൾ ഹൈസ്കൂൾ പരിസര പ്രദേശം ആശുപത്രി പ്രദേശം | ഈ പ്രദേശങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കുക, പൊതുജലവിതരണത്തിന് ഒരു കുഴൽകിണറുകൾ കൂടി കുഴിച്ച് കൂടിതൽ കാര്യക്ഷമമാക്കുക<br>അറബിക്കുളം പദ്ധതി വികസിപ്പിച്ച് പഞ്ചായത്തിലെ ഉയർന്ന പ്രദേശമായ ചാപ്പനങ്ങാടിയിൽ ഉയർന്ന സംഭരണശേഷിയുള്ള ടാങ്ക് നിർമ്മിച്ച് സമീപവാർഡുകളിൽ കൂടി പ്രയോജനം എത്തത്തക്ക രീതിയിൽ വിതരണം ചെയ്യുക |
| 7. | കുരിയാട് തലകാപ്പ് | ആറമ്പിക്കുളം പദ്ധതി ഉയപോയഗപ്പെടുത്താം. |
| 8. | മണ്ണഴി, കോട്ടപ്പുറം | ആക്കപ്പറമ്പ് പദ്ധതിയുടെ പ്രയോജനം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുക |
| 9. | ചേങ്ങോട്ടൂർ, കരിന്തവരക്കുന്ന്, കാട്ടുങ്ങൽ, ചോല, ഓടങ്കാട് ഹരിജൻ കോളനി നെല്ലോളിപ്പറമ്പ്, മുണ്ടിയംതറ | നെല്ലോളി പറമ്പിൽ കുഴൽ കിണറും ടാങ്കും സ്ഥാപിച്ച് പ്രശ്ന പ്രദേശങ്ങളിൽ പൈപ്പ് ലൈൻ വഴി ജലവിതരണം നടത്തുക |
| 10. | പനങ്ങാട്ട് കുളമ്പ് കരിമ്പന | കുഴൽ കിണർ സ്ഥാപിച്ച് പൈപ്പ് ലൈൻ വഴി ജലവിതരണം നടത്തുക ആറമ്പിക്കുളം പദ്ധതി പ്രയോജനപ്പെടുത്തക |
| 11. | ചുനൂർ ചോലാക്കൽ ഭാഗം കുന്നംകുറ്റി | കുഴൽ കിണർ കുഴിക്കുക. പൊതുസ്ഥലത്ത് കുളം നിർമ്മിക്കുക |

ലഭ്യമാകുന്നു.

4. ഇതുതന്നെ വളരെ പരിമിതയായ തോതിൽ മത്രമാണ് ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നത്

5. മിക്കവാറും കിണറുകൾക്ക് ചുറ്റുമതിലില്ല അതുകാരണം ലഭ്യമായ ജലം തന്നെ മലിനീകരിക്കപ്പെട്ടതാണ്.

6. പഞ്ചായത്തിലെ ചില പ്രദേശങ്ങൾ ഉയർന്നും മറ്റും ചില പ്രദേശങ്ങൾ കുത്തനെ ചെരിഞ്ഞുമാണ് സ്ഥിതി ചെയ്യുന്നത്. ഇതിനാൽ കിണറുകൾ വഴി ശുദ്ധജലം ലഭിക്കുക അസാധ്യമാണ്.

7. പൊതു ജല വിതരണ ലൈനുകളിൽ കൂടെ കൂടെ യുണ്ടാകുന്ന കേടുപാടുകൾ യഥാസമയം കണ്ടെത്തതാതിരിക്കുകയും തൽസമയം കേടുപാടുകൾ പരിഹരിക്കാതിരിക്കുന്നതും ഒരു പരിധി വരെ കുടിവെള്ള ക്ഷാമത്തിന് ഹേതുവാകുന്നു.

8. ഇത് മൂലം ലഭിക്കേണ്ട ജലം ധാരാളം പാഴായി പോകുകയും ചെയ്യുന്നു

9. അശാസ്ത്രീയവും അമിതവുമായ രീരിയിലുള്ള കുഴൽകിണർ നിർമ്മാണം കാരണം ചില പ്രദേശങ്ങളിൽ പരിസരത്തുള്ള കിണറുകൾ പൂർണ്ണമായും വറ്റി വരളുന്നു. മുൻകാലങ്ങളിൽ കൊടും വേനലിൽപോലും വറ്റാത്തതും അനേകം കുടുംബങ്ങൾക്ക് ആശ്രയവുമായിരുന്ന കിണറുകൾ പോലും ഇതുകാരണം വേനലാകുന്നതിനു മുൻപേ വറ്റിവരളുന്നു.

10. ചില പ്രദേശങ്ങളിലെ പൊതുകിണറുകളിൽ നിന്നടക്കം ലഭിക്കുന്നവെള്ളം പരിസരത്തു വെച്ചു തന്നെ വസ്ത്രങ്ങൾ അലക്കുവാനും, കുളിക്കുവാനും, വാഹനങ്ങൾ കഴുകുവാനും കന്നുകാലികളെ കുളിപ്പിക്കുവാനും ഉപയോഗിക്കുന്നത് കാരണം കൂടുതലും പാഴായി പോകുവാനും കുടിക്കാനുപയോഗിക്കുന്നത് തന്നെയും മലിനമാകുവാനും കാരണമാകുന്നു.

**പരിഹാര നിർദ്ദേശങ്ങൾ**

1. കുഴൽ കിണറുകൾ നിർമ്മിക്കുക

എല്ലാ ഗ്രാമ സഭകളിൽ നിന്നും പൊതുവെ ഉയർന്നു വന്ന നിർദ്ദേശമാണ് കുഴൽ കിണർ സ്ഥാപിക്കുക എന്നത്. ജലശ്രോതസിന്റെ ലഭ്യതയെ കുറിച്ച് വിദഗ്ദ്ധരുടെ അഭിപ്രായമരാഞ്ഞതിന് ശേഷം കൂടുതൽ ആളുകൾക്ക് ഉപകാരപ്രദമാവുന്ന സ്ഥലങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കണം

കേടായി ഉപയോഗ ശൂന്യമായി കിടക്കുന്ന കുഴൽ കിണറുകൾ നന്നാക്കി കുടിവെള്ളം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം.

2. പൊതുകിണറുകൾ നന്നാക്കുക

പൊതുകിണറുകളിലെ ചെളി നീക്കം ചെയ്ത്. ആഴം കൂട്ടി കോൺക്രീറ്റ് റിംഗുകൾ സ്ഥാപിക്കുക വഴി കുടിവെള്ളം വേനലിൽ പോലും നിലനിർത്താൻ കഴിയും.

3. പുതിയ ജലശ്രോതസ്സുകൾ കണ്ടെത്തുക

കുടിവെള്ളപ്രശ്നം കാര്യക്ഷമമാക്കാൻ ജലശ്രോതസുകൾ കണ്ടത്തി, ടാങ്കുകളിലെ സംഭരണശേഷി വർദ്ധിപ്പിക്കാനും കഴിയണം.

4. പൊതുജലവിതരണം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുക വഴി കുടിവെള്ളക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും.

5. പ്രകൃതി ജല ഉറവിടങ്ങൾ ഉപയോഗപ്പെടുത്തൽ വഴി (ചോല, കാട്ടുനീരൊഴുക്ക്) വെറുതെ ഒഴുകി നഷ്ടമാവുന്ന ജലം തടഞ്ഞ് നിർത്തി കുടിവെള്ളത്തിനായി വിതരണം ചെയ്യാനുള്ള പദ്ധതികൾ ആരംഭിക്കുക.

6. ജലം പാഴായി പോവുന്നത് തടയുക

പൊതുജല വിതരണ പൈപ്പുകളിൽ ഉണ്ടാവുന്ന തകരാറുകൾ തൽസമയം തന്നെ കണ്ടത്തി പരിഹരിച്ച് ജലം പാഴായി പോവുന്നത് തടയുക

7. കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുക

കുടിവെള്ളം കാർഷിക ആവശ്യങ്ങൾക്കും കന്നുകാലികളെ കുളിപ്പിക്കുന്നതിനും, വാഹനങ്ങൾ കഴുകുന്നതിനും, കുളിക്കുന്നതിനും, അലക്കുന്നതിനും മറ്റുമായി ഉപയോഗപ്പെടുത്തുന്നത് തടയുക.

8. ജലം മനിനമാകുന്നത് തടയുക ജലം മനിനമാകുന്നത് തടയാൻ കിണറുകൾക്ക് ചുറ്റുമതിൽ കെട്ടുകയും വല കെട്ടുകയും ചെയ്യുക ക്ലോറിനേഷൻ വഴി ജലം ശുദ്ധീകരിക്കക.

**സാധ്യതകൾ**

1. കടലുണ്ടി പുഴയിൽ നിന്നും വെള്ളം പഞ്ചായത്തിന്റെ ഉയർന്ന ഭാഗത്ത്, ഉയർന്ന സംഭരണശേഷിയുള്ള ടാങ്ക് കെട്ടി ശേഖരിച്ച് പൊതു ടാപ്പുകൾ വഴി വിതരണം ചെയ്യുകയാണെങ്കിൽ പഞ്ചായത്തിലെ 1,2,3,4,5 വാർഡുകളിലെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

2. ധാരാളം ജലം ലഭിക്കുന്ന കൂരിയാടിന് അടുത്ത പ്രദേശ

മായ ആറമ്പിയിൽ ഉയർന്ന സംഭരണം ശേഷിയുള്ള ടാങ്ക് സ്ഥാപിച്ച് പൊതുടാപ്പുകൾ വഴി, പഞ്ചാത്തിലെ 6,7,8,9,10, 11 വാർഡുകളുടെ കുടിവെള്ളപ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും

3. നിലവിലുള്ള രണ്ട് പൊതുജലവിതരണ ശൃംഖലകളുടെയും ജലസ്രോതസുകൾ ഉപയോഗിച്ചും സംഭരണ ശേഷി വർദ്ധിപ്പിച്ചും വിതരണം കൂടുതൽ കാര്യക്ഷമമാക്കിയും വിതരണം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിച്ചും പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ കഴിയും

മുകളിൽ പറഞ്ഞ പദ്ധതികൾ നടപ്പിലാക്കികൊണ്ട് മാത്രമെ കുടിവെള്ള ക്ഷാമം ശാശതമായി പരിഹരിക്കാൻ കഴിയൂ. ഇതിനായി ത്രിതല പഞ്ചായത്ത് സമിതികളും സംസ്ഥാന സർക്കാരും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇതിനായി മനുഷ്യാധ്വാന മടക്കമുള്ള വിഭവങ്ങൾ നൽകികൊണ്ട് നമുക്ക് പ്രവർത്തിക്കാൻ കഴിയണം.

## ആരോഗ്യം

പൊന്മള ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ആളുകളിൽ ഭൂരിഭാഗവും കൃഷിക്കാരാണ്. ഗ്രാമപഞ്ചായത്തിലെ ഒട്ടാകെ ജനസംഖ്യ 25635 ആണ്. ഇത്രയും ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് രണ്ട് ഗവണ്മെന്റ് സ്ഥാപനങ്ങളേ നിലവിലുള്ളു.

ഒരു പ്രൈമറി ഹെൽത്ത് സെന്ററും, നാല് സബ്സെന്ററുകളും. കഴിഞ്ഞ കാലത്ത് ആരോഗ്യസംരക്ഷണത്തിന് വളരെ ദൂരെയുള്ള കോട്ടക്കൽ ആര്യവൈദ്യശാല, മലപ്പുറത്തെ എം.എസ്.പി. ആശുപത്രി കൂടാതെ നാട്ടുവൈദ്യന്മാരുടെ സേവനവുമാണ് ഉപയോഗിച്ചിരുന്നത്. അന്ധവിശ്വാസങ്ങൾ കൂടുതലുള്ള ഒരു കാലഘട്ടമായതുകൊണ്ട് രോഗശമനത്തിനായി ജപവും, ജപിച്ച നൂലും, വെള്ളവും ഉപയോഗിച്ചിരുന്നു. ഇത് പലപ്പോഴും അപകടത്തിലെത്തിച്ചിരുന്നു. ഉദാഹരണം. പാമ്പുകടി, പ്രസവം. എന്നാൽ പഞ്ചവത്സരപദ്ധതികളുടെ ആവിർഭാവത്തോടെ ഓരോ ബ്ലോക്ക് ഏരിയകളിലും ഒരു പ്രൈമറി ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കപ്പെട്ടു. അതുപോലെ ആയുർവേദ, ഹോമിയോ ആശുപത്രികളും നിലവിൽ വന്നു.

കേരളത്തിൽ കുടുംബക്ഷേമ ആസൂത്രണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായതോടെ അജ്ഞതയും അന്ധവിശ്വാസങ്ങളും നീങ്ങുവാൻ തുടങ്ങി. അതിന്റെ ഫലമായി രോഗങ്ങൾ വന്നാൽ ചികിത്സ ആവശ്യമാണെന്ന് ജനങ്ങൾക്ക് ബോധ്യമായി. ഉദാ. കോളറ ബാധിക്കുന്നത് ചെകുത്താന്റെ പണിയാണെന്നും, വസൂരി വരുന്നത് മാരിയമ്മ വിളയാട്ടമാണെന്നും ആദ്യം ധരിച്ചിരുന്നു. ആരോഗ്യ പ്രവർത്തകർ ബോധവൽക്കരണം നടത്തുകയും ഗോവസൂരി പ്രയോഗത്തിലൂടെയും, കോളറ കുത്തിവെപ്പിലൂടെയും പരിഹാരം കണ്ടെത്തുക വഴി ഒരു പരിധിവരെ അന്ധവിശ്വാസങ്ങളിൽ നിന്നും മോചനം നേടാൻ സാധിച്ചിട്ടുണ്ട്.

പൊന്മള ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ചാപ്പനങ്ങാടി പ്രദേശത്ത് സ്ഥിതിചെയ്യുന്നു. ഇവിടെ 20 ജീവനക്കാരുണ്ട്. പട്ടിക 1 ശ്രദ്ധിക്കുക.

പട്ടികയിൽ സൂചിപ്പിച്ച ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – I, ഗ്രേഡ് II, ഡ്രൈവർ എന്നിവരുടെ പോസ്റ്റുകൾ വളരെക്കാലമായി ഒഴിഞ്ഞുകിടക്കുന്നു. പഞ്ചായത്തിലെ രണ്ടാമത്തെ ആതുരാലയം ഒരു ഗവണ്മെന്റ് ഹോമിയോ ആശുപത്രിയാണ്. (മൂന്നാം വാർഡിൽ). ഇവിടെ 4 ജീവനക്കാരാണ് ഉള്ളത്. ഫാർമസിസ്റ്റിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുന്നു. കൂടാതെ രണ്ട് പ്രൈവറ്റ ഹോമിയോ ക്ലിനിക്കുകളും 4 നാട്ടുവൈദ്യന്മാരുടെ ചികിത്സാസേവനവും ലഭിക്കുന്നു.

കഴിഞ്ഞ കുറെ വർഷങ്ങളിൽ മികച്ച കുടുംബക്ഷേമപ്രവർത്തനങ്ങളുടെ ഫലമായി ജനങ്ങളിൽ ഒരു പുതിയ ആരോഗ്യ സംസ്കാരം ഉയർന്നു വന്നു. അതിന്റെ ഫലമായി പ്രസവസമയത്തുള്ള മരണവും ജനിച്ച ഉടനെയുള്ള മരണനിരക്കും കുറയ്ക്കുവാൻ സാധിച്ചു. കേരളത്തിലെ മരണനിരക്ക് 1000ന് 5.9 ആകുന്നു. എന്നാൽ പഞ്ചായത്തിലെ മരണനിരക്ക് 2.9 ആണ്. കേരളത്തിലെ ജനനനിരക്ക് 17 ആണ്. പഞ്ചായത്തിലേത് 20.5 ആണ്. കേരളത്തിലെ ശിശുമരണനിരക്ക് 16 ആകുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലേത് 11.40 ആണ്.

സമൂഹത്തിൽ കൂടുതൽ ആരോഗ്യസംരക്ഷണം ലഭിക്കേണ്ടവരാണ് ഗർഭിണികളും, കുട്ടികളും. ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കണമെങ്കിൽ ഒരു സ്ത്രീ ഗർഭം ധരിച്ചതുമുതൽ പ്രസവിക്കുന്നതുവരെ രോഗങ്ങളിൽ നിന്നും, പോഷകാഹാരക്കുറവിൽ നിന്നും രക്ഷിക്കേണ്ടിയിരിക്കുന്നു. ഒരു കുഞ്ഞ് ജനിച്ചാലുടൻ അതിന് രോഗപ്രതിരോധ കുത്തിവെപ്പുകൾ നടത്തിയും, പോഷകാഹാരങ്ങൾ നൽകിയും പരിരക്ഷിക്കേണ്ടതാണ്.

പൊന്മള ഗ്രാമപഞ്ചായത്തിൽ അനുപൂരക പോഷകാഹാരങ്ങൾ കൊടുക്കുന്ന അമ്മമാരുടെയും കുട്ടികളുടെയും കണക്കുകൾ താഴെ കൊടുക്കുന്നു. പട്ടിക B ശ്രദ്ധിക്കുക.

പട്ടിക – 1

| S.L | തസ്തിക | എണ്ണം |
|---|---|---|
| 1. | മെഡിക്കൽ ആപ്പീസർ | 1 |
| 2. | ഫാർമസിസ്റ്റ് | 1 |
| 3. | സ്റ്റാഫ് നഴ്സ് | 1 |
| 4. | നഴ്സിംഗ് അസിസ്റ്റൻ | 1 |
| 5. | ഹോസ്പിറ്റൽ അറ്റന്റർ I | 1 |
| 6. | ഹോസ്പിറ്റൽ അറ്റന്റർ II | 1 |
| 7. | സ്പീപ്പർ | 1 |
| 8. | എൽ. ഡി. ക്ലാർക്ക് | 1 |
| 9. | ടെക്നീഷ്യൻ | 1 |
| 10. | ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| 11. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർI | 1 |
| 12. | ജീനിയർ ഹെൽത്ത് ഇൻസപെക്ടർ | 2 |
| 13. | ജൂനിയർ പബ്ലിക്ക് ഹെൽത്ത്നെഴ്സ് | 1 |
| 14. | ലെപ്രസി ഹെൽത്ത് വിസിറ്റർ | 1 |
| 15. | ലേഡി ഹെൽത്ത് വിസിറ്റർ | 1 |
| 16. | ഡ്രൈവർ | 1 |

ആരോഗ്യകേന്ദ്രങ്ങളുടെ കഴിഞ്ഞ കാലങ്ങളിൽ പ്രാഥമിക കുടുംബക്ഷേമ പ്രവർത്തനങ്ങളുടെ ഫലമായി ഒരു പുതിയ ആരോഗ്യ സംസ്കാരം തന്നെയുണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മരണനിരക്ക് ഇതിന് നേട്ടമായി കാണാം. കേരളത്തിലെ ജനനനിരക്ക് 17 ഉം പൊന്മള ഗ്രാമപഞ്ചായത്തിന്റേത് 20.5 ഉം ആകുന്നു. കേരളത്തിലെ മരണ നിരക്ക് 5.9 ഉം നമ്മുടെ പഞ്ചായത്തിലേത് 2.9 മാണ്.

ശിശുമരണ നിരക്ക് കേരളത്തിലേത് 16 ഉം പഞ്ചായത്തിലേത് 11.4 മാകുന്നു. ഈ കണക്കുകൾ പ്രകാരം ആരോഗ്യ രംഗത്ത് നമ്മുടെ പഞ്ചായത്ത് മുന്നോക്കമാണെങ്കിലും ജനനനിരക്കിൽ സംസ്ഥാന ശരാശരിയേക്കാൾ മുൻപന്തിയിലാണെന്നസത്യം നാമറിയേണ്ടിയിരിക്കുന്നു. ചെറിയ കുടുംബം സന്തുഷ്ടകുടുംബം എന്ന ആശയം ഇവിടുത്തെ ജനങ്ങളിൽ എത്രമാത്രം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന കാര്യം പരിശോധിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ വളരെ കുറഞ്ഞ ആളുകൾ മാത്രമാണ് സ്ഥിരമായോ താൽക്കാലികമായോ ഉള്ള കുടുംബാസൂത്രണ മാർഗവുമായി സഹകരിച്ച് കാണുന്നത്.

സ്ഥിരമായി കുടുംബാസൂത്രണ മാർഗം സ്വീകരിച്ചവർ

| | |
|---|---|
| 1 കുട്ടിയുള്ളവർ | 47 |
| 2 കുട്ടിയുള്ളവർ | 785 |
| 2ൽ കൂടുതൽ കുട്ടികളുള്ളവർ | 1068 |
| ആകെ | 1900 |

**ആരോഗ്യസ്ഥിതിവിവരകണക്കുകൾ**

പൊന്മള ഗ്രാമപഞ്ചായത്തിലെ

| | |
|---|---|
| ആകെ വീടുകൾ | – 4747 |
| കക്കൂസ് ഉള്ള വീടുകളുടെ എണ്ണം | – 2803 |
| കുടിവെള്ള ശ്രോതസ് | – 2928 |
| തൊഴുത്ത് | – 2117 |
| വീടിനോടു ചേർന്നുള്ള തൊഴുത്തുകൾ | - 864 |
| പ്രത്യേകിച്ച് നിർമ്മിച്ചത് | – 1253 |
| അംഗൻ വാടികളുടെ എണ്ണം | – 25 |
| അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം. | 2474 |
| പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | – 169 |
| മന്ദബുദ്ധികൾ | – 11 |

ആരോഗ്യമുള്ള തലമുറയാണ് നമ്മുടെ നാട്ടിൽ വളർന്ന് വരേണ്ടത്. അത്കൊണ്ട്തന്നെ ആരോഗ്യപരമായി വളരെയധികം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഗർഭിണികളും കുട്ടികൾക്കും ഇവർക്കാവശ്യമായ പോഷകാഹാരങ്ങൾ ലഭ്യമാക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമായി കണക്കിലെടുക്കേണ്ടതാണ്.

അനുപൂരക പോഷകാഹാരങ്ങൾ ലഭിക്കുന്ന അമ്മ മാരുടേയും കുട്ടികളുടെയും കണക്കുകൾ

| 1 | 2 | 3 |
|---|---|---|
| കുട്ടികളുടെ എണ്ണം | ഗർഭിണികളുടെ എണ്ണം | മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം. |
| 2474 | 299 | 164 |

പഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ചികിൽസ ലഭിച്ചവരുടെ കണക്കുകൾ

| വർഷം | ഔട്ട്പേഷ്യന്റ് | ഇൻപേഷ്യന്റ് |
|---|---|---|
| 93-94 | 11381 | 30 |
| 94-95 | 11939 | 4 |
| 95-96 | 12690 | NIL |

പഞ്ചായത്തിൽ രോഗ പ്രതിരോധ കുത്തിവെപ്പു കൾ നടത്തിയ കുട്ടികളുടെയും അമ്മമാരുടേയും കണക്കുകൾ

| ആകെ കുട്ടികൾ | കുത്തിവെപ്പ് നടത്തിയവർ | ആകെ ഗർഭിണികൾ | പ്രതിരോധ കുത്തിവെപ്പ് നടത്തിയ ഗർഭിണികൾ |
|---|---|---|---|
| 560 | 497 | 299 | 169 |

ഗ്രാമപഞ്ചായത്തിലെ ജനന മരണകണക്കുകൾ താഴെ കൊടുക്കുന്നു

| S.L | വർഷം | ജനനം | മരണം | ചാപ്പിള്ള ജനനം |
|---|---|---|---|---|
| 1 | 1993-94 | 271 | 79 | ഇല്ല |
| 2 | 1994-95 | 281 | 53 | ഇല്ല |
| 3 | 1995-96 | 386 | 51 | 1 |

പൊന്മള ഗ്രാമപഞ്ചായത്തിലെ പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 77 | 11 | 1 | - |
| 1994-95 | 145 | 4 | 1 | - |
| 199-96 | 154 | 11 | 1 | - |

പൊന്മള ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭയിൽ ആരോഗ്യരംഗത്തെ പറ്റി ഉയർന്നുവന്ന പ്രശ്നങ്ങൾ

1. പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ ശോചനീയാവസ്ഥ
2. ആവശ്യത്തിന് സ്റ്റാഫില്ലാത്ത അവസ്ഥ
3. സ്ഥിരമായി ഡോക്ടർ ഇല്ലാത്തത്
4. ആവശ്യമായ മരുന്നുകൾ ഉപകരണങ്ങൾ ലഭ്യമാകുന്നില്ല
5. ജനസംഖ്യാനുപാതികമായി സബ്സെന്ററുകൾ സ്ഥാപിക്കുന്നില്ല.
6. സ്വകാര്യ ആശുപത്രികളിലെ സുഖസൗകര്യങ്ങൾ തേടിയാണ് ഇന്ന് രോഗികൾ പോകുന്നത്. ഇത് പൊതുജനാരോഗ്യ സംവിധാനത്തെ കൂടുതൽ തളർത്തുന്നു.
7. സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ സ്വകാര്യ ചികിൽസ നിയന്ത്രിക്കേണ്ടതാണ്.
8. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള അനധികൃത അറവുശാലകൾ നീക്കം ചെയ്യുക
9. പൊന്മളയങ്ങാടിയിലൂടെ ഒഴുകുന്ന മലിന ജലം ഓടകീറി ഒഴിവാക്കുക.
10. പൊന്മളയങ്ങാടിയിൽ ഹെൽത്ത് സെന്റർ തുടങ്ങുക
11. ഹോമിയോ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിയുക.
12. V, VIII വാർഡുകളിൽ പൊതുജനാരോഗ്യകേന്ദ്രം സ്ഥാപിക്കുക.
13. ഹോട്ടലുകളിലെ പഴകിയ ആഹാര സാധനങ്ങൾ വിൽക്കുന്നത് തടയുക
14. പഞ്ചായത്തിലെ പാവപ്പെട്ടവരായ ജനവിഭാഗങ്ങൾക്ക് കിണറിന് ചുറ്റുതിൽകെട്ടാൻ സാമ്പത്തിക സഹായം നൽകുക.

15. ചട്ടിപ്പറമ്പ്, പാപ്പനങ്ങാടി, വട്ടപ്പറമ്പ് ഭാഗങ്ങളിൽ അറുത്തകോഴികളുടെ അവശിഷ്ടങ്ങൾ ഉപേക്ഷിക്കുന്നതിനാൽ പരിസരമലിനീകരണം ഉണ്ടാകുന്നു.
16. നിർദ്ധനരായ കുടുംബക്കാർക്ക് കക്കൂസ് നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകുക.
17. ചാപ്പനങ്ങാടി P.H.C. ആശുപത്രിയാക്കി ഉയർത്തുക. രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുക. ഒരു വിദഗ്ദ ഡോക്ടറെ കൂടി നിയമിക്കുക.

**സാധ്യതകൾ**

1. പൊതുജന ആരോഗ്യ സംവിധാനത്തെ ആകർഷകമാക്കുക

   രോഗചികിൽസയ്ക്ക് ആവശ്യമായ സംവിധാനങ്ങളും സൗകര്യങ്ങളും ഔഷധങ്ങളും ലഭ്യമാക്കുകയും അവ ഉപയോഗിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക
2. ആശുപത്രി സംരക്ഷണ സമിതികളുടെ പ്രവർത്തനം സജീവമാക്കുക.
3. ഔഷധങ്ങളുടെയും ഉപകരണങ്ങളുടെയും വാങ്ങലും ഉപയോഗവും ജനകീയ പരിശോധനയ്ക്ക് വിധേയമാക്കണം.
4. സ്ഥിരമായി ഡോക്ടർമാരെ നിയമിക്കുക
5. ആശുപത്രിക്ക് ആവശ്യമായ വാഹനങ്ങൾ അനുവദിക്കുക.
6. പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രി അനുവദിക്കുക.
7. പച്ചിലക്കറികളുടെ പ്രാധാന്യത്തെപ്പറ്റിയുള്ള അവബോധം ജനങ്ങളിലെത്തിക്കുക.
8. പ്രതിരോധകുത്തിവെപ്പുകളും കുടുംബാസൂത്രണ മാർഗ്ഗത്തെപ്പറ്റിയും ജനകീയ ബോധവൽക്കരണം നടത്തുക.
9. പരിസര ശുചിത്വത്തെപ്പറ്റി ജനങ്ങൾക്ക് കൂടുതൽ അപബോധമുണ്ടാക്കുക.
10. ചാപ്പനങ്ങാടിയിലുള്ള ആരോഗ്യ ഉപകേന്ദ്രം പ്രവർത്തനക്ഷമമാക്കുക.

പുതിയൊരു ജനകീയ ആരോഗ്യകാഴ്ചപ്പാട് 9-ാം പദ്ധതിയുടെ പൂർത്തികരണത്തോടെ ഉണ്ടാക്കാൻ കഴിഞ്ഞാൽ നമ്മൾ ലക്ഷ്യത്തിലെത്തിയെന്നുപറയാം. ഇതിനായി നമുക്കൊത്തുചേരാം.

# ഗതാഗതം ഊർജ്ജം മാർക്കറ്റ്

### ഗതാഗതം

പൊന്മള പഞ്ചായത്ത് രൂപീകരിക്കുന്നതിന് മുമ്പ് പൊന്മള വഴി കടന്നുപോകുന്ന മലപ്പുറം കോട്ടക്കൽ റോഡും ചാപ്പനങ്ങാടി വഴി കടന്നുപോകുന്ന കോട്ടക്കൽ പെരിന്തൽമണ്ണ റോഡും മാത്രമാണ് ഉണ്ടായിരുന്നത്.

1982-ന് ശേഷം ചാപ്പനങ്ങാടി-കൂരിയാട് റോഡും, വട്ടപ്പറമ്പ് - കാടമ്പുഴ റോഡ് എന്നിവയാണ് പുതുതായി ഉണ്ടായ പൊതുമരാമത്ത് വകുപ്പ് റോഡുകൾ.

1953 മുതൽ പൊതു ജനങ്ങൾ ആവശ്യപ്പെട്ടിരുന്ന മാണൂർ-പറങ്കിമൂച്ചിക്കൽ റോഡ്. 1 വർഷം മുമ്പ് പൊതുമരാമത്ത് വകുപ്പ് പണിയാരംഭിച്ചിട്ടുണ്ട്.

ചട്ടിപ്പറമ്പ്-കട്ന്നാമൂട്ടി കാടാമ്പുഴ റോഡ് 1982 ൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തെങ്കിലും സാങ്കേതികത്വത്തിന്റെ പേര് പറഞ്ഞ് ടെൻഡർ ചെയ്യാൻ താമസിക്കുകയാണുണ്ടായത്. പിന്നീട് ഈ റോഡ് ചട്ടിപ്പറമ്പ്-ആക്കപ്പറമ്പ്-ചൂനൂർ റോഡ് എന്ന പേരിൽ 1992-ൽ ന്യൂ സ്കീം എം.എൽ.എ. റോഡിൽ ഉൾപ്പെടുത്തി ചട്ടിപ്പറമ്പ് മുതൽ ആക്കപ്പറമ്പ് വരെ പണി നടന്നുകൊണ്ടിരിക്കുന്നുണ്ട്.

കൊളത്തൂർ-കോട്ടക്കൽ റോഡ് എന്ന പൊതുമരാമത്ത് വകുപ്പ് എറ്റെടുത്ത റോഡ് കടുന്നാമൂട്ടി മുതൽ ചൂനൂർ വരെ ഈ പഞ്ചായത്തിലൂടെ കടന്നു പോകന്നു. യാതൊരു ഗതാഗത സൗകര്യവുമില്ലാത്തതുകൊണ്ട് 8,10,11 ഗ്രാമസഭകൾ ഈ റോഡ് എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത കോഡൂർ പാറമ്മൽ - പുളിയാട്ടുകുളം - ചാപ്പനങ്ങാടി എന്ന പേരിലുള്ള റോഡ് ഈ പഞ്ചായത്തിലെ 4,5 വാർഡുകളിൽക്കൂടി കടന്നുപോകുന്നു. ഈ പഞ്ചായത്തിൽ യാതൊരു ഗതാഗത സൗകര്യവുമില്ലാത്ത ഒരു പ്രദേശമാണ് മുട്ടിപ്പാലം, മേൽമുറി, ചിറക്കുണ്ട് എന്നിവ. അതുകൊണ്ട് ഈ റോഡിന് പ്രത്യേക പരിഗണന നൽകമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

### പഞ്ചായത്ത് റോഡുകൾ:

പഞ്ചായത്തിൽ മൺറോഡുകളുണ്ടെങ്കിലും, ഗതാഗത യോഗ്യമായവ 4.4 കി.മി. മാത്രമാണ് ടാർ ചെയ്തിട്ടുള്ളത്. 10. കി.മി. ഓളം റോഡുകൾ ഗതാഗതയോഗ്യവും 15 കി.മി. ഓളം റോഡുകൾ തീരെ ഗഗാഗതയോഗ്യമല്ലാത്തവയുമാണ്.

35 കി.മി. റോഡുകൾ ഈ പഞ്ചായത്തിൽ പുതുതായി നിർമ്മിക്കണമെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ ആവശ്യപ്പെടുന്നു. കൂടാതെ നിലിവിലുള്ള പഞ്ചായത്ത് റോഡുകൾ വിപുലീകരിച്ച് ഗതാഗത യോഗ്യമാക്കുന്നതിനും മുഴുവൻ ഗ്രാമസഭകളിൽ നിന്നും ആവശ്യങ്ങളുയർന്നിരിക്കുന്നു.

വെള്ളം കെട്ടിനിൽക്കുന്നതൊഴിവാക്കാൻ റോഡുയർത്തി ഓടകൾ നിർമ്മിക്കാൻ നിർദ്ദേശിച്ച സ്ഥലങ്ങൾ

1. മലപ്പുറം -തിരൂർ റോഡിൽ പൊന്മള കിഴക്കേതല മുതൽ പടിഞ്ഞാറെതല വരെ.
2. പെരിന്തൽമണ്ണ-തിരൂർ റോഡിൽ ചാപ്പനങ്ങാടി ജുമാമസ്ജിദ് മുതൽ കൂരിയാട് റോഡ് ജംഗ്ഷൻ വരെ. ചാപ്പനങ്ങാടി സി.എച്ച്. റോഡ് മുതൽ ജാറം പടിവരെ.
3. ചാപ്പനങ്ങാടി - കൂരിയാട് റോഡിൽ തലാപ്പ് റോഡ് ജംഗ്ഷൻ മുതൽ കൂരിയാട് അങ്ങാടി വരെ.
4. തലാപ്പ് - ജംഗ്ഷൻ

**സാദ്ധ്യതകൾ**

ഈ പഞ്ചായത്തിന്റെ പൊതുവായ വികസനത്തിന് സാദ്ധ്യമാകുന്ന നിർദ്ദേശങ്ങൾ

1. നാഷണൽ ഹൈവേ 17. വെട്ടിച്ചിറനിന്നും പത്തായകല്ല് - ഇന്ത്യന്നൂർ, കൂരിയാട് ചാപ്പനങ്ങാടി - പറങ്കി മുച്ചിക്കൽ മാണൂർ - ഒതുക്കുങ്ങൽ - മൂലപറമ്പ് വഴി നിർമ്മാണത്തിലിരിക്കുന്ന പരന്നുക്കാട് പാലം വഴി കോഴിക്കോട് വിമാനത്താവളവുമായി ബന്ധിപ്പിക്കുക.
2. പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ചട്ടിപ്പറമ്പ്-കടുന്നാമുട്ടി - കാടാമ്പുഴ റോഡ് പൂർത്തിയാക്കിയാൽ ജില്ലാ ആസ്ഥാനമായ മലപ്പുറത്ത് നിന്ന് തീർത്ഥാടന കേന്ദ്രമായ കാടാമ്പുഴ ക്ഷേത്രത്തിലേക്കുള്ള ദൂരം 15.കി.മി. ലാഭിക്കാൻ കഴിയും.
3. പെരിന്തൽമണ്ണ - തിരൂർ റോഡ് നിലവിൽ 24 .മീ. വീതിയുണ്ടെങ്കിലും പല സ്ഥലങ്ങളിലും ആളുകൾ കയ്യേറി പട്ടയം കരസ്ഥമാക്കുവാൻ ശ്രമങ്ങൾ നടക്കുന്നുണ്ട്. ഈ വീതി നിലനിർത്തി തിരൂർ-പെരിന്തൽമണ്ണ-മണ്ണാർക്കാട് ഹൈവേയാക്കാൻ നിർദ്ദേശിക്കുന്നു.

ട്രാക്ടറുകൾ ഇറക്കാനും നടവഴികൾ നിർമ്മിക്കാനും നിർദ്ദേശിച്ച സ്ഥലങ്ങൾ

1. എടച്ചിനിക്കാട് ഇടവഴി 400 മീറ്റർ

VI ചാപ്പനങ്ങാടി -മാർക്കറ്റ് -തലക്കാപ്പ് റോഡ് വരെ ഇടവഴി 150 മീ.

V പൊന്മള ഹരിജൻ കോളനിയിലേക്ക് പാലം നിർമ്മിക്കുക.

VII പൂച്ച പള്ളിയാലിൽ നിന്നും പാടത്തേക്കുള്ള നടവഴി നന്നാക്കുക. 600 മീറ്റർ.

VIII. അമ്മിക്കൽ പടി- പുതിയ നടവഴി ഉണ്ടാക്കുക. 400 മീറ്റർ.

IX ആളംപാറ-ദേവതകുഴി ഇടവഴി നന്നാക്കുക 400 മീറ്റർ

കാട്ടിങ്ങച്ചോലയിൽനിന്ന് പെരയി പള്ളിയാലി വഴി പെരഴിപാടത്തേക്ക് ട്രാക്ടറിറക്കാൻ വഴി നന്നാക്കുക. 1. k.m.

നെല്ലോളി പറമ്പ് നിന്ന് പള്ളിയാൽ കുന്ന് വഴി കാട്ടുങ്ങചോലയിലേക്ക് ഇടവഴി നന്നാക്കുക. 750 മീറ്റർ.

കാട്ടുങ്ങച്ചോല - കാശാവും കുന്ന് ഇടവഴി നന്നാക്കുക. 300 മീറ്റർ

X നീറ്റിച്ചിറ ആക്കപ്പറമ്പ് നിരപ്പ് ഇടവഴി

XI പൂനൂർ റോഡിൽനിന്ന് പരനെല്ലി വഴി 500 മീറ്റർ

ചൂനൂർ ചിറക്കൽ പള്ളിയുടെ പടിഞ്ഞാറ് ഭാഗത്തുനിന്ന് പാടത്തേക്ക് വഴി നിർമ്മിക്കുക.

ചുരൂർ അയനിക്കലൂർ ഇടവഴി നന്നാക്കുക.

| പൊതുമരാമത്ത് ഏറ്റെടുക്കേണ്ട റോഡുകൾ | നീളം വീതി | |
|---|---|---|
| 1. മേൽമുറി -മുട്ടിപ്പാലം ഒറ്റത്തറ പൊന്മള റോഡ് | 4.km. 8 മീറ്റർ | പൊന്മള കോഡൂർ പഞ്ചായത്തുകളിലൂടെ കടന്ന് പോകുന്നു. |
| 2. പാപ്പായി - കറുപ്പിൽ പടി - പൂക്കുന്ന് റോഡ് | 5 km. 8 മീറ്റർ | കോട്ടക്കൽ - പൊന്മള ഒതുക്കുങ്ങൽ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു. |
| 3. കുതിരട്ട പള്ള്യാലി-കാഞ്ഞിരമുക്ക് വീരാല റോഡ് | 3 Km 8 മീറ്റർ | പൊന്മള -കോടൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു. |
| 4. ആക്കപറമ്പ് നെന്മിണിപ്പാടം - തലക്കാപ്പ് കൂരിയാട് റോഡ് | 4. km 8 മീറ്റർ | പൊന്മള -കോട്ടക്കൽ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു. |
| 5. വലിയപറമ്പ് - വില്ലൂർ തലക്കാപ്പ് ചാപ്പനങ്ങാടി റോഡ് | 6. km 8 മീറ്റർ | പൊന്മള -കോട്ടക്കൽ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു. |
| 6. നെല്ലോളി പറമ്പ് ചേങ്ങോട്ടൂർ ചെറുകുളമ്പ റോഡ് | 7. km 8 മീറ്റർ | പൊന്മള -കുറുവ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു. |

## പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുകയും പ്രവർത്തി തുടങ്ങാതിരിക്കുകയും ചെയ്യുന്ന റോഡുകൾ

| | | |
|---|---|---|
| 1. കൊളത്തൂർ - കോട്ടക്കൽ റോഡ് | 3.5 Km. | കടുന്നാമുട്ടി മുതൽ ചൂനൂർ ഗതാഗത യോഗ്യ മല്ല - മെറ്റലടിച്ച് ടാറിംഗ് ചെയ്യേണ്ട പണിമാത്ര മാണ് ബാക്കിയുള്ളത് |
| 2. ചാപ്പനങ്ങാടി - പുളിയാട്ട് കുളം പാറമ്മൽ റോഡ് | 1.5 km. | പറങ്കി മൂച്ചിക്കൽ നിന്നാരംഭിച്ച മേൽമുറി - പുളിയാട് കുളം വഴി പാറമ്മൽ അവസാനിക്കുന്നു. എസ്റ്റിമേറ്റ് അനുമതിയായിട്ടുണ്ട്. മറ്റു വർക്കുകൾ തുടങ്ങണം. |
| 3. പടപ്പറമ്പ് ആക്കപറമ്പ് കോട്ടപ്പുറം റോഡ് | 1.5 k.m. | പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ടെൻഡർ ചെയ്തിട്ടുണ്ട്. മറ്റൊരു വർക്കും നടന്നിട്ടില്ല. |

### പൊതുമരാമത്ത് വകുപ്പ് റോഡുകൾ, ടാർ ചെയ്തതും ഗതാഗത യോഗ്യമായതും

| ക്രമനമ്പർപേര് | നീളം | വീതി | മറ്റുവിവരങ്ങൾ |
|---|---|---|---|
| 1 മലപ്പുറം -തിരൂർ റോഡ് | 1.5 K.M. | 16 മീറ്റർ | കിഴക്ക് ഉറുദുനഗറിൽനിന്നാരംഭിച്ച് (ഗതാഗത യോഗ്യമായത്) പടിഞ്ഞാറ് മാണൂരിൽ അവസാനിക്കുന്നത്. |
| 2. പെരിന്തൽമണ്ണ - തിരൂർ റോഡ് | 5. K.m. | 24 മീറ്റർ | കിഴക്ക് പടപറമ്പ് നിന്നാരംഭിച്ച് പടിഞ്ഞാറ് കുറുപ്പിൻ പടിയിൽ അവസാനിക്കുന്നു. ഗതാഗത യോഗ്യം. |
| 3. വട്ടപ്പറമ്പ് കാടാമ്പുഴ റോഡ് | 4. K.m. | 8 മീറ്റർ | വടക്ക് വട്ടപ്പറമ്പിൽ ആരംഭിച്ച് കുന്നം തെക്ക് കുറ്റിയിൽ അവസാനിക്കുന്നു. |
| 4. ചാപ്പനങ്ങാടി - ഇന്ത്യനൂർ കോട്ടയ്ക്കൽ | 1.5 K.m | 8 മീറ്റർ | ചാപ്പനങ്ങാടിയിൽ നിന്നാരംഭിച്ച് കുരിയാടിൽ അവസാനിക്കുന്നു. |

### പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പണി നടന്നുകൊണ്ടിരിക്കുന്ന റോഡുകൾ

| | | | |
|---|---|---|---|
| 1. ചട്ടിപറമ്പ്-കടുന്നാമുട്ടി - കാടമ്പുഴ റോഡ് | 3.47 K.m. | 8 മീറ്റർ | ചട്ടിപറമ്പ് മുതൽ കടുന്നാമുട്ടിവരെ മെറ്റലടിച്ച് ടാറിംഗിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു |
| 2. പറങ്കിമൂച്ചിക്കൽ- മാണൂർ റോഡ് | 5. K.m. | 8 മീറ്റർ | മൺപണി നടന്ന് കൊണ്ടിരിക്കുന്നു. |

# നിലവിലുള്ള പഞ്ചായത്ത് റോഡുകൾ

| ക്രമ നമ്പർ | ആരംഭിക്കുന്നത് | വഴി | അവസാനിക്കുന്നത് | ദൂരം | വീതി | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | പൊന്മള | വല്ലാണി പറമ്പ് | പൂവ്വാട് | 2. K.m. | 4 മീറ്റർ | 300 മീറ്റർ ടാറിംഗ് നടന്നു |
| 2. | പൊന്മള | തേമ്പറമ്പ് | വടക്കേകുണ്ട് | 1.km | 4 മീറ്റർ | 300 മീറ്റർ ടാറിംഗ് നടന്നു. |
| 3. | പൊന്മള പള്ളിപ്പടി | എളയോടത്ത് വഴി | പട്ടർ കടവ് | 2.5 k.m | 4. മീറ്റർ | ഗതാഗത യോഗ്യമല്ല |
| 4. | മാണൂർ | പല്ലണി പറമ്പ് | പൂവ്വാട് | 2.k.m | 4. മീറ്റർ | ഗതാഗതയോഗ്യമല്ല |
| 5. | പൊന്മള - കിഴക്കേ തല | മുട്ടിപ്പാലം | മേൽമുറി | 4 k.m. | 6. മീറ്റർ | 1.5 കി.മീ. ടാറിംഗ് നടന്നു. |
| 6. | പൊന്മള - പള്ളിപ്പടി | കല്ലകുളമ്പ് | മുടയമ്മൽ റോഡ് | 2.5 k.m. | 4. മീറ്റർ | ഈ റോഡ് കെ.പി.മുഹമ്മദ് മാസ്റ്റർ മെമ്മോറിയൽ റോഡ് എന്നറിയപ്പെടുന്നു |
| 7. | കുറുപ്പിൽപടി | വടക്കേ കുളമ്പ് | അമ്പലവട്ടം | 3.5 k.m/ | 4. മീറ്റർ | ഗതാഗതയോഗ്യമല്ല. 740 മീറ്റർ മാത്രമേ ടാർ ചെയ്തിട്ടുള്ളൂ |
| 8. | പറങ്കിമൂച്ചിക്കൽ | | തൈക്കെ പറമ്പ് | 500 മീറ്റർ | 4. മീറ്റർ | ~~500~~ മീറ്റർ ടാർചെയ്തിട്ടുണ്ട്. |
| 9. | കൊയക്കോട് | പഞ്ചായത്ത് ഓഫീസ് | ചാപ്പനങ്ങാടി | 1.k.m. | 6. മീറ്റർ | 200 മീറ്റർ ടാർ ചെയ്തത് |
| 10. | തലക്കാപ്പ് | സ്കൂൾ പറമ്പ് | ചാപ്പനങ്ങാടി | 1.5 k.m | 8. മീറ്റർ | ടാറിംഗ് കഴിഞ്ഞു |
| 11. | കൂരിയാട് | | തലക്കാപ്പ് | 1.k.m | 8. മീറ്റർ | മൺറോഡ് -ഗതാഗഗയോഗ്യം |
| 12. | തലക്കാപ്പ് | തോട്ടപ്പായി | മയ്യഴി | 3. k.m. | 6. മീറ്റർ | ടാർ ചെയ്തു |
| 13. | കൂരിയാട് ജുമാമസ്ജിദ് | | | 100 മീറ്റർ | 4. മീറ്റർ | മൺറോഡ് |
| 14. | ചാപ്പനങ്ങാടി | നളത്തനങ്ങാടി | G.H. Road | 200 മീറ്റർ | 4. മീറ്റർ | മൺറോഡ് |
| 15. | കോട്ടപ്പുറം | ഹൈ-ടെക് ഇൻഡസ്ട്രീസ് വഴി | നെന്മിണിപ്പാടം | 1.k.m. | 4. മീറ്റർ | മൺറോഡ് |
| 16. | മണ്ണഴി | പുത്തൻവീട്ടിൽ പടി | മുണ്ടിയാം തറ | 750 മീറ്റർ | 4. മീറ്റർ | ഗതാഗതയോഗ്യമല്ല<br>മൺറോഡ് |

| | | | | | | |
|---|---|---|---|---|---|---|
| 17. | നെല്ലോളി പറമ്പ് | തെച്ചിക്കുന്ന് പറമ്പ് | മുണ്ടിയാംതറ | 1600 മീറ്റർ | 8 മീറ്റർ | 675 മീറ്റർ ടാർ ചെയ്തു. - ബാക്കി ഗതാഗതയോഗ്യമല്ല. |
| 18. | കാട്ടുങ്ങൾ ചോല | പെരിച്ചൽ പറമ്പ് | ചെങ്ങോട്ടൂർ | 1700 മീറ്റർ | 8 " | 500 മീറ്റർ ടാർചെയ്തു. മൺറോഡ് - ഗതാഗതയോഗ്യമല്ല |
| 19. | ചേങ്ങോട്ടൂർ -തീറ്റിച്ചിറ | തെക്കേക്കര | ഹരിജൻകോളനി | 1300 " | 4 " | മൺറോഡ് |
| 20. | തെക്കേക്കര | നിരപ്പുപറമ്പ് | ആക്കപറമ്പിൽ | 600 " | 4 " | മൺറോഡ് |
| 21. | കോൽക്കളം | ... | കുന്നംകുറ്റി | 1.5 K.M. | 4 " | മൺറോഡ് |
| 22. | മണഴി | ..... | ബാങ്ക് റോഡ് | 100 മീറ്റർ | 4 " | " |
| 23. | ചുനൂർ | സ്കൂൾപടി | പത്തായക്കല്ല് | 1.K.M. | 4 " | " |
| 24. | പഞ്ചായത്താപ്പീസ് | .... | ലക്ഷംവീട് കോളനി | 150 മീറ്റർ | 8 " | " |
| 25. | ചാപ്പനങ്ങാടി | പുത്തൻകിണർ | പഞ്ചായത്താപ്പീസ് | 100 മീറ്റർ | 4 " | " |
| 26. | പഴനിങ്ങൽ | ... | ഞെരിഞ്ഞിൽക്കുണ്ട് | 500 മീറ്റർ | 5 " | " |
| 27. | കുരിയാട്റോഡ്സ്കൂൾപടി | പള്ളിപ്പറമ്പ് | തെക്കേചിനറോഡ് | 500 " | 6 " | " |
| 28. | ചാപ്പനങ്ങാടി | മീൻതട്ട് | മാർക്കറ്റ് റോഡ് | 200 " | 4 " | " |
| 29. | അത്താണിക്കൽ | ചെനത്തടം ചെറുകുന്ന് നിരപ്പ്, മുഹമ്മദ് ഹാജി പടി. | അഞ്ചാലക്കുണ്ട് | 500 " | 4 " | " |
| 30. | അത്താണിക്കൽ | ഇല്ലിക്കൽ | ചുടലയ്ക്കൽ (ശ്മശാനം) | 500 " | 4 " | " |
| 31. | പഴനിങ്ങൽ | ... | കാഞ്ഞിരവള്ളി | 400 " | 4 " | " |
| 32. | ചാപ്പനങ്ങാടി | വേർക്കോട്ടുപടി | മേൽമുറി റോഡ് | 1 K.M | 4 " | " |
| 33. | ചാപ്പനങ്ങാടി | ചെങ്ങണക്കാട് | കലക്കാപ്പ്റോഡ് | 1.5 KM | 4 " | " |
| 34 | ചാപ്പനങ്ങാടി | സി.എച്ച് റോഡ് | കോടുകണ്ടം | 1. Km | 4 " | " |
| 35. | വട്ടപ്പറമ്പ് | മിച്ചഭൂമി | തോട്ടപ്പായി | 500 മീറ്റർ | 4 " | " |
| 36. | പഴനിങ്ങൽ | | മാനാംഞ്ചോല | 500 മീറ്റർ | 4 " | " |
| 37. | അമ്പലപള്ളി..... | പനങ്ങാട്ടെകുളമ്പ് | പരന്നകല്ല് | 1.5 K.M. | | " |
| 38. | മെയിൻ റോഡ് | ..... | കുന്നൻ കുറ്റി | 500 മീറ്റർ | | " |
| 39. | കല്ലുവളപ്പ് വട്ടിപ്പറമ്പ | കുണ്ടുവയിൽ ഇടവഴി | പടിഞ്ഞാറെപള്ളി | 1500 മീറ്റർ | | " |
| | മിച്ചഭൂമികോളനി ശ്മശാനം | | യാൽ | | | " |
| | (ഹരിജൻ) | | | | | |

## പഞ്ചായത്ത് നിർമ്മിക്കേണ്ട റോഡുകൾ

| വാർഡ് നമ്പർ | ആരംഭിക്കുന്നത് | വഴി | അവസാനിക്കുന്നത് | ദൂരം | വീതി |
|---|---|---|---|---|---|
| 1. | പൊന്മള പട്ടർകടവ് | എ.എം.എൽ.പി. സ്കൂൾ | പൂവ്വാട് റോഡ് | - | - |
| | "മാണൂർ | - | മലയിൽകുളമ്പ് | - | - |
| 2. | മാണൂർ ലക്ഷംവീട് | ആടുവളർത്തൽ കേന്ദ്രം | മുടേമ്മൽ റോഡ് | 500 മീറ്റർ | 4 മീറ്റർ |
| 3. | കളർക്കത്തൊടി | ഞാളൂർതൊടി | പൊന്മള-പടിഞ്ഞാറെക്കര | 1.km. | " |
| | മാണൂർ പഴയവള്ളി | മാണൂർ കുണ്ട് | ഒതുക്കുങ്ങൽ -തങ്ങൾ പടി | 300 മീ. | " |
| 4. | ചുള്ളിയിൽ ചോല | അഞ്ചാലക്കുണ്ട് | അത്താണിക്കൽ | 500 മീറ്റർ | " |
| | ചുള്ളിക്കുളമ്പ് | വലിയ പറമ്പ് | കുറുപ്പിൻപടി | 2 ക.മീ. | " |
| | മാനാംചോല | - | പാറമ്മൽ | 500 | " |
| | ഞാറ്റുകെട്ടിച്ചോല | പോതാൽ | മോന്തിപ്പറമ്പ് | 500 മീ. | " |
| 5. | ബീരാല | - | ഹരിജൻ കോളനി | 500 മീ. | " |
| | കാഞ്ഞിരമുക്ക് | നൂഞ്ഞിപ്പാടം -ഇരുകുളം | കുതിരവട്ട പള്ള്യാലി | 1Km. | " |
| | പൊട്ടിച്ചിന | ഇല്ലിക്കൽ ചുടല | മോന്തിപ്പറമ്പ് | 2 കി.മി | " |
| | നോക്കാംപാറ | ചിനങ്ങാട്ട കുളമ്പ് | ചിറക്കുണ്ട് | 1 കി.മീ. | " |
| | ഇറപ്പൻ പള്ള്യാലി | - | മാട്ടുത്തൊടി കുളമ്പ് | 500 മീറ്റർ. | " |
| | മുട്ടിപ്പാലം | - | ഹരിജൻ റോഡ് | 500 മീ. | " |
| | മുട്ടിപ്പാലം | അമ്പലവട്ടം | മോന്തിപ്പറമ്പ് | 2 കി.മീ. | " |
| 6. | ചാപ്പനങ്ങാടി | തെക്കത്തുചോല | മേൽമുറി | 1കി.മീ. | " |
| | മൻസർ പടി | - | ആറംബി കുളം | 250 മീ | " |
| | ചാപ്പനങ്ങാടി | ഹൈസ്കൂൾ പറമ്പ് | തലക്കാപ്പ് ചോല | 500 മീറ്റർ | " |
| 7. | കല്പറമ്പ് | കിഴക്കേക്കര | പുളിക്കലങ്ങാടി | 500 മീ | " |
| | തലക്കാപ്പ് | പാടം | ചൂനൂർ | 1.കി.മീ. | " |
| | കല്പറമ്പ് | പറങ്കി മൂച്ചിക്കൽ | | " | " |
| 8. | മണ്ണഴി-മൃഗാശുപത്രി | മനക്കൽ ചിറ | തെക്കെക്കര.ഹരിജൻകോളനി | 500 മീറ്റർ | " |
| " | തോട്ടപ്പായി | | ചാപ്പനങ്ങാടി | 1.കി.മീ. | " |
| " | മണ്ണഴി റോഡ് | | മണ്ണഴിപ്പാടം | 250. മീറ്റർ | " |

| | | | | | |
|---|---|---|---|---|---|
| | നല്ലകാപ്പ് അമ്മിണിപ്പാടം | | ഹരിജൻ കോളനി | 1.കി.മീ. | " |
| | പന്നിച്ചോല | | പുത്തൻവീട് പടി | 150" | " |
| | ചേങ്ങോട്ടൂർ പള്ളിപ്പടി | | തെക്കെക്കര | 750 മീറ്റർ | " |
| | ചക്കിങ്ങപ്പടി | കൊറ്റാർ | ആളൻ പാറ | 1.കി.മീ. | " |
| " | മണ്ണാൻ പറമ്പ് | പെരയിൽ | പള്ള്യാലി പെരിച്ചൻ പറമ്പ് | 1.5 കി.മീ. | " |
| | ആക്കപറമ്പ് | | | | |
| | മണ്ണഴി | കിഴുവീട്ടിൽ ഇടവഴി | | 400മീ. | |
| | | | നിരവ്വരെ(ഇടവഴിനന്നാക്കുക) | 800 മീറ്റർ. | 4 |
| 9. | കാട്ടുങ്ങചോല | | മണ്ണാൻ പറമ്പ് | 1.5 കി.മീ. | 4. മീറ്റർ |
| " | നീറ്റിച്ചിറ | നടുപ്പാടം | ചക്കിണ്ടപറമ്പ് | 1.5 കി.മീ. | " |
| " | മുണ്ടിയാം തറ | | തെക്കെക്കര ഹരിജൻ കോളനി | 1.40 | " |
| " | കാട്ടുങ്ങച്ചോല | ദേവതകുഴി പറമ്പ് | കൊറ്റാർ | 2. കി.മീ | " |
| " | അമ്പലപള്ള്യാലി | പനങ്ങാട്ട് കുളമ്പ് | കണക്കയിൽപടി | 1.5. കി.മീ. | " |
| " | കോൽക്കളം മദ്രസ്സ | ചൂരക്കാട് | കുന്നം കുറ്റി | 1.5 കി.മീ. | " |
| " | പരക്കൽ | | പണ്ടാരച്ചിറ | 500 മീറ്റർ | " |
| " | ആക്കപറമ്പ് സ്കൂൾ | | കുഞ്ഞിപെണ്ണങ്ങാടി | 750 മീറ്റർ | " |
| | വലിയ പള്ള്യാലി | | കുന്നം കുറ്റി | 500 മീറ്റർ | " |
| " | പനങ്ങാട്ട് കുളമ്പ് | | നിരപ്പ് | 500.കി.മീ. | " |
| | മൂച്ചി കുളമ്പ് | പൂഴിത്തറ | കിഴക്കേക്കര | 11.കി.മീ. | " |
| " | കല്ലങ്കുത്ത് | അരു ചാണപറമ്പ് | കുഞ്ഞിപെണ്ണങ്ങാടി | 750 മീറ്റർ | " |
| " | കോൽക്കളം | | കീപ്പാടം | 500 മീറ്റർ | |
| " | ആക്കപ്പറമ്പ മദ്രസ | നിരപ്പ് | തെക്കെക്കര | 1.കി.മീ. | |
| 11. | ചുനൂർ മദ്രസ്സ | | പത്തായക്കല്ല് | 1.കി.മീ. | |
| " | ചോലകുളമ്പ | | പത്തായ കുളമ്പ് | 500 മീറ്റർ | " |
| | ചുനൂർ മദ്രസ തുടക്കം | | | | |
| | തച്ചാട്ടുപറമ്പ് | | പത്തായകല്ല് | 500 മീറ്റർ | |
| " | ചുനൂർ | | വരനെല്ല് | 500 മീറ്റർ | |
| " | ചുനൂർ എൽ.പി.സ്കൂൾ | | തടം | 500 മീറ്റർ | |
| | കുന്നത്ത് പള്ള്യാലി | | കുന്നം കുറ്റി | 500 മീറ്റർ | |

**പൊതുനിർദ്ദേശങ്ങൾ**

III റോഡ് അടയാളങ്ങൾ സ്ഥാപിക്കുക.

V റോഡ് നിയമങ്ങൾ പാലിക്കുന്നതിന് വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും പ്രാദേശിക തലങ്ങളിൽ പോലീസ് ഉദ്യോഗസ്ഥൻമാർ പൊതുമരാമത്ത് വകുപ്പ്, ഡ്രൈവർമാർ, പൊതുജനങ്ങൾ എന്നിവരെ പങ്കെടുപ്പിച്ച് ബോധവൽക്കരണം നടത്തുക.

സന്നദ്ധ സംഘടനകളുടെയും യുവജന പ്രസ്ഥാനങ്ങളുടെയും സഹായം തേടാവുന്നതാണ്.

**പൊതു നിർദ്ദേശങ്ങൾ**

മലപ്പുറം- വളാഞ്ചേരി റൂട്ടിൽ (വലിയാട് വട്ടപ്പറമ്പ് കോട്ടപ്പുറം, കാടാമ്പുഴ വഴി)

കെ.എസ്.ആർ.ടി.സി. ബസ് റൂട്ട് അനുവദിക്കുക. ഇത് മലപ്പുറം കാടാമ്പുഴ റൂട്ടിൽ 15 കി.മീറ്ററോളം ദൂരം കുറയ്ക്കും. ഇത് കാടാമ്പുഴ ക്ഷേത്ര തീർത്ഥാടകർക്ക് സൗകര്യപ്രദമാവും.

**ഊർജ്ജം**

വൈദ്യുതിയും വൈദ്യുതേര ഊർജ്ജ സ്രോതസ്സുകളുമായ വിറക്, മണ്ണെണ്ണ, പാചക വാതകം, കൽക്കരി എണ്ണയുൽപ്പന്നങ്ങൾ, എണ്ണ തുടങ്ങിയവും എല്ലാം അടിസ്ഥാനമാക്കിക്കൊണ്ടുള്ള ഊർജ്ജാസൂത്രണമാണ് സമ്പൂർണ്ണ ഊർജ്ജ ആസൂത്രണം കൊണ്ട് നമ്മൾ ഉദ്ദേശിക്കുന്നത്. ദേശീയതലത്തിൽ ഊർജ്ജാസൂത്രണം എന്നാൽ വൈദ്യുതിയുടെ ആസൂത്രണം എന്നേ ഉദ്ദേശിക്കുന്നുള്ളൂ. എന്നാൽ വികേന്ദ്രീകരണ ആസൂത്രണത്തിൽ നമ്മുടെ പഞ്ചായത്തിന്റെ സമഗ്രമായ ഊർജ്ജാസൂത്രണമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ, ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ, വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപണികൾ വൈദ്യുത ബോർഡിനെക്കൊണ്ട് ചെയ്യിക്കൽ, ട്രാൻസ്ഫോർമർ കപ്പാസിറ്റി ശസ്ത്രീയമായി വർദ്ധിപ്പിക്കൽ. ട്രാൻസ്ഫോർമറുകൾ ആവ്യശ്യാനുസരണം സ്ഥാപിക്കൽ. പ്രേക്ഷണ-വിതരണ നഷ്ടം ഒഴിവാക്കുവാൻ വൈദ്യുത ലൈനുമായി ബന്ധപ്പെട്ട മരച്ചില്ലകൾ വെട്ടൽ, പുകയില്ലാത്ത അടുപ്പ് പ്രചരിപ്പിക്കൽ, കാറ്റാടി പമ്പുകൾ, സൗരവിളക്കുകൾ, സോളാർ ടി.വി. സോളാർ വാട്ടർഹീറ്റർ, പ്രഷർകുക്കർ, ദക്ഷതയേറിയ മണ്ണെണ്ണയടുപ്പുകൾ തുടങ്ങിയവ പ്രചരിപ്പിക്കൽ എന്നിവ ലക്ഷ്യമാക്കേണ്ടിരിക്കുന്നു.

പൊന്മള പഞ്ചായത്തിൽ മലപ്പുറം-കോട്ടയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷനിലായിട്ട് വൈദ്യുതി വിതരണം നടത്തുന്നു.

പൊന്മള-പള്ളിപ്പടി മുതൽ കിഴക്ക്, വടക്കേ കുണ്ട് ഭാഗം വരെയും (സുമാർ 2.കി.മീ. ചട്ടിപറമ്പ് മുതൽ മേങ്ങോട്ടൂർ കിഴക്കേ തല വരെയും നെല്ലോളി പറമ്പ് വട്ടപറമ്പ് പ്രദേശത്തും മലപ്പുറം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് വൈദ്യുതി വിതരണം നടത്തുന്നു.

പഞ്ചായത്തിലെ ബാക്കി പ്രദേശങ്ങളിൽ കോട്ടക്കൽ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നാണ് വൈദ്യുതി വിതരണം നടത്തുന്നത്.

മുണ്ടുപറമ്പ് എടരിക്കോട് എന്നീ സബ് സ്റ്റേഷനുകളിൽ നിന്നാണ് വൈദ്യുത വിതരണം നടത്തുന്നത്.

ഏകദേശം 4000 ഗാർഹിക വൈദ്യുത കണക്ഷനും 250ഓളം കാർഷിക കണക്ഷനും 500 വ്യാപാര കണക്ഷനും 35 ചെറുകിട വ്യവസായ കണക്ഷനുമാണ് ഉള്ളത്.

വോൾട്ടേജ് ക്ഷാമമാണ് ഉപഭോക്താക്കളുടെ പ്രധാന പരാതി. പഞ്ചായത്തിൽ ആകെ 14 ട്രാൻസ്ഫോർമറുകളാണ് ഉള്ളത്.

പല സ്കീമുകളിലായി 1000 ത്തിലധികം അപേക്ഷകർ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ കാർഷിക ആവശ്യത്തിന് മുൻഗണന നൽകി സൗജന്യമായി കണക്ഷൻ നൽകുവാൻ മുഴുവൻ ഗ്രാമസഭകളും ആവശ്യപ്പെട്ടിരിക്കുന്നു.

ഈ പഞ്ചായത്തിൽ ആകെ അഞ്ച് ഹരിജൻ കോളനികളുള്ളതിൽ രണ്ട് കോളനികൾ മാത്രാമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്.

മുഴുവൻ ഗ്രാമസഭകളും സ്ടീറ്റ്ലൈറ്റ് സോഡിയം വേപ്പർ ലാമ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്ത് ഫണ്ടിൽനിന്നും 313 രൂപ ഇതിന് വേണ്ടി മാസത്തിൽ ചിലവഴിക്കുന്നു.

രണ്ട് സെക്ഷനുകളായതുകൊണ്ട് ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഈ പഞ്ചായത്ത് മലപ്പുറം സെക്ഷന്റെ കീഴിലാക്കി പണമടക്കുന്നതിന് പഞ്ചായത്ത് ആസ്ഥാനത്ത് സൗകര്യം ചെയ്യണമെന്നും ബന്ധപ്പെട്ടവരോട് അപേക്ഷിക്കുന്നു.

എല്ലാ ഗ്രാമസഭകളിൽനിന്നും ബോർഡ് ജീവനക്കാരെ സംബന്ധിച്ച് പരാതികൾ ഉണ്ടായിരിക്കുന്നു.

ഗ്രാമസഭകൾ മുന്നോട്ട് വെച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പട്ടികയിൽ വെച്ചിട്ടുണ്ട്. ഭൂരിപക്ഷം ഗ്രാമസഭകളും കാർഷിക ആവശ്യത്തിനുള്ള വൈദ്യുത കണക്ഷൻ സൗജന്യമായിരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

നിരദ്ധനരായ കുടുംബങ്ങൾക്കും, ലക്ഷംവീട് കോളനികളിലെ മുഴുവൻ വീടുകളും മുഴുവൻ ഹരിജൻ വീടുകളും സൗജന്യമായി വയറിംഗ് നടത്തി കണക്ഷൻ നൽകി

വൈദ്യുത ചാർജ് ഒഴിവാക്കികൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകൾ വളരെ കുറവാണ്.

ഗ്യാസ്-മണ്ണെണ്ണ വൈദ്യുതി ഉപയോഗിച്ച് പാചകം നടത്തുന്നവർ 2% ത്തിൽ താഴെ മാത്രമേയുള്ളൂ.

വൈദ്യുതിയുടെ പ്രസരണ നഷ്ടം ഒഴിവാക്കാനും അപകടങ്ങൾ ഒഴിവാക്കുന്നതിനും ദുരുപയോഗം ഒഴിവാക്കാനും ബോർഡ് ജീവനക്കാരുടെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ ബോധവൽക്കരണ പരിപാടി നടത്തണമെന്ന് ഗ്രാമസഭകൾ നിർദ്ദേശിച്ചിട്ടുണ്ട്.

ഊർജ്ജാസൂത്രണം എന്ന് പറയുമ്പോൾ നമ്മളെല്ലാവരും പൊതുവെ ഉദ്ദേശിക്കുന്നത് വൈദ്യുതി ഉൽപാദനവും, വിതരണവും എന്നാണ്. വിറക്, ചാണകം, വരളി, ചപ്പ് ചവറുകൾ, മറ്റു ജൈവ ദ്രവ്യങ്ങൾ, ജൈവ വാതകം, മണ്ണെണ്ണ, പാചകവാതകം, കൽക്കരി, പ്രകൃതിവാതകം തുടങ്ങിയ വിവിധ ഊർജ്ജ സ്രോതസ്സുകളേയും സൂര്യനിൽനിന്ന് കിട്ടുന്ന ചൂട്, (വെയിലും) നാം വ്യാപകമായി ഉപയോഗിക്കേണ്ടതുണ്ട്. മണ്ണെണ്ണയിലേക്കും, ഗ്യാസിലേക്കും ഉള്ള മാറ്റം ശക്തി പ്രാപിക്കുന്നുണ്ടെങ്കിലും ദക്ഷത കൂടിയ വിറകടുപ്പുകളുടെ സ്ഥാനം മറക്കുന്ന ഒരു ഊർജ്ജാസൂത്രണവും ഒഴിവാക്കാനാവില്ല. ആറാം പഞ്ചവത്സരപദ്ധതി മുതൽ നമ്മുടെ രാജ്യത്ത് നടപ്പിലാക്കിവരുന്ന സംയോജിത ഗ്രാമീണ ഊർജ്ജാസൂത്രണ പദ്ധതി (IRDP) ഈ ലക്ഷ്യത്തോടെയാണ് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തുനുപയോഗിക്കുന്നത് വിറകാണ്. പുകശല്യമില്ലാത്ത പരിഷത്ത് അടുപ്പുകൾ വളരെ കുറവാണ്. ഇതുകൊണ്ടുതന്നെ പുകശല്യത്തിൽനിന്നും പൂർണമായി ഒഴിവാകുവാൻ നമ്മുട വീട്ടമ്മമാർക്ക് കഴിയുന്നില്ല. പല പുകജന്യരോഗങ്ങളും വീട്ടമ്മാമാരിൽ കാണുന്നു.

പാചകാവശ്യത്തിന് ഒരു ശരാശരി അമേരിക്കകാരൻ ചെലവാക്കുന്നതിനേക്കാൾ വളറെ കൂടുതൽ നമ്മൾ ചെലവാക്കുന്നു. നാം വിറക് കത്തിച്ചുണ്ടാക്കുന്ന ചൂടിന്റെ മുക്കാൽ പങ്കിലധികവും പാഴായിപോകുന്നു. ഇതിന് പരിഹാരമെന്നോണം വിറകിന്റെ ഉപയോഗം മൂന്നിലൊന്നായി കുറക്കുന്ന പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കുന്നത് ഇതിനൊരു പരിഹാരമാണ്. ഇതിന് വേണ്ടി പൊന്മള പഞ്ചായത്തിൽ ഉൾപ്പെട്ട മലപ്പുറം ബ്ലോക്ക് IREP സ്കീമിൽ ഉൾപ്പെടുത്തേണ്ടതാണ്. ബയോഗ്യാസ് പ്ലാന്റുകൾ, ഗോബർ ഗ്യാസ് പ്ലാന്റുകൾ എന്നിവ സമഗ്ര ഊർജ്ജാസൂത്രണത്തിന്റെ ഭാഗമായി വരണം.നാഷണൽ പ്ലാനിംഗ് കമ്മീഷൻ രൂപംകൊടുത്തിട്ടുള്ള IREP പദ്ധതി പൊന്മള ടോട്ടൽ എനർജി പ്ലാനിങ്ങ് പ്രോജക്ട് എന്ന പേരിൽ നടപ്പിലാക്കണം.

**സാദ്ധ്യതകൾ:**

പുകയില്ലാത്ത അടുപ്പുകളെപ്പറ്റിയും, സോളാർ വിളക്കുകളെ പറ്റിയും അറിയുന്ന ധാരാളം സന്നദ്ധ സംഘടനകളും ക്ലബ്ബുകളുമുള്ള പഞ്ചായത്ത് ആയത്കൊണ്ട് അനർട്ടിന്റെയും, വൈദ്യുതിബോർഡിന്റെയും സഹകരണത്തോട് കൂടി ഇവ രണ്ടും വ്യാപകമാക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം. നമ്മുടെ പഞ്ചായത്തിൽ 100 ൽപരം അടുപ്പുകൾ ശാസ്ത്ര സാഹിത്യ പരിഷത്ത് നിർമ്മിച്ചത് നാം ഇവിടെ എടുത്തു പറയേണ്ട കാര്യമാണ്.

മെച്ചപ്പെട്ട വിറകടുപ്പുകളുടെ പ്രചണത്തിനായുള്ള ദേശീയ പരിപാടി (NPIC) കേരളത്തിൽ അനെർട്ട് (ANERT) എന്ന സർക്കാർ സ്ഥാപനമാണ് നടപ്പിലാക്കുന്നത്. അതുകൂടാതെ സംയോജിത ഗ്രാമീണ ഊർജ്ജാസൂത്രണ പദ്ധതി (IREP) യിലൂടെ സംസ്ഥാന സർക്കാർ നല്കുന്ന സബ്സിഡിയും ഇതിന് ലഭ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ അടുപ്പ് സ്ഥാപിക്കുവാൻ വൈദഗ്ദ്ധ്യം ഉള്ളവർ വേണ്ടത്ര ഇല്ലാത്തതുകൊണ്ട് അനർട്ടുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടിവരും. ഇത് തൊഴിൽ രഹിതരായ യുവാക്കൾക്ക് താല്ക്കാലികമാണെങ്കിലും ഒരു ജോലി ലഭിക്കാൻ സഹായിക്കുന്നു. മറ്റൊരു ഊർജ്ജക്ഷമത കൂടിയ ഉപകരണമാണ് പ്രഷർകുക്കർ. പ്രഷർകുക്കറിന്റെ ഉയർന്ന വിലയാണ് ഇതിന്റെ വ്യാപനത്തിനുള്ള പ്രധാനപ്പെട്ട തടസ്സം. ഇതിന് പരിഹാരമായി അനെർട്ട് പ്രഷർകുക്കർകൾക്ക് സബ്സിഡി നൽകുന്നു. അനെർട്ടുമായി ബന്ധപ്പെട് സബ്സിഡിയോടുകൂടിയുള്ള പ്രഷർകുക്കർ വിതരണം നമ്മുടെ പഞ്ചായത്തിന് ഏറ്റെടുക്കാം.

**വിറക്:**

കാർഷികാവശിഷ്ടങ്ങൾ, വിസർജ്ജ്യവസ്തുക്കൾ, മുതലായവയിൽനിന്ന് അനെയ്റോബിക് ദഹനത്തിലൂടെ ഇന്ധനവാതകം ഉണ്ടാക്കുന്നതിനുള്ള സങ്കേതമാണല്ലോ ബയോഗ്യാസ് പ്ലാന്റുകൾ. വീടുകൾക്ക് ബോയോഗ്യാസ് പ്ലാന്റ് ഉണ്ടാക്കാനുള്ള സഹായം (ഗ്രാന്റുൾപ്പെടെ) കൃഷിവകുപ്പിൽനിന്നും KVIC യിൽനിന്നം കിട്ടും. പലവീടുകൾക്കും ഒരുമിച്ചുപയോഗിക്കാവുന്ന വലിയ കമ്മ്യൂണിറ്റ് ബയോ ഗ്യാസിനുള്ള സഹായം (സാങ്കേതിക സഹായം ഉൾപ്പെടെ) അനെർട്ടിൽനിന്നും കിട്ടും. ഇവയുടെ നിർമ്മാണത്തിൽ ഗ്രാമത്തിലെ സാങ്കേതിക വാസനയുള്ള ചെറുപ്പക്കാരെകൂടി പങ്കെടുപ്പിക്കുകയാണെങ്കിൽ നമുക്കും സ്വായത്തമാക്കാവുന്നത്രയേ ഉള്ളൂ. നല്ലൊരു തൊഴിലവസരവും ഇത്തരത്തിൽ ലഭ്യമാകും.

**കർമ്മപദ്ധതി:**

ചുരുക്കത്തിൽ ഊർജ്ജ സംബന്ധിയായ എല്ലാ പ്രവർത്ത

നത്തിനും ഉള്ള മുന്നൊരുക്കം ഊർജ്ജ സർവ്വേ ആണ്. സർവ്വേയുടെ ഫലങ്ങളെ ക്രോഡീകരിച്ച് അപഗ്രഥിച്ച് വില യിരുത്തി. ഒരു സമഗ്ര ഊർജ്ജ ആസൂത്രണ പദ്ധതിക്ക് രൂപം കൊടുക്കണം. ഇതിന് ശാസ്ത്ര സാങ്കേതിക രംഗത്തെ ലഭ്യ മാക്കാം. ഈ സമഗ്ര പദ്ധതിയുടെ ഭാഗമായി പാചകം, വെളിച്ചം, ജലസേചനം, കുടിവെള്ളം വ്യവസായോർജ്ജം എന്നീ വിവിധ മേഖലകൾക്കും ഊർജ്ജം നൽകാനുള്ള പദ്ധ തികൾക്കു രൂപം നൽകണം. ഓരോന്നിനും സാങ്കേതിക സേവനവും സാമ്പത്തിക സഹായവും നൽകാൻ കഴിവുള്ള സർക്കാർ ഏജൻസികളെയും സന്നദ്ധസംഘടനകളെയും കണ്ടെത്തണം. അവരുടെ സഹായത്തോടെ വിശദമായ പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട ഏജൻസി കൾക്ക് സമർപ്പിച്ച് സാമ്പത്തികം ലഭ്യമാക്കാം.

### മാർക്കറ്റിംഗ്

പഞ്ചായത്തിൽ മാർക്കറ്റിംഗ് സമ്പ്രദായം ഇല്ലെന്നുതന്നെ പറയാം. ഇവിടെ ഉല്പാദിപ്പിക്കുന്ന പ്രധാന കാർഷിക വിള കൾ നാളികേരം, നേന്ത്രവാഴ, കശുവണ്ടി, അടക്ക, നെല്ല്, കിഴങ്ങ് വർഗങ്ങൾ, പച്ചക്കറികൾ, തുടങ്ങിയവയാണ്. ഈ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനു ആവശ്യമായ കമ്പോള സൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്. ഇവിടെ സ്വകാര്യ മേഖലയിലോ സഹകരണമേഖലയിലോ ആയി വിപണി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

### പ്രശ്നങ്ങൾ

1. കാർഷിക ഉല്പന്നങ്ങളായ നെല്ല്, നാളികേരം, വാഴപ്പഴം, കിഴങ്ങ് വർഗ്ഗങ്ങൾ വിപണത്തിനുള്ള സൗകര്യമില്ല.
2. അടക്ക വെറ്റില തുടങ്ങിയ നാണ്യവിളകളുടെ കമ്പോള വികസനത്തിന് യാതൊരു സൗകര്യങ്ങളുമില്ല.
3. ചാപ്പനങ്ങാടിയൊഴികെ, മാംസ വിപണന സൗകര്യമില്ല.

   അതു തന്നെ ഇപ്പോൾ പൊളിച്ചുമാറ്റിയിട്ടുണ്ട്.
4. മത്സ്യവിപണനത്തിനുള്ള സൗകര്യമില്ല.

### സാധ്യതകൾ

1. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിലെ കോട്ട പ്പുറം, ചാപ്പനങ്ങാടി, പറങ്കിമൂച്ചിക്കൽ, പൊന്മള എന്നീ പ്രദേശങ്ങളിൽ വിപണന സൗകര്യങ്ങൾ ഏർപ്പെടു ത്തുക.
2. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കെട്ടിടങ്ങൾ സ്ഥാപിച്ച് വ്യാപാരി കൾക്ക് വാടകക്ക് നൽകുക. ഇവയിൽ എല്ലാ ഇനം കാർഷിക വിളകളും നാണ്യവിളകളും വാങ്ങുന്നതിനുള്ള സൗകര്യം ഉറപ്പുവരുത്തുക.
3. കാപക്സിന്റെയും മറ്റു പൊതു - സഹകരണ സ്ഥാപന ങ്ങളുടെ വിപണന കേന്ദ്രങ്ങൾ പഞ്ചായത്ത് അതിർത്തി യിൽ ആരംഭിക്കുക.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കെട്ടിടങ്ങൾ നിർമ്മിച്ചു വ്യാപാരി കൾക്ക വാടകയ്ക്ക് നൽകുക.
2. ചാപ്പനങ്ങാടിയിൽ മുമ്പുണ്ടായിരുന്ന മാർക്കറ്റിന്റെ സ്ഥാനത്ത് വിപുലമായി പുതിയ മാർക്കറ്റിംങ്ങ് കോംപ്ലക്സ് നിർമ്മിക്കുക. കൂടാതെ അതുതന്നെ മാംസ, മത്സ്യ, പച്ചക്കറി, തുടങ്ങിയവയുടെ വിപണത്തിന് സൗകര്യം ഏർപ്പെടുത്തുക.
3. മറ്റു കേന്ദ്രങ്ങളിലും ഇതുപോലെയുള്ള മാർക്കറ്റിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കുക
5. പഞ്ചായത്തതിർത്തിയിൽ പൊതു-സഹകരണ സ്ഥാപ നങ്ങളുടെ വിപണന ഏജൻസികളുടെ ശാഖകൾ സ്ഥാപിച്ചു വിപണന രംഗത്തുള്ള മധ്യവർത്തികളെ ഒഴി വാക്കുക.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റ്, ഒന്ന്, മൂന്ന്, നാല്, അഞ്ച്, ഏഴ്, എട്ട്, ഒമ്പത് പത്ത്, പതിനൊന്ന് വാർഡുകളിൽ സ്ഥാപിക്കുക.
2. വെറ്റില, അടക്ക, നാളികേരം, തുടങ്ങിയ നാണ്യവിളക ളുടെ വിപണത്തിന് മൂന്ന്, നാല്, അഞ്ച്, എട്ട്, പത്ത് , പതിനൊന്ന് വാർഡുകളിൽ മാർക്കറ്റുകൾ സ്ഥാപിക്കുക.
3. മത്സ്യ-മാംസ മാർക്കറ്റുകൾ ചാപ്പനങ്ങാടി, പറങ്കിമൂച്ചി ക്കൽ, പൊന്മള, കോട്ടപ്പുറം എന്നീ സ്ഥലങ്ങളിൽ സ്ഥാപി ക്കുക.

## നിലവിലുള്ള ട്രാൻസ്ഫോർമർ ഗ്രാമസഭകൾ ആവശ്യപ്പെട്ടവ, വൈദ്യുതീകരിക്കാനുള്ള പ്രദേശങ്ങൾ, എന്നിവ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | നിലവിലുള്ള ട്രാൻസ്ഫോർമറിന്റെ എണ്ണം | ആവശ്യപ്പെട്ട സ്ഥലങ്ങൾ | സ്ട്രീറ്റ് ലൈറ്റ് ആവശ്യപ്പെട്ട സ്ഥലങ്ങൾ | സോഡിയംവേപ്പർ ലാമ്പ് ആവശ്യപ്പെട്ട സ്ഥലങ്ങൾ | കാർഷികേതര ആവശ്യത്തിന് ലൈൻ വലിക്കേണ്ട സ്ഥലങ്ങൾ |
|---|---|---|---|---|---|
| 1 | 2 എണ്ണം | വടക്കേ കുണ്ട്- പൊന്മള, പൂവാട് | പൊന്മള കിഴക്കേതല മുതൽ മാണൂർവരെ | പൂവാട്, കടലുണ്ടി, പുഴക്കടവ്, വടക്കേകുണ്ട്, ശങ്കരൻപറമ്പ്, പല്ലാണിപറമ്പ് | 1. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്ക് ലൈൻ വലിക്കുക, |
| 2 | 1 എണ്ണം | - <br> - | മാണൂർ അങ്ങാടി | മാണൂർ ജംഗ്ഷൻ, | തണ്ടറായി ഹരിജൻകോളനി വൈദ്യുതീകരിക്കുക. |
| 3 | 1 എണ്ണം | | പൊന്മള പള്ളിയാലിൽ | പള്ള്യാലിൽ, സ്കൂൾപടി, മോന്തിപറമ്പ് | മേലേ വെളുത്തൊടി ഹരിജൻകോളനി-മാണൂർ ലക്ഷം വീട് കോളനി വൈദ്യുതീകരിക്കുക. |
| 4 | 1 എണ്ണം | കുറുപ്പിൻപടി -വടക്കെ കുളമ്പ് | പറങ്കിമുച്ചിക്കൽ മുതൽ കുറുപ്പിൻപടി വരെ | പറങ്കിമുച്ചിക്കൽ അങ്ങാടി- കുറുപ്പിൻപടി, വടക്കെകുളമ്പ്, പാറമ്മൽ അങ്ങാടി | പറങ്കിമുച്ചിക്കൽ ചെറുതടം - കിളിവായിൽ കുളമ്പ് - ചേനങ്ങാട്ട് കുളമ്പ് - കുറുപ്പിൻപടി വടക്കേകുളമ്പ് - അഞ്ചാലക്കുണ്ട് വരെ വൈദ്യുതീകരിക്കുക. |
| 5 | 2 എണ്ണം | - | പൊന്മള മുട്ടിപ്പാലമേൽ മുറി | വീരാര-കാഞ്ഞിരമുക്ക്, നുഞ്ഞിപ്പാടം, പൊട്ടിച്ചിന, ഇല്ലിക്കൽ ചുടല-മേൽമുറി ചിറക്കുണ്ട്. | മേലേ ഹരിജൻ കോളനി |
| 6 | 2 എണ്ണം | ഹൈസ്കൂളിന് തെക്കുവശം കൊഴക്കോടു ഭാഗം | വട്ടപ്പറമ്പ് -ചാപ്പനങ്ങാടി സി.എച്ച് റോഡ് മാർക്കറ്റ് റോഡ് ഇടവഴി, ആശുപത്രി പഞ്ചായത്താപ്പീസ് കൊഴക്കോട് വരെ. ലക്ഷംവീട് കോളനികൾ, തലക്കാപ്പ് റോഡ് ഭാഗം. | ചാപ്പനങ്ങാടി സെന്റർ ജുമാമസ്ജിദ് പടി. സിഎച്ച് റോഡ്, കുരിയാട് റോഡ്, പഞ്ചായത്താപ്പീസ് പടി. വട്ടപ്പറമ്പ്, തലക്കാപ്പ് റോഡ് ജംഗ്ഷൻ, | ബിർലാ കോളനി (മുളക്കാടൻ പറമ്പ്) പുളക്കോളനി, വലിയ പറമ്പ്, മിച്ചഭൂമി രണ്ടുലക്ഷം വീടുകോളനികൾ, കോഡൂർ കണ്ടം ഭാഗം |
| 7 | 1എണ്ണം | തലക്കാപ്പ് | കുരിയാടങ്ങാടിമുതൽ തലക്കാപ്പ് വരെ - കുരിയാടങ്ങാടിമുതൽ കല്ലറമ്പ് വരെ ജുമാമസ്ജിദുമുതൽ പുളിക്കലങ്ങാടിവരെ. | കുരിയാടങ്ങാടി തലക്കാപ്പ് റോഡ് ജംഗ്ഷൻ കല്ലറമ്പ് തലക്കാപ്പ്. തലക്കാപ്പ് പള്ളിപ്പടി പുളിക്കലങ്ങാടി. | കല്ലറമ്പ് പടിഞ്ഞാറ് ഭാഗം, തലക്കാപ്പ് സ്കൂൾ ഭാഗം, കിഴക്കേ കുളമ്പ്. |
| 8 | 2 എണ്ണം | മണ്ണഴി ചേങ്ങോട്ടൂർ റോഡ് ജംഗ്ഷൻ തോട്ടപ്പാടി കുളങ്ങരപ്പടി | ഒളകരപ്പടി-കോട്ടപ്പുറം-മണ്ണഴി. മണ്ണഴി-ചേങ്ങോട്ടൂർ കളരിക്കൽപടി - മനയ്ക്കൽ ചിറ. ആക്കപ്പറമ്പ് - തെക്കേക്കര ഹരിജൻ കോളനി, കോട്ടപ്പുറം - തോട്ടപ്പായി, തോട്ടപ്പായി-മണ്ണഴി | ഒളകരപ്പടി. കോട്ടപ്പുറം. ബാങ്ക് ജംഗ്ഷൻ. ഹരിജൻ കോളനി. കളരിക്കൽ പടി. മനയ്ക്കൽ ചിറ, വാര്യത്തെപ്പടി. ആക്കപ്പറമ്പ് ജംഗ്ഷൻ, തെക്കേക്കര ഹരിജൻ കോളനി, മണ്ണഴി, ചേങ്ങോട്ടൂർ റോഡ് ജംഗ്ഷൻ തോട്ടപ്പായി. | തോട്ടപ്പായി ഭാഗം. നെമ്മിണിപ്പാടം വയലിലേക്ക്. |
| 9 | | കാട്ടുങ്ങൽ ചോല ചക്കുങ്ങപ്പടി, തെക്കേക്കര | മുണ്ടിയരംതറ - ചക്കുങ്ങപ്പടി - പെരിച്ചൽ പറമ്പ്. ചേങ്ങോട്ടൂർ - നെല്ലോളി പറമ്പ്. തെക്കേക്കര-നീറ്റിച്ചിറ-ആലൻപാറ-കാട്ടുങ്ങൽചോല. ചട്ടിപ്പറമ്പ്- വട്ടപ്പറമ്പ് ഓടങ്കാട്ടുകോളനി. | മുണ്ടിയം തറ. മദ്രസപ്പടി, സ്കൂൾപ്പടി, പെരിച്ചൽ പറമ്പ്, ഓടങ്കാട്ട് കോളനി, കാട്ടുങ്ങൽചോല, ആലൻപാറ, തീറ്റിച്ചിറ. തെക്കേക്കര, പെരിങ്ങരച്ചിറ, നെല്ലോളിപറമ്പ്, മില്ലുംപടി, | ഓടങ്കാട്ട് കോളനി, കുരിക്കൽ കുളംമ്പ, പെരിച്ചൽ പറമ്പ്, പെരയിപ്പാടം, നടുപ്പാടം, കാട്ടുങ്ങച്ചോല, |
| 10 | 1എണ്ണം | കോൽക്കളം മദ്രസ്സപ്പടി പുഴിത്തറ | ഒളകരപ്പടി- കോൽക്കളം- വരവക്കൽ കടുന്നാമുട്ടി. ആക്കപ്പറമ്പ്- പടിഞ്ഞാറെ തല മുതൽ മെയിൻ റോഡുവരെ. കോൽക്കളം - കൊയ്യപ്പാൽകുന്ന് ആക്കപറമ്പ് കുന്നംകുറ്റി. | ആക്കപറമ്പ്, സ്കൂൾപടി, മദ്രസപടി, മെയിൻ റോഡ്, കടുന്നാമുട്ടി, പരവക്കൽ, കോൽക്കളം മദ്രസ്സപ്പടി, പള്ളിപ്പടി, ഒളകരപ്പടി, കുന്നാകുറ്റി, അരീക്കാട് കുളമ്പ്, പരന്നകല്ല്, കരിമ്പ്, വലിയപള്ള്യാലി | പുഴിത്തറ-ചാണപ്പറമ്പ്-പനങ്ങാട്ടുകുളംബ്, കളരിപ്പടി കിഴക്കേതല, ചിറക്കുഴിപാടം, പനങ്ങാട്ടുകുളമ്പ്, പണ്ടാറച്ചിറ, |
| 11 | 1എണ്ണം | | ഇന്ത്യനൂർ റോഡ് മുതൽ ചുനൂർ-ഒളകരപ്പടി-കുന്നാംകുറ്റി വരെ. ചുനൂർ എൽ.പി.സ്കൂൾഭാഗം | ഇന്ത്യനൂർ റോഡ്, ചുനൂർ മില്ലുപടി, ചുനൂർ അങ്ങാടി, കിഴക്കേതല, ചുനൂർ ചിറ, കുന്നാംകുറ്റി, ചെറുപറമ്പ് എൽ.പി. സ്കൂൾ | ചോലകുളമ്പ്, ചെറുപമ്പ് -കുന്നാംകുറ്റി അരീക്കാട്ട് കുളമ്പ് |
| | | | | | |

480



# പാർപ്പിടവും സാമൂഹ്യക്ഷേമവും

### പാർപ്പിടം

മനുഷ്യരുടെ അടിസ്ഥാനാവശ്യങ്ങളിൽപ്പെട്ട ഒന്നാണ് പാർപ്പിടം. മനുഷ്യന് തലചായ്ക്കാൻ ഒരിടം കൂടിയേ തീരൂ. ഈ ആവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിന്റെ നന്മക്ക് ഉതകുന്നതുമായിരിക്കും.

പഞ്ചായത്തിലെ പാർപ്പിട സ്ഥിതി സാമാന്യം തൃപ്തികരമാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം സാമ്പത്തിക മേഖലയിലെ നിർണായക ഘടകമാണ്. ഉൽപാദനപ്രദമായ മേഖലകളിൽ നിക്ഷേപിക്കാതെ കോൺക്രീറ്റ് സൗധങ്ങൾ കെട്ടിപ്പടുക്കുന്നതിനാണ് ഈ പണം കൂടുതലായും ഉപയോഗപ്പെടുത്തുന്നത്.

ഇവിടെ 4457 വീടുകളാണുള്ളത്. പകുതിയിലധികം വരുന്ന വീടുകളിലും കൂട്ടുകുടുംബങ്ങളാണുള്ളത്. 350 ഓളം വീടുകൾ കോൺക്രീറ്റുകളും 3482 വീടുകൾ ഓടുമേഞ്ഞവയും 625 വീടുകൾ ഓലമേഞ്ഞവയും കുടിലുകളുമായിട്ടാണുള്ളത്.

വീടുവെക്കുന്നതിനുള്ള സ്ഥലത്തിന്റെ സ്ഥിതി വെച്ചു നോക്കുമ്പോൾ പൊതുവെ കുറവാണെന്നു കാണാം. ഈ സാഹചര്യത്തിൽ വയലുകൾ നികത്തി വീടുകളും കെട്ടിടങ്ങളും ഉണ്ടാക്കുന്ന പ്രവണത കൂടി വരുന്നതായി കാണുന്നു.

ഭൂരിഭാഗം ജനങ്ങളും കൃഷിക്കാരും കാർഷികതൊഴിലാളികളുമാണ്. കൃഷിപ്പണിചെയ്തു ജീവിക്കുന്നവരെ പ്രതികൂലമായി ബാധിക്കുന്ന ഒരവസ്ഥയാണ് വയലുകളിലെ കെട്ടിടനിർമ്മാണ പ്രവൃത്തി. ഇതിന്റെ കാരണം കൃഷിപണിചെയ്യുന്നത് ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയും തൊഴിലാളികളെ കിട്ടാനുള്ള ദൗർലഭ്യവും കൊണ്ട് കൃഷി ഭൂമികൾ തരിശായി ഇടുന്നു.

വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ പല വായ്പ പദ്ധതികളും ധനസഹായങ്ങളും നിലവിലുണ്ട്. പഞ്ചായത്ത് തലത്തിൽ സഹായം നല്കുന്ന ഏജൻസിയാണ് മലപ്പുറം ഭവന നിർമ്മാണ ബോർഡ് ഈ സ്ഥാപനത്തെക്കുറിച്ചു ഇവിടുത്തെ ജനങ്ങൾക്ക് അറിവില്ല അതുകാരണം സാധാരണക്കാരന് വായ്പകൾ കിട്ടാൻ കാലതാമസം നേരിടുന്നു.

മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ ലഭിച്ച വീടുകളുടെ എണ്ണം 13 മാത്രമാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ദുർബ്ബലവിഭാഗക്കാർക്കും ഇടത്തരക്കാർക്കും വീടുവെക്കുന്നതിനും പുതുക്കി പണിയുന്നതിനും വായ്പകൾ ലഭ്യമാവുന്നത് വളരെക്കുറവു മാത്രമാണ്. ഇത് മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനുള്ള ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. പലിശ നിരക്ക് ഏറ്റവും കുറവുള്ള രീതിയിലാക്കി നല്കേണ്ടതാണ്.
2. ഏജൻസികൾ തന്നെ നേരിട്ട് പ്ലോട്ട് അടിസ്ഥാനത്തിൽ വീടുകൾ നിർമ്മിക്കുകയും കുറഞ്ഞ കാലയളവിൽ അതിന്റെ സംഖ്യ തവണകളായി അടക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യാവുന്നതാണ്.
3. വായ്പയിന്മേലുള്ള ജാമ്യവ്യവസ്ഥകൾ ഉദാരമാക്കുക.
4. അപേക്ഷകൾ ലഭിച്ചാൽ ഒരു നിശ്ചിത സമയത്തിനകം സഹായം നൽകുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുക.
5. അർഹതപ്പെട്ടവർക്ക് സഹായം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
6. പട്ടികജാതിക്കാർക്ക് സ്വന്തമായി വീടുവെക്കുന്നതിന് സ്ഥലമുണ്ടെങ്കിലും ശരിയായ രേഖകൾ ഇല്ലാത്തതു കാരണം ഈ ആനുകൂല്യം നേടാൻ സാധിക്കാതെ വരുന്നു.

ഈ പഞ്ചായത്തിൽ സർക്കാർ ഏജൻസികൾ മുഖേന (ബ്ലോക്ക്, പഞ്ചായത്ത്) ലഭ്യമായ വീടുകൾ നാമമാത്രമാണ്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് മാത്രമായിരുന്നു ആദ്യകാലങ്ങളിൽ വീടനുവദിച്ചിരുന്നത്. അടുത്ത കാലത്തായി ദുർബലവിഭാഗത്തിൽപ്പെട്ട മറ്റുള്ളവർക്കും നൽകി വരുന്നു. ഇതനുസരിച്ച് ബ്ലോക്കിൽനിന്നും പഞ്ചായത്തിൽ നിന്നും വിവിധ പദ്ധതികൾ പ്രകാരം 85-86 മുതൽ 95-96 വരെയുള്ള കാലയളവിൽ നൽകിയ വീടുകളുടെ കണക്ക് താഴെ ചേർക്കുന്നു.

മേൽ സൂചിപ്പിച്ച കണക്കുകൾ അനുസരിച്ച് നാമമാത്രമായ ആനുകൂല്യങ്ങൾ മാത്രമേ ഈ മേഖലയിൽ ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമായിരിക്കുമല്ലോ.

വീടുകൾക്ക് നല്കുന്ന വായ്പയും ധനസഹായവും വർദ്ധിപ്പിക്കേണ്ടതാണ്. ഭവനനിർമ്മാണത്തിന് ആവശ്യമായ സിമന്റ്, കല്ല്, ഓട് മുതലായവക്കുള്ള അമിതമായ വിലയും കൂലിനിരക്കിലെ വർദ്ധനവും പാവപ്പെട്ടവന് സ്വന്തമായൊരു വീട് എന്ന മോഹം ഒരു ദിവാസ്വപ്നമായി ശേഷിക്കുന്നു. ബ്ലോക്കുവഴിയും പഞ്ചായത്ത് വഴിയും നൽകുന്ന കുറഞ്ഞ സഹായധനം കൊണ്ട് വീടു പൂർത്തികരിക്കുവാൻ പാവപ്പെട്ടവന് സാധിക്കുന്നില്ല. അതിനാൽ ഈ സഹായം 30000 രൂപയായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി പ്രകാരമുള്ള വീടുകൾക്ക് അനുവദിക്കുന്ന വായ്പയുടെ പരിധിയും ഗ്രാന്റും ഉയർത്തുക

| വർഷം | RLEGP | NREP | IAY | MWS | JRY | PanchayatJRY 80 % | TOTAL |
|---|---|---|---|---|---|---|---|
| 85-86 | 5 | - | - | - | - | - | 5 |
| 86-87 | - | 10 | - | - | - | - | 10 |
| 87-88 | 10 | - | - | - | - | - | 10 |
| 88-89 | - | 5 | - | - | - | - | 5 |
| 89-90 | - | - | 2 | - | - | 7 | 9 |
| 90-91 | - | - | 1 | 3 | - | 5 | 9 |
| 91-92 | - | - | 1 | 1 | 1 | 3 | 6 |
| 92-93 | - | - | 6 | - | - | 4 | 10 |
| 93-94 | - | - | 2 | - | - | 7 | 9 |
| 94-95 | - | - | - | 2 | 1 | 2 | 5 |
| 95-96 | - | - | 12 | 4 | - | 4 | 20 |
| Total | 15 | 15 | 24 | 10 | 2 | 32 | 98 |

ഗ്രാന്റായി നല്കുന്ന സഹായപദ്ധതിക്ക് പുറമെ സന്നദ്ധ സംഘടനകളുടെ സഹായവും കൂടി സ്വീകരിച്ച് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

92-93 വർഷങ്ങളിൽ ഒരു അവിദഗ്ദ തൊഴിലാളികൾക്ക് കൊടുത്തിരുന്ന കൂലി 70-80 രൂപ ആയിരുന്നെങ്കിൽ ഇന്ന് 100-125 രൂപയായി വർദ്ധിച്ചിട്ടുണ്ട്. അതേസമയം വിദഗ്ദ തൊഴിലാളിയുടേത് 100 രൂപയിൽ നിന്ന് 160 രൂപയായി ഉയർന്നു. സ്ത്രീകളുടെ കൂലി 60-70 രൂപ വരെയാണ്..

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കുകയും ഓല മേഞ്ഞ വീടുകൾ ഓടിടുകയും ഭവരനരഹിതർക്ക് വീട് അനുവദിക്കുകയും ചെയ്യേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള 5 പട്ടിക ജാതി കോളനികളും അതിനു പുറമെ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളും ഉണ്ട്. സർക്കാരിന്റെ വിവിധ സേവന പദ്ധതികൾ മുഖേന വിട്, കക്കൂസ്, വൈദ്യുതി, കുടിവെള്ളം, ഗതാഗതം എന്നിവ ഏറെക്കുറെ ലഭ്യമായിട്ടുണ്ടെങ്കിലും പല വീടുകളും ശോചനീയാവസ്ഥയിലാണ്. കോളനിക്കു പുറമെ താമസിക്കുന്ന അർഹരായ ആൾക്കാർക്ക് വീടുകളും കക്കൂസുകളും നിർമ്മിച്ചു കൊടുക്കുകയും സ്ഥമില്ലാത്തവർക്ക് സ്ഥലസൗകര്യം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

ചാപ്പനങ്ങാടി, മാണൂർ എന്നിവിടങ്ങളിൽ 3 ലക്ഷം വീട് കോളനികൾ ഉണ്ട്. വർഷങ്ങൾക്കുമുമ്പ് അംഗീകരിച്ച ഈ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്. ദുർബല വിഭാഗങ്ങൾ താമസിക്കുന്ന ഈ കോളനി പുനരുദ്ധരിക്കുകയും കക്കൂസ്, കിണർ മുതലായവ അനുവദിക്കുകയും ചെയ്യുക.

സർക്കാർ നിയന്ത്രണത്തിലുള്ള വിവിധ ക്ഷേമ പദ്ധതികളിൽ അർഹരായ എല്ലാ ഗുണഭോക്താക്കളേയും ഉൾപ്പെടുത്തേണ്ടതും യഥാസമയം ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതുണ്ട്.

പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. കെട്ടിട നിർമ്മാണസാമഗ്രികൾ സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുക. തൊഴിലാളികൾക്ക് പരിശീലനം കൊടുക്കുവാനുള്ള സെന്ററുകൾ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.

പഞ്ചായത്ത് തലത്തിൽ നിർമ്മിതി കേന്ദ്രം തുടങ്ങുക ചിലവ് കുറഞ്ഞ വീടുകളെപറ്റി ജനകീയ ബോധവൽക്കരണം നടത്തുക ഭവനനിർമ്മാണത്തിനുള്ള അപേക്ഷകളിൽ കാലതാമസം ഒഴിവാക്കുക.

മിച്ചഭൂമി, സർക്കാർ പുറംപോക്കു ഭൂമി എന്നിവ ഭൂമിയില്ലാത്തവർക്ക് ലഭ്യമാക്കുക.

**സാമൂഹ്യക്ഷേമം**

സാമൂഹ്യക്ഷേമരംഗത്ത് സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ ഇന്ന് നിലവിലുണ്ട്. സേവനോന്മുഖരായ വിവിധ സന്നദ്ധസംഘടനകളും ജനക്ഷേമകരമായ പരിപാടികൾ നടത്തുന്നുണ്ട്. ഇതിൽ രണ്ടാമത് സൂചിപ്പിച്ചത് ഈ പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം.

സർക്കാരിന്റെ ക്ഷേമപദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല എന്നു കാണാവുന്നതാണ്. പദ്ധതികളെക്കുറിച്ച് ജനങ്ങൾക്കുള്ള അറിവില്ലായ്മ, ഉദ്യോഗസ്ഥ തലത്തിൽ നിന്നുള്ള ബോധവൽക്കരണത്തിന്റെ കുറവ്, ആനുകൂല്യങ്ങൾ യഥാസമയം കിട്ടായ്ക മുതലായവയാണ് ഇതിനു കാരണങ്ങൾ.

സാമൂഹ്യക്ഷേമരംഗത്ത് ശ്രദ്ധേയമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദുർബ്ബല വിഭാഗങ്ങളെ സഹായിക്കുന്നതിനായി ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബ്ലോക്കു ഡവലപ്മെന്റ് ഓഫീസിന്റെ ഭാഗമായി ഒരു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസും ഒരു ലേഡീവില്ലേജ് എക്സ്റ്റൻഷൻ സർക്കിളുകളിലുമായി പ്രവർത്തിച്ചുവരുന്നു.

**സംയോജിത ഗ്രാമവികസന പരിപാടി (ഐ.ആർ.ഡി.പി.)**

ഇത് ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യതോതിൽ ചെലവു പങ്കിടുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സ്വയം തൊഴിൽ സംരഭങ്ങൾ ഏറ്റെടുത്തുകൊണ്ട് ദാരിദ്യ രേഖക്കുമുകളിൽ എത്തുവാൻ ഗ്രാമീണ കുടുംബങ്ങളെ സഹായിക്കുകയാണ് ഇതിന്റെ ലക്ഷ്യം. വാർഷിക വരുമാനം 11000 രൂപ വരെയുള്ളവരാണ് ഇതിൽ ഉൾപ്പെടുന്നവർ.

ഇതുപ്രകാരം നമ്മുടെ പഞ്ചായത്തിൽ എട്ടാം പദ്ധതി കാലത്ത് നടത്തിയസർവ്വെയുടെ അടിസ്ഥാനത്തിൽ 1860 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളതായി കാണുന്നു. ഇത് പഞ്ചായത്തിൽ ആകെയുള്ള കുടുംബങ്ങളുടെ 43 ശതമാനമാണ്. (പട്ടിക നോക്കുക)

| വാർഡ് | ആകെ കുടുംബങ്ങൾ | സർവ്വെയിലുള്ള കുടുംബങ്ങൾ | ശത മാനം |
|---|---|---|---|
| 1 | 520 | 215 | 42 |
| 2 | 604 | 141 | 23 |
| 3 | 501 | 211 | 42 |
| 4 | 512 | 276 | 54 |
| 5 | 309 | 118 | 38 |
| 6 | 616 | 226 | 37 |
| 7 | 445 | 182 | 41 |
| 8 | 532 | 211 | 40 |
| 9 | 418 | 280 | 67 |

92ലെ സർവ്വേ (IRDP)

ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങളെ സഹായിക്കുന്നതിനുള്ള പദ്ധതിയാണ് സംയോജിത ഗ്രാമവികസന പരിപാടി അഥവാ ഐ.ആർ.ഡി.പി. വിവിധ കാലയളവുകളിൽ ഐ.ആർ.ഡി.പി. സഹായം ലഭിച്ചവരുടെ കണക്കുകൾ ചുവടെ കൊടുക്കുന്നു.

| വർഷം | ആകെ സഹായിച്ച കുടുംബം | പട്ടിക ജാതി | വനിത | സബ്സിഡി | വായ്പ |
|---|---|---|---|---|---|
| 92-93 | 56 | 27 | 20 | 1.14ലക്ഷം | 1.72 ലക്ഷം |
| 93.94 | 55 | 21 | 23 | 1.38 | 2.33 |
| 94-95 | 47 | 9 | 15 | 1-90 | 4.47 |
| 95-96 | 49 | 18 | 18 | 2.32 | 4.32 |

വിവിധ വായ്പ ആവശ്യങ്ങൾക്ക് സാധാരണക്കാർക്ക് സമീപിക്കാവുന്ന ദേശസാൽകൃത ബാങ്കിന്റെയോ ഗ്രാമീണ ബാങ്കിന്റെയോ ശാഖകൾ ഈ പഞ്ചായത്തിൽ ഇല്ല. ചേങ്ങോട്ടൂർ കോട്ടപ്പുറത്ത് ഒരു സഹകരണബാങ്കും പറങ്കിമൂച്ചിക്കൽ അർബ്ബൻ ബാങ്കിന്റെ ഒരു ശാഖ ഉണ്ടെങ്കിലും സർക്കാരിന്റെ വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ ബാങ്കുകൾക്ക് പരിമിതിയുണ്ട്. ഈ വസ്തുത കണക്കിലെടുത്ത് പഞ്ചായത്ത് മുൻകൈ എടുത്ത് സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ശ്രമങ്ങൾ നടത്തേണ്ടതാണ്.

## DWCRA

സംയോജിത ഗ്രാമവികസന പരിപാടിയനുസരിച്ച സ്ത്രീകൾക്ക് കൂട്ടായി സ്വയം തൊഴിലിൽ ഏർപ്പെടുന്നതിനുള്ള ഒരു പദ്ധതിയാണ് ഇത്. ഇതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ 5 യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഈ യൂണിറ്റുകൾക്ക് ബാങ്കിൽനിന്നുള്ള വായ്പയും സർക്കാരിൽനിന്നുള്ള ധനസഹായവും നൽകിയതിനു പുറമേ കേന്ദ്ര-സംസ്ഥാന സർക്കാരുകളും യൂനിസെഫും തുല്യതോതിൽ നിശ്ചിത തുകയായ 15200 രൂപ റിവോൾവിങ് ഫണ്ടായി നൽകിയിട്ടുണ്ട്.

ഇതിൽ 89-90 ൽ ആരംഭിച്ച ഭാവന ബേക്കറിയൂണിറ്റ്, കോട്ടപ്പുറത്തിന്റെ പ്രവർത്തനം നിലച്ചിട്ടുണ്ടെങ്കിലും മറ്റു യൂണിറ്റുകൾ വിജയകരമായി പ്രവർത്തിച്ചുവരുന്നു. സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുന്നതിനുപുറമെ, സാമൂഹ്യസേവന സന്നദ്ധതയും കൂട്ടായ്മയും കൈവരിക്കുന്നതിന് സ്ത്രീകളെ പ്രാപ്തരാക്കുകയും അതുവഴി സമൂഹത്തിൽ അവരുടെ സ്ഥാനം ഒരുപടി ഉയർത്തുന്നതിനും ലക്ഷ്യം വയ്ക്കുന്ന ഇത്തരം പദ്ധതികൾ പഞ്ചായത്തിൽ കൂടുതൽ ഉണ്ടാവേണ്ടതുണ്ട്.

95-96 മുതൽ ഈ പദ്ധതിയുടെ ഭാഗമായി ശിശുപരിപാലനവും വിജ്ഞാനവിദ്യാഭ്യാസ വ്യാപനവും (CCA&IEC) നടപ്പിലാക്കി വരുന്നു. ഇപ്പോൾ റിവോൾവിങ് ഫണ്ട് സംഖ്യ 25000/- നൽകുന്നു. അംഗങ്ങൾക്കിടയിൽ സമ്പാദ്യശീലം വളർത്തുന്നതിന് ഗ്രൂപ്പുകൾ ത്രിഫ്റ്റ് ക്രഡിറ്റ് രൂപീകരിക്കാവുന്നതാണ്.

### പ്രശ്നങ്ങൾ

1. സ്ത്രീകൾ രംഗത്ത് മുന്നിട്ട് ഇറങ്ങാത്തതുകൊണ്ടും കൂട്ടായ പ്രവർത്തനത്തിന് തയ്യാറല്ലാത്തതുകൊണ്ടും സുഗമമായ നടത്തിപ്പിന് തടസ്സം നേരിടുന്നു. ഇതു മൂലം

| വർഷം | യൂണിറ്റിന്റെ പേര് | അംഗങ്ങളുടെ എണ്ണം | വായ്പ | സബ്സിഡി |
|---|---|---|---|---|
| 1989-90 | ഭാവനാ ബേക്കറി DWCRA യൂണിറ്റ് ചേങ്ങോട്ടൂർ | 12 | 26053 | 26053 |
| 90-91 | ചേങ്ങോട്ടൂർ DWCRA യൂണിറ്റ് ആടുവളർത്തൽ | 17 | 34000 | 34000 |
| | ജഹ്നി DWCRA യൂണിറ്റ് ചാപ്പനങ്ങാടി | 16 | 38800 | 38800 |
| 91-96 | ചേങ്ങോട്ടൂർ DWCRAയൂണിറ്റ് | 10 | 24000 | 24000 |
| 95- 96 | പൊന്മളDWCRAയൂണിറ്റ് | 10 | 40000 | 40000 |

സർക്കാർ ഉദ്ദേശിക്കുന്ന രീതിയിലുള്ള പ്രയോജനം യൂണിറ്റിന് ലഭിക്കുന്നില്ല.

2. വേണ്ടത്ര പരിശീലനം നൽകാനുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഇല്ലാത്തതുകൊണ്ടും ഒന്നിച്ചിരുന്ന് പ്രവർത്തിക്കനുള്ള സ്ഥലസൗകര്യങ്ങൾ ഇല്ലാത്തതു കൊണ്ടും ഉദ്ദേശിച്ച രീതിയിലുള്ള പദ്ധതികൾ നടത്തുന്നതിന് സാധിക്കുന്നില്ല.

**നിർദ്ദേശങ്ങൾ**

1. കൂട്ടായ് പ്രവർത്തിക്കുന്നതിനുള്ള സാമൂഹ്യബോധം യൂണിറ്റ് അംഗങ്ങളിൽ വളർത്തിയെടുക്കുന്നതിനും മറ്റും ജനകീയ സമിതികളുടെയും രാഷ്ട്രീയ സാമൂഹ്യ സന്നദ്ധ പ്രവർത്തകരുടെയും പങ്കാളിത്തം അത്യാവശ്യമാണ്.
2. യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി ഒരു വനിതാ സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കാവുന്നതാണ്.
3. ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം DWCRA ഗ്രൂപ്പുകൾ വഴിയും ധാരാളം ആടുകളേയും കറവപശുക്കളെയും നൽകുന്നതിനാൽ പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ മൃഗാശുപത്രി തുടങ്ങണം.
4. പാലുല്പാദന സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം.

**ട്രൈസം**

ഗ്രാമീണ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ തേടുന്നതിന് സാങ്കേതിക പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഐ.ആർ.ഡി.പി. ലക്ഷ്യവിഭാഗത്തിൽ 18 നും 35 നും ഇടയ്ക്ക് പ്രായമുള്ളവരാണ് ഇതിന് അർഹരായവർ. ഈ പരിപാടി അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ പരിശീലനം നേടിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

ഓരോ വർഷവും ധാരാളം യുവതീയുവാക്കൾ ഈ പദ്ധതിയിൽ കീഴിൽ പരിശീലനം ആഗ്രഹിച്ച് അപേക്ഷ സമർപ്പിക്കുന്നുണ്ട്. എന്നാൽ കുറച്ചുപേർക്കുമാത്രമേ പരിശീലനം ലഭിക്കുന്നുള്ളൂ എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഇതു കണക്കിലെടുത്താണ് കൂടുതൽ പേർക്ക് പരിശീലനം നൽകാൻ നടപടിയെടുക്കേണ്ടതാണ്.

**പ്രശ്നങ്ങൾ:**

സ്വയം തൊഴിലിലേർപ്പെടുന്നതിനുവേണ്ടിയുള്ള പല ട്രേഡുകളിൽ വേണ്ടത്ര പരിശീലനം നൽകുന്നില്ല.

**നിർദ്ദേശങ്ങൾ**

1. കാലാനുസൃതമായ ട്രേഡുകളിൽ പരിശീലനം നൽകുന്നതിന് ആവശ്യമായ പരിശീലന കേന്ദ്രങ്ങൾ ബ്ലോക്കുതലത്തിലും പ്രത്യേകിച്ച് പഞ്ചായത്ത് തലത്തിലും ആരംഭിക്കേണ്ടിയിരിക്കുന്നു.

2. മറ്റു സ്ഥലങ്ങളിൽ പോയി പരിശീലനം തേടുന്നതിനാൽ ഇന്നനുവദിക്കുന്ന സ്റ്റൈപന്റ് വർദ്ധിപ്പിക്കേണ്ടതാണ്.

CRSP. കേന്ദ്ര ഗ്രാമ ശുചിത്വ പരിപാടി എന്ന പേരിൽ അറിയപ്പെടുന്ന ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഇതുവരെ അറിയപ്പെടുന്ന 41 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഓരോ കുടുംബത്തിനും 2000/- നൽകിയിട്ടുണ്ട്. ഐ.ആർ.ഡി.പി. സർവ്വെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളിൽ 585 കുടുംബങ്ങൾക്ക് കക്കൂസ് ഇല്ലാത്തവരാണ്. സർവ്വെ ലിസ്റ്റിനു പുറത്തുള്ള സുമാർ 275 കുടുംബങ്ങൾ കക്കൂസ് ഇല്ലാത്തതായി കണക്കാക്കുന്നു.

ആവശ്യവുമായി താരതമ്യപ്പെടുത്തുമ്പോൾ സർക്കാർ സർവ്വീസിൽ അനുവദിക്കപ്പെട്ട കക്കൂസുകളുടെ എണ്ണം വളരെകുറവാണെന്ന് മനസ്സിലാക്കാവുന്നതാണ്. കക്കൂസ് ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും അത് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ധനസഹായം ലഭ്യമാക്കേണ്ടതാണ്. ഇപ്പോൾ നൽകുന്ന സംഖ്യ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

**ടൂൾകിറ്റ്:**

പരമ്പരാഗത ഗ്രാമീണ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ദുർബല വിഭാഗങ്ങൾക്ക് തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്ന ഈ പദ്ധതിയിൽ 32 കുടുംബങ്ങൾക്ക് 1800 രൂ. വെച്ച് സഹായം നൽകിയിട്ടുണ്ട്. പരമ്പരാഗത കൈത്തൊഴിലുകാരിൽ ഭൂരിഭാഗവും ആശാരിമാർ, സ്വർണ്ണപ്പണിക്കാർ, കൊല്ലപ്പണിക്കാർ, ബാർബർമാർ എന്നിവരാണ്. ദുർബ

| വർഷം | പരിശീലനം നേടിയവരുടെ എണ്ണം | വനിത | പട്ടിക ജാതി | പരിശീലനം നൽകിയ മേഖല |
|---|---|---|---|---|
| 92-93 | 5 | 5 | - | എംബ്രോയ്ഡറി പ്രിന്റിംഗ്, കമ്പോസിങ്ങ് |
| 93-94 | 11 | 7 | 4 | പ്രിന്റിംഗ് കമ്പോസിംഗ് ടി.വി. റേഡിയോ മെക്കാനിസം പ്ലംബിങ്ങ് അപ്പോളസ്റ്ററി |
| 94-95 | 10 | 5 | 5 | ബുക്ക് ബൈൻഡിങ്ങ് പ്രിന്റിങ്ങ്, കമ്പോസിങ്ങ്, അലൂമിനിയം ഫേബ്രിക്കേഷൻ, എയർ കണ്ടീഷൻ |
| 95-96 | 4 | 2 | 2 | ടി.വി. & റേഡിയോ റിപ്പയറിങ്ങ് എംബ്രോയ്ഡറി |

ല വിഭാഗങ്ങൾക്ക് വളരെ സഹായകരമായ ഈ പദ്ധതി പരിമിതമായ തോതിലാണ് നടപ്പിലാക്കുന്നത് എന്ന് കാണുന്നു. അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതിയിലൂടെ ഗുണം ലഭ്യമാക്കാൻ ബോധവൽക്കരണം, സാമ്പത്തിക സഹായം എന്നീ കാര്യങ്ങൾ പഞ്ചായത്തുമുഖേന ചെയ്യേണ്ടതാണ്.

**പെൻഷനുകളെ സംബന്ധിച്ച്:**

സർക്കാരിന്റെ വിവിധഗ്രൂപ്പുകളായ ഗ്രാമവികസനം, സാമൂഹ്യ ക്ഷേമം, റവന്യൂ എന്നിവ മുഖേന ക്ഷേമ പദ്ധതികളും പെൻഷനുകളും നടപ്പാക്കി വരുന്നു. വിധവാ പെൻഷൻ, വാർദ്ധക്യകാലപെൻഷൻ, വികലാംഗപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ തുടങ്ങിയവ നമ്മുടെ പഞ്ചായത്തിലെ അർഹരായ എല്ലാവർക്കും ലഭിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. ഓരോ വിഭാഗത്തിനും അർഹരായവരെ കണ്ടെത്തി പഞ്ചായത്ത് മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്.

**വിധവാ പെൻഷൻ:**

പൊന്മള ഗ്രാമപഞ്ചായത്തിൽ 191 പേർക്കാണ് ലഭിക്കുന്നത്. പഞ്ചായത്തിൽ അർഹതപ്പെട്ട എല്ലാ വിധവകൾക്കും ഈ പെൻഷൻ ആനുകൂല്യം നൽകുന്നതിനുള്ള സത്വരശ്രദ്ധ പതിയേണ്ടതാണ്. വിധവകൾക്ക് നൽകുന്ന ആനുകൂല്യം ആൺമക്കൾ ഉണ്ടെന്നുള്ളതുകൊണ്ട് നിഷേധിക്കേണ്ടതില്ല. കാരണം ഉള്ള ആൺമക്കൾ വേറെ കുടുംബമായി കഴിയുന്നവരായിരിക്കാം. സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിയുന്ന വിധവയ്ക്ക് പെൻഷൻ കിട്ടിയാൽ അത് ഒരു ആശ്വാസമായിരിക്കും. ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന് ഇത് അന്വേഷിച്ച് തീരുമാനിക്കാവുന്നതാണ്.

**വികലാംഗപെൻഷൻ:**

പൊന്മള ഗ്രാമപഞ്ചായത്തിൽ 55 പേർക്കാണ് നൽകുന്നത്. 40% വികലാംഗത്വമുള്ളവർക്കു മാത്രമേ ഈ ആനുകൂല്യം ലഭിക്കുന്നുള്ളൂ. 30% വരെ വികലാംഗരായ ആളുകൾ പഞ്ചായത്തിൽ ധാരാളമുണ്ട്. അവർക്ക് ആനുകൂല്യം ലഭിക്കുന്നില്ല.

അതിനുള്ള കാരണം മെഡിക്കൽ ബോർഡിൽനിന്നും 40% ആണെന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ലഭിക്കുകയുള്ളൂ. അതനുവദിക്കേണ്ടത് ജില്ലാ ആശുപത്രിയിലുള്ള വികലാംഗ ബോർഡാണ്. യാത്ര ചെയ്യാൻ ബുദ്ധിമുട്ടുള്ള ഇവർ മഞ്ചേരി ജില്ലാ ആശുപത്രിയെ സമീപിക്കേണ്ടിവരുന്നു. അതിനു പരിഹാരമായ ഏറ്റവും അടുത്തുള്ള താലൂക്കാശുപത്രിയിൽ ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്. 30%വരെ വികലാംഗരായ ആളുകൾക്കും കൂടി ഈ ആനുകൂല്യം ലഭ്യമാക്കുന്നതിന് സത്വരനടപടി കൈക്കൊള്ളണം.

**കർഷക തൊഴിലാളി പെൻഷൻ**

കർഷകതൊഴിലാളി പെൻഷൻ ലഭിക്കുന്നത് റേഷൻ കാർഡിന്മേലുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. അതിന്റെ പേരിൽ അനർഹരായ പലർക്കും പെൻഷൻ ലഭിക്കുന്നതായും അർഹരായ പലർക്കും ലഭിക്കുന്നില്ല എന്നും പരാതിയുണ്ട്. ഈ അധികാരം ഗ്രാമപഞ്ചായത്തിന് നൽകുകയും തെരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്താൽ ഒരളവു വരെ ഇതു പരിഹരിക്കാവുന്നതാണ്.

**വാർദ്ധക്യകാല പെൻഷൻ:**

നേരത്തെ റവന്യൂ വകുപ്പ് വഴി നൽകിയിരുന്ന വാർദ്ധക്യകാല പെൻഷൻ 1995-96 മുതൽ ഗ്രാമപഞ്ചായത്ത് മുഖാന്തിരം നടപ്പാക്കുന്നു. വാർഷിക വരുമാനം 5000 രൂപ വരെയുള്ളവർക്കും 20 വയസ്സിനു മുകളിൽ ആൺമക്കൾ ഇല്ലാത്തവർക്കും ഇതിന്റെ ആനുകൂല്യം ലഭിക്കുന്നു. ഇതിലൂടെ 8 പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

1. വരുമാന പരിധി ഉയർത്തേണ്ടതാണ്.

**തൊഴിലില്ലായ്മ വേതനം:**

നമ്മുടെ പഞ്ചായത്തിൽ തൊഴിലില്ലായ്മാവേതനം ലഭിക്കുന്നവരുടെ എണ്ണം മറ്റു പഞ്ചായത്തുകാരെ അപേക്ഷിച്ച് കുറവാണ്. അർഹതപ്പെട്ട പലരും അപേക്ഷിക്കാതിരിക്കുന്നതായാണ് കാണുന്നത്. ദരിദ്ര വിഭാഗക്കാരിൽ വേതനത്തിനർഹരായവർ വളരെ കുറവാണ്. കൂടാതെ ഗൾഫ് സ്വാധീനം വേതനം വാങ്ങാതിരിക്കാൻ ഒരു ഘടകമായി കാണുന്നുണ്ട്.

**അംഗൻവാടികൾ**

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാന പരമായ പ്രവർത്തനം കാഴ്ചവെക്കുന്ന അംഗൻ വാടികൾ സംയോജിത ശിശുവികസന പരിപാടിയുടെ ഭാഗമായി തുടങ്ങിയതാണ് 1994-ലെ ഒക്ടോബർ 10 ന് പൊന്മള പഞ്ചായത്തിൽ ഐ.സി.ഡി.എസിന്റെ പ്രവർത്തനം ആരംഭിച്ചത്. മൊത്തം 11 വാർഡുകളിലായി 25 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. 1000 ജനങ്ങൾക്ക് ഒരു അംഗൻ വാടി എന്ന തോതിലാണ് നടപ്പാക്കുന്നത്. അത് ഏറെക്കുറെ ഈ പഞ്ചായത്തിൽ സാധിച്ചിട്ടുണ്ട്. അംഗൻവാടിക്ക് സ്വന്തമായി കെട്ടിടമുള്ളത് 2 എണ്ണവും ബാക്കിയുള്ളവ വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു.

അനുപൂരക പോഷകാഹാരം, അനൗപചാരിക വിദ്യാഭ്യാസം , രോഗ പ്രതിരോധം ആരോഗ്യപോഷക വിദ്യഭ്യാസം, അമ്മമാർക്ക് ആരോഗ്യ പരിശോധന, റെഫറൽ സർവ്വീസ് എന്നിവ ഐ.സി.ഡി.എസ്സിലൂടെ ജനങ്ങൾക്ക് ലഭിക്കുന്നത്.

**പ്രശ്നങ്ങൾ:**

അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമില്ലാത്തതു കൊണ്ടും കുട്ടികളെ ഇരുത്തുന്നതിനുമുള്ള ഫർണിച്ചറുകളോ, കളിക്കുന്നതിനാവശ്യമായ കളിപ്പാട്ടങ്ങളോ, അതിനു പറ്റിയ സ്ഥലമോ, കുടിക്കുന്നതിനുള്ള ശുദ്ധജലമോ, മലമൂത്ര വിസർജനത്തിനുള്ള സൗകര്യങ്ങളോ ഇല്ല.

വരുംതലമുറയെ വാർത്തെടുക്കുവാൻ വളരെയധികം ബദ്ധപ്പാടുകൾ സഹിച്ച് ജോലിചെയ്യുന്ന അംഗൻവാടി ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. അംഗൻവാടിയിലെ

ഭാരിച്ച ജോലികൾക്കുപുറമെ, മറ്റു വകുപ്പുകളിലെ ജോലികൾ ചെയ്യേണ്ടിവരുന്നു. ഈ അവസ്ഥ പരിഹാരം കാണേണ്ടതാണ്.

### ICDS കൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. മോഡൽ അംഗനവാടി കെട്ടുന്നതിന് ഒന്നരലക്ഷം രൂപ സഹായധനം നൽകുന്ന പദ്ധതി.
2. 40000 രൂപാ സഹായധനത്തിൽ അംഗനവാടി കെട്ടിടം നിർമ്മിക്കാനുള്ള പദ്ധതി.
3. അംഗനവാടികൾക്ക് ഉപകരണങ്ങൾ കളിക്കോപ്പുകൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനുള്ള പദ്ധതി.
4. വികലാംഗർക്ക് ആവശ്യമുള്ള ഉപകരണങ്ങൾക്കുള്ള പദ്ധതി.
6. സഹകരണ സംഘങ്ങൾ വഴി സ്ത്രീകൾക്ക് വ്യവസായമാരംഭിക്കാനുള്ള പദ്ധതി.

   അംഗനവാടിയോടനുബന്ധിച്ച മഹിളാ സമാജം മുഖാന്തിരം ചെറുകിട വ്യവസായങ്ങൾ തുടങ്ങാനുള്ള പദ്ധതി.
8. പച്ചക്കറി തോട്ട നിർമ്മാണ പദ്ധതി.
9. ജനസംഖ്യാനുപാതികമായി പുതിയ നടപടികൾ ആരംഭിക്കൽ.

### നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെക്കൊണ്ടോ, പഞ്ചായത്തു ഫണ്ടുപയോഗിച്ചുകൊണ്ടോ, സന്നദ്ധസംഘടനകൾ, മഹിളാസമാജങ്ങൾ വഴിയോ, കെട്ടിടം ഉണ്ടാക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
2. പഞ്ചായത്ത് മിച്ചഭൂമികളും പുറമ്പോക്കു ഭൂമികളും അംഗനവാടികൾക്ക് കെട്ടിടം പണിയുവാൻ നല്കാവുന്നതാണ്.
3. അംഗനവാടികളിൽ കുട്ടികൾക്കു നൽകുന്ന ഭക്ഷണത്തിന്റെ പോഷകനിലവാരം ഉയർത്തുകയും, പഴങ്ങളും പച്ചക്കറികളും നൽകുകയും ചെയ്യാവുന്നതുമാണ്.
4. പുകയില്ലാത്ത അടുപ്പുകളുടെ പ്രാധാന്യത്തെപ്പറ്റി അംഗൻവാടികളിലൂടെ ബോധവൽക്കരണം നടത്താവുന്നതാണ്.
5. വർക്കർമാരേയും, ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരേയും അംഗീകരിക്കേണ്ടതാണ്.
6. സ്ഥലമുള്ള അംഗൻവാടികളിൽ അടുക്കളതോട്ടം നിർമ്മിക്കുന്നതിന് മുൻകൈ എടുക്കുക.
7. ശുചിത്വ പരിപാലനത്തിനുവേണ്ടി മലിന വസ്തുക്കൾ നിക്ഷേപിക്കുന്നതിനായി കമ്പോസ്റ്റ് കുഴി നിർമ്മിക്കുന്നതിന് മുൻകൈ എടുക്കുക.
8. അംഗൻവാടികളിലെ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.
9. നെല്ലോളിപറമ്പ്, ആക്കപ്പറമ്പ്, കരിന്തവരക്കുന്നത്. ചാപ്പനങ്ങാടി എന്നീ സ്ഥലങ്ങളിൽ അംഗൻവാടി ആവശ്യമാണ്. അംഗൻവാടികളിൽ ഡോക്ടർമാരുടെയും, PHN മാരുടെയും സേവനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്.
10. അംഗനവാടി രക്ഷാകർതൃസമിതി ഫലപ്രദമായി ചേരുകയും, ആവശ്യമായ വിഭവസമാഹരണം നടത്തുകയും ചെയ്യാവുന്നതാണ്.
11. അംഗനവാടികൾ കേന്ദ്രീകരിച്ച അമ്മമാരെ സംഘടിപ്പിച്ച് പച്ചക്കറിത്തോട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

### പൊതുവിതരണം

വളരെ കാര്യക്ഷമവും, അതി വിപുലവുമായ ഒരു പൊതുവിതരണ സമ്പ്രദായം കേരളത്തിൽ നിലനിന്നു പോന്നിരുന്നതാണ്. ആവശ്യ ഭക്ഷ്യ സാധനങ്ങളായ അരി, ഗോതമ്പ്, പഞ്ചസാര, മൈദ, മുതലായവയും, മണ്ണെണ്ണയും ന്യായവിലക്ക് ലഭ്യമാക്കികൊണ്ടിരിക്കുന്ന റേഷൻ ഷോപ്പുകൾക്കുപകരം പൊതുവിതരണ കേന്ദ്രങ്ങളാണ് ഇപ്പോഴുള്ളത്. നമ്മുടെ പഞ്ചായത്തിൽ ചേങ്ങോട്ടൂർ, മണ്ണഴി, തലകാപ്പ് ചാപ്പനങ്ങാടി, പറങ്കിമൂച്ചിക്കൽ, മുട്ടിപ്പാലം, പൊന്മള, ചൂനൂർ എന്നീ സ്ഥലങ്ങളിലായി 8 പൊതുവിതരണ കേന്ദ്രങ്ങൾ ഉണ്ട്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തേണ്ടതാണ്. പൊതുജനങ്ങൾക്ക് എന്നും പരാതിയുള്ളവയാണ് ഈ കേന്ദ്രങ്ങൾ. മിക്കപ്പോഴും ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യവസ്തുക്കളുടെ വിതരണം, മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെ ലഭ്യത പരിമിതമാണ്.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുക.
2. പഞ്ചായത്തിൽ പൊന്മള, ചാപ്പനങ്ങാടി, ചേങ്ങോട്ടൂർ, എന്നിവിടങ്ങളിൽ മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക.
3. ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുക.
4. മണ്ണെണ്ണ, പഞ്ചസാര, എന്നിവയുടെ ക്വാട്ട വർദ്ധിപ്പിക്കുക.
5. റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകളിൽ പഞ്ചായത്ത് തലത്തിൽ തീർപ്പു കൽപിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുക.
6. റേഷൻ ഉല്പന്നങ്ങൾ പ്രത്യേകിച്ച് ഗോതമ്പ് കരിഞ്ചന്തയിൽ പോകുന്നത് തടയുക.
7. പൊതുവിതരണ കേന്ദ്രങ്ങളുടെ പരിശോധനയ്ക്കുള്ള സംവിധാനം ശക്തിപ്പെടുത്തുകയും പരിശോധന പഞ്ചായത്ത് വഴിയാക്കുകയും ചെയ്യുക.

# സംസ്കാരം - റിപ്പോർട്ട്

### സാംസ്കാരികരംഗം

**ച**രിത്രപരവും സാമൂഹ്യവും ആയ കാരണങ്ങളാൽ വളരെ പിന്നണിയിലായിരുന്ന ഒരു ഏറനാടൻ ഗ്രാമമായിരുന്നു പൊൻമള. മഹാകവി പി. കുഞ്ഞിരാമൻ നായരുടെ ആത്മകഥാപരമായ ഗദ്യകവിതയായ 'കവിയുടെ കാൽപ്പാടുകൾ' എന്ന ഗ്രന്ഥത്തിൽ പൊൻമളയെക്കുറിച്ച് പരാമർശമുണ്ട്. ഈ പ്രദേശം 'പൊൻമല' എന്നതായിരുന്നവത്രെ അറിയപ്പെട്ടിരുന്നത്. 'പൊന്നു വിളയുന്ന ഭൂമി' കവുങ്ങുകളുടെ നാട്' എന്നൊക്കെ പൊന്മളയെ വിശേഷിപ്പിച്ചിരുന്നു. ഈ പൊന്നു വിളയുന്ന ഭൂമിയാണ് പിന്നീട് പൊൻമളയായിത്തീർന്നതെന്ന് കരുതപ്പെടുന്നു.

പഴയ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ഈ ഗ്രാമം പണ്ട് സാമൂതിരി രാജാവിന്റെ അധീനതയിലായിരുന്നു. രാജഭരണത്തിന്റേയും ബ്രിട്ടീഷ് സാമ്രാജ്യ വാഴ്ചയുടേയും ഫ്യൂഡൽ പ്രഭുവർഗ്ഗ സർവ്വാധിപത്യത്തിന്റേയും മേൽക്കോയ്മ കാലാകാലങ്ങളായി അനുഭവിച്ചറിഞ്ഞവരാണ് ഈ നാട്ടിലെ അടിസ്ഥാന വർഗ്ഗം.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബഹുഭൂരിപക്ഷം ഗ്രാമീണരും ദാരിദ്രത്തിന്റേയും വറുതിയുടേയും തടവുകാരായിരുന്നു. കാർഷിക മേഖല മാത്രമായിരുന്നു ഏക വരുമാന മാർഗ്ഗം. അന്നത്തെ സാമൂഹ്യബന്ധമാവട്ടെ ജന്മി-നാടുവാഴി മേധാവിത്വത്തിലധിഷ്ഠിതവും. ഭൂസ്വത്തുക്കളിൽ ഭൂരിഭാഗവും ഏതാനും ജൻമി കുടുംബങ്ങളുടെ കൈവശമായിരുന്നു. സാമൂതിരി രാജാവും, കിഴക്കേ കോവിലകവും, പുല്ലാനിക്കാട്ട്മന, വടക്കത്തുമന, പൊൻമള ദേവസ്വം തുടങ്ങിയവരുമായിരുന്നു. പ്രധാന ഭൂവുടമകൾ. അവരുടെ പാട്ടക്കുടിയാൻമാരും അടിയാൻമാരായ കർഷകത്തൊഴിലാളികളുമായിരുന്നു സാധാരണ ജനത.

ഭൂമിയ്ക്കുവേണ്ടിയുള്ള സമരം കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും കർഷകസംഘത്തിന്റേയും നേതൃത്വത്തിൽ ശക്തിപ്രാപിച്ചിരുന്നു. പ്രസ്തുത സമരങ്ങൾ ഫ്യൂഡൽ ജൻമിത്വത്തെ കടപുഴക്കി. ഭൂപരിഷ്കരണം നിയമം ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനവിഭാഗത്തെ ഭൂസ്വത്തുക്കളുടെ ഉടമകളാക്കി മാറ്റി. ഭൂബന്ധങ്ങളിൽ വന്ന ഈ മാറ്റങ്ങൾ സാമൂഹ്യജീവിതത്തിൽ പുതിയ ചലനങ്ങൾ ഉണ്ടാക്കി.

വളരെ വിസ്തൃതമായ ഒരു പഞ്ചായത്താണ് പൊൻമള. മാറാക്കര, കോട്ടക്കൽ, കോടൂർ, ഒതുക്കുങ്ങൽ, കുറുവ എന്നീ പഞ്ചായത്തുകൾ ഇതിന്റെ അതിർത്തിയിൽ വരുന്നു. ഗ്രാമത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും മുസ്ലീങ്ങളാണ്. ഹിന്ദുക്കൾ നല്ലൊരു ശതമാനുമുണ്ട്. കൂടാതെ വിരലിലെണ്ണാവുന്ന ക്രസ്തീയ കുടുംബങ്ങളുമുണ്ട്. പ്രധാന വരുമാന മാർഗ്ഗം കൃഷിതന്നെ.

യുവാക്കളിൽ 15% ത്തോളം പേർ ഗൾഫിൽ ജോലി ചെയ്യുന്നു. ഇവരിൽ നിന്നും ലഭിയ്ക്കുന്ന വരുമാനം ഗ്രാമജ

നതയുടെ ജീവിത നിലവാരത്തേയും കുടുംബഭദ്രതയേയും ഏറെ സാഹായിച്ചു. തൊഴിലാളികൾക്ക് കൂടുതൽ വേതനം ലഭിയ്ക്കുവാനും അതുവഴി തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനും ഇത് ഉപകരിയ്ക്കപ്പെട്ടു. ഗ്രാമത്തിന്റെ മുഖച്ഛായതന്നെ മാറ്റിയെടുക്കുവാനുതകുന്ന ഉൽപ്പാദനക്ഷമമായ മേഖലകളിലേക്ക് ഗൾഫ് പണം തിരിച്ചുവിടേണ്ടതാണ്.

ഈ നൂറ്റാണ്ടിന്റെ ആദ്യപാദം വരെ അക്ഷരം ഗ്രാമീണ ജനതയ്ക്ക് അന്യമായിരുന്നു. നിലത്തെഴുത്താശാൻമാർ നടത്തിയിരുന്ന നിലത്തെഴുത്തു പരിശീലനം മാത്രമായിരുന്നു അന്നുണ്ടായിരുന്ന ഏക അക്ഷരവിദ്യ. ആദ്യം വരേണ്യ കുടുബങ്ങളിലെ, വിരലിൽ എണ്ണാവുന്നവർക്കു മാത്രം ലഭ്യമായിരുന്നു. 1912 ൽ ചാപ്പനങ്ങാടിയിൽ സ്ഥാപിച്ച GMLPS ആണ് ഇവിടെ ഒപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്. അതിനുശേഷം ഔപചാരിക – അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേറേയും ഉയർന്നു വന്നു. ഇന്ന് ഒരു ഹൈസ്കൂളും പതിമൂന്ന് ലോവർ പ്രൈമറി സ്കൂളുകളും നാല് യു. പി. സ്കൂളുകളും ഇരുപത്തിഅഞ്ച് അംഗനവാടികളും ഈ പഞ്ചായത്തിലുണ്ട്. സാക്ഷരതാ പ്രവർത്തനങ്ങളും ഗ്രാമത്തിന്റെ പുരോഗതിയെ ഏറെ സഹായിച്ചു. എന്നാൽ രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനം മന്ദഗതിയിലാവുകയും ജനവിദ്യാകേന്ദ്രങ്ങൾ നിശ്ചലമാവുകയും ചെയ്ത ഇന്നത്തെ അവസ്ഥയ്ക്ക് ഉടൻ പരിഹാരം കാണേണ്ടതുണ്ട്.

ഗ്രന്ഥാലയങ്ങളും വായനശാലകളും, കായിക ക്ലബ്ബുകളും മഹിളാ സംഘങ്ങളും ഗ്രാമത്തിന്റെ വികസനത്തെ ത്വരിതപ്പെടുത്തുന്നതിൽ മുഖ്യപങ്കുവഹിച്ചിട്ടുണ്ട്. പൊൻമളയിലെ ശ്രീധരൻ നമ്പീശൻ സ്മാരക വായനശാലയും മണ്ണഴിയിലെ ബാപ്പുജി സ്മാരക വായനശാലയും ഈ നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ സ്ഥാപിയ്ക്കപ്പെട്ടിട്ടുള്ള സംസ്ക്കാരിക സ്ഥാപനങ്ങളാണ്. 1951 ൽ ബാപ്പുജി സ്മാരക വായനശാലയും 1953 ൽ ശ്രീധരൻ നമ്പീശൻ സ്മാരക വായനശാലയും റെജിസ്റ്റർ ചെയ്ത അംഗീകൃത സ്ഥാപനത്തിൻ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഇന്ന് പഞ്ചായത്ത് ആസ്ഥാനത്തു പ്രവർത്തിയ്ക്കുന്ന പഞ്ചായത്ത് ലൈബ്രറിയുൾപ്പെടെ മൂന്ന് അംഗീകൃത ലൈബ്രറികളും പിതനഞ്ചോളം കലാകായിക ക്ലബ്ബുകളും, മഹിളാസമാജങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നു.

(ലൈബ്രററിയുടേയും ക്ലബ്ബുകളുടേയും വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

ആയുർവ്വേദ ഗ്രന്ഥമായ 'അമരക്കോശം' എഴുതിയ ചോലക്കര 'വാചസ്പതി' പരമേശ്വരൻ മൂസ്സത് പൊൻമള ചോലക്കരം ഇല്ലത്തെ അംഗമായിരുന്നു. മഹാകവി 'പി' യുടെ ഭാര്യയായ കുഞ്ഞി ലക്ഷ്മിയുടെ തറവാടായിരുന്ന 'മേലേ വടയക്കളവും' പൊൻമളയിലാണ്. പൊൻമളയിലെ ആദ്യകാല പൊതു പ്രവർത്തകനായിരുന്ന ശ്രീധരൻ നമ്പീശൻ, മലബാർ സ്പെഷ്യൽ പോലീസിൽ സേവന മനുഷ്ഠിക്കവെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന് പിരിച്ചുവിടപ്പെട്ട നാരായണൻ നായർ മാസ്റ്റർ, ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത 'ഗാന്ധിമൂസത്' എന്നപേരിൽ അറിയപ്പെടുന്ന നാരായണൻ മൂസത്ത് എന്നിവരെല്ലാം പൊൻമളയുടെ സാംസ്കാരിക പാരമ്പര്യത്തിന് മഹത്തായ സംഭാവനകൾ നൽകിയവരാണ്.

ചേങ്ങോട്ടൂർ ദേശത്തെ മണ്ണഴിയിലുള്ള പി. വി. കൃഷ്ണൻനായർ, ഒ. രാമൻകുട്ടി മാസ്റ്റർ, കെ. സി. കൃഷ്ണൻനായർ, പുല്ലാനിക്കാട് മനയിലെ ഭവദാസൻ നമ്പൂതിരിപ്പാട് എം. മയാണ്ടി വൈദ്യർ എന്നിവരെല്ലാം ബാപ്പുജി സ്മാരക വായനശാലയുടെ സ്ഥാപകരും അറിയപ്പെടുന്ന സാംസ്ക്കാരിക പ്രവർത്തകരുമായിരുന്നു. മുസ്ലീം മതപണ്ഡിതരായ ചാപ്പനത്താടിയിലെ ബാപ്പുമുസലിയാരും, മച്ചിങ്ങലത്ത് കുഞ്ഞയമുട്ടി മുസ്ല്യാരും കൂരിയാട് തേനു മുസലിയാരും പൊൻമള പഞ്ചായത്തിന്റെ സാംസ്ക്കാരിക വളർച്ചയെ സഹായിച്ച മഹദ് വ്യക്തികളാണ്.

പൊൻമള അമ്പലവട്ടത്തുള്ള പൊൻമള ശിവക്ഷേത്രവും മണ്ണഴി ശിവക്ഷേത്രവും വളരെയേറെ പഴക്കമുള്ള രണ്ടു ക്ഷേത്രങ്ങളാണ്. ടിപ്പുസുൽത്താന്റെ മലബാറിലെ പടയോട്ടക്കാലത്ത് പൊൻമള ശിവക്ഷേത്രത്തിന് കേടുപാടുകൾ സംഭവിച്ചിരുന്നുവത്രെ. "അയിത്തംകൊണ്ട് ഒരു ഭൂപടമുണ്ടാക്കിയാൽ ഏറ്റവും കൂടുതൽ കറുപ്പ് താൻ നൽകുന്നത് മലബാറിനായിരിക്കുമെന്ന്" മഹാത്മാ ഗാന്ധി അഭിപ്രായപ്പെട്ടത് വടക്കേ മലബാറിനെക്കുറിച്ചാണെങ്കിലും ഹിന്ദുമതത്തിലെ ചില വിഭാഗങ്ങളെ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും കൽപ്പിച്ച് പൊതുവഴിയിൽ നടക്കുന്നതിനും അമ്പലത്തിൽ കയറുന്നതിനും ഇവിടെയും വിലക്ക് കൽപ്പിച്ചിരുന്നു. ഭ്രഷ്ട്, ക്ഷൗരംമുടക്കൽ, ഊരുമിലങ്ങൾ, തൊട്ടുകൂടായ്മ, തീണ്ടികൂടായ്മ തുടങ്ങിയ അനചാരങ്ങളും ഉണ്ടായിരുന്നു. കാലത്തിന്റെ അനുസ്യൂതമായ പ്രവാഹത്തിൽ ഭരണകൂടങ്ങളും വ്യവസ്ഥിതികളും മാറിമറഞ്ഞപ്പോൾ ഈ അനാചാരങ്ങളെല്ലാം അപ്രത്യക്ഷമായി. ഹിന്ദുക്കളും മുസ്ലീംങ്ങളും ഇടകലർന്നു ജീവിയ്ക്കുന്ന ഈ ഗ്രാമത്തിൽ പറയത്തക്ക ജാതി-രാഷ്ട്രീയ സംഘട്ടനങ്ങളൊന്നും തന്നെ നടന്നിട്ടില്ല എന്നത് നമുക്ക് അഭിമാനിയ്ക്കാവുന്ന ഒരു കാര്യമാണ്.

ഈ ഗ്രാമത്തിന്റെ സാംസ്ക്കാരിക നവോത്ഥാനത്തെ സഹായിക്കാനുതകുന്ന ഒട്ടേറെ കലാ സാംസ്ക്കാരിക സംഘങ്ങൾ ഇവിടെ സ്ഥാപിയ്ക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയിൽ അധികവും പ്രവർത്തനം മുരടിച്ച് നിലച്ചുപോയ ചരിത്രവും ഉണ്ട്.

## നിലവിലുള്ള കലാ സാംസ്കാരിക കായിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപന വർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിട വിവരം | ധനസഹായത്തിന്റെ വിവരം | ഏതുസ്ഥാപനത്തിൽ അഫിലിയേറ്റു ചെയ്തിരിയ്ക്കുന്നു. | പ്രവർത്തനത്തിന്റെ ലഘുവിവരം |
|---|---|---|---|---|---|---|---|
| 1. | ശ്രീധരൻ നമ്പീശൻ സ്മാരക വായനശാല കലാസമിതി, 76528 | Reg: No 2672 1993 ( 'C' ഗ്രേഡ്) | 108 | സ്വന്തം | | സംസ്ഥാന ഗ്രന്ഥശാല സംഘം | സാമൂഹ്യസേവനരംഗം കലാകായികരംഗം |
| 2. | ബാപ്പുജി സ്മാരക വായനശാല & ഗ്രന്ഥാലയം മണ്ണഴി-കോട്ടപ്പുറം - 676503 | 1951 c ഗ്രേഡ് | 40 | വാടക | | ഗ്രന്ഥ ശാലാസംഘം | സാമൂഹ്യസേവന രംഗം കലാകായിക രംഗം സാക്ഷരതാ പ്രവർത്തനം |
| 3. | പഞ്ചായത്ത് വായനശാല & ഗ്രന്ഥാലയം ചാപ്പനങ്ങാടി | 1990 | | സ്വന്തം | | ഗ്രന്ഥശാലാസംഘം | സാമൂഹ്യസേവനരംഗം കലാകായിക രംഗം |
| 4. | ലൗലി ആർട്സ് & സ്പോർട്ട് ക്ലബ്ബ് (ലാസ) ചാപ്പനങ്ങാടി | Reg: 125 1992 | 76 | വാടക | | നെഹ്റു യുവ്കകേന്ദ്രം | കലാകായിരംഗം |
| 5. | ക്രസന്റ് യൂത്ത് മൂവ്മെന്റ് വായനശാല ചാപ്പനങ്ങാടി | 1983 | 50 | വാടക | | ഇല്ല | സാമൂഹ്യസാംസ്ക്കാരിക രംഗം |
| 6. | കലാ സിംഫണി ആർട്സ് & സ്പോർട്സ് ക്ലബ്ബ് പറങ്കിമൂച്ചിക്കൽ | Reg: 468 1994-95 | | വാടക | | നെഹ്റു യുവക്കേന്ദ്രം | സാമൂഹ്യസാംസ്ക്കാരിക രംഗം കലാകായികരംഗം |
| 7. | ഫ്രന്റ്സ് ആർട്സ് & സ്പോർട്ട്സ ക്ലബ്ബ് പറങ്കിമൂച്ചിക്കൽ | | | വാടക | | | കലാകായിക രംഗം |
| 8. | അൽമാ ആർട്സ് & സ്പോർട്സ് ക്ലബ്ബ് പൊൻമള | Reg: 504 1993 | | | | | കലാകായികരംഗം |
| 9. | നാഷണൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ് പൊൻമള | Reg: 319 1989-90 | | വാടക | | | കലാകായികരംഗം |
| 10. | മുദ്ര ആർട്സ് & സ്പോർട്സ് ക്ലബ്ബ് കുരിയാട് | Reg 1104 1991 - 92 | | വാടക | | നെഹ്റു യുവക്കേന്ദ്രം | കലാകായികരംഗം |
| 11. | രഞ്ജിനി ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചുനൂർ | Reg: 246 1983 | | വാടക | | | കലാകായിക രംഗം |
| 12. | സി. എസ് മുഹമ്മദ്കോയ കൾചറൽ സെന്റർ ചുനൂർ | Reg: 246 1983 | 30 | വാടക | | | സാമൂഹിക സേവനം കലാ കായിക പ്രവർത്തനങ്ങൾ |
| 13. | സീക്കോ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചിറക്കൽ ചുനൂർ | Reg: 310 1991 | | വാടക | | | സാമൂഹ്യസേവനം കായിക വികസനം |
| 14. | ലിറ്റിൽ ഫ്ളവർ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, തലകാപ്പ് | Reg: 575 1993 | | വാടക | | നെഹ്റു യുവക്കേന്ദ്രം | കലാകായികരംഗം |
| 15. | ഡോൺ ആർട്സ് & സ്പോർട്സ് ക്ലബ്ബ് മണ്ണഴി-കോട്ടപ്പുറം | | | വാടക | | | കലാകായികരംഗം |

സ്വാതന്ത്ര്യത്തിനു മുമ്പ് ഗ്രാമത്തിലെ പ്രധാന രാഷ്ട്രീയ കക്ഷി ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആയിരുന്നു. ഇന്ന് ആ പാർട്ടിയെ കൂടാതെ പ്രമുഖ രാഷ്ട്രീയ പ്പാർട്ടികളെല്ലാം ഇവിടെയുണ്ട്. അവയുടെ യുവജന വിഭാഗങ്ങളും പ്രവർത്തിയ്ക്കുന്നു. പഞ്ചായത്തിന്റെ സാംസ്കാരിക പുരോഗതിയ്ക്ക് ഈ സംഘടനകളെല്ലാം തന്നെ ചെറുതല്ലാത്ത സംഭാവനകൾ നൽകിയിട്ടുണ്ട്.

**കായികരംഗം**

ഈ ഗ്രാമത്തിൽ കായികരംഗത്ത് പറയത്തക്ക പുരോഗതിയൊന്നും തന്നെ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പണ്ട് കാലങ്ങളിൽ കാളപൂട്ട്, പകിടകളി, പന്തുകളി തുടങ്ങിയവ മാത്രമായിരുന്നു ഉണ്ടായിരുന്നത്. പൊതുകളി സ്ഥലങ്ങൾ ഇല്ലാതിരുന്നതിനാൽ വേനൽക്കാലങ്ങളിൽ വിളവെടുപ്പു കഴിഞ്ഞ ശേഷം പാടങ്ങൾ കളിസ്ഥലങ്ങൾ ആക്കി മാറ്റുകയായിരുന്നു പതിവ്. ഇന്നും വേനൽക്കാലങ്ങളിൽ കളികൾ ഏറെയും നടക്കുന്നത് ഇങ്ങനെത്തന്നെയാണ്.പൊതുകളി സ്ഥലങ്ങളുടെ അഭാവമാണ് ഇതിനൊരു പ്രധാനകാരണം. ബാസ്കറ്റ്ബോൾ, ബാറ്റ്മിന്റൺ, ഹോക്കി, കബഡി ക്രിക്കറ്റ് തുടങ്ങിയ മിക്ക കളികൾക്കും വേണ്ടത്ര പ്രോൽസാഹനവും പരിശീലനവും ലഭിയ്ക്കുന്നുമില്ല. ഫുട്ബോൾ മാത്രമാണ് വേണ്ടത്ര പ്രോൽസാഹനം കിട്ടുന്ന ഏക കളി. അതിനുതന്നെ ശാസ്ത്രീയമായ രീതിയിൽ പരിശീലനം കൊടുക്കാനുള്ള സൗകര്യങ്ങളുമില്ല.

പഞ്ചായത്തിന് തനതായ ഒരു കായിക സംസ്കാരം രൂപപ്പെടുത്തുന്നതിന് ഈ രംഗത്ത് പ്രവർത്തിയ്ക്കുന്ന കായിക ക്ലബ്ബുകളുടെ സഹകരണവും നേതൃത്വവും അനിവാര്യമാണ്. കായിക വികസനത്തെ പ്രോൽസാഹിപ്പിയ്ക്കുന്നതിനുവേണ്ടി ക്ലബ്ബുകൾ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിയ്ക്കണം. കാർഷിക സംസ്കാരത്തിന്റെ ഭാഗമായ കാളപൂട്ട് മൽസരങ്ങൾ പ്രോൽസാഹിപ്പിക്കണം. ക്ലബ്ബുകളും കായിക സമിതികളും ഇതിനു മുൻകൈ എടുക്കണം. വിവിധ ഉൽസവങ്ങളോടും ആഘോഷങ്ങളോടുമനുബന്ധിച്ച് കായികമേളകൾ സംഘടിപ്പിക്കണം. എല്ലാ വാർഡുകളിലും ജനകീയ പങ്കാളിത്തത്തോടെ പൊതു കളിസ്ഥലങ്ങൾ ഉണ്ടാക്കണം. എല്ലാകളികൾക്കും പ്രത്യേകം സ്ഥിരം കോച്ചിംഗ് സെന്ററുകൾ കേന്ദ്രകായിക സമിതിയുടെ ആഭിമുഖ്യത്തിൽ ആരംഭിയ്ക്കണം.

വിദ്യാർത്ഥികളുടെ കായിക വികസനത്തെ പ്രോൽസാഹിപ്പിയ്ക്കുന്നതിനുവേണ്ടി എല്ലാ സ്ക്കൂളുകളിലും കായികാധ്യാപകരെ നിയമിയ്ക്കണം. വിദ്യാർത്ഥികൾക്കുവേണ്ടി അവധിക്കാല പരിശീലന കേന്ദ്രങ്ങൾ ആരംഭിയ്ക്കണം. ഓരോ സ്ക്കൂളിലും സ്ഥിരം കളിസ്ഥലങ്ങൾ നിർമ്മിയ്ക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകി ജനകീയ പങ്കാളിത്തത്തോടെ കളിസ്ഥലങ്ങൾ നിർമ്മിക്കണം.

ആരോഗ്യകരമായ ഒരു കായിക സംസ്ക്കാരം വളർത്തിയെടുക്കേണ്ടതിന് എല്ലാ വിഭാഗം ജനങ്ങളുടേയും ഒരു കൂട്ടായ്മ അത്യാവശ്യമാണ്.

(കായിക സമിതികളേയും ക്ലബ്ബുകളേയും ക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിരിയ്ക്കുന്നു)

**പ്രധാന പ്രശ്നങ്ങൾ**

നമ്മുടെ ഗ്രാമം നേരിടുന്ന പ്രധാന കലാ സാംസ്കാരിക-കായിക പ്രശ്നങ്ങൾ ഇങ്ങനെ സംഗ്രഹിയ്ക്കാം.

1 1,2,4,5,7,9,10,11 വാർഡുകളിൽ അംഗീകൃത വായനശാലകളോ ഗ്രന്ഥാലയങ്ങളോ ഇല്ല.

2. ഗ്രന്ഥശാലാ കൗൺസിൽ അംഗീകാരമില്ലാത്ത വായനശാലകളിൽ പലതും തൃപ്തികരമായ വിധത്തിൽ പ്രവർത്തിയ്ക്കുന്നുമില്ല.

3. മൂന്നാം വാർഡിലെ ശ്രീധരൻ നമ്പീശൻ വായനശാലയ്ക്കു മാത്രമാണ് പരിമിത സൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിടം ഉള്ളത്. ഇവിടെ എ ടൈപ്പ് കെട്ടിടത്തിനുള്ള തറയുടെ പണി കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക വിഷമം മൂലം കെട്ടിടം പണിപൂർത്തീകരിച്ചിട്ടില്ല.

4. 2,5എന്നീ വാർഡുകളിൽ കലാകായിക ക്ലബ്ബുകൾ പ്രവർത്തിയ്ക്കുന്നില്ല.

5. നിലവിലുള്ള കലാകായിക ക്ലബ്ബുകളിൽ ഒന്നിനും തന്നെ സ്വന്തമായി കെട്ടിടം ഇല്ല.

6. SNS വായനശാല വൈദ്യുതീകരിക്കയ്ക്കേണ്ടതുണ്ട്.

7. മണ്ണഴി ബാപ്പുജി സ്മാരക ഗ്രന്ഥാലയത്തിന് സ്വന്തം കെട്ടിടവും സ്ഥിരം ലൈബ്രേറിയനും വേണം

8. സാമ്പത്തിക നില മോശമായതുകൊണ്ട് ഗ്രന്ഥാലയങ്ങളിൽ പലതിനും ആനുകാലിക പ്രസിദ്ധീകരണങ്ങളോ പത്രങ്ങളോ വരുത്താൻ സാധിയ്ക്കുന്നില്ല.

9. നവസാക്ഷരർക്കായി പ്രവർത്തിയ്ക്കുന്ന ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തന രഹിതമായിരിക്കുന്നു. രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം മന്ദഗതിയിലാണ്.

10. കോൽക്കളി, പരിചമുട്ടുകളി, ചവിട്ടുകളി, തുടങ്ങിയ നാടൻ കലാരൂപങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിയ്ക്കുന്നു. ഇവയുടെ വളർച്ചയ്ക്ക് അർഹമായ പ്രോൽസാഹനം ലഭിയ്ക്കുന്നില്ല. കാർഷിക സാംസ്കാരത്തിന്റെ ഭാഗമായ കാളപൂട്ട് നാശോൻമുഖമായിരി

യ്ക്കുന്നു.

11. പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും കായിക പ്രവർത്തനങ്ങൾ നടത്തുവാൻ സഹായകമായ കളിസ്ഥലങ്ങൾ ഇല്ല.

12. പഞ്ചായത്തിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ പൊതുകളിസ്ഥലങ്ങളുടെ അഭാവം കായിക വികസനത്തെ പ്രതികൂലമായി ബാധിയ്ക്കുന്നു.

13. സ്ത്രീകൾക്കും പെൺകുട്ടികൾക്കും കായിക പരിശീലനത്തിന്റെ പൊതുധാരയിലേയ്ക്ക് എത്തിച്ചേരാൻ സഹായകമായ അടിസ്ഥാന സൗകര്യങ്ങളില്ല.

14. ഗ്രന്ഥശാലകളിലും കലാകായിക സമിതികളിലുമുള്ള സ്ത്രീപങ്കാളിത്തക്കുറവ്

15. പുതു തലമുറയ്ക്ക് വായനയോടുള്ള താൽപ്പര്യക്കുറവും ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ അതിപ്രസരവും പ്രധാന പ്രശ്നങ്ങളാണ്.

**പരിഹാരങ്ങളും നിർദ്ദേശങ്ങളും:**

1. ഗ്രന്ഥശാലകളും കലാകായിക സമിതികളും ഇല്ലാത്ത വാർഡുകളിൽ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ വായനശാലകളും ക്ലബ്ബുകളും ആരംഭിയ്ക്കണം.

2. സ്വന്തമായി കെട്ടിടം വൈദ്യുതി എന്നിവ ഇല്ലാത്ത വായനശാലകൾക്കും ക്ലബ്ബുകൾക്കും അതിനാവശ്യമായ ധനസഹായം അനുവദിയ്ക്കുക.

3. സർക്കാരിന്റെ ജനോപകാരപ്രദമായ നടപടികൾ മനസ്സിലാക്കുവാനും ജനങ്ങളുടെ സാംസ്ക്കാരിക പുരോഗതിയെ സഹായിക്കുന്നതിനും വേണ്ടി എല്ലാ വായനശാലകൾക്കും ക്ലബ്ബുകൾക്കും ഹരിജൻ കോളനികൾക്കും ടി. വി. സെറ്റും റേഡിയോയും അനുവദിയ്ക്കുക.

4. ഗ്രന്ഥാലയങ്ങളിൽ വാങ്ങുന്ന പുസ്തകങ്ങളുടെ സംഖ്യാപരമായ വർദ്ധനവിനനുസരിച്ച് ഗുണനിലവാരം ഇല്ല. കൂടാതെ വനിതകളുടെ വായനാശീലത്തിലുള്ള കുറവും ഒരു പ്രധാന പ്രശ്നമാണ്. ഇതിനു പരിഹാരമായി വീടുകളിൽ പുസ്തകങ്ങൾ എത്തിച്ചു കൊടുക്കുന്നതിന് ഒരു സഞ്ചരിക്കുന്ന ലൈബ്രറി ഉണ്ടാകേണ്ടതുണ്ട്..

5. നിലവിലുള്ള ഗ്രന്ഥശാലകളിൽ പ്രാദേശിക സാംസ്ക്കാരിക പ്രസിദ്ധീകരണങ്ങൾ (കയ്യെഴുത്തു മാസിക തുടങ്ങിയവ) ആരംഭിയ്ക്കണം.

6. ഗവ: പ്രസിദ്ധീകരണങ്ങളും പത്രമാസികകളും എല്ലാ ലൈബ്രറികൾക്കും സൗജന്യമായി എത്തിച്ചുകൊടുക്കണം.

7. കലാ സാംസ്ക്കാരിക പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിയ്ക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റിഹാൾ നിർമ്മിയ്ക്കണം.

9. പഞ്ചായത്ത് തലത്തിൽ ഓരോ വർഷവും കലാകായിക മൽസരങ്ങൾ നടത്തി പഞ്ചായത്ത്തല ടീമുകൾ രൂപീകരിച്ച് വിദഗ്ദ പരിശീലനത്തിനുള്ള സൗകര്യം ഏർപ്പെടുത്തണം.

10. പഞ്ചായത്ത് ആസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഇൻഫർമേഷൻ സെന്റർ സ്ഥാപിയ്ക്കണം.

11. വിദ്യാലയങ്ങളിൽ കലാ സാഹിത്യഭിരുചിയുള്ള വിദ്യാർത്ഥികൾക്കു വേണ്ടി പരിശീലനക്കളരികൾ ആരംഭിയ്ക്കണം.

12. വിദ്യാലയത്തിലെ കായിക പരിശീലനം മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകയും കളിസ്ഥലം ഇല്ലാത്ത സ്കൂളുകളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കണം.

13. സാക്ഷരതാ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിയ്ക്കുകയും ജനവിദ്യാ കേന്ദ്രങ്ങൾ സജീവമാക്കുകയും ചെയ്യുക.

14. - കോൽക്കളി, പരിചമുട്ടുകളി, ചവിട്ടുകളി തുടങ്ങിയ നാടൻ കാലരൂപങ്ങളെ പ്രോൽസാഹിപ്പിയ്ക്കുന്നതിനു വേണ്ടി നാടൻ കലാമേളകൾ സംഘടിപ്പിയ്ക്കണം.

15. ആഘോഷങ്ങളും ഉൽസവങ്ങളും മതസൗഹാർദ്ദം വളർത്താനുതകുന്ന പൊതുവേദികളാക്കി മാറ്റണം.

16. പഞ്ചായത്തിന്റെ സാംസ്കാരിക പുരോഗതിയെ ത്വരിതപ്പെടുത്തുന്നതിനായി പതിനൊന്നാം വാർഡിൽ ഒരു സാംസ്ക്കാരിക കേന്ദ്രം സ്ഥാപിയ്ക്കുക.

17. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ ബോധവൽക്കരണ ക്ലാസ്സുകളും അതോടനുബന്ധച്ചു കലാപരിപാടികളും സംഘടിപ്പിയ്ക്കണം

18. കലാസാംസ്ക്കാരിക പ്രവർത്തങ്ങൾക്ക് ഒരു വാർഷിക കലണ്ടർ ഏർപ്പെടുത്തുകയും വേണം.

19. സ്കൂൾ ലൈബ്രറികൾ പുനരുജ്ജീവിപ്പിക്കണം.

ഇലക്ട്രോണിക് മാധ്യമങ്ങൾ അതിപ്രസരം യുവതലമുറയുടെ സാംസ്കാരികാപചയത്തിന് വഴിയൊരുക്കാതിരി

യ്ക്കാൻ പ്രത്യേക ബോധവൽക്കരണ പരിപാടികൾ അനിവാര്യമാണ്.

അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മയും ജീവിതത്തോടുള്ള അവരുടെ സമീപനത്തിലെ നിസ്സംഗതയും മൂല്യ്യാപചയത്തിന്റെ അഗാധ ഗർത്തത്തിലേയ്ക്ക് അവരെയും സമൂഹത്തേയും കൊണ്ടുചെന്നെത്തിയ്ക്കാതിരിയ്ക്കുവാൻ യുവശക്തിയെ ഉൽപ്പാദനപരമായ മാർഗ്ഗങ്ങളിലേയ്ക്ക് നയിയ്ക്കേണ്ടതുണ്ട്. അതിനാവശ്യമായ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിലാക്കിയേ തീരൂ.

വിനോദത്തോടൊപ്പം വികസനത്തേയും വിദ്യാഭ്യാസത്തെയും സമ്പന്നമാക്കുന്ന ഒരു നിക്ഷേപഘടകമാണ് സംസ്ക്കാരവും സാഹിത്യാദി കലകളും. നമ്മുടെ ഗ്രാമത്തിനനുഗുണമായ ഒരു കലാ കായിക സംസ്ക്കാരവും നാം വളർത്തിയെടുക്കേണ്ടതുണ്ട്.

വരും കാലങ്ങൾ നമ്മുടെ ഗ്രാമത്തിന്റെ ഉണർവ്വിന്റേയും ഉയിർത്തെഴുന്നേൽപ്പിന്റേയും കാലഘട്ടമാവുമെന്ന് പ്രത്യാശിയ്ക്കാം.

### സംസ്കാരം

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. വായനശാലകളും ഗ്രന്ഥശാലകളും നിർമ്മിയ്ക്കണം
2. പഞ്ചായത്തിന്റെ ഹൃദയ ഭാഗത്ത് മിനിസ്റ്റേഡിയം
3. ഇൻഫർമേഷൻ സെന്റർ
4. സ്കൂൾ ഗ്രൗണ്ടുകൾ
5. കായിക പരിശീലന സംവിധാനം
6. കാളപൂട്ട് മൽസരം
7. സാംസ്ക്കാരിക കേന്ദ്രം
8. പരമ്പരാഗത കലാ പ്രോൽസാഹനം
9. ഹരിജൻ കോളനികളിലും വായനശാലകളിലും ടെലിവിഷൻ സെറ്റ്
10. വായനശാലകൾക്കും ക്ലബ്ബുകൾക്കും കെട്ടിടം.
11. സ്പോർട്ട്സ് കിറ്റ്, റേഡിയോ
12. വൈദ്യുതീകരണം (വായനശാല, ക്ലബ്ബുകൾ)
13. സാക്ഷരതാ തുടർ വിദ്യാഭ്യാസം
14. നാടൻ കലാമേള
15. മഹിളാ സംഘം
16. കായിക മൽസരം - ടീമുകൾ
17. പൊതുകളിസ്ഥലം
18. സൗജന്യ അനുകാലിക പ്രസിദ്ധീകരണങ്ങൾ
19. നീന്തൽകുളം
20. സൗജന്യ പാഠപുസ്തക വിതരണം
21. ഗ്രാന്റ് അനുവദിയ്ക്കുക
22. സൗജന്യമെഡിക്കൽ ക്യാമ്പ്

# വനിത

പൊന്മള ഗ്രാമപഞ്ചായത്തിൽ പുരുഷന്മാരേക്കാൾ കൂടുതലും സ്ത്രീകളാണ് എന്ന് ഐ. സി. ഡി. എസ് സർവ്വെ പ്രകാരം കണ്ടെത്താവുന്നതാണ്. പഞ്ചായത്തിൽ വനിതാരംഗത്തും സാമൂഹ്യക്ഷേമരംഗത്തും പ്രവർത്തിക്കുന്ന സ്ത്രീകളുടെ എണ്ണം വളരെക്കുറവാണ്. ഏതുകാര്യത്തിനും തുല്യ പങ്കാളിത്തം വേണമെന്ന് മുറവിളി കൂട്ടുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകളോടുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണ് ചെയ്യുന്നത്. ഇതുകാരണം അവരെ വീട്ടിൽതന്നെ ഒതുങ്ങിക്കൂടുവാൻ നിർബന്ധിതരാക്കിത്തീർക്കുന്നു.

രാജ്യത്തെ ഭരണരംഗത്ത് പങ്ക് ലഭിക്കുവാനുള്ള അവരുടെ അവകാശത്തെക്കുറിച്ച് അവർ ബോധവതികളല്ല. ഇവർ വിദ്യാഭ്യാസപരമായും വളരെപ്പിന്നോക്കമാണ്. ഉന്നത വിദ്യാഭ്യാസരംഗം പരിശോധിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിലെ വനിതകളുടെ എണ്ണം വളരെ പിന്നിലാണ്. അതുപോലെ അധ്യാപന രംഗത്തൊഴികെ ബാക്കിയെല്ലാ മേഖലകളിലും സ്ത്രീകൾ പിന്നിൽ നിൽക്കുന്നു. ഇവരിൽ അധികം പേരും മറ്റുജില്ലകളിൽ നിന്നും വന്നവരാണ്.

പ്രാദേശിക തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പമുള്ള തുല്യവേതനം ലഭിക്കുന്നില്ല.

സ്ത്രീകളുടെ സർവ്വതോന്മുഖമായ പ്രശ്നത്തെ എല്ലാ നിലയിലും പരിഹരിക്കാതെ സമൂഹത്തിൽ അവർക്ക് ഉന്നതശ്രേണിയിൽ എത്തുവാൻ സാധിക്കുകയില്ല. പഞ്ചായത്തിനെ വിലയിരുത്തുകയാണെങ്കിൽ കുടുംബത്തിൽതന്നെ സ്ത്രീക്കും പുരുഷനും തുല്യപങ്കാളിത്തമുള്ള വീടുകൾ കുറവാണ്. സ്ത്രീകളുടെ അവഗണനക്ക് പ്രധാനപ്പെട്ടകാരണം ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ് ഇന്ന് സമൂഹത്തിലെ മറ്റൊരു പ്രശ്നം സ്ത്രീധന സമ്പ്രദായമാണ്. ഇതുമൂലം പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചയക്കുവാൻ കഴിയുന്നില്ല.

ശൈശവ വിവാഹവും, ബാല്യകാല പ്രസവങ്ങളും, ഈ പഞ്ചായത്തിലും നടക്കുന്നുണ്ട്. സ്ത്രീകളുടെ ആരോഗ്യനില പൊതുവെ മോശമാണ്.

സ്ത്രീകൾക്കെതിരെ വളർന്നുവരുന്ന അതിക്രമങ്ങൾക്കെതിരെ സ്ത്രീവിമോചനപ്രസ്ഥാനങ്ങളും വനിതാ പ്രസ്ഥാനങ്ങളും പഞ്ചായത്തിൽ വളർന്നുവരേണ്ടതാണ്.

**പ്രശ്നങ്ങൾ**

1. സ്ത്രീകളുടെ ഇടയിൽ പൊതുവെ നിലനിൽക്കുന്ന തൊഴിലില്ലായ്മ.
2. തൊഴിൽ മേഖലയിൽ ഉള്ള സ്ത്രീ – പുരുഷ വിവേചനം
3. സ്ത്രീകളുടെ ഇടയിൽ നിലനിൽക്കുന്ന അനാചാരങ്ങളും, അസമത്വങ്ങളും കൊണ്ട് പൊതുരംഗത്തും

494



രാഷ്ട്രീയ രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം കുറവ്

4. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്ക് സൗകര്യമില്ലായ്മ
5. സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾക്കും, അവഗണനകൾക്കും എതിരെ പ്രതികരിക്കുവാനുള്ള കഴിവില്ലായ്മ
6. അംഗവൈകല്യമുള്ള സ്ത്രീകൾക്ക് പ്രത്യേകിച്ച് പ്രാതിനിധ്യം കിട്ടുന്നില്ല
7. വികലാംഗരായ വനിതകളെ കുടുംബജീവിതത്തിലേക്ക് കൊണ്ടുവരുവാൻ സമൂഹം മടികാണിക്കുന്നു.

**പരിഹാരമാർഗ്ഗങ്ങൾ**

1. പഞ്ചായത്തിൽ വനിതാ വികസന കോർപ്പറേഷൻ നിലവിൽ വരുത്തുക
2. വനിതാസൊസൈറ്റി രൂപീകരിക്കുക
3. ഓരോ വാർഡിലും ഒരു മഹിളാ സമാജമെങ്കിലും രൂപീകരിച്ച് അതിന്റെ കീഴിൽ വനിതകൾക്ക് തൊഴിൽ പരിശീലനത്തിനും, അടിസ്ഥാനപുനരധിവാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.
4. മഹിളാസമാജങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനും മറ്റുമുള്ള സാമ്പത്തിക സഹായം നൽകണം.
5. വികലാംഗരായ വനികൾക്ക് തൊഴിലിൽ ഏകീകൃത സ്വഭാവത്തോടെ സംവരണം ഏർപ്പെടുത്തുന്നതിനും ക്ഷേമപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തണം.
6. വനിതകൾക്കുമാത്രമായി പഞ്ചായത്ത് തലത്തിൽ പരിശീലന കേന്ദ്രങ്ങൾ തുറക്കുകയും, അംഗൻവാടിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും, പൊതുപ്രവർത്തനത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും, തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുകയും, ചെയ്യേണ്ടതാണ്.
7. സ്ത്രീധന നിരോധന നിയമം കർക്കശമാക്കേണ്ടതാണ്.
8. മദ്യം പൂർണ്ണമായും നിരോധിക്കേണ്ടതാണ്
9. വനിതകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക. പെൺകുട്ടികൾക്കു മാത്രമായി ഒരു ഹൈസ്ക്കൂൾ തുടങ്ങുക
10. ഗ്രാമ സഭയിൽ സ്ത്രീകൾ നിർബന്ധമായും പങ്കെടുക്കുന്നതിനുവേണ്ടിയുള്ള ബോധവല്ക്കരണം നടത്തേണ്ടതാണ്.
11. തൊഴിൽ രംഗത്ത് സ്ത്രീസംവരണം ഏർപ്പെടുത്തുക
12. സ്ത്രീകളെ അപമാനിക്കുന്ന തരത്തിലുള്ള പോസ്റ്ററുകളും പരസ്യങ്ങളും നിർത്തലാക്കേണ്ടതാണ്.
13. സ്ത്രീകളെ വഴിതെറ്റിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുക.
14. പഞ്ചായത്തിൽ കുടുംബക്കോടതി വനിതാ പോലീസ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുക
15. നിർദ്ധനരായ പെൺകുട്ടികളെ വിവാഹം ചെയ്തുകൊടുക്കുന്നതിനായി വനിതാസഹായനിധി രൂപീകരിക്കേണ്ടതാണ്
16. സഹകരണമേഖലയിൽ ചെറുകിട ഇടത്തരം വ്യവസായങ്ങൾ രൂപീകരിച്ച് സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുക
17. ഫാമിലി കൗൺസിലിംഗ് സെന്ററിന്റെ പ്രവർത്തനം പഞ്ചായത്ത് തലത്തിലേക്ക് വ്യാപിപ്പിക്കേണ്ടതാണ് അതിനായി പഞ്ചായത്തിൽ ഒരു ഓഫീസ് പ്രവർത്തനം ആരംഭിക്കണം.

# സഹകരണ മേഖല

മുതലാളിത്തത്തിനും സോഷ്യലിസത്തിനും മദ്ധ്യേയുള്ള ഒരു സേവനപ്രസ്ഥാനമായാണ് സഹകരണമേഖല വിശേഷിപ്പിക്കുപ്പെടുന്നത്. 1904-ൽ ബ്രട്ടീഷ്കാർ നടപ്പിലാക്കിയ സഹകരണ നിയമത്തിന്റെ ചുവട് പിടിച്ചാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ആദ്യകാലത്ത് വായ്പാസംഘങ്ങളാണ് പ്രവർത്തനമാരംഭിച്ചത്. 1969-ലെ കേരളസഹകരണ സംഘം നിയമത്തിനനുസൃതമായാണ് നമ്മുടെ സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്.

പൊന്മള പഞ്ചായത്ത് സഹകരണ പ്രസ്ഥാനത്തിൽ കൂടുതലായി വേരോട്ടമില്ലത്ത പ്രദേശമാണ് 9-12-44 ൽ രജിസ്റ്റർ ചെയ്തതും 22-12-44 ന് പ്രവർത്തനമാരംഭിച്ചതുമായ കോൽക്കളം സർവ്വീസ് ബാങ്കാണ് ഈ പഞ്ചായത്തിലെ ഏക സഹകരണ സ്ഥാപനം. കോട്ടക്കൽ സഹകരണ അർബ്ബൻ ബാങ്കിന്റെ ഒരു ശാഖ 1995 മുതൽ ഈ പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പൊന്മള കേന്ദ്രമായി ഒരു ക്ഷീരോല്പാദക സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിച്ചിരുന്നെങ്കിലും 1979 മുതൽ പ്രവർത്തന രഹിതമാണ്. ഏറനാട് കാർഷിക വികസന ബാങ്കിന്റെ പ്രവർത്തന മേഖലയിൽ ഉൾപ്പെട്ടതാണ് ഈ പഞ്ചായത്ത്. ഈ രംഗത്ത് അപ്രധാനമായി കാണുന്നവയാണെങ്കിലും നാല് സ്കൂൾ സഹകരണ സംഘങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഇന്ന് നിലവിലുള്ള കോൽക്കളം സർവ്വീസ് സഹകരണ ബാങ്ക് 1944 ൽ ഒരു വിവിധോദ്ദ്യേശ ഐക്യനാണയ സംഘമായാണ് സ്ഥാപിക്കപ്പെട്ടത്. ഇന്നുള്ള രീതിയിൽ നിയമാവലി രജിസ്റ്റർ ചെയ്ത്. പ്രവർത്തനം തുടങ്ങിയത് 1964 - ലാണ്.

ഈ പ്രദേശത്തെ ആദ്യകാല സഹകാരികൾ ഒളകര കുഞ്ഞിമുഹമ്മദ്, ഹബീബ്കോയ തങ്ങൾ, എന്നിവരാണ്. തുടർന്ന് ഒളകര അഹമ്മദ്ഹാജി, പിച്ചൻ ബാപ്പു എന്നിവർ ഈ പഞ്ചായത്തിന്റെ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. നിയമാവലി രജിസ്റ്റർ ചെയ്ത ശേഷം ദീർഘകാലം ഈ സ്ഥാപനത്തിന്റെ പ്രസിഡണ്ടായിരുന്ന ഒളകര മുഹമ്മദ് കുട്ടി ഹാജിയുടെ സേവനം പ്രത്യേകം എടുത്ത് പറയേണ്ടതാണ്. ഇപ്പോൾ ബാങ്കിന്റെ പ്രസിഡണ്ട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർകൂടിയായ വി. കുഞ്ഞിമുഹമ്മദാണ്.

### സഹകരണ മേഖലിയലെ ഇന്നത്തെ അവസ്ഥയും പ്രശ്നങ്ങളും

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക സഹകരണ സ്ഥാപനമായ കോൽക്കുളം സർവ്വീസ് സഹകരണ ബാങ്കിന് പൂർണ്ണമായും ഈ രംഗത്ത് നാം ആഗ്രഹിക്കുന്ന രീതിയിൽ ഉയർന്ന് പ്രവർത്തിക്കാൻ കഴിയുന്നില്ല. ഇതിനുള്ള കാരണങ്ങളിൽ പ്രധാനമായ ഒന്ന് ഇതിന്റെ ആസ്ഥാനം പഞ്ചായത്തിന്റെ ഒരു കോണിൽ ആകയാൽ കൃഷിക്കാർക്ക് ബാങ്കുമായി ബന്ധപ്പെടാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു. മാത്ര

മല്ല ജില്ലാ ബാങ്ക്, സംസ്ഥാനസഹകരണ ബാങ്ക്, നബാർഡ് എന്നീ ധനകാര്യസ്ഥാപനങ്ങളുടെ അസ്ഥാനത്തുള്ള നിയന്ത്രണവും കൂടിയ പലിശ നിരക്കും ബാങ്കിന്റെ പ്രവർത്തനം മന്ദീഭവിപ്പിക്കുന്നു. കടക്കാരിൽ നിന്നും കൂടിവരുന്ന അവധി ബാക്കിയും ബാങ്കിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സാമാകുന്നു. ഉയർന്ന പലിശ നിരക്കിൽ കടം വിതരണം ചെയ്യാൻ ആഗ്രഹിച്ചാൽ പോലും ഡപ്പോസിറ്റ് നല്കുന്നവരിൽ വിശ്വാസ്യത വളർത്തി ദീർഘകാല ഡപ്പോസിറ്റുകൾ സ്വരൂപിക്കാൻ കഴിയുന്നില്ല. പഞ്ചായത്തിലെ പലരും തങ്ങളുടെ നിക്ഷേപം പുറത്തുള്ള വ്യാപാര ബാങ്കുകളിലാണ് ചെയ്യുന്നത്.

**കാർഷിക വായ്പാ മേഖല**

നമ്മുടെ പഞ്ചായത്തിൽ 3200-ഓളം കാർഷിക കുടുംബങ്ങളുണ്ട്. ഇവരിൽ പലരും കാർഷിക വൃത്തി മുഖ്യ തൊഴിലായി സ്വീകരിക്കുന്നതിന് വൈമുഖ്യം കാണിക്കുന്നു എന്നത് നിലനിൽക്കേ തന്നെ കൃഷിക്കാർ കാർഷിക കടത്തിന് ആശ്രയിക്കുന്നത് കോൽക്കളം സർവ്വീസ് ബാങ്കിനെതന്നെയാണ്. ഹ്രസ്വകാല വായ്പയാണ് കൂടുതലും വിതരണം ചെയ്യുന്നത്. നാമമാത്രമായെങ്കിലും മധ്യകാല ദീർഘകാല വായ്പകളും വിതരണം ചെയ്യുന്നുണ്ട്. പുറമെ വളരെ കുറഞ്ഞ തോതിൽ കാർഷികേതര കടങ്ങളും വിതരണം ചെയ്യുന്നുണ്ട്. ബാങ്കിൽ നിന്നും എല്ലാ വർഷവും കൃശിക്കാരായ മെമ്പർമാരുടെ ആവശ്യങ്ങൾ പരിഗണിച്ച് ക്രെഡിറ്റ് ലിമിറ്റ് തയ്യാറാക്കി ജില്ലാ ബാങ്കിലേക്ക് സമർപ്പിക്കുന്നുണ്ടെങ്കിലും അർഹരായ എല്ലാവർക്കും വായ്പ നല്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാകുന്നില്ല.

മാത്രമല്ല കനത്ത നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് വായ്പ ആവശ്യനുസരണം ലഭിക്കുന്നതിനോ നിയന്ത്രണമുണ്ടാകുന്നു. ബാങ്കിന്റെ 93-94 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള നഷ്ടം 9,57,016 രൂപയാണ്.

**കാർഷികേതര വായ്പാമേഖല**

കാർഷികേതര വായ്പാ മേഖലയിൽ ഈ പഞ്ചായത്തിൽ കോട്ടക്കൽ സഹകരണ അർബ്ബൻ ബാങ്കിന്റെ ഒരു ബ്രഞ്ച് പറങ്കിമൂച്ചിക്കലിൽ പ്രവർത്തിക്കുന്നുണ്ട്. ഇത് പ്രവർത്തനമാരംഭിച്ചത് 15-5-95 - നാണ്. വേണ്ടത്ര ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സാധാരണ ജനങ്ങളിൽ എത്താത്തത്കൊണ്ട് ഇതിന്റെ സേവനം വിരലിലെണ്ണാവുന്ന ആളുകൾ മാത്രമേ ഉപയോഗപ്പെടുത്തിയിട്ടുള്ളൂ. (പട്ടിക II നോക്കുക)

**ദീർഘകാല വായ്പാ മേഖല**

പൊന്മള പഞ്ചായത്തിൽ ദീർഘകാല വായ്പ ലഭിക്കുന്നതിനുതകുന്ന സ്ഥാപനം ഈ പഞ്ചായത്ത് കൂടി പ്രവർത്തന മേഖലയായുള്ള ഏറനാട് (മഞ്ചേരി) കാർഷിക വികസനബാങ്കാണ്. ഈ സ്ഥാപനത്തിൽ നിന്നും നമ്മുടെ പഞ്ചായത്തിലെ കൃഷിക്കാർ വേണ്ടത്ര വായ്പാസൗകര്യം ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന് പട്ടിക III ൽ നിന്ന് ബോദ്ധ്യമാകും. ഇതിന് പ്രധാന കാരണം മലപ്പുറം ബ്ലോക്ക് പ്രദേശത്ത് ഇതിന്റെ ബ്രാഞ്ച് പ്രവർത്തികുന്നില്ല. എന്നതും ബാങ്ക് ഈ പ്രദേശത്തെ കൃഷിക്കാർക്ക് ധനസഹായ സംബന്ധമായ വിവരം ലഭിക്കുന്നതിന് ബോധപൂർവ്വമായ പ്രചാരണ പ്രവർത്തനങ്ങളൊന്നും നടത്തുന്നില്ല എന്നതുമാണ്.

മലപ്പുറം അരീക്കോട് ബ്ലോക്ക് മേഖലയിൽ 95-96 വർഷം കാർഷിക വികസന ബാങ്കിൽ നിന്ന് 261 കടങ്ങൾക്കായി 10, 2, 76, 765 രൂപ വിതരണം ചെയ്തപ്പോൾ നമ്മുടെ പഞ്ചായത്തതിർത്തിയിൽ ഒരു കടം (10000 രൂപ) മാത്രമേ ലഭ്യമായുള്ളൂ.

**ഹൗസിംഗ് മേഖല**

പാർപ്പിട പ്രശ്നം വളരെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രവർത്തന മേഖലയുള്ള ഹൗസിംഗ് സഹകരണ സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഈ പഞ്ചായത്ത് ഉൾക്കൊണ്ട്കൊണ്ട് പ്രവർത്തനപരിധി നിശ്ചയിച്ച് മലപ്പുറത്ത് ഒരു ഹൗസിംഗ് സഹകരണ സംഘം 1985- ൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഈ രംഗത്ത് സാമ്പത്തിക സഹായകേന്ദ്ര സ്ഥാപനമായ ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേഷൻ ലഭിക്കായ്കയാൽ പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്.

**ക്ഷീരവ്യവസായ മേഖല**

ലഭ്യമായ സ്ഥിതി വിവരക്കണക്കനുസരിച്ച് പഞ്ചായത്തിൽ 901 കറവമാടുകളുണ്ട്. കന്നുകാലി വളർത്തുന്നവർ ശേഖരിക്കുന്ന പാൽ ഒറ്റക്കൊറ്റക്ക് കടകളിലും, വീടുകളിലും വില്പന നടത്തുകയാണ് ചെയ്യുന്നത്. ഈ രംഗത്ത് പാൽ സഹകരണ സംഘം പ്രവർത്തിക്കാത്തിതിനാൽ കൃഷിക്കാർക്ക് വലിയ തോതിലുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. 1975 ൽ പൊന്മള ആസ്ഥാനമായി ഒരു പാൽ വിതരണ സഹകരണ സംഘം പ്രവർത്തനമാരംഭിച്ചിരുന്നു. 1979-ൽ അത് പ്രവർത്തന രഹിതമായി. നാളിത് വരെ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ഡയറി ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് ശ്രദ്ധിച്ചിട്ടില്ല. സ്ഥാപനം പുനരുജ്ജീവിപ്പിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനെ കുറിച്ചും ശ്രദ്ധിച്ച് കാണുന്നില്ല.

**കൺസ്യൂമർ മേഖല**

## പട്ടിക

### സ്ഥിതി വിവരകണക്ക് (കോൽക്കളം സർവ്വീസ് സഹകരണ ബാങ്ക്)

| രജിസ്റ്റർ ചെയ്ത തീയ്യതി | പ്രവർത്ത നമാരംഭിച്ച തീയ്യതി | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം | | സർക്കാർ ഓഹരി | പ്രവർത്തന മൂലധനം | സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച കടം |
|---|---|---|---|---|---|---|---|---|
| | | | | അംഗീകൃതം | പിരിഞ്ഞ് കിട്ടിയത് | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 9-12-44 | 22-12-44 | പൊന്മള പഞ്ചായത്ത് | 4353 | 1260000 | 508446 | 34500 | 11673563 | 1494925 |

| സ്വീകരിച്ച നിക്ഷേപം | | നല്കിയ വായ്പ | | | | വായ്പാ കുടിശ്ശിക | ആകെ ജീവനക്കാർ | ഭരണച്ചിലവ് | നഷ്ടം 93-94 ആഡിറ്റ് |
|---|---|---|---|---|---|---|---|---|---|
| സ്ഥിരം | മറ്റുള്ളവ | 12 | | | 13 | | | | |
| | | | കാർഷികം | | | | | | |
| 10 | 11 | ഹ്രസ്വ കാലം | മധ്യ കാലം | ദീർഘ കാലം | കാർഷീകേതരം | 14 | 15 | 16 | 17 |
| 5095668 | 2194968 | 1459031 | 157002 | 216354 | 6983343 | 365279 | 5 | 297241 | 957016 |

## പട്ടിക II

### സ്ഥിതി വിവരക്കണക്ക്

### (കോട്ടക്കൽ സഹകരണ അർബൻ ബാങ്ക്)

| | | 1-3-1996 ന് ബ്രാഞ്ചിൽ നിന്നും നൽകിയ കടങ്ങൾ ഇനം തിരിച്ച് | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| പഞ്ചായത്ത തിർത്തിക്കുള്ളിൽനിന്നുള്ള അംഗങ്ങൾ | എണ്ണം 424 | സ്വർണ്ണ പണയം | എണ്ണം | വാഹനം | എണ്ണം | കാഷ് ക്രഡിറ്റ് | എണ്ണം | എംപ്ലോയീസ് ഓവർ ഡ്രാഫ്റ്റ് | എണ്ണം | ഉദ്യോഗസ്ഥ ലോൺ | എണ്ണം | കറവപ്പശു | എണ്ണം | സ്വയം തൊഴിൽ | എണ്ണം | കച്ചവടം |
| 564 | | 4316350 | 1 | 126000 | 2 | 225000 | 2 | 50000 | 4 | 44000 | 19 | 104000 | 1 | 25000 | 3 | 120000 |

## പട്ടിക III

### 1995-96 വർഷത്തിൽ നല്കിയ വായ്പ (ഏറനാട് കാർഷിക വികസന ബാങ്ക്)

| ക്രമ നമ്പർ | 95-96 ൽ നൽകിയ കടങ്ങൾ | | | 31-3-96 ന് ബാക്കിനിൽക്കുന്ന കടങ്ങൾ | | | |
|---|---|---|---|---|---|---|---|
| | ഇനം | എണ്ണം | സംഖ്യ | ക്രമ നമ്പർ | കടത്തിന്റെ പേര് | എണ്ണം | ബാക്കിനിൽക്കുന്ന സംഖ്യ |
| 1. | കാർഷികേതര വായ്പ | 1 | 10000 | 1 | ചെറുകിട ജലസേചനം | 5 | 11119-00 |
| 2 | | | | | കവുങ്ങ് പുനരുദ്ധാരണം | 1 | 5967-00 |
| 3 | | | | | കാർഷികേതര വായ്പ | 3 | 49440-00 |
| 4 | | | | | റൂറൽ ഹൗസിംഗ് | 7 | 114340-00 |

പഞ്ചായത്ത് ഉൾക്കൊണ്ട് കൺസ്യൂമർ സഹകരണ മേഖലയിൽ ഒരു സഹകരണ സ്ഥാപനവും പ്രവർത്തിക്കുന്നില്ല.

പഞ്ചായത്ത് മാത്രം പ്രവർത്തന മേഖലയായി കൺസ്യൂമർ സഹകരണം സംഘം രൂപീകൃതമായാൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. തൊട്ടടുത്ത മൂന്നോ നാലോ പഞ്ചായത്തുകൾ ഉൾപ്പെടുത്തി ഒരു കൺസ്യൂമർ സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള സാദ്ധ്യത കാണുന്നു.

**പട്ടികജാതി സഹകരണ സംഘം.**

പഞ്ചായത്തിൽ മൊത്തം 192 പട്ടികജാതി കുടുംബങ്ങളിലായി 975 അംഗങ്ങളുണ്ട്. ഇവരുടെ ഉന്നമനത്തിന് പഞ്ചായത്തിൽ ഒരു പട്ടികജാതി സഹകരണ സംഘം രൂപീകരിക്കുന്നതിന് സാദ്ധ്യത കാണുന്നുണ്ട്.

**വ്യവസായ മേഖല**

പഞ്ചായത്തിൽ ഒരു വ്യവസായ സഹകരണ സംഘവും പ്രവർത്തിക്കുന്നില്ല. സ്വകാര്യ മേഖലയിലാണ് ചുരുക്കം ചില ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ പ്രധാന ഉൽപ്പന്നങ്ങളായ നാളികേരം കശുവണ്ടി എന്നിവയുടെ സംസ്കരണവുമായി ബന്ധപ്പെട്ട് ധാരാളം സാദ്ധ്യതകൾ കാണുന്നുണ്ട്. ഈ രണ്ട് രംഗങ്ങളിലും വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് സാദ്ധ്യതയുണ്ട്.

**വനിതാ സഹകരണ മേഖല**

വനിതകളുടെ തൊഴിലധിഷ്ഠിതമായ സഹകരണ സംഘങ്ങൾ നിലവിലില്ല. അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ ധാരാളം വനിതകൾ പഞ്ചായത്ത് പ്രദേശത്തുണ്ട്. സ്ത്രീകൾക്ക് തൊഴിൽ നല്കുന്നതിനും അവരുടെ ഉന്നമനത്തിനുമായി ഒരു വനിതാ സഹകരണ സംഘം രൂപീകരിക്കുന്നതിന് സാദ്ധ്യതയുണ്ട്.

**സ്കൂൾ സഹകരണ സംഘങ്ങൾ**

പഞ്ചായത്തിലെ 15 സ്കൂളുകൾ കേന്ദ്രീകരിച്ച് കൊണ്ട് 4 സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നാമമാത്രമായി സ്കൂളുകളിൽ ടെക്സ്റ്റ് പുസ്തകങ്ങളുടെ വിതരണം മാത്രമേ ഈ രംഗത്ത് നടക്കുന്നുള്ളൂ. കുട്ടികൾക്കാവശ്യമായ നോട്ട് പുസ്തകങ്ങൾ, അദ്ധ്യാപകർക്ക് കൂടി ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ എന്നിവ ഈ രംഗത്ത് നടത്താൻ സാധിക്കും.

വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികളും പ്രശ്ന പരിഹാര മാർഗ്ഗങ്ങളും

**കാർഷിക വായ്പാ മേഖല**

1 ഇന്നുള്ള കോൽക്കളം സർവ്വീസ് സഹകരണബാങ്ക് പഞ്ചായത്തിന്റെ ഒരു കോണിലാണ് പ്രവർത്തിക്കുന്നത് എന്നത്കൊണ്ട് കൃഷിക്കാരുടെ സൗകര്യാർത്ഥം, വില്ലേജുകളുടെ സംയോജനം നടക്കുന്നതിന് മുൻപ് പ്രത്യേക വില്ലേജായിരുന്ന പൊന്മളയിൽ ഒരു പ്രത്യേക സഹകരണ ബാങ്ക് രൂപീകരിക്കുകയോ കോൽക്കളം സർവ്വീസ് ബാങ്കിന്റെ ബ്രാഞ്ച് പൊന്മളയിൽ തുറന്ന് പ്രവർത്തിക്കുകയോ ചെയ്യുക.

2. നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബാങ്കിന്റെ നഷ്ടം നികത്തി ലാഭകരമായി പ്രവർത്തിക്കുന്നതിന്റെ ആദ്യപടിയായി നഷ്ടത്തിന് തുല്യമായ സംഖ്യ പലിശ രഹിത വായ്പയായോ, സർക്കാർ ഓഹരി മൂലധനമായോ അനുവദിക്കുക.

3. ഓഹരി മൂലധനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക

4. നിക്ഷേപകരിൽ വിശ്വാസ്യത വർദ്ധിപ്പിച്ച് കൂടുതൽ നിക്ഷേപം ശേഖരിക്കുന്നതിനും ഈ സംഖ്യ ആവശ്യക്കാർക്ക് കടമായി വിതരണം ചെയ്യാനുള്ള നടപടികൾ ആരംഭിക്കുക

5. കർഷകർക്ക് അവരുടെ ആവശ്യാനുസരണം യതാസമയം വായ്പ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സാമ്പത്തിക സഹായ സ്ഥാപനങ്ങൾ സ്വീകരിക്കുക

6. ഇന്ന് കാർഷിക വായ്പ 12% പലിശയ്ക്കും മറ്റ് വായ്പകൾ 19 1/2% പലിശയ്ക്കുമാണ് വിതരണം ചെയ്യുന്നത്. ഈ വർദ്ധിച്ച പലിശ നിരക്ക് കുറക്കുന്നതിന്റെ ആദ്യപടിയായി ത്രിതല വായ്പാ മേഖലയിലെ ഇടത്തട്ട്കാരായ ജില്ലാ ബാങ്കിനെ രംഗത്ത് നിന്നും മാറ്റുക. ഇങ്ങനെ വന്നാൽ 2% പലിശ നിരക്ക് കുറക്കാൻ കഴിയും.

7.നബാർഡ് സംസ്ഥാന സഹകരണ ബാങ്ക് വഴി വിതരണം ചെയ്യുന്ന വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കുക

8. ബാങ്ക് ലാഭകരമാക്കുന്നതിന് ചിട്ടി, ദിവസ ഡിപ്പോസിറ്റ് ഇവ ആരംഭിക്കുക.

9. ബാങ്കിൽ കൃഷിക്കാരുടെ ലാൻഡ് രജിസ്റ്റർ സൂക്ഷിയ്ക്കുക. കാർഷിക വായ്പ യഥാർത്ഥ കൃഷിക്കാർക്ക് മാത്രം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക

10. കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം ഏർപ്പെടുത്തുക

11. കർഷകർക്ക് പലിശ സബ്സിഡി നേരാംവണ്ണം അനുവദിക്കുകയും കൃത്യസമയത്ത് വിതരണം ചെയ്യുകയും ചെയ്യുക.

12. കർഷകർക്ക് നൽകുന്ന ആൾജാമ്യ കാർഷിക വായ്പ 10000 രൂപയെങ്കിലും ആക്കുക.

13. വളം കീടനാശിനി, കാർഷികോപകരണങ്ങൾ എന്നിവയുടെ വിതരണം കാര്യക്ഷമമാക്കുക. പഞ്ചായത്തിൽ ഇതിനുള്ള സംവിധാനം ഏർപ്പെടുത്തുക

14. കൃഷിക്കാരുടെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും ന്യായവില ലഭ്യമാക്കി വിൽപ്പന നടത്തുന്നതിനും സംവിധാനമൊരുക്കുക

15. കൊപ്ര സംഭരിക്കുന്നതിന് അടിയന്തിരമായി സംവിധാനമുണ്ടാക്കുക

16. വർദ്ധിച്ച് വരുന്ന അവധി ബാക്കികടക്കാരെ കണ്ട് പിരിച്ചെടുക്കുന്നതിനും ബാങ്കിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് സഹായിക്കുന്നതിനും പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രത്യേക കമ്മിറ്റി രൂപീകരിക്കുക.

17. പഞ്ചായത്തിലെ ഫണ്ടുകൾ പഞ്ചായത്ത് മേഖലയിൽ തന്നെ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതിന് സംവിധാനമൊരുക്കുക.

**b. കാർഷികേതര വായ്പ മേഖല**

പറങ്കിമൂച്ചിക്കല് പ്രവർത്തിക്കുന്ന കോട്ടക്കൽ സഹകരണ അർബ്ബൻ ബാങ്കിന്റെ ബ്രാഞ്ചിൽ നിന്നുള്ള സേവനം സാധാരണക്കാർക്ക് ലഭിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുകയും ബാങ്കിന്റെ പ്രവർത്തനങ്ങളെ കുറിച്ച് ശക്തമായ പ്രചരണം നടത്തുകയും ചെയ്യുക. തൊഴിലധിഷ്ഠിതവും വ്യാവസായികവും പ്രത്യൽപ്പന്നപരവുമായ മേഖലകളിൽ വായ്പ നല്കുക.

**c. ദീർഘകാല വായ്പാ മേഖല**

ദീർഘകാല വായപാമേഖലയിൽ ഈ പഞ്ചായത്ത് പ്രവർത്തന പരിധിയുള്ള ഏറനാട് കാർഷിക വികസനബാങ്കിൽ നിന്ന് നാമമാത്ര വായ്പയാണ് ഇന്ന് കൊടുക്കുന്നത്. ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് പഞ്ചായത്ത് മേഖലയിൽ പ്രചരണങ്ങൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക. കൃശിക്കാർക്ക് എളുപ്പത്തിൽ ബന്ധപ്പെടുന്നതിന് മലപ്പുറത്തോ, കോട്ടക്കലോ ഇതിന്റെ ബ്രാഞ്ച് ആരംഭിക്കുക.

2. ദീർഘകാല വായ്പക്കുള്ള പലിശനിരക്ക് കുറക്കുക. വായ്പാ നിബന്ധനകൾ ലഘൂകരിക്കുക

3. പലിശ സബ്സിഡി കൃത്യമായി ലഭിക്കുന്നതിന് സംവിധാനമേർപ്പെടുത്തുക

**ഹൗസിംഗ് മേഖല**

ഈ പഞ്ചായത്ത് കൂടി പ്രവർത്തന പരിധിയായി മലപ്പുറത്ത് സ്ഥാപിച്ചിട്ടുള്ള ഹൗസിംഗ് സഹകരണ സംഘത്തിന് ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേഷൻ നൽകി വീട് വെക്കുന്നതിനുള്ള കടം യഥാവിധി പഞ്ചായത്ത് പ്രദേശത്ത് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക

**ക്ഷീരോല്പാദക സഹകരണ മേഖല**

1. ഇന്ന് സമാപ്തീകരിക്കാതെ നിലനിൽക്കുന്ന പൊന്മള ക്ഷീരോല്പാദക സഹകരണ സംഘം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ ക്ഷീരവികസനവകുപ്പ് ആരംഭിക്കുകയും ഇതിന്റെ പ്രവർത്തന പരിധി പൊന്മള പഞ്ചായത്ത് മുഴുവനായി വ്യാപിക്കുകയും ചെയ്യുക.

2. ക്ഷീരസഹകരണ സംഘം പുനരുജ്ജീവിപ്പിക്കുന്ന മുറക്ക് ഇത് മിൽമയുടെ കലക്റ്റിങ്ങ് യൂണിറ്റായി മാറ്റുക

3. ഈ സ്ഥാപനം വഴി തന്നെ കൃഷിക്കാർക്ക് കാലിതീറ്റ വിതരണത്തിന് സംവിധാനം ഒരുക്കുക.

**F കൺസ്യൂമർ മേഖല**

പഞ്ചായത്തിൽ സ്വന്തമായി കൺസ്യൂമർ സംഘം തുടങ്ങുന്നത് ലാഭകരമായിരിക്കില്ലെന്നത് കൊണ്ട് പൊന്മള, കോട്ടക്കൽ, കോഡൂർ, ഒതുക്കുങ്ങൽ, എടരിക്കോട് എന്നീ തൊട്ടുടുത്ത പഞ്ചായത്തുകൾ ഉൾപ്പെടുത്തി നിത്യോപയോഗ സാധനങ്ങൾ വിതരണം നടത്തുന്നതിന് ഒരു കൺസ്യൂമർ സഹകരണ സംഘം സ്ഥാപിക്കുക.

**g. പട്ടികജാതി മേഖല**

പട്ടികജാതിക്കാരുടെ ഉന്നമനത്തിന് പഞ്ചായത്തിൽ ഒരു പട്ടികജാതി സഹകരണ സംഘം സ്ഥാപിക്കുക. ഇതുവഴി ഈ വിഭാഗത്തിന് തൊഴിൽ സാദ്ധ്യതയുള്ള പദ്ധതികൾക്ക് രൂപം നല്കുക.

**L. വ്യവസായ മേഖല**

വ്യവസായ മേഖലയിൽ പിന്നോക്കമുള്ള ഈ പഞ്ചായത്തിൽ നാളികേര സംസ്കരണവും, കശുവണ്ടി സംസ്കരണവും ഉദ്ദേശിച്ച് കൊണ്ടുള്ള വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും പ്രത്യക്ഷത്തിൽ 100 പേർക്കെങ്കിലും തൊഴിൽ നൽകുന്നതിനുള്ള സാദ്ധ്യത ഉറപ്പുവരുത്തുകയും ചെയ്യുക.

**I വനിതാ സഹകരണ മേഖല**

പഞ്ചായത്തിൽ വനിതകൾക്കായി ഒരു സഹകരണ സംഘം രൂപീകരിക്കുകയും തൊഴിലധിഷ്ഠിത പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.

**J. സ്കൂൾ സഹകരണ മേഖല**

1. പഞ്ചായത്തിലുള്ള 4 സ്കൂൾ സഹകരണ സംഘങ്ങളും പ്രവർത്തനക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അംഗങ്ങളാക്കുക.

2. കുട്ടികൾക്ക് ടെക്സ്റ്റ് ബുക്കിന് പുറമേ നോട്ട് പുസ്തകങ്ങൾ സ്റ്റേഷനറി സാധനങ്ങൾ എന്നിവ ന്യായമായ വിലക്ക് വിതരണം ചെയ്യുക.

പഞ്ചായത്തിൽ നിലവിലുള്ളതും രൂപീകരിക്കാനുദ്ദേശിക്കുന്നതുമായ സഹകരണസ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പ് സമയാസമയങ്ങളിൽ വിലയിരുത്തി കാര്യങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം നടത്താവുന്നതാണ്.

ഗ്രാമത്തിലെ ജനങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും, സാംസ്കാരികവുമായ ഉന്നമനത്തിന് സഹകരണ പ്രസ്ഥാനം വഴി മേൽ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താൻ ശ്രമിക്കേണ്ടതാണ്.

# പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

പൊന്മള ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 3.8% പട്ടിക ജാതിയിൽ പ്പെട്ടവരാണ് ആകെ 192 പട്ടികജാതി കുടുംബങ്ങൾ ഇവിടെ ജീവിച്ച് പോരുന്നുണ്ട്. പഞ്ചായത്തിൽ 5 അംഗീകൃത കോളനികളും 2 അംഗീകാരത്തിന് സമർപ്പിച്ച കോളനികളും നിലവിലുണ്ട്.

മറ്റ് തൊഴിലാളി കർഷകരോടൊപ്പം ഭൂപരിഷ്ക്കരണം നടപ്പാക്കുന്നതിനും മിച്ചഭൂമി വിതരണം ചെയ്യുന്നതിനും വേണ്ടി നടന്നിട്ടുള്ള പോരാട്ടങ്ങളിൽ ഈ വിഭാഗവും പങ്കെടുത്തിട്ടുണ്ട്. സാമൂഹിക സാമ്പത്തിക രംഗത്ത് ഭൂപരിഷ്ക്കരണം നടപ്പാക്കിയതോടുകൂടി കുടികിടപ്പവകാശവും മിച്ചഭൂമിലഭ്യതയും ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്ക് കാരണമായിട്ടുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും വിദ്യാഭ്യാസപരമായി ഇവർ പിന്നോക്കം തന്നെ നിലനിൽക്കുന്നുണ്ട്. എങ്കിലും മുൻകാലങ്ങളിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും മോചനം നേടുവാൻ കഴിഞ്ഞിട്ടുണ്ട്.

ഇന്ന് കാർഷിക വ്യാവസായിക സേവന മേഖലകളിലും എത്തിപ്പെടുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും സർക്കാർ ഇവർക്കു വേണ്ടി നടപ്പാക്കുന്ന പദ്ധതികൾ വേണ്ടത്ര അറിവില്ലായ്മ കാരണം നേടിയെടുക്കുവാൻ കഴിയാതെ വന്നിട്ടുണ്ട്.

പഞ്ചായത്തിലെ അഗീകരിച്ച കോളനികൾ ചുവടെ ചേർക്കുന്നു

1. കുതിരവട്ടം പള്ളിയാൽ വാർഡ് III
2. മേൽമുറി കിഴക്കേതല വാർഡ് V
3. മണ്ണഴി ഹരിജൻ കോളനി വാർഡ് VIII
4. തെക്കേക്കര കോളനി (IHDEP) VIII
5. ഓണം കാട് കോളനി വാർഡ് IX

**അംഗീകാരത്തിന് സമർപ്പിച്ച കോളനികൾ**

1. വീരാല തണ്ടറായി ഹരിജൻ കോളനി വാർഡ് II
2. കരിം തവർകുന്ന് കോളനി വാർഡ് IX

അംഗീകൃത കോളനികളിലെ മൊത്തം കുടുംബങ്ങൾ 123 ആണ്. അംഗീകാരത്തിന് സമർപ്പിച്ച കോളനികളിൽ 25 കുടുംബങ്ങളുമുണ്ട്. പക്ഷെ ഇതിലൊന്നും പെടാതെ അങ്ങിങ്ങായി മാറി താമസിക്കുന്ന 44 ഓളം കുടുംബങ്ങളും പഞ്ചായത്തിലുണ്ട്.

അഗീകൃത കോളനികളിലെ പട്ടികജാതി കുടുംബത്തിലെ ജനസംഖ്യ 641 ആണ്. അംഗീകാരത്തിന് മർപ്പിച്ച രണ്ട് കോളനികളിലെ 25 കുടുംബങ്ങളിലെ ജനസംഖ്യ 139 ആണ്. അങ്ങിങ്ങായി മാറിത്താമസിക്കുന്ന 44 കുടുംബങ്ങളിലെ ജനസംഖ്യ 195 ആണ്. അങ്ങനെ പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങളുടെ മൊത്തം ജനസംഖ്യ 975 ആണ്

ഉച്ചനീചത്വങ്ങൾ കൊടികുത്തി വാണിരുന്ന പഴയ കാല ഘട്ടങ്ങളിൽ പഞ്ചായത്തിലെ പല പ്രദേശങ്ങളിലും ഇതിനെതിരെ രംഗപ്രവേശനം ചെയ്യാൻ അന്നത്തെ ജന്മി കുടുംബങ്ങളെ ഇവർ ഭയപ്പെട്ടിരുന്നു. അയിത്തത്തിന്റെ ഭാഗമായി വഴിയാത്ര പോലും ഇവർക്ക് വളരെ ക്ലേഷകരമായിരുന്നു. അക്കാലങ്ങളിൽ ഭൂപ്രമാണി-ജന്മിമാരുടെ വീടുകളിൽ ഇവർക്ക് ഭക്ഷണംകൊടുക്കാൻ പോലും പ്രത്യേക പാത്രങ്ങൾ ഉണ്ടായിരുന്നു. താഴ്ന്ന വിഭാഗത്തിൽപ്പെട്ട ഇവരുടെ വീട്ടിൽ ഒരു വിവാഹം നടന്നുകഴിഞ്ഞാൽ ആ പ്രദേശത്തെ ജന്മിയുടെ വീട്ടിൽ കൊണ്ടുപോയി "പടികയറ്റം" എന്ന പേരിൽ നടത്തുന്ന അനാചാരവും ഇവിടെ നിലനിന്നിരുന്നു. ഇവർക്ക് ഒരു കുട്ടി ജനിച്ചാൽ ഇഷ്ടപ്രകാരമുള്ള പേരുവിളിക്കുന്നതിനുള്ള അവകാശംപോലും ഉണ്ടായിരുന്നില്ല. പുരുഷന്മാർക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത ആവശ്യങ്ങളായ മുടിവെട്ടൽ, ഷേവ്ചെയ്യൽ മുതലായവയ്ക്കുപോലും ഇവർക്ക് പൊതുവേദികളിൽ വിലക്ക് കല്പിച്ചിരുന്നു. ക്ഷേത്രക്കുളങ്ങളിൽ കുളിക്കുന്നതിനും, ക്ഷേത്രങ്ങളിൽ ആരാധന നടത്തുന്നതിനും ഇവർക്ക് ഭ്രഷ്ട് കല്പിച്ചിരുന്നു.

ഭൂപ്രമാണിമാരുടെ ചെയ്തികളിൽ നിന്ന് ഇവരെ മോചിപ്പിക്കുന്നതിനുവേണ്ടി അന്നത്തെ സാമൂഹിക പ്രവർത്തകരിൽ പ്രധാനികളായ പി. വി. കൃഷ്ണൻ മാസ്റ്ററുടെ നേതൃത്വത്തിൽ ചേങ്ങോട്ടൂർ മേഖലയിലും പി. ശ്രീധരൻ നമ്പീശന്റെ നേതൃത്വത്തിൽ പൊന്മള മേഖലയിലും ഉള്ള ക്ഷേത്രക്കുളങ്ങളിൽ ഈ വിഭാഗത്തിന് കുളിക്കുന്നതിനും, ക്ഷേത്രത്തിൽ ആരാധന നടത്തുന്നതിനും, അവകാശം സംരക്ഷിക്കുന്നതിനും വേണ്ടി നടന്ന ഹരിജനോദ്ധാരണ സമരങ്ങളിൽ ഈ വിഭാഗം ജനങ്ങളും പങ്കെടുത്തിരുന്നു. ഇതിന്റെ ഫലമായി പഞ്ചായത്തിലുണ്ടായിരുന്ന തൊട്ടുകൂടായ്മയ്ക്കും തീണ്ടികൂടായ്മയ്ക്കും ഒരു പരിധിവരെ പരിഹാരം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

### വിദ്യാഭ്യാസം

പഞ്ചായത്തിലെ മൊത്തം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളും പ്രാഥമിക വിദ്യാലയങ്ങളിൽ പോകുന്നവരാണ്. സാമ്പത്തീക പരാധീനതയാണ് S.S.L.C യ്ക്ക് ശേഷമുള്ള പഠനത്തെ ബാധിക്കുന്ന പ്രധാന പ്രശ്നം. എന്നിരുന്നാലും യു. പി. തലത്തിന് ശേഷം വിദ്യാഭ്യാസം നിർത്തിയവർ ധാരാളമുണ്ട്. രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനം ഫലപ്രദമായി നടക്കാതിരുന്നത് കുടുംബങ്ങളിൽ നിരക്ഷരരുടെ എണ്ണം വർദ്ധിക്കുവാൻ കാരണമായി.

വിദ്യാഭ്യാസ ബോധവല്ക്കരണം കോളണികൾ കേന്ദ്രീകരിച്ച് നടത്തിയാൽ വിദ്യാഭ്യാസരംഗത്തുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ സാധിക്കും.

1995-96 അദ്ധ്യായനവർഷത്തിൽ പഞ്ചായത്തിൽ ആകെ 238 പട്ടിക വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിച്ചിരുന്നു. ഇവരിൽ 131 പേർ ആൺകുട്ടികളും 107 പേർ പെൺകുട്ടികളും ആയിരുന്നു. എൽ. പി. തലത്തിൽ പഠിക്കുന്ന മൊത്തം കുട്ടികളുടെ 3.4% (116 കുട്ടികൾ) ഈ വിഭാഗത്തിൽപ്പെടുന്നു. യു. പി. തലത്തിൽ ഇവരുടെ ശതമാനം 3.2 (80 കുട്ടികൾ) ആണ്. ഹൈസ്ക്കൂൾ മേഖലയിലുള്ള ആകെ കുട്ടികളിൽ 3.4% (42 കുട്ടികൾ) ഇവരാണ്.

### തൊഴിൽ

പഞ്ചായത്തിലെ ആകെ പട്ടികജാതി കുടുംബങ്ങളെടുത്ത് പരിശോധിച്ചാൽ ഭൂരിഭാഗം പേരും കാർഷികവൃത്തിയിൽ ഏർപ്പെടുന്നവരാണ്. എന്നിരുന്നാലും ഉപജീവനത്തിനുവേണ്ടി നിർമ്മാണമേഖലയേയും ടെക്നിക്കൽ മേഖലയേയും ആശ്രയിക്കുന്നവരും ഉണ്ട്. ഈ പഞ്ചായത്തിലെ മൊത്തം പട്ടികജാതി കുടുംബങ്ങളിൽ '17' സർക്കാർ ജീവനക്കാരും '2' അർദ്ധ സർക്കാർ ജീവനക്കാരും ഉണ്ട്. പരമ്പരാഗത തൊഴിലിൽ (കൊട്ടനിർമ്മാണം) ഏർപ്പെട്ടിരിക്കുന്ന മൂന്നുകുടുംബങ്ങളുണ്ട്. പരമ്പരാഗത വ്യവസായങ്ങളായ കൊട്ടനിർമ്മാണം, പായ്നെയ്ത്ത് തുടങ്ങിയവയെ സർക്കാർ പോഷിപ്പിക്കുകയാണെങ്കിൽ കൂടുതൽപേർക്ക് തൊഴിൽ ലഭിക്കും. പട്ടിക ജാതിയിൽപ്പെട്ട മൂന്ന് കുടുംബങ്ങൾ വൈദ്യശാല സംബന്ധമായ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു.

### പാർപ്പിടം

പഞ്ചായത്തിൽ ആകെ 192 പട്ടികജാതി കുടുംബങ്ങളാണ് ഉള്ളത്. ഇവർക്കെല്ലാവർക്കും സ്വന്തമായി പാർപ്പിടമുണ്ട്. എന്നാൽ പകുതിയോളം വീടുകളിൽ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ല. വിശദമായി കണക്ക് ചുവടെ ചേർക്കുന്നു.

പട്ടിക I

| ക്രമ നമ്പർ | വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം. |
|---|---|---|---|---|
| 1 | 3 | കുതിരവട്ടം പള്ളിയാൽ | 14 | 84 |
| 2 | 5 | മേൽമുറി - കിഴക്കെക്കര | 15 | 75 |
| 3 | 8 | മണ്ണഴി ഹരിജൻ കോളനി | 45 | 225 |
| 4 | 8 | തെക്കെക്കര ഹരിജൻ കോളനി | 39 | 195 |
| 5. | 9 | ഓണംകാട് ഹരിജൻ കോളനി | 10 | 62 |
| | | അംഗീകാരത്തിന് കൊടുത്തത് | | |
| 1 | 2 | വിരാല തണ്ടറായി ഹരിജൻ കോളനി | 15 | 80 |
| 2. | 9 | കരിന്തുപർകുന്ന് കോളനി | 10 | 59 |

### പട്ടിക II

| ക്രമനമ്പർ | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം കോൺക്രീറ്റ് | ഓട് | ഓല | ആവശ്യമുള്ള വീടുകളുടെ എണ്ണം | കക്കൂസ് ആവശ്യമില്ലാത്തവർ | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം. |
|---|---|---|---|---|---|---|---|
| 1 | കുതിരവട്ടം പള്ളിയിൽ | | 14 | | 8 | 8 | 6 |
| 2 | മേൽമുറി കിഴക്കേക്കര | | 13 | 2 | 9 | 8 | 7 |
| 3 | മണ്ണഴി ഹരിജൻ കോളനി | 1 | 4 | 3 | 12 | 30 | 15 |
| 4 | തെക്കേക്കര | | 37 | 2 | 8 | 14 | 25 |
| 5 | ഓണംകാട് കോളനി | | 9 | 1 | 5 | 6 | 4 |
| | അംഗീകാരത്തിന് കൊടുത്തത് | | | | | | |
| 1 | വീരാല | | 15 | 2 | 2 | 10 | 5 |
| 2 | കരിന്തവര | | 9 | 1 | 6 | 4 | 6 |

### പട്ടിക - III

| വാർഡ് | ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനികൾ | വാർഡ് | ജനപങ്കാളിത്തത്തോടെ മിനി ജലസേചന പദ്ധതികൾ നടപ്പാക്കാവുന്ന കോളനികൾ |
|---|---|---|---|
| VIII | മണ്ണഴിഹരിജൻ കോളനി | VIII | മണ്ണഴി ഹരിജൻ കോളനി |
| VIII | തെക്കേക്കര കോളനി | VIII | തെക്കേക്കര കോളനി |
| II | വീരാല കോളനി (അംഗീകാരത്തിന് കൊടുത്തത്) | II | വീരാലകോളനി |

പട്ടിക - IV

| ക്രമനമ്പർ | കോളനിയുടെ പേര് | റോഡുകൾ | | വൈദ്യുതി | | കുടിവെള്ളം | | |
|---|---|---|---|---|---|---|---|---|
| | | ഗതാഗത യോഗ്യമായത് | ഗതാഗത യോഗ്യമല്ലാത്തത് | ഇല്ലാത്തവ | ഉള്ളത് | കിണർ | ടാപ്പ് | പൊതു കക്കൂസ് |
| 1 | മണ്ണൂഴി ഹരിജൻ കോളനി | - | ഉണ്ട് | 10 | 7 | 2 | ഇല്ല | ഇല്ല |
| 2 | തെക്കേകര കോളനി | - | ഉണ്ട് | 11 | 4 | 2 | 3 | ഇല്ല |
| 3 | കുതിരവട്ടം പള്ളിയാല്ല | ഉണ്ട് | - | 4 | ഇല്ല | 1 | ഇല്ല | ഇല്ല |
| 4 | മേൽമുറി - കിഴക്കേക്കര | ഇല്ല | ഇല്ല | 10 | ഇല്ല | 1 | ഇല്ല | ഇല്ല |
| | അംഗീകരാത്തിന് കൊടുത്തത് | | | | | | | |
| 1 | വീരാല കോളനി | ഉണ്ട് | ഇല്ല | 7 | ഇല്ല | 2 | ഇല്ല | ഇല്ല |
| 2 | കരിന്തവരക്കുന്ന് | ഉണ്ട് | ഇല്ല | 10 | ഇല്ല | 1 | ഇല്ല | ഇല്ല |

### പ്രശ്നങ്ങളും ആവശ്യങ്ങളും

പഞ്ചായത്തിലെ 5 അംഗീകൃത പട്ടികജാതി കോളനികളും 2 അംഗീകാരത്തിന് കൊടുത്ത കോളനികളിലുമായി ഇന്ന് അത്യാവശ്യമായി വന്നിരിക്കുന്ന പ്രധാന പ്രശ്നങ്ങൾ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത തന്നെയാണ്.

പഞ്ചായത്തിലെ അംഗീകൃതവും അംഗീകരിക്കാത്തതുമായ കോളനികളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുക.

വീട് ഇല്ലാത്തവർക്ക് വീട് അനുവദിക്കുക

വൈദ്യുതി, കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവർക്ക് ഉടൻ പരിഹരിച്ച് കൊടുക്കുക.

നിലവിലുള്ള ശ്മശാനങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിക്കലും, ഇല്ലാത്ത സ്ഥലങ്ങളിൽ പൊതു ശ്മശാനങ്ങൾ ഉണ്ടാക്കലും

നിലവിലുള്ള കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകുക

കോളനി നിവാസികളുടെ ഭൂമിയുടെ അതിര് നിർണ്ണയിക്കലും, മണ്ണൊലിപ്പ് തടയുന്നതിന് കയ്യാല കെട്ടൽ തുടങ്ങിയവ നടപ്പാക്കുക.

അംഗവൻ വാടി ഇല്ലാത്ത സ്ഥലങ്ങളിൽ അവ നിർമ്മിച്ച് മാതൃശിശു സംരക്ഷണ സമിതി ഉറപ്പ് വരുത്തുക

ഹരിജൻ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് വിദ്യാസമ്പന്നരായ യുവതിയുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ചെറുകിട വ്യവസായങ്ങൾ തുടങ്ങുക.

കോളനികളിലേക്കുള്ള നടപ്പാത നിർമ്മിക്കുകയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും ചെയ്യുക

ആരോഗ്യ പരിപാലനത്തെക്കുറിച്ച് കോളനി നിവാസികളെ ബോധവാൻമാരാക്കുക.

നിലവിലുള്ള കോളനി റോഡുകൾ ഗതാഗത യോഗ്യമാക്കുക.

അംഗീകാരത്തിനു കൊടുത്ത കോളനികൾക്ക് ഉടൻ അംഗീകാരം നൽകുക

കോളനി കേന്ദ്രീകരിച്ച് സഹകരണ സംഘങ്ങൾ വഴി ആടുവളർത്തൽ, കോഴി വളർത്തൽ, പായ നെയ്ത്ത്, കൊട്ട നിർമ്മാണം തുടങ്ങിയ കുടിൽ വ്യവസായങ്ങളും കൂൺ കൃഷി, കുറ്റിമുല്ല കൃഷി, എന്നവയേയും പോഷിപ്പിക്കുക.

കോളനികളിൽ പെടാതെ അങ്ങിങ്ങായി ചിതറിക്കിടക്കന്ന നാല്പതോളം ഹരിജൻ കുടുംബങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

### പരിഹാര മാർഗ്ഗങ്ങളും നിർദ്ദേശങ്ങളും

പഞ്ചായത്തിലെ മൊത്തം കോളനികളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പൊന്മള കുതിരവട്ടം കോളനി. മേൽമുറി കോളനി എന്നിവിടങ്ങളിൽ കിണറുകൾ ആഴം കൂട്ടി എന്നും വെള്ളമുണ്ടാകുന്ന സ്ഥിതി ഉണ്ടാക്കിയെടുക്കാം. ഓണം കാട് കോളനിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കുഴൽ കിണറുകൾ നിർമ്മിച്ച് കൊടുക്കാം. കരിംതവരക്കുന്ന് കോളനിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കാടുങ്ങൽ ചോലയിലെ വെള്ളം ഉപയോഗിച്ച് മിനി വാട്ടർ സപ്ളൈ സ്കീം നിർമ്മിക്കാം.

പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് വിവിധ സ്കീമുകൾ ഉപയോഗിച്ച് വീട്, കക്കൂസ് എന്നിവ നിർമ്മിച്ച് കൊടുക്കാം.

അംഗീകൃത കോളനികളിലെ വികസന കമ്മറ്റി കാര്യക്ഷമമാക്കുക

പഞ്ചായത്തിലെ എല്ലാ കറന്റില്ലാത്ത പട്ടിക ജാതി കുടുംബങ്ങൾക്കും J.R.Y Scheme, മറ്റ് സ്കീമുകളും ഉപയോഗിച്ച് വൈദ്യുതി പ്രശ്നം പരിഹരിക്കാം.

കോളനികളിലെ ശ്മശാനത്തിലേക്കുള്ള വഴികൾ ജനകീയ പങ്കാളിത്തത്തോടുകൂടിയും മറ്റ് സ്കീമുകൾ ഉപയോഗിച്ച് നിർമ്മിക്കാം

ആരോഗ്യ പരിപാലനത്തിനു വേണ്ടി കോളനികൾ കേന്ദ്രീകരിച്ച് മാതൃ- ശിശു സംരക്ഷണ ബോധവൽക്കരണം നടപ്പിലാക്കാം.

ട്രൈസം പരിശീലനം നേടിയ യുവതീ-യുവാക്കളെ ഉപയോഗപ്പെടുത്തി സൊസൈറ്റി മുഖേന ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് തൊഴിലില്ലായ്മയ്ക്ക് പരിഹാരം തേടാം.

ട്രാക്ടർ പോലുള്ള യന്ത്രോപകരണങ്ങൾ വിതരണം ചെയ്താൽ കോളനി വികസനത്തിനൊപ്പം തൊഴിലില്ലായ്മയും പരിഹരിക്കാം.

പട്ടിക ജാതി കുടുംബങ്ങളുടെ നിലവിലുള്ള ഭൂമിയുടെ അതിർവരമ്പ് നിർണ്ണയിക്കലും, മണ്ണൊലിപ്പ് തടയുന്നതിന് കയ്യാലനിർമ്മിക്കാൻ "സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ്" നോട് ആവശ്യപ്പെടാം.

കോളനി റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് SEP, JRY പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി അപ്രകാരം പരിഹരിക്കാം.

# വിഭവസമാഹരണം

ജില്ലയിലെ തന്നെ സാമ്പത്തീകപരമായി വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് പൊന്മള പഞ്ചായത്ത്. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ഇടത്തരക്കാരായ കർഷകർ ആണ്. പഞ്ചായത്തിലെ ചെറുപ്പക്കാരിൽ 15% ത്തോളം പേർ ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നു. വരുമാനത്തിന്റെ മുഖ്യഭാഗം കെട്ടിടനികുതിയിൽനിന്നുമാണ് കണ്ടെത്തുന്നത്. തൊഴിൽ നികുതി, വാഹനനികുതി, സർവ്വീസ് ചാർജ്ജ്, ലൈസൻസ് ഫീ എന്നിവ നാമമാത്രമാണ്. സിനിമാഹാൾ പോലെയുള്ള വിനോദകേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ വിനോദനികുതിയിനത്തിൽ പഞ്ചായത്തിന് വരുമാനം കിട്ടുന്നില്ല.

വികസന പ്രവർത്തനങ്ങൾക്കായി ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന തുച്ഛമായ ഗ്രാന്റുകളേയും മറ്റുമാണ് ആശ്രയിക്കുന്നത്. ഈ സാമ്പത്തിക പിന്നോക്കാവസ്ഥ നമ്മുടെ പഞ്ചായത്തിന്റെ വികനസത്തെ സാരമായി ബാധിക്കുന്നു.

പട്ടിക-I

വരവ് (1995-96)

| ഇനങ്ങൾ | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 1,13038.71 | 1,09,428.00 | 3601.41 |
| സർവ്വീസ് ചാർജ്ജ് | 18823.27 | 18,220.48 | 602.79 |
| തൊഴിൽനികുതി | 81056.00 | 81056.00 | - |
| വാഹനനികുതി | 3971.42 | 3971.42 | |
| ലേലം | 2710.00 | 2710.00 | |
| ലൈസൻസ് ഫീ | 4640.00 | 4640.00 | - |
| വസ്തുകൈമാറ്റ നികുത (75%) | 94353.00 | 94353.00 | - |
| വസ്തുകൈമാറ്റ നികുതി (25%) | 5000.00 | 50000.00 | - |
| സർക്കാർ, ഗ്രാന്റ് ഒഴികെ മറ്റ് വരവുകൾ | 12675.00 | 12675.00 | - |
| ഡെപ്പോസിറ്റ് പലിശ | 3853315 | 38533.15 | |
| ആകെ | 4,19801.45 | 4,15,588.25 | 4213.20 |

വരുമാനത്തിന്റെ 60% വും ഭരണച്ചിലവുകളിലേക്കായി ഉപയോഗിക്കുന്നത്. പഞ്ചായത്തിൽ ഇന്നേവരെ നടപ്പാക്കിയ വികസന ഫണ്ടിന്റെ ഭൂരിഭാഗവും പൊതുമരാമത്ത് വകുപ്പിന്റെ പണികൾക്കായാണ് ഉപയോഗിക്കുന്നത്. പൊതുമരാമത്ത് രംഗത്തുതന്നെ ചില വാർഡുകൾ കേന്ദ്രീകരിച്ചുമാത്രമാണ് വികസനം നടത്തിയിരിക്കുന്നത്. പല വാർഡുകളിലും ഗതാഗത സൗകര്യം അപര്യാപ്തമാണ്.

പഞ്ചായത്തിൽ വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. രജിസ്റ്റർ ചെയ്ത നാലോളം ഇടത്തരം ചെറുകിട വ്യവസായ യൂണിറ്റുകൾ നിലനിൽക്കുന്നുണ്ട്. വ്യവസായ രംഗത്തെ മാന്ദ്യത കാരണം, ലൈസൻസ് ഫീ ഇനത്തിലുള്ള വരുമാനം തുച്ഛമാണ്.

താഴെ കൊടുത്തിരിക്കുന്ന പട്ടികകളിൽനിന്നും 1995-96 സാമ്പത്തിക വർഷത്തെ പഞ്ചായത്തിന്റെ വരവു ചെലവു കണക്കുകൾ മനസ്സിലാക്കാവുന്നതാണ്.

പട്ടിക II

സർക്കാരിൽനിന്നുള്ള ഗ്രാന്റ് (1995-96)

| | |
|---|---|
| VRM | 20,845 |
| MI | 10,800 |
| VTC | 2,13,286 |
| അടിസ്ഥാന നികുതി (25%) | 50,000 |
| അടിസ്ഥാന നികുതി (75%) | 94,353 |
| പ്രത്യേക ഗ്രാന്റ് | 98,384 |
| JRY | 2,26,425 |
| അൺടൈഡ് ഫണ്ട് | 3,30,000 |
| ആകെ | 14,40,093 |

(അവലംബം, ദ്വിതീയ വിഭവശേഖരണം)

പട്ടിക 3 III

ചെലവ് (1995-56)

| ഇനം | തുക |
|---|---|
| ഭരണച്ചെലവ് (ഫർണിച്ചർ ഉൾപ്പെടെ) | 3,31,195,75 |
| പൊതുമരാമത്ത് | 4,65,432.00 |
| ജലവിതരണം, പൊതുജനാരോഗ്യം | 67,300.00 |
| തെരുവ് വിളക്ക് | 3,443.00 |
| മറ്റുള്ളവ | 56,193.00 |
| ആകെ | 9,23,563.75 |

പട്ടിക IV

പൊതു സാമ്പത്തിക നില

(1995-96)

| പൊതു കണക്ക് | | കടം |
|---|---|---|
| വരവ് | 11,08,834.50 | 26,690.50 |
| ചെലവ് | 5,71,007.75 | 20,264.00 |

(അവലംബം: ദ്വിതീയ വിഭവ ശേഖരണം)

**ധനകാര്യസ്ഥാപനങ്ങൾ**

പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ കോൽക്കളം സർവ്വീസ് സഹകരണബാങ്കും, കോട്ടയ്ക്കൽ കോ.ഓപ്പറേറ്റീവ് അർബൻ ബാങ്കിന്റെ പറങ്കി മൂച്ചിക്കൽ ചാപ്പനങ്ങാടി ശാഖയുമാണ്. കാർഷിക വായ്പ നല്കലാണ് കോൽക്കളം സർവ്വീസ് ബാങ്കിന്റെ പ്രധാന ലക്ഷ്യം. 1944 ൽആണ് കോൽക്കളം സർവ്വീസ് സഹകരണ ബാങ്ക് സ്ഥാപിക്കപ്പെട്ടത്. മൊത്തം അംഗങ്ങൾ 4383 ആണ്. ഒരു ഓഹരിയുടെ വില 5 രൂപയാണ്. നിക്ഷേപങ്ങൾ വളരെ കുറവാണ്. കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിന്റെ ചാപ്പനങ്ങാടി ശാഖ 1995ലാണ് സ്ഥാപിക്കപ്പെട്ടത്. കാർഷികേതര ആവശ്യങ്ങൾക്കുള്ള വായ്പകളാണ് ഈ ബാങ്ക് അനുവദിക്കുന്നത്.

കോൽക്കളം പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്കിന്റെ നിക്ഷേപങ്ങളെക്കുറിച്ചും വായ്പകളെക്കുറിച്ചുമുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക V

പൊതുജനനിക്ഷേപം

| സ്ഥിരനിക്ഷേപം | ഹ്രസ്വകാലനിക്ഷേപം |
|---|---|
| 50,95,665 | 21,94,963 |

പട്ടിക VI

നൽകിയിട്ടുള്ള വായ്പകൾ(ജില്ലാ സഹകരണ ബാങ്ക് മുഖേന)

| | | | |
|---|---|---|---|
| ഹ്രസ്വകാലം | 14,59,031 | ഹ്രസ്വകാലം | 1,34,777 |
| മദ്ധ്യകാലം | 1,57,002 | മദ്ധ്യകാലം | 11,00,020 |
| ദീർഘകാലം | 2,16,353 | ദീർഘകാലം | 2,60,198 |
| NASI | 6,79,573 | - | - |
| സ്വർണ്ണം | 62,98,490 | | |
| പ്രത്യേക വായ്പ | | | |
| (House Loan) | 4950 | - | - |

പട്ടിക VII

| കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ | | | |
|---|---|---|---|
| ഹ്രസ്വകാലം | മദ്ധ്യകാലം | ദീർഘകാലം | സ്വർണ്ണ |
| 2,96,634 | 4,980 | 29,204 | 34,0461 |

**ഗൾഫ് കുടിയേറ്റ സ്വാധീനം**

ഭൂരിഭാഗം കുടുംബങ്ങളും ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരെ ആശ്രയിക്കുന്നവരാണ്. ഈ പഞ്ചായത്തിൽ ഏതാണ്ട് 2000 ത്തിലധികം പേർ വിവിധ ഗൾഫ് രാജ്യങ്ങളിലായി ജോലി ചെയ്യുന്നു. ഗൾഫ് കുടിയേറ്റക്കാരിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ ജോലി ചെയ്യുന്നവരും, ബീഡി തെറുപ്പ്, പപ്പടനിർമ്മാണം, തുടങ്ങിയ കുടിൽ വ്യവസായങ്ങളിൽ ജോലി ചെയ്തിരുന്നവരുമാണ്. ഗൾഫ് കുടിയേറ്റം കാർഷിക രംഗത്തെ മന്ദഗതിക്കും, ബീഡി, പപ്പട വ്യവസായങ്ങളുടെ തകർച്ചയ്ക്കും കാരണമായി. ഗൾഫിൽ ജോലിചെയ്യുന്നവർ അവരുടെ പണം പ്രധാനമായും, കെട്ടിടനിർമ്മാണത്തിനു, മറ്റു സുഖസൗകര്യ ആഡംബരങ്ങൾക്കും വേണ്ടി മാത്രമാണ് ഉപയോഗിക്കുന്നത്. കാർഷിക വ്യാവസായിക മേഖലകളിലോ മുതൽ മുടക്കാൻ അവർ തയ്യാറാകുന്നില്ല. ഇത് പഞ്ചായത്തിൽ ഈ രംഗത്തുണ്ടാകുന്ന വികസനത്തെ തടസ്സപ്പെടുത്തുന്നു.

**സന്നദ്ധ സംഘടകൾ**

നമ്മുടെ പഞ്ചായത്തിൽ ബഹുജനാടിത്തറയുള്ള നിരവധി രാഷ്ട്രീയ പാർട്ടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും, വികസന പ്രവർത്തന രംഗത്ത് ഈ രാഷ്ട്രീയ സ്വാധീനം ഉപയോഗപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട യുവജനക്ലബ്ബുകളും (ഒൻപത്), ശാസ്ത്ര സഹിത്യ പരിഷത്ത് പോലുള്ള ചില സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. വികസന രംഗത്ത് പ്രവർത്തിക്കുവാനുള്ള ഇവരുടെ സന്നദ്ധത ഉപയോഗപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. സന്നദ്ധ പ്രവർത്തന രംഗത്ത് പ്രവർത്തിച്ച് മുന്നേറാനുള്ള ഇവരുടെ മത്സരം ഉപയോഗപ്പെടുത്താൻ കഴിയേണ്ടതാണ്.

**പ്രശ്നങ്ങൾ**

വരുമാന സാധ്യതകൾ ഉപയോഗപ്പെടുത്തായ്മ പഞ്ചായത്ത് വരുമാനമെന്ന നിലയ്ക്ക് പ്രധാനമായി ആശ്രയിക്കുന്നത് കെട്ടിടനികുതി ആണ്. എന്നാൽ ഇതിൽനിന്നു തന്നെയുള്ള സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല. വൻമുതൽ മുടക്കുള്ള പല വലിയ വീടുകൾക്കും വളരെക്കുറഞ്ഞ കെട്ടിടനികുതിയാണ് ചുമത്തിയിരിക്കുന്നത്. ഇവതന്നെ യഥാസമയം പിരിച്ചെടിക്കുന്നതിൽ വീഴ്ച വരാറുണ്ട്. പലപ്പോഴും, പഞ്ചായത്ത് ഓഫീസിൽനിന്നും വല്ല ആവശ്യവും വേണ്ടിവരുന്ന സമയത്ത് നിർബന്ധിതരായാണ് ജനങ്ങൾ നികുതിയടയ്ക്കാൻ തയ്യാറാകുന്നത്. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ഇടത്തരം ചെറുകിട, വ്യവസായ സ്ഥാപനങ്ങളും, വാണിജ്യ സ്ഥാപനങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടാത്തതിനാൽ ലൈസൻസ് പരിധിയിൽ വരുന്നില്ല. നിലവിൽ ചുമത്തിയിരിക്കുന്ന ലൈസൻസ് ഫീസ് നിരക്കുകൾ വളരെ തുച്ഛമായതാണ്.

ഹോട്ടൽ വിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങൾ പലതും ചായക്കട എന്നനിലയിൽ രജിസ്ടർ ചെയ്തിരിക്കുന്നതിനാൽ ലൈസൻസ് ഫീ ഇനത്തിൽ പഞ്ചായത്തിന് വൻ വരുമാന നഷ്ടം സംഭവിക്കുന്നു. പഞ്ചായത്തിലുള്ള തൊഴിൽ നികുതി വരുമാനം, തുച്ഛമായതാണ്. സർക്കാർ ഉദ്യോഗസ്ഥരും, അദ്ധ്യാപകരും മാത്രമാണ് തൊഴിൽ നികുതി അടയ്ക്കുന്നത്. സ്ഥിരവരുമാനമുള്ള ധാരാളം തൊഴിലാളികൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും അവർ തൊഴിൽ നികുതി പരിധിയിൽ വരുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ ഭൂമിയടക്കമുള്ള വസ്തു കൈമാറ്റം ധാരാളമായി നടക്കുന്നുണ്ട്. വസ്തുകൈമാറ്റം രജിസ്റ്റർ ചെയ്യുന്ന സമയത്ത് വസ്തുവിന്റെ യഥാർത്ഥവില കാണിക്കാതെ വളരെ നാമമാത്രമായ വിലയാണ് കാണിക്കുന്നത്. അതുകൊണ്ട് യഥാർത്ഥത്തിൽ ലഭിക്കേണ്ട വരുമാനത്തിന്റെ ഒരു ചെറിയ ശതമാനം മാത്രമാണ് പഞ്ചായത്തിന് ലഭിക്കുന്നത്.

ലേലം വഴി പഞ്ചായത്തിന്റെ വരുമാനം ശേഖരിക്കാവുന്ന മണൽവാരൽ അടക്കമുള്ള പല വിഭവസ്രോതസ്സുകളും ഉപയോഗപ്പെടുത്തുന്നില്ല.

2. ഗൾഫ് പണം ഉല്പാദനമേഖലയിൽ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ നിന്നും ധാരാളം പേർ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നുണ്ടെങ്കിലും അവരുടെ പണം കാർഷിക വ്യാവസായിക മേഖലകളിലോ, മറ്റുല്പാദന മേഖലകളിലോ വിനിയോഗിക്കാൻ കഴിയുന്നില്ല.

3. ഭരണച്ചെലവിന്റെ വർദ്ധനവ് - പഞ്ചായത്തിന്റെ മൊത്തവരുമാനത്തിന്റെ 60%വും ഭരണച്ചെലവിനു മാത്രമാണ് ഉപയോഗിക്കുന്നത്. ഭരണച്ചെലവ് ഓരോ വർഷവും വർധിച്ചുവരികയാണ്.

4. ഇടത്തട്ടുകാരുടെ ചൂഷണം - പഞ്ചായത്തിലെ ഇതുവരെയുള്ള ഭൂരിഭാഗം പൊതുമരാമത്ത് മറ്റു നിർമ്മാണ പ്രവൃത്തികൾ, കോൺട്രാക്ടർ മുഖേനയാണ് നടത്തിയിരുന്നത്. ഇതുകാരണം വികസന ഫണ്ടിന്റെ നല്ലൊരുഭാഗം ഈ മധ്യവർത്തികൾ തട്ടിയെടക്കുന്നതുമൂലം ഫണ്ടിന്റെ ചെറിയൊരു

ഭാഗം മാത്രമെ വികസന പ്രവർത്തനത്തിന് ഉപയോഗപ്പെടുന്നുള്ളൂ. ഇത് വികസന പ്രവർത്തനങ്ങളുടെ ഗുണനിലവാരത്തെ തന്നെ സാരമായി ബാധിക്കുന്നു.

5. ധനകാര്യ വായ്പാ സ്ഥാപനങ്ങളുടെ അപര്യാപ്തത.

പഞ്ചായത്തതിർത്തിയിൽ രണ്ട് ധനകാര്യ സ്ഥാപനങ്ങളെ പ്രവർത്തിക്കുന്നുള്ളൂ. കോൽക്കളം സർവ്വീസ് സഹകരണബാങ്കിന്റെ ധനസ്ഥിതിമോശമായിരുന്നതിനാൽ ഇതിന്റെ ഗുണഭോക്താക്കൾ വളരെക്കുറവാണ്. ഈ ബാങ്ക് വൻ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

കോട്ടയ്ക്കൽ അർബൻ ബാങ്കിന്റെ ഒരുശാഖ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ ജനങ്ങൾക്ക് അതിന്റെ പ്രയോജനം പൂർണമായും ലഭ്യമല്ല. നിക്ഷേപങ്ങളെ അപേക്ഷിച്ച് വായ്പകൾ വളരെക്കുറവാണ്. വായ്പകൾ പ്രധാനമായും ഉല്പാദന മേഖലകളിൽ ചെലവഴിക്കപ്പെടാതെ ഉപഭോഗ കാര്യങ്ങളിലാണ് ചെലവഴിക്കപ്പെടുന്നത്.

കാർഷിക ഗ്രാമവികസന ബാങ്കും വാണിജ്യബാങ്കുകളും, ഗ്രാമീണ ബാങ്കുകളും പഞ്ചായത്ത് അതിർത്തിക്ക് പുറത്തായതിനാൽ വായ്പകളും മറ്റും പൂർണമായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. വാഹന വായ്പകളും മറ്റും ഉദാരമാവ്യവസ്ഥകളിൽ ലഭ്യമാല്ലാത്തതിനാൽ അമിത പലിശ ഈടാക്കുന്ന സംസ്ഥാനത്തിനു പുറത്തുള്ള വായ്പാ ഏജൻസികളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്.

6. സാങ്കേതിക വിദഗ്ധരുടെ അഭാവം.

പ്രാദേശികാവശ്യങ്ങൾക്കനുസരിച്ച് മുൻഗണനാക്രമത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യാൻ സന്നദ്ധരായ സാങ്കേതിക വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.

7. മുൻഗണനാ ക്രമം നിശ്ചയിക്കുന്നതിനുള്ള അപാകത.

വികസനപ്രവർത്തനത്തിന് ഉപയോഗിക്കുന്ന ഫണ്ടിന്റെ നല്ലൊരു ഭാഗം ഉല്പാദന മേഖലകളിൽ ഉപയോഗിക്കാതെ പൊതുമരാമത്ത് പോലെയുള്ള വികസിത പ്രവർത്തനങ്ങൾക്ക് വേണ്ടിമാത്രമാണ് ഉപയോഗിക്കുന്നത്. ഇതുകാരണം ഉല്പാദന മേഖലയിൽ യാതൊരു പുരോഗതിയും ഉണ്ടാകുന്നില്ല.

ഗവൺമെന്റ് ഗ്രാന്റുകൾ ലാപ്സാക്കുന്ന അവസ്ഥ.

കേന്ദ്ര-കേരള ഗവൺമെന്റുകൾ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ പലപ്പോഴും സാങ്കേതിക പ്രശ്നങ്ങൾ കാരണം ലാപ്സായിപ്പോകുന്നു. കൂടാതെ അവ ഫലപ്രദമായ രീതിയിൽ നിശ്ചിത സമയത്തിനുള്ളിൽ നടപ്പിലാക്കാൻ കഴിയുന്നില്ല.

9. വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം,

ഉല്പാദന പ്രവർത്തനങ്ങൾക്കും,കാർഷിക വ്യാവസായിക വികസനത്തിനും വേണ്ടി നൽകുന്ന വായ്പകൾ ഗുണഭോക്താക്കൾ ഉല്പാദനകരമല്ലാത്ത മേഖലകളിൽ വിനിയോഗിക്കുന്നുണ്ട്.

10. സന്നദ്ധ പ്രവർത്തനങ്ങളുടെയും, സംഭാവനകളുടെയും അഭാവം-

വികസന പ്രവർത്തനങ്ങൾക്കായി വ്യക്തികളും, മറ്റു സ്ഥാപനങ്ങളും, സംഭാവനകളും, മറ്റു സഹായസഹകരണങ്ങളും നൽകാൻ സന്നദ്ധമാണെങ്കിലും അതുപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഇതുവരെയുള്ള വികസനപ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ഒട്ടുംതന്നെയില്ല.

11. സുതാര്യത കുറവ്

വികസന പ്രവർത്തനങ്ങളിലെ സുതാര്യത കുറവുമൂലം അവർക്ക് ലഭ്യമാകുന്ന പണം ദുർവിനിയോഗത്തിന് കാരണമാകുന്നു. കൂടാതെ മധ്യവർത്തികൾക്ക് അഴിമതി നടത്തുവാനും സാധ്യമാകുന്നു. സുതാര്യതകുറവുകാരണം വികസന പ്രവർത്തനങ്ങളിലെ വരവുചെലവു കണക്കുസംബന്ധിച്ച് ജനങ്ങളിൽ നിന്നും വരുന്ന സംശയം വികസന പ്രവർത്തനങ്ങളിൽനിന്നും ജനങ്ങളെ അകറ്റിനിർത്തുന്നു.

**സാധ്യതകൾ**

1. നികുതിപിരിവ് കാര്യക്ഷമമാക്കുക- ഇപ്പോൾ കെട്ടിട നികുതി കണക്കാക്കുന്നത് ശാസ്ത്രീയമായല്ല. ദിനം പ്രതിയെന്നോണം വലിയവീടുകൾ ഉയർന്നു വരുന്നുണ്ട്. കെട്ടിട നികുതി നിശ്ചയിക്കുമ്പോൾ കെട്ടിടങ്ങളുടെ വലുപ്പം, നിർമ്മാണച്ചിലവ്, തറവിസ്തീർണ്ണം, ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെയും വിലനിലവാരം എന്നിവ മാനദണ്ഡമാക്കുക.

സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തുക - പഞ്ചായത്തിലെ കെട്ടിടങ്ങളെ വലിപ്പച്ചെറുപ്പമനുസരിച്ച് സ്ലാബു സമ്പ്രദായം ഏർപ്പെടുത്തി നികുതി പിരിച്ചെടുക്കുക. കുടിലുകളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കണം.

3. നികുതി വരുമാനത്തെക്കുറിച്ച് ബോധവല്ക്കരണം- നികുതിവരുമാനം പഞ്ചായത്തിന്റെ വികസനത്തിനും, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്കുമാണ് വിനിയോഗിക്കുന്നത് എന്ന ബോധം ജനങ്ങളിൽ വളർത്തുക. ഓരോ വർഷവും നാലോ അഞ്ചോ ദിവസം ഓരോ വാർഡിൽ കേന്ദ്രീകരിച്ച് നികുതി പിരിച്ചെടുക്കാൻ സംവിധാനം ഒരുക്കണം. ഈ ക്യാമ്പിൽ ജനപ്രതിനിധികളുടെ സാന്നിദ്ധ്യം ഉറപ്പുവ

രുത്തണം.

4. ലൈസൻസ് നികിതു പിരിവ് കാര്യക്ഷമമാക്കാൻ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെയും രജിസ്റ്റർ ചെയ്ത് ലൈസൻസ് ഫീസ് പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കണം. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ യന്ത്ര വല്കൃത വ്യവസായങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവ രജിസ്റ്റർ ചെയ്യപ്പെടാത്തതിനാൽ ലൈസൻസ് ഫീസ് പരിധി യിൽ വരുന്നില്ല.

5. ലഭ്യമായ മണൽപോലുള്ള വിഭവങ്ങളുടെ ലേലം നട ത്തുക.

6. തൊഴിൽ നികുതി കാര്യക്ഷമമാക്കുക.- സർക്കാർ ഉദ്യോഗസ്ഥൻമാരും അധ്യാപകരുംമാത്രമാണ് തൊഴിൽനി കുതി നൽകുന്നത്. സ്ഥിരവരുമാനമുള്ള മുഴുവൻ തൊഴിലാ ളികളേയും കണ്ടെത്തി തൊഴിൽനികുതി പിരിച്ചെടുക്കാൻ കഴിയണം.

7. സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് തടയൽ- വസ്തുകൈമാറ്റ സമ യത്ത് യഥാർത്ഥ വില കാണിക്കാതെ വില കുറച് കാണിച്ച് സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് നടത്തുന്നത് തടയാൻ, പഞ്ചായത്തും, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റും സംയുക്തമായി ശ്രമിക്കണം. വസ്തുകൈമാറ്റ നികുതിയുടെ 75 %മാനമാണ് പഞ്ചായ ത്തിന് ലഭിക്കുന്നത്. വരുമാനത്തിൽ ദരിദ്രമായ പഞ്ചായ ത്തിനെ ഈ വിഹിതത്തിൽ വർദ്ധനവുണ്ടക്കുന്നതിന് സംസ്ഥാനഗവൺമെന്റിന്റെ ഭാഗത്ത് നിന്നും നടപടികളുണ്ടാ ക്കണം.

8. ഭരണച്ചെലവ് വർദ്ധനവ് തടയൽ-ഭരണച്ചെലവിനുള്ള ദുർവിനിയോഗം തടയുക വഴി പഞ്ചായത്ത് വരുമാനത്തിന്റെ ഗണ്യമായ ഭാഗം വികസനപ്രവർത്തനങ്ങൾക്കായി കണ്ടെ ത്താൻ കഴിയും. വർദ്ധിച്ചുവരുന്ന ഭരണച്ചിലവ് തടയാൻ കഴി യണം.

9. പഞ്ചായത്ത് നിയമം നൽകുന്ന പുതിയ നികുതി അധി കാരങ്ങൾ ഉപയോഗപ്പെടുത്തൽ.

പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ധാരാളം പുതിയ നികുതി മേഖലകളും പഞ്ചായത്തിൽ ലഭ്യമായിരിക്കുന്നു. ഇത് ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയണം.

ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പയെടുക്കാൻ പഞ്ചായത്ത് രാജ് നിയമം നൽകുന്ന അധികാരങ്ങൾ ഫല പ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ പഞ്ചായത്തിന്റെ കാർഷിക വ്യാവസായിക രംഗത്ത് വൻ മുന്നേറ്റത്തിന് കാര ണമായിത്തീരും. സഹകരണ ബാങ്ക്, കാർഷിക ബാങ്ക്, ഗ്രാമീണ ബാങ്ക്, ഖാദിബോർഡ് ഹഡ്കോ എന്നീ സ്ഥാപന ങ്ങളെ ആശ്രയിക്കാവുന്നതാണ്.

കോൽക്കളം സർവ്വീസ് സഹകരണ ബാങ്കിന്റെ നഷ്ടം പരമാവധി കുറയ്ക്കുകയും, അതിന്റെ പ്രവർത്തനങ്ങൾ പുതിയ മേഖലകളിലേയ്ക്കും, പ്രദേശങ്ങളിലേയ്ക്കും വ്യാപി പ്പിക്കുകയും സ്വകാര്യ നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കു കയും ചെയ്യണം.

അർബൻ ബാങ്കിന്റെ ശാഖ (ചാപ്പനങ്ങാടി) പഞ്ചായ ത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായുള്ള വായ്പക്ക് മുൻഗണന നൽകണം.

വാഹനങ്ങൾക്കും മറ്റും വായ്പ അനുവദിക്കുക വഴി അന്യസംസ്ഥാനങ്ങളിലെ സ്വകാര്യ പലിശകമ്പനിക്കാർക്ക് ലഭിക്കുന്ന കൊള്ളപ്പലിശ തടഞ്ഞ് നിർത്താൻ കഴിയും.

10. വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം - കാർഷിക വികസനത്തിനായുള്ള വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം തടയാൻ ജനങ്ങളെ ബോധവല്ക്കരി ക്കുകയും വായ്പകൾ ലക്ഷ്യംവിട്ടുപയോഗിക്കുന്ന രീതി ശിക്ഷാർഹമാണെന്നും നിയമവിരുദ്ധമാണെന്നും ബോധവ ല്ക്കരിക്കണം.

11. പദ്ധതികൾ ആസൂത്രണം ചെയ്യാൻ സാങ്കേതിക വിദ ഗ്ദരെ ഉപയോഗിക്കുക.

പ്രാദേശികാവശ്യങ്ങൾക്കനുസരിച്ച് മുൻഗണനാക്രമ ത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ സന്നദ്ധരായ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തണം. റിട്ടയർമെൻ ചെയ്തവരും അല്ലാത്തവരുമായ ഇവരുടെ സേവനം പഞ്ചായത്തിന് വികസന പദ്ധതികൾക്കായി ഉപ യോഗപ്പെടുത്തുന്നു.

12. മുൻഗണനാ ക്രമത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യാനും ഉല്പാദന മേഖലകൾക്ക്, കൂടുതൽ മുൻഗണന നൽകാനും കഴിയുന്നതോടെ ഉല്പാദന മേഖലകളിൽ വൻമു ന്നേറ്റം നടത്താൻ കഴിയും.

13, മദ്ധ്യവർത്തികളെ ഒഴിവാക്കുക.

പഞ്ചായത്തിലെ പൊതുമരാമത്ത് അടക്കമുള്ള എല്ലാ വികസന പരിപാടികൾക്കും പഞ്ചായത്ത് കമ്മിറ്റിയോ, വാർഡുകമ്മിറ്റികൾ രൂപീകരിച്ചോ, ഗ്രാമസഭാകമ്മിറ്റികളും നേതൃത്വം നൽകണം. ഇതുവഴി ഇടത്തട്ടുകാരുടെ ലാഭമായി പോകുന്ന വലിയ സംഖ്യ വികസന പദ്ധതികളിൽതന്നെ വിനിയോഗിക്കാനും പ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തം ഉറ പ്പാക്കാനും കഴിയും.

വികസന പ്രവർത്തനങ്ങളുടെ വരവുചെലവ് കണക്കു

511



കൾ ഗ്രാമസഭയിൽ അവതരിപ്പിക്കുകയും ജനകീയ ഓഡിറ്റിങ്ങിനുള്ള സംവിധാനം ഒരുക്കുകയും ചെയ്യുന്നതിലൂടെ ഒരു പുതിയ വികസന സംസ്കാരം സൃഷ്ടിക്കുവാൻ കഴിയും. പഞ്ചായത്ത് ഓഫീസ് വരവുചെലവ് കണക്കുകൾ പ്രദർശിപ്പിക്കുന്നതിലൂടെ ജനങ്ങളുടെ സംശയം ദുരീകരിക്കുവാൻ കഴിയും.

ഗൾഫ് ജോലിക്കാരിൽ നിന്നും വിഭവശേഖരണം. വർദ്ധിപ്പിക്കുന്നതിനോ, ഉപയോഗപ്പെടുത്തുന്നുമില്ല. തൊഴിലാളികളുടെ അറിവില്ലായ്മ, നിയമതടസ്സങ്ങളെക്കുറിച്ചുള്ള ഭയാശങ്കകളും കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും ഒരു പ്രധാന കാരണമാണ്. ഇതിന് പരിഹാരമായി ഇവരുടെ ഇടയിൽ ബോധവൽക്കരണം നടത്തി പരിശീലനവും, മാർഗ്ഗനിർദ്ദേശങ്ങളും നൽകുകയും വഴി ഇവരുടെ മുതൽ മുടക്ക് ഉല്പാദനരംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയും.

ഗൾഫ് ജോലിചെയ്യുന്ന ധാരാളം പേർ പ്രത്യേകിച്ച് ഗൾഫിൽനിന്ന് മടങ്ങിവന്നവർ വ്യാവസായിക രംഗത്ത് മുതൽമുടക്കാൻ തയ്യാറാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും മറ്റും മനസ്സിലാക്കുവാൻ കഴിയും.

ഏകദേശം 2000 ത്തിലധികം പേർ വിവിധ ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്യുന്നു. വികസന പ്രവർത്തനങ്ങൾക്കായി ഇവരിൽ ഓരോരുത്തരിൽനിന്നും ഒരു നിശ്ചിത സംഖ്യ സ്വരൂപിക്കുവാൻ നമുക്ക് കഴിഞ്ഞാൽ പഞ്ചായത്ത് വരുമാനത്തിൽ നല്ലൊരു വർദ്ധനവ് ഉണ്ടാക്കാൻ കഴിയണം. ഇതിനായി ഗൾഫ് ജോലിക്കാരിൽ പുതിയ ഒരു വികസന സംസ്കാരം വളർത്തിയെടുക്കണം.

**പ്രായോജകർ വഴി വിഭവശേഖരണം.**

വികനസന പ്രവർത്തനങ്ങൾ വ്യക്തികളെ കൊണ്ടും സ്ഥാപനങ്ങളെക്കൊണ്ടും സ്പോൺസർ ചെയ്യിക്കാൻ കഴിയും. ഉദാ: ബസ്സ് വെയിറ്റിംഗ് ഷെഡ്, കുഴൽ കിണർ.

അതുപോലെ വികസന പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിലെ സമ്പന്നരിൽ നിന്നും പൗരപ്രമുഖരിൽനിന്നും സംഭാവനയാക്കികൊണ്ട് വരുമാനം കണ്ടെത്താൻ കഴിയും. അതിനായി പഞ്ചായത്തടിസ്ഥാനത്തിൽ വാർഡടിസ്ഥാനത്തിലും കമ്മറ്റികൾ രൂപീകരിക്കണം.

**സന്നദ്ധ സംഘടനകളും മനുഷ്യാദ്ധ്വാനവും**

വികസന പ്രവർത്തനങ്ങൾക്കായി രാഷ്ട്രീയ യുവജന സംഘടനകളുടേയും സാംസ്കാരിക സംഘടനകളുടെയും, യുവജന ക്ലബ്ബുകളുടെയും, മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം. ഗ്രാമസഭാ റിപ്പോർട്ട് പ്രകാരം 5 വർഷത്തേക്കായി 5625-ഓളം മനുഷ്യാധ്വാനം വിട്ടുതരാൻ വിവിധ സംഘടനകൾ തയ്യാറായിട്ടുണ്ട്. സന്നദ്ധ പ്രവർത്തനങ്ങൾക്ക് മാത്രമായി വർഷത്തിൽ ഏതെങ്കിലും ഒരാഴ്ച പഞ്ചായത്ത് തലത്തിൽ സേവനവാരമായി ആചരിക്കണം. നമ്മുടെ പഞ്ചായത്തിന്റെ വരുമാനത്തിന്റെ നല്ലൊരു ഭാഗം ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപണികൾക്കായാണ് ഉപയോഗിക്കുന്നത്. മഴക്കാലത്ത് റോഡുകളിലെ മണ്ണ് ഒലിച്ച് പോകുന്നത് തടയാൻ അഴുക്കുചാൽ നിർമ്മാണം ഓരോ വാർഡുകളിലും ഈ സന്നദ്ധ പ്രവർത്തകരെ ഉപയോഗിച്ച് നടത്തണം. സന്നദ്ധ പ്രവർത്തനങ്ങൾ വിട്ടുതരാൻ തയ്യാറുള്ള വാർഡുകളിലെ പദ്ധതികൾക്കു മാത്രമ മുൻഗണന നൽകണം.

പഞ്ചായത്തിലെ രജിസ്റ്റർ ചെയ്ത യുവജന ക്ലബ്ബുകൾക്ക് സംസ്ഥാന ഗവൺമെന്റിന്റെ വിവധ ഏജൻസികൾ വഴി ലഭിക്കാവുന്ന സാമ്പത്തിക സഹായം കരസ്ഥമാക്കാനും അത് പഞ്ചായത്തിലെ സാമൂഹിക സാംസ്കാരിക രംഗത്തെ വികസനത്തിനായി ഫലപ്രദമായി വിനിയോഗിക്കാനും കഴിയണം. കേന്ദ്രഗവൺമെന്റിന്റെ ഏജൻസിയായ നെഹ്റു യുവ കേന്ദ്രയുടെ വളണ്ടിയർമാർ പഞ്ചായത്തിന്റെ അയൽ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ കോളേജുകളിലെ നാഷണൽ സർവ്വീസ് സ്കീം (എൻ.എസ്.എസ്.) എന്നിവരെ വികസന പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാൻ കഴിയും. അതിനായി നെഹ്റുയുവക് കേന്ദ്രയുമായും കോളേജുകളിലെ N.S.S. ഡിപ്പാർട്ട്മെന്റുമായും ബന്ധപ്പെടണം.

പുതിയസേവന മാർഗ്ഗങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള വിഭവശേഖരണം.

1. പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ ഷോപ്പിംങ്ങ് കോംപ്ലക്സുകൾ നിർമ്മിക്കുക വഴി പഞ്ചായത്തിന് സ്ഥിരമായി നല്ലൊരു വരുമാനം കണ്ടെത്താൻ കഴിയും. ഇതിനായി 9-ാം പദ്ധതി വിഹിതം ഉപയോഗിക്കാൻ കഴിയണം.

2. പഞ്ചായത്തിലെ വിവിധ സർക്കാർ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും ജോലി ചെയ്യുന്ന വിദൂര ദേശത്തെ ജീവനക്കാർക്കായി പഞ്ചായത്തിന്റെ കേന്ദ്രഭാഗത്ത് ഹോസ്റ്റൽ നിർമ്മിക്കുക വഴി പഞ്ചായത്തിന് ഒരു സ്ഥിര വരുമാനവും ജീവനക്കാർക്ക് താമസ സൗകര്യവും ലഭ്യമാക്കാൻ കഴിയും.

പഞ്ചായത്ത് സാംസ്കാരിക നിലയത്തിന് ഒരു നിശ്ചിതവാടക കണക്കാക്കി സാംസ്കാരിക നിലയം, രാഷ്ട്രീയ പാർട്ടികൾക്കും, സന്നദ്ധസംഘടകൾക്കും ദിവസ വാടകകക്ക് നൽകുക വഴി വരുമാനം കണ്ടെത്താൻ കഴിയും. പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കികൊണ്ട് മെമ്പർഷിപ്പ് ഉയർത്താനും ലൈബ്രറി വഴിയുള്ള വരുമാനം ഉയർത്താനും കഴിയും.

പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്ന് വന്ന നിർദ്ദേശങ്ങൾ

1. ഇടത്തരം കുടുംബങ്ങളിൽനിന്നും 5 വർഷത്തേക്കായി ഒരു നിശ്ചിത സംഖ്യ പിരിച്ചെടുക്കുക.
2. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റ് നിർമ്മിക്കുക. അവയുടെ ലേലം വഴി വരുമാനം കണ്ടെത്താൻ കഴിയും.
3. പഞ്ചായത്തിലെ പ്രധാന കാർഷിക കേന്ദ്രങ്ങളിൽ ചന്ത നടത്താൻ സൗകര്യമൊരുക്കുക. ഇതുവഴി ഇടത്തട്ട്കാരില്ലാതെ കർഷകർക്ക് പച്ചക്കറി വിറ്റഴിക്കാനും പഞ്ചായത്തിന് വരുമാനം കണ്ടെത്താനും കഴിയും.
4. പഞ്ചായത്ത് വകയായി കൃഷിയുപകരണങ്ങൾ വാങ്ങി( ട്രാക്ടർ, ഡ്രില്ലർ, എന്നിവ) കൃഷിക്കാർക്ക് ദിവസ വാടകക്ക് കൊടുക്കുക.
5. പഞ്ചായത്ത് കേന്ദ്രഭാഗത്ത് ഒരു ആല സ്ഥാപിച്ച് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അലഞ്ഞു തിരിഞ്ഞുനടക്കുന്ന കന്നുകാലികളെ ആലയിൽ പിടിച്ചുകെട്ടുകയും, ഉടമസ്ഥരിൽനിന്നും ഫൈൻ ഈടാക്കുകയും ചെയ്യുക.
6. 5 ലക്ഷത്തിൽ കൂടുതൽ മുതൽമുടക്ക് വരുന്ന വീട്ടുടമസ്ഥരിൽനിന്നും പ്രത്യേക നികുതി പിരിച്ചെടുക്കുക.
7. ഡിഷ് ആന്റിന സ്ഥാപിച്ചിരിക്കുന്ന വീട്ടുടമസ്ഥരിൽനിന്നും പ്രത്യേക നികുതി പിരിക്കുക.
8. വിനോദങ്ങളിലൂടെയുള്ള വരുമാനം

പഞ്ചായത്ത് കളിസ്ഥലം കളിയ്ക്കാൻ ഉപയോഗ്യയോഗ്യമാക്കി വർഷം തോറും ഫുട്ബോൾ ടൂർണമെന്റ് നടത്തുക.

b. കാളപൂട്ട്, മത്സരം നടത്തുക.

c. സ്കൂൾ വിദ്യാർത്ഥികൾക്കായി ഓരോ വർഷവും വാർഡുകൾ കേന്ദ്രീകരിച്ച് സിനിമാ പ്രദർശനം നടത്തുക.

d. ഓരോ വർഷവും പഞ്ചായത്തിന്റെ ഏതെങ്കിലും ഭാഗങ്ങൾ കേന്ദ്രീകരിച്ച് ടിക്കറ്റടിസ്ഥാനത്തിൽ നാടകം, ഗാനമേള, മാജിക് ഷോ, തുടങ്ങിയ കലാപരിപാടികൾ സംഘടിപ്പിക്കുക. (ഇവർക്ക് സ്പോൺസർമാരെ കണ്ടെത്താൻ കഴിയും)

e. കൃഷിഭവൻ, സാക്ഷരതാ സമിതി, ആരോഗ്യ വകുപ്പ് സഹകരണ ബാങ്ക്, ഖാദി ബോർഡ് , വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ സന്നദ്ധ പ്രവർത്തനം എന്ന നിലയിൽ മനുഷ്യാദ്ധ്വാനം കണ്ടെത്തുക. ഇങ്ങനെ 11 ഗ്രാമസഭകളിൽ നിന്നും വാഗ്ദാനം ചെയ്യപ്പെട്ട മനുഷ്യാധ്വാനം താഴെ പറയുന്ന പട്ടികയിൽനിന്നും മനസ്സിലാക്കാം.

പട്ടിക IX

| വാർഡ് | 1 വർഷത്തേക്ക് | 5 വർഷത്തേക്ക് |
|---|---|---|
| 1 | 100 | 500 |
| 2 | 60 | 300 |
| 3 | 100 | 500 |
| 4 | 100 | 500 |
| 5 | 125 | 625 |
| 6 | 40 | 200 |
| 7 | 50 | 250 |
| 8 | 50 | 250 |
| 9 | 100 | 500 |
| 10 | 300 | 1500 |
| 11 | 100 | 500 |
| ആകെ | 1125 | 5625 |

അവലംബം: (ഗ്രാമസഭയുടെ റിപ്പോർട്ട്)

# ഉപസംഹാരം

അശാസ്ത്രീയമായുംഅധികാര കേന്ദ്രീകൃതവുമായ വികസന രീതിയാണ് ഇന്ന് നിലവിലുള്ളത്. ഇത് ഒരു ന്യൂന പക്ഷത്തിന്റെ ധനികവത്കരണത്തിലേക്കും ബഹുഭൂരിപ ക്ഷത്തിന്റെ ദരിദ്രവത്കരണത്തിലേക്കും നയിച്ചു.

റോഡും പാലവും എത്തിയാൽ വികസനമായി എന്ന ഒരു ധാരണ സമൂഹത്തിൽ ഉണ്ട്. ഈ കാഴ്ചപ്പാട് മാറ്റേണ്ട തിന്റെ ആവശ്യകത നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്.

വികസനമെന്നാൽ ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന സാമൂഹിക പ്രക്രിയയാണെന്ന് പറയാം. ഇതിനു കഴിയണമെങ്കിൽ ഭൗതിക ജീവിതത്തിന്റെ ഉപാധികളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, തുടങ്ങിയവ വർദ്ധമാനമായതോതിൽ ലഭ്യമാക്കണം. കാർഷിക- വ്യവ സായ മേഖലയുടെയും ഉദ്പാതനത്തിന്റെയും സേവനമേഖ ലയുടെയും വളർച്ച ഇതിനാവശ്യമാണ്.

തലതിരിഞ്ഞ വികസനസമ്പ്രദായത്തെ നേരെയാക്കുന്ന തിനാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി അംഗീക രിച്ച് പ്രവർത്തനം നടന്നുവരുന്നത്. പദ്ധതിക്കാലത്ത് നാട്ടിൻപുറത്തെ സാധാരണക്കാരായ ജനവിഭാഗങ്ങൾ ചർച്ച ചെയ്തു രൂപപ്പെടുത്തിയെടുക്കുന്ന വികസന പദ്ധതികൾ നട പ്പാക്കുന്നതിൽ പ്രധാന പങ്ക് പഞ്ചായത്തു മുൻസിപ്പൽ ബോർഡിനു കിട്ടുന്നു.

വികസനം രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമാ ണെന്നും, ഞാനും എന്റെ പാർട്ടിയും മുൻപന്തിയിലാണെന്ന് ചിന്തിക്കുകയും ഇതൊരു ജനകീയ മുന്നേറ്റമായി മാറുന്നു. ഇന്നലെവരെ ഒരുകൂട്ടം സാങ്കേതിക വിദഗ്ദർ ചെയ്തിരുന്ന പ്രവർത്തനങ്ങൾ ഇന്ന് സാധാരണക്കാർ ചെയ്യുന്നതിലൂടെ ആസൂത്രണത്തിന് ദുരൂഹത മാറുന്നു.

ഇനി മേലിൽ ഫണ്ടില്ല എന്ന കാരണത്താൽ പഞ്ചായ ത്തിൽ വികസന പ്രവർത്തനം തടസ്സമായിക്കൂട. ഗവൺമെന്റു തരുന്ന 40 ശതമാനം പദ്ധതി വിഹിതത്തോടൊപ്പം പഞ്ചാ യത്തു നികുതിയേതര സമ്പത്ത് കണ്ടെത്താൻ ശ്രമിക്കണം.

നമ്മുടെ നാട്ടിലെ കാർഷിക വ്യവസായ മേഖല മുരടി ച്ചിരിക്കുന്നി. തൊഴിലവസരം നന്നേ കുറഞ്ഞിരിക്കുന്നു. ലോകത്തിനുതന്നെ മാതൃകായായ പൊതു വിദ്യാഭ്യാസവു പൊതുജനാരോഗ്യവും ഗുണനിലവാരത്തകർച്ച നേരിടുന്നു. വൈദ്യുതി മേഖല കൂടുതൽ പ്രതിസന്ധിയിലാണ്. ആരു സംസ്ഥാനം ഭരിച്ചാലും ഈ പ്രശ്നങ്ങളെ അവഗണിക്കാനാ വില്ല. അവയെ അഭിമുഖീകരിച്ചുകൊണ്ടുമാത്രമേ മുമ്പോട്ടു പോകാനാവൂ. ഈ പ്രശ്നങ്ങളെ ധൈര്യപൂർവ്വം അഭിമുഖീ കരിക്കുവാൻ സംസ്ഥാന ഗവൺമെന്റും ആസൂത്രണ ബോർഡും തയ്യാറായി എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രസക്തി. ഈ സാഹചര്യത്തിൽ ഉൺന്നു പ്രവർത്തിക്കേണ്ടത് ഈ നാടിനെ സ്നേഹിക്കുന്നവരുടെ കട മയാണ്.

ഞങ്ങൾ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് ഗ്രാമസഭയിൽനിന്ന് ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും ദ്വിതീയ വിവരശേഖരണത്തേയും പഴമക്കാരിൽനിന്നുള്ള കേട്ടറിവിനെയും പഠന പര്യടനയാത്രയിലൂടെയും ഉള്ള സ്ഥിതി വിവരങ്ങളുടെയും അടിസ്ഥാനമാക്കിയതാണ്.

എന്നാൽ ഇതുപോലൊരു റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ആവശ്യംവേണ്ട വിവരങ്ങളായ വിഭവ ഭൂപട സർവ്വേയും സാമൂഹ്യാസാമ്പത്തിക സർവ്വേയും നടത്താൻ കഴിഞ്ഞിട്ടില്ല. പരിചയക്കുറവ് ഇതൊക്കെ ഞങ്ങളുടെ പരിമിതികളാണ്. അതുകൊണ്ട് തന്നെ ഈ വികസനരേഖ സമഗ്രമാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല.

കുറഞ്ഞ സമയംകൊണ്ട് കിട്ടാവുന്നത്ര ആളുകള പങ്കാളികളാക്കിക്കൊണ്ട് രൂപപ്പെടുത്തിയെടുത്ത ഈ വികസന രേഖ നിങ്ങളുടെ വിലയിരുത്തലിനും പദ്ധതി രൂപീകരണത്തിനും വിനയത്തോടുകൂടി പൊതുജനസമക്ഷം സമർപ്പിക്കുന്നു.

*ശുഭം*

## വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പ്

കെ.പി. യൂസഫ് ഹാജി (ചെയർമാൻ)
എ.മൊയ്തു (ജനറൽ കൺവീനർ)

**കൃഷി, ജലസേചനം**
ടി.ടി. അഹമ്മദുകുട്ടി
പി.എം. സാറാമ്മ
കെ. കുഞ്ഞിമൊയ്തീൻ
കെ. കോമു
കെ.യു. ഇഖ്ബാൽ
പി. വേലായുധൻ
എം. അബ്ദുൾ റസാഖ്

**മൃഗസംരക്ഷണം**
സി.വി. എൽദോ
ഒ.കെ. കാസിം
കെ. മുഹമ്മദുകുട്ടി
കൊളക്കാടൻ അബു
ഒ. മൊയ്തീൻ കുട്ടി ഹാജി
എ.പി. സത്യനാഥൻ
ടി.പി. സുബ്രഹ്മണ്യൻ

**ഗതാഗതം, ഊർജ്ജം, മാർക്കറ്റ്**
കെ.ഇബ്രാഹിംകുട്ടി
വി. മുഹമ്മദ് കോയതങ്ങൾ
കെ.സി. കുഞ്ഞുഹാജി
കെ. കേശവൻ നമ്പ്യാർ
ലവ കുഞ്ഞിമുഹമ്മദ്
എം. കതിയുമ്മ
ടി. സെയ്തു മുഹമ്മദ്

**ആരോഗ്യം, കുടിവെള്ളം**
ഐ.പി. അലവിക്കുട്ടി
എം. മണികണ്ഠൻ
എൻ. ജമീല
ടി.കെ. പുഷ്പവേണി
കെ. കോയാമു
എം.വി. ഹസ്സൻ

**വിദ്യാഭ്യാസം**
പി. വിനോദൻ
പി. സതീശൻ
കെ.പി. കുഞ്ഞിഖദീജടീച്ചർ
സി.കെ. മേരിക്കുട്ടി
പി.ടി. അബ്ദുൾ ജലീൽ
എം. സുദേവൻ
എം. കമലം

**ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം**
ഇന്ദിര കെ.
നദീറ എം.കെ.
നഫീസ പി.
കെ. റുഖിയ
പി. ജമീല
എം. പി. റഷീദ്

**സംസ്കാരം കായികരംഗം**
പി.വി.മോഹനൻ
ജയൻ ടി.കെ.
കെ.ഹംസ
അബ്ദുൾ മജീദ്
എം. അബൂബക്കർ
സജീ ജേക്കബ്

516



**വനിതാക്ഷേമം**

എ.പി. കാളീശ്വരി

പി.പി. പാത്തുമ്മ

സി.വി.ഗീത

സന്തോഷ് വള്ളിക്കാട്

പി. സാവിത്രി

എം. പുഷ്പ

**പട്ടികജാതി പട്ടികവർഗ്ഗം**

ഇ. കുഞ്ഞോത

ശശിധരൻ എം.പി.

എം.കെ. നാരായണൻ നായർ

കെ.പി. രാജൻ

എൻ. വിജയലക്ഷ്മി

**വ്യവസായം**

കെ.പി. യൂസഫ്ഹാജി

കെ.കെ. അനിൽ

കെ.പി. അജയൻ

പി. ദാമോദരൻ മാസ്റ്റർ

കെ.ടി. മുഹമ്മദ്

എൻ. അഹമ്മദ് കുട്ടി

**സഹകരണമേഖല**

എ.മൊയ്തു

വി.അലി

വി.എം. മീനാക്ഷിക്കുട്ടി

വി. കുഞ്ഞിമുഹമ്മദ്

കെ. ഹംസ

പി. പത്മനാഭൻ

**വിഭവശേഖരണം**

എം. ഷാജഹാൻ

കെ.ടി. അബ്ദുൾഹക്കീം

കെ. മുഹമ്മദുകുട്ടി മാസ്റ്റർ

വി.കെ. മുഹമ്മദലി

പി. ദേവദാസ്

പി. മുഹമ്മദ് മൗലവിമാസ്റ്റർ

**കവർ ഡിസൈൻ**

സുബ്രഹ്മണ്യൻ

**ലേ-ഔട്ട്**

കോംടെക് അരീക്കോട്.

ആശംസകളോടെ,

# THE REGIONAL AGRO-INDUSTRIAL DEVELOPMENT CO-OPERATIVE OF KERALA LTD.

**ഇലക്ട്രിക് മോട്ടോർ, പമ്പ് സെറ്റുകൾ, ജനറേറ്ററു
കൾ, പി.വി.സി. പൈപ്പുകൾ, പോളിത്തീൻ
പൈപ്പുകൾ ,'കേരചിത്ര' തേങ്ങാ പൊളിയന്ത്രം
എന്നിവയ്ക്ക്**

SPCA ROAD
POST BOX NO. 407
KANNUR - 670 002
KERALA STATE
PHONE : 500875, 500276 (PMBX)
OFFICE : 500192 GM (PERS)
TELEX : 0805 - 207 RDCO IN
GRAMS : "RAIDCO"

## ഒരു അനന്തമായ പാരമ്പര്യം ഒരു ഇതിഹാസം

# കോട്ടക്കൽ ആര്യവൈദ്യശാല

*(Ayurveda, The Authentic Way)*

ദിവംഗതനായ വൈദ്യരത്നം പി.എസ്. വാരിയരുടെ ദീർഘദർശനവും മാർഗ്ഗ ദർശിതവുമായ ഈ സ്ഥാപനത്തെ ഇന്നത്തെ നിലയിലേക്ക് ഉയർത്തിയത്.

☆ ഇവിടെ മാറാരോഗികൾക്ക് ആശ്വാസം നൽകുന്ന ഫലപ്രദമായ നാനാതരം ഔഷധങ്ങൾ നിർമ്മിക്കുന്നു.

☆ നവീന സൗകര്യങ്ങളോടുകൂടിയ ഇവിടത്തെ നഴ്സിംഗ് ഹോമിൽ വസ്തി, നസ്യം, മുതലായ പഞ്ചകർമ്മങ്ങളും, ധാര പിഴിച്ചിൽ നവരക്കിഴി മുതലായ മറ്റു സ്നേഹ കർമ്മങ്ങളും നിർവഹിച്ചുകൊടുക്കുന്നു.

☆ അവശർക്ക് ആശ്വാസകേന്ദ്രമായ നടത്തിപ്പിനു ധനസഹായം നൽകി ആയുർവ്വേദ വിദ്യാഭ്യാസത്തിന് പ്രചോദനം നൽകുന്നു.

☆ ആയുർവേദത്തിന്റെ വളർച്ചക്കായി ആയുർവേദ സെമിനാറുകളും, പ്രബന്ധമത്സരങ്ങളും നടത്തുകയും ആയുർവ്വേദ പുസ്തകങ്ങളും "ആര്യവൈദ്യൻ" (ഇംഗ്ലീഷ് ത്രൈമാസികയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

☆ കഥകളിയുടെ പരിപോഷണത്തിനായി പി.എസ്.വി. നാട്യസംഘം നടക്കുന്നു.

വൈദ്യരത്നം പി.എസ്. വാരിയരുടെ

# ആര്യവൈദ്യശാല

**കോട്ടക്കൽ– 676 503**

സ്ഥാപിതം 1902

Phone: Ho. 2216-2219, 2519, 2561-2564, 2571, 2572 (EPABX, TDBX 200 Lines), Fax: 04934-2210

**ശാഖകൾ:**
കോഴിക്കോട്, പാലക്കാട്, തിരൂർ, എറണാകുളം, ആലുവ, തിരുവനന്തപുരം, മദിരാശി, കണ്ണൂർ, കോയമ്പത്തൂർ, ന്യൂഡൽഹി – 49, കൽക്കത്ത – 33 കൂടാതെ 700 ൽപരം ഏജൻസികളും.


Printed at Geethanjali Offset Prints Feroke - Phone: 403006

5221

# പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്


# വികസനരേഖ



അധികാരം ജനങ്ങളിലേക്ക്


**1996**


GITA



5-24

# പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത്
# ജനകീയാസൂത്രണ പദ്ധതി




## വികസന രേഖ

525

കേരളം



# പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്

## ഭരണസമിതി

പ്രസിഡണ്ട്




കെ. മുഹമ്മദുണ്ണിഹാജി
(വാർഡ് - 5)

വൈസ് പ്രസിഡണ്ട്



എ മുഹമ്മദ് എന്ന കുഞ്ഞാൻ
(വാർഡ് - 7)

സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ



കെ.പി. ഉണ്ണീദു ഹാജി
(വാർഡ് - 2)


## അംഗങ്ങൾ



പി. ആയിഷ
(വാർഡ് - 1)



കെ. ഫാത്തിമക്കുട്ടി
(വാർഡ് - 3)




ഒ.എം. ജബ്ബാർ ഹാജി
(വാർഡ് 4)



പി.എ. സലാം
(വാർഡ് - 6)




പി. ഫാത്തിമ
(വാർഡ് - 8)



എം.ടി. അലി
വാർഡ് - 9)



എം. ചൂലൻ
(വാർഡ് - 10)



യു. സക്കിയ
(വാർഡ് - 11)


# മുമ്പേ നയിച്ചവർ



**കാരാട്ട് മുഹമ്മദാജി**
(പ്രഥമ പ്രസിഡൻറ്)

*പൂക്കോട്ടൂർ പഞ്ചായത്തിൻെറ പ്രഥമ പ്രസിഡൻറ് കാരാട്ട് മുഹമ്മദാജി തന്നെയാണ് ഏറ്റവും കൂടുതൽകാലം പ്രസിഡൻറായതും. 1929 ജൂലൈ 21ന് ജനിച്ച അദ്ദേഹത്തെ തദ്ദേശവാസികൾ കൂട്ടം കൂടിയിരുന്ന് അഭിപ്രായപ്പെട്ടാണ് പ്രഥമ പ്രസിഡൻറ് പദവിയിലെത്തിച്ചത്. പിന്നീട് നേരിട്ട തെരഞ്ഞെടുപ്പുകളിലൊക്കെ വിജയം കണ്ട് 1984 വരെ പ്രസിഡൻറായി തുടർന്നു. പഞ്ചായത്തിനെ വികസന രംഗത്ത് മുന്നിലെത്തിക്കാൻ ഏറെ പണിപ്പെട്ട അദ്ദേഹമാണ് പഞ്ചായത്ത് ഓഫീസിന് സ്വന്തം സ്ഥലവും കെട്ടിടവും നേടിയെടുത്തത്. നാട്ടുകാർക്കിടയിൽ പരക്കെ "കാരാട്ടെ കാക്ക" എന്നറിയപ്പെട്ടിരുന്ന മുഹമ്മദാജി 1994 മെയ് 19ന് മരണമടഞ്ഞു.*


മുൻ പ്രസിഡൻറ്



കെ.ഐ. മുഹമ്മദാജി

1991 മുതൽ 1995 വരെ പൂക്കോട്ടൂർ പഞ്ചായത്ത് പ്രസിഡൻറായിരുന്ന കെ.ഐ. മുഹമ്മദാജി ഇപ്പോൾ പൂക്കോട്ടൂർ ഖിലാഫത്ത് മെമ്മോറിയൽ ഇസ്‌ലാമിക് സെൻറർ സെക്രട്ടറിയാണ്.

## ബ്ലോക്ക് പ്രതിനിധികൾ



പ്രസിഡൻറ്
മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്
**ടി.വി. ഇബ്രാഹിം**
(വള്ളുവമ്പ്രം ഡിവിഷൻ)



ബ്ലോക്ക് മെമ്പർ
**കാരാട്ട് സീനത്ത്**
(പൂക്കോട്ടൂർ ഡിവിഷൻ)

528

*സ്നേഹപൂർവ്വം,*

ഗാന്ധിജിയുടെ 'ഗ്രാമസ്വരാജ്' എന്ന ആശയത്തിന് കാലങ്ങളുടെ പഴക്കമുണ്ട്. മഹാത്മാവിൻെറ മരണത്തോടെ ഈ ആശയം നാം വിസ്മരിച്ചതാണ്. പിന്നീട്, ഏറനാടിൻെറ വീരപുത്രൻ അഹമ്മദ് കുരിക്കൾ ഇതിൻെറ യാഥാർത്ഥ്യവൽകരണത്തിന് എളിയ തോതിൽ ശ്രമം നടത്തിയെങ്കിലും, ദൗർഭാഗ്യവശാൽ അത് പൂർത്തീകരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. മുമ്പു നടന്ന പഞ്ചവൽസരപദ്ധതികളിൽ നിന്നു വ്യത്യസ്തമായി നമ്മുടെ പ്രദേശത്തിൻെറ വികസനത്തിനു വേണ്ടി ആസൂത്രണരേഖ നാം തന്നെ തയ്യാറാക്കുകയാണ്. ഇങ്ങനെയാവുമ്പോൾ വേഗത്തിൽ കാര്യങ്ങൾ നടക്കുകയും പദ്ധതികളിലെ ചോർച്ച തടയപ്പെടുകയും ചെയ്യും.

പദ്ധതികൾ അടിത്തട്ടിൽ നിന്ന് ആസൂത്രണം ചെയ്യുകയും ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കുകയും ചെയ്യണമെന്ന പുതിയ സമീപനത്തിൽ പഞ്ചായത്ത് ഭരണസമിതി അതീവസന്തുഷ്ടരാണ്. പദ്ധതിവിഹിതത്തിൻെറ കൂടുതൽ ഭാഗവും ഗ്രാമപഞ്ചായത്തുകൾക്ക് നേരിട്ടു ലഭിക്കുമ്പോൾ ബോർഡംഗങ്ങളുടെ കടമകളും ഉത്തരവാദിത്തങ്ങളും വർധിക്കുന്നു എന്നതിനെക്കുറിച്ച് ഞങ്ങൾ ബോധവാന്മാരാണ്.

പഞ്ചായത്തിലെ 11 വാർഡുകളിലെ ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണമാണ് നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്ന ഈ വികസന രേഖ. വരുന്ന അഞ്ചുവർഷം നടപ്പാക്കേണ്ട വികസനപദ്ധതികളാണ് ഇതിൽ പ്രതിപാദിക്കുന്നത്.

ശ്രമകരമായ ഒരു പ്രവർത്തനത്തിലൂടെയാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. അതിൽ ഞങ്ങൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയ ജില്ലാ റിസോഴ്സ് പേഴ്സൺസ്, പഞ്ചായത്ത് റിസോഴ്സ് പേഴ്സൺസ് മറ്റു വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ, സഹപ്രവർത്തകർ എന്നിവരോട് ഞങ്ങൾക്കുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുകയാണ്.

കൂടാതെ ഈ ആസൂത്രണരേഖ സമ്പന്നമാക്കാൻ സഹായിച്ച പൂക്കോട്ടൂർ പഞ്ചായത്തിലെ രാഷ്ട്രീയ സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ പ്രഗത്ഭവ്യക്തികളോട് ഞങ്ങൾക്ക് വളരെയധികം കടപ്പാടുണ്ട്.

ഒരു തുറന്ന ചർച്ചയ്ക്കായി ഈ വികസനരേഖ നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.

**കെ. മുഹമ്മദുണ്ണിഹാജി**
പ്രസിഡണ്ട്, പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്

529

# ഉള്ളടക്കം


| | | |
|---|---|---|
| 1. | പൊതുവിവരണം | 10 |
| 2. | ആമുഖം | 11 |
| 3. | ചരിത്രം | 13 |
| 4. | ഭൂമി, ജലം, ജനം | 18 |
| 5. | വികസന മേഖലകൾ | 21 |
| | കൃഷി, ജലസേചനം | 22 |
| | മൃഗസംരക്ഷണം, മത്സ്യബന്ധനം | 29 |
| | വ്യവസായം | 32 |
| | ഊർജ്ജം | 35 |
| | വിദ്യാഭ്യാസം | 37 |
| | സംസ്കാരം | 43 |
| | സാമൂഹ്യക്ഷേമം, പാർപ്പിടം | 47 |
| | പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം | 53 |
| | ഗതാഗതം | 57 |
| | ആരോഗ്യം | 61 |
| | കുടിവെള്ളം | 65 |
| | വനിതാക്ഷേമം | 68 |
| | വിഭവസമാഹരണം | 70 |
| | സഹകരണം | 73 |

30

# പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേർ | : | പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് |
| ജില്ല | : | മലപ്പുറം |
| ഉൾപ്പെടുന്ന വില്ലേജ് | : | പൂക്കോട്ടൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | മലപ്പുറം |
| താലൂക്ക് | : | ഏറനാട് |
| അസംബ്ലി മണ്ഡലം | : | കൊണ്ടോട്ടി |
| പാർലിമെൻറ് മണ്ഡലം | : | മഞ്ചേരി |
| പോലീസ് സ്റ്റേഷൻ | : | മഞ്ചേരി |
| വിസ്തീർണ്ണം | : | 20.63 Sq. km. |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | പുൽപറ്റ പഞ്ചായത്ത് |
| പടിഞ്ഞാറ് | : | മൊറയൂർ പഞ്ചായത്ത് |
| കിഴക്ക് | : | മഞ്ചേരി നഗരസഭ |
| തെക്ക് | : | മലപ്പുറം നഗരസഭ |
| ജനസംഖ്യ | : | 25253 (സെൻസസ് ഓഫ് ഇന്ത്യ - 1991) |
| പുരുഷന്മാർ | : | 12603 |
| സ്ത്രീകൾ | : | 12650 |
| ജനസാന്ദ്രത | : | 1224/sq.km. |
| സാക്ഷരർ | : | 18536(73.4%) |
| വാർഡുകൾ | : | പതിനൊന്ന് |
| പ്രസിഡണ്ട് | : | കെ. മുഹമ്മദുണ്ണിഹാജി |
| വൈസ് പ്രസിഡണ്ട് | : | എ മുഹമ്മദ് എന്ന കുഞ്ഞാൻ |

531

# ആമുഖം

ഭാരതത്തിൻെറ സ്വാതന്ത്ര്യസാക്ഷാൽകാരത്തിനായി ഏറെ പേർ ത്യാഗമനുഷ്ഠിച്ചിട്ടുണ്ട്. വൈദേശികാധിപത്യത്തിനെതിരെ പൊരുതി വീരചരമം പ്രാപിച്ച നമ്മുടെ പ്രപിതാക്കളെപ്പോലെയുള്ള നിരവധി ദേശസ്നേഹികളുടെ രക്തം കൊണ്ട് ചുവന്ന ഈ മണ്ണ് ഒടുവിൽ സ്വതന്ത്രയായി. ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ നിലവിൽ വന്നു. എന്നിട്ടും ഗ്രാമങ്ങളിലെ കോരന്മാർക്ക് കഞ്ഞി കുമ്പിളിൽ തന്നെ എന്ന അവസ്ഥ തടുർന്നു.

ഗാന്ധിജി വിത്തിട്ട 'ഗ്രാമസ്വരാജ്' എന്ന ആശയം പ്രാവർത്തികമാക്കാൻ ഏറനാട്ടിൽ നിന്നൊരു എളിയശ്രമം വന്നു. '67ലെ മന്ത്രിസഭയിൽ പഞ്ചായത്ത് മന്ത്രിയായിരുന്ന അഹമ്മദ് കുരിക്കളുടെ ആ ശ്രമം വിജയം കണ്ടില്ല. അധികാരം ഗ്രാമങ്ങളിലെത്തിക്കാൻ ഭരണഘടനയുടെ 64-ാം ഭേദഗതി കൊണ്ടുവന്ന രാജീവ്ഗാന്ധിക്ക് രാജ്യസഭയിലത് രക്ഷപ്പെടുത്താനായില്ല. ഒടുവിൽ ഭരണഘടനയുടെ 73,74 ഭേദഗതി വന്നതോടെ അധികാരം ജനങ്ങളിലെത്തിക്കാൻ പാശ്ചാത്തലമൊരുങ്ങി. ഇതോടെ പി.കെ.കെ. ബാവ സാഹിബെന്ന പഞ്ചായത്ത് മന്ത്രിക്ക് 'പഞ്ചായത്ത് രാജ്' നടപ്പിലാക്കാൻ ഭാഗ്യം കൈവന്നു. തുടർന്ന് ത്രിതല പഞ്ചായത്തുകൾ യാഥാർത്ഥ്യമായി. ഇപ്പോൾ പദ്ധതികളുടെ ആവിഷ്കരണത്തിലും നടത്തിപ്പിലും കൂടി ഗ്രാമീണർക്ക് പങ്കുവഹിക്കാൻ കഴിയുന്നു.

'ജനകീയാസൂത്രണപ്രസ്ഥാനം' നമ്മുടെ വികസനചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. നമുക്കായി ഒരു ജില്ല പിറക്കുംവരെ വികസനം എന്ന വാക്ക് തന്നെ നമുക്കജ്ഞാതമായിരുന്നു. ഇപ്പോഴും തുടരുന്ന 'മലബാർ അവഗണന'യ്ക്കിടയിൽ നമ്മുടെ ചുറ്റുവട്ടങ്ങളിലുള്ള പ്രതിനിധികൾ മന്ത്രിസഭയിലുണ്ടായിരുന്നത്കൊണ്ട് നാം ഇത്രത്തോളമെത്തി. അങ്ങനെയില്ലായിരുന്നെങ്കിൽ..... ഈ സാഹചര്യത്തിൽ പദ്ധതി വിഹിതത്തിൻെറ കൂടുതൽ ഭാഗവും പഞ്ചായത്തുകളിലെത്തുമെന്ന പ്രഖ്യാപനം സന്തോഷത്തിനിട നൽകുന്നു.

ജനകീയാസൂത്രണപരിപാടി നമ്മുടെ വികസന പ്രതിസന്ധികൾക്ക് ഏറെക്കുറെ പരിഹാരം കണ്ടെത്താനുതകുമെന്ന് പ്രതീക്ഷിക്കാം. കൂടുതൽ ജനങ്ങൾക്കുപകരിക്കുന്നതും ചെലവുകുറഞ്ഞതുമായ പദ്ധതികൾക്ക് മുൻഗണന നൽകുന്നതിനാൽ ഉള്ള വിഭവം കൊണ്ട് കൂടുതൽ ഗുണഭോക്താക്കളെയുണ്ടാക്കാനാകും. ജാതി മതാദി ഭിന്നതകൾക്കതീതമായി വികസനപ്രവർത്തനങ്ങളിൽ തുല്യപങ്കാളിത്തം ഉറപ്പുവരുത്താനും കഴിയും.

ജനപങ്കാളിത്തത്തിൻെറ തുടക്കമായി ഒക്ടോബർ രണ്ടോടെ പൂക്കോട്ടൂർ പഞ്ചായത്തിലെ 11 വാർഡുകളിലും ഗ്രാമസഭകൾ നടന്നു. ഏറ്റവും കൂടുതൽ പങ്കാളിത്തം 4-ാം വാർഡിലായിരുന്നു. ഏറ്റവും കൂടുതൽ സ്ത്രീകൾ പങ്കെടുത്തത് ഒന്നാം വാർഡിലാണ്. ഒന്നാംഘട്ടപരിശീലനം നേടിയ ഒമ്പത് ഡി.ആർ.പി.മാരും 69 എൽ.ആർ.പി.മാരും പഞ്ചായത്തിലെ ഗ്രാമസഭകൾക്ക് നേതൃത്വം നൽകി. മൊത്തം 1090 പേർ ഗ്രാമസഭായോഗത്തിൽ പങ്കെടുത്തു.

രണ്ടാംഘട്ടം ജില്ലാ തല പരിശീലനത്തിൽ 4 പേർ പങ്കെടുത്തു. 45 എൽ.ആർ.പിമാർ പ്രാദേശിക പരിശീലനത്തിനെത്തി. തുടർന്ന് വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനായുള്ള പ്രവർത്തനങ്ങളാരംഭിച്ചു. ദ്വിതീയ വിവരണശേഖരണവും ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണവും നടത്തിയ ശേഷം ഒരു എട്ടംഗസംഘം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പഠന പര്യടനം നടത്തി. നടപ്പു പദ്ധതികളുടെ അവലോകനത്തിനായി പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ യോഗം പ്രസിഡണ്ടിൻെറ നേതൃത്വത്തിൽ നടന്നു. ചരിത്ര പഠനത്തിനായി കാരണവ ചർച്ച സംഘടിപ്പിച്ചു.

വള്ളുവമ്പ്രം ടെലഫോൺ എക്സ്ചേഞ്ചും പൂക്കോട്ടൂർ, വള്ളുവമ്പ്രം, വെള്ളൂർ എന്നീ സർക്കാർസ്ഥാപനങ്ങളും പോസ്റ്റാഫീസുകളും മാത്രമാണ് കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ. സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും കുറവാണ്. ഈ പരിമിതിയിൽ നിന്നുവേണം നമ്മുടെ വികസനത്തെ വിലയിരുത്താൻ.

1956-ൽ പൂക്കോട്ടൂരംശം മാത്രം ഉൾപ്പെടുത്തി രൂപം കൊണ്ട പൂക്കോട്ടൂർ പഞ്ചായത്തിൽ പിന്നീട് വള്ളുവമ്പ്രം അംശം ഉൾക്കൊണ്ടു. 10-ാം ക്ലാസ് യോഗ്യതയുള്ള ഒരാളെ കിട്ടാത്തത് കൊണ്ട് പ്രസ്തുത യോഗ്യതയില്ലാത്ത കറുത്തേടത്ത് അബ്ദുവിനെ ബിൽ കളക്ടർ-കം-പ്യൂണായി നിയമിച്ചശേഷം പ്രത്യേകാനുമതി വാങ്ങിയ ഈ പഞ്ചായത്തിൽ ഇന്ന് ജനകീയാസൂത്രണം പോലുള്ള പരിപാടികളുടെ സംഘാടനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും പ്രാപ്തരായ പ്രവർത്തകരുടെ ഒരു നിര തന്നെയുണ്ട്. അവരുടെ കൂട്ടായ ശ്രമത്തിൻെറ ''ഔട്ട്പുട്ടാണ്'' ഈ റിപ്പോർട്ട്. കൂടുതൽ ചർച്ചകളിലൂടെ നമ്മുടെ പഞ്ചായത്തിൻെറ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടാൻ ഇത് വഴിവെക്കുമെന്ന പ്രതീക്ഷിക്കുന്നു.

# ചരിത്രം

ഇന്ത്യയുടെചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെട്ട നാമമാണ് പൂക്കോട്ടൂർ! ചോര തിളയ്ക്കുന്ന ചരിത്രമാണ് ഈ കൊച്ചുഗ്രാമത്തിനു പറയാനുള്ളത്. ഇവിടുത്തെ മണ്ണിനുപോലും സ്വാതന്ത്ര്യസമരസേനാനികളുടെ രക്തത്തിൻെറ ഗന്ധമുണ്ട്. പാരതന്ത്ര്യത്തിൻെറ ചങ്ങലകൾ പൊട്ടിച്ചെറിയുവാൻ ഗറില്ലാ യുദ്ധമുറയ്ക്ക് ഒളിസങ്കേതമൊരുക്കിയ കുന്നുകളും ഊരകം മലകളും ആ കഥ പറഞ്ഞു തരും.

ഏറനാടിൻെറ ഹൃദയഭാഗമാണ് പൂക്കോട്ടൂർ. പച്ചപ്പരവതാനി വിരിച്ച നെൽപ്പാടങ്ങളും നിറഞ്ഞുനിൽക്കുന്ന തെങ്ങിൻതോപ്പുകളും കമുകിൻ തോട്ടങ്ങളും ഈ ഗ്രാമത്തിൻെറ പ്രത്യേകതയാണ്. കിഴക്കോട്ടൊഴുകി മലപ്പുറം പുഴയിൽ ചേരുന്ന കൊച്ചുതോട് ഗ്രാമത്തിൻെറ സൗന്ദര്യവും കർഷകന് കുളിർ പകരുന്നതുമാണ്.

## ഇന്ത്യൻ സ്വാതന്ത്ര്യസമരവും പൂക്കോട്ടൂരും.

ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ അദ്വിതീയമായ സ്ഥാനമാണ് പൂക്കോട്ടൂരിനുള്ളത്. 1920 ജൂൺ 14ന് കോഴിക്കോട്ട് നടന്ന സമ്മേളനത്തിൽ ഗാന്ധിജിയും മൗലാനാഷൗക്കത്തലിയും പ്രസംഗിച്ചതോടെയാണ് മലബാറിൽ സ്വാതന്ത്ര്യസമരപ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും ശക്തി പ്രാപിച്ചത്. ഇതിൻെറ അലയൊലി പൂക്കോട്ടൂരിലും കേട്ടു തുടങ്ങി. തിരൂരങ്ങാടി, താനൂർ, മലപ്പുറം, പൂക്കോട്ടൂർ എന്നിവിടങ്ങളിൽ അടുത്തടുത്ത ദിവസങ്ങളിലാണ് ഖിലാഫത്ത് കമ്മിറ്റികൾ നിലവിൽ വന്നത്. കറുത്തേടത്ത് പള്ളിയാളി ഉണ്ണിമൊയ്തു പ്രസിഡണ്ടായും കാരാട്ട് മൊയ്തീൻ കുട്ടിഹാജി വൈസ് പ്രസിഡണ്ടായും കറുത്തേടത്ത് കൊടാംപറമ്പിൽ അലവി പറാഞ്ചീരി കുഞ്ഞറമുട്ടി എന്നിവർ സിക്രട്ടറിമാരായും മണ്ണെത്തൊടി ചെറിയ കുഞ്ഞാലൻ ട്രഷററായും പൂക്കോട്ടൂർ ഖിലാഫത്ത് കമ്മിറ്റി രൂപീകരിക്കപ്പെട്ടു. ഇതോടെ ജനസംഖ്യയിൽ ഭൂരിപക്ഷമായിരുന്ന മുസ്ലിംകൾ സമരത്തിൻെറ തീച്ചൂളയിലേക്കെടുത്തെറിയപ്പെട്ടു.

ബ്രിട്ടീഷ് ഗവൺമെൻറിനോട് മുസ്ലിംകൾക്ക് കടുത്ത വിരോധമുണ്ടായിരുന്നു. ഉത്തരേന്ത്യയിൽ ശക്തമായിരുന്ന മുസ്ലിം അധികാരം തകർത്തതും ടിപ്പുവിനെ പോലുള്ള ധീരദേശാഭിമാനികളെ കുതന്ത്രത്തിലൂടെ പരാജയപ്പെടുത്തിയതും തുർക്കി സുൽത്താനായിരുന്ന ഖലീഫയെ കീഴടക്കി, തുർക്കിയെ ബ്രിട്ടൻെറ ഭരണത്തിൻ കീഴിലാക്കിയതും ഈ വിരോധത്തിനു ശക്തി പകർന്നു. ഇക്കാലത്ത് പൂക്കോട്ടൂരിൽ ഒരു ഖിലാഫത്ത് മഹാസമ്മേളനം നടന്നു. കെ. മാധവൻ നായർ, യു. ഗോപാലമേനോൻ, കൂര്യാട്ട് തങ്ങൾ, കട്ടിലശ്ശേരി മുഹമ്മദ് മുസ്ല്യാർ, കൊല്ലപ്പറമ്പൻ അബ്ദുല്ല മുസ്ല്യാർ, കാരാട്ട് മൊയ്തീൻ കുട്ടിഹാജി എന്നീ നേതാക്കൾ പ്രസ്തുത സമ്മേളനത്തിൽ പ്രസംഗിച്ചു.

പൂക്കോട്ടൂരിലെ ജനങ്ങളിൽ ഭൂരിപക്ഷമായിരുന്ന മാപ്പിളമാർ അധികവും സ്വന്തമായി ഭൂമിയില്ലാത്തവരും വരുമാനമാർഗ്ഗമില്ലാത്തവരുമായിരുന്നു. കഠിനാധ്വാനികളായിരുന്ന ഇവരുടെ വീടുകളിൽ മിക്കദിവസവും പട്ടിണിയായിരുന്നു. പൂക്കോട്ടൂരിലെ ഭൂമിയുടെ 60 ശതമാനവും നിലമ്പൂർ കോവിലകം വകയായിരുന്നു. അവർക്ക് പൂക്കോട്ടൂരിൽ ഒരു കോവിലകമുണ്ട്. ഈ ഭൂമിയധികവും കുടിയാന്മാരായി പാട്ടത്തിനെടുത്തിരുന്നത് മാപ്പിളമാരായിരുന്നു. ജന്മി-കുടിയാൻ ബന്ധം സൗഹാർദ്ദ പൂർണ്ണമായിരുന്നില്ല. അതുകൊണ്ടു തന്നെ അക്കാലത്ത് പൂക്കോട്ടൂരിൽ അനേകം ജൻമി കുടിയാൻ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്.

പൂക്കോട്ടൂരിൽ ഖിലാഫത്ത് പ്രസ്ഥാനം ധ്രുതഗതിയിൽ വളരുകയായിരുന്നു. നാട്ടുപ്രമാണിമാരും നാട്ടു പ്രധാനികളുമായിരുന്ന ചില മാപ്പിളമാർക്കും പൂക്കോട്ടൂർ കോവിലകത്തെ ചിന്നനുണ്ണിത്തമ്പുരാനും ഈ വളർച്ച ഇഷ്ടപ്പെട്ടില്ല. ഖിലാഫത്ത് കമ്മിറ്റി തിരൂരങ്ങാടി ആലി മുസ്ല്യാരുടെയും മലപ്പുറം കുഞ്ഞിത്തങ്ങളുടെയും ഉപദേശങ്ങളും നിർദ്ദേശങ്ങളുമനുസരിച്ചാണ് പ്രവർത്തിച്ചിരുന്നത്. ഇവർക്ക് രണ്ട് പേർക്കും പൂക്കോട്ടൂർ നിവാസികളുടെ മേൽ വമ്പിച്ച സ്വാധീനമുണ്ടായിരുന്നു. ഖിലാഫത്ത് പ്രസ്ഥാനത്തെ എതിർത്തിരുന്ന നാട്ടുപ്രമാണികൾ തങ്ങളുടെ വിരോധം പരസ്യമായി പ്രകടിപ്പിച്ച് പകപോക്കലിനു തുനിഞ്ഞതോടെ രംഗം കൂടുതൽ വഷളായിത്തുടങ്ങി.

ഈ അവസരത്തിലാണ് വടക്കേവീട്ടിൽ മുഹമ്മദ് ഖിലാഫത്ത് പ്രസ്ഥാനത്തിൻെറ നേതൃനിരയി

ലേക്ക് കടന്നുവന്നത്. അദ്ദേഹം പൂക്കോട്ടൂർ ഖിലാഫത്ത് കമ്മിറ്റിയുടെ സിക്രട്ടറിയായി അവരോധിക്കപ്പെട്ടു. മുഹമ്മദ് നിലമ്പൂർ കോവിലകത്തെ ആറാം തിരുമുൽപാടിൻെറ കാര്യസ്ഥനായിരുന്നു. മലബാറിൽ ഉയർന്നു വന്ന രാഷ്ട്രീയ പ്രബുദ്ധത അദ്ദേഹത്തെയും സ്വാധീനിച്ചു. നിലമ്പൂരും പൂക്കോട്ടൂരുമൊക്കെയുള്ള കുടിയാന്മാരെ സംഘടിപ്പിച്ച് 'കുടിയാൻ സംഘം' രൂപീകരിക്കുന്നതിലും അദ്ദേഹം താൽപര്യമെടുത്തു ഖിലാഫത്ത്, നിസ്സഹകരണ പ്രസ്ഥാനങ്ങളുടെയും കുടിയാൻ സംഘത്തിൻെറയും നേതാവായി ഉയർന്ന മുഹമ്മദിനെ നിസ്സാരകാരണം പറഞ്ഞ് തിരുമുൽപാട് ജോലിയിൽ നിന്ന് പിരിച്ചയച്ചു. സർക്കാറിനെ പ്രീണിപ്പിക്കുകയായിരുന്നു തിരുമുൽപാടിൻെറ ഉദ്ദേശ്യമെങ്കിലും കുടിയാൻ പ്രസ്ഥാനത്തോടും ഖിലാഫത്ത് പ്രസ്ഥാനത്തോടുമുള്ള എതിർപ്പിൻെറ പ്രതിഫലനമായിട്ടാണ് മുഹമ്മദും കൂട്ടുകാരും ഇതിനെ കണക്കാക്കിയത്. കുടിയാന്മാരായ ഹിന്ദുക്കളും മുസ്ലിംകളും മുഹമ്മദിൻെറ കൂടെ ഉറച്ചു നിന്നു.

പിന്നീട് മുഹമ്മദിനെയും അനുയായികളെയും കള്ളക്കേസിൽ കുടുക്കുക എന്ന കുതന്ത്രമാണ് തിരുമുൽപാടും അനുചരന്മാരും സ്വീകരിച്ചത്. 1921 ജൂലൈ 28ാം തിയ്യതി നിലമ്പൂർ കോവിലകത്തിൻെറ പൂക്കോട്ടൂരുള്ള പത്തായപ്പുര കള്ളത്താക്കോലിട്ട് തുറന്ന് അവിടെ സൂക്ഷിച്ചിരുന്ന ഒരു തോക്കും 130 രൂപയും കുറേ ആധാരങ്ങളും മോഷ്ടിച്ചുവെന്ന് മുഹമ്മദിൻെറ പേരിൽ കള്ളക്കേസുണ്ടാക്കി. മഞ്ചേരി സബ് ഇൻസ്പെക്ടർ ഗോവിന്ദമേനോൻ മുഹമ്മദിൻെറ ശത്രുവായ ഒരു നാട്ടുപ്രധാനിയുമായി ഗൂഢാലോചന നടത്തി മുഹമ്മദിൻെറ വീട് പരിശോധന നടത്തി. അവിടെ നിന്ന് ഒന്നും കണ്ടെടുക്കാൻ സാധിച്ചില്ല. ഇത് മുഹമ്മദിനെയും ഖിലാഫത്ത് പ്രസ്ഥാനത്തെയും അടിച്ചമർത്താനുള്ള ശ്രമമായിട്ടാണ് പരക്കെ വിലയിരുത്തപ്പെട്ടത്. ജൂലൈ 31-ാം തിയ്യതി കോവിലകത്തെ കാര്യസ്ഥന്മാരിലൊരാളായ അപ്പുക്കുട്ടിമേനോൻ മലപ്പുറം ഡിവിഷനിലെ ഇൻസ്പെക്ടറായിരുന്ന നാരായണമേനോനെ കണ്ട് പൂക്കോട്ടൂരിൽ ഒരു വലിയ സംഘം ആളുകൾ തിരുമുൽപാടിനെ ആക്രമിക്കുവാൻ മുഹമ്മദിൻെറ നേതൃത്വത്തിൽ ഒരുങ്ങിയിരിക്കുകയാണെന്ന് അറിയിച്ചു.

ഇതേതുടർന്ന്, ഇൻസ്പെക്ടർ നാരായണമേനോനും നറുകര അധികാരിയും കൂട്ടരും പൂക്കോട്ടൂരിലെത്തുകയും ചെയ്തു. മുഹമ്മദിനെ വീട്ടിൽ നിന്നും വിളിച്ചുകൊണ്ടുവരാൻ അധികാരിയെ പറഞ്ഞയച്ചുവെങ്കിലും മുഹമ്മദ് അതിന് വഴങ്ങിയില്ല. വിവരമറിഞ്ഞ് രോഷം പൂണ്ട ഖിലാഫത്ത് പ്രവർത്തകർ പള്ളിയിൽ കയറി നകാരയടിച്ചു. അതിൻെറ ഫലമായി ആളുകൾ പെട്ടെന്ന് ഒരുമിച്ച് കൂടി. അവർ തക്ബീർ ധ്വനികളോടെ ഇൻസ്പെക്ടർ നാരായണമേനോൻ താവളമടിച്ചിരുന്ന കോവിലകത്തേക്ക്പോയി. സർക്കിൾ ഇൻസ്പെക്ടരെ വകവരുത്താനായിരുന്നു പരിപാടി. പേടിച്ചരണ്ട നാരായണമേനോൻ മാപ്പുപറഞ്ഞപ്പോൾ പ്രവർത്തകർ പിരിഞ്ഞുപോയി.

അന്നുരാത്രി കോവിലകത്തെ ചിന്നനുണ്ണിത്തമ്പുരാൻ നിലമ്പൂരിലേക്ക് പുറപ്പെട്ടു. ഇൻസ്പെക്ടർ നാരായണമേനോൻ അന്ന് തിരിച്ചുപോയെങ്കിലും മുഹമ്മദിനെയും കൂട്ടുകാരെയും അറസ്റ്റു ചെയ്യുവാനും പിന്നെയും പലവട്ടം വരികയുണ്ടായി. പോലീസിൻെറ ഈ പ്രകോപനപരമായ നടപടി ജനങ്ങളെ ഒന്നടങ്കം മുഹമ്മദിൻെറ അനുയായികളും അനുഭാവികളുമാക്കിത്തീർത്തു.

## നേതാക്കൾ പൂക്കോട്ടൂരിൽ

1921 ഓഗസ്റ്റ് 20ന് തിരൂരങ്ങാടി പള്ളിക്ക് വെള്ളപ്പട്ടാളം വെടിവെച്ചുവെന്ന വാർത്തകാട്ടുതീപോലെ പരന്നു. ഈ വാർത്ത അതിവേഗം തന്നെ പൂക്കോട്ടൂരിലുമെത്തി. ''പള്ളിക്കു വെടിവെച്ചിരിക്കുന്നു. ഇനി ജീവിച്ചിരുന്നിട്ടു കാര്യമില്ല'' എന്ന തോന്നലാണ് മിക്കയാളുകൾക്കും ഉണ്ടായത്. കിട്ടിയ ആയുധങ്ങളുമായി അവർ തിരൂരങ്ങാടിയിലേക്ക് മാർച്ച് ചെയ്യുവാൻ തീരുമാനിച്ചു. വെള്ളപ്പട്ടാളവുമായി ഏറ്റുമുട്ടി വീരമൃത്യുവരിക്കാനായിരുന്നു അവരുടെ തീരുമാനം! വാർത്തയറിഞ്ഞ് കോൺഗ്രസ്, ഖിലാഫത്ത് നേതാക്കളായ എം.പി. നാരായണമേനോൻ, ജനാബ് അബ്ദുറഹിമാൻ സാഹിബ്, ഇ. മൊയ്തുമൗലവി, ഗോപാലമേനോൻ എന്നിവർ പൂക്കോട്ടൂരിൽ കുതിച്ചെത്തി. എം.പിയുടെയും അബ്ദുറഹിമാൻ സാഹിബിൻെറയും സ്നേഹസാന്ദ്രവും വികാരതരളിതവുമായ ഉപദേശം അനുസരിച്ച് അവർ തങ്ങളുടെ തീരുമാനത്തിൽ നിന്ന് പിന്തിരിഞ്ഞു. പിന്നീടവർ മഞ്ചേരിയിലേക്ക് പോകുകയും അവിടത്തെ ഗവൺമെൻറ് ഖജനാവ് തകർത്ത് അളവറ്റ പണവും സമ്പത്തും പാവങ്ങൾക്കു വാരിയെറിഞ്ഞ് കൊടുക്കുകയും ചെയ്തു.

ഇതിനുശേഷം, കുപ്രസിദ്ധനായ ആമു സൂപ്രണ്ടും, ഖാൻബഹദൂർ മൊയ്തീൻ കുട്ടി കുരിക്കളും ചിലർക്ക് വാറണ്ടുമായി പൂക്കോട്ടൂരിൽ എത്തിയിരുന്നു. ഇവർക്കൊക്കെ പരാജയമാണ് പൂക്കോട്ടൂരിൽ സംഭവിച്ചത്. തുടർന്ന് പൂക്കോട്ടൂരും പരിസരപ്രദേശങ്ങളും ഖിലാഫത്ത് കമ്മിററിയുടെ ഭരണത്തിൻ കീഴിലായി. പരിചയമില്ലാത്ത ആരെക്കണ്ടാലും പിടിച്ചുകൊണ്ടുപോയി പോലീസിൻെറ ആളാണോ എന്ന് നോക്കിയിരുന്നു. വടക്കേവീട്ടിൽ മുഹമ്മദ്, പറാഞ്ചീരി കുഞ്ഞറമുട്ടി,

കാരാട്ട് മൊയ്തീൻകുട്ടി ഹാജി, മണ്ണെത്തൊടി ചെറിയ കുഞ്ഞാലൻ, പൊററയിൽ കുഞ്ഞോക്കർ, കൊല്ലപ്പറമ്പൻ അബ്ദുഹാജി എന്നിവരായിരുന്നു നേതാക്കൾ. പൂക്കോട്ടൂരിലെ പോരാളികളുടെ രഹസ്യവിവരങ്ങൾ പോലീസിനെത്തിച്ചുകൊടുത്തതിന് അമ്പലത്തിങ്ങൽ കൃഷ്ണപ്പണിക്കർ, എരുകുന്നൻ കുഞ്ഞമ്മദ്, മുണ്ടൻതേനു, മഞ്ചേരി സ്വദേശി വട്ടപ്പറമ്പൻ അലവി എന്നിവർ കൊല്ലപ്പെട്ടു. പൂക്കോട്ടൂരിലും പരിസരപ്രദേശങ്ങളിലും തോക്കുകളുള്ള വീടുകളിൽ കയറി തോക്കുകളെല്ലാം ഖിലാഫത്ത് പ്രവർത്തകർ എടുത്തിരുന്നു. ഇതിൽ ചിലത് ഹിന്ദുസമുദായത്തിൽ പെട്ടവരുടെതായിരുന്നു. ഇതല്ലാതെ പൂക്കോട്ടൂരിലെ കലാപത്തിൽ വർഗ്ഗീയതയുടെ നിറം തന്നെ കാണാൻ സാധ്യമല്ല. കലാപകാരികളുടെ രോഷത്തിനിരയായവർ മിക്കവാറും ഗവൺമെൻറ് അനുകൂലികളായ മുസ്ലിംകളായിരുന്നു.

### പൂക്കോട്ടൂർയുദ്ധം

1921 ഓഗസ്റ്റ് 20ന് കണ്ണൂരിൽ നിന്ന് ഒരു സംഘം പട്ടാളക്കാർ കോഴിക്കോട് വഴി മലപ്പുറത്തേക്ക് പുറപ്പെട്ടിരിക്കുന്നു എന്ന വിവരം ഖിലാഫത്ത് കേന്ദ്രകമ്മിറ്റിക്കു കിട്ടി. ഉടനെതന്നെ ഈ വിവരം പൂക്കോട്ടൂരിൽ അറിയിച്ചു. യുദ്ധകാഹളം മുഴങ്ങി. ധീരരായ മാപ്പിളപോരാളികൾ യുദ്ധത്തിനു തയ്യാറെടുത്തു. ഒരുക്കങ്ങൾ തകൃതിയായി നടന്നു. വടക്കേവീട്ടിൽ മുഹമ്മദും കാരാട്ട് മൊയ്തീൻകുട്ടിഹാജിയും നേതൃത്വം നൽകി. കോഴിക്കോട് -മലപ്പുറം റൂട്ടിൽ നിരവധി സ്ഥലങ്ങളിൽ പാലങ്ങൾ പൊളിച്ചും മരങ്ങൾ മുറിച്ചിട്ടും റോഡ് തടസ്സമുണ്ടാക്കി. പട്ടാളത്തിന് യാത്ര വളരെയധികം ക്ലേശകരമായിരുന്നുവെങ്കിലും എല്ലാം തരണം ചെയ്ത് ഓഗസ്റ്റ് 25ാം തിയ്യതി അവർ അറവങ്കര വരെ എത്തി. പാപ്പാട്ടുങ്ങൽ പള്ളിക്കു സമീപമുള്ള വലിയ പാലം പൊളിച്ചിരുന്നതിനാൽ അന്നവർ കൊണ്ടോട്ടിയിലേക്കു മടങ്ങി.

ആഗസ്റ്റ് 26ന് വെള്ളിയാഴ്ച്ച പട്ടാളം വീണ്ടും യാത്ര തുടർന്നു. പള്ളിപ്പണിക്ക് കരുതിവെച്ചിരുന്ന മരങ്ങളും തെങ്ങും എടുത്തിട്ട് താൽക്കാലികപാലം നിർമ്മിച്ച് അവർ വാഹനങ്ങൾ മുന്നോട്ടെടുത്തു.

യുദ്ധസന്നദ്ധരായ നാട്ടുകാർ മുൻതീരുമാന പ്രകാരം പൂക്കോട്ടൂരിനും പിലാക്കലിനുമിടയ്ക്കുള്ള പാടത്തിൻെറ കരയിലും പാടത്തും കിഴക്കുഭാഗത്തുള്ള തോട്ടിലും വടക്കുകിഴക്കായി കൂട്ടിയിട്ടിരുന്ന മണൽകൂമ്പാരത്തിനു പിന്നിലും മറഞ്ഞുപട്ടാളത്തെ കാത്തിരുന്നു. മൊത്തം രണ്ടായിരത്തിലധികം ആളുകളുണ്ടായിരുന്നു. പൂക്കോട്ടൂർ അംശക്കാർക്ക് പുറമെ പൊടിയാട്, മേൽമുറി, വള്ളുവമ്പ്രം, പുല്ലാര, വീമ്പൂർ, ആനക്കയം, പന്തല്ലൂർ, പാണ്ടിക്കാട്, പാപ്പിനിപ്പാറ, മലപ്പുറം തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള ആളുകളും യുദ്ധത്തിൽ പങ്കെടുക്കാനെത്തിയിരുന്നു. വലിയ ഒരു പുളിമരം മുറിച്ചിട്ട് റോഡിൽ തടസ്സമുണ്ടാക്കി.

22 ലോറികളിലും 25 സൈക്കിളുകളിലുമായാണ് പട്ടാളക്കാർ എത്തിയത്. പട്ടാളത്തിൻെറ മുൻനിര പിലാക്കലെത്തിയപ്പോൾ മുന്നിലെ ലോറിക്കു വെടിവെക്കാനും അതോടൊപ്പം നാലുഭാഗത്തുനിന്നും വളയാമെന്നുമായിരുന്നു പരിപാടി. പക്ഷേ യുദ്ധതന്ത്രം മെനയുമ്പോൾ സ്ഥലത്തില്ലാതിരുന്ന പറാഞ്ചീരി കുഞ്ഞറമുട്ടിയും, അയമുവും ഈ തീരുമാനമറിഞ്ഞിരുന്നില്ല. അവർ അവസാനമായിരുന്നു എത്തിച്ചേർന്നത്. മൺകൂനക്ക് പിന്നിലിരുന്നിരുന്ന കുഞ്ഞറമുട്ടി രണ്ടോ മൂന്നോ ലോറി പാടത്തു ഭാഗത്തേക്കു കടന്നതോടെ ലോറിക്കുനേരെ വെടിവെച്ചു. വെടിയൊച്ച കേട്ടതോടെ പട്ടാളലോറികൾ പിന്നോട്ടുപോവുകയും പൂക്കോട്ടൂർഭാഗത്ത് ഇറങ്ങുകയും ചെയ്തു. പട്ടാളം പുക ബോംബെറിഞ്ഞു. പുകനിറഞ്ഞതോടെ കലാപകാരികൾക്ക് തങ്ങളുടെ തോക്കുകൾ ശരിയായ രീതിയിൽ ഉപയോഗിക്കാൻ കഴിഞ്ഞില്ല. അവരുടെ ബുള്ളറ്റുകളുടെ ഉന്നം പിഴച്ചു. എങ്കിലും അവർ പട്ടാളത്തിനു കഴിയുന്നത്ര നാശനഷ്ടങ്ങൾ വരുത്തി. പുകയുടെ മറവിൽ പട്ടാളം തങ്ങളുടെ യന്ത്രത്തോക്കുകൾ പ്രവർത്തനസജ്ജമാക്കി റോഡിൽ നിരത്തി. പുക ഒട്ടൊന്നടങ്ങിയപ്പോൾ പത്തോളം പട്ടാളക്കാർ നിരായുധരായി പിലാക്കൽ ഭാഗത്തേക്ക് നടന്നു. ഇത് ചതിയാണെന്നറിയാതെ പതിയിരുന്ന മാപ്പിള യോദ്ധാക്കൾ ആവേശപൂർവ്വം അവരെ പിടിക്കാൻ മുന്നോട്ടാഞ്ഞു. പട്ടാളം പെട്ടെന്ന് പിന്നോട്ടോടി യന്ത്രത്തോക്കുകളുടെ പിന്നിലെത്തി. അവരുടെ മെഷീൻ ഗണ്ണുകൾ ഗർജ്ജിക്കാൻ തുടങ്ങി. പിന്തുടർന്ന പോരാളികളെ മുഴുവൻ വധിച്ചു. ഇത് രണ്ട് പ്രാവശ്യം ആവർത്തിച്ചു. കൂടുതൽ ആളുകൾ മരിക്കാനിടയായത് ഇക്കാരണത്താലാണ്. ആദ്യം വെടിവെച്ച കുറമുട്ടിയും അയമുവുംകയ്യിലുണ്ടായിരുന്ന 100ഓളം തിരകൾ തീർന്നപ്പോൾ വെളിയിൽ വന്ന് ധീരരക്തസാക്ഷികളായി. പൂക്കോട്ടൂരിൻെറ നായകൻ വടക്കേവീട്ടിൽ മുഹമ്മദ് സാഹിബും യുദ്ധത്തിൽ ശഹീദായി. മൂന്നുമണിക്കൂറിലധികം നീണ്ടുനിന്ന യുദ്ധത്തിൽ നാനൂറോളംപേർ രക്തസാക്ഷികളായി. ഇവർക്കൊക്കെ നെഞ്ചിനായിരുന്നു വെടികൊണ്ടിരുന്നതെന്ന് ചരിത്രകാരന്മാർ പറയുന്നു!! ഇത് അവരുടെ അസാധാരണമായ ധൈര്യത്തെയും അടിയുറച്ച വിശ്വാസത്തേയുമാണ് പ്രതിഫലിപ്പിക്കുന്നത്. അവരുടെ ഏറ്റവും വലിയ ആയുധം അഭിമാനബോധവും അടിയുറച്ച വിശ്വാസവുമായിരുന്നു. അവർ ദൈവത്തിൻെറ മാർഗത്തിലാണ്

പടപൊരുതിയത്. രാജ്യസ്നേഹം ഈമാനിന്റെ ഭാഗമാണെന്ന് വിശ്വസിച്ചവരായിരുന്നു പൂക്കോട്ടൂർ യുദ്ധത്തിൽ പങ്കെടുത്ത പോരാളികൾ! പോലീസ് സൂപ്രണ്ട് ബേസ്റ്റൺ ലങ്കാസ്റ്ററും രണ്ട് പട്ടാളക്കാരും വധിക്കപ്പെട്ടു.

യുദ്ധാനന്തരം മലപ്പുറത്തേക്ക് മടങ്ങുകയായിരുന്ന പട്ടാളലോറികളിൽ ഒന്ന് കുമ്മാളിപ്പടിയിൽ വെച്ച് മങ്കരത്തൊടിയിൽ കുഞ്ഞഹമ്മദ് എന്ന മാപ്പിളസേനാനി തകർത്തു. കമാൻറിംഗ് ഓഫീസർ ലാങ്കർസായിപ്പും നാല് പട്ടാളക്കാരും കയറിയിരുന്ന ലോറിയിലേക്ക് കൈബോംബെറിയുകയായിരുന്നു. ലാങ്കർസായിപ്പും പട്ടാളക്കാരും ലോറിയും ചിന്നിച്ചിതറി. കുഞ്ഞഹമ്മദ് ഹാജി തന്റെ ദേഹം മരത്തോട് ചേർത്ത് ബന്ധിച്ചിരുന്നു. പട്ടാളക്കാരുടെ വെടിയേറ്റ ആധീരസേനാനി കിടന്ന കിടപ്പിൽ മരിച്ചു. വെടിയേറ്റ ദേഹം തുന്നംപാടിയിരുന്നു. യുദ്ധത്തിൽ വിജയികളായ വെള്ളപ്പട്ടാളം റോഡുവക്കിലെ വീടുകളെല്ലാം അഗ്നിക്കിരയാക്കി. 60 മയ്യിത്തുകൾ പട്ടാളക്കാർ വലിച്ചിഴച്ച് ചെറുകാവിൽ മൂസക്കുട്ടി എന്നയാളുടെ പുരയിടത്തിലിട്ട് പുരയ്ക്കു തീ കൊളുത്തിയിരുന്നുവെങ്കിലും മയ്യിത്തുകൾക്ക് ഒന്നും സംഭവിച്ചില്ലെന്ന് പഴമക്കാർ പറയുന്നു.

യുദ്ധം അവസാനിച്ച ഉടൻ തന്നെ ആളുകൾ യുദ്ധഭൂമിയിലേക്ക് കുതിക്കുകയും മയ്യത്തുകൾ എടുത്ത് മറവ് ചെയ്യുന്നതിൽ വ്യാപൃതരാവുകയും ചെയ്തു. ഇതിനുശേഷവും മോങ്ങരം, കോണോംപാറ, വള്ളുവമ്പ്രം, പോത്തുവെട്ടിപ്പാറ, മേൽമുറി തുടങ്ങിയ സ്ഥലങ്ങളിൽ വെച്ച് നിരവധി ഏറ്റമുട്ടലുകൾ ബ്രിട്ടീഷ് പട്ടാളവുമായി നടന്നിട്ടുണ്ട്. നിരവധി പേരെ പട്ടാളം പിടിച്ചുകൊണ്ടുപോയി. ചിലരെ അന്തമാനിലേക്ക് നാടുകടത്തി. കുറെയാളുകളെ തൂക്കിക്കൊന്നു. ഏതാനുംപേരെ ബെല്ലാരി, സേലം, തൃശ്നാപ്പള്ളി ജയിലുകളിലേക്കയച്ചു., കൂട്ടപ്പിഴ ചുമത്തപ്പെട്ടു. പൂക്കോട്ടൂരിൽ അനേകം ആളുകൾക്ക് സ്വാതന്ത്ര്യസമരസേനാനികൾക്കുള്ള പെൻഷൻ ലഭിക്കുന്നുണ്ട്.

ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ ബ്രിട്ടനു നേരിടേണ്ടിവന്ന ഒരേയൊരു യുദ്ധം പൂക്കോട്ടൂർ യുദ്ധമാണെന്ന് ഇംഗ്ലീഷുകാർ രേഖപ്പെടുത്തിയിട്ടുണ്ട്.? ത്യാഗപൂർണ്ണവും രക്തപങ്കിലവുമായ ഈ പോരാട്ടം പൂക്കോട്ടൂരിലെ പുതുതലമുറയ്ക്കെന്നെന്നും അഭിമാനവും ആവേശവുമായിരിക്കും. മാപ്പിളമാരെ അടിച്ചമർത്താൻ നേതൃത്വം നൽകിയ ഹിച്ച്കോക്കിന് വള്ളുവമ്പ്രത്ത് ഒരു സ്മാരകം പണിതിരുന്നു. തദ്ദേശീയരുടെ പ്രതിഷേധം കാര ണം അധികാരികൾക്ക് അത് പൊളിച്ചുമാറ്റേണ്ടി വന്നു. സ്ഥലം പഞ്ചായത്ത് അക്വയർചെയ്തു. പിന്നീട് അവിടെ കെ.എസ്.ആർ.ടി.സി. 'വാഗൺട്രാജഡി' വാഗൺ മോഡലിൽ ഒരു ബസ് വെയിറ്റിംഗ് ഷെഡ് നിർമ്മിച്ചു. ബാക്കിസ്ഥലത്ത് പഞ്ചായത്ത് സീതിഹാജിയുടെ പേരിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പടുത്തുയർത്തി.

## ഭരണചരിത്രം

മലബാർ ഡിസ്ട്രിക് ബോർഡിന്റെ ഭാഗമായിരുന്ന പൂക്കോട്ടൂർ അംശം പഞ്ചായത്തായി രൂപംകൊണ്ടത് 1956 സെപ്തംബറിലാണ്. അറവങ്കര, പൂക്കോട്ടൂർ, വെള്ളൂർ എന്നീ ദേശങ്ങളടങ്ങിയതാണ് പൂക്കോട്ടൂർ അംശം. ഒന്നാമത്തെ ബോർഡ് മീറ്റിംഗ് നടന്നത് 11-10-1956ലാണ്. പൂക്കോട്ടൂർ-മഞ്ചേരിറോഡിന് സ്ഥലം കിട്ടാൻ പ്രയാസം അനുഭവപ്പെട്ടപ്പോൾ ഒരു പഞ്ചായത്ത് ഉണ്ടായിരുന്നുവെങ്കിൽ സ്ഥലം കിട്ടുമായിരുന്നു എന്ന ചിന്തയാണ് ഈ പഞ്ചായത്തിന്റെ രൂപീകരണത്തിന് പ്രേരകമായ സംഭവം. പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡണ്ട് കാരാട്ട് മുഹമ്മദ്ഹാജിയാണ്. ആദ്യത്തെ വനിതാമെമ്പർ കൊല്ലപ്പറമ്പൻ ഫാത്തിമ. ഹരിജൻ സംവരണസീറ്റിൽ മത്സരിച്ചുജയിച്ച ആദ്യത്തെ അംഗം പി. നാടിയാണ്. 1962-ൽ ഡിസ്ട്രിക്ട് ബോർഡ് ഗവൺമെൻറ് പിരിച്ചുവിടുകയും വള്ളുവമ്പ്രം അംശം പൂക്കോട്ടൂർ പഞ്ചായത്തിന്റെ ഭാഗമായിത്തീരുകയും ചെയ്തു.

### ഒന്നാമത്തെ പഞ്ചായത്ത് ബോർഡ് അംഗങ്ങൾ

1. കാരാട്ട് മുഹമ്മദ് ഹാജി(പ്രസിഡൻറ്)
2. കെ.പി.മോയിൻ (വൈസ് പ്രസിഡൻറ്)
3. എം.പി. ശേഖരൻ നായർ
4. കെ.പി. മുഹമ്മദ്
5. എം. ഹംസഹാജി
6. പി. ആലിയമ്മു
7. പി.നാടി
8. കെ. രാമൻ നായർ

ജനങ്ങളെല്ലാവരും ഒരു സ്ഥലത്ത് ഒരുമിച്ച് കൂടി കൈപൊക്കിവോട്ടുചെയ്താണ് പ്രഥമപഞ്ചായത്ത് ബോർഡംഗങ്ങളെ തിരഞ്ഞെടുത്തത്.

പഞ്ചായത്തിന് ഒരു സ്ഥിരം ഓഫീസ് കെട്ടിടം നിർമ്മിക്കണമെന്നതായിരുന്നു യോഗത്തിന്റെ ആദ്യതീരുമാനം. രാത്രി10 മണിക്ക് തുടങ്ങിയ യോഗം11 മണിക്ക് പിരിഞ്ഞു. 1905 രൂപ വരവും 1905 രൂപ ചെലവും പ്രതീക്ഷിക്കുന്നതായിരുന്നു ആദ്യത്തെ ബജറ്റ്.

1963-ൽ ബോർഡ് പിരിച്ചുപടികയും ഡിസംബർ വരെ സ്പെഷൽ ഓഫീസർ ഭരണം നടത്തുകയും ചെയ്തു. 1963 ഡിസംബറിൽ തെരഞ്ഞെടുപ്പ് നടക്കുകയും രണ്ടാമത്തെ ബോർഡ് അധികാരത്തിൽ വരികയും ചെയ്തു.

## ബോർഡ് അംഗങ്ങൾ

1. കാരാട്ട് മുഹമ്മദ്ഹാജി(പ്രസിഡണ്ട്)
2. കോടാലി മുഹമ്മദ് (വൈസ് പ്രസിഡണ്ട്)
3. കറുത്തേടത്ത് ആലി
4. കൊല്ലപ്പറമ്പൻ അഹമ്മദ്
5. വിളക്കിണി മൊയ്തീൻ, 6. എൻ. കൊറ്റൻ
7. പി. സൈതാലി മാസ്റ്റർ
8. കൊല്ലപ്പറമ്പൻ ഫാത്തിമ 9. എം.മൊയ്തീൻകുട്ടി.

പിന്നീട് 1979 സപ്തംബറിലാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നത്.

## ബോർഡ് അംഗങ്ങൾ

1. കാരാട്ട് മുഹമ്മദ്ഹാജി(പ്രസിഡണ്ട്)
2. കോടാലി മുഹമ്മദുണ്ണിഹാജി (വൈ.പ്രസി)
3. വി.ടി അലവിക്കുട്ടി 4. കെ.മൊയ്തീൻകുട്ടി
5. കെ. കുഞ്ഞമ്മദ് ഹാജി 6. എം. അബ്ദുല്ലഹാജി.
7. എം. ചൂലൻ 8. പി. ഹസ്സൻ കുട്ടി
9. ചോലമറിയുമ്മ

1948ൽ പഞ്ചായത്ത് ബോർഡുകൾ പിരിച്ചുവിടുകയും 4 വർഷം സ്പെഷൽ ഓഫീസർ ഭരണം നടത്തുകയും ചെയ്തു. കാരാട്ട് മുഹമ്മദ് ഹാജി 27വർഷക്കാലം പഞ്ചായത്തിൻെറ പ്രസിഡണ്ട് സ്ഥാനം വഹിച്ചിട്ടുണ്ട്.

1988-ൽ തെരഞ്ഞെടുപ്പ് നടക്കുകയും കെ.മുഹമ്മദുണ്ണിഹാജി പ്രസിഡണ്ടായുള്ള ബോർഡ് അധികാരത്തിൽ വരികയും ചെയ്തു. കെ.പി.ഉണ്ണീതുഹാജിയായിരുന്നു വൈസ് പ്രസിഡണ്ട്. കെ.ഐ.മുഹമ്മദ്ഹാജി, എ.മുഹമ്മദ് എന്ന കുഞ്ഞാൻ, ടി.വി. മുഹമ്മദ്ഹാജി, കെ.പി.മറിയുമ്മ, സി. ഫാത്തിമ, എം. അബ്ദുല്ലഹാജി. കെ.കുഞ്ഞമ്മദ്ഹാജി, എം. ചൂലൻ എന്നിവർ അംഗങ്ങളായിരുന്നു. 1991-ൽ കെ. മുഹമ്മദുണ്ണിഹാജി പുൽപറ്റ ഡിവിഷനിൽ നിന്നും ജില്ലാ കൗൺസിലിലേക്കു തിരഞ്ഞെടുക്കപ്പെടുകയും കെ.ഐ. മുഹമ്മദ് ഹാജി പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

ത്രിതലപഞ്ചായത്ത് രാജ് നിയമപ്രകാരം 1995 സപ്തംബർ 25ന് നടന്ന തെരഞ്ഞെടുപ്പിലാണ് നിലവിലുള്ള ബോർഡ് അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടത്. ഒക്ടോബർ 2നാണ് പഞ്ചായത്തുകൾക്ക് അധികാരം ലഭിച്ചത്.

## നിലവിലുള്ള ബോർഡംഗങ്ങൾ

1. കെ. മുഹമ്മദുണ്ണിഹാജി(പ്രസിഡൻറ്)
2. എ.മുഹമ്മദ് എന്ന കുഞ്ഞാൻ(വൈസ് പ്രസിഡണ്ട്)
3. കെ.പി.ഉണ്ണീതുഹാജി(സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)
4. പി.എ.സലാം 5. എം.ടി.അലി,
6. പി. ആയിശ 7. കെ.ഫാത്തിമക്കുട്ടി,
8. യു.സക്കറിയ്യ, 9. പി. പാത്തുമ്മ
10. എം. ചൂലൻ 11 ഒ.എം. ജബ്ബാർഹാജി.

മലപ്പുറം ബ്ലോക്ക് പഞ്ചായത്തിൻെറ ഭാഗമായ പൂക്കോട്ടൂർ പഞ്ചായത്തിലെ ബ്ലോക്കു ഡിവിഷനുകൾ വള്ളുവമ്പ്രം ഡിവിഷൻ, പൂക്കോട്ടൂർ ഡിവിഷൻ എന്നിവയാണ്. വള്ളുവമ്പ്രം ഡിവിഷനിൽ നിന്ന് തിരഞ്ഞെടുക്കട്ട ബ്ലോക്ക്പ്രസിഡണ്ടാണ് ടി.വി.ഇബ്രാഹീം. പൂക്കോട്ടൂർ ഡിവിഷനിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടത് കാരാട്ട് സീനത്തിനെയാണ്. ജില്ലാ പഞ്ചായത്ത് മണ്ഡല കൊണ്ടോട്ടി ഡിവിഷൻെറ ഭാഗമാണ്. സി.മുഹമ്മദ് മദനിയാണ് പ്രസ്തുത മണ്ഡലത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടത്. പഞ്ചായത്തിൻെറ രൂപീകരണകാലം മുതൽ ഭരണചക്രം തിരിക്കുന്നത് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് എന്ന രാഷ്ട്രീയ കക്ഷിയാണ്.

പഞ്ചായത്തിൽ സേവനം ചെയ്ത ഉദ്യോഗസ്ഥരിൽ ശ്രദ്ധേയരും നന്ദിപൂർവ്വം സ്മരിക്കപ്പെടേണ്ടവരുമാണ് കെ.പി. രാധാകൃഷ്ണൻ, കറുത്തേടത്ത് അബ്ദു, പൂന്തോട്ടത്തിൽ മുഹമ്മദ് എന്നിവർ. കെ.പി. രാധാകൃഷ്ണനാണ് ആദ്യത്തെ ക്ലർക്ക്. 1960ൽ ബിൽ കളക്ടർ കംപ്യൂൺ ആയി ജോലിയിൽ പ്രവേശിച്ചയാളാണ് കറുത്തേടത്ത് അബ്ദു. വിദ്യാഭ്യാസയോഗ്യതയുള്ള ഒരാളെ തെരഞ്ഞു നടന്ന് ഒടുവിൽ അബ്ദുവിനെ കണ്ടെത്തുകയായിരുന്നു. നിയമനം ലഭിച്ച ശേഷം പിരിഞ്ഞുപോവുന്നത് വരെ ഈ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ച വ്യക്തിയാണ് പൂന്തോട്ടത്തിൽ മുഹമ്മദ്. പഞ്ചായത്തിൻെറ പുരോഗതിക്ക് അർപ്പണ ബോധത്തോടെ പ്യൂൺ എന്ന നിലയിലും നാട്ടുകാരൻ എന്ന നിലയിലും അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തിട്ടുണ്ട്.

## ഉത്സവങ്ങൾ

വിപുലമായ രീതിയിൽ ആഘോഷിച്ചിരുന്ന പല നേർച്ചകളും പഞ്ചായത്തിൽ നടത്തപ്പെട്ടിരുന്നു. അവയിൽ പ്രധാനപ്പെട്ടതാണ് പുല്ലാര നേർച്ച, പൂക്കോട്ടൂർ നേർച്ച, പോത്താലപ്പള്ളിയാളി നേർച്ച എന്നിവ. ഇവയ്ക്ക് പുറമെ അത്താണിയ്ക്കലും ചെറിയതോതിൽ ഒരുനേർച്ചയുണ്ടായിരുന്നു. ബാൻഡ് വാദ്യങ്ങളും കരിമരുന്ന് പ്രയോഗങ്ങളും നേർച്ചകളുടെ പ്രത്യേകതകളായിരുന്നു. പുല്ലാര നേർച്ചയിലെ പുലർച്ചെയുള്ള 'കമ്പം' കത്തിക്കലും തെങ്ങിൻ ചക്രം കത്തിക്കലും ആകർഷണീയവും അതിമനോഹരവുമായ കാഴ്ചയായിരുന്നു. ഇപ്പോൾ ഈ നേർച്ചകൾ അന്നദാനം നടത്തിപിരിഞ്ഞുപോകുകയാണ് പതിവ്. ഇവയെക്കൂടാതെ മറ്റുപല അന്നദാനനേർച്ചകളും പഞ്ചായത്തിൽ ആഘോഷിക്കപ്പെടുന്നുണ്ട്.

താലപ്പൊലികളും, വേല, കളംപാട്ട് എന്നിവയും ഇവിടെ ആഘോഷപൂർവ്വം നടത്തപ്പെടുന്ന ഉത്സവങ്ങളാണ്. പട്ടന്മാർ തൊടി താലപ്പൊലി, അമ്പാളിക്കൂത്ത് താലപ്പൊലി എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ്.

537

# ഭൂമി ജലം, ജനം



വൂക്കോട്ടൂർ, വള്ളുവമ്പ്രം അംശങ്ങളിലായി 2063.15 ഹെക്ടർ വിസ്തീർണ്ണമുള്ള ഭൂപ്രദേശമാണ് പൂക്കോട്ടൂർ വില്ലേജ്. മൊറയൂർ, പുൽപറ്റ, നറുകര, ആനക്കയം, മേൽമുറി വില്ലേജുകൾ അതിരിടുന്ന ഈ വില്ലേജിൽ വെള്ളൂർ, അറവങ്കര, പൂക്കോട്ടൂർ, വള്ളുവമ്പ്രം, പുല്ലാനൂർ, മുതിരിപറമ്പ് എന്നിങ്ങനെ ആറുദേശങ്ങളുണ്ട്.

പട്ടിക - 1

| ക്രമനമ്പർ | ദേശത്തിൻെറ പേര് | വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|
| 1 | വെള്ളൂർ | 1426.56 |
| 2 | അറവങ്കര | 250.05 |
| 3 | പൂക്കോട്ടൂർ | 794.58 |
| 4 | വള്ളുവമ്പ്രം | 1104.65 |
| 5 | പുല്ലാനൂർ | 1050.92 |
| 6 | മുതിരിപറമ്പ് | 461.77 |

അവലംബം : 1981ലെ സെൻസസ് റിപ്പോർട്ട്

ഭൂപ്രകൃതിയനുസരിച്ച് പൂക്കോട്ടൂർ പഞ്ചായത്തിനെ മൂന്നായി തരം തിരിക്കാം

1. ഉയർന്ന പ്രദേശങ്ങൾ
2. ചരിവുപ്രദേശങ്ങൾ
3. താഴ്വരകൾ

മേമാട്, കാട്ടാരം, മാണിപറമ്പ്, കോട്ടമ്മൽ, ചേലക്കുന്ന്, തടപ്പറമ്പ്, പാലംകുന്നുമ്മൽ, കാക്കാക്കുന്നു, കല്ലച്ചാൽ, കൂന്യേങ്ങൽ, പുല്ലുപാറ, പാറോട്ടി, പനക്കൽ കുണ്ട്, കുറുക്കൻ കുന്ന്, പോക്കാട്, മൈലാടി തുടങ്ങിയ പ്രദേശങ്ങൾ ഉയർന്ന പ്രദേശങ്ങളാണ്. ഏറ്റവും ഉയരംകൂടിയ പ്രദേശം വടക്കുഭാഗത്ത് മേമാട് മലയും തെക്കുഭാഗത്ത് മൈലാടിപ്പാറയുമാണ്.

താഴ്വരയിൽ കൂടുതൽ പ്രദേശങ്ങളും വയലുകളാണ്. താഴ്വരകൾക്കും ഉയർന്നപ്രദേശങ്ങൾക്കും ഇടയിലായി ചരിവുപ്രദേശങ്ങൾ സ്ഥിതിചെയ്യുന്നു. ചരിവുപ്രദേശങ്ങളും താഴ്വരകളും പൊതുവെ കൃഷിക്കനുയോജ്യമാണ്. ഉയർന്ന പ്രദേശങ്ങളിൽ കൂടുതലും കരിങ്കൽ ഖനനവും ചെങ്കല്ലുകളുടെ ഖനനവും നടന്നുവരുന്നു. മൈലാടിയിലെ ക്വാറികളിൽ നിന്ന് ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് കരിങ്കല്ലുകൾ കൊണ്ടുപോകുന്നുണ്ട്. താഴ്വരയിലെ പാടശേഖരങ്ങൾ മണ്ണിട്ടുമൂടുന്ന പ്രവണത കൂടിവരുന്നത് കൂടുതൽ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം.

### മൺതരണങ്ങൾ

ചരൽകലർന്ന ചെമ്മണ്ണ്, പൂഴി കലർന്ന ചളിമണ്ണ് എന്നീ മൺ തരങ്ങളാണ് പ്രധാനമായും ഈ പഞ്ചായത്തിലുള്ളത്. ചില ഉയർന്ന പ്രദേശങ്ങളിൽ കരിമ്പാറകൾ കാണുന്നുണ്ട്.

പൂഴികലർന്ന ചളിമണ്ണ് പഞ്ചായത്തിലെ 220 ഹെക്ടർ പ്രദേശത്തായി പരന്നുകിടക്കുന്നു. ഇത്തരം മണ്ണുള്ള പാടശേഖരങ്ങൾ നെല്ല്, പച്ചക്കറി എന്നീ കൃഷികൾക്കനുയോജ്യമാണ്. ചരൽ കലർന്ന ചെമ്മണ്ണുള്ള ഇവിടത്തെ പറമ്പുകൾ തെങ്ങുകൃഷിക്ക് യോജിച്ചതാണ്. മണ്ണിൽ നൈട്രജൻ, പൊട്ടാസ്യം എന്നിവയുടെ അംശം കുറവാണ്. ഫോസ്ഫറസിൻെറ അളവ് മധ്യമാവസ്ഥയിലാണ്.

### ജലം

കൃഷിക്കുപറ്റിയ മണ്ണുണ്ടെങ്കിലും വേനൽക്കാലത്ത് വെള്ളം കുറവായതിനാൽ ബുദ്ധിമുട്ടനുഭവിക്കുന്നു. മഴയുടെ കാര്യത്തിൽ കൃത്യതയില്ല. കാലവർഷവും തുലാവർഷവും നല്ല രീതിയിൽ കിട്ടിയാലും അന്ന് വെള്ളം ശേഖരിച്ചുവെച്ച് വേനൽക്കാലത്ത് ഉപയോഗപ്പെടുത്താൻ സംവിധാനങ്ങളില്ല. പ്രധാനതോടുകളിൽ അണകെട്ടിയാൽ ഈ പ്രശ്നം ഏറെക്കുറെ പരിഹരിക്കാം. എല്ലാകാലത്തും വെള്ളം കിട്ടുന്ന ചില കുളങ്ങളും ചോലകളുമുണ്ട്. അവ ഫലപ്രദമായി സംരക്ഷിക്കപ്പെടേണ്ടതുണ്ട്. വെള്ളക്കെട്ട് കൊണ്ട് കൃഷി നശിക്കാനിടവരുന്ന പ്രത്യേകപ്രദേശങ്ങളില്ല. മിക്കവാർഡുകളിലും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം നേരിടുന്നു.

### ജനം

4010 വീടുകളിലായി 25253 പേർ താമസിക്കുന്ന പൂക്കോട്ടൂർ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കൂലിവേല ചെയ്തു ജീവിക്കുന്നവരാണ്. കൃഷിയായിരുന്നു

മുമ്പ് മുഖ്യതൊഴിൽ. ഇപ്പോൾ കർഷകത്തൊഴിലാളികൾ വളരെ കുറവാണ്, വ്യവസായശാലകളിൽ തൊഴിൽ ചെയ്യുന്നവരും സർക്കാർ ജോലിക്കാരും വളരെ പരിമിതമായ എണ്ണമേയുള്ളു. ഓട്ടോറിക്ഷാ ഡ്രൈവർമാരായി തൊഴിലെടുക്കുന്നവരിലധികവും യുവാക്കളാണ്. ബസ്സ്, ലോറി എന്നിങ്ങനെയുള്ള വാഹനങ്ങളിൽ ജോലി ചെയ്യുന്നവരുമുണ്ട്. ഗൾഫിൽജോലി തേടി പോകുന്ന ഒരു പ്രവണത

കളും സാക്ഷരരാണ്. തുടർ സാക്ഷരതാ പ്രവർത്തനങ്ങളുടെ കുറവുനിമിത്തം പല നവസാക്ഷരരും പഠന പ്രവർത്തനങ്ങൾ ഒഴിവാക്കിയ മട്ടാണ്

ജനസംഖ്യയിൽ ഭൂരിഭാഗം വരുന്നത് മുസ്ലിംകളാണ്, ബാക്കി ഹിന്ദുക്കളും. ഈയിടെ അന്യപ്രദേശങ്ങളിൽ നിന്നും ജോലിക്കെത്തി ഇവിടെ സ്ഥിരതാമസമാക്കിയ കുറച്ച് ക്രിസ്തീയ മതസ്ഥരുമുണ്ട്. മതസഹിഷ്ണുത

പട്ടിക - 2

**ജനസംഖ്യാ വിവരം**

| ആകെ ജനസംഖ്യ | | | 0-6 Age group | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | |
|---|---|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 12603 | 12650 | 25253 | 2375 | 2260 | 4635 | 949 | 926 | 1875 | 2 | - | 2 |

അവലംബം: സെൻസസ് ഓഫ് ഇന്ത്യ - 1991

ഉണ്ടായിരുന്നുവെങ്കിലും ഗൾഫ് നാടുകളിലെ നിയമത്തിൻെറ കാർക്കശ്യം കാരണം താൽകാലിക വിസക്കാർ തിരിച്ചു വന്ന് 'തൊഴിലില്ലാപട'യിൽ എണ്ണം വർദ്ധിച്ചുവരുന്നത് സ്ഥിരം കാഴ്ചയാണ്. സ്ഥിരമായ വിദേശജോലിയുള്ള വളരെ കുറച്ചുപേരെയുള്ളു. തൊഴിലില്ലാത്ത ചെറുപ്പക്കാർ വളരെയധികമുള്ള ഈ പഞ്ചായത്തിൽ നിർമ്മാണരംഗത്ത് ജോലി ചെയ്യുന്നവരിലധികവും തമിഴ്നാട്ടുകാരാണെന്നത് വിരോധാഭാസമായി തോന്നുന്നു. ഈ രംഗത്ത് സാങ്കേതികജ്ഞാനമുണ്ടാക്കാനുതകുന്ന തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൻെറ അഭാവം ഇന്നും ഒരു പ്രശ്നമാണ്.

പഞ്ചായത്തിലെ 9584 പുരുഷന്മാരും 8952 സ്ത്രീ

നിലനിൽക്കുന്ന പ്രദേശമാണ് പൂക്കോട്ടൂർ

വളരെ ദരിദ്രമായിരുന്ന ഈ പ്രദേശം ഇപ്പോൾ സാമ്പത്തികമായി അൽപം മെച്ചപ്പെട്ടിട്ടുണ്ട്. ക്ഷണികമായ ഈ പുരോഗതി സ്ഥായിയായി നിലനിർത്താൻ സംവിധാനങ്ങളില്ല എന്നത് ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്. വിദ്യാഭ്യാസരംഗത്തും സാമൂഹിക-സാംസ്കാരികരംഗത്തും വളരെയേറെ പുരോഗതി കൈവരിച്ചിട്ടുണ്ട്. അടിച്ചമർത്തപ്പെട്ട ഈ ജനവിഭാഗത്തിൻെറ ഉയിർത്തെഴുന്നേൽപിനു പ്രധാനമായി സഹായിച്ചത് അവരുടെ രാഷ്ട്രീയ പ്രബുദ്ധതയാണെന്ന് നിസ്സംശയം പറയാം.

539

# വികസന മേഖലകൾ

540



# കൃഷി, ജലസേചനം

കാർഷികപ്രധാനമായ ഒരു ഗ്രാമമാണ് പൂക്കോട്ടൂർ. ഭൂപരിഷ്കരണത്തിനുമുമ്പ് പ്രദേശം പ്രധാനമായും നിലമ്പൂർ കോവിലകം വകയായിരുന്നു. ഗ്രാമത്തിന്റെ പകുതിയോളം നെൽവയലുകളാണ്. ഒരുപ്പൂ, ഇരുപ്പൂ, മുപ്പൂ നിലങ്ങളിലായി നെല്ലും, ഇടവിളയായി പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയും സമൃദ്ധമായി കൃഷി ചെയ്തിരുന്നു. പ്രകൃതിദത്തമായ നീരുറവകളും സമൃദ്ധമായി ലഭിച്ചിരുന്ന മഴയും കൃഷിയെ മൊത്തത്തിൽ സഹായിച്ചിരുന്നു. ജനങ്ങൾ പ്രധാനമായും കൃഷിയെ ആശ്രയിച്ചു കഴിയുന്നവരായിരുന്നു. തൃശൂർ, കോഴിക്കോട് ചന്തകളിലേക്ക് ധാരാളമായി പച്ചക്കറികൾ കയറ്റി അയച്ചുകൊണ്ടിരുന്ന ഒരു ഗ്രാമമാണ് ഇത്. കാർഷികപ്രാധാന്യമുള്ള ത്രിതലകൃഷി പഞ്ചായത്തിൽ വ്യാപകമായി നടന്നിരുന്നു. എന്നാൽ ഓരോ മാസവും പതിനായിരക്കണക്കിന് രൂപയുടെ പച്ചക്കറി ഇറക്കുമതി ചെയ്യുന്ന ഗ്രമമായി പൂക്കോട്ടൂർ മാറിക്കഴിഞ്ഞിരിക്കുന്നു. നാട്ടിൽ നടപ്പുണ്ടായിരുന്ന നടുതലകിഴങ്ങ്, കാവിത്ത്, മധുരകിഴങ്ങ്, കൂവ ഇവയുടെ കൃഷി നാമമാത്രമായി. പലതും അപ്രത്യക്ഷമായി.

ഭൂപരിഷ്കരണ നിയമത്തെ തുടർന്ന് കുടിയാന്മാർ ഭൂവുടമകളായി മാറി. അതോടെ കാർഷിക മേഖലയിൽ മാറ്റങ്ങൾക്ക് തുടക്കം കുറിക്കപ്പെട്ടു. നെൽവയലുകളിൽ ജോലി ചെയ്യാൻ കരുത്തുള്ള യുവാക്കൾ ജോലി തേടി വിദേശങ്ങളിലേയ്ക്ക് പോയി. സാമ്പത്തികാവസ്ഥയിൽ വന്ന മാറ്റം കാരണം വയലുകളിൽ ജോലി ചെയ്യാൻ സ്ത്രീകളെ കിട്ടാതായി. ഗൾഫ് മേഖലയിൽ നിന്നെത്തുന്ന പണം കാരണം ചെറുപ്പക്കാർ കൂടുതൽ മടിയന്മാരായി. ഇത് ഉപഭോക്തൃസംസ്കാരം വളർത്തുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചു. വീണ്ടും ഭൂമിയുടെ കേന്ദ്രീകരണം ആരംഭിച്ചിരിക്കുന്നു എന്നതും ഒരു പ്രശ്നമാണ്. കർഷകർ രണ്ട് വർഷത്തേക്ക് പറമ്പ് പാട്ടമെടുത്ത് ശർക്കരക്കിഴങ്ങ്, മോഡൻ, എള്ള്, ചാമ എന്നിവ കൃഷി ചെയ്തിരുന്നു. "ചാമക്കലായി ഒഴിയുക" എന്ന ചൊല്ലും ഉണ്ടായിരുന്നു. ചൊല്ലും കൃഷിയും നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്ന പല വിത്തുകളും അപ്രത്യക്ഷമായി കഴിഞ്ഞു. അതാത് പറമ്പുകളിലെ വെള്ളം അതാത് പറമ്പുകളിൽ തന്നെ തടഞ്ഞുനിർത്താൻ ആരംഭിച്ചതോടെ തോടുകളിലൂടെ ഒഴുകിവരുന്ന ജലത്തിന്റെ അളവു കുറഞ്ഞു. ഞാറ്റുപാട്ടുകളും, കൊയ്ത്തുപാട്ടുകളും, ഊർച്ചയും ഹരമായിരുന്ന ഗ്രാമീണജനത മാറിക്കഴിഞ്ഞിരിക്കുന്നു. ജലസേചനത്തിനായി കുളങ്ങൾ, തോടുകൾ, ചോലകൾ എന്നിവ ഉപയോഗിച്ചിരുന്നു. ജലസേചനത്തിന് വ്യാപകമായി ഉപയോഗിച്ചിരുന്ന 'ഏത്തം' പമ്പുസെറ്റുകളുടെ വരവോടെ അപ്രത്യക്ഷമായി. പഞ്ചായത്തിൽ ഒന്നു രണ്ടിടങ്ങളിൽ മാത്രമാണ് ഇപ്പോൾ ഏത്തം ഉപയോഗിക്കുന്നത്. നെൽകൃഷി ആദായകരമല്ലാത്തതിനാൽ മുന്നുവിളകൾ എടുത്തിരുന്ന പാടംപോലും തരിശിടാൻ തുടങ്ങിയിരിക്കുന്നു. വീടുകൾ വെയ്ക്കുന്നതിനായി വൻ തോതിൽ വയലുകൾ നികത്തപ്പെട്ടതുകൊണ്ടും, തെങ്ങ് കവുങ്ങ് തുടങ്ങിയ വിളകളിലേക്ക് മാറിയത് കൊണ്ടും നെൽവയലുകളുടെ വിസ്തൃതിയിൽ ഗണനീയമായ കുറവു വന്നുകൊണ്ടിരിക്കുന്നു. പഞ്ചായത്തിലെ പഞ്ചായത്തിലെ വിപുലമായ റോഡുകളുടെശൃംഖല വയലുകളിലൂടെ കടന്നുപോകുന്നത് വയലുകൾ നികത്തപ്പെടാൻ കാരണമായി.

കാർഷികമേഖലയിലും മറ്റുനിർമ്മാണമേഖലകളിലും നിലനിൽക്കുന്ന കൂലിയുടെ അന്തരം കാർഷികവൃത്തികൾക്ക് ജോലിക്കാരെ കിട്ടുന്നതിന് തടസ്സമായി.

മുമ്പുണ്ടായിരുന്ന കുളങ്ങൾ പലതും മണ്ണിടിഞ്ഞ് നികന്നുപോകുകയും, തോടുകൾ പലതും പലകാരണങ്ങൾ കൊണ്ടും വീതികുറയുകയും ചെയ്തിരിക്കുന്നു. തോടുകൾ മാലിന്യങ്ങൾ നിക്ഷേപിക്കുവാനുള്ള സ്ഥലമായി മാറിയിരിക്കുന്നു. നിലം ഉഴുന്നതിനായി കാളകളേയും, പോത്തുകളേയും ഉപയോഗിച്ചിരുന്നു. ഇന്ന് ട്രാക്ടറുകളോടൊപ്പം മൃഗങ്ങളെയും ഉപയോഗിക്കുന്നു. പറമ്പുകളിൽ ഇന്നും ഉഴുന്നതിന് പ്രധാനമായും മൃഗങ്ങളെ തന്നെയാണ് ഉപയോഗിക്കുന്നത്. കീടനിയന്ത്രണത്തിനായി വെണ്ണീർ വിതറുന്നത് പോലെയുള്ള രീതികൾ ഉപയോഗിച്ചിരുന്നു. ഇന്ന് പൂർണ്ണമായും കീടനാശിനികളെയാണ് ആശ്രയിക്കുന്നത്. അശാസ്ത്രീയമായ കീടനാശിനിപ്രയോഗം ഉപകാരികളായ പല ജീവികളുടെയും നാശത്തിന് കാരണമായിട്ടുണ്ട്.

പഞ്ചായത്തിൽ തെങ്ങും നെല്ലുമാണ് കൂടുതലായി കൃഷി ചെയ്തുവരുന്നത്. കുന്നിൻ ചെരുവകളിൽ റബർ കൃഷി ചെറിയ തോതിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കശു

മാവ് കൃഷിയുമുണ്ട്. തെങ്ങിൻ തോട്ടങ്ങളിൽ മുൻകാലത്ത് പച്ചക്കറികൾ, എള്ള്, മോഡൻ നെല്ല് എന്നിവ കൃഷി ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ വളരെയേറെ കുറഞ്ഞിട്ടുണ്ട്.

കൃഷിഭവൻ രേഖ

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | 1 ഹെക്ടറിൽ താഴെ | 3570 |
| 2 | 1-2ഹെക്ടറിൽ | 174 |
| 3 | 2 ഹെക്ടറിന് മുകളിൽ | 50 |

കൃഷിഭവൻ രേഖ

| നമ്പർ | മണ്ണ് | ജൈവാംശം | ഭാവകം | ക്ഷാരഗുണം |
|---|---|---|---|---|
| 1 | ചരൽ കലർന്ന ചുവന്നമണ്ണ് | N D K<br>കുറവ് മധ്യമം കുറവ് | 5 | 3 |
| 2 | പൂഴികലർന്ന ചെളിമണ്ണ് | 5 | 3 | |

## നെൽകൃഷി

വിശാലമായ വയലേലകളിൽ വ്യാപകമായി നെൽകൃഷി നടന്നിരുന്നു. ആര്യൻ മുണ്ടകൻ, മസൂരി, ചീര, തെക്കൻചീര, പൊന്നാര്യൻ, വെളുത്തകുമ്പളൻ, കറുത്തകുമ്പളൻ, കൂട്ടാടൻ, ചിറ്റേനി, തെക്കൻ ചിറ്റേനി, വെള്ളാത്തൻ, വെള്ളരി, ചെറുവെള്ളരി, ഓണാട്ടൻ, പറമ്പുവട്ടൻ, തവളക്കണ്ണൻ, ആമക്കാരി, കഴമ, വെളുത്തരിക്കഴമ, മുണ്ടാട്ടൻ, ഞവര തുടങ്ങിയ വിത്തുകളാണ് മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. അവയിൽ മിക്കതും ഇന്നു കാണാനേയില്ല. ഇപ്പോൾ നിലവിലുള്ള വിത്തുകൾ ചെറിയ ആര്യൻ, വെള്ളാര്യൻ,മുണ്ട, ചുവന്ന ത്രിവേണി, ജ്യോതി, കൾച്ചർ(അന്നപൂർണ്ണ) ഐശ്വര്യ എന്നിവയാണ്. നെൽകൃഷി ലാഭകരമല്ലാത്തത് കൃഷിയോടുള്ള വൈമുഖ്യം, വ്യാപകമായ നികത്തൽ ഇവകാരണം നെൽകൃഷിയുടെ വിസ്തൃതി കാര്യമായി കുറഞ്ഞിട്ടുണ്ട്.

## തെങ്ങ്

മലഞ്ചരിവുകൾ, സമതലങ്ങൾ കുന്നിൻപ്രദേശങ്ങൾ എന്നിവിടങ്ങളിലും ചിലയിടങ്ങളിൽ വയലുകളിലും തെങ്ങ് കൃഷി ചെയ്യുന്നു. പഞ്ചായത്തിൽ 1325 ഹെക്ടർ തെങ്ങ് കൃഷിയുണ്ട്. ഉൽപാദനക്ഷമത വേണ്ടത്രയില്ല.

പഞ്ചായത്തിലെ വിവിധപ്രദേശങ്ങളിലായി കൂമ്പ് ചീയൽരോഗവും, നീരൊലിപ്പ് രോഗവും കുറഞ്ഞതോതിൽ കാണപ്പെടുന്നു. നാളികേരത്തിന് ന്യായമായ വില പലപ്പോഴും ലഭിക്കുന്നില്ല എന്നത് ഒരു പ്രശ്നമാണ്.

ഇളനീർ പന്തലുകൾ, നാളികേരമുപയോഗിച്ചുള്ള മറ്റു പാനീയങ്ങൾ എന്നിവ പ്രചരിപ്പിക്കുന്നത് കർഷകർക്ക് കൂടുതൽ വില ലഭിക്കുന്നതിനും കൃഷിയിൽ താല്പര്യം ഉണ്ടാക്കുന്നതിനും സഹായിക്കും. സമഗ്രനാളികേര വികസനപദ്ധതിയിൽപെടുത്തി താഴെ പറയുന്ന നിരക്കിൽ സബ്സിഡി പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

## കവുങ്ങ്

വളരെമുമ്പ്തന്നെ നിലവിലിരുന്ന കവുങ്ങ് കൃഷി ഇപ്പേൾ കൂടുതൽ സ്ഥലത്തേക്ക് വ്യാപിച്ചിട്ടുണ്ട്. കർഷകർക്ക് ലാഭകരമായ രീതിയിൽ മുന്നോട്ട് പോകുന്നതിന് കൃഷിഭവനിൽ നിന്നും പ്രത്യേകശ്രദ്ധയുണ്ടാകണം. ശാസ്ത്രീയമായ കൃഷിരീതിയെക്കറിച്ച് കർഷകരെ ബോധവൽക്കരിക്കേണ്ടത് ആവശ്യമാണ്.

## കുരുമുളക്

മുൻകാലത്ത് പറമ്പുകളിൽ ധാരാളമായി കുരുമുളക് കൃഷി ചെയ്തിരുന്നു. ഇപ്പോൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വളരെയധികം സാധ്യതയുള്ള കുരുമുളക് കൃഷി വ്യാപിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തണം

## എള്ള്

വളരെ കൂടുതൽ വിപണനസാധ്യതയും സാമ്പത്തികലാഭവും ഉള്ള എള്ളുകൃഷി മുൻകാലങ്ങളെ അപേക്ഷിച്ച് ഗണ്യമായ തോതിൽ കുറഞ്ഞിരിക്കുന്നു. തെങ്ങിൻ തോപ്പുകളിലും, പാടങ്ങളിലും എള്ള് കൃഷി ചെയ്യുന്നതിന് സത്വരമായ ശ്രദ്ധ പതിയേണ്ടതുണ്ട്.

കൃഷിഭവൻരേഖ

| ഇനം | എണ്ണം സബ്സിഡി 94-95 | എണ്ണം സബ്സിഡി 95-96 | 96-97ൽ നടപ്പാക്കുന്നത് |
|---|---|---|---|
| കിണർ | (30)75000 | (40)100000 | 40 എണ്ണം |
| പമ്പ്സെറ്റ് | (28)70000 | (40)100000 | 40എണ്ണം |
| തെങ്ങ് കയറ്റ യന്ത്രം | 750/- | 500/- | 1എണ്ണം |
| സ്പ്രെയർ | - | 977/- | 2എണ്ണം |

542

### വാഴ

പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങളിൽ നിന്നും കഴിഞ്ഞവർഷം 7 ലക്ഷത്തോളം രൂപ വാഴകൃഷിക്ക് വായ്പയായി അനുവദിച്ചിട്ടുണ്ട്. പ്രധാനമായും നേന്ത്രവാഴയും ചുരുക്കമായി മൈസൂർപൂവനും, അപൂർവ്വമായി റോബസ്ററയും, പൊണ്ണൻ കായയും കൃഷി ചെയ്തു വരുന്നു. നേന്ത്രവാഴയോടൊപ്പംതന്നെ സാമ്പത്തികലാഭം നൽകുന്ന റോബസ്റ്റ പോലുള്ള വാഴകൾ കൂടുതൽ കൃഷി ചെയ്യുന്നതിന് ശ്രമിക്കേണ്ടതാണ്. കൂടാതെ അപൂർവ്വമായി കൊണ്ടിരിക്കുന്ന വടക്കൻ കദളി, കദളി, പൂവൻ തുടങ്ങിയവയുടെ കൃഷിയും പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഔഷധഗുണമുള്ള വാഴക്കൂമ്പ്, വാഴപ്പിണ്ടി, ഇവയുടെ ഭക്ഷണപദാർത്ഥമെന്ന രീതിയിലുള്ള ഉപയോഗം വർധിപ്പിക്കുന്നതിന് ബോധവൽകരണം നടത്തുകയും വാഴനാര് ഉപയോഗിച്ച് കൗതുകവസ്തുനിർമ്മാണത്തിന് ശ്രമിക്കുകയും ചെയ്താൽ സാമ്പത്തികമായി കൂടുതൽ ലാഭം ഉണ്ടാക്കുവാൻ കഴിയും

### മരച്ചീനി, മധുരക്കിഴങ്ങ്

മലകളിൽ ധാരാളമായി കൃഷിചെയ്തിരുന്ന മരച്ചീനി, മധുരകിഴങ്ങ് ഇവ ഇപ്പോൾ കുറഞ്ഞതോതിൽ വയലേലകളിലാണ് കൃഷി ചെയ്യുന്നത്. മധുരകിഴങ്ങ് അപൂർവ്വമായി മാറിയിരിക്കുന്നു. ഒരു കാലത്ത് ജനങ്ങളുടെ ഭക്ഷണത്തിൽ സജീവമായ സാന്നിദ്ധ്യം വഹിച്ചിരുന്നവയാണ് ഇവ. സാമ്പത്തികരംഗത്തും അതു വഴി ആഹാരക്രമത്തിലും വന്നമാറ്റങ്ങൾ ഇന്നത്തെ അവസ്ഥക്കു കാരണമാണ്. കേരളത്തിലും, തമിഴ്നാട്ടിലും ധാരാളമായുണ്ടായിരുന്ന സ്റ്റാർച്ച് ഫാക്ടറികൾ അടച്ചുപൂട്ടപ്പെട്ടതും മരച്ചീനിയുടെ ഉൽപാദനം കുറയുന്നതിന് കാരണമായിട്ടുണ്ട്. ലാഭകരമായി ചെയ്യാവുന്ന ഈ കൃഷി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നതിന് കൃഷിഭവൻെറ പ്രത്യേകശ്രദ്ധയുണ്ടാവണം.

### പച്ചക്കറി

മുൻകാലത്ത് ഓരോ വീടിനും ആവശ്യമായ പച്ചക്കറികൾ അടുക്കളത്തോട്ടങ്ങളിൽ കൃഷി ചെയ്തിരുന്നു. മുരിങ്ങ, മറ്റിലക്കറികൾ, പപ്പായ ഇവ വീടുകളിൽ സമൃദ്ധമായി വിളഞ്ഞിരുന്നതുകാരണം മാർക്കറ്റുകളെ കുറഞ്ഞതോതിലെ ആശ്രയിച്ചിരുന്നുള്ളൂ. സാമ്പത്തികരംഗത്തും, ജീവിതക്രമത്തിലും വന്ന മാറ്റങ്ങൾ അടുക്കളത്തോട്ടങ്ങൾ അപൂർവ്വമാക്കി മാറ്റി. അത് മൂലം വൻതോതിൽ പച്ചക്കറി ഇറക്കുമതി ചെയ്യേണ്ട അവസ്ഥയുണ്ടായി. മറ്റു മാർക്കറ്റുകളിൽ നിന്നും പതിനായിരക്കണക്കിന് രൂപയുടെ പച്ചക്കറികളാണ് പഞ്ചായത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നത്. വർദ്ധിച്ചുവരുന്ന പച്ചക്കറികളുടെ ആവശ്യം പരിഹരിക്കുവാൻ കൃഷി വ്യാപകമാക്കേണ്ടതുണ്ട്. വളരെ കൂടുതൽ അനുകൂലഘടകങ്ങൾ ഉള്ളത് ഉപയോഗപ്പെടുത്തിയാൽ മതി.

### റബ്ബർ

മലഞ്ചെരിവുകളിൽ റബർ കൃഷി ചെറിയതോതിൽ ആരംഭിച്ചിട്ടുണ്ട്. വികസനസാധ്യതയുള്ള ഈ കൃഷി വളരെയധികം പ്രയോജനപ്പെടുത്തണം.

വിളവിസ്തീർണ്ണം - കൃഷിഭവൻ രേഖ

| ക്രമനമ്പർ | വിള | വിസ്തീർണ്ണം ഹെക്ടർ |
|---|---|---|
| 1 | തെങ്ങ് | 1325 |
| 2 | നെല്ല് | 215 |
| 3 | എള്ള് | 50 |
| 4 | പച്ചക്കറി | 65 |
| 5 | വാഴ | 150 |
| 6 | മരച്ചീനി | 100 |
| 7 | കുരുമുളക് | 30 |
| 8 | മധുരക്കിഴങ്ങ് | 40 |
| 9 | കവുങ്ങ് | 125 |
| 10 | കശുമാവ് | 40 |
| 11 | റബ്ബർ | 15 |

### വളം

സ്വകാര്യമേഖലയിലുള്ള 5 വളം വിതരണകേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത്. കൃഷിക്ക് കൂടുതലും രാസവളങ്ങളാണ് ഉപയോഗിക്കുന്നത്. ജൈവ വളങ്ങൾ മുൻകാലങ്ങളിൽ ധാരാളമായി ഉപയോഗിച്ചിരുന്നു. എങ്കിലും ഇപ്പോൾ കുറഞ്ഞിട്ടുണ്ട്. ലഭിക്കുവാനുള്ള വിഷമവും, വർധിച്ച വിലയുമാണ് ഇതിൽ നിന്നും കർഷനെ മാറ്റിനിർത്തുന്ന പ്രധാനഘടകങ്ങൾ. കന്നുകാലി സമ്പത്തിൽ വന്ന ഗണ്യമായ കുറവും ഒരു കാരണമാണ്. അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുന്ന ജൈവവളങ്ങൾ ചിലയിടങ്ങളിൽ പരിസ്ഥിതി പ്രശ്നവും ഉണ്ടാക്കുന്നുണ്ട്. ഉള്ള സാധ്യതകൾ പരമാവധി ഉപയോഗിക്കാത്തതും പ്രശ്നമാണ്. ശാസ്ത്രീയമായ വളപ്രയോഗത്തെക്കുറിച്ച് ബോധവൽകരണം ആവശ്യമാണ്. ഏകദേശം 1000 മെട്രിക്ടൺ ജൈവവളം ഉപയോഗിക്കുന്നുണ്ട്.

### കീടനാശിനികൾ

കീടനാശിനികൾ പ്രധാനമായും തെങ്ങ്, കവുങ്ങ് കുരുമുളക്, കശുമാവ്, റബ്ബർ, നെല്ല്, പച്ചക്കറി, വാഴ എന്നിവയ്ക്കാണ് ഉപയോഗിക്കുന്നത്. അമിതമായ കീടനാശിനി പ്രയോഗം ഉപകാരികളായ പല ചെറുപ്രാണികളെയും, ചെറുജീവികളെയും കൊന്നൊടുക്കുന്നു. മൂന്നുനാല് ദിവസം

വീര്യം നിലനിൽക്കുന്ന കീടനാശിനികൾ തളിച്ച പച്ചക്കറികൾ കഴിക്കുന്ന മനുഷ്യരും ഇതിൻെറ ദുരന്തം അനുഭവിക്കുന്നുണ്ട്. കീടനാശിനി പ്രയോഗത്തിന് ശാസ്ത്രീയമായ അവബാധം ഉണ്ടാക്കുകയും ജൈവീക നിയന്ത്രണം പരമാവധി വ്യാപകമാക്കുന്നതിന് ശ്രമിക്കുകയും വേണം. അമിതമായ കീടനാശിനിപ്രയോഗം സൃഷ്ടിക്കുന്ന വിപത്തുകളെക്കുറിച്ച് ഒരു സർവ്വേ നടത്തുന്നതും നന്നായിരിക്കും.

കാർഷികോപകരണങ്ങൾ - കൃഷിഭവൻ രേഖ

| ഇനങ്ങൾ | എണ്ണം |
|---|---|
| ട്രാക്റ്റർ | 3 |
| ട്രില്ലർ | 1 |
| നാടൻകലപ്പ | 120 |
| റോക്ക്സ്പ്രേയർ | 2 |
| നംപ്സ്റ്റാക്ക് സ്പേയർ | 69 |
| പോർട്ടബിൾ പമ്പ്സെറ്റ് | 71 |

രാസവളത്തിൻെറ ഉപയോഗം 1995 - 96

| നൈട്രജൻ | ഫോസ്ഫറസ് | പൊട്ടാസ്യം |
|---|---|---|
| 47900Kg | 20200Kg | 63600Kg |

കീടനാശിനി ഉപയോഗം 95-96

| നമ്പർ | കീടനാശിനി | അളവ് ലിറ്റർ |
|---|---|---|
| 1 | മെറ്റാസിഡ് | 40 |
| 2 | മാലത്തിയോൺ | 50 |
| 3 | സുമിസിഡിൻ | 65 |
| 4 | ഡെമോക്രോൺ | 170 |
| 5 | എക്കാലക്സ് | 115 |
| 6 | കാർബോഫ്രാൻ | 25 Kg |
| 7 | B.H.C. 50% | 165 Kg |
| 8 | B.H.C.10% | 150 Kg. |
| 9 | റോഗർ | 40ലി |
| 10 | മോണോക്രോട്ടോഫോസ് | 120ലി |

കുമിൾ നാശിനി ഉപയോഗം 95-96

| | | |
|---|---|---|
| 1 | ഹിനോസാൻ | 20ലി |
| 2 | തുരിശ് | 700കി |
| 3 | കിറ്റാസിൻ | 10ലി |

കാർഷികവായ്പ

പ്രധാനമായും അഞ്ച് ബാങ്കുകളാണ് പഞ്ചായത്തിലുള്ളത്. കൂടാതെ ഫെഡറൽ ബാങ്ക്, നെടുങ്ങാടി ബാങ്ക് എന്നിവയിൽ നിന്നും കാർഷികവായ്പ ലഭിക്കുന്നു. വള്ളുവമ്പ്രം സർവ്വീസ് സഹകരണബാങ്ക്, പൂക്കോട്ടൂർ സർവ്വീസ് സഹകരണബാങ്ക്, കനറാബാങ്ക്, സൗത്ത്മലബാർ ഗ്രാമീണ ബാങ്ക്, മഞ്ചേരി കോ-ഓപറേറ്റീവ് അർബൻബാങ്ക്, ഏറനാട് കാർഷിക വികസനബാങ്ക് എന്നിവയാണിവ. വിവിധ കൃഷികൾക്കായി ബാങ്കുൾ ലോൺ അനുവദിക്കുന്നുണ്ട് രണ്ടു സഹകരണബാങ്കുകളും ചേർന്ന് ഏകദേശഏഴുലക്ഷത്തോളം രൂപ വാഴകൃഷിക്ക് മാത്രമായി വായ്പ അനുവദിച്ചിട്ടുണ്ട്. കാർഷികവായ്പകൾ മുഴുവനായി കൃഷിക്ക് ഉപയോഗിക്കാത്തതും അവ തിരിച്ചടയ്ക്കാൻ വിമുഖത കാണിക്കുന്നതും പ്രശ്നമാണ്. ജനങ്ങളുടെ മനോഭാവത്തിൽ കാര്യമായ മാറ്റം വരേണ്ടതാവശ്യമാണ്.

## കൂലിനിരക്ക്

ഗൾഫ് സ്വാധീനം കാർഷികമേഖലയിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കാർഷികമേഖലയിലേയും, നിർമ്മാണമേഖലയിലേയും കൂലിനിരക്കുകൾ തമ്മിൽ വലിയ അന്തരമുണ്ട്. ഇത് കാർഷിക രംഗത്തെ തൊഴിലാളികളെ നിർമ്മാണരംഗത്തേക്ക് ആകർഷിക്കുന്നു. സാമ്പത്തിക രംഗത്തെ മാറ്റം സ്ത്രീകളെ ഈ മേഖലയിൽ നിന്നും ഏതാണ്ട് പൂർണ്ണമായും മാറ്റിയിരിക്കുന്നു. കൃഷിയുടെ കാര്യത്തിലുള്ള മനോഭാവവും തൊഴിലാളികളെ ലഭിക്കുന്നതിന് വിഘാതമായി നിൽക്കുന്നു. പുരുഷന്മാർക്ക് 100 രൂപയും, സ്ത്രീകൾക്ക് 75 രൂപയുമാണ് കൂലി.

## കൃഷിഭവൻ

1987ൽ ആണ് കൃഷിഭവൻ ആരംഭിച്ചത് പഞ്ചായത്തിൻെറ കാർഷികവികസനത്തിന് നിർണ്ണായകമായ സംഭാവനകൾ നൽകാൻ കൃഷി ഭവന് കഴിയേണ്ടതാണ്. കൃഷിഭവനിലൂടെ നടപ്പാക്കുന്ന പല പദ്ധതികളും, കൃഷിക്കാരൻ യഥാസമയത്ത് അറിയുന്നില്ല എന്ന പരാതിയുണ്ട്. കൃഷിഭവനിലൂടെ വിതരണം ചെയ്യുന്ന ഉപകരണങ്ങളും സബ്സിഡികളും യഥാർത്ഥ കർഷകർക്ക് കിട്ടുന്നുണ്ടോ എന്നു പരിശോധിക്കേണ്ടതാണ്. കൃഷിഭവൻെറ പ്രവർത്തനങ്ങൾ സാധാരണ കർഷകരിലേയ്ക്ക് എത്തുന്നു എന്ന് ഉറപ്പ് വരുത്താൻ ജനപ്രതിനിധികൾ ശ്രദ്ധിക്കേണ്ടതുണ്ട്.

കൃഷിഭവൻ മുഖേന പാടശേഖരസമിതികൾക്ക് നൽകുന്ന ഉപകരണങ്ങളും, സഹായങ്ങളും യഥാർത്ഥത്തിൽ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ല എന്ന പരാതി ഒഴിവാക്കാൻ കൃഷിഭവൻ ശ്രമിക്കണം. വാർഡുതല കാർഷികസമിതികൾ രൂപീകരിക്കുകയും ഉപകരണങ്ങൾ അതുവഴി വിതരണം ചെയ്യുകയും ചെയ്താൽ ഒരു പരിധിവരെ പരാതികൾ ഒഴിവാക്കാൻ കഴിയും.

544

## പാടശേഖര സമിതികൾ - കൃഷിഭവൻ രേഖ

| നമ്പർ | പാടശേഖരത്തിൻെറ പേർ | വാർഡ് | ഒന്നാം വിള | രണ്ടാം വിള | മൂന്നാംവിള |
|---|---|---|---|---|---|
| 1 | പുല്ലാര 55HCR | VII,VIII | നെല്ല് | നെല്ല് | 20 ഹെക്ടർ പച്ചക്കറി |
| 2 | വെള്ളൂർ 60HCR | I,II | നെല്ല് | നെല്ല് | 15 ഹെക്ടർ പച്ചക്കറി |
| 3 | അറവങ്കര 40HCR | II,V | നെല്ല്, | നെല്ല് | 10 ഹെക്ടർ പച്ചക്കറി |
| 4 | മുണ്ടിതൊടിക 35HCR | IV | നെല്ല് | നെല്ല് | 10 ഹെക്ടർ പച്ചക്കറി |
| 5 | വള്ളുവമ്പ്രം25HCR | 9 | നെല്ല് | നെല്ല് | 10 ഹെക്ടർ പച്ചക്കറി |

## ജലസേചനം, ജലസംരക്ഷണം, മണ്ണ് സംരക്ഷണം

കാർഷികപ്രധാനമായ ഈ പഞ്ചായത്ത് പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷിചെയ്യുന്നത് എടവപ്പാതി(ജൂൺ-ജൂലൈ) തുലാവർഷം(സെപ്തംബർ-ഒക്ടോബർ) ഇവയാണ് മഴ ലഭിക്കുന്ന കാലം. മഴവെള്ളം പ്രധാനമായും നിരവധി ചെറിയ തോടുകളിലൂടെ ഒഴുകി വലിയ തോട്ടിൽ എത്തിച്ചേരുന്നു.

വലിയതോട് ആണ് പഞ്ചായത്തിലെ പ്രധാനതോട്. മഴവെള്ളം ശേഖരിച്ച് നിർത്തുന്നതിന് തടാകങ്ങളൊന്നും തന്നെ പഞ്ചായത്തിലില്ല. വിവിധ തോടുകളിലായി 10 ർങ്കങ്കളുണ്ട്.. എന്നാലും ജനുവരി അവസാനം ഫെബ്രുവരി ആദ്യംവരെ മാത്രമേ തോടുകളിൽ ജലം ലഭിക്കുന്നുള്ളു. ജലസേചനത്തിനായി ഉപയോഗിക്കുന്ന ചോലകൾ താഴെ പറയുന്നവയാണ്. ഇവ വറ്റാത്ത ഉറവകളാണ്. ഇവയിൽ ചില കുളങ്ങളുമുണ്ട്.

1 പൊങ്ങച്ചേരി ചോല

3 പാണ്ഡവർചോല

4 കോതേങ്ങൽ ചോല, മേലേമുക്ക്ചോല

7 പൈക്കാട്ട്ചോല, കാവുങ്ങൽചോല, കല്ലച്ചാൽചോല, മേമാട് ഒലിപ്പാറ ചോല

8 കൈപ്പനക്കോട്ട്ചോല, ചങ്ങലത്തുകുളം, പുല്ലൂപ്പാറചോല, പുന്നക്കോട്ട് ചോല, കീക്കാവു ചോല, ഉതിരപ്പള്ളി ചോല,കയ്യുണ്ണിചോല

9 ചോലക്കൽ മാണിപറമ്പ്

10 നെച്ചിയിൽ ചോല

11 പൂവക്കാട്ട് ചോല,പരുതിയിൽ ചോല, മുത്തങ്ങാട്ട് ചോല

| വാർഡ് | ക്രമനമ്പർ | കുളം |
|---|---|---|
| 1 | 1 | പാടത്തെക്കുളം |
| 2 | 2 | ചീനിക്കുളം |
| 3 | 3 | മനച്ചിക്കുളം |
| | 4 | കൂമ്പാറക്കുളം |
| 4 | 5 | പിലാച്ചേരിക്കുളം, ഉരുളിക്കുളം |
| 7 | 6 | തീയ്യത്ത്മുക്ക് കുളം |
| | 7 | ഒലിപ്പാറക്കുളം, 8 പാടത്തെക്കുളം |
| | 9 | പാറക്കുളം |
| 8 | 10 | പെരങ്കുളം |
| | 11 | പാടത്തെക്കുളം 12 ചീനിക്കുളം |
| 9 | 13 | മാട്ടക്കുളം |
| 10 | 14 | കൂനേങ്ങൽ കുളം |

കൂടാതെ ജലസേചനത്തിനുപയോഗിക്കുന്ന കുളങ്ങൾ (സ്വകാര്യകുളങ്ങൾ) അമ്പതോളമുണ്ട്. കൂടാതെ അമ്പലക്കുളം, പള്ളിക്കുളം ഇനങ്ങളിൽ ചെറുതും വലുതുമായി ഇരുപതോളം കുളങ്ങളുണ്ട്.

മുൻകാലങ്ങളിൽ കുളങ്ങൾ നല്ല രീതിയിൽ സംരക്ഷിക്കുന്ന പതിവുണ്ടായിരുന്നു. ഇപ്പോൾ കുളങ്ങൾ പലതും നശിച്ചുകൊണ്ടേയിരിക്കുന്നു. തോടുകളിൽ മാലിന്യങ്ങളും, ചപ്പുചവറുകളും നിക്ഷേപിക്കുന്നതു കാരണം ജനം മലിനമാകുന്നത് ഗൗരവമായ പ്രശ്നമാണ്. ശരിയായ ജലവിനിയോഗത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കണം.

അതോടൊപ്പം മണ്ണുസംരക്ഷണവും പ്രാധാന്യമാർഹിക്കുന്നു. പഴയകാലങ്ങളിൽ മണ്ണുസംരക്ഷണത്തിൽ സ്വീകരിച്ചിരുന്ന മാർഗ്ഗങ്ങൾ പലതും ഇന്നും പൂർണ്ണമായി നടപ്പിലാക്കുന്നില്ല. കുന്നിൻ മുകളിലും, കൃഷിയിടങ്ങളും വൻതോതിൽ മണ്ണൊലിപ്പിന് ഇരയാകുന്നു. റോഡരികിൽ അരിച്ചാലുകളില്ലാത്തതിനാൽ മണ്ണൊലിപ്പ് റോഡുകൾക്ക് വൻനാശം ഉണ്ടാക്കുന്നു. മാത്രമല്ല അപകടങ്ങൾക്കും കാരണമാകുന്നു.

### പ്രശ്നങ്ങൾ

1. മിക്കവാറും എല്ലാ വാർഡുകളിലും ജലസേചനസൗകര്യത്തിൻെറ കുറവുണ്ട്. ജനുവരി മാസത്തോടെ തോടുകൾ മിക്കവാറും വറ്റുന്നതോടെ കാർഷികാവശ്യത്തിനുള്ള ജലം ലഭിക്കുന്നില്ല.
2. വർധിച്ചുവരുന്ന പാർപ്പിടപ്രശ്നം, പാർപ്പിടം സംബന്ധിച്ച് വളർന്നുവരുന്ന പുതിയപ്രവണതകൾ, ലാഭകരമല്ലാത്തത് തുടങ്ങിയവ കാരണം വയലുകൾ നികത്തപ്പെടുകയോ തരിശിടുകയോ ചെയ്യുന്നു.
3. കൂടുതൽ മെച്ചപ്പെട്ട വേതനം തേടി തൊഴിലാളികൾ നിർമ്മാണരംഗത്തേക്ക് കടന്നതോടുകൂടി കാർഷികരംഗത്ത് തൊഴിലാളികളെ ലഭിക്കുന്നതിന് പ്രയാസം നേരിടുന്നു.
4. ചില വാർഡുകളിൽ കാർഷികോപകരണങ്ങൾ എത്തിക്കുന്നതിന് ഗതാഗതസൗകര്യമില്ലാത്ത പ്രശ്നങ്ങളുണ്ട്.
5. നെൽകൃഷി, വാഴ, തെങ്ങ്, ഇവയ്ക്കുണ്ടായ രോഗങ്ങൾ.
6. അമിതമായ കീടനാശിനി പ്രയോഗം കാരണം മണ്ണിനുണ്ടാകുന്ന മാറ്റം.
7. രാസവളത്തിൻെറ ഉപയോഗം വളരെ കൂടിയതുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ, ജൈവവളത്തിൻെറ ലഭ്യതക്കുറവ്, ഉള്ളസൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്താൻ കഴിയാത്തത്
8. തോടുകളും, നീർച്ചാലുകളും മാലിന്യക്കൂമ്പാരങ്ങൾ നിക്ഷേപിക്കുവാനുള്ള വേദിയായി മാറുന്നു. അതിനാൽ ജലം മലിനമാകുന്നു.
9. കൃഷിഭവൻെറ പ്രവർത്തനങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. സ്കീമുകളെ കുറിച്ച് കൃഷിക്കാർ അറിയുന്നില്ല,
10. വർധിച്ചുവരുന്ന കൂലിച്ചെലവ്, വിത്ത്, വളം, കീടനാശിനി എന്നിവയുടെ ഉയർന്നവില കൃഷി ലാഭകരമല്ലാത്തതാക്കുന്നു. കാർഷികവിഭവങ്ങൾക്ക് വേണ്ടത്രവിലകിട്ടുന്നില്ല,
11. സാമ്പത്തികരംഗത്തു മാറ്റം വന്നതോടുകൂടി കായികാദ്ധ്വാനത്തിന് മടിയായിരിക്കുന്നു. ശരീരം അനങ്ങാതെ പണം സമ്പാദിക്കുവാനാണ് പൊതുവെ താല്പര്യം.

| വാർഡ് | |
|---|---|
| | ചീനിക്കുളം നന്നാക്കി തെക്കേലെ പള്ളിയാളി ജലസേചനത്തിന് സൗകര്യമുണ്ടാക്കണം. |
| 2 | വലിയ തോടിന് നിലവിലുള്ള ചിറയിലെ VCB നന്നാക്കണം. |
| 3 | വലിയതോടിന് സൈഡ് ഭിത്തി കെട്ടാൻ ബാക്കിയുള്ള ഭാഗത്ത് ഭിത്തി കെട്ടുക. VCBകൾ രണ്ടോ മൂന്നോ സ്ഥാപിക്കണം. |
| 1,4,9 | പരപ്പത്തോടിന് വശം കെട്ടണം |
| 5 | ചാരങ്ങാപറമ്പുമുതൽ പാലക്കൽവരെ ഇടഭിത്തികെട്ടുക. |

### നിർദ്ദേശങ്ങൾ

1 ജലസേചനം: മൈലാടി, കണ്ടിക്കുന്ന്, കൊട്ടപ്പുറം, നെച്ചിക്കുണ്ട്, മാണിപ്പറമ്പ് എന്നിവിടങ്ങളിൽ കുഴൽകിണർ കുഴിക്കുക

ചീനിക്കുളം നന്നാക്കി തെക്കേലെ പള്ളിയാളി ജലസേചനത്തിന് സൗകര്യമുണ്ടാക്കണം.

വലിയതോടിന് സൈഡ് ഭിത്തി കെട്ടാൻ ബാക്കിയുള്ള ഭാഗത്ത് ഭിത്തി കെട്ടുക. VCBകൾ രണ്ടോ മൂന്നോ സ്ഥാപിക്കണം.

- 4-ാംവാർഡിലെ പിലാച്ചിക്കുളം, ഉരുളിക്കുളം, കോതേങ്ങൽ ചോല, പള്ളിമുക്കിലെ കുളം, ആശാരിത്തൊടിക്കുളം ഇവ കുഴിക്കുക, തോണിക്കൽ മുക്ക്-പാറക്കൂത്തുമുക്ക് കുഴികൾ ആഴം കൂട്ടുക.
- 5ാംവാർഡിലെ തിരുണ്ടിങ്ങൽ ഭാഗത്ത് ബണ്ടു കെട്ടണം. ചിറയിൽ നിന്നും കനാലുകൾ തീർക്കണം.
- 7-ാംവാർഡിലെ ചിറക്കൽതോടിന് രണ്ടുഭാഗത്തും ഭിത്തി കെട്ടണം. കുറുവഞ്ഞിക്കുളം നന്നാക്കുക, കോട്ടേപറമ്പിൽ ചിറകെട്ടുക, മേമാട്, വടക്കേകുളം, പൈക്കാട്ട് ചോല ഇവ നന്നാക്കുക, തിയ്യത്ത് കുളം നന്നാക്കണം.
- 8-ാംവാർഡിലെ മൂച്ചിക്കൽ-തുറക്കൽ തോടിന് ചിറകെട്ടണം. മേലെക്കുണ്ട്, ചങ്ങലക്കുളം, ചീനിക്കുളം, പാടത്തെക്കുളം, പെരങ്കുളം, പുന്നക്കോട്ട്ചോല, കാവുങ്ങൽ, കരിക്കാവ്,ചോല ഇവ നന്നാക്കുക, കൈപ്പനക്കോട്ടെ ഒരു കുളം നിർമ്മിക്കുക
- 9ാംവാർഡിലെ വള്ളുവമ്പ്രത്ത് ഒരു പൊതുകുളം സ്ഥാപിക്കുക. ഇതിനുവേണ്ട സ്ഥലം സൗജന്യമായി നൽകും.
- 10-ാം വാർഡിൽ ഒരുപൊതുകുളം നിർമ്മിക്കണം. സ്ഥലം

546 സൗജന്യമായി നൽകും.

- 11-ാം വാർഡിൽ പൂവക്കാട് ചോല, മണ്ണെടുത്തു നന്നാക്കുക, ജലസേചനത്തിനായി ഒരു കുളം നിർമ്മിക്കുക, സ്ഥലം സൗജന്യമായി നൽകും.

2 ഗ്രൂപ്പ് ഫാമിംഗ്: നെല്ല്, പച്ചക്കറികൾ എന്നിവയ്ക്ക് ഗ്രൂപ്പ് ഫാമിംഗ് ആരംഭിക്കണം. ഉൽപാദനശേഷിയുള്ള വിത്തുകളും നാടൻ വിത്തുകളും കൃഷിഭൻ മുഖേന വിതരണം ചെയ്യണം. വിത്തുകൾ ആവശ്യാനുസരണം ലഭിക്കുന്നതിനായി നഴ്സറികൾ ആരംഭിക്കണം. തരിശായിക്കിടക്കുന്ന ഭൂമി വനിതാസഹകരണസംഘങ്ങൾ രൂപീകരിച്ച് അവരെ ഏല്പിക്കുക. അവിടങ്ങളിൽ കുറ്റിമുല്ല, വിപണനസാധ്യതയുള്ള ചെടികൾ ഇവയുടെ നഴ്സറി തുടങ്ങണം.

3 വിപണനം: പഞ്ചായത്തിലെ മൂന്നു കേന്ദ്രങ്ങളിലെങ്കിലും പച്ചക്കറിസംഭരണകേന്ദ്രങ്ങളും, വിപണനകേന്ദ്രങ്ങളും ആരംഭിക്കണം.

പച്ചക്കറി: കൃഷിഭവൻെറ നേതൃത്വത്തിൽ ഓരോ വാർഡിലും പച്ചക്കറി വികസനസമിതികൾ രൂപീകരിക്കുകയും, വീട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി വ്യാപകമാക്കുകയും ചെയ്യാം. മികച്ച കൃഷിത്തോട്ടം തയ്യാറാക്കുന്ന വീട്ടമ്മമാർക്ക് സമ്മാനങ്ങളും ഏർപ്പെടുത്തണം.

വളം - കീടനാശിനി: കീടനാശിനി ഉപയോഗത്തെക്കുറിച്ച് കർഷകരെ ബോധവൽകരിക്കുക. ജൈവികനിയന്ത്രണത്തെക്കറിച്ച് വിവരങ്ങൾ നൽകുക. ജൈവവളങ്ങളുടെ ഉപയോഗം വർധിപ്പിക്കുക. എളുപ്പത്തിൽ വളരുന്ന നാടൻ ചെടികൾ വരമ്പിലും അതിരുകളിലും നട്ടു വളർത്താൻ പ്രോത്സാഹിപ്പിക്കുക, കന്നുകാലികളുടെ എണ്ണം കൂട്ടുക, അമിതമായ രാസവളപ്രയോഗത്തിനെതിരെ ബോധവൽകരണം നടത്തുക.

കൃഷിഭവൻ: ഓരോ വാർഡിലും വാർഡുമെമ്പർ ചെയർമാനായി കാർഷികസമിതികൾ രൂപവൽകരിക്കുക. ഉപകരണങ്ങളും, സഹായധനവും, സമിതിവഴിമാത്രം വിതരണം ചെയ്യുക. വാർഡു തലത്തിൽ ഇടയ്ക്കിടെ കൃഷിഭവൻെറ നേതൃത്വത്തിൽ കർഷകസംഗമങ്ങൾ നടത്തുക. കർഷകരുടെ പ്രശ്നങ്ങൾ അറിയാനും, കൃഷിഭവനെക്കുറിച്ചുള്ള പരാതികൾ ഒരുപരിധിവരെ ഒഴിവാക്കാനും ഇത് മൂലം സാധിക്കും

- ജലസേചനത്തിനുള്ള സബ്സിഡി 40%ത്തിൽ നിന്നും 60%മായി ഉയർത്തുക.
- നെൽവയലുകൾ നികത്തുന്നത് കർശനമായി തടയുക. വിത്ത്, വളം എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.
- കിണറുകൾ വൃത്തമെന്നോ, ചതുരമെന്നോ നോക്കാതെ ആനുകൂല്യങ്ങൾ നൽകുക.
- പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഒരു കൃഷിത്തോട്ടം നിർമ്മിക്കുക.

ഔഷധോദ്യാനം: തരിശായി കിടക്കുന്ന പ്രദേശങ്ങളിൽ ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിക്കുക. പ്രത്യേകിച്ച് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന കുറുന്തോട്ടി തുടങ്ങിയവ.

സംരക്ഷണം: നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മധുരക്കിഴങ്ങ്, കൂവ, നടുതലക്കിഴങ്ങ്, കാവിത്ത്, കൂർക്ക ഇവ സംരക്ഷിക്കുന്നതിന് പ്രത്യേക കൃഷിക്കളങ്ങൾ ആരംഭിക്കുക.

തരിശുഭൂമിയിൽ, കശുമാവ്, മലമുകളിൽ റബ്ബർ എന്നിവ കൃഷി ചെയ്യാനാരംഭിക്കുക.


പഞ്ചായത്തിലെ ഓരോ പ്രധാനകേന്ദ്രത്തിലും ഇളനീർപന്തലുകൾ തുറക്കുക. ബോട്ടിലുകൾക്ക് പകരം ഇളനീരും, ഇളനീരുല്പന്നങ്ങളും ശീലമാക്കുക.

ഇൻഷൂറൻസ് പദ്ധതി: കർഷകർക്ക് അപ്രതീക്ഷിതമായുണ്ടാകുന്ന വിളനഷ്ടം പരിഹരിക്കുവാൻ എല്ലാ വിളകൾക്കും ഇൻഷൂറൻസ് ഏർപ്പെടുത്തണം. നടപ്പിലുള്ള ഇൻഷൂറൻസ് പദ്ധതികളെ കുറിച്ച് കർഷകർക്ക് അറിവില്ല എന്ന പ്രശ്നമുണ്ട്. അത് മറികടക്കാൻ കൃഷിഭവൻ, ഇൻഷൂറൻസ് വിഭാഗം, എന്നിവയുടെ നേതൃത്വത്തിൽ ബോധവൽകരണ ക്ലാസുകൾ നടത്തണം.

വിദ്യാലയപച്ചക്കറിത്തോട്ടങ്ങൾ: സ്കൂളുകൾ വഴി കുട്ടികൾക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നത് പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല, സ്കൂളുകളിൽ കൃഷിക്ലാസുകൾ ഏർപ്പെടുത്തി പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കണം. മെച്ചപ്പെട്ട ക്ലാസുകൾക്ക് സമ്മാനം നൽകണം. സൗകര്യമില്ലാത്ത സ്കൂളിലെ കുട്ടികളെ വീട്ടുവളപ്പിൽ കൃഷി ചെയ്യാൻ പ്രോത്സാഹിപ്പിക്കണം. സ്കൂൾ തലത്തിലും, പഞ്ചായത്ത് തലത്തിലും സമ്മാനങ്ങൾ ഏർപ്പെടുത്തണം.

- നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നാടന്മാവുകൾ, പ്ലാവുകൾ ഇവ സംരക്ഷിക്കുന്നതിന് പ്രത്യേകപദ്ധതികൾ ആവിഷ്കരിക്കണം.

# മൃഗസംരക്ഷണം, മത്സ്യബന്ധനം



## മൃഗസംരക്ഷണം

അനേകം വർഷങ്ങൾക്കുമുമ്പ് മനുഷ്യൻ യാത്രക്കും, കൃഷിക്കും മൃഗങ്ങളെയായിരുന്നു ആശ്രയിച്ചിരുന്നത്. ഭൂരിഭാഗവും കർഷകകുടുംബങ്ങൾ ജീവിച്ചിരുന്ന പൂക്കോട്ടൂർ ഗ്രാമത്തിൽ കാർഷികാവശ്യത്തിനും മറ്റും കന്നുകാലികളെ ധാരാളമായി വളർത്തിയിരുന്നു. മൃഗങ്ങളെ ഉപയോഗിച്ച് നിലം ഉഴുതൽ കർഷകർക്ക് ലാഭകരമല്ലാത്തതിനാലും ഇത്തരം ആവശ്യത്തിന് ട്രാക്ടർ സംവിധാനം വ്യാപകമായതിനാലും കന്നുകാലിവളർത്തൽ നന്നേകുറഞ്ഞ് വന്നു. കൃഷി ആവശ്യത്തിന് മാത്രമായി മൃഗങ്ങളെ വളർത്തിയിരുന്ന കുടുംബങ്ങൾ ഇവിടെ ധാരാളമായുണ്ടായിരുന്നു.

കറുത്തേടത്ത് കുഞ്ഞമുഹാജി, കറുത്തേടത്ത് മായുഹാജി, കൊണ്ടോട്ടിപറമ്പൻ അലവിക്കുട്ടിഹാജി, കുടുക്കൻ കുഞ്ഞമ്മത്ഹാജി, കൊല്ലപ്പറമ്പൻ മുഹമ്മദ്ഹാജി, കൊല്ലപ്പറമ്പൻ മായിൻകുട്ടി ഹാജി, മന്നത്തൊടി തലാപ്പിൽ ചേക്കുട്ടിഹാജി, മോഴിക്കൽ മമ്മതാജി, കൊണ്ടോട്ടി പറമ്പൻ മൊയ്തൂട്ടിഹാജി, പീടികപറമ്പൻ കുട്ടി ഹസ്സനാജി, മോഴിക്കൽ കുഞ്ഞിമൊയ്തീൻ ഹാജി, പുത്തൂപറമ്പിൽ കുമ്മിണി കീരൻ, പുത്തൂപറമ്പിൽ നാടി, പോത്തേങ്ങാടൻ കോമുക്കുട്ടി, കള്ളിയൻ കുഞ്ഞിമുഹമ്മദ്ഹാജി, അത്തിക്കോട്ടിൽ കുഞ്ഞി, എന്നിവരാണ് പഴയകാലത്ത് കന്നുകാലികളെ വളർത്തിയിരുന്നവരിൽ പ്രധാനികൾ.

കാളവണ്ടി വലിക്കുന്നതിനും ധാരാളംകുടുംബങ്ങൾ മൃഗങ്ങളെ വളർത്തിയിരുന്നു. ഫറോക്കിലേക്ക് ചകിരികേറ്റാനും കോഴിക്കോട്ട് നിന്ന് ചരക്കുകൊണ്ടുവരാനുമായിരുന്നു അക്കാലത്ത് കാളവണ്ടികൾ ഉപയോഗിച്ചിരുന്നത്. ജനങ്ങൾക്ക് സവാരിചെയ്യാനും പ്രത്യേകതരം കാളവണ്ടികൾ ഉപയോഗിച്ചിരുന്നു. അക്കാലത്തെ കല്യാണങ്ങളിൽ പുതുക്കം പോവാനും കാളവണ്ടികൾ ആശ്രയിച്ചവരുണ്ടായിരുന്നു. ഇത്തരം കാളവണ്ടികൾ 'കിങ്ങിണി' എന്ന പേരിലും അറിയപ്പെട്ടിരുന്നു. പറയങ്ങാട്ട് കുഞ്ഞോക്കർ, ചേക്കുളത്ത് മുഹമ്മത്, കൊല്ലൊടി അലവി, വാരിക്കുളത്തിൽ അലവി, പേരാപുറത്ത് മുഹമ്മത്, പേരാപുറത്ത് ചേളിപറമ്പിൽ മായിൻ, പറയങ്ങാട്ട് കോയാമു, പേരാപുറത്ത് മൊയ്തൂട്ടി, ഞെണ്ടുകണ്ണി കുഞ്ഞാലി, മോഴിക്കൽ ബീരാൻ, മോഴിക്കൽ കുഞ്ഞാലി, തോരം മൊയ്തീൻ, വണ്ടിപ്പെട്ട മങ്കരത്തൊടി ആലിക്കുട്ടി, പൂക്കോടൻ ചേക്കുമായിൻ, പൂക്കോട്ട് മമ്മദ്, നൂറേ മുച്ചിഉണ്ണിഹസൻ എന്നിവരായിരുന്നു പഞ്ചായത്തിലെ കാളവണ്ടി ഉടമകളിൽ പ്രധാനികൾ.

ആധുനികവാഹനങ്ങളുടെ വർധനവും പഴമയിൽ നിന്നും പുതുമയിലേക്കുള്ള കുതിച്ചുചാട്ടവും കാരണം ഇന്ന് കാളകളും കാളവണ്ടികളും അപ്രത്യക്ഷമായി.

പശു, ആട്, പോത്ത്, കാള, എരുമ, പട്ടി, പൂച്ച എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ കോഴി, താറാവ് എന്നീ പക്ഷികളേയും ഇവിടുത്തെ ജനങ്ങൾ വളർത്തുന്നു. പഞ്ചായത്തിലെ 75% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്.

വളർത്തുമൃഗങ്ങളുടെ - സംഖ്യ

| കാള | പശു | എരുമ | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|
| 300 | 880 | 40 | 200 | 2300 | - | ഇല്ല |

വളർത്തു പക്ഷികൾ - സംഖ്യ

| കോഴികൾ | താറാവ് | മറ്റുള്ളവ |
|---|---|---|
| 12000 | 213 | 115 |

കോഴികളെ അയൽ സംസ്ഥാനങ്ങളിൽ നിന്ന് മാംസത്തിനായി ഇറക്കുമതി ചെയ്യുന്ന സ്ഥിതിയാണുള്ളത്. കന്നുകാലികളെ അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത് വിൽപന നടത്തുന്ന 'കന്നുകച്ചവടക്കാരും' പഞ്ചായത്തിലുണ്ട്. തമിഴ്നാട്ടിൽ നിന്നും ആന്ധ്രയിൽ നിന്നും കാലികളെ കൊണ്ടുവന്ന് ആഴ്ചചന്തകളിൽ വിൽക്കുകയാണ് പതിവ്. പഞ്ചായത്തിൻെറ അയൽപ്രദേശങ്ങളായ മോങ്ങം, മഞ്ചേരി കാലിചന്തകളിലാണ് ഇതിൽ ഏറിയ പങ്കും വിപണനം ചെയ്യുന്നത്. ഓരോ ആഴ്ചയിലും 500ൽ ഏറെ 'കച്ചവടകന്നു'കളെ ഇങ്ങിനെ പുറം സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നുണ്ട്. എം.ടി.അലവി, ചേങ്ങോടൻ മുഹമ്മദ്ഹാജി, പാലക്കപള്ളി

548

യാളി ഹംസ, അബ്ദു, നാസർ, കെ.ടി.ഹംസ, കെ.ടി.സുലൈമാൻ, ചേങ്ങോടൻ യൂസുഫ്, ചേങ്ങോടൻ അവറാൻ പി.പി. ഇബ്രാഹിം എന്നിവരാണ് കന്ന് കച്ചവടക്കാരിൽ ചിലർ. മുമ്പ് കാലങ്ങളിൽ ദൂരെ ദിക്കിൽ നിന്ന് മൃഗങ്ങളെ തെളിച്ചാണ് കൊണ്ട് വന്നിരുന്നത്. എന്നാൽ ഇപ്പോൾ ലോറികളിലാണ് മൃഗങ്ങളെ കൊണ്ടുവരുന്നത്.

പഞ്ചായത്തിലെ ഏകമൃസംരക്ഷണക്രേന്ദം അറവങ്കരയിൽ ഒരു വാടകക്കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഇതിൻെറ സൗകര്യങ്ങൾ എത്തുന്നില്ല. ഓഫീസിലും ഫീൽഡിൽ പോവാനും ഒരാൾ മാത്രമായതിനാൽ ഈ സ്ഥാപനം അധികസമയവും അടഞ്ഞ് തന്നെ കിടക്കുന്നു. പഞ്ചായത്തിലെ രണ്ട് ബ്രോയിലർ യൂണിറ്റുകൾ വള്ളുവമ്പ്രത്ത് സ്ഥിതി ചെയ്യുന്നു.

അകിടുവീക്കം, കുളമ്പ്രോഗം, ദഹനസംബന്ധമായ രോഗങ്ങൾ, പോഷകാഹാര കുറവ് കൊണ്ടുള്ള രോഗങ്ങൾ, കോഴിവസന്ത എന്നിവയാണ് പഞ്ചായത്തിൽ സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ.

### 1995-96ലെ രോഗവിവരങ്ങൾ

| രോഗങ്ങൾ | പശു | എരുമ | ആട് | കോഴി | താറാവ് |
|---|---|---|---|---|---|
| ദഹനസംബന്ധമായ രോഗങ്ങൾ | 450 | 130 | 298 | 5 | 2 |
| ശ്വാസകോശസംബന്ധം | 40 | 12 | 24 | 4 | 1 |
| ഉപാചയസംബന്ധം | 16 | 4 | 10 | 1 | 1 |
| ത്വക്‌രോഗങ്ങൾ | 26 | 5 | 12 | 8 | - |
| ധാതുലവണങ്ങളുടെ അഭാവം | 36 | 4 | 20 | 5 | - |
| പരാദരോഗങ്ങൾ | 32 | 6 | 28 | 5 | - |
| പ്രത്യുൽപാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 14 | 3 | 8 | - | - |
| വന്ധ്യത | 10 | 2 | 4 | - | - |
| അകിട്‌വീക്കം | 36 | 2 | 12 | - | - |
| മുടന്തൻ പനി | 40 | 2 | - | - | - |
| പകർച്ചവ്യാധികൾ | 15 | 4 | 14 | 36 | - |

കോഴികളിൽ കണ്ടുവരുന്ന പകർച്ചവ്യാധിയെ ഭയന്ന് ആളുകൾ കോഴിവളർത്തുന്നതിൽ നിന്നും പുറകോട്ട്പോവുന്നു. അതുകൊണ്ട്തന്നെ പഞ്ചായത്തിലെ ജനങ്ങൾ ആവശ്യമായ കോഴികൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. പഞ്ചായത്തിലെ 12 കോഴി വിപണനകേന്ദ്രങ്ങളിലേക്കുമായി 1800കോഴികളെ ആഴ്ചയിൽ ഇറക്കുമതി ചെയ്യുന്നു. കോഴിത്തീറ്റയുടെ വിലക്കൂടുതൽ കോഴി വളർത്തുന്നവരെ അലട്ടുന്ന മറ്റൊരു പ്രശ്നമാണ്.

പഞ്ചായത്തിൽ കൃഷിയാവശ്യത്തിന് കലപ്പ വലിക്കാനായി 126 കാളകളെ വളർത്തുന്നതായി കണക്കാക്കപ്പെടുന്നു. 6 മൃഗങ്ങളെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ദിനേന അറവ് നടത്തുന്നു. അംഗീകൃതഅറവ്ശാലകൾ പഞ്ചായത്തിലില്ല. ലൈസൻസ് എടുത്ത് വളർത്തുന്ന പട്ടികളും പഞ്ചായത്തിലില്ല. 1993-94ൽ 12 പട്ടികൾക്ക് പേവിഷബാധ പ്രതിരോധചികിത്സ കുത്തിവെപ്പ് നൽകി. 94-95ൽ 10 പട്ടികൾക്കും 95-96ൽ 13 പട്ടികൾക്കും കുത്തിവെപ്പ് നൽകി. നിയന്ത്രണമില്ലാതെ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന ധാരാളം പട്ടികളുള്ളത് കൊണ്ട് ആകെ പട്ടികളുടെ എണ്ണം കണക്കാക്കാൻ സാധ്യമല്ല. കാലിത്തീറ്റക്ക് വിലകൂടിയത് കൊണ്ടും കന്നുകാലികൾക്ക് ആവശ്യമായ പുല്ല് ലഭ്യമല്ലാത്തത് കൊണ്ടും കന്നുകാലി വളർത്തൽ ലാഭകരമല്ലാതായി മാറുന്നു. വേനൽക്കാലമായാൽ കന്നുകാലി വളർത്തുന്നർ കഷ്ടപ്പെടുന്നു.

ഐ.ആർ.ഡി.പി. ലോൺ മുഖേന വളർത്തു മൃഗങ്ങളെ വാങ്ങി ജീവിതമാർഗ്ഗം കണ്ടെത്തുന്ന കുടുംബങ്ങളും പഞ്ചായത്തിലുണ്ട്.

### കഴിഞ്ഞ 5 വർഷത്തെ ഗുണഭോക്താക്കളുടെ വിവരണം

| വർഷം | ആട് | പശു | എരുമ | ഉഴവ്കാള | കോഴി |
|---|---|---|---|---|---|
| 1991-92 | 75 | 16 | - | 2 | 200 |
| 92-93 | 59 | 16 | - | 6 | - |
| 93-94 | 33 | 26 | - | 7 | - |
| 94-95 | 51 | 24 | - | - | - |
| 95-96 | 23 | 19 | - | - | - |
| ആകെ | 241 | 101 | - | 14 | 200 |

പഞ്ചായത്തിലെ ഏക ആട്ഫാം പൂക്കോട്ടൂർ ഇല്ല്യം പറമ്പിൽ സ്ഥിതി ചെയ്യുന്നു.

### മൃഗങ്ങളുടെ പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 192 | 180 | 144 | 125 |
| 1994-95 | 214 | 186 | 148 | 130 |
| 1995-96 | 228 | 192 | 135 | 116 |

### പാലുൽപാദനം

പഞ്ചായത്തിൽ മൊത്തം ദിനംപ്രതി 350-400 ലിറ്റർ പാൽ ശേഖരിക്കുന്നു. ഇത്രയും അളവ് പഞ്ചായത്തിനകത്ത് തന്നെ വിൽക്കുകയുമാണ് ചെയ്യുന്നത്. പാൽപുറത്തേക്ക് കയറ്റി അയക്കാൻ ഇത്വരെയും സാധിച്ചിട്ടില്ല. പശു വളർത്തൽ ലാഭകരമല്ലാത്തത്കൊണ്ട് പാലുൽപാദനം കാര്യക്ഷമമായി നടക്കുന്നില്ല. ക്ഷീരവികസനവകുപ്പിന് കീഴിൽ പഞ്ചായത്തിൽ അത്താണിക്കൽ, ചീനിക്കൽ(6-ാംവാർഡ്) എന്നീ രണ്ട് കേന്ദ്രങ്ങളിൽ പാലുൽപന്ന നിർമ്മാണ യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. രണ്ട് കേന്ദ്രങ്ങളിലായി 7 സ്ത്രീകളും ഒരു പുരുഷനുമാണ് ഇതിൻെറ ഗുണഭോക്താക്കൾ. കോഴിമുട്ട വിപണനത്തിനായി പഞ്ചായത്തിൽ പ്രത്യേകം കേന്ദ്രംഇല്ലഎങ്കിലും കോഴിമുട്ട വിൽപന കാര്യമായി നടക്കുന്നു. കോഴിമുട്ടക്ക് മാർക്കറ്റിൽ വൻ ഡിമാൻറാണ്. 95-ൽ ഒരു രൂപ വിലയുണ്ടായിരുന്ന കോഴിമുട്ട ഇപ്പോൾ മാർക്കറ്റിൽ 1രൂപ50 പൈസയാണ് വില. താറാവ് മുട്ടക്ക് രണ്ട് രൂപ 50 പൈസയാണ് വില.

### മത്സ്യബന്ധനം

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ആരും പഞ്ചായത്തിലില്ല. മത്സ്യം വളർത്താൻ ഉപയോഗിക്കുന്ന കുളങ്ങളും, കായലുകളും പഞ്ചായത്തിലില്ല. എന്നാൽ മത്സ്യം വളരുന്ന തോടുകളും കുളങ്ങളും ധാരാളമുണ്ട്. ജലക്ഷാമനുഭവപ്പെടുന്നതോടെ മത്സ്യങ്ങൾക്കും വംശനാശമനുഭവപ്പെടുന്നു. പഞ്ചായത്തിൽ ഒന്നോ രണ്ടോ കേന്ദ്രങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ മത്സ്യം വളർത്തൽ കേന്ദ്രം ആരംഭിച്ചാൽ അതിന് സാധ്യത കാണുന്നു.

ഒരു അംഗീകൃത മത്സ്യമാർക്കറ്റ് അറവങ്കരയിൽ സ്ഥിതിചെയ്യുന്നു. പുറത്ത് നിന്ന് ഇറക്കുമതി ചെയ്ത് മത്സ്യവിപണനം നടത്തുന്ന 9 കേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്. ഏകദേശം ഒന്നരടൺ മത്സ്യം ഇത്തരം ക്രേന്ദങ്ങൾ മുഖേന ഓരോ ദിവസവും പഞ്ചായത്തിൽ വിൽക്കപ്പെടുന്നു.

### പ്രശ്നങ്ങൾ

- കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ വിലകൂടുതൽ
- പുൽ, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്
- രോഗങ്ങളെക്കുറിച്ച് ആവശ്യമായ ബോധവൽകരണത്തിൻെറ അപര്യാപ്തത
- അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന പട്ടികൾ

### നിർദ്ദേശങ്ങൾ

- പുൽകൃഷി വ്യാപകമാകുക - കൃഷിക്ക് സബ്സിഡി നൽകുക
- മുഴുവൻ സമയം പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രി തുറക്കുക
- കോഴിത്തീറ്റ, കാലത്തീറ്റ എന്നിവക്ക് സബ്സിഡി നൽകുക.
- ക്ഷീരവികസന സഹകരണസംഘങ്ങൾ തുറക്കുക
- പഞ്ചായത്തിലെ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന എല്ലാ പട്ടികളേയും കൊല്ലുക.
- എല്ലാ പട്ടികൾക്കും പേവിഷ നിർമ്മാർജ്ജനഔഷധം കുത്തിവെച്ച് പേവിഷവിമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കുക.
- അറവ് ശാല നിർമ്മിക്കുക
- പഞ്ചായത്തിലെ മൃഗങ്ങളെ ഇൻഷൂർ ചെയ്യുക
- പശു, ആട് എന്നിവ വളർത്താൻ സാമ്പത്തിക സഹായം നൽകുക

530

# വ്യവസായം

പൂക്കോട്ടൂർ പഞ്ചായത്ത് ഏറനാട്ടിലെ പ്രധാന വാണിജ്യകേന്ദ്രമായ മഞ്ചേരിയിൽ നിന്നും ജില്ലാ കേന്ദ്രമായ മലപ്പുറത്ത് നിന്നും 8കി.മീ ദൂരത്തിലും, പഞ്ചായത്തിൻെറ അടുത്ത പ്രധാന റെയിൽവേ സ്റ്റേഷനും മലബാറിലെ പ്രധാനപട്ടണവും വാണിജ്യകേന്ദ്രവുമായ കോഴിക്കോട് നിന്ന് 40 കി.മീ ദൂരത്തിലും കാലിക്കറ്റ് അന്തർദേശീയവിമാനത്താവളം പഞ്ചായത്തിൽ നിന്ന് 16 കി.മീ ദൂരത്തിലും സ്ഥിതി ചെയ്യുന്നു. ബീഡി, ചൂടി പിരിക്കൽ, കൊട്ടനെയ്ത്ത്, പായനെയ്ത്ത്, മൺപാത്രനിർമ്മാണം എന്നിവ കുടിൽ വ്യവസായമായി പ്രവർത്തിച്ചു വന്നിരുന്നു.

പൊതുമേഖലയിലും സഹകരണമേഖലയിലും വ്യവസായങ്ങൾ ഒന്നും ഇല്ലാത്ത പഞ്ചായത്താണ് പൂക്കോട്ടൂർ. സ്വകാര്യമേഖലയിലൽ പുല്ലാരയിൽ ഒരു പി.വി.സി. പൈപ്പ് ഫാക്ടറിയും, വള്ളുവമ്പ്രത്ത് ഏറനാട് വുഡ് ഇൻഡസ്ട്രീസ് ടി.വി.എസ്. സർവ്വീസ് ആൻറ് സെയിൽസ് ഡിപ്പോയും പ്രവർത്തിക്കുന്നു ഇവ മൂന്നും മാത്രമാണ് പൂക്കോട്ടൂർ പഞ്ചായത്തിലെ എടുത്ത് പറയാൻ പറ്റാവുന്ന വ്യവസായങ്ങൾ. ഈ മൂന്ന് മേഖലകളിലുമായി 40 ഓളം തൊഴിലാളികൾ മാത്രമാണ് ജോലി ചെയ്യുന്നത്. ഇവർ മറ്റ് പ്രദേശങ്ങളിലുള്ളവരാണ്.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 53 ചെറുകിട പരമ്പരാഗത കുടിൽ വ്യവസായങ്ങൾ പ്രവർത്തിക്കുന്നു. ഇവ മിക്കവാറും സ്വയം തൊഴിൽ സംരംഭങ്ങളായാണ് പ്രവർത്തിക്കുന്നത്. ഈ കാരണംകൊണ്ട് തന്നെ പഞ്ചായത്തിലെ തൊഴിൽസേനയെ ഉപകാരപ്രദമായ രീതിയിൽ വികസിപ്പിക്കാൻ കഴിയാത്ത അവസ്ഥയാണ് ഉള്ളത്. തൊഴിൽ മേഖല വികസിപ്പിച്ച് സാമൂഹികപുരോഗതിക്ക് ഉതകും വിധമല്ല ഇവയുടെ പ്രവർത്തനം. ഏകദേശം 400ഓളം പേർ വിവിധ വ്യവസായങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ജോലി ചെയ്യുന്നു. മൊത്തം തൊഴിൽ മേഖല പരിശോധിച്ചാൽ വ്യാവസായികമായി പൂക്കോട്ടൂരിൻെറ അവസ്ഥ വളരെ മോശമാണെന്ന് കാണാം. പഞ്ചായത്തിലെ തൊഴിൽ സേനയുടെ വളരെ ചെറിയ ഭാഗം മാത്രമാണ് വ്യവസായ മേഖലയുടെ സംഭാവന. സ്ത്രീ തൊഴിലാളികൾ നാമമാത്രമേ ഈ രംഗത്തുള്ളൂ. ഉള്ള സ്ത്രീ തൊഴിലാളികൾ കരിങ്കൽ മേഖലയിൽ ജോലി ചെയ്യുന്നു.

പഞ്ചായത്തിൽ നിലവിലുള്ള പ്രധാന വ്യവസായങ്ങളുടെ വിവരം പട്ടിക ഒന്നിലും, ചെറുകിട വ്യവസായങ്ങളുടെ വിവരങ്ങൾ പട്ടിക രണ്ടിലും, പരമ്പരാഗത കുടിൽ വ്യവസായങ്ങളുടെ വിവരങ്ങൾ പട്ടിക മൂന്നിലും കൊടുത്തിരിക്കുന്നു.

പട്ടിക - 1
പൂക്കോട്ടൂർ
പഞ്ചായത്തിലെ പ്രധാനവ്യവസായങ്ങളുടെ വിവരങ്ങൾ

| നമ്പർ | വ്യവസായം | എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | പി.വി.എസ്. പൈപ്പ്സ് | 1 | 12 |
| 2 | ഏറനാട് വുഡ് ഇൻഡസ്ട്രീസ് | 1 | 6 |
| 3 | ടി.വി.എസ് സർവ്വീസ് സ്റ്റേഷൻആൻറ് സെയിൽസ് | 1 | 23 |

പട്ടിക - 2
പൂക്കോട്ടൂർ
പഞ്ചായത്തിലെ ചെറുകിട വ്യവസായ യൂണിറ്റുകൾ

| നം. | യൂണിറ്റിൻെറ പേർ | യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| 1. | സ്റ്റീൽ ഫർണ്ണീച്ചർ നിർമ്മാണം | 1 |
| 2. | കോൺക്രീറ്റ് -വാതിൽ-ജനൽ-വെൻറിലേഷൻ നിർമ്മാണം | 1 |
| 3. | റോളിംഗ് ഷട്ടർ | 3 |
| 4. | ലൈറ്റ് ഇൻഡസ്ട്രിയൽ | 6 |
| 5. | വുഡ് ഇൻഡസ്ട്രിയൽ | 2 |
| 6. | സോമിൽ | 3 |
| 7. | ഗേറ്റ് ആൻറ് ഗ്രിത്സ് | 6 |
| 8. | ഫ്ളവർ മിൽ | 14 |
| 9. | റൈസ് മിൽ | 6 |
| 10. | ഓയിൽ മിൽ | 7 |

| നം. | യൂണിറ്റിൻെറ പേർ | യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| 11. | ഫൗണ്ടിംഗ് മിൽ | 2 |
| 12. | സർവ്വീസ് സ്റ്റേഷൻ | 1 |
| 13. | റീസോളിംഗ് ടയർ | 1 |
| 14. | മെഴുകുതിരി നിർമ്മാണം | 1 |
| 15. | റെഡിമെയ്ഡ്സ് വസ്ത്ര നിർമ്മാണം | 1 |
| 16 | ചെരിപ്പ് നിർമ്മാണം | 2 |
| 17. | സ്വർണ്ണാഭരണനിർമാണം | 11 |
| 18. | ഐസ് നിർമ്മാണം | 1 |
| 19. | ലെതർബാഗ് നിർമ്മാണം | 3 |
| 20 | കവർ നിർമ്മാണം | 1 |

അവലംബം സെക്കൻററി ഡാറ്റ

പട്ടിക 3
പരമ്പരാഗത കുടിൽ
വ്യവസായങ്ങളുടെ വിവരങ്ങൾ

| നം. | യൂണിറ്റിൻെറ പേർ | യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| 1 | ബീഡി | 30 |
| 2. | പപ്പടം | 10 |
| 3 | കൊട്ടനെയ്ത്ത് | 8 |
| 4. | കൊല്ലപ്പണി | 4 |
| 5 | മൺകലനിർമ്മാണം | 6 |
| 6. | ചിപ്സ്, നുറുക്ക് നിർമ്മാണം (ബേക്കറി) | 5 |
| | ആകെ | 63 |

അവലംബം സെക്കൻററി ഡാറ്റ

പഞ്ചായത്തിലെ പരമ്പരാഗത കുടിൽ വ്യവസായങ്ങളായ ബിഡി നിർമ്മാണം, കൊട്ടനെയ്ത്ത് മൺകലനിർമ്മാണം, കൊല്ലപ്പണി തുടങ്ങിയവ നശിച്ച് കൊണ്ടിരിക്കുന്നു. ആധുനിക യന്ത്രങ്ങൾ കൊണ്ട് നിർമ്മിച്ച് മായികപരസ്യങ്ങളുടെ അകമ്പടിയോടെ വിപണിയിലെത്തുന്ന ഉൽപന്നങ്ങളോട് മത്സരിച്ച് വിപണിയിൽ സ്ഥാനം കണ്ടെത്താൻ കുടിൽ വ്യവസായങ്ങൾക്ക് കഴിയുന്നില്ല. തൊഴിൽ മേഖലയിൽ ബീഡിതൊഴിലാളികൾ ഏറ്റവും കൂടുതൽ ഉണ്ടായിരുന്ന പഞ്ചായത്താണ് പൂക്കോട്ടൂർ. കൂലിയുടെ കുറവും വിദേശജോലി സാധ്യത വർദ്ധിച്ചതുകൊണ്ടും ഇന്ന് ഈ രംഗത്ത് നാമമാത്രമായ തൊഴിലാളികൾ മാത്രമേ ഉള്ളൂ. തൊഴിൽ സേനയെ സംഭവാന ചെയ്യാൻ കഴിയുന്ന മരപ്പണി, കൊല്ലപ്പണി, സ്വർണ്ണപ്പണി, മൺപാത്രനിർമ്മാണം എന്നിവ ഇന്നും കുലത്തൊഴിൽ എന്ന നിലയിൽ നിന്നും മാറി സാർവ്വത്രികമായിട്ടില്ല. അതുകൊണ്ട് ഈ രംഗത്ത് വിദഗ്ധരായ തൊഴിലാളികൾ കുറവായി അനുഭവപ്പെടുന്നു. പരമ്പരാഗതമായ കുടിൽ വ്യവസായങ്ങൾ ആധുനികയന്ത്രങ്ങൾ ഉപയോഗിച്ച് നവീകരിച്ച് തൊഴിൽ രഹിതർക്ക് വിവിധ മേഖലകളിൽ വിദഗ്ധപരിശീലനം നൽകിയാലെ ഈ രംഗത്ത് വിജയം നേടാൻ കഴിയുകയുള്ളൂ.

## പ്രശ്നങ്ങൾ

1.പൊതുമേഖല, സഹകരണമേഖലകളിലെ വ്യവസായങ്ങളുടെ അഭാവം
2.സാങ്കേതികപരിജ്ഞാനകുറവ്
3.പരമ്പരാഗത വ്യവസായങ്ങളിലെ കൂലികുറവ്
4.തൊഴിൽ പരിശീലനം ലഭിക്കുന്നതിനുള്ള സാധ്യതകുറവ്
5.വൈദ്യുതി കണക്ഷന് താമസവും, വോൾട്ടേജ് കമ്മിയും, പവർകട്ടും
6.വിദഗ്ധതൊഴിലാളികളുടെ അഭാവം
7.ലൈസൻസ് ലഭിക്കാനുള്ള കാലതാമസവും സാങ്കേതിക ബുദ്ധിമുട്ടും
8.വ്യാവസായിക ലോണുകൾ യഥാസമയം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
9.അസംസ്കൃതവസ്തുക്കൾ വേണ്ടത്ര ലഭിയ്ക്കായ്ക
10.വിപണനത്തിലെ അപാകതകളും ബുദ്ധിമുട്ടുകളും
11.മാനേജ്മെൻറ് രംഗത്ത് വൈദഗ്ധ്യമില്ലായ്മ
12.വനിതകളുടെ തൊഴിലവസരകുറവ്

നമ്മുടെ പഞ്ചായത്തിൽ വ്യവസായ വികസനത്തിന് പറ്റിയ അന്തരീക്ഷമാണ് ഉള്ളത്. വിദേശമലയാളികളിൽ നിന്നുള്ള മൂലധനനിക്ഷേപം, ഗതാഗതസൗകര്യം, ഉയർന്ന വാർത്താ വിനിമയസൗകര്യങ്ങൾ, മനുഷ്യവിഭവം, പൊതുജന തൽപരത, കാർഷിക അസംസ്കൃതവസ്തുക്കളുടെ ലഭ്യത(നാളികേരം, അടയ്ക്ക) എന്നിവ ഉപയോഗപ്പെടുത്തി വ്യാവസായിക വളർച്ച ഉണ്ടാക്കാൻ കഴിയുന്നതാണ്.

ചെറുകിടകുടിൽ വ്യവസായങ്ങൾക്ക് മുൻഗണന നൽകികൊണ്ട് വേണം വ്യവസായങ്ങൾ സ്ഥാപിക്കുവാൻ. സഹകരണാടിസ്ഥാനത്തിലും, പൊതുമേഖലാടിസ്ഥാനത്തിലും ധാരാളം വ്യവസായങ്ങൾ സ്ഥാപിക്കുവാൻ സാധ്യത കാണുന്നുണ്ട്. ഗ്രാമസഭാ ചർച്ചകളിൽ പലരും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ആവശ്യമായ തൊഴിലാളികളെ പ്രദാനം ചെയ്യാൻ കഴിയുന്ന പ്രദേശമാണ്. തൊഴിൽ

രഹിതർക്ക് വിദഗ്ധപരിശീലനം നൽകിയാൽ മാത്രം മതി. വിദേശത്ത് ജോലി ചെയ്യുന്നവരിൽ നിന്ന് ആവശ്യമായ മൂലധനം ഷെയർ രൂപത്തിൽ സംഘടിപ്പിക്കുവാൻ കഴിയുന്നതാണ്. വിദേശത്ത് വിവിധ ഫാക്ടറികളിൽ ജോലി ചെയ്ത് വൈദഗ്ധ്യം നേടി തിരിച്ചെത്തുന്നവരെ ഉപയോഗിക്കാവുന്നതാണ്. നിലവിലുള്ള പരമ്പരാഗതവ്യവസായങ്ങൾക്ക് ആവശ്യമായ സാങ്കേതികവും, സാമ്പത്തികവുമായ സഹായങ്ങൾ നൽകി വിപുലീകരിക്കാനും, പരമ്പരാഗത തൊഴിലാളികളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് പുതിയ യൂണിറ്റുകൾ ഉണ്ടാക്കുവാനും കഴിയും.

പഞ്ചായത്തിലെ കാർഷിക ഉൽപന്നങ്ങൾ ഉപയോഗിച്ച് വിവിധതരം ചെറുകിട വ്യവസായങ്ങൾ ഉണ്ടാക്കുവാൻ കഴിയുന്നതാണ്.

## സാധ്യതകൾ

1. ഇളനീർ ശീതളപാനീയങ്ങൾ
2. കൊപ്രസംസ്കരണം(വെളിച്ചെണ്ണയിൽ നിന്ന് വിവിധതരം ഉൽപന്നങ്ങൾ)
3. തൊണ്ട്, ചിരട്ട ഉപയോഗിച്ച് വിവിധതരം ഉൽപന്നങ്ങൾ
4. സോപ്പ് നിർമ്മാണം
5. കാലിത്തീറ്റ, കോഴിത്തീറ്റ
6. ചിപ്സ്, നുറുക്ക് (ബേക്കറി)

*അവലംബം: ഗ്രാമസഭ ചർച്ച*

## മറ്റ് അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ച് ആരംഭിക്കാൻ കഴിയുന്ന വ്യവസായങ്ങൾ

1. പാൽ ഉപയോഗിച്ച് വിവിധതരം വ്യവസായങ്ങൾ
2. പ്ലാസ്റ്റിക് ഉൽപന്നങ്ങൾ
3. കളിപ്പാട്ട, കരകൗശലനിർമ്മാണം
4. വസ്ത്രനിർമ്മാണം, നൂൽ നൂൽപ്പ്കേന്ദ്രം, കൈത്തറി
5. ഗ്രാനൈറ്റ്സ്(കരിങ്കൽ)
6. മെഴുകുതിരി, ചന്ദനത്തിരി
7. റബർ ഉൽപന്നങ്ങൾ
8. വുഡ് പ്രൊഡക്ട്സ്
9 ബീഡി
10. ഈറ്റ ഉൽപന്നങ്ങൾ
11 അടക്കസംസ്കരണവും ഉല്പന്ന നിർമ്മാണവും
12. ഹോളോബ്രിക്സ് -ഇഷ്ടിക
13. ചെരിപ്പ് നിർമ്മാണം
14. ഐസ് ഫാക്ടറി
15. ഭക്ഷ്യ സംസ്കരണം
16. കോഴി വളർത്തൽ

*അവലംബം: ഗ്രാമസഭ ചർച*

മേൽപറഞ്ഞ നിർദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായ രംഗത്ത് വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുന്നതാണ്. പൂക്കോട്ടൂർ പഞ്ചായത്തിൽ ഉപയോഗിക്കുന്ന സാധനങ്ങൾ മുഴുവനും മറ്റ് പ്രദേശത്ത് നിന്ന് വരുന്നതാണ്. ഈ കാര്യത്തിലെങ്കിലും സ്വയം പര്യാപ്തത നേടാൻ കഴിയുന്നതാണ്.

## വൻകിട വ്യവസായങ്ങൾ

പഞ്ചായത്തിൽ പൊതുമേഖലയിലോ, സഹകരണമേഖലയിലോ വൻകിട വ്യവസായങ്ങൾ തുടങ്ങാൻ വളരെ സാധ്യതകളുണ്ട്. ഓഹരിമൂലധനമായി ഗൾഫ് കുടിയേറ്റക്കാരിൽ നിന്ന് സഹകരണം പ്രതീക്ഷിക്കാവുന്നതാണ്. ഗൾഫ് മലയാളികൾ വ്യവസായ വികസനത്തിൽ താല്പര്യം കാണിക്കുന്നുണ്ട്. അതിനുവേണ്ട സാഹചര്യങ്ങൾ ഒരുക്കിയാൽ മതി.


ഇവിടെ സാധ്യതയുള്ള വൻകിട വ്യവസായങ്ങൾ

1. സ്പിന്നിംഗ് മിൽ
2. ജനറൽ എൻജിനിയറിംഗ്
3. സ്റ്റീൽ ഇൻഡസ്ട്രീസ്

### നിർദേശങ്ങൾ

1. വ്യവസായങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ട നിർദ്ദേശങ്ങളും, പ്രോത്സാഹനവും നൽകുക.
2. വ്യവസായരംഗത്ത് വരുന്നവർക്ക് ആവശ്യമായ വൈദ്യുതി ഉറപ്പ് വരുത്തുക.
3. വനിതകളുടെ വിവിധ സഹകരണസംഘങ്ങൾ ഉണ്ടാക്കി-റെഡിമെയ്ഡ് നൂൽനൂൽപ്, കൈത്തറി കേന്ദ്രങ്ങൾ ഉണ്ടാക്കുകയും പ്രത്യേക പരിശീലനം നൽകുകയും ചെയ്യുക.
4. നാളികേരത്തിൽ നിന്ന് വിവിധ ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിന് സാങ്കേതികമായ സഹായം വിവിധ ഏജൻസികളിലൂടെ ലഭ്യമാക്കുക.
5. സഹകരണമേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കുക.
6. പഞ്ചായത്തിലെ ലഭ്യമായ അസംസ്കൃതവസ്തുക്കളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.
7. ലോണുകൾ യഥാവസരം അനുവദിക്കുകയും സബ്സിഡി അനുവദിക്കുകയും ചെയ്യുക.
8. ആവശ്യമായ പൊതുവിപണന മേഖല ശക്തിപ്പെടുത്തുക
9. മാനേജ്മെൻറ് പരിശീലനം പുതിയ വ്യവസായ സംരംഭകർക്ക് നൽകുക.
10. കരകൗശലരംഗത്ത് വിദഗ്ദ്ധ പരിശീലനം നൽകുക.
11. പരമ്പരാഗത വ്യവസായങ്ങൾ ആധുനികവൽക്കരിക്കാൻവേണ്ട സഹായങ്ങൾ നൽകുക.

# ഊർജ്ജം



പഞ്ചായത്തിലെ ഊർജ്ജാവശ്യം നിറവേറ്റുന്നതിനായി പ്രധാനമായും ആശ്രയിക്കുന്ന ഊർജ്ജസ്രോതസ്സുകൾ വിറക്, മണ്ണെണ്ണ, വൈദ്യുതി എന്നിവയാണ്.

വിറക്

ബഹുഭൂരിപക്ഷം വീടുകളിലും പാചക ആവശ്യത്തിനുവേണ്ടി പ്രധാനമായും ആശ്രയിക്കുന്നത് വിറകാണ്. തെങ്ങുൽപന്നങ്ങൾ, മരമില്ലുകളിൽ നിന്നും ലഭിക്കുന്ന വിറക്, ഈർച്ചപ്പൊടി എന്നിങ്ങനെയാണ് വിറകിൻെറ ലഭ്യത. മിക്ക കുടുംബങ്ങളും വിറക് വില കൊടുത്ത് വാങ്ങുകയാണ് ചെയ്യുന്നത്. ഇതിനുവേണ്ടി ഇവരുടെ കുടുംബബഡ്ജറ്റിൽ നല്ല ഒരു തുക നീക്കിവെക്കേണ്ടി വരുന്നു. വനപ്രദേശങ്ങളോ പാഴ്മരങ്ങളോ കൂടുതൽ ഇല്ലാത്ത ഈ പഞ്ചായത്തിൽ വിറകിൻെറ ലഭ്യത രൂക്ഷമായ പ്രശ്നം തന്നെയാണ്. ചുരുക്കം ചില വീടുകളിൽ ദക്ഷത കൂടിയ വിറകടുപ്പുകൾ ഉപയോഗിക്കുന്നു. ഇതിന് വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല.

## മണ്ണെണ്ണ - പ്രകൃതിവാതകം

ഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചതാണെങ്കിലും മണ്ണെണ്ണ വിളക്കുകൾ മാത്രം ഉപയോഗിക്കുന്ന വീടുകൾ ധാരാളം ഉണ്ട്. ചില വീടുകൾ പാചകആവശ്യത്തിനു മണ്ണെണ്ണ ഉപയോഗിക്കുന്നു ചുരുക്കം ചില കർഷകരും കാർഷികആവശ്യത്തിന് വേണ്ടി മണ്ണെണ്ണ ഉപയോഗിക്കുന്നു. പഞ്ചായത്തിലെ സാമ്പത്തികശേഷിയുള്ള ചില വീടുകളിൽ പാചകആവശ്യത്തിനായി പ്രകൃതിവാതകം ഉപയോഗിക്കുന്നുണ്ട്. സ്വകാര്യഏജൻസികളെയാണ് ഇതിനായി അവർ ആശ്രയിക്കുന്നത്. പഞ്ചായത്തിലെ അപൂർവ്വം ചില വീടുകളിൽ ജൈവവാതകം ഉൽപാദിപ്പിച്ചിരുന്നു. എന്നാൽ കന്നുകാലി വളർത്തൽ ചെലവേറിയ സംരംഭമായി മാറിയതിനാൽ അത്തരം പ്ലാൻറുകൾ നിലച്ചു പോയിരിക്കുന്നു.

## വിദ്യുച്ഛക്തി

വീടുകൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ വെളിച്ചത്തിനും, ചെറുകിട വ്യവസായയൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനും വ്യാപകമായി ഉപയോഗിക്കുന്ന ഊർജ്ജം വൈദ്യുതിയാണ്. തെരുവു വിളക്കുകൾ കത്തിക്കാനും വൈദ്യുതി ഉപയോഗിക്കുന്നു. താഴെ വിവരിക്കുന്ന കണക്കുകൾ വൈദ്യുതി ഉപഭോഗത്തിൻെറ വ്യാപ്തി വെളിവാക്കുന്നു.

**നിലവിലുള്ള ഉപഭോക്താക്കൾ**

| | | |
|---|---|---|
| 1 | ഗാർഹികം | 2252 |
| 2 | വ്യാപാരം | 557 |
| 3 | വ്യവസായം | 56 |
| 4 | കാർഷികം | 154 |

നടപ്പുവർഷം നൽകിയ കണക്ഷൻ താഴെ വിവരിച്ച പ്രകാരമാണ്.

| | |
|---|---|
| ഓർഡിനറി | 66 |
| ഒടി.പി. | 14 |
| ഒ.വൈ.ഇ.സി. | 120 |

വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷിച്ചു കാത്തിരിക്കുന്നവരുടെ വിവരം താഴെ കൊടുക്കുന്നു

| | | | |
|---|---|---|---|
| ഓർഡിനറി | - | OH 34, | w/p70. |
| O.T.P | - | 0H12, | w/p6 |
| OY.E.C. | - | OH30, | w/p 172 |

മേൽപറഞ്ഞ അപേക്ഷകരിൽ ഒ.വൈ.ഇ.സി. വിഭാഗത്തിൽ 7.5.96ന് ശേഷവും ഓർഡിനറി വിഭാഗത്തിൽ 5-4-96ന് ശേഷവും കണക്ഷൻ നൽകിയിട്ടില്ല എന്ന് കാണാൻ കഴിയും.

*(ദ്വിതീയ വിവരശേഖരകണക്കുകളിൽ നിന്ന്)*

പഞ്ചായത്തിലെ ഹരിജൻ കോളനികളായ പറക്കാടൻ, പുത്തൂപറമ്പിൽ, ചുണ്ടേൽതൊടി, ചോഴക്കാട്, മൂലക്കോട്ടിൽ, നെച്ചിയിൽ, തിയ്യത്ത് എന്നീ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. നീണ്ടാരത്തിൽ, പനക്കൽ, കക്കാടമ്മൽ, കാവുങ്ങൽ, പാറപ്പുറത്ത് എന്നീ കോളനികൾ വൈദ്യുതീകരിക്കാത്തവയാണ്.

തെരുവുവിളക്കുകൾക്കായി 20 സോഡിയം വേപ്പർ ലാമ്പുകളും4 ട്യൂബുകളും 50 ബൾബുകളും ഉപയോഗിക്കുന്നുണ്ട്. തെരുവ് വിളക്കുകൾ കത്തിക്കുന്നതിനായി

പ്രതിമാസം 1909 രൂപ പഞ്ചായത്ത് ചെലവഴിക്കുന്നു. പൂക്കോട്ടൂർ പഞ്ചായത്ത് മലപ്പുറം കൊണ്ടോട്ടി, മഞ്ചേരി എന്നീ മൂന്ന് ഇലക്ട്രിസിറ്റി മേജർസെക്ഷൻ ഓഫീസുകൾക്ക് കീഴിലാണുള്ളത്. പഞ്ചായത്തിൻെറ വിവിധസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 16 ട്രാൻസ്ഫോർമർ ഉപയോഗിച്ചാണ് പഞ്ചായത്തിൽ മൊത്തം വരുന്ന 3019 ഉപഭോക്താക്കൾക്കുള്ള വൈദ്യുതിവിതരണം നിർവ്വഹിക്കുന്നത്.

വോൾട്ടേജ്ക്ഷാമം, പവർകട്ട്, പ്രസരണത്തിൽ ഇടയ്ക്കിടെയുണ്ടാകുന്ന തടസ്സം എന്നിവ വൈദ്യുതി ഉപഭോക്താക്കൾക്കിടയിൽ വ്യാപകമായ അസംതൃപ്തിക്കിടയാക്കുന്നുണ്ട്. കൂടാതെ സിംഗ്ൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതിനുപകരം ഇതിൻെറ മൊത്തം ചെലവും വൈദ്യുതി അപേക്ഷകർ വഹിച്ചിരിക്കണമെന്ന സർക്കാറിൻെറ പുതിയ തീരുമാനം പാവപ്പെട്ട ആളുകൾക്ക് വൈദ്യുതി കിട്ടാക്കനിയാക്കും എന്ന കാര്യം തീർച്ചയാണ്. പഞ്ചായത്തിലെ വർധിച്ചുവരുന്ന ഊർജ്ജാവശ്യം നിറവേറ്റുന്നതിനും നിലവിലുള്ള ഉപഭോക്താക്കൾക്ക് വൈദ്യുതി ലഭ്യത സുഗമമാക്കുന്നതിനും ഒരു വൈദ്യുതി സബ്സ്റ്റേഷൻ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്.

### പ്രശ്നങ്ങൾ

പഞ്ചായത്തിൻെറ സമഗ്രപുരോഗതിക്കാവശ്യമായ ഊർജ്ജരംഗത്ത് നിരവധിപ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്.

1. വർധിച്ചുവരുന്ന ആവശ്യത്തിനനുസരിച്ച് ലഭ്യത വർദ്ധിക്കുന്നില്ല

2 പാരമ്പര്യേതരഊർജ്ജസ്രോതസ്സുകളെക്കുറിച്ചുള്ള അറിവില്ലായ്മ.

3. പ്രസരണനഷ്ടം

4. പ്രസരണലൈനുകൾക്ക് താങ്ങാവുന്നതിലും അധികം ലോഡ്

5. വേണ്ടത്ര ട്രാൻസ്ഫോർമറുകളുടെ അഭാവം

6 വൈദ്യുതിലൈനിലെ അറ്റകുറ്റ പണികൾ യഥാസമയം നിർവ്വഹിക്കുന്നതിലെ താലതാമസം

7. വൈദ്യുതിഉപഭോക്താക്കൾക്ക് കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം

8 പഞ്ചായത്ത് 3 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്ക് കീഴിലായതുകൊണ്ടുള്ള പ്രയാസങ്ങൾ

### സാധ്യതകൾ

പഞ്ചായത്തിലെ വർധിച്ചുവരുന്ന ഊർജ്ജ ആവശ്യം നിർവ്വഹിക്കുന്നതിനും നിലവിലുള്ള വൈദ്യുതി സംവിധാനം കുറ്റമറ്റതാക്കുന്നതിനുമായി താഴെ വിവരിക്കുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു

1 വിറകിന് ഉപയോഗിക്കുന്ന മരങ്ങൾ വ്യാപകമായി നട്ട് പിടിപ്പിക്കുക

2 ദക്ഷത കൂടിയ വിറകടുപ്പുകൾ വ്യാപകമാക്കുക.

3. സബ്സിഡി നിരക്കിൽ ഉപഭോക്താക്കൾക്ക് മണ്ണെണ്ണ ലഭ്യമാക്കുക.

4. മലപ്പുറം മഞ്ചേരി, കൊണ്ടോട്ടി എൽ.പി.ജി. ഗ്യാസ് ഏജൻസികളിൽ ഏതെങ്കിലും ഒന്നിൻെറ ഏരിയയിൽ പൂക്കോട്ടൂർ പഞ്ചായത്ത് കൂടി ഉൾപ്പെടുത്തി പഞ്ചായത്തിലെ ജനങ്ങൾക്കും പാചകആവശ്യത്തിന് ഗ്യാസ് ലഭ്യമാക്കുക.

5 പഞ്ചായത്തിൽ ഒരു പെട്രോൾ പമ്പ് സ്ഥാപിക്കുക.

6. പൂക്കോട്ടൂർ പഞ്ചായത്തും സമീപപ്രദേശങ്ങളും ഉൾപ്പെടുത്തി പഞ്ചായത്തിൽ ഒരു ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ് സ്ഥാപിക്കുക

7. കൊണ്ടോട്ടി ഇലക്ട്രിസിറ്റി സെക്ഷനുകീഴിൽ മീറ്റർ റീഡിംഗ് എടുത്ത് ഉപയോഗിച്ച വൈദ്യുതിക്ക് ചാർജ്ജ് ഈടാക്കുന്ന സംവിധാനം മറ്റ് രണ്ട് സെക്ഷനുകൾക്ക് കീഴിലുള്ള ഉപഭോക്താക്കൾക്കും ബാധകമാക്കുക.

8. ഒരു ഇലക്ട്രിസിറ്റി സബ്സ്റ്റേഷൻ പഞ്ചായത്തിൽ സ്ഥാപിക്കുക.

9. പഞ്ചായത്തിൽ പൂക്കോട്ടൂർ ലക്ഷംവീട്, മുണ്ടിതൊടിക, ചെമ്പ്രകളത്തിങ്കൽ മുക്ക്, പുല്ലാര മേൽമുറി, വള്ളുവമ്പ്രം-വളമംഗലം റോഡ് ജംഗ്ഷൻ, വാരിയത്ത് പള്ളിയാളി എന്നീ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക

10 പഞ്ചായത്തിലെ മൈലാടി, തടപ്പറമ്പ്, നരിയേങ്ങൽ കോളനി, കണ്ടിക്കുന്ന്, ഇല്ല്യംപറമ്പ്, കക്കാടമ്മൽ, കൂനേങ്ങൽ തുടങ്ങിയ വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക.

11 പഞ്ചായത്തിലെ പള്ളിപ്പടി-കാരാട്ട്മുക്ക്റോഡ്, പള്ളിപ്പടി, ചോലയിൽ മുക്ക്റോഡ്, പൂക്കോട്ടൂർ ലക്ഷംവീട് കോളനിറോഡ്, പിലാക്കൽ-മാണിക്യം, പാററോഡ്, ചീനിക്കൽ-പറക്കുണ്ട് റോഡ്, വള്ളുവമ്പ്രം-മാണിപറമ്പ് റോഡ്, കണയങ്കോട്, ആലങ്കോട്, കോട്ടമ്മൽ തുടങ്ങിയ റോഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

12. ഊർജ്ജബോധവൽകരണം നടത്തുക

13. ഇന്ധനലാഭമുള്ള വൈദ്യുതിവിളക്കുകൾ, സൗരോർജ്ജവിളക്കുകൾ എന്നിവയുടെ ഉപയോഗം വ്യാപകമാക്കുക.

14. കാർഷിക ആവശ്യത്തിനും മറ്റുമുള്ള അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുക.

555

# വിദ്യാഭ്യാസം



## പശ്ചാത്തലം

വിദ്യാഭ്യാസ പരമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് പൂക്കോട്ടൂർ. കഴിഞ്ഞ സെൻസസ് റിപ്പോർട്ട്(1991) അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യയായ 25253 പേരിൽ 9584 പുരുഷന്മാരും 8952 സ്ത്രീകളും സാക്ഷരരാണ്. ഭൂരിപക്ഷം പേരും കേവലസാ ക്ഷരതനേടിയവരാണ് എങ്കിലും അതിനപ്പുറം പോയവരുടെ സംഖ്യവളരെ കുറവാണ്. മറ്റു വികസിത പ്രദേശങ്ങളിൽ വിദ്യാഭ്യാസത്തിനുകിട്ടുന്ന പ്രാധാന്യം ഈ പിന്നോക്കാവസ്ഥ കാരണം ഇവിടെ ഇതുവരെ ലഭിച്ചിട്ടില്ല. ബ്രിട്ടീഷ് ഭരണകാലത്ത് സവർണ്ണവിഭാഗത്തിൽ പെട്ടവർമാത്രം പഠിച്ചിരുന്ന ഏതാനും കുടിപ്പള്ളിക്കൂടങ്ങളും മുസ്ലിം വിദ്യാഭ്യാസസ്ഥാപനങ്ങളായ ഓത്തുപള്ളികളും അവിടവിടെ പ്രവർത്തിച്ചിരുന്നു. മലബാർ ഡിസ്ട്രിക്ട് ബോർഡിനു കീഴിൽ മുസ്ലിം റേഞ്ച്, ഹിന്ദുറേഞ്ച്, വിഭാഗങ്ങളിലായി ഏതാനും വിദ്യാലയങ്ങൾ പിന്നീട് സ്ഥാപിക്കപ്പെട്ടു.

1910മുതൽ 20 വരെ ഇന്നത്തെ ചീനിക്കൽ പ്രദേശത്ത് ശ്രീ കമ്പളത്ത് രാമൻ നായർ എന്ന വ്യക്തി ഒരു വിദ്യാലയം നടത്തിയതായി പറയപ്പെടുന്നു. അതുപോലെ ഹരിജൻ അവർണ്ണ വിഭാഗങ്ങൾക്കായി മുണ്ടിതൊടിക പ്രദേശത്ത് ഒരു 'പഞ്ചമ' സ്കൂളും ഏതാനും വർഷം പ്രവർത്തിച്ചതായി പറയപ്പെടുന്നു.

1918ൽ സ്ഥാപിക്കപ്പെട്ട പൂക്കോട്ടൂർ ഓൾഡ് പ്രൈമറി സ്കൂളാണ് ഇന്നും നിലനിൽക്കുന്ന ഏറ്റവും പഴക്കമേറിയ വിദ്യാലയം. 1948ൽ ഹയർ എലിമൻററി സ്കൂളായും 1958ൽ ഹൈസ്കൂളായും ഇത് ഉയർത്തപ്പെട്ടു. അതാണ് ഇന്നത്തെ പൂക്കോട്ടൂർ ഗവ. ഹൈസ്കൂൾ. പിന്നീട് യു.പി.-ഹൈസ്കൂൾ വിഭാഗം പൂക്കോട്ടൂർ ഗവ. ഹൈസ്കൂളായി നിലനിർത്തുകയും പ്രൈമറി വിഭാഗം വേർപ്പെടുത്തുകയും ചെയ്തു.

രണ്ട് ഹൈസ്കൂളുകളും(അതിൽ ഒന്ന് തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറിയാണ്) മൂന്ന് യു.പി.സ്കൂളുകളും ഏഴ് പ്രൈമറിസ്കൂളുകളും സർക്കാർ എയിഡഡ് മേഖലകളിലായി ഇന്ന് ഇവിടെയുണ്ട്.(പട്ടിക-1)

അൺഎയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന മൂന്ന് നഴ്സറി സ്കൂളുകളും ഇവിടെ പ്രവർത്തിക്കുന്നു. ഒരു അൺ-എയിഡഡ് യു.പി. സ്കൂളും സി.ബി.എസ്.ഇ. സിലബസ്സ് അനുസരിച്ച് പ്രവർത്തിക്കുന്ന അംഗീകൃതമല്ലാത്ത ഒരു പ്രൈമറി സ്കൂളും പൂക്കോട്ടൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

മതവിദ്യാഭ്യാസത്തിന് വളരെ പ്രാധാന്യം നൽകുന്ന ഈ പ്രദേശത്ത് മൊത്തം 27 മതപാഠശാലകൾ (മദ്രസകൾ) പ്രവർത്തിക്കുന്നു.

ഭൗതിക വിദ്യഭ്യാസരംഗത്ത് 1970കളോടെ ക്രമാനുഗതമായ പുരോഗതി ഉണ്ടായിവരുന്നു. വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന ഭൂരിപക്ഷം വരുന്ന മുസ്ലിം ജനവിഭാഗം 1970കളോടെ കൂടുതൽ കൂടുതൽ വിദ്യാലയങ്ങളിലെത്തി. അതനുസരിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങളും വർധിച്ചു. 1981ൽ പുല്ലാനൂർ യു.പി.സ്കൂൾ ഹൈസ്കൂളായും 1992ൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിസ്കൂളായും ഉയർത്തി. 1954ൽ സ്ഥാപിക്കപ്പെട്ട മുതിരിപ്പറമ്പ പ്രൈമറിസ്കൂൾ 1981ൽ യു.പിയായി ഉയർത്തി. 1976ൽ പൂക്കോട്ടൂർ എ.യു.പിസ്കൂളും സ്ഥാപിക്കപ്പെട്ടു.

ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിലായി ഇവിടത്തെ വിദ്യാലയങ്ങളിൽ 8593 കുട്ടികൾ പഠിക്കുന്നു. 222 അധ്യാപകർ ഈ സ്കൂളുകളിൽ ജോലി ചെയ്യുന്നു. ഇവിടെ നിന്ന് മറ്റു പ്രദേശങ്ങളിൽ പോയി പഠിക്കുന്ന കുട്ടികളും അൺ-എയിഡഡ് വിദ്യാലയങ്ങളിലെ കുട്ടികളും ഈ കണക്കിൽപെടുന്നില്ല. പൂക്കോട്ടൂർ ഹൈസ്കൂൾ പുല്ലാനൂർ ഹൈസ്കൂൾ, പൂക്കോട്ടൂർ എ.യു.പി. എന്നിവിടങ്ങളിൽ മറ്റു പ്രദേശങ്ങളിൽ നിന്ന് വന്നു പഠിക്കുന്ന കുട്ടികൾ ഈ കണക്കിൽ വന്നിട്ടുണ്ട്.

രണ്ട് ഹൈസ്കൂളുകളിൽ നിന്നുമായി ഒരുവർഷം ശരാശരി 500നും 600നും ഇടയ്ക്ക് കുട്ടികൾ പഠനം പൂർത്തിയാക്കി പുറത്തുപോവുന്നു. വിജയശതമാനം സ്റ്റേറ്റ് ജില്ലാ ശരാശരിയിൽ നിന്നും വളരെ പുറകിലാണ്. ഭൂരിപക്ഷം കുട്ടികളുടെയും സ്കൂൾ വിദ്യാഭ്യാസം അതോടെ അവസാനിക്കുന്നു. ശരാശരി 100 കുട്ടികളാണ് ഒരുവർഷം ഈ രണ്ട് വിദ്യാലയങ്ങളിൽ നിന്നും എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയിക്കുന്നത്.

## വിദ്യാർത്ഥികൾ അധ്യാപകർ(പട്ടിക - രണ്ട്)

| സ്കൂളുകൾ | വിദ്യാർത്ഥികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| ഹൈസ്കൂൾ | 1725 | 1684 | 3409 | 55 | 39 | 94 |
| യു.പി.സ്കൂൾ | 1226 | 1118 | 2344 | 29 | 39 | 68 |
| പ്രൈമറിസ്കൂൾ | 1383+ | 1274+ | 2657+ 183 | 21 | 39 | 60 |
| ആകെ | | | 8593 | 105 | 117 | 222 |

ഒരുകാലത്ത് ജില്ലയിൽ തന്നെ മികച്ച റിസൽട്ടുണ്ടാക്കിയിരുന്ന പൂക്കോട്ടൂർ ഗവ, ഹൈസ്കൂളിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി വിജയശതമാനം 15%ൽ താഴെയാണ്. പുല്ലാനൂർ സ്കൂളിൽ ഇത് 20 ശതമാനത്തിനും 25 ശതമാനത്തിനും ഇടയ്ക്കാണ്

ഉപരിപഠനം:

എസ്.എസ്.എൽ.സി. വിജയിച്ചു വരുന്ന കുട്ടികൾക്ക് ഉപരിപഠനത്തിനായി ഈ പഞ്ചായത്തിൽ ഏകആശ്രയം പുല്ലാനൂർ വൊക്കേഷണൽ ഹയർസെക്കണ്ടറിസ്കൂളാണ്. ഇലക്ട്രോണിക് ഉപകരണങ്ങളുടെ റിപ്പയറിങ്ങും കമ്പ്യൂട്ടർപഠനവും ആണ് ഇവിടുത്തെ തൊഴിലധിഷ്ഠിത കോഴ്സുകൾ. ഒരു സ്വകാര്യ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും പഞ്ചായത്തിലുണ്ട്. കോളേജ് വിദ്യാഭ്യാസത്തിനായി മലപ്പുറം, മഞ്ചേരി, കൂണ്ടോട്ടി കോളേജുകളെയാണ് കുട്ടികൾ ആശ്രയിക്കുന്നത്. എസ്.എസ്.എൽ.സി. തലം വരെ ട്യൂഷൻ നൽകുന്ന മൂന്ന് ട്യൂട്ടോറിയൽ കോളജുകളും പഞ്ചായത്തിലുണ്ട്.

വിദ്യാഭ്യാസനിലവാരം

എസ്ത്സ്.എൽ.സി. വിജയശതമാനം കുറയാനുള്ള മുഖ്യകാരണം പ്രൈമറികൾ മുതൽ തന്നെയുള്ള നിലവാരക്കുറവാണ്. കഴിഞ്ഞ പാദവാർഷിക പരീക്ഷയെ അടിസ്ഥാനമാക്കി തയ്യാറാക്കിയ 3 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികളുടെ മാർക്ക് നിലവാരം പരിശോധിക്കുക.(പട്ടിക-3) 85% കുട്ടികളും 30% മാർക്കുപോലും നേടുന്നില്ല എന്ന് ഇത് വ്യക്തമാക്കുന്നു.

അധ്യാപക തസ്തികകൾ സമയത്തിനു നികത്താതെ വരുന്നതും നിലവാരം കുറയാൻ കാരണമാവുന്നു. വിശേഷിച്ചും പൂക്കോട്ടൂർ പുല്ലാനൂർ ഹൈസ്കൂളുകളിൽ പലപ്പോഴും വേണ്ടത്ര ആധ്യാപകരില്ല. വിദ്യാഭ്യാസകാര്യത്തിൽ രക്ഷിതാക്കൾക്ക് ശരിയായ അവബോധമില്ലാത്തതും പൊതുവെ നിലവാരത്തകർച്ചക്ക് കാരണമാവുന്നു. അധ്യാപകരക്ഷാകർത്തൃസമിതികളും മാതൃസമിതിയും ഒരു വിദ്യാലയത്തിലും വേണ്ടത്ര സജീവമല്ല. ഒരു വിദ്യാ

പട്ടിക - 3

അക്കാദമിക നിലവാരം

| ക്ലാസ് | ആകെ കുട്ടികൾ | 30 % ൽ താഴെ മാർക്കു വാങ്ങിയവർ | കുട്ടികളുടെ മാർക്കു നിലവാരം | | | | |
|---|---|---|---|---|---|---|---|
| | | | 30-40% മധ്യേ മാർക്കു വാങ്ങിയവർ | 40-50% മധ്യേ മാർക്കു വാങ്ങിയവർ | 50-60% വരെ മാർക്കു വാങ്ങിയവർ | 60-90% വരെ മാർക്കു വാങ്ങിയവർ | 90%ത്തിൽ കൂടുതൽ മാർക്കുവാങ്ങിയവർ |
| 3 | 667 | 135 | 132 | 160 | 89 | 107 | 36 |
| 4 | 654 | 148 | 104 | 96 | 100 | 158 | 41 |
| 5 | 705 | 267 | 143 | 147 | 86 | 56 | 6 |
| 6 | 765 | 345 | 95 | 169 | 93 | 58 | 5 |
| 7 | 864 | 397 | 129 | 152 | 103 | 67 | 6 |
| 8 | 889 | 753 | 78 | 29 | 20 | 9 | ഇല്ല |
| 9 | 749 | 615 | 69 | 34 | 17 | 14 | ഇല്ല |
| 10 | 593 | 437 | 78 | 49 | 20 | 9 | ഇല്ല |

ലയത്തിലും ഈപഞ്ചായത്തിൽ ക്ലാസ് റൂം പി.ടി.എ. പ്രവർത്തിക്കുന്നില്ല.

മാതൃഭാഷ, കണക്ക്, ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങളിൽ അടിസ്ഥാന വസ്തുതകൾ പോലും പഠിക്കാതെ ക്ലാസ് കയറ്റം ലഭിച്ചുവരുന്ന കുട്ടികൾ ഉയർന്ന ക്ലാസുകളിലെത്തുമ്പോൾ കൂടുതൽ പിറകോട്ടുപോവുന്നു. നാലാം ക്ലാസിനുശേഷം മാതൃഭാഷ ഐഛികവിഷയങ്ങളിൽ ഒന്നുമാത്രമായതിനാൽ അത് അധികം പേർക്കും പഠിക്കാനാവുന്നുമില്ല. ഇതെല്ലാം വിജയശതമാനത്തെ ബാധിക്കുന്നു.

ഒറ്റ വിദ്യാലയത്തിലും 200 പ്രവൃത്തി ദിവസങ്ങൾ മുൻ വർഷങ്ങളിലൊന്നും ലഭിച്ചിട്ടില്ല. (പട്ടിക 4 കാണുക) ഇതുംപാഠഭാഗങ്ങൾ വേണ്ട വിധം പഠിപ്പിക്കാൻ അധ്യാപകർക്ക് വിഘാതമുണ്ടാക്കുന്നു.

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഒരുപരിധിവരെ നിലവാരത്തകർച്ചക്ക് കാരണമാവുന്നു. രണ്ട് ഹൈസ്കൂളുകളിലും മുതിരിപ്പറമ്പ് യു.പി. പൂക്കോട്ടൂർ ന്യൂഎൽ.പി. പൂക്കോട്ടൂർ ജി.എം.എൽ.പി. എന്നിവിടങ്ങളിൽ ആവശ്യത്തിന് ക്ലാസ്സോ മറ്റു സൗകര്യങ്ങളോ ഇല്ല. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പൂക്കോട്ടൂർ ജി.എം.എൽ.പി.സ്കൂൾ അത്താണിക്കൽ ജി.എൽ.പി.സ്കൂൾ പൂക്കോട്ടൂർ ന്യൂ എൽ.പി.സ്കൂൾ എന്നിവക്ക് ഒരാനുകൂല്യവും ലഭിക്കുന്നില്ല.

ദൃശ്യശ്രാവ്യഉപകരണങ്ങളുടെ കാര്യത്തിലും പോരായ്മയുണ്ട്. ലൈബ്രറി, ലാബറട്ടറി സൗകര്യങ്ങൾ നാമമാത്രമാണ്, ഫർണ്ണീച്ചർ, ബ്ലാക്ക്ബോർഡ്, മൂത്രപ്പുര, കക്കൂസ്, കുടിവെള്ള സൗകര്യം, വൈദ്യുതി, ചുറ്റുമതിൽ എന്നിവയിലെല്ലാം പോരായ്മകളുണ്ട്.

**ചില നേട്ടങ്ങൾ:**

പുല്ലാനൂർ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് കഴിഞ്ഞ വർഷം 24 മുറികളുള്ള ഒരു കെട്ടിടംനിർമ്മാണം പൂർത്തിയായി. പൂക്കോട്ടൂർ ഗവ. ഹൈസ്കൂളിന് 21 മുറികളുള്ള ഒരു കെട്ടിടത്തിൻെറ നിർമ്മാണപ്രവർത്തനം പുരോഗമിച്ചുവരുന്നു. ഡി.പി.ഇ.പി. പദ്ധതിപ്രകാരം പൂക്കോട്ടൂർ ഓൾഡ്സ്കൂൾ, മുതുരിപ്പറമ്പ്, ജി.യു.പി.സ്കൂൾ എന്നിവക്ക് ക്ലാസ് മുറികൾ നിർമ്മിച്ചു വരുന്നു. പുല്ലാനൂർ ജി.വി.എച്ച്.എസിന് രണ്ടുലക്ഷം രൂപ വർക്ക്ഷെഡ്ഡ് നിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട്. എങ്കിലും പണി തുടങ്ങിയിട്ടില്ല.

*അവാർഡുകൾ സ്കോളർഷിപ്പുകൾ*

പട്ടികജാതി കുട്ടികൾക്ക് ലഭിക്കുന്ന സ്റ്റൈപ്പൻറു മാത്രമാണ് എല്ലാ സ്കൂളുകളിലും കുട്ടികൾക്ക് ലഭിച്ചിട്ടുള്ള ഏക സാമ്പത്തിക ആനുകൂല്യം. മുസ്ലിം ഗേൾസ് സ്കോളർഷിപ്പ് അർഹരായ മുഴുവൻ കുട്ടികൾക്കും യഥാസമയം എല്ലാ സ്കൂളുകൾക്കും ലഭിച്ചിട്ടില്ല. പൂക്കോട്ടൂർ എ.യു.പി. സ്കൂളിലെ രണ്ട് കുട്ടികൾക്ക് മാത്രമാണ് കഴിഞ്ഞ വർഷം യു.എസ്.എസ്. സ്കോളർഷിപ്പ് നേടാനായത്. ജില്ലാ തലത്തിലോ, സംസ്ഥാന തലത്തിലോ, കലാ-കായികമത്സരങ്ങൾക്ക് സമ്മാനം വാങ്ങിയ ഒരു കുട്ടിപോലും ഈ വിദ്യാലയങ്ങളിലൊന്നും ഇല്ല.

*പഠനം നിറുത്തിപ്പോവുന്നവർ*

ഇടയ്ക്കുവെച്ചു പഠനം നിറുത്തിപോയവരുടെ എണ്ണം കഴിഞ്ഞവർഷം 205 ആണ്. അഞ്ചാം ക്ലാസുമുതൽ 10ാംക്ലാസുവരെ ഇങ്ങനെ പോയവരുടെ എണ്ണം ക്രമാനുഗതമായി കൂടുന്നു. ഇത്തരക്കാരെ വീണ്ടും വിദ്യാലയത്തിലെത്തിക്കാൻ കാര്യമായ ശ്രമമൊന്നും ഉണ്ടായിട്ടില്ല.

### ഗ്രാമസഭായോഗങ്ങളിൽ ഉയർന്നുവന്ന ആവശ്യങ്ങളുടെ സംഗ്രഹം.

എല്ലാ പ്രൈമറി സ്കൂളുകളോടും ചേർന്ന് നഴ്സറി സ്കൂളുകൾ സ്ഥാപിക്കണം. ഒരു സ്കൂളും ഇല്ലാത്ത ഒന്നാം വാർഡിൽ മയിലാടി പ്രദേശത്തും ഏഴാം വാർഡിലും ഓരോ പ്രൈമറി സ്കൂൾ സ്ഥാപിക്കണം. പള്ളിമുക്കിലും നെച്ചിയിൽ കോളനിയിലും ഓരോസ്കൂൾ അനുവദിക്കണം. പൂക്കോട്ടൂർ ജി.എൽ.പി.സ്കൂൾ ന്യൂ, അത്താണിക്കൽ ജി.എം.എൽ.പി. മേൽമുറി പുല്ലാനൂർ എ.എൽ.പി.സ്കൂൾ, വെള്ളൂർ എ.എം.എൽ.പി. എന്നി യു.പി. സ്കൂളുകളായും, മുതിരിപ്പറമ്പ് ജി.യുപി സ്കൂൾ ടെക്നിക്കൽ ഹൈസ്കൂളായും ഉയർത്തണം. പൂക്കോട്ടൂർ ഹൈസ്കൂളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കണം. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സ്വന്തം സ്ഥലവും കെട്ടിടവും അനുവദിക്കണം.

ആറാം വാർഡിൽ ഒരു ഐ.ടി.ഐ സ്ഥാപിക്കണം. തുടങ്ങിയ ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

### നിർദ്ദേശങ്ങൾ

തുടർ സാക്ഷരതാ പ്രവർത്തനം ഊർജ്ജിതമായി നടത്താൻ നടപടിയുണ്ടാവണം. എല്ലാ വിദ്യാലയങ്ങളിലും രക്ഷാകർതൃസമിതികളും മാതൃസമിതികളും സജീവമാക്കാനും ബോധവൽകരണ പ്രവർത്തനം നടത്താനും പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ശ്രമമുണ്ടാവണം. കൂടാതെ വിദ്യാർത്ഥികളുടെ നിലവാരം പരിശോധിക്കാനും സ്കൂൾ സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും ഗ്രാമപഞ്ചായത്തിൻെറ നേതൃത്വത്തിൽ കൂടുതൽ ജനകീയ ഇടപെടലുകൾ ഉണ്ടാവണം.

അടിസ്ഥാന വസ്തുതകൾ പോലും പഠിക്കാതെ ഉയർന്ന ക്ലാസുകളിലേക്ക് കുട്ടികളെ തള്ളിവിടുന്ന രീതിയിൽ മാറ്റം വരുത്തുകയോ മുഴുവൻ കുട്ടികളും സാമാന്യനിലവാരത്തിൽ എത്തുന്നു എന്നുറപ്പു വരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്യണം. ഡി.പി.ഇ.പി., ക്യു.ഐ.പി. പദ്ധതികളുടെ സേവനം മുഴുവൻ വിദ്യാലയങ്ങളിലും നടപ്പാക്കണം

അറബി, ഉറുദു എന്നീ ഭാഷകൾ പഠിക്കണമെന്നാഗ്രഹിക്കുന്നവർക്ക് മലയാളപഠനം പ്രഥമഭാഷയായി പഠിക്കാൻ ഇന്നവസരം കിട്ടില്ല. പ്രസ്തുത ഭാഷകൾ പഠിക്കാനവസരം ഒഴിവാക്കാതെ തന്നെ മാതൃഭാഷാപഠനം നിർബന്ധമാക്കാൻ ആവശ്യമായ ഉത്തരവുകൾ ഉണ്ടാക്കണം.

ഗവ. സ്കൂളുകളിൽ ഒഴിവുള്ള തസ്തികകൾ അപ്പപ്പോൾ നികത്താൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അധികാരം നൽകുകയോ റിപ്പോർട്ടു ചെയ്യപ്പെടുന്ന ഒഴിവിൽ ഉടൻ നിയമനം നൽകാൻ ഉതകുന്ന വിധത്തിൽ ജില്ലാ തലത്തിൽ തന്നെ താൽകാലിക ജീവനക്കാരുടെ വെയിറ്റിംഗ് ലിസ്റ്റ് ഉണ്ടാക്കുകയോ ചെയ്യാൻ അധികൃതർ തയ്യാറാവണം. കൂടാതെ എൽ.പി., യു.പി., എച്ച്.എസ് വിഭാഗങ്ങളിലൊന്നും അക്കാദമിക പരിശോധന ഫലപ്രദമായി നടത്താൻ ഇന്ന് സംവിധാനമില്ല. ഉള്ളവതന്നെ ഫലപ്രദമല്ല. ഓരോ വിഷയത്തിനും പ്രത്യേകം പരിശോധകരെ നിയമിച്ചുകൊണ്ട് ഏഇ.ഒ., ഡി.ഇ.ഒ. തലത്തിലുള്ള പരിശോധന കൂടുതൽ കാര്യക്ഷമമാക്കണം.

പാഠപുസ്തകങ്ങൾ സമയത്തിനു വിതരണം ചെയ്യുന്ന കാര്യത്തിലും ഇന്ന് ധാരാളം പാകപ്പിഴകൾ വരുന്നുണ്ട്. വർഷാരംഭത്തിൽ തന്നെ പുസ്തകങ്ങൾ കിട്ടാൻ വേണ്ട നടപടികളുണ്ടാകണം.

പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാ കാര്യങ്ങളിൽ ഇതുവരെ കാര്യമായ ശ്രദ്ധ ഉണ്ടായിട്ടില്ല. എസ്.എസ്.എൽ.സി. പരീക്ഷയിൽ പഞ്ചായത്തിൽ ഏറ്റവും കുടുതൽ മാർക്കുവാങ്ങുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുന്ന നാമമാത്രമായ പ്രോത്സാഹനം മാത്രമാണ് ഏതാനും വർഷങ്ങളായി ഉള്ളത്. ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധയുണ്ടാവണം. പഞ്ചായത്ത് നേതൃത്വത്തിൽ പൂക്കോട്ടൂർ, പുല്ലാനൂർ, സ്കൂൾ കോംപ്ലക്സുകൾ സജീവമാക്കിക്കൊണ്ട് നിലവാരം ഉയർ ത്താൻ ആവശ്യമായ പ്രവർത്തനപദ്ധതികൾക്ക് നേതൃത്വം നൽകണം. വിവിധസർക്കാർ ഏജൻസികളുടെ സഹായം സ്വരൂപിച്ചുകൊണ്ട് ഫലപ്രദമായി ഇടപെടാൻ ശ്രമം ഉണ്ടാവണം. രക്ഷാകർത്താക്കൾ, അധ്യാപകർ, വകുപ്പുദ്യോഗസ്ഥർ സന്നദ്ധസംഘടനാ പ്രവർത്തകർ എന്നിവരുടെ ആത്മാർത്ഥമായ ഏകോപിത ശ്രമങ്ങളിലൂടെ മാത്രമേ വിദ്യാഭ്യാസരംഗത്ത് ഒരു കുതിച്ചുചാട്ടം നടത്താൻ നമുക്ക് സാധ്യമാവുകയുള്ളൂ

പട്ടിക - 1

സ്കൂളുകളുടെ പൊതുവിവരം

| ക്രമ നമ്പർ | സ്കൂളിൻെറ പേർ | സ്കൂൾ വിഭാഗം | സ്കൂൾ ഉടമസ്ഥത | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | സ്കൂൾ ക്യാമ്പസിൻെറ വിസ്തീർണ്ണം | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | അനുവദിച്ച തസ്തിക | നിലവിലുള്ളവർ | ഒഴിവുള്ള തസ്തിക | | |
| 1 | ഗവ. ഹൈസ്കൂൾ, പൂക്കോട്ടൂർ | ഹൈസ്കൂൾ | സർക്കാർ | 981 | 895 | 1876 | 57 | 52 | 5 | 2,1/2ഏക്കർ | |
| 2 | ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പുല്ലാനൂർ | ഹൈസ്കൂൾ | സർക്കാർ | 744 | 789 | 1533 | 44 | 42 | 2 | 2 ഏക്കർ | |
| 3 | എ.യു.പി.സ്കൂൾ വള്ളുവമ്പ്രം | യു.പി. | എയിഡഡ് | 464 | 417 | 881 | 26 | 26 | - | 2 ഏക്കർ 1സെൻറ് | |
| 4. | ജി.യു.പി.സ്കൂൾ മുതിരിപറമ്പ് | യു.പി. | സർക്കാർ | 308 | 279 | 587 | 20 | 19 | 1 | 97സെൻറ് | |
| 5. | എ.യു.പി.സ്കൂൾ, പൂക്കോട്ടൂർ | യു.പി. | എയിഡഡ് | 419 | 362 | 781 | 23 | 23 | - | 2ഏക്കർ | |
| 6. | ജി.എൽ.പി.സ്കൂൾ, പൂക്കോട്ടൂർ ന്യൂ | എൽ.പി. | സർക്കാർ | 114 | 135 | 249 | 8 | 8 | - | 23സെൻറ് | വാടകക്കെട്ടിടം |
| 7. | ജി.എൽ.പി.സ്കൂൾ, പൂക്കോട്ടൂർ (ഓൾഡ്) | എൽ.പി. | സർക്കാർ | 169 | 168 | 337 | 11 | 10 | 1 | 0.2459 ഹെക്ടർ | |
| 8. | ജി.എം.എൽ.പി.സ്കൂൾ പൂക്കോട്ടൂർ | എൽ.പി. | സർക്കാർ | 253 | 250 | 503 | 16 | 16 | - | 1600ചമീ | വാടകക്കെട്ടിടം |
| 9. | ജി.എം.എൽ.പി.സ്കൂൾ, അത്താണിക്കൽ | എൽ.പി. | സർക്കാർ | 108 | 85 | 193 | 6 | 6 | - | 36 1/2 സെൻറ് | വാടകക്കെട്ടിടം |
| 10 | എ.എൽ.പി.സ്കൂൾ, വെള്ളൂർ | എൽ.പി. | എയിഡഡ് | 144 | 125 | 269 | 10 | 10 | - | 1620 ചമീ | |
| 11 | എ.എൽ.പി.സ്കൂൾ, വെസ്റ്റ് മുതിരിപറമ്പ് | എൽ.പി. | എയ്ഡഡ് | 85 | 80 | 165 | 5 | 5 | - | 1ഏക്കർ | |
| 12 | എ.എൽ.പി.സ്കൂൾ, പുല്ലാനൂർ-മേൽമുറി | എൽ.പി. | എയിഡഡ് | | | 183 | 6 | 6 | - | 1ഏക്കർ | |

പട്ടിക - 4

അക്കാദമിക / ഭൗതികസൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | 95-96വർഷം ലഭിച്ച പ്രവൃത്തി ദിനങ്ങൾ | നിലവിലുള്ള ദൃശ്യശ്രാവ്യ ഉപകരണങ്ങൾ | ക്ലാസ് മുറികൾ | | ഇനിയും ആവശ്യമുള്ളവ | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | നിലവിലുള്ളത് | ഇനിയും ആവശ്യമുള്ളവ | ബ്ലാക്ക് ബോർഡ് | ബെഞ്ച് | ഡസ്ക് | മേശ | കസേര |
| 1 | ഗവ. ഹൈസ്കൂൾ, പൂക്കോട്ടൂർ | 193 | ടേപ്പ്റിക്കാർഡർ, സ്ലൈഡ് പ്രോജക്ടർ, ഓവർ ഹെഡ് പ്രോജക്ടർ | 27 | 26 | 20 | 20 | 100 | 20 | 20 |
| 2 | ജി.വി.എച്ച്.എസ്എസ്.പുല്ലാനൂർ | 177 | ടി.വി. കമ്പ്യൂട്ടർ, ഓവർ ഹെഡ് പ്രൊജക്ടർ | 38 | 17 | 8 | 150 | 180 | 40 | 25 |
| 3 | എ.യു.പി.സ്കൂൾ, പൂക്കോട്ടൂർ | 184 1/2 | - | 19 | - | - | - | - | - | - |
| 4 | ജിയു.പി.സ്കൂൾ, മുതിരിപറമ്പ് | 183 1/2 | റേഡിയോ | 10 | 5 | 5 | 30 | 30 | 5 | 10 |
| 5 | എ.യു.പി.സ്കൂൾ വള്ളുവമ്പ്രം | 183 1/2 | റേഡിയോ, ടേപ്പ്റിക്കാർഡർ | 23 | - | - | - | - | - | - |
| 6 | ജി.എൽ.പി.സ്കൂൾ, പൂക്കോട്ടൂർ ന്യൂ | 183 1/2 | റേഡിയോ, ടേപ്പ് റിക്കാർഡർ | 7 | 2 | 2 | - | 12 | - | - |
| 7 | ജി.എൽ.പി.സ്കൂൾ പൂക്കോട്ടൂർ ഓൾഡ് | 188 | റേഡിയോ | 10 | - | 2 | 54 | 10 | 4 | 5 |
| 8 | ജി.എം.എൽ.പി.സ്കൂൾ, പൂക്കോട്ടൂർ | 184 | റേഡിയോ, ടേപ്പ് റിക്കാർഡർ | 14 | - | 4 | 50 | 50 | 8 | 7 |
| 9 | ജി.എം.എൽ.പി.സ്കൂൾ, അത്താണിക്കൽ | 182 | റേഡിയോ, ടേപ്പ്റിക്കാർഡർ | 5 | - | 1 | 20 | - | 3 | - |
| 10 | എ.എൽ.പി.സ്കൂൾ, വെള്ളൂർ | 184 | റേഡിയോ | 9 | - | 1 | - | - | 15 | 3 |
| 11 | എ.എൽ.പി.സ്കൂൾ വെസ്റ്റ് മുതിരിപറമ്പ് | 185 | റേഡിയോ | 5 | - | - | - | - | 1 | 3 |
| 12 | എ.എൽ.പി.സ്കൂൾ, പുല്ലാനൂർ മേൽമുറി | 184 | - | 5 | - | - | - | - | - | - |

# സംസ്കാരം

ഉൽകൃഷ്ടമായ ഒരു പാരമ്പര്യത്തിന് വേരോട്ടം നൽകിയ ചരിത്രഭൂമിക ഈ പൂക്കോട്ടൂരിനുണ്ട്. പഴയ മലബാറിലെ ഏറനാടിൻെറ ഭാഗമായ ഈ ഗ്രാമത്തിന് ബ്രിട്ടീഷ് സാമ്രാജ്യവാഴ്ചയുടെയും ഫ്യൂഡൽ പ്രഭുവർഗ്ഗസർവ്വാധിപത്യത്തിൻെറയും തിക്താനുഭവങ്ങൾ വേണ്ടുവോളമുണ്ട്. അനുസ്യൂതമായ കാലപ്രവാഹത്തിലൂടെ ഉരുവം കൊണ്ട ചരിത്രബോധം ഈ ഗ്രാമജനതയുടെ സാംസ്കാരികാഭിവീക്ഷണത്തെ പ്രദീപ്തമാക്കുന്നു.

ബ്രിട്ടീഷ് സാമ്രാജ്യവാഴ്ചയോടുള്ള അടങ്ങാത്ത അമർഷവും പിറന്ന നാടിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അഭിവാഞ്ഛയും ഭൂപ്രഭുക്കളിൽ നിന്നേറ്റ നിന്ദ്യയും ഗ്രാമീണരെ ഈ വ്യവസ്ഥിതികളോടുള്ള കഠിനവിരോധികൾ ആക്കി മാറ്റി. ജന്മി കുടിയാൻ ബന്ധം ഏറ്റവും വഷളായ സന്ദർഭത്തിൽ, വൈദേശിക ശക്തിയായ ബ്രിട്ടീഷുകാരെ പ്രീണിപ്പിക്കുന്ന ജന്മിമാരുടെ സമീപനം. ഈ രണ്ട് ദുഷ്ടശക്തികൾക്ക് എതിരെ ഒന്നിച്ചണി നിരക്കാൻ അവരെ പ്രേരിപ്പിച്ചു. ഈ എതിർപ്പ് ഒരു സായുധസമരത്തിനുതന്നെ കാരണമായി.

ബ്രിട്ടീഷ് സാമ്രാജ്യത്തോടുള്ള അടങ്ങാത്ത പ്രതിഷേധത്തിൻെറ ബഹിർസ്ഫുരണമായിരുന്നു ചരിത്രപ്രസിദ്ധമായ പൂക്കോട്ടൂർ യുദ്ധം. ഇന്ത്യാ ചരിത്രത്തിലെന്നപോലെ ലോകചരിത്രത്തിൽ തന്നെ മറക്കാൻ കഴിയാത്ത ഒരധ്യായമായി അത് നിലനിൽക്കുന്നു. ദൗർഭാഗ്യവശാൽ ഈ മഹത്തായ സമര പരമ്പകളെ തെറ്റായി വ്യാഖ്യാനിക്കാനും വളച്ചൊടിക്കാനും ധാരാളം ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഭൂവുടമകളായ ജന്മിമാർ മുഴുവനും ഹൈന്ദവരും കുടിയാന്മാരായ കർഷകർ ഭൂരിഭാഗവും മുസ്ലിംകളും ആയിരുന്നു. സ്വാഭാവികമായും ഈ ജന്മി കുടിയാൻ സംഘട്ടനങ്ങളെ ഹിന്ദു മുസ്ലിം കലാപങ്ങളായി ചിത്രീകരിക്കപ്പെട്ടു. സവർണ്ണസമ്പന്ന-നാടുവാഴി പ്രഭുക്കളുടെ അധീശാധികാരത്തെ ചെറുത്തുനിന്ന പോരാട്ടത്തിൻെറ ചരിത്രം നിറഞ്ഞുനിൽക്കുന്ന ഐതിഹ്യങ്ങൾ ഗ്രാമപ്പഴമയായി ഇന്നും പ്രചാരത്തിലുണ്ട്. ഇന്നാട്ടിലെ സാംസ്കാരിക പൈതൃകത്തെ ഈ ഐതിഹ്യങ്ങൾ പ്രദീപ്തമാക്കുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വ വാഴ്ചക്കെതിരെ ഭാരതത്തിൽ ചീറിയടിച്ച പ്രചണ്ഡവാതം ഈ കൊച്ചുഗ്രാമത്തെയും കർമ്മോത്സുകമാക്കി. അപ്രഹിതമായ സമരാവേശത്താൽ രണാങ്കണത്തിലിറങ്ങിയ ഒരു യുവനിര അന്ന് ഈ ഗ്രാമത്തിലുണ്ടായിരുന്നു.

അടങ്ങാത്ത ബ്രിട്ടീഷ് വിരോധം അവരുടെ ഭാഷയായ ഇംഗ്ലീഷിനോടും ഒരു വേള അത് ഭൗതിക വിദ്യാഭ്യാസത്താടുപോലുമുള്ള എതിർപ്പായി മാറി. അങ്ങിനെ ഭൗതികവിദ്യാഭ്യാസത്തിൽ നിന്നും ഇവിടത്തെ മഹാഭൂരിപക്ഷം വരുന്ന മുസ്ലിം സമൂഹം വളരെ പിന്തള്ളപ്പെട്ടു. ഈ അവസ്ഥയിൽ നിന്നും അവരെ കൈപിടിച്ചുയർത്തി ഒരു വിദ്യാഭ്യാസവിപ്ലവത്തിന് നേതൃത്വം നൽകിയ ഒട്ടേറെ ത്യാഗികൾ ഉണ്ടായിരുന്നു. പൂക്കോട്ടൂർ പഞ്ചായത്തിൻെറ പ്രഥമപ്രസിഡണ്ട് കാര്യാട് മുഹമ്മദ്ഹാജി, ഉണ്ണീതുമാസ്റ്റർ, കെ.സി. മൂസ്സ മാസ്റ്റർ, കാവോട്ടിൻ വേലുക്കുട്ടിമാസ്റ്റർ തുടങ്ങിയവർ അതിൽ പ്രഥമ സ്ഥാനീയരാണ്.

ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം പൂക്കോട്ടൂർ ബോർഡ് ലോവർ പ്രൈമറി സ്കൂൾ ആയിരുന്നു. 1957 ജൂലൈ 5ന് ചേർന്ന പഞ്ചായത്ത് ബോർഡ് യോഗം ഈ സ്കൂൾ ഹൈസ്കൂളാക്കി ഉയർത്താൻ ഒരു പ്രമേയത്തിലൂടെ സർക്കാറിനോടാവശ്യപ്പെട്ടു. ഇന്ന് ഔപചാരികവിദ്യാഭ്യാസത്തിന് ഏറെ സ്ഥാപനങ്ങളുണ്ടായി. മഹാനായ സി.എച്ച്. മുഹമ്മദ്കോയസാഹിബ് വിദ്യാഭ്യാസവകുപ്പ് ഏറ്റെടുത്തതോടെ പൂക്കോട്ടൂരിലെ സ്കൂൾ വിദ്യാഭ്യാസരംഗം പുരോഗതിയിലേക്കു നീങ്ങി.

പ്രാഥമിക മതവിദ്യാഭ്യാസം നൽകുന്ന 27 മദ്രസ്സകളും ഒരു സെക്കൻെറി മദ്രസയും ഒരു അറബികോളേജും, 9 പള്ളി ദർസുകളും ഈ ഗ്രാമത്തിലുണ്ട്.

മതമൈത്രിയും മതസൗഹാർദ്ദവും കളിയാടുന്ന ഈ ഗ്രാമം ഭൂരിഭാഗവും മുസ്ലികളും ബാക്കി ഹൈന്ദവരും ഏതാനും ക്രൈസ്തവ കുടുംബങ്ങളും അടങ്ങിയതാണ്. സാംസ്കാരിക കേന്ദ്രങ്ങളും ആരാധനാലയങ്ങളും ആയി വർത്തിക്കുന്ന പള്ളികളും, ക്ഷേത്രങ്ങളും, അനാഥഅഗതി മന്ദിരങ്ങളും ഈ കൊച്ചുഗ്രാമത്തിൻെറ മതമൈത്രി സ്തംഭങ്ങളാണ്. പന്ത്രണ്ട് ജുമാമസ്ജിദുകളും ധാരാളം നമസ്കാരപള്ളികളും, ആറ് ക്ഷേത്രങ്ങളും ഏതാനും കുടുംബക്ഷേ

ത്രങ്ങളും ഈ പഞ്ചായത്തിലുണ്ട്.

പള്ളികളും ക്ഷേത്രങ്ങളും കേന്ദ്രീകരിച്ച് ധാരാളം നേർച്ചകളും ഉൽസവങ്ങളും പഴയകാലം മുതൽ തന്നെ നടന്നുവരുന്നു. പോത്താല പള്ളിയാളി നേർച്ച, പുല്ലാര നേർച്ച, പൂക്കോട്ടൂർ നേർച്ച, ഓമാരനേർച്ച, ബദ്‌രീങ്ങളുടെ നേർച്ച തുടങ്ങിയ നേർച്ചകളും പ്രധാനങ്ങളാണ്. ക

ീഴേടത്ത് താലപ്പൊലി, പട്ടന്മാർ തൊടിതാലപ്പൊലി, അമ്പാളിക്കുത്ത് താലപ്പൊലി, ചാച്ചിപിലാക്കൽ താലപ്പൊലി, പുല്ലാര ഭഗവതി ക്ഷേത്രം താലപ്പൊലി, ചോഴക്കാട്‌വേല, ചുണ്ടേൽ തൊടിവേല, നീണ്ടാരത്തിങ്കൽ വേല, നെച്ചിയിൽ വേല, എലിയങ്കോട്ടെ കാവ് നാഗത്താൻ പാട്ട്, കാവുംകണ്ടി നാഗത്താൻ പാട്ട്, തൃപുരാന്തകക്ഷേത്രം പാട്ടുത്സവം, മാണിപറമ്പ് മാരയിമ്മൻ ഉത്സവം എന്നീ

പ്രവർത്തിക്കുന്നു. പാവപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പഠനസഹായങ്ങൾ, വിവാഹധനസഹായം, മറ്റുസഹായസഹകരണങ്ങൾ നൽകുക, കലാരംഗത്ത് പ്രതിഭകൾക്ക് സഹായങ്ങൾ തുടങ്ങി ധാരാളം പ്രവർത്തനങ്ങൾ ഈസ്ഥാപനങ്ങളുടെ പ്രവർത്തനമേഖലയിൽപെടുന്നു ധാരാളം ബുക്ക് ബാങ്കുകളും, റിലീഫ് കമ്മിറ്റികളും നിലവിലുണ്ട്.

പഞ്ചായത്ത് വക പ്രതം മൈനോറിറ്റി ഗൈഡൻസ് സെൻറർ വായനശാലയിൽ ഇടുന്നുണ്ട്. ഈ വകയിൽ 1995-96 കാലത്ത് പഞ്ചായത്ത് ചെവഴിച്ച തുക 1564 രൂപയാണ്. സ്വന്തമായി കെട്ടിടം ഉള്ള ഒരു ലൈബ്രറിയും ഈ പഞ്ചായത്തിലില്ല എന്നത് ദു:ഖകരമായ ഒരു സത്യം മാത്രമാണ്. ഈ രംഗത്ത് ഒട്ടധികം പരാധീനതകൾ നിലനിൽക്കുന്നു.

## നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

| ക്രമനമ്പർ | പേരും മേൽവിലാസവും | കെട്ടിടത്തിൻെറ വിവരം | സർക്കാർ ഗ്രാൻറ് ലഭിക്കുന്നുണ്ടോ |
|---|---|---|---|
| 1 | പൊതുജനവായനശാല† ഗ്രന്ഥാലയം അത്താണിക്കൽ | വാടക | ഉണ്ട് |
| 2 | സി.എച്ച്. ലൈബ്രറി, വെള്ളൂർ | വാടക | ഇല്ല |
| 3 | മൈനോറിറ്റി ഗൈഡൻ സെൻറർ ലൈബ്രറി വായനശാല അറവങ്കര | വാടക | ഇല്ല |
| 4 | പരമാദർശ സംഘം, ലൈബ്രറി, വള്ളുവമ്പ്രം | വാടക | ഇല്ല |
| 5 | ജനശിക്ഷണ നിലയം, വള്ളുവമ്പ്രം | വാടക | കോഴിക്കോട് സർവ്വകലാശാല ഗ്രാൻറ് ലഭിച്ചുകൊണ്ടിരിക്കുന്നു |
| 6 | എച്ച്.എം.പി.വി.എസ്. ലൈബ്രറി, ചീനിക്കൽ | വാടക | ഇല്ല |

ഉത്സവങ്ങളും ഈ ഗ്രാമത്തിൽ ഇന്നും നടന്നുവരുന്നു. പ്രസിദ്ധമായ കൊണ്ടോട്ടി നേർച്ചയുടെ പ്രധാന ഇനമായ ‘എട്ടുതരവരവ്’ ഈ ഗ്രാമത്തിൻെറ സംഭാവനയാണ്.

ധാരാളം നാടൻ കലകൾക്ക് പ്രോത്സാഹനം നൽകിയ ഈ മണ്ണിൽ വെള്ളൂർ പോത്താല പള്ളിയാളിയിൽ നടക്കുന്ന അറവനമുട്ട്, പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിലുള്ള കോൽക്കളി പരിശീലനം കളരിപ്പയറ്റ്, കാളപൂട്ട് മത്സരങ്ങൾ തുടങ്ങിയവയെല്ലാം ഈ പഞ്ചായത്തിൻെറ സാംസ്കാരിക തനിമക്ക് മാറ്റ് കൂട്ടുന്നു.

കലാ-കായിക-സാംസ്കാരിക രംഗത്ത് പ്രശംസനീയമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന ഒട്ടനേകം സാംസ്കാരിക സംഘടനകൾ ഈ പഞ്ചായത്തിൽ

### കായികരംഗം:

കായികരംഗങ്ങളിൽ നിർണ്ണായകസ്ഥാനം വഹിച്ച പഞ്ചായത്താണ് പൂക്കോട്ടൂർ. നിരവധി പ്രതിഭകളെ വാർത്തെടുക്കാൻ ഈ ഗ്രാമത്തിനായിട്ടുണ്ട്. സംസ്ഥാന ഫുട്ബോൾ താരം റഫീഖ് ഹസൻ, സിവിൽ സർവ്വീസ് സ്റ്റേറ്റ് ഫുട്ബോൾ താരം പി.കെ. ഹംസമാസ്റ്റർ,. കൊച്ചി കസ്റ്റംസ് താരം ഉമ്മർ, ജില്ലാ ഫുട്ബോൾതാരങ്ങളായ എം.ടി.അലി, കോയ, കെ.എം. അക്ബർ, അബ്ദുറഹിമാൻ, ഹംസ(എം.ആർ.സി), അബ്ദുറഹീം, എ. ജയരാജ് തുടങ്ങി ഒട്ടനേകം പേർ ഈ പഞ്ചായത്തിൻെറ സംഭാവനകളാണ്. സ്കൂൾ യൂണിവേഴ്സിറ്റി തലങ്ങളിലും മികച്ച താരങ്ങളെ വാർത്തെടുക്കാൻ കഴിഞ്ഞത് ഈ കൊച്ചുഗ്രാമത്തിന് സ

563

## നിലവിലുള്ള കലാകായികസാംസ്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | കെട്ടിടത്തിൻെറ വിവരം | ധനസഹായത്തിൻെറ വിവരം | ഏതുസ്ഥാപനത്തോട് അഫിലിയേറ്റ് ചെയ്തിരിക്കുന്നു | പ്രവർത്തനത്തിൻെറ ലഘുവിവരം |
|---|---|---|---|---|---|
| 1. | സി.എച്ച്. കൾച്ചറൽസെൻറർ, വെള്ളൂർ | വാടക | ഇല്ല | - | കലാ-സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ-സാഹിത്യരംഗം |
| 2. | അൽ-അമീൻ ആർട്സ്&സ്പോർട്സ് ക്ലബ്ബ്, വെള്ളൂർ | - | ഇല്ല | - | കായികരംഗം |
| 3. | സി.എച്ച് കൾച്ചറൽ സെൻറർ, അത്താണിക്കൽ | വാടക | ഇല്ല | - | സാമൂഹികസാംസ്കാരികരംഗം |
| 4. | ഫ്രൻസ് ക്ലബ്ബ്, മുസ്ല്യാർ പീടിക-വള്ളുവമ്പ്രം | വാടക | ഇല്ല | നെഹ്റുയുവകേന്ദ്ര | കലാ-കായിക-സാംസ്കാരികരംഗം |
| 5. | ജനശിക്ഷൺ നിലയം, വള്ളുവമ്പ്രം | വാടക | ഇല്ല | | കലാ-വിദ്യാഭ്യാസ-സാഹിത്യരംഗം |
| 6. | സഹൃദയആർട്സ് &സ്പോർട്സ് ക്ലബ്ബ് മൂച്ചിക്കൽ | വാടക | ഇല്ല | നെഹ്റുയുവകേന്ദ്ര | കലാ-കായികരംഗം |
| 7 | സ്മാൾ കിക്കേഴ്സ്, മൂച്ചിക്കൽ | വാടക | ഇല്ല | നെഹ്റുയുവകേന്ദ്ര | കലാ-കായികരംഗം |
| 8 | ചിൽഡ്രൻസ്, പുല്ലാര | - | ഇല്ല | - | കായികരംഗം |
| 9. | കർഷകസഹായസമിതി, മുണ്ടിത്തൊടിക | വാടക | ഇല്ല | നെഹ്റുയുവകേന്ദ്ര | കലാ-സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസരംഗം |
| 10 | ഫ്രൻസ് ക്ലബ്ബ് പുല്ലാര | - | ഇല്ല | - | കലാ-കായികരംഗം |
| 11 | ശ്രുതി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പൂക്കോട്ടൂർ | വാടക | ഇല്ല | - | കലാ-കായിക-സാംസ്കാരികരംഗം |
| 12. | ജവഹർ ആർട്സ് &സ്പോർട്സ് ക്ലബ്ബ്, പൂക്കോട്ടൂർ | - | ഇല്ല | - | കലാ-കായികരംഗം |
| 13. | സി.എച്ച്. കൾച്ചറൽ സെൻറർ, പൂക്കോട്ടൂർ | വാടക | ഇല്ല | - | സാംസ്കാരികവിദ്യാഭ്യാസരംഗം |
| 14 | രംഗവേദി ആർട്സ് &സ്പോർട്സ് ക്ലബ്ബ്, പൂക്കോട്ടൂർ | വാടക | ഇല്ല | - | കലാ-സാംസ്കാരിക-കായികരംഗം |
| 15. | യൂത്ത് സെൻറർ-പള്ളിപ്പടി | വാടക | ഇല്ല | - | കലാ-സാംസ്കാരിക-വിദ്യാഭ്യാസരംഗം |
| 16. | അലിമെമ്മോറിയൽ ആർട്സ്&സ്പോർട്സ് ക്ലബ്ബ് അറവങ്കര | വാടക | ഇല്ല | കെ.എഫ്.എ. | കലാ-കായികരംഗം |
| 17. | ഹോറിസൻ കലാസമിതി, അറവങ്കര | - | ഇല്ല | - | കലാരംഗം |
| 18. | മൈനോറിറ്റി ഗൈഡൻസ് സെൻറർ, അറവങ്കര | വാടക | ഇല്ല | - | സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ-സാഹിത്യരംഗം |

ന്തോഷത്തോടെ ഓർക്കാവുന്നതാണ്. കായിക രംഗത്തും ഒട്ടുവളരെ പ്രയാസങ്ങൾ ഈ ഗ്രാമം അനുഭവിക്കുന്നു. 'ഓപറേഷൻ ഒളിമ്പിയ' പദ്ധതി ഈ പഞ്ചായത്തിൽ നന്നായി നടന്നിരുന്നു.

കലാ-കായിക-സാംസ്കാരിക രംഗത്ത് ഒട്ടധികം സംഭാവനകൾ അർപ്പിച്ച മഹത് വ്യക്തികൾ ധാരാളം ഉണ്ട്. അതിൽ ഗംഗാധര പണിക്കർ മാസ്റ്റർ, കൊളിക്കാടൻ മാനു, കോതൊടി അലി തുടങ്ങിയവരെ നമുക്ക് വിസമരിക്കാനാവില്ല. ഹൈദ്രോസ്കുട്ടി മാസ്റ്റർ ഇന്നും ഈ രംഗത്ത് മുഴുസമയം പ്രവർത്തനം നടത്തുന്നു.


## പ്രശ്നങ്ങൾ

1. വാർഡ് 1,2,3,4,7,8,9,11 വാർഡുകളിൽ ലൈബ്രറികളും വായനശാലകളും ഇല്ല
2. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ ഏതാനും പൊതു ടി..വി.ഉണ്ടെങ്കിലും ഏതാനും കവലകളിൽ (വാർഡ് 3,4,1,5) ടി.വി. ആവശ്യമുണ്ട്
3. പഞ്ചായത്തിൻെറ മിനിസ്റ്റേഡിയവും പൂക്കോട്ടൂർ ഹൈസ്കൂൾ മൈതാനവും കൂടിച്ചേർന്ന ഒരുകളിസ്ഥലം മാത്രമാണ് ഇവിടെയുള്ളത്. വാർഡ് 3,6,7,9,11 എന്നിവിടങ്ങളഇൽ മിനി സ്റ്റേഡിയങ്ങൾ ആവശ്യമാണ്.
4. തുടർസാക്ഷരതാ പ്രവർത്തനം നിർജ്ജീവാവസ്ഥയിലാണ്
5. ലൈബ്രറികൾക്കോ വായനശാലകൾക്കോ ഒന്നും സ്വന്തം കെട്ടിടമില്ല.
6. സാംസ്കാരിക പരിപാടികളും മറ്റും സംഘടിപ്പിക്കുവാനുള്ള നല്ല ഒരു ഹാൾ പഞ്ചായത്തിലില്ല. കല്യാണമണ്ഡപമോ കമ്മ്യൂണിറ്റി ഹാളോ ഇല്ല,
7. 'പൂക്കോട്ടൂർ' യുദ്ധത്തിന് അർഹിക്കുന്ന ഒരു സ്മാരകമില്ല,
8. പുല്ലാനൂർ ഹൈസ്കൂളിൽ ഗ്രൗണ്ടിനുള്ള സ്ഥലമുണ്ടെങ്കിലും കളിസ്ഥലമില്ല.

## ആവശ്യങ്ങൾ

1. വാർഡ് 1,2,3,4,7,8,9,11 എന്നിവിടങ്ങളിൽ പൊതു ലൈബ്രറികളും വായനശാലകളും സ്ഥാപിക്കുക.
2. എല്ലാ ഹരിജൻ കോളനികളിലും മറ്റ് കവലകളിലും പൊതു ടെലിവിഷൻ സ്ഥാപിക്കുക.
3. പുല്ലാനൂർ ഹൈസ്കൂൾ ഗ്രൗണ്ടിനുള്ള സ്ഥലം ഗ്രൗണ്ടാക്കി മാറ്റുക. വാർഡ് 3,6,7,911 എന്നിവിടങ്ങളിൽ മിനിസ്റ്റേഡിയങ്ങൾ നിർമ്മിക്കുക. അതിനുള്ള സ്ഥലം ലഭ്യമാണ്.
4. തുടർസാക്ഷരതാ പ്രവർത്തനങ്ങൾക്ക് വേണ്ട നടപടി സ്വീകരിക്കുക.
5. നന്നായി നടക്കുന്ന എല്ലാ ലൈബ്രറികൾക്കും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നൽകുക.
6. പഞ്ചായത്തിൽ ഒരു കല്യാണ മണ്ഡപം, കമ്മ്യൂണിറ്റി ഹാൾ എന്നിവ നിർമ്മിക്കുക.
7. 1921ലെ സമരനേതാക്കൾക്കും 'പൂക്കോട്ടൂർ യുദ്ധത്തി'നും അർഹമായ രീതിയിലുള്ള സ്മാരകം യാഥാർത്ഥ്യമാക്കുക.

# സാമൂഹ്യക്ഷേമം, പാർപ്പിടം



## സാമൂഹ്യക്ഷേമം

പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിൽ ആകെ 11 വാർഡുകളാണുള്ളത്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും അംഗനവാടികളുടെ വിവരങ്ങളും താഴെ കൊടുക്കുന്നു. (അംഗനവാടികൾ പട്ടിക-എ.യിൽ).

| | | |
|---|---|---|
| 1 എ) പഞ്ചായത്തിലെ ആകെ ജനസംഖ്യ | : | 27109 |
| ബി) പുരുഷന്മാർ | : | 13681 |
| സി) സ്ത്രീകൾ | : | 13420 |
| 2 എ)പട്ടികജാതിജനസംഖ്യ | : | 1700 |
| ബി)പട്ടികവർഗ്ഗജനസംഖ്യ | : | - |
| 3 അംഗനവാടികളുടെ എണ്ണം | : | 27 |
| 4. എ) ഒരുവയസ്സിന് താഴെയുള്ള കുട്ടികൾ | : | 749 |
| ബി)1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | : | 1380 |
| സി) 2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | : | 1409 |
| ഡി)3-5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | : | 3103 |
| 5 എ) പഞ്ചായത്തിലെ മൊത്തം ഗർഭിണികളുടെ എണ്ണം | : | 238 |
| ബി)ഇവരിൽ പ്രത്യേകപരിചരണം ആവശ്യമുള്ളവരുടെ എണ്ണം | : | 6 |
| 6 മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസംവരെ പ്രായമുള്ള കുട്ടികളുള്ള) | : | 324 |
| 7. എ) കഴിഞ്ഞവർഷത്തിൽ ആകെ ജനനങ്ങൾ | : | 669 |
| ബി) ചാപ്പിള്ളജനനങ്ങൾ | : | 8 |
| 8. എ) ഒരു വയസ്സിനുതാഴെ പ്രായത്തിൽ മരിച്ചകുട്ടികളുടെ എണ്ണം (95-96) | : | 2 |
| ബി)1-3 വയസ്സുവരെ മരിച്ചകുട്ടികളുടെ എണ്ണം | : | - |
| സി) 3-6 വയസ്സുവരെ മരിച്ചകുട്ടികളുടെ എണ്ണം | : | 5 |
| 9. എ) ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം | : | - |
| ബി) മറ്റുമരണങ്ങളുടെ എണ്ണം | : | 35 |
| 10 എ) അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | : | 1469 |
| ബി) അനുപൂരകപോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | : | 152 |
| സി) അനുപൂരകപോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | : | 167 |

• • •

സാമൂഹികക്ഷേമവകുപ്പിൻ കീഴിൽ വളരെയധികം ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ ചില പദ്ധതികളൊന്നും നടപ്പിലാക്കാൻ കഴിയുന്നില്ല എന്ന കാര്യം വാസ്തവമാണ്,. ജനങ്ങൾ ഈ പദ്ധതിയോട് ആത്മാർത്ഥയോടുകൂടി യോജിച്ചു പ്രവർത്തിച്ചെങ്കിൽ മാത്രമേ ഇത്തരം പ്രവർത്തനങ്ങൾ വിജയിക്കുകയുള്ളൂ.

അംഗനവാടികൾ വഴി കുട്ടികൾക്കും അമ്മമാർക്കും വേണ്ടി വളരെയധികം നല്ല കാര്യങ്ങൾ ഭാവിയിലേക്ക് വേണ്ടി നടപ്പിലാക്കുന്നുണ്ടെങ്കിലും പ്രതിരോധ കുത്തിവെയ്പ്പിന് തയ്യാറാവാത്ത മാതാപിതാക്കൾ ഇപ്പോഴും നിലവിലുണ്ട്. ഇതിനുവേണ്ടി ബോധവൽകരണ ക്യാമ്പുകൾ നടത്തുന്നുണ്ട്.

മലപ്പുറം ഐ.സി.ഡി.എസ്. ഓഫീസ് മുഖാന്തിരം പൂക്കോട്ടൂർ പഞ്ചായത്തിൽ ആകെ 27 അംഗനവാടികളാണുള്ളത്. ഇതിൽ 4 അംഗനവാടികൾക്ക് മാത്രമാണ് കെട്ടിടം ഉള്ളത്. രണ്ട് അംഗനവാടികൾ താമസം കൂടാതെ ആരംഭിക്കുമെന്ന് കരുതുന്നു. സ്ഥലം വിട്ടു കൊടുത്തിടത്ത് കെട്ടിട നിർമ്മാണത്തിന് ശ്രമിക്കുന്നുണ്ട്.

ഒമ്പതാം പഞ്ചവത്സരപദ്ധതിയിലേക്ക് ഉൾപ്പെടുത്തേണ്ട ആവശ്യങ്ങൾ താഴെ കൊടുക്കുന്നു.

1 21 അംഗനവാടികൾ കെട്ടുന്നതിനുള്ള ചിലവ്
-50000 X 21 = 10,50,000രൂപ

2. ഓരോ അംഗനവാടികൾക്കും കളിക്കോപ്പുകൾ ഹർണ്ണീച്ചറുകൾ എന്നിവ വാങ്ങുന്നതിന് ആവശ്യമുള്ള ചെലവ് 135,000 രൂപ

3. വികലാംഗർക്ക് ആവശ്യമുള്ള ഉപകരണങ്ങൾ അനുവദിക്കുക. വികലാംഗർക്ക് നൽകുന്ന ആനുകൂല്യങ്ങൾ പഞ്ചായത്തിലേക്ക് അനുവദിക്കുക.

566

## പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് അംഗനവാടികളെ സംബന്ധിച്ച വിവരം

പട്ടിക-എ

| ക്രമ നമ്പർ | വാർഡ് നമ്പർ | അംഗനവാടികൾ | കെട്ടിടം ഉള്ളവ | കെട്ടിടം ഇല്ലാത്തവ | സ്ഥലം ഉള്ളവ | സ്ഥലം ഇല്ലാത്തവ | സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | മാതൃ സംരക്ഷണ സമിതി ഉള്ളവ |
|---|---|---|---|---|---|---|---|---|
| 1 | 1 | മൈലാടി | | ✓ | | ✓ | | ✓ |
| 2. | 1 | ചെറുവെള്ളൂർ | | ✓ | ✓ | | ✓ | |
| 3 | 2 | പഞ്ചായത്ത് പടി | | ✓ | | ✓ | | ✓ |
| 4. | 2 | പുഴിക്കോട്ട് പറമ്പ് | | | ✓ | | ✓ | ✓ |
| 5. | 3 | പള്ളിപ്പടി | | ✓ | | ✓ | | ✓ |
| 6 | 3 | പൂക്കോട്ടൂർ | | ✓ | | ✓ | | ✓ |
| 7 | 3 | ലക്ഷം വീട്കോളനി | ✓ | | ✓ | | | ✓ |
| 8 | 4 | പള്ളിമുക്ക് | | ✓ | | ✓ | | ✓ |
| 9 | 4 | മുണ്ടിതൊടിക | ✓ | | ✓ | | | ✓ |
| 10 | 5 | ചെമ്പ്രമ്മൽ | | | ✓ | | ✓ | ✓ |
| 11 | 5 | മണക്കോട്ടുകുളം | | ✓ | | ✓ | | ✓ |
| 12 | 6 | അരീക്കാട് മുക്ക് | | ✓ | | ✓ | | ✓ |
| 13 | 7 | ചെരിച്ചിയിൽ | | ✓ | | ✓ | | ✓ |
| 14 | 7 | പുല്ലാര | | ✓ | | ✓ | | ✓ |
| 15 | 8 | മൂച്ചിക്കൽ | | ✓ | | ✓ | | ✓ |
| 16 | 8 | പുല്ലാര-മേൽമുറി | | ✓ | | ✓ | | ✓ |
| 17 | 9 | മാട്ടാക്കുളം | | ✓ | | ✓ | | ✓ |
| 18 | 9 | ഈസ്റ്റ് വള്ളുവമ്പ്രം | | ✓ | | ✓ | | ✓ |
| 19 | 9 | മാണിപറമ്പ് | | ✓ | | ✓ | | ✓ |
| 20 | 10 | ആലിങ്ങപ്പറ്റ | | ✓ | | ✓ | | ✓ |
| 21 | 10 | കക്കാടമ്മൽ | | ✓ | | ✓ | | ✓ |
| 22 | 10 | നെച്ചിയിൽ | ✓ | | ✓ | | | ✓ |
| 23 | 11 | ആലക്കോട്മുക്ക് | | ✓ | | ✓ | | ✓ |
| 24 | 11 | അക്കരമുക്ക് | | ✓ | | ✓ | | ✓ |
| 25 | 6 | കൊല്ലത്തൊടിക | | ✓ | | ✓ | | ✓ |
| | | ആകെ | 3 | 20 | 5 | 20 | 2 | 25 |

4. സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ അനയോജ്യമായ പദ്ധതികൾ നടപ്പിലാക്കുക

5. അംഗൻവാടികളോടനുബന്ധിച്ചുള്ള മഹിളാസമാജങ്ങൾ മുഖാന്തിരം ചെറുകിട വ്യവസായങ്ങൾ നടപ്പിലാക്കാനുള്ള പദ്ധതികൾ ആരംഭിക്കുക.

6. സഹകരണസംഘങ്ങൾ വഴി സ്ത്രീകൾക്ക് വ്യവസായങ്ങൾ ആരംഭിക്കാനുള്ള പദ്ധതി നടപ്പിലാക്കുക.

7. പച്ചക്കറിതോട്ടനിർമ്മാണ പദ്ധതി ആരംഭിക്കുക

8 ജനസംഖ്യാപരിധി ചുരുക്കി പുതിയ അംഗൻവാടികൾ ആരംഭിക്കുക.

9. സ്ഥിരം കെട്ടിടമുള്ള അംഗൻവാടികളുടെ കാലാകാലങ്ങളിലുള്ള കേടുപാടുകൾ തീർക്കുക.

10. സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള മറ്റു ക്ഷേമ പ്രവർത്തനങ്ങൾ നടത്തുക.

11. സർക്കാറിൻെറ ഭൂമിയോ മറ്റു സന്നദ്ധസംഘടനകളിൽ നിന്നോ, വക്തികളിൽ നിന്നോ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കാൻ സഹായം അഭ്യർത്ഥിക്കുക.

12. പഞ്ചായത്തിൽ ക്രഷുകൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിക്കുക.

സാമൂഹ്യക്ഷേമം:

1. വിധവാപെൻഷൻ:

പഞ്ചായത്തിൽ 8ാം പഞ്ചവത്സരപദ്ധതിക്കാലത്ത് ആകെ 194 പേർക്കാണ് വിധവാ പെൻഷൻ അനുവദിച്ചിട്ടുള്ളത് ഇനിയും വളരെയധികം പേർ ഈ പെൻഷന് അർഹതയുള്ളവരായിട്ടുണ്ട്.

2. വികലാംഗപെൻഷൻ:

പഞ്ചായത്തിൽ ആകെ 52 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. പെൻഷന് അർഹതയുള്ള ഇനിയും വ്യക്തികൾ പഞ്ചായത്തിലുണ്ട്. വികലാംഗതയുടെ ശതമാനമനുസരിച്ച് പെൻഷൻ തുക അനുവദിക്കണം.

3. വാർധക്യകാല പെൻഷൻ:

പഞ്ചായത്തിൽ ആകെ 47പേർക്ക് വാർധക്യകാല പെൻഷൻ അനുവദിച്ചിട്ടുണ്ട്. ഇനിയും വളരെയധികം പേർ ഈ പെൻഷന് അർഹതയുള്ളവരായിട്ടുണ്ട്.

4. അവശകലാകാര/സാഹിത്യപെൻഷൻ:

8ാം പഞ്ചവൽസരപദ്ധതിക്കാലത്ത് ഈ പഞ്ചായത്തിൽ ഇത്തരം പെൻഷൻ ആർക്കും അനുവദിച്ചിട്ടില്ല.

6. അവശകായികതാരപെൻഷൻ:

8ാം പഞ്ചവത്സരപദ്ധതിക്കാലത്ത് ഈ പെൻഷൻ ആർക്കും അനുവദിച്ചിട്ടില്ല.

6. ക്ഷയരോഗി പെൻഷൻ:

പൂക്കോട്ടൂർ പഞ്ചായത്തിൽ 8-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 30 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

7. കാൻസർരോഗി പെൻഷൻ:

ഈ പഞ്ചായത്തിൽ ഈ പദ്ധതിക്കാലത്ത് കാൻസർ രോഗി പെൻഷൻ ആർക്കും അനുവദിച്ചിട്ടില്ല.

പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്

ഐ.ആർ.ഡി.പി. സർവ്വെപ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ വിവരങ്ങൾ

-പട്ടിക-

| വാർഡ് നമ്പർ | സർവെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ | പട്ടികജാതി കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ | സാമ്പത്തിക സഹായം ലഭിച്ച പട്ടികജാതി കുടുംബങ്ങൾ | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്കു മുകളിൽ എത്തിയവർ | ദാരിദ്ര്യരേഖക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 162 | 10 | 22 | 7 | 15 | 147 |
| 2 | 187 | 2 | 25 | 7 | 17 | 170 |
| 3 | 143 | 4 | 16 | 6 | 11 | 132 |
| 4 | 209 | - | 26 | 10 | 16 | 193 |
| 5 | 195 | 4 | 34 | 20 | 22 | 173 |
| 6 | 213 | 3 | 13 | 2 | 8 | 205 |
| 7 | 202 | 30 | 32 | 17 | 22 | 180 |
| 8 | 232 | 20 | 25 | 8 | 17 | 215 |
| 9 | 124 | 38 | 51 | 35 | 25 | 99 |
| 10 | 108 | 14 | 19 | 10 | 12 | 96 |
| ആകെ | 1775 | 125 | 263 | 122 | 165 | 1610 |

8. കർഷകതൊഴിലാളിപെൻഷൻ:
പൂക്കോട്ടൂർ പഞ്ചായത്തിൽ ഇപ്പോൾ 595 പേർക്കാണ് കർഷകതൊഴിലാളി പെൻഷൻ അനുവദിച്ചു വരുന്നത്.

9. തൊഴിലില്ലായ്മ വേതനം:
പഞ്ചായത്തിൽ 8ാം പദ്ധതിക്കാലത്ത് 189 പേർക്ക് തൊഴിലില്ലായ്മ വേതനം അനുവദിച്ചിട്ടുണ്ട്.

10. അർഹതയുള്ള വിധവകളുടെ കുട്ടികൾക്ക് വിവാഹം കഴിപ്പിക്കുന്നതിന് ധനസഹായം നൽകിവരുന്നു.

11. മരണപ്പെട്ട മരംകയറ്റ തൊഴിലാളികളുടെ ആശ്രിതർക്ക് ഇൻഷൂറൻസ് ആനുകൂല്യം നൽകിവരുന്നു. ഈ പഞ്ചായത്തിൽ 8-ാം പദ്ധതിക്കാലത്ത് 4 പേർക്ക് ഇത്തരം ധനസഹായം നൽകിയിട്ടുണ്ട്.

12. എസ്.സി./എസ്.ടി വിഭാഗത്തിൽപെട്ട ദരിദ്രകുടുംബത്തിലെ കുട്ടികളെ വിവാഹം കഴിപ്പിച്ചയക്കുന്നതിന് എസ്.സി./എസ്.ടി. ക്ഷേമബോർഡിൽ നിന്നും ധനസഹായം നൽകിവരുന്നു.

എട്ടാം പഞ്ചവൽസരപദ്ധതിക്കാലത്തെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ അവലകോനം ചെയ്യുമ്പോൾ സാമൂഹികവും സാമ്പത്തികവുമായ അടിത്തറ പരിശോധിക്കേണ്ടതുണ്ട്. ഭൂരിഭാഗം ജനങ്ങളും കൃഷിയെ ആശ്രയിച്ചാണ് ജീവിതം പുലർത്തിപോരുന്നതെങ്കിലും കച്ചവടത്തിലും നിർമ്മാണമേഖലയിലും ജീവിതം കഴിയുന്നവരും വിരളമല്ല. കാർഷികവൃത്തിയിൽ ജീവിതംകഴിയുന്നവർക്ക് അതിലൂടെ ജീവിതനിലവാരം ഉയർത്തുന്നതിന് സാധിക്കാതെ വന്നുകൊണ്ടിരിക്കുന്നതിനാൽ പഞ്ചായത്തിലെ കാർഷികമേഖലയിൽ വളരെയധികം മാന്ദ്യം സംഭവിച്ചിരിക്കുന്നു. ഇത് ജനങ്ങളെ കാർഷികവൃത്തിയിൽ നിന്നും മറ്റ് മേഖലകളിലേക്ക് വഴി തിരിച്ചിരിക്കുകയാണ്. വിദേശത്തേക്ക്പോയ നമ്മുടെ നാട്ടുകാരുടെ വരുമാനം നാടിൻെറ പുരോഗതിക്ക് കാരണമായിട്ടുണ്ട്. പഞ്ചായത്തിൻെറ ഗതാഗതമേഖലയിലുണ്ടായ മാറ്റം വികസനത്തിന് വഴി തെളിയിച്ചു.

എങ്കിലും നമ്മുടെ പഞ്ചായത്തിൽ ദാരിദ്ര്യം അനുഭവിച്ചുകൊണ്ടിരിക്കുന്നവർ ധാരാളം ഉണ്ട്. ഐ.ആർ.ഡി.പി. സർവ്വെ സി.ബി.എൻ.പി, ഐ.സി.ഡി.എസ് സർവ്വെ എന്നിവയിൽ നിന്നും പഞ്ചായത്തിലെ ദരിദ്രകുടുംബങ്ങളുടെ കണക്കുകൾ കാണുന്നു.

പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിലെ 1992ലെ ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം 1775 ദരിദ്രകുടുംബങ്ങളുണ്ടെന്നും അതിൽ 125 പട്ടികജാതി കുടുംബങ്ങളുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. 1994 സി.ബി.എൻ.പി.യിലെ റാപ്പിഡ് സർവ്വെ പ്രകാരം 1582 ദരിദ്രകുടുംബങ്ങളുള്ളതായി കാണുന്നു. ഇതിൽ 46 അയൽക്കൂട്ടങ്ങളുണ്ട്.

1992 ലെ ഐ.ആർ.ഡി.പി. സർവ്വെപ്രകാരം പഞ്ചായത്തിൽ ആകെ 10 വാർഡുകളായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ ചില വാർഡുകളിൽ നിന്നും ചില ഭാഗങ്ങൾ കൂട്ടിച്ചേർത്ത് ഒരു വാർഡു കൂടി രൂപീകരിച്ചിട്ടുണ്ട്.

പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്

## സാമൂഹ്യാധിഷ്ഠിത പോഷകാഹാരപരിപാടി & ദാരിദ്ര്യനിർമ്മാർജ്ജന പരിപാടി

| ക്രമ നമ്പർ | വാർഡ് നമ്പർ | NHGകളുടെ (ADS) | ഏരിയ ഡവലപ് മെൻറ് സൊസൈറ്റി |
|---|---|---|---|
| 1 | 1 | 3 | അറവങ്കര |
| 2 | 2 | 3 | അറവങ്കര |
| 3 | 3 | 7 | പൂക്കോട്ടൂർ |
| 4 | 4 | 8 | മുണ്ടിതൊടിക |
| 5 | 5 | 5 | മുതിരിപ്പറമ്പ് |
| 6 | 6 | 2 | പുല്ലാര |
| 7 | 7 | 2 | പുല്ലാര |
| 8 | 8 | 6 | മൂച്ചിക്കൽ |
| 9 | 9 | 6 | വള്ളുവമ്പ്രം |
| 10 | 10 | 4 | മുസ്ല്യാർ പീടിക |
| 11 | - | - | |
| ആകെ | | 46 | |

ഐ.ആർ.ഡി.പി. പദ്ധതിപ്രകാരം വായ്പയെടുത്ത് 5 വർഷത്തിനുള്ളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ ആശ്രിതർക്ക് ഇൻഷൂറൻസിൽ നിന്നും ധനസഹായം നൽകിവരുന്നു. പൂക്കോട്ടൂർ പഞ്ചായത്തിൽ 8 പേർക്ക് ഇത്തരത്തിൽ ധനസഹായം നൽകിയിട്ടുണ്ട്.

സാമൂഹ്യക്ഷേമ പ്രവർത്തനത്തിനായി സർക്കാർ തലത്തിൽ വിനിയോഗിക്കപ്പെടുന്ന സാമ്പത്തിക സഹായങ്ങൾ യഥാവിധി ബന്ധപ്പെട്ടവർക്ക് ലഭിച്ചിട്ടില്ല. സർക്കാരിൻെറ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ബോധമില്ലായ്മ കൊണ്ടും ആനുകൂല്യങ്ങൾ ലഭിക്കുന്നതിലുള്ള പ്രയാസങ്ങൾ അനുഭവപ്പെടുന്നു. സമൂഹത്തിലെ വനിതകൾക്ക് വനിതാക്ഷേമ പ്രവർത്തനങ്ങൾ തൃപ്തികരമല്ലാത്തതിനാൽ പുതുതായി വനിതാക്ഷേമത്തിനായി സി.ഡി.എസ്. അംനഗവാടികളോടനുബന്ധിച്ച് മഹിളാസമാജങ്ങൾ, മാതൃസംഗമം തുടങ്ങിയവ വനിതാരംഗത്ത് പിന്നോക്കാവസ്ഥ മാറ്റിയെുക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബ്ലോക്ക് തലത്തിൽ ഡി.ഡബ്ല്യു.സി.ആർ.എ. കുട്ടികളുടെയും വനിതകളുടെയും വികസനത്തിന് വേണ്ടി. വളരെയധികം പ്രവർത്തിക്കുന്നുണ്ട്.

മൊത്തത്തിൽ പഞ്ചായത്ത് തലത്തിൽ വളർന്നുവന്നിട്ടുള്ള സാമൂഹ്യബോധം സമൂഹത്തിൻെറ ഉന്നമനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിൻെറ ലക്ഷണങ്ങൾ ഗ്രാമത്തിൽ ഉളവായിത്തുടങ്ങിയിട്ടുണ്ട്.

എട്ടാം പദ്ധതിക്കാലത്ത് പഞ്ചായത്തിൽ രണ്ട് അനാഥമന്ദിരങ്ങൾ സ്ഥാപിക്കുകയും 185-ൽപരം കുട്ടികൾ ഇവിടെ വിദ്യ അഭ്യസിക്കുകയും അവരുടെ എല്ലാവിധ സംരക്ഷണവും ഇവിടെത്തന്നെ നിർവ്വഹിച്ചു പോരുകയും ചെയ്യുന്നു.

ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട നിർദ്ദേശങ്ങൾ

1. ഐ.ആർ.ഡി.പി. ലിസ്റ്റിൽ അർഹരായ എല്ലാ കുടുംബങ്ങളും ഉൾപ്പെട്ടിട്ടില്ലാത്തതുകൊണ്ട് സർവ്വെലിസ്റ്റിൽ അർഹരായ വരെ ഉൾപ്പെടുത്തുക.

2. ഐ.ആർ.ഡി.പി. ലിസ്റ്റിൽപെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യമാക്കുക

3. വിവിധ പെൻഷനുകളുടെയും ക്ഷേമനിധികളുടെയും വിതരണത്തിലെ കാലതാമസം ഒഴിവാക്കുക.

4. വിവിധ സാമൂഹ്യക്ഷേമ പദ്ധതികളെക്കുറച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുക

5. ട്രൈസം പരിശീലനം പൂർത്തിയാക്കിയവർക്ക് സ്വയം തൊഴിൽ തുടങ്ങാനാവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കുക.

6. ഡി.ഡബ്ലിയു.സി.ആർ.എ. പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.

7. ഐ.ആർ.ഡി.പി. പദ്ധതിയിൽ ഒരിക്കൽ വായ്പയെടുത്ത് ദാരിദ്ര്യരേഖക്കുമുകളിൽ എത്താത്ത കുടുംബത്തിന് വീണ്ടും വായ്പ നൽകാനുള്ള സംവിധാനം നടപ്പിലാക്കുക.

8. മഹിളാസമാജങ്ങൾ കാര്യക്ഷമമാക്കുകയും വനിതകൾക്ക് ലഭ്യമാകുന്ന വിവിധ ആനുകൂല്യങ്ങൾ മഹിളാസമാജങ്ങൾ വഴി സാധാരണ ജനങ്ങളിലെത്തിക്കുകയും ചെയ്യുക.

9. നിലവിലുള്ള മുഴുവൻ അംഗനവാടികൾക്കും സ്ഥലവും കെട്ടിടവും ലഭ്യമാക്കുക. കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകൾ ലഭ്യമാക്കുക.

10. കുട്ടികൾക്കാവശ്യമായ പോഷകാഹാരരോഗപ്രതിരോധപദ്ധതികൾ ഉറപ്പുവരുത്തുക.

11. വനിതകൾക്കായി ആരംഭിച്ചിട്ടുള്ള വിവിധ സ്വയം തൊഴിൽ പദ്ധതികളിൽ വായ്പാ സൗകര്യങ്ങൾ ഉദാരമാക്കുക.

12. സാമൂഹ്യക്ഷേമരംഗത്ത് സന്നസംഘടനകൾക്ക് പ്രോത്സാഹനം നൽകുക.

13. പൊതുവിതരണ കേന്ദ്രങ്ങളിൽകൂടി നിത്യോപയോഗസാധനങ്ങളുടെ വിതരണം ഉറപ്പുവരുത്തുക. ജനസംഖ്യാനുപാതികമായി കൂടുതൽ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുക.

14. ഉപഭോക്തൃ ഗൈഡൻസ് സെൻറർ സ്ഥാപിക്കുക. ഉപഭോക്തൃസംരക്ഷണം ഉറപ്പുവരുത്താൻ ജനങ്ങളെ ബോധവൽകരിക്കുക.

15. രോഗപ്രതിരോധ പ്രവർത്തനങ്ങൾ വർധിപ്പിക്കുക. പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറയും ഉപകേന്ദ്രങ്ങളുടെയും കേടുപാടുകൾ തീർകുകകയും അവിടത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുയും ചെയ്യാൻ നടപടിയെടുക്കുകയും ചെയ്യുക.

16. മുഴുവൻ സന്നദ്ധസംഘടനകൾക്കും അവയുടെ നടത്തിപ്പിനാവശ്യമായ സഹായങ്ങൾ നൽകുകയും അവരെ കലാ-കായിക സാംസ്കാരിക സാമൂഹികരംഗങ്ങളിൽ വിജയം കൈവരിക്കുന്നതിന് വേണ്ട പ്രോത്സാഹന പരിപാടി നടപ്പിലാക്കുക.

17. സി.ബി.എൻ.പി.യുടെ പ്രവർത്തനവും സംഘാടനവും ഐ.സി.ഡി.എസ് പ്രവർത്തനവും ഫലപ്രദമാക്കുക. സി.ഡി.എസ്.ലും എഡി.എസ്സിലും പ്രവർത്തിക്കുന്നവർക്ക് അലവൻസ് ലഭ്യമാക്കുക.

പൊതുവിതരണം

പൂക്കോട്ടൂർ പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോറും 9 പൊതുവിതരണകേന്ദ്രങ്ങളും നിലവിലുണ്ട്. ഈ ഒമ്പതു കേന്ദ്രങ്ങളിലായി 4179 റേഷൻകാർഡുടമകൾക്ക് സഹായം ലഭ്യമായിവരുന്നു. വീടുകളുടെ എണ്ണത്തിനാനുപാതികമായി പൊതുവിതരണകേന്ദ്രങ്ങൾ അനുവദിക്കേണ്ടുതുണ്ട്.

# പാർപ്പിടം:

മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിൽ എറ്റവും പ്രധാനപ്പെട്ട ഒന്നാണ് പാർപ്പിടം. 1992-ലെ സർവ്വെപ്രകാരം പഞ്ചായത്തിലെ പാർപ്പിടത്തെ സംബന്ധിച്ച് പറയുമ്പോൾ വളരെ മോശപ്പെട്ട നിലയായിരുന്നു അന്ന്. എന്നാൽ പൊതുജനങ്ങൾക്കിടയിൽ വളർന്നുവന്ന സാമൂഹികവികസനബോധം കൊണ്ടും ഗവൺമെന്റിൽ നിന്നും ലഭ്യമാകുന്ന സഹായങ്ങൾകൊണ്ടും ഈരംഗത്ത് വളരെയധികം മാറ്റം വന്നിട്ടുണ്ട്.

ഗൾഫു പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തികമേഖലയിലെ നിർണ്ണായകഘടകമായി തീർന്നിട്ടുണ്ടെങ്കിലും ഈ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഭവനനിർമ്മാണരംഗത്ത് കോൺക്രീറ്റ് സൗധങ്ങളിൽ ഒതുങ്ങി നിൽക്കുന്നു.

കൂലിപണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും അതുകൊണ്ട് തന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും. പഞ്ചായത്തിലെ 6290 വീടുകളിൽ 1450 വീടുകൾ ഒന്നിലധികം നിലകളോടുകൂടിയതും 1275 കോൺക്രീറ്റ് വീടുകളും 3265 ഇടത്തരം വീടുകളും 300 ഓളം വീടുകൾ ഓല മേഞ്ഞവയുമാണ്.

ഏറനാട് കാർഷികവികസനബാങ്ക് മഞ്ചേരി ഹൗസിംഗ്സൊസൈറ്റി, ഫെഡറൽ ബാങ്ക് എന്നിവയെ ജനങ്ങൾ വീട് നിർമ്മാണത്തിന് ആശ്രയിക്കുന്നുണ്ട്. എന്നാൽ അമിതമായ സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും യഥാസമയം വായ്പലഭിക്കായ്കയും കാരണം ഈ വായ്പ സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയാണുള്ളത്

ഈ ഭവനവായ്പകൾ സാധാരണക്കാരനും ലഭിക്കത്തക്ക രീതിയിൽ ഭവനവായ്പ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. അതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
2. പലിശ നിരക്ക് 12 ശതമാനമാക്കി നിജപ്പെടുത്തുക
3. പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോട് കൂടി വീട് നിർമ്മിച്ച് നൽകുക.
4. സർക്കാർ ഭവനനിർമ്മാണ ബോർഡുവഴി ദുർബലഇടത്തരവിഭാഗക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവനവായ്പ ദുർബലവിഭാഗക്കാർക്ക് മാത്രമായും അത് വിരലിലെണ്ണാവുന്നവർക്ക് മാത്രവുമാണ് ലഭിക്കുന്നത്. ദുർബലവിഭാഗക്കാർക്ക് വീട് വെയ്ക്കാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കിപണിയാനുമുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമാക്കുക.
5. സർക്കാർ ലഭ്യമാക്കുന്ന വിവിധ ഭവനനിർമ്മാണവായ്പകളുടെ സംഖ്യവർധിപ്പിക്കുക.
6. റജിസ്ട്രാപ്പീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക.
7. കെട്ടിടനിർമ്മാണസാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക(സിമൻറ്-കമ്പി മുതലായവ)

ജനകീയവാശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിടപ്രശ്നം അടിയന്തിരപ്രധാന്യത്തോടെ പരിഹരിക്കേണ്ടതും അതുവഴി നാടിന്റെ തൊഴിൽ രംഗങ്ങളിൽ ആത്മാർത്ഥയോടെയും ഉത്സാഹത്തോടെയും സമസ്ത ജനവിഭാഗങ്ങളേയും സജീവമാക്കാൻ കഴിയേണ്ടിയിരിക്കുന്നു.

### ഐ.ആർ.ഡി.പി. സർവ്വെപ്രകാരം ഭവനനിർമ്മാണരംഗത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ നമ്പർ | വീട ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പരിപാടികളിലായി അനുവദിച വീടുകൾ | പൂർത്തീകരിച വീടുകൾ | അനുവദിചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട | ഇനിയും അനുവദിക്കേണ്ട |
|---|---|---|---|---|---|
| 1 | 73 | 3 | 2 | 1 | 70 |
| 2 | 74 | 3 | 2 | 1 | 71 |
| 3 | 70 | 1 | 1 | - | 69 |
| 4 | 82 | 4 | 3 | 1 | 78 |
| 5 | 76 | 4 | 3 | 1 | 72 |
| 6 | 86 | 1 | - | 1 | 85 |
| 7 | 75 | 7 | 5 | 2 | 68 |
| 8 | 92 | 5 | 4 | 1 | 87 |
| 9 | 60 | 4 | 2 | 2 | 56 |
| 10 | 55 | 22 | 19 | 3 | 56 |
| 11 | 58 | 5 | 4 | 1 | 53 |
| ആകെ | 801 | 59 | 45 | 14 | 742 |

57

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

നാട്ടിൻെറ മറ്റ് ഭാഗങ്ങളിലെ പോലെ തന്നെ പൂക്കോട്ടൂർ പഞ്ചായത്തിലേയും പട്ടികജാതി-വർഗ്ഗ വിഭാഗങ്ങളുടെ അവസ്ഥ വളരെ പരിതാപകരമായിരുന്നു. സാമൂഹിക-സാമ്പത്തിക-സാംസ്കാരിക-വിദ്യാഭ്യാസംരംഗങ്ങളിൽ എല്ലാം ഈ പിന്നോക്കവിഭാഗം പിന്നോക്കം തന്നെയായിരുന്നു. സാമ്പത്തികരംഗത്ത് ഇവർ എന്നും പിന്തള്ളപ്പെട്ടു. ജന്മിമാരുടെ ആട്ടും തുപ്പുമേറ്റ് നരകതുല്യമായ ജീവിതം നയിച്ചു. സാമൂഹ്യരംഗത്തെ തൊട്ടുകൂടായ്മയും, തീണ്ടിക്കൂടായ്മയും വേണ്ടുവോളമനുഭവിച്ചു. മുൻകാലങ്ങളിൽ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട ഈ വിഭാഗം സാംസ്കാരികരംഗത്തും പിന്തള്ളപ്പെട്ടു.

സാമൂഹികസാമ്പത്തിക രംഗങ്ങളിൽ വന്ന മാറ്റം ഇവരുടെ ജീവിതത്തിൽ വേണ്ടത്ര പ്രതിഫലിച്ചില്ല. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതിമതസ്ഥരേയും എല്ലാ ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും, മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തു വരുന്നുണ്ട്. ഈ വിഭാഗത്തിൻെറ ഉയർച്ചക്ക് വേണ്ടി സർക്കാർ നടപ്പാക്കിവരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലായ്മകൊണ്ടും, പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഭാഗികമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ഇവരെ സഹായിച്ചിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുള്ളത് കോളനി നിവാസികൾക്കാണ്. സാമൂഹികരംഗത്ത് അവരിൽ സാർവ്വത്രികമായിരുന്ന മദ്യപാനശീലം പുതിയ തലമുറയിൽ അത്രതന്നെ കാണുന്നില്ല എന്നത് ശുഭകരമാണ്.

നിരവധി പ്രശ്നങ്ങൾ ഇപ്പോഴും പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നുണ്ട്.

ലഭ്യമായ കണക്ക്പ്രകാരം പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിൽ മൊത്തം 1875 പട്ടികജാതിക്കാർ അധിവസിക്കുന്നുണ്ട്. പട്ടിക വർഗ്ഗക്കാരായി രണ്ട് പേർ മാത്രമേ ഉള്ളൂ. മൊത്തം ജനസംഖ്യയുടെ 16ശതമാനത്തോളം വരും ഇവർ. മൊത്തം 15 പട്ടികജാതി കോളനികളിൽ 11 മാത്രമാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ബാക്കി കോളനികൾക്ക് കൂടി അംഗീകാരം കിട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. (കോളനികളുടെ വിവരം പട്ടിക 1-ൽ ചേർത്തിരിക്കുന്നു)

## വിദ്യാഭ്യാസം

വിദ്യാഭ്യാസ മേഖലയിൽ കാര്യമായ പുരോഗതിയൊന്നും ഈ വിഭാഗത്തിൽ പെട്ട ആളുകൾ നേടിയിട്ടില്ല. പ്രായമായവരിൽ മിക്ക ആളുകളും ഇന്നു നിരക്ഷരരാണ്. സാക്ഷരതാപ്രവർത്തനം ഇത്തരത്തിലുള്ളവർക്ക് വളരെയധികം സഹായകമായിട്ടുണ്ട്. ഇളംതലമുറയിലെ മിക്കകുട്ടികളും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നുണ്ടെങ്കിലും എസ്.എസ്.എൽ.സി. വിജയശതമാനം വളരെ കുറവാണ്. '95-96 വർഷത്തിൽ പൂക്കോട്ടൂർ ഗവൺമെൻറ്

പട്ടിക - 1

| ക്രമ നമ്പർ | വാർഡ് | കോളനിയുടെപേര് | കുടുംബങ്ങളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | അംഗീകരിച്ചതോ അല്ലാത്തതോ |
|---|---|---|---|---|---|
| 1 | 1 | കൊട്ടപ്പുറം | 10 | 57 | അംഗീകാരിക്കാത്തത് |
| 2 | 2 | പനക്കൽ | 21 | 126 | അംഗീകരിച്ചത് |
| 3 | 3 | പാറപ്പുറത്ത് | 17 | - | ,, |
| 4 | 4 | പറക്കാടൻ | 10 | 36 | ,, |
| 5 | 4 | ചുണ്ടേൽ തൊടി | 18 | 56 | ,, |
| 6 | 5 | പുത്തൂപറമ്പിൽ | 25 | 101 | ,, |
| 7 | 4 | പരപ്പത്തോട്ടിങ്ങൽ | 10 | - | അംഗീകരിക്കാത്തത് |
| 8 | 7 | തിയ്യത്ത് | 12 | 46 | അംഗീകരിച്ചത്( ഐ.എച്.ഡി.പി.) |
| 9 | 8 | നീണ്ടാരത്തിൽ | 16 | 171 | അംഗീകരിച്ചത് |
| 10 | 8 | കാവുങ്ങൽ | 10 | - | ,, |
| 11 | 9 | ചോഴക്കോട് | 24 | 130 | ,, |
| 12 | 10 | കക്കാടമ്മൽ | 32 | 181 | ,, |
| 13 | 10 | നെച്ചിയിൽ | 48 | 175 | ,, (അംബേദ്കർ ഗ്രാമം) |
| 14 | 10 | മൂലക്കോട്ടിൽ | 14 | 72 | ,, |
| 15 | 11 | പൂവക്കാട് | 11 | 54 | അംഗീകരിക്കാത്തത് |

കൂടാതെ കോളനികളിൽ ഉൾപ്പെടാതെ ഒറ്റപ്പെട്ട പട്ടികജാതികുടുംബങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്.

ഹൈസ്കൂളിൽ നിന്നും റിക്കാർഡ് മാർക്കോട് കൂടി (533) വിജയിച്ച അജിത.പി. എന്ന കുട്ടി ഈ വിഭാഗത്തിൽ പെട്ടതാണെന്ന വസ്തുത ഈ വിഭാഗത്തിലും പഠിക്കാൻ കഴിയുന്ന കുട്ടികളുണ്ട് എന്ന് സൂചിപ്പിക്കുന്നു. ചുരുക്കം ചില വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസം നേടിയിരിക്കുന്നു. രക്ഷിതാക്കളുടെ നിരക്ഷരത, സാമ്പത്തികപ്രയാസം, വേണ്ടത്രബോധമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ പല വിദ്യാർത്ഥികളും പഠനം ഇടയ്ക്ക് വെച്ച് നിർത്തുന്നു.

തൊഴിൽ: കാർഷികവൃത്തിയിലാണ് മിക്ക കുടുംബങ്ങളും ഏർപ്പെട്ടിരിക്കുന്നത്. എന്നാൽ കാർഷികമേഖലയിലെ ജോലിക്കൂറവ്, കൂലിക്കുറവ് എന്നീ കാരണങ്ങളാൽ മിക്ക ആളുകളും മറ്റ് തൊഴിൽ മേഖലകളിലേക്ക് മാറിക്കൊണ്ടിരിക്കുന്നു പുതിയ തലമുറയിലെ ആരും തന്നെ കാർഷിക മേഖലയിലേക്ക് വരുന്നില്ല. ഇവരുടെ പ്രധാന കൈതൊഴിലുകളായ കൊട്ടനെയ്ത്ത്, പായനെയ്ത്ത് തുടങ്ങിയവ അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം മൂലം നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.

4. പഞ്ചായത്തിൽ ചുരുക്കം ചില ആളുകൾ ഉയർന്ന സർക്കാർ തലത്തിൽ ജോലി ചെയ്യുന്നവരുണ്ട്. കുറച്ചുപേർ ക്ലാസ് 3, ക്ലാസ് 4 വിഭാഗത്തിലും ജോലി ചെയ്യുന്നുണ്ട്.

പാർപ്പിടം: പഴയകാലത്ത് വീടുകൾ അധികവും ചെറ്റക്കുടിലുകളായിരുന്നു. ഇപ്പോൾ ഭൂരിഭാഗവീടുകളും ഓടു മേഞ്ഞതാണ്. ടെറസ്സ് വീടുകളുണ്ട് സർക്കാറിന്റെ സഹായത്തോടെ പലർക്കും വീടുകൾ ലഭ്യമായിട്ടുണ്ട് ഇനിയും പാർപ്പിട സൗകര്യം ലഭ്യമാകാത്ത കൂട്ടുകുടുംബത്തിൽ താമസിക്കുന്നവരും അല്ലാത്തവരുമായ ധാരാളംപേർ ഈ പഞ്ചായത്തിൽ ഉണ്ട്.

നെച്ചിയിൽ അംബേദ്കർ ഗ്രാമം: പൂക്കോട്ടൂർ പഞ്ചായത്തിലെ ഏക അംബേദ്കർ ഗ്രാമമാണ് നെച്ചിയിൽ കോളനി. ഈ ഗ്രാമത്തിലെ ജനസംഖ്യ 175 ആണ്. 1990 മാർച്ച് 8ന് പി.സീതിഹാജി എം.എൽ.എ. ആണ് ഈ ഗ്രാമത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. ഇത് ഈ കോളനിയുടെ പുരോഗതിയിൽ ഒരു നാഴികക്കല്ലായിരുന്നു. നിലവിലുള്ള ഹരിജൻ കോളനികളുടെ പല പ്രശ്നങ്ങളും ഇനിയും പരിഹരിക്കേണ്ടതുണ്ട്. അടിസ്ഥാനസൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, കക്കൂസ്, റോഡ് എന്നിവ അപര്യാപ്തമാണ്. പല കോളനികളിലും കുടിവെള്ളപ്രശ്നം രൂക്ഷമാണ്. വയറിംഗ് നടത്തി കണക്ഷനുവേണ്ടി കാത്തിരിക്കുന്ന ധാരാളം കുടുംബങ്ങൾ ഉണ്ട്. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പട്ടികജാതിയിൽപെട്ട ധാരാളം ആളുകൾ പ്രവർത്തിക്കുന്നു.

## പ്രശ്നങ്ങൾ

- വിദ്യാഭ്യാസരംഗത്ത് പുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ പൊഴിഞ്ഞുപോകുന്നു.
- കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞ് വരുന്നു., തൊഴിൽ സാധ്യത കുറയുന്നത് ജീവിതം കൂടുതൽ ദുസ്സഹമാക്കുന്നു.
- എല്ലാവർക്കും സ്വന്തമായി വീടില്ല. വീട് നിർമ്മിക്കാൻ നൽകുന്ന സഹായധനം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്നില്ല.
- ആരോഗ്യസംരക്ഷണ സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.
- ആനുകൂല്യങ്ങൾ പലതുമുണ്ടെങ്കിലും അവയെപറ്റി വേണ്ടത്ര പരിജ്ഞാനമില്ലാത്തതിനാൽ അവ നേടിയെടുക്കാൻ കഴിയുന്നില്ല.
- പഞ്ചായത്തിൽ ഒരു പട്ടികജാതി സഹകരണസംഘമില്ല.

## നിർദ്ദേശങ്ങൾ

1. അംഗീകാരമില്ലാത്ത കോളനികൾക്ക് അംഗീകാരം നൽകുക.

2. കാർഷികമേഖലയെ പരിപോഷിപ്പിച്ച് കൂടുതൽ തൊഴിവസരങ്ങൾ സൃഷ്ടിക്കുക.

3 പരമ്പരാഗത തൊഴിലുകൾ സംരക്ഷിക്കുക.

4 കുടിവെള്ളക്ഷാമം പരിഹരിക്കുക

5 എല്ലാ വീടുകളും വൈദ്യുതീകരിക്കുക

6 മദ്യനിരോധനം കാര്യക്ഷമമായി നടപ്പിലാക്കുക

7 പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു പട്ടികജാതി സഹകരണസംഘം രൂപീകരിക്കുക.

8 സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് പട്ടികജാതിക്കാരുടെ ഇടയിൽ അവബോധംസൃഷ്ടിക്കുക.

9 ഭവനനിർമ്മാണസഹായം വർധിപ്പിക്കുക

10 എസ്.എസ്.എൽ.സിക്ക് കൂടുതൽ മാർക്ക് നേടിയ പട്ടികജാതിക്കാർക്ക് അവാർഡ് ഏർപ്പെടുത്തുക.

11. പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള പദ്ധതികൾ ശരിയാംവണ്ണം നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാനായി പഞ്ചായത്ത് തലത്തിൽ ഉന്നതസമിതി രൂപീകരിക്കുക.

12. സർക്കാരിതര സ്ഥാപനങ്ങളിൽ ഈ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുക.

13. കൃത്രിമ രേഖകൾ ഉണ്ടാക്കി പട്ടികജാതിക്കാരുടെ ആനുകൂല്യം തട്ടിയെടുക്കുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുക.

14. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം അനുവദിക്കുക

15. പഞ്ചായത്തിലെ കക്കാടമ്മൽ, പനക്കൽ, പാറപ്പുറത്ത്, കാവുങ്ങൽ, നീണ്ടാരത്തിൽ കോളനികൾ വൈദ്യുതീകരിക്കുക.

16. മൂലക്കോട് , കാവുങ്ങൽ, പാറപ്പുറത്ത്, നീണ്ടാരത്തിൽ കോളനി റോഡുകൾ ടാർ ചെയ്യുക.

573

## ഹരിജൻ കോളനികളുടെ വൈദ്യുതീകരണം സംബന്ധിച്ച സമൂലവിവരണം

പട്ടിക - 3

| വാർഡ് നമ്പർ | കോളനികളുടെ പേർ | വൈ. കണക്ഷൻ ലഭിച്ചവ | സൗജന്യ സ്ലാബ് | പണം നൽകി കിട്ടുന്നവ |
|---|---|---|---|---|
| 3 | പറക്കാടൻ | 10 | 6 | 4 |
| 5 | പുത്തുപറമ്പിൽ | 17 | 15 | 2 |
| 4 | ചുണ്ടേൽ തൊടി | 13 | 10 | 3 |
| 7 | തിയ്യത്ത് | 12 | 8 | 4 |
| 9 | ചോഴക്കാട്ട് | 22 | 14 | 8 |
| 10 | മൂലക്കോട്ടിൽ | 14 | 12 | 2 |
| 10 | നെച്ചിയിൽ | 38 | 30 | 8 |

## ഐ.ആർഡി.പി. സർവ്വേപ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള പട്ടികജാതി കുടുംബങ്ങൾ

പട്ടിക - 2

| ക്രമ നമ്പർ | വാർഡ് നമ്പർ | പട്ടികജാതി കുടുംബങ്ങൾ |
|---|---|---|
| 1 | 1 | 10 |
| 2 | 2 | 2 |
| 3 | 3 | 4 |
| 4 | 4 | - |
| 5 | 5 | 4 |
| 6 | 6 | 2 |
| 7 | 7 | 17 |
| 8 | 8 | 8 |
| 9 | 9 | 35 |
| 10 | 10 | 10 |

പട്ടിക - 4

## ജെ.ആർ.വൈ. പദ്ധതിപ്രകാരം ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസിൽ നിന്നനുവദിച്ച 20 % വീടുകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | വർഷം | അനുവദിച്ച വീട് | പൂർത്തീകരിച്ചവ | അനുവദിച്ച തുക | ചിലവായ തുക |
|---|---|---|---|---|---|
| 1 | 92-93 | 1 | 1 | 9300 | 9300 |
| 2 | 93-94 | 5 | 5 | 4800 | 4800 |
| 3 | 94-95 | 3 | 2 | 47400 | 24200 |
| 4 | 95-96 | 1 | - | 15800 | - |
| 5 | 96-97 | - | - | - | - |

574

ഐ.എ.വൈ. സ്കീം പ്രകാരം അനുവദിച്ച
വീടുകളുടെ റിപ്പോർട്ട്

പട്ടിക - 5


| വർഷം | ലക്ഷ്യം | പൂർത്തിയാകാത്തവ | പൂർത്തിയായവ |
|---|---|---|---|
| 89-90 | 4 | 4 | - |
| 90-91 | 1 | 1 | - |
| 91-92 | 1 | 1 | - |
| 92-93 | - | - | - |
| 93-94 | 1 | 1 | 1 |
| 94-95 | 5 | 4 | 1 |
| 95-96 | 22 | 11 | 11 |

ജെ.ആർ.വൈ. സ്കീം പ്രകാരം
പഞ്ചായത്തിൽ നിന്നനുവദിച്ച വീടുകളുടെ വിവരണം

പട്ടിക - 6

| ക്രമ നമ്പർ | വർഷം | അനുവദിച്ച വീടുകൾ | പൂർത്തിയായ വീടുകൾ |
|---|---|---|---|
| 1 | 89-90 | 5 | 2 |
| 2 | 90-91 | 10 | 6 |
| 3 | 91-92 | 5 | 5 |
| 4 | 92-93 | - | - |
| 5 | 93-94 | 12 | 9 |
| 6 | 94-95 | 4 | - |
| 7 | 95-96 | 4 | 3 |

575



# ഗതാഗതം

ഒരു ഗ്രാമത്തിൻെറ വികസനത്തിൽ ഗതാഗതസൗകര്യങ്ങൾക്ക് വളരെ പ്രധാന പങ്കാണുള്ളത്. വികസനം, എന്നാൽ റോഡുകളുടെ എണ്ണക്കൂടുതലാണ് എന്നതല്ലെങ്കിലും, പ്രദേശത്തിൻെറ മൊത്തം വികസനത്തെ സ്വാധീനിക്കാൻ റോഡുകൾക്ക് കഴിയും. പ്രത്യേകിച്ച് കാർഷിക മേഖലകളും വ്യവസായമേഖലകളും വികസിക്കുന്നത് ഗതാഗതസൗകര്യങ്ങളെ ആശ്രയിച്ചാണ്.

ഗ്രാമീണ പഞ്ചായത്ത് എന്ന നിലയിൽ പൂക്കോട്ടൂർ പഞ്ചായത്തിൽ ഗതാഗതമാർഗ്ഗം റോഡുകൾ തന്നെയാണ്. ആദ്യകാലം മുതൽ തന്നെ നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്ന രണ്ട് പ്രധാനറോഡുകളാണ് കോഴിക്കോട് - പാലക്കാട് റോഡും കോഴിക്കോട് ഊട്ടിറോഡും. ഇതു രണ്ടും പി. ഡബ്ലിയു.ഡി. റോഡുകളാണ്. ഇതിന് പുറമെ അറവങ്കര-അരിമ്പ്ര റോഡും പി.ഡ്ബ്ലിയു.ഡി. വകയാണ്. കൂടാതെ വള്ളുവമ്പ്രം, വളമംഗലം-പൂക്കൊളത്തൂർ റോഡ് പി.ഡബ്ലിയു.ഡി. ഏറ്റെടുക്കുകയും ഇപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയുമാണ്.

ഇതിന് പുറമെ ചെറുതും വലുതുമായ 8 മീറ്റർ വീതിയുള്ളതും വീതി കുറഞ്ഞതുമായ 71 ഗ്രാമീണ റോഡുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ ഗ്രാമങ്ങളിൽ കുഗ്രാമങ്ങളായ വാർഡ് 1 വെള്ളൂർ നോർത്ത്, വാർഡ് 11 വെള്ളൂർ സൗത്ത്, വാർഡ് 10 വള്ളുവമ്പ്രം വെസ്റ്റ്, വാർഡ് 5 മുതിരിപ്പറമ്പ്, വാർഡ് 4 മുണ്ടിത്തൊടിക, വാർഡ് 8 മൂച്ചിക്കൽ, വാർഡ് 7 പുല്ലാര എന്നീ പ്രദേശങ്ങൾ ജനസംഖ്യാനുപാതികമായും ഭൂപ്രദേശത്തിൻെറ പ്രത്യേകതകളും കണക്കിലെടുക്കുമ്പോൾ ഗതാഗതസൗകര്യം നന്നെ കുറവുള്ള വാർഡുകളാണ്. ഈ വാർഡുകളിലെ റോഡ് വികസനം പഞ്ചായത്തിൻെറ വികസനത്തെ വളരെയധികം സ്വാധീനിക്കുന്നു. കാരണം, ഇത്രയും പ്രദേശങ്ങൾ കാർഷികമേഖലകളാണ്. 8 മീറ്റർ വീതിയുള്ള 13 റോഡുകളും 7 മീറ്റർ വീതിയുള്ള 4 റോഡുകളും 6 മീറ്റർ വീതിയുള്ള 21 റോഡുകളും 5 മീറ്റർ വീതിയുള്ള 14 റോഡുകളും 4 മീറ്റർ വീതിയുള്ള 8 റോഡുകളും, കൂടാതെ 3 മീറ്റർ വീതിയിൽ 4 ഫൂട്ട്പാത്തുകളുമാണ്

## നിലവിലുള്ള റോഡുകളുടെ വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു

| ക്രമ നമ്പർ | റോഡിൻെറ പേര് | നീളം | വീതി | ടാർ ചെയ്ത ദൂരം |
|---|---|---|---|---|
| 1 | പൂക്കോട്ടൂർ-പുല്ലാര റോഡ് | 4 കി.മീ | 8മീ | 4 കി.മീ |
| 2 | പുല്ലാര - മൂച്ചിക്കൽ - പുൽപറ്റ | 1 കി.മീ. | 8 മീ | 800 മീ. |
| 3 | അത്താണിക്കൽ - തടപ്പറമ്പ് | 3.500 | 8 മീ | 1.600മീ |
| 4 | വള്ളുവമ്പ്രം - മാണിപറമ്പ് - വളമംഗലം | 3.500 | 8മീ. | 500.മീ |
| 5. | വള്ളുവമ്പ്രം - മോങ്ങം റോഡ് | 2 കി.മീ | 8മീ | 2 കി.മീ |
| 6. | കണ്ണയങ്കോട് -മേക്കോട് റോഡ് | 2 കി.മീ | 8 മീ | 600 മീ |
| 7 | പനപ്പടി-കൂനേങ്ങൽ | 1 കി.മീ | 8 മീ | - |
| 8 | മൈലാടി-കൊട്ടേക്കോട് | 1കിമീ. | 8 മീ | 1.കിമീ |
| 9 | മൈലാടി-തടപ്പറമ്പ് | 1.കിമീ | 8 മീ | - |
| 10 | പല്ലാര - പുൽപറ്റ | 2 കി.മീ | 6 മീ | 1.100 കി.മീ |
| 11 | വെള്ളൂർ - മേലെമുക്ക് - കോട്ടമ്മൽ | 1.300 | 8 മീ | - |
| 12 | നെച്ചിയിൽ-അംബേദ്കർ കോളനി | 2.കി.മീ | 7മീ | 1.000മീ |
| 13 | പൂക്കോട്ടൂർ-ലക്ഷംവീട് കോളനി | 4 കി.മീ | 6 മീ. | 4.കി.മീ |
| 14 | മാര്യാട് - ആലുക്കൽ | 650മീ | 6 മീ | 650 മീ |
| 15 | പറാഞ്ചേരി - വിളക്കിണിപറമ്പ് | 800 മീ | 6 മീ | സോളിംഗ് നടക്കുന്നു |
| 16 | പുല്ലാര-മേൽമുറി-വളമംഗലം | 2.600 മീ | 6മീ | - |
| 17 | അറവങ്കര - ചെറുവെള്ളൂർ | 1500മീ | 6മീ | 500മീ |
| 18 | മൂലക്കോട്ടിൽ ഹരിജൻ കോളനി | 460മീ | 6മീ | - |
| 19 | അത്താണിക്കൽ - കളത്തിങ്ങൽ | 1500മീ | 6മീ | 200 മീ സോളിംഗ് |

576

| | | | | |
|---|---|---|---|---|
| 20 | അത്താണിക്കൽ-ചങ്ങലത്ത്പറമ്പ് | 1000മീ | 6മീ | 150 മീ സോളിംഗ് |
| 21 | മേലെക്കാട് ഹരിജൻ കോളനി | 1000മീ | 6മീ | 500 |
| 22 | ചോഴക്കോട് ഹരിജൻ കോളനി-തോട്ടത്തിൽ | 1000മീ | 6മീ | - |
| 23 | ചീനിക്കൽ - പറക്കുണ്ട് | 1000മീ | 6മീ. | 1000മീ |
| 24 | വെള്ളുവമ്പ്രം-കളത്തിങ്ങൽ കുന്നത്ത്വരെ | 1500 മീ | 6 മീ | 500മീ സോളിംഗ് |
| 25 | അറവങ്കര-പാപ്പാട്ടുങ്ങൽ | 1500 മീ | 6 മീ | - |
| 26 | കുന്നത്ത് പള്ളിമുക്ക്-മാര്യാട് | 2000മീ | 6മീ | |
| 27 | വെള്ളുവമ്പ്രം കക്കാടമ്മൽ ഹരിജൻ കോളനി | 1500മീ | 6മീ | - |
| 28 | അറവങ്കര-പെരിമ്പിടിച്ചാൽ-പുളിക്കത്തൊടി | 1200 | 6മീ | - |
| 29 | പള്ളിമുക്ക്-പാറക്കത്തോട് | 300മീ | 6 മീ | - |
| 30 | കോലാർകുന്ന്-അവങ്കര-കൂമ്പാറ | 400മീ | 6മീ | - |
| 31 | മുണ്ടിതൊടിക-മേലെമുക്ക് | 1600മീ | 5മീ | 600 |
| 32 | പള്ളിപ്പടി - ചോലയിൽ മുക്ക് | 1250 | 5മീ | 400 |
| 33 | അറവങ്കര-പുത്തുപറമ്പ് ഹരിജൻകോളനി | 1800 | 5 മീ | - |
| 34 | വെള്ളൂർ - കലങ്ങോട് റോഡ് | 600മീ | 5മീ | - |
| 35 | വെള്ളുവമ്പ്രം - നെച്ചിക്കുണ്ട് റോഡ് | 500മീ | 5മീ | 500 |
| 36 | ആലുങ്ങാപൊറ്റ - അത്തിക്കച്ചാൽ | 1000 | 5മീ | 300 |
| 37 | കാരാട്ട്കുന്ന്-പേഴും തറ റോഡ് | 600 മീ | 5 മീ | - |
| 38 | കടമ്പോട്ട്പടി-ചീനിക്കൽ | 450മീ | 5മീ | - |
| 39 | മുസ്ല്യാർപീടികകുഴിക്കാട്ട്-ചങ്ങലത്ത്പറമ്പ് | 1150 മീ | 5 മീ | 300മീ |
| 40 | പുത്തൂപറമ്പ്-മണക്കോട്ടുകുളം | 750മീ | 5മീ | - |
| 41 | തിയ്യത്ത് ഹരിജൻകോളനി | 1000മീ | 5മീ | - |
| 42 | ചോഴക്കാട്-നെച്ചിക്കുണ്ട് | 500മീ | 6മീ | - |
| 43 | മുസ്ല്യാർ പടി - മാങ്കാവ് | 500 മീ | 5മീ | - |
| 44. | മേലങ്ങാടി - പനക്കൽകുണ്ട് | 500മീ | 5മീ | - |
| 45. | വെള്ളൂർ കണ്ടിക്കുന്ന് റോഡ് | 750മീ | 4മീ | - |
| 46. | സ്കൂൾപടി-കൊട്ടിയംപാറ-മൂച്ചിക്കൽ | 1.000 | 4മീ | - |
| 47. | വെള്ളൂർ-കുന്നത്ത് റോഡ് | 500മീ | 4മീ | - |
| 48. | വാരിയത്ത് പള്ളിയാളി-പാറക്കണ്ണി | 700 | 4മീ. | - |
| 49. | മുണ്ടിതൊടി സബ്സെൻറർ | 200മീ | 3മീ | - |
| 50 | വെള്ളുവമ്പ്രം-ചോലക്കൽ ഫുട്ട്പാത്ത് | 200മീ. | 3മീ | - |
| 51 | പോക്കാട് ഉളിയേങ്ങൽ റോഡ് | 700 | 4മീ. | - |
| 52 | വെള്ളൂർസ്കൂൾപടി-കാട്ടിൽപുറം | 800മീ | 4മീ | |
| 53. | വാരിക്കുളം-കാട്ടിൽപുറം | 1500 | 4മീ | - |
| 54. | ന്യൂബസാർ-മുച്ചിക്കൽ | 1800 | 7മീ | 1300മീ |
| 55 | വെള്ളുവമ്പ്രം-വളമംഗലം-പൂക്കുളത്തൂർ (PWD) | 2കി.മീ | 8മീ | 2കി.മീ പണി നടക്കുന്നു |
| 56. | അറവങ്കര-അരിമ്പ്ര പി.ഡബ്ലിയു.ഡി | 2കി.മീ | 8മീ | 2കി.മീ |
| 57 | അമ്പലപ്പടി-കുറുക്കംകുന്ന് | 1കി.മീ | 8മീ | - |
| 58. | പള്ളിപ്പടി-പനക്കൽ കോളനിഫുട്ട്പാത്ത് | 500മീ | 3മീ | - |
| 59 | അറവങ്കര-പൊരുത ഫുട്ട്പാത്ത് | 700മീ | 3മീ | - |
| 60 | ചേങ്ങോട്പടി-കക്കൊടി മുക്ക്റോഡ് | 500മീ | 4മീ | - |
| 61 | പള്ളിപ്പടി-കാരാട്ട്മുക്ക് ഫുട്ട്പാത്ത് | 300മീ | - | - |
| 62 | പള്ളിപ്പടി-പറക്കാത്തോട് റോഡ് | 400മീ | - | - |
| 63 | മാര്യാട് കൊളായിപറമ്പ് | 1500മീ | 8മീ | - |
| 64 | മുണ്ടിതൊടിക - മാണിക്കാംപാറ ആലുക്കൽ | 1കി.മീ | 5മീ | - |
| 65. | പുല്ലാര-മേൽമുറി-മേമാട് | 1കി.മീ | 6മീ | - |
| 66. | കവണഞ്ചേരി ഫുട്പാത്ത് | 200മീ | - | - |
| 67 | ഉമ്മയിൽ ഇടവഴി ഫുട്ട്പാത്ത് | 150 മീ - | | - |
| 68 | മാടമ്പിപ്പടി - വാളക്കുളം | 500മീ | 5മീ | |

(അവലംബം പഞ്ചായത്ത് റിക്കാർഡ്)

നമ്മുടെ പഞ്ചായത്തിലെ ഗതാഗതസൗകര്യങ്ങൾ. ഇത്രയും റോഡുകൾ ആകെ 76.450 കി.മീറ്റർ ദൂരംവരും. ഇത്രയും ദൂരത്തിൽ 19 കി. മീറ്റർ ദൂരം മെറ്റൽ ചെയ്തു ടാർ ചെയ്തിരിക്കുന്നു.

മുകളിൽ പട്ടികയിൽ പറഞ്ഞ രീതിയിൽ ഈ പഞ്ചായത്തിൽ റോഡുകളുണ്ടെങ്കിലും ജനസംഖ്യയും പ്രദേശത്തിന്റെ ആവശ്യകതയും കണക്കിലെടുക്കുമ്പോൾ ഇനിയും റോഡുകൾ ആവശ്യമാണ്. വളരെ പ്രധാനമായി ഇവിടെ ചൂണ്ടിക്കാട്ടാനുള്ളത് കാർഷികമേഖലയായ ഈ പഞ്ചായത്തിൽ കാർഷിക ഉൽപന്നങ്ങളുടെ വിപണനസൗകര്യങ്ങളും ഉൽപാദന വർദ്ധനവും ഒട്ടുവളരെ റോഡുകളുടെ വികസനത്തെ ആശ്രയിച്ചിരിക്കുന്നു.

നിലവിലുള്ള റോഡിൽ നിന്ന് തുടങ്ങുന്നതും അല്ലാത്തതുമായ ഒട്ടുവളരെ റോഡുകൾ ഈ പഞ്ചായത്തിൽ അടിയന്തിരമായി നിർമ്മിക്കാൻ വിശേഷാൽ ഗ്രാമസഭയിൽ വെച്ച് ജനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. അത്തരം റോഡുകളുടെ ലിസ്റ്റും വിവരങ്ങളും താഴെ പട്ടികയിൽ കാണിക്കുന്നു.

(വിശേഷാൽ ഗ്രാമസഭാ നിർദ്ദേശങ്ങൾ അവലംബം)

പഞ്ചായത്തിൽ നിലവിലുള്ള 76.450 കി.മീറ്റർ ദൂരം റോഡിൽ 19 കി.മീറ്റർ ദൂരം ടാർചെയ്തിരിക്കുന്നു എന്ന് മുകളിൽ പറഞ്ഞുവല്ലോ. ബാക്കിവരുന്ന 57.450 കിമീ. ദൂരം കൂടി ഉടനടി ടാർചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതാണ്.

പ്രശ്നങ്ങളും പരിഹാരങ്ങളും

റോഡുകളുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനം. ഈ കാര്യത്തിൽ ജനങ്ങൾ ഇപ്പോഴും വേണ്ടത്ര ബോധവാന്മാരല്ല. പ്രത്യേകിച്ചും ഗതാഗതയോഗ്യമായ റോഡുകളിൽ നിന്ന് പുതിയ റോഡുകൾ ആരംഭിക്കുന്ന സ്ഥലങ്ങളിൽ സ്ഥലം വിട്ടുകിട്ടുക എന്നത് വളരെ പ്രയാസമാണ്. നിർമ്മാണരംഗത്ത് ജനങ്ങളുടെ കൂട്ടായ്മയും സന്നദ്ധപ്രവർത്തനങ്ങളും വേണ്ടത്ര ലഭിക്കുന്നില്ല എന്നതും ഒരു പ്രശ്നമാണ്. അറ്റകുറ്റ ജോലികൾ യഥാസമയം ചെയ്യാത്തതുമൂലംറോഡുകൾ തന്നെ നശിക്കാൻ കാരണമാകുന്നു. ഈ പ്രശ്നങ്ങളുടെ പരിഹാരത്തിനായി ചില നിർദേശങ്ങൾ താഴെ സമർപ്പിക്കുന്നു


1. റോഡുകൾക്ക് സൗജന്യമായി സ്ഥലം ലഭിക്കേണ്ടതിന് ജനങ്ങളിൽ ബോധവൽകരണം നടത്തുക.
2. സൗജന്യമായി സ്ഥലം ലഭിക്കാത്തയിടങ്ങളിൽ സർക്കാർ തന്നെ വിലക്കെടുത്ത് ലഭ്യമാക്കുക.
3. റോഡുകളുടെ പ്രവർത്തി കാര്യക്ഷമമാക്കുകയും പാഴ്ചെലവ് ഒഴിവാക്കുകയും ചെയ്യുക.
4. റോഡുകളുടെ നിർമ്മാണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക
5. ജെ.ആർ.വൈ. പോലുള്ള പദ്ധതികളിൽ നിന്നും റോഡുകൾ അനുവദിച്ചുകിട്ടാൻ നിശ്ചിത മീറ്റർ വീതി വേണമെന്ന നിബന്ധന ഒഴിവാക്കുക.
6. റോഡുകൾ അനുവദിക്കുമ്പോൾ സന്നദ്ധ പ്രവർത്തനങ്ങൾക്ക് തയ്യാറുള്ള സ്ഥലങ്ങൾക്ക് മുൻഗണന നൽകുകയും നന്നായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്ക് അവാർഡുകൾ ഏർപ്പെടുത്തുകയും ചെയ്യുക.

| ക്രമ നമ്പർ | റോഡുകളുടെ പേർ | പ്രവൃത്തിയുടെ സ്വഭാവം |
|---|---|---|
| 1 | അറവങ്കര-വലിയമുട്ടിപ്പാലം-വെള്ളൂർ | ഫോർമേഷൻ |
| 2 | വെള്ളൂർ കലങ്ങോട്-കൊടീലതൊടിക | ,, |
| 3 | മാളിയേക്കൽപടി-മടുതൊടികറോഡ് | ,, |
| 4 | അറവങ്കര-പുളിക്കൽതൊടി-മൈലാടി | ടാറിംഗ് |
| 5 | കോലാർകുന്ന്-പള്ളിപ്പടിറോഡ് | ഫോർമേഷൻ |
| 6 | പിലാക്കൽ-തടപ്പറമ്പ് Pkmic റോഡ് | ,, |
| 7 | ചേലേപാറ- പള്ളിമുക്ക് റോഡ് | ,, |
| 8 | ഇല്ല്യംപറമ്പ്-കരേക്കാട് റോഡ് | - |
| 9 | ഇല്ല്യംപറമ്പ്-വട്ടോളിറോഡ് | - |
| 10 | മുണ്ടിതൊടിക-പിലാച്ചേരിക്കുളം | - |
| 11 | കൊറളിക്കോട്-പുളിയഞ്ചാലിൽ | - |
| 12 | പള്ളിമുക്ക്-മാര്യാട് റോഡ് | - |
| 13 | പുത്തുപറമ്പ്-മാങ്കുളത്ത് പറമ്പ് | - |
| 14 | ചെമ്പ്ര മണക്കോട്ടുകുളം പള്ളിറോഡ് | ഫോർമേഷൻ |
| 15 | കുട്ടശ്ശേരിക്കുണ്ട്-പുല്ലാനൂർസ്കൂൾപടി | - |
| 16 | പറക്കുണ്ട്-പട്ടൻമാർതൊടി | - |
| 17 | കളത്തിങ്ങൽ മുക്ക്-അറവങ്കര-പുല്ലാര റോഡിലേക്ക് ബന്ധിപ്പിക്കുക. | |
| 18. | അമ്പാളി-മൂത്തിക്കല്ല് റോഡ് | - |

578

| | | |
|---|---|---|
| 19 | പുല്ലാര അമ്പലപ്പടി-കോട്ടപ്പറമ്പ് റോഡ് | - |
| 20 | പുല്ലാരനമസ്കാരപള്ളി - കുന്നുമ്മൽ റോഡ് മഞ്ചേരി മുനിസിപ്പാലിറ്റിയുമായി ബന്ധിപ്പിക്കുക. | |
| 21. | കാവുങ്ങൽ കോളനി-പുന്നക്കോട് റോഡ് | ഫോർമേഷൻ |
| 22. | ചെറിയാളത്തൊടി ചീനിക്കുളം | - |
| 23 | നൂറേമൂച്ചി-അത്തിക്കുഴിറോഡ് | - |
| 24. | പുല്ലപ്പാറ-കവണഞ്ചേരിറോഡ് | - |
| 25. | തോട്ടത്തിൽ -ഹരിജൻകോളനി | ടാറിംഗ് |
| 26. | മഠത്തിൽ ഇടവഴി മോങ്ങം ബൈപാസ് റോഡ് | - |
| 27. | വട്ടോളിമുക്ക്-ആലുങ്ങാപൊറ്റ റോഡ് | - |
| 28. | മാണിപറമ്പ്-ഒളമതിൽ പറമ്പ് റോഡ് | - |
| 29. | മുജാഹിദ്പള്ളി-ചാച്ചിപ്പിലാക്കൽ റോഡ് | ഫോർമേഷൻ |
| 30 | ചോഴക്കാട് ഹരിജൻകോളനി -നെച്ചിക്കുണ്ട് | ടാറിംഗ് |
| 31 | പനപ്പടി-കുനേങ്ങൽറോഡ് | - |
| 32 | ആലുങ്ങാപൊറ്റ-പനപ്പടിറോഡ് | - |
| 33 | കാക്കാക്കുന്ന്-മൂലക്കോട് വെള്ളുവമ്പ്രം | - |
| 34. | അമ്പാളി-എലിയക്കോട് റോഡ് | - |
| 35. | പുതിയത്ത് പാലക്കോട് | ആലുങ്ങാപൊറ്റ - |
| 36. | കക്കാടമ്മൽ-പടിപ്പറമ്പ് റോഡ് | - |
| 37. | കൂനേങ്ങൽഅംബേദ്കർ കോളനിറോഡ് | - |
| 38. | വാരിക്കുളം -കാട്ടിൽ പുറംറോഡ് | ടാറിംഗ് |
| 39. | വെള്ളൂർസ്കൂൾപടി-കാട്ടിൽപുറം റോഡ് | - |
| 40 | ആലക്കോട്-അംബേദ്കർ കോളനി റോഡ് | ഫോർമേഷൻ |
| 41. | വാരിയത്ത് പള്ളിയാളി-പാറക്കണ്ണിറോഡ് | - |
| 42. | നെല്ലിക്കുന്ന്-ഉളിയേങ്ങൽ റോഡ് | ടാറിംഗ് |
| 43. | പോക്കാട് -ആലുങ്ങാക്കുണ്ട് റോഡ് | ഫോർമേഷൻ |
| 44. | ആലക്കോട്-കണ്ണൻ തൊടികറോഡ് | - |
| 45. | വെള്ളൂർ സ്കൂൾപടി-മുത്തങ്ങാട് റോഡ് | ഫോർമേഷൻ |
| 46. | അത്താണിക്കൽ-കുയ്യംപള്ളിയാളിറോഡ് | ,, |
| 47. | ചീനിക്കൽ-പരിപ്പതൊടി-നെടുമ്പറമ്പ് റോഡ് | ,, |
| 48. | കടുമ്പോട്ടപ്പടി-ചീനിക്കൽ റോഡ് | ടാറിംഗ് |
| 49. | മാടമ്പിപ്പടി-വാളക്കുളം റോഡ് | ടാറിംഗ് |
| 50. | പാപ്പാട്ടുങ്ങൽ-വെള്ളൂർ റോഡ് | ടാറിംഗ് |

# ആരോഗ്യം



1975വരെ പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും പാരമ്പര്യവൈദ്യകുടുംബങ്ങളെയാണ് പ്രധാനമായും ആശ്രയിച്ചുവന്നത്. ആധുനിക ചികിത്സാ സ്ഥാപനങ്ങളൊന്നും, ഒരു ആയുർവ്വേദ ഡിസ്പെൻസറി ഒഴികെ പഞ്ചായത്തിലുണ്ടായിരുന്നില്ല. ചരടു ജപിച്ചുകൊടുക്കുക, മന്ത്രം ചെയ്തു ഊതുക, കാവുകളിലേക്ക് വഴിപാടുകൾ നേരുക, പിഞ്ഞാണം എഴുതുക തുടങ്ങിയ ചികിത്സാ സമ്പ്രദായങ്ങൾക്കായിരുന്നു മുൻഗണന. ആധുനിക ശാസ്ത്രവും ചികിത്സാ രീതികളും ഇത്രയൊക്കെ പുരോഗമിച്ച ഈ കാലഘട്ടത്തിലും ചുരുക്കം ചിലരെങ്കിലും ഇത്തരം രീതികൾ അനുവർത്തിക്കുന്നുണ്ട്.

1975 ജൂൺ 3നു പൂക്കോട്ടൂരിലെ അറവങ്കരയിലേക്കു മാറ്റിസ്ഥാപിച്ച മലപ്പുറത്തു പ്രവർത്തിച്ചിരുന്ന ബ്ലോക്കാശുപത്രിയാണ് ഈ പഞ്ചായത്തിലെ ആധുനിക ചികിത്സാ രംഗത്തെ ആദ്യസ്ഥാപനം. ഇവക്കു പുറമെ ഒരു ഗവ: ആയുർവ്വേദ ഡിസ്പെൻസറിയും സ്വകാര്യ മേഖലയിൽ ഒരു അലോപ്പതി ആശുപത്രിയും രണ്ട് അലോപ്പതി ക്ലിനിക്കും, ഒരു ആയുർവ്വേദ ക്ലിനിക്കും, 3 ഹോമിയോ ക്ലിനിക്കും 13 പാരമ്പര്യവൈദ്യന്മാരും ഈ പഞ്ചായത്തിലെ ആരോഗ്യമേഖലയെ സമ്പുഷ്ടമാക്കുന്നു.

ഇത്രയേറെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൻെറ പൊതു ആരോഗ്യസ്ഥിതിയിൽ ഇതനുസൃതമായുള്ള വ്യതിയാനം കാണുന്നില്ല എന്നാണ് സ്ഥിതിവിവരണ കണക്കുകൾ കാണിക്കുന്നത്. 95-96 വർഷത്തിൽ 5617 പകർച്ചവ്യാധികളും 1195 മറ്റു രോഗങ്ങളും റിപ്പോർട്ടുചെയ്യപ്പെട്ടു. കുഷ്ഠരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്ന 11 പേരുണ്ട്. പഞ്ചായത്തിലെ ജനന നിരക്ക് വർഷത്തിൽ 1000നു 27ഉം മരണനിരക്ക് 5.9ഉം ശരാശരി കുടുംബവലിപ്പം 8ഉം മാത്രമാണ്. പഞ്ചായത്തിൽ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രി വേറെയില്ല. ജനങ്ങളിൽ ഭൂരിഭാഗവും, പ്രൈവറ്റ് ആശുപത്രികളെയാണ് ശരണം പ്രാപിക്കുന്നത്.

### സ്ഥാപനങ്ങളും സേവനങ്ങളും

പൂക്കോട്ടൂർ പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതു സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

| | |
|---|---|
| പ്രാഥമികാരോഗ്യകേന്ദ്രം | 1 |
| ആയുർവ്വേദ സിസ്പെൻസറി | 1 |
| IPP ഉപ കേന്ദ്രങ്ങൾ | 2 |
| FW സെൻറർ | 1 |
| ഇവയിലെല്ലാംകൂടി ജീവനക്കാരുടെഎണ്ണം | 34 |

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മുഴുവൻ സമയവും ഡോക്ടർമാരുടെ ലഭ്യമാകുന്നില്ല. ഈ അവസ്ഥ പരിഹരിക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. ആരോഗ്യ സംരക്ഷണ കാര്യത്തിൽ മരുന്നുകളോളമോ, അധിലധികമോ പ്രധാന്യം ബോധവൽകരണ പ്രവർത്തനങ്ങൾക്കുണ്ട്. 5000 ജനസംഖ്യക്ക് രണ്ടു ഫീൽഡു വർക്കർമാർ എന്ന കണക്കിൽ ജീവനക്കാരില്ലാത്തതുകൊണ്ട് ഈ രംഗത്തെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. പൊതുആരോഗ്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖതയും എടുത്തുപറയേണ്ടതാണ്. ഇവയെയഥാപൂർവ്വം ബന്ധപ്പെടുത്തി ആരോഗ്യരംഗത്ത് ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാക്കേണ്ടിയിരിക്കുന്നു.

**പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ**

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെൻറർ പൂക്കോട്ടൂർ | II | | 29 |
| 2 | ഗവ. ആയുർവ്വേദ ഡിസ്പെൻസറി വെള്ളുവമ്പ്രം | IX | | 5 |
| 3 | IPP സെൻറർ, മുണ്ടിതൊടിക | IV | | 1 |
| 4 | IPP സെൻറർ, പുല്ലാര | VIII | | 1 |
| 5 | FWC പൂക്കോട്ടൂർ, അത്താണിക്കൽ | VI | | 1 |

കക്കൂസ്: പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് കക്കൂസ്. പഞ്ചായത്തിൽ 25% വീടുകൾക്ക് കക്കൂസില്ല. ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവക്കുള്ള പരിഹാരമാരമാർഗങ്ങളും താഴെകാണുംപ്രകാരം രേഖപ്പെടുത്താം.

| തടസ്സ കാരണം | പരിഹാരം |
|---|---|
| 1.സാമ്പത്തിക പരാധീനത | സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ് |
| 2. സ്ഥലപരിമിതി (കോളനികളും, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലും) | പൊതുവായി ഒരു സെപ്റ്റിക്ടാങ്ക് നിർമ്മിച്ച് ഇത് പരിഹരിക്കാം. |
| 3. ആവശ്യത്തെ വേണ്ടത്ര ബോധ്യപ്പെടാത്തതിനാൽ | ആരോഗ്യബോധവൽക്കരണ യൂണിറ്റിൻെറ പ്രവർത്തനം വിപുലമാക്കുക, ആരോഗ്യപ്രവർത്തകരെ-ഉദ്യോഗസ്ഥരെ-ബന്ധപ്പെടുത്തിഅയൽക്കൂട്ടങ്ങളിൽ ചർച്ചാക്ളാസുകൾ, ഫീൽഡു പബ്ലിസിറ്റി വിഭാഗത്തിൻെറ പ്രദർശനങ്ങൾ, സ്ലൈഡ്, വീഡിയോ പ്രദർശനം. |

## പരിസരശുചിത്വം

വ്യവസായവൽക്കരണം വളരെ കുറഞ്ഞ പ്രദേശമായതിനാൽ പരിസരമലിനീകരണം ഗുരുതരമല്ല. എന്നിരിക്കിലും, പഞ്ചായത്തിൻെറ മിക്ക ഭാഗങ്ങളിൽനിന്നും ശുചീകരണത്തിൻെറ അഭാവത്തെക്കുറിച്ചുള്ള പരാതികൾ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തു പ്രദേശത്തെ നഗരവൽകരണ പ്രവണതയും ജനസംഖ്യാ വർദ്ധനവും മൂലം പ്രശ്നം കൂടുതൽ രൂക്ഷമാകാനുള്ള സാധ്യതയുണ്ട്. പൊതുവായി ശുചീകരണ പ്രവർത്തനത്തിന് പഞ്ചായത്തിൽ ജീവനക്കാരെ സ്ഥിരമായി നിയമിക്കുകയും, പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് ''ക്ലീൻ പഞ്ചായത്ത്'' എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുകയുമാണ് വേണ്ടത്.

ഗ്രാമസഭകളിൽ ഈ വിഷയത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങളും, പരിഹാരങ്ങളും താഴെ പറയുംപ്രകാരം ക്രമപ്പെടുത്താവുന്നതാണ്.

പഞ്ചായത്തു പ്രദേശത്ത് വിൽപന നടത്തുന്ന മത്സ്യ, മാംസം, കോഴി മുതലായവയുടെ ഗുണനിലവാരപരിശോധനക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചിച്ചു നടപടികൾ രൂപപ്പെടുത്തുക. പഞ്ചായത്തിൻെറ പ്രധാനപ്പെട്ട ഭാഗങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ അറവുശാലകൾ നിർമ്മിക്കുക. ഇറച്ചിയുടേയും, മീനിൻേറയും, കോഴിയുടേയും അവശിഷ്ടങ്ങൾ റോഡുവക്കിലും, തോടുകളിലും ഇടാതെ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ കുഴിച്ചുമൂടുക. എല്ല് കുഴികൾ ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുക. അറവുശാലയിലെ മൃഗങ്ങളെ പരിശോധനക്ക് വിധേയമാക്കുക.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതളപാനീയ ശാലകൾ, എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങളുടെ വിൽപനകൾ ആരോഗ്യനിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും, ആയതു പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഹെൽത്ത്കാർഡ് സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്. അങ്ങാടികൾ ശുചിയാക്കുകയും കച്ചവടക്കാരെ ബോധവൽക്കരിക്കുകയും ചെയ്യുന്നതോടൊപ്പം ആയവ പാലിക്കാത്തവരിൽ നിന്ന് പിഴ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വർഷകാലത്തും, വരൾച്ച കാലത്തും പകർച്ചവ്യാധികൾ തടയുന്നതിന് കിണറുകളിലെ ക്ലോറിനേഷൻ, ഈച്ചനശീകരണം, കൊതുകു നശീകരണം എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതാണ്. ആരോഗ്യശീലങ്ങളെക്കുറിച്ചുള്ള ബോധവൽകരണം വളരെ ഗുണം ചെയ്യും.

പഞ്ചായത്തുതലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ.

1. കായിക പരിശീലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന തരത്തിൽ പഞ്ചായത്തിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുക.

2. പഞ്ചായത്തു തലത്തിൽ ഒരു ഹെൽത്ത് ക്ലബ് നിർമ്മിക്കുക.

3. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം ഭൂമിശാസ്ത്രപരമായി അനുയോജ്യമായ രീതിയിൽ നിർമ്മിക്കുക.

4. സമൂഹത്തിലെ ഒരു മുഖ്യ ആശ്രിതവിഭാഗമായ വൃദ്ധജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ഒരു വയോജന ആരോഗ്യകേന്ദ്രം നിർമ്മിക്കുക.

5. ചികിത്സാരംഗത്ത് വളരെ ഗുണം ചെയ്യുന്ന ഹെൽത്ത്കാർഡ് ചികിത്സാ രീതി നടപ്പിലാക്കുക.

6. പ്രയോഗക്ഷമത നഷ്ടപ്പെട്ടതും കാലഹരണപ്പെട്ടതുമായ, മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും, ട്രാവൻകൂർ, കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും കാലോചിതമായി പുതുക്കി ആരോഗ്യരംഗത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കുന്ന നിയമനിർമ്മാണം ഉണ്ടാക്കുകയും ചെയ്യുക.

7. സമയബന്ധിത പരിപാടി വെച്ച് എല്ലാ വീടിനും കക്കൂസ് പണിയാൻ പദ്ധതി ആവിഷ്കരിക്കുക.

8. കിണറുകൾക്ക് ആൾമറകെട്ടി ശുചിത്വം ഉറപ്പുവരുത്താൻ ബോധവൽകരണം നടത്തുകയും, വളരെ നിർദ്ദനരായവർക്ക് സാമ്പത്തിക സഹായം ചെയ്യാൻ കഴിയുന്ന കാര്യം ആലോചിക്കുകയും ചെയ്യുക.

9. പൂക്കോട്ടൂർ ഗവ: പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കാൻ സംവിധാനമുണ്ടാക്കുക.

10. പി.എച്ച്.സിയിൽ ഒരു ലേഡി ഗൈനക്കോളജിസ്റ്റിനെ നിയമിക്കുകയും ഗർഭിണികളെ ചികിത്സിക്കാൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

11. സബ്സെൻററുകൾ റിപ്പേർ ചെയ്ത് ഉപയോഗപ്രദമാക്കുക.

12. പൊതുജനങ്ങൾക്ക് ശല്യമില്ലാത്ത രീതിയിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ചപ്പുചവറുകൾ കൊണ്ടുപോയി നിക്ഷേപിച്ച് പരിസര ശുചീകരണം ഉറപ്പുവരുത്തുക.

13. മാണിപറമ്പ് ഭാഗത്ത് ഒരു സബ്സെൻറർ സ്ഥാപിക്കുക.

14. വള്ളുവമ്പ്രം ഗവ: ആയുർവ്വേദ ഡിസ്പെൻസറി ആശുപത്രിയാക്കി ഉയർത്തി രോഗികളെ കിടത്തി ചികിത്സിക്കാൻ സംവിധാനമുണ്ടാക്കുക.

15. പഞ്ചായത്തിൽ ഒരു ഗവ: ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

16. സമഗ്ര ആരോഗ്യപരിപാടി നടപ്പിലാക്കുകയും, പൂക്കോട്ടൂരിനെ ഒരു സമ്പൂർണ്ണ ആരോഗ്യ പഞ്ചായത്തായി മാറ്റുകയും ചെയ്യുക.

17. 5,000 ജനസംഖ്യക്ക് ഒന്ന് എന്ന തോതിൽ വരുമ്പോൾ പഞ്ചായത്തിൽ 2 സബ്സെൻറർകൂടി സ്ഥാപിക്കണം.

18. പുല്ലാര സബ്സെൻറർ വൈദ്യുതീകരിക്കണം.

19. PHCയിൽ ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കണം.

• • •

| പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് പകർച്ചവ്യാധി വിവരങ്ങൾ PHC റിപ്പോർട്ട് | | | |
|---|---|---|---|
| ജലജന്യ രോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ |
| 1726 | 2638 | 4 | 1249 |

## പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്
### PHC രേഖ

| വർഷം | ഇൻ പേഷ്യൻറ് | ഔട്ട് പേഷ്യൻറ് | രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം എല്ലാ വിഭാഗവും | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-93 | | 9266 | 86 | 95% | ഇല്ല | ഇല്ല | 0.2% | 9266 |
| 93-94 | | 11230 | 112 | 93% | ,, | ,, | 0.1% | 11230 |
| 94-95 | | 17815 | 91 | 97% | ,, | ,, | 0.2% | 17815 |
| 95-96 | | 16393 | 48 | 95% | ,, | ,, | 0.1% | 16393 |

## കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെപ്പ്
### PHC രേഖ

| കുട്ടികൾ | ബി.ഡി.ജി | ഡി.പി.റ്റി | | | | പോളിയോ | | | | ഡിറ്റി | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസ്സിൽ താഴെ | 419 | 582 | 537 | 556 | - | 578 | 557 | 574 | - | - | - | - | - | 420 |
| 1–3 വയസ്സ് | 56 | 78 | 82 | 90 | 319 | 66 | 71 | 106 | 333 | | | | | 40 |
| 3–6 ,, | Nil | - | - | - | - | 51 | 68 | - | - | 51 | 68 | - | - | 10 |

582

ടെറ്റനസ് ടോക്സോയിഡ് (TT)

PHC രേഖ

| | ID | 2D | BD |
|---|---|---|---|
| ഗർഭിണികൾ | 628 | 334 | 111 |

# പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്
# ആരോഗ്യ സ്ഥിതിവിവരങ്ങൾ

1. ആകെ. വീടുകൾ:

a) കോൺക്രീറ്റ് : 576

b) ഓടിട്ടത് : 3229

C) ഓലമേഞ്ഞത് : 30

d) കുടിൽ : 5

2. കക്കൂസുള്ള വീടുകളുടെ എണ്ണം:

a) സെപ്റ്റിക് ടാങ്ക് : 35

b) ഇ.എസ്.പി. : 3613

C) മറ്റുള്ളവ : 192

3. കുടിവെള്ള സ്രോതസ്സ്:

a) സാനിറ്ററിവെൽ : 225

b) സാധാരണ കിണർ : 3379

c) നദി : –

d) പൈപ്പ് : –

e) പൊതുവിതരണം : 236

4. തൊഴുത്ത്:

a) വീടിനോടു ചേർന്ന് : 8

b) പ്രത്യേകിച്ച് : 299

5. കമ്പോസ്റ്റ് കുഴി:

a) ഉള്ളത് : 192

b) ഇല്ലാത്തത് : 3648

6. വൈദ്യുതി

a) വൈദ്യുതീകരിച്ചത് : 2573

b) അല്ലാത്തവ : 1267

7. ജനസംഖ്യ : 25263

(സെൻസ് 1991)

8. അമ്മമാരുടെ എണ്ണം

(ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

a) 1 കുട്ടി : 532

b) 2 കുട്ടികൾ : 596

c) 2ൽ കൂടുതൽ : 1684

9. കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

a) 1 കുട്ടി : –

b) 2 കുട്ടികൾ : 38

c) 2ൽ കൂടുതൽ കുട്ടികൾ : 428

10. സ്ഥായിയായ രോഗബാധിതർ

a) കുഷ്ഠം : 11 (Lepresy)

11. a) ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ:715

b) പ്രതിരോധ കുത്തിവെപ്പ് നടത്തിയവർ : 420

(Fully immunised)

12. ആകെ ഗർഭിണികൾ : 985

13. പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

(സ്ത്രീയുടെ പ്രായക്രമം)

a) 18-19: 435

b) 20-24: 564

c) 25-29: 766

d) 30-34: 643

e) 35-39: 501

f) 40-44: 237

583



# കുടിവെള്ളം

ആരോഗ്യമുള്ള ജനതയുടെ ജീവിതത്തിന് അത്യന്താപേക്ഷിതമായ ഘടകങ്ങളാണ് വായു, ജലം, ആഹാരം, പാർപ്പിടം മുതലായവ. ഇതിൽ കുടിവെള്ളം (ജലം) വളരെ പ്രാധാന്യം അർഹിക്കുന്നു. നഗര ജീവിതം നേരിടുന്നതുപോലെ ഗ്രാമീണർക്കും കുടിവെള്ളത്തിനാവശ്യമായ ശുദ്ധജലം ഒരു ചോദ്യചിഹ്നമാമാണ്. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 90% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. അതിൽതന്നെ 80%വും സ്വകാര്യ കിണറുകളാണ്. പഞ്ചായത്തിലെ ആകെയുള്ള 4639 കിണറുകളിൽ വേനൽകാലത്ത് 1600ൽപരം കിണറുകളിൽ വെള്ളം തീരെ ലഭിക്കുന്നില്ല. പഞ്ചായത്തിൻെറ വിസ്തൃതിയുടെ 40% രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. ജനസംഖ്യയിൽ 50% കുടിവെള്ളക്ഷാമം നേരിടുന്നവരാണ്. ഉയർന്ന സാമ്പത്തികനിലയിലുള്ള 4.5% വീടുകളിൽ സ്വകാര്യ കുഴൽ കിണറുകളെയാണ് ആശ്രയിക്കുന്നത്.

പൂക്കോട്ടൂർ പഞ്ചായത്തിൻെറ 7-12-56ന ചേർന്ന ബോർഡ് മീറ്റിംഗ് അറവങ്കര പൂഴിക്കോട്ട് പറമ്പിലെ കുടിവെള്ള പ്രശ്നം ചർച്ച ചെയ്യുകയും രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടെ ഒരു കിണർ കുഴിക്കാൻ കലക്ടറോട് അഭ്യർത്ഥിക്കുകയും ചെയ്യുകയുണ്ടായി.

ഈ അഭ്യർത്ഥന ഇപ്പോഴും ഉണ്ടെങ്കിലും ഈ പ്രദേശത്തെ ജനങ്ങളുടെ കുടിവെള്ളപ്രശ്നത്തിന് പരിഹാരം ഇതുവരെയുണ്ടായിട്ടില്ല.

നിലവിലുള്ള പദ്ധതികൾ: ആകെ '5' വാട്ടർ ടാങ്കുകൾ ഈ പഞ്ചായത്തിലുണ്ട്. അതിൽ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ളത് രണ്ട് ടാങ്കുകളാണ്. രണ്ടിലുംകൂടി 118 പൊതു ടാപ്പുകൾ ഉണ്ട്.

1. വള്ളുവമ്പ്രത്തെ ചോയക്കാട് കക്കാടുമ്മൽ ഹരിജൻ കോളനിയിലെ 14 കി.മീ. നീളത്തിൽ ഉള്ള ലൈനിൽ 100 പൊതു ടാപ്പുകളാണുള്ളത്. ഈ ലൈനിൽ നിന്ന് 40

## പഞ്ചായത്തിലെ കിണറുകളുടെ പട്ടിക

| വാർഡ് | പൊതുകിണർ | | സ്വകാര്യ കിണർ | | കുഴൽകിണർ |
|---|---|---|---|---|---|
| | വെള്ളമുള്ളത് | ഇല്ലാത്തത് | വെള്ളമുള്ളത് | ഇല്ലാത്തത് | |
| 1 | - | - | 239 | 25 | - |
| 2 | 1 | 3 | 410 | 125 | 2 |
| 3 | 3 | 1 | 386 | 125 | 3 |
| 4 | 3 | - | 339 | 120 | 2 |
| 5 | - | 2 | 346 | 50 | 1 |
| 6 | 1 | - | 276 | 150 | 2 |
| 7 | - | - | 430 | 130 | - |
| 8 | 1 | 1 | 400 | 40 | 1 |
| 9 | 1 | - | 336 | 25 | 1 |
| 10 | 2 | 1 | 129 | 140 | 1 |
| 11 | 1 | - | 388 | 30 | 1 |
| **ആകെ** | **13** | **8** | **3679** | **960** | **14** |
| ആകെ പഞ്ചായത്തിലെ കിണറുകളുടെ എണ്ണം: 4674 | | | | | |

584

വീടുകളിലേക്ക് സ്വകാര്യ കണക്ഷൻ കൊടുത്തിട്ടുണ്ട്. ഈ വാട്ടർ സപ്ലൈ TWSS പദ്ധതിപ്രകാരമാണ് നടക്കുന്നത്. ഇതിൽ 15HP യുടെ ഒരു മോട്ടോർ ആണ് പ്രവർത്തിക്കുന്നത്.

2. R.W.S.S പ്രകാരം അറവങ്കര പള്ളിപ്പടിയിലുള്ള വാട്ടർടാങ്കിൽ നിന്ന് 3 കി.മീ. നീളത്തിൽ ലൈൻ നീണ്ടുകിടക്കുന്നു. ഇതിൽ പൊതുവായി 18 ടാപ്പുകൾ ഉണ്ട്. 15 സ്വകാര്യ വീടുകളിലേക്കും കണക്ഷൻ കൊടുത്തിട്ടുണ്ട്. ഈ ടാങ്കിൽ 3HP യുടെ മോട്ടോർ ആണ് ഉപയോഗിക്കുന്നത്. നിലവിലുള്ള ഈ രണ്ട് പദ്ധതിക്കുംകൂടി പഞ്ചായത്തിൽനിന്ന് പ്രതിമാസം 8,000 രൂപാ അടക്കുന്നുണ്ട്.

3. പഞ്ചായത്തിൻെറ കീഴിലുള്ള പൂക്കോട്ടൂർ ലക്ഷം വീട് കോളനിയിലെ വാട്ടർ ടാങ്കിന് 10HPയുടെ മോട്ടോർ ഒരെണ്ണം ഉപയോഗിക്കുന്നു. പിലാക്കൽ കിണറിൽനിന്നാണ് ഈ ടാങ്കിലേക്ക് വെള്ളം എത്തിക്കുന്നത്.

4. മൈലാടി വാട്ടർ സപ്ലൈ സ്കീമിൽ 15HPയുടെ മോട്ടോർ ഉപയോഗിച്ച് പ്രവർത്തിക്കുന്നു. വേണ്ടത്ര വിജയിച്ചിട്ടില്ലാത്ത ഈ ടാങ്കിന് വളരെയധികം പണം ചിലവഴിച്ചിട്ടുണ്ട്. ലൈൻ നീട്ടിയിടാതെ ടാങ്കിൽനിന്ന് തന്നെ ടാപ്പിലൂടെയാണ് ജനങ്ങൾ വെള്ളം എടുക്കുന്നത്.

5. 10HP മോട്ടോർ വെച്ച് പ്രവർത്തിക്കുന്ന ചെരിച്ചിയിൽമുക്ക് വാട്ടർ സപ്ലൈ സ്കീമിൽനിന്ന് 15 ടാപ്പുകൾ പൊതുവായി ഇട്ടുകൊടുത്തിട്ടുണ്ട്.

കൂടാതെ ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമല്ലെങ്കിലും വിവിധ വാർഡുകളിലായി 21 പൊതു കിണറുകൾ ഉണ്ട്.

## കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ:

വാർഡ്:1. മൈലാടി, കാരപ്പറമ്പ്, ആറ്റുപാറമുക്ക്, തോരോത്തുപറമ്പ്, കൊട്ടപ്പുറം, കണ്ടിക്കുന്ന്.

വാർഡ്: 2. പൂഴിക്കോട്ടുപറമ്പ്, പൊരുതന, മൈലാടി, പനയ്ക്കൽ ഹരിജൻ കോളനി.

വാർഡ്: 3. പിലാക്കൽ, കണ്ടപ്പി, കിഴോടത്ത് പാറോട്ടി, ഇല്ലിയംപറമ്പ്, കൂമ്പാറ.

വാർഡ്: 4. കുറുക്കൻകുന്നത്ത്- അമ്പലപ്പടികുന്ന്, മാണിക്യംപാറ, പാറോട്ടികുന്ന്, പുളിയൻചാൽ, പനയ്ക്കൽകുണ്ട്.

വാർഡ്: 5. കളത്തിങ്ങൽമുക്ക്, ചെമ്പ്രതാഴെഭാഗം, വിളക്കിണിപറമ്പ്.

വാർഡ്: 6. കൊല്ലൊടിമുക്ക്, കുട്ടശ്ശേരിക്കുണ്ട്, പാലംകുന്ന്, മധുരക്കോട്, നടുക്കണ്ടിപ്പറമ്പ്, കമ്പനിതൊടി, കല്ലുവെട്ടിപ്പള്ളിയാളി, പറക്കുണ്ട്, ചാത്തങ്ങോട്, കുന്നത്ത്, ആനക്കാകുണ്ട്.

വാർഡ്:7. താഴെചെമ്പ്ര, കോട്ടേപറമ്പ്, പുല്ലാരകിഴക്കേതല, പെട്ടിപ്പാറ, തിയ്യത്ത് കോളനി, പറങ്കുളം, മേമാട്.

വാർഡ്: 8. പുന്നക്കോട് മുക്ക്, പുല്ലൂപാറ, കൈപ്പനക്കോട്, പുന്നൂത്ത് കോളനി, പടിപ്പിങ്ങൽ പറമ്പ്, കാവുങ്ങൽമുക്ക്, നെല്ലിക്കുന്ന്.

വാർഡ്: 9. മാണിപറമ്പ്

വാർഡ്: 10. പാലൻകുന്ന്, നെച്ചിയിൽ, മങ്ങാട്, മൂലക്കോട്ടിൽ, പടിപ്പറമ്പ്, അത്തിക്കച്ചാൽ, പാലേങ്ങോട്ട് പറമ്പ്.

വാർഡ്: 11. കാരാട്കുന്ന്, പോക്കാട്, തടപ്പറമ്പ്, പാലംകുന്ന്, കണയങ്കോട്, മങ്ങാട്.

## നിർദ്ദേശങ്ങൾ:

മിക്ക ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന ഒരു നിർദേശമാണ് കുന്നിൻ പ്രദേശങ്ങളിൽ കുഴൽകിണർ കുഴിക്കുക.

വാർഡ്:1. മൈലാടി പദ്ധതി കാര്യക്ഷമമാക്കിയാൽ ഈ പ്രദേശത്തെ കുടിവെള്ളത്തിന് ഒരു പരിധിവരെ പരിഹാരം കാണാം.

വാർഡ്: 2. പനക്കൽ ഹരിജൻ കോളനിയിൽ നിലവിലുള്ള പൊതുകിണറും വാട്ടർടാപ്പും നന്നാക്കിയാൽ കോളനിയിലേയും മറ്റും ജനങ്ങൾക്ക് പ്രയോജനം ലഭിക്കും. മറ്റു പ്രദേശങ്ങളിൽ കുഴൽകിണർ കുഴിക്കാനുള്ള നിർദ്ദേശങ്ങളുമുണ്ട്. നിലവിലുള്ള P.H.E.D വാട്ടർടാങ്ക് ഉയരമുള്ള കോലാർ കുന്നിലേക്ക് മാറ്റി സ്ഥാപിക്കുക.

വാർഡ്: 3. മലപ്പുറം മുനിസിപ്പാലിറ്റിയുടെയും പൂക്കോട്ടൂർ പഞ്ചായത്തിലേയും പൈപ്പ്ലൈൻ പിലാക്കലേക്ക് നീട്ടി അവിടുത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്. ഇല്ലിയം പറമ്പ്ചോലയുടെ പാർശ്വഭിത്തി കെട്ടുകയും വെള്ളം അണകെട്ടി നിർത്തുകയും ചെയ്താൽ ഇല്ലിപറമ്പ് ഭാഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്. മറ്റു ഭാഗങ്ങളിൽ കുഴൽകിണർ കുത്തിയാൽ പ്രശ്നം തീരുന്നതാണ്.

വാർഡ്: 4. പൊതുകിണർ കുഴിക്കാൻ സ്ഥലം വിട്ടുകൊടുക്കാൻ വാർഡിലെ നിവാസികൾ തയ്യാറാണ്. ടാങ്കും ടാപ്പും സ്ഥാപിക്കൽ അതിന് അത്യാവശ്യമാണ്. എങ്കിൽ ഈ വാഡിലെ കുടിവെള്ള പ്രശ്നത്തിന് ആശ്വാസമാകും.

വാർഡ്: 5. മേലെ ചെമ്പ്രമ്മൽ ഒരു വാട്ടർടാങ്ക് സ്ഥാപിച്ചാൽ വാർഡിലെയും തൊട്ടടുത്ത വാർഡിലെയും കുടിവെള്ളത്തിന് പരിഹാരം കാണാവുന്നതാണ്.

വാർഡ്: 6. ചെരിച്ചിയിൽ മുക്കിൽ നിലവിലുള്ള വാട്ടർ ടാങ്ക് ഉയർത്തി വെള്ളം കൂടുതൽ സംഭരിച്ചാൽ പൈപ്പ്ലൈൻ നീട്ടാവുന്നതാണ്. വാർഡ് 6-ലെ കുടിവെള്ള പ്രശ്നം പരിഹരിക്കണമെങ്കിൽ വലിയതോതിലുള്ള ഒരു കുടിവെള്ള പദ്ധതി ആവശ്യമാണ്.

വാർഡ്: 7. താഴെ ചെമ്പ്രമുക്കിൽ, കോട്ടേപറമ്പ് മുക്കിൽ, തിയ്യത്ത് കോളനി, പുറംകുളം, മേമാട്ട് തുടങ്ങിയ പ്രദേശങ്ങളിൽ കുഴൽകിണർകുത്തി പ്രശ്നങ്ങൾക്ക് പരിഹാരം കണേണ്ടതാണ്. പുല്ലാര കിഴക്കേതല ഭാഗത്തേക്ക് മൂച്ചിക്കൽ വരെ എത്തിനിൽക്കുന്ന പൈപ്പ്ലൈൻ നീട്ടിക്കൊടുത്താൽ ഈ പ്രദേശത്തെ പ്രശ്നം പരിഹരിക്കാം. പൊട്ടിപ്പാറ മുക്കിൽ നിലവിലുള്ള സ്വകാര്യ കിണർ പഞ്ചായത്ത് ഏറ്റെടുത്ത് നന്നാക്കുന്നപക്ഷം സ്ഥലമുടമസ്ഥൻ

വിട്ടുകൊടുക്കാൻ തയ്യാറാണ്. എന്നാൽ ഈ ഭാഗങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാം.

വാർഡ്: 8. പുന്നക്കോട്മുക്കിലെ നിലവിലുള്ള പൊതുകിണർ തീരെ ഉപയോഗപ്രദമല്ല. അതുകൊണ്ട് പുന്നക്കോട് ചോലയുടെ സൈഡ്ഭാഗം കെട്ടി വെള്ളം സംഭരിച്ച് താഴ് ഭാഗത്തേക്ക് ലൈൻ ഇട്ടുകൊടുത്താൽ ഈ ഭാഗത്തെ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാം.

പൊതുകിണർ കുഴിക്കാൻ വാർഡിലെ ജനങ്ങളുടെ ഭാഗത്തുനിന്ന് എല്ലാ സഹകരണവുമുണ്ടാകുന്നതാണ്. ആയതിനാൽ പെരുങ്കുളം സ്കൂളിനു മുകളിലെ നെല്ലിക്കുന്ന് പറമ്പിൽ ഒരു പൊതുകിണർ കുഴിച്ചാൽ ഈ ഭാഗത്തെ ജനങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്.

കയ്യുണ്ണിച്ചോല, ഉതിരപ്പള്ളിച്ചോല, കരീക്കാവുചോല, കൈപ്പനക്കോട് ചോല എന്നിവയുടെ സംരക്ഷണവും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് സഹായിക്കും.

വാർഡ്: 9. വാർഡിലെ എല്ലാ ഭാഗത്തും കുഴൽകിണറും ടാങ്കും നിർമ്മിച്ച് ജലക്ഷാമം തീർക്കേണ്ടതാണ്. കൂടുതൽ സൗകര്യത്തിന് ഒരു പൊതു കുളം നിർമ്മിക്കൽ വളരെ അത്യാവശ്യമാണ്.

വാർഡ്: 10. കൂർമംകുളം നന്നാക്കി കാക്ക കുന്നിന്മേൽ ടാങ്ക് കെട്ടിയാൽ വാർഡിലെയും അടുത്തുള്ള വാർഡുകളിലെയും കുടിവെള്ളക്ഷാമം തീരുന്നതാണ്.

വാർഡ്: 11. കാരാട്ടുകുന്ന് മങ്ങാട്ട്പടി, തടപ്പറമ്പ്, പോക്കാട് എന്നീ പ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമമുണ്ട്. ഇവിടെ കുഴൽകിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ്ലൈൻ സ്ഥാപിച്ചാൽ വാർഡിലെ എല്ലാ ഭാഗത്തെയും ജലക്ഷാമം തീരുന്നതാണ്.

## പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ:

1. പഞ്ചായത്തിലെ മൊത്തം കുടിവെള്ളക്ഷാമം പരിഹരിക്കാൻ കുന്നിൻ പ്രദേശമായ മൈലാടി, മേമാട്, മേലെ ചെമ്പ്ര, പുല്ലൂപാറ എന്നീ പ്രദേശങ്ങളിൽ ടാങ്ക് കെട്ടി സൗകര്യപ്രദമായതും വെള്ളം കിട്ടാൻ സാധ്യതയുള്ളതുമായ സ്ഥലത്ത് കിണറോ കുളമോ കുഴിച്ച് വെള്ളം പമ്പ് ചെയ്ത് മേൽ ടാങ്കിൽനിന്ന് പൈപ്പ്ലൈൻ ഇട്ട് പൊതു ടാപ്പുകൾ സ്ഥാപിക്കുക.

2. പഞ്ചായത്തിലെ 1,7 വാർഡുകളിൽ പൊതുകിണറുകളോ കുഴൽകിണറുകളോ, പൈപ്പ്ലൈൻ ടാപ്പോ ഇല്ലാത്തതുകൊണ്ടും കുടിവെള്ളത്തിന് ക്ഷാമമായതുകൊണ്ടും ഈ വാർഡുകളിൽ അത്യാവശ്യമായ കുടിവെള്ളത്തിനുള്ള ഒരു പദ്ധതി ആവശ്യമാണ്.

3. പുല്ലൂപ്പാറ കുന്നിൻ മുകളിൽനിന്ന് പുല്ലാര-പുൽപ്പറ്റ റോഡിലൂടെ ഒഴുകിവരുന്ന മലിനജലം കിണറുകളിലേക്ക് ഒഴുകി കുടിവെള്ളം മലിനമാകുന്നു. മൂച്ചിക്കൽ അങ്ങാടിയിൽനിന്ന് കിഴക്കു ഭാഗത്തേക്ക് ഒരു അഴുക്കുചാൽ പണിത് പുല്ലാര-മൂച്ചിക്കൽ-പുൽപ്പറ്റ റോഡിന്റെ തുടക്കഭാഗത്ത് ഒരു 'പതി'യുണ്ടാക്കി മുകളിൽനിന്ന് വരുന്ന മലിനജലം ഈ അഴുക്കുചാലിലേക്ക് തിരിച്ചുവിട്ട് കുടിവെള്ളത്തെ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

4. പഞ്ചായത്തിൽ നിലവിലുള്ള ഉപയോഗശൂന്യമായ ടാപ്പുകളുടെ കേടുപാട് തീർത്ത് ടാപ്പ് ഇല്ലാത്ത ഭാഗത്തേക്ക് നീട്ടിക്കൊടുത്ത് എല്ലാ ഭാഗത്തും കുടിവെള്ളമെത്തിക്കൽ അത്യാവശ്യമാണ്.

5. പഞ്ചായത്തിലെ മലിനജലം ഒഴുകുന്ന ഓടകൾ വൃത്തിയാക്കി ഒഴിഞ്ഞ സ്ഥലത്തേക്ക് തിരിച്ചുവിട്ടാൽ ശുദ്ധജലം മലിനമാകുന്നത് തടയാൻ സഹായിക്കും.

6. വീടുകളിലെയും ലോഡ്ജുകളിലെയും ലീച്ച് പിറ്റും, സെപ്റ്റിക് ടാങ്കും കിണറുമായി ചുരുങ്ങിയത് 16 മീറ്ററെങ്കിലും ദൂരത്ത് സ്ഥാപിച്ച് കുടിവെള്ളം ശുദ്ധീകരിക്കുകയും ജനങ്ങളുടെ ആരോഗ്യത്തെ സംരക്ഷിക്കുകയും ചെയ്യേണ്ടതാണ്.

7. ശരിയായ ജല വിനിയോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്ന കാര്യത്തിൽ ശ്രദ്ധചെലുത്തണം.

8. 95–96 വർഷത്തിൽ മാത്രം 1126 പേർക്ക് ജലജന്യ രോഗങ്ങൾ ബാധിക്കുകയുണ്ടായി. ഇത് കുറവുവരുത്തുന്നതിന് പഞ്ചായത്തിന്റെ കാര്യമായ ശ്രദ്ധ ആവശ്യമാണ്.

9. സ്വകാര്യ കിണറുകൾക്ക് പാരപ്പെറ്റ് കെട്ടി കുടിവെള്ളം അശുദ്ധമാകുന്നതിനെ സംരക്ഷിക്കണം.

10. ഉയർന്ന സ്ഥലങ്ങളിൽ നീർകുഴികൾ കുഴിച്ചും, വരമ്പുകളിട്ടും, മഴവെള്ളസംഭരണം വർദ്ധിപ്പിക്കുക.


11. നിലവിലുള്ള തോടുകളിൽ ചെറുബണ്ടുകൾ കെട്ടുക.

12. മഴവെള്ള സംഭരണത്തിന് കുഴികളും പൊട്ടകിണറുകളും ഉപയോഗപ്പെടുത്തുക.

• • •

586

# വനിതാക്ഷേമം



1991 സെൻസസ് പ്രകാരം പൂക്കോട്ടൂർ പഞ്ചായത്തിലെ ജനസംഖ്യ 25253 ആണ്. ആൺ: 12603. പെൺ: 12650.

മുൻകാലത്ത് പൂക്കോട്ടൂർ പഞ്ചായത്തിൽ വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ സംസ്ഥാന-ദേശീയ തലങ്ങളിൽ അറിയപ്പെടുന്ന രീതിയിൽ വളർന്നുവരാൻ സ്ത്രീകൾക്കു കഴിഞ്ഞിട്ടില്ല.

വിദ്യാഭ്യാസരംഗത്ത് വന്നിട്ടുള്ള ബോധവൽക്കരണങ്ങളിലൂടെ ഇപ്പോൾ വനിതകളും ഈ രംഗത്തേക്കു കടന്നുവന്നിരിക്കുന്നു. അഡ്വക്കറ്റ് പദവിവരെ എത്തിച്ചേരാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൂടുതൽ പ്രോത്സാഹനം നൽകത്തക്ക രീതിയിൽ സജീവമായി പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങളോ വനിതാ സംഘടനകളോ ഇല്ലെന്നുള്ളത് ഖേദകരമാണ്.

## തൊഴിൽ:

പൂക്കോട്ടൂർ പഞ്ചായത്തിൽ കൂലിവേല ചെയ്തു ജീവിക്കുന്ന സ്ത്രീകളുടെ എണ്ണം മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കുറവാണ്. സ്ത്രീകൾക്കു മാത്രമായുള്ള ഒറ്റ തൊഴിൽ കേന്ദ്രവും പഞ്ചായത്തിലില്ല. സ്ത്രീകളുടെ അജ്ഞതയും തൊഴിൽ ശാലകളുടെ അപര്യാപ്തയും സാമ്പത്തികരംഗത്ത് വന്നിട്ടുള്ള മാറ്റങ്ങളും കാരണം സ്ത്രീകൾ പൊതുവെ പൊതുരംഗത്തിറങ്ങാൻ മടിക്കുന്നു. അതുപോലെ തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് ആവശ്യമായ 'ക്രെഷു'കളൊന്നും തന്നെ പഞ്ചായത്തിലില്ല.

വളരെ ന്യൂനപക്ഷം വരുന്ന സ്ത്രീകളാണ് ഉദ്യോഗാർഥികളായി ഈ പഞ്ചായത്തിലുള്ളത്. എന്നാൽ, വിദ്യാഭ്യാസ മേഖലയിൽ തൊഴിലെടുക്കുന്നവരിൽ 60%ത്തിലധികം സ്ത്രീകളാണ്. മറ്റു ഉന്നത സ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവർ വളരെ കുറച്ചേ ഉള്ളു. അതുകൊണ്ട് സ്ത്രീ വിദ്യാഭ്യാസരംഗത്ത് ഒരു വിപ്ലവം തന്നെ പൂക്കോട്ടൂർ പഞ്ചായത്തിൽ നടക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് പ്രസിഡൻറ് സ്ഥാനത്തേക്ക് ഇതുവരെ സ്ത്രീകളാരുംതന്നെ തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല. എന്നാൽ, 1964-ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ആദ്യത്തെ വനിതാ മെമ്പർ ആയി തെരഞ്ഞെടുക്കപ്പെട്ട കൊല്ലപറമ്പൻ പാത്തുമ്മ എന്നവരെ ഈ അവസരത്തിൽ പ്രത്യേകം ഓർക്കുന്നു.

സഹകരണ സംഘങ്ങളിലും പഞ്ചായത്ത് ബോർഡിലും നാമമാത്രമായ അംഗങ്ങളെ സ്ത്രീകളിൽ നിന്നുള്ളൂ. ഈ പഞ്ചായത്തിലെ രണ്ടു സഹകരണ സംഘങ്ങളിലായി 2 വനിതാ ഡയരക്ടർമാരും പഞ്ചായത്ത്ബോർഡിൽ 4 വനിതാ അംഗങ്ങളുമുണ്ട്.

തൊഴിൽ മേഖലയിൽ വനിതകളുടെ പങ്കാളിത്തം പഞ്ചായത്തിൽ അംഗുലീപരിമിതമാണ്. ക്ഷീരവികസനം, മെറ്റൽ നിർമ്മാണം എന്നീ ചുരുക്കം രംഗത്ത് മാത്രമാണ് സ്ത്രീകളുടെ പങ്കാളിത്തം ഉള്ളത്. അതുപോലെ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലും ആതുരസേവനരംഗത്തും പരമ്പരാഗത പാത്ര നിർമ്മാണരംഗത്തും വനിതകളുടെ ചെറിയ തോതിലുള്ള പങ്കാളിത്തം ഉണ്ട്. അദ്ധ്യാപനരംഗത്ത് ഭൂരിപക്ഷം വനിതകൾക്കാണ്. തയ്യൽ, അംഗൻവാടി രംഗങ്ങളിലും വനിതകളുടെ സജീവമായ സാന്നിദ്ധ്യം കാണാൻ കഴിയുന്നുണ്ട്.

587

സ്വയം തൊഴിൽ പദ്ധതിയിൽ പുതിയ കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്താൻ വനിതകൾക്കു കഴിഞ്ഞിട്ടില്ല. വനിതാശിശു വികസന യൂണിറ്റുകൾ (DWCRA) ആരംഭിച്ചിട്ടുണ്ടെങ്കിലും കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സ്വയം തൊഴിൽ പദ്ധതികൾ വഴി ഏതാനും സ്ത്രീകൾക്ക് സഹായം ലഭിച്ചിട്ടുണ്ടെങ്കിലും അവ വേണ്ടത്ര നേട്ടം കൈവരിച്ചിട്ടില്ല.

## ക്ഷേമ പ്രവർത്തനങ്ങൾ:

വനിതാക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 27 അംഗൻവാടികൾ പഞ്ചായത്തിലുണ്ട്. എന്നാൽ സ്വന്തമായി കെട്ടിടമുള്ളവ 4 എണ്ണം മാത്രമാണ്. വിധവാ പെൻഷൻ വാങ്ങുന്നവർ കുറച്ചേ ഉള്ളൂ. വാർദ്ധക്യകാല പെൻഷനും കർഷകത്തൊഴിലാളി പെൻഷനും ഏതാനും സ്ത്രീകൾക്കു ലഭിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ:

1 മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും സജീവമല്ല.

2. സ്ത്രീകൾക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഇല്ല.

3. സ്ത്രീകൾക്കായുള്ള ബോധവൽക്കരണ പരിപാടികൾ കുറവാണ്.

4. നേരത്തെയുള്ള വിവാഹം ഉപരിപഠനത്തിന് അവസരം നഷ്ടപ്പെടുത്തുന്നു.

5. പെൺകുട്ടികൾക്കു മാത്രമായി തൊഴിലധിഷ്ഠിത സ്ഥാപനങ്ങൾ ഇല്ല.

6. നാട്ടിൽ പരക്കെയുള്ള സ്ത്രീധന സമ്പ്രദായം.

7. വനിതാ വ്യവസായ സഹകരണ സംഘങ്ങൾ ഇല്ല.

8. തൊഴിൽ പരിശീലനവും വ്യവസായ സംരംഭക പരിശീലനങ്ങളും നടക്കുന്നില്ല.

9. മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

10. വനിതകൾക്കുള്ള തൊഴിലവസരങ്ങൾ കുറവാണ്.

11. നിത്യോപയോഗ വസ്തുക്കളുടെ വിലക്കയറ്റം.

12. ആരോഗ്യരംഗത്തെ പിന്നോക്കാവസ്ഥ.

## നിർദ്ദേശങ്ങൾ:

1. വനിതാ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

2. മഹിളാ സമാജങ്ങൾ സജീവമാക്കുക.

3. സ്ത്രീധന നിരോധനനിയമം ശക്തമായി നടപ്പിലാക്കുക.

4. വനിതകൾക്കുകൂടി പ്രയോജനകരമായ രീതിയിൽ വായനശാലകളും ലൈബ്രറികളും സ്ഥാപിക്കുക.

5. ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

6. സാമൂഹ്യക്ഷേമ പെൻഷനുകൾ അർഹരായ എല്ലാ വനിതകൾക്കും നൽകുക.

7. സ്ത്രീകൾ തൊഴിലെടുക്കുന്ന സ്ഥാപനങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.

8. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുടുംബക്ഷേമ കേന്ദ്രങ്ങൾ ആരംഭിക്കുക.

9. വിവാഹപ്രായമായ പാവപ്പെട്ട പെൺകുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുക.

10. വിവാഹമോചിതരായ സ്ത്രീകൾക്കും വിധവകൾക്കും തൊഴിലവസരവും സാമ്പത്തിക സഹായവും നൽകുക.

11. സർക്കാരിൽ നിന്നു പ്രസവാനന്തരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുക.

• • •

588

# വിഭവ സമാഹരണം

**മ**ലപ്പുറം ജില്ലയിൽ കൊണ്ടോട്ടി അസംബ്ലി നിയോജക മണ്ഡലത്തിലെ ഒരു സെക്കൻറ് ഗ്രേഡ് പഞ്ചായത്താണ് പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്. വിസ്തീർണ്ണം മൊത്തം 7.76 മൈലുകൾ ആണ്. 1991ലെ സെൻസസ് അനുസരിച്ച് മൊത്തം 25253 ജനങ്ങൾ ഇവിടെ വസിക്കുന്നു. ഭൂരിഭാഗം ആളുകളും കർഷകരാണ്. എന്നാൽ കാർഷിക രംഗത്ത് പൂക്കോട്ടൂരിനുണ്ടായിരുന്ന പ്രതാപം ഇന്നില്ല. സാമ്പത്തികമായി വളരെ പിന്നിലായിരുന്ന ഈ ഗ്രാമം അൽപമെങ്കിലും ഈ രംഗത്ത് പച്ചപിടിച്ചത് ഗൾഫ് രാജ്യങ്ങളിലെ തൊഴിലവസരങ്ങൾ കൊണ്ടാണ്. ആയിരത്തോളം ആളുകൾ വിദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ടെങ്കിലും അവരിൽ 90% ആളുകളുടെയും അവസ്ഥ സുരക്ഷിതമല്ല. ഇവരുടെ വരുമാനങ്ങൾ ഉല്പാദനപരമായ മേഖലകളിൽ വിനിയോഗിക്കുന്നില്ല എന്നത് ഭാവിയെക്കുറിച്ച് ചിന്തിക്കുന്ന ഏതൊരാളെയും ആശങ്കാകുലരാക്കുന്ന വസ്തുതയാണ്.

കൃഷിയിടങ്ങൾ ശൂന്യമായി കിടക്കുന്നു. പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല. സർക്കാർ ജോലിക്കാരുടെയും മറ്റ് അംഗീകൃത തൊഴിലാളികളുടെയും എണ്ണവും വളരെ പരിമിതമാണ്. വിനോദ സ്ഥാപനങ്ങളോ പഞ്ചായത്തിന് വരുമാനം ലഭിക്കുന്ന മറ്റു സ്ഥാപനങ്ങളോ ഇല്ലാത്ത ഒരു പഞ്ചായത്താണിത്. ഈ കാരണങ്ങൾ എല്ലാംകൊണ്ട് പഞ്ചായത്തിന് വരുമാനം വളരെ കുറവാണ്. ചെലവിനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വരവ് കുറവും ചെലവ് കൂടുതലുമാണ്. പഞ്ചായത്തിലെ പ്രധാന വരുമാന മാർഗങ്ങൾ കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, വസ്തു കൈമാറ്റ നികുതി എന്നിവയിൽനിന്നാണ്. സർക്കാറിൽനിന്നും കാലാകാലങ്ങളിൽ ലഭിക്കുന്ന ഗ്രാൻറുകൾ ഉപയോഗിച്ചാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത് 1995-96 വർഷത്തിൽ പഞ്ചായത്തിൻെറ മൊത്തം വരുമാനം 16,95,940.05 രൂപയും മൊത്തം ചെലവ് 10,91,420.00 രൂപയും ആകുന്നു.

## തൊഴിൽ നികുതി

തൊഴിൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ തീരെ ഇല്ല. സർക്കാർ സർവ്വീസിലും മറ്റുമായി ജോലി ചെയ്യുന്ന പരിമിതമായ ആളുകളിൽ നിന്നേ തൊഴിൽ നികുതി ലഭിക്കുന്നുള്ളു.

## കെട്ടിട നികുതി

കെട്ടിടങ്ങൾക്ക് അവയുടെ നിർമ്മാണ ചെലവിൻെറ അടിസ്ഥാനത്തിലും വാടക കെട്ടിടങ്ങൾക്ക് വാർഷിക വാടക തിട്ടപ്പെടുത്തിയുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

**1995_96 വർഷത്തെ വരവ്_ചെലവ് കണക്ക് താഴെ ചേർക്കുന്നു**

### വരവ്

| | ഇനം | തുക |
|---|---|---|
| 1 | കെട്ടിട നികുതി | 1,74,326.90 |
| 2 | തൊഴിൽ നികുതി | 1,03,590.00 |
| 3 | ലൈസൻസ് ഫീ | 8,385.00 |
| 4. | കെട്ടിട നികുതി സർചാർജ് | 8,608.00 |
| 5. | വസ്തുകൈമാറ്റ നികുതി | 3,47,004.00 |
| 6. | സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെ വരവുകൾ | 1,00,112.20 |
| 7. | ഡെപ്പോസിറ്റി | 30,482.00 |
| | ആകെ | 7,72,508.10 |

## ലൈസൻസ് ഫീ

ലൈസൻസ് ഫീ ഇനത്തിൽ പഞ്ചായത്തിന് കാര്യമായ വരുമാനം ലഭിക്കുന്നില്ല. പഞ്ചായത്തിലെ എല്ലാ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും ലൈസൻസ് കർശനമാക്കി ഈ ഇനത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

## നികുതിയേതര വരുമാനം

സർക്കാർ ഗ്രാൻറുകൾ, ലേലം, ഡെപ്പോസിറ്റ്, വസ്തു കൈമാറ്റ നികുതി എന്നിവയാണ് പ്രധാന നികുതിതേയര വരുമാനങ്ങൾ. സർക്കാർ ഗ്രാൻറുകൾ പ്രധാനമായും സ്റ്റാമ്പ് ഡ്യൂട്ടി, ജെ.ആർ.വൈ, അൺടൈഡ് മറ്റ് ധന സഹായങ്ങൾ മുതലായവയാണ്.

## മനുഷ്യ വിഭവം

പഞ്ചായത്തിലെ പ്രധാന വിഭവം മനുഷ്യവിഭവമാണ്. ശ്രമദാനം, സ്പോൺസറിംഗ്, സംഭാവനകൾ എന്നിവവഴി ഈ വിഭവം സമാഹരിക്കാവുന്നതാണ്. എന്നാൽ ധാരാളം സന്നദ്ധ സംഘടനകളും ക്ലബുകളും ഉള്ള ഈ പഞ്ചായത്തിൽ ഈ രംഗത്ത് വേണ്ടത്ര നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ബോധവൽക്കരണം അത്യാവശ്യമാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ വരുമാന സാധ്യതകൾ പൂർണമായും ഉപയോഗപ്പെടുത്തായ്മ.

2. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതിനുള്ള തടസ്സം.

3. സന്നദ്ധ സേവനങ്ങളിൽ ജനങ്ങൾക്ക് താൽപര്യക്കുറവ്.

4. സർക്കാർ ഗ്രാൻറുകൾ ലഭിക്കുന്നതിലെ കാലതാമസം.

5. പദ്ധതി നടത്തിപ്പുകളിലെ സങ്കീർണത.

വിഭവ സമാഹരണം ഏതൊരു ഭരണകൂടത്തിൻെറയും ഏററവും പ്രധാനപ്പെട്ട ആവശ്യമാണ്. പൂക്കോട്ടൂർ പഞ്ചായത്തിൽ ഈ രംഗത്തെ ചില സാധ്യതകൾ താഴെ വിവരിക്കുന്നു.

പരിഹാരമാർഗ്ഗങ്ങളും സാധ്യതകളും

1. നിലവിലുള്ള കെട്ടിട നികുതികളിലെ അസന്തുലിതാവസ്ഥ മാറ്റി ഒരു പൊതു മാനദണ്ഡം സ്വീകരിച്ച് നികുതി പുനർനിർണയം ചെയ്തും പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ബിൽഡിംഗ് റൂൾ ബാധകമാക്കിയും വരുമാനം വർദ്ധിപ്പിക്കാം.

2. പഞ്ചായത്തിൽ സ്റ്റേഡിയം, സിനിമാശാല മുതലായവ സ്ഥാപിച്ച് വിനോദ നികുതി സമാഹരിക്കാവുന്നതാണ്.

3. പഞ്ചായത്തിലെ ചെറുകിട വ്യവസായ ശാലകളിലും മറ്റ് മേഖലകളിലും സ്ഥിരമായി ജോലി ചെയ്യുന്ന മുഴുവൻ ആളുകൾക്കും നികുതി (തൊഴിൽ) ചുമത്താവുന്നതാണ്.

4. എല്ലാവിധ കച്ചവടങ്ങൾക്കും ലൈസൻസ് ഫീ ചുമത്തുകയും തെരുവു കച്ചവടം നിരുത്സാഹപ്പെടുത്തുകയും ചെയ്യുക.

5. പഞ്ചായത്തുവക പുറമ്പോക്ക് ഭൂമികളിൽ പീടിക മുറികൾ, കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയവയും അറവങ്കരയിലെ പഞ്ചായത്ത്‌വക സ്ഥലത്ത് ഒരു കല്യാണ മണ്ഡപവും, ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ച് വാടക ലഭ്യമാക്കാവുന്നതാണ്.

6. പഞ്ചായത്തിൽ ഒരു ആഴ്ചചന്ത ആരംഭിക്കുക.

7. പിക്കപ്പ്, ഓട്ടോറിക്ഷ, ജീപ്പ്, ടാക്സി എന്നിവക്ക് പ്രത്യേകം സ്റ്റാൻറുകളുണ്ടാക്കി വരുമാനം വർദ്ധിപ്പിക്കാം.

8. വീടുകൾക്ക് നികുതി നിശ്ചയിക്കുമ്പോൾ വീട്ടിലുള്ള ടി.വി, വി.സി.ആർ, അലക്കുമെഷീൻ, ഫ്രിഡ്ജ് തുടങ്ങിയ ആഡംബര വസ്തുക്കളെകൂടി പരിഗണിച്ച് നികുതി ഏർപ്പെടുത്തുക.

9. പഞ്ചായത്തിൽനിന്നും ഖനനം ചെയ്തുകൊണ്ടുപോകുന്ന ചെങ്കല്ല്, കരിങ്കല്ല് എന്നിവക്ക് ലോഡിന് ഒരു നിശ്ചിത സംഖ്യ കരം ഏർപ്പെടുത്താവുന്നതാണ്.

10. പഞ്ചായത്തിൽനിന്നും വിദേശങ്ങളിൽ ജോലി ചെയ്യുന്നവരിൽനിന്ന് ഒരു സംഖ്യ നികുതിയായി ഈടാക്കാവുന്നതാണ്.

11. പ്രധാന കേന്ദ്രങ്ങളിൽ മത്സ്യ, മാംസ മാർക്കറ്റ് സ്ഥാപിക്കുക.

12. പഞ്ചായത്തിൽ ഒരു വ്യവസായശാല സ്ഥാപിക്കുക. ഇതിന് വിദേശത്തുള്ള ആളുകളുടെ പങ്കാളിത്തം തേടാവുന്നതാണ്.

13. പദ്ധതികൾ അനുവദിക്കുമ്പോൾ ഏററവും കൂടുതൽ സന്നദ്ധ പ്രവർത്തനങ്ങൾക്ക് തയ്യാറാകുന്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകിയും ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് അവാർഡ് ഏർപ്പെടുത്തിയും മറ്റും സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കാവുന്നതാണ്.

14. പഞ്ചായത്തിൽ ഭരണച്ചെലവ് ചുരുക്കുക, ഏറ്റെടുക്കുന്ന വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിന് ശേഷം മറ്റ് പ്രവൃത്തികൾ ആരംഭിക്കുക.

15. പഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ റിക്കാർഡുകൾ, മറ്റ് അത്യാവശ്യ സാധനങ്ങൾ സർക്കാർ സൗജന്യമായി നൽകുകയും പിന്നോക്ക പഞ്ചായത്ത് ആയ പൂക്കോട്ടൂരിന് പരിഗണന നൽകി കൂടുതൽ സഹായം അനുവദിക്കുകയും ചെയ്യുക.

• • •

590

## 95—96 വർഷത്തിൽ ലഭിച്ച ഫണ്ട് വിഹിതങ്ങൾ:

| ഫണ്ട് | സംഖ്യ |
|---|---|
| സർക്കാർ ഗ്രാൻറ് | 2,45,867.00 |
| അൺ ടൈഡ് ഫണ്ട് | 3,28,500.00 |
| ജെ.ആർ.വൈ. | 2,95,357.00 |
| ആകെ | 8,69,724.00 |

## ചെലവ്


| ഇനം | തുക |
|---|---|
| 1. ഭരണച്ചെലവ് | 3,07,581.40 |
| 2. പൊതുമരാമത്ത് | 78,589.00 |
| 3. വിദ്യാഭ്യാസം | 1,564.00 |
| 4. ജലവിതരണം, ഓടകൾ | 1,57,374.00 |
| 5. പൊതുജനാരോഗ്യം | 9,368.00 |
| 6. തെരുവു വിളക്കുകൾ | 29,817.00 |
| 7. ടി.വി. സെറ്റ് & കോൺട്രിബ്യൂഷൻ | 52,950.00 |
| 8. പി.ടി. പങ്കണ്ട് കീവർ | 14,319.00 |
| 9. ബ്രിഡ്ജ് & കൾവർട്ട് | 82,251.00 |
| 10. കുടിവെള്ളം | 1,30,509.00 |
| 11. ഡെപ്പോസിറ്റ് റീഫണ്ട് | 27,202.00 |
| 12. അൺടൈഡ് ഫണ്ട് | 1,99,896.00 |
| ആകെ | 10,91,420.00 |

## 1986—'87 മുതൽ '95—96 വരെയുള്ള വരവു ചെലവു കണക്ക് താഴെ ചേർക്കുന്നു.

| വർഷം | വരവ് | ചെലവ് |
|---|---|---|
| 1986-87 | 2,67,373.26 | 2,04,167.39 |
| 87-88 | 3,62,469.45 | 2,53,917.90 |
| 88-89 | 4,73,818.05 | 4,17,519.60 |
| 89-90 | 5,05,252.16 | 4,98,094.35 |
| 90-91 | 6,77,968.65 | 7,23,055.50 |
| 91-92 | 7,56,908.20 | 5,28,165.15 |
| 92-93 | 12,18,162.55 | 8,71,821.35 |
| 93-94 | 12,52,043.26 | 11,65,321.35 |
| 94-95 | 11,47,853.80 | 16,95,940.05 |
| 95-96 | 16,42,232.10 | 10,91,420.40 |

591

# സഹകരണം



സഹകരണമേഖലയിൽ ഈ പഞ്ചായത്തിൽ പ്രധാനമായും 3 സ്ഥാപനങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. പൂക്കോട്ടൂർ സർവ്വീസ് സഹകരണ ബാങ്ക്, വെള്ളുവമ്പ്രം സർവ്വീസ് സഹകരണ ബാങ്ക്, മഞ്ചേരി സഹകരണ അർബൺ ബാങ്കിൻെറ ശാഖയായി പ്രവർത്തിക്കുന്ന വെള്ളുവമ്പ്രത്തെ സഹകരണ അർബൺ ബാങ്ക് എന്നിവയാണവ.

ഇപ്പോൾ നിലവിലില്ലെങ്കിലും വേറെയും ചില സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. വെള്ളുവമ്പ്രം കേന്ദ്രമായി പ്രവർത്തിച്ചിരുന്ന പച്ചക്കറി മാർക്കറ്റ് സൊസൈറ്റിയും പൂക്കോട്ടൂർ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന കൈരളി സഹകരണ ബീഡി സൊസൈറ്റിയും വെള്ളുവമ്പ്രത്തെ വനിതാ സഹകരണ റേഡിയോ അസംബ്ലിംഗ് സൊസൈറ്റിയും ഉൾപ്പെടുന്നു. എന്നാൽ, പല കാരണങ്ങളാലും അവയൊക്കെ പ്രവർത്തനക്ഷമമല്ലാതായിത്തീരുകയാണുണ്ടായത്.

നിലവിലുള്ള സർവ്വീസ് സഹകരണ ബാങ്കുകളെക്കുറിച്ച് ഒരു ലഘുവിവരണം താഴെ കാണിക്കുന്നു:

## 1. പൂക്കോട്ടൂർ സർവ്വീസ് സഹകരണ ബാങ്ക്

11.1.1951ൽ ഐക്യനാണയ സഹകരണ സംഘം എന്ന പേരിൽ രജിസ്റ്റർ ചെയ്യുകയും 4.5.51ന പ്രവർത്തനമാരംഭിക്കുകയും ചെയ്ത ഒരു സംരംഭമാണ് പിന്നീട് പൂക്കോട്ടൂർ സർവ്വീസ് സഹകരണ ബാങ്കായി രൂപാന്തരം പ്രാപിച്ചത്. 2.3.1964-ലാണ് ഐക്യനാണയ സംഘത്തിന് പൂക്കോട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് എന്ന് നാമകരണം ചെയ്തത്. പ്രസ്തുത ബാങ്ക് അതേ വർഷം ഏപ്രിൽ മാസം 1-ാം തിയ്യതി മുതൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. തുക്കത്തിൽ ഈ സംഘത്തിൽ അംഗങ്ങളായിട്ടുള്ളത് 348 പേർ മാത്രമായിരുന്നു. എന്നാൽ ഇന്ന് 3,977 പേർ ഈ ബാങ്കിലെ മെമ്പർമാരാണ്.

പൂക്കോട്ടൂർ പഞ്ചായത്തിലെ 1,2,3,4,11 വാർഡുകൾ ഉൾക്കൊള്ളുന്ന വെള്ളൂർ, അറവങ്കര, പൂക്കോട്ടൂർ, മുണ്ടിത്തൊടിക പ്രദേശങ്ങളാണ് ഈ ബാങ്കിൻെറ പ്രവർത്തന പരിധിയിൽ വരുന്നത്. ബാങ്കിൻെറ ഒരു ഓഹരിവില 10 രൂപയാണ്. ബാങ്കിൻെറ അംഗീകൃത ഓഹരി മൂലധനം 7,10,000 രൂപയും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 3,15,000രൂപയും സർക്കാർ ഓഹരിയായി ലഭിച്ച സംഖ്യ 2,34,000 രൂപയുമാണ്. കൂടാതെ പൊതുജനങ്ങളിൽനിന്ന് സ്ഥിരം നിക്ഷേപമായി 13,15,818 രൂപയും ഹ്രസ്വകാല നിക്ഷേപമായി 13,84,544 രൂപയും സ്വീകരിച്ചിട്ടുണ്ട്.

സംഘത്തിൽനിന്ന് മെമ്പർമാർക്ക് കാർഷിക ഹ്രസ്വകാല വായ്പകളും നൽകിവരുന്നു. കൂടാതെ കർഷരിൽനിന്ന് കൊപ്ര സംഭരിച്ച് കേരഫെഡിന് നൽകിവരുന്ന ഈ ബാങ്കിൻെറ കീഴിൽ പൂക്കോട്ടൂർ, അറവങ്കര എന്നിവിടങ്ങളിലായി രണ്ടു റേഷൻ ഷാപ്പുകളും പ്രവർത്തിച്ചു വരുന്നു. 10 സെൻറ് സ്ഥലവും അതിലൊരു കെട്ടിടവും സ്വന്തമായിട്ടുള്ള ഈ സഹകരണ ബാങ്കിൻെറ പ്രവർത്തനം പൂർവ്വോപരി സമഗ്രവും വിപുലവുമാക്കുന്നതിനായി സ്ഥാപനവുമായി ബന്ധപ്പെട്ടവർ താഴെ കാണിച്ച ഏതാനും നിർദ്ദേശങ്ങളും അധികൃതരുടെ ശ്രദ്ധക്കായി മുന്നോട്ടു വെച്ചിരിക്കുന്നു.

### നിർദ്ദേശങ്ങൾ

കർഷകർക്ക് യഥാസമയം കൃഷിയിറക്കുന്നതിനും വളം ചേർക്കുന്നതിനും മറ്റും സഹായകമായ നിലയിൽ കടം നൽകുന്നതിനുള്ള ഫണ്ട് പലപ്പോഴും സർക്കാരിൽനിന്ന് സമയത്തിന് ലഭിക്കുന്നില്ല. അതൊഴിവാക്കാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കുന്നതോടൊപ്പം, കാർഷിക ഉപകരണങ്ങൾ ബാങ്കിൻെറ കീഴിൽ വിൽപന നടത്തുന്നതിനുള്ള സൗകര്യവും സാഹചര്യവുംകൂടി ഏർപ്പെടുത്തിക്കൊടുക്കണം.

കൊപ്ര, തേങ്ങ, അടക്ക എന്നിവ കർഷകരിൽനിന്ന് വാങ്ങുന്നതിനുള്ള അനുവാദവും ആയതിനുള്ള നിബന്ധനകളും നിയമങ്ങളും ലഘൂകരിക്കുകയും ചെയ്താൽ കർഷകരെ സംബന്ധിച്ചിടത്തോളം വലിയൊരു ആശ്വാസമായിരിക്കും.

കെട്ടിട നിർമ്മാണങ്ങൾക്കാവശ്യമായ സിമൻറ്, കമ്പി എന്നിവ ബാങ്ക് മുഖേന വിൽപന നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടായാൽ അതും താഴ്ന്ന വരുമാനക്കാർക്ക് ഉപകാരപ്രദമായിരിക്കും.

592

## 2. വള്ളുവമ്പ്രം സർവീസ് സഹകരണ ബാങ്ക്

1962-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച വെള്ളുവമ്പ്രം സർവീസ് സഹകരണ ബാങ്കിൽ ഇപ്പോൾ 1856 മെമ്പർമാരാണുള്ളത്. ഈ ബാങ്കിൻെറ പ്രവർത്തനപരിധി പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിലെ 5,6,7,8,9,10 വാർഡുകളുൾക്കൊള്ളുന്ന മുതിരിപറമ്പ്, അത്താണിക്കൽ, പുല്ലാര, മുച്ചിക്കൽ, വെള്ളുവമ്പ്രം എന്നീ പ്രദേശങ്ങളാണ്.

ബാങ്കിൻെറ അംഗീകൃത ഓഹരി മൂലധനം 3,55,000രൂപയും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 4,35,736രൂപയും സർക്കാർ ഓഹരി 100 രൂപയുമാണ്. കൂടാതെ കേരഫെഡിൽ നിന്ന് 2,00,000 രൂപയും NCDC യിൽ നിന്ന് 100 രൂപയും ഓഹരിയിനത്തിൽ കിട്ടിയിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നുള്ള സ്ഥിരം നിക്ഷേപയിനത്തിൽ 16,11,554 രൂപയും ഹ്രസ്വകാല നിക്ഷേപമായി 17,62,430 രൂപയും സ്വീകരിച്ചിട്ടുള്ള ഈ ബാങ്ക് ആൾ ജാമ്യത്തിന്മേൽ ഒരു മെമ്പർക്ക് പരമാവധി 5,000 രൂപയും സ്വത്തു ജാമ്യത്തിന്മേൽ 25,000 രൂപയും കടം കൊടുത്തുവരുന്നു. കൂടാതെ ഗോൾഡ് ലോണും നൽകിവരുന്നു. ബാങ്കിൻെറ കീഴിൽ മറ്റു സ്ഥാപനങ്ങളൊന്നും പ്രവർത്തിക്കുന്നില്ല.

### സാധ്യതകൾ

ഭൂരിഭാഗവും കർഷകരും താഴ്ന്ന വരുമാനക്കാരുമായ ജനങ്ങൾ അധിവസിക്കുന്ന ഈ പഞ്ചായത്തിൻെറ പുരോഗതി കർഷകരുടെ പുരോഗതിയിലൂടെ മാത്രമേ യാഥാർത്ഥ്യമാവുകയുള്ളൂ. ഈ വിഭാഗത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ സ്ഥാപനങ്ങളും കർമ്മപരിപാടികളുമാണ് നമുക്കിന്ന് ഏറെ അനുപേക്ഷണീയമായിട്ടുള്ളത്. സഹകരണ മേഖലക്ക് ഈ രംഗത്ത് ഒട്ടേറെ കാര്യങ്ങൾ ചെയ്യാനും സാധിക്കും. സംഘത്തിൻെറ കീഴിൽ ഒട്ടേറെ സ്ഥാപനങ്ങൾ തുടങ്ങുവാനും അതുവഴി ഗ്രാമീണ ജനതയുടെ ദൈനംദിന ജീവിതാവശ്യങ്ങൾ ഒരു പരിധിവരെയെങ്കിലും പരിഹരിക്കാനും സാധിക്കും.

നിലമുഴുതാൻ കാലികളെ ആശ്രയിക്കുന്ന കാലഘട്ടം ഏതാണ്ട് അവസാനിച്ചുകൊണ്ടിരിക്കുകയാണ്. ട്രാക്ടർ യുഗത്തിലേക്ക് നാം പ്രവേശിച്ചുകഴിഞ്ഞു. നമ്മുടെ നാട്ടിലെ നെൽവയലുകളെല്ലാം ഉഴുതാനാവശ്യമായത്ര ട്രാക്ടർ നമ്മുടെ നാട്ടിലിപ്പോൾ ലഭ്യമല്ല. അഥവാ ഉണ്ടെങ്കിൽ തന്നെ അവ സമയത്തിന് കിട്ടുന്നുമില്ല. ഈ പഞ്ചായത്തിലെ കർഷകരുടെ കാര്യമെങ്കിലും കണക്കിലെടുത്ത് പ്രവർത്തിക്കുന്ന ഒരു സംഘത്തിന് ഈ പ്രശ്നം പരിഹരിക്കാനാവശ്യമായത് ചെയ്യാൻ സാധിക്കും.

പച്ചക്കറി കൃഷി നമ്മുടെ നാടിന് അന്യമായിക്കൊണ്ടിരിക്കയാണ്. അന്യസംസ്ഥാനക്കാരൻ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ അവർ നിശ്ചയിക്കുന്ന വിലക്ക് വാങ്ങി കഴിക്കാൻ വിധിക്കപ്പെട്ടവരായി മാറിയിരിക്കുന്നു നാം. ഈ അവസ്ഥ പോക്കറ്റ് ശൂന്യമാക്കുന്ന ഒരു പരുവത്തിലേക്കാണ് നമ്മെ നയിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിൽ നമ്മുടെ കർഷകർക്ക് പച്ചക്കറി ഉൽപ്പാദിപ്പിക്കാനുള്ള പ്രേരണയും പ്രചോദനവും ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നുണ്ടാവേണ്ടതുണ്ട്. കർഷകരുടെ താൽപര്യങ്ങളറിഞ്ഞു പ്രവർത്തിക്കുന്ന ഒരു സഹകരണ സ്ഥാപനത്തിന് ഈ രംഗത്ത് ഒട്ടേറെ ചെയ്യാൻ സാധിക്കും.

കർഷകരുടെ കുലത്തൊഴിലിൻെറ ഭാഗമായിട്ടാണല്ലോ കന്നുകാലികൃഷിയും പരിഗണിച്ചുവരുന്നത്. പാലിന് നമ്മുടെ നാട്ടിൽ ഏറെ പ്രയാസപ്പെടുകയാണ്. ഒരു ക്ഷീര വികസന സഹകരണ സംഘത്തിന് ഈ പഞ്ചായത്തിൽ ഒട്ടേറെ സാധ്യതകളുണ്ട്.

അഭ്യസ്ത വിദ്യരായ യുവതീ-യുവാക്കളുടെ തൊഴിലില്ലായ്മ പ്രശ്നം രാജ്യത്തിനു തന്നെ തീരാ തലവേദനയായി മാറിയിരിക്കുകയാണല്ലോ? ടൈലറിങ്ങ് പരിശീലിച്ച വിഭാഗത്തിൻെറ ഉന്നമനം മുന്നിൽ കണ്ടുകൊണ്ട് സഹകരണാടിസ്ഥാനത്തിൽ അതുമായി ബന്ധപ്പെട്ട സ്ഥാപനത്തിനും ഈ പഞ്ചായത്തിൽ സാധ്യത വളരെ കൂടുതലാണ്.

| സംഘത്തിൻെറ പേര് | സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | ഓഹരി മൂലധനം | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി |
|---|---|---|---|---|---|---|
| 1. പൂക്കോട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് No: F 1492 | 2.41964 | 3977 | 6 | 7,10,000 | 3,15,000 | 2,34,000 |
| 2. വള്ളുവമ്പ്രം സർവ്വീസ് സഹകരണ ബാങ്ക് No: F 1564 | 1962 | 1856 | 4 | 3,55,000 | 4,35,736 | 100 |

593

## ജില്ലാ റിസോഴ്സ് പേഴ്സൺസ്

1. കെ. മുഹമ്മദ് ഇസ്മായീൽ
2. വി.ടി.അലവിക്കുട്ടി
3. കെ. മുഹമ്മദ് ഇഖ്ബാൽ
4. കെ.പി. അബ്ദുൽ ജലീൽ
5. ഇ.പി. അനിൽ ദാസ്
6. പി.ഹുസൈൻ
7. കെ.വി. മോഹനൻ
8. കെ. മൻസൂർ
9. പി. ആയിഷ

## പഠനപര്യടനസംഘം

1. കെ. മുഹമ്മദ് ഇസ്മാഈൽ
   (ജി.ച്ച്.എസ്. പൂക്കോട്ടൂർ)
2. കെ.വി. മോഹനൻ(ബി. ആർ.സി.. മഞ്ചേരി)
3. പി.എ. സലാം(പഞ്ചായത്ത് മെമ്പർ)
4. രാജൻ (കൃഷിഭവൻ)
5. പി. ഹുസൈൻ
6. ഇ.പി.അനിൽദാസ്
7 കെ.പി. അബുദൽജലീൽ
8. എസ്. അലി (ജി.യുപി. എസ്. മുതിരിപറമ്പ്)

594

## വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

ഹംസപരുത്തിനിക്കാട്ട്

കെ.മുഹമ്മദ് ഇസ്മാഈൽ

കെ.വി. മോഹനൻ

പി.എ.സലാം

ഇ.പി. അനിൽദാസ്

സി.മൊയ്തീൻകുട്ടി

യു.പി.മൊയ്തീൻകുട്ടി

എം.ചൂലൻ

കെ.പി. അബ്ദുൽ ജലീൽ

ഇ.പി. ബാലകൃഷ്ണൻ

കെ. അബ്ദുൽ അസീസ്

പി. ഗോപാലൻ

വി.കെ.ഉമർ

കെ. ഫാത്തിമക്കുട്ടി

എം. അബൂബക്കർ

കെ.പി. ഉണ്ണീദു ഹാജി

കെ.മമ്മദ് മാസ്റ്റർ

വത്സലകുമാരി

പി. ഉണ്ണിമൊയ്തീൻ

## കോർഗ്രൂപ്പുമായി സഹകരിച്ചവർ

പി. ഫാത്തിമ

ഒ. അബ്ദുസ്സലാം

കെ. സുബൈർ

ഗോപാലകൃഷ്ണൻ (എച്ച്.ഐ)

ഗംഗാദേവി(എ.എൻ.എം)

ഹുസൈൻ (ജെ.എച്ച്.ഐ)

ജോർജ്ജ്തോമസ് (വി.ഇ.ഒ.)

കെ.ബഷീർ

പി.കെ. മൊയ്തീൻകുട്ടി

പി.പി. അലി

പി. ബാലകൃഷ്ണൻ


IX
VIII
VII
XI
VI
V
I
II